PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

TPL STOCK VERIFIED 1995

SECOND SESSION—1954.

Tuesday, the 3rd August 1954.

Vol. XI] OFFICIAL REPORT [No. 18

The Assembly met in the Assembly Chamber at Eleven o' Clock on Tuesday, the 3rd August 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ഫീസ് സൗജന്യം.

*604. [6] <u>ശ്രീ. ടി. എ. മജീദ്</u>: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ജി. ഓ. മാരുടെ സന്താനങ്ങൾക്ക് ഫീസുസൗജന്യം അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ സൗജന്യം സ്വയംഭരണസ്ഥാപനങ്ങളിലെ കീഴ്ജീവനക്കാർക്കും പ്രൈവറ്റുസ്കൂൾ അദ്ധ്യാപകർക്കും അനുവദിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) അതിനെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായമെന്ത്?

മുഖ്യമന്ത്രി (<u>ശ്രീ. എ. താണുപിള്ള</u>:)

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഗവണ്മെന്റ് ഇതു കൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

<u>ശ്രീ. ടി. എ. മജീദ്</u>: ഇതിനെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായം എന്താണ്?

<u>ശ്രീ. എ. താണുപിള്ള</u>: സ്വയംഭരണസ്ഥാപനങ്ങളിലെ സിൽബന്തികൾക്ക് ആ സ്ഥാപനങ്ങളാണ് ശമ്പളം കൊടുക്കുന്നത്. അതുകൊണ്ട് സൗജന്യം വല്ലതുമുണ്ടെങ്കിൽ അവരുവേണം കൊടുക്കാൻ.

ശ്രീ. ടി. എ. മജീദ്: പ്രൈവററസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യമോ?

ശ്രീ. എ. താണുപിള്ള: അവർക്കു ശമ്പളമല്ലാതെ മറെറാന്നും കൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ്: പ്രൈവററസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവർമ്മെൻറസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെക്കാൾ വളരെ കുറവാണെന്നുള്ളസ്ഥിതിക്ക് അവരുടെ സന്താനങ്ങൾക്ക് ഫീസ് സൗജന്യം അനുവദിക്കേണ്ടതല്ലേ?

ശ്രീ. എ. താണുപിള്ള: ശമ്പളം കുറവായിരിക്കുന്നസ്ഥിതിക്ക് ശമ്പളം കൂട്ടുകയാണു വേണ്ടതു്.

ശ്രീ. ജെ. എ. ഭട്ട്: അങ്ങിനെ ഒരു സൗജന്യം അവർക്ക് അനുവദിക്കുകയാണെങ്കിൽ അതിൽ വല്ല പങ്കും വഹിക്കാമെന്ന് ഗവർമ്മെൻറ് ഉറപ്പുനൽകിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസുവേണം.

ശ്രീ. എം. വി. ചെറിയാൻ: ഗവർമ്മെൻറ അദ്ധ്യാപകന്മാരുടെ അവകാശങ്ങളോടൊപ്പമുള്ള ഒരു അവകാശം പ്രൈവററ അദ്ധ്യാപകന്മാർക്ക് ഇല്ലെന്നാണോ ഗവർമ്മെൻറ വിചാരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ഗവർമ്മെൻറസ്കൂൾ അദ്ധ്യാപകന്മാരോടൊപ്പമായ അവകാശം പ്രൈവററസ്കൂൾ അദ്ധ്യാപകന്മാർക്കില്ല. അങ്ങിനെ ഉണ്ടായിരുന്നെങ്കിൽ ശമ്പളം ഒരുപോലെ ആകുമായിരുന്നല്ലോ.

ശ്രീ. എം. വി. ചെറിയാൻ: പ്രൈവററസ്കൂൾ അദ്ധ്യാപകന്മാർക്ക് അവശതകൾ കൂടുതലില്ലേ?

ശ്രീ. എ. താണുപിള്ള: ഉണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: അവശത പരിഹരിക്കുകയല്ലേ ഫീസ് സൗജന്യംകൊണ്ടുദ്ദേശിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ഫീസ് സൗജന്യം പാവപ്പെട്ട എല്ലാവർക്കും കൊടുക്കേണ്ടതാണു്.

ശ്രീ. എം. വി. ചെറിയാൻ: സ്കൂളുകൾ അക്സീഡുചെയ്തതോടുകൂടി പ്രൈവററസ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവർമ്മെൻറല്ലേ ശമ്പളം കൊടുക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ഗവർമ്മെൻറ് ഗ്രാൻറുകൊടുക്കുന്നുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: അവരുടെ ശമ്പളം ബില്ലെഴുതി ഗവർമ്മെൻറിൽനിന്നും നേരിട്ടുവാങ്ങുകയല്ലേ ചെയ്യുന്നതു്?

ശ്രീ. എ. താണുപിള്ള: അതു് ആ ഗ്രാൻറുകൊടുക്കുന്ന രീതിയാണു്.

ശ്രീ. എം. വി. ചെറിയാൻ: അവരുടെ അവശതകളെ ഗവർമ്മെൻറ അനുഭാവപൂർവ്വം വീക്ഷിക്കുമോ?

ശ്രീ. എ. താണുപിള്ള: വളരെ അനുഭാവത്തോടുകൂടി വീക്ഷിക്കണമെന്നു വിചാരിക്കുന്നുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: ട്രൂപ്പുകാർക്കുംമററും കിട്ടുന്ന ശമ്പളത്തേക്കാൾ കുറഞ്ഞ ഒരു ശമ്പളമാണ് പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാർക്കു കിട്ടുന്നതെന്നു മനസ്സിലാക്കി അവർക്ക് ഈ ഫീസ് സൗജന്യം നൽകുന്നതിനു് ആലോചിക്കുമോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി ആലോചിക്കാം. ട്രൂപ്പുകാർക്ക് 42 രൂപ കിട്ടുമ്പോൾ ഇവർക്ക് 30 രൂപയേ കിട്ടുന്നുള്ളു എന്നു് ഗവണ്മെൻറിനറിയാം.

അദ്ധ്യാപകന്മാരുടെ ശമ്പളം തടഞ്ഞുവച്ചതിൻകാരണം.

*605. [7] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പരിഗണനവച്ചുകൊണ്ടു് ഏതെങ്കിലും പ്രൈവററുസ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിൽ തടഞ്ഞുവച്ചതായി ഗവണ്മെൻറിനറിയാമോ;

(ബി) ശിവഗിരിസ്കൂളിലെ രണ്ടു് അദ്ധ്യാപകരുടെ ശമ്പളത്തിൽ തടഞ്ഞുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഇല്ല.

(ബി) ഈ സ്കൂൾമാനേജർ രണ്ടു് അദ്ധ്യാപകന്മാരുടെ ശമ്പളം അവകാശപ്പെട്ടിട്ടില്ലെന്നറിയാം. ഈ രണ്ടു് അദ്ധ്യാപകന്മാരെപ്പററിയുള്ള മാതാപിതാക്കന്മാരുടെ പരാതി ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു.

ശ്രീ. ടി. എ. മജീദ്: എന്തുകൊണ്ടാണു് ശമ്പളം തടഞ്ഞതെന്നു് ഗവണ്മെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അവരുടെ ജോലിയും കാൺഡക്ററും തൃപ്തികരമല്ലെന്നുള്ള കാരണത്താലാണു് ശമ്പളം തടഞ്ഞുവച്ചിരിക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: കാൺഡക്ററും ജോലിയും തൃപ്തികരമല്ലെങ്കിൽ ശമ്പളം തടയുന്ന പതിവുണ്ടോ?

ശ്രീ. എ. താണുപിള്ള: ആകാമല്ലോ.

ശ്രീ. ടി. എ. മജീദ്: ശമ്പളം തടഞ്ഞുവച്ചിട്ടു് എത്രമാസമായി എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ആ വിവരം എന്റെ കയ്യിലില്ല.

ശ്രീ. ടി. എ. മജീദ്: ഉദ്യോഗം തൃപ്തികരമല്ലെങ്കിൽ ശമ്പളം തടയുന്നതു് ഏതുനിയമത്തെ വച്ചുകൊണ്ടാണു്?

ശ്രീ. എ. താണുപിള്ള: സാധാരണ ഏതു സ്ഥാപനവും മാനേജു് ചെയ്യുന്ന നിയമത്തിൽ വച്ചുകൊണ്ടു്.

ശ്രീ. സി. കൊച്ചുകുഞ്ഞു്: ഈ രണ്ടു് അദ്ധ്യാപകന്മാരെയും സസ്പെൻഡുചെയ്തിരിക്കയാണെന്നു് അറിയാമോ?

ശ്രീ. എ. താണുപിള്ള: അതറിവില്ല.

ശ്രീ. ടി. എ. മജീദ്: ഇവരുടെ ജോലി തൃപ്തികരമല്ലെന്നു പറഞ്ഞതാരാണു്?

ശ്രീ. എ. താണുപിള്ള: മാനേജരാണു്.

എൻ. ഇ. എസ്സ്. സ്കീം.

* 606. [8] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. സ്കീമിന്റെ പ്രവർത്തനത്തിനായി ചിറയിൻകീഴ് താലൂക്കിൽ എത്ര കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടു്;

(ബി) ഈ കേന്ദ്രങ്ങളിലെ പ്രവർത്തനച്ചെലവു് നടത്തുന്നതാരു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഒന്നുമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഇതുസംബന്ധിച്ചു് തഹശീൽദാർ ഒരു കാൺഫറൻസു് വിളിച്ചുകൂട്ടി ഒരു തീരുമാനം ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: കേന്ദ്രങ്ങൾ എടുക്കുന്നതുസംബന്ധിച്ചാണോ ചോദിക്കുന്നതു്?

ശ്രീ. ടി. എ. മജീദ്: അതെ?

ശ്രീ. എ. താണുപിള്ള: ആ വിവരം ഫയലിൽ കാണുന്നില്ല. പക്ഷേ ചെയ്തിരിക്കാം.

കൃഷി ഇൻസ്പെക്ടറന്മാരുടെ ശമ്പളം.

* 607. [10] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഇൻസ്പെക്ടറന്മാരുടെ ശമ്പളം എത്ര;

(ബി) എന്നു മുതൽ ഈ സ്കെയിൽ അനുവദിച്ചു;

(സി) ഡെമോൺസ്ട്രേറ്റേഴ്സിന്റെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനു വല്ല കാരണവും ഉണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 80—120-ം 125—175-ം

(ബി) 23-3-1949 മുതൽ അനുവദിച്ചു.

(സി) ഉണ്ടു്. 25 മുതൽ 30-ം, 30 മുതൽ 45-ം ആയിരുന്നതു് 30 മുതൽ 45-ം, 45 മുതൽ 75-ം ആയി വർദ്ധിപ്പിച്ചിട്ടുണ്ടു്;

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

Travellers' Bureau.

✻608. [11] **Shri T. S. Ramaswami**: Will the Chief Minister be pleased to state :

(*a*) the date and nature of agreement between the Government and the Firm called the Travellers' Bureau regarding the lease of Government buildings to the firm, if any ;

(*b*) the conditions of lease ;

(*c*) the names of the Board of Directors of the Company;

(*d*) amount paid by way of rent till date by the company as per agreement; and

(*e*) the buildings which were leased out to the firm?

Chief Minister (**Shri A. Thanu Pillai**) : (*a*) No formal agreement was executed between the company and the Government.

(*b*) The buildings were leased out on the condition that the T. C. T. B. should pay the rent for the various buildings and a percentage of the turnover fixed by the Government without default.

(*c*) Shri K. R. Elankath.
„ Ramavarma Raja.
„ A. V. George.
„ Parayathu Raman Menon.
„ K. R. Raman Menon.
„ V. V. Joseph.

(*d*) The exact amount can be known only after the audit of the accounts is over.

(*e*) A list of buildings is placed on the table. *

Kundara Ceramic Factory.

✻609. [12] **Shri T. S. Ramaswami**: Will the Minister for Finance be pleased to state:

(*a*) the number of staff and number of workers employed at present in the Kundara Ceramic Factory;

(*b*) number employed five years back;

(*c*) whether any retrenchment was made during the last five years ;

(*d*) if so, for what reasons; and

(*e*) whether any steps were taken for absorbing the retrenched staff?

Minister for Finance (**Shri P. S. Nataraja Pillai**)

(*a*) Staff—48.
Workers—492.

(*b*) Staff—50.
Workers—530.

---

* Please See Appendix I.

(*c*) Yes.

(*d*) The workers were retrenched in 1951 based on the report of the Court of Enquiry; the staff was retrenched based on the general retrenchment policy followed by the Government in the State in 1950.

(*e*) The affected persons were fitted in the sanctioned grade without reduction of emoluments.

ശ്രീ. എം. വി. ചെറിയാൻ: അവിടെയുള്ള വിദഗ്ദ്ധൻ ആരാണെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: എക്സ്പെർട്ട് ഒരു മി. പണിക്കരാണ്. പൂർണ്ണമായ പേരു് അറിവില്ല.

ശ്രീ. എം. വി. ചെറിയാൻ: ഈ ഫാക്ടറിയിൽ ഇപ്പോൾ ഉണ്ടാക്കിവരുന്ന സാധനങ്ങൾക്കു് മാർക്കററിൽ ചെലവില്ലെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങിനെ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ: അവിടെ ഉണ്ടാക്കുന്ന പ്ലേററുകൾ, ചട്ടികളെക്കാൾ മോശമാണെന്നു മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: നേരെ മറിച്ചാണു മനസ്സിലാക്കിയിട്ടുള്ളതു്. ബംഗാൾ പാട്ടറീസിലും, മററു സിറാമിക്ക് ഫാക്ടറികളിലും ഉണ്ടാക്കുന്ന സാധനങ്ങളെക്കാൾ വളരെ നല്ലതായിട്ടാണു് കുണ്ടറഫാക്ടറിയിൽ ഉണ്ടാക്കിയിട്ടുള്ളതെന്നു് സൂക്ഷ്മമായി അന്വേഷണത്തിൽനിന്നും ഗവണ്മെൻറ മനസ്സിലാക്കിയിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: ആ ഫാക്ടറിയുടെ പ്രവർത്തനത്തെ ഒരു വിദഗ്ദ്ധൻ വന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഉണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: ആ വിദഗ്ദ്ധൻെറ അഭിപ്രായം എന്താണു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇവിടെ ഉണ്ടാക്കുന്ന സാധനങ്ങൾ അമേരിക്കയിൽ ഉണ്ടാക്കുന്ന സാധനങ്ങളെക്കാൾ നല്ലതാണെന്നാണു് എഴുതിത്തന്നിട്ടുള്ളതു്.

ശ്രീ. എം. വി. ചെറിയാൻ: പിന്നെ എന്താണു് സാധനങ്ങളുടെ ചെലവു കുറയുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇവിടത്തെ സാധനങ്ങൾക്കു് വില അൽപം കൂടുതലാണു്.

ശ്രീ. എം. എം. മത്തായി: അങ്ങിനെയാണെങ്കിൽ അമേരിക്കയിൽ ഈ സാധനങ്ങൾ ചെലവാകരുതോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അവിടെക്കൊണ്ടുപോകാൻ പ്രയാസമാണു്.

Waste Paper in Government Offices.

※610. [13] **Shri P. Bhaskaran Nair**: Will the Chief Minister be pleased to state:

(*a*) whether any person has been given the right by contract to collect all waste paper from Government offices and public institutions in the State;

(*b*) if so, what is the rate at which paper is given to the contractor;

(*c*) how long has the contract been in force;

(*d*) how long is it to continue; and

(*e*) whether the Government are aware that between the market rate and the contract rate there is considerable difference beneficial to the contractor?

Chief Minister (**Shri A. Thanu Pillai**): (*a*) Yes; from all Government offices in the State.

(*b*) Rs. 157-8-0 per ton of white paper cuttings from the Government Presses and Rs. 105 per ton of other items of waste paper collected from all Government offices.

(*c*) From 1-6-1953.
(*d*) Till 31-5-1956.
(*e*) No.

Educational Policy.

※611. [14] **Shri Prakkulam Bhasi**: Will the Chief Minister be pleased to state whether there is any proposal before the present Government to appoint an Expert Committee to suggest ways for reformation and reorientation of the present Educational policy?

Chief Minister: (**Shri A. Thanu Pillai**): There is no such proposal. A Special Officer has been appointed to implement the provisions of the Secondary Education Committee Report.

ശ്രീ. പ്രാക്കുളം ഭാസി: സെക്കൻഡറി എഡ്യൂക്കേഷനുവേണ്ടി ഒരു ഓഫീസറെ നിയമിച്ചിട്ടുണ്ട്. മററ് പ്രൈമറിയും കാളേജും എഡ്യൂക്കേഷനെപ്പററിയുള്ള ഈ ഗവണ്മെൻറിൻെറ പോളിസി എന്താണ്?

ശ്രീ. എ. താണുപിള്ള: പ്രൈമറി എഡ്യൂക്കേഷൻ സംബന്ധിച്ച് ഇവിടെ ഒരു മോഷൻ കൊണ്ടുവരുന്നതിന് ഗവണ്മെൻറു പക്ഷത്തുനിന്നും നോട്ടീസ് കൊടുത്തിട്ടുണ്ട്. അതു് ഈ സഭ അനുവദിക്കുന്നതായാൽ ഇന്നത്തെ പ്രൈമറി സിസ്റ്റത്തിനുപകരം ബേസിക്ക് സിസ്റ്റം ഏർപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. സെക്കൻഡറി എഡ്യൂക്കേഷൻ സംബന്ധിച്ച് കമ്മിഷൻെറ റിപ്പോർട്ടു കിട്ടി ഭേദഗതികൾ വരുത്തുന്നതിനു ഒരു ആഫീസറെ നിയമിച്ചിട്ടുണ്ട്. കാളേജു എഡ്യൂക്കേഷൻ യൂണിവേഴ്സിററിയുടെകൂടി കാര്യമാണ്. ഒരു യൂണിവേഴ്സിററി ബിൽ വരുന്നുണ്ട്. ഈ സഭയിൽ ബിൽവരുന്ന സന്ദർഭത്തിൽ ഈ കാര്യത്തെപ്പററി ആലോചിക്കുന്നതിന് സൗകര്യമുണ്ടാകും.

ശ്രീ. പ്രാക്കുളം ഭാസി: യൂണിവേഴ്സിററി ബിൽ അടുത്ത സെഷനിൽ കൊണ്ടുവരുമോ?

ശ്രീ. എ. താണുപിള്ള: കൊണ്ടുവരും.

ശ്രീ. എം. വി. ചെറിയാൻ: വിദ്യാഭ്യാസ പരിഷ്ക്കരണത്തിനു നിയമിച്ച ഉദ്യോഗസ്ഥനു് പ്രത്യേക നിർദ്ദേശങ്ങൾ വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: സെക്കൻഡറി എഡ്യുക്കേഷൻ കമ്മിററിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നാണു് ഗവണ്മെൻറു കൊടുത്തിട്ടുള്ള നിർദ്ദേശം.

ശ്രീ. എം. വി. ചെറിയാൻ: സെക്കൻഡറി എഡ്യുക്കേഷൻ കമ്മിററി ചെയ്ത തീരുമാനങ്ങൾ ഏതാണ്ടു് സ്വീകാര്യമാണെന്നാണോ ഗവണ്മെൻറു വിചാരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ആ അടിസ്ഥാനത്തിലാണു പോകുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: ആ സ്കീം ഈ ആണ്ടിൽത്തന്നെ നടപ്പിൽ വരുത്താൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിപ്പോൾ പറയാൻ ഒക്കുകയില്ല. അദ്ദേഹത്തിൻെറ റിപ്പോർട്ടു കിട്ടി, വേണ്ടിവന്നാൽ ഈ നിയമസഭയുടേയും അഭിപ്രായം അറിഞ്ഞിട്ടു ചെയ്യാമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: അങ്ങിനെയുള്ള സംഗതികൾ എടുക്കുമ്പോൾ കമ്മ്യൂണിററി പ്രാജക്ററ ഏരിയായിലും എൻ. ഇ. എസ്സ്. ഏരിയായിലും പരീക്ഷിച്ചുനോക്കുന്നതിനു മുൻഗണന നൽകുമോ?

ശ്രീ. എ. താണുപിള്ള: നിർദ്ദേശം കിട്ടിയിട്ടേ അതു നിശ്ചയിക്കാൻ കഴിയൂ. ഇതെല്ലാം അവിടെ മാത്രം നിറുത്തണമെന്നു വിചാരിക്കുന്നില്ല. പല പ്രവൃത്തനങ്ങളും കമ്മ്യൂണിററിപ്രാജക്ററ ഏരിയായിൽ നടക്കുന്ന സ്ഥിതിക്കു് ഈ വക കാര്യങ്ങൾ മററു പ്രദേശങ്ങളിലല്ലേ തുടങ്ങേണ്ടതെന്നു് ആലോചിക്കണം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രൈമറിതൊട്ടു് സെക്കൻഡറിവരെയുള്ള വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഒരു ഓവറാൾ പോളിസി സഭയുടെ മുമ്പിൽ വയ്ക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. എ. താണുപിള്ള: പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ബേസിക്ക് എഡ്യുക്കേഷൻ ഏർപ്പെടുത്തണമെന്നുള്ളതു് ഈ സഭയുടെ ആലോചനയ്ക്കു വരുമ്പോൾ സഭയുടെ അഭിപ്രായം അറിയാവുന്നതാണു്. സെക്കൻഡറി എഡ്യുക്കേഷനെ സംബന്ധിച്ചു് എന്താണു് വേണ്ടതെന്നു് സെക്കൻഡറി എഡ്യുക്കേഷൻ കമ്മിഷൻെറ നിർദ്ദേശം വരുമ്പോൾ സഭയ്ക്കു് അഭിപ്രായം പറയാം. ഇതു് രാജ്യം മുഴുവൻ ബാധിക്കുന്ന ഒരു കാര്യമാണു്. പല താൽപ്പര്യങ്ങളും ഇതിൽ പരിഗണിക്കേണ്ടതുണ്ടു്. പലരും പ്രവൃത്തനം നടത്തുന്ന ഒരു രംഗമാണു് ഇതു്. അതുകൊണ്ടു് ഗവണ്മെൻറിൻെറ നയം രൂപീകരിക്കുന്നതു് ഈ സഭയുടെ അഭിപ്രായം അറിഞ്ഞിട്ടുവേണമെന്നാണു് ഗവണ്മെൻറു കരുതുന്നതു്. ഐകമത്യംകൂടാതെ ഈ കാര്യങ്ങൾ നിർവഹിക്കുന്നതിനു് ഈ സഭയുടെ അഭിപ്രായം അറിഞ്ഞു് മുമ്പോട്ടുപോകണമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ: പ്രൈവററ കാളേജുകളിൽ എല്ലാ കൊല്ലവും ഗവണ്മെൻറിൽനിന്നും കൊടുത്തുവരുന്ന ഗ്രാൻറ് ഇപ്പോൾ രണ്ടു കാളേജുകൾക്ക കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: രണ്ടല്ല സർ, മൂന്നു കാളേജുകൾക്ക് കൊടുക്കാൻ പാടില്ലെന്നു ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ട്. ഇന്നത്തെ രീതിയിലുള്ള കാളേജുകൾ വേണമോയെന്നുള്ള കാര്യവും ആലോചനാവിഷയമാണ്. ഇന്നത്തെ ഈ രീതിയിലുള്ള കാളേജുകൾക്ക് ഇനി ഗവണ്മെൻറ ധനസഹായം ചെയ്യുമോ എന്നുള്ളതും സംശയമാണ്. അതു മാത്രമല്ല, ഈ കാളേജുകൾ സ്ഥാപിക്കുന്നതിന് ധനസഹായം ഗവണ്മെൻറിൽനിന്നും ആവശ്യപ്പെടുകയില്ലെന്നുള്ള ഉറപ്പിന്മേൽ ആണ് അനുവാദം കൊടുത്തിട്ടുള്ളതു്. അതായതു്, ഒന്ന് ആലപ്പുഴയിലും മറെറാന്നു തിരുവല്ലായിലും ഇനിയൊന്ന് കാലടിയിലും ഇങ്ങനെ മൂന്നു കാളേജുകളാണ്.

പാഠപുസ്തകങ്ങൾ.

* 612. [17] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ക്ലാസ്സുകളിലേയ്ക്കുമുള്ള റീഡറുകൾ പ്രത്യേകം നിയോഗിക്കപ്പെട്ട കമ്മിററികൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിന് പുറമെ മററ പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണാവകാശം ഗ്രന്ഥകാരന്മാരിൽനിന്ന് പ്രതിഫലം നൽകി ഗവണ്മെൻറ് അച്ചടിച്ച് വിതരണം ചെയ്യുന്ന പരിഷ്കാരം തുടർന്നുകൊണ്ടുപോകാൻ ഇന്നത്തെ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഈ പദ്ധതി തുടർന്നുകൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ പദ്ധതികൊണ്ടുണ്ടായിട്ടുള്ള ദോഷങ്ങൾ ഗവണ്മെൻറിനറിയാമോ; ടെക്സ്ററ ബുക്കുകളിൽ കൽക്കട്ടയിലെ കുട്ടികളെ വെടിവച്ച സംഗതികളും മററും എഴുതിച്ചേർത്തു നമ്മുടെ വിദ്യാർത്ഥികളെ പഠിപ്പിച്ചുവരുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അതു് ഈ പദ്ധതിയുടെ ദോഷമാണോ; ആ ദോഷം ഒന്നും വരാതെ ഈ പദ്ധതി കൊണ്ടുപോകാം.

ശ്രീ. പ്രാക്കുളം ഭാസി: പുസ്തകക്കച്ചവടം ഗവണ്മെൻറിൻെറ പോളിസിയാണോ?

ശ്രീ. എ. താണുപിള്ള: നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു വില കുറച്ചു ആവശ്യം അനുസരിച്ചു കൊടുക്കാനാണ് ഗവണ്മെൻറിൻെറ ഉദ്ദേശം.

ശ്രീ. എം. വി. ചെറിയാൻ: ടെക്സ്ററ്ബുക്കുകൾ ഗവണ്മെൻറ പ്രസിദ്ധീകരിക്കുന്നതുകൊണ്ട് നല്ല പുസ്തകങ്ങൾ വില കുറച്ചുകൊടുക്കാമെന്നും, അതേ സമയം പ്രൈവററ വ്യക്തികൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഏറെ വിലകൂടുതലാണെന്നും നല്ലതല്ലെന്നും, ഗവണ്മെൻറിന മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ചിലതിനു വിലക്കൂടുതലുണ്ടായേക്കാം, ചിലതിനു വിലക്കുറവുമുണ്ടായിരിക്കാം.

ശ്രീ. എം. വി. ചെറിയാൻ: ടെക്സ്റ്റ് ബുക്കുകൾ എല്ലാം കൊല്ലവും മാറുന്നതിനാൽ വളരെ വൈഷമ്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളതുകൊണ്ടു് ഒരു നിശ്ചിത പദ്ധതി ഇതിലേയ്ക്കു സ്വീകരിക്കാൻ ഗവണ്മെന്റു തയ്യാറാകുമോ?

ശ്രീ. എ. താണുപിള്ള: ഈ വർഷം ടെക്സ്റ്റ്ബുക്കുകൾ മാറ്റിയിട്ടില്ല.

നാഷനൽ എക്സ്റ്റൻഷൻ സർവീസുകൾ.

* 613. [18] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ വർഷത്തിൽ പുതിയതായി എത്ര നാഷനൽ എക്സ്റ്റൻഷൻ സർവീസുകൾ ആരംഭിക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടു്;

(ബി) ഇവകൊണ്ടു് പ്രധാനമായും എന്തെല്ലാം പ്രയോജനങ്ങൾ ഉടനെ ജനങ്ങൾക്കു് ലഭിക്കുമെന്നാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു്;

(സി) ഒരു എൻ. ഇ. എസ്സ്. സെൻററിനു് എന്തുതുകവീതം ചെലവഴിക്കുവാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്;

(ഡി) വൈക്കം നിയോജകമണ്ഡലത്തിൽക്കൂടി ഈ വർഷത്തിൽ എൻ. ഇ. എസ്സ്-ന്റെ പ്രവർത്തനമാരംഭിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ചോദ്യം 18 (ബി)-യുടെ ഉത്തരം ഇതുവരെ പറഞ്ഞിട്ടില്ല. അതുകൊണ്ടു് അതിനുത്തരം കിട്ടുണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മുഖ്യമന്ത്രി ശ്രീ. എ. താണുപിള്ള:

(ബി) 1. നല്ല ഇനം വിത്തുകളും വളങ്ങളും കൊടുത്തും പുതിയ കൃഷിരീതികൾ കാണിച്ചുകൊടുത്തും കൃഷിവായ്പകൾ കൊടുത്തും ജലാധാരമാർഗ്ഗങ്ങൾ നന്നാക്കിയും കാർഷികോൽപ്പന്നങ്ങളുടെ വിളവു് വർദ്ധിപ്പിക്കുകയും തന്മൂലം കൃഷിക്കാരന്റെ ക്രയശക്തി വർദ്ധിപ്പിക്കുകയുമാണു് പ്രധാനമായ ഉദ്ദേശം.

2. ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ ഇവ വായ്പകൾ മൂലവും പുതിയ രീതികളുടെ പ്രചരണംമൂലവും പ്രോത്സാഹിപ്പിച്ചു കൂടുതൽ തൊഴിൽ സൃഷ്ടിക്കുകയും ആദായം വർദ്ധിപ്പിക്കുകയും ചെയ്യുകയാണു് മറ്റൊരു ഉദ്ദേശം.

3. ഗ്രാമീണരുടെ ആരോഗ്യം, ഗതാഗതമാർഗ്ഗങ്ങൾ മുതലായവ നന്നാക്കുക, സാമൂഹ്യവിദ്യാഭ്യാസംമൂലം ഗ്രാമീണരുടെ ജീവിതരീതിയുടെ കുറവുകൾ പരിഹരിക്കുക, ഗ്രാമീണരുടെ പ്രശ്നങ്ങൾക്കു് അവരവർ ഒരുമിച്ചുകൂടി പരിഹാരമുണ്ടാക്കുന്ന ഒരു മനഃസ്ഥിതി സൃഷ്ടിക്കുക മുതലായവ ഈ പദ്ധതിയുടെ ഉദ്ദേശങ്ങളിൽപ്പെടുന്നു.

പമ്പിംഗ് സബ്സിഡി.

*614. [19] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുട്ടനാട്ടിലെ കായൽകൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡിയായി ഏക്കറിന് എന്തുതുക ഗവണ്മെന്റിൽനിന്നു നൽകുന്നുണ്ട്;

(ബി) കുട്ടനാട്ടിലെ മററു പുഞ്ചനിലങ്ങൾക്ക് പമ്പിംഗ് സബ്സിഡിയായി ഏക്കറിന് എന്തു തുക നൽകിവരുന്നു;

(സി) കായൽനിലങ്ങളിൽ ഏക്കറിനു ശരാശരി എത്ര പറ നെല്ലുവിളയും; പുഞ്ചനിലങ്ങളിൽ ശരാശരി ഏക്കറിന് വിളവെത്ര;

(ഡി) കായൽകൃഷിക്കാർക്കു പമ്പിംഗ് സബ്സിഡി കൂടാതെ മററന്തെങ്കിലും ആനുകൂല്യങ്ങൾ ഗവണ്മെന്റിൽനിന്നും ചെയ്തുകൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ പി. എസ്സ്. നടരാജപിള്ള):

(എ) പരസ്യമായ ലേലപ്രകാരമോ കൃഷിക്കാർ തമ്മിൽ യോജിച്ചുണ്ടാകുന്ന ഉടമ്പടിയനുസരിച്ചോ ഏക്കറിനു നിശ്ചയിക്കുന്ന പമ്പിംഗ് ചാർജ്ജിന്റെ കാൽഭാഗം സബ്സിഡിയായി കൊടുക്കുന്നുണ്ട്.

(ബി) കായൽ നിലങ്ങൾക്ക് നൽകിവരുന്ന ക്രമത്തിനുതന്നെ പുഞ്ചനിലങ്ങൾക്കും സബ്സിഡി കൊടുക്കുന്നുണ്ട്.

(സി) കായൽ നിലങ്ങളിൽ ഏക്കറിനു ശരാശരി 12 പറയും പുഞ്ചനിലങ്ങളിൽ 9 പറയും വിളയും.

(ഡി) ഉണ്ട്. വെള്ളപ്പൊക്കത്താലും മററു അവിചാരിതമായ കാരണങ്ങളാലും മടവീഴ്ച മുതലായ നാശങ്ങളുണ്ടാകുമ്പോൾ അർഹരായിട്ടുള്ള കർഷകർക്ക് സൗജന്യനിരക്കിൽ വിത്ത്, വളം മുതലായവ നൽകിയിട്ടുണ്ട്. ചുരുക്കം ചില സന്ദർഭങ്ങളിൽ മടയടയ്ക്കുക, വെള്ളം രണ്ടാംപ്രാവശ്യം വററിക്കുക മുതലായ ചെലവിന്റെ പകുതി സൗജന്യമായി ഗവണ്മെന്റ് നൽകിയിട്ടുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: കൃഷികഴിഞ്ഞതിനുശേഷമാണോ സബ്സിഡി കൊടുക്കുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതെ.

ശ്രീ. സി. കെ. വിശ്വനാഥൻ: കൃഷിക്കാരെ സഹായിക്കുന്നതിനു സബ്സിഡി കൊടുക്കുന്നതു് കൃഷി കഴിഞ്ഞതിനുശേഷം കൊടുത്താൽ അവർക്ക് പ്രയോജനപ്പെടുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: വളരെ പ്രയോജനകരമാണ് സർ.

ശ്രീ. സി. കെ. വിശ്വനാഥൻ: അവർ കൃഷിചെയ്തു കഴിഞ്ഞതിനുശേഷം സഹായധനം കൊടുക്കുന്നതു എന്തിനുവേണ്ടിയാണ്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സാധാരണ വേലചെയ്തു കഴിഞ്ഞതിനുശേഷമാണു സർ, കൂലി കൊടുക്കുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ: സാമ്പത്തിക കഴിവില്ലാത്തവർക്ക് അവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനല്ലേ ധനസഹായം ചെയ്യേണ്ടതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സാമ്പത്തികമായ സഹായങ്ങൾ ആവശ്യമുള്ളവർ അതിനു് വേറെ വിധത്തിൽ ധനസഹായം ആവശ്യപ്പെടണം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കായൽ നിലങ്ങളിൽനിന്നും ഏക്കറിനു 12 പറ നെല്ലു വിളയുമെന്നും പുഞ്ചനിലങ്ങളിൽ ഏക്കറിനു 9 പറ നെല്ലു വിളയുമെന്നും പറഞ്ഞതു് ആരുടെ കണക്കാണു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു് പുഞ്ച സ്പെഷ്യലാഫീസറാണു് പറഞ്ഞതു്.

> "Taken individually, the yield in punja lands in Kartigapally, Thiruvalla and Mavelikara and the kayal lands yield a little less but when the average is taken, the figure given is correct, the measure being 9 paras and 7 paras respectively, but for the whole, it may be put as 12 standard paras in kayal lands and 9 standard paras in punjas."

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഒരേക്കർനിലം വിതയ്ക്കാൻ എത്ര വിത്തു വേണമെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: 3 ഇടങ്ങഴി വിത്തുകൊണ്ടു വിതയ്ക്കാം. എന്നാൽ 6 ഇടങ്ങഴി വിത്തു നനയ്ക്കാറുണ്ടു്.

കണ്ണൻദേവൻ കമ്പനിയിലെ ആദായം

* 615. [20] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കണ്ണൻദേവൻ കമ്പനിയിലെ 1953-54-ലെ വരുമാനം എന്താണെന്നു സർക്കാരിനു പറയാമോ;

(ബി) ഈ കമ്പനിസ്ഥലത്തുനിന്നും ഭൂനികുതി കൂടാതെ മററുവരുമാനം വല്ലതും സർക്കാരിനുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്നും തുക എന്താണെന്നും പറയുമോ;

(സി) കണ്ണൻദേവൻ കമ്പനിവക സ്ഥലത്തുനിന്നും എന്തു ഭൂനികുതി കിട്ടുന്നു എന്നു പറയുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അതേപ്പററിയുള്ള കണക്കു് ഗവണ്മെൻറിൻെറ പക്കൽ ഇല്ല.

(ബി) ഉണ്ടു്. കാർഷികാദായനികുതിയും, വില്പന നികുതിയും. ഈ ഇനത്തിലുള്ള ഗവണ്മെൻറു വരുമാനം എത്രയെന്നുള്ളതു് പറയുവാൻ നിലവിലിരിക്കുന്ന വില്പന നികുതി, കാർഷികാദായനികുതി ചട്ടങ്ങൾ അനുവദിക്കുന്നില്ല.

(സി) 2,12,318 രൂ. 8 അ. 6 സ.

ശ്രീ. കെ. സി. ജാർജ്ജ്: ആ കണക്കുകൾ വരുത്തി പരിശോധിക്കുന്നതിനു ഗവണ്മെന്റിനു സാധിക്കുമോ?

Shri P. S. Nataraja Pillai: That is a company registered in the Sterling area. It is not governed by the Indian Companies' Act.

ശ്രീ. കെ. സി. ജാർജ്ജ്: അങ്ങിനെയായിരുന്നെങ്കിൽ ഈ ചോദ്യത്തിനു മറുപടി പറയുന്നതിനു സാധ്യമാകുമായിരുന്നല്ലോ.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിന്റെ കണക്കുകൾ ഇപ്പോൾ ഗവണ്മെന്റിന്റെ കൈവശമില്ല.

ശ്രീ. കെ. എം. ജാർജ്ജ്: കണ്ണൻദേവൻ കമ്പനിവക തോട്ടങ്ങൾ ബർളാ വിലയ്ക്കു വാങ്ങിക്കാൻ പോകുന്നതായി അറിയാമോ?

Shri P. S. Nataraja Pillai: That is an information. I thank the hon. friend for it.

ശ്രീ. പി. വി. അവിരാതരകൻ: അവരുടെ ഉൽപ്പന്നങ്ങൾ പലതും ഇംഗ്ലണ്ടിലാണ് കച്ചവടം നടത്തുന്നതെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ചിലതെല്ലാം ആണെന്നറിയാം.

ശ്രീ. കെ. എം. ജാജ്ജ്: ഇവിടെ കുടിപാർപ്പിനും, കൃഷിക്കും സ്ഥലം മതിയാകാതെയിരിക്കുന്നതുകൊണ്ട് ഈ കമ്പനിവക സ്ഥലങ്ങൾ ഗവണ്മെന്റിൽനിന്നും വാങ്ങുന്നതിനു വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതൊരു നിയമപ്രശ്നമാണ്. അതു നോക്കണം.

ശ്രീ. കെ. എം. ജാജ്ജ്: ഈ രാജ്യത്തിനു പുറത്തുള്ളവർ ഇതു വാങ്ങിക്കാതിരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതേ സംബന്ധിച്ച് വേണ്ടതാലോചിക്കാം. അങ്ങിനെ വിൽക്കാൻതന്നെ അവർക്ക് പൂർണ്ണമായ അവകാശമുണ്ടോയെന്നുള്ളതും ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. എം. ജാർജ്ജ്: ബർളായുടെ ആൾ കമ്പനിയിൽവന്നു താമസിച്ച് വിവരങ്ങൾ അപ്പോഴപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

Shri P. S. Nataraja Pillai: I thank the member for the information.

ശ്രീ. കെ. എം. ജാർജ്ജ്: അതെപ്പറ്റി ഗവണ്മെന്റന്വേഷിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അന്വേഷിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കണ്ണൻദേവൻ കമ്പനിയിൽ കണ്ണന്റെയും, ദേവന്റെയും പൂർവ്വചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

Shri P. S. Nataraja Pillai: I have not made any philological researches in the matter.

ശ്രീ. എം. വി. ചെറിയാൻ : ഈ കമ്പനി കാഷ്ഠികമായനികുതി വല്ലതും ഗവണ്മെൻറിലേയ്ക്ക് കൊടുക്കുന്നുണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : എന്താദായം അവർ തരുന്നു എന്നുള്ള വിവരം പരസ്യപ്പെടുത്താൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അവർ അടിസ്ഥാനനികുതിയാണോ തരുന്നതു് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതേ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇതിനു മുമ്പ് അവർ എത്ര നികുതിയാണു് കൊടുത്തുകൊണ്ടിരുന്നതു് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : മുമ്പ് ബേസിക് ടാക്സ് ചുമത്തിയിരുന്നില്ല.

ശ്രീ. എം. പി. മേനോൻ : വിദേശികൾക്ക് ഇത്തരം ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിനെ തടയണമെന്നു വിചാരിക്കുന്നുണ്ടോ ; അതേ സംബന്ധിച്ച് ഗവണ്മെൻറിന്റെ നയമെന്താണ് ?

Shri P. S. Nataraja Pillai : The policy of Government is t o conserve the natural resources of the State within the State.

ശ്രീ. ടി. പി. സീതാരാമൻ : ഈ കമ്പനിയിലെ ഉൽപ്പന്നങ്ങൾ സ്റ്റർളിംഗ് ഏരിയായിൽ വിൽക്കുന്നതുമൂലം നമുക്ക് സ്റ്റർളിംഗ് ഏരിയായിൽനിന്നും ആനുകൂല്യങ്ങൾ വല്ലതും ലഭിക്കുന്നുണ്ടോ ?

Mr. Speaker: That is altogether a different question.

തിരുവിതാംകൂർ-കൊച്ചിയിൽ താമസിക്കുന്ന അമേരിക്കാക്കാർ.

* 616 [21] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1947-നു മുമ്പ് തിരുവിതാംകൂർ-കൊച്ചിയിൽ എത്ര അമേരിക്കാക്കാർ താമസിച്ചിരുന്നു ;

(ബി) 1947-നു ശേഷം എത്ര അമേരിക്കാക്കാർ താമസമുണ്ട് ;

(സി) ഇവർക്കാർക്കെങ്കിലും വയർലെസ് സെററ ഗവണ്മെൻറ് നൽകിയിട്ടുണ്ടോ ;

(ഡി) ഇവക്ക് റൈഫിൾസ് ഉപയോഗിക്കുന്നതിനു ലൈസൻസ് ആവശ്യമില്ലേ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : (എ) 43.

(ബി) ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ 51 അമേരിക്കാക്കാർ താമസിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ആവശ്യമുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അങ്ങുർ താമസിക്കുന്ന മിഷനറിമാർക്ക് 7 റൈഫിൾസ് പാഴ്സൽ വന്നിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ, സർ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആ ഏഴെണ്ണത്തിനും ലൈസൻസ് കൊടുത്തിട്ടുണ്ടോ ?

ശ്രീ. ഏ. താണുപിള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അടൂർ വന്നിട്ടുള്ള 7 റൈഫിൾസും ലൈസൻസ് കൂടാതെ ഉപയോഗിക്കുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഏ. താണുപിള്ള: ഇല്ല.

കുണ്ടറ സിറാമിക് ഫാക്ടറി.

※ 617. [22] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950 ഏപ്രിൽ മാസത്തിൽ കുണ്ടറ സിറാമിക് ഫാക്ടറി ഒരു ജാപ്പനീസ് വിദഗ്ദ്ധൻ സന്ദർശിക്കയുണ്ടായോ;

(ബി) ഈ വിദഗ്ദ്ധൻ ആരുടെ ക്ഷണനപ്രകാരമാണ് ഫാക്ടറി സന്ദർശിച്ചത് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ജപ്പാനിലെ Messrs. Nippon Gaishi Kaisha Ltd.-ലെ Managing Director Mr. Tsuchikawa സന്ദർശിക്കയുണ്ടായി.

(ബി) ഗവണ്മെന്റിന്റെ ആവശ്യപ്രകാരമാണ് സന്ദർശിച്ചത്.

ശ്രീ. സി. ജി. സദാശിവൻ: അതനുസരിച്ച് എന്തെങ്കിലും റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഒരു വിസിറ്റിനെ സംബന്ധിച്ചിടത്തോളമുള്ള പ്രിലിമനറി റിപ്പോർട്ടേ സമർപ്പിച്ചിട്ടുള്ളു.

ശ്രീ. സി. ജി. സദാശിവൻ: ഈ വിദഗ്ദ്ധന്റെ വിസിറ്റ് സംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് ഇല്ലെന്നാണോ പറയുന്നത് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സർ, ഇതിനെപ്പറ്റി എന്റെ കൈവശമുള്ള റിക്കാർഡ് ഞാൻ വായിക്കാം.

"As Electrical Insulators were then being manufactured in the Ceramic Factory, Government thought that it was desirable to get the advice of Mr. Tsuchikawa regarding manufacture of electrical goods in the Factory. Accordingly Mr. Tsuchikawa and party visited the Factory in April 1950. Government spent Rs. 861-5-0 towards the expenses in connection with their visit., That is the information I have. I do not remember the exact statement in the Audit Report. That is not with me at present.

ശ്രീ. സി. ജി. സദാശിവൻ: ഈ വിദഗ്ദ്ധന്റെ സന്ദർശനത്തിന് ഉണ്ടായിട്ടുള്ള ചെലവ് അദ്ദേഹത്തിന്റെ പക്കൽനിന്നോ, ഗവണ്മെന്റിന്റെ പക്കൽനിന്നോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഗവണ്മെന്റിന്റെ ചെലവാണ്.

ശ്രീ. സി. ജി. സദാശിവൻ: ഇങ്ങനെ ഗവൺമെന്റിൽനിന്നു ചെലവാക്കിയതിനെ സംബന്ധിച്ചു വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: എന്റെ കയ്യിലുള്ള റിക്കാർഡു് ആണ് വായിച്ചതു്.

ശ്രീ. സി. ജി. സദാശിവൻ: സർ, ഇതിനെ സംബന്ധിച്ചു് 1950–51-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറയുന്ന ഭാഗം ഞാൻ വായിക്കാം.

Administration Report-ൽ പറയുന്നതു് "A Japanese Expert and his party visited the Ceramic Factories in the State on 6th April, 1950 and a claim for Rs. 861 was preferred towards their travelling expenses. Though the tour was not arranged at the instance of the State Government and it was not proposed to avail of the Expert's advice, the amount was ordered to be paid ex-gratis and was disbursed during the year."

ഗവൺമെന്റ് ആവശ്യപ്പെടാതെയുള്ള ഒരു സന്ദർശനമല്ലായിരുന്നോ അതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങനെയല്ല. അതു് ഒരു മിസ്കൺസപ്ഷന് കാരണമാക്കിത്തീർക്കുന്നതുകൊണ്ടു് അതിനെപ്പറ്റിയുള്ള കാര്യം ഞാൻ വിശദമാക്കാം.

In January 1950, Mr. V. V. L. Rao, General Manager, Radio and Electricals Ltd., Madras informed this Government that Mr. Tsuchikawa, Managing Director of Messrs. Nippon Gaishi Kaisha Ltd., Japan, would be visiting India in 1950, to negotiate terms on which their Company would be prepared to undertake the manufacture of Ceramic Electrical Insulators, required in India. Mr. Rao also informed Government that he would be willing to get Mr. Tsuchikawa to Trivandrum if Government considered it necessary. On the basis of that, Government thought it would be advisable to take his advice and got him down.

ശ്രീ. സി. ജി. സദാശിവൻ: ഈ തുക വേണമെന്നു ആവശ്യപ്പെട്ടതു് ആരാണ്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇത്രയും തുക അദ്ദേഹത്തിന്റെ ട്രാവലിംഗ് എക്സ്പെൻസ് ആണ്.

ശ്രീ. സി. ജി. സദാശിവൻ: ഈ തുക ഗവൺമെന്റിൽനിന്നു കിട്ടണമെന്നു പറഞ്ഞതു ആരാണെന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു വന്നയാൾ തന്നെയാണ്.

Shri K. A. Balan: Sir, I rise to a point of order. There are two pieces of informations now supplied. Which of them should we believe? What is stated in the Audit Report is quite different from what the Minister has said just now.

Mr. Speaker: That is left to the hon. Members. They can come to their own conclusion in the light of the answers given on the floor of the House.

Shri R. Sankaranarayanan Tampy: Sir, the question was at whose instance this Expert visited the Factory, and the answer was that it was at the instance of the State Government. In the Audit Report it is stated that it was not at the instance of the State Government that the tour was arranged. Which of these are we to believe ?

Mr. Speaker : If there is any contradiction in the statements of the Treasury Benches it is for the hon. Members to take appropriate action at the proper time. But I cannot allow any criticism or discussion on such matters during question hour.

ബ്രിട്ടീഷുകാർ നേരിട്ടു നടത്തുന്ന കമ്പനികൾ.

*618. [23] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷുകാർ നേരിട്ടു നടത്തുന്നതും, അവർ പങ്കാളികളായിട്ടുള്ളതുമായ എത്ര കമ്പനികൾ ഈ രാജ്യത്തുണ്ട്;

(ബി) എല്ലാത്തിലുംകൂടി ആകെ എന്തു മൂലധനം ഇപ്പോൾ ഉണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ബ്രിട്ടീഷുകാർ നടത്തുന്ന ഏഴു കമ്പനികളുണ്ട്. ഇതുകൂടാതെ, വെളിയിൽ രജിസ്റ്റർ ചെയ്തതും, ഈ സംസ്ഥാനത്ത് ശാഖകൾ ഉള്ളതുമായ ചില സ്ഥാപനങ്ങൾ ഉണ്ട്. അതേപ്പറ്റിയുള്ള വിവരങ്ങൾ മുഴുവനും ലഭിച്ചിട്ടില്ല.

(ബി) ബ്രിട്ടീഷുകാർ നടത്തുന്ന ഏഴു കമ്പനികളിലായി 92,21,562 രൂപ മുടക്കിയിട്ടുണ്ട്.

ശ്രീ. സി. ജി. സദാശിവൻ: അവർക്കു ഇവിടെ സ്ഥാപിതതാല്പര്യങ്ങളില്ലാത്തതുകൊണ്ട് ഈ കമ്പനികളിൽനിന്നു കിട്ടുന്ന തുകകൾ മുഴുവനും വെളിയിലേയ്ക്കു പോകുകയാണെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സ്ഥാപിതതാല്പര്യങ്ങൾ ഇപ്പോൾ ഇല്ലെങ്കിലും ഇവിടെ സ്ഥാപിതതാല്പര്യങ്ങളുള്ളവരായിത്തീരുന്നതിനാണ് എളുപ്പമുള്ളതു്.

ശ്രീ. സി. ജി. സദാശിവൻ: ഇവർ കൊല്ലംതോറും, വെളിയിലേയ്ക്കു കൊണ്ടുപോകുന്ന തുകകൾ ഈ സ്റ്റേറ്റിൽത്തന്നെ ചെലവാക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെന്റിനു തോന്നിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സ്റ്റേറ്റിനുവേണ്ടി ചെലവാക്കുകയാണെങ്കിൽ അതു നല്ലതുതന്നെ.

ശ്രീ. സി. ജി. സദാശിവൻ: ഈ സ്റ്റേറ്റിനുവേണ്ടി, അതായതു് തൊഴിലാളികളുടെ നന്മയ്ക്കുവേണ്ടി കമ്പനിയിൽനിന്നും വല്ല തുകയും അവരുടെ ശമ്പളത്തിനുപുറമെ കൊടുക്കുന്നുണ്ടോ എന്നു് അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിനെപ്പറ്റി റിക്കാർഡില്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ജി. സദാശിവൻ: ഇവിടെ തൊഴിലില്ലായ്മയുണ്ട്, വ്യവസായങ്ങൾ പുതുതായി തുടങ്ങാൻ മൂലധനമില്ല, എന്നൊക്കെ ഗവണ്മെൻറ് പറയുമ്പോൾ ഈ കമ്പനിക്കാരിൽനിന്നും ഈ വക കാര്യങ്ങൾക്ക് കൂടി ഒരു സംഖ്യ മുടക്കണമെന്ന നിർദ്ദേശിക്കരുതോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: കമ്പനി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന തുക മുഴുവനും ചെലവിടുന്നതു് ഈ സ്റ്റേററിലാണ്. അതിൽനിന്നും കിട്ടുന്ന ആദായത്തെപ്പററിയാണെങ്കിൽ അവരെ നിർബ്ബന്ധിക്കാൻ വ്യവസ്ഥയില്ല.

നാഷണൽ എക്സ്റ്റെൻഷൻ കേന്ദ്രങ്ങൾ.

* 619. [27] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു കഴിഞ്ഞ വർഷം എത്ര നാഷണൽ എക്സ്റ്റെൻഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാം;

(സി) കർഷകർക്ക് ഇതുമൂലം എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) മൂന്ന്.

(ബി) അഗസ്തീശ്വരം, തിരുവല്ലാ, മൂവാററുപുഴ.

(സി) പല പ്രയോജനങ്ങളും ഉണ്ടായിട്ടുണ്ട്. എൻെറ കൈയിൽ ഒരു സ്റ്റേററുമെൻറുണ്ട്. അതു വായിക്കണമെങ്കിൽ വായിക്കാം.

മി. സ്പീക്കർ: ദീർഘമായ സ്റ്റേററുമെൻറാണെങ്കിൽ വായിക്കണമെന്നില്ല.

ശ്രീ. സി. ജി. സദാശിവൻ: വളരെ പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലാണ് എൻ. ഇ. എസ്സ്. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതെന്ന പറഞ്ഞു. എന്നാൽ വേമ്പനാട്ടുകായലെൻെറ ഇടയ്ക്കുള്ള പാതിരാമണൽ എന്ന ദ്വീപിൽ ഒരു കേന്ദ്രം സ്ഥാപിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. വി. ചെറിയാൻ: എൻ. ഇ. എസ്സ്. പദ്ധതിയനുസരിച്ച് മൂവാററുപുഴ കുറെ തെങ്ങിൻതൈകൾ വിതരണം ചെയ്തിട്ടുള്ളതിൽ കവിഞ്ഞു മററു യാതൊരു പ്രവർത്തനവും നടന്നിട്ടില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: തെങ്ങിൻതൈ മാത്രമേ മൂവാററുപുഴ കൊടുത്തിട്ടുള്ളുവെന്ന പറഞ്ഞാൽ എത്രത്തോളം ശരിയാണെന്നുള്ളത് ലേശ്ശം എൻെറ കൈവശം ഇപ്പോൾ റിക്കാർഡില്ല.

ശ്രീ. എം. വി. ചെറിയാൻ: ഈ പ്രവർത്തനം തുടങ്ങിയിട്ട് മൂന്നു വർഷക്കാലമായിട്ടും ഊർജ്ജിതത്തിൽ വരുത്തുന്നതിനു് സെക്രട്ടറിയേററിൽനിന്നും വേണ്ടപോലെ പ്രവർത്തിക്കുന്നില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: വേണ്ടപോലെ പ്രവർത്തിച്ചിട്ടില്ലെങ്കിൽ വേണ്ടതു ചെയ്യാവുന്നതാണ്.

ശ്രീ. എം. എ. ആന്റണി: എൻ. ഇ. എസ്സ്. സംബന്ധിച്ചുള്ള നടത്തിപ്പിനു ഒരു കേന്ദ്രക്കമ്മിററിയെ നിയമിച്ചിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ. എം. എ. ആന്റണി: ആ കേന്ദ്രക്കമ്മിററിയാണോ, എൻ. ഇ. എസ്സ്. കേന്ദ്രങ്ങൾ എവിടെയെല്ലാം വേണമെന്നു നിശ്ചയിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: അതെ.

ശ്രീ. എം. എ. ആന്റണി: കേന്ദ്രക്കമ്മിററിയിൽ അനൗദ്യോഗസ്ഥ മെംബറന്മാരുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ. എം. എ. ആന്റണി: കമ്മ്യൂണിററി പ്രോജക്ററ പ്രവർത്തനം നടത്തുന്ന പ്രദേശങ്ങൾക്കു സമീപംതന്നെ എൻ. ഇ. എസ്സ്. കേന്ദ്രങ്ങളും സ്ഥാപിച്ചു നടത്തുന്നതു കൂടുതൽ പ്രയോജനകരമല്ലേ?

ശ്രീ. എ. താണുപിള്ള: വികസനസാദ്ധ്യതയില്ലാത്ത മററു സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതായിരിക്കും നല്ലതെന്നാണു് ഗവൺമെൻറ കരുതുന്നതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആരംഭിക്കാൻ പോകുന്ന പുതിയ കേന്ദ്രങ്ങൾ എവിടെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി റിപ്പോർട്ടുകിട്ടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ബാക്ക്‌വേഡുക്ലാസ്സ് ഭൂരിപക്ഷം അധിവസിക്കുന്ന കട്ടപ്പുറത്തു കൂടി ഒരു എൻ. ഇ. എസ്സ്. കേന്ദ്രമാക്കാമോ?

മി. സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

എംപ്ലായ്മെൻറ് എക്സ്ചേഞ്ച്.

* 620. [28] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953–54 വർഷത്തിൽ ആകെ എത്ര ഉദ്യോഗാർത്ഥികൾ എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര ഒഴിവുകൾ സംസ്ഥാനത്തെ എക്സ്ചേഞ്ചുകളിൽ അറിയിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ വർഷത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്കു് ഉദ്യോഗം ലഭിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 21,733 പേർ.

(ബി) 3,937 ഒഴിവുകൾ.

(സി) 3,317 പേർക്കു ഉദ്യോഗം ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. ഗോപാലൻ: ഏതെല്ലാം സ്ഥലത്തുള്ള എംപ്ലായ്മെൻറ എക്സ്ചേഞ്ച് ആഫീസുകളാണ് ഇപ്പോഴും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇപ്പോഴും തിരുവനന്തപുരത്ത് ഒരു ആഫീസുണ്ട്. അതുപോലെതന്നെ എറണാകുളത്തും ഒരാഫീസുണ്ട്. എന്നാൽ എറണാകുളത്തുള്ള ആഫീസ് ഇങ്ങോട്ടു മാററുന്നതിനുള്ള എഴുത്തുകുത്തു നടന്നുവരികയാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: എറണാകുളത്തുള്ള എക്സ്ചേഞ്ച് ആഫീസ് തിരുവനന്തപുരത്തേയ്ക്കു മാററുന്നതുകൊണ്ട് അവിടത്തുകാർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാകുമെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു 'നിശ്ചയിക്കേണ്ടതു' സെൻട്രൽ എംപ്ലായ്മെൻറ എക്സ്ചേഞ്ചുകാരാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: എറണാകുളത്തുനിന്നും ഈ ആഫീസ് മാററാൻ പാടില്ലെന്നു ഈ ഗവണ്മെൻറിനു ശുപാർശ ചെയ്യാൻ സാധിക്കുകയില്ലേ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. പി. മേനോൻ: അങ്ങനെ തിരുവനന്തപുരത്തേയ്ക്കു മാററുകയാണെങ്കിൽ എറണാകുളത്തുള്ള വില്ലിംഗ്ടൺ ഐലൻഡിൽ ഉദ്യോഗാർത്ഥികളുടെ പേരു രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നൽകുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ കാര്യത്തെപ്പററി ആലോചിക്കാം.

ശിശുകലാപ്രദർശനം.

* 621. [30] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർട്ടൂണിസ്റ്റ് ശ്രീ. ശങ്കർ 27-7-53-ൽ തിരുവിതാംകൂർ വിമൻസ് കാളേജിൽവച്ചു നടത്തിയ ശിശുകലാപ്രദർശനത്തിനു ഗവണ്മെൻറിൽനിന്നു വല്ല സഹായവും ചെയ്തിട്ടുണ്ടോ;

(ബി) ശിശുക്കളുടെ കലാവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു വല്ല പദ്ധതിയും ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ശിശുകലാപ്രദർശനത്തിൻെറ സകല ഏർപ്പാടുകളും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ മുഖേനയാണു നടത്തിയതു. അതിലേയ്ക്കു 1687 രൂപ ചെലവാകുകയും ചെയ്തു;

(ബി) സെക്കൻഡറി എഡ്യൂക്കേഷൻ പുനഃസംവിധാനത്തെപ്പററി ആലോചിക്കുമ്പോൾ ഇവയെപ്പററിയും ഗൗനിക്കുന്നതാണ്.

ശ്രീ. പി. ഗോപാലൻ: ഏതെല്ലാം രാജ്യങ്ങളിലുള്ള കുട്ടികളുടെ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല

ജയിൽ പരിഷ്കരണക്കമ്മിററി.

* 622. [31] ശ്രീ. എം. പി. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ പരിഷ്കരണക്കമ്മിററിയുടെ ഇടക്കാലറിപ്പോർട്ട് എന്തെങ്കിലും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ ഏവ;

(സി) ഈ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉടൻ നടപ്പിൽ വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ആ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങളടങ്ങിയ ഒരു സ്റ്റേററുമെൻറ് അനുബന്ധിച്ചിരിക്കുന്നതു ഞാൻ വായിക്കാം.

Mr. Speaker: Do you want it to be read?

Shri M. P. Menon: Only a gist not the exhaustive list.

Shri A. Thanu Pillai:

"1. All prisoners on remand, or under trial should be detained in sub-jails, and they should not be kept in police station lock-ups.

2. All under-trial prisoners, short-term prisoners, prisoners who have the right to appeal against their conviction and sentence, and those on transit and taken for giving evidence should be accommodated in sub-jails.

3. Scientific investigation of crimes should be resorted to by the Police.

4. Police should have no contact with an under-trial prisoner, normally.

5. On account of certain circumstances over which the Committee have no control for the immediate opening of sub-jails throughout the State, they have to be divided into two classes 'A' and 'B'.

6. Fourteen 'A' class and seven 'B' class sub-jails in the following places have to be opened.

'A' Class.

Nagercoil,	Meenachil,
Thuckala,	Moovattupuzha,
Trivandrum,	Alwaye,
Quilon,	Ernakulam,
Mavelikkara,	Mattancherry,
Alleppey,	Irinjalakuda, and
Kottayam,	Trichur.

'B' Class.

Kottarakara,
Punaloor,
Shencottah,
Peermade,
Devikulam.
Pathanamthitta, and
Chittur.

7. Thondi articles should be moved from police stations.

8. The Inspector-General of Prisons should be the controlling officer of the sub-jails.

9. The sub-jails should be put in charge of the Senior Magistrate in each locality, excluding the District Magistrate, and he would be the Ex-officio Superintendent. He would get a monthly allowance.

10. The Ex-officio Superintendent should be under the direct control of the Inspector-General of Prisons, so far as his work in the sub-jail is concerned.

11. The outside guarding of the 'A' class sub-jails should be by armed trained warders and 'B' class by the Police.

12. In 'B' class sub-jails the present system of procuring food by contractors, may be continued.

13. Though there is nothing unethical or unmoral in compelling an able bodied, but unwilling under-trial prisoner to do some sort of congenial work, the Committee feel that methods of persuasion and incentives to work would make all prisoners to do work.

14. Small amount shall be paid to those who do work as an incentive.

15. Under-trial prisoners, can have their own clothing. But those who are unable to get such clothing, should be supplied at Government cost, at the rate of two mundus and two thorthus for a male and two sarees and two rowkeys and a thorthu for a female per year.

Sir, shall I read the whole?

Mr. Speaker: No.

ശ്രീ. ഏ. താണുപിള്ള: (സി) ഈ കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

പോലീസ് മർദ്ദനം.

* 623. [32] ശ്രീ. എം. പി. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ച് 16-ാംനു- മുതൽ മേയ് 30-ാംനു- വരെയുള്ള കാലത്തിനിടയ്ക്ക് സംസ്ഥാനത്താകെ പോലീസ് മർദ്ദനത്തെപ്പറ്റി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രവ ടെനിന്നെല്ലാം;

(സി) എടുത്തിട്ടുള്ള നടപടികൾ ഏവ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 69.

(ബി) കോട്ടയം ഡിസ്ട്രിക്റ്റ് 15
കൊല്ലം ,, 24
തിരുവനന്തപുരം ,, 12
തൃശ്ശൂർ ,, 18

(സി) കോട്ടയം ഡിസ്ട്രിക്റ്റിൽ രണ്ടെണ്ണത്തിൽ കുറ്റക്കാരെ ശിക്ഷിച്ചു; അഞ്ചെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. എട്ടെണ്ണത്തിൽ പരാതി ശരിയല്ലെന്നു തെളിഞ്ഞു.

കൊല്ലം ഡിസ്ട്രിക്റ്റിൽ അഞ്ചെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. പതിനേഴെണ്ണം ശരിയല്ലെന്നു തെളിഞ്ഞു. രണ്ടെണ്ണത്തെക്കുറിച്ചു് കോടതിയിൽ കേസു നിലവിലിരിക്കുന്നു.

തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ പത്തെണ്ണം ശരിയല്ലെന്നു തെളിഞ്ഞു ഒരെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. ഒരെണ്ണത്തെക്കുറിച്ചു് കോടതിയിൽ കേസു നിലവിലിരിക്കുന്നു.

തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ നാലെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. പതിന്നാലെണ്ണം അന്വേഷണത്തിൽ ശരിയല്ല എന്നു തെളിഞ്ഞു.

ശ്രീ. എം. പി. മേനോൻ: ശിക്ഷ നൽകിയെന്നു പറഞ്ഞു. അതു് എന്തു ശിക്ഷയാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഒരാളെ സസ്പെൻറു ചെയ്തതായി കാണുന്നുണ്ടു്. പിന്നെ ഒരാളെ ശിക്ഷിച്ചോ എന്നു കാണുന്നില്ല. അതിനെക്കുറിച്ചു ഗവണ്മെൻറിനു ഇൻഫർമേഷൻ ഇല്ല.

ശ്രീ. എം. പി. മേനോൻ: ഏതു രീതിയിലുള്ള അന്വേഷണമാണു നടത്തിയതെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഡിപ്പാർട്ടുമെൻറലായിട്ടുള്ള അന്വേഷണമാണു് നടത്തിയതു്.

ശ്രീ. എം. പി. മേനോൻ: പോലീസ് നടപടിയെ സംബന്ധിച്ചു് പോലീസ് മർദ്ദനത്തെ സംബന്ധിച്ചു്, എന്തെങ്കിലും സർക്കുലർ ഈ പുതിയ ഗവണ്മെൻറ് അയയ്ക്കുകയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഒന്നും അയച്ചിട്ടില്ല.

ശ്രീ. എം. പി. മേനോൻ: പോലീസുമർദ്ദനം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതാണെന്നു കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുതന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അതിനു വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. പി. മേനോൻ: പോലീസുനടപടിയെ സംബന്ധിച്ചു് 69 പരാതികൾ വന്നിട്ടു് പകുതിയിലധികം പരാതികൾ ശരിയല്ലെന്നു തെളിഞ്ഞു എന്നു പറഞ്ഞിട്ടുണ്ടു്. ശരിയല്ലെന്നു തെളിഞ്ഞു എന്നു പറഞ്ഞിട്ടുള്ളതു് ശരിയല്ലെന്നു സമ്മതിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറുണ്ടോ?

ശ്രീ. എ. താണുപിള്ള: സമ്മതിക്കുവാൻ തയ്യാറില്ല.

ശ്രീ. എം. പി. മേനോൻ: പോലീസ് മർദ്ദനം മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കുറവാണോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ കുറവാണ്.

ശ്രീ. എം. പി. മേനോൻ: എന്തു കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് പോലീസ് നടപടിയെ സംബന്ധിച്ചുള്ള പരാതികൾ കുറഞ്ഞിട്ടുണ്ടെന്നു ഗവണ്മെൻറ് പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കുറവാണ്.

ശ്രീ. എം. പി. മേനോൻ: ശരാശരി ഒരു മാസത്തിൽ, ഈ ഗവണ്മെൻറ് ചാർജ്ജെടുത്തതിനുശേഷം, പോലീസുകാരുടെ നടപടിയെപ്പററി എത്ര പരാതികൾ വീതം വരാറുണ്ട് എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനു വേറെ ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഒരു ചോദ്യത്തിനു ഉപചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുമ്പോൾ പല ആളുകളും ചോദ്യം ചോദിക്കുവാൻ എഴുന്നേൽക്കുന്നുണ്ട്. ആ സമയത്തു് ഒരു മെംബർ തൻെറ ചോദ്യം പ്രാമാണ്യമുള്ളതാണ്, അത്യാവശ്യമുള്ളതാണ് എന്നു പറഞ്ഞാൽ ആ ആളെ ചോദ്യം ചോദിക്കുവാൻ സ്പീക്കർ അനുവദിക്കുന്നു. മററു മെംബറന്മാരെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. ഇതു ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: സ്പീക്കർ എന്തു തീരുമാനം എടുത്താലും അതിനെ ചോദ്യംചെയ്യുവാൻ ആർക്കും അവകാശമില്ല. ആളെ നോക്കാതെ ആർക്കു വേണമെങ്കിലും വളരെ നിർബന്ധമുള്ള കാര്യങ്ങൾ അനുവദിക്കും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട സ്പീക്കർ ചിലരെ ചോദ്യം ചോദിക്കുവാൻ അനുവദിച്ചതും ചിലരെ അനുവദിക്കാതിരുന്നതും പക്ഷപാതപരമാണെന്നു പറയുന്നതു് അനുവദിക്കാമോ?

Mr. Speaker: No hon. Member can question the ruling of the Speaker.

Shri N. Raghava Kurup: I was not questioning the ruling of the Speaker, but only seeking an explanation.

ശ്രീ. കെ. എം. ജാർജ്ജ്: മൂന്നു ദിവസം മുമ്പ് കൂത്താട്ടുകുളം പോലീസ്സ്റ്റേഷനു അടുത്തുള്ള എലഞ്ഞി എന്ന സ്ഥലത്തുവച്ച് ചില പാവങ്ങളെ പോലീസുകാർ ഉപദ്രവിച്ചു എന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നോട്ടീസ് വേണം.

ദുരിതാശ്വാസനിധി.

*624. [33] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെപ്പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എങ്ങനെ ഉപയോഗിച്ചുവെന്ന് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള): മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നു ചിലക്കു അവിചാരിതമായുണ്ടായ ക്ഷാമം, വെള്ളപ്പൊക്കം മുതലായ ദുരിതാശ്വാസം നൽകുന്നതിനു പണം വിനിയോഗിച്ചിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഒന്നു ഭേദിക്കാമോ? (ചിരി)

Mr. Speaker Order, order. There is only 5 minutes more. We shall not waste time by putting questions like that. We have got a short notice question.

SHORT NOTICE QUESTION

ശ്രീ. എൻ. വി. ചെറിയാൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഇന്നത്തെ ചോദ്യങ്ങളുടെ കൂട്ടത്തിലുള്ള 125-ാം, 126-ാം ചോദ്യങ്ങൾ ചേർത്തു ഞാൻ ഒരു ഷാർട്ട് നോട്ടീസ് ക്വസ്റ്റ്യനായി അയച്ചതായിരുന്നു. അതിനും കൂടി സമയം അനുവദിക്കേണ്ടതാണെന്നു അപേക്ഷിക്കുന്നു.

Mr. Speaker: This is not the time for raising such questions. Hon. Members must know that.

ടീച്ചേഴ്സ് ട്രെയിനിംഗ്.

* 1. [1] ശ്രീ. എൻ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടീച്ചേഴ്സ് ട്രെയിനിംഗ് പരീക്ഷയ്ക്ക് ഈ വർഷം എത്ര വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുത്തിട്ടുണ്ട്;

(ബി) അർഹതയുള്ള പല വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും പ്രസ്തുത കോഴ്സിനു ചേരുന്നതിന് അവസരം കിട്ടിയിട്ടില്ലെന്നുള്ള പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) ഇവരെ തിരഞ്ഞെടുക്കുന്നത് പബ്ലിക്ക്സർവ്വീസ്കമ്മിഷൻ ആണോ;

(ഡി) ആണെങ്കിൽ ഈ നിയമം മാററി അതാതു ട്രെയിനിംഗ് സ്കൂളുകാർക്കുതന്നെ വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള):

(എ) 3860.

(ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) അദ്ധ്യാപകന്മാരല്ലാത്തവരെ പബ്ലിക്ക്സർവ്വീസ് കമ്മീഷനാണ് തിരഞ്ഞെടുക്കുന്നത്. അദ്ധ്യാപകന്മാരെ ഡിപ്പാർട്ടുമെന്റിൽനിന്നും തിരഞ്ഞെടുക്കുന്നു.

(ഡി) ഈ നിയമം ഭേദഗതി ചെയ്യുന്നകാര്യം ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ: ഗവൺമെന്റിനു ലഭിച്ചിട്ടുള്ള പരാതികളെപ്പറ്റി എന്തു നടപടി എടുത്തു എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഡയറക്ടറോടു റിപ്പോർട്ടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു: അദ്ധ്യാപകന്മാരെ ട്രെയിനിംഗിനു തിരഞ്ഞെടുക്കുന്നതിനു് ഡിവിഷൻ ഇൻസ്പെക്ടർമാക്കു വല്ല അധികാരവും ഉണ്ടോ?

ശ്രീ. എ. താണുപിള്ള: ഡിപ്പാർട്ടുമെന്റിൽനിന്നു തിരഞ്ഞെടുക്കുന്നതു് ഡിവിഷൻ ഇൻസ്പെക്ടറന്മാരാണോ ഡയറക്ടരാണോ എന്നു അറിവില്ല.

ശ്രീ. കെ. സി. ജോർജ്ജ്: മാനേജ്മെന്റ് സ്കൂളുകളിൽ ഒരു ക്ലിപ്തശതമാനം അദ്ധ്യാപകന്മാരല്ലാത്ത വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ഹെഡ്മാസ്റ്റർമാക്കു വിട്ടുകൊടുക്കുന്നതു യുക്തമായിരിക്കുമെന്നു ഗവൺമെന്റു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. സി. ജോർജ്ജ്: അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുമ്പോൾ ഇൻക്രിമെന്റ് കാത്തുനിൽക്കുന്ന ബാറുള്ളവർക്കു മുൻഗണന കൊടുക്കുവാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: സർവീസ് കൂടുതലുള്ളവരെ എടുക്കണമെന്നു നിർബ്ബന്ധമുണ്ടു്.

ശ്രീ. കെ. സി. ജോർജ്ജ്: സർവീസിൽ ഇരിക്കുന്നവർക്കു ചില സ്റ്റേജു കഴിഞ്ഞാൽ ഇൻക്രിമെന്റു കിട്ടണമെങ്കിൽ ട്രെയിനിംഗ് വേണമെന്നുണ്ടു്. അതിനു ബാർ എന്നു പറയും. അവർക്കു മുൻഗണന കൊടുക്കാമോ?

ശ്രീ. എ. താണുപിള്ള: അതിനു വേറെ ചോദ്യംവേണം.

ശ്രീ. ടി. കെ. ദിവാകരൻ: പോസ്റ്റ് ഗ്രാഡുവേററ് കഴിഞ്ഞ എത്രപേരെ എടുത്തിട്ടില്ല എന്നു അറിയാമോ?

ശ്രീ. എ. താണുപിള്ള: പോസ്റ്റ് ഗ്രാഡുവേററുകൾ ആരാണു?

ശ്രീ. ടി. കെ. ദിവാകരൻ: സാഹിത്യവിശാരദ് കഴിഞ്ഞതിനു ശേഷം ബി. എ. പാസ്സാകുന്ന ആളുകൾ.

WRITTEN ANSWERS.

Water Cess.

* 625. [38]. **Shri R. Ponnappa Nadar**: Will the Minister for Finance be pleased to state:

(*a*) whether the Government are prepared to stop the levy of water cess from the Kodayar Project areas; and

(*b*) were there not demands made by the people for stopping it?

Minister for Works and Transport (**Shri A. Achuthan**):

(*a*) No.

(*b*) Yes.

Collection of SalesTax.

* 626 [152] **Shri A. A. D. Luiz:** Will the Minister for Finance be pleased to state whether the Government will be pleased to constitute a Tribunal for disposing of all disputed matters connected with the collection of sales-tax in this State :

Minister for Finance **(Shri P. S. Nataraja Pillai) :** Government are considering the question of constituting a Sales-tax Appellate Tribunal.

കുടിൽ വ്യവസായങ്ങൾ.

* 627. [66] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിൽനിന്നും സഹകരണസംഘങ്ങൾവഴി ധനസഹായം ചെയ്യുന്ന കുടിൽവ്യവസായങ്ങൾ എതെല്ലാം;

(ബി) ഓരോന്നിനും അനുവദിച്ചിട്ടുള്ള ഗ്രാന്റ് എത്ര;

(സി) ഈ ഗ്രാന്റ് കൊടുത്തുകഴിഞ്ഞിട്ടുണ്ടോ;

(ഡി) ഏതെങ്കിലും കുടിൽവ്യവസായത്തിനു അനുവദിച്ച ഗ്രാന്റ് കിട്ടിയില്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) കരുപ്പട്ടി വ്യവസായം
തേനീച്ച വളർത്തൽ
കൈത്തറിനെയ്ത്തു വ്യവസായം
മരംകൊത്തുപണി വ്യവസായം
ഗ്രാമീണ എണ്ണ വ്യവസായം (ചക്കാട്ട്)

ഇതുകൂടാതെ താഴംപായ്, കോരംപായ്, കൂവമാവ്, കളിമൺ മുതലായ വ്യവസായങ്ങളെയും സഹകരണസംഘങ്ങൾവഴി പ്രോത്സാഹിപ്പിക്കാൻ ആലോചനയുണ്ട്.

1952—53.

(ബി)	കരുപ്പട്ടി വ്യവസായത്തിന്	രൂ.	25,000
	തേനീച്ച വളർത്തലിന്	,,	5,000
	എണ്ണ വ്യവസായം	,,	6,000
	കൈത്തറിനെയ്ത്തു വ്യവസായം	,,	1,00,000

1953—54.

	കരുപ്പട്ടി വ്യവസായം	,,	13,000
	വില്പന സഹകരണസംഘങ്ങൾക്ക്	,,	3,000
	തേനീച്ച വളർത്തൽ	,,	8,000
	മരം കൊത്തുപണി	,,	2,000
	കൂവമാവു വ്യവസായം	,,	500

(സി) കൂവമാവു വ്യവസായത്തേയ്ക്കുള്ള രൂ. 500 ഒഴിച്ച് ബാക്കി എല്ലാം കൊടുത്തിട്ടുണ്ട്. കൂവമാവ് വ്യവസായ ഇനത്തിൽ കൊടുക്കാനുള്ള ഗ്രാന്റ തുകയും കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

UNSTARRED QUESTIONS.

Public Offices

162. [3] **Shri K. M. George**: Will the Minister for Finance be pleased to state:

(*a*) How many Public Offices there are at Muvattupuzha which are housed in rented buildings;

(*b*) what is the rent paid by Government on this account every month;

(*c*) do this Government propose to construct a building to house all these Government Offices at Muvattupuzha?

Answer.

(*a*) 19.

(*b*) Rs. 126 per mensem.

(*c*) At present there is no definite proposal to construct a building in Muvattupuzha. But Government have launched a general scheme to construct buildings at various taluk Headquarters to accommodate all Government Offices.

Mr. Speaker: Order, order. Question time is over. We shall next pass on to Legislative Business.

Shri R. Sankaranarayanan Thampi: Sir, I raise a point of order. When oral answers are given by the Treasury Benches, sometimes they are contradictory to Government documents. There is a ruling of the Speaker that question time should not be utilised for discussing such answers. Sir, we are put in a rather unfortunate position. We cannot question the authenticity of the answers given by the Treasury Benches, because of the ruling of the Speaker. It is a ridiculous position so far as the Members are concerned, because the answers go unchallenged. I am not insisting upon a ruling from the Speaker just at present. The speaker may look up and give a ruling on a later date.

Shri P. S. Nataraja Pillai: There is a provision in the rules for a discussion on matters arising out of answers to questions. If only my hon friend had just looked into that rules, he would not have raised this point of order.

Shri M. P. Menon: Because there is rule 26, is it a license for Government to give contradictory statements?

Mr. Speaker: I shall consider the point raised in the point of order and give a ruling later on.

Shri A. A. D. Luiz: Some of the questions sent in my name have not come up for answers. May I know whether the answers will be available during this session?

Mr. Speaker: Yes, they will be available, if received during this session.

LEGISLATIVE BUSINESS.

THE TRAVANCORE-COCHIN FIXATION OF PADDY PRICES BILL.

Shri Talekkara K. Krishnan: I move for leave to introduce the Travancore-Cochin Fixation of Paddy Prices Bill.

Shri P. Gopalan: I second it.

Mr. Speaker: I believe the hon. Member has the leave of the House to introduce the Bill.

The question that leave be granted to introduce the Travancore-Cochin Fixation of Paddy Prices Bill, was put and carried.

Leave was granted.

Shri Panampilli Govinda Menon: No, Sir. Only leave has been granted. Now the Bill has to be published in the Gazette and then the Member should give a notice for a motion for introducing the Bill.

Mr. Speaker: So, he has only leave at this stage, and only after publication the Member has the right to introduce it in the House.

THE TRAVANCORE-COCHIN DEBT RELIEF BILL.

Shri P. V. Avira Tharakan: Sir, I beg leave of the House to introduce the Travancore-Cochin Debt Relief Bill.

Shri K. A. Balan: I second it.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇതിൽ ബാങ്കുകളും സംബന്ധിച്ചുള്ള കടവുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. "Objects and Reasons"-ൽ പ്രത്യേകം പറയുന്നുണ്ട്, "The Bill does not provide any exemptions in the case of banks" അപ്പോൾ അത് ബാങ്കുകളെയും ബാധിക്കും. അക്കാര്യം ഒരു സെൻട്രൽസബ്ജക്റ്റ് ആയിരിക്കുന്ന സ്ഥിതിക്ക് അതു ഇവിടെ അവതരിപ്പിക്കാമോ എന്നു സംശയമുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇതിനെപ്പററി ഒരു കാര്യം എനിക്കു പറയുവാനുണ്ട്. ബഹുമാനപ്പെട്ട പത്തനാപുരം മെംബർ റെയിസ് ചെയ്തിരിക്കുന്ന പായിൻറ് ഓഫ് ഓർഡർ, ഈ നിയമം ബാങ്കിംഗ് കമ്പനികളെക്കൂടി ബാധിക്കുന്നതായതുകൊണ്ട് അക്കാര്യം സെൻട്രൽ പാർലമെൻറിൻെറ അധികാരപരിധിയിൽ വരുന്നതല്ലേ എന്നാണ്. അല്ലെന്നാണ് എനിക്കു തോന്നുന്നതു്. ഈ സംസ്ഥാനത്ത് ഉണ്ടാകുന്ന കടങ്ങളെ സംബന്ധിച്ചും കടക്കാരനെ സംബന്ധിച്ചും മററു ചില നിയമങ്ങൾ ഉണ്ടാക്കുന്നതിനും നിർണ്ണയിക്കുന്നതിനുമുള്ള അധികാരം ഈ നിയമസഭയ്ക്കുണ്ട്. ആ അധികാരത്തെമാത്രം ബാധിക്കുന്ന ഒരു നിയമനിർമ്മാണമാണ് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നതു്. ഇപ്പോൾ ഇതു സംബന്ധിച്ച് വളരെ കാംപ്ലിക്കേഷൻ ആയുള്ള ഒരു റൂളിംഗ് കൊടുക്കുക എന്നു പറഞ്ഞാൽ കൂടുതൽ കാലതാമസം ഉണ്ടാക്കുക എന്നാണ് അർത്ഥം.

കൂടാതെ ഭരണഘടനയെ സ്പർശിക്കുന്ന ഏതെങ്കിലും ഭാഗം ഈ ബില്ലിൽ ഉൾക്കൊള്ളുന്നുണ്ടോ എന്നു് വിശദമായി ആലോചിച്ചു് ഭേദഗതി വരുത്തുന്നതിനും ഭരണഘടനയ്ക്കു് വിധേയമായി ഈ ബിൽ മാററി എഴുതുന്നതിനും ഈ സഭയ്ക്കധികാരമുണ്ടു്. അപ്പോൾ നമുക്കു് അക്കാര്യത്തെപ്പററി ചിന്തിക്കാവുന്നതാണു്. അക്കാര്യത്തെപ്പററി ഇപ്പോൾ പരിഗണിക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പി. ഭാസ്കരൻനായർ: ഈ ബില്ലിൽ ആരും സെക്കൻഡു് ചെയ്തില്ലെന്നാണു തോന്നുന്നതു്.

Mr. Speaker : Mr. Tharakan, you ask for leave and it is seconded by Mr. Balan.

Shri P. V. Avira Tharakan : Yes, Sir.

Mr. Speaker : Of course, there is nothing to prevent the House from granting leave for introducing the Bill.

Shri Kalathil Velayudhan Nair : I don't hear, Sir.

Mr. Speaker : There is no harm in leave being granted, because there is nothing in the bill which is in conflict with the constitution.

Shri Kalathil Velayudhan Nair : That is not very material. They may or may not object. But I want a definite ruling from the Chair on my point of order.

മി. സ്പീക്കർ: ലീവുകൊടുക്കുന്നതിൽ തകരാറൊന്നുമില്ലെന്നാണു് എന്റെ അഭിപ്രായം. And I find there is no opposition in the House to leave being granted.

Shri Panampilli Govinda Menon : Sir, in the agenda I find only motions for leave to introduce the Bill. As far as I understand, there are four stages ; first, motion for leave to introduce, then if that is done, there is another motion for introduction, then for consideration and finally for the third reading. The Rules and Standing Orders distinctly say that in the case of private members' bills, after obtaining leave of the House for introduction, the Speaker should order publication of the Bill in the Gazette. Then, after the Bill is published under the orders of the Speaker in the Gazette, then alone will it come up for introduction. After having come up for introduction, it is for the mover to give notice and, for every notice, I believe three days' time is necessary. A notice for the next motion, namely, introduction, should be given. Then alone do members of the House generally look into the Bill. The convention in every House of Legislature is that at the time of grant of leave to introduce a Bill, generally, there is no opposition on the principle that the liberty to introduce a Bill in any House should not be curtailed. That is why, Sir, in the Standing Order it is stated that "if some motion is opposed, then the mover may make a short statement and the opposer may also make a short statement." But there should be no debate. If leave is granted to the hon. Member for Aroor, that means there is the

necessary sanction of the House to introduce the Bill after the Speaker has ordered publication of the Bill in the Gazette.

Mr. Speaker: Without interrupting the hon. Member, I may refer to Rule 36 which says:

"As soon as may be after a Bill has been introduced, the Bill, unless it has already been published, shall be published in the Gazette."

Shri Panampilli Govinda Menon: That is so.

Mr. Speaker: Standing Order No. 30 says:

"When a Bill is introduced, or on subsequent occasion, the member in charge may make one of the following motions in regard to his Bill, namely,—

"(a) that it be taken into consideration by the Assembly either at once or at some"....and so on.

Shri Panampilli Govinda Menon: I am aware of that—publication after introduction. Now, introduction is not over. Here it is stated:

"As soon as *may* be after a Bill has been introduced, the Bill, unless it has already been published, *shall* be published in the Gazette."

There, it is *shall*; before that, it is *may*. That is to say, now it is an enabling provision. The Speaker may order the publication. If necessary, I shall refer to that provision. I refer to Standing Order No. 29 on page 45 of the Assembly Manual:

"If a motion for leave to introduce a Bill is opposed, the Speaker after permitting, if he thinks fit,"......there it is discretionary "a brief explanatory statement from the member who moves and from the member who opposes the motion, may without further debate put the question."

Then comes the introduction. In the agenda it is put as *leave to introduce*. The other is a distinct motion, that is *introduction*. There is nothing in the agenda in that respect. Notice should be given and unless the Members of the House are prepared to discuss the Bill, how can it be taken for discussion?

Introduced means, discussion. We have come here just to witness, so to say, the various movers of the Bills, moving the Bill and getting the leave of the House. That is a prerequisite for the introduction. That is why it is so often stated that a private member's Bill will have various stages to pass through. Under the rules now obtaining—you may change the rules, we may adopt different conventions, nothing prevents it—but under the present conditions, the rules and regulations, a private member who introduces a Bill will have to pass through several stages. There are at least four stages. Now, he has got the leave to introduce the Bill and I submit that unless the matter is on the agenda no motion for introduction can be made.

Shri A. Thanu Pillai : It is quite clear all these questions do not arise, because as Mr. Panampilli Govinda Menon says today the notice is only for leave to introduce and the agenda also specifically says 'Motion for leave to introduce'. So, it stops there. No further question arises.

The question that leave be granted to introduce the Travancore-Cochin Debt Relief Bill, was put and carried.

Leave was granted.

THE TRAVANCORE-COCHIN FIXATION OF MAXIMUM LIMIT TO HOLDINGS BILL.

Shri K. I. Velayudhan : Sir, I am not introducing it.

THE TRAVANCORE-COCHIN MALAYALA BRAHMIN BILL.

Shri Chengarapalli P. Narayanan Potti : Sir, I beg leave to introduce the Travancore-Cochin Malayala Brahmin Bill.

Shri P. K. Yasodharan : I second it.

The question that leave be granted to introduce the Travancore-Cochin Malayala Brahmin Bill, was put and carried.

Leave was granted.

THE TRAVANCORE-COCHIN ARTISANS PROTECTION BILL.

Shri K. I. Velayudhan : Sir, I move that leave may be granted to introduce the Travancore-Cochin Artisans Protection Bill.

Shri P. S. Vasudevan Pillai : I second it.

Th question that leave be granted to introduce the Travancore-Cochin Artisans Protection Bill, was put and carried.

Leave was granted.

The Assembly adjourned at 12.20 p. m. to meet again at 11 a.m. on Wednesday, the 4th August, 1954.

APPENDIX I.

[Please see answer to Question No. * 608 (11)].

Statement showing the buildings which were leased out to the T. C. T. B. Ltd.

Sl. No.	*Name of building.*	*Date of leasing out.*
1	Cape Hotel	21—10—1951
2	Cape Rest House	21—10—1951
3	Alleppey Rest House	13—11—1951
4	Trichur Guest House	2—11—1951
5	Ernakulam Rest House	6—11—1951
6	Kottayam Camp Shed	30—11—1951
7	Munnar Rest House	30—11—1951
8	Bolghatty Palace	9—11—1951
9	Quilon Additional Govt. House	28—10—1951
10	Courtallam Palace	9—11—1951
11	Scorpian Hall, Courtallam	5—3—1952
12	Warkalai Palace	1—3—1952
13	Thekaday Rest House	10—7—1952
14	Mascot Hotel	1—9—1952
15	Warkalai Rest House	20—5—1952

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

Second Session 1954

Wednesday, the 4th August 1954.

Vol. XI] **OFFICIAL REPORT** **[No. 19.**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 4th August 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

പഞ്ചായത്തു മിഡ്‌വൈഫ്.

* 628. [1] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഓരോ മിഡ്‌വൈഫിനെ നിയമിക്കുമോ;

(ബി) ഗ്രാമപ്രദേശങ്ങളിൽ മിഡ്‌വൈഫറി കപ്പാട്ട്ട്രേഷ്‌സിന്റെ ആവശ്യം വളരെ ഉണ്ടെന്നു് ഗവണ്മെന്റിന് അറിയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതിയും ആവശ്യവും അനുസരിച്ചു് പഞ്ചായത്തുകളിൽ ക്രമേണ മിഡ്‌വൈഫുകളെ നിയമിക്കണമെന്നു് ഗവണ്മെന്റിനു അഭിപ്രായമുണ്ടു്.

(ബി) ഗ്രാമപ്രദേശങ്ങളിൽ അതിന്റെ ആവശ്യമുണ്ടെന്നറിയാം. അതു ക്രമേണ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണു്.

പഞ്ചായത്തു് ആഫീസറന്മാർ.

✻ 629. [2] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പഞ്ചായത്തു് ആഫീസറന്മാരെ നിയമിക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്നത്തേയ്ക്കു് നിയമനം നടക്കും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) പഞ്ചായത്തുകളിൽ ആഫീസറന്മാരെ നിയമിക്കുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) പഞ്ചായത്തുകളുടെ പ്രവർത്തനത്തിനു് ആവശ്യമായ ഉദ്യോഗസ്ഥന്മാരെ സമീപകാലത്തുതന്നെ നിയമിക്കുന്നതാണു്.

പുറമ്പോക്കുകൾ.

✻ 630. [3] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്കുകൾ പഞ്ചായത്തിൻെറ ചുമതലയിൽ വിട്ടുകൊടുക്കുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതേപ്പററി വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്)

(എ) പുറംപോക്കുകൾ പഞ്ചായത്തിൻെറ ചുമതലയിൽ വിട്ടുകൊടുക്കുന്നതിനെക്കുറിച്ചുള്ള ഗവണ്മെൻറിൻെറ ആലോചനയ്ക്കു് തീരുമാനം ചെയ്തിട്ടില്ല. ഉടൻതന്നെ അക്കാര്യം തീരുമാനിക്കുന്നതാണു്.

(ബി) ഇതു സംബന്ധിച്ചു് ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്.

(സി) എ—യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ: പഞ്ചായത്തു നിയമത്തിൽ പുറംപോക്കുകൾ പഞ്ചായത്തിനു വിട്ടുകൊടുത്തിരിക്കുകയാണെന്നു ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: പുറംപോക്കുകൾ മുഴുവൻ വിട്ടുകൊടുത്തിട്ടുള്ളതായി ഗവണ്മെൻറിനു് അറിവില്ല.

ശ്രീ. എൻ. ജി. ചാക്കോ: റവന്യൂ പുറംപോക്കുകൾ മുഴുവൻ പഞ്ചായത്തുകൾക്കു് വിട്ടുകൊടുത്തിരിക്കുന്നതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെയല്ല, വകുപ്പു് 43, 44 അനുസരിച്ചു് ചില ഭാഗങ്ങൾ വിട്ടുകൊടുത്തിട്ടുള്ളതായി വ്യക്തമാകുന്നുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ: പഞ്ചായത്ത് ആക്ററിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ പഞ്ചായത്തിനു വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: സ്വീകരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: ഗവണ്മെൻറ പുറംപോക്കുസ്ഥലങ്ങൾ പഞ്ചായത്തിനു വിട്ടുകൊടുക്കുന്നതു് നല്ലതാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: മുഴുവൻ പുറംപോക്കുകൾ വിട്ടുകൊടുക്കുന്നതിനെപ്പററി ഗൗരവമായി ആലോചിക്കേണ്ടതാണ്. അതിനെപ്പററി ആലോചിക്കുന്നുണ്ട്. എത്രമാത്രം പ്രായോഗികമാക്കാൻ കഴിയുമെന്നുള്ളതിനെപ്പററി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. സീതാരാമൻ: പുറംപോക്കുകൾ പഞ്ചായത്തുകളുടെ കൈവശം കിട്ടണമെങ്കിൽ റവന്യൂനിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതില്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: വിട്ടുകൊടുത്ത സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം അതിൻെറ ആവശ്യമില്ല.

ശ്രീ. പി. ഭാസ്കരൻനായർ: പുറംപോക്കു ഭൂമികൾ പഞ്ചായത്തുകളുടെ കൈവശം ഇരിക്കുകയല്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: സെക്ഷൻ 43-44 എന്നതാണു പുറംപോക്കുകളെ മാത്രമേ സ്പർശിക്കുന്നുള്ളു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പുറംപോക്കുഭൂമി റവന്യൂവിലും പി. ഡബ്ളിയു. ഡി. യിലും ഉണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: പി. ഡബ്ളിയു. ഡി. യുടെ കൈവശമിരിക്കുന്ന സ്ഥലങ്ങളുണ്ടെന്നല്ലാതെ പി. ഡബ്ളിയു. ഡി. പുറംപോക്കുകൾ ഇല്ല.

Prosecution against Pioneer Works.

*631. [4] **Shri T. S. Ramaswami**: Will the Minister for Local Self Government be pleased to state :

(a) whether any prosecution was launched against th Managing Director of Pioneer Works Ltd., for dismissin; workers during the pendency of conciliation ;

(b) the date on which the prosecution was launched;

(c) the number and names of workers who were discharged;

(d) whether the prosecution is still pending or not;

(e) whether any order was passed by the Government on the recommendation of the Labour Commissioner on this matter; and

(f) if so, what order and for what reasons ?

Minister for Local Self—Government (**Shri P. K. Kunju**):

(a) Yes;

(b) About 20th November 1950;

(c) 12; the names are not available;

(d) Yes;

(e) Yes;

(f) The order for withdrawal of prosecution for reasons noted below :—

(i) settlement arrived at between the parties

(ii) application of the employer for the withdrawal of the prosecution

Shri T. S. Ramaswami: May I know whether the dismissed workers were re-employed?

Shri P. K. Kunju: Yes.

Shri T. S. Ramaswami: Was that after the settlement arrived at between the workers and employers involved in the strike?

Shri P. K. Kunju: The settlement was arrived at between the affected workers and the employer.

Shri T. S. Ramaswami: May I know whether it was not a fact that other workers interfered in the matter?

Shri P. K. Kunju: I think it was under the Labour Commissioner's intervention that such a settlement was arrived at.

Shri T. S. Ramaswami: Will the Government be pleased to make a correct assessment of facts instead of depending on unreliable information in this matter?

Shri P. K. Kunju: Government will examine the question if it is proved that the facts were unconvincing.

Overlapping Bus Services.

*632. [6] **Shri T. S. Ramaswami**: Will the Minister for Works and Transport be pleased to state:

(a) whether there is any overlapping of private transport service on the State Transport routes;

(b) if so, the period in which the permits for these were allowed;

(c) the distance covered by these overlapping; and

(d) the names of private compaines allowed to run these routes?

Minister for Works and Transport (**Shri A. Achuthan**):

(a) Yes;

(b) During the period of office of the old Transport Authority and since the constitution of the present Transport Authority Also;

(c) A total distance of about 400 miles of nationalised route is overlapped by private operators;

(d) *List of such bus operators is placed on the table.

Shri T. S. Ramaswami : Will the Government see that such overlapping is avoided?

Shri A. Achuthan : Yes.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഓവർലാപ്പിംഗ് ഉള്ള സ്ഥലങ്ങളു ട്രാൻസ്പോർട്ടു ബസ്സിൽ ടിക്കററ കൊടുക്കാൻപാടില്ലെന്നു ആർഡർ കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഇപ്പോഠം അങ്ങിനെ കൊടുത്തിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : തൊട്ടുവെട്ടി-ത കല റൂട്ടിൽ അങ്ങിനെ ആർഡർ കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ : ചില റൂട്ടുകളിൽ അങ്ങിനെ ആർഡർ പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഓവർലാപ്പിംഗ് ഇല്ലാത്ത സ്ഥലത്തുതന്നെ ചിലയിടത്തു ട്രാൻസ്പോർട്ടുബസ്സിൽ കയറാതെ മററ വണ്ടികളിൽ സഞ്ചരിക്കാമെന്നു അറിയാമോ ?

ശ്രീ. എ. അച്യുതൻ : അങ്ങിനെ ഉണ്ടായിരിക്കാം. സൂക്ഷ്മം അറിഞ്ഞുകൂടാ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഓവർലാപ്പിംഗ് ഉള്ള സ്ഥലങ്ങളു പ്രൈവററ ബസ്സുകളുടേയും ട്രാൻസ്പോർട്ടു ബസ്സുകളുടേയും ചാർജ്ജിൽ വ്യത്യാസമുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഓവർ ലാപ്പിംഗ് ഉള്ളിടത്തു മാത്രമല്ല മററ സ്ഥലങ്ങളും ചാർജ്ജിൽ വ്യത്യാസമുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതിനെ ഏകീകരിക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. എ. അച്യുതൻ : അതിനെപ്പററി ആലോചിക്കാം.

Retreading tyres.

※ 633 [7] **Shri T. S. Ramaswami** : Will the Minister for Works and Transport be pleased to state :

(a) expenses incurred for retreading tyres per annum from the Transport Department for the last three years;

(b) the companies to which these contracts for retreading were given;

(c) rate per tyre;

(d) whether any tender was invited;

(e) whether installation of retreading plant by the Transport Department was considered; and

(f) if not, why not; if so the cause of delay?

---

*Please see Appendix I.

Minister for Works and Transport **(Shri A. Achuthan):**

(a) For 1951-52—Rs. 201,459-7-1;
52-53—Rs. 225,989-9-11;
53-54—Rs. 334,852-0-10.

(b) *Statement showing the names of companies is placed on the table;

(c) †Statement showing the rate for tyre is placed on the table;

(d) Quotations were invited;

(e) Yes.

(f) Government have sanctioned the purchase of a tyre retreading plant and orders have already been placed for the same through the Director General of Supplies and Disposals.

Shri T. S. Ramaswami: May I know the number of companies to which retreading has been ordered?

Shri A. Achuthan. About 16.

House lighting.

✱634. [8] **Shri Prakkulam Bhasi:** Will the Minister for Works and Transport be pleased to state:

(a) whether there was a scheme for house lighting connection for poor house holders on instalment basis; and

(b) whether any action has been taken under that?

Minister for Works and Transport **(Shri A. Achuthan):**

(a) Yes;

(b) Action is being taken to implement the scheme.

ശ്രീ. ടി. കെ. ദിവാകരൻ: ഇതു് റെന്റൽ ബേസിസിലുള്ള സ്കീമാണോ?

ശ്രീ. എ. അച്യുതൻ: ഗവണ്മെന്റിലേയ്ക്കു് അടയ്ക്കേണ്ട പ്രാരംഭനടപടികൾക്കുള്ള ചെലവുകൾ അടയ്ക്കാൻ നിവൃത്തിയില്ലാത്തവരുടെ സൗകര്യത്തിനുവേണ്ടി ഗവണ്മെന്റു സൗജന്യരീതിയിൽ നടത്തുന്നതിനു ഉദ്ദേശിച്ചിട്ടുള്ള ഒരു സ്കീമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ശരിയായ തുക കൊടുത്തിരുന്നാലും തുടർന്നു റെന്റൽ ബേസിസിൽ തുക അടച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: ഈ സ്കീമനുസരിച്ചുള്ള പദ്ധതി നടപ്പിലായിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇതു് എന്നേയ്ക്കു് നടപ്പിൽ വരുമെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: അതു് ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

---

* Please see Appendix II

† Please see Appendix III

ശ്രീ. പ്രാക്കുളം ഭാസി: ആലോചിച്ചുതുടങ്ങിയിട്ട് എത്ര കൊല്ലമായി എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: 1950-ൽ ഈ സ്കീം അംഗീകരിച്ചിട്ടുണ്ട്. പക്ഷെ അതിന്റെ നടപടികൾ പൂർത്തിയായില്ല. അതുകൊണ്ട് നടപ്പിൽ വന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: 1950-ൽ അംഗീകരിച്ച സ്കീം ഇതുവരെ നടപ്പിലാകാത്തതിനുള്ള കാരണം എന്താണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: പ്രത്യേക കാരണങ്ങളൊന്നുമില്ല. നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ എടുക്കണമെന്നു ഗവണ്മെന്റ് ഇപ്പോൾ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ബസ്സ് ലൈൻ.

* 635. [9] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-കൊല്ലം റോഡിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വണ്ടികൾ ഓടുന്ന ലൈനിൽതന്നെ അഞ്ചു മൈലിൽ കൂടുതൽ ഉള്ള ബസ്സ് ലൈനിൽ ഏതെങ്കിലും ബസ്സുടമയ്ക്ക് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്. നാലു ബസ്സ് ഉടമസ്ഥന്മാർക്ക്.

(ബി) പൊതുജനങ്ങളുടെ യാത്രാസൗകര്യാർത്ഥം കോഴിത്തോട്ടം കരിക്കോട്ട് ലൈനിൽമാത്രം ഒരു ബസ്സുകാരന് ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ചതിനുള്ള കൃതജ്ഞതാസൂചകമായി 8 മൈലോളം ഓവർ ലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: എത്ര മൈൽ ഓവർലാപ്പിംഗ് ആകാമെന്നാണ് വച്ചിരിക്കുന്നത്?

ശ്രീ. എ. അച്യുതൻ: നാലുമൈൽ.

ശ്രീ. പ്രാക്കുളം ഭാസി: 8 മൈൽ അനുവദിച്ചത് ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ചതുകൊണ്ടാണോ?

ശ്രീ. എ. അച്യുതൻ: എന്നാണ് രേഖകളിൽ നിന്നും കാണുന്നത്.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഓവർലാപ്പിംഗ് സിസ്റ്റം നിറുത്താൻ ആലോചിക്കുമോ?

ശ്രീ. എ. അച്യുതൻ: അതാണ് ഗവണ്മെന്റിന്റെ നയം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർക്കാർ ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ച ആൾക്ക് ഗവണ്മെന്റുദ്യോഗം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അതൊരു പ്രത്യേകചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. സി. എ. മാത്യു: ഈ 8 മൈൽ ഓവർലാപ്പിംഗ് അനുവദിച്ചതു് എന്നാണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: 16-12-49-ലാണെന്നു തോന്നുന്നു.

ശ്രീ. പി. ഭാസ്കരൻനായർ: ഈ കൃതജ്ഞതാസ്മരണ എത്ര നാൾ കൂടി നീണ്ടുനിൽക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്?

ശ്രീ. എ. അച്യുതൻ: അതിപ്പോൾ പറയാവുന്നതല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർക്കാർ ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിച്ചതു് ബസ്സ് ഉടമസ്ഥനാണോ?

ശ്രീ. എ. അച്യുതൻ: റിക്കാർഡുകളിൽ കണ്ട വിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിനായി ഞാനിവിടെ വെളിപ്പെടുത്തിയിട്ടുണ്ടു്.

റ്റി. ബി. ഹോസ്പിറ്റലുകൾ.

* 636. [10] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റ്റി. ബി. ഹോസ്പിറ്റലുകളിൽ പ്രവേശനം കിട്ടാതെ രോഗികൾ വിഷമിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വെയിറ്റിംഗ്‌ലിസ്റ്റിൽ ഇപ്പോൾ ഓരോ ആശുപത്രിയിലും എത്രപേർ വീതം ഉണ്ടു്;

(സി) രണ്ടുകൊല്ലക്കാലമായിട്ടും വെയിറ്റിംഗ്‌ലിസ്റ്റിൽപ്പെട്ടവർക്കു് പ്രവേശനം ലഭിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) സുഖക്കുറവു് പൂർണ്ണസുഖമാകുന്നതിനുമുമ്പുതന്നെ നാഗർകോവിൽ ആശുപത്രിയിൽനിന്നും രോഗികളെ ഡിസ്‌ചാർജ്ജ് ചെയ്യുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രവേശനം ലഭിക്കുന്നതിനു രോഗികൾ എന്തെങ്കിലും തുകകൾ അടയ്ക്കേണ്ടതുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ആശുപത്രികളിൽ പ്രവേശനം ലഭിക്കാതെ രോഗികൾ വിഷമിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ബി) ടി. ബി. ആശുപത്രി, നാഗർകോവിൽ 1267;
ടി. ബി. സെന്റർ, തിരുവനന്തപുരം 133;
കെ. ബി. സാനിട്ടോറിയം, മുളംകുന്നത്തുകാവു് 709.

(സി) പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ഡി) പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ഇ) പ്രവേശനം ലഭിക്കുന്നതിനു രോഗികൾ തുക അടയ്ക്കേണ്ട ആവശ്യമില്ല.

ശ്രീ. സി. ജി. സദാശിവൻ: (സി)യുടെ ഉത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു സംബന്ധിച്ചു് ഗവണ്മെൻറ് എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ സുഖക്കേടുള്ളവരെ ആസ്പത്രിയിൽ കിടത്തി ചികിത്സിക്കയും അങ്ങിനെ ആസ്പത്രിയിൽ ചികിത്സിച്ചാൽ തന്നെയും സുഖക്കേടു പൂർണ്ണമായി ഭേദമാകുവാൻ സാദ്ധ്യതയില്ലെന്നു ബോദ്ധ്യമാകുന്നതുകൊണ്ടും വളരെക്കാലം ചികിത്സിച്ചതിനുശേഷം സുഖപ്പെടാതിരിക്കുന്നതും ഒരിക്കലും സുഖപ്പെടുകയില്ലെന്നു് ഡാക്ടറന്മാർക്കു ഉത്തമ വിശ്വാസം ഉണ്ടാകുന്നതുമായ രോഗികളെ വീട്ടിൽപ്പോയി ശരിയായ ഡയററും ശുശ്രൂഷകളും നടത്തിയാൽ മതിയെന്നുള്ളതിനെ പരിഗണിച്ചും ഡാക്ടറന്മാരുടെ അക്കാര്യത്തിലുള്ള അഭിപ്രായമനുസരിച്ചും ശരിയെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുമുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: രോഗികൾക്കു് അനുവദിച്ചിട്ടുള്ള ആഹാരങ്ങളും മരുന്നുകളും കൊടുക്കുന്നില്ലെന്നു് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഇല്ലാ.

ശ്രീ. സി. ജി. സദാശിവൻ: മരുന്നുകൾ കൊടുക്കാതെ വാങ്ങിച്ചു എന്നു് ഒപ്പിട്ടുകൊടുക്കണമെന്നു് ഡാക്ടറന്മാർ നിർബന്ധിച്ചതായി മാവേലിക്കരക്കാരൻ തങ്കപ്പൻ എന്നൊരാളുടെ പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ പരാതി ശരിയല്ലാ.

ശ്രീ. എം. വി. ചെറിയാൻ: എൻ. ജി. ഒ. മാർക്കും അവരുടെ കുടുംബങ്ങൾക്കും സൗജന്യമായ വൈദ്യസഹായം ഈ ടി. ബി. ആസ്പത്രികളിൽ കിട്ടിവരുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അവിടെ പ്രവേശിക്കുന്ന രോഗികൾക്കെല്ലാം സൗജന്യങ്ങൾ കൊടുത്തുവരുന്നുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: എൻ. ജി. ഒ. മാരായ രോഗികൾ പുറത്തുനിന്നും മരുന്നു വിലയ്ക്കു വാങ്ങിച്ചിട്ടുള്ളതിനു് അതിന്റെ വില ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടില്ല എന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങിനെ പരാതികൾ ലഭിച്ചതായി എന്റെ കൈവശമുള്ള ഫയലുകളിൽനിന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പു്: 1267-ാമത്തെ ആളിനു് അവിടെ പ്രവേശനം കിട്ടാൻ എത്രനാൾ വേണം?

ശ്രീ. പി. കെ. കുഞ്ഞു്: ഇപ്പോൾ അവിടെയുള്ള രോഗികൾ പുറത്തു പോയതിനുശേഷം അവരുടെ ക്രമമനുസരിച്ചുള്ള കാലദീർഘം വേണ്ടിവരും.

ശ്രീ. എൻ. നാരായണക്കുറുപ്പു്: അതിനു് എത്ര കാലം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: കണക്കുകൂട്ടി നോക്കുകയാണെങ്കിൽ അതറിയാൻ സാധിക്കും.

ശ്രീ എൻ. നാരായണക്കുറുപ്പ്: അവിടെ എത്ര രോഗികൾക്കു കിടക്കാനുള്ള സൗകര്യമുണ്ടെന്നു പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞു്: ഇരുന്നൂറപേക്ഷക്കാണെന്നാണെന്റെ ഓർമ്മ.

ശ്രീ. ടി. കെ. ദിവാകരൻ: ചില അടിയന്തിരസന്ദർഭങ്ങളിൽ ഈ ക്രമം തെറ്റിക്കാറുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: തെറ്റിക്കരുതെന്നാണ് ഗവണ്മെന്റിന്റെ നിർദ്ദേശം.

ശ്രീ. സി. ജി. സദാശിവൻ: തിരുവനന്തപുരം സിററിയിൽ ഉള്ളവരെ ചികിത്സിക്കാൻ പ്രത്യേകമായി വല്ല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: അറിവില്ല.

ശ്രീ. ടി. പി. സീതാരാമൻ: ഈ സുഖക്കേടു ബാധിച്ചിട്ടുള്ള ഇത്ര അധികം രോഗികൾ ഈ സംസ്ഥാനത്തുള്ള സ്ഥിതിക്ക് കൂടുതൽ ആസ്പത്രികൾ സ്ഥാപിക്കാൻ ഗവണ്മെന്റാലോചിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു്: അക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

മലമ്പനി നിവാരണ യൂണിററുകൾ.

* 637. [11] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) സംസ്ഥാനത്ത് എത്ര മലമ്പനി നിവാരണയൂണിററുകൾ പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) വനങ്ങൾ സമീപമുള്ള കുളത്തൂപ്പുഴയിൽ ഒരു മലമ്പനി ഡിസ്പെൻസറി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഒരു മലമ്പനി നിവാരണ യൂണിററുണ്ട്.

(ബി) ഒരു യൂണിററിനെ 13 ഉപയൂണിററുകളായി തരംതിരിച്ചു താഴെ പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തനം നടത്തുന്നു.

1. കുലശേഖരം, 2. വണ്ടന്നൂർ, 3. നെയ്യാററിൻകര, 4. വിതുര, 5. പുനലൂർ, 6. പത്തനംതിട്ട, 7. പീരുമേട്, 8. നേരിയമംഗലം, 9. ചെംകുളം, 10. നന്ദിയോട്, 11. നെല്ലിയാമ്പതി, 12. വട്ടിക്കാട്, 13. വടക്കാഞ്ചേരി.

(സി) ഇതിനെപ്പററി ആലോചിക്കുന്നതാണ്. അവിടെ ഒരു ഡിസ്പെൻസറിയുടെ ആവശ്യമുണ്ടെന്നു ഗവണ്മെൻറ കരുതുന്നു.

ശ്രീ. പി. ഗോപാലൻ: പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെന്റിൽ നിന്നും മലമ്പനിരോഗനിവാരണത്തിനായി എന്തു നടപടികഠം നടത്തുന്നുണ്ടു്?

ശ്രീ. പി. കെ. കുഞ്ഞു്: ഡി. ഡി. ടി. സൗജന്യമായി വിതരണം നടത്തുന്നുണ്ടു്. ജില്ലകളിലും വനങ്ങളിലും ഡാക്ടറന്മാർ ഔഷധങ്ങളും മററും ഉഠംനാടുകളിൽ കൊണ്ടുപോയി നൽകുന്നുണ്ടു്. ആ വിധത്തിലുള്ള എല്ലാ ചികിത്സാസമ്പ്രദായങ്ങളും ചെയ്തുവരുന്നുണ്ടു്.

ശ്രീ. പി. ഗോപാലൻ: ഹിൽ ട്രൈബ്സിന്റെ ഇടയിൽ മലമ്പനയുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അവരുടെയിടയിൽ മലമ്പനിയുണ്ടെന്നറിയാം.

മിഡ്‌വൈഫറി കേന്ദ്രങ്ങഠം.

* 638. [12] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങഠംക്കു് പൊതുജനാരോഗ്യകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് എത്ര മിഡ്‌വൈഫറി കേന്ദ്രങ്ങഠം പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) കൂടുതലായി എത്ര കേന്ദ്രങ്ങഠം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 238.

(ബി) ഈ ബഡ്ജററ് വർഷത്തിൽ പുതിയതായി 20 കേന്ദ്രങ്ങഠം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

റേഡിയോ സെററുകഠം.

* 639. [13] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകഠംക്കു റേഡിയോ സെററുകഠം വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഈ ബഡ്ജററ വർഷത്തിൽ റേഡിയോ സെററുകഠം വിതരണം ചെയ്യുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) പഞ്ചായത്തുകഠംക്കു് റേഡിയോ സെററുകഠം വിതരണം ചെയ്തിട്ടുണ്ടു്.

(ബി) 124 സ്ഥലങ്ങളിൽ. † ലിസ്ററ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

---

† Please See Appendix IV.

(സി) ഈ വർഷത്തിൽ റേഡിയോ സെററുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: എത്ര പഞ്ചായത്തുകൾക്കാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞു്: ഇത്ര പഞ്ചായത്തുകൾക്ക വിതരണം ചെയ്യുമെന്നുദ്ദേശിച്ചിട്ടില്ല. ഈ വർഷത്തിൽ കുറെ സെററുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: അപേക്ഷകളുടെ പ്രയാറിററി അനുസരിച്ചാണോ കൊടുക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞു്: അപേക്ഷ അനുസരിച്ചും, ആവശ്യത്തെ പരിഗണിച്ചും, പ്രയാറിററി നോക്കിയും കൊടുക്കുന്നതാണ്. പലതും പരിഗണിക്കുന്നതാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇതേ സംബന്ധിച്ച തീരുമാനങ്ങൾ വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: തീരുമാനമൊന്നും ചെയ്തിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ റേഡിയോ സെററുകൾ വിതരണം ചെയ്യുന്നതു് എന്തു മാനദണ്ഡം വച്ചാണ്?

ശ്രീ. പി. കെ. കുഞ്ഞു്: റേഡിയോ സെററുകൾ കൊടുക്കുമ്പോഴാണ് മാനദണ്ഡം എന്തായിരിക്കണമെന്ന് ആലോചിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ റേഡിയോ സെററുകൾ സൗജന്യമായി കൊടുക്കുകയാണോ?

ശ്രീ. പി. കെ. കുഞ്ഞു്: അതേ. അങ്ങിനെയാണ് ഇതു വരെ സ്വീകരിച്ചിട്ടുള്ള നയം.

ശ്രീ. ടി. കെ. ദിവാകരൻ: റൂറൽ ഡവലപ്പ്മെൻറ പദ്ധതി അനുസരിച്ച് കേന്ദ്രഗവണ്മെൻറിൽ നിന്നും വല്ല ധനസഹായവും ലഭിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ട്.

ശ്രീ. എം. എ. ആൻറണി: ഈ കൊടുത്തിട്ടുള്ള റേഡിയോ സെററുകൾ ഉപയോഗശൂന്യമായിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അറിവില്ല.

അടൂർ സെക്ഷൻ ആഫീസ്.

* 640. [15] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ സെക്ഷൻ ആഫീസിലെ പകൽക്കൊള്ളയെന്ന പേരിൽ 1954 മേയ്മാസം 13-ാംതീയതിയിലെ, "ജനയുഗ"ത്തിൽ വന്ന വാർത്ത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനെപ്പററി ഇനിയുമെങ്കിലും അന്വേഷിച്ചു വേണ്ട നടപടികഠം സ്വീകരിക്കുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല. അന്വേഷണത്തിൽ പരാതിയിൽ പറയുന്ന സംഗതികഠം ശരിയാണെന്നു അറിഞ്ഞിട്ടില്ല. കൊല്ലം എക്സിക്യൂട്ടീവു് എഞ്ചിനീയർ സ്ഥലത്തുപോയി എൻ. എം. ആർ. വക്കേഴ്സിനെ ഓരോരുത്തരേയും കണ്ടു ചോദിച്ചു എന്നാണു് രേഖകഠം കൊണ്ടു കാണുന്നതു്.

ശ്രീ. കട്ടപ്പൻ കേറയിക്കൽ: ആ പത്രത്തിൽ എഴുതിയ ആളിനെ കണ്ടു ചോദിക്കുകയോ ആ സ്ഥലവാസികളെ കണ്ടു ചോദിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ആ സംഭവത്തെക്കുറിച്ചു് എൻ. എം. ആർ. വക്കേഴ്സിനെ കണ്ടു ചോദിച്ചു് അവരുടെ മൊഴി എടുത്തിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള: അവിടെ നടക്കുന്ന അഴിമതിയെപ്പററി തെളിവു ഹാജരാക്കിയാൽ ഗവണ്മെൻറു വിശ്വസിക്കുമോ?

ശ്രീ. എ. അച്യുതൻ: അതാലോചിക്കാം.

പൊതുമരാമത്തു ജോലികഠം.

* 641. [16] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ – കൊച്ചി 1953–54 ബഡ്ജററിൽ പൊതുമരാമത്തുവകുപ്പു് വകയിരുത്തിയിരുന്ന മുഴുവൻ തുകയും, മുഴുവൻ ജോലികളും നടത്തി തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു്;

(ബി) നെടുമങ്ങാട്ടു താലൂക്കിലേയ്ക്കു് പൊതുമരാമത്തു വകുപ്പു് ആകെ പ്രസ്തുത വർഷം ബഡ്ജററിൽ എത്ര രൂപ വകയിരുത്തിയിരുന്നു; അവയിൽ എത്രകണ്ടു് ജോലി ചെയ്തുതീർത്തു;

(സി) 1953–54 ബഡ്ജററിൽ നെടുമങ്ങാട്ടുതാലൂക്കിൽ പുതിയ റോഡുകഠംക്കു വേണ്ടി ബഡ്ജററിൽ തുക കൊള്ളിച്ചിരുന്ന ഏതെങ്കിലും ജോലി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) 1953–54 സാമ്പത്തികവർഷം ഭരണം നടത്തിയ മന്ത്രിമാരുടെ നിയോജകമണ്ഡലങ്ങളിൽ ബഡ്ജററു് പ്രൊവിഷൻ ഉള്ള എത്ര ജോലികഠം ഇതുപോലെ ചെയ്തു തീർക്കാതെയുണ്ടു്; ഓരോന്നിൻേറയും തുകയും എന്താണു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) മിക്കവാറും തീർത്തിട്ടുണ്ട്. സാങ്കേതികമായ തടസ്സങ്ങളും നിമിത്തം ചില ജോലികളും മുഴുവനും ചെയ്തു തീർക്കാൻ സാധിച്ചിട്ടില്ല.

(ബി) ബഡ്ജററ തുക 1,69,300 രൂപാ, ചെലവ് 1,30,504 രൂപ.

(സി) എസ്റ്റിമേറ്റ് ഉണ്ടായിരുന്നതിൽ ഒന്നു കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചു. ഇതുവരെ പൂർത്തിയായിട്ടില്ല. ഇതുവരെ 2908 രൂപ പ്രസ്തുത ജോലിക്ക് ചെലവായി.

(ഡി) *വിവരങ്ങളും അടങ്ങിയ ലിസ്ററ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: 1953–54-ൽ നെടുമങ്ങാടു താലൂക്കിൽ പൊതുമരാമത്തു വകുപ്പു ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക ചെലവാക്കാതെ അതേ അവസരത്തിൽ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ച് ആ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക മുഴുവനും ചെലവായിട്ടുണ്ടെന്നാണ് കാണുന്നതു്. അതു് എന്താണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഈ ബഡ്ജററിൽ ആവശ്യമുള്ള തുക കൊള്ളിച്ചിട്ടുണ്ട്. മുൻ വർഷത്തെ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക ചെലവാക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ചെലവാക്കിയതായി റിവൈസ്ഡ് എസ്റ്റിമേററിൽ കാണിച്ചിട്ടുണ്ട്. പക്ഷേ, അവിടെ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. എ. അച്യുതൻ: എൻെറ കൈവശമുള്ള രേഖകൾകൊണ്ട് അങ്ങനെയാണു കാണുന്നതു്. അതേ പറയാൻ ഒക്കുകയുള്ളു.

സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറാവശ്യത്തിനുള്ള റബ്ബർ.

*642. [17] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന് ഒരു കൊല്ലത്തെ ആവശ്യത്തിന് എന്തുമാത്രം റബ്ബർ സാധനങ്ങൾ ആവശ്യമായി വരുന്നുണ്ട്;

(ബി) ഇവയിൽ തിരുവനന്തപുരം റബ്ബർ ഫാക്ടറിയിൽനിന്നു് എന്തുമാത്രം റബ്ബർ സാധനങ്ങൾ വാങ്ങുന്നുണ്ട്; ബാക്കി സാധനങ്ങൾ വാങ്ങിക്കുന്നതു് ഏതേതു സ്ഥലങ്ങളിൽ നിന്നാണെന്നു് വ്യക്തമാക്കാമോ?

*Please see Appendix V

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 17 ലക്ഷം രൂപാ വിലവരുന്ന റബ്ബർ സാധനങ്ങൾ ആവശ്യമായി വരുന്നുണ്ട്.

(ബി) 68,668 രൂ. 10 ണ. 9 സ. വിലയുള്ള റബ്ബർ സാധനങ്ങൾ തിരുവനന്തപുരം റബ്ബർ ഫാക്ടറിയിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാങ്ങി. ബാക്കി സാധനങ്ങൾ ഏററവും വിലകുറവുള്ള മററു കമ്പനികളിൽനിന്നും വാങ്ങുന്നുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: നമ്മുടെ ആവശ്യങ്ങൾക്ക് മതിയായ റബ്ബർ സാധനങ്ങൾ ഇവിടെ ഉണ്ടാക്കുന്നില്ലേ?

ശ്രീ. എ. അച്യുതൻ: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലേയ്ക്കാവശ്യമായ ടയറും ട്യൂബും ഇവിടെ ഉണ്ടാക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇവിടത്തേയ്ക്കു് ആവശ്യമായ ടയറും ട്യൂബും ഉണ്ടാക്കുന്നതിനു് ഇനി വല്ല നടപടി നടത്തുമോ?

ശ്രീ. എ. അച്യുതൻ: അതിലേയ്ക്കു് വേണ്ട നടപടി എടുക്കേണ്ടതു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ജോലിയല്ല. അതു് ഗവണ്മെന്റിന്റെ ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ ടയറും ട്യൂബും വാങ്ങിക്കുന്നതു സംബന്ധിച്ചു് ഇന്ന കമ്പനിയിൽനിന്നും ഇത്ര കാലത്തേയ്ക്കു വാങ്ങിക്കാം എന്നു വ്യവസ്ഥ വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഒന്നുമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ ടയറും ട്യൂബും വാങ്ങിക്കുന്ന കമ്പനികളുടെ പേരെന്താണു്?

ശ്രീ. എ. അച്യുതൻ: (1) ഡൺലപ്പ് ടയർ കമ്പനി ലിമിറ്റഡ്, ഇൻഡ്യാ.

(2) ഫയർ സ്റ്റോൺ റബ്ബർ കമ്പനി, ഇൻഡ്യാ.

(3) ഇൻഡ്യാ ടയർ ആൻഡ് റബ്ബർ കമ്പനി ആഫ് ഇൻഡ്യാ.

(4) ഗുഡ് ഇയർ ടയർ കമ്പനി ആഫ് ഇൻഡ്യാ.

മുനിസിപ്പൽ തൊഴിലാളികളുടെ മിനിമം വേജ്.

※ 643. [18] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി മുനിസിപ്പൽ തൊഴിലാളികളുടെ മിനിമം വേജ് നിശ്ചയിക്കുന്നതിനുവേണ്ടി നിയുക്തമായ കമ്മിററി ഗവണ്മെന്റിനു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ റിപ്പോർട്ടിന്മേൽ ഗവണ്മെന്റ് എന്തു നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) അതിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു് ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്കു് നടപ്പിൽ വരുത്തും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ആ റിപ്പോർട്ടിനെക്കുറിച്ചും മുനിസിപ്പൽ കൗൺസിലുകളുടെ റിപ്പോർട്ടിനെക്കുറിച്ചും ഗവണ്മെന്റ് ചർച്ച ചെയ്യുകയുണ്ടായി. കൂടുതൽ ചർച്ചയ്ക്കായി വച്ചിരിക്കുകയാണ്.

(സി) കാലതാമസം കൂടാതെ ഈ കാര്യം തീരുമാനിക്കുന്നതിന് ഗവണ്മെന്റ് നിശ്ചയിച്ചിരിക്കുകയാണ്.

ശ്രീ. ആർ. പ്രകാശം: ആലോചിച്ചു ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ സ്വഭാവം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞ്: മിനിമം വേജസിനെ സംബന്ധിച്ചിടത്തോളം കമ്മിററി റിപ്പോർട്ടു വന്നിട്ടുണ്ട്, മുനിസിപ്പൽ കൗൺസിലുകളുടെയും മററും റിപ്പോർട്ടുകളും വന്നിട്ടുണ്ട്. ഇവയെല്ലാംകൂടി പര്യാലോചിച്ചിട്ടുവേണം എന്താണ് ചെയ്യേണ്ടതെന്നു തീരുമാനിക്കേണ്ടത്.

ശ്രീ. ആർ. പ്രകാശം: മുനിസിപ്പാലിററികളുടെ അഭിപ്രായം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: വിവിധങ്ങളായ അഭിപ്രായങ്ങളാണ് മുനിസിപ്പാലിററികളിൽ നിന്നും കിട്ടിയിട്ടുള്ളത്.

ശ്രീ. ആർ. പ്രകാശം: മിനിമംവേജസിനെ സംബന്ധിച്ചിടത്തോളം ആററിങ്ങൽ മുനിസിപ്പാലിററിക്ക് സമ്മതമാണെന്നും, അതനുസരിച്ച് ഗവണ്മെന്റിൽ നിന്നും ഒരു ഗ്രാന്റുകൂടി തരേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: എല്ലാം മുനിസിപ്പാലിററികളുടെയും അഭിപ്രായം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ക്ഷണിച്ചിരിക്കുകയാണ്. അതനുസരിച്ചു പല മുനിസിപ്പാലിററികളിൽ നിന്നും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ആററിങ്ങൽ മുനിസിപ്പാലിററിയുടെ അഭിപ്രായം എന്താണെന്ന് പ്രത്യേകം നോട്ടീസില്ലാതെ പറയാൻ സാധിക്കുകയില്ല.

Anglo-Indians in Municipalities.

*644. [19] **Shri A. A. D. Luiz**: Will the Minister for Local Self-Government be pleased to state:

(*a*) whether there are any Anglo-Indians in the services of the Municipalities of the State and the Corporation of Trivandrum; and

(*b*) their grade and pay?

Minister for Local Self Government (**Shri P. K. Kunju**): (*a*) and (*b*) Yes, there are two, both employed by the Ernakulam Municipality; one on Rs. 30-45 and the other on Rs. 25-40.

Shri A. A. D. Luiz: May I know whether Government are aware of the number of applications rejected by the Local Self-Government Institutions?

ശ്രീ. പി. കെ. കുഞ്ഞ്: ഗവണ്മെന്റ് അതിനെപ്പററി ആലോചിക്കാം.

Anglo-Indians in the Peringalkuthu and other projects.

*645. [20] **Shri A. A. D. Luiz**: Will the Minister for Works and Transport be pleased to state whether there are any Anglo-Indians employed in the Peringalkuthu, Peechi, Vazhani, Shenkulam and other projects now being developed in this State?

Minister for Works and Transport (**Shri A. Achuthan**): There are no Anglo-Indians amongst the regular services personnel employed on the projects, but an Anglo-Indian is employed in the work establishment as Work-shops Foreman in the Peringalkuthu Project.

Shri A. A. D. Luiz: May I know whether there is any particular reason why Anglo-Indians are conspicuously absent in the services?

Shri P. K. Kunju: It is difficult to answer that question now.

ശ്രീ. എം. പി. മേനോൻ: ഈ പദ്ധതി പ്രവർത്തനം നടക്കുന്ന സ്ഥലങ്ങളുടെ സമീപപ്രദേശങ്ങളിൽ ആംഗ്ലോ ഇൻഡ്യൻസ് താമസിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ഞാൻ അതേപ്പറ്റി അന്വേഷിച്ചിട്ടില്ല.

പെൻഷൻ.

*646. [21] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിൽ വരുത്താൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ നടപ്പിൽ വരുത്തും;

(സി) പെൻഷൻപദ്ധതി നടപ്പിൽ വരുത്തുമ്പോൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളി യൂണിയൻ ഉന്നയിച്ചിട്ടുള്ള രക്ഷാവ്യവസ്ഥകൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ ഗവണ്മെന്റ് സന്നദ്ധമാകുമോ?

മി. സ്പീക്കർ: ചോദ്യം 21-ന്റെ എ, ബി പിരിവുകൾക്ക് ഉത്തരം പറഞ്ഞിട്ടുള്ളതുകൊണ്ട് (സി) പിരിവിന് ഉത്തരം പറഞ്ഞാൽ മതിയാകും.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(സി) പെൻഷൻപദ്ധതിയിൽ ചോദിച്ചിരിക്കുന്ന രക്ഷാവ്യവസ്ഥകളോട് യോജിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: രക്ഷാവ്യവസ്ഥകൾ എന്തെല്ലാമാണുള്ളതെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: രക്ഷാവ്യവസ്ഥകൾ തൊഴിലാളികൾക്ക് ബോണസ്സു വേണം, അവരുടെ ക്വാളിഫൈയിംഗ് സർവ്വീസ് 15 കൊല്ലവും 18 കൊല്ലവും ആക്കണം എന്നെല്ലാമാണ്. ഇതുപോലെയുള്ള വ്യവസ്ഥകളും പെൻഷൻപദ്ധതിയുംകൂടി ഒരുമിച്ച് അംഗീകരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, പട്ടാളത്തിൽതന്നെയും പതിനെട്ടു കൊല്ലം സർവ്വീസു ചെയ്തിരുന്നാൽ മതിയെന്ന വ്യവസ്ഥയല്ലേ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ ചോയിക്കൽ: ഇന്നത്തെ പെൻഷൻ പദ്ധതി പുനഃപരിശോധന ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: പെൻഷൻപദ്ധതിയെ സംബന്ധിച്ച് ഇൻഡസ്ട്രിയൽ വർക്കേഴ്സിന്റെ രീതിയിൽ പരിഗണിക്കാൻ തയ്യാറാണ്. അതിൽകവിഞ്ഞ് ഒരു പരിഗണനയും നൽകാൻ നിവൃത്തിയില്ല.

മി. സ്പീക്കർ: 22-ാമത്തെ ചോദ്യത്തിനു മുൻപു ഉത്തരം നൽകിയിട്ടുള്ളതിനാൽ അടുത്ത ചോദ്യം ചോദിക്കാം.

ട്രാൻസ്പോർട്ട് യൂണിയൻ.

* 647. [23] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് ട്രാൻസ്പോർട്ടു യൂണിയന്റെ നിയമാവലിയിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ രജിസ്റ്റർചെയ്തു കൊടുക്കരുതെന്നു ഗവൺമെന്റിൽനിന്നും ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ടു സർവ്വീസ്.

* 648. [24] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ടിന്റെ ഒരു ഡിസ്ട്രിക്ട് സ്ഥാപിച്ച് ചെങ്ങന്നൂർ-കായംകുളം, ചെങ്ങന്നൂർ-പത്തനംതിട്ട, ചെങ്ങന്നൂർ-റാന്നി, ചെങ്ങന്നൂർ-എരുമേലി മുതലായ സ്ഥലങ്ങളിലേക്ക് ട്രാൻസ്പോർട്ട് സർവ്വീസ് ആരംഭിക്കുന്നതിനു ഗവൺമെന്റ ശ്രദ്ധിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെങ്കിലും റിപ്പോർട്ടുകൾ ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(സി) ഈ സർവ്വീസുകൾ ആരംഭിച്ചാൽ ഗവൺമെന്റിന് ഗണ്യമായ ആദായം ഉണ്ടാക്കാൻ കഴിയുകയില്ലേ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ആലോചിക്കാം.

(ബി) ഇല്ല.

(സി) ഈ നിർദ്ദേശങ്ങളുടെ സാമ്പത്തികമായ വശങ്ങളെപ്പറ്റി പര്യാലോചിക്കാൻ ഇതുവരെ സന്ദർഭം കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നാട്ടുകാരുടെ അപേക്ഷകൾ ഈ കാര്യം സംബന്ധിച്ച് ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. ഏ. അച്യുതൻ: നാട്ടുകാരിൽനിന്നും ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നിവേദനങ്ങൾ ലഭിച്ചിട്ട് എത്ര കൊല്ലമായെന്നു പറയാമോ?

ശ്രീ. ഏ. അച്യുതൻ: അതു പല അവസരങ്ങളിലായിട്ടാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നിവേദനങ്ങൾ ലഭിച്ചിട്ടും അതിലേക്ക വേണ്ട നടപടി നടത്തുന്നതിന് ഇത്ര കാലതാമസം നേരിടുന്നതെന്താണ്?

ശ്രീ. ഏ. അച്യുതൻ: അതിനു മറുപടി പറഞ്ഞുകഴിഞ്ഞു, അതിനെപ്പററി ആലോചിക്കാനുള്ള സാവകാശം കിട്ടിയില്ല.

കൃഷിനാശം തടയാൻ പദ്ധതി.

* 649. [26] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ, പോരുവഴി, പടിഞ്ഞാറെകല്ലട പകുതികളിൽ കല്ലടയാററിന്റെ വടക്കേകരയോടു തൊട്ട് എത്രായിരം ഏക്കർ ഒരുപ്പൂ നിലങ്ങളുണ്ടെന്നു ദയവുചെയ്തു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒരുപ്പൂ നിലങ്ങളിലെ നെൽകൃഷി ആണ്ടുതോറുമുള്ള വെള്ളപ്പൊക്കംമൂലം ആണ്ടുതോറും നശിക്കുന്നതായി കൃഷിക്കാരിൽ നിന്നും ഗവണ്മെന്റിലേയ്ക്കു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ആ പകുതികളിലെ ഒരുപ്പുകൃഷിക്കാരെ സംരക്ഷിക്കുന്നതിനു ഗവണ്മെന്റ് എന്തെങ്കിലും നികുതിയിളവോ, ധനസഹായമോ നൽകിയിട്ടുണ്ടോ;

(ഡി) ടി പകുതികളിലെ നെൽകൃഷി സംരക്ഷിക്കുന്നതിനും, ഒരുപ്പുകൃഷി ഇരുപ്പൂവാക്കുന്നതിനും വേണ്ടി ആററിന്റെ *വടക്കേക്കരയിൽ ബണ്ടുകെട്ടി വെള്ളപ്പൊക്കം തടയുന്നതിനും, പമ്പുകളുപയോഗിച്ചു പാടത്തുവന്നുചേരുന്ന പെയ്ത്തുനീരു ആററിലേയ്ക്കു് ഇറക്കുന്നതിനും വേണ്ട ഒരു പദ്ധതി നാഷണൽ എക്സ്റ്റൻഷൻ സ്കീമിൽ ഉൾപ്പെടുത്തുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) 1157 ഏക്കർ 82 സെന്റ ഒരുപ്പൂ നിലങ്ങളുണ്ട്.

(ബി) വെള്ളപ്പൊക്കംമൂലം ആണ്ടുതോറും കൃഷി നശിക്കുന്നതായി പരാതികൾ ലഭിച്ചിട്ടില്ല.

(സി) അടുത്തകാലത്തു് നികുതിയിളവോ, ധനസഹായമോ നൽകിയിട്ടില്ല.

(ഡി) ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആണ്ടുതോറും ഇങ്ങനെ കൃഷിനാശം ഉണ്ടാകാറുണ്ടെന്നതു നടക്കുന്നുണ്ടെങ്കിലും രക്ഷാവ്യവസ്ഥകൾ ഇതിനകം ഗവൺമെന്റ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: രക്ഷാവ്യവസ്ഥകൾ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഒരുലക്ഷത്തി ഇരുപതിനായിരത്തിൽ പരം രൂപ ചെലവാക്കി പടിഞ്ഞാറെക്കല്ലട ഒരു ബണ്ട് പൂർത്തിയാക്കിയിട്ടില്ലേ?

ശ്രീ. എ. അച്ചുതൻ: ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അതിനുശേഷം എത്ര പ്രാവശ്യം കൃഷിനാശം ഉണ്ടായെന്നു അറിയാമോ?

ശ്രീ. എ. അച്ചുതൻ: നോട്ടീസുവേണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: മുൻകാലങ്ങളിൽ അവിടത്തെ കൃഷിക്കാർക്ക് കൃഷിനാശം സംബന്ധിച്ച് കരമിളവുചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: ഉണ്ടെന്നാണ തോന്നുന്നത്.

യാചകപ്രശ്നം.

* 650. [27] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തു എത്ര Beggar Relief Settlement ഉണ്ട്; അവയുടെ ഭരണഭാരം ആരാണ് നടത്തുന്നതു്; അവയ്ക്കു വേണ്ടിവരുന്ന ചെലവെന്തു്; ഈ സ്ഥാപനങ്ങളെക്കൊണ്ട് ഈ യാചകപ്രശ്നം എത്രത്തോളം പരിഹരിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ പ്രശ്നത്തിന്റെ പൂർണ്ണപരിഹാരത്തിനുവേണ്ടി ഇവയുടെ ഭരണം മുനസിപ്പാലിറ്റിക്കും ഗവൺമെന്റിനും പ്രാതിനിധ്യമുള്ള ഒരു സമിതിയിലേയ്ക്കു് വിട്ടുകിട്ടണമെന്ന് മുനിസിപ്പാലിറ്റികൾ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പേരിൽ ഗവൺമെന്റിന്റെ നയമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) സംസ്ഥാനത്തു് മൂന്നു യാചകകേന്ദ്രങ്ങളുണ്ട്. (പൊന്നുരുന്നി, പള്ളുരുത്തി, രാമവർമ്മപുരം) ഇവ ഹെൽത്തു ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ നടക്കുന്നു. 1953-54-ൽ ചെലവ് 98978 രൂപയാണ്. പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല.

(ബി) ആവശ്യപ്പെട്ടിട്ടുള്ളതായി അറിവുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ നയം ഉടനെ തീരുമാനിക്കുന്നതാണ്.

കറൻറ കട്ടിംഗ്.

* 651. [28] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ച്, ഏപ്രിൽ, മെയ് ഈ മാസങ്ങളിൽ എത്ര പ്രാവശ്യം കറൻറ കട്ട് (Current cut) ഉണ്ടായിട്ടുണ്ട്;

(ബി) കാരണമെന്താണ്;

(സി) കറൻറ് കട്ടുമൂലം കൃഷിനാശം വന്നിട്ടുണ്ടോ;

(ഡി) കറൻറ് കട്ട് നടപ്പിൽ വരുത്തുന്ന ഘട്ടങ്ങളിൽ വ്യവസായികൾക്കും, കൃഷിക്കാർക്കും മുന്നറിയിപ്പു നൽകാറുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ എ. അച്യുതൻ):

(എ) രണ്ടുപ്രാവശ്യം.

(ബി) പള്ളിവാസലിൽ ജലദൌർല്ലഭ്യം അനുഭവപ്പെട്ടതുകൊണ്ടും ശെങ്കുളം പ്ലാൻറ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിന് പ്രാരംഭമായ ജോലികൾ ചെയ്യുന്നതിലേയ്ക്ക് പള്ളിവാസൽ സ്റ്റേഷനിലെ വെള്ളത്തിൻെറ ഗതി മാറേണ്ടിയിരുന്നതുകൊണ്ടും പവ്വർ കട്ട് ആവശ്യമായിരുന്നു.

(സി) കറൻറ കട്ടുമൂലം കൃഷിനാശം വന്നതായി ഗവണ്മെൻറിന് അറിവില്ല.

(ഡി) പ്രധാന ഉപഭോക്താക്കൾക്ക് കഴിയുന്നിടത്തോളം മുന്നറിയിപ്പു നൽകാറുണ്ട്.

ശ്രീ. കെ. പി. ഹാർമിസ്: കൃഷിനാശം കറൻറ കട്ടുകൊണ്ട് ഉണ്ടായിട്ടുണ്ടെന്നു കാണിച്ച് പരാതികൾ ലഭിച്ചിട്ടില്ലേ?

ശ്രീ. എ. അച്യുതൻ: പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ വാസ്തവത്തിൽ കൃഷിനാശം ഉണ്ടായിട്ടില്ലെന്നാണറിവ്.

ശ്രീ. ടി. ഒ. ബാവാ: കറൻറ് കട്ടുമൂലം മേലാൽ കൃഷിനാശം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. എ. അച്യുതൻ: ആലോചിക്കാം.

പട്ടികജാതി വിദ്യാർത്ഥികൾ.

* 652. [29] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1953-54 വിദ്യാഭ്യാസവർഷത്തിൽ വിവിധ കാളേജുകളിലായി പട്ടികജാതിവിദ്യാർത്ഥികൾ ഇൻറർ, ബി. എ., ബി. എസ്‌സി. എന്നീ ക്ലാസ്സുകളിൽ എത്രവീതം പഠിച്ചിരുന്നു;

(ബി) ഈ ക്ലാസ്സുകളിൽ പഠിച്ചിരുന്ന മററു പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ എണ്ണം എത്രവീതം;

(സി) കാളേജുകളിൽ ഹരിജൻവിദ്യാർത്ഥികളുടെ എണ്ണം ക്ലിപ്തപ്പെടുത്തുകൊണ്ടു കല്പനയായതു കാരണം ആവശ്യക്കാരായ മുഴുവൻ വിദ്യാർത്ഥികൾക്കും കാളേജിൽ ചേരാൻ സാധിക്കാത്തതിനെ സംബന്ധിച്ചു വല്ല നിവേദനവും ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു;

(ഇ) പട്ടികജാതി വിദ്യാർത്ഥി ഫെഡറേഷനിൽനിന്നു ഇക്കാലത്തു എന്തെങ്കിലും നിവേദനം ലഭിക്കയുണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഇൻറർമീഡിയററു ക്ലാസ്സുകളിൽ 486-ം, ബി. എ. ക്ലാസ്സുകളിൽ 103-ം, ബി. എസ്‌സി. ക്ലാസ്സുകളിൽ 29-ം പട്ടിക ജാതി വിദ്യാർത്ഥികൾ പഠിച്ചുവരുന്നു.

(ബി) ഇൻറർമീഡിയററു ക്ലാസ്സുകളിൽ 843-ം, ബി. എ. ക്ലാസ്സുകളിൽ 138-ം, ബി. എസ്‌സി. ക്ലാസ്സുകളിൽ 44-ം മററു പിന്നാക്കസമുദായവിദ്യാർത്ഥികൾ പഠിച്ചുവരുന്നു.

(സി) ഉണ്ടു്.

(ഡി) കാളേജുകളിൽ പ്രവേശനം ലഭിച്ചിട്ടുള്ള എല്ലാ ഹരിജൻ വിദ്യാർത്ഥികൾക്കും സൗജന്യം അനുവദിച്ചിട്ടുണ്ടു്.

(ഇ) ഉണ്ടു്.

(എഫ്) ഗവണ്മെൻറു വേണ്ട അന്വേഷണം നടത്തുകയാണു്.

ശ്രീ. പി. കെ. ചാത്തൻ: ഹരിജനവിദ്യാർത്ഥികളിൽനിന്നും ലൈബ്രറിഫീസ്, ഗയിംഫീസ്, മുതലായവ മുൻകൂറായി വാങ്ങിച്ചതിനുശേഷമാണു് പ്രവേശനം നൽകിയിട്ടുള്ളതെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറിനു് അങ്ങനെ അറിവില്ല.

Shri A. A. D. Luiz: May I know whether the list includes other backward communities also?

Shri P. K. Kunju: That is a matter that has to be looked into.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഹരിജനവിദ്യാർത്ഥികൾ എന്നു പറയുന്നവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ആരുടെ ജാതിതിരിച്ചുള്ള പട്ടികയാണു്?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പട്ടികജാതിക്കാരുടെ.

ശ്രീ. പി. കെ. കുഞ്ഞു്: ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പട്ടികജാതിക്കാർ എന്നു പറഞ്ഞാൽ, പട്ടികയിലെ ജാതിക്കാർ എന്നല്ലേ അർത്ഥമാക്കേണ്ടതു്?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ വേണമെന്നില്ല. ജാതികളുടെ പട്ടികയെന്നും ധരിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അങ്ങനെയാണെങ്കിൽ, ആ പട്ടിക ഇനംതിരിച്ച് ഇവിടെ അവതരിപ്പിക്കേണ്ടതല്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ ആവശ്യപ്പെടുകയാണെങ്കിൽ അവതരിപ്പിക്കാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: 1953-ൽ നടത്തിയ സ്കൂൾ ഫൈനൽ പരീക്ഷയിൽ പട്ടികജാതിക്കാരിൽ എത്രപേർ പാസ്സായി എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അത് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. സി. സി. അയ്യപ്പൻ: ഹരിജനവിദ്യാർത്ഥികളിൽനിന്നും, മററു വിദ്യാർത്ഥികളിൽ നിന്നെന്നപോലെ, ക്ലാസ്സുഫീസിനു പുറമെ മററു തരത്തിലുള്ള ഫീസുകൾ പിരിച്ചുവരുന്നതു നിർത്തലാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ആ കാര്യത്തെപ്പററി ഇപ്പോൾ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. എം. മാർക്കോസ്: 1953-ൽ സ്കൂൾഫൈനൽ പരീക്ഷ പാസ്സായ എത്ര ഹരിജൻ ക്രിസ്ത്യാനികളുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അന്വേഷിച്ചു പറയാം.

കാളേജു വിദ്യാർത്ഥികൾ.

*653. [30] ശ്രീ ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പിന്നാക്കസമുദായോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-ൽ സഹായധനം നൽകി വിദ്യാഭ്യാസം ചെയ്യിച്ചിരുന്നതിൽക്കൂടുതൽ കാളേജുവിദ്യാർത്ഥികളുടെ അപേക്ഷകൾ 1954-ൽ കിട്ടാൻ ഇടയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളുടെ എണ്ണം എത്ര;

(സി) ഇവരുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്, എന്നു പറയാൻ കാലമായിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

Shri A. A. D. Luiz: May I know whether Government are aware that private Schools and Colleges are allowing fee concession and whether those institutions are being reimbursed by Government in the amounts they incur as loss by way of fee concessions?

Shri P. K. Kunju: Government are not aware of that fact.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. 1954-ൽ സഹായധനം നല്കി വിദ്യാഭ്യാസം ചെയ്യിച്ചുവന്നതിൽ കൂടുതൽ കാളേജുവിദ്യാർത്ഥികളുടെ അപേക്ഷകൾ 1954-ൽ കിട്ടുവാൻ ഇടയായിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ കിട്ടിയിട്ടുണ്ടെന്നുള്ള അർത്ഥത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞത്. ഞങ്ങൾക്ക് ഇതിന്റെ പൊരുൾ മനസ്സിലാകുന്നില്ല. അതായത്, 1954-ൽ കിട്ടിയതിനേക്കാൾ കൂടുതൽ അപേക്ഷകൾ 1954-ൽ തന്നെ എങ്ങനെ കിട്ടാനാണ്?

ശ്രീ. പി. കെ. കുഞ്ഞ്: ഉണ്ടെന്നു പറയാൻ കാലമായിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

Mr. Speaker: The question and the answer are not clear.

Sea Erosion.

*654. [31] Shri P. Viswambharan: Will the Minister for Works and Transport be pleased to state whether the Government intend to take any measure to prevent sea erosion at Poonthura, Panathura and other coastal areas in Trivandrum District?

Minister for Works and Transport (**Shri A. Achuthan**) Yes. By strengthening the existing groynes and by constructing additional groynes.

ശ്രീ. കെ. സി. എബ്രഹാം: ഇക്കൊല്ലം കടലാക്രമണംകൊണ്ട് എത്ര ഏക്കർ ഭൂമി ഇതുവരെ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഗവണ്മെന്റ് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിന് പ്രത്യേകം ഒരു ചോദ്യം അയച്ചാൽ ഉത്തരം പറയാം.

എ. ബി. സി. ഡിപ്പാർട്ടുമെന്റ്.

*655. [33] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ഓരോ ഡിസ്ട്രിക്ടിലും ഓരോ ഡിവിഷൻ ആഫീസുകൾ തുറന്നു എ. ബി. സി. ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് വല്ല പ്രമേയവും ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് നടത്തുവാനുദ്ദേശിക്കുന്നത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) ഗവണ്മെന്റ് അതിന്റെ പ്രവർത്തനസാദ്ധ്യതയെക്കുറിച്ച് ഡിപ്പാർട്ടുമെന്റ് മേലധ്യക്ഷന്റെ അഭിപ്രായം അന്വേഷിച്ചിരിക്കയാണ്. മാത്രമല്ല, ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ വിപുലമാ

ക്കുന്ന നമ്മുടെ നിർമ്മാണങ്ങളും മറ്റും യഥാസമയം നടക്കുന്നതിന് ഒരു സബ്ഡിവിഷനില്ലായ്മയും നിലനിൽക്കുന്നത് ഹാർബറിന്റെ പ്രയാസം ഉണ്ടാക്കുകയും ചെയ്യുന്നതിനാൽ ഈ സംഗതിയിൽ വേണ്ടത് തീരുമാനം ഗവൺമെന്റ് എടുക്കുന്നതാണോ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: എ. ബി. സി. ഡിപ്പാർട്ടുമെന്റിന് വേണ്ടത്ര സ്റ്റാഫില്ലാത്തതുകൊണ്ട് ആ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മുന്നോട്ടു പോകുന്നില്ലെന്ന് ഗവൺമെന്റിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. പ്രവർത്തനം നടത്തുന്നതിനുള്ള സ്റ്റാഫിന്റെ കുറവുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: വേണ്ടത്ര സ്റ്റാഫില്ലാത്തതുകൊണ്ട് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു പോകുന്നില്ലെന്ന് ഗവൺമെന്റിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ എ. ബി. സി. ഡിപ്പാർട്ടുമെന്റ് ഒരു മേജർ ഡിപ്പാർട്ടുമെന്റായി ഉയർത്തുവാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിനെക്കുറിച്ച് ഇതേവരെ ആലോചിച്ചിട്ടില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: എ. ബി. സി. ഡിപ്പാർട്ടുമെന്റ് എന്നു പറഞ്ഞാൽ എന്ത് ഡിപ്പാർട്ടുമെന്റാണ്?

ശ്രീ. പി. കെ. കുഞ്ഞ്: അഡ്വാൻസ്മെന്റ് ഓഫ് ബാക്ക്‌വേഡ് കമ്മ്യൂണിറ്റീസ് എന്നാണ്.

ട്രാൻസ്പോർട്ട് ചാർജ്.

* 656. [34] ശ്രീ. പി. കെ. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുറിച്ചിയിൽ നിന്നും ഏഴ് മൈൽ മാത്രം ദൂരെയുള്ള കോട്ടയത്തേയ്ക്ക് 5 അണ, വീതം ട്രാൻസ്പോർട്ട് ചാർജ് ഈടാക്കിവരുന്നതു കൂടുതലാണെന്നും അതു കുറവു ചെയ്തുകിട്ടണമെന്നും കാണിച്ച് ഗവൺമെന്റിന് പല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) മേൽപ്രകാരം ഈ കൂടുതലായി ഈടാക്കിവരുന്ന ചാർജ് കുറവുചെയ്യുന്നതിന് വേണ്ട നടപടികൾ എടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (എ) ഉണ്ട്.

(ബി) അന്വേഷിച്ച് വേണ്ടതു് ചെയ്യാം.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഒരു മൈലിന് എന്തു കൂലിനിരക്കാണ് ഉള്ളതു്?

ശ്രീ. എ. അച്യുതൻ: 6 പൈസ.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഏററവും കുറഞ്ഞ കൂലി എന്താണ്?

ശ്രീ. എ. അച്യുതൻ: 2 അണ.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ആ നിലയിൽ കുറിച്ചിയിൽ നിന്ന് കോട്ടയത്തേയ്ക്കുള്ള ചെസ്സ് ചാർജ്ജ് കുറയ്ക്കാമല്ലോ?

ശ്രീ. എ. അച്യുതൻ: കുറിച്ചിയിൽ നിന്ന് കോട്ടയത്തേയ്ക്കുള്ള ദൂരം കണക്കാക്കിയിരിക്കുന്നതു് കുറിച്ചി പോലീസ്സ്റ്റേഷനിൽനിന്നാണ്. കുറിച്ചി പോലീസ്സ്റ്റേഷനിൽ നിന്ന് കോട്ടയത്തേയ്ക്ക് 8 മൈലിൽ കൂടുതൽ ഉണ്ട്. അപ്പോൾ മൈലിന് അര അണവച്ച് കണക്കാക്കിയാൽ 4 അണ വരും. കുറച്ച് കൂടുതൽ ഉള്ളതിന് ഒരു റൌണ്ട് ഫിഗർ വച്ച് അങ്ങനെ 5 അണ നിശ്ചയിച്ചു.

ആയുർവ്വേദ ആശുപത്രികൾ.

* 657. [35] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അങ്ങനെ സ്ഥാപിക്കുന്ന ആയുർവ്വേദ ആശുപത്രികളിൽ കഴിയുന്നത്ര ഗ്രാൻറ വൈദ്യന്മാരെ നിയമിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) കൂടുതൽ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) പരീക്ഷായോഗ്യതയും പരിശീലനവും ലഭിച്ചിട്ടുള്ള ഗ്രാൻറവൈദ്യന്മാരുടെ അവകാശങ്ങൾക്ക് മുൻഗണന നൽകണമെന്ന് ഗവണ്മെൻറിന് അഭിപ്രായമുണ്ട്. നിയമനം നടത്തുന്നതു് പബ്ലിക്ക് സർവ്വീസ് കമ്മിഷനാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കൂടുതൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. എവിടെയെല്ലാമാണ് ഇക്കൊല്ലം ആശുപത്രികൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു് എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതേക്കുറിച്ച് ഒരു തീരുമാനം ചെയ്തിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കോട്ടയം ടൗണിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണമെന്നു ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അവിടെ ഒരു ഡിസ്പെൻസറി ഉണ്ട്; ആശുപത്രി ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ വേണ്ടതായ തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അങ്ങനെ ഒരു തീരുമാനം എടുത്തതിനുശേഷം ഒരു പി. എസ്. പി. സ്ഥാനാർത്ഥിയുടെ നിയോജകമണ്ഡലത്തിലേക്കു മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അങ്ങനെയാണെങ്കിൽ കോട്ടയം ടൗണിൽ ഒരു ആശുപത്രി സ്ഥാപിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിനെപ്പറ്റി പറയുവാൻ വിഷമമാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: കോട്ടയം ടൗണിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണമെന്ന് നഗരസഭാദ്ധ്യക്ഷന്റെ നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

ശ്രീ. എ. എ. റഹീം: ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിന് അലോപ്പതിക് ആശുപത്രികളുടേതുപോലെ കെട്ടിടവും സ്ഥലവും പൊതുജനങ്ങൾ കൊടുക്കണമെന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: കെട്ടിടവും സ്ഥലവും കിട്ടിയാൽ കൂടുതൽ സൗകര്യമായിരിക്കും.

ശ്രീ. കെ. എം. ജോർജ്: ഓരോ താലൂക്കിലേക്കും ഓരോ ആയുർവ്വേദാശുപത്രി കൊടുക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതു ഗവണ്മെന്റിന്റെ സാമ്പത്തികസ്ഥിതിയേയും ജനങ്ങളുടെ ആവശ്യത്തേയും ആശ്രയിച്ചിരിക്കുന്നതാണ്; ആലോചിച്ചു വേണ്ടതു ചെയ്യും.

ശ്രീ. കെ. ചെറച്ചുകുട്ടൻ: ഒരു കമ്പൗണ്ടർമാരുടെ കീഴിൽ ഇരിക്കുന്ന സ്ഥലങ്ങളിലെല്ലാം ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതാണെന്നു ഒരു പട്ടിക തയ്യാറാക്കി അതനുസരിച്ച് പ്രയോറിറ്റി കൊടുക്കുവാൻ ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതു ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻ നായർ: കൊല്ലം ഡിസ്ട്രിക്ടിന്റെ തലസ്ഥാനനഗരിയിൽ ഉള്ളതുപോലെ കോട്ടയം ഡിസ്ട്രിക്ടിന്റെ തലസ്ഥാനനഗരിയിലും ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ ഡിസ്ട്രിക്ടിന്റെ തലസ്ഥാനനഗരിയിൽ ആശുപത്രി വേണമെന്നുള്ള തത്വം സ്വീകരിക്കുമ്പോൾ അപ്രകാരം ചെയ്യാം.

ശ്രീ. പി. ഭാസ്കരൻനായർ: കോട്ടയത്തുമാത്രം അങ്ങനെ സ്ഥാപിക്കുമോ അതോ എല്ലാ ഡിസ്ട്രിക്ടിന്റെയും തലസ്ഥാനനഗരിയിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അത് ഒരു പൊതുനയമായി ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. ഡിസ്ട്രിക്ടിന്റെ തലസ്ഥാനനഗരിയിലുള്ളവർക്കുമാത്രം ചികിത്സാസൗകര്യം ലഭിച്ചാൽ പോരെന്നുണ്ട്.

ആയുർവേദം.

* 658. [36] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അലോപ്പതി ചികിത്സാസമ്പ്രദായത്തിനു തുല്യമായ പരിഗണന ആയുർവേദത്തിന് നൽകുന്നതിനെപ്പറ്റിയും ആയുർവേദ ഡിപ്പാർട്ടുമെന്റിനെ ഒരു മേജർ ഡിപ്പാർട്ടുമെന്റായി ഉയർത്തുന്നതിനെപ്പറ്റിയും ഗവണ്മെന്റിന്റെ മനോഭാവമെന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്): ആയുർവേദചികിത്സ കൂടുതൽ പ്രചരിപ്പിക്കുന്നതു പ്രയോജനകരമാണെന്നു ഗവണ്മെന്റിന് അഭിപ്രായമുണ്ട്. ആ ഡിപ്പാർട്ടുമെന്റിന്റെ വികസനകാര്യവും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഇക്കൊല്ലം ആയുർവേദ ആശുപത്രികളുടെ എണ്ണം കൂട്ടുകയും കൂടുതൽ ഔഷധങ്ങളും സൗകര്യങ്ങളും രോഗികൾക്ക് നൽകുകയും ചെയ്യുന്നതിന് ഗവണ്മെന്റ് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്റെ ചോദ്യം മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ടമന്ത്രി ഉത്തരം പറഞ്ഞിട്ടുള്ളത്. എന്റെ ചോദ്യം അലോപ്പതി ചികിത്സാസമ്പ്രദായത്തിന് തുല്യമായ പരിഗണന ആയുർവേദത്തിന് കൊടുക്കുവാൻ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ എന്നാണ്?

ശ്രീ. പി. കെ. കുഞ്ഞ്: അലോപ്പതി ചികിത്സാസമ്പ്രദായത്തിനു തുല്യമായ പരിഗണന ആയുർവേദത്തിനു കൊടുക്കുന്നകാര്യം ഗവണ്മെന്റിന്റെ ആലോചനയ്ക്കു വിധേയമായിട്ടില്ല. അതിനെപ്പറ്റി ഗവണ്മെന്റ് ഒരു നയം രൂപീകരിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: നാട്ടുചികിത്സാസമ്പ്രദായം പ്രചരിപ്പിക്കുന്നതല്ലേ ഗവണ്മെന്റിന്റെ നയം?

ശ്രീ. പി. കെ. കുഞ്ഞ്: [illegible]

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: [illegible] [illegible] അല്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: [illegible]

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: [illegible] ഗവണ്മെന്റ് [illegible]?

ശ്രീ. പി. കെ. കുഞ്ഞ്: [illegible]

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: [illegible] ഗവണ്മെന്റിന് [illegible]?

ശ്രീ. പി. കെ. കുഞ്ഞ്: [illegible] [illegible] യാണ്.

ശ്രീ. തോപ്പിൽ ഭാസ്കരപിള്ള: [illegible] കൈവശത്തിലെ [illegible] ഗവണ്മെന്റിന് [illegible]?

ശ്രീ. പി. കെ. കുഞ്ഞ്: [illegible] തയ്യാറില്ല.

കുഴൽക്കിണർ.

* 659. [37] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ [illegible] എല്ലാം നടപടി [illegible] ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, മെഷീനറി ഇടങ്ങളിൽ അതിന്റെ പ്രവർത്തനം [illegible];

(സി) കുഴൽക്കിണർ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) എത്ര കുഴൽക്കിണർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്?

Shri P. K. Yasodharan: Sir, I want the answer to (d) alone.

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(ഡി) തീരപ്രദേശങ്ങളുടെ [illegible], കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, ചേർത്തല, [illegible], കൊച്ചി-കണയന്നൂർ, കോട്ടയം [illegible] [illegible] 25 [illegible] 200 കുഴൽക്കിണറുകളാണ് ഈ പദ്ധതിയിൽ കൊള്ളിച്ചിരിക്കുന്നത്. ഇതിനുപുറമെ [illegible]

പ്രദേശ പട്ടണങ്ങളിലേയ്ക്കു് ശുദ്ധജലം നൽകുന്നതിനും എറണാകുളം, മട്ടാഞ്ചേരി എന്നീ പട്ടണങ്ങളിലെ ശുദ്ധജലവിതരണം സമൃദ്ധമാക്കുന്നതിനും ഉള്ള ഒരു പദ്ധതിയും നാഷണൽ വാട്ടർസപ്ലൈ ആൻഡ് സാനിട്ടേഷൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനു് അയച്ചിട്ടുണ്ടു്.

Mr. Speaker : Order, order. We shall now take up the Short Notice Question.

SHORT NOTICE QUESTION.

Territorial jurisdiction of the Inspecting Officers of the Education Department.

*2. [3] **Shri P. Ravindran**: Will the Chief Minister be pleased to state:

(*a*) whether Government have given effect to the orders sanctioning the delimitation of the territorial jurisdiction of the various Inspecting Officers of the Education Department;

(*b*) whether the pakuthies of Paravoor and Meenad in the Quilon Taluk have been included in the Trivandrum District;

(*c*) whether the Government have received a representation requesting that Paravoor and Meenad pakuthies should be retained in the Quilon District; and

(*d*) whether the Government are aware of the serious difficulties likely to be caused to the public by the inclusion of the two pakuthies in the Trivandrum District?

Chief Minister (**Shri A. Thanu Pillai**): (*a*) Yes. The delimitation has come into effect from 1-8-1954.

(*b*) According to the delimitation of jurisdiction of the several Inspecting Officers in the new set up, the Pakuthies of Paravoor and Meenad in the Quilon taluk have been included in the Trivandrum District.

(*c*) Oral representation has been made to the Education Minister.

(*d*) There are 17 Primary and 7 Middle Schools in the pakuthies of Meenad and Paravoor. These Primary and Middle Schools are under the control of the Inspector of Primary and Middle Schools, Varkala. There will not therefore be any difficulty so far as these schools are concerned. As regards High Schools, there are only two private schools and one Departmental High School at the place. There is also a private Sanskrit High School. These High Schools are under the control of the District Educational Officer, Trivandrum, for inspectional purposes. There can be no difficulty to the public due to this arrangement.

ശ്രീ. പി. രവീന്ദ്രൻ: ഇതിനു് ഞാൻ കൂടി ഒപ്പിട്ട ഒരു പരാതി ബഹുമാനപ്പെട്ട മന്ത്രിക്കു് നൽകിയിട്ടില്ലേ ?

ശ്രീ. എ. താണുപിള്ള: എന്നെ വന്നു ഇതിനെപ്പററി സംസാരിച്ചു.

ശ്രീ. പി. രവീന്ദ്രൻ: ഞാൻ നേരിട്ട് ഒരു പെററീഷൻ അയച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: അങ്ങനെ ഒന്നു കിട്ടിയിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ: ഞാൻ ഈ പെററീഷൻ അയച്ചു........

Shri A. Thanu Pillai: The answer before me is that 'no such representation has been received'. But I remember some Members came and spoke to me. That is why I said that oral representation has been made to me.

ശ്രീ. പി. രവീന്ദ്രൻ: എന്റെ പെററീഷൻ ഗവൺമെൻറ സിക്രട്ടറിയേററിന് കിട്ടിയതായിട്ട് എനിക്ക് മെമ്മോ കിട്ടിയിട്ടുണ്ട്.

Shri A. Thanu Pillai: The answer before me is that "no such representation has been received." Probably after this answer was prepared, the Member sent some written representation. I remember only that some friends *came and spoke to me* about it.

ശ്രീ. പി. രവീന്ദ്രൻ: തിരുവനന്തപുരം ഡിസ്ട്രിക്റ്റിലുള്ള ആഫീസറെ കാണാനും [illegible] ആളുകൾ വരുന്നത് വളരെ പ്രയാസമായിട്ടുള്ളതാണെന്ന് ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ പ്രത്യേക സൗകര്യക്കുറവ് ഗവൺമെൻറ വിചാരിക്കുന്നില്ല. ആളുകൾ വന്ന് ഡിസ്ട്രിക്റ്റ് ആഫീസറെ കാണണമെന്നില്ല.

ശ്രീ. പി. രവീന്ദ്രൻ: വർക്കലയിൽനിന്നു കൊല്ലത്തു വന്നുകൊണ്ടിരുന്ന ആളുകൾക്ക് മേലാൽ തിരുവനന്തപുരത്ത് വരണമെന്നാണെങ്കിൽ അത് ബുദ്ധിമുട്ടല്ലേ?

ശ്രീ. എ. താണുപിള്ള: [illegible] ചില കാര്യങ്ങൾ അങ്ങനെ ചെയ്യുമ്പോൾ ചിലർക്ക് കുറെ അസൗകര്യങ്ങളൊക്കെ വരും.

UNSTARRED QUESTIONS.

Thengamputhur Channel.

163 [4]. **Shri P. Thanulingom Nadar:** Will the Minister for Works and Transport be pleased to state:

(*a*) is there any proposal to extend the Thengamputhoor Channel or Athikadai Channel;

(*b*) whether estimates have been prepared and sanctioned for any one of them; and

(*c*) if there are no proposals so far, whether Government proposes to take up the work in the immediate future?

Answer.

(a) There have been proposals to extend the Thengamputhoor and Athikadai Channels.

(b) No.

(c) It is not proposed to take up the works in the immediate future.

ജലവിതരണപദ്ധതി.

164 [8] ശ്രീ. ററി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പട്ടണത്തിലെ ജലവിതരണപദ്ധതിയെ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച റിപ്പോർട്ടും കണക്കും ലഭിച്ചിട്ടുണ്ടോ;

(സി) ജലവിതരണപദ്ധതിക്കുള്ള സംഖ്യ 1954-55-ലെ ബഡ്ജററിൽ കൊള്ളിക്കുവാൻ നോക്കേണ്ടതാണെന്ന് ഗവണ്മെൻറിൽനിന്നും കല്പന കൊടുത്തിട്ടുണ്ടോ; ഈ ബഡ്ജററിൽ ആയതിനു വേണ്ട സംഖ്യ വകയിരുത്തുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) Investigation നടത്താനായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു.

(ബി) ഒരു preliminary റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(സി) എട്ടുലക്ഷംരൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്.

കൊക്കോട്ടു ചിറക്കുളം.

165. [17] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൃക്കൊടിത്താനത്തുള്ളതും ഏഴ് ഏക്കറോളം വിസ്തീർണ്ണമുള്ളതുമായ കൊക്കോട്ടു ചിറക്കുളം മണ്ണും ചെളിയും കയറി നികന്നു കിടക്കുന്നതു മാററി ടി കുളം നന്നാക്കി പൊതുജനോപകാരപ്രദമായ രീതിയിൽ ആക്കിച്ചു കിട്ടുന്നതിന് വല്ല നിവേദനവും കിട്ടി, നടപടി നടത്തിയിട്ടുണ്ടോ;

(ബി) ടി കുളം നികന്ന് ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നതു മൂലം സമീപമുള്ള പാടങ്ങളിൽ കാലാകാലത്തു വെള്ളം കിട്ടാതെ കൃഷിക്കാരും, കുളിക്കാനും കുടിക്കാനും ഉപയോഗിച്ചുവരുന്ന സമീപസ്ഥരായ പൊതുജനങ്ങളും വളരെ കഷ്ടനഷ്ടങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചുവരുന്നുണ്ടോ;

(സി) ടി കുളം ഈ വർഷത്തിൽതന്നെ നന്നാക്കിച്ചു കൊടുക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഈ കുളം നന്നാക്കുന്നതിന് 4,570 രൂപയുടെ ഒരു എസ്റ്റിമേറ്റിൻപ്രകാരമുള്ള വേല 1953-ൽ ചെയ്തിട്ടുണ്ട്. കുളം അതിൽപിന്നീട് വീണ്ടും നികന്നിട്ടുള്ള മണ്ണു മാറ്റിയും മറ്റും കുളം ഇപ്പോൾ നന്നാക്കേണ്ടതു് ആവശ്യമായിരിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

(ബി) അറിവില്ല.

(സി) ഇതിനെപ്പറ്റി ആലോചിക്കുന്നതാണ്.

Adjournment Motion.

Re: Discharge of toddy tappers.

Mr. Speaker: Order, order, Question time is over. I have received notice of an Adjournment Motion from [12 Noon.] Mr. K A. Balan which reads thus:

"അന്തിക്കാട്ടു പരിസരങ്ങളിലുമായി [illegible] ചെത്തു തൊഴിലാളികളെ ലേബർ കമ്മീഷണർ ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകളെ ലംഘിച്ചുകൊണ്ട് ഷാപ്പുടമകൾ പിരിച്ചുവിട്ടിരിക്കുന്നതിനാൽ സംജാതമായ അടിയന്തിരവും പൊതുപ്രാധാന്യവുമുള്ള അടിയന്തിര പരിതഃസ്ഥിതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു സഭാനടപടികൾ നീട്ടിവയ്ക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു."

ഈ പ്രമേയത്തിനു സഭാനടപടികൾ നിർത്തിവയ്ക്കത്തക്ക പ്രാധാന്യം ഇല്ലാത്തതുകൊണ്ടു് മിനിസ്റ്ററുമായി സംബന്ധപ്പെട്ടു് ഇതിനു നിവൃത്തിനേടുവാൻ ഞാൻ മി. കെ. എ. ബാലനോടു് ആവശ്യപ്പെടുന്നു. അതിനാൽ അടിയന്തിരപ്രമേയം തള്ളിയിരിക്കുന്നു.

Extension of Session.

Announcement by the Speaker.

Mr. Speaker: Now, I have to make an announcement. As announced by me on the 2nd August 1954, the Session will be extended by a day more, *i. e.*, Monday the 9th August, for transacting the business originally scheduled for the 2nd August. In addition, such of the non-official bills in respect of which notices for introduction are received will also be taken up on that day.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Mr. Speaker: The list of the resolutions has already been circulated. Now, Mr. Kesavan Sastri will move his resolution.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്—"അടകുടി നിരോധന ആക്റ്റ് നടപ്പിൽ വന്നതിനുശേഷം, അടകുടിക്കാരും വസ്തുഉടമസ്ഥന്മാരും, തമ്മിൽ വിരോധകക്ഷികളായിത്തീർന്നു്, പലവിധ ബുദ്ധിമുട്ടുകളും, വിഷമതകളും ഇടവന്നിരിക്കുന്നതിനാൽ, പ്രസ്തുത വിഷമപ്രശ്നത്തിനു്, സുഗ്രഹവും സുഗമവുമായ മാർഗ്ഗം ആരായുന്നതിനും, സമുചിതമായ പരിഹാരം നിർദ്ദേശി

[ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി]

ക്കുന്നതിനുമായി, നിയമസഭാസാമാജികന്മാരുൾപ്പെട്ട ഒരു കമ്മിററി രൂപീകരിച്ച് രാജ്യവ്യാപകമായ അസ്വസ്ഥതയ്ക്കു വേണ്ട സത്വരനടപടികൾ എടുക്കണമെന്ന് ഈ അസംബ്ളി ഗവണ്മെൻറിനോട് ശുപാർശ ചെയ്തുകൊള്ളുന്നു."

ബാലററിൽ, എൻെറ ഈ പ്രമേയത്തിന് പ്രഥമസ്ഥാനം ലഭിച്ചു. ഞാനതിൽ, സന്തോഷിക്കുന്നുണ്ട്. മാത്രമല്ല സന്ദർഭത്തിൻെറ പ്രത്യേകതയെ അനുസ്മരിക്കുന്നുമുണ്ട്. ഭാവിചാരിതമായി നമ്മുടെ രാഷ്ട്രീയാന്തരീക്ഷത്തിൽ കണ്ട കാറും പിശറും നീങ്ങിയിരിക്കയാണല്ലോ. എൻെറ പ്രമേയം തികച്ചും പൊതുപ്രാതിനിധ്യത്തിനു വിധേയമാണ്. അടകുടിക്കാർ അന്യരുടെ സ്ഥലങ്ങളിൽ വീടുകൾവച്ച് പരമ്പരയാ പാർത്തുവരുന്നവരാണ്. അതുകൊണ്ടുതന്നെയാണ് ഇവരെ അടകുടിക്കാരെന്ന് പറയാൻ ഇടയായിട്ടുള്ളതു്. അടകുടിക്കാർ വസ്തു ഉടമസ്ഥർക്ക് വിധേയരായിരുന്നു. തന്നിമിത്തം ഇരുകൂട്ടരും പരസ്പരം സൗഹാർദ്ദത്തിൽ കഴിഞ്ഞുകൂടിയിരുന്നു. അടകുടിക്കാരുടെ പെരുമാററവും മററു പരിതഃസ്ഥിതികളും നിമിത്തം വസ്തു ഉടമസ്ഥർക്ക്, അടകുടിക്കാരെ ഇറക്കിവിടാമായിരുന്നു. താമസവും, സൗകര്യവും, കൃഷിയും, ജീവിതവുമെല്ലാം ഇണങ്ങിയിരുന്നാലും ഇറക്കിവിടാനും, ഇറങ്ങിപ്പോകാനും ഇടയുണ്ടായിരുന്നതിനാൽ, അടകുടിക്കാർ വളരെ മുൻപു മുതലേ മിക്കവാറും സങ്കടങ്ങളനുഭവിക്കുകയായിരുന്നു. ഭൂമിയുടെ മേൽ വിശേഷിച്ച് മനുഷ്യനുള്ള ജന്മാവകാശവും ലയനാവകാശവും, നിഷേധിക്കപ്പെടാവുന്നതല്ലല്ലോ. എങ്കിലും ലൗകികമായ ഉടമസ്ഥാവകാശമില്ലാതെ കഴിയാൻ ഇടയായിട്ടുള്ളവർ ഇന്നും അടകുടിക്കാരായിത്തന്നെ, അങ്ങനെ കഴിഞ്ഞുകൂടുകയാകുന്നു.

ഈ അടകുടിപ്രശ്നം നായരേയും ക്രിസ്ത്യാനിയേയും ഈഴവനേയും മുസ്ലീമിനേയും എന്നുമാത്രമല്ല, നാം കേട്ടിരുന്ന അൻപത്തിയാറ് ജാതിയേയും, നൂററാറ അംശകുലത്തേയും ഒന്നുപോലെ ബാധിക്കുന്നതാണ്. എല്ലാപേരും മണ്ണിൻെറ മക്കളായി ഇവിടെ കഴിയുന്നുവെങ്കിലും അധികം പേർക്കും ഇന്ന് സമാധാനമില്ലാതെ കഴിയുവാനാണിടയായിട്ടുള്ളതു്. പൊന്തിവരുന്ന അസ്വസ്ഥതകൾക്കെല്ലാം ഹേതു ഇതുതന്നെയാണ്. നമ്മുടെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ ഇന്നത്തെ വർദ്ധിച്ച ജനസംഖ്യയും, ജീവിതാവശ്യങ്ങളും മറക്കാവുന്നതല്ല. ഈ വക വസ്തുതകൾ ഗവണ്മെൻറിൻെറ ഗാഢമായ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഏത്രയും സങ്കീർണ്ണമായ ഈ പ്രശ്നത്തിൻെറ അകവും പുറവും സൂക്ഷ്മമായി നോക്കി ദയാപരമായ ഒരു തീരുമാനം ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള: 'അടകുടി നിരോധനം' എന്നു പറഞ്ഞാൽ എന്താണു അർത്ഥം ?

ശ്രീ. ടി. ടി കേശവൻ ശാസ്ത്രി: അടകുടി എന്നു പറഞ്ഞാൽ കുടികിടപ്പ് എന്നാണു അർത്ഥം.

ശ്രീ. പി. ആർ. മാധവൻപിള്ള: അവരെ നിരോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അതെല്ലാം ഞാൻ പറഞ്ഞുകഴിയുമ്പോൾ ബഹുമാനപ്പെട്ട മെംബർക്ക് ശരിയായി മനസ്സിലാക്കുവാൻ സാധിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിൻറ ഓഫ് ആർഡർ. ഈ പ്രമേയത്തിൽ കാണുന്നതു് "അടകടിനിരോധന ആക്റ്റ് നടപ്പിൽ വന്നതിനുശേഷം" എന്നാണ്. അങ്ങനെ ഒരു ആക്റ്റില്ല. പിന്നീട് ഈ പ്രമേയത്തിൽ ഒരു കമ്മിററി രൂപീകരിച്ചു് രാജ്യവ്യാപകമായ അസ്വാസ്ഥതയ്ക്കു വേണ്ട സത്വരനടപടികളെടുക്കണമെന്നു് കാണുന്നു. രാജ്യവ്യാപകമായ അസ്വാസ്ഥതയ്ക്കുവേണ്ട നടപടികളെടുക്കുവാനുള്ള ഒരു ചർച്ച ഇവിടെ അനുവദിക്കപ്പെടാമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ബഹുമാനപ്പെട്ട മെംബർ പറഞ്ഞതു എനിക്കു മനസ്സിലായില്ല.

മി. സ്പീക്കർ: ശ്രീ. ദിവാകരൻ ഒരു പായിൻറ ഓഫ് ആർഡർ കൊണ്ടുവന്നിരിക്കയാണ്. പ്രമേയത്തിൽ നല്ല ഭാഷാകഷ്ടത കൊടുക്കമായിരുന്നു. അടകടനിരോധന ആക്റ്റ് എന്നു പറഞ്ഞിരിക്കുന്നതു് പ്രിവൻഷൻ ഓഫ് റേവക്ഷൻ ആക്റ്റിനെ ഉദ്ദേശിച്ചായിരിക്കണം.

ശ്രീ. എ. താണുപിള്ള: ശ്രീ. കേശവൻശാസ്ത്രിയുടെ പ്രമേയത്തിലെ ഭാഷയ്ക്കു് വിരുദ്ധമായ വ്യാഖ്യാനം കൊടുത്താൽ അർത്ഥം ശരിയായിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: പ്രമേയത്തിന്റെ അവസാനത്തെ ഭാഗം എന്നാലും ശരിയാകുന്നതു എങ്ങനെയാണ്? രാജ്യവ്യാപകമായ അസ്വാസ്ഥതയ്ക്കു വേണ്ട നടപടികൾ എടുക്കണമെന്നല്ലല്ലോ പ്രമേയകർത്താവു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതും ശരിയാണെന്നാണ് എന്റെ അഭിപ്രായം. അന്യായം ബോധിപ്പിക്കുക എന്നു പറയാറുണ്ടല്ലോ. ബോധിപ്പിക്കുന്നതു അന്യായമാണെന്നല്ലല്ലോ അതിന്റെ അർത്ഥം. ഒരു അന്യായം ചെയ്തിട്ടുണ്ട്, അതിനു് പരിഹാരം ഉണ്ടാക്കിത്തരണം എന്നുള്ള അർത്ഥത്തിൽ അന്യായം ബോധിപ്പിക്കുന്നു എന്നു പറയുന്നതു ശരിയാണെങ്കിൽ ഇതും ശരിയാണ്.

ശ്രീ. ആർ. പ്രകാശം: സർ, ഒരു പായിൻറ ഓഫ് ഇൻഫർമേഷൻ. പ്രമേയം ബാലററ ചെയ്യുന്നതിനു മുൻപു് അതു വായിച്ചുനോക്കാറില്ലേ?

മി. സ്പീക്കർ: ഞാൻ അക്കാര്യം നോക്കിക്കൊണ്ടിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: അടകടിനിരോധന ആക്റ്റ് എന്നുള്ളതിനു പകരം അടകടിഒഴിപ്പിക്കൽ ആക്റ്റ എന്നു മാററിയാൽ മതിയാകുമെന്നാണു തോന്നുന്നതു്. അസ്വാസ്ഥതയ്ക്കു വേണ്ട നടപടി എന്നു പറയുന്നതു് രോഗത്തിനു വേണ്ട നടപടി എന്നു പറയുന്നതു പോലെയേ ഉള്ളു.

ശ്രീ. ടി. എ. മജീദ്: അപ്പോൾ അസ്വാസ്ഥത എന്നു പറഞ്ഞാൽ സ്വാസ്ഥത എന്നാണോ മനസ്സിലാക്കേണ്ടതു്.

മി. സ്പീക്കർ: ഭാഷ എങ്ങനെയിരുന്നാലും പ്രമേയത്തിലെ ഉള്ളടക്കം എന്താണെന്നു് ബഹുമാനപ്പെട്ട മെംബറന്മാർക്കു് മനസ്സിലാകുന്നുണ്ടല്ലോ, അതുകൊണ്ടു് മി. കേശവൻ ശാസ്ത്രിയുടെ പ്രസംഗം തുടരാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, മി. ടി. കെ. ദിവാകരന്റെ വാദം വളരെ വിചിത്രമായിരിക്കുന്നു. അസ്വസ്ഥതകൾക്കു് ഈ സഭ നടപടികൾ എടുക്കണമെന്നല്ല പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു്. നടപടികൾ എടുക്കുന്നതിനു് ഈ സഭ ശുപാർശചെയ്യണമെന്നാണാവശ്യപ്പെട്ടിരിക്കുന്നതു്. അറിഞ്ഞിട്ടു പറയുകയാണോ, അറിയാതെ പറയുകയാണോ എന്നറിയുന്നില്ല.

സർ, ഇതൊരു മൗലിക പ്രശ്നമാണു്. ഇതിനൊരു പരിഹാരമാവശ്യപ്പെടുന്ന ഈ പ്രമേയത്തിന്റെ നേരെ, ന്യായം ചോദിച്ചും പറഞ്ഞതിനും പകരം, വ്യാകരണകാര്യം പറഞ്ഞും, നേരിടുന്ന ബുദ്ധിജീവികളായ തൊഴിലാളി വാദികളെ ഞാൻ അറിയാത്തവനല്ല. അറിയാതിരിക്കുന്നില്ല. മി. ദിവാകരൻ പറഞ്ഞതിലുമുപരി ഞാൻ മനുഷ്യന്റെ മൗലികാവശ്യങ്ങളെ മാനിക്കുകയാകുന്നു. ഫാണ്ടിത്തൊഴിലാളികൾക്കും ബീഡിത്തൊഴിലാളികൾക്കും കയർപിരിത്തൊഴിലാളികൾക്കും വേണ്ടിവാദിക്കുന്ന മി. ദിവാകരന്റെയും ഇടതുപക്ഷങ്ങളുടെയും നില പലപ്പോഴും അവർ, വിസ്മരിക്കുന്നതു കാണാം. അവരുടെ ദീനതയിൽ മുതലക്കണ്ണീർപ്പൊഴിക്കുന്നവർക്കു് കാണേണ്ട ആർദ്രതയുടെ അടയാളമാണിതെന്നു വിചാരിക്കുന്നു. ഇടതുപക്ഷങ്ങളുടെ വാദപ്രതിവാദങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നവരിൽ ഒരാളാണു് ഞാൻ. ജനകീയ ഭരണമണ്ഡലത്തിലെ സ്മരണീയരായ ശ്രീ. പട്ടത്തിന്റെയും, ശ്രീ. ടി. എം. വർഗീസിന്റെയും, ശ്രീ. സി. കേശവന്റെയും, ശ്രീ. എ. ജെ. ജോണിന്റെയും നേരെ ഇവരയച്ചിട്ടുള്ള വാഗ്ശരങ്ങൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ടു്. പലപ്പോഴും ഇതെന്തിനാണെന്നു ചോദിക്കുവാൻ എനിക്കു് തോന്നിയിട്ടുണ്ടു്. ചോദിച്ചാൽ അവർ പറയുന്ന മറുപടിയെ കരുതി ചോദിക്കാതിരുന്നിട്ടുള്ളതാണു്.

സർ, സ്വാതന്ത്ര്യം കിട്ടി. ജനകീയഭരണ സംപ്രദായമായി. സന്തോഷപ്രദമായ സന്ദർഭം തദനുസരണമായി ഉപയോഗിക്കുകയാണാവശ്യം. പാർട്ടികൾ സ്വീകരിക്കുന്ന നയം ആശാർഹമായിരിക്കണം. ജനക്ഷേമകരങ്ങളായ മാർഗ്ഗങ്ങളിൽ വിലങ്ങുതടികളായിത്തീരരുതു്. കഴിയുന്നതും സ്വാർത്ഥതയേക്കാൾ പരാർത്ഥതയ്ക്കു പ്രാധാന്യം അനുവദിക്കണം. "അമ്പുകൊണ്ടുള്ള വ്രണം കാലത്താൽ നികന്നിടും, കൊമ്പുകൾ കണ്ടിച്ചാലും പാദപം കിളിർത്തിടും, കാട്ടുതീവെന്താൽ വനം പിന്നെയും തളിർത്തിടും കേട്ടുകൂടാത്തവാക്കാമായുധം പ്രയോഗിച്ചാൽ കർണ്ണങ്ങൾക്കകം പുക്കു പുണ്ണായാലതു പിന്നെ പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാൽ പോലും." സർ, ഇടതുപക്ഷവാദഗതിക്കാർ സന്മനസുണ്ടെങ്കിൽ ഇതൊന്നു ശ്രദ്ധിച്ചാൽ കൊള്ളാമെന്നു് ഞാൻ പ്രത്യേകം ആവശ്യപ്പെടുന്നു. ഇതവരുടെ മാർഗ്ഗത്തിനു് സഹായമായിരിക്കും. ചെറുപ്പക്കാർ—വിപ്ലവപ്രസംഗകർ ഇതു് കാണാപ്പാഠം പഠിക്കാൻ ഞാൻ അവരെ ധീരമായി ആഹ്വാനം ചെയ്തുകൊള്ളുന്നു.

സർ, അടകുടിക്കാരുടെ സങ്കടത്തിനു വളരെ പഴക്കമുണ്ടു്. ഈ പ്രശ്നം ഭരണാധികാരികളുടെ മുൻപിൽവരാൻ തുടങ്ങിയിട്ടുതന്നെ വർഷങ്ങൾ വളരെയധികമായി. ഇക്കാര്യം വളരെയധികം പ്രാവശ്യം ഞാൻ തന്നെ ഉന്നയിച്ചിട്ടുള്ളതാണു്. പഴയ ഗവണ്മെന്റു് ഇതിനു സ്ഥായിയായ ഒരു നിലപാടു് സ്വീകരിച്ചിരുന്നില്ല. കാൺഗ്രസ്സു് ഗവണ്മെന്റു് ഭരണാധികാരം ഏറ്റെടുത്തതിനുശേഷം ഇക്കാര്യത്തിൽ ശ്രദ്ധിച്ചു. ഗവ

ണ്മെന്റ് ഒരു നിയമനിർമ്മാണംകൊണ്ടു് ഇതിനൊരു ഉപശാന്തി നൽകി. കുടിയിറക്കുനിരോധനആക്റ്റ് നടപ്പിൽ വന്നതോടുകൂടി ഏതാണ്ടൊരു ശമനം പരക്കെ കാണാൻ സാധിച്ചു. എങ്കിലും നിയമത്തിന്റെ പ്രയോഗത്തിനുശേഷം മററതരത്തിൽ വിഷമതകൾ മുററ്റ് നേരിടാൻ തുടങ്ങി. അടകുടിക്കാരൻ കൂടുതൽ അസ്വതന്ത്രനായി. അവന്റെ കുടിയിരിപ്പിൽ മാത്രം ഇരിക്കാനും നടക്കാനും നിർബ്ബന്ധിതനായി. വസ്തു ഉടമസ്ഥനു ബുദ്ധിമുട്ടുകൾ വർദ്ധിച്ചു. കേസുകളും വഴക്കുകളുമായി, പരസ്പരം സൗഹാർദ്ദം കുറഞ്ഞു്, പൂർവ്വാധികം അസ്വാസ്ഥ്യതകൾക്കു ഇടയായിതീർന്നിരിക്കുകയാണ്. ഇരുകൂട്ടരുടെയും ആവശ്യങ്ങളിലും അപേക്ഷകളിലും ഗവണ്മെന്റ് ഇടപെടേണ്ടതായി വന്നിരിക്കുന്നു. പല സ്ഥലങ്ങളിലും പോലീസ് ഇടപെടേണ്ടതായി വന്നിരിക്കുന്നു. കോടതികളിലെ വിധിനടത്തുകൾ, ഇങ്ങനെ പൊതുവെ അടകുടിപ്രശ്നം വിഷമകരമായി തീർന്നിരിക്കുകയാണ്. അതുകൊണ്ടാണ് ഒരു കമ്മിററി മുഖേന കാര്യങ്ങൾ അന്വേഷിക്കണമെന്നും പരിഹാരങ്ങൾ നിർദ്ദേശിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നതു്. ഗവണ്മെന്റും ജനങ്ങളും ഒരുമിച്ചു രാജ്യക്ഷേമത്തിനു പരിശ്രമിച്ചെങ്കിൽ മാത്രമെ മററ തരത്തിൽ നമ്മെ നേരിടുന്ന ദുരിതങ്ങൾക്കു് പരിഹാരം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളുവെന്നു വിശ്വസിക്കുന്നവനാണ് ഞാൻ. വിപ്ലവങ്ങളിൽക്കൂടെ അടിവച്ചുപോകുന്ന പോക്കു നിശ്ചയമായും സമാധാനത്തിനും സംതൃപ്തിക്കും സഹായകമായി തീരുന്നതല്ല. ഇതു് എന്റെ ഉറച്ച വിശ്വാസമാണ്. അതുകൊണ്ടുതന്നെ ഇതു് ഇവിടെ പറയുന്നതാണ്. ഭൂമിയില്ലാത്തവർക്കുവേണ്ടി കാൺഗ്രസ്സ് ഗവണ്മെന്റ് വനഭൂമികൾ വിതരണം ചെയ്തു. ഇപ്രകാരം വിതരണം ചെയ്ത 36,000 ഏക്കർ വനഭൂമികൾ കിട്ടിയിട്ടുള്ളവരെല്ലാം ഭൂമിയില്ലാത്തവരാണോ എന്നു് ഇതേവരെ കണ്ടുപിടിച്ചിട്ടില്ല. ഇതിൽ ഏറിയപങ്കും കഴിവുള്ളവർ കൈവശപ്പെടുത്തിയിരിക്കുകയാണ്. കമ്പനികളുടെയും, സംഘടനകളുടെയും, തൊഴിലാളിനാഥന്മാരുടെയും പേരിലാണ് കൊടുത്തിട്ടുള്ളതു്. ഭൂമിയില്ലാത്ത സാധുക്കൾക്കു് കൊടുത്തിട്ടുണ്ടെന്നു പറയുന്നതിന്റെയും കണക്കുകൾ പറഞ്ഞുകേട്ടിട്ടില്ല. ഈ ഭൂവിതരണസമ്പ്രദായത്തിൽ വന്നിട്ടുള്ള ക്രമക്കേടുകളെപ്പററ ഈ സഭാതലത്തിൽ അതികക്കശമായ നിരൂപണങ്ങൾ നടന്നിട്ടുള്ളതാണ്. നിയമസഭാ സാമാജികന്മാർക്കു അൻപതും അറുപതും ഏക്കർ ഭൂമി കൊടുത്തതിനെപ്പററി ഇവിടെ വനഭൂമി വിതരണക്കാര്യം ചർച്ചചെയ്തു വന്നപ്പോൾ പലരും പറയുന്നതുകേട്ടു. അതിലും യാഥാർത്ഥ്യം ഉണ്ടു്. സർ, ഈ അവസരത്തിലെങ്കിലും സ്വന്തംനില ഒന്നു് വിശദീകരിക്കാതിരിക്കുന്നതു് ശരിയല്ലെന്നു തോന്നുന്നു. ഞാൻ ഈ സഭയിലെ പഴക്കമുള്ള ഒരു സാമാജികനാണ്. അന്തസ്സിനുവേണ്ടി പറയുന്നതല്ല. സത്യം പറയുന്നതാണ്. സർ, മുൻ ഭരണാധികാരികളായിരുന്ന ബ്രാഹ്മണ ദിവാൻജിയേയും, നായർ ദിവാൻജിയേയും, യൂറോപ്യൻ ദിവാൻജിയേയും, നാട്ടുകാരൻസായിപ്പ് വാട്സ്ദിവാൻജിയേയും, മുസ്ലീം ദിവാൻജിയേയും, ജനകീയ നായർമന്ത്രിമാരെയും, ഈഴവമന്ത്രിമാരെയും, ക്രിസ്ത്യൻ മന്ത്രിമാരെയുമെല്ലാം സേവിച്ചിട്ടുണ്ടു്. സേവിച്ചിട്ടുണ്ടെന്നു് പറയുന്നതു് അടുത്തിട്ടുണ്ടെന്നും വിശ്വസിച്ചിട്ടുണ്ടെന്നും സ്നേഹിച്ചിട്ടുണ്ടെന്നും ധരിച്ചാൽ മതി. ആരോടും ഒരു സെൻറ ഭൂമിപോലും സ്വന്തമായി പതിച്ചോ കുത്തകപ്പാട്ടത്തിനായിട്ടോ വാങ്ങിയിട്ടില്ല. അപേക്ഷിക്കാതിരുന്നില്ല; ആരും തന്നിട്ടില്ലെന്നുള്ളതു് പരമാർത്ഥമാണ്. വനഭൂമി വിതരണത്തിൽ വന്നി

[ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി]

ട്ടുള്ള അഴിമതികളെപ്പററി അന്വേഷിക്കാനും ഭൂമി തിട്ടപ്പെടുത്തുവാനും തീരുമാനിച്ചിട്ടുള്ളതായി അറിയുന്നതിൽ സന്തോഷിക്കുന്നു. സർ, വെള്ളായണിക്കായലും കഠിനംകുളം കായലും, എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട തലയാഴം, വെച്ചൂർ കരിനിലങ്ങളും, അമ്പലപ്പുഴതാലൂക്കിലെ കരിനിലങ്ങളും എല്ലാം പതിച്ചും പാട്ടത്തിനും നൽകിയല്ലോ. ഇവിടെ ഭൂമിയില്ലാത്തവർക്ക് ആർക്കെങ്കിലും ഭൂമി കൊടുത്തിട്ടുണ്ടോ?. അതിനെപ്പററി അന്വേഷിച്ചിട്ടുണ്ടോ? ഇല്ലെന്നുള്ളതല്ലേ പരമാർത്ഥം. ഇതു മതിയോ യെന്നാണ് ഞാൻ ചോദിക്കുന്നതു്? നെയ്യാററിൻകരതാലൂക്കിലെ ആയിരക്കണക്കിനു കാണിപ്പററനിലങ്ങൾ വീതിച്ചു നൽകിയിട്ടില്ലേ? ഇതിൽ ഭൂമിയില്ലാത്തവർക്കും നവശസമുദായക്രിസ്ത്യാനികൾക്കും അധഃകൃതവർഗ്ഗക്കാർക്കും ഭൂമി വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ ? ഇതെല്ലാമാണ് കുറ്റാംകുളികളെന്നു് ഞാൻ പറയുന്നതു്. ഡെമോക്രസി, പറയുന്നതല്ലാതെ പ്രയോഗിക്കുന്നതായി കാണുന്നില്ല. ഇന്നും ഈ നില തുടരുന്നതു് പരമകഷ്ടമെന്നല്ലാതെ മറെറാന്നും പറയാൻ തോന്നുന്നില്ല. ഈ പോക്കു് ആപത്കരമാണെന്നു് അധികാരികൾ ഇനിയുമെങ്കിലും ധരിക്കേണ്ടതാണ്. നയപരിപാടികൾ മാററി പുതുക്കണം. നീതിക്കുവേണ്ടി നില കൊള്ളണം. നീറുന്ന ജനതയെ സമാധാനപ്പെടുത്തണം. ഭരണകക്ഷിയായ പി. എസ്സ്. പി. ഗവണ്മെൻറ് ന്യായാന്യായവിവേചനാപടുത്വം പ്രകടമാക്കണം. പി. എസ്സ്. പി.-യെ പിൻതാങ്ങുന്ന പ്രബലകാൺഗ്രസ്സ് കക്ഷിയിലെ ഒരംഗമെന്നനിലയിലും കൂടെ ഞാൻ ഇതു പറയുന്നതാണ്, ആവശ്യപ്പെടുന്നതാണ്. ശ്രീ. ജവഹരിലാൽ നെഹ്റുവിൻെറ ജൈത്രയാത്രയെപ്പററി—നമ്മെ നേരിടുന്ന ദാരിദ്ര്യത്തിൻെറയും അരിഷ്ടതയുടെയും നേർക്കുള്ള ധീര നിലപാടിനെപ്പററി—നമ്മൾ വായിച്ചുകഴിഞ്ഞിട്ടുള്ളതാണല്ലോ. ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലാതെ അടകുടിക്കാരായി കഴിയുന്നവരിൽ ഭൂരിഭാഗവും അധഃകൃതവർഗ്ഗക്കാരാണ്. ഇവരുടെ പുരാതനനിലയെപ്പററി അനുസ്മരിക്കുന്നുണ്ടോ ? ഇവർ സാക്ഷാൽ ആദിദ്രാവിഡവംശപരമ്പരകളാണ്. ഈ രാജ്യം തന്നെ ഇവരുടെ സ്വന്തമായിരുന്നില്ലേ? ഇതിനെല്ലാം പൂർവ്വചരിത്രങ്ങളില്ലേ? പുലയനാർകോട്ടയുടെയും വേളിക്കായലിൻെറയും, തിരുവനന്തപുരത്തിൻെറയും, നന്തൻകോടിൻെറയും, കുറവങ്കോണത്തിൻെറയും, ചാന്നൂരിൻെറയും, പുലമണ്ണിൻെറയും, പറക്കോടിൻെറയും, കോതനല്ലൂരിൻെറയും, കോതമംഗലത്തിൻെറയും, പുലക്കടവിൻെറയും എല്ലാം പൂർവ്വചരിത്രങ്ങൾ ഇന്നു് മറക്കപ്പെട്ടിരിക്കുകയാണ്. ഇവയെല്ലാം തിരിച്ചുകിട്ടണമെന്നല്ല ഞാൻ വാദിക്കുന്നതു്. പുരാതനത്വം, അവകാശകാര്യം ഇതെല്ലാമുള്ള അധഃകൃതർക്കു് കുടികിടപ്പിനുപോലും പ്രയാസമായി വന്നാലുള്ള അവസ്ഥാന്തരങ്ങളെ ഓർത്തു പറഞ്ഞുപോയെന്നേയുള്ളു. വന്നവരുടെ വൻപിച്ച വാദവും വീറും കേൾക്കാനും കാണാനും ഇടവന്നിരിക്കുകയാൽ, ഇതെല്ലാം സ്മരണയിൽ വന്നുപോയി, പറഞ്ഞുപോയിയെന്നേയുള്ളു. ഇതെല്ലാംതന്നെ അതിശ്രദ്ധേയമായ സംഭവങ്ങൾ തന്നെയാണ്. ഇതെല്ലാം പുതുമയിലേയ്ക്കു അവശ്യം വന്നിട്ടുള്ള പഴമകളാകയാൽ എടുത്തുപറയുവാൻ ഞാൻ പ്രേരിതനായിതീർന്നിട്ടുള്ളതാകുന്നു. അധഃകൃതവർഗ്ഗക്കാരുടെ ഉദ്ധാരണകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു പ്രത്യേകം വിഷയമായിട്ടുള്ള കാലമാണല്ലോ ഇതു് അതിനാൽ ഇവരുടെ അതിദയനീയമായ നിലയ്ക്കു തക്ക പരി

ഹാരം കാണാൻ ഒരു ഉറച്ച നിലപാടു് സ്വീകരിക്കേണ്ടതാണു്. അതിനു് ഗവണ്മെൻറു് തയ്യാറാകണം. ഇതിനെല്ലാം പല വിധത്തിൽ അസഹ്യതയ്ക്കു് ഇടനൽകുമെന്നുള്ളതുകൊണ്ടു് ഇക്കാര്യം ഇങ്ങനെ ഉറപ്പിച്ചു പറയുന്നതാണു്. പാർട്ടികൾ പ്രസംഗങ്ങൾകൊണ്ടുമാത്രം ഇവരെ സംതൃപ്തരാക്കുകയാണു്. ഗവണ്മെൻറു് ഇക്കാര്യം സൂക്ഷ്മമായി വീക്ഷിച്ചാൽ കാണാൻ കഴിയുന്നതാണു്. അവശത, അവശത! എവിടെ നോക്കിയാലും അവശത. ഇങ്ങനെ ഈ വലിയ ജനത നീങ്ങുകയാണു്. ഗവണ്മെൻറിൻെറ ഇന്നത്തെ സഹായങ്ങൾ കേവലം പരിമിതങ്ങളാണു്. ഇതുകൊണ്ടുമാത്രം പരിഹാരം വരുത്താൻ സാദ്ധ്യമല്ല.

മി. സ്പീക്കർ: മെംബർ വിഷയത്തിൽനിന്നും വളരെ അകന്നുപോകുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഇനിയും ഞാൻ ആ വഴി തിരിയുകയില്ല. കാര്യങ്ങളുടെ മറയ്ക്കു പറഞ്ഞുപോയതാണു്. സർ, ഇന്നു് ഗവണ്മെൻറിൻെറ നേരെ വളരെയധികം വിഷമപ്രശ്നങ്ങൾ വരുന്നുണ്ടല്ലോ. വിദ്യാഭ്യാസകാര്യം, വിദ്യാർത്ഥിപ്രശ്നം, ട്രാൻസ്പോർട്ടു തൊഴിലാളകാര്യം, തമിഴ്നാട്ടുകാര്യം ഇതെല്ലാം പലവിധ പ്രത്യാഘാതങ്ങളു ഉണ്ടാക്കുന്നുണ്ടു്. ഇതനെല്ലാം അവധാനപൂർവ്വം പരിഹാരം കഴിയുന്നതും വേഗം ഉണ്ടാക്കണം. രാജ്യത്തെയും ഗവണ്മെൻറിനെയും നിസ്തുലമായി സ്നേഹിക്കുന്നതുകൊണ്ടു്, ജനകീയ സ്വാതന്ത്ര്യത്തെ അനുസ്മരിക്കുന്നതുകൊണ്ടു് ഇതെല്ലാം എടുത്തുപറയുന്നതാണു്. ഇതു് ഹൃദയസ്പൃക്കായ അഭ്യർത്ഥനയാണു്.

മി. സ്പീക്കർ: സമയം............

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഇനി ഞാൻ ദീർഘിപ്പിക്കുന്നില്ല. പിരമിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ നായർ: ഞാൻ ഈ പ്രമേയത്തിൻെറ സാരാംശത്തെ അനുകൂലിക്കുന്നു. ഈ പ്രമേയത്തിലുള്ള സ്ഖലിതങ്ങളേയും വാസ്തവവിരുദ്ധമായ പ്രസ്താവനകളേയും ഞാൻ അനുകൂലിക്കുന്നുവെന്നു് ആരും അർത്ഥമാക്കേണ്ടതില്ല. ശ്രീ. കേശവൻ ശാസ്ത്രി അവർകൾ ഈ ഇടതുപക്ഷ ബെഞ്ചുകളിൽ, പ്രമേയത്തോടു് പ്രതികൂലാഭിപ്രായം ഉണ്ടാകുമെന്നു സംശയിക്കുന്ന രീതിയിൽ പ്രസംഗിക്കുന്നതു കേൾക്കുകയുണ്ടായി. വാസ്തവത്തിൽ ഈ ഭാഗത്തു നിന്നും ഇതിനെപ്പററി ചോദിക്കുന്നതുതന്നെ ഇങ്ങനെ ഒരു ആക്ററു് നിലവിലുണ്ടോ എന്നാണു്. അടകുടി നിരോധന ആക്ററു് ഈ നാട്ടിൽ നിലവിലില്ല. നേരേമറിച്ചു് 1124-ൽ 22-ാം ആക്ററായി പാസ്സാക്കിയ ഒരു കുടിയിറക്ക നിരോധന നിയമം ഈ രാജ്യത്തു് നിലവിലുണ്ടു്. അതു് ശരിയായി ഇവിടെ പ്രവർത്തനം നടത്തുന്നില്ല. ഭൂവുടമകൾ ആ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ചു് അനവധി അടകുടിക്കാരെ ഇന്നു് കുടിയിറക്കിവരുന്നുണ്ടു്. അതുമൂലം സംജാതമായിട്ടുള്ള അസ്വാസ്ഥ്യത്തിനു് പരിഹാരമുണ്ടാക്കണമെന്നു് ഈ നാട്ടിലെ രാജ്യസ്നേഹികളായ എല്ലാ ആളുകളും ആഗ്രഹിക്കുന്നുണ്ടു്. അതുകൊണ്ടാണു് ഈ പ്രമേയത്തിൻെറ സാരാംശത്തെ ഞങ്ങൾ സർവ്വാത്മനാ അനുകൂലിക്കുന്നതു്. തൊഴിലാളിവർഗ്ഗത്തിനു വേണ്ടി ഈ രാജ്യത്തു പൊതു

[ശ്രീ. പി. ഭാസ്കരൻ നായർ]

തുന്നവർ ഇങ്ങനെ ഒരു പ്രമേയം വന്നപ്പോൾ എന്തുകൊണ്ടു് ചോദ്യശരങ്ങൾ ഉന്നയിച്ചു് കലശലായി ശല്യപ്പെടുത്തുന്നു എന്നു ശ്രീ. ശാസ്ത്രിക്കു് തോന്നിയിട്ടുണ്ടെങ്കിൽ അതു് സ്വന്തം തെററുകൾ കാണാനുള്ള കണ്ണു് അദ്ദേഹത്തിനു് ഇല്ലാത്തതുകൊണ്ടാണെന്നാണു് എനിക്കു് തോന്നുന്നതു്. അതെങ്ങനെയുമിരിക്കട്ടെ.

ഈ നാട്ടിൽ ചില പുതിയ ഭൂനിയമങ്ങൾ കൊണ്ടുവരാൻ പോകുന്നു എന്നു കേട്ടതോടുകൂടി ഈ രാജ്യത്തെ വലിയ വലിയ ഭൂസ്വാമികളുടെ ഉള്ളിൽ ഒരു ഒൻപതാം ഉത്സവം ഇളകിയിരിക്കയാണു്. എന്തൊക്കെയോ വരാൻ പോകുന്നു, അതുകൊണ്ടു് കഴിയുന്നത്ര സ്വന്തം പരിരക്ഷകൾ നേടണമെന്നുള്ള ആഗ്രഹത്തോടുകൂടി അവർ എന്തും ചെയ്യുന്നതിനു് ഇന്നു മുതിരുന്നുണ്ടു്. നിത്യവും പാവപ്പെട്ട കുടികിടപ്പുകാരെ ഇറക്കിവിട്ടു് വഴിയാധാരമാക്കുന്ന ഒരവസ്ഥ ഈ നാട്ടിലെ നാനാഭാഗങ്ങളിലും ഭൂസ്വാമികൾ ഉണ്ടാക്കിവരുന്നുണ്ടു്. അതിനെ സംബന്ധിക്കുന്ന ചില പ്രധാന കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ കുടികിടപ്പുകാരിൽ ഭൂരിഭാഗവും കാർഷികതൊഴിലാളികളും വ്യാവസായികതൊഴിലാളികളുമാണു്. അതിൽ വളരെ ഏറെ ആളുകൾക്കു് എഴുത്തും വായനയും വശമില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അങ്ങനെയുള്ളവരോടു് ചില രേഖകൾ ഒപ്പിടുന്നതിനു് ഭൂസ്വാമികൾ നിർബന്ധിക്കാറുണ്ടു്. ആ നിർബന്ധം ചിലപ്പോൾ ദേഹോപദ്രവം ഏല്പിച്ചുപോലും നടത്തുക പതിവാണു്. പരിതഃസ്ഥിതികളുടെ സമ്മർദ്ദംമൂലം എന്തു രേഖകളാണു് ഒപ്പിടുന്നതെന്നറിയാതെ പാവപ്പെട്ട അടകുടിക്കാർ ചില പ്രമാണങ്ങൾ ഒപ്പിടാൻ നിർബന്ധിതരാകുന്നുണ്ടു്. ഇങ്ങനെ ഒപ്പുവച്ചു കൊടുക്കാത്ത സന്ദർഭങ്ങളിൽപോലും വളരെ വളരെ കൃത്രിമമായി കള്ളക്കേസുകൾ സൃഷ്ടിച്ചു് അടകുടിക്കാരെ വഴിയാധാരമാക്കുന്നതിനു് ഇന്നു് പല ശ്രമങ്ങളും നടക്കുന്നുണ്ടു്. എനിക്കുതന്നെ നേരിട്ടറിയാവുന്ന കുറെ സംഭവങ്ങൾ ഉണ്ടു്. ഒരു കുടികിടപ്പുകാരനെ ഒഴിപ്പിക്കുന്നതിനു വേണ്ടി വസ്തു ഉടമസ്ഥൻ എടുത്ത ഭീഷണികൾക്കു് കുടികിടപ്പുകാരൻ വഴങ്ങുന്നില്ലെന്നുകണ്ടു പെട്ടെന്നു് ഒരു ദിവസം മുൻസിഫ്കോടതിയിൽ ഒരു കേസു് ഫയൽ ചെയ്യുകയാണുണ്ടായതു്. കുടികിടപ്പുകാരൻ എഴുതികൊടുക്കാത്ത ഒരു കള്ളപ്രമാണം കോടതിയിൽ വാടകച്ചീട്ടായി ഹാജരാക്കി. നാലഞ്ചു കൊല്ലം പഴക്കമുള്ള ഒരു വാടകച്ചീട്ടു് 8 അണ പത്രത്തിൽ കൃത്രിമമായി ഉണ്ടാക്കിയാണു് കേസു് ഫയൽ ചെയ്തതു്. മുനിസിഫ്കോടതിയിൽ നിന്നും കുടികിടപ്പുകാരനു് കേസു് നടക്കുന്ന വിവരംപോലും അറിയുന്നതിനു സംഗതിയായില്ല. കാരണം ശിപായിക്കു് കൈക്കൂലി കൊടുത്തു് നോട്ടീസു് വസ്തു ഉടമസ്ഥൻ മടക്കിച്ചു എന്നുള്ളതാണു്. ഒടുവിൽ കുടികിടപ്പുകാരൻ അറിയാതെ എക്സ്പാർട്ടിയായി വിധി ഉണ്ടായി. ആ വാടകക്കുടിശ്ശികയ്ക്കു് വിധി സമ്പാദിച്ചു് പാവപ്പെട്ട ആ അടകുടിക്കാരനു് ആകെ സമ്പത്തായി ഉണ്ടായിരുന്ന ഒരൊററ പശുക്കിടാവിനെ ജപ്തി ചെയ്യുന്നതിനുള്ള വാറണ്ടുമായി ആമീനും പോലീസുകാരും അയാളുടെ വീട്ടിൽ എത്തിയപ്പോഴാണു് ഇങ്ങനെ ഒരു കേസു് ഉണ്ടായി എന്നുള്ള വിവരംപോലും അയാൾക്കു് അറിയുന്നതിനു കഴിഞ്ഞതു്. ആ നിലയിൽ അയാൾ അവിടെ നിന്നും കുടിയിറങ്ങിക്കൊടുക്കേണ്ടിവന്നു.

ഈ മാതിരി സംഭവങ്ങൾ നാട്ടിൽ പലയിടത്തും ആവർത്തിക്കപ്പെടുന്നുണ്ട്. ഒരുമാസത്തിനു മുമ്പ് കോട്ടയം ടൌണിൽ ഒരു ചിറയിൽ താമസിച്ചിരുന്ന ഒരു കുടികിടപ്പുകാരനെ വസ്തു ഉടമസ്ഥൻ ഒഴിപ്പിക്കുന്നതിന് ശ്രമം നടത്തിയതു് എന്റെ ശ്രദ്ധയിൽപ്പെടാനിടയായി. അവിടെ വെള്ളപ്പൊക്കം വന്നു. ഭൂമിയോടു കുമ്പിട്ടുനിൽക്കുന്ന കുടിലിൽ വെള്ളം കയറി. മറ്റൊരു സ്ഥലത്തേക്ക് അടകുടിക്കാരൻ താമസം മാറേണ്ടിവന്നു. അങ്ങനെ താമസം മാറിയ ശേഷം വെള്ളം ഇറങ്ങിയപ്പോൾ, പഴയ സ്ഥലത്തു താമസിക്കാനായി അയാൾ തിരിച്ചുചെന്നു. അപ്പോൾ കുടിൽ വെള്ളപ്പൊക്കത്തിൽപ്പെട്ടു് ഒലിച്ചുപോയിരുന്നു. അയാൾ വീണ്ടും അവിടെ ഒരു കുടിൽവയ്ക്കുന്നതിനു ശ്രമിച്ചപ്പോൾ പോലീസുകാരെക്കൊണ്ടാണ് ഭൂവുടമസ്ഥൻ അയാളെ നേരിട്ടതു്. എന്തായാലും, നാട്ടുകാരുടെ സംഘടിതമായ ശ്രമംകൊണ്ടു് കുടിൽകെട്ടി അവിടെ താമസിക്കാനുള്ള അവകാശം അയാൾക്കു പരിരക്ഷിക്കാൻ കഴിഞ്ഞു. പോലീസും ഭൂമിയുടമസ്ഥനും ഒന്നിച്ചുചേർന്നുകൊണ്ടു് അയാളെ അവിടെ * നിന്നും ഒഴിപ്പിക്കുന്നതിനു പല ശ്രമങ്ങളും നടത്തുകയുണ്ടായി. ഇതു് ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു കാര്യമാണ്.

കുടികിടപ്പു നിരോധന നിയമത്തിലുള്ള പഴുതുകൾ നിരവധിയാണ്. ആ പഴുതുകൾ മുഴവനും യാതൊരു ദാക്ഷിണ്യവും കൂടാതെ ഉപയോഗിക്കുന്നതിനു ഭൂവുടമകൾ തീവ്രമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ പുതുതായി അവതരിപ്പിക്കപ്പെടുന്ന ഭൂനിയമം എത്ര കാലംകൊണ്ടാണ് നടപ്പിൽവരാൻപോകുന്നതെന്ന് നമുക്ക് നിശ്ചയമില്ല. അതുകൊണ്ടു് ഇപ്പോൾ ഒരുകാര്യം ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്. ആ നിയമം നടപ്പിലാകുന്നതിനു മുമ്പ് വളരെ ദ്രുതഗതിയിൽ നടക്കുന്ന കുടിയൊഴിപ്പിക്കലിനെ തടയുന്നതിനുവേണ്ടി ഒരു ആർഡിനൻസ് അടിയന്തിരമായി പുറപ്പെടുവിക്കാൻ ഈ ഗവണ്മെന്റു ശ്രദ്ധിക്കണം. അങ്ങനെ ചെയ്യില്ലെങ്കിൽ കുടികിടപ്പുകാരെ സംരക്ഷിക്കുന്നതിനുള്ള കർശനമായ ഒരു നിയമം ഈ നാട്ടിൽ ഉണ്ടാകുന്നതിനു മുമ്പു തന്നെ കുടികിടപ്പുകാർ ഈ നാട്ടിൽ ഇല്ലാതാകുന്ന ഒരു സ്ഥിതിഗതിയിലേയ്ക്കാണ് ഈ നാട്ട് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

വനഭൂമികളിൽ അനധികൃതമായി കയ്യേറ്റം എന്നു പറഞ്ഞുകൊണ്ടു് ഗവണ്മെന്റുതന്നെ കുടിയിറക്കുന്നതിന് ഒരു ശ്രമം നടത്തുന്നുണ്ടു്. നമ്മുടെ വനങ്ങളിൽ വളരെ വളരെ സ്ഥലങ്ങളിൽ അനധികൃതമായ കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതു് ഒരു വാസ്തവമാണ്. പക്ഷെ ഒരു കാര്യം നാം സ്മരിക്കണം. അതായതു്, ഈ അനധികൃതകയ്യേറ്റം നടത്തിയിട്ടുള്ളതു് ഭൂരിഭാഗവും വമ്പിച്ച സ്വത്തുടമകളാണ്. അവർ വനങ്ങളിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലും അനേകം ഏക്കർ സ്ഥലം സ്വന്തമായി കാണും. അതേയവസരത്തിൽ സ്വന്തമായി ഒരിഞ്ചുഭൂമിപോലുമില്ലാത്ത യഥാർത്ഥ മണ്ണിന്റെ മക്കൾ, മണ്ണിനോടു് മല്ലിട്ടു് ജീവസന്ധാരണം ചെയ്യുന്നതിനായി മററു മാർഗ്ഗങ്ങളൊന്നുമില്ലാതെ വനങ്ങളിൽപ്പോയ കാട്ടാനയോടും കടുവായോടും മല്ലടിച്ചു്, വനാന്തരങ്ങൾ വെട്ടിത്തെളിച്ചു് കൃഷിഭൂമിയാക്കിയിട്ടുണ്ടു്, ഒരുപക്ഷെ, അവരുടെ കൈവശം രേഖകളൊന്നും

[ശ്രീ. പി. ഭാസ്കരൻ നായർ]

കാണുകയില്ല. എന്നാൽ നാട്ടിൽ പലതും ഉണ്ടായിരുന്നതു് മുഴുവൻ കൊടുത്താണു്, അന്നു് യാതൊന്നും വേതനമായി ഭൂമി പതിച്ചു കിട്ടിയിരുന്ന ആളുകളിൽ നിന്നും വനഭൂമി വാങ്ങിയിട്ടുള്ളതു്. അങ്ങനെയുള്ള പാവപ്പെട്ട യഥാർത്ഥ കൃഷിക്കാർ അനധികൃതമായി ഭൂമി കയ്യേറിയവരാണെന്നുള്ള കാരണം പറഞ്ഞു് അവരെ ഇറക്കിവിടുന്നതു് മനുഷ്യത്വപരമായിട്ടുള്ള ഒരു നീതിയായി വിധിക്കും. അതുകൊണ്ടു് അനധികൃതമായി വനഭൂമിയിൽ പ്രവേശിച്ചവരെ ഇറക്കിവിടും എന്ന ഗവണ്മെന്റിന്റെ നയം കുറച്ചുകൂടി മയപ്പെടുത്തി യഥാർത്ഥ കർഷകർ ആരാണെന്നു നോക്കി പ്രവർത്തിക്കണമെന്നാണു് എനിക്കു് ഗവണ്മെന്റിനോടപേക്ഷിക്കുവാനുള്ളതു്.

മുകുന്ദപുരം താലൂക്കിൽ കോടശ്ശേരി വില്ലേജിൽ ഏതാണ്ടു് അഞ്ഞൂറോളം കുടുംബങ്ങളെ—അതിൽ ഭൂരിഭാഗവും കർഷകതൊഴിലാളി കുടുംബങ്ങളാണു്— ഫാറസ്റ്റ് പുറമ്പോക്കിൽ പ്രവേശിച്ചു എന്നുള്ള കാരണം പറഞ്ഞു് ഇറക്കിവിട്ടിരിക്കുകയാണു്. അവരുടെ വീടുകൾ പലതും ഫാറസ്റ്റുദ്യോഗസ്ഥന്മാർ ചുട്ടുകരിക്കുകയാണുണ്ടായതു്. ഇങ്ങനെ ഗവണ്മെന്റ് ഭാഗത്തുനിന്നുതന്നെ കുടിയിറക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. ഭൂമി ഉടമസ്ഥന്മാരും അതു നോക്കി നില്ക്കുകൊള്ളുന്നു എന്നുള്ള കാര്യവും ഗവണ്മെന്റ് മനസ്സിലാക്കേണ്ടതാണു്. കാൺഗ്രസ്സ് ഗവണ്മെന്റ് 1952-53-ൽ ഏതാണ്ടു് ഒരു ലക്ഷത്തോളം രൂപ വനഭൂമികൾ കയ്യേറിയവരെ ഇറക്കിവിടുന്നതിനായി ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നു. അങ്ങനെ ഗവണ്മെന്റ് നേരിട്ടു കുടിയിറക്കിവിടുകയാണെങ്കിൽ ഞങ്ങൾക്കെന്തുകൊണ്ടു് കുടിയിറക്കിവിട്ടുകൂടാ എന്നു ഭൂമി ഉടമസ്ഥന്മാർ കരുതി നാടൊട്ടുക്കു് കുടിയിറക്കു നടത്തിക്കൊണ്ടിരുന്നു. സാധാരണക്കാരായ പാവപ്പെട്ട കർഷകരെയും തൊഴിലാളികളെയും വളരെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്ന ഈ രാജ്യത്തെ നീറുന്ന ഒരു പ്രശ്നമാണു് ഇന്നു് ഈ നാടൊട്ടുക്കു് നടക്കുന്നതായ കുടിയിറക്കുകൾ. അതിനെപ്പറ്റി അതിഗൗരവമായി ഗവണ്മെന്റ് ശ്രദ്ധിക്കണം. വനം കയ്യേറിയിട്ടുള്ളവരുടെ പേരിൽ വേറെ സ്ഥലങ്ങൾ ഉണ്ടോ എന്നന്വേഷിച്ചതിനുശേഷം അങ്ങനെ അവർക്കു വേറെ സ്ഥലം ഇല്ല എന്നു ബോദ്ധ്യപ്പെടുന്നപക്ഷം അവരെ ഇറക്കിവിടരുതു് എന്നു് എനിക്കു് ഒന്നുകൂടി ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുവാനുണ്ടു്. ഈ പാവപ്പെട്ട കുടികിടപ്പുകാർ പൊതുവേ പട്ടിണിക്കാരാണു്. ഭൂമി ഉടമകളാണെങ്കിൽ അവർ നാട്ടിലെ പ്രമാണികളുമായിരിക്കും. അവർ സഹായത്തിനായി വിളിക്കുന്ന അവരുടെ അനുയായികൾ എന്തു ഹീനകൃത്യങ്ങളും ചെയ്യുന്നതിനും സന്നദ്ധരായി കാണാറുണ്ടു്. ഒരു രാത്രി കൊണ്ടുതന്നെ, വേണമെന്നാൽ പാവപ്പെട്ട കുടികിടപ്പുകാരന്റെ പേരിൽ ദേഷ്യമുണ്ടെങ്കിൽ പിറ്റേദിവസം സൂര്യോദയത്തിനു മുമ്പു് അവന്റെ പുര നിന്ന സ്ഥലത്തു് വാഴയോ തെങ്ങോ മുതലായവ വച്ചുപിടിപ്പിച്ചിരിക്കും. അങ്ങനെയുള്ള കാര്യങ്ങളിൽ പോലീസിന്റെ തുണയും ഉണ്ടാകാറുണ്ടു്. നാട്ടുപ്രമാണികൾക്കു് പോലീസിനെ എന്തെങ്കിലും കൈക്കൂലിയും മററും കൊടുത്തു സ്വാധീനപ്പെടുത്തുവാൻ കഴിയും. ഇതു് സത്വരമായി ഗവണ്മെന്റ് തടയേണ്ട ഒരു കാര്യമാണു്. ഈ വക കാര്യങ്ങളിൽ ഗവണ്മെന്റിന്റെ സത്വരശ്രദ്ധ പതിയണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാനീപ്രമേയത്തെ അനുകൂലിക്കുന്നു.

[ശ്രീ. പി. എം. മക്കോസ്]

അതുപോലെ മറെറാരു കാര്യം. ഇവിടത്തെ അധഃകൃതരുടെ സംരക്ഷണത്തിനുവേണ്ടി സർ സി. പി. രാമസ്വാമി അയ്യർ—അദ്ദേഹം കിരാതഭരണം നടത്തി എന്നാണല്ലോ പറയുന്നത് എങ്കിലും—അദ്ദേഹം ചെയ്തിട്ടുള്ള ഒരു കാര്യം എന്റെ ഓർമ്മയിൽ വരുന്നു. അധഃകൃതരായവരുടെ സംരക്ഷണത്തിനായിട്ട് ഒരു അധഃകൃത സംരക്ഷണഡിപ്പാർട്ട്മെൻറുണ്ടാക്കുകയും ഭൂമിയില്ലാത്തവക്ക് സൗജന്യനിരക്കിൽ ഭൂമി പതിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു പതിവുണ്ടാക്കിയിരുന്നു. ആ കിരാതൻ ഇന്നത്തെ ചില മുതലാളിമാരെപ്പോലെ ഉള്ള കിരാതസമ്പ്രദായമല്ലാ പാവങ്ങളോട് എടുത്തിരുന്നതെന്നാണ് ഞാൻ പറയുന്നത്. ദിവാൻജിമാർ പൊതുവേ പാവപ്പെട്ടവരോടു കരുണ കാണിച്ച് അവക്കാവശ്യമായ രക്ഷാവ്യവസ്ഥകൾ ചെയ്തുകൊടുത്തിട്ടുണ്ട് എന്ന് ഇന്നിവിടെ ഇരിക്കുന്നവരിൽ പലക്കും അറിയാം. യാതൊരു സൗജന്യപതിവുഭൂമിയും കൈമാററം ചെയ്യാൻ പാടില്ലാത്തവിധത്തിൽ ആണ് അന്നു പാവപ്പെട്ടവക്ക് പതിച്ചുകൊടുത്തിരുന്നത്. അത് അവക്കുതന്നെ തീറു കൊടുക്കുമെന്നായിരുന്നു ഉത്തരവ്, രക്ഷാവ്യവസ്ഥ എന്ന് എനിക്കറിയാം. അങ്ങനെ അനേക പാവങ്ങൾ സൗജന്യമായി സ്ഥലങ്ങൾ പതിച്ചുവാങ്ങിയാണ് ഇന്നുവരെയും സുഖമായി ജീവിച്ചുവരുന്നത്. അങ്ങിനെയുള്ള സ്ഥലങ്ങൾ സാധുക്കളെ കബളിപ്പിച്ച് ആരും വാങ്ങിക്കാൻ പോകാതിരിക്കത്തക്ക വ്യവസ്ഥയോടുകൂടിയാണ് സർ, സി. പി. രാമസ്വാമി അയ്യർ ചെയ്തിരിക്കുന്നത്. എന്നാൽ ഇന്നത്തെ ജനകീയഗവണ്മെൻറ പാവപ്പെട്ടവരോടു ചെയ്യുന്ന പ്രവൃത്തിയെപ്പററി, അവർ അനുഭവിക്കുന്ന ദുരിതങ്ങളെപ്പററി സ്വല്പം പറയാതിരിക്കുവാൻ നിവൃത്തിയില്ല.

സർ, വാസ്തവം പറയുകയാണെങ്കിൽ കോട്ടയത്ത് 'ചേരമർ ഗ്രാമം' എന്നു പറയുന്ന ചേരമർ താമസിക്കുന്ന ആറ് ഏക്കർ ഭൂമിയുള്ള ഒരു ഗ്രാമം ഉണ്ട്. അൻപതു വർഷമായി മുപ്പത്തിരണ്ടു കുടുംബങ്ങൾ അവിടെ കുടിപാത്തു ദേഹണ്ഡങ്ങൾ ചെയ്തുവരികയായിരുന്നു. ഏതാണ്ടു രണ്ടു വർഷങ്ങൾക്കുമുമ്പ് അവരെ അവിടെനിന്നും ഇറക്കി വിട്ടിട്ടുള്ളതായറിയാം. അത് അന്നത്തെ ഗവണ്മെൻറ് ഇറക്കിവിട്ടിട്ടുള്ളതുമാണ്. ആരുടെ പരാതി പ്രകാരമോ എന്നറിവില്ല. അവിടെ താമസിച്ചിരുന്ന 32 കുടുംബാംഗങ്ങളെ നാലര സെൻറ വീതം ഭൂമി കൊടുത്തു ബാക്കിയിൽനിന്നും ഇറക്കിവിടുകയാണ് ചെയ്തിട്ടുള്ളത്. പത്തോ പന്ത്രണ്ടോ വീതം അംഗങ്ങളുള്ള 27 കുടുംബങ്ങൾ, അങ്ങിനെ നാലര സെൻറ ഭൂമിവീതം കൊടുത്തു മാററപ്പെട്ടു. ഇവിടത്തെ ഭരണകക്ഷിയും ബഹുമാനപ്പെട്ട മന്ത്രിമാരും സ്ഥലത്തു വന്ന് അഭിപ്രായപ്പെട്ടതാണ് നിങ്ങൾക്കു പത്തു സെൻറ സ്ഥലം വീതം തരാമെന്ന്. ആ സമയം എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ഭാസിയും അവിടെയുണ്ടായിരുന്നുകാണും. എങ്ങനെയോ അവക്ക് ഒടുവിൽ കിട്ടിയത് നാലര സെൻറാണ്. അതിനും അവക്ക് യഥാർത്ഥ പ്രമാണവുമില്ല. ജന്മി-മുതലാളിമാർ വാസ്തവത്തിൽ പണ്ട് പുലയന് ആധാരം എഴുതിക്കൊടുത്തതുപോലെ 'തിന്നാതെ തികയാതെ' എന്ന പ്രമാണമാണു കൊടുത്തിട്ടുള്ളത്. ഇന്നവരോടു ചോദിക്കുകയാണെങ്കിൽ അവർ പറയുന്നത് വസ്തുവെ സംബന്ധിച്ചിടത്തോളം മുനിസിപ്പൽ കമ്മീഷണറും, തഹശീൽദാരും ഡി. സി. സി. പ്രസിഡൻറും ഡി. എസ്സ്. പി. യും ഒക്കെ വന്നു

നിന്നാണ് നാലര സെൻറ ഭൂമി വീതം ഞങ്ങൾക്ക് തന്നിട്ടുള്ളതെന്നു പറയും. പുര പൊളിക്കാൻ റിസർവ്വ പോലീസ് ചെന്നുനിന്നുകൊണ്ട്, അവരോട് ചോദിക്കുകയാണ് നിങ്ങൾതന്നെ പുരകൾ പൊളിക്കുന്നോ ഞങ്ങൾ പൊളിയ്ക്കണമോ എന്ന്. അങ്ങിനെ റിസർവ്വപോലീസ് പൊളിച്ചതുകൊണ്ട് വലിയ ദോഷമുണ്ടെന്നുകണ്ട് അവർതന്നെ പൊളിച്ചുകൊള്ളാമെന്ന് സമ്മതിച്ചു. ഇങ്ങനെ അവരെ അവിടെനിന്നും ഭയപ്പെടുത്തി ഇറക്കിവിട്ട് ഇവിടെ മാററി താമസിപ്പിക്കയും ചെയ്തു. ഇപ്പോൾ അവർ ഏതു വ്യവസ്ഥയിലാണ് ഇവിടെ താമസിക്കുന്നതു് എന്നതിനും ഒരു പ്രമാണവും ന്യായമായി കിട്ടീട്ടില്ല. അങ്ങിനെ ഇറക്കുകയും കയററുകയും ചെയ്തു 27 കുടുംബങ്ങൾ കഴിച്ചു ബാക്കി മൂന്നു കുടുംബങ്ങൾക്ക് വേറൊരുഭാഗത്തു്, പട്ടണത്തിൽത്തന്നെ കാച്ചുവലിക്കുന്നു് എന്ന ഒരു ഗവണ്മെൻറവക സ്ഥലത്തു നാലര സെൻറ ഭൂമിവീതം കൊടുത്തു. ബഹുമാനപ്പെട്ട കോട്ടയം മുനിസിപ്പൽ പ്രസിഡൻറ അവർകൾ ഈ ഹാളിൽ കയറിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലും ഞാൻ പറയുകയാണ് ആ മൂന്നു വീടുകളിൽ ഒന്ന് ഈ അടുത്തകാലത്തു് മുനിസിപ്പാലിററിക്കാർ പൊളിച്ചു ദൂരെ കളയുകയാണു ചെയ്തതു്. അപ്പോൾ പുര പൊളിച്ച ഉദ്യോഗസ്ഥന്മാർ അവരോട് ചോദിച്ചു നിങ്ങൾക്കെന്തു പ്രമാണമാണ് ഈ വസ്തുവിനുള്ളതു് എന്ന്. ഉദ്യോഗസ്ഥന്മാർ ഇവിടെ ഞങ്ങളോട് പുരവച്ചു താമസിച്ചുകൊള്ളാൻ പറഞ്ഞതല്ലാതെ യാതൊരു പ്രമാണവുമില്ലെന്നായിരുന്നു സാധുക്കളുടെ മറുപടി. അതുകൊണ്ട് ഇങ്ങനെ പാവപ്പെട്ടവർക്ക് ഏതെങ്കിലും ഗുണം ചെയ്യുന്നെങ്കിൽ ശരിയായ അടിസ്ഥാനത്തിൽ ചെയ്യണം. ആ സ്ഥലത്തുനിന്നും 40 വർഷമായി ഗവണ്മെൻറിനു യാതൊരാദായവും കൈവശവും കിട്ടാതെ മിഷ്യൻ വസ്തുവിൽപ്പെട്ടു കിടക്കയായിരുന്നു. പാവപ്പെട്ടവർ കൃഷിക്ക് സ്ഥലം ഏററുവാങ്ങി വേലചെയ്തു കേറി താമസിച്ചുകഴിഞ്ഞ മാത്രയിൽ അതു ഗവണ്മെൻറവകയാണെന്നു കണ്ടുപിടിച്ചതാണ് വിചിത്രം. അതുവരെ ഈ വസ്തുക്കൾ കണ്ടുപിടിക്കാനുള്ള കഴിവ് ഗവണ്മെൻറിന് ഉണ്ടാവാൻ കഴിഞ്ഞില്ല.

കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ ഇപ്രകാരമുള്ള വസ്തുക്കളെ സംബന്ധിച്ചു ഇവിടെ പല സ്നേഹിതന്മാരും പറയുകയുണ്ടായി. നാല്പതുകൊല്ലം മുമ്പ് ഈ സ്ഥലം മിഷനറിയുടെ വകയാണെന്ന വസ്തുത ഇപ്പോഴാണ് കണ്ടുപിടിക്കപ്പെട്ടിരിക്കുന്നതു്. ഇത്രയും കാലം ഈ പാവപ്പെട്ടവർ അവിടെ ദേഹണ്ഡം ചെയ്തതിനുശേഷമാണ് അതു പുതുവലാണെന്ന് ഗവണ്മെൻറ് മനസ്സിലാക്കുകയും പല അക്രമങ്ങളും ചെയ്തു അവരെ നഷ്ടപ്പെടുത്തുകയും കുടിഇറക്കുകയും ചെയ്തിട്ടുള്ളതു്. അതുപോലെ ഇന്നു പാവപ്പെട്ട ജനങ്ങൾ അനുഭവിക്കുന്ന പല പല ദുരിതങ്ങളെപ്പററിയും വ്യസനത്തോടുകൂടി എനിക്കു പറയാനുണ്ട്. അങ്ങനെ പാവപ്പെട്ട ജനങ്ങൾക്ക് എൻെറ സ്നേഹിതൻ ശ്രീ. ശാസ്ത്രി പറഞ്ഞതുപോലെ ഈ ദുരവസ്ഥയ്ക്കൊരു വിരാമം ഉണ്ടാക്കുവാനപേക്ഷയും ഉണ്ട്.

The House adjourned for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

ശ്രീ. പി. എം. മക്കോസ്: സർ, ഏതൊരു ജീവജാലത്തിനും സ്വന്തമായ ഒരു വിശ്രമസ്ഥലമുണ്ട്. എന്നാൽ നമ്മുടെ

2 P. M.] നാട്ടിലുള്ള പാവങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലെന്നു മാത്രമല്ല, കയറിക്കിടക്കാൻ വീടുപോലുമില്ലാത്ത ഒരവസ്ഥയാണിന്നുള്ളത്. വീടില്ലാത്ത അനവധി സാധുക്കൾ ചില ഭൂവുടമകളുടെ സ്ഥലങ്ങളിൽ വെട്ടിക്കെട്ടിയിട്ടുള്ള ചെററപ്പുരകളിൽ വാടക കൊടുത്തു താമസിക്കുകയാണ്. ഈപ്രകാരം വാടക കൊടുത്തു താമസിക്കുന്ന അനവധി ആളുകൾ നമ്മുടെ സംസ്ഥാനത്തു ധാരാളമായിട്ടുണ്ട്. വിചിത്രമായ വാടകച്ചീട്ടു എഴുതി വാങ്ങിച്ചുകൊണ്ടാണ സാധുക്കളായ ഇക്കൂട്ടരെ അവരുടെ വീട്ടിൽതന്നെ ഭൂവുടമ താമസിക്കാൻ അനുവദിക്കുന്നത്. വാടകച്ചീട്ടു എഴുതിക്കൊടുക്കാതെ യാതൊരു കാരണവശാലും സാധുക്കളെ ആരും അടകുടിസ്ഥലങ്ങളിൽ താമസിപ്പിക്കാറില്ല. ഇങ്ങനെ വാടകച്ചീട്ടുമെഴുതിക്കൊടുത്തു താമസിക്കുന്ന സാധുക്കളിൽനിന്നും, വാടകയുടെ പേരിലൊ, അല്ലെങ്കിൽ മറെറന്തെങ്കിലും കാരണമുണ്ടാക്കിയൊ അവരെ കുടിയിറക്കാൻ ശ്രമിക്കുന്ന ഒരു പതിവുണ്ട്. അതിന് അവർ തടസ്സം പറഞ്ഞാൽ അവരറിയാതെതന്നെ നൂറോ, ഇരുനൂറോ രൂപ വാടകക്കുടിശ്ശികയുള്ളതായി ഒരു കേസു ഫയലാക്കുകയും, അതനുസരിച്ച് ഒരു സുപ്രഭാതത്തിൽ അവരുടെ ചട്ടി, പാനി, പാത്രം തുടങ്ങിയ സാധനസാമഗ്രികൾ ജപ്തി ചെയ്യുന്നതിനായി അധികാരമുള്ള ഉദ്യോഗസ്ഥന്മാർ വന്നു നടപടി നടത്തുകയും ചെയ്യുന്നു. കുഞ്ഞുകുട്ടിപരാധീനങ്ങളോടുകൂടി അടകുടി താമസിക്കുന്ന ഈ സാധുക്കൾക്കു അപ്രതീക്ഷിതമായുണ്ടാകുന്ന ഇത്തരം അനുഭവങ്ങൾനിമിത്തം എന്തെല്ലാം നരകയാതനകൾ പാവപ്പെട്ട ജനങ്ങൾ സഹിക്കേണ്ടിവരുന്നുവെന്നു ചിന്തിച്ചുനോക്കേണ്ടതാണ്. സർ, നിർദ്ദോഷിയായ കുളവിക്ക് തന്റെ വീട്ടിൽ സാമർത്ഥ്യം ഉണ്ട്. എന്നാൽ അതിന്റെ കൂട്ടിൽ കല്ലെറിഞ്ഞു കൂടു കളഞ്ഞതാൽപ്പിന്നെ കുളവിയുടെ ശക്തി ക്ഷയിച്ചു. ഈ ഒരവസ്ഥയാണ് സ്വന്തം ഭൂമിയില്ലാത്ത പാവങ്ങളുടെ അവസ്ഥ. ഇക്കൂട്ടർക്ക് പെട്ടെന്നു കുടിഇറങ്ങി സ്ഥലംവിട്ടു പോകേണ്ടിവരുന്ന സന്ദർഭം ഉണ്ടാകുമ്പോൾ, അതിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി യാതൊരു നടപടിയും നമ്മുടെ ഗവൺമെൻറ എടുത്തുകാണുന്നില്ല. സാധുക്കളായ അടകുടിക്കാരെ സംബന്ധിച്ചു അനവധി കള്ളക്കേസുകൾ ജന്മിമാർ, ഫയൽ ചെയ്തിട്ടുണ്ട്. അടകുടിക്കാരെ ഇറക്കിവിടുന്നതിനുവേണ്ടി മോഷണം, കരാർലംഘനം, വാടകക്കുടിശ്ശിക, തുടങ്ങി ഒരു ലക്ഷത്തിലധികം കേസുകളാണ് ഇന്നു കോടതികളിൽ വിചാരണയിലിരിക്കുന്നത് എന്നാണ് എന്റെ ഉദ്ദേശം. ഇത്രയും കേസുകൾ കോടതികളിൽ വരാൻതന്നെ കാരണം ഇന്നത്തെ ഗവൺമെൻറിന്റെ തൻപിള്ള നയം കലർന്ന നിയമമാണ്. അടകുടിക്കാരനെ ഒരു കാരണത്താലും ബലാൽ ഇറക്കിവിടാൻ പാടില്ലെന്നു കർശനമായി ഒരു വ്യവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല. ഇന്നൊരു കമ്മ്യൂണിസ്ററ നേതാവ് പറഞ്ഞതുപോലെ, ഇറങ്ങടാ എന്നു പറയുമ്പോൾ, ഇറങ്ങാൻ മനസ്സില്ല എന്നു പറയാൻ തക്ക തന്റേടത്തോടുകൂടി കുടികിടപ്പുകാരൻ മുന്നിട്ടുനിന്നാൽ മാത്രമേ പാർട്ടിക്ക് അവനെ സഹായിക്കാൻ കഴിയു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇന്നത്തെ അവസ്ഥയിൽ ഇറങ്ങടാ എന്നു പറഞ്ഞാൽ, ഇറങ്ങിയില്ലെങ്കിൽ, പോലീസുമുഖേന ഇറക്കിവിടുകയാണ ചെയ്യുന്നത്. എതിർത്തു വല്ലതും പറഞ്ഞുപോയാൽ അനുഭവം എന്തായി

രിക്കുമെന്നു ഞാൻ പറയുന്നുമെന്നില്ല. സർ, പാവപ്പെട്ടവർക്കു് ഈയൊരു ദുരന്തഫലം ഉണ്ടാകുന്നതു ഗവണ്മെന്റിന്റെ ഭരണനയത്തിലുള്ള പോരായ്മ കൊണ്ടാണെന്നാണു് എനിക്കു തോന്നുന്നതു്.

സർ, കോട്ടയത്തു റയിൽവേസ്റ്റേഷൻ തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ എടുക്കുകയുണ്ടായി. തുടർന്നു റയിൽവേക്കു സ്ഥലമെടുപ്പു തുടങ്ങി. കൂലിവേലചെയ്തു ഉപജീവനം കഴിക്കുന്ന വളരെ അധികം സാധുക്കളെയാണു ഈ നടപടിമൂലം അവിടെനിന്നും ഇറക്കിവിട്ടിട്ടുള്ളതു്. കോട്ടയം പട്ടണത്തിൽ വളരെക്കാലമായി താമസിച്ചുവരുന്ന ഈ സാധുക്കളെ ഒരു ദിവസംകൊണ്ടാണു ഇറക്കിവിട്ടിരിക്കുന്നതു്. സർ, ഇങ്ങനെ ഇറക്കിവിട്ടതിന്റെ ഫലമായി മിക്കവരും കാടുകളിലേക്കും, മലകളിലേക്കും, പോകുകയും, കുറേപ്പേർ ചന്തക്കാലിത്തൊഴുത്തുകളിലും, തെരുവീഥികളിലും, പീടികത്തിണ്ണകളിലുമായി കഴിയുകയുമാണുണ്ടായിട്ടുള്ളതു്. ഞാൻ മുൻപു പറഞ്ഞതുപോലെ ഇത്തരം അമളികൾ പററിയിട്ടുള്ള സാധുക്കൾ നേരിട്ടും അല്ലാതെയും പല പരാതികളും ഗവണ്മെന്റിന്റെ മുൻപിൽ ബോധിപ്പിച്ചിട്ടും ഒരു ഉദ്യോഗസ്ഥൻപോലും ഈ കാര്യങ്ങളിൽ ഇടപെട്ടു് അന്വേഷിച്ചതായി എനിക്കറിവില്ല. പാവപ്പെട്ടവരുടെ പരാതികൾ കേൾക്കുന്നതിനാരുമില്ല. സർ, ഇതുപോലെ തന്നെ മറെറാരു സംഭവംകൂടി ഇവിടെ ചൂണ്ടിക്കാണിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. തിരുവല്ലാ താലൂക്കിൽ ഇരവിപേരൂർ എന്ന സ്ഥലത്തു് ഒരു ററി. ഒ. ഉമ്മൻ ഉണ്ടു്. അദ്ദേഹം 36,000 ഏക്കർ സ്ഥലം ഒരു കള്ള പ്രമാണം ചമച്ചു്, തന്റെ വസ്തുവാക്കി തീറാധാരം എഴുതി വിററുകൊണ്ടിരിക്കയാണു്. ഈ വസ്തുവിൽ കുറെയധികംഭാഗം വിററുകഴിഞ്ഞിരിക്കുകയാണു്. ഈ വസ്തുക്കൾ മാർത്താണ്ഡവർമ്മ രാജാവു് ഒരു നമ്പൂതിരി കുടുംബത്തിനു് കരംഒഴിവായി കൊടുത്ത വസ്തുവാണെന്നും തനിക്കു ഈ വസ്തു ഇഷ്ടദാനം കിട്ടിയതാണെന്നും സാധാരണ ജനങ്ങളെ വിശ്വസിപ്പിച്ചിരിക്കുകയാണു്. സാധുക്കളായ ഭൂരഹിതതൊഴിലാളികൾക്കു് ഈ വസ്തുവിൽനിന്നും കുറേശ്ശെ സ്ഥലം ഏക്കർ ഒന്നിനു് പത്തു രൂപാ വില വച്ചാണു് ററി. ഒ. ഉമ്മൻ വിററുവരുന്നതു്. ഈ വസ്തു ഇതുവരെ ഗവണ്മെന്റിൽനിന്നും അളക്കുന്നതിനോ വസ്തുവിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനോ തുനിഞ്ഞിട്ടില്ലെന്നാണറിവു്. സർ, ഈ വസ്തു അദ്ദേഹത്തിന്റെ സ്വന്തമാണെന്നു പ്രമാണം കാണിച്ചു് സാധുക്കളെ തെററിദ്ധരിപ്പിച്ചതിന്റെ ഫലമായിട്ടാണു വസ്തു വാങ്ങിക്കാൻ തുടങ്ങിയതു്. ഒരേക്കറിനു് പത്തു രൂപ വിലവച്ചു് കുറെ അധികം ഏക്കർ സ്ഥലം ഈയാൾ വിററിട്ടുണ്ടു്. ഇത്ര വില കുറച്ചു് വസ്തു വിൽക്കാൻ തുടങ്ങിയപ്പോൾത്തന്നെ എനിക്കു പല സംശയങ്ങളുമുണ്ടായി. അതിന്റെ ഫലമായി ഞാൻ ഞങ്ങളിൽപ്പെട്ട ചിലരെ വസ്തു വാങ്ങുന്നതിൽനിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. പക്ഷെ, അവർക്കു എന്നോടു യോജിക്കാൻ സാധിച്ചില്ല. അത്രയും അവർ വശീകരണത്തിൽ പെട്ടിരിക്കയാണു്. കിടക്കാൻ സ്ഥലമില്ലാതെ വിഷമിക്കുന്നവർക്കു് കുറഞ്ഞ വിലയ്ക്കു ഭൂമി കൊടുക്കാൻ ആളുള്ളപ്പോൾ അതു വാങ്ങാതിരിക്കുന്നതു ശരിയല്ലെന്നായിരുന്നു അവരുടെ വാദം. മഹാമനസ്കൻ തരുന്നതാണെന്നാണു് അവരുടെ വിശ്വാസം. എന്നോടും ഈ വസ്തു ആവശ്യമുണ്ടോ എന്നു ചോദിക്കുകയുണ്ടായി. ഞാൻ അതിനു് വഴിപ്പെട്ടില്ലെന്നുമാത്രം. അങ്ങനെ വാങ്ങിച്ചിട്ടുള്ള അൽപ്പട്ടിണിക്കാരെ ഒരു കാലത്തു് അവിടെനിന്നും ഇറക്കാൻ

[ശ്രീ. പി. എം. മക്കോസ്]

ഇടവരാതിരിക്കയില്ലല്ലോ. സർ, ഇവരെ അവിടെനിന്നും ഇറക്കിവിടുക്കാനാണു ഭാവമെങ്കിൽ ഇതിനു ആരാണു കുററക്കാരെന്നു ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നു. സാധുക്കളെ പറഞ്ഞു കബളിപ്പിച്ചതിനും അവർ അപ്പോൾ കുടിയിറക്കപ്പെടുന്ന ഒരു പരിതഃസ്ഥിതി വന്നുചേർന്നിരിക്കുന്നതിനുംപുറമെ ഈ സാധുക്കളുടെ കാര്യം അന്വേഷിക്കാൻ ഒരു ജനായത്തഗവണ്മെൻറ് ഈ രാജ്യത്തില്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്. ശ്രീ. കൊച്ചുകുട്ടൻ മന്ത്രിയായിരുന്ന അവസരത്തിൽ ഇപ്രകാരമുള്ള അനീതിപരമായ സംഭവങ്ങൾ കാണാൻ ഒരു ഹരിജൻ മന്ത്രിയും ഉണ്ടായിരുന്നു. ഇന്നു് അങ്ങനെയും ഒന്നില്ല. ഈ കാര്യങ്ങൾക്കു കേൾപ്പോരും കേൾവിയുമില്ലാതെയാണിരിക്കുന്നതു്. ഇങ്ങനെ പല വസ്തുക്കളും ധനാഢ്യന്മാർ കയ്യടക്കിവച്ചിട്ടുള്ളതു് ഗവണ്മെൻറ് കണ്ടുപിടിച്ചിട്ടില്ല. പാവപ്പെട്ടവരുടെ എന്തും ഗവണ്മെൻറ് ഉടൻ കണ്ടുപിടിക്കും. ഒരു ഉദാഹരണംകൂടി പറയാം. കുന്നത്തുനാട്ടു താലൂക്കിൽ അനേകം വർഷക്കാലമായി പല ധനാഢ്യന്മാർ 3,000-ത്തിൽപ്പരം ഏക്കർ സ്ഥലം ഗവണ്മെൻറുവക കൈശപ്പെടുത്തി വച്ചിരിക്കുന്നതായറിയുന്നു. ധനാഢ്യൻെറ കൈവശമിരുന്ന ഈ സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനു ഗവണ്മെൻറു മുതിരുന്നതായികാണുന്നില്ല. ഏതുപ്രകാരവും അങ്ങനെ സാധുക്കൾ ആ സ്ഥലത്തു് പ്രവേശിച്ചു കുടിൽ കെട്ടി താമസിച്ചു തുടങ്ങിയെന്നറിഞ്ഞാൽ ഗവണ്മെൻറു ആ സ്ഥലം മുഴുവനും പുറംപോക്കുഭൂമിയാണെന്നു പറഞ്ഞുകൊണ്ടു് അവരെ അവിടെനിന്നും ഉടനേതന്നെ ഇറക്കിവിടുന്നതിനു് സത്വരനടപടി സ്വീകരിക്കുമെന്നു് തീർച്ചയാണു്. സർ, സ്ഥലത്തെ അതിനെപ്പററിയുള്ള ഒരു ലിസ്റ്റ് എൻെറ കൈവശം തന്നെയുണ്ടു്. ഏതു വസ്തുവും സാധുക്കളുടെ കൈയിൽ വരുമ്പോൾ അവയൊക്കെ പുറമ്പോക്കുഭൂമിയാകുന്ന പതിവാണിന്നുള്ളതു്. നേരെമറിച്ചു് ധനവാന്മാരുടെ കൈവശമിരിക്കുകയാണെങ്കിൽ ഗവണ്മെൻറു ആ ഭാഗത്തേയ്ക്കു് തിരിഞ്ഞുനോക്കുകപോലും ചെയ്യുകയില്ല. സർ, അങ്ങനെ പല സ്ഥലത്തു് കുടിൽ കെട്ടി പാർത്തിരുന്ന അനവധി സാധുക്കൾ നിരാധാരരായി ഇറക്കിവിടപ്പെട്ടിട്ടുണ്ടു്. പാവപ്പെട്ടവരെ ഉയർത്തേണ്ട കടമ ഗവണ്മെൻറിനാണുള്ളതു്. എന്നാൽ, ഗവണ്മെൻറ് ഇവരെ ഒന്നുകൂടി താഴ്ത്തുകയാണു ചെയ്യുന്നതു്. ചില നിയമംമൂലമാണു് അങ്ങനെ സംഭവിക്കുന്നതു്; മനഃപൂർവ്വമല്ലായിരിക്കാം. കമ്മ്യൂണിസ്ററു പാർട്ടിയിലുള്ള മിക്ക ബഹുമാനപ്പെട്ട മെംബരന്മാരും ഈ സഭയിൽ കുടികിടപ്പുകാരെ ഇറക്കിവിടുന്നതിനെ സംബന്ധിച്ചു് പരാതികൾ ഉന്നയിക്കുകയുണ്ടായി. ഒരു നേരത്തെ ആഹാരത്തിനു പോലും വകയില്ലാത്തവരും, യാതൊരു സമ്പാദ്യവുമില്ലാത്തവരുമായ ഇക്കൂട്ടർ വഴിയിൽക്കൂടി നടക്കുന്നതിനും, അതായതു് പബ്ലിക്ക് റോഡിൽക്കൂടി സഞ്ചരിക്കുന്നതിനും, പള്ളിക്കൂടങ്ങളിലും അഥവാ ചന്തയിൽപ്പോലും പ്രവേശിക്കുന്നതിനു് അനുവാദമില്ലാതെ എത്രയെത്ര നൂററാണ്ടുകൾ ദുരിതം അനുഭവിച്ചിട്ടുള്ളവരാണെന്നു ഞാൻ പറയാതെ തന്നെ ഈ സഭയിലുള്ള എല്ലാവർക്കും അറിയാവുന്നതാണു്. പാവപ്പെട്ടവർക്കുവേണ്ടി ശബ്ദമുയർത്തുന്ന ചിലർ ഇപ്പോൾ ഉണ്ടു്. പാർട്ടി പുരോഗമനമാണു് അവരുടെ ലക്ഷ്യം. അധഃകൃതരായ ഈ സാധുക്കൾ പബ്ലിക്കുറോഡുകളിൽപ്പോലും സഞ്ചരിക്കാൻ അനുവദിക്കപ്പെ

ടാതെ മൃഗങ്ങളെക്കാൾ കേവലമായ ഒരവസ്ഥയിൽ കഴിഞ്ഞുവന്നിരുന്നു. പശു, പട്ടി, പന്നിയും പൂച്ചയും തുടങ്ങിയ മൃഗങ്ങൾക്ക് യഥേഷ്ടം സഞ്ചരിക്കുകയും, ഇഷ്ടംപോലെ പ്രവേശിക്കുകയും ചെയ്യാവുന്ന സ്ഥലത്ത് അധഃകൃതർക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. അക്കാര്യം അറിയാത്തവർ ഈ സഭയിലുണ്ടോ? ഇന്നു അങ്ങനെയുള്ള അവസ്ഥ മാറിയിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഗവണ്മെൻറിൽനിന്നും അധഃകൃതരുടെ ഉന്നമനത്തിനുവേണ്ടി ആണ്ടുതോറും ഒരു വലിയ തുക ബഡ്ജററിൽ നീക്കിവയ്ക്കാറുണ്ട്. പക്ഷെ, അതു ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്നു സംശയമാണ്.

ഈ രാജ്യത്തെ ധർമ്മരാജ്യമെന്നാണു പറയുന്നതു്. കൃഷിചെയ്യാൻ ഭൂമിയില്ലാതെയും കിടപ്പാനിടമില്ലാതെയും അലയുന്ന ഇവിടത്തെ പാവപ്പെട്ടവരോടു ഗവണ്മെൻറു കൂടുതൽ ധർമ്മം കാണിക്കണമെന്നു പറയുന്നതു് വാസ്തവത്തിൽ സംഗതംതന്നെയാണ്. എന്നാൽ അവരുടെ നന്മയ്ക്കുവേണ്ടി ഗവണ്മെൻറു ഫണ്ടിൽനിന്നും വളരെ കുറച്ചുപണം മാത്രമേ ചെലവാക്കുന്നുള്ളു. അങ്ങനെ ചിലവാക്കുന്നപണം പ്രതീക്ഷിക്കപ്പെടാത്ത വണ്ണം പ്രയോജനപ്പെടുന്നുമില്ല. കാരണം ഇന്നത്തെ ചുററുപാടുകൾ അങ്ങനെയാണ്. അതുകൊണ്ട് ഈ പാവപ്പെട്ടവർ പൂർവ്വകാലങ്ങളിൽ ഹിന്ദുമതത്തിൽനിന്നും ക്രിസ്തുമതത്തിലേക്ക് അവരുടെ പ്രാണരക്ഷാർത്ഥം പല മതങ്ങളിലും ഓടിപ്പോയിരുന്നു. ശരിയാണ്, ഇവിടെ പാവപ്പെട്ടവർ ഇല്ലാത്ത ഒരു മതവും കാക്ക ഇരിക്കാത്ത മരവും കാണുകയില്ല. ഈ വർഗ്ഗം എല്ലാ മതങ്ങളിലും കാണപ്പെടുന്നുണ്ട്. ഹിന്ദുക്കളിലും അവശസമുദായമുണ്ട്; ക്രിസ്ത്യാനികളിലും അവശസമുദായമുണ്ട്. തങ്ങൾക്ക് രക്ഷയും അഭയസങ്കേതവും ഏതുമതത്തിൽചെന്നാൽ ഉണ്ടാകും എന്ന് ഓർത്ത് മതം മാറിപോയിട്ടുണ്ട് എന്ന് സമ്മതിക്കുന്നു. ഉഴന്നോടിപോയതിന്റെ ഫലമാണ് ഈ രാജ്യത്തുള്ള 66 മതങ്ങളിലും ഈ പാവപ്പെട്ടവർ ചെന്നുചേർന്നതു്. മനുഷ്യരെ മൃഗങ്ങളെപ്പോലെ എണ്ണി കേവലം അടിമകളാക്കി കരുതി കാളയേയും പോത്തിനേയുംപോലെ കെട്ടിയും പൂട്ടിയും വിററും വിലവാങ്ങിയും ഇവരെ മററുള്ളവർ ഗണിച്ചതിന്റെ ഒരു പരിണതഫലംകൂടിയാണ് പല മതങ്ങളിലും ചെന്നുചേരുവാൻ ഇടയായതു്. ജനകീയംവന്നിട്ടും പ്രായപൂർത്തിവോട്ടവകാശം വന്നിട്ടും അവരുടെ ഈ നിലയ്ക്ക് യാതൊരുവ്യത്യാസവും വന്നിട്ടില്ല. ഇപ്പോഴും അവരെ ഉയർന്ന സമുദായത്തിലുള്ളവർ തല്ലുകയും ആട്ടിഓടിക്കുകയും ചെയ്തുകൊണ്ടിരിക്കയാണ്. അങ്ങനെ ചെയ്യുന്നവരോടു ചോദിക്കുവാൻ ഇന്നും ആളില്ല. സർ, നമ്മുടെ ഭരണഘടനക്കുപോലും എതിരായി, ധിക്കാരമായി ഇവരിൽ ചിലരെ കൂട്ടുപിടിച്ച് ഇവരെക്കൊണ്ടു പല അക്രമപ്രവർത്തികളും ഇവിടത്തെ ചില കമ്മ്യൂണിസ്ററു സ്നേഹിതന്മാർ പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിലും അവരുടെ പേരിൽ ഈ സ്നേഹിതന്മാർ പലപ്പോഴും ഇവിടെ മുറവിളികൂട്ടുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഇവരോടു കരുണയുള്ള ഒററ സ്നേഹിതന്മാർപോലും അക്കൂട്ടത്തിലും ഇല്ല. രണ്ടുമൂന്നു ദിവസമായി ഈ സിക്രട്ടേറിയേററിന്റെ വാതുക്കൽ മഴയും വെയിലും കൊണ്ട് സത്യാഗ്രഹം നടത്തുന്ന വിദ്യാർത്ഥികളെ ഓർത്തു ഞാൻ ചിലപ്പോൾ കരഞ്ഞിട്ടുണ്ട്. ഇവരെ കണ്ടപ്പോൾ ഞാൻ ഓർത്തതു് പല ആനുകൂല്യങ്ങളും ലഭിക്കാത്ത ബഹുശതം അവശക്രിസ്ത്യൻ വിദ്യാർത്ഥി

[ശ്രീ. പി. എം. മർക്കോസ്]

കളെപ്പററിയാണ് അവശവിദ്യാർത്ഥികളുടെ അവശതയ്ക്കുവേണ്ടി ഞങ്ങൾ സത്യാഗ്രഹം നടത്തട്ടോ എന്ന് ഏതാനും മാസങ്ങൾക്കുമുൻപ് എന്നോട് അവർ ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞു നിങ്ങൾ സത്യാഗ്രഹംനടത്തി വിഷമിക്കുന്നതുകണ്ടാൽ നിങ്ങളോട് അനുകമ്പതോന്നുന്ന ഒരാൾപോലും ഈ സ്ഥലത്ത് ഉണ്ടായിരിക്കയില്ല. അതിനാൽ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിച്ചാൽ മതി. ഇതാണ് എൻെറ വിശ്വാസം എന്നും തിരുവല്ലായിൽവച്ച് മന്ത്രി കൊച്ചുകുട്ടൻ ഈശ്വരാ അവശക്രിസ്ത്യാനികൾ ത്രിശങ്കുസ്വർഗ്ഗത്തിൽ എന്നാണ് അദ്ദേഹവും പറഞ്ഞത്. മുഖ്യമന്ത്രിയുടെ മകനോ മരുമകനോ ആണ് സെക്രട്ടറിയേററിൻെറ പടിക്കൽ ഇതുപോലെ കിടന്നിരുന്നെങ്കിൽ എൻെറ രക്തം വെയിൽകൊള്ളുന്നു, എൻെറ രക്തം മഴനനയുന്നു, എൻെറ രക്തം അടികൊള്ളുന്നു, എന്നു കരുതിയെങ്കിലും അവർക്കുവേണ്ടി വല്ലതും ചെയ്യുമായിരുന്നു. അതുകൊണ്ട് ചേരമർ സാംബവർ വിദ്യാർത്ഥികൾ ദൈവത്തെ പ്രാർത്ഥിച്ചാൽ മതി. ദൈവം നമ്മുടെ അവശതകൾ പരിഹരിക്കുമെന്ന് ഞാൻ അവരോടു പറഞ്ഞു.

സർ, 112 തുലാം 27-ാംതീയതി ഇവിടെ ക്ഷേത്രപ്രവേശനവിളംബരമുണ്ടായി. അതോടുകൂടി ഇവരുടെ സാമൂഹ്യമായ അവശതകൾക്ക് ഒട്ടൊക്കെ പരിഹാരം വരുമെന്ന് ഇവർ ആശിച്ചിരുന്നു. സാമുദായികമായി തെല്ലൊരു മേന്മയും ഉയർച്ചയും അതുകൊണ്ടുണ്ടായി എന്നു ഞാൻ സമ്മതിക്കുന്നു. അതുകഴിഞ്ഞു കുറെനാൾ കഴിഞ്ഞതിനുശേഷം അവർക്ക് പ്രായപൂർത്തിവോട്ടവകാശം ലഭിച്ചു. അങ്ങനെ അവശ ഹിന്ദുക്കൾക്ക് (പട്ടികജാതിക്ക്) രാഷ്ട്രീയമായ അവശതകളും പരിഹരിക്കപ്പെട്ടു. ഇനിയും അവർക്കു അവശതകളുണ്ടോ എന്നു ആരെങ്കിലും ചോദിക്കുന്നെങ്കിൽ ഉത്തരം വ്യക്തമാണ്. സർ, ഹിന്ദുവിൻെറ പട്ടിണിയും ക്രിസ്ത്യാനിയുടെ പട്ടിണിയും എല്ലാം ഒന്നാണ്. ഇന്നും പല കാര്യങ്ങളിലും, സാമ്പത്തികമായും സാമൂഹ്യമായുംതന്നെ പറയർ, പുലയർ, ക്രിസ്ത്യാനികൾക്ക്, അവർക്കു അവശതകളുണ്ട്. 8 ലക്ഷത്തോളംവരുന്ന അവശക്രിസ്ത്യാനികളുടെ കാര്യം പ്രത്യേകിച്ച് എടുത്തുപറയേണ്ടതായുണ്ട്. അവർക്ക് ഇന്നും പല പൗരാവകാശങ്ങളും ക്രിസ്ത്യാനിയായിപോയെന്നുള്ള ഏക കാരണത്താൽ നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഇതു് ഭരണഘടനാവിരുദ്ധംകൂടിയാണ്. പക്ഷെ അവർ കമ്മ്യൂണിസ്റ്റുകളുമായി കൂട്ടുചേർന്നു വിപ്ലവത്തിനു ഒരുങ്ങുന്നില്ലെന്നേയുള്ളു. പാവങ്ങളെ കമ്മ്യൂണിസ്റ്റാക്കാൻ ഗവൺമെൻറ വഴിതെളിക്കരുത് എന്നപേക്ഷ. അതിനു ഒരു കാരണമുണ്ട്. ഇപ്പോൾ പ്രായപൂർത്തിവോട്ടവകാശം കിട്ടിയിരിക്കുന്ന സ്ഥിതിക്ക് ഏതു പ്രധാനമന്ത്രിയായാലുംശരി അവരുടെ ചെററക്കുടിലിൽവന്ന് വല്യമ്മേ, എനിക്കു നിങ്ങളുടെ വോട്ടുതരിക എന്നുപറയും. അപ്പോൾ അവരുടെ കാര്യം അവർക്കു പറയുവാനും കഴിയും. അതുകൊണ്ട് അവർ ക്ഷമിച്ചിരിക്കുകയാണ്. തങ്ങളുടെ അവശതകൾ അടുത്ത ഭാവിയിലെങ്കിലും ദൂരീകരിക്കപ്പെടുമെന്നു അവർ വിശ്വസിച്ചിരിക്കുകയാണ്. ഇവിടുത്തെ മന്ത്രിമാർ ഇംഗ്ലണ്ടുകാരുമല്ല, അമേരിക്കരുമല്ല; ഇവിടുത്തെ പുലയരേയും പറയരേയും അറിയാൻ പാടില്ലാത്ത ആളുകൾ ഇവിടെയില്ല. ക്രിസ്ത്യാനികളേയും, ഹിന്ദുക്കളേയും അറിയാം. അതുകൊണ്ട് അചിരേണ അവരുടെ നില അഭിവൃദ്ധിപ്പെട്ടുകൊള്ളുമെന്നു അവർ കരുതിയിരിക്കുകയാണ്.

മി. സ്പീക്കർ: മെംബർ പ്രമേയവുമായിട്ടു ബന്ധപ്പെട്ടു സംസാരിക്കണം.

ശ്രീ. പി. എം. മർക്കോസ്: സർ, ഭൂമിയില്ലാത്ത ആളുകളെപ്പററിയാണു് പ്രമേയം. കുടികിടപ്പുകാർ പാവപ്പെട്ടവരാണു്. അതുകൊണ്ടു അവർക്കു് സ്ഥലമില്ലാത്ത പ്രശ്നം മാത്രമല്ലാ ഉള്ളതെന്നും സാമ്പത്തികമായും സാമൂഹ്യമായും ഉള്ള മററനവധി അവശതകൾകൂടി ഉണ്ടെന്നും അക്കാര്യംകൂടി ഈ പ്രമേയത്തോടു അനുബന്ധിച്ചു് ഗവണ്മെൻറു ഓർക്കേണ്ടതായി ഉണ്ടെന്നും ആണു് ഞാൻ പറഞ്ഞതു്. സർ, ഈ പാവപ്പെട്ടവർ, അവർ ഏതു മതത്തിലുള്ളവരായിരുന്നാലും ശരി പാവപ്പെട്ടവർ തന്നെയാണു്. അവരെപ്പററി ശരിയായ അറിവു് ഈ പാവപ്പെട്ടവരുമായി സമ്പർക്കം പുലർത്തുന്നവർക്കുമാത്രമേ ലഭിക്കയുള്ളു. ഇവരോടു എല്ലാവരോടും ഒന്നുപോലെ ധർമ്മംചെയ്യണമെന്നുള്ള ഒരു മനോഭാവം പി. എസ്. പി. ഗവണ്മെൻറിനു എങ്കിലും ഉണ്ടാകണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ പ്രമേയത്തിൽ ഒരു കമ്മിററിയുടെ കാര്യം പറയുന്നുണ്ടു്. എത്രയും വേഗത്തിൽ അങ്ങനെയൊരു കമ്മിററിയെ നിയമിക്കണമെന്നും ആ കമ്മിററിയിൽ ഞാൻ മുൻപുപറഞ്ഞതുപോലെ ഉള്ള അനുഭവസ്ഥന്മാരെക്കൂടി നിയമിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ശ്രീ. കേശവൻ ശാസ്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ബഹുമാനപ്പെട്ട മെംബർ ശ്രീ. ടി. ടി. കേശവൻശാസ്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൻെറ സാരാംശത്തോടു ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് സംസാരിച്ചകൂട്ടത്തിൽ ബഹുമാനപ്പെട്ട മെംബർ ഈ ബെഞ്ചുകളിൽ ഇരിക്കുന്ന ചില മെംബറന്മാർ ചോദിച്ച ചോദ്യങ്ങളിലും മററും സംശയം പ്രകടിപ്പിക്കുകയുണ്ടായി. വളരെ കൂടുതൽ ഈ സഭയിൽ പരിചയമുണ്ടെന്നു പറയുന്ന മെംബർ അവതരിപ്പിച്ച ഒരു പ്രമേയം ശരിയായ വിധത്തിൽ ആയിരിക്കേണ്ടതായിരുന്നു. ഈ ബെഞ്ചിൽനിന്നും ചില ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഈ സഭ പാസാക്കുന്ന ഒരു പ്രമേയം ഈ സഭയുടേതായ ഗൗരവം ഉൾക്കൊള്ളുന്നതും അർത്ഥം തെററായ രീതിയിൽ വ്യാഖ്യാനിക്കാതിരിക്കാൻ ഇടയുള്ളതും ആയിരിക്കണമെന്നു് നിർബന്ധമുള്ളതുകൊണ്ടാണു്; അല്ലാതെ ആ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളോടു ഞങ്ങൾക്കു് അഭിപ്രായവ്യത്യാസം ഉള്ളതുകൊണ്ടല്ല. ഇന്നു് ഈ രാജ്യത്തെ ജനങ്ങളിൽ ഏതുവിഭാഗത്തെയാണു് ഈ പ്രമേയത്തിൻെറ സാരാംശത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഏററവും കൂടുതലായി ബാധിക്കുന്നതു്? വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും ഈ രാജ്യത്തെ കർഷകത്തൊഴിലാളികളുമാണു് ഇന്നു് കൂടുതലായി കുടിയിറക്കിനു വിധേയമാക്കിക്കൊണ്ടിരിക്കുന്നതു്. ഇവിടെ കുടിയിറക്കുനിരോധന ആക്ടു നടപ്പിലാക്കിയിട്ടു നാലഞ്ചു വർഷക്കാലമായി എങ്കിലും ഈ നിയമം പ്രാബല്യത്തിലുണ്ടെന്നു പറയുന്നതല്ലാതെ അതിൻെറ പ്രായോഗികമായ ഗുണാനുഭവങ്ങൾ ഈ നാട്ടിലെ സാധുജനങ്ങൾക്കു് ഉണ്ടാകുന്നില്ല. ഈ നിയമംതന്നെ വാസ്തവത്തിൽ കുടിയിറക്കുന്നതിനുള്ള ഒരു ലൈസൻസായി പരിണമിച്ചിരിക്കയാണു്. ഈ

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

രാജ്യത്തിന്റെ ചരിത്രത്തിൽ കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ചു് ഏററവും കൂടുതൽ കുടിയിറക്കുകൾ കാൺഗ്രസ്സുഭരിച്ച കാലത്താണു് ഉണ്ടായിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. കുടിയിറക്കുന്നതിനുവേണ്ടി കുടികിടപ്പുകാരുടെപേരിൽ കള്ളക്കേസ്സുകൾ ഉണ്ടാക്കുക, അതിനുവേണ്ടി പോലീസുകാരോടു കൂട്ടുനിന്നുകൊണ്ടു് ഇവരെ മർദ്ദിക്കുക, ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത പീഡാനുഭവങ്ങൾ കുടികിടപ്പുകാർക്കു് ഉണ്ടായിട്ടുണ്ടു്. പക്ഷെ പുതിയതായ ഒരു ഗവണ്മെന്റു് അധികാരത്തിൽവന്ന അവസരത്തിൽ ഈ സംപ്രദായത്തിനു തെല്ലാശ്വാസം ഉണ്ടാകുമെന്നു അവർ ന്യായമായി പ്രതീക്ഷിച്ചു. എന്നാൽ അവരുടെ പ്രതീക്ഷക്കു് തക്കവണ്ണം പുതിയ ഗവണ്മെന്റു വന്നിട്ടും യാതൊരു പരിഹാരവും കണ്ടില്ലെന്നുമാത്രമല്ല കഴിഞ്ഞകാലത്തെപ്പോലെതന്നെ കുടിയിറക്കുകൾ ഇപ്പോഴും തുടർന്നുകൊണ്ടുപോകുകയാണു്. ഇന്നു് സോഷ്യലിസ്ററുഗവണ്മെന്റു് ഒരു ഭൂനയബിൽ അസംബ്ലിയിൽ കൊണ്ടുവരാൻ പോകുന്നു എന്നു കേട്ടതോടുകൂടി ഈ രാജ്യത്തു അങ്ങോളം ഇങ്ങോളം ജന്മിമാരും മുതലാളിമാരും ധൃതഗതിയിൽ കുടിയിറക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. കൊണ്ടുവരുന്ന ബില്ലിൽതന്നെ ജന്മിമാർക്കും മുതലാളിമാർക്കും കാലുറപ്പിച്ചു നില്ക്കുവാൻ വേണ്ട എല്ലാ പഴുതുകളും ഉണ്ടെങ്കിലും ബില്ലു വരാൻപോകുന്നു എന്നു കേട്ടുകൊണ്ടു് സർവ്വശക്തിയും ഉപയോഗിച്ചു കുടികിടപ്പുകാരെ ഓടിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മറെറല്ലാ കാര്യങ്ങളിലും, സാധാരണക്കാരനും കൃഷിക്കാരനും തൊഴിലാളിക്കും അനുകൂലമായ നിയമങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ എല്ലാം അതു പൊളിക്കുന്നതിനെന്തെല്ലാം അടവുകളാണോ ഉള്ളതു് അതേ അടവുകൾ ഈ ബില്ലിന്റെ കാര്യത്തിലും ഉപയോഗിക്കുന്നുണ്ടു്. തൊഴിലാളി നിയമങ്ങളേയും അതുപോലുള്ള മററു നിയമങ്ങളേയും പൊളിക്കുന്നതുപോലെ ഈ കുടിയിറക്കു നിരോധനനിയമത്തെയും പൊളിക്കുന്നതിനുള്ള അനേക അടവുകൾ ഈ ജന്മിമാരും മുതലാളിമാരും എടുത്തുവരുന്നു. ഒന്നാമതായി താമസിക്കുന്നവരോടു വാടകച്ചീട്ടു എഴുതിവാങ്ങിക്കുന്ന സംപ്രദായം എടുത്തുവരുന്നു. കൂടാതെ മനുഷ്യർ കേട്ടാൽ വൃത്തികേടു തോന്നുന്ന പല കാര്യങ്ങളും നടക്കുന്നുണ്ടു്. കുടികിടപ്പുകാരുടെ വീടു ഇരിക്കുന്ന സ്ഥലത്തിനു ചുററും കിടങ്ങു കുഴിക്കുന്ന ഒരു ഏർപ്പാടുണ്ടു്. ഒരാൾ ഭാര്യയും രണ്ടുമൂന്നു കുട്ടികളുമായി താമസിച്ചുകൊണ്ടിരിക്കുമ്പോൾ ആ വീട്ടിൽനിന്നും അവർക്കു പുറത്തേയ്ക്കു പോകുവാൻ നിവൃത്തിയില്ലാത്ത ഒരവസ്ഥ ഇതുകൊണ്ടുവന്നുചേരുന്നു. ഒടുവിൽ ആ വസ്തു ഒഴിഞ്ഞുപോകുവാനുള്ള ഒരു സാഹചര്യം ആണു് അതുകൊണ്ടുണ്ടാകുന്നതു്. കൂടാതെ താമസിക്കുന്ന വീട്ടിനു ചുററും വേലികെട്ടി അടയ്ക്കുന്ന സംപ്രദായവും ഉണ്ടു്.

ശ്രീ. എ. താണുപിള്ള: വീട്ടിനു ചുററും കിടങ്ങുകുഴിക്കുന്ന കാര്യം പറഞ്ഞല്ലോ. എവിടെയാണു് അതു നടന്നതു് ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പമ്പാറിവർ ഫാക്ടറി കാമ്പൗണ്ടിനു സമീപത്താണു് കിടങ്ങുകുഴിപ്പിച്ചിരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: കൊല്ലത്തും അങ്ങനെ നടന്നിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, തലക്കോട്ട്, ഒരു ഡാക്ടർ തോട്ടപ്പുഴശ്ശേരിയിൽ ശ്രീ. ടി. എം. വർഗ്ഗീസിന്റെ നിയോജകമണ്ഡലത്തിൽ ഒരു പുരയിടത്തിൽ മൂന്നു വീടുകൾക്ക് ചുററും കമ്പിവേലി ഇടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. മററു പല പ്രകാരത്തിലും ഇവരെ കഷ്ടപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ വർഷം കൊയ്ത്തിനുപോയ തൊഴിലാളികൾക്ക് കൂലികൊടുക്കാതിരുന്നിട്ടുണ്ട്. ചുററുപാടുകളിലെങ്ങും ജോലിയില്ല. ആകെ മൂന്നുമാസത്തെ ജോലിയേ ഉള്ളു. കൂടുതൽ കൂലികിട്ടാതെ പലരും അവിടെനിന്നു സ്ഥലം വിട്ടുപോകേണ്ടതായി വന്നിട്ടുണ്ട്. പോലീസിനെക്കൊണ്ടും മററുള്ളവരെക്കൊണ്ടും മർദ്ദനം നടത്തുമെന്നു ഭയപ്പെടുത്തി സഹിക്കുവാൻ നിവൃത്തിയില്ലാത്ത വിഷമസ്ഥിതി ഇന്നു പല കുടികിടപ്പുകാർക്കും നേരിടുന്നുണ്ട്. കള്ളക്കേസുകൾ പലതും ഇവരുടെ പേരിൽ കൊടുക്കുന്നുണ്ട്. തേങ്ങാ മോഷ്ടിച്ചു, കൃഷിനാശമുണ്ടാക്കി എന്നു പറഞ്ഞ് കള്ളക്കേസുകൾ ഉണ്ടാക്കുകയാണ്. തൊഴിലാളികൾ താമസിക്കുന്ന പുരയിടങ്ങളിൽ അവർതന്നെ ചെയ്യുന്ന കൃഷി നശിപ്പിച്ചുവരുന്നു. ചെറിയനാട്ട് മത്തായിയുടെ മരച്ചീനിവിള കോശി എന്നൊരാൾ നശിപ്പിച്ചിട്ടുണ്ട്, അതിനെ സംബന്ധിച്ച് ഗവണ്മെൻറിലേക്ക് പരാതിയും അയച്ചിട്ടുണ്ട്. ഇങ്ങനെ ഈ നിയമത്തെത്തന്നെ ലംഘിക്കുന്നതിനു ഉപയോഗിക്കുന്ന മാർഗ്ഗങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ കണക്കില്ല. മനുഷ്യനു ലജ്ജതോന്നത്തക്കവണ്ണമുള്ള അനേകം അടവുകൾ ഇക്കാര്യത്തിൽ ജന്മിമാരും മുതലാളിമാരും സ്വീകരിക്കുന്നുണ്ട്. ഈ അടവുകൾക്ക് എതിരായിട്ട് യാതൊരു നടപടിയും നടത്തുന്നില്ല. ഇവിടെ ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. പുര, രാത്രി കാലങ്ങളിൽ പൊളിച്ചുകളയുന്ന സമ്പ്രദായവും പുരയ്ക്കു തീവയ്ക്കുന്ന സമ്പ്രദായവും ഇന്നു നടക്കുകയാണ്. മേപ്രായിൽ പായിക്കണ്ടത്തിൽ പാപ്പൻ എന്ന ഒരു കർഷകത്തൊഴിലാളിയുടെ വീട് പൊളിക്കുന്ന അവസരത്തിൽ ഈ സഭയിലെ ഒരു മെംബറായ ബഹുമാനപ്പെട്ട വി. പി. പി. നമ്പൂതിരി അതു കാണാൻ ഇടവരുകയുണ്ടായി. അദ്ദേഹം അതു കണ്ട ഉടനെ പോലീസിനു ഒരു കത്ത് കൊടുത്തയച്ചു. ആ കത്തു കിട്ടിയിട്ട് പോലീസ് യാതൊന്നും അനങ്ങിയിട്ടില്ല. വി. പി. പി. നമ്പൂതിരി ഒരു വിപ്ലവകാരി ആണെന്നു പറഞ്ഞാണ് അദ്ദേഹത്തിന്റെ എഴുത്തിനെക്കുറിച്ച് നടപടി എടുക്കുവാൻ പോലീസ് ശ്രമിക്കാതിരുന്നതു. ആ നാട്ടിനെ സംബന്ധിച്ചിടത്തോളം വി. പി. പി. നമ്പൂതിരി തൊഴിലാളികളുടെ ഭാഗം ചേർന്ന് ഗവണ്മെൻറിനെ തകിടം മറിക്കാൻ ശ്രമിക്കുന്ന ഒരാളാണെന്നാണ് പോലീസുകാരുടെ ധാരണ. തൊഴിലാളികൾ എന്തെങ്കിലും പരാതിയും കൊണ്ട് അവിടത്തെ പോലീസ് സ്റ്റേഷനിൽ ചെന്നാൽ "നിന്നെ തല്ലിയാൽ നീയും തല്ലണം" നിന്നെ ചീത്തപറഞ്ഞാൽ നീയും ചീത്ത പറയണം അല്ലാതെ പോലീസുകാർക്ക് അവിടെ പോയി കാവൽ നിൽക്കുവാൻ സാധ്യമല്ലാ എന്നാണ് പറയുന്നതു. ഇതു അവിടത്തെ പോലീസ് ഇൻസ്പെക്ടർ പറഞ്ഞതാണ്. യാതൊരു നടപടിയും എടുക്കാത്ത ഒരു നയമാണ് ആകപ്പാടെ പോലീസുകാർ സ്വീകരിച്ചിരിക്കുന്നതു.

അതുപോലെ കള്ളക്കേസ് എടുക്കുന്നതിനെ സംബന്ധിച്ച് ഞാൻ ചില കാര്യങ്ങൾ ഇവിടെ വ്യക്തമാക്കാം; തെളിവുതരാം. നാല്പതു കൊല്ലമായി ചെങ്ങന്നൂരിൽ താമസിക്കുന്ന നീങ്ങള്ളിക്കാട്ട് ലാസർ മത്തായി

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

എന്ന ഒരു കർഷകത്തൊഴിലാളിയെ കുടിയിറക്കുന്നതിന്, ആലുനിൽക്കുന്നതിൽ പരമേശ്വരൻപിള്ള എന്ന ഹെഡ് കാൺസ്റ്റബിൾ അഴതപോലീസ് സ്റ്റേഷനിൽ ഒരു മോഷണക്കേസ്സ് കൊടുത്തിരിക്കുകയാണ്. ആ കർഷകത്തൊഴിലാളിയെ കുടിയിറക്കുന്നതിന് അവിടത്തെ ഹെഡ്കാൺസ്റ്റബിൾതന്നെ ശ്രമിക്കുകയാണ്. ഇങ്ങനെയുള്ള കേസുകൾ അനവധി എനിക്കു ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടെങ്കിലും ഇനി അതിനെപ്പററി അധികം പറയണമെന്നു വിചാരിക്കുന്നില്ല.

ഇവിടത്തെ കർഷകതൊഴിലാളികൾക്കു വേറെ ഒരു വിഷമപ്രശ്നമുണ്ടു്. ഇന്നവർ ജോലിക്കുപോയി ജോലി കഴിഞ്ഞതിനുശേഷം അവർ തിരിയെ വീട്ടിൽ ചെല്ലുമ്പോൾ അവരുടെ വീടു് അവിടെ ഉണ്ടാകുമോ എന്ന കാര്യം സംശയമാണ്. ഞങ്ങളുടെ നാട്ടിൽ ഒരു സംപ്രദായമുണ്ടു്. കുട്ടനാട്ടിൽ തൊഴിലാളികൾ ജോലിക്കുപോയി രണ്ടും മൂന്നും മാസം കഴിഞ്ഞു് തിരിയെ വീട്ടിൽ ചെല്ലുമ്പോൾ അവരുടെ വീടു് അവിടെ കാണുകയില്ല. അവരുടെ വീടുകളെ സംബന്ധിച്ചിടത്തോളം ഒരു സുസ്ഥിരത ഇല്ലാതെ ഇരിക്കുകയാണ്. അഥവാ വീടുണ്ടെങ്കിൽ വീടുള്ള സ്ഥലത്തുതന്നെ പല കുഴപ്പങ്ങളും നടക്കുന്നുണ്ടു്. സ്വന്തമായി താമസിക്കുവാൻ ഭൂമിയുള്ള ഒരു കർഷകത്തൊഴിലാളിക്കുപോലും ആ സ്ഥലത്തു താമസിക്കുന്നതിനു് വളരെ വിഷമം അനുഭവിക്കേണ്ടിവരുന്നു. ബഹുമാനപ്പെട്ട മെംബർ വയലാ ഇടിക്കുളയുടെ നിയോജകമണ്ഡലത്തിൽതന്നെ തോമ്പിക്കണ്ടം എന്ന സ്ഥലത്തു ഒരു തൊഴിലാളിയും മറെറാരു തയ്യൽക്കാരനും തമ്മിൽ തല്ലുകൂടിയതിന്റെ ഫലമായി അതിനു ഒരു വർഗ്ഗീയച്ഛായകൊടുത്തു് 28 കർഷകതൊഴിലാളികളുടെ കുടുംബക്കാരെ ആക്രമിക്കുകയുണ്ടായി. ആ ആക്രമണത്തെ പ്രതിഷേധിക്കുന്നതിന് കൂടിയ യോഗത്തിൽ കല്ലേറുകൊണ്ട ഒരാളേയുംകൊണ്ടു് ഞാൻ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ യോഗത്തിൽ വളരെ ആളുകൾ കൂടിയെങ്കിലും യാതൊരു ഉപദ്രവവും ഉണ്ടായില്ല എന്നു് പോലീസ് റിപ്പോർട്ടു ചെയ്യുതായിട്ടാണ് ഇൻസ്പെക്ടർ പറഞ്ഞതു് ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി ഭൂമിയുള്ള കർഷകത്തൊഴിലാളികൾക്കുപോലും നേരിടേണ്ടിവരുന്നുണ്ടു്.

ശ്രീ. ഇടിക്കുള ഇടിക്കുള: അവരെ ഉപദ്രവിക്കുന്നതു് എന്തിനാണ്?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അവരെ കുടിയിറക്കുന്നതിനും അവരുടെ വസ്തു കൈവശപ്പെടുത്തുന്നതിനും വേണ്ടിയാണ്.

ശ്രീ. ഇടിക്കുള ഇടിക്കുള: ആരുടേതാണ് ആ ഭൂമി?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: വസ്തു ആരുടേതാണെന്നു് ഇപ്പോൾ ഞാൻ പറയുന്നില്ല. തിരുവല്ലായിൽ കിഴക്കൻപുത്തൂർ മാറത്തോടിനു സമീപം 80 സെൻറ് പുറമ്പോക്കു് സ്ഥലത്തു് തഹശീൽദാരുടെ മൗനാനുവാദത്തോടുകൂടി മൂന്നു തൊഴിലാളി കുടുംബങ്ങൾ പ്രവേശിച്ചു് താമസം ഉറപ്പിച്ചു. ജോലിക്കുപോയി തിരിയെ വന്നപ്പോൾ അവരുടെ വീടു് അവിടെ കണ്ടില്ല. രണ്ടാമതും അവർ വീടു് ഉണ്ടാക്കി. പിന്നെയും ആ വീടുകൾ പൊളിച്ചുകളഞ്ഞു. മൂന്നാമതും അവർ ഉണ്ടാക്കിയ വീടു് കാൺ

ഗുണ്ടകളും റൗഡികളും ചേർന്ന് പൊളിച്ചുകളഞ്ഞു. ആ തൊഴിലാളിയുടെ വീട് പൊളിച്ചു എന്നുമാത്രമല്ല, അവരെ കഠിനമായി മർദ്ദിക്കുകയും ചെയ്തു. അതേ അവസരത്തിൽ അതിന് എതിരായ യാതൊരു നടപടികളും പോലീസ് എടുക്കുകയുണ്ടായില്ല. തിരുവല്ലാ താലൂക്കിൽ ഇതിനകം 40-ൽ അധികം കുടിയിറക്കു കേസുകൾ ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞാൽ ഈ രാജ്യത്തെ കുടികിടപ്പുകാർ എത്ര മാത്രം ബുദ്ധിമുട്ടുകളാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഇന്നലെ എനിക്ക് ഒരു കത്ത് കിട്ടിയിട്ടുണ്ട്. ചെറിയനാട് എന്ന സ്ഥലത്ത് പോലീസിന്റെ സഹായത്തോടുകൂടി കുടിയിറക്കുന്നതിനു വേണ്ട ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുവെന്നും അതിൽ ഉടനടി ഇടപെടണമെന്നും പറഞ്ഞ് ഒരു കത്ത് എനിക്ക് കിട്ടിയിട്ടുണ്ട്. ഇങ്ങനെ രാജ്യത്ത് ഒട്ടാകെ കുടിയിറക്കുന്ന സമ്പ്രദായം ഇന്ന് നിലവിലുണ്ട് അതിന് ഈ ഗവണ്മെന്റ ഒരു പരിഹാരം കാണണം. അതുപോലെ വേറൊരു സ്ഥലത്ത് നൂറോളം കുടുംബക്കാരെ ഇറക്കിവിടുവാനുള്ള സംരംഭം ഉണ്ടായിട്ടുണ്ട്. ഈ കാര്യങ്ങൾക്ക് എതിരായിട്ട് വേണ്ട നടപടി എടുക്കുന്നതിന് ഈ ഗവണ്മെന്റ തുനിയാതിരിക്കുന്നിടത്തോളംകാലം ഈ രാജ്യത്തെ കുടികിടപ്പുകാരുടെ പ്രശ്നം അങ്ങേഅററം അവതാളത്തിലായിരിക്കുന്നതാണ്. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നം കർഷകത്തൊഴിലാളികളുടെ മാത്രമല്ല, രാജ്യത്തെ മൂന്നിലൊരുഭാഗം ജനങ്ങളെ ബാധിക്കുന്ന ഏററവും ഗൗരവമേറിയ ഒരു പ്രശ്നമാണെന്ന് ഗവണ്മെന്റ് മനസ്സിലാക്കണം. ഗവണ്മെൻറിൽ നിന്ന് ഒരു കുടിയിറക്കുനിരോധനനിയമം കൊണ്ടുവരുവാൻ പോകുന്നുണ്ട്. ആ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങളെപ്പററി ആ ബിൽ ചർച്ചയ്ക്കു വരുന്ന അവസരത്തിൽ സംസാരിക്കാമെന്ന് വിചാരിച്ച് ഞാൻ അതിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല. കുടിയിറക്കിനെ ശാശ്വതമായി തടയുന്നതിനുവേണ്ട നടപടികൾ ഗവണ്മെൻറ കൈക്കൊള്ളേണ്ടതാണ്.

ശ്രീ. എ. താണുപിള്ള: ഈ കുടികിടപ്പുകാർ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവരാണോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുമുണ്ട്. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ആളുകളുമുണ്ട്. ഇന്ന് രാജ്യത്തിന്റെ പല ഭാഗത്തും മുക്കാലേഅരയ്ക്കാൽഭാഗം ആളുകൾക്കും അവരുടെ കുടികിടപ്പവകാശം രജിസ്റ്റർ ചെയ്യുവാൻ സാധിച്ചിട്ടില്ല. അതിനുള്ള സന്ദർഭവും അവർക്കുണ്ടായിട്ടില്ല. പിന്നീട് ഒരു കാര്യംകൂടിയുണ്ട്. വിദ്യാഭ്യാസത്തിന്റെയും മററും കുറവുകൊണ്ട് ഈ നിയമങ്ങൾ ഒന്നും മനസ്സിലാക്കാതെ വളരെ ആളുകൾ രജിസ്റ്റർ ചെയ്യാതെ പോയിട്ടുണ്ട്. അതുകൊണ്ട് വീണ്ടും രജിസ്റ്റർ ചെയ്യുവാനുള്ള ഒരു സന്ദർഭം ഉണ്ടാക്കിക്കൊടുക്കുകയും അതുപോലെതന്നെ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രേരണ ചെലുത്തുകയും ചെയ്താലെ എല്ലാ ആളുകൾക്കും രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അടിയന്തിരമായി ഒരു ആർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് ഇന്നുള്ള കുടിയിറക്കിനെ ശാശ്വതമായി അവസാനിപ്പിക്കണമെന്നും ഈ പ്രമേയത്തെ ഐക്യകണ്ഠ്യേന പാസാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: സർ, ശ്രീ. ടി. ജി. കേശവൻ ശാസ്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന് വാചകസ്വഭാവംകൊണ്ട് എന്തു് അർത്ഥം തോന്നിയിരുന്നാലും

'കവിതാരസചാതുര്യം വ്യാഖ്യാതാ വേത്തി ന കവിഃ
സുതാസുരതസാമർത്ഥ്യം ജാമാതാ വേത്തി ന പിതാ'

എന്നു പറയുന്നതുപോലെ പ്രമേയത്തിലെ തത്വത്തോട് ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ പറഞ്ഞതിന്റെ അർത്ഥം എന്താണ്?

ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: ഒരു പണ്ഡിതൻ എന്ന നിലയിൽ അദ്ദേഹത്തോടു ഈ സന്ദർഭത്തിൽ അർത്ഥം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ രാജ്യത്ത് കാർഷികരംഗങ്ങളിലും വ്യാവസായികരംഗങ്ങളിലും കൂടുതൽ അവശത അനുഭവിക്കുന്നവർ ഇവിടത്തെ കർഷകത്തൊഴിലാളികളാണ്. കഴിഞ്ഞ ഏതാനും നാളുകൾക്കു മുമ്പ് ഈ രാജ്യത്ത് പാസ്സാക്കപ്പെട്ട കുടിയിറക്കനിരോധനനിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇന്നും അവർ അനുദിനം മർദ്ദിതരായി തീർന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് രാജ്യത്തുള്ളത്. ഈ രാജ്യത്തിന്റെ പൊതുവായ താല്പര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നപക്ഷം ഈ രാജ്യത്തെ പിന്നാക്കസമുദായക്കാർ അനവധി കേസുകളിൽ വസ്തുഉടമയും താമസക്കാരും വിരുദ്ധകക്ഷികളായി നിന്നുകൊണ്ടും ചില തല്പരകക്ഷികളുടെ പ്രേരണകൊണ്ടും നിരപരാധികളായ ആളുകൾ വാദികളും പ്രതികളുമായി തീർന്നിട്ടുണ്ട്. ഇങ്ങനെയുള്ള അനാവശ്യമായ കേസുകൾ രാജ്യത്തുള്ള കോടതികളിൽ സർവസാധാരണമായി തീർന്നിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് സൂക്ഷ്മമായി നോക്കുന്നപക്ഷം കേവലം ഭൂമിയെ സംബന്ധിച്ചുള്ള ഒരു പ്രശ്നമാണ് ഇതെന്നു സൂക്ഷ്മദൃക്കുകളായ എല്ലാ ആളുകൾക്കും അറിയുവാൻ സാധിക്കുന്നതാണ്. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് ഈ രാജ്യത്തെ പട്ടികജാതിക്കാർക്ക് കുറെ ഭൂമികൾ നീക്കിവച്ചിരുന്നു. അതിന്റെ ഫലമായി വളരെക്കാലം ഭൂമി കൈവശം വച്ചുപോരുന്ന പട്ടികജാതിക്കാരെ നിർദ്ദയമായും നിർദ്ദാക്ഷിണ്യമായും ആ സ്ഥലത്തുനിന്നും ഇറക്കിവിടുന്നതിനു ഈ നാട്ടിലെ ജന്മികളുംമററും പല പ്രവൃത്തികളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഞാൻ ഇതു പറയുന്നതു് നമുക്കെല്ലാവർക്കും അറിയാവുന്ന കുന്നത്തൂർതാലൂക്കിലുള്ള ശാസ്താംകോട്ട കായലിന്റെ പുറമ്പോക്കുകളിൽ താമസിക്കുന്നവരെപ്പററിയാണ്. ഈ ശാസ്താംകോട്ട കായലിന്റെ പുറമ്പോക്കുഭാഗത്തു് കുടിയേറിപ്പാർക്കുന്ന പട്ടികജാതിക്കാർ ഏതാനും ദിവസങ്ങളായി പോലീസിന്റെയും നാട്ടുകാരുടെയും മർദ്ദനത്തിനു് വിധേയരായിരിക്കുകയാണ്. 20-ം 25-ം വർഷമായി പട്ടികജാതിക്കാർ അവിടെ താമസിച്ച് കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. ആ ഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ പതിച്ചുകൊടുത്തിട്ടുള്ളതാണെന്നു പാർശ്വത്യകാർമുഖേന ചില കൃത്രിമപ്രമാണങ്ങൾ ഉണ്ടാക്കി സ്വന്തം അവകാശം സ്ഥാപിക്കുന്നതിനുവേണ്ടി പോലീസിനെ സ്വാധീനപ്പെടുത്തി പല കേസുകളും അവിടെ ഉണ്ടാക്കിയിട്ടുണ്ട്. കരുനാഗപ്പള്ളി ഒന്നാംക്ലാസുമജിസ്ട്രേട്ടുകോടതിയിൽ മുമ്പിലാക്കാട്ടുള്ള പിന്നോ

ക്കസമുദായത്തിൽപെട്ട ആറേഴ വീട്ടുകാരെ സംബന്ധിച്ചുള്ള കേസ് ഇന്നും നിലവിലുണ്ട്. ദിവസേന ജോലിചെയ്തു ജീവിക്കുവാൻപോലും നിവൃത്തിയില്ലാത്ത പിന്നോക്കസമുദായക്കാരുടെ പേരിൽ 107-ാം വകുപ്പിനു ചാർജ്ജ് ചെയ്തിട്ടുള്ള അനവധി കേസുകൾ ഉണ്ട്. ഈ രാജ്യത്ത് ഈവിധത്തിലുള്ള അക്രമങ്ങൾ ദൈനംദിനം വർദ്ധിച്ചുവരുന്നു. ഈ രാജ്യം ഒരു ക്ഷേമതല്പരരാഷ്ട്രമാണെന്നു പ്രഖ്യാപിച്ചുകൊണ്ടും ഒരു സാമ്പത്തികസമീകരണപദ്ധതി വിഭാവനംചെയ്തുകൊണ്ടും ഭരിക്കുന്ന ഒരു ജനകീയഗവണ്മെന്റിനു യോജിച്ചതാണോ എന്നു ഞാൻ ചോദിക്കുന്നു. കുടിയിറക്കുനിരോധനനിയമം കൊണ്ടുവരുമ്പോൾ ഇവിടെ ഇരിക്കുന്ന കുടികളെല്ലാം തിരോധാനം ചെയ്യുകയാണെന്നു പറയാതെ തരമില്ല. വളരെ കാലമായി ഒരു സ്ഥലത്തു താമസിക്കുന്ന പിന്നോക്കസമുദായക്കാരെ കുടിയിറക്കുന്നതും അവരെ ചില കേസുകളിൽ പ്രതികളാക്കുന്നതും ആയ സമ്പ്രദായം അവസാനിപ്പിക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രിസഭയും ഇന്നത്തെ ഗവണ്മെന്റും സത്വരമായ ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ ഉൽബോധിപ്പിക്കുന്നു. കുടിയിറക്കുനിരോധനനിയമം ഇവിടെ പാസ്സാക്കിയിട്ടുണ്ടെന്നാണു പറയുന്നതു. ആ നിയമം പാസായതിനു ശേഷം ചില ആളുകൾ പേർ രജിസ്റ്റർ ചെയ്യുകയും ചില ആളുകൾ നിർദ്ദിഷ്ടഫാറത്തിൽ അപേക്ഷ അയക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നു സംശയത്തിലിരിക്കുകയാണ്. അതു രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതു ഇന്നു പ്രയോജനമില്ലാതിരിക്കുകയുമാണ്.

ഏതായാലും എനിക്കു പറയുവാനുള്ളതു, എന്റെ അറിവു ശരിയാണെങ്കിൽ കുടികിടപ്പുകാരുടെ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ തന്നെയും അതു പ്രയോജനമില്ലാതായി തീർന്നിരിക്കുകയാണെന്നാണ്. അടുത്ത ദിവസംതന്നെ ഭൂനയബിൽ ഇവിടെ അവതരിപ്പിക്കും, അതിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും പ്രസംഗങ്ങളും നമുക്കു കേൾക്കാം. പക്ഷെ, ഈ രാജ്യത്തു സാർവ്വത്രികമായി നടന്നുകൊണ്ടിരിക്കുന്ന കുടിയിറക്കിനെ അവസാനിപ്പിക്കുവാൻ നിഷ്കർഷയോടുകൂടി നടപടികൾ എടുക്കുകയും അകാരണമായ കയ്യേറ്റങ്ങളെ സംബന്ധിച്ചുംമററും ഉള്ള കേസുകൾ പുനഃപരിശോധന ചെയ്യുകയും ചെയ്തു ഈ മാതിരി കാര്യങ്ങൾക്കു ഒരു തീരുമാനം എടുക്കണമെന്നു ഞാൻ മന്ത്രിസഭയോടു അഭ്യർത്ഥിക്കുന്നു. സ്വന്തം സ്ഥലമില്ലാതെ കൃഷിചെയ്തു ജീവിക്കുവാൻ ഭൂമിയില്ലാതെ, വ്യാവസായികരംഗങ്ങളിലും കാർഷികരംഗങ്ങളിലും അത്യന്തമായി പണിയെടുത്തുകൊണ്ടിരിക്കുന്ന സാധു ജനങ്ങൾക്കു ജീവിക്കുവാൻ വേണ്ട ഒത്താശ നൽകണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. നിയമസഭയിലും മററു രാഷ്ട്രീയ സംരംഭങ്ങളിലും അവർക്കു പ്രാതിനിദ്ധ്യം ഉണ്ടായ കാലംമുതൽ അവരുടെ സങ്കടം അറിയിക്കുവാൻ ഞങ്ങളും ഞങ്ങളുടെ മുൻഗാമികളും നൽകിയ അപേക്ഷകൾ വനരോദനപ്രായമായി തീർന്നിരിക്കുന്നുവെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഈ നില തുടരുന്നപക്ഷം നാം വിഭാവനചെയ്യുന്നതരത്തിലുള്ള സാമ്പത്തികസമീകരണമോ ക്ഷേമതല്പരരാഷ്ട്രമോ ഈ രാജ്യത്തു ഉണ്ടാകുന്നതിനിടയില്ല. അടകുടിയിൽ താമസിക്കുന്ന ആളുകൾ രാവിലെ ജോലിക്കു പോയിട്ടു ജോലി കഴിഞ്ഞു തിരികെ വീട്ടിൽ ചെല്ലുമ്പോൾ അവർ താമസിച്ചിരുന്ന കുടിലുകളുടെ മേൽക്കൂരകൾ അവിടെ ഇല്ലാതായി വരുന്ന സംഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്.

[ശ്രീ. കെ. എസ്സു്. കൃഷ്ണശാസ്ത്രി]

അതുപോലെതന്നെ അവർ താമസിക്കുന്ന വീടുകൾക്കു് യഥാവസരം കഴിഞ്ഞു് മൂന്നും നാലും മാസങ്ങൾ ഓല കെട്ടാതെ ഇരിക്കുന്നതായി കാണാൻ കഴിയുന്നുണ്ടു്. ഓല വാങ്ങാൻ നിവൃത്തിയില്ലാതെ അവർ പുല്ലുംമററുംകൊണ്ടാണു് അവരുടെ വീട്ടിൻെറ മുകൾഭാഗം മറച്ചുവരുന്നതു്. ഇതുതന്നെ അവർ മേയുമ്പോൾ അതിനെ അനുവദിക്കാതിരിക്കാൻ ആ ഭൂമിയുടെ ജന്മികൾ ശ്രമിക്കുന്നുവെന്നു കാണുമ്പോൾ ഈ പ്രശ്നത്തിൻെറ യഥാർത്ഥനില എന്താണെന്നു് മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. ഉദാഹരണമായി കൊല്ലം-പുന്നത്തലവാർഡിൽ ഒരു ഗവണ്മെൻറ് ഉദ്യോഗസ്ഥനായ രാഘവൻ എന്നു പറയുന്ന ആൾ അദ്ദേഹത്തിൻെറ പുരയിടത്തിൽ താമസിക്കുന്ന കുറവസമുദായത്തിൽപെട്ട ഒരു സാധുവിനെ അയാൾ താമസിക്കുന്ന ഷെഡ്ഡിൻെറ മേൽക്കൂര മേയുന്നതിനു് അനുവദിച്ചില്ലെന്നു പറയുമ്പോൾ ഈ ജനകീയസർക്കാർ ഈ മാതിരിയുള്ള കാര്യങ്ങളെ എങ്ങനെയാണു വീക്ഷിക്കുന്നതെന്നു് മനസ്സിലാക്കാൻ സാധിക്കും. എനിക്കു് വളരെ ഏറെ കാര്യങ്ങൾ ഈ സഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ ഉണ്ടെങ്കിലും എൻെറ ചുരുങ്ങിയ സമയം കൊണ്ടു് അതെല്ലാം പറയുന്നതിനു സാധിക്കാത്തതിനാൽ ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു. പത്തനാപുരം താലൂക്കിൽ എൺപതിൽപരം ഏക്കർ ഗ്രേസിംഗ് സ്ഥലം ഉണ്ടു്. അവിടെ ധാരാളം പാവപ്പെട്ട ആളുകൾ ദേഹണ്ഡവും മററും ചെയ്തു് അവിടെ കുടിയേറി പാർക്കുകയാണു്. ഈ അടുത്ത കാലത്തു് ഈ സ്ഥലങ്ങളെല്ലാം സാധുക്കളായ ആളുകൾക്കു് കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കണമെന്നു് ഗവണ്മെൻറിൻെറ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഗവണ്മെൻറിൽ സ്വാധീനതയുള്ള അവിടത്തെ കൂടുതൽ ഭൂമിയുള്ള ആളുകൾ പോലീസിൻെറയും മററും സഹായത്തോടുകൂടി സാധുക്കളെ അവിടെനിന്നും ബഹിഷ്ക്കരിക്കുകയുണ്ടായി. ഈ കാര്യങ്ങൾ ഗവണ്മെൻറ് കഴിയുന്നവേഗം പുനഃപരിശോധനചെയ്തു്, ദേഹണ്ഡംചെയ്തു അവിടെ നിത്യവൃത്തി കഴിക്കുന്ന ആ ആളുകൾക്കുതന്നെ ഈ സ്ഥലം പതിച്ചുകൊടുക്കുവാനായി വേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണു്. അതിനാൽ കുടിയിറക്കു സംബന്ധിച്ചും കുടിയിറക്കുനിരോധനനിയമം സംബന്ധിച്ചും അടുത്തു വരാൻപോകുന്ന ബില്ലുകൾ നിയമങ്ങളായി കഴിയുന്നതും പ്രായോഗികമാകത്തക്കവണ്ണം ഈ സെക്ഷനിൽതന്നെ അതു് പാസ്സാക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. അങ്ങനെ ഭൂമിയില്ലാത്ത ജനങ്ങളുടേയും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും താല്പര്യം സംരക്ഷിക്കുന്നതിനും അവശരായ അടകുടിക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനും ഈ ജനകീയസർക്കാർ രാഷ്ട്രീയമായ യാതൊരു പക്ഷപാതവും കാണിക്കാതെ വേണ്ട നടപടികൾ എടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തിൻെറ താല്പര്യത്തെ അനുകൂലിച്ചുകൊള്ളുന്നു.

Shri M. P. Menon : Sir, I move that the question may now be put.

The closure motion was put and carried.

Mr. Speaker : The hon. Chief Minister may speak.

ശ്രീ. എ. താണുപിള്ള: സർ, ഈ പ്രമേയത്തിന്റെ ഉദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു ഈ പ്രമേയകർത്താവുമായി അഭിപ്രായവ്യത്യാസമില്ല. അദ്ദേഹം പറയുന്നതു് ഇവിടെ അടകുടി ഒഴിപ്പിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള നിയമങ്ങൾ വന്നതിനുശേഷം, അതിനു മുമ്പിൽ വസ്തു ഉടമസ്ഥന്മാർക്കും ഈ അടകുടിക്കാർക്കും തമ്മിലുള്ള സൗഹാർദ്ദംകൂടി നഷ്ടപ്പെട്ടുപോയി എന്നും അടകുടിക്കാർ അതുനിമിത്തം പല വൈഷമ്യങ്ങളും അനുഭവിക്കുന്നുവെന്നുമാണു്. സർ, ഈ നിയമത്തിൽത്തന്നെ വ്യവസ്ഥകളുണ്ടു്, അടകുടിക്കാരായിട്ടുള്ള ആളുകൾ അവരുടെപേർ രജിസ്റ്റർചെയ്യണമെന്നു്. അങ്ങനെ രജിസ്റ്റർ ചെയ്തിട്ടുള്ള അടകുടിക്കാരെ ഒഴിപ്പിക്കുവാൻ വിഷമം ഉള്ളതുകൊണ്ടാണു് ഇങ്ങനെയൊരു വ്യവസ്ഥചെയ്തിരിക്കുന്നതു്. അങ്ങനെയാണെങ്കിൽ ബലംപ്രയോഗിച്ചു ഒഴിപ്പിച്ചുതുടങ്ങിയിക്കുവാൻ എളുപ്പമായിരിക്കും. എന്നാൽ ചില അടകുടിക്കാർ രജിസ്റ്റർ ചെയ്തിട്ടില്ല. രജിസ്റ്റർ ചെയ്തിട്ടുള്ള അടകുടിക്കാരെയും അങ്ങുമിങ്ങുമായി വസ്തു ഉടമസ്ഥന്മാർ ഒഴിപ്പിക്കുന്നതിനു് ശ്രമിക്കുന്നുവെന്നും അറിയാം. അതിനൊക്കെ ആവശ്യമുള്ള നടപടികൾ സ്വീകരിക്കയാണു വേണ്ടതു്. ഇപ്പോൾതന്നെ ഇവിടെ ഹാജരാക്കിയിരിക്കുന്ന ബില്ലിൽ, ആദ്യത്തെ ബില്ലിനു ആറുമാസം കൊടുത്തു. അതിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പു് പുതിയ ബില്ലു് നടപ്പാക്കുന്നതുവരെ ഇവർ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട വ്യവസ്ഥകളുണ്ടു്. എന്നാൽ ഗവണ്മെന്റിനു് ഇതിനെപ്പറ്റി പറയുവാനുള്ളതു് ഈ വക കാര്യങ്ങളിൽ പോലീസുകാർ വസ്തു ഉടമസ്ഥന്മാരുമായി ചേരുന്നുവെന്ന പരാതി ധാരാളം ഇവിടെയുള്ളതുകൊണ്ടു് ഇപ്പോഴത്തേതിലും അധികം കർശനമായ നിർദ്ദേശങ്ങൾ പോലീസിനു നൽകാമെന്നുള്ളതാണു്. ഭൂമിയില്ലാത്ത അടകുടിക്കാർക്കും മററു ആളുകൾക്കും അവശതയുണ്ടെന്നുള്ളതിനെപ്പററി ഇവിടെ ആളുകൾ പറയുകയുണ്ടായി. ഇപ്പോൾ ഗവണ്മെന്റു ഭാഗത്തുനിന്നും അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ബില്ലുകളുടെ പ്രധാനമായ ഉദ്ദേശങ്ങളിൽ ഒന്നു് ഭൂമിയില്ലാത്തവർക്കു് ഭൂമി അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണു്. അതു് ഈ ബില്ലു വായിക്കുന്നവർക്കെല്ലാം മനസ്സിലാക്കാൻ കഴിയുന്നതാണു്. ഭൂമിയുടെ പരിധി നിർണ്ണയിക്കുകയെന്നുള്ളതിനു തന്നെ ബില്ലിൽ വ്യവസ്ഥയുണ്ടു്. പക്ഷെ, ജന്മിത്വം പാടെ അവസാനിപ്പിക്കുവാൻ ഈ ബില്ലിൽ ശ്രമം കാണുന്നില്ലെന്നുള്ളതു് പരമാർത്ഥമാണു്. ഇന്നത്തെ സ്ഥിതിയ്ക്കു് അനുയോജ്യമായ വിധത്തിൽ നടപ്പുള്ളതു് കഴിയുന്നതുംവേഗം ചെയ്യണമെന്നാണു ഗവണ്മെന്റിന്റെ ഉദ്ദേശം. അതുകൊണ്ടാണു് ഒരു പരിധി നിർണ്ണയിച്ചിട്ടു് അതിനപ്പുറമുള്ള ഭൂമി പാട്ടമെങ്കിലും കൊടുത്തു തീരണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. അങ്ങനെയായാൽ കുറെ എങ്കിലും സൗകര്യമുണ്ടു്. എന്നാൽ ഈ പ്രമേയത്തിൽ അടകുടിയെപ്പററി മാത്രമല്ലാ പറയുന്നതു്. ആളുകൾ പല പ്രകാരത്തിലും ഗവണ്മെന്റു ഭൂമി കൈവശംവച്ചിട്ടുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണു്. അങ്ങനെ അനർഹവും അക്രമവുമായ തരത്തിൽ ഭൂമി കൈവശംവച്ചിട്ടുള്ളവരെ ഒഴിപ്പിക്കുകയും ഇപ്പോൾ ഗവണ്മെന്റു അവതരിപ്പിക്കാൻ പോകുന്ന ബില്ലുകളിലെ വ്യവസ്ഥകൾ നടപ്പാക്കുകയും ചെയ്താൽ കർഷകത്തൊഴിലാളികൾക്കു്, വളരെ ആളുകൾക്കു് ഭൂമി കിട്ടുമെന്നാണു് ഗവണ്മെന്റു വിചാരിക്കുന്നതു്. പക്ഷെ, ഗവണ്മെന്റിന്റെ ഈ ഉദ്ദേശസിദ്ധിക്കു്

[ശ്രീ. എ. താണുപിള്ള]

വളരെ പരിമിതിയുണ്ടെന്നുകൂടി നാം ആലോചിക്കേണ്ടതാണ്. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ എനിക്കു് ഒന്നു വ്യക്തമാക്കാനുള്ളതു് ഈ പ്രമേയംകൊണ്ടു് നാം ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ലെന്നാണ്. പ്രമേയത്തിൽ പറയുന്നതു് "വിരുദ്ധകക്ഷികളുമായിത്തീർന്നു്, പലവിധ ബുദ്ധിമുട്ടുകൾക്കും, വിഷമതകൾക്കും ഇടവന്നിരിക്കുന്നതിനാൽ പ്രസ്തുത വിഷമപ്രശ്നത്തിനു സുദൃഢവും സുഗമവുമായ മാർഗ്ഗങ്ങൾ ആരായുന്നതിനും, നിശ്ചിതമായ പരിഹാരം നിർദ്ദേശിക്കുന്നതിനുമായി നിയമസഭാസാമാജികന്മാർ ഉൾപ്പെട്ട ഒരു കമ്മിററി രൂപീകരിച്ചു് രാജ്യവ്യാപകമായ അസ്വാസ്ഥ്യം വേണ്ട സത്വര നടപടികൾ എടുക്കണമെന്നു് ഈ അസംബ്ലി ഗവണ്മെൻറിനോടു ശുപാർശചെയ്തുകൊള്ളുന്നു" വെന്നാണ്. പക്ഷെ, ശാസ്ത്രിയുടെ ഈ പ്രമേയം വന്നപ്പോൾ അദ്ദേഹത്തിൻെറ ശാസ്ത്രിത്വം എല്ലാം ഉപേക്ഷിച്ചതായിട്ടാണു തോന്നുന്നതു്. എന്തായിരുന്നാലും ഭാഷയല്ലല്ലോ കാര്യം. ഭാഷ പ്രയോഗിക്കുന്നതിൽത്തന്നെ അതു കേൾക്കുമ്പോഴുള്ള ഭംഗി അതു വായിക്കുമ്പോൾ തോന്നുന്നില്ല. ഇതിൽ പറയുന്നതു് ഒരു കമ്മിററി രൂപീകരിക്കണമെന്നാണ്. അതുകൊണ്ടു് കാര്യങ്ങൾക്കു് പരിഹാരം ഉണ്ടാകുകയില്ല. ഞാൻ പറയുന്നതു് അദ്ദേഹത്തിൻെറ പ്രമേയത്തിൻെറ ഉദ്ദേശത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഗവണ്മെൻറു് ഇതിനെക്കുറിച്ചു് സത്വരനടപടിയെടുക്കുന്നതാണ്. ഈ കാര്യങ്ങൾ എല്ലാം ആലോചിച്ചു മി. ശാസ്ത്രി അദ്ദേഹത്തിൻെറ ഈ പ്രമേയം പിൻവലിക്കണമെന്നാണ് എനിക്കു അദ്ദേഹത്തോടു ചെയ്യുവാനുള്ള അപേക്ഷ.

മി. സ്പീക്കർ: മി. ശാസ്ത്രിക്കു് വല്ലതും പറയുവാനുണ്ടോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, പ്രമേയത്തിലെ പദപ്രയോഗം സംബന്ധിച്ചു ഒരു സ്ഥലജലഭ്രാന്തി ഉണ്ടായിട്ടുള്ളതായി ഞാനും സമ്മതിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ സാന്ത്വനഉപദേശങ്ങൾക്കും സമാധാനബുദ്ധിക്കും ഞാൻ കൃതജ്ഞതപറയുന്നു. ഞാൻ ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്ന വസ്തുതൾ മുഴുവൻ പറഞ്ഞുകഴിഞ്ഞു. പക്ഷെ, ഈ അടകുടി എന്നും കുടിയിറക്കു നിരോധനമെന്നും വന്നപ്പോൾ ചില വൈകല്യങ്ങൾ ഭാഷയിലുണ്ടായിയെന്നല്ലാതെ അർത്ഥത്തിൽ യാതൊരു കുഴപ്പവും ഉണ്ടായില്ല. ഈ പ്രമേയത്തോടു അനുകൂലിച്ചു പ്രസ്താവിച്ച മെംബറന്മാരോടു ഞാൻ കൃതജ്ഞനായിരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെ ആദരിച്ചു് പ്രമേയം പിൻവലിക്കുകയും ചെയ്തുകൊള്ളുന്നു.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: പ്രമേയം വാദപ്രതിവാദത്തിനു എടുത്തശേഷം പിൻവലിക്കാമോ?

മി. സ്പീക്കർ: ഹൗസിൻെറ അനുവാദത്തോടുകൂടി മാത്രമെ പിൻവലിക്കുവാൻ കഴികയുള്ളു. അദ്ദേഹം പ്രമേയം പിൻവലിക്കുവാൻ തയ്യാറായിട്ടുള്ള സ്ഥിതിക്കു് ഹൗസ് അതിനു അനുവദിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

The resolution was, by leave, with drawn.

Mr. Speaker: Sri Kuttappan Koickal may now move his resolution.

ശ്രീ. കട്ടപ്പൻ കോയിക്കൽ : സർ, ഇതാണ് എന്റെ പ്രമേയം.

"തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിന്റെ പല ഭാഗങ്ങ
3 p. m. ളിലും പണിയെടുത്തുകൊണ്ടിരിക്കുന്ന മരംകയററത്തൊഴിലാളി കൾക്ക് കൂലി സമ്പ്രദായത്തിൽ ഏകീകരണം വരുത്തുന്നതിനും, കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനും മററുമായി മിനിമം വേജസ്കമ്മിററിയെ ഏററവും വേഗം നിയമിക്കണമെന്ന് ഈ സഭ അഭിപ്രായപ്പെടുന്നു." എന്റെ ഈ പ്രമേയത്തിന് ഒരു ഭേദഗതി ബഹുമാനപ്പെട്ട മെംബർ ശ്രീ. കെ. സി. എബ്രഹാം സഭയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. എന്റെ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്ന ആശയങ്ങൾക്ക് എതിരില്ലാത്തതും കുറേക്കൂടി വ്യക്തമാക്കുന്നതുമായ ആ ഭേദഗതി അംഗീകരിച്ചുകൊണ്ടു തന്നെ ഞാൻ..........

മി. സ്പീക്കർ : ഭേദഗതി അവതരിപ്പിച്ചിട്ടില്ല. അതു് അവതരിപ്പിച്ചതിനുശേഷമേ അംഗീകരിക്കാനൊക്കുകയുള്ളു. ആ നിലയ്ക്കു് ഇപ്പോൾ മെംബറുടെ പ്രമേയം അവതരിപ്പിക്കാനേ അവകാശമുള്ളു.

ശ്രീ. കട്ടപ്പൻ കോയിക്കൽ : ഏതായാലും ആ ഭേദഗതി സ്വീകരിക്കുന്നതിൽ എനിക്ക് വിരോധമില്ല. ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുകയാണ്. നമ്മുടെ രാജ്യത്തിനു ഇൻഡ്യയിലെ മറെറല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് തെങ്ങുകൃഷിയിൽ ഒന്നാംസ്ഥാനമാണുള്ളതെന്ന് ഈ സഭയിലെ എല്ലാ മെംബറന്മാക്കും അറിയാം. കേരകൃഷികൊണ്ട് കേരളം എന്നറിയപ്പെടുന്ന മഹത്തായ മലനാട്ടിന്റെ ഒരവിഭാജ്യഘടകമായ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ ഏതാണ്ട് 6,61,000 ഏക്കറിൽ ചില്വാനം സ്ഥലത്ത് ഇന്നു് സമൃദ്ധമായി തെങ്ങുകൃഷി നടക്കുന്നുണ്ടെന്നു ഔദ്യോഗികരേഖകളിൽനിന്നും കാണാൻകഴിയും. ഈ തെങ്ങുകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് യഥാസമയം തെങ്ങിൽനിന്നും അതിന്റെ ഫലം താഴെ ഇറക്കിക്കൊടുക്കുന്ന വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ഈ രാജ്യത്ത് അധിവസിക്കുന്നുണ്ട്. മററു തൊഴിലാളികളെ അപേക്ഷിച്ച് ഈ തൊഴിലാളികൾക്കു ചില പ്രത്യേകതകൾ ഉണ്ടെന്നു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ രാജ്യത്തു് അനേകകാലമായി നിലനിന്നുവരുന്ന ചില തൊഴിലുകൾ സമുദായടിസ്ഥാനത്തിൽ തന്നെയാണ്. ചില പ്രത്യേക തൊഴിലുകൾ ചിലരുടെ കുലവൃത്തിയായി സ്വീകരിച്ചിട്ടുമുണ്ട്. അങ്ങിനെ തെങ്ങിൽനിന്നും നാളികേരവും മററും താഴെ ഇറക്കിക്കൊടുക്കുന്ന തെങ്ങുകയററ തൊഴിലാളികൾ എന്നറിയപ്പെടുന്ന ജനങ്ങൾ പല പേരുകളിൽ ഈ തൊഴിൽ അവരുടെ കുലവൃത്തിയായി സ്വീകരിച്ച് കഴിഞ്ഞുകൂടുന്നതു് നമുക്ക് കാണാൻ കഴിയും. അങ്ങിനെ ഒരു പ്രത്യേക സമുദായക്കാരായി രാജ്യത്തിന്റെ പലഭാഗങ്ങളിലും പല പേരുകളിൽ അറിയപ്പെടുന്ന ഈ ആളുകൾ അനേകകൊല്ലങ്ങളായി ജീവസന്ധാരണത്തിനുവേണ്ടി ഈ തൊഴിൽ അംഗീകരിച്ചുവരുന്നുണ്ട്. പല തൊഴിലാളിവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളവും പല മാററങ്ങളും സംഭവിച്ചിട്ടും ഈ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കുന്നതിനു യാതൊരു നിയമനിർമ്മാണവും ഒരു സ്റ്റേറം എടുത്തിട്ടില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നതു്. ഈ രാജ്യത്തുള്ള ജനവിഭാഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ നിയമസഭ അംഗീകരിച്ച് നടപ്പി

[ശ്രീ. കുട്ടപ്പൻ കോയിക്കൽ]

ലാക്കിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽപ്പോലും നമ്മുടെ രാജ്യത്തു പൗരാവകാശമുള്ളതും ഒരു നല്ലവിഭാഗം ഉൾക്കൊള്ളുന്നതുമായ ഈ വിഭാഗത്തിനെ അഗണ്യകോടിയിൽ തള്ളാതെ അവരുടെ ജീവിതം സുഗമമാക്കുന്നതിനു ചില നിയമനിർമ്മാണങ്ങൾ നടത്താൻ വൈമനസ്യം കാണിക്കുന്നതു പരമാർത്ഥത്തിൽ ഈ വിഭാഗത്തോടുചെയ്യുന്ന കടുംകൈയായിരിക്കുമെന്നു് പറയാൻ ഞാൻ മടിക്കുന്നില്ല. ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളെപ്പോലെയോ, കർഷകത്തൊഴിലാളികളെപ്പോലെയോ ഉള്ള ഒരു ജോലിസമ്പ്രദായമല്ല ഇവർക്കുള്ളതു്. വളരെ ഉയരമുള്ള തെങ്ങുകളിൽ കയറുമ്പോൾ യാദൃച്ഛികമായി അപകടം സംഭവിച്ചു് മരണം സംഭവിക്കുന്നതിനോ, അംഗഭംഗം നേരിടുന്നതിനോ സാദ്ധ്യതകളുള്ള ഒരു തൊഴിലാണിതു്. അങ്ങിനെവരുന്ന സന്ദർഭങ്ങളിൽ യാതൊരു ആനുകൂല്യവും ഈ തൊഴിലാളികൾക്കു് ലഭിക്കുന്നില്ല. ഇന്നിതു് വളരെയധികം വൈഷമ്യം ഉളവാക്കുന്ന ഒരു കാര്യമായിത്തീർന്നിട്ടുണ്ടു്. നമ്മുടെ രാജ്യത്തെ ഭൂവുടമസമ്പ്രദായമാണു് അതിനു പ്രധാനകാരണം. അഞ്ചും പത്തും സെൻറു ഭൂമിയുള്ള ആളുകളുടെ തെങ്ങുകളിൽനിന്നും നാളികേരം ഇടുന്നതിനു ഒരു തൊഴിലാളി തെങ്ങിൽ കയറുന്ന അവസരത്തിൽ ഒരപകടമുണ്ടായാൽ അതിനു നഷ്ടപരിഹാരം നൽകുന്നതിനു ആ വസ്തുടമസ്ഥു് സാദ്ധ്യമല്ലാത്ത ഒരവസ്ഥയാണിന്നുള്ളതു്. അങ്ങിനെ അപകടം ഉണ്ടായി ജീവഹാനി സംഭവിച്ചാലും ആ തൊഴിലാളിയുടെ കുടുംബത്തെ അനാഥമാക്കാതെ പുലർത്തിക്കൊണ്ടു പോകുന്നതിനുള്ള യാതൊരു നിയമവും ഈ രാജ്യത്തില്ല. ഈ തെങ്ങുകയററം കുലവൃത്തിയായി സ്വീകരിച്ചു് കഴിഞ്ഞുകൂടുന്ന വിഭാഗം സാമാന്യമായി ജനസംഖ്യയിൽ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ തെങ്ങുകൃഷി അധഃപതനത്തിലേയ്ക്കു് പോകുകയാണു്. നമ്മുടെ തെങ്ങുകൃഷി വളരെ അധികം അധഃപതിച്ചുവരുന്നു എന്നുള്ളതിനു് ധാരാളം തെളിവുകളുണ്ടു്. നമ്മുടെ രാജ്യത്തെയും കേന്ദ്രഗവണ്മെൻറിലെയും പണംചെലവുചെയ്തുകൊണ്ടു് തെങ്ങുരോഗത്തെ നിവാരണം ചെയ്യുന്നതിനു് ഒന്നുരണ്ടു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടു്. പക്ഷെ ഏഴെട്ടു കൊല്ലമായി ഇൻഡ്യൻ നാളികേരഗവേഷണശാല എന്ന പേരിൽ കൃഷ്ണപുരത്തു ഒരു ഗവേഷണശാല പ്രവർത്തിക്കുന്നുണ്ടെങ്കിലും നമ്മുടെ തെങ്ങുകളെ സാരമായി ബാധിച്ചിരിക്കുന്ന രോഗം എന്താണെന്നു കണ്ടുപിടിക്കുന്നതിനോ അതിനുള്ള നിവാരണമാർഗ്ഗം എന്താണെന്നു ആരായുന്നതിനോ അവിടെയുള്ള ഗവേഷണപടുക്കൾക്കു് കഴിഞ്ഞിട്ടില്ല. അങ്ങിനെ നമ്മുടെ വരുമാനത്തിൽത്തന്നെ ഒരു ഗണ്യഭാഗം അനുനിമിഷം കുറഞ്ഞുകൊണ്ടിരിക്കുകയാണു്. തെങ്ങുകൃഷി ഈ രാജ്യത്തു സമൃദ്ധിയായി നടന്നാൽ മാത്രമേ ഈ രാജ്യത്തുള്ള കൊപ്രാമില്ലുകളും കയർ വ്യവസായവുമെല്ലാം അഭിവൃദ്ധിപ്പെടുകയുള്ളൂ. അങ്ങിനെ അഭിവൃദ്ധിപ്പെടാൻ നിവൃത്തിയില്ലാത്തവിധത്തിൽ തെങ്ങുകൃഷി അധഃപതിച്ചുവരുന്നു എന്നു് തിരുവിതാംകൂറിലെ തെങ്ങുകൃഷിയെ സംബന്ധിച്ചു് കേരകർഷകസംഘം പ്രസിദ്ധപ്പെടുത്തിയ ഔദ്യോഗികരേഖകളിൽനിന്നും മനസ്സിലാക്കാൻ കഴിയും.

ശ്രീ. എ. താണുപിള്ള: ഈ തൊഴിലാളികൾക്കു് മിനിമംവേജസ് നിശ്ചയിച്ചു് കൂലി ഏകീകരിച്ചാൽ ഈനാട്ടിലെ ആകെക്കൂടിയുള്ള തൊഴിലാളികൾക്കു് ഗുണകരമല്ലെന്നാണോ പറയുന്നതു്. ഇപ്പോൾ പലയിടത്തും പലതരത്തിലുള്ള കൂലി കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: തൊഴിലാളികൾക്ക് ഗുണകരമായ നിലയിൽ കൂലിവ്യവസ്ഥ ഏകീകരിക്കണമെന്നാണു ഞാൻ പറയുന്നത്. പലവിധത്തിലുള്ള കൂലിസമ്പ്രദായങ്ങൾ ഈ രാജ്യത്തു നിലനിൽക്കുന്നുണ്ട്. ആ സമ്പ്രദായങ്ങൾ ഏകീകരിച്ച് അവർക്കു ഗുണമുണ്ടാകത്തക്ക വ്യവസ്ഥ ഏർപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അങ്ങിനെ ഈ രാജ്യത്തു തെങ്ങുകൃഷി അധഃപതിച്ചു വരികയും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് മാന്യമായി ജീവിക്കുന്നതിനുള്ള സൗകര്യം ഇല്ലാതാകുകയുമാണ് ചെയ്യുന്നത്. മൊത്തത്തിൽ പറഞ്ഞാൽ നമ്മുടെ രാജ്യത്തെ തൊഴിലാളിവിഭാഗത്തിന് അവരുടെ ജീവിതം തുടർന്നുകൊണ്ടു പോകാൻ വയ്യാത്തനിലയിൽ അവരുടെ ജീവിതനിലവാരം അധഃപതിക്കയും സാമ്പത്തികവരുമാനം കുറഞ്ഞു വരുകയുംചെയ്യുന്നു. നാളികേരത്തിനു വിലക്കുറവുവന്നതോടുകൂടി തൊഴിലാളികൾക്ക് ഗുരുതരമായ സാമ്പത്തികപരാധീനത അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. ആ നിലയിൽ ഈ തെങ്ങുകയററത്തൊഴിലാളികൾ വളരെയധികം ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അവർക്കു ജീവിക്കാൻ മതിയായ കൂലി നിശ്ചയിക്കണമെന്നുള്ളതാണ് ഞാൻ ഈ പ്രമേയംകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. അങ്ങിനെ കേരളത്തിലെ കേരകർഷകരുടെ ആനുകൂല്യത്തെ ആശ്രയിച്ചു മാത്രം അനേകകാലമായി കഴിഞ്ഞുകൂടുന്ന ഈ തൊഴിലാളിവിഭാഗത്തിന് മാന്യമായി ജീവിക്കുന്നതിനുള്ള ഒരു കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ ഏററവുംവേഗം എടുക്കുന്നകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് ഞാൻ ഈ പ്രമേയംമുഖേന ചെയ്യുന്നത്. ഈ സഭയിലെ എല്ലാ കക്ഷികളിലുംപെട്ട ആളുകൾ ഈ പ്രമേയത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ച്, ഒരു തൊഴിലാളിവിഭാഗത്തിന്റെ താൽപ്പര്യമാണ് ഇതിൽ ഉൾക്കൊള്ളുന്നതെന്നുകരുതി, ഈ പ്രമേയം അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ സഭയിൽ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ അവതരിപ്പിച്ച പ്രമേയത്തിന്റെ തത്വത്തോടു യോജിച്ചുകൊണ്ട് നമ്മുടെ മിനിമം വേജസ് ആക്ററിന്റെ പരിധിയിൽ കൂടുതൽ വ്യവസായങ്ങളെയും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യത്തെപ്പററി പ്രസ്താവിക്കുന്നതിനു ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ സംസ്ഥാനത്തു പ്രയോഗത്തിലിരിക്കുന്ന ഇൻഡ്യൻ മിനിമം വേജസ് ആക്ററ് വരുന്നതിനു മുമ്പ് നമ്മുടെ സംസ്ഥാനത്തിനു മാത്രമായി ഒരു മിനിമം വേജസ് ആക്ററ് നിലവിലിരുന്നു. ഈ രാജ്യത്തെ പ്രത്യേക പരിതഃസ്ഥിതികളെ അടിസ്ഥാനമാക്കി കൂടുതൽ വ്യവസായശാലകളേയും തൊഴിലാളികളേയും ഉൾക്കൊള്ളിക്കത്തക്കവണ്ണമുള്ള ഒരു പട്ടികയായിരുന്നു ആ ആക്ററിൽ ഉണ്ടായിരുന്നത്. എന്നാൽ പൊതുവെ ഇൻഡ്യൻ നിയമം വന്നതോടുകൂടി ഈ നാട്ടിലെ പല വ്യവസായങ്ങളും അതിന്റെ പട്ടികയിൽ ഉൾപ്പെടാതെവരികയും ഇവിടെ നിലവിലിരുന്ന ആക്ററമൂലം കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനർഹമായ പല വ്യവസായങ്ങൾക്കും ഗുണം കിട്ടാതെപോകയും ചെയ്തു. രണ്ടാമതായി നമ്മുടെ ഗവണ്മെന്റിൽ നിന്നും കശുവണ്ടിവ്യവസായത്തേയും കയർവ്യവസായത്തേയും മാത്രമേ കൂടുതലായി ആ പട്ടികയിൽ ചേർത്തുള്ളു. അതേയവസരത്തിൽ ആദ്യം

[ശ്രീ. ടി. കെ. ദിവാകരൻ]

നിലവിലിരുന്ന ആക്റ്റിൽ ചേർത്തിരുന്ന സാമിൽ, ഓട്ട്, ടിൻ തുടങ്ങിയ പല വ്യവസായങ്ങളിലേയും തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കാൻ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ട്. ഈ സമ്മേളനം തുടങ്ങിയശേഷം ബഹുമാനപ്പെട്ട ലേബർമന്ത്രി ചെത്തുതൊഴിലാളികളുടെ ഏററവും കുറഞ്ഞ കൂലി നിശ്ചയിക്കുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നു എന്ന് പ്രഖ്യാപിക്കയുണ്ടായി. ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ ഉൾക്കൊള്ളുന്ന തൊഴിലാളികളും ചെത്തുതൊഴിലാളികളും തമ്മിൽ യഥാർത്ഥത്തിൽ തൊഴിലിൽ വളരെ സാമ്യമുണ്ട്. ഒരുവിഭാഗം ചെത്തിൽ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നു എന്നുള്ളതൊഴിച്ചാൽ ഈ തൊഴിലാളികൾ തമ്മിൽ കായികാദ്ധ്വാനത്തിൽ ഏകദേശം തുല്യത ഉണ്ടെന്നു കാണാം. ആ നിലയിൽ ഇന്നു നിലവിലിരിക്കുന്ന കുറഞ്ഞകൂലി നിശ്ചയിക്കേണ്ട തൊഴിലാളികളുടെ പട്ടികയിൽ ചെത്തുതൊഴിലാളികളേയും മരംകയററതൊഴിലാളികളേയും ഒരു ഷെഡ്യൂൾഡ് ഇൻഡസ്ട്രിയായി ഉൾപ്പെടുത്തി ഗവണ്മെൻറ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോട് യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതേയവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉന്നയിച്ച സംശയത്തെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടുകാര്യങ്ങൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കൂലി ഏകീകരിക്കുന്നു എന്നു പറയുന്നതു് വളരെ കുഴപ്പങ്ങൾക്കു് കാരണമാകുന്ന ഒരവസ്ഥയാണ്. മിനിമംവേജസ് കൊണ്ടു് ഉദ്ദേശിക്കുന്നതു് അങ്ങനെ നിശ്ചയിക്കുന്ന കുറഞ്ഞ കൂലി കൊടുക്കുവാൻ ആ വ്യവസായത്തിന് ബാദ്ധ്യതയുണ്ടെന്നും അതു കൊടുക്കാനർഹതയില്ലാത്ത വ്യവസായം നിലനിൽക്കാനർഹമല്ലെന്നും ആണ്. ഏററവും കൂടുതൽ ചൂഷണം നിലവിലിരിക്കുന്നതും കൂട്ടായ വിലപേശലിനു സാദ്ധ്യതയില്ലാതിരുന്നിട്ടുള്ളതുമായ വ്യവസായങ്ങളെയാണ് നിയമത്തിൻെറ പട്ടികയിൽ ചേർത്തിരിക്കുന്നതു്. ആ നിലയിൽ ഈ തൊഴിലിൻെറ പൊതുസ്വഭാവം നോക്കി ഒരു കുറഞ്ഞകൂലി നിശ്ചയിക്കയാണ് വേണ്ടതു്. ഏതെങ്കിലും സ്ഥലത്തു പ്രത്യേകമായ പരിതഃസ്ഥിതിയിൽ കിട്ടിയിരിക്കുന്ന കൂലിയും പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലെ കൂലിയും ഏകീകരിക്കുന്നതായ ഒരു നിലവാരം വന്നാൽ തീർച്ചയായും ഇന്ന് കൂട്ടായ വിലപേശലിൻെറ അടിസ്ഥാനത്തിൽ കൂലി എവിടെയെങ്കിലും സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതിനെ ദോഷകരമായി ബാധിക്കുന്നതാണ്, അതു മാത്രമല്ല, ചില പ്രദേശങ്ങളിൽ ഇന്നു തെങ്ങുകയററതൊഴിലാളികൾക്കു് കൂലി കൊടുക്കുന്നതു് ഒരു തെങ്ങിന് ഇത്ര ചക്രം കൂലി എന്നു നിശ്ചയിച്ചിട്ടാണ്. എന്നാൽ ചില പ്രദേശങ്ങളിൽ തേങ്ങയ്ക്കു് ഇത്രയെന്ന അടിസ്ഥാനത്തിൽ കൂലി കൊടുക്കുന്നുണ്ട്. തെങ്ങു വളരെ അധികമുള്ള സ്ഥലങ്ങളിൽ തേങ്ങാ സമൃദ്ധിയായി ലഭിക്കുന്നിടത്തു് അതുകൊണ്ട് ഈ തെങ്ങുകയററതൊഴിലാളികൾക്കു് നല്ല കൂലി ലഭിക്കുന്നുണ്ട്. ഇതിനാൽ കൂലി ഏകീകരിക്കുക എന്നുള്ളതുകൊണ്ട് ഒരു നല്ല വിഭാഗം ആളുകൾക്കു് ദോഷകരമായിത്തീരാൻ ഇടയുണ്ട്. ഇന്നു നിലവിലിരിക്കുന്ന കൂലി സമ്പ്രദായം എല്ലാം പരിഗണിക്കേണ്ടതായിരിക്കുന്നതുകൊണ്ട് സ്റ്റാൻഡർഡൈസേഷൻ ആഫ് വേജസ് ഇതിൽ ഉൾപ്പെടുത്താൻ പാടില്ല. ഇന്ന് ഈ തൊഴിലിനെ സംബന്ധിച്ചിടത്തോളം കിട്ടിക്കൊണ്ടിരിക്കുന്ന

കൂലി കുറയ്ക്കാതെ ഏററവും കുറഞ്ഞ കൂലി മിനിമംവേജസ് ആക്ററനുസരിച്ചു നിശ്ചയിക്കണമെന്നാണെനിക്കു തോന്നുന്നതു്.

സർ, തെങ്ങുകയററത്തൊഴിലാളികൾക്കു് സംഘടിച്ചു നിന്നു ശബ്ദമുയർത്തുന്നതിനും സാധിച്ചിട്ടില്ല. നമ്മുടെ സമ്പത്തികജീവിതത്തിലും സാമൂഹ്യജീവിതത്തിലും പങ്കുള്ള ഒരു വിഭാഗം തൊഴിലാളികളാണു് ഈ തെങ്ങുകയററത്തൊഴിലാളികൾ. ഗ്രാമങ്ങളിലെ സാമൂഹ്യജീവിതത്താൽ ഇവർ വളരെ ബന്ധപ്പെട്ടു നില്ക്കുന്ന ഒരു വിഭാഗമാണു്. എന്നാൽ ഇവരെ പല പ്രകാരത്തിൽ ചൂഷണം നടത്തിവരുന്നുണ്ടു്. കൂലി കൊടുക്കുന്നതിൽ പൊരുത്തക്കേടും ജോലിയെ സംബന്ധിച്ചിടത്തോളം സ്ഥിരതയില്ലായ്മയും അതായതു് സ്ഥിരമായി ജോലി ചെയ്തുകൊണ്ടിരിക്കുന്നവരെ മാററുന്ന ഒരു ഏർപ്പാടു് ഉള്ളതുകൊണ്ടു് തൊഴിൽരംഗത്തു് അവർ വളരെ ബുദ്ധിമുട്ടുകൾ സഹിച്ചുവരുന്നുണ്ടു്. ഈ അടുത്തകാലത്തു് ചവറ തെക്കുംഭാഗത്തു് സ്ഥിരമായി ജോലിചെയ്തുകൊണ്ടിരുന്ന തെങ്ങുകയററത്തൊഴിലാളികളെ അവർക്കു് ജോലി നിഷേധിച്ചതുമൂലം അതുസംബന്ധിച്ചു് ഒരു സമരംതന്നെ നടക്കുകയുണ്ടായി. ആ സമരത്തിൽ തൊഴിലാളികൾ പങ്കെടുത്തു എന്ന കാരണത്താൽ ഈ തൊഴിലാളികൾ സംഘടനയിൽ ചേർന്നു എന്ന കാരണത്താൽ അവിടത്തെ കോൺഗ്രസ്സുകാരായ ജന്മിമാരും ഉടമകളുമെല്ലാംകൂടി ജോലി നിഷേധിച്ചിരിക്കുകയാണു്. ഇങ്ങനെയുള്ള ജോലി നിഷേധിക്കലിനെ സംബന്ധിച്ചും മിനിമംവേജസ് നിശ്ചയിക്കുന്നതുമൂലം ആവശ്യമായ സംരക്ഷണം കൊടുക്കുകയാണെങ്കിൽ ഈ മാതിരിയുള്ള ജോലിനിഷേധം ഇല്ലാതാക്കുന്നതിനും നമുക്കു കഴിയുന്നതാണു്.

അതേ അടിസ്ഥാനത്തിൽത്തന്നെയാണു് ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളവും ഉള്ള സ്ഥിതി. ഇവർക്കും പല സ്ഥലത്തും പല രീതിയിലുള്ള കൂലിയാണു് ഇന്നു നിലവിലിരിക്കുന്നതു്. അതായതു് തെങ്ങു പാട്ടത്തിനു് എടുത്തു് അതിനുള്ള ഉപകരണങ്ങളും സ്വന്തചെലവിൽ വാങ്ങി ജോലിചെയ്തു് കള്ളുണ്ടാക്കി വിലയ്ക്കു കൊടുത്തു കൂലിവാങ്ങുന്ന ഒരു രീതിയുണ്ടു്. അതുകൂടാതെ ഷാപ്പുടമകൾതന്നെ തെങ്ങു് എടുക്കുകയും മററുപകരണങ്ങൾ തൊഴിലാളികൾക്കു നൽകുകയും കള്ളിനു് അളവിനെ ആസ്പദമാക്കി കൂലികൊടുക്കുകയും ചെയ്യുന്ന സ്ഥലങ്ങളുമുണ്ടു്. ഈ തൊഴിലാളികളുടെ കൂലിയും അവരുടെ ജോലിവ്യവസ്ഥയും ഏകീകരിക്കുന്നതിനു് വേണ്ട സംരക്ഷണം മിനിമംവേജസ് ആക്ററിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണു്.

ഇതുകൂടാതെ ഇവിടത്തെ കള്ളുഷാപ്പു് വർഷം തോറും ലേലം ചെയ്യുന്നതുകൊണ്ടു് ഈ ജോലിക്കാരുടെ ജോലി സ്ഥിരത ഇല്ലാതെ വരുന്നുണ്ടു്. അടുത്തവർഷം ഷാപ്പു് ലേലം പിടിക്കുന്ന ആൾ പഴയ ഷാപ്പുടമസ്ഥന്റെ ജോലിക്കാരെ ചിലപ്പോൾ മാററി പുതിയ ജോലിക്കാരെ കയററുന്ന ഒരു സമ്പ്രദായമുണ്ടു്. അങ്ങനെ പുതിയ തൊഴിലാളികളെ കയററുന്നതുകൊണ്ടു് ഷാപ്പിൽ പുതിയ കിസ്തു് അടച്ചു ലേലം പിടിച്ചു കഴിയുമ്പോൾ തൊഴിൽ കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്നു് ഈ രാജ്യത്തെ ഖജനാവിലേക്കു് എക്സൈസ് ഇനത്തിൽ ഒരു നല്ല വരുമാനം അതായതു് കള്ളുഷാപ്പുകളിൽ നിന്നുള്ള വരുമാനമാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇങ്ങനെ പ്രധാനവരവിനമായ എക്സൈസിലേക്കു് വരവുണ്ടാക്കുന്ന പ്രധാനപ്പെട്ട തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളി

[ശ്രീ. ടി. കെ. ദിവാകരൻ]

കൾക്ക് യഥാർത്ഥത്തിൽ ഇന്നു ജോലിസ്ഥിരത ഇല്ലാതെയാണിരിക്കുന്നത്. അടുത്ത വർഷത്തേക്ക് എങ്കിലും ഈ ലേലവ്യവസായിൽതന്നെ ഈ ജോലിക്കാരെ യാതൊരുവിധത്തിലും മാററരുതെന്നുള്ള ഒരു വ്യവസ്ഥകൂടി അതിൽ ഉൾപ്പെടുത്തണമെന്നും എനിക്ക് ഈ അവസരത്തിൽ മന്ത്രിസഭയെ അറിയിക്കുവാനുണ്ട്. ഈ രണ്ടു വിഭാഗം തൊഴിലാളികളേയും അടിയന്തിരമായി ഈ മിനിമം വേജസ് ആക്ററിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടിയും ഗവണ്മെൻറ സ്വീകരിക്കേണ്ടതാണ്.

അതുപോലെതന്നെ ഓടു വ്യവസായവും. തിരുവിതാംകൂർ-കൊച്ചിയിലുള്ള ഓടുവ്യവസായകേന്ദ്രങ്ങളിൽ കൊല്ലം ഉയന്ന കൂലി കൊടുത്തുകൊണ്ടിരിക്കുന്ന സ്ഥലമാണ്. ഒല്ലൂർ മുതലായ സ്ഥലങ്ങളിൽ ഒരു രൂപയ്ക്കും ഒന്നേകാൽ രൂപയ്ക്കും തൊഴിലാളികളെക്കൊണ്ട് അവിടെ പണി എടുപ്പിക്കുന്നു. ഇങ്ങനെ വ്യത്യസ്തമായ കൂലിസംപ്രദായം നിലവിലിരിക്കുന്നതുകൊണ്ട് ഒല്ലൂർ ഓട്ടുകമ്പനികളും കൊല്ലത്തുള്ള കമ്പനികളും തമ്മിൽ ഓടുവിൽപ്പനയ്ക്ക് മത്സരത്തിനു ഇടയാകുന്നുണ്ട്. കൊല്ലത്ത് കമ്പനികളിൽ ഒരു രൂപ പത്തണയും, ഒരു രൂപ പന്ത്രണ്ടരഅണയുമാണ് കൂലി നിശ്ചയിച്ചിട്ടുള്ളത്. ഇതു് അവർ സംഘടിച്ചുനിന്നു ശബ്ദമുയർത്തിയതുകൊണ്ട് സാധിച്ചുകിട്ടിയിട്ടുള്ളതാണ്. യഥാർത്ഥത്തിൽ വളരെ അധികം ചൂഷണം ഓട്ടുവ്യവസായതൊഴിലാളിരംഗത്ത് ഇന്നു് അവശേഷിക്കുന്നുണ്ട്. ഏററവും കുറഞ്ഞ കൂലിയും വ്യവസായികൾ തമ്മിലുള്ള മാത്സര്യവും തൊഴിൽരംഗത്തും വ്യാവസായിക രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓട്ടുവ്യവസായം ഇന്നു തിരുവിതാംകൂർ-കൊച്ചിയിലെ മർമ്മപ്രധാനമായ ഒരു വ്യവസായമാണ്. തിരുവിതാംകൂറിൽ ആദ്യം നിലവിലിരുന്ന മിനിമം വേജസ് ആക്ററിന്റെ പട്ടികയിൽ ഇതും ഉൾപ്പെടുത്തിയിരുന്നതാണ്.

അതുപോലെതന്നെ സാമിൽ വ്യവസായവും. സാമിൽ തൊഴിലാളികളെ മിനിമം വേജസ് ആക്ററിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു് അവർ സംഘടിച്ചുനിന്നു അവകാശവാദം നടത്തി.

ശ്രീ. കെ. പി. ഹാർമിസ്: ഓട്ടുവ്യവസായത്തിന്റെ കാര്യം പറഞ്ഞതല്ലേ; എന്താണ് കൂലിമാത്രമാണോ മത്സരം വർദ്ധിക്കുന്നതിനുള്ള കാരണം?

ശ്രീ. ടി. കെ. ദിവാകരൻ: അതിൽ പ്രധാനമായിട്ടുള്ള കാരണമാണ് കൂലി കുറയ്ക്കുന്നുള്ളതു്. ഈ മാതിരിയുള്ള കൂടുതൽ വ്യവസായങ്ങളെ മിനിമം വേജസ് ആക്ററിന്റെ പരിധിയിൽ കൊണ്ടുവരാൻ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. ഈ മിനിമം വേജസ് ആക്ററിൽ നിശ്ചയിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടുത്തുകമാത്രം പോരാ എന്നുള്ള സംഗതിയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

സർ, ഇതിനു മുമ്പു പല പ്രാവശ്യവും ഇവിടെ പറഞ്ഞിട്ടുള്ള കാര്യമാണ്. മിനിമംവേജസ് നിശ്ചയിക്കുന്ന കാര്യത്തിൽ കുറച്ചുകൂടി ഊർജ്ജിതമായിട്ടുള്ള നടപടി ഗവണ്മെൻറ സ്വീകരിക്കേണ്ടതാണ് എന്നുള്ള കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. കർഷക

തൊഴിലാളിവിഭാഗത്തിന്റെ മിനിമംവേജസ് നിശ്ചയിക്കുന്നതിനൊരു കമ്മിററിയെ നിയമിച്ച് എട്ടുമാസമായിട്ടും ഒരു മീററിംഗുപോലും ഇതുവരെ കൂടിയിട്ടില്ല. 1954 ഡിസംബർ അവസാനത്തോടുകൂടിയാണ് ഏററവും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനുള്ള കാലാവധി ഇൻഡ്യാ ഗവണ്മെൻറ നീട്ടിക്കൊടുത്തിരിക്കുന്നതു്. അതിനിപ്പുറമെങ്കിലും ഇന്നിരിക്കുന്ന പട്ടികയിലുൾപ്പെട്ട തൊഴിലാളികൾക്ക് ഏററവും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനു സത്വരനടപടികൾ സ്വീകരിക്കുകയും കൂടുതലായി ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. മിനിമംവേജസ് നിശ്ചയിക്കപ്പെട്ട പ്ലാന്റേഷൻ തൊഴിലാളികളുടെയും കയറുവ്യവസായത്തൊഴിലാളികളുടെയും കാര്യത്തിൽ യഥാർത്ഥത്തിൽ, അവർക്കു കുറഞ്ഞകൂലി ലഭിക്കുന്നില്ല. ഈ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം മുതലാളിമാർ മിനിമം വേജസ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിന് അടിയന്തിരമായും കർശനമായും ഗവണ്മെൻറ് വേണ്ടനടപടികൾ സ്വീകരിച്ചുവെങ്കിൽ മാത്രമേ നിയമത്തിന്റെ ഗുണം യഥാർത്ഥത്തിൽ തൊഴിലാളികൾക്കു ലഭിക്കയുള്ളു. നിയമം ഒന്നു പറഞ്ഞാൽ അതിന്റെ പഴുതുകളിൽക്കൂടി രക്ഷപ്പെടുന്നതിനുള്ള സാമർത്ഥ്യം നമ്മുടെ എല്ലാ തൽപ്പരകക്ഷികളിലും ഇന്നു കണ്ടുവരുന്നുണ്ട്. ഇന്നു നടപ്പിലാക്കിയിട്ടുള്ള കൂലിയിൽനിന്നു രക്ഷപ്പെടുന്നതിന് അതു കൊടുക്കാതിരിക്കുന്നതിനുള്ള വാസന വ്യവസായികളുടെ ഇടയിൽ വളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതിനെല്ലാം ഒരു പരിഹാരം ഉണ്ടാക്കുന്നതിന് മിനിമംവേജസ് ഇൻസ്പെക്ടറന്മാർക്ക് കർശനമായ നിർദ്ദേശങ്ങൾ ഈ ഗവണ്മെൻറിൽനിന്നും നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ പ്രമേയത്തിന്റെ തത്വത്തോടു പൂർണ്ണമായും യോജിച്ചുകൊണ്ടും ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. കെ. സി. എബ്രഹാം: സർ, "മരംകയററത്തൊഴിലാളികൾക്ക് കൂലിസമ്പ്രദായത്തിൽ ഏകീകരണം വരുത്തുന്നതിനും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനും മററുമായി." എന്ന ഭാഗം നീക്കം ചെയ്തു്, അതിനുപകരം "തെങ്ങുകയററത്തൊഴിലാളികൾക്ക് കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന്" എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തെങ്ങുകയററത്തൊഴിലാളികൾ ഏററവും പിന്നോക്കം നില്ക്കുന്നു. ഇവർ സാമ്പത്തികമായി വളരെ താഴ്ന്ന നിലയിലാണ്. അവർക്ക് സാമൂഹ്യസംഘടനയില്ല. ന്യായമായിട്ടുള്ള അവരുടെ ആവശ്യങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിന് ഇപ്പോഴും അവർക്കു സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. അവരുടെ ജോലിയാണെങ്കിൽ വളരെ അപകടകരവുമാണ്. അലസതയ്ക്കും മററും അവരുടെ തൊഴിലിൽ സ്ഥാനമില്ല. "ഗോസ്ലോ" പാളിസിയും പരീക്ഷിക്കുന്നതിനു സാദ്ധ്യമല്ല. അവർക്കു ജോലിയില്ലാത്ത ദിവസങ്ങൾ ധാരാളമുണ്ട്. വേനൽക്കാലത്താണെങ്കിൽ മാസത്തിൽ ഇരുപതു ദിവസത്തിൽക്കൂടുതൽ തൊഴിൽ കിട്ടുന്നില്ല. വർഷകാലത്തു് പത്തോ പതിനഞ്ചോ ദിവസത്തിൽക്കൂടുതൽ ജോലി കിട്ടുന്നില്ല. അതുകൊണ്ട് അവർക്ക് ന്യായമായി ലഭിക്കേണ്ട കൂലി കിട്ടുന്നതിനു ആവശ്യമായ നടപടികൾ എടുക്കാൻ ഗവണ്മെൻറ തയ്യാറാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തിന് ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതു്. എന്റെ നിർദ്ദേശം പ്രമേയാവതാരകൻ സ്വീകരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പ്: തെങ്ങുകയററത്തൊഴിലാളികളെ മാത്രമല്ലാതെ പനയും മാവും മററും കയറുന്ന തൊഴിലാളികളെ ഇതിൻെറ പരിധിയിൽ ഉൾപ്പെടുത്തേണ്ടാ എന്നാണോ സ്നേഹിതൻെറ അഭിപ്രായം?

ശ്രീ. കെ. സി. എബ്രഹാം: തെങ്ങുകയററത്തൊഴിലാളികൾ ഒരു വലിയ വിഭാഗമുണ്ട്. മാവിലും പനയിലും മററു മരങ്ങളിലും കയറുന്നവരെക്കാൾ പ്രധാന വിഭാഗം ഇവരാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: പനയിലും മാവിലും കയറുന്നവർ വളരെ ചെറിയ വിഭാഗമാണെന്നാണോ പറയുന്നത്. അവരും മരംകയററത്തൊഴിലാളികളുടെ കൂട്ടത്തിൽ പെടുകയില്ലേ?

ശ്രീ. കെ. സി. എബ്രഹാം: ഏകദേശം അതു രണ്ടും രണ്ടു വിഭാഗമാണെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. ടി. ഒ. ബാവാ: സർ, ശ്രീ. കുട്ടപ്പൻ കോയിക്കൽ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ചടത്തോളം യാതൊരു ഭേദഗതിയും കൂടാതെ അനുകൂലിക്കുന്നതിനാണ് ഞാൻ എഴുന്നേററു നിൽക്കുന്നത്. ഈ അവസരത്തിൽ, ആ പ്രമേയത്തിൽ ശ്രീ. കെ. സി. എബ്രഹാം അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. എന്തുകൊണ്ടെന്നാൽ, തെങ്ങുകയറുന്ന തൊഴിലാളികൾ വളരെയധികം നമ്മുടെ സംസ്ഥാനത്തുണ്ട്, അവരുടെ ജോലിയും അപകടകരമാണ്. അതു ഞാൻ സമ്മതിക്കുന്നു. എങ്കിലും മരംകയററത്തൊഴിലാളികൾ എന്നതിനു പകരം, തെങ്ങുകയററത്തൊഴിലാളികൾ എന്നു ഭേദഗതി വരുത്തുന്നതു ശരിയല്ല. സർ, ഞങ്ങളുടെ നാട്ടിൽ ധാരാളം കമുകുകളുണ്ട്. വളരെ ഉയരമുള്ളതും, വളരെ ലോലവുമായ ഈ വൃക്ഷങ്ങളിൽ കയറുന്ന തൊഴിലാളികൾക്കു തെങ്ങുകയററത്തൊഴിലാളികളെക്കാൾ കൂടുതൽ അപകടമുണ്ടാകുന്നതു സ്വാഭാവികമാണ്. മാത്രമല്ല, കമുകുകളിൽ കയറുന്ന തൊഴിലാളികൾക്കു കൂടക്കൂടെയുള്ള കാററുമൂലമോ, അല്ലെങ്കിൽ കമുകിൻെറ ഉയരക്കൂടുതൽകൊണ്ടുള്ള ദുർബ്ബലതകൊണ്ടോ അവ ഒടിഞ്ഞുപോകുന്നതിൻെറ ഫലമായിട്ടു പല സന്ദർഭങ്ങളിലും അപകടമരണങ്ങൾ ഉണ്ടാകാറുണ്ട്. അതുപോലെതന്നെ വിറകുവെട്ടു തൊഴിലാളികളുടെ കാര്യവും. വളരെ ഉയരമുള്ള വൃക്ഷങ്ങളുടെ ഉച്ചസ്ഥാനത്തു കയറി കോടാലിയും, വാക്കത്തിയും ഉപയോഗിച്ചു വിറകുവെട്ടുന്നതു കണ്ടാൽ നമുക്കുതന്നെ ഭയം തോന്നിപ്പോകും. തെങ്ങുകയററത്തൊഴിലാളികളെക്കാൾ കൂടുതൽ ജോലിയും അദ്ധ്വാനവും ഇവർക്കുണ്ട്. ഈവക തൊഴിലാളികളെ സംബന്ധിച്ചടത്തോളവും നന്മയുണ്ടാകേണമെങ്കിൽ, പൊതുവെ മരംകയററത്തൊഴിലാളികൾ എന്ന പരിഗണനയിൽ അവർക്കുവേണ്ട രക്ഷാവ്യവസ്ഥകൾ ചെയ്യുന്നതായിരിക്കും കൂടുതൽ പ്രയോജനം.

ശ്രീ. കെ. സി. എബ്രഹാം: വിറകുവെട്ടുന്ന തൊഴിലാളികളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണോ മെംബർ പറയുന്നത്?

ശ്രീ. ടി. ഒ. ബാവാ: നിശ്ചയമായിട്ടും.

ശ്രീ. എൻ. നാരായണക്കുറുപ്പ്: തൊഴിലാളികൾ പ്ലാവുകളിലും മാവുകളിലും കയറുമ്പോൾ അവരെ ഭയങ്കരമായ വിധത്തിൽ നീറും കട്ടുറുമ്പും മററും കടിക്കുന്നുണ്ട്. അവരെക്കൂടി ഈ മിനിമം വേജസ് ആക്ടിൻെറ പരിധിയിൽ ഉൾപ്പെടുത്തുമോ?

ശ്രീ. ടി. ഒ. ബാവാ: തീർച്ചയായും വേണ്ടതാണ്. മരംകയറുന്ന തൊഴിലാളികളെപ്പററിയാണ് ഞാൻ പൊതുവെ പറയുന്നതു്. സർ, കായലോരപ്രദേശങ്ങളിലുള്ള തെങ്ങുകയററത്തൊഴിലാളികൾക്ക് നേരിടുന്ന പ്രയാസങ്ങൾ, പുഴകളുടെ തീരപ്രദേശങ്ങളിലുള്ള കമുകുവൃക്ഷങ്ങളിൽ കയറുന്നവർക്കും ഉണ്ടാകുന്നുണ്ടു്. പൊതുവെ പറയുന്നപക്ഷം, മരംകയററത്തൊഴിലാളികളിൽ കൂടുതൽ അപകടം പററുന്നതു് കമുകുകയററത്തൊഴിലാളികൾക്കാണ്. അതുകൊണ്ടു് ശ്രീ. കുട്ടപ്പൻ കോയിക്കൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം യാതൊരു ഭേദഗതിയും കൂടാതെ പാസ്സാക്കണമെന്നു് ഞാൻ അപേക്ഷിക്കുകയും, അതേ അവസരത്തിൽ ശ്രീ. കെ. സി. ഏബ്രഹാമിന്റെ ഭേദഗതി തള്ളിക്കളയണമെന്നു ശുപാർശ ചെയ്യുകയും ചെയ്തുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, തെങ്ങുകയററത്തൊഴിലാളികൾ എന്നു പറഞ്ഞാൽ, നാളികേരം ഇടുന്ന തൊഴിലാളികളെ മാത്രമല്ല, ഞാൻ വിവക്ഷിക്കുന്നതു്. ചെത്തുതൊഴിലാളികളുടെ കാര്യമാണ് എനിക്കു പ്രധാനമായി പറയാനുള്ളതു്. സർ, ഇന്നു ചെത്തുതൊഴിലാളികളുടെ നില ഒരു അനിശ്ചിതാവസ്ഥയിലാണ്. അവർക്ക് എല്ലാ ദിവസവും ജോലിയുണ്ടെങ്കിലും അവരുടെ തൊഴിലിനെ സംബന്ധിച്ച് സ്ഥിരമായ ഒരു വ്യവസ്ഥയില്ല. ഈ കൂട്ടരുടെ കൂലിനിരക്കാണെങ്കിൽ പല സ്ഥലത്തും വ്യത്യസ്തമായ നിലയിലാണ് കണ്ടുവരുന്നതു്. തന്മൂലം തൊഴിൽകുഴപ്പങ്ങൾക്ക് കാരണമുണ്ടാകുന്നുമുണ്ടു്. കൂലിയെ സംബന്ധിച്ചടത്തോളം ഇങ്ങനെയുണ്ടാകുന്ന തൊഴിൽക്കുഴപ്പം ഒഴിവാക്കാൻവേണ്ടിയുള്ള ഒരു നിയമം നടപ്പിലാക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. സർ, ഓരോ വർഷവും കള്ളുഷാപ്പുകൾ ലേലം ചെയ്താൽ ലേലംപിടിക്കുന്ന കണ്ട്രാക്ററന്മാർ അവർക്ക് ഇഷ്ടമുള്ള കുറെ ചെത്തുതൊഴിലാളികളെ സ്വീകരിക്കുന്നു. തന്നിമിത്തം അവിടെ മുൻപുണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലികിട്ടാതെ വരികയും ചെയ്തിരുന്നു. ഷാപ്പുടമകൾ വർഷംതോറും ചെത്തുതൊഴിലാളികളെ മാറിമാറി എടുക്കുന്നതുകൊണ്ടു് ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മയെ പരിഗണിച്ച് ചെത്തുതൊഴിലാളികൾ സംഘടിതരായി നടത്തിയിട്ടുള്ള പ്രക്ഷോഭണത്തിന്റെ ഫലമായി കുറെയൊക്കെ പരിഹാരം ഇന്നു ഉണ്ടായിട്ടുണ്ടെന്നുവേണം കരുതുവാൻ. സർ, തൃശ്ശൂർ താലൂക്കിൽ, ഒരു വിധത്തിലുള്ള കൂലിനിരക്കും മുകുന്ദപുരത്ത് മററൊരു വിധത്തിലും, പറവൂർ, ചേർത്തല താലൂക്കുകളിൽ വേറൊരുതരത്തിലുമാണ് കൂലിനിരക്കു വച്ചിരിക്കുന്നതു്. തൃശ്ശൂ വടപ്രേരിൽ കള്ളുഷാപ്പുടമസ്ഥന്മാർ അവിടെ മുകുന്ദപുരത്തേക്കാൾ കൂലി കൂടുതലായതുകൊണ്ടു് മുകുന്ദപുരം താലൂക്കിൽനിന്നും കള്ളു ചെത്തിച്ചുകൊണ്ടുവരികയാണു പതിവ്. കാരണം മുകുന്ദപുരത്തു കൂലി കുറവാണെന്നുള്ളതുതന്നെ. ഇപ്പോൾത്തന്നെ, അന്തിക്കാട്ട് ഇരുന്നൂറിൽപരം ചെത്തുതൊഴിലാളികളെ പിരിച്ചുവിട്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം ഒരു തൊഴിലാളിക്ക് ഒരുപറ കള്ളു് ചെത്തിയെടുക്കുന്നതിന് 3 രൂപ 2 അണ കൊടുത്തുകൊണ്ടിരുന്നതു് 3 രൂപയായി കുറച്ചു. അതിന്റെ ഫലമായി തൊഴിലാളികൾ പ്രക്ഷോഭണം ഉണ്ടാക്കുകയും, ഷാപ്പുടമകൾ പഴയ റേററുതന്നെ കൊടുക്കാമെന്നു സമ്മതിക്കുകയും ചെയ്തെങ്കിലും ഇതുവരെ അതു് പ്രായോഗികമായിട്ടില്ല. ഷാപ്പുടമകൾ പറയുന്നതു്, അവിടെ ഒരുപറക്കള്ളിന് 3 രൂപ 2 അണ കൂലി കൊടുക്ക

[ശ്രീ. കെ. കരുണാകരൻ]

ബോഗം, മുകുന്ദപുരത്തു് 2 രൂപ 12 അണ മാത്രമേ കൊടുക്കുന്നുള്ളു എന്നാണു്. ഇങ്ങനെ വ്യത്യസ്തമായ കൂലിനിരക്കു് ഏകീകരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറു് നടപടികൾ എടുക്കേണ്ടതാണു്. സർ, എൻെറ അഭിപ്രായത്തിൽ ഷാപ്പുടമകൾ ലേലംകൊള്ളുന്ന അവസരത്തിൽത്തന്നെ ചെത്തുതൊഴിലാളികളുടെ കൂലികൂടി ക്ലിപ്തപ്പെടുത്തണമെന്നു് ഗവണ്മെൻറിൽനിന്നും ഒരു വ്യവസ്ഥയുണ്ടാക്കുന്നതു് നന്നായിരിക്കും. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്, ഇത്തരം തൊഴിലാളികളെ സംബന്ധിച്ചു് മുൻകൂട്ടി ഷാപ്പുടമകളെക്കൊണ്ടു് കൂലി ക്ലിപ്തപ്പെടുത്തണമെന്നും, അങ്ങനെ ചെയ്താൽ, ഇവരുടെ ഇടയിലുള്ള തൊഴിൽക്കുഴപ്പം ഒഴിവാക്കാമെന്നുമാണു്. പ്രൊഹിബിഷൻ രാജ്യവ്യാപകമാക്കണമെന്നുതന്നെയാണു് എൻെറ ആഗ്രഹമെങ്കിലും, എല്ലാ സ്ഥലത്തും പ്രൊഹിബിഷൻ നടപ്പാക്കുന്നതുവരെ ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം യാതൊരു വിധമായ തൊഴിൽക്കുഴപ്പവും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഗവണ്മെൻറു് ഇടപെട്ടു് അടിയന്തിരമായ നടപടികൾ നടത്തണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് പ്രമേയത്തിൻെറ തത്വത്തോടു യോജിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ശ്രീ. ഏബ്രഹാമിൻെറ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു് സഭയുടെ മുമ്പിലുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. ഒരു തെങ്ങുകയററത്തൊഴിലാളിയുടെ പുത്രൻ എന്നുള്ള നിലയിൽ, ആ കൂട്ടർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമതകളെപ്പററി ചില അനുഭവങ്ങൾ എനിക്കു പറയാനുണ്ടു്. സർ, വളരെ അധികം അദ്ധ്വാനമുള്ളതും, അതേ അവസരത്തിൽ വളരെ അപകടമുള്ളതുമായ ഒരു തൊഴിലാണു് തെങ്ങുകയററത്തൊഴിലാളികളുടേതു്. കേരളക്കരയിലാണു് ഈ തൊഴിൽ അധികമുള്ളതു്. പല ജാതിപ്പേരിൽ അറിയുന്നവരാണു് ഈ തൊഴിലാളികൾ. എന്നാൽ വർഗ്ഗബോധത്തോടുകൂടി സംഘടിച്ചുനിന്നുകൊണ്ടു ന്യായമായ കൂലി വാങ്ങാനുള്ള സന്ദർഭം അവർക്കിതുവരെ ഉണ്ടായിട്ടില്ലെന്നുവേണം പറയാൻ. പ്രമേയത്തിൻെറ പ്രയോക്താവു് കൂലിനിരക്കിൽ ഏകീകരണം വരുത്തണമെന്നാണു് പറഞ്ഞിരിക്കുന്നതു്, ഞാൻ അതിനോടു യോജിക്കുന്നില്ല. കുറഞ്ഞ കൂലി നിജപ്പെടുത്തണമെന്നല്ലാതെ, കൂടുതൽ കൂലി കൊടുക്കുന്നതിനെ നിയമംകൊണ്ടു തടയണമെന്നില്ല. വടക്കൻ താലൂക്കുകളിൽ നൂറു തെങ്ങുകയറിയാൽ കിട്ടുന്ന കൂലി മൂന്നുരൂപയാണു്. എന്നാൽ കൊടുങ്ങല്ലൂർ പറവൂർ മുതലായ ഇടങ്ങളിൽ നൂറു തെങ്ങുകയറുമ്പോൾ കൊടുക്കുന്നതു രണ്ടരരൂപയും അതിൽ കുറവുമാണു്. നല്ല കായശേഷിയുള്ള ഒരു തൊഴിലാളി ഒരു ദിവസം അറുപതു തെങ്ങിൽ കൂടുതൽ കയറുകയില്ല. അങ്ങനെ അയാൾക്കു ഒരു ദിവസം കിട്ടുവുന്ന കൂലി എത്ര തുച്ഛമാണെന്നു കണക്കാക്കാവുന്നതാണു്. വളരെ അപകടകരവും, അതേസമയത്തു ദേഹാദ്ധ്വാനമുള്ളതുമായ ഒരു തൊഴിലാണിതെന്നു ഇവിടെ പലരും പറഞ്ഞു. അതു വളരെ ശരിയാണു്. തെങ്ങുകയററത്തിൽ ചിലപ്പോൾ വീഴാറുണ്ടു്, വീണാൽ വീണ പറമ്പിൽ തല കാണുകയില്ല. ഇതാണു ജോലിയുടെ സ്വഭാവം. ഇങ്ങനെയുള്ള ജീവാപായമുണ്ടാകുന്ന തൊഴിലിനു് അർഹിക്കുന്ന കൂലി കൊടുക്കുന്നതിനുവേണ്ടിയാണു് മിനിമം വേജസ്സുകമ്മിററിയെ നിയമിച്ചിട്ടുള്ളതു്. അതേ അവസരത്തിൽ ഞാൻ കമുകു കയററത്തൊഴിലാളികളെക്കൂടി മിനിമം വേജസ്സിൽ

ഉൾപ്പെടുത്തണമെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. എന്നാൽ എന്റെ മാന്യസ്നേഹിതൻ മി. നാരായണക്കുറുപ്പ് പറഞ്ഞതുപോലെ, പ്ലാവിലൊ, മാവിലൊ, മുരിങ്ങയിലൊ കയറുന്ന തൊഴിലാളികളെ തെങ്ങുകയററത്തൊഴിലാളികളോടൊപ്പം പരിഗണിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ വിശ്വാസം. ഇത്തരം മരം കയററം ചില പ്രത്യേക കാലങ്ങളിൽമാത്രമാണു നടക്കുന്നതു്. അതിന് അവർ ശരിയായ കൂലി വാങ്ങിക്കുന്നുമുണ്ടായിരിക്കും. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കുറഞ്ഞ കൂലി ക്ലിപ്തപ്പെടുത്താൻ നിയോഗിക്കപ്പെട്ട കമ്മിററി തെങ്ങുകയററത്തൊഴിലാളികളുടെ മിനിമംവേജസുകൂടി ക്ലിപ്തപ്പെടുത്തിയാൽ മതിയാകുമെന്നാണ് എനിക്കു തോന്നുന്നതു്. തെങ്ങുകയററത്തൊഴിലാളികളുടെ കാര്യവും ഈ കമ്മിററിക്ക് Refer ചെയ്താൽ മതിയാകും. ആ കാര്യത്തിൽ ഗവണ്മെന്റു ശ്രദ്ധചെലുത്തി കാണുവാൻ ഞാനാവശ്യപ്പെടുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, തെങ്ങുകയററത്തൊഴിലാളികളുടെ മിനിമം വേജസിനെപ്പററി ചർച്ചചെയ്യുന്ന ഈ അവസരത്തിൽ, എന്റെ നിയോജകമണ്ഡലത്തിലുള്ള ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾകൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാനാഗ്രഹിക്കുന്നു. അവിടെ ചെത്തുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് തൃശ്ശൂരും തിരുവനന്തപുരത്തുമുള്ള തൊഴിലാളികളെ അപേക്ഷിച്ച് വ്യത്യസ്തമായ നിലയാണുള്ളതു്. അവിടെ ചെത്തുതൊഴിലാളികൾ കള്ളു ചെത്തുന്നതു് തെങ്ങിൽനിന്നല്ല, പനകളിൽനിന്നാണ്. അതുപോലെതന്നെയാണ് വടക്കാഞ്ചേരി, പഴയന്നൂർ മുതലായസ്ഥലങ്ങളിലും. ചെത്തുതൊഴിലാളികളെ സംബന്ധിച്ച്, മിനിമംവേജസ് നടപ്പാക്കാൻ തുടങ്ങുമ്പോൾ പനചെത്തുന്ന തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണമെന്നാണു എന്റെ അഭിപ്രായം.

ശ്രീ. കെ. കൊച്ചുകുട്ടൻ: ചെത്തുതൊഴിലാളികളെ സംബന്ധിച്ച് മിനിമംവേജസു നടപ്പാക്കുമ്പോൾ, അതിന്റെ പരിധിയിൽ പനചെത്തു തൊഴിലാളികളും ഉൾപ്പെടുകയില്ലേ?

ശ്രീ. കെ. എ. ശിവരാമഭാരതി: അവരെ അവഗണിക്കാൻ പാടില്ലെന്നു ഞാൻ ഒന്നുകൂടി പറയുന്നു എന്നേയുള്ളു.

ശ്രീ. എം. വി. ചെറിയാൻ: തെങ്ങിൻതോപ്പുപോലെ പനയും കൂട്ടംകൂട്ടമായി നിൽക്കുകയാണോ, ആ സ്ഥലങ്ങളിൽ?

ശ്രീ. കെ. എ. ശിവരാമഭാരതി: തെങ്ങുംതോപ്പുപോലെതന്നെയാണ് അവിടെയുള്ള പനംതോപ്പുകളും. ഏകദേശം മൂവായിരം കുടുംബങ്ങളാണ് ഇന്നു ഈ പ്രദേശങ്ങളിൽ പനചെത്തുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതു്.

ഇപ്പോൾ പ്രൊഹിബിഷൻ ഏർപ്പെടുത്തിയ കാരണത്താൽ അവിടെയുള്ള തൊഴിലാളികൾക്ക് വാസ്തവത്തിൽ ആവശ്യത്തിനു തീരെ പോരാത്ത ഒരു കൂലിയാണ് കിട്ടിക്കൊണ്ടിരിക്കുന്നതു്. ഇന്നു് ചക്കരക്കള്ളിനുവേണ്ടി ചെത്തുന്ന ഒരു തൊഴിലാളി മൂന്നുനേരം, കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും പനയിൽ കയറണം. ഇതിനു ഒരു രൂപയിൽ കുറവായ കൂലിയാണ് അവർക്കു കിട്ടുന്നതു്. അയാളും അയാളുടെ കുടുംബവും കുട്ടികളുംകൂടി ജോലിചെയ്താൽ മാത്രമേ ഇത്രയും കിട്ടുകയുള്ളു. കള്ളു് എല്ലായ്പ്പോഴും

[ശ്രീ. കെ. എ. ശിവരാമഭാരതി]

ഒരുപോലെ കിട്ടുകയില്ല. ചിലസമയത്തുമാത്രമേ കൂടുതൽ കള്ളു കിട്ടുകയുള്ളു. ഏതാണ്ടു ജനുവരി ഫെബ്രുവരിമാസമാകുമ്പോൾ കള്ളു കുറഞ്ഞുതുടങ്ങും. അങ്ങനെ കള്ളു കുറവാകുന്ന അവസരങ്ങളിൽ പനചെത്തുന്ന തൊഴിലാളികൾക്കു എട്ടണപോലും കൂലി കിട്ടുന്നില്ല. പ്രോഹിബിഷൻ വന്നതിനു ശേഷം ഈ രാജ്യത്തെ ഒരു നല്ല ജനവിഭാഗത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണു ഇതു്. അവർക്കു ജീവിതത്തിനു മതിയായ കൂലികിട്ടുന്നില്ല. നിവൃത്തിയുള്ളിടത്തോളം അവർക്കു ജീവിക്കുവാൻ ആവശ്യമായ കൂലികിട്ടത്തക്ക അന്തരീക്ഷം ആ വ്യവസായത്തിനു ഉണ്ടാകത്തക്കവണ്ണം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണു്.

ചക്കരക്കള്ളിൽനിന്നും കരുപ്പട്ടിയാണുണ്ടാക്കുന്നതു്. ആ വ്യവസായം പുഷ്ടിപ്പെടുന്നതിനുള്ള സൗകര്യം ഇപ്പോൾ കുറവാണു്. ശരിയായ മാർക്കറ്റ് ഇല്ലാത്തതുകൊണ്ടു് ആ വ്യവസായം അധഃപതിച്ചുവരുന്നു. നല്ല മാർക്കറ്റ് കണ്ടുപിടിച്ചാൽ, അതിനുവേണ്ട സൗകര്യങ്ങളും സഹായസഹകരണങ്ങളും ചെയ്യാൻ ഗവണ്മെന്റിനു തയ്യാറുണ്ടെങ്കിൽ ഈ തൊഴിലാളികൾക്കു ഒരു വിധത്തിലുള്ള കൂലിയെങ്കിലും കിട്ടിയേക്കും. ഇതു സംബന്ധിച്ചു് പ്രവർത്തിക്കുവാൻ പാംഗുർ ഇൻസ്പെക്റ്റർമാരും മററു ഉദ്യോഗസ്ഥന്മാരുമുണ്ടു്. അവർക്കു് ഈ വിഷയത്തിൽ ഒന്നും ചെയ്തുകൊടുക്കുവാൻ സാധിച്ചിട്ടില്ല. അവരെയും കുററം പറഞ്ഞിട്ടു കാര്യമില്ല. അവർക്കു് ഇക്കാര്യത്തിൽ ശരിയായി പ്രവർത്തിക്കുവാനുള്ള സൗകര്യം ഗവണ്മെന്റിൽ നിന്നു കിട്ടുന്നില്ലെന്നാണു പറയുന്നതു്. വേണ്ട സഹായം യഥാസമയം ഇവർക്കു ഗവണ്മെന്റു ചെയ്തുകൊടുക്കുമെങ്കിൽ, ഈ ഉദ്യോഗസ്ഥന്മാർ പുറത്തുനിന്നും പരിശീലനം ചെയ്തുവന്നിട്ടുള്ളവരാണു്, അതുകൊണ്ടു് ഇതിനെപ്പററി കൂടുതൽ ഫലപ്രദമായി അവർക്കു ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ സാധിക്കും. ഇക്കാര്യത്തെപ്പററി പറയുമ്പോൾ എനിക്കു് പ്രത്യേകിച്ചു് എടുത്തു് പറയാനുള്ളതു് ചിററൂർതാലൂക്കിലെ ചെത്തുതൊഴിലാളികളെപ്പററിയാണു്. എന്തെന്നാൽ അവർക്കാണു കൂടുതൽ അവശതയുള്ളതു്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കുകൊള്ളുന്നതു് ചെത്തുതൊഴിലാളികൾക്കു് വർക്മെൻസ് കാമ്പൻസേഷൻ ആക്റ്റ് അടിയന്തിരമായി ബാധകമാക്കേണ്ട കാര്യത്തെപ്പററി പറയുവാനാണു്. സെൻട്രൽ വർക്മെൻസ് കാമ്പൻസേഷൻ ആക്റ്റ് 1923-ൽ പാസാക്കിയ ഒരു ആക്റ്റാണു്. അത്രയും മുൻപ് പാസാക്കിയ ആ ആക്റ്റിൽ മൂന്നാമത്തെ വകുപ്പിൽ ഇങ്ങനെ പറയുന്നുണ്ടു്:—

"If personal injury is caused to a workman by accident arising out of and in the course of his employment, his employer shall be liable to pay compensation in accordance with the provisions of this Chapter."

ഒരു തൊഴിലാളി ഏതെങ്കിലും ഒരു മുതലാളിയുടെ കീഴിൽ വേല ചെയ്യുമ്പോൾ അയാൾക്കു ഏതെങ്കിലും വിധത്തിൽ അപായം നേരിടുകയാണെങ്കിൽ അയാൾ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അയാൾക്കോ, മരിക്കുകയാണെങ്കിൽ അയാളെ ആശ്രയിച്ചു ജീവിക്കുന്നവർക്കോ കാമ്പൻസേ

ഷൻ കൊടുക്കണമെന്നുള്ള തത്വം 1923-ൽത്തന്നെ ഇൻഡ്യാഗവണ്മെൻറ സ്വീകരിച്ചിട്ടുണ്ട്. ആ നിയമം ഇന്ന് നമ്മുടെ രാജ്യത്തും നിലവിലുണ്ട്. പക്ഷെ ആ നിയമത്തിൽ തൊഴിലാളികളെപ്പററി കൊടുത്തിട്ടുള്ള ഡെഫനിഷൻ മൂലം തെങ്ങുകയററത്തൊഴിലാളികൾക്കും ചെത്തുതൊഴിലാളികൾക്കും അതു ബാധകമാകുന്നില്ല. തൊഴിലാളികളെപ്പററിയുള്ള ഡെഫനിഷൻ ഇതാണ്.

" 'Workman' means any person other than a person whose employment is of a casual nature and who is employed otherwise than for the purposes of the employer's trade or business."

അപ്പോൾ തെങ്ങുകയററത്തൊഴിലാളികൾ പലരും ഈ ആക്ററിൽ പറയുന്ന കാഷ്വൽ എംപ്ലോയിസിൽപ്പെട്ടതാവുന്നതാണ്. എന്നാൽ ചെത്തുതൊഴിലാളികൾ കാഷ്വൽ ആണോ അതോ സ്ഥിരമായ തൊഴിലാളികളാണോ എന്നുള്ള കാര്യം ഗവണ്മെൻറ ആലോചിക്കേണ്ടതാണ്. ഇവിടെ തെങ്ങുചെത്തുതൊഴിലാളികൾക്ക് ഏററവും കുറഞ്ഞ കൂലി എന്താണ്' എന്നാലോചിക്കുന്ന അവസരത്തിൽ അവക്കു അപായം നേരിട്ടാൽ എന്താണ് പരിഹാരം എന്നു ചോദിക്കുകയുണ്ടായി. പരിഹാരത്തിനു എളുപ്പമായമാര്ഗ്ഗം ഈ വക്കമെൻസ് കാമ്പൻസേഷൻ ആക്ററ അവരെക്കൂടി ബാധമാക്കുക എന്നുള്ളതാണ്. അങ്ങനെ ബാധകമാക്കുന്നതിനു നിയമസംബന്ധമായി എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ നിയമനിർമ്മാണംകൊണ്ട് അതു മാററുകയാണു വേണ്ടതു്. ഇൻഡ്യയിൽ മററുള്ളിടത്തേക്കാൾ കൂടുതൽ തെങ്ങുകയററത്തൊഴിലാളികൾ ഇവിടെ ഉള്ളതുകൊണ്ട്, നമ്മുടെ രാജ്യത്തെ ജനങ്ങളിൽ ഒരു നല്ല ശതമാനം ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരോ, അല്ലെങ്കിൽ, ഏർപ്പെട്ടിട്ടുള്ളവരുമായി ബന്ധപ്പെട്ടവരോ ആയതുകൊണ്ട്, ഈ നിയമം അവരെക്കൂടി ബാധിക്കത്തക്കവിധത്തിലാക്കുന്നതു് നന്നായിരിക്കും. അങ്ങനെ കാമ്പൻസേഷൻ കൊടുക്കുന്നതിനു ഇവിടത്തെ ഭൂഉടമകളുടെ സംമ്പ്രദായംമൂലം വളരെ വിഷമമുണ്ടാകുമെന്നു ശ്രീ. കുഞ്ഞച്ചൻ പറഞ്ഞകാര്യം എനിക്കു വളരെ ഗണനീയമായി തോന്നി. ഒരു തൊഴിലാളി മരിച്ചാൽ, അല്ലെങ്കിൽ വേലചെയ്യാൻ പാടില്ലാത്തവിധത്തിൽ ദേഹാപായമുണ്ടായാൽ ആയിരംരൂപ അവക്കു കാമ്പൻസേഷൻ കൊടുക്കേണ്ടവരും. നാലോ അഞ്ചോ, പത്തോ പന്ത്രണ്ടോ സെൻറമാത്രം വിസ്താരമുള്ള ഭൂമി അതും പാട്ടമായോ മററോ മാത്രം കൈവശം വച്ചുകൊണ്ടിരിക്കുന്ന, ആളുകളായിരിക്കും തെങ്ങുകയററം നടത്തുന്ന ഭൂമിയുടെ ഉടമസ്ഥൻ. ആ ഉടമസ്ഥനെക്കൊണ്ട് ഇത്രയും രൂപ കാമ്പൻസേഷൻ കൊടുക്കാൻ സാധിക്കുമോ? ഈ ആക്ററിൽ പറയുന്ന കാമ്പൻസേഷൻ മുതലാളിമാരെ സംബന്ധിച്ചുള്ളതാണ്. അതുകൊണ്ട് നമ്മുടെ ഗവണ്മെൻറും ഈ നിയമസഭയ്ക്കും ഇങ്ങനെയുള്ള തൊഴിലാളികൾക്ക്, രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററം വരെ തെങ്ങായാലും പനയായാലും അടയ്ക്കാമരമായാലും നമ്മുടെ എല്ലാ കരകളിലും ദേശങ്ങളിലും ഉദ്ദേത്തുകൊണ്ട് തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക കാര്യമായി കണക്കാക്കി ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാക്കാൻ നിവൃത്തിയില്ല. ഒരു മാര്ഗ്ഗം ഞാൻ കാണുന്നതു്, ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവക്ക് ആപത്തുണ്ടാകുമ്പോൾ കൊടുക്കുന്നതിനു ഒരു ഫണ്ടുണ്ടാക്കുക എന്നുള്ളതാണ്. ഒസ്റ്ററവനിയമത്താൽ മാത്രമേ അങ്ങനെ ഒരു ഫണ്ടുണ്ടാ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ക്കുവാൻ നിവൃത്തിയുള്ളൂ. തെങ്ങ്, അടക്കാമരം മുതലായ വൃക്ഷങ്ങളുള്ള ഉടമസ്ഥന്മാരുടെ പക്കൽനിന്നും ഇതിലേയ്ക്ക് ഒരു സർച്ചാർജ്ജ് ഈടാക്കുന്നതിലും വിരോധമില്ല. എംപ്ലോയീസ് സ്റ്റേററ ഇൻഷ്വറൻസ് ആക്റ്റ് എന്നു പറഞ്ഞ് ഒരു നിയമം ഇപ്പോൾ പാസ്സാക്കിയിട്ടുണ്ട്. അതിന്റെ തത്വം ഇതാണ്. എല്ലാ എംപ്ലോയീസിനോടും എംപ്ലോയീസിന് പ്രതിഫലം കൊടുക്കുവാൻ വേണ്ട സംഖ്യ പിരിക്കുക എന്നുള്ളതാണ് ആ ആക്റ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെ ഒരു ഫണ്ട് ചെത്തുതൊഴിലാളികൾക്കും തെങ്ങുകയററത്തൊഴിലാളികൾക്കും അപായം നേരിടുമ്പോൾ പ്രതിഫലം കൊടുക്കുവാൻവേണ്ടി ഉണ്ടാക്കണം. അതു ഗവണ്മെന്റിന്റെ മാത്രം സ്വാധീനമുള്ള ഒരു ഫണ്ടായിരിക്കണം. ഈ തത്വം സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ലേബർമന്ത്രി ഒരുങ്ങുകയാണെങ്കിൽ അതിനേക്കാൾ ഗൗരവമുള്ള മറെറാരു തത്വം സ്വീകരിക്കുവാൻകൂടി ഇടയാകുന്നതാണ്. സോഷ്യൽ ഇൻഷ്വറൻസ് എന്ന നിലയിൽ ഈ ഫണ്ടിനെ രൂപാന്തരപ്പെടുത്തി മററു തരത്തിൽ ഉപയോഗപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. അതുകൊണ്ട് ആ വഴിയിൽക്കൂടി ബഹുമാനപ്പെട്ട ഗവണ്മെന്റ് ചിന്തിച്ചാൽ കൊള്ളാമെന്നു ഉൽബോധിപ്പിക്കുവാൻവേണ്ടി ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കുകൊണ്ടതാണ്.

ശ്രീ. പി. കെ. കുഞ്ഞ്: സർ, ഈ സഭയുടെ പര്യാലോചനയ്ക്ക് അവതരിപ്പിക്കപ്പെട്ടിരിക്കുന്ന നിശ്ചയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തോട് അല്ലെങ്കിൽ ഉന്നയിക്കുന്ന ആവശ്യത്തോട് അനുകൂലിക്കുവാൻ എനിക്കും സന്തോഷമുണ്ട്. ഇവിടെ വിവിധവിഭാഗം തൊഴിലാളികളുടെ കൂലി ക്ലിപ്തം ചെയ്തുകഴിഞ്ഞിട്ടുണ്ട്. മരംകയററ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതു് തെങ്ങുകയററത്തൊഴിലാളികളാണോ അതോ മരം കയററത്തൊഴിലാളികളെ മൊത്തമായി ഉൾക്കൊള്ളുന്നവിധത്തിൽ ആണോ എന്നു നിശ്ചയിക്കുന്നതിനുമുമ്പ് ഇന്നു വാസ്തവത്തിൽ ഈ നാട്ടിൽ എവിടെ നോക്കിയാലും തുറിച്ചുനോക്കുന്ന ഒരു പ്രശ്നം ചെത്തുതൊഴിലാളികളുടെ പ്രക്ഷോഭണമാണെന്നുള്ളതു് മനസ്സിലാക്കേണ്ടതാണ്. അതിന്റെ പരിഹാരത്തിനായുള്ള നടപടികൾ ഗവണ്മെന്റ് യഥാകാലം എടുത്തുകൊണ്ടിരിക്കുകയാണ്. ചെത്തുതൊഴിലാളികളെ ന്യായമായ കാരണങ്ങൾ കൂടാതെ പിരിച്ചുവിടുന്നു എന്ന നിവേദനം കിട്ടിക്കൊണ്ടിരിക്കുകയാണ്. ഷാപ്പുടമസ്ഥന്മാർ ഇങ്ങനെയുള്ള തൊഴിലാളികളെ പിരിച്ചുവിടുവാൻ പാടില്ലാത്ത ഒരു നിയമം ഇപ്പോൾ ഇവിടെയില്ല. കാൺട്രാക്ററ സിസ്റ്റപ്രകാരം ഷാപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഷാപ്പുകൾ ലേലംചെയ്തു കൊടുക്കുമ്പോൾ അതുവരെ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ അടുത്തകൊല്ലംപിരിച്ചുവിടാതിരിക്കാനും മുൻകൊല്ലത്തിൽ വേലചെയ്തുകൊണ്ടിരുന്ന ആളുകളെത്തന്നെ തുടർന്നുകൊണ്ടുപോകാൻ അനുവദിക്കുന്നതിനും ഷാപ്പു കൺട്രാക്ററന്മാരെ നിർബന്ധിക്കുന്നതിനുള്ള വ്യവസ്ഥകൂടി എന്തെങ്കിലും ചെയ്യണമെന്ന് ഗവണ്മെന്റ നിർദ്ദേശിച്ചിരിക്കുകയാണ്. അടുത്തകൊല്ലം ആ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്നപക്ഷം അനാവശ്യമായി തൊഴിലാളികളെ പിരിച്ചുവിടുന്ന സംപ്രദായം താനേ തന്നെ നിന്നുപോകുമെന്നുള്ളതിൽ തർക്കമില്ല. അങ്ങനെ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

കൂലിയെപ്പററിയാണെങ്കിൽ, കൂലി ഏകീകരിക്കണമോ അതല്ലാ ക്ലിപ്തപ്പെടുത്തണമോ എന്നു് രണ്ടുതരത്തിൽ അഭിപ്രായമുണ്ടു്. വളരെ കൂടുതൽ കൂലി കിട്ടുന്ന ചില ഭാഗങ്ങളും ഉണ്ടു്. കൂലി ഏകീകരിക്കുകയാണെങ്കിൽ ആ കൂലി കുറഞ്ഞുപോകും. ഏററവും കുറഞ്ഞ കൂലി ക്ലിപ്തപ്പെടുത്തുക മാത്രമാണു ചെയ്യുന്നതെങ്കിൽ കുഴപ്പമൊന്നുമില്ല. ശ്രീ. കൊച്ചുകുട്ടൻ പറഞ്ഞമാതിരി കർഷകത്തൊഴിലാളികളുടെ കൂട്ടത്തിൽ ഇവരെ ഉൾപ്പെടുത്തണമോ അതോ വ്യവസായത്തൊഴിലാളികളുടെ കൂട്ടത്തിൽപ്പെടുത്തണമോ എന്ന കാര്യവും പ്രത്യേകം ചിന്തിക്കേണ്ടതുണ്ടു്. തെങ്ങുകയററത്തൊഴിലാളികളുടെ കാര്യം മാസാമാസത്തിൽ മാത്രം വരുന്നതും ചെത്തു് തൊഴിലാളികളുടേതു് ദിവസംതോറും ഉള്ളതുമാണു്. ആ നിലയിൽ ചെത്തുതൊഴിലാളികളെ വ്യവസായത്തൊഴിലാളികളുടെ പരിഗണനയിൽ എടുക്കുകയാണോ വേണ്ടതു്, അതോ ഇവരെ എല്ലാപേരെയും മൊത്തമായി കർഷകത്തൊഴിലാളികളുടെ പരിധിയിൽപ്പെടുത്തി മിനിമം വേജസ് നിശ്ചയിക്കണമോ എന്ന കാര്യത്തെപ്പററി പര്യാലോചിക്കേണ്ടതുണ്ടു്. ഏതായാലും ഇതേപ്പററി ആലോചിക്കേണ്ടതുണ്ടു്; ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ടു്.

ഇന്നു നിലവിലിരിക്കുന്ന വക്ക്മെൻസ് കാമ്പൻസേഷൻ ആക്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായത്തൊഴിലാളികളുടെ കൂട്ടത്തിൽ
4 P. M. മരംകയററത്തൊഴിലാളികൾ പെടുന്നില്ല എന്നു് ഇവിടെ ഉന്നയിച്ചതായി കേട്ടു. മിനിമം വേജസ് ക്ലിപ്തപ്പെടുത്തണമെന്നും ചർച്ചാവിഷയമായിക്കണ്ടു. ഇതിലേയ്ക്കു് മിനിമംവേജസ്കമ്മിററി രൂപീകരിക്കണം. അങ്ങിനെ നിയമിക്കുന്ന മിനിമം വേജസ് കമ്മിററിയാണു് കൂലി നിശ്ചയിക്കേണ്ടതു്. ചെത്തുതൊഴിലാളികളുടെ നിലവിലിരിക്കുന്ന കൂലി വ്യവസ്ഥ കൺട്രാക്ടർമാർക്കു് ഹാനികരമാണെന്നു് ആക്ഷേപമുണ്ടു്. അതു് എത്രത്തോളം സ്വീകാര്യമാണു്; അതാണോ നാം സ്വീകരിക്കേണ്ടതു്, അതോ നാട്ടിലുള്ള തൊഴിലാളികളുടെ ജീവിതാവശ്യങ്ങൾക്കു വേണ്ടി അടിയന്തിരമായി വല്ലതും ചെയ്യുകയോ വേണ്ടതു് എന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കുന്നുണ്ടു്. ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ..........

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ നിലവിലിരിക്കുന്ന വക്ക്മെൻസ് കാമ്പൻസേഷൻ ആക്ററിൻെറ ഷെഡ്യൂൾ രണ്ടിൽ ഇതു വരുന്നുണ്ടു്.

> " The following persons are workmen within the meaning of Section 2(1) (n) and subject to the provisions of that section, that is to say, any person who is—
>
> (xxiii) employed in the tapping of palm trees or the felling or logging of trees, or the transport of timber by inland waters, or the control or extinguishing of forest fires ;"

ഇതിൽ പാംട്രീസ് എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. കോക്കനട്ട് ട്രീസ് എന്നു പറഞ്ഞിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞു്: ഞാനും അതുതന്നെ പറയുന്നതിനാണു് ഉദ്ദേശിച്ചതു്. അതിന്റെ പരിധിയിൽപ്പെടുത്തുവാൻ വിരോധമില്ലെങ്കിൽ പെടുത്താം. ഈ കാര്യത്തിൽ കഴിയുന്നതും വേഗം ഒരു പരിഹാരം ഉണ്ടാക്കുവാൻ കഴിയുമെന്നു് ഗവണ്മെന്റ വിശ്വസിക്കയും ചെയ്യുന്നു.

ശ്രീ. എം. പി. മേനോൻ: പ്ലാന്റേഷൻ തൊഴിലാളികളിൽ കാഷ്വൽ വർക്കേഴ്സ് പെടുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എക്സൈസ് ലാ പ്രകാരം ചെത്തു തൊഴിലാളികളുടെ മുതലാളികളാണോ കൺട്രാക്റ്ററന്മാർ എന്നു സംശയം വരും.

ശ്രീ. പി. കെ. കുഞ്ഞു്. കൺട്രാക്റ്ററന്മാർ അല്ല മുതലാളികൾ എന്നാണു വിചാരം.

ഈ നിലയിൽ വേണ്ട നടപടി ഗവണ്മെന്റ സ്വീകരിക്കും. ഇതിന്റെ കാര്യത്തിൽ വേണ്ടതെല്ലാം ചെയ്യാമെന്നു് ഉറപ്പു പറയുവാൻ ഗവണ്മെന്റ തയ്യാറുണ്ടു്. അതനുസരിച്ചു് ഈ പ്രമേയം പിൻവലിക്കണമെന്നു് അവതാരകനോടു് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പ്രസ്സു് ചെയ്യുന്നുണ്ടോ?

ശ്രീ. കുട്ടപ്പൻ കോയിക്കൽ: പ്രസ്സു ചെയ്യുന്നില്ല.

The resolution was by leave withdrawn.

Mr. Speaker: Shri T. K. Krishnan may now move his resolution.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: "ഗവണ്മെന്റിന്റെ മദ്യനിരോധനനയം തുടർന്നുപോകുന്നതു് യുക്തിപൂർവ്വകമല്ലെന്നു ഈ നിയമസഭാസമ്മേളനം അഭിപ്രായപ്പെടുന്നു"

സർ, കഴിഞ്ഞ സെഷനിൽതന്നെ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുവാൻ ഉദ്ദേശിച്ചതായിരുന്നു. പക്ഷെ എനിക്കു് അതിനു് സന്ദർഭമുണ്ടായില്ല. എങ്കിലും ഇവിടത്തെ മെമ്പറന്മാരെ ഈ പ്രശ്നത്തെപ്പററി ചിന്തിപ്പിക്കുന്നതിനു് ആ പ്രമേയം ഉപകരിച്ചിട്ടുണ്ടെന്നു് ഞാൻ കരുതുന്നു. ഇവിടെത്തന്നെ പല മെമ്പറന്മാരും ഇതിനെപ്പററി അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പറന്മാരായ കെ. ബാലകൃഷ്ണൻ, സി. സി. അയ്യപ്പൻ, പി. കെ. കുഞ്ഞച്ചൻ, സി. യു. നീലകണ്ഠൻ, സി. കെ. രാമചന്ദ്രൻനായർ എന്നിവർ ഈ പ്രശ്നത്തിന്റെ ഗൗരവത്തെപ്പററി പറഞ്ഞിട്ടുള്ളതാണു്. പി. എസ്സ്. പി. യുടെ നയം പ്രോഹിബിഷൻ തുടർന്നുകൊണ്ടുപോകണമെന്നതാണു് എന്നിരുന്നിട്ടും ഭരണകക്ഷിയിൽപ്പെട്ട ശ്രീ. രാമചന്ദ്രൻനായർപോലും പ്രൊഹിബിഷൻ വെറും പ്രഹസനമാണെന്നും അതിനു വേണ്ടിയുള്ള ശ്രമം പരാജയപ്പെട്ടിരിക്കുന്നുവെന്നും തുറന്നു സമ്മതിക്കുകയുണ്ടായി. ഈ നയം തുടർന്നുകൊണ്ടുപോകണമെന്നും പ്രൊഹിബിഷൻ ഇവിടെ വിജയിക്കുമെന്നു് തന്റെ വിശ്വാസപ്രമാണമാണെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വിശ്വാസം അദ്ദേഹത്തെ രക്ഷിക്കട്ടെ.

എന്നാൽ അതു് ഇവിടെ നടപ്പാക്കുന്നതിനു് ഈ രാജ്യത്തെ ജനങ്ങളുടെ സമ്മതം ആരാഞ്ഞിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. അദ്ദേഹത്തിനു പല വിശ്വാസങ്ങളും അഭിപ്രായങ്ങളും ഉണ്ടായിരിക്കാം. പക്ഷെ ഇന്നാട്ടിലെ ആയിരക്കണക്കിനു് ആളുകളെ ബാധിക്കുന്ന ഈ പ്രശ്നം ചിലരുടെ വിശ്വാസപ്രമാണങ്ങളെ അടിസ്ഥാനമാക്കിമാത്രം നടപ്പാക്കുകയാൽ അതിന്റെ പ്രത്യാഘാതങ്ങൾ ഭയങ്കരമായിരിക്കും. മിസ്റ്റർ നടരാജപിള്ളയ്ക്കും മിസ്റ്റർ പട്ടം താണുപിള്ളയ്ക്കും അവരുടെ അഭിപ്രായം പറയുന്നതിനു് സ്വാതന്ത്ര്യമുണ്ടു്. എന്നാൽ സർ, ഈ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി ആയിരക്കണക്കിനു തൊഴിലാളികൾക്കു് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു എന്ന വസ്തുത അവർ മനസ്സിലാക്കിയിട്ടുണ്ടോ, അതിനെപ്പറ്റി ആലോചിക്കുവാനുള്ള സന്മനസ്സു് അവർക്കുണ്ടോ? അവർ മഹാത്മാഗാന്ധിയുടേയും ആചാര്യകൃപലാനിയുടേയും വാക്കുകൾ ഉദ്ധരിക്കുകയാണു്. പ്രോഹിബിഷൻമൂലം നിരവധി തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നുവെന്നു പറയുമ്പോൾ പ്രോസ്റ്റിറ്റ്യൂഷൻ നിറുത്തുകയാണെങ്കിൽ കുറെ ആളുകൾക്കു് ജോലിയില്ലാതാകുകയില്ലേ എന്നു ഒരു ബഹുമാനപ്പെട്ട മെംബർ ചോദിക്കുകയുണ്ടായി. വാസ്തവത്തിൽ ചെത്തുതൊഴിലിനേയും പ്രോസ്റ്റിറ്റ്യൂഷനേയും ഒരുപോലെ താരതമ്യപ്പെടുത്തുന്ന അദ്ദേഹത്തിന്റെ മനഃസ്ഥിതിയെപ്പറ്റി ഞാൻ ഖേദിക്കുന്നു. പ്രോഹിബിഷൻ നടപ്പാക്കുന്ന അവസരത്തിൽ അതിനെപ്പറ്റി ശാസ്ത്രീയമായ യാതൊരു സർവ്വേയും നടത്തിട്ടില്ല. മദ്യം എന്തു ദോഷമുണ്ടാക്കിട്ടുണ്ടെന്നു ഒരു സർവ്വേ നടത്തിയിട്ടുണ്ടായിരുന്നെങ്കിൽ എനിക്കു് വലിയ ആക്ഷേപം ഉണ്ടാകുമായിരുന്നില്ല. ഇക്കാലമത്രയും അതു് നടപ്പിലാക്കിയിട്ടു് അതു് പരാജയപ്പെട്ടിരിക്കുകയാണെന്നു പൊതുവേ എല്ലാ ആളുകളും സമ്മതിക്കുന്ന സ്ഥിതിയ്ക്കു് ഒരു ദുശ്ശാഠ്യത്തോടുകൂടി അതു് തുടർന്നുകൊണ്ടുപോകുകയാണു്. ഈ നിയമസഭയുടെ ആദ്യത്തെ സമ്മേളനത്തിൽ രാജപ്രമുഖൻ പ്രസംഗിച്ച അവസരത്തിൽ പറയുകയുണ്ടായി, പ്രോഹിബിഷൻ വിപുലപ്പെടുത്തണമെന്നാഗ്രഹമുണ്ടെങ്കിലും കള്ളുഷാപ്പുകൾ ലേലം ചെയ്തുകഴിഞ്ഞതുകൊണ്ടു് തൽക്കാലം അതു് വിപുലപ്പെടുത്താൻ സാദ്ധ്യമല്ലെന്നു്. എന്നാൽ ധനകാര്യമന്ത്രിയുടെ ബഡ്ജറ്റു പ്രസംഗത്തിൽ ആ കാര്യത്തെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. എന്റെ ഒരു ചോദ്യത്തിനു ഉത്തരമായി ധനകാര്യമന്ത്രി പറഞ്ഞതു് പ്രോഹിബിഷൻ എക്സ്റ്റൻഡ് ചെയ്യുവാൻ വിചാരിക്കുന്നില്ലാ എന്നാണു്. സർ, ഏകദേശം ഒന്നരക്കോടി രൂപയുടെ ഒരു കമ്മിബഡ്ജറ്റാണു് നമുക്കുള്ളതു്. എന്നാൽ എത്ര രൂപയാണു് പ്രോഹിബിഷൻകൊണ്ടു നാം നഷ്ടപ്പെടുന്നതെന്നു് ആലോചിക്കേണ്ടതാണു്. ഒരു കൊല്ലത്തിൽ ഒരു കോടിയിലധികം രൂപ നാം നഷ്ടപ്പെടുന്നുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കുകൊണ്ടു തന്നെ 78 ലക്ഷം രൂപ നഷ്ടപ്പെടുന്നുണ്ടു്. വാസ്തവത്തിൽ ഇന്നു് മദ്യനിരോധനമുള്ള സ്ഥലങ്ങളിൽ ലേലം വിളിക്കുകയാണെങ്കിൽ ഒരു കോടിയിലധികം രൂപാ കിട്ടുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്തു പറഞ്ഞാലും പണമില്ല, പണമില്ല എന്നു് വിലപിക്കുന്ന ഗവണ്മെന്റ് ഓരോ കൊല്ലവും ഒരുകോടിയിലധികം രൂപ നിരുപയോഗമായ പ്രോഹിബിഷന്റെ പേരിൽ നഷ്ടപ്പെടുക എന്നു വച്ചാൽ അതു് യാതൊരു അർത്ഥവുമില്ലാത്ത രാജ്യതന്ത്രജ്ഞതയാണെന്നേ എനിക്കു പറയുവാനുള്ളു. പ്രോഹിബിഷൻ എടുത്തുകളയുകയാണെങ്കിൽ ആയിരക്കണക്കിനു് ആളുകൾക്കു് തൊഴിലുണ്ടാകയും അങ്ങിനെ ചെത്തുതൊഴിലാളികളുടെ തൊഴി

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

ലില്ലായ്മപ്രശ്നം പരിഹരിക്കാവുന്നതാണ്. ഷാപ്പുകളെ ആശ്രയിച്ചു ജീവിക്കുന്നവരും, ചെത്തുന്ന തെങ്ങിന്റെ പറമ്പുടമസ്ഥന്മാരും, നിരവധി കാവുതൊഴിലാളികളും, ഇവരെയെല്ലാം ആശ്രയിച്ചുജീവിക്കുന്ന ആയിരക്കണക്കിനുള്ള മററുള്ളവരും ചെത്തുതൊഴിലാളികൾക്കു പുറമെ പ്രൊഹിബിഷൻമൂലം നിരാശ്രയരായിട്ടുണ്ട്. എന്നാൽ ഇവരെ സമാധാനിപ്പിക്കുവാൻ വാർദ്ധാ പദ്ധതിയനുസരിച്ചുള്ള ഒരു ചക്കരനിർമ്മാണപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നു പറയുന്നു. അതെല്ലാം വെറും കടലാസുപദ്ധതിയാണ്. മുമ്പ് ഒരു പൗണ്ട് ചക്കരയ്ക്കു 8 അണ കിട്ടിയിരുന്നു. ഇന്ന് മൂന്ന്—മൂന്നേകാൽ അണമാത്രമാണ് അതിനു കിട്ടുന്നതു്. കത്തിക്കുന്ന വിറകിന്റെ പൈസപോലും ചക്കരവ്യവസായികൾക്കു ഇന്ന് കിട്ടുന്നില്ല. ഇങ്ങനെയുള്ള തൊഴിലാളികളോടു വാർദ്ധാ പദ്ധതിയെപ്പററി പറഞ്ഞിട്ടു കാര്യമില്ല. മദ്യത്തെപ്പററിയുള്ള ഗുണദോഷങ്ങളൊന്നും ഞാൻ ഇപ്പോൾ ചർച്ച ചെയ്യുന്നില്ല. മദ്യത്തിനു ദോഷമുണ്ടെന്നും ഇല്ലെന്നും പറയുന്ന ആളുകൾ ഉണ്ട്. പല ഡാക്ടർമാരും അതിനെപ്പററി ഭിന്നാഭിപ്രായം പറഞ്ഞിട്ടുണ്ട്. ഡാക്ടർ സോമർവെൽ കള്ളിന്റെ ഗുണത്തെപ്പററി പറഞ്ഞിട്ടുണ്ട്. അതുപോലെ പല നാട്ടുവൈദ്യന്മാരും കള്ളിന്റെ ഗുണത്തെപ്പററി പറഞ്ഞിട്ടുണ്ട്. പല ആളുകളും അതിനു എതിരായ അഭിപ്രായവും പറഞ്ഞിട്ടുണ്ട്. പക്ഷെ ഒരു കാര്യം അനേകലക്ഷം ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതു് വളരെ സൂക്ഷിച്ചു വേണ്ടിയിരുന്നു. മദ്യനിരോധനം നല്ലതായിരിക്കാം. ശ്രീനാരായണഗുരുസ്വാമിയും, മഹാത്മാഗാന്ധിയും, ശ്രീ. ടി. കെ. മാധവനും മദ്യം വിഷമാണെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ അതു വിസ്മരിക്കുന്നില്ല. അതിലുള്ള പ്രായോഗിക വിഷമം നാം നോക്കേണ്ടതുണ്ട്. മുഷിഞ്ഞമുണ്ട് ആരും ഉടുക്കാൻ പാടില്ല എന്നു ഒരു നിയമം പാസ്സാക്കുകയാണെന്ന് വിചാരിക്കുക. നല്ല നിയമമാണ് അതു്. പക്ഷെ അങ്ങനെ ഒരു നിയമം പാസ്സാക്കുവാൻ തുടങ്ങുമ്പോൾ അതിന്റെ ഭവിഷ്യത്തുകളെപ്പററി നാം ആലോചിക്കണം. മുണ്ടു അലക്കി ഉടുക്കുവാൻ സാദ്ധ്യതയുള്ള സാഹചര്യം സൃഷ്ടിച്ചതിനുശേഷം മാത്രമേ അങ്ങനെയുള്ള നിയമം ഉണ്ടാക്കുവാൻ പാടുള്ളു. അങ്ങിനെയുള്ള പരിതഃസ്ഥിതിയിലാണ് ഈ നിയമം ഉണ്ടാക്കിയിരുന്നെങ്കിൽ മന്ത്രിസഭയുടെ നയത്തെ ഞാൻ അനുകൂലിക്കുമായിരുന്നു. പ്രൊഹിബിഷൻ ഇന്നു അനേകായിരം ജനങ്ങളെ പട്ടിണിയിൽ ഇടുന്നുണ്ടെന്നുള്ള കാര്യം മനസ്സിലാക്കണം. ഇനിയും അതിനെപ്പററി ആലോചിക്കുന്നതിനു സമയമുണ്ട്. ആന്ധ്രാ സംസ്ഥാനത്തു് ഇതിനെ സംബന്ധിച്ചു് പുനഃപരിശോധന നടത്തി വരികയാണ്. രാമമൂർത്തി റിപ്പോർട്ടിനെത്തുടർന്ന് ആന്ധ്രാ നിയമസഭയിൽ പ്രോഹിബിഷൻ അവസാനിപ്പിക്കണമെന്നു ഒരു പ്രമേയം പാസാക്കിയിരിക്കയാണ്. അതിനെ സംബന്ധിച്ചു്, അവിടെ ഒരു മന്ത്രിസഭാ കുഴപ്പംതന്നെ ഉണ്ടായിരിക്കുകയാണ്. പ്രോഹിബിഷൻ അവസാനിപ്പിക്കാത്തപക്ഷം അവിടെയുള്ള ചെത്തുതൊഴിലാളികൾ ഒരു പ്രത്യക്ഷസമരത്തിലേക്ക് നീങ്ങുവാൻ പോകുന്നു എന്ന് നമുക്ക് റിപ്പോർട്ടുകളിൽ നിന്നു കാണാം. അങ്ങിനെയുള്ള ഒരു പരിതഃസ്ഥിതി ഇവിടെയും ഉണ്ടാകണമോ എന്ന് ഗവണ്മെന്റ ചിന്തിക്കേണ്ടതാണ്. തൊഴിലാളികൾ പട്ടിണിയിലേക്കു നീങ്ങുമ്പോൾ അവരോടു വേദവാക്യം ഉദ്ധരിച്ചിട്ടു

കാര്യമില്ല. ഇതു തുടരുകയാണെങ്കിൽ ഭയങ്കരമായ ഒരു ഭവിഷ്യത്ത് ഈ മന്ത്രിസഭയ്ക്ക് നേരിടേണ്ടിവരുമെന്നു ഞാൻ താക്കീതു ചെയ്യുന്നു.

[The Deputy Speaker in the Chair]

അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഈ മദ്യനിരോധനം എത്രതന്നെ ഗുണകരമായിരുന്നാലും പ്രായോഗികമായ പരിഷ്കാരം അല്ലെന്നു കരുതി അതു് നിറുത്തിവയ്ക്കേണ്ടതാണ്. മദ്യനിരോധനത്തോടുള്ള എതിർപ്പുകൊണ്ടല്ല ഞാൻ ഇതു പറയുന്നത്. പക്ഷേ, ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ഇതു് പ്രായോഗികമല്ല. നമുക്ക് അതനുസരിക്കവണ്ണമുള്ള ചുററുപാടുകളുണ്ടായിട്ടില്ല. നമുക്ക് അതിനനുസരിക്കവണ്ണമുള്ള സാമ്പത്തികസ്ഥിതിയും കൈവന്നിട്ടില്ല. മറെറാന്നു പറയുവാനുള്ളതു് മദ്യനിരോധനത്തിന്റെ പേരിൽ എത്ര ആളുകളെയാണ് പോലീസുകാരും എക്സൈസുകാരും മർദ്ദിച്ചുവിടുന്നത്. മാനംമര്യാദയായി ജീവിക്കുന്ന ആളുകളെപ്പോലും പ്രോഹിബിഷൻ നിയമം ലംഘിക്കുന്നുവെന്ന് പറഞ്ഞു പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയി അടിക്കുന്നുണ്ട്.

മറെറാന്ന് ഇവിടെ ഞാൻ കൊണ്ടുവരുമ്പോൾ, ഞാൻ സമുദായവാദിയാണെന്ന് പറഞ്ഞേക്കാം. മദ്യനിരോധനംകൊണ്ട് തൊഴിലില്ലാതെ വന്നിട്ടുള്ളത് അധികവും ഈഴവർക്കാണ്. മാത്രമല്ല, ഈഴവരോടുള്ള പക വീട്ടുവാൻവേണ്ടി മദ്യനിരോധനപ്രദേശങ്ങളിൽ ചില ഉദ്യോഗസ്ഥന്മാർ ഈഴവരെ കൊണ്ടുപോയി മർദ്ദിച്ചുവിടുന്നുണ്ട്. നമ്മുടെ മുഖ്യമന്ത്രി മദ്യനിരോധനത്തിൽ വലിയ വിശ്വാസമായതുകൊണ്ട് അദ്ദേഹം ഇക്കാര്യങ്ങളൊന്നും അത്രതന്നെ സാരമായി ശ്രദ്ധിക്കുകയില്ലായിരിക്കാം. എനിക്ക് ഗവണ്മെൻറിനോട് പറയുവാനുള്ളത് ഈ മദ്യനിരോധനം ഒന്നു തല്ക്കാലത്തേക്ക് അവസാനിപ്പിക്കണമെന്നാണ്. ഈ കാര്യത്തിൽ ആന്ധ്രാ നിയമസഭ എടുത്തതുപോലെയുള്ള നല ഈ നിയമസഭയും എടുക്കണം. ആന്ധ്രയിലും പി. എസ്. പി-ക്കാരും കാൺഗ്രസ്സുകാരും മററുമെല്ലാം ഉണ്ടായിരുന്നു. അവിടത്തെ മുഖ്യമന്ത്രിയെപ്പോലെയുള്ള ഒരു മഹാനാണ് ഇവിടത്തെ മുഖ്യമന്ത്രിയും. ആന്ധ്രാ നിയമസഭ എടുത്ത തീരുമാനം ഇവിടെയും എടുക്കേണ്ടതാണ്.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി: ആന്ധ്രയിൽ ഈഴവരുണ്ടോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: അതു് അവിടെ ചെന്നു അന്വേഷിക്കണം. അതുകൊണ്ട് ഇതു് ഇത്ര നിസ്സാരമായി തള്ളാനുള്ള ഒരു കാര്യമല്ല. പല രാജ്യങ്ങളിലും മദ്യനിരോധനം നടപ്പാക്കിയിട്ടുള്ളതായി അറിയാം. പക്ഷെ, അതിന്റെ ഫലമെന്തായിരുന്നുവെന്നുകൂടി നാം ആലോചിക്കേണ്ടതാണ്. അവിടെയെല്ലാം മദ്യനിരോധനം പരാജയത്തിലാണ് കലാശിച്ചതെന്ന് അവർ സമ്മതിച്ചു. അമേരിക്കയിൽ ഇതു നടപ്പാക്കിയിരുന്നു. 1116-ൽ റഷ്യയിലും മദ്യനിരോധനം നടപ്പാക്കി. പക്ഷേ, എട്ടൊൻപതു മാസങ്ങൾ കഴിഞ്ഞയുടനെ അതു് പരാജയത്തിൽ കലാശിച്ചു. നിർബന്ധബുദ്ധി ചെലുത്തിക്കൊണ്ട് നടപ്പാക്കാവുന്ന ഒന്നല്ല മദ്യനിരോധനം. സ്വന്തം മനസ്സോടുകൂടി ആളുകൾ സ്വീകരിക്കേണ്ട ഒന്നാണെന്നുള്ള തത്വത്തിൽ അതു് ഉപേക്ഷിക്കുകയാണുണ്ടായതു്

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

ഇതിൽനിന്നും നമുക്കു് ചില പാഠങ്ങൾ പഠിക്കുവാനുണ്ടു്. ഈ മദ്യനിരോധനം നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിലെല്ലാം നിയമലംഘനം ഉണ്ടാകുകയാണു ചെയ്യുന്നതു്. കാരണം അതു് സാർവ്വത്രികമായി നടപ്പാക്കാൻ സാദ്ധ്യമല്ലെന്നുള്ളതാണു്. ഓരോരുത്തരുടേയും വീട്ടിൽതന്നെ മദ്യം ഉണ്ടാക്കാൻ കഴിയും. ഒരു മനുഷ്യനു് ആവശ്യമുള്ള സാധനം ഉപേക്ഷിക്കുവാൻ നിർബന്ധിച്ചാൽ ആരും അതനുസരിക്കുകയില്ല. മനുഷ്യർ വിദ്യാഭ്യാസപരമായും സാംസ്കാരികമായും വളരുമ്പോൾ ദുശ്ശീലങ്ങൾ താനെ ഉപേക്ഷിച്ചുകൊള്ളും. ഞാൻ മുമ്പു പറഞ്ഞതുപോലെ മുഷിഞ്ഞ മുണ്ടു് ഉടുക്കാൻ പാടില്ലെന്നു നിയമം പാസാക്കണമെങ്കിൽ നല്ല മുണ്ടു് ഉടുക്കുവാനും മുഷിഞ്ഞ മുണ്ടു് അലക്കി ഉടുക്കുവാനും തക്ക പരിതഃസ്ഥിതി രാജ്യത്തിനുണ്ടാകണം. റഷ്യയിലെ അനുഭവം നമുക്കൊരു പാഠമായിരിക്കേണ്ടതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റഷ്യയിലെ നിലയെന്താണു്?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട ചാലക്കുടിമെംബർ റഷ്യയിൽ പോകണമെന്നാഗ്രഹിച്ചു് ചെക്കോസ്ലാവക്കിയാവരെ മാത്രമേ എത്തിയുള്ളു. ഞാൻ ഇവിടംവരയേ എത്തിയിട്ടുള്ളു. എങ്കിലും വായിച്ചു മനസ്സിലാക്കിയിട്ടുണ്ടു്.

അവിടെ കുടി സംബന്ധിച്ചുള്ള പ്രശ്നം അവസാനിപ്പിച്ചതു് മനുഷ്യർക്കു് ഉപദേശം കൊടുത്തിട്ടാണു് അവരെ സാംസ്കാരികമായി ഉയർത്തിയിട്ടാണു്. ലേഖനങ്ങളിൽക്കൂടിയും പ്രസംഗങ്ങളിൽക്കൂടിയും, സിനിമയിൽക്കൂടിയും പ്രചാരണം നടത്തിയിട്ടാണു്. വളരെ കാലം കൊണ്ടു് ശീലിച്ചിട്ടുള്ള ശീലം നമുക്കു് പെട്ടെന്നു് മാററുവാൻ സാദ്ധ്യമല്ല. അതു് ഉപദേശങ്ങൾകൊണ്ടും വിദ്യാഭ്യാസത്തിൽക്കൂടയും, പ്രചാരണത്തിൽക്കൂടയും, സിനിമാമുഖേനയും പ്രചാരണം നടത്തിയാണു് മാറേറണ്ടതു്. നിയമംമുഖേന ഇതു് നടപ്പാക്കുന്നതു് തീരെ അപ്രായോഗികമാണു്. ഇൻഡ്യാഗവണ്മെൻറുതന്നെ ഈ പ്രശ്നത്തെ സംബന്ധിച്ചു എന്തു നിലയാണു് സ്വീകരിച്ചിട്ടുള്ളതെന്നു് ആലോചിക്കാം. ഡെൽഹിയിൽ ഇന്നു് മദ്യനിരോധനമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു

ശ്രീ. ഇടിക്കുള ഇടിക്കുള: മദ്യനിരോധനം പ്രചാരണംമൂലം നടപ്പാക്കിയാൽ തൊഴിലില്ലായ്മ ഉണ്ടാകുകയില്ലേ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: അപ്പോൾ അതിനു വേറെ പരിഹാരം നോക്കാം.

ശ്രീ. എം. എം. മത്തായി: സിനിമായിൽക്കൂടി മദ്യനിരോധനം നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സാധിക്കും.

ശ്രീ. ടി. ഒ. ബാവാ: നാരായണഗുരുതന്നെ മദ്യനിരോധനം നടപ്പാക്കണമെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഉണ്ടെന്നു് ഞാൻ ആദ്യംതന്നെ പറഞ്ഞുകഴിഞ്ഞു. പക്ഷെ, ഇതിൻെറ പ്രായോഗികതയെപ്പററി അദ്ദേ

ഷത്തിനു സംശയമുണ്ടായിരുന്നതുകൊണ്ടു് അതിൽ നിർബന്ധം പിടിച്ചില്ല. ഏതായാലും ഞാൻ പറയുന്നതു് ഉപദേശംകൊണ്ടു് ഇതു മാററണമെന്നല്ലാതെ നിയമംകൊണ്ടു് ഇതു തടയാൻ സാധ്യമല്ല. പ്രൊഹിബിഷനെപ്പററി തന്നെ പ്രസംഗിക്കുന്ന ചിലക്കു് രണ്ടു കുപ്പി കുടിച്ചാൽ മാത്രമേ പ്രസംഗിക്കുവാൻ ഉഷാർ കിട്ടാറുള്ളു. കാൺഗ്രസ്സുകർ പൊതുവെ മദ്യനിരോധനത്തിനു എതിരാണെന്നു് പ്രതീക്ഷ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. തിരുവനന്തപുരത്തു വന്നാൽ ചിലക്കു് ഉറക്കമില്ലെന്നു് അവർ പറയുന്നുണ്ടു്. പി. എസ്. പി.-ക്കാരാണെങ്കിൽ പലരും കുടിക്കുന്നതിനു് അവർ കൊല്ലത്തും കോട്ടയത്തും പോകുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: കാൺഗ്രസ്സുകാരും പി. എസ്. പി.-ക്കാരും കുടിക്കുന്നതു് രഹസ്യമായിട്ടാണോ അതോ പരസ്യമായിട്ടു കുടിക്കാൻ തയ്യാറാണോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഞാൻ പറയുന്നതിന്റെ ചുരുക്കം മദ്യനിരോധനം പരാജയമാണെന്നാണു്.

ശ്രീ. കെ. പി. ഗോപാലമേനോൻ: കാൺഗ്രസ്സുകാർക്കും പി. എസ്. പി.-ക്കാർക്കും തിരുവനന്തപുരത്തു് മദ്യം കിട്ടുന്നില്ലെന്നു് പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ കയ്യിൽ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഇത്തരം ചോദ്യങ്ങൾ വരുന്നതു തന്നെ അതിവിടെ കിട്ടാത്തതുകൊണ്ടാണു്. സർ, ഞാൻ പറയുന്നതു് ഈ മദ്യനിരോധനം ഒരു തികഞ്ഞ പരാജയമാണെന്നാണു്. അതിനാൽ എനിക്കു പറയുവാനുള്ളതു് ഈ പ്രമേയത്തെ ഈ സഭ പാസ്സാക്കണമെന്നാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. മദ്യനിരോധനം വളരെ അഭിപ്രായവ്യത്യാസങ്ങളുള്ള ഒരു സംഗതിയാണു്. മദ്യനിരോധനമെന്നു പറയുമ്പോൾ നാം വളരെ പ്രധാനമായി ആലോചിക്കേണ്ടതു് ഏതു തരത്തിലുള്ള മദ്യമാണു് നിരോധിച്ചിരിക്കുന്നതെന്നാണു്. മദ്യനിരോധനം ഇവിടെ ഏർപ്പെടുത്തിയതു് കോൺഗ്രസ്സ് പാർട്ടിയാണെന്നുള്ളതു് എവക്കും അറിവുള്ള പരമാർത്ഥമാണു്. തിരുവിതാംകൂർ സ്റ്റേറ്റകാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഒരു നൂറുകൂട്ടം നല്ല കാര്യങ്ങൾ ചെയ്യുമെന്നു പറഞ്ഞ കൂട്ടത്തിൽ ഒന്നു് മദ്യനിരോധനമാണു്. എന്നാൽ ഇതിന്റെ കൂട്ടത്തിൽ ആയിരം കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു്. തൊഴിലില്ലാത്തവക്കു തൊഴിലുണ്ടാക്കിക്കൊടുക്കും. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കും, വിദ്യാഭ്യാസം സൗജന്യമാക്കും, ഭൂമിയില്ലാത്തവക്കു ഭൂമി കൊടുക്കും, മദ്യനിരോധനം ഏർപ്പെടുത്തും എന്നെല്ലാം. പക്ഷെ, അതൊന്നും ഏർപ്പെടുത്താതെ മദ്യനിരോധനം മാത്രമാണു് അവർ ആരംഭിച്ചതു്. പ്രസ്തുത കാര്യങ്ങൾ കൂടി ചെയ്തിട്ടു് മദ്യനിരോധനം ഏർപ്പെടുത്തിയിരുന്നെങ്കിൽ ഞങ്ങൾ ഇതിനെ എതിർക്കുകയില്ലായിരുന്നു. പക്ഷെ, അതൊന്നും ചെയ്യാതെ, ആ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാതെ ജനാധിപത്യവിരുദ്ധമായി ജനപ്രതിനിധികളോടോ, രാഷ്ട്രീയകക്ഷികളുമായോ ആലോചിക്കാതെ ജനങ്ങളുടെ അഭിപ്രായം ആരായാതെ ഒരു പാർട്ടിപ്രശ്നമാക്കി

[ശ്രീ. സി. കെ. വിശ്വനാഥൻ]

ഇതു നടപ്പാക്കാൻ ശ്രമിച്ചതുകൊണ്ടും ഫലം പരാജയമായതുകൊണ്ടുമാണു് ഞങ്ങളും ഇതിനെ എതിർക്കുന്നതു്. തൊഴിലില്ലായ്മ ഒരു ദേശീയപ്രശ്നമായി വളർന്നിരിക്കുന്നുവെന്നു സമ്മതിക്കുന്ന സന്ദർഭത്തിൽ മദ്യനിരോധനം നടപ്പാക്കിയതുമൂലവും ധാരാളം ആളുകൾക്കു് തൊഴിലില്ലാതെ വന്നിട്ടുണ്ടെന്നുള്ള പരമാർത്ഥത്തെ മുൻനിർത്തി മദ്യനിരോധനം തുടരണമോ വേണ്ടയോ എന്നു ഗൗരവമായി ആലോചിക്കേണ്ടതാണു്. ഇന്നു് നെല്ലിക്കാ, നെല്ലു്, വാഴമാണം, കശുവണ്ടി, മാങ്ങ തുടങ്ങിയ നിരവധി സാധനങ്ങളിൽനിന്നു മദ്യമുണ്ടാക്കുകയും കുടിക്കുകയും ചെയ്തു വരുന്നു. ഇതുകൊണ്ടു കൂടുതൽ ചിലവുള്ള—രഹസ്യമായി ഉപയോഗിക്കേണ്ടിവരുന്നതിനാൽ ചെലവുംകൂടെ—മദ്യസേവ ക്രമാതീതമായി നിർബാധം മദ്യനിരോധനമേഖലകളിൽ ഇന്നു തുടരുകയാണു്.

The Assembly adjourned at 4-30 p. m. to meet again at 11 a. m. on Thursday the 5th August 1954.

APPENDIX I.

[Please see answer to Question No. *624 (6)].

Name and address of private operators.

TRICHUR DISTRICT.

Messrs. A. T. Union, Ltd., Alwaye, and Sri Mathai Varghese, Alwaye.

KOTTAYAM DISTRICT.

I. 1. C. Mathai Kavalakal, Pallom, Kottayam.
2. Abraham Mathew, Thottavayil, Kottayam.

II. Chacko Dominic, Mukada House, Vakathanam.

III. K. S. Cyriac, Karikal House, Perumpanachy, Changanacherry.

IV. 1. P. T. Abraham, Andoor House, Nattasserry, Kottayam.
2. G. Michael, Lilly Motors Ltd., Kottayam.

V. 1. Messrs. Swaraj Motors Ltd., Kottayam.
2. Messrs. Standard Motor Union Ltd., Ettumanoor.
3. Messrs. K. E. M. S. Ltd., Kottayam.
4. Sri P. M. Kurien, Pulivelil, Pallom, Kottayam.
5. Messrs. Palai Motors Ltd., Palai.
6. Sri M. K. Sukumaran, Kulangara, Kodimatha, Kottayam.
7. Sri P. T. John, Pullanappallil, Nattasserry, Kottayam.

VI. Messrs. S. M. Union Ltd., Ettumanoor.

VII. Managing Director, United Motor Union Ltd., Palai.

VIII. 1. Sri K. Mathen, Thuruthikara, Thalayolaparambu, Vaikom.
2. Sri C. J. Luka, Chirayil, Ettumanoor.

IX. 1. H. Venkiteswara Iyer, Ambika Motors, Muvattupuzha.
2. Managing Director, Service Corporation Ltd., Palai.
3. Sri Kuruvila Chacko, Kaipadavadakethil, Kummannoor, Kidangoor.

QUILON DISTRICT.

1. V. Parameswaran Pillai, Madathil House, Karunagappally.
2. P. Narayanan Nair, Klothura, Chavara.

3. Miss Mariamma Varughese, St. George Motors, Thiruvalla.
4. P. K. Vasudevan Nair, Pattarumadam, Thalavady.
5. P. Gopala Iyer, Krishna Motors, Alleppey.
6. Messrs. M. S. S. Ltd., Alleppey.
7. P. Sundaram, Rajaram Motors, Oachira.
8. P. K. Velayudhan, Kizhakai Veedu, Asramom, Quilon.
9. E. Ramachandran Pillai, Meloor House, West Quilon.
10. M. Yusuf Jan Sahib, Government Contractor, Punalur.
11. K. Kesavan, Kadayil Veedu, Chathannur.
12. N. R. Narayana Pillai, General Merchant, Kadackal.
13. P. Velayudhan, Chandravilasom, Navaikulam.
14. P. G. Vamadevan, Alummoottil Veedu, Kilimanoor.
15. M. A. Jafferkhan, Asramom, Quilon.
16. P. Gopala Pillai, Parambil Veedu, Karunagappally.
17. K. Madhavan Muthalali, Kanjiravila Puthen Veedu, Adoor.
18. P. Parameswaran Pillai, Madathil Veedu, Karunagappally.
19. K. Ramakrishna Pillai, Athikkattu Veedu, Sasthamcottah.
20. T. R. Gopidasan, Vijaya Bhavan, A. S. Road, Alleppey.
21. Messrs. K. C. M. S. Ltd., Thiruvella.
22. K. Sekharan, Gopalakrishna Motor Service.

TRIVANDRUM DISTRICT.

1. Sri V. Damodaran, Proprietor, R. K. V. Motor Service, Trivandrum.
2. Sri M. Velayudhan, M. V. Motor Service, Neyyattinkara.
3. Sri K. M. Kunjuraman, K. M. K. Motor Service, Attingal.
4. Sri S. Nagamony, Pioneer Motor Service, Ltd., Nagercoil.
5. Sri N. Ponnen, Proprietor, K. M. S., Trivandrum.
6. Sri R. Narayanan, Kamala Motor Service, Attingal.
7. Sri T. Neelakantan Nair, Kamalabhavan, Trivadrum.
8. The Secretary, Commercial Transports, Trivandrum.

9. Sri P. C. Oommen, Oriental Motor Service, Trivandrum.
10. Sri Ahmed Ali Vydian, Kaduvakuzhy Bungalow, Pirappencode.
11. Sri M. Mohammed Kunju, Merchant, Nedumangad.
12. Sri P. Velayudhan, Chandravilasom Bungalow, Thottakad.
13. Sri R. Gopalan, Thaimangalathu Veedu, Navaikulam.
14. Sri A. Mohammed Ali, Kinattazhikathu Veedu, Kilimanoor.
15. Sri A. N. Satyanesan, K. C. C., Trivandrum.
16. Sri P. Ramakrishnan, Palakoottil Veedu, Chirayinkil.
17. Sri V. Gopalan, Mulluvilakom Veedu, Thottakad.
18. Sri N. Surendranathan, Thottakad, Attingal.
19. Sri S. David, Proprietor, Rohini Motor Service, Pattom, Trivandrum.
20. Sri P. Damodaran, Chandravilasom, Chirayinkil.
21. Sri P. G. Vamadevan, Alumoodu Veedu, Kilimanoor.
22. Sri S. Raghavan, Sankara Vilas, Kadakavoor.
23. Sri M. Abdul Salam, Vilayil Veedu, Mangalapuram.
24. Sri R. Ramakrishna Pillai, Kunnathu Veedu, Kattakada.
25. Sri R. Mrithinjaya Panicker, R. M. P. Service, Karakonam.
26. Sry. Rafica Beevi, Konthalloor, Chirayinkil.
27. Sri A. Velayudhan Nadar, A. V. M. Motor Service, Neyyattinkara.
28. Sri K. Damodaran, Sreevardhanapuram, Murukumpuzha.
29. Sri P. P. Muthuswamy Nadar & Bros., Bus Service, Marthandam.
30. Sri V. Kesava Panicker, Vazhuthacad, Trivandrum.
31. Sri P. Madhavan, Kottenvila House, Arumanoor, Poovar.

APPENDIX II.

[Please see answer to Question No. * 625 (7) b]

Names of Companies.

1. Messrs. Stanes Motors (S. I.), Ltd.
2. Enfit Tyre and Rubber Factory, Kottayam.
3. Kerala Tyre Works, Quilon.
4. Blackstone Tyre Retreaders, Trivandrum.
5. Supersole Tyre Retreading Works, Perumbavoor.
6. Supersole Tyre Company, Quilon.
7. Standard Tyre Works, Ottapalam.
8. Pioneer Tyre Retreading Works, Punalur.
9. Jothi Tyre Works, Nagercoil.
10. Kottayam Tyre Works, Kottayam.
11. Bedfort Tyre Retreading Co., Trivandrum.
12. Manohara Tyre Retreading Factory, Nagercoil.
13. Super Resole Tyre Works, Neyyattinkara.
14. Star Tyres, Kottayam.
15. Jupiter Tyres, Kottayam.
16. Deluxe Tyre and Rubber Factory, Trichur.

APPENDIX III.

[Please see answer to Question No.* 625 (7) c].

RATE.

Rate per Tyre.		Stanes Motors. 1951-52.			Enfit.			For Firms having Segment Mould.			For Full Circle Mould. 1952-53.			For Full Circle Mould. 1953-54.		
		Rs.	A.	P.	Rs.	A.	P.	Rs.	A.	P.	Rs.	A.	P.	Rs.	A.	P.
Size.	650 x 20	72	0	0	63	0	0	45	0	0	..	..	..	..	..	..
	700 x 20	85	8	0	73	8	0	53	7	0	75	0	0	66	8	0
	750 x 20	108	0	0	..	..	..	..	..	..	90	0	0	80	12	0
	825 x 20	137	8	0	..	...	..	..	..	..	120	0	0	104	8	0
	900 x 20	..	..	..	..	..	..	..	..	..	162	0	0	137	12	0

5/8 of the above rates fixed during 1952-53 and 1953-54 are sanctioned for Firms having Segment mould.

APPENDIX IV.

*[Please see answer to Question No. * 631 (13)]*

TRIVANDRUM DISTRICT.

1. Suchindram Panchayat
2. Eraniel
3. Aramboli
4. Parassala
5. Mekkode
6. Vettoor
7. Chirayinkil
8. Nedumangad
9. Thovala
10. Arumana
11. Kulathummel
12. Thazhakudy.

QUILON DISTRICT.

1. Sakthikulangara
2. Peringara
3. Bharanikavu
4. Kadapra
5. Chengannoor
6. Adoor
7. Mayyanad
8. Paravoor
9. Nedumudy
10. Punalur
11. Kozhencherry
12. Anchal
13. Chadayamangalam
14. Samboorvadakara
15. Mannar
16. Kuttur
17. Mararikulam North
18. Pathanapuram
19. Chathanoor
20. Puramattom
21. Thottapuzhasserry
22. Omallur
23. Vallicode
24. Vilakudy
25. Kalloopara
26. Mararikulam South
27. Karunagapally
28. Kuttapuzha
29. Elanthoor

KOTTAYAM DISTRICT.

1. Moovattupuzha
2. Thodupuzha
3. Kothamangalam
4. Piravam
5. Panachikad
6. Ramapuram
7. Kanjirapally
8. Chirakadavu
9. Neendoor
10. Kumarakom
11. Ettumanoor
12. Aymanam
13. Mutholy
14. Thalayolaparambu
15. Thiruvarppu
16. Vechoor
17. Thalayazham
18. Kidangoor
19. Madappally
20. Athirampuzha
21. Kumaranalloor
22. Nellikuzhi

TRICHUR DISTRICT.

1. Thrippunithura
2. Elankunnapuzha
3. Cheranellur
4. Kanjur
5. Chennamangalam
6. Pallippuram
7. Palluruthy
8. Cranganore
9. Mala
10. Chalakudy
11. Kattur
12. Annamanada
13. Kodakara
14. Kallur-Vadakkummuri
15. Pariyaram
16. Alur

17. Ollur
18. Manalur
19. Cherppu
20. Anthikad
21. Erava
22. Vallachira
23. Kolazhi
24. Vilvattom
25. Wadakkancherry
26. Kandinisserry
27. Chelakara
28. Desamangalam
29. Thiruvilwamala
30. Nelleppilly
31. Nemmara
32. Eruthempathy
33. Ayalore
34. Kozhinjampara
35. Vyttila
36. Thiruvankulam
37. Trikkur
38. Koratty
39. Edapally
40. Kunnukara
41. Kaladi
42. Adat
43. Ayyanthole
44. Kurkancherry
45. Rayamangalam
46. Kothakulangara
47. Keezhmad
48. Puthur
49. Chundal
50. Parappukara
51. Malayattur
52. Amballur
53. Narakkal
54. Kumbalanji
55. Arattupuzha
56. Kondazhy
57. Mundathicode
58. Eriyad
59. Cheruthuruthi
60. Chazhur
61. Parlom

APPENDIX V.

[*Please see Answer to Question No.* ❋ *633* (16)].

Name of work.	Budget allot-ment 53-54.	Ex-pendi-ture to end of 53-54.	Consti-tuency.
Improvements to the road from Kayapuram to Thamarakudy.	5,000	..	Pattazhi
Improvements to Kalanjoor padam road. ..	3,000	..	do.
Improvements to Pathanapuram Yenadi road up to Kundayam ferry. ..	8,000	4,324	do.
Reconstructing the wooden platform bridge in Sabarimala village road near Cherukole-puzha crossing. ..	10,000	..	Ranni
Constructing a bridge in 3rd mile Melukara Ranni road. ..	5,000	6,182	do.
Reconstructing the Appanchira bridge. ..	4,840	..	Vaikom (Kadu-thuruthy)
Constructing a Veterinary Hospital at Thalayolaparambu.	2,400	..	do.
Taking under departmental maintenance the road from Teakoy to Vellikulam. ..	5,000	500	Poonjar
Urgent repairs to M. S. Chala-kudy. ..	1,390	259	Chalakudy
Road from 6/6 Chalakudy Velli-kulangara to Kuttichira. ..	8,000	332	do.
Improvements to Mala Kuzhur road. ..	14,500	2,627	do.
Constructing a well and waiting shed to Sub Registry Office, Alwaye. ..	1,000	..	Kunnathu-nad
Do. quarters for Police Staff at Alwaye ...	50,000	..	do.
Providing isolation ward in Government Hospital, Alwaye.	7,000	..	do.
Improvements to Kalady Manjapra road from Mookan-noor junction. ..	5,000	..	do.
Constructing a bridge at Chera-nalloor crossing on road from Ankamali to Manjapra ..	5,000	..	do.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1954

Thursday, the 5th August 1954.

Vol. XI]	OFFICIAL REPORT	[No. 20.

The Assembly met in the Assembly Chamber, Trivandrum. at Eleven of the Clock on Thursday, the 5th August 1954, with Mr. Speaker in the Chair.

Adjournment motions.

Mr. Speaker: There are two adjournment motions. The first one is from Shri Narayanan Potti and the second is from Shri Avira Tharakan. They do not satisfy the conditions of general public importance according to Rules and I disallow both of them.

Papers laid on the Table.

Minister for Finance **(Shri P. S. Nataraja Pillai)**: Sir, I beg to lay on the Table the Appropriation Accounts of the Government of Travancore-Cochin for 1951-52 and the Audit Report 1953.

Motion under Rule 43 re: introduction of Basic Education.

Chief Minister **(Shri A. Thanu Pillai)**: Sir,—

ശ്രീ. പി. കെ. യശോധരൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വളരെ പ്രധാനപ്പെട്ട ഈ ബേസിക് എഡ്യൂക്കേഷന്റെ സ്കീമിനെപ്പററിയുള്ള യാതൊരു കരടുരൂപവും നേരത്തെ നല്കാതെയാണ് ഒരു മോഷനായി ഇപ്പോൾ അവതരിപ്പിക്കാൻ പോകുന്നതു്. ഇതിൽ നിക്ഷിപ്തതാല്പര്യത്തിന്റേതായ പലതും ഉൾക്കൊള്ളിച്ച് അതനുസരിച്ച് രൂപപ്പെടുത്താനുള്ള ഒരു സംരംഭമായേ ഇതിനെ കാണാൻ കഴിയുകയുള്ളു. ആ നിലയ്ക്കു് ഇതിന്റെ പൂർണ്ണവിവരം നേരത്തെ ഇവിടെ തരാതെ ചർച്ചയ്ക്കു കൊണ്ടുവരുന്നതു് ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

മി. സ്പീക്കർ: ഇതൊരു പായിന്റ് ഓഫ് ഓർഡറല്ല. ഇങ്ങനെയുള്ള ഒരു കാര്യം മോഷനായി കൊണ്ടുവന്നു് ഡിസ്കസ് ചെയ്യുന്ന പതിവ് എല്ലാ നിയമസഭകളിലും ഉണ്ടു്. വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തെപ്പററി ഈ സഭയുടെ അഭിപ്രായം അറിയുന്നതിനു് ഗവണ്മെന്റു തന്നെ നേരിട്ടു് ഒരു മോഷൻ കൊണ്ടുവന്നു് ഡിസ്കസ് ചെയ്യുന്നതു് തികച്ചും അനുവദനീയമായ ഒരു കാര്യമാണു്.

ശ്രീ. എ. താണുപിള്ള: ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്.

"I move that this Assembly is of opinion that the system of Basic Education should be introduced in the schools of the State in place of the present system."

സർ, ബേസിക്ക് എഡ്യൂക്കേഷൻ അല്ലെങ്കിൽ അടിസ്ഥാനവിദ്യാഭ്യാസം ഈ സ്റ്റേററിൽ നടപ്പിൽ വരുത്തുന്നതിനു് ഈ സഭയുടെ അനുവാദം ആവശ്യപ്പെടുകയാണു് ഈ പ്രമേയംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പുറപ്പെടുവിച്ച ആക്ഷേപം സ്കീം എന്താണെന്നു പൂർണ്ണമായിട്ടും സഭയെ അറിയിക്കാതെ ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരുന്നതു ശരിയല്ലെന്നാണു്. സർ, അതിനെപ്പററി എനിക്കു പറയുവാനുള്ളതു് ബേസിക്ക് എഡ്യൂക്കേഷൻ എന്താണെന്നു ഇന്നു സാമാന്യമായി ഇൻഡ്യാരാജ്യത്തു പൊതുവായി അറിയാവുന്ന ഒരു കാര്യമാണെന്നാണു്. ഇന്നു് നിലവിലിരിക്കുന്ന സമ്പ്രദായം എന്താണെന്നു നമുക്കൊക്കെ അറിയാം. ആ സമ്പ്രദായത്തിലുള്ള ന്യൂനതകളും നമുക്കറിയാം. ഈ ന്യൂനതകൾ കൂടാതെയുള്ള ഒരു സമ്പ്രദായമാണു് ബേസിക്ക് എഡ്യൂക്കേഷൻ. ആ ബേസിക്ക് എഡ്യൂക്കേഷൻ നമ്മുടെ നാട്ടിൽ നടപ്പിൽ വരുത്തുന്നതിനായി ഈ സഭയുടെ അഭിപ്രായം ആരായുന്നതു് ഉചിതമായിരിക്കുമെന്നാണു് ഗവണ്മെന്റു കരുതുന്നതു്.

ഇന്നാണെങ്കിൽ നമ്മുടെ സ്റ്റേററിൽ അനേകായിരം പ്രൈമറിസ്കൂളുകളും മിഡിൽസ്കൂളുകളും അവയ്ക്കു പുറമേ ഹൈസ്കൂളുകളുമുണ്ടു്. ഈ സ്കൂളുകളിൽനിന്നും പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്കു് അവരുടെ ജീവിതം നയിക്കുന്നതിനു വേണ്ടിടത്തോളം സാമർത്ഥ്യം ഇപ്പോഴുള്ള വിദ്യാഭ്യാസം കൊണ്ടു് സിദ്ധിക്കുന്നില്ലെന്നുള്ളതാണു് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി പറയാനുള്ള വലിയ ആക്ഷേപം. ഈ നിയമസഭയിൽത്തന്നെ ഇങ്ങനെ ഒരാക്ഷേപമുണ്ടെന്നു സമ്മതിക്കാത്തവർ ആരെങ്കിലും ഉണ്ടായിരിക്കുമെന്നു് എനിക്കു് തോന്നുന്നില്ല. ആ നിലയ്ക്കു് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള ന്യൂനതകൾ പരിഹരിച്ചു് കൂടുതൽ പ്രയോജനകരവും കാര്യക്ഷമവുമാക്കി വിദ്യാർത്ഥികളെ അവരുടെ ജീവിതം നയിക്കുന്നതിനു് സമർത്ഥന്മാരാക്കുന്ന ഒരു സമ്പ്രദായം നടപ്പിൽ വരുത്തേണ്ടതു് അത്യാവശ്യമാണു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം അതിലേക്കു് ബേസിക്ക് വിദ്യാഭ്യാസമാണു് സ്വീകരിക്കേണ്ടതെന്ന തത്വം പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. ചില രാഷ്ട്രീയകക്ഷികൾ ചില കാരണങ്ങളാൽ അതു സ്വീകരിച്ചില്ലെന്നുവരാം. എങ്കിലും പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുള്ള ഒരു പദ്ധതിയാണു് അതെന്നുള്ളതിനു സംശയമില്ല. ഇൻഡ്യയിലെ പ്ലാനിംഗ് കമ്മീഷനും, വിദ്യാഭ്യാസപരമായി പ്രവർത്തിക്കുന്ന സമിതികളും ഇതു് സ്വീകരിച്ചിട്ടുണ്ടു്. അതുപോലെതന്നെ ഇൻഡ്യയിലെ പല

സ്റ്റേറ്റുകളും ഇതു സ്വീകരിച്ചു് നടപ്പിലാക്കി വരുന്നുണ്ടു്. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളവും ഈ പദ്ധതി കേവലം പുതിയതാണെന്നു പറയാൻ നിർവാഹമില്ല. ഏതാനും കൊല്ലങ്ങൾക്കു മുൻപു് ബേസിക്കു് പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നതിലേക്കു് അദ്ധ്യാപകന്മാർക്കു ട്രെയിനിംഗ് നൽകുന്ന ഒരു സ്കൂൾ ചേർപ്പിൽ നമ്മുടെ സ്റ്റേറ്റും ഏർപ്പെടുത്തിയിട്ടുണ്ടു്. ഇതിനകം അവിടെ 300-ൽപ്പരം അദ്ധ്യാപകന്മാരെ പരിശീലനം ചെയ്യിപ്പിച്ചിട്ടുമുണ്ടു്. ആ നിലയിൽ ഈ പദ്ധതി ഈ സ്റ്റേറ്റിൽ കേവലം പുതിയതായി കൊണ്ടുവന്നിരിക്കുന്ന ഒരു കാര്യമല്ല. ഏതാനും കൊല്ലങ്ങളായി ചേർപ്പിൽ അദ്ധ്യാപകന്മാർക്കു് പരിശീലനം നൽകുന്നുണ്ടെങ്കിലും അവരുടെ ആ പരിശീലനം ഉപയോഗപ്പെടുത്തി ഇവിടെയുള്ള സ്കൂളുകളിൽ പഠിപ്പിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകൾ ചെയ്തിട്ടില്ല. അതുപോരാ. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ദോഷങ്ങൾ പരിഗണിച്ചു് ഈ നവീനസമ്പ്രദായം നമ്മുടെ രാജ്യത്തും ഏർപ്പെടുത്തണം. അതിനു് ഈ സഭ അനുമതി തരണമെന്നാണു് ഈ പ്രമേയംമൂലം ഞാൻ ആവശ്യപ്പെടുന്നതു്. ബേസിക്കു് എഡ്യുക്കേഷനെപ്പററി ഇൻഡ്യൻ ബ്യൂറോ ഓഫ് എഡ്യുക്കേഷൻ എഴുതിയിട്ടുള്ള പാംഫ്ലെററിൽനിന്നു ഒരു ചെറിയ ഭാഗം ഞാൻ വായിക്കാം.

"In the Basic System, education is imparted through productive or creative activity. This activity will be in the form of crafts and centre round the physical and social environments of the child. In this respect the Basic System of Education radically differs from the present system of education in the country which is much too literary and bookish. The child in the present system is a passive receptacle of learning administered to him. There is practically no correlation between the intellectual and practical elements and experience, the result being that the child loses all powers of initiative and self-reliance. In the Basic System the child learns by doing and thus realises the necessity fo learning various school subjects. For example, while cleaning the school, the child learns the simple principles of hygiene. His village pond initiates him into the science of Botany and Zoology. Again, while spinning, before he can report how many yards of yarn are produced on the Takli or what is the count of the yarn that has been spun, he should learn counting and simple operations of arithmetic. Arithmetic lessons to the child are, therefore, no longer abstract but have some significance in life.

The object of the Basic System will not be attained unless the teaching of the school subjects is co-ordinated through some form of activity. Correlation is essential to make the system a success. This idea of correlation is not new. Herbart and other educationists have emphasised the need for co-ordination in studies for the sake of creating unity and consistency in the individual's mental life. Subjects like History, Geography, Arithmetic, Science, Language, Painting and Music could be taught through activity. It is obvious that a teacher should be resource ful in order to succeed in such work. He should know which particular moment is suitable for introducing a particular topic. Festivities of birth days of great men can well be the starting

[Shri A. Thanu Pillai]

point of teaching a certain amount of history to the child. Again a child is using Takli ; he cannot spin ; the yarn continually breaks. The teacher explains that the hot weather is the chief reason. He may utilise this occasion; spinning will offer opportunities of starting lessons on the properties of circle, etc. Take again carpentry. While learning carpentry the child will be told something about the various kinds of timber and about the places where they come from. He will thus begin to have a knowledge of Geography. While using the tools he will learn something about their mechanism. He may draw the models of these tools and thus acquire some knowledge of Arithmetic and Geometry."

സർ, ഇങ്ങനെ ജോലിയും അറിവും സംബന്ധിച്ചുള്ള ബന്ധം കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയുന്നു. പഠിപ്പിക്കുന്നതു എന്തെങ്കിലുംചെയ്തും ചുററുപാടുമുള്ള വസ്തുക്കളെ നിരീക്ഷണം ചെയ്തുമായിരിക്കും. ഇന്നത്തെ സമ്പ്രദായത്തിൽ അതൊന്നുമില്ല. കേവലം പുസ്തകത്തിൽനിന്നു പറഞ്ഞു കൊടുക്കുക മാത്രമാണു് ചെയ്യുന്നതു്. മഴയെ സംബന്ധിച്ചാണെങ്കിൽ അതു പെയ്യുന്നതെങ്ങിനെയാണെന്നൊന്നും കാണിച്ചുകൊടുത്തല്ല ഇപ്പോൾ പഠിപ്പിക്കുന്നതു്. കാററിനെപ്പററിയും പഠിപ്പിക്കുന്നതു് ഇങ്ങനെയാണു്. മനുഷ്യന്റെ ശരീരത്തെ ഉപയോഗിച്ചുവേണം കാര്യങ്ങൾ നിർവ്വഹിക്കേണ്ടതെന്നുള്ളതു് ഇക്കാലത്തു് പഠിപ്പിക്കുന്നില്ല. മനുഷ്യന്റെ കരം ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെപ്പററി വിദ്യാർത്ഥികളെ ഇപ്പോൾ ഒന്നും പഠിപ്പിക്കുന്നില്ല. അതിന്റെ ഫലമായിട്ടാണു് വിദ്യാഭ്യാസം ചെയ്തിട്ടുള്ള ആളുകൾക്കു് ശാരീരികമായ പ്രവൃത്തനത്തിനു വൈമുഖ്യവും ശാരീരികമായി പ്രവർത്തിച്ചു് വേണ്ടതു സാധിക്കുന്നതിനുള്ള സാമർത്ഥ്യക്കുറവും വന്നുകൂടുന്നതു്. അതൊക്കെ അകററി ഏതെങ്കിലും ക്രാഫ്ററുവഴി പഠിപ്പിക്കണം. അങ്ങിനെ ജീവിതവും പഠനവുമായി യോജിപ്പിക്കേണ്ടിയിരിക്കുന്നു. അതാണു് ഈ ബേസിക്കു് വിദ്യാഭ്യാസത്തിന്റെ സ്വഭാവം. ഇങ്ങനെയുള്ള ഒരു സിസ്റ്റംകൊണ്ടു മാത്രമേ നാം ഉദ്ദേശിക്കുന്ന രീതിയിൽ പൗരന്മാരെ രൂപീകരിച്ചെടുക്കാൻ നമുക്കു് സാധിക്കയുള്ളൂ. അതില്ലാത്തിടത്തോളംകാലം നമ്മുടെ നാട്ടിൽ തൊഴിൽപരമായ വൈമുഖ്യമുണ്ടാകുന്നതോടുകൂടി തൊഴിലിനുള്ള സൗകര്യങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്യുമെന്നുള്ളതു സ്പഷ്ടമാണു്. അതായതു നമ്മുടെ വിദ്യാർത്ഥികളെ നല്ല പൗരന്മാരാക്കി, ഉപയോഗയോഗ്യരായ പൗരന്മാരാക്കിത്തീർക്കുന്നതിനു് ഇന്നത്തെ വിദ്യാഭ്യാസം പററിയതല്ലെന്നു എല്ലാവരും സമ്മതിക്കും. പിന്നെ ബേസിക്കു് സിസ്റ്റമാണോ വേണ്ടതു്, അതോ വേറെ തരത്തിൽ ഈ ഉദ്ദേശം സാധിക്കുമോ എന്നു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. എന്നാൽ തത്വപരമായി നോക്കിയാൽ അങ്ങിനെ അഭിപ്രായവ്യത്യാസങ്ങൾ യഥാർത്ഥത്തിൽ ആവശ്യമില്ല എന്നു കാണാം.

ഈ ബേസിക്കു് എഡ്യൂക്കേഷൻസിസ്റ്റം നമ്മുടെ സ്കൂളുകളിൽ ഏർപ്പെടുത്തുന്നതിനെ ഈ സഭ അംഗീകരിക്കണമെന്നാണു് എനിക്കിവിടെ ചെയ്യാനുള്ള അപേക്ഷ. ഞാൻ ഈ പ്രമേയത്തിൽ In the Schools of the State എന്നു പറഞ്ഞിട്ടുണ്ടെങ്കിലും പ്രധാനമായിട്ടുദ്ദേശിക്കുന്നതു പ്രൈമറി ക്ലാസ്സുകളേയും മിഡിൽസ്കൂൾ ക്ലാസ്സുകളേയുമാണു്. ഇതേവരെ ആദ്യമായി രണ്ടും മൂന്നും എട്ടും ക്ലാസ്സുകളിൽ അതായതു പതിനാലു വയസ്സുവരെയുള്ള

പരിശീലനമാണ് ഈ ബേസിക്ക് എഡ്യുക്കേഷൻ സിസ്റ്റത്തിൽ പ്രധാനമായി പെടുത്തിയിട്ടുള്ളതു്. അതു കഴിഞ്ഞാൽ പോസ്റ്റ് ബേസിക്ക്സ്കീം ആകാം. സെക്കണ്ടറി വിദ്യാഭ്യാസകമ്മീഷന്റെ റിപ്പോർട്ടിലും ബേസിക്ക് വിദ്യാലയങ്ങൾ ആകാം എന്നും സാങ്കേതികമായ തൊഴിലുകൾതന്നെ പഠിപ്പിക്കുന്ന വിദ്യാലയങ്ങളുമാകാം എന്നു പറഞ്ഞിട്ടുണ്ട്. മററു പാഠങ്ങൾ പഠിപ്പിക്കുന്നതിന്റെകൂടെ ഈ സാങ്കേതികവിഷയങ്ങളും പഠിപ്പിക്കാമെന്നും പറഞ്ഞിട്ടുണ്ട്; അതായതു മൾട്ടി പർപ്പസ് സ്കൂളുകളുമാകാം, എന്നാൽ തൊഴിൽ കേന്ദ്രീകരിച്ചു പഠിപ്പിക്കുന്ന വിദ്യാലയങ്ങളുമാകാം. അതൊക്കെ ബേസിക്ക് സമ്പ്രദായത്തിൽ ഉള്ള എട്ടുവർഷം വിദ്യാഭ്യാസം കഴിഞ്ഞു നടത്തേണ്ടതാണ്. ഈ പ്രമേയത്തിൽ ഉദ്ദേശിക്കുന്നതു ആദ്യത്തെ എട്ടുവർഷത്തെ പഠനമാണ്. എന്നാൽ ഈ ബേസിക്ക് സമ്പ്രദായത്തിൽതന്നെ തുടർന്നുപോവുകയും ചെയ്യാം. ഏതായാലും അതിന്റെ അടിസ്ഥാനമായിട്ട നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം പുരോഗമിപ്പിക്കണമെങ്കിൽ അതിനു ബേസിക്ക് സിസ്റ്റമാണ് പ്രധാനമായിട്ടുള്ളതു്. ഈ സിസ്റ്റം ഇൻഡ്യാഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്; പ്ലാനിംഗ് കമ്മീഷനും അതംഗീകരിച്ചിട്ടുണ്ട്, മാത്രമല്ല, പല ഗവണ്മെന്റുകളും ഇതു * സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് നാമും ആ വഴി പോകുന്നതാണ് നല്ലതു്. അതു് ഈ സഭയുടെ ചർച്ചയ്ക്കു വിഷയമാക്കുന്നതിനായിട്ടുള്ളതാണ് ഈ പ്രമേയം.

ഇവിടെ പ്രൈമറിസ്കൂളുകൾ നാലായിരത്തിൽ ചില്വാനമുണ്ട്. പ്രൈമറിസ്കൂളുകളിൽ അഞ്ചു ക്ലാസ്സുകൾ ഉണ്ട്. മിഡിൽസ്കൂളുകളിൽ മൂന്നു ക്ലാസ്സുകളുമുണ്ട്. ഇവയിൽ എല്ലാംകൂടി ഇരുപത്തയ്യായിരം അദ്ധ്യാപകന്മാർ ഇന്നുണ്ട്. ഈ രീതിയിൽ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകന്മാർക്ക് അങ്ങിനെ പഠിപ്പിക്കുന്നതിനുള്ള കഴിവു വേണം. അതിനു ഈ സഭ അനുവദിക്കുന്നപക്ഷം ചെയ്യാൻ ഉദ്ദേശിക്കുന്നതു് ആദ്യമേ തന്നെ വേണ്ടിടത്തോളം ട്രെയ്നിംഗ് സ്കൂളുകൾ ഏർപ്പെടുത്തണമെന്നുള്ളതാണ്. ഇന്നു ചേർപ്പിൽമാത്രമേ ഇത്തരം ഒരു സ്കൂൾ ഉള്ളൂ. അവിടെ നാലുവർഷം കൊണ്ട് മുന്നൂറു വിദ്യാർത്ഥികൾക്കു മാത്രമേ പരിശീലനം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ സ്ഥിതിക്ക് 25,000 അദ്ധ്യാപകന്മാർക്ക് പരിശീലനം സിദ്ധിച്ചുവരണമെങ്കിൽ എത്ര വർഷം വേണ്ടിവരും. അതുകൊണ്ട് ആദ്യമായി ചെയ്യേണ്ടതു് ഏതാനും ട്രെയിനിംഗ് സ്കൂളുകൾ ഏർപ്പെടുത്തി ഓരോ ട്രെയിനിംഗ്സ്കൂളിനു ചുററുമായിട്ടു മുപ്പതോ നാല്പതോ ബേസിക്ക് സ്കൂളുകൾ തുടങ്ങുക. അതിന് ഇന്നിരിക്കുന്ന പ്രൈമറിസ്കൂളുകൾ തന്നെ ബേസിക്ക് സ്കൂളുകളായി മാററാം. നമ്മുടെ നാട്ടിൽതന്നെ ഇന്നു ധാരാളം പ്രൈമറിസ്കൂളുകൾ ഉണ്ടല്ലോ. ആദ്യമായിട്ടു ഒന്നാമത്തെ ക്ലാസ്സു മാത്രം ഈ സിസ്റ്റത്തിനു അധീനമാക്കണമോ അതല്ല ആദ്യമായി അഞ്ചു ക്ലാസ്സുകളിലും വേണമോ, അതോ ആദ്യം മൂന്നു ക്ലാസ്സുകൾ ഒരുമിച്ച് ഈ സിസ്റ്റത്തിൽ കൊണ്ടുവരണമോ എന്നു ആലോചിച്ചതിൽ പ്രായോഗികമായി ചെയ്യാവുന്നതു ആദ്യത്തെ മൂന്നു ക്ലാസ്സുകൾ ഈ സിസ്റ്റത്തിന്നധീനമാക്കാമെന്നാണ് ഉദ്ദേശം. ഒന്നും രണ്ടും മൂന്നും ക്ലാസ്സുകൾ ഉള്ള ഒരു സ്കൂളിൽ പത്തു ഡിവിഷൻ കാണും. അപ്പോൾ ആ സ്കൂളിൽ പത്തു അദ്ധ്യാപകന്മാർ ഉണ്ടെങ്കിലേ ഈ ബേസിക്ക് സിസ്റ്റം ഏർപ്പെടുത്താൻ സാധിക്കയുള്ളൂ. ഒരു സ്കൂളിൽ ആണ്ടിൽ അറുപതുപേരെ വീതം എന്ന കണക്കിൽ പരിശീലനം കൊടുക്കുന്നപക്ഷം അഞ്ചോ ആറോ സ്കൂളുകളെ

[ശ്രീ. എ. താണുപിള്ള]

മാത്രം ബേസിക് സ്കൂളുകളാകാൻ സാദ്ധ്യതയുള്ളു. ഇപ്പോൾ ചേർപ്പിലുള്ള സ്കൂളിലാണെങ്കിൽ ആറുമാസത്തെ പരിശീലനമാണുള്ളതു്. ഇപ്പോൾ ട്രെയിനിംഗ് കഴിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കാണെങ്കിൽ, ആറുമാസത്തെ ട്രെയിനിംഗ് വേണം. ട്രെയിനിംഗ് ഇല്ലാത്തവരാണെങ്കിൽ ഒരു വർഷത്തെ ട്രെയിനിംഗ് വേണം. അപ്പോൾ നാട്ടിൽ ഉള്ള ട്രെയിനിംഗ് സ്കൂളുകൾ ബേസിക് സിസ്റ്റം പഠിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് സ്കൂളുകളാക്കണം. നമ്മുടെ സൗകര്യത്തെ പരിഗണിച്ച് എത്ര സ്കൂളുകൾ ഇങ്ങനെ ബേസിക് ട്രെയിനിംഗ് സ്കൂളുകൾ ആക്കാമെന്നു ആലോചിക്കണം. ഓരോ ഡിവിഷനിലും ഓരോ സ്കൂൾ തുടങ്ങുന്നതു ഒന്നിച്ചായിരുന്നാലും അങ്ങിനെ തുടങ്ങുകയാണെങ്കിൽ മൂന്നോ നാലോ സ്കൂളുകൾ അതിനു ചുററുമുള്ള സ്ഥലങ്ങളിലും നമുക്ക് ഏർപ്പെടുത്താം. ഇന്നുള്ള ട്രെയിനിംഗ് സ്കൂളുകളിൽ എല്ലാം നാം ഇതു സ്വീകരിച്ചുകഴിഞ്ഞാൽ, അതായതു ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ, ഇന്നത്തെ സ്കൂളുകൾ എല്ലാംതന്നെ ബേസിക് സ്കൂളുകളായി മാററാം. എന്നാൽ ഈ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനു പ്രാപ്തിയുള്ള അദ്ധ്യാപകന്മാർ വേണം. അതിനു ഗ്രാഡ്വേററുകൾ വേണം. അവർക്കു മാത്രമേ ട്രെയിനിംഗ് സ്കൂളുകളിൽ നേരെ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനു സാധിക്കയുള്ളു. അപ്പോൾ ട്രെയിനിംഗ് കാളേജിൽ ഈ സിസ്റ്റം പഠിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ട്രെയിൻ ചെയ്യുന്നതിനു് കാളേജു് ഏർപ്പെടുത്തണം. അതോടുകൂടി വേണം ഇവിടത്തെ ഈ സിസ്റ്റംതന്നെ മാററാൻ.

ശ്രീ. ആർ. പ്രകാശം: ചേർപ്പിലുള്ള ബേസിക് ട്രെയിനിംഗ് സ്കൂളിൽ ട്രെയിനിംഗ് കൊടുക്കുന്ന ഉദ്യോഗസ്ഥന്റെ യോഗ്യത എന്താണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: വാർദ്ധായിലെ ട്രെയിനിംഗ് ഉള്ള ഗ്രാഡ്വേററാണു് ഓരോ ട്രെയിനിംഗ് സ്കൂളിലും ഇങ്ങനെ അദ്ധ്യാപകന്മാരെ ഉണ്ടാക്കണം. എന്റെ അന്വേഷണത്തിൽ മദിരാശിയിൽ ഇരുപതിനായിരം പ്രൈമറിസ്കൂളുകളോളമുണ്ടു്. ഏതാനുംകൊല്ലങ്ങളായി അവിടെ ബേസിക് എഡ്യൂക്കേഷൻ നടപ്പാക്കിയിട്ടുണ്ടു്. എന്നിട്ടും ആയിരം സ്കൂളുകളിൽ മാത്രമേ ബേസിക് എഡ്യൂക്കേഷൻ നടപ്പിൽ വരുത്താൻ സാധിച്ചിട്ടുള്ളു. എനിക്കെന്റെ സ്നേഹിതന്മാരോടു പറയാനുള്ളതു് ഈ സിസ്റ്റം തുടങ്ങി ഫലവത്തായി എന്നു കണ്ടാൽ വളരെ സമാധാനത്തിനു വകയുണ്ടു്. ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസസമ്പ്രദായം ആശാസ്യമല്ലെന്നുള്ള വസ്തുത സുവിദിതമാകുന്നു. ഇതു് ഇൻഡ്യാ ഒട്ടുക്കു സ്വീകരിച്ചുകഴിഞ്ഞിരിക്കയാണു്.

ശ്രീ. പി. കെ. യശോധരൻ: ഒഴുക്കൻമട്ടിൽ ഈ കാര്യങ്ങൾ പറയുന്നതല്ലാതെ ഇതിനു വ്യക്തമായി ഒരു സ്കീം ഉള്ളതായി പറയുന്നില്ല.

ശ്രീ. എ. താണുപിള്ള: ഞാൻ പറഞ്ഞതാണു് ഇതിന്റെ സ്കീം.

ശ്രീ. കെ. സി. ജോർജ്ജു്: ഒരു Full fledged സ്കൂളിനു് എന്തു ചിലവുവരും; അതിനെ അഡ്ജസ്ററു് ചെയ്യുന്നതെങ്ങിനെയാണു്.?

ശ്രീ. എ. താണുപിള്ള : ചെലവിനെപ്പറ്റിയാണെങ്കിൽ സർ, ആ ചെലവു ഈ സ്കൂളിന്റെ ചെലവിനെ ആശ്രയിച്ചിരിക്കും. കൂടുതൽ സ്ഥലസൗകര്യമില്ലാത്ത സ്കൂളുകളിൽ കൂടുതൽ ചെലവുവരും. കെട്ടിടങ്ങൾ സൗകര്യമുള്ളവയാണെങ്കിൽ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ട്രെയിനിംഗ് കഴിഞ്ഞാൽ ആ വകയിൽ വലുതായ ചെലവ് നിശ്ചയില്ല. പിന്നെ എക്വിപ്മെന്റിനു കുറെ ചെലവു വരും. പിന്നെ ക്രാഫ്റ്റ്സിനു കുറെ ചെലവു വരും. മുഖ്യമായ തോതിൽചെലവു വരാവുന്നതു സ്ഥലസൗകര്യം സംബന്ധിച്ചാണ്. പിന്നെ വേറെ ചെലവുണ്ട്. അതായതു് കൃഷിയാണ് നമ്മുടെ പ്രധാനമായ ക്രാഫ്റ്റായി എടുക്കുന്നതെങ്കിൽ അതിനു് സ്ഥലമാവശ്യമാണ്. ആ സ്ഥലം എങ്ങനെയെങ്കിലും ഓരോ സ്കൂളിനും കൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ കടമയായിരിക്കും. സ്ഥലത്തെ ആളുകൾതന്നെ സഹായിച്ചു സ്കൂൾ വകയ്ക്കായി സ്ഥലം തരുന്നതായാൽ ചെലവു കുറയും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ചേർപ്പിലുള്ള അടിസ്ഥാനവിദ്യാലയത്തിൽ കാർഷികമായ പരിശീലനമാണോ വ്യാവസായികമായ പരിശീലനമാണോ കൊടുക്കുന്നതു് ?

ശ്രീ. എ. താണുപിള്ള : കൃഷിസംബന്ധമായ പരിശീലനമാണ്. സ്പിന്നിംഗും ഉണ്ട്. സർ, ഒരു പ്രൈമറിസ്കൂളിനെ ബേസിക് സ്കൂൾ ആക്കുന്നതിനെപ്പറ്റി ശ്രീമാൻ ആര്യനായകം ഈയിടെ തിരുവനന്തപുരത്തു വന്നിരുന്നപ്പോൾ അദ്ദേഹവുമായി ഗവണ്മെന്റ ആലോചനകൾ നടത്തി. പ്രൊവിഷനലായിട്ട് ചില നിർദ്ദേശങ്ങൾ അദ്ദേഹം തന്നിട്ടുണ്ട്. ഒരു ചെറിയ കമ്മിററി ഏർപ്പെടുത്തി അദ്ദേഹവും മററ ചില അംഗങ്ങളുമായിട്ടു ആലോചിച്ചുതന്നിട്ടുള്ള നിർദ്ദേശമാണ്. ഒരു പ്രൈമറിസ്കൂൾ ബേസിക് സ്കൂൾ ആക്കുന്നതിനു് കെട്ടിടമില്ലാതെ വന്നാൽ വന്നേക്കാവുന്ന ചെലവു് കെട്ടിടത്തിനുള്ള ചെലവിനു പുറമേ എക്വിപ്പ്മെന്റിനു ആദ്യമായിട്ടു വേണ്ടതു് ഒരു ആയിരത്തിഅഞ്ഞൂറ രൂപയാണ്. പത്തു ഡിവിഷനുള്ള ഒരു സ്കൂളിലേക്ക് 1500 രൂപ വരെയാണ് ഉദ്ദേശിച്ചിട്ടുളളതു്. (പിന്നെ കണ്ടിജൻസി 120 രൂപായും) അതായതു നാൺറക്കറിംഗായിട്ടു 500 രൂപയും റക്കറിംഗായിട്ടു 1000 രൂപയും വേണ്ടിവരുമെന്നാണുദ്ദേശം. പിന്നെ കെട്ടിടം ഇല്ലാതെ വന്നാൽ കെട്ടിടമുണ്ടാക്കുന്നതിനുള്ള ചെലവും. സർ, ഇന്നത്തെ ഒരു ട്രെയിനിംഗ്സ്കൂൾ, ഒരു ബേസിക് ട്രെയിനിംഗ്സ്കൂൾ ആക്കണമെങ്കിൽ ഏകദേശം 10000 രൂപയോളം ചെലവുവരുമെന്നാണുദ്ദേശിക്കുന്നതു്. അതുപോലെതന്നെ ഒരു പോസ്റ്റ ഗ്രാഡുവേററ ട്രെയിനിംഗ് കാളേജുണ്ടാക്കുന്നതിനു് ഏകദേശം 65000 രൂപയോളം വേണ്ടിവരും. പിന്നീടുള്ളതു് ഈ സ്ഥാപനങ്ങളിലേക്ക് പരിശീലനത്തിനെടുക്കുന്ന ഗ്രാഡുവേററ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകളാണ്. സർ, അതിനെപ്പററി പറയുകയാണെങ്കിൽ, ഒരാൾക്ക് ഏകദേശം ആണ്ടിൽ 2000 രൂപവരെ ചെലവുവരുന്നതാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : നാട്ടിലെ പ്രധാനപ്പെട്ട വ്യവസായശാലകളിലെ തൊഴിലുമായിട്ട് സംഘടിപ്പിച്ചിട്ടാണോ ഈ വിദ്യാഭ്യാസസമ്പ്രദായം മുന്നോട്ടുപോകുന്നതു് ?

ശ്രീ. എ. താണുപിള്ള : വ്യവസായശാലകളിൽ നടത്തപ്പെടുന്ന തൊഴിലുകളിൽ സ്വീകാര്യമായിട്ടുള്ളതു് സ്വീകരിക്കുന്നതിനും വിരോധമില്ല. എന്നാൽ ബേസിക് സ്കൂളുകളിൽ വ്യവസായശാലകളിലെ തൊഴിലുകൾ പഠിപ്പിക്കുന്നതിനു് എത്രത്തോളം സാദ്ധ്യതയുണ്ടെന്നുകൂടി നാം നോക്കേണ്ടതാണു്.

ശ്രീ. എ. എ. ഡി. ലൂയിസ് : സർ, ഏതെങ്കിലും സ്റ്റേറ്റുകളിൽ അടിസ്ഥാനവിദ്യാഭ്യാസം പരാജയപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : എങ്ങും പരാജയപ്പെട്ടതായിട്ടു് അറിവില്ല. മദ്രാസിലും മറ്റും ഭംഗിയായി പ്രവർത്തിക്കുന്നുണ്ടു്. അതുപോലെതന്നെ യു. പി., ബീഹാർ എന്നിവിടങ്ങളിലും അടിസ്ഥാനവിദ്യാഭ്യാസം വിജയകരമായിത്തന്നെ നടന്നുവരുന്നു. ഇവിടത്തെ അടിസ്ഥാനവിദ്യാഭ്യാസം പരാജയപ്പെടാനിടയില്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു്. എന്തുകൊണ്ടെന്നാൽ എല്ലാവരും സ്വീകരിക്കുന്ന പ്രധാന തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് ഇതു നടത്താനുദ്ദേശിക്കുന്നതു്. അതായതു്, കൊച്ചുകുട്ടികൾ പഠിക്കുന്ന പള്ളിക്കൂടങ്ങളും, ക്ലാസ്സുമുറികളും വൃത്തിയായും, ശുചിയായും സൂക്ഷിക്കുന്നതിനു് അവരെ പഠിപ്പിക്കുക, അതിനുവേണ്ട പരിശീലനങ്ങൾ നൽകുക, അങ്ങനെ അവർ സ്വയം പര്യാപ്തരായിത്തീരുക, ഇതാണു പ്രധാന ഉദ്ദേശം. നമുക്കുതന്നെ ചിലപ്പോൾ സന്തോഷം തോന്നും, കൊച്ചുകുട്ടികൾ ഈവക കാര്യങ്ങളിൽ ഉത്സാഹഭരിതരായി പ്രവർത്തിക്കുന്നതു കാണുമ്പോൾ. എന്നാൽ ഇന്നത്തെ നില ഇതല്ല. ഇന്നു് സ്കൂളുകൾ തുറന്നുകൊണ്ടു നോക്കുകയാണെങ്കിൽ വളരെ വൃത്തികേടായ രീതിയിലാണു കാണപ്പെടുന്നതു്. ഇങ്ങനെ വൃത്തികേടായിത്തീരുന്നതിനു് കാരണക്കാരായ കുട്ടികളെത്തന്നെ ഈ ശുചീകരണം ഏൽപ്പിച്ചാൽ അവർ പ്രത്യേകം നിഷ്കർഷയായി അതിൽ ശ്രദ്ധിക്കുന്നതായിരിക്കും.

ബേസിക് എഡ്യൂക്കേഷൻ കഴിഞ്ഞാൽ ഹയർ എഡ്യൂക്കേഷനുള്ള സാദ്ധ്യതയെങ്ങനെയെന്നു ഇവിടെ ചോദിക്കുകയുണ്ടായി. സർ, ഏതു തന്നെയായാലും സെക്കൻഡറി സ്കൂളുകളെ സംബന്ധിച്ചിടത്തോളം, ഇന്നത്തെ രീതിമാറ്റി, വൊക്കേഷനൽ എഡ്യൂക്കേഷൻകൂടി നടപ്പാക്കാൻ പോകുകയാണു്. സെക്കൻഡറിസ്കൂളുകളിൽനിന്നും പാസ്സായി, കാളേജുകളിൽ ഇന്നത്തെപ്പോലെ പഠിക്കാൻപോകുന്ന ഒരു സാഹചര്യം എല്ലാവർക്കും ഉണ്ടായെന്നുവരികയില്ല. അതുകൊണ്ടു് സെക്കൻഡറി വിദ്യാഭ്യാസം കഴിഞ്ഞാൽ, ജീവിതമാർഗ്ഗത്തിനുള്ള ഏതെങ്കിലും തൊഴിലുകൾ പരിശീലിപ്പിക്കുന്നതിനുവേണ്ടി ഉപകരിക്കുന്നതാണു് ഈ ബേസിക് വിദ്യാഭ്യാസം. അങ്ങനെ വരുമ്പോൾ മിക്ക വിദ്യാർത്ഥികളും കാളേജുകളിൽ പഠിക്കുന്നതിനുവേണ്ടി മുതിരുകയില്ല. ഇന്നു് വിദ്യാഭ്യാസത്തിനുവേണ്ടി രക്ഷകർത്താക്കളും അതുപോലെ ഗവണ്മെന്റും ചെലവാക്കിക്കൊണ്ടിരിക്കുന്ന പണത്തിന്റെ പ്രതിഫലം അനുസരിച്ചു് നാട്ടിനു ലഭിക്കുന്നില്ല. ബേസിക് വിദ്യാഭ്യാസംകൊണ്ടു് കുട്ടികളെ ബുദ്ധിമാന്മാരായും, ചിന്താശീലമുള്ള പൗരന്മാരായും മാറ്റുന്നതിനും, തന്നിമിത്തം വിദ്യാഭ്യാസംചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം സിദ്ധിക്കുന്നതിനും ഇടയാകുന്നതാണു്. വിദ്യാർത്ഥികളെ അവരുടെ ജീവിതവുമായുള്ള ബന്ധം ദൃഢപ്പെടുത്തി പരിശീലിപ്പിച്ചുവരുന്ന ഒരു സമ്പ്രദായമാണു് ബേസിക് വിദ്യാ

ഭ്യാസം. ബേസിക് വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്കു് മറ്റു കോളേജുകളിൽ പ്രവേശിക്കാനുള്ള സാദ്ധ്യത ഉണ്ടായിരിക്കയില്ല എന്ന ചെയ്യുന്നതു്. എന്നാൽ ഉപരിപഠനത്തിനു് സാദ്ധ്യതയുള്ളവർക്കു് അതു് ചെയ്യാവുന്നതുമാണു്. സർ, ഈ അവസരത്തിൽ ഇതിലധികം എന്തെങ്കിലും പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു് ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഈ പ്രമേയത്തെ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

Shri T. S. Ramaswami: On a point of information, Sir. Basic education is supposed to start from the 7th year and last till the 14th year In the 14th year. pupils will be given education up to the standard of School Final along with the knowledge of the craft. So, the education lasts only for 7 years. But under the present system, from the 1st class to the School Final it lasts for nearly 11 years. So, how does it fit in with the present system of education in regard to the period of education?

ശ്രീ. എ. താണുപിള്ള: 5-ം, 3-ം, എട്ടുവർഷം കഴിഞ്ഞിട്ടു്, സെക്കൻഡറിസ്കൂളുകളിൽ പോസ്റ്റ ബേസിക് വിദ്യാഭ്യാസം ആകാമെന്നുള്ള സ്ഥിതിക്കു് അങ്ങനെ തുടർന്നു പഠിക്കാവുന്നതാണു്. മാത്രമല്ല, കാളേജു വിദ്യാഭ്യാസത്തിനു ആഗ്രഹിക്കുന്നവർക്കു് അതിനും സൗകര്യമുണ്ടു്. ടെക്ക്നാളജിക്കലായിട്ടുള്ള വിദ്യാഭ്യാസത്തിനും സൗകര്യം ലഭിക്കുന്നതാണു്.

Shri T. S. Ramaswami: In the present set up it is 11 years. But the basic education visualises only 7 years.

ശ്രീ. എ. താണുപിള്ള: അതാണു സർ, ഞാൻ പറഞ്ഞതു് ഏഴോ, എട്ടോ വർഷം ബേസിക് എഡ്യുക്കേഷൻ കഴിഞ്ഞാൽ മൂന്നു വർഷം ഹൈസ്കൂൾ കോഴ്സിനും ആകാമെന്നു്. അതു് കഴിഞ്ഞാൽ കാളേജു വിദ്യാഭ്യാസത്തിനും പോകാം.

ശ്രീ. ടി. എസ്സ്. രാമസ്വാമി: അങ്ങനെ എട്ടും, മൂന്നും പതിനൊന്നു കൊല്ലം അല്ലേ?

ശ്രീ. എ. താണുപിള്ള: അതെ.

ശ്രീ. എം. വി. ചെറിയാൻ: സർ, വാർദ്ധായിൽ, ബേസിക് വൊക്കേഷനൽ സ്കൂളുകളിൽ കുട്ടികൾ നിർമ്മിച്ചുവരുന്ന പല സാധനങ്ങളും വിൽക്കുന്നതുകൊണ്ടു് അതിൽനിന്നും ഒരു നല്ല വരുമാനമുണ്ടാകുന്നില്ലേ?

ശ്രീ. എ. താണുപിള്ള: അങ്ങനെ നല്ല വരുമാനം, അതായതു് വാർദ്ധായിൽ ഈ ബേസിക് സ്കൂളുകൾക്കുവേണ്ടി ചെലവാക്കുന്ന തുകയുടെ 60 ശതമാനം കുട്ടികളുടെ പ്രയത്നഫലമായി ഉണ്ടാകുന്ന വരവാണു്. വാർദ്ധായിൽ നടക്കുന്ന ഈ സംപ്രദായംതന്നെ നമുക്കു് ഇവിടെയും അനുകരിക്കാം. പക്ഷെ, നാം ഈ സ്കൂളുകളിൽ സ്വീകരിക്കേണ്ട ക്രാഫ്റ്റുകൾ എന്തൊക്കെയാണെന്നു നോക്കേണ്ടതാണു്. സ്വീകാര്യ

[ശ്രീ. എ. താണുപിള്ള]

മായ ക്രാഫ്റ്റുകൾ തെരഞ്ഞെടുത്തു് കുട്ടികളെക്കൊണ്ടു് അവ പരിശീലിപ്പിക്കുന്നതായാൽ മുൻപറഞ്ഞ വിധത്തിലുള്ള ആദായം നമുക്കു ലഭിക്കുന്നതാണു്. നമുക്കു് കിട്ടുന്ന അത്തരത്തിലുള്ള ആദായം കുട്ടികൾക്കു വേണ്ടി വേണമെങ്കിൽ വിനിയോഗിക്കുകയും ചെയ്യാം.

<u>ശ്രീ. എം. വി. ചെറിയാൻ :</u> ബേസിക് സ്കൂളുകളിലെ സ്ഥലച്ചുരുക്കത്തിനെപ്പററി ഇവിടെ പറയുകയുണ്ടായി. ക്രാഫ്റ്റു് സെന്റേർഡ് എഡ്യൂക്കേഷൻ സ്വീകരിക്കുന്നതായാൽ കുട്ടികളുടെ എണ്ണം നിയന്ത്രിക്കേണ്ടിവരികയില്ലേ ?

<u>ശ്രീ. എ. താണുപിള്ള :</u> നിശ്ചയമായിട്ടും നിയന്ത്രിക്കേണ്ടിവരും. അതായതു്, ഓരോ ക്ലാസ്സിലും 40 കുട്ടികളിൽ കൂടാൻപാടില്ലെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഇന്നാണെങ്കിൽ ഓരോ ക്ലാസ്സിലും കൂടുതൽ കുട്ടികൾ ഉണ്ടു്. അതു് ഏതായാലും മാററാതെ തരമില്ല. അതിനു വേണ്ടി കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടതായി വരും. അങ്ങനെ വരുമ്പോൾ ചിലതു് അല്പം കൂടിയെന്നു വന്നേക്കാം. പക്ഷെ, നമ്മുടെ ഇപ്പോഴത്തെ പ്രശ്നം അതല്ല. ഈ സംപ്രദായം ഈ നിയമസഭ അംഗീകരിക്കുന്നുണ്ടോ അതോ ഇല്ലയോ എന്നുള്ളതാണു് നോക്കേണ്ടതു്.

<u>ശ്രീ. എ. എ. ഡി. ലൂയിസ് :</u> കേന്ദ്രഗവണ്മെന്റിൽ നിന്നും നമ്മുടെ ബേസിക് എഡ്യൂക്കേഷനുവേണ്ടി വല്ല ധനസഹായവും ഉണ്ടാകുമോ ?

<u>ശ്രീ. എ. താണുപിള്ള :</u> ഉണ്ടാകുമെന്നാണു പ്രതീക്ഷിക്കുന്നതു്.

<u>ശ്രീ. ടി. പി. സീതാരാമൻ :</u> മദ്രാസിൽ ഇരുപതിനായിരം സ്കൂളുകൾ ഉള്ളതിൽ ആയിരം സ്കൂളുകൾ മാത്രമെ ബേസിക് എഡ്യൂക്കേഷൻ സ്വീകരിച്ചിട്ടുള്ളു എന്നു പറയുന്നു. ബാക്കിയുള്ള സ്കൂളുകളിൽ കൂടി ഈ സംപ്രദായം ഏർപ്പെടുത്താതിരിക്കുന്നതിന്റെ കാരണം എന്താണെന്നന്വേഷിച്ചിട്ടുണ്ടോ ?

<u>ശ്രീ. എ. താണുപിള്ള :</u> ഇരുപതിനായിരം പ്രൈമറിസ്കൂളുകളിൽ ഒന്നിച്ചു ബേസിക് വിദ്യാഭ്യാസസംപ്രദായം നടപ്പിലാക്കാൻ പെട്ടെന്നു സാധിക്കുകയില്ല. കാരണം, പരിശീലനം നൽകിയ അദ്ധ്യാപകന്മാർ അത്രത്തോളം ചുരുക്കമായിരിക്കും. ഇവിടെത്തന്നെ അയ്യായിരം പ്രൈമറിസ്കൂളുകളിൽ ഏകദേശം ഇരുപത്തയ്യായിരത്തിൽപരം അദ്ധ്യാപകന്മാർ ഉണ്ടു്. ഇവർക്കെല്ലാവർക്കുംകൂടി പരിശീലനം നൽകണമെങ്കിൽ എത്രവർഷം വേണ്ടിവരുമെന്നു നോക്കേണ്ടതാണു്. വർഷംതോറും നാലായിരം അദ്ധ്യാപകന്മാർക്കു് പരിശീലനം കൊടുക്കുന്നതായാൽത്തന്നെയും ഏകദേശം 6 വർഷത്തോളം വേണ്ടിവരും. ഈ സ്ഥിതിക്കു് പെട്ടെന്നു പ്രൈമറിസ്കൂളുകൾ മുഴുവനും ബേസിക് വിദ്യാലയങ്ങളായി മാറുന്നതു് അത്ര എളുപ്പമല്ല.

<u>ശ്രീ. ടി. പി. സീതാരാമൻ :</u> മദ്രാസിലെ രാജാജി നടപ്പാക്കിയ സ്കീമും ഇവിടത്തെ വിദ്യാഭ്യാസസ്കീമും തമ്മിൽ വ്യത്യാസമുണ്ടോ ?

<u>ശ്രീ. എ. താണുപിള്ള</u> : വ്യത്യാസപ്പെടാൻ ചില ന്യായങ്ങളെല്ലാം ഉണ്ട്. കാരണം അവിടെ അംഗീകരിച്ചിട്ടുള്ള ക്രാഫ്റ്റുകളല്ലായിരിക്കും ഇവിടെ അംഗീകരിക്കേണ്ടിവരുന്നത്. അങ്ങനെ വരുമ്പോൾ ചില വ്യത്യാസങ്ങൾ വന്നേയ്ക്കും.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : ഈ സംസ്ഥാനത്ത് പ്രൈമറിസ്കൂളുകളും സെക്കൻഡറി സ്കൂളുകളും കൂടുതലായി നടത്തുന്നത് പ്രൈവറ്റ് ഏജൻസികളാണ്. ബേസിക് വിദ്യാഭ്യാസ സംപ്രദായത്തെപ്പറ്റി അവരുമായിട്ട് ആലോചിച്ചതിനുശേഷമാണോ ഇത് ഈ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്?

<u>ശ്രീ. എ. താണുപിള്ള</u> : അങ്ങനെയുള്ള വലിയ ആലോചനകളൊന്നും അവരുമായിട്ട് നടത്തിയിട്ടില്ല. ഈ സംപ്രദായം ഈ സഭ അംഗീകരിച്ചാൽ അതായത്, സംസ്ഥാനത്തെ ജനങ്ങളുടെ പ്രതിനിധികളടങ്ങിയ ഈ സഭയ്ക്ക് ഇതു സ്വീകാര്യമാണെങ്കിൽ പ്രൈവറ്റ് ഏജൻസികളും ഈ സംപ്രദായം അംഗീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സഭ അനുവദിച്ചുകഴിഞ്ഞാൽ പ്രൈവറ്റ് ഏജൻസികൾക്ക് അഭിപ്രായവ്യത്യാസം വരാൻ ന്യായമില്ലെന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നത്. ഇവിടെ പ്രൈമറിസ്കൂളുകളിൽ ഭൂരിഭാഗവും ഗവണ്മെന്റ് സ്കൂളുകളാണ്. ആ സ്ഥിതിക്ക് പ്രൈവറ്റ് ഏജൻസികൾ ഇതിന് തടസ്സമായി നിൽക്കേണ്ട കാര്യമില്ല. എന്നിരുന്നാലും പ്രൈവറ്റ് ഏജൻസികളുടെ സഹകരണംകൂടി നമുക്ക് ആവശ്യമാണ്. അങ്ങനെയുള്ള സഹകരണം സ്വാഭാവികമായിത്തന്നെ നമുക്ക് ഉണ്ടാകുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മെംബർ ശ്രീ. ടി. കെ. ദിവാകരനെ സംശയിപ്പിക്കേണ്ട യാതൊന്നും ഇല്ലെന്നാണ് എനിക്കു പറയാനുള്ളത്?

<u>ശ്രീ. ആർ. പ്രകാശം</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇപ്പോൾതന്നെ മുക്കാൽമണിക്കൂറോളം ഇതിന് എടുത്തുകഴിഞ്ഞു. ആകെ രണ്ടുമണിക്കൂർ സമയമാണ് ഈ വിഷയത്തിന് അനുവദിച്ചിട്ടുള്ളത്. ആ സ്ഥിതിയ്ക്കു ചോദ്യോത്തരങ്ങൾക്കു സമയം ചിലവാക്കിയാൽ ഈ പ്രമേയത്തെ സംബന്ധിച്ചുള്ള ചർച്ചയ്ക്കു സമയം പോരാതെ വരുന്നതാണ്.

<u>മി. സ്പീക്കർ</u> : ഇപ്പോൾതന്നെ മുക്കാൽമണിക്കൂറോളം ഇതിനു എടുത്തുകഴിഞ്ഞു. അതുകൊണ്ട് ചോദ്യങ്ങൾ ചോദിച്ച് സമയംകളയുന്നതു ശരിയാണെന്ന് തോന്നുന്നില്ല. ജോസഫ് മുണ്ടശ്ശേരിയെ പ്രസംഗിക്കുന്നതിന് ക്ഷണിക്കുന്നു.

<u>ശ്രീ. ജോസഫ് മുണ്ടശ്ശേരി</u> : സർ, മുഖ്യമന്ത്രി മിക്കവാറും ഒരു വിദഗ്ദ്ധന്റെ ആത്മവിശ്വാസത്തോടുകൂടി ഈ അടിസ്ഥാനവിദ്യാഭ്യാസം സംബന്ധിച്ച് ഇവിടെ ചെയ്ത പ്രസ്താവന നിങ്ങൾ എല്ലാവരും കേട്ടിരിക്കും. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെക്കുറിച്ച് ഞാൻ ചോദ്യംചെയ്യുന്നില്ല. പക്ഷെ രാജ്യത്ത് ഇന്ന് വരുത്തേണ്ട അതിപ്രധാനമായ വിദ്യാഭ്യാസപ്രവർത്തനത്തെക്കുറിച്ച് രണ്ടു മണിക്കൂറിനകത്ത് വാദപ്രതിവാദം നടത്താൻ നിശ്ചയിക്കുകയും അതിൽ മുക്കാൽമണിക്കൂർ എത്തുംപിടിയുമില്ലാതെ സംസാരിച്ചുകഴിയുകയും ബാക്കിയുള്ള ഒന്നേകാൽ മണിക്കൂറിനുള്ളിൽ വിദഗ്ദ്ധാഭിപ്രായങ്ങൾ പറയുകയും ചെയ്യണമെന്നുള്ള നിലയിൽ പോ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കുന്നതു് അത്ര ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. ഏതായാലും ഈ വിഷയത്തെക്കുറിച്ചു് വളരെ ഏറെക്കാര്യങ്ങൾ ചിന്തിക്കുവാനുണ്ടെന്നാണു് എനിക്കു ഈ സന്ദർഭത്തിൽ പറയുവാനുള്ളതു്. ഈ അടിസ്ഥാനവിദ്യാഭ്യാസകാര്യത്തിൽ എനിക്കു വിശ്വാസമില്ല. പ്രത്യേകിച്ചും ഇതു പ്രയോഗിച്ചു് വിജയകരമാണെന്നു ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഒരു പ്രസ്ഥാനത്തിന്റെ പേരിൽ ഏതെങ്കിലും ഒരു കക്ഷിയുടെ നില അവലംബിച്ചു് ഒരു തീരുമാനം ചെയ്യുന്നതു് ഈ രാജ്യത്തോടു ചെയ്യുന്ന ഒരു ന്യൂനതയാകുകയില്ലേ എന്നു ഞാൻ സംശയിക്കുന്നു. ചേർപ്പിലെ വിദ്യാഭ്യാസകേന്ദ്രത്തെപ്പറ്റി കേട്ടറിവുതന്നെയല്ല, കണ്ടറിവു തന്നെ എനിക്കുണ്ടു്. ആ സ്ഥലത്തു് അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പ്രധാന തത്വങ്ങളൊന്നും അനുസരിക്കുന്നില്ലെന്നു എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. സാധാരണയുള്ള ട്രെയിനിംഗ് സെന്റേഴ്സിൽ പഠിപ്പിക്കുവാനുള്ള വിഷയങ്ങൾതന്നെയാണു് അവിടെയും പഠിപ്പിക്കുന്നതു്. ചില പ്രത്യേകതകൾ അവിടെ നിശ്ചയിച്ചിട്ടുള്ളതു് അവിടെ ട്രെയിനിംഗിനു വരുന്ന അദ്ധ്യാപകന്മാർ സ്വന്തമായി ഭക്ഷണം പാകംചെയ്തു ഉപയോഗിക്കണമെന്നുള്ളതാണു്, പിന്നെ അവരുടെ അലക്കുകാര്യങ്ങൾ അവർതന്നെ നിർവഹിക്കണം. പിന്നെ ഒന്നുള്ളതു് തൊട്ടടുത്തുള്ള സ്ഥലത്തു് കൃഷിചെയ്തു സസ്യഫലാദികൾ ഉല്പാദിപ്പിച്ചു് തങ്ങളുടെ ഉപയോഗത്തിനു് എടുക്കണമെന്നുള്ളതാണു്. ഇതൊക്കെ കടലാസിൽ ഉണ്ടെന്നല്ലാതെ പ്രവൃത്തിയിൽ ഒന്നും ഇല്ല. ട്രെയിനിംഗിനു വരുന്ന അദ്ധ്യാപകന്മാർക്കും പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കും മററുമുള്ള ഭക്ഷണപദാർത്ഥങ്ങൾ പാകംചെയ്യുന്നതു് പണ്ടേ അവിടെയുള്ള വാല്യക്കാരാണു്. പക്ഷെ അവർതന്നെ പാകംചെയ്യുന്നതായിട്ടാണു് ഗവണ്മെന്റിലേക്കു റിപ്പോർട്ടയക്കുന്നതു്. രണ്ടാമതു് കൃഷിത്തോട്ടമാണു്. ഈ കൃഷിത്തോട്ടത്തിലെ നല്ലൊരുഭാഗം പയററുപാട്ടത്തിനു കൊടുത്തു് പ്രതിഫലംവാങ്ങുന്നതായിട്ടാണു് അറിയുന്നതു്. അതൊന്നും കടലാസിൽ കാണുകയില്ല. അവിടെ ട്രെയിനിംഗിനു വന്നുപോകുന്ന അദ്ധ്യാപകന്മാരോടു് ഓരോ ടേമിനും 5 രൂപാവീതം വാങ്ങിയിട്ടു് ആ സംഖ്യ അവിടെ ഉൽപ്പാദിപ്പിച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ വിററുകിട്ടിയ സംഖ്യയെന്നുംപറഞ്ഞു് ഗവണ്മെന്റിലേക്കു റിപ്പോർട്ടുചെയ്യുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇതെല്ലാം പ്രൊഫസർ അറിഞ്ഞിട്ടു് എത്ര കാലമായി?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഏതാണ്ടു് 5 കൊല്ലമായിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: അതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ ഇതുവരെ കൊണ്ടുവരാതിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പത്രങ്ങളിൽ ഞാൻ ഇതൊക്കെ പറഞ്ഞിട്ടുണ്ടു്. പത്രങ്ങളിൽ പറഞ്ഞതുകൊണ്ടു് മതിയാകയില്ലായിരിക്കാം. ഈ കാര്യത്തിൽ നേരിട്ടു് ഒരന്വേഷണം നടത്തുവാൻ ഞാൻ മുഖ്യമന്ത്രിയെ ക്ഷണിക്കുകയാണു്. ഞാൻ ഇതു് മനസ്സിലാക്കിയിട്ടുള്ളതു് അവിടെ ട്രെയിനിംഗ് കഴിച്ചു് പുറത്തുപോയിട്ടുള്ള അദ്ധ്യാപകന്മാരിൽനിന്നാണു്.

പിന്നെ അവിടെയുള്ളതു് അലക്കു്, തുന്നൽ മുതലായവയാണു്. ഈ ജോലികൾക്കെല്ലാം അവിടെ പ്രത്യേകം പ്രത്യേകം ആളുകൾ വരാറുണ്ടു്. തുന്നുവാൻ അവിടെ ആളുകൾ ഉണ്ടു്. അലക്കുവാനുള്ള ആളുകളും ഉണ്ടു്. അവിടെയുള്ള ആളുകളൊന്നും ഈവക പ്രവൃത്തികൾ ചെയ്യുന്നില്ല. ഇതൊന്നും ഒരു ആരോപണമായിട്ടു ഞാൻ പറയുകയല്ല. പത്തും പന്ത്രണ്ടും കൊല്ലം അദ്ധ്യാപകന്മാരായിരുന്നു കുട്ടികളെ പഠിപ്പിച്ചു പരിചയമുള്ള ആളുകളാണു് അവിടെ വരുന്നതു്. അവർ പഠിച്ചു് അവിടെനിന്നു തിരിച്ചുപോകുമ്പോൾ പറയുന്നതായ കാര്യങ്ങൾ ഞാൻ പറയുന്നുവെന്നേയുള്ളു. ഇതിനപരിയായ നിലയിൽ ആ സ്ഥാപനം നടത്തുവാൻ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കിയാൽ കൊള്ളാം. മുഖ്യമന്ത്രി പ്രസ്താവിച്ചതിൽനിന്നു രാജ്യത്തുടനേതന്നെ ബേസിക്ക് എഡ്യൂക്കേഷൻ നടപ്പാക്കുവാൻ പോകുന്നു എന്നറിയുന്നു. ഏതാണ്ടു് പരീക്ഷിച്ചുനോക്കുവാനുള്ള മട്ടിലെ അതു് എത്തിയിട്ടുള്ളു. നാലഞ്ചുകൊല്ലമായി നാലഞ്ചായിരം കുട്ടികൾക്കു് ഈ വിദ്യാഭ്യാസം കൊടുക്കുന്നുണ്ടു്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ അററകുററങ്ങളുണ്ടെന്നു ഗവണ്മെന്റു സമ്മതിക്കുന്നുണ്ടു്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള അററകുററത്തിനുള്ള പ്രധാനകാരണം അതു് അധികവും കുട്ടികളെ ക്ലാസ്സിൽ ഇരുത്തി പഠിപ്പിക്കുന്നതുകൊണ്ടും ബുക്ക്സ് വിദ്യാഭ്യാസത്തിൽ പ്രധാനഭാഗമായിരിക്കുന്നതുകൊണ്ടുമാണു്. ക്രിയാത്മകമായി പ്രവൃത്തിയിൽനിന്നു പഠിപ്പിക്കുക എന്ന സ്വഭാവം ഇന്നു വളരെ കുറഞ്ഞുപോയിട്ടുണ്ടു്. പുസ്തകം വിദ്യാഭ്യാസത്തിന്റെ സ്വഭാവമായി വന്നതോടുകൂടി പരീക്ഷയാണു് വിദ്യാഭ്യാസത്തിനുള്ള മാനദണ്ഡം എന്നുവന്നു. തന്നിമിത്തം പുസ്തകത്തിലുള്ളതു പഠിക്കുക, പരീക്ഷ പാസാകുക, സർട്ടിഫിക്കററു വാങ്ങുക, ഈ നിലയിൽ ആണു് ഇന്നു വിദ്യാഭ്യാസം എത്തിച്ചേർന്നിരിക്കുന്നതു്. അതുകൊണ്ടു് പരീക്ഷയ്ക്കു അത്രയും പ്രാധാന്യംകൊടുക്കാതെ അദ്ധ്യാപകന്മാർക്കു് കുട്ടികളെ പഠിപ്പിക്കുവാൻ കഴിഞ്ഞാൽ കൊള്ളാമെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഇങ്ങനെ ഒരു പുനഃസംവിധാനം വിദ്യാഭ്യാസസംബന്ധമായി ചെയ്യുക, അതു ശരിയാണു് അല്ലാതെ ഇന്നത്തെ വിദ്യാഭ്യാസത്തിനു പകരം ബേസിക്ക്സിസ്റ്റം ഇങ്ങനെ തന്നെ ഏർപ്പെടുത്തുക എന്നു പറയുന്നതു് ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ക്രിയാത്മകമായിട്ടു് പഠിപ്പിക്കുക എന്ന തത്വത്തിനു് ഈ അസംബ്ലിയുടെ സാംഗ്ഷൻ ആവശ്യമില്ല. പണ്ഡിററു നെഹ്റുവിന്റെ സാംഗ്ഷനും ആവശ്യമില്ല. ക്രിയാത്മകമായി അദ്ധ്യാപകന്മാർ ചെയ്യണമെന്നുള്ളതിനു് ആരും തടസ്സമില്ല. ക്രിയാത്മകമായിട്ടു് ആദ്യകാലങ്ങളിൽ കുട്ടികളെ പറഞ്ഞു മനസ്സിലാക്കികൊടുക്കേണ്ടതാണു് എന്നുള്ളതു് എല്ലാ നാട്ടിലും അംഗീകരിച്ചിട്ടുള്ളതാണു്.

ശ്രീ. എൻ. വി. ചെറിയാൻ: വിദ്യാഭ്യാസവിദഗ്ദ്ധന്മാർ അടിസ്ഥാനവിദ്യാഭ്യാസമല്ലാതെ ക്രാഫ്റ്റ്സെന്റേർഡ് എഡ്യൂക്കേഷൻ വിഭാവന ചെയ്തിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: വിഭാവനചെയ്തിട്ടില്ല. അതിനു കാരണമുണ്ടു്. പ്രത്യേകം കൈത്തൊഴിലിനെ മുൻനിറുത്തി ജ്ഞാനവിജ്ഞാനം വിദ്യാഭ്യാസത്തിൽ സംക്രമിപ്പിക്കുന്നതു് അത്ര ബുദ്ധിപൂർവ്വകമല്ലെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഈ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കാര്യത്തിൽ ആര്യനായകത്തിന്റെ വാക്കിൽ പറഞ്ഞാൽ "We take into account the present and not the future" എന്നാണ്. ഈ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയാണ് നാം അടിസ്ഥാന വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതെങ്കിൽ നാം നമ്മുടെ ഭാവിയെ മനഃപൂർവ്വം മറക്കുകയായിരിക്കും ചെയ്യുക. രാജ്യവ്യാപകമായിട്ടുള്ള ഒരു സാമ്പത്തിക വ്യവസ്ഥയിൽ അപ്രതിഹതമായ നാട്ടിലെ കൈത്തൊഴിലിനെ മുൻനിറുത്തിക്കൊണ്ടു ജ്ഞാനവിജ്ഞാനം പകർന്നു കൊടുക്കുന്ന ഒരു ഏർപ്പാടാണ് ഇന്നത്തെ അടിസ്ഥാനവിദ്യാഭ്യാസം. തിരുവിതാംകൂർ-കൊച്ചിയുടെ ഭാവിക്ക് അത്യാവശ്യമായിട്ടുള്ളത് ഇന്നുള്ളതിനെക്കാൾ കൂടുതലായി രാജ്യത്തെ വ്യാവസായികമായി പുരോഗമിപ്പിക്കുകയാണ് എന്നുള്ളത് അദ്ദേഹം സമ്മതിക്കുന്നുണ്ട്. അദ്ദേഹം ശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളിലുള്ള ഒരു വ്യവസായയുഗത്തിലേയ്ക്കു പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ സംസ്ഥാനത്ത് വർത്തമാനയുഗത്തെ പുരോഗമിപ്പിച്ചുകൊണ്ടുള്ള അടിസ്ഥാനവിദ്യാഭ്യാസം കൈക്കൊള്ളുന്നത് നമ്മുടെ ഭാവിക്ക് യോജിച്ചതായിരിക്കയില്ല. അതുകൊണ്ട് ഭാവിയെക്കൂടി അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസത്തിൽ കുറെക്കൂടി ക്രിയാത്മകത്വം കൊടുത്തുകൊണ്ട് കുട്ടികളെ പഠിപ്പിക്കുകയായിരിക്കും നല്ലത്. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ വെളിച്ചത്തിൽ ഇന്ന് ഈ സംസ്ഥാനത്തേക്ക് ആവശ്യമായവിധത്തിൽ ഇവിടത്തെ വിദ്യാഭ്യാസത്തിൽ ഒരു മാററം ചെയ്യുവാൻ കഴിയുമെങ്കിൽ അത് പ്രയോജനകരമായിരിക്കും. അതുകൊണ്ടാണ് അതിനു പകരമായി കൊണ്ടുവന്നിട്ടുള്ള ഈ അടിസ്ഥാനവിദ്യാഭ്യാസം എന്നുള്ള ഈ പ്രമേയത്തെ ഞങ്ങൾ എതിർക്കേണ്ടിവരുന്നത്. ഈ തത്വത്തെ ആർക്കും പ്രതിഷേധിക്കുവാൻ സാധ്യമല്ല. ഇന്ന് നിലവിലുള്ള വിദ്യാഭ്യാസം കുറേക്കൂടി പ്രായോഗികമാക്കി, കുറേക്കൂടി പ്രയോജനകരമാക്കി ഭാവിയെക്കൂടി ചിന്തിച്ച് നമുക്ക് മുന്നോട്ടുപോകണം. മുൻകാലങ്ങളെ മാത്രം ലക്ഷ്യമാക്കി ചെറിയ കുടിൽവ്യവസായങ്ങളെക്കൊണ്ട് ഈ രാജ്യത്തെ ജനങ്ങൾ ജീവിച്ചുകൊള്ളണം, അല്ലെങ്കിൽ അവരവർ കൃഷിഭൂമിയിൽ നട്ടുണ്ടാക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ച്, കഴിഞ്ഞുകൊള്ളണം എന്നുള്ള അവസ്ഥയിൽനിന്നുകൊണ്ടാണ് നാം അടിസ്ഥാനവിദ്യാഭ്യാസം ഏർപ്പെടുത്തുവാൻ വിചാരിക്കുന്നതെങ്കിൽ അത് ശരിയായിരിക്കുകയില്ല. നമ്മുടെ സാമ്പത്തികവ്യവസ്ഥയിൽ, നമ്മുടെ വ്യവസായത്തിനു ഒരു പ്രത്യേക മാററം വേണ്ടിവരുന്നുണ്ട്. അതിനോടനുബന്ധിച്ചല്ലാത്ത നിലയിൽ വിദ്യാഭ്യാസം ക്രമപ്പെടുത്തുന്നത് ശരിയായിരിക്കയില്ല.

ശ്രീ. എ. താണുപിള്ള: ഈ രീതിയിലുള്ള അടിസ്ഥാനവിദ്യാഭ്യാസം നാം സ്വീകരിക്കുന്നുവെങ്കിൽ പ്രൊഫസർ മുണ്ടശ്ശേരി വിഭാവനചെയ്യുന്ന വിദ്യാഭ്യാസരീതിക്ക് അത് എങ്ങനെ ദോഷകരമായി ഭവിക്കും?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇത് വിഘാതമാകുന്നത് ചില പ്രത്യേക കാരണങ്ങൾകൊണ്ടാണ്. ഒന്നാമത്ത് അടിസ്ഥാന
12 noon] വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്നത് സാമൂഹ്യജീവിതത്തെ പരിചയപ്പെടുത്തുക എന്നുള്ളതാണ്. അത് ഒരു നല്ല കാര്യമാണ്. പക്ഷേ അതോടുകൂടി കുട്ടികളുടേയും കുട്ടികളോടു ചേർന്നുവരുന്ന ആളുകളുടേയും ജീവിതതോതുകൂടി ഉയർത്തണമെന്നുള്ള തത്വം ഈ

പദ്ധതിയിൽ അംഗീകരിച്ചിട്ടുണ്ടെന്നു് തോന്നുന്നില്ല. ഇവിടെ മുഖ്യമന്ത്രി ഉദ്ധരിച്ചതുകൊണ്ടുമാത്രമായില്ല. ഡാക്ടർ ആര്യനായകവും ശ്രീ. ജി. രാമചന്ദ്രനും ഈയിടെ മുഖ്യമന്ത്രിയുമായി ഇതേപ്പററി ചർച്ച ചെയ്തപ്പോൾ ഈ അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി തൊഴിലില്ലായ്മയ്ക്കു എങ്ങനെ ഉപകരിക്കും എന്ന ചോദ്യത്തിനു ഉത്തരം പറഞ്ഞപ്പോൾ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കൂടുതൽ വ്യവസായീകരിക്കുക എന്നു് അവർ പറഞ്ഞ അഭിപ്രായം ഏതാണ്ടു സ്വീകാര്യമായിട്ടുണ്ടെന്നു് എനിക്കു് തോന്നിയതു്. ഇവിടെ കയറുപിരിയ്ക്കൽ, കട്ടനെയ്ത്തു്, പായ്നെയ്ത്തു് തുടങ്ങിയ യന്ത്രസഹായം കൂടാതെ നടത്താവുന്ന ചെറുകിട വ്യവസായങ്ങളും കൂടി വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു് ആ നിലയിൽ നമ്മുടെ സാമ്പത്തികസ്ഥിതി ക്രമേണ അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും. ഇത്തരത്തിലുള്ള അനേകം മാർഗ്ഗങ്ങളല്ലാതെ ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിക്കു് കാലക്രമേണയെങ്കിലും ഒരു പരിവർത്തനം വരുത്താൻ സാദ്ധ്യമല്ല. എന്നാൽ ഡാക്ടർ ആര്യനായകം ഭാവിയെ കണക്കാക്കിയിട്ടില്ലെന്നാണു് പറഞ്ഞതു്. "We are particular about the present recovery" എന്നു് അദ്ദേഹം പറയുന്നു. അങ്ങനെയാണെങ്കിൽ അദ്ദേഹം ഏർപ്പെടുത്തുവാൻ പോകുന്ന വിദ്യാഭ്യാസ സമ്പ്രദായംകൊണ്ടു് താണതരത്തിലുള്ള ഒരു സാമ്പത്തികവ്യവസ്ഥിതിയായിരിക്കും നമുക്കു ലഭിക്കുന്നതു്. നമ്മുടെ സാമ്പത്തിക വ്യവസ്ഥിതി എന്തൊന്നായിരിക്കണം? നമ്മുടെ വ്യവസായങ്ങൾ ഉയരേണ്ടയോ? എന്നിങ്ങനെയുള്ള പ്രശ്നങ്ങൾക്കു് സുധീരമായ ഒരു സമീപനരീതി ഈ വിഷയത്തിൽ കൈക്കൊള്ളേണ്ടതായുണ്ടു്. ഈ ഗ്രാമങ്ങളിൽ താണതരത്തിൽ സാമ്പത്തിക വ്യവസ്ഥിതി താണരീതിയിലാക്കാൻ നാം ഉദ്ദേശിക്കുന്നുണ്ടോ? അതല്ല, ശ്രീ. ദേശമുഖ് പറഞ്ഞതുപോലെ ശാസ്ത്രീയമായ വിദ്യാഭ്യാസരീതിയിൽവേണം വ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ എന്നും അങ്ങനെ സാമ്പത്തികനില ഉയർത്തണമെന്നും ഉള്ള അഭിപ്രായമാണു സ്വീകാര്യമെങ്കിൽ ഈ പദ്ധതി പോരാ. അതല്ല ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറെക്കൂടി പരിഷ്കരിക്കണമെന്നുള്ള ഉദ്ദേശം മാത്രമേ മുഖ്യമന്ത്രിക്കുള്ളുവെങ്കിൽ ഈ പദ്ധതി മതിയാകും. അതല്ലെങ്കിൽ വിദഗ്ദ്ധന്മാരുടെ അഭിപ്രായംകൂടി സ്വീകരിക്കയും ചെയ്യാം.

മറെറാന്നു് ഇതിൽ കാണുന്ന സ്വയംഭരണ പരിശീലനപരിപാടിയാണു്. ഇതിലുള്ള വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും എല്ലാവരും സ്വയംഭരണം പരിശീലിക്കുക എന്നു പറഞ്ഞാൽ, അലക്കുക, കൃഷി ചെയ്യുക, സസ്യപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുക, സ്വയം പാകം ചെയ്യുക, ഇതൊക്കെ പറയാമെന്നല്ലാതെ വിജയകരമായി നിർവ്വഹിക്കപ്പെടുമെന്നു് വിശ്വസിക്കാവാൻ വ്യക്തിപരമായി, പാർട്ടിയുടെ അടിസ്ഥാനത്തിലല്ല, എനിക്കു നിവൃത്തിയില്ല. നേരെമറിച്ചു് ചില പരീക്ഷണകേന്ദ്രങ്ങൾ ഏർപ്പെടുത്തി ഇതൊന്നു് പരീക്ഷിച്ചുനോക്കിയാൽ ചിലപ്പോൾ വിജയപ്രദമായേക്കാം എന്നേയുള്ളു. All demonstrations are not policies എന്നാണു് എനിക്കു പറയുവാനുള്ളതു്. ചതുരശ്രമൈലിനു ആയിരത്തിൽപ്പരം ആളുകളുള്ള ഈ രാജ്യത്തു് എല്ലാ കൈത്തൊഴിലുകളും ഈ നിലയിൽ പരിശീലിപ്പിക്കാമെന്നു പറയുന്നതു് കേവലം മൗഢ്യമായിരിക്കും.

സർ, ഗ്രാമജീവിതത്തെയും ഇവിടത്തെ ഗ്രാമത്തിന്റെ സ്വഭാവത്തെയും സംബന്ധിച്ചുള്ള ഡാക്ടർ ആര്യനായകത്തിന്റെയും മററും അഭി

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

പ്രായങ്ങൾ അത്രയേറെ ശരിയാകണമെന്നില്ല. നമ്മുടെ നാട്ടിലെ വില്ലേജുകളും ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിൽ പറയത്തക്ക അന്തരമില്ലാതെയാണിരിക്കുന്നതു്. നമ്മുടെ ഗ്രാമങ്ങളിൽനിന്നും പട്ടണത്തിലേയ്ക്കു പോയാൽ വലിയ വ്യത്യാസമൊന്നും നാം കാണുന്നില്ല. അതുകൊണ്ടു് മററു രാജ്യങ്ങളിലെ അനുഭവംവച്ചുകൊണ്ടു് അവിടെ വിജയകരമായിക്കണ്ട പദ്ധതികൾ ഇവിടെയും ഏർപ്പെടുത്താമെന്നു് വിചാരിക്കുന്നതു് സാഹസമായിരിക്കും. മദ്രാസിലും ബീഹാറിലും മററും ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസരീതി വിജയകരമായിരിക്കുന്നുവെന്നു്, പക്ഷെ ഡാക്ടർ ആര്യനായകവും ജി. രാമചന്ദ്രനും പറഞ്ഞിട്ടുണ്ടായിരിക്കാം. അവിടെ യഥാർത്ഥത്തിൽ വിജയപ്രദമാകുന്ന ഒരു പദ്ധതിയായിരിക്കാം അതു്. പക്ഷെ ആ പദ്ധതി മലബാർ പോലെയോ അല്ലെങ്കിൽ കേരളം പോലെയോ ഉള്ള ഒരു ഭൂപ്രദേശത്തു ശരിയായിരിക്കണമെന്നില്ല. സർ, ഇവിടെ ഗവണ്മെൻറിനു ലഭിച്ചുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളേയും അഭിപ്രായങ്ങളേയും പൂർണ്ണമായി ആശ്രയിച്ചുകൊണ്ടു് ഒരു പദ്ധതി ഏർപ്പെടുത്തുന്നതു് വാസ്തവത്തിൽ എപ്പോഴും ശരിയായ നടപടിയായിരിക്കുകയില്ല. ഉദ്യോഗസ്ഥന്മാർ അയയ്ക്കുന്ന റിപ്പോർട്ടുകൾ അപ്പോഴപ്പോഴത്തെ ഗവണ്മെൻറിന്റെ അഭിപ്രായത്തെ അനുസരിച്ചും വകവച്ചും കൊണ്ടായിരിക്കും. ഉദാഹരണമായി രാജാജിയുടെ വിദ്യാഭ്യാസപദ്ധതിതന്നെ ചൂണ്ടിക്കാണിക്കാവുന്നതാണു്. രാജാജിയുടെ ഗവണ്മെൻറു് വിദ്യാഭ്യാസത്തെ പരിഷ്ക്കരിക്കുന്നതിനും നവീകരിക്കുന്നതിനുംവേണ്ടി ഒരു പദ്ധതി ആസൂത്രണം ചെയ്യുവാൻ ഒരു കമ്മിററി ഏർപ്പെടുത്തി. ആ കമ്മററിയുടെ റിപ്പോർട്ടു് രാജാജി വിഭാവനം ചെയ്തിരുന്ന ഒരു പദ്ധതി ശുപാർശചെയ്യുകയും അതു നടപ്പിൽവരുത്തുവാൻ ഗവണ്മെൻറു് ശ്രമിക്കുകയും ചെയ്തു. എന്നാൽ മന്ത്രിസഭ പൊട്ടിയതോടുകൂടി ആ വിദ്യാഭ്യാസപദ്ധതി തെററാണു്, അതുകൊണ്ടു് അതു മാററേണ്ടതാണു്, എന്ന അഭിപ്രായമുണ്ടായി. ഈ വസ്തുതയുടെ വെളിച്ചത്തിൽ ഗവണ്മെൻറു് കേവലം നിഷ്പക്ഷവും നിർമ്മലവുമായ മനോഭാവത്തോടുകൂടി ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുകയാണു് ശ്രമിക്കേണ്ടതു്.

ശ്രീ. കെ. സി. ജാർജ്: മലബാർ ബേസിക്ക് എഡ്യൂക്കേഷൻ കാൺഫറൻസിന്റെ റിപ്പോർട്ടിൽ qualitative and quantitative effect അതുകൊണ്ടുണ്ടാവുകയില്ല എന്നു് പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആ റിപ്പോർട്ടു് ഞാൻ വായിച്ചിട്ടുണ്ടു്. ആ പദ്ധതി അത്ര വിജയകരമായിരുന്നില്ല എന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. പക്ഷെ മന്ത്രിമാരോടു ചോദിച്ചാൽ സമ്മതിക്കയില്ലായിരിക്കാം.

എന്തായാലും അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ മൗലികമായ ഉദ്ദേശവും ലക്ഷ്യവും എന്താണെന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസത്തിനു ഇന്നുള്ള പദ്ധതിക്കു പകരമായി ഈ പദ്ധതി കൈക്കൊള്ളുന്നമെന്നാണു് പറയുന്നതെങ്കിൽ അതിലേയ്ക്കു് വിഷമമില്ല. പക്ഷെ അടിസ്ഥാന വിദ്യാഭ്യാസം ഇപ്പോൾ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്ന പദ്ധതിയിൽക്കൂടിയാണു് ഏർപ്പെടുത്തേണ്ടതെന്നാണു് ഈ പ്രമേയത്തിൽ കൂടി ഉദ്ദേശിക്കുന്നതെങ്കിൽ ഞാനും പാർട്ടിയും അതിനെ

എതിർക്കും. നേരെ മറിച്ചു ഇന്നത്തെ വിദ്യാഭ്യാസം ജീവിതത്തോടു കുറെക്കൂടി ബന്ധമുള്ളതാക്കിത്തീർക്കയും കുറെക്കൂടി പ്രയോജനകരമാക്കിത്തീർക്കയും ചെയ്യുക എന്നുള്ളതാണു് ഉദ്ദേശമെങ്കിൽ ഞങ്ങൾ അതിനോടു യോജിക്കാം. ഈ സഭയിലെ ഭൂരിപക്ഷം ഈ പദ്ധതിയെ അനുകൂലിക്കുമെന്നുള്ളതുകൊണ്ടുമാത്രം അനുകൂലിക്കുവാൻ നിവൃത്തിയില്ലെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: ബഹുമാനപ്പെട്ട മെമ്പർ പ്രൈമറി സ്കൂളിൽ ബേസിക് എഡ്യൂക്കേഷൻ നടപ്പിലാക്കുന്നതിനെ എതിർക്കുകയാണു് എന്നു് ഞാൻ വിചാരിക്കുന്നു. മിഡിൽസ്കൂളുകളിലും സെക്കണ്ടറി സ്കൂളുകളിലും തൊഴിൽ പഠിപ്പിച്ചു് തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുന്നതു് എങ്ങനെയാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സെക്കണ്ടറി എഡ്യൂക്കേഷനെ സംബന്ധിച്ചു് വളരെ വിപുലമായ ഒരു റിപ്പോർട്ടുണ്ടു്. ആ റിപ്പോർട്ടിൽ മിഡിൽസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു് ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ വേണം കൈത്തൊഴിൽ വിദ്യാഭ്യാസം നൽകുവാനെന്നു് വളരെ വിസ്തരിച്ചുപറഞ്ഞിട്ടുണ്ടു്. ഇതു് എല്ലാ രാജ്യങ്ങളിലും അംഗീകരിച്ചിട്ടുള്ള ഒരു സമ്പ്രദായമാണു്. ഇംഗ്ലണ്ടിൽ ഈ സമ്പ്രദായമാണു് അംഗീകരിച്ചിട്ടുള്ളതു്. ഫ്രാൻസ്, സോവിയറ്റ് യൂനിയൻ, ചൈന മുതലായ രാജ്യങ്ങളിലും ആ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നു. ചൈനയിൽ ഞാൻ സന്ദർശിച്ച അവസരത്തിൽ അവർ വിദ്യാഭ്യാസകാര്യങ്ങളിൽ അതീവതാല്പര്യമുള്ളവരായി കണ്ടു. ബുദ്ധിപൂർവ്വം അവർ നടപ്പിൽ വരുത്തിയ വിദ്യാഭ്യാസത്തിന്റെ ഫലം എന്നെ കാണിക്കുകയും ചെയ്തു. അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിയൊന്നും ഞാൻ അതിൽ കണ്ടില്ല. നേരെ മറിച്ചു് ശൈശവവിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കുകയും കളിപ്പാട്ടങ്ങളും ഇഷ്ടപ്പെട്ട ഉപകരണങ്ങളും മറ്റും കാണിച്ചുകൊടുത്തു് കിൻഡർഗാർട്ടൻ രീതിയിൽ അവരുടെ സ്വഭാവം രൂപപ്പെടുത്തിക്കൊടുക്കുകയും കാലാന്തരത്തിൽ തൊഴിലിനോടുള്ള അഭിമുഖ്യം വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസം കഴിഞ്ഞു് തൊഴിലില്ലാത്തവർക്കു് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയുമാണു് ചൈനയിൽ നടക്കുന്നതു്. ഇതാണു് എല്ലാ പരിഷ്കൃതരാജ്യങ്ങളിലേയും സമ്പ്രദായം. ഇതെല്ലാം അവഗണിച്ചു് ഒരു ആര്യനായകത്തിന്റെയും ഒരു രാമചന്ദ്രന്റെയും അഭിപ്രായം മാത്രം അവലംബമാക്കി ഒരു പദ്ധതി ഇൻഡ്യയിൽ നടപ്പിലാക്കുന്നതു് ചിന്തിച്ചു വേണ്ടതാണോ എന്നേ എനിക്കു പറയുവാനുള്ളു. ഇന്നത്തെ വിദ്യാഭ്യാസത്തിനു ഒരു തിരുത്തൽ ആവശ്യമാണെന്നു ഞാനും സമ്മതിക്കുന്നു. പക്ഷെ ആ തിരുത്തൽ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വത്തെ നശിപ്പിച്ചായിരിക്കരുതു്. ആ തത്വത്തെ കുറെക്കൂടി പരിഷ്കരിച്ചുകൊണ്ടുപോയി ക്രമേണ ആ തത്വം അംഗീകരിക്കുക എന്നുള്ളതാണു് പ്രധാനമന്ത്രി ഉദ്ദേശിക്കുന്നതെങ്കിൽ എനിക്കു് അഭിപ്രായവ്യത്യാസം ഇല്ല. പക്ഷെ ആ ലക്ഷ്യത്തിലേയ്ക്കു് എത്തുവാനുള്ള മാർഗ്ഗം തുറന്നുവയ്ക്കുവാനും അതിലേയ്ക്കു് ആവശ്യമുള്ള പരിപാടികൾ നിർദ്ദേശിക്കുവാനുമായി ഒരു കമ്മിററിയെ നിയമിച്ചു് ഓവർ ഓൾ പോളിസി ഓഫ് എഡ്യൂക്കേഷനെപ്പററി വേണ്ട നിർദ്ദേശങ്ങൾ വരുത്തിയതിനുശേഷം ഈ പദ്ധതി നടപ്പിൽ വരുത്തുന്നതു നന്നായിരിക്കും. അല്ലാതെ പെട്ടെന്നും പരിവർത്തനവും രാജ്യ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

പകന്മാരും ലക്ഷക്കണക്കിന വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ഒരു പദ്ധതി വേണ്ടത്ര ശ്രദ്ധിക്കാതെയും ആലോചിക്കാതെയും രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നതു് നന്നായിരിക്കുകയില്ല. ഡാക്ടർ ആര്യനായകം പറഞ്ഞതുപോലെയുള്ള അടിസ്ഥാനവിദ്യാഭ്യാസത്തിന പകരമായിട്ടാണ ഈ പദ്ധതി കൊണ്ടുവന്നിരിക്കുന്നതെങ്കിൽ ഈ പദ്ധതിയെ ഞങ്ങൾ എതിർക്കുന്നു. എന്തെന്നാൽ ഈ വിദ്യാഭ്യാസപദ്ധതിയുടെ പിന്നിൽ ഒരു സാമ്പത്തികമായ ഔന്നത്യം കൂടി ഉണ്ടായിരിക്കണമെന്നു് ഞങ്ങൾ ഉദ്ദേശിക്കുന്നു. എന്നാൽ ഈ പദ്ധതിയുടെ പിന്നിൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഭാവി ക്ഷയോന്മുഖമായിപ്പോകുകയല്ലേ എന്നു് ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ടാണു് ഞങ്ങൾ ഈ പദ്ധതിയെ എതിർക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ കാൺഗ്രസ്പാർട്ടി സ്വാഗതം ചെയ്യുകയും അനുകൂലിക്കുകയും ചെയ്യുന്നു. അതിന്റെ ഉള്ളടക്കത്തെ മാത്രമല്ല സ്വാഗതംചെയ്യുന്നതു്. വിദ്യാഭ്യാസകാര്യത്തിൽ വളരെ പ്രധാനപ്പെട്ട വ്യതിയാനം നയത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഈ സന്ദർഭത്തിൽ സാങ്കേതികമായി നോക്കുകയാണെങ്കിൽ ഈ നിയമസഭയുടെ സമ്മതം ആവശ്യമില്ലെങ്കിൽകൂടി ഇങ്ങനെയുള്ള കാര്യം നിയമസഭയുടെ വോട്ടോടുകൂടി തീരുമാനിക്കുന്നതു നന്നായിരിക്കുമെന്നു മുഖ്യമന്ത്രി തീരുമാനിച്ചതിൽ സന്തോഷമുണ്ടു്. കാലാന്തരത്തിൽ ഈ വക കാര്യങ്ങൾക്കു് വേണ്ടത്ര വ്യത്യാസങ്ങൾ വരുത്തുവാനും ഇതു് സഹായകമായിരിക്കും.

നമ്മുടെ രാജ്യത്തിൽ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായ ഐക്യം ഉണ്ടെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം രാജ്യത്തിന ഉതകുന്നതല്ല എന്നുള്ള കാര്യത്തിലാണു്. ഇക്കാര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയതയെപ്പററി വളരെയേറെ പരിജ്ഞാനമൊന്നും ആവശ്യമില്ല. ആ പരിജ്ഞാനത്തോടുകൂടി ഈ പ്രമേയത്തെപ്പററി വാദപ്രതിവാദം ചെയ്യുവാനുള്ള കഴിവും എനിക്കില്ല. എങ്കിലും നമ്മുടെ രാജ്യത്തു് ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിന മാററം വരുത്തിയാൽ കൊള്ളാമെന്നു് വിദ്യാഭ്യാസ പണ്ഡിതന്മാരും രാഷ്ട്രീയപ്രവർത്തകന്മാരും അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും ഒരുപോലെ ആഗ്രഹിക്കുന്നുണ്ടു്. നൂറും നൂററിരുപതും കൊല്ലങ്ങൾക്കുമുൻപു് ബ്രിട്ടീഷ് ഗവണ്മെൻറ് അടിസ്ഥാനം ഇട്ട വിദ്യാഭ്യാസസമ്പ്രദായത്തിൽ ഇന്നും കാര്യമായ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്തു് ഈ രാജ്യത്തെ പ്രൈമറിവിദ്യാഭ്യാസവും സെക്കണ്ടറിവിദ്യാഭ്യാസവും ഏതുവിധത്തിലായിരുന്നോ ഇരുന്നതു് ആ വിധത്തിലാണു് ഇന്നും ഇരിക്കുന്നതു്. എന്നെക്കാൾ പ്രായക്കൂടുതലുള്ളവർ വിദ്യാർത്ഥികളായിരുന്ന കാലത്തു് ഇതേ സമ്പ്രദായംതന്നെയാണു് ഉണ്ടായിരുന്നതും. പാഠപുസ്തകങ്ങൾക്കു് വ്യത്യാസം വന്നേക്കാം. അദ്ധ്യയനഭാഷ ഇംഗ്ലീഷിന പകരം മലയാളമായിരിക്കാം. എന്നാലും അന്നത്തെ രീതിതന്നെയാണു് ഇന്നും തുടർന്നുകൊണ്ടുപോകുന്നതു്. ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിന മുമ്പുതന്നെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി വളരെയേറെ എതിരുകൾ ഉണ്ടാകുകയും ഒന്നിലധികംതവണ വിദ്യാഭ്യാസ പുനഃസംവിധാനത്തിന്റെ ആവ

ശ്യകതയെപ്പററി അന്വേഷിക്കുവാൻ കമ്മിററികൾ വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ കമ്മററികൾക്കൊന്നും തക്കതായ പരിഹാരം നിർദ്ദേശിക്കാൻ സാധിച്ചിട്ടില്ല. ആദ്യമായി ഇന്നത്തെ പ്രയോജനശൂന്യമായ വിദ്യാഭ്യാസസമ്പ്രദായം മാററാനുള്ള ആരംഭം ഇതിൽ കാണുന്നതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ സ്വാഗതംചെയ്യുന്നതു്. ഇന്നെ വിദ്യാഭ്യാസം ജീവിതവുമായി ബന്ധമില്ലാത്തതാണെന്നു പ്രൊഫസർ മുണ്ടശ്ശേരി പറയുകയുണ്ടായി. അതാണ് ഈ വിദ്യാഭ്യാസത്തെപ്പററി ഉണ്ടായിട്ടുള്ള ഏററവും പ്രധാനമായ ആക്ഷേപം. ഇന്നുള്ള സ്കൂളുകളിലും, കാളേജുകളിലും, യൂനിവേഴ്സിററികളിലും നമ്മുടെ വിദ്യാർത്ഥികൾക്ക് ശാസ്ത്രജ്ഞാനം നൽകുന്നുണ്ട്. എന്നാൽ ആ ശാസ്ത്രജ്ഞാനത്തിന് ഇൻഡ്യയിലെ വിദ്യാർത്ഥികളേയും പണ്ഡിതന്മാരെയും ഒട്ടു[illegible]ലും ഉയർത്താൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഒരു നൂററാണ്ടുകാലമായി ഇൻഡ്യയിലെ വിദ്യാഭ്യാസം മൂലം അനേകമനേകം പണ്ഡിതന്മാർ ഉണ്ടായിട്ടുണ്ടെങ്കിലും ശാസ്ത്രത്തിനോ മററു പുതിയ വിജ്ഞാനരംഗങ്ങൾക്കോ വളരെ ഏറെയൊന്നും ഇൻഡ്യക്കു നൽകാൻ സാധിച്ചിട്ടില്ലെന്നുള്ളതിന്റെ കാരണം ഇന്നിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായമാണ്. അതുകൊണ്ട് ഈ വിദ്യാഭ്യാസസമ്പ്രദായം മാററണമെന്നുള്ളതിനെപ്പററി ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകുന്നതല്ല. ഈ പ്രമേയത്തെ എതിർത്ത ശ്രീ. മുണ്ടശ്ശേരി തന്നെ വിദ്യാഭ്യാസത്തിൽ പല വ്യത്യാസങ്ങളും വരുത്തേണ്ടതുണ്ടെന്നും അതിന്റെ [illegible]സിൽ ചില വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ടെന്നും പറയുകയുണ്ടായി. ഒരു രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞാൽ ഏററവും പ്രധാനമായ വ്യത്യാസം ഉണ്ടാകേണ്ടതു വിദ്യാഭ്യാസരംഗത്താണ്. ഇൻഡ്യയിൽ വിദ്യാഭ്യാസരംഗത്തു് തക്കതായ വ്യത്യാസം ഉണ്ടായിട്ടില്ലെന്നുള്ളതാണ് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇൻഡ്യയിലുള്ള സർക്കാരുകളുടെ പരാജയത്തിലൊന്നെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിഷയത്തെപ്പററി ഇത്രയും തീരുമാനത്തിൽ എത്തിക്കഴിഞ്ഞാൽ പിന്നെ ഈ സഭയുടെ മുമ്പിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ഇന്നു നിലവിലുള്ള മെക്കാളെപ്രഭു സ്ഥാപിച്ചിട്ടുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനു ഒരു ആൾട്ടർനേററിവ് മഹാത്മജിയല്ലാതെ മററാരെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. വേറെ ആരും നിർദ്ദേശിച്ചിട്ടില്ല. എന്റെ സ്നേഹിതൻ മുണ്ടശ്ശേരി പോലും ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി ആക്ഷേപിച്ചിട്ട് ഏതുവിധത്തിലാണ് നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസത്തിനു ഒരു പുതിയരൂപം കൊടുക്കേണ്ടതെന്നു പറയുകയുണ്ടായിട്ടില്ല. അദ്ദേഹം ചൈനയിലെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി പറഞ്ഞു. അദ്ദേഹം പറഞ്ഞ വാക്കുകൾ ഞാൻ വളരെ ശ്രദ്ധിക്കുകയുണ്ടായി. ഒരു പുതിയ ഭരണം വന്നതിനുശേഷം ചൈനയിലെ വിദ്യാഭ്യാസരംഗത്തു ഉണ്ടായതായി അദ്ദേഹം പറഞ്ഞതെന്താണ്? കുട്ടികൾക്ക് പലസാധനങ്ങളുംകൊടുത്തു അവർക്കു കൗതുകമുണ്ടാക്കുന്നു. പിന്നീട് അവർക്കു തൊഴിലിൽ ആഭിമുഖ്യം ഉണ്ടാക്കുന്നു. അതിനുശേഷം തൊഴിലെടുക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നു. നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികൾക്കും തൊഴിലിന് ആഭിമുഖ്യമുണ്ടാക്കണം. ഞാൻ ധരിച്ചേടത്തോളം ഈ ബേസിക്ക് വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അടിസ്ഥാനം അതുതന്നെയാണ്. ഇന്നു കേവലം പുസ്തകങ്ങൾ ഉരുവിട്ട് പരീക്ഷപാസായിരുന്ന വിദ്യാർത്ഥികൾക്ക്

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തൊഴിലിൽ ആഭിമുഖ്യമില്ല. പരീക്ഷയാണ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പ്രധാനയിനമെന്ന് പ്രൊഫസർ പറയുകയുണ്ടായി. ആ പരീക്ഷ വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ പിന്നെ ഇന്നത്തെ വിദ്യാഭ്യാസത്തിൽ ബാക്കി എന്തുണ്ട് എന്നാണ് ഞാൻ ചോദിക്കുന്നത്. കുറെ പുസ്തകങ്ങൾ പഠിക്കാൻ പ്രിസ്ക്രൈബുചെയ്യുന്നു. കൊല്ലം അവസാനത്തിൽ പരീക്ഷ ഉണ്ടാകുന്നതുകൊണ്ടാണ് കുട്ടികൾ ആ പുസ്തകങ്ങൾ പഠിക്കാൻ താല്പര്യപ്പെടുന്നത്. പരീക്ഷയില്ലാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായം തെററാണെന്നു ഞാൻ പറയുകയല്ല. പക്ഷെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ പരീക്ഷ വേണ്ടെന്നുവച്ചാൽ പിന്നെ വിദ്യാഭ്യാസമേ ഇല്ലാതെയാകുമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് വിദ്യാഭ്യാസസമ്പ്രദായത്തിൽ തക്കതായ വ്യത്യാസംവരുത്താതെ പരീക്ഷ വേണ്ടെന്നുവെയ്ക്കുക സാദ്ധ്യമല്ല. അങ്ങിനെയല്ലാതെ പരീക്ഷ വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ മുഴുവൻ വ്യർത്ഥം. പരീക്ഷ നടത്തിയാലും വ്യർത്ഥംതന്നെ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പരീക്ഷ തീരെ നിറുത്തിക്കളയുന്നതിനെപ്പററിയുള്ള അഭിപ്രായം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ വ്യത്യാസം വരുകയാണെങ്കിൽ പരീക്ഷ മാററുന്നതിൽ വിരോധമില്ല.

ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുമെന്നുകണ്ട് ആ സ്വാതന്ത്ര്യത്തിന്റെ അരുണോദയത്തിൽ സ്വതന്ത്രഭാരതത്തിന്റെ വിദ്യാഭ്യാസം ഏതുവിധത്തിലിരിക്കണമെന്ന് മഹാത്മജി ഒരു തീരുമാനമെടുക്കുകയുണ്ടായി. അദ്ദേഹം നാട്ടുകാരുടെ ജീവതരംഗത്തെ സ്പർശിക്കാത്ത ഭാഗങ്ങൾ ഉണ്ടെന്ന് എനിക്ക് തോന്നിയിട്ടില്ല. മഹാത്മജി തന്നത്താൻ ആവിഷ്കരിച്ച ഒന്നല്ല ഈ പദ്ധതി, ബേസിക്ക് വിദ്യാഭ്യാസമെന്നു പറയുന്നത്, എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ 17, 18 കൊല്ലമായി അനേകം കാൺഫറൻസുകൾക്കും അനേകം വാദപ്രതിവാദങ്ങൾക്കും വിഷയമായിട്ടുള്ള ഒരു കാര്യമാണ്. വാർദ്ധാസ്കീമെന്ന നാമധേയത്തിൽ അറിയപ്പെട്ട പദ്ധതി പിന്നീട് അനേക വിദ്യാഭ്യാസ പണ്ഡിതന്മാരുടെ ആലോചനയ്ക്ക് വിഷയമായശേഷമാണ് ബേസിക്ക് എഡ്യൂക്കേഷൻ എന്ന നിലയിൽ വന്നത്. ഡാക്ടർ ആര്യനായകത്തിന്റെയോ, ശ്രീ. രാമചന്ദ്രന്റെയോ ഒരു പ്രസ്ഥാനമല്ല ഇത്. ഇൻഡ്യയിലെ അനേകം പണ്ഡിതന്മാർ ഇതിനെപ്പററി ആലോചിച്ചിട്ടുണ്ട്. അങ്ങിനെ ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിനു ബദലായി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് ഇതെന്നു കാണാം. ഇന്നുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനു പകരമായി മറെറാരു വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ ഇടയിൽ ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മേമ്പറോ അദ്ദേഹത്തെപ്പോലെ ഈവക വിഷയത്തെപ്പററി ആലോചിക്കുന്ന ആളുകളോ ഇപ്പോഴുള്ള വിദ്യാഭ്യാസസമ്പ്രദായം മാററി എന്തു വിദ്യാഭ്യാസസമ്പ്രദായമാണ് സ്വീകരിക്കേണ്ടതെന്ന് പറയുകയുണ്ടായിട്ടില്ല. കമ്മ്യൂണിസ്ററുപാർട്ടിയും പറഞ്ഞിട്ടില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ വിദ്യാഭ്യാസത്തിന്റെ മൗലികമായ ആധാരങ്ങളിൽ വ്യത്യാസം വരാത്ത നിലയിൽ പത്തുപതിനഞ്ചു പദ്ധതികൾ ഉണ്ടാകുമെന്നു ബഹുമാനപ്പെട്ട മെംബർ വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടാണ് പ്രതിക്കേണ്ടതെന്നു ഞാൻ പറയുന്നത്.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ മാററം വരുത്തുന്നതിന് കൺസ്ട്രക്ടീവായി ഇവിടെ വേറെ ഒന്നുമില്ല. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം സാർവത്രികമായി മോശമാണെന്നു പറയുന്നുമുണ്ട്. ഇന്നത്തെ സമ്പ്രദായം വിദ്യാർത്ഥികളുടെയിടയിൽ ഉണ്ടാക്കുന്നതായ frustration നെപ്പററി ആലോചിക്കുക. വിദ്യാഭ്യാസംചെയ്തുകഴിഞ്ഞാൽ എന്താണ് ചെയ്യേണ്ടതെന്നു അറിയാതെ കുഴങ്ങുന്നു. യാതൊരു തൊഴിലിനും അഭിമുഖ്യം ഉണ്ടാകുന്നില്ല. തൂമ്പായെടുക്കുന്നതും മണ്ണിൽ തൊടുന്നതും മോശമാണെന്നൊരു വിചാരം അവക്കുണ്ടാകുന്നു. അങ്ങിനെ ഒരു വിചാരം വരുന്നതു വിദ്യാഭ്യാസവും ജീവിതവുമായി ബന്ധമില്ലാത്തതുകൊണ്ടാണ്. എന്റെ സ്നേഹിതൻ മറെറാരുകാര്യം പറഞ്ഞതു് ഈ ബേസിക്ക് വിദ്യാഭ്യാസപദ്ധതി നാം സ്വീകരിക്കുകയാണെങ്കിൽ പ്രാകൃതമായ ഒരു സമൂഹവ്യവസ്ഥിതിയിലേക്ക് ഈ രാജ്യത്തെ ജനങ്ങളെ ഷെട്ടിയിടുന്നതിനു് തുല്യമായിരിക്കുമെന്നാണ്. അഥവാ ഒരു പുതിയ വ്യവസായയുഗം ഈ രാജ്യത്തുണ്ടാകുന്നതിന് ഇതു തടസ്സമായിത്തീരുമെന്ന്, അല്ലെങ്കിൽ ഒരു പുതിയ വ്യവസായയുഗം ഈ രാജ്യത്തുണ്ടാകാതിരിക്കാനുള്ള ഒരു പദ്ധതിയാണ് ഇതെന്നു് അദ്ദേഹം പറയുകയുണ്ടായി. എനിക്ക് അദ്ദേഹത്തോട് യോജിക്കാൻ സാദ്ധ്യമല്ല. ഈ രാജ്യത്തു ഒരു വ്യവസായയുഗം ഉണ്ടാകുന്നതു എങ്ങിനെയാണ്? ഇപ്പോഴത്തെ സ്കൂൾഫൈനൽകാരും, ഇൻറർമിഡീയറെറക്കാരും, ബി. എ. ക്കാരും, എം. എ. ക്കാരും ഒരു പുതിയ യുഗം കൊണ്ടുവരുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇപ്പോഴത്തെ എം. എ. ക്കാരാണ് ഒരു വ്യവസായയുഗം കൊണ്ടുവരേണ്ടതെന്ന് എനിക്ക് അഭിപ്രായമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലുമായി വൈമുഖ്യമല്ലാതെ ബന്ധമൊന്നുമില്ലാത്ത ഇന്നത്തെ വിദ്യാർത്ഥികൾക്കും ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സന്താനങ്ങൾക്കും ഒരുവിധത്തിലും ഒരു പുതിയ വ്യവസായയുഗം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സാഹചര്യം ഉണ്ടാകുന്നതനുസരിച്ചല്ല വിദ്യാഭ്യാസരംഗം നടത്താൻ കഴിയു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലിന്റെ അഭിമുഖ്യമുള്ള വിദ്യാഭ്യാസം ഉണ്ടായാൽ തൊഴിലിന് പുരോഗതി ഉണ്ടാകുമെന്നുള്ളതിന് അനേകം ദൃഷ്ടാന്തങ്ങളുണ്ട്. ഈ രാജ്യത്തു ഒരു വ്യവസായയുഗം വരികയാണെങ്കിൽ ബേസിക്ക് എഡ്യൂക്കേഷൻ അതിനൊരു തടസ്സമായി നിൽക്കയില്ല. മാത്രമല്ല, ആവിധത്തിലുള്ള ഒരു യുഗത്തിന്റെ പിറവിക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇന്നത്തെ തൊഴിലാളികളുടെ ഇടയിലുള്ളതു അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിയിലുള്ള വിദ്യാഭ്യാസമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നത്തെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതേ ഉള്ളൂ. ആ തൊഴിൽ കൊടുക്കുന്ന അന്തരീക്ഷത്തിൽ അവക്കു കൂടുതൽ വിദ്യാഭ്യാസം നൽകാൻകൂടി ബേസിക്ക് എഡ്യുക്കേഷൻ സമ്പ്രദായം എക്സ്റ്റെൻഡചെയ്യാൻ കഴിയുമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്.

സർ, ഒന്നു രണ്ടു് ഉദാഹരണങ്ങൾ ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇന്ന് തിരുവനന്തപുരത്തുള്ളതോ ഇൻഡ്യയിൽ എവിടെയെങ്കിലുമുള്ളതോ ആയ ഒരു ഇൻജിനീയറിംഗ്കാളേജ് എടുക്കുക. ആ കാളേജിൽ എന്താണ് നടക്കുന്നതു്? ആ ഇഞ്ചിനീയറിംഗ്കാളേജിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് ടെക്സ്റ്റബുക്കുകളിൽനിന്നും ഇൻജിനീയറിംഗിന്റെ തത്വങ്ങൾ പറഞ്ഞുകൊടുക്കുന്നു. അതുകഴിഞ്ഞു് അപ്രൻറിസ്സായി വല്ല ഫാക്ടറികളിലും പോകുന്നുണ്ടു്. അവിടെനിന്നാണ് പ്രാക്ടിക്കലായിട്ടുള്ള അറിവുകൾ അവക്കു ലഭിക്കുന്നതു്. ജീവിതവുമായി ബന്ധമില്ലാതെയാണ് അവർ കാളേജിൽനിന്നും പുറത്തുവരുന്നതു്. പുറത്തു വന്ന ശേഷമാണ് പ്രായോഗികമായി ഇൻജിനീയറിംഗിനെപ്പററി പഠിക്കാൻ സാധിക്കുന്നതു്. നേരെമറിച്ചു് മററ ചില രാജ്യങ്ങളിൽ പ്രത്യേകിച്ചു്, ജമ്മനിയിലും, സ്വിററ്സർലണ്ടിലും നടക്കുന്നതു് എങ്ങനെയാണെന്നു വച്ചാൽ അക്ഷരങ്ങൾ പഠിച്ചുകഴിഞ്ഞാൽ ഫാക്ടറിയിൽ പോകുകയാണ്. ഫാക്ടറിയിൽപോയി ഒരു ഹീററ് എൻജിൻ എന്താണെന്നു കണ്ടു് അതു കൈകാര്യം ചെയ്യുന്നതു് എങ്ങനെയാണെന്നു പഠിച്ചശേഷമാണ് ഹീററ് ഇൻജനീയറിംഗിന്റെ ഇക്വേഷൻ പഠിക്കാൻ കാളേജിൽ പോകുന്നതു്. ആ പദ്ധതിയാണ് ബേസിക്ക് എഡ്യുക്കേഷനിൽ സ്വീകരിച്ചിട്ടുള്ളതു്. ഇന്ന് നമ്മുടെ നാട്ടിൽ എല്ലാ വില്ലേജുകളിലും വ്യവസായശാലകളില്ല. എല്ലാ വില്ലേജുകളിലും വ്യവസായശാലകളുണ്ടാകുന്ന ഒരു യുഗം ഉണ്ടാകുമോ എന്നുതന്നെ എനിക്കു് സംശയമുണ്ടു്. അങ്ങനെ ഉണ്ടാകുകയാണെങ്കിൽ അതു നല്ലതാണോ എന്നുള്ളതിനെപ്പററിയും എനിക്കു് സംശയമുണ്ടു്. തിരുവിതാംകൂർ-കൊച്ചിയെപ്പോലുള്ള ഒരു രാജ്യത്തു് ഏതു വിധത്തിലാണ് വ്യവസായയുഗം വരുക എന്നുള്ളതിനെപ്പററി ഞാൻ സംശയിക്കുന്നുണ്ടു്. പ്രൊഫസർ, ചൈനയിലോ റഷ്യയിലോ കണ്ടമാതിരിയുള്ള ഒരു വ്യവസായവല്ക്കരണം ഇവിടെ വരികയില്ല. ഒരു ചതുരശ്രമൈലിൽ 23 ആളുകൾ..........

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇംഗ്ലണ്ടിലുണ്ടായ വ്യവസായവൽക്കരണത്തിന്റെ സ്വഭാവമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റഷ്യയിൽ ഇന്ന് ഒരു ചതുരശ്രമൈൽ വിസ്താരമുള്ള സ്ഥലത്തു് 23 ആളുകളാണ് പാർക്കുന്നതു്. ആ രാജ്യത്തു് ഉണ്ടായിട്ടുള്ള രീതിയിൽ നമ്മുടെ രാജ്യത്തു് നടപ്പാക്കാൻ വിഷമമുണ്ടു്. അതുകൊണ്ടാണ് ചൈനയിൽത്തന്നെ 1948-നുശേഷം റഷ്യയിൽ ആവിഷ്കരിച്ച സമ്പ്രദായം അതേപടി സ്വീകരിക്കാഞ്ഞതു്. ഓരോ രാജ്യത്തിനും ആ രാജ്യത്തിനു യോജിച്ച സമ്പ്രദായത്തിലുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി സ്വീകരിക്കേണ്ടിവരും.

ശ്രീ. എം. പി. മേനോൻ: ഭൂമിയുടെ കാര്യത്തിൽ ഏതു രീതിയിലുള്ള സാമൂഹ്യവ്യവസ്ഥിതിയാണ് മെംബർ വിഭാവനം ചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബേസിക്ക് എഡ്യൂക്കേഷനെപ്പററി പറയുമ്പോൾ അതിനെപ്പററി പറഞ്ഞാൽ വിഷയം മാറിപ്പോകും. പ്രൊഫസർ മുണ്ടശ്ശേരി പറയുകയുണ്ടായി, Marxism is a guide to action എന്ന്. മാർക്സിസം ഏതു വിധത്തിലാണ് രാജ്യത്തിന് ഉതകുന്നതെന്നു നോക്കി ആ രീതിയിൽ പ്രയോഗിക്കേണ്ടിവരും. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസരീതി മാററുന്നതിന് ഇവിടെ ഒരു വ്യവസായവൽക്കരണം പൂർത്തിയാകുന്നതുവരെ കാത്തിരിക്കാൻ മാർഗ്ഗമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ബേസിക്ക് എഡ്യൂക്കേഷൻ സ്വീകരിക്കുന്നതുകൊണ്ടു് ചേർപ്പ മെംബർ ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യവസായവൽക്കരണത്തിന് താമസംവരികയാണെങ്കിൽ അതു് ഒരു തടസ്സമാകുമോ? ഇന്ന് നമ്മുടെ ജനങ്ങളുടെയിടയിൽ, പ്രത്യേകിച്ചും കുട്ടികളുടെയിടയിൽ തൊഴിലിനു ആഭിമുഖ്യമുള്ള ഒരു വിദ്യാഭ്യാസം ഉണ്ടാകണം. ചൈനയിൽ പ്രൊഫസർ മുണ്ടശ്ശേരി കണ്ടെന്നു പറയുന്നമാതിരി തൊഴിലിന് ആഭിമുഖ്യമുള്ള ഒരു വിദ്യാഭ്യാസം ഇവിടെ ഏർപ്പെടുത്തണം. അങ്ങനെ തൊഴിലിന് ആഭിമുഖ്യമുണ്ടാക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് ബേസിക്ക് എഡ്യൂക്കേഷൻ. അതിൻെറ തത്വങ്ങൾ ഇൻഡ്യയിൽ വളർന്നിട്ടുള്ള സ്ഥിതിക്കു് നാം എന്തിനതിനെ ആക്ഷേപിക്കണം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഞാൻ ചൈനയേയും, റഷ്യയേയും കുറിച്ചു് മാത്രമല്ല പറഞ്ഞതു്. ചതുരശ്രമൈലിന് ആയിരത്തിൽപ്പരം ആളുകൾ താമസിക്കുന്ന ഇംഗ്ലണ്ടിൽ തൊഴിലിനോടു ആഭിമുഖ്യമുള്ള വിദ്യാഭ്യാസം ഏർപ്പെടുത്തിയതു് എങ്ങനെയാണെന്നു പറയണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി എനിക്കു് അത്രതന്നെ പരിജ്ഞാനമില്ല. തൊഴിലിനോടു ആഭിമുഖ്യമുണ്ടാകണം. അങ്ങനെ ഉണ്ടാകുന്നില്ലെങ്കിൽ രാജ്യം നശിക്കും. ആ തൊഴിൽ ഇന്നതായിരിക്കണമെന്നില്ല. നൂൽനൂൽപ്പോ, ഫാക്ടറി ജോലിയോ, കയർപിരിയോ എന്തുമാകാം. നമ്മുടെ രാജ്യത്തു് പതിനെട്ടും ഇരുപതും വയസ്സായി വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ആൺകുട്ടികളായാലും പെൺകുട്ടികളായാലും കൈകൊണ്ടു് വേലയെടുക്കുന്നതു് അഭിമാനക്ഷതമല്ല എന്ന് വിശ്വസിക്കുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകണം.

ശ്രീ. പി. ആർ. മാധവൻപിള്ള: തൊഴിലിനോടു് ആഭിമുഖ്യമുണ്ടായാൽ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ സാമ്പാറുണ്ടാക്കുന്ന കാര്യം പറയുമ്പോൾ ചമ്മന്തിയുടെ കാര്യം പറയേണ്ട ആവശ്യമുണ്ടോ? തൊഴിലുണ്ടാക്കാൻ നാം വേറെ മാർഗ്ഗങ്ങൾ ആരായണം. തൊഴിലിനോടു് ആഭിമുഖ്യം കാണിക്കുന്ന ജനസഞ്ചയം ഉണ്ടാകണം. അതുണ്ടാകണമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി പുതുക്കാതെ നിവൃത്തിയില്ല. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി മാററിയാൽ അതിനു പകരമെടുക്കാൻ ഇന്നു നിലവിലുള്ള സമ്പ്രദായം ബേസിക്ക് സിസ്റ്റമാണ്. ആ ബേസിക്ക് സിസ്റ്റം ഇന്നത്തെ കാലസ്ഥിതിക്കു് അനുസരിച്ചുണ്ടാക്കിയിട്ടുള്ളതാണ്. കാലത്തിൽ വ്യത്യാസമുണ്ടാകയാണെങ്കിൽ അതിനു യോജിച്ച മാററങ്ങൾ വരുത്തുന്നതിൽ വിരോധമില്ല. ഒരു പുതിയ അന്തരീക്ഷം ഇവിടെ വരികയാണെങ്കിൽ അതനുസരിച്ചു് ഇതു സംബന്ധിച്ചു് ആൺ ചെയ്യുന്നതിൽ വിരോധമുണ്ടോ? ഏതായാലും നമ്മുടെ പഴകി ജീർണ്ണിച്ച ഈ സ്റ്റംഭം മാററണം,

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇൻഡ്യ വിദേശാധിപത്യത്തിലിരുന്നപ്പോൾ ഗുമസ്തന്മാരെയും, മററു ശമ്പളക്കാരെയും ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നിലവിലിരിക്കുന്നതു്. നമ്മുടെ ഇൻജിനിയറന്മാരും, ഡാക്ടർമാരും പ്രാക്ടിക്കൽ സയൻസ് പഠിച്ചിട്ടുള്ള ആളുകളും ഇപ്പോഴും ചുവർ പഞ്ചാംഗത്തിന്റെ താളുകൾ എണ്ണുന്ന ആളുകളായിട്ടിരിക്കയാണ്. മുപ്പതാംതീയതി എന്നു കഴിയും, ഒന്നാംതീയതി എന്നു വരും എന്നാണ് അവർ നോക്കുന്നതു്. ഒരു നൂറോ അഞ്ഞൂറോ രൂപ ശമ്പളം വാങ്ങാൻ എന്താണ് മാർഗ്ഗമെന്നു് നോക്കുന്ന ആളുകളെ മാത്രമെ നമ്മുടെ ടെക്ക്നിക്കൽ കാളേജുകൾക്കു് പുറത്തുവിടാൻ കഴിയുന്നുള്ളു. അതു് ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ ദൂഷ്യമാണ്. നേരെമറിച്ച് തൊഴിലിനോടു് അഭിമുഖ്യമുള്ള വിദ്യാഭ്യാസമായിരുന്നെങ്കിൽ ഈ നില വരികയില്ലായിരുന്നു. കേവലജ്ഞാനം അതുകൊണ്ടു് ഇല്ലാതാകുകയില്ല. ലോകത്തിലെ ചരിത്രം നോക്കുകയാണെങ്കിൽ തൊഴിലിൽ ഇരിക്കുന്ന ആളുകൾ തൊഴിലിനോടു് ബന്ധപ്പെട്ട കാര്യങ്ങളെപ്പററി ആലോചിക്കയും ഗവേഷണം നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് പ്രസിദ്ധപ്പെട്ട കേവലജ്ഞാനങ്ങൾപോലും അവക്കറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഇൻഡ്യ ഉപരിഗണിതത്തിന്റെ കാര്യത്തിൽ ഒരുകാലത്തു് ലോകത്തിലെ മററു രാജ്യങ്ങളെ അപേക്ഷിച്ചു് വളരെ വളരെ ഉയൎന്ന നിലയിൽ പ്രവൎത്തിച്ചിരുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കേവലം ചിന്തയുടെ ഫലമായിട്ടാണോ ഇത്രയും ശ്രേഷ്ഠതകൾ ഉപരിഗണിതത്തിനുണ്ടായതു്? അതോ അതിന്റെ ആവശ്യം ഉണ്ടായതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ കൂട്ടരും അവരുടെ പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ കേവലഗണിതത്തിന്റെ ആവശ്യം നേരിട്ടു. സീറോ കണ്ടുപിടിച്ചതു് ഇൻഡ്യയാണെന്നുള്ളതു് പ്രസിദ്ധമാണ്. അതുപോലെതന്നെ ഒന്ന്, പത്തു്, നൂറ് എന്ന സ്ഥാനക്രമത്തിന് അക്കങ്ങൾ എഴുതുന്ന വിധവും ഇൻഡ്യയുടെ സംഭാവനയാണ്. അതിനുമുമ്പ് റോമിൽ സീസറിന്റെ കാലത്തുപോലും സ്ഥാനക്രമമനുസരിച്ചുള്ള അക്കങ്ങൾ എഴുതിക്കൊണ്ടിരുന്നതു്. വളരെ ലഘുവായി ഇൻഡ്യയുടെ സിസ്റ്റത്തിൽ എഴുതാവുന്ന ഒരു പത്തുകോടിയോ അമ്പതുകോടിയോ റോമൻസിസ്റ്റത്തിൽ എഴുതുകയാണെങ്കിൽ ഒരു ചുമരുമുഴവൻ വേണ്ടിവരും. ഇൻഡ്യയിൽ ജ്യോത്സ്യവൃത്തിയിൽ ഏർപ്പെട്ടിരുന്ന ആളുകൾ കവടി യെടുത്തു് എണ്ണി വിഷമം തോന്നിയപ്പോൾ പത്തെണ്ണമുള്ളതെടുത്തു വേറെ ഇട്ടു. അപ്പോൾ പത്തിനുമുകളിൽ എണ്ണുംതെതന്നെ ഒന്നും എട്ടും എഴുതിയാൽ പതിനെട്ടാകുമെന്നു് അവർക്കു സ്ഥാപിക്കാൻ കഴിഞ്ഞു. അതുമാതിരി തന്നെ പുതിയ യൂറോപ്യൻ പണ്ഡിതന്മാർ മാത്തമാററിക്സിലും സയൻസിലും "i = root of minus one" എന്നു പറയുന്ന ഒന്നിന്റെ സ്ക്വയർ റൂട്ട് ഒരു പ്രസിദ്ധ ജ്യോത്സ്യനായ ഭാസ്കരാചാര്യർ പറഞ്ഞിട്ടുണ്ടു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അപ്പോൾ സാഹചര്യം വേണമെന്നു് ബഹുമാനപ്പെട്ട മെമ്പർ സമ്മതിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമ്മതിക്കുന്നു. ഞാൻ പറയുന്നതു് മദ്ധ്യകാലശതകങ്ങൾക്കു് പുസ്തകങ്ങളോടു് പ്രതിപത്തി

വലുതായിട്ടില്ലായിരുന്നു എന്നാണ്. പത്താംനൂററാണ്ടുമുതൽ ഇൻഡ്യയ്ക്കു് അധഃപതനമാണുണ്ടായതു്. അന്നുമുതൽ ഇൻഡ്യയിലെ പണ്ഡിതന്മാർ ജീവിതത്തോടു് ബന്ധപ്പെട്ട വിജ്ഞാനങ്ങൾ ശേഖരിക്കുന്നതിനുപകരം പുസ്തകങ്ങൾക്കു് ടീകകൾ എഴുതുന്നതിനും, ടീകകൾക്കു് ടിപ്പണി എഴുതുന്നതിലും, ടിപ്പണിക്കു് ഭാഷ്യം എഴുതുന്നതിലും വ്യാപരിച്ചുകൊണ്ടിരുന്നു. അതു് അവസാനിക്കണമെങ്കിൽ പുസ്തകത്തിൽനിന്നുള്ള വിദ്യാഭ്യാസം അവസാനിപ്പിച്ചു് ജീവിതത്തോടു് ബന്ധപ്പെട്ട വിദ്യാഭ്യാസം സ്വീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ പുസ്തകത്തിൽനിന്നും കിട്ടുന്ന കേവലജ്ഞാനമല്ല, ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളും സ്വീകരിക്കുന്ന അറിവുകളും പ്രയാസങ്ങളുമാണു് വിദ്യാഭ്യാസത്തിനു് വഴിതെളിക്കുന്നതു്. അതൊരിക്കലും ഈ രാജ്യത്തു് ഉയന്ന വിദ്യാഭ്യാസം ഇല്ലാതാക്കയില്ല. ചിലർ വിചാരിക്കുന്നതുപോലെ ഈ പദ്ധതി ഇൻഡ്യയിലെ ജനങ്ങളെ പ്രാകൃതാവസ്ഥയിലേയ്ക്കു് പിൻവലിക്കുന്നൊന്നല്ല. നേരെമറിച്ചു് ഇൻഡ്യയിലെ ജനങ്ങൾ നൂററാണ്ടുകളായി ആണ്ടുകിടന്നിരുന്ന അനിശ്ചിതത്വത്തിൽനിന്നു് ഉയത്തുന്നതിനും അതു നിരുപാധികമായി പാലിക്കുന്നതിനും സന്ദർഭം നൽകുന്ന ഒരു സമ്പ്രദായമാണിതു്. ഇങ്ങനെ മുമ്പോട്ടു പോയി പിന്നീടു് ഏതുവിധത്തിലെങ്കിലും വികസിപ്പിച്ചു് ഈ രാജ്യം നന്നാക്കുന്നതിനു് വിരോധമില്ല. അതിനുള്ള ഒരു കാല്വയ്പാണു് മുഖ്യമന്ത്രി ഈ രാജ്യത്തു് ബേസിക്കു് എഡ്യുക്കേഷൻ തുടങ്ങണമെന്നു പറയുന്നതിൽ കാണുന്നതു്.

ചേർപ്പിൽ നാലുകൊല്ലംമുമ്പു് ഒരു ബേസിക്കു് എഡ്യുക്കേഷൻ ട്രെയിനിംഗ് സെൻറർ തുടങ്ങി. ചേർപ്പു മെംബർ പറഞ്ഞതുപോലുള്ള ആക്ഷേപം ആ സെൻററിനുള്ളതായി ഞാൻ കണ്ടില്ല. അങ്ങനെ ആക്ഷേപങ്ങളുള്ളപക്ഷം അതു പരിഹരിക്കാവുന്നതാണു്. ഏതായാലും ഇങ്ങനെ ഒരു വ്യത്യാസം ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ വരുത്തുന്ന കാര്യത്തിൽ ഈ നിയമസഭയിലെ എല്ലാ കക്ഷികളും ഗവണ്മെൻറിനു് ആനുകൂല്യം നൽകണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പ്രൊഫസ്സർ മുണ്ടശ്ശേരി പറയുകയുണ്ടായി, ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ക്രിയാത്മകമായ ചില മാററങ്ങൾ വരുത്തണമെന്നു. അതൊക്കെ പറയുകയാണെങ്കിൽ 'tweedle dum, tweedle dee' എന്ന വ്യത്യാസമേയുള്ളു. നിസ്സാരങ്ങളായ കാര്യങ്ങളിലേയ്ക്കും വിശദാംശങ്ങളിലേയ്ക്കും കടന്നു് നാം തക്കിക്കരുതു്. എന്തുവേണമെന്നു തോന്നുന്നുവോ അതനുസരിച്ചു് അതൊക്കെ ചെയ്യാൻ കഴിയും. സെൻട്രൽപ്രോവിൻസിൽ പരീക്ഷിച്ചതു് എല്ലാ രാജ്യങ്ങളിലും വിജയിച്ചുകൊള്ളണമെന്നില്ല. ഇൻഡ്യ ഒരു കാണ്ടിനൻറാണു്. മററു പ്രദേശങ്ങളിൽ പത്തുപതിനഞ്ചേക്കർ ഭൂമിയിൽ പ്രവത്തിക്കുന്ന വിദ്യാഭ്യാസം ഇവിടെ നടത്താൻ സാധിക്കയില്ല. ഇവിടെ വേറെ വിധത്തിലുള്ള സാഹചര്യമാണുള്ളതു്. ഈ സാഹചര്യങ്ങൾക്കു് തടസ്സമായ ഒരു പദ്ധതിയും മഹാത്മജി ആവിഷ്കരിച്ചിട്ടില്ല. മഹാത്മജിയുടെ പദ്ധതികൾ സ്ഥാപനങ്ങൾക്കും പ്രദേശങ്ങൾക്കും യോജിച്ചരീതിയിൽ മാററം വരുത്താമെന്നുള്ളതാണു്. ഇതിന്റെ തത്വമാണു് നാം സ്വീകരിക്കേണ്ടതു്. നാം ഈ പഴയ പന്ഥാവിൽക്കൂടി നമ്മുടെ വിദ്യാത്ഥികളെ വിദ്യാഭ്യാസം തുടരാൻ അനുവദിക്കുന്നപക്ഷം അവരുടെ എല്ലാവിധത്തിലുള്ള അഭിരുചിയേയും നിരോധിക്കുകയും ഹനിക്കുകയും ചെയ്യുക മാത്രമല്ല, വിപൽക്കര

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മായ ഒരു ഭാവിയുണ്ടാക്കിക്കൊടുക്കുന്നതിനും അവരുടെ ജീവിതത്തിൽ ഒരു ഇച്ഛാഭംഗം ഉണ്ടാക്കുന്നതിനും ഇടയാകും. ലക്ഷക്കണക്കിനു് ഇങ്ങനെയുള്ള നമ്മുടെ ആളുകളെ ഉണ്ടാക്കിവിടുന്ന ഈ വിദ്യാഭ്യാസസമ്പ്രദായം മാററി, തൊഴിലിൽ പ്രയത്നപരിചയവും തൊഴിലുമായി ബന്ധപ്പെട്ട രീതിയുംകൊണ്ടുള്ള ഒരു വിദ്യാഭ്യാസനയം നമുക്കാവശ്യമാണു് എന്നു തുടർച്ചയായി അനേകം പണ്ഡിതന്മാരുമായി ആലോചിച്ചു് ഉണ്ടാക്കിയിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതി നാം സ്വീകരിക്കണമോ എന്നുള്ള പ്രശ്നം തീരുമാനിക്കേണ്ടതാണു്. ഇതു പരിപൂർണ്ണമാണെന്നു ഞാൻ പറയുന്നില്ല. എന്തെന്നാൽ അതു ഞാൻ പഠിച്ചിട്ടില്ല. ഇതു പരിപൂർണ്ണമാണു്, ഇതുകൊണ്ടു് നാം ഉദ്ദേശിച്ച കാര്യങ്ങൾ സാധിക്കുമെന്നു മുഖ്യമന്ത്രിയും പറഞ്ഞിട്ടില്ല. നമുക്കു് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഒരു വ്യത്യാസം വരുത്തുക. അത്രയും തൊഴിലുമായി ബന്ധപ്പെടുത്തുകയും വ്യത്യാസം വരുത്തുകയും ചെയ്യുന്നതിനു് ഈ പദ്ധതി സ്വീകരിക്കുക. ഈ പ്രമേയം ഈ നിയമസഭ പാസ്സാക്കിയതിനുശേഷം ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനെ സംബന്ധിച്ചു് ഒന്നു പറയാനുണ്ടു്. അതെന്താണെന്നുവെച്ചാൽ ഈ വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുന്നതിനുള്ള ചുമതല ഈ സമ്പ്രദായത്തിൽ പരിപൂർണ്ണമായി വിശ്വാസമുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഏല്പിക്കണമെന്നാണു്. അതല്ലാതെ ഈ വലിയ കപ്പൽപോലെ കിടക്കുന്ന വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ഏതെങ്കിലും മുറിയിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ഇതിന്റെ ചുമതല ഏല്പിക്കരുതു്. മാത്രമല്ല, വിദ്യാഭ്യാസമന്ത്രിയുമായി നേരിട്ടു് എഴുത്തുകുത്തുകൾ നടത്തുന്നതിനും വിദ്യാഭ്യാസമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഈ ചുമതല നിർവ്വഹിക്കുന്നതിനു് ഒരു ഉയർന്ന അധികാരമുള്ള ഉദ്യോഗസ്ഥനെ ഇതേല്പിച്ചാൽ നന്നായിരിക്കും. അല്ലാത്തപക്ഷം ഈ വിദ്യാഭ്യാസസമ്പ്രദായവുമായി പരിചയമില്ലാത്തവർ, അതിനോടു് വൈമുഖ്യമുള്ള ചിലർ, അതിനെ ഞെക്കിക്കൊന്നു എന്നുവരും.

സർ, ഇന്നു് ഈ വിദ്യാഭ്യാസകാര്യത്തെപ്പററി പഠിച്ചിട്ടുള്ള ആളുകൾ—പ്രൊഫസ്സർ മുണ്ടശ്ശേരി ശാസ്ത്രീയമായി പഠിച്ച ആളാണു്—ആക്ഷേപങ്ങൾ പറയുന്നുണ്ടു്. ഇതു വാർദ്ധായിൽനിന്നും കൊണ്ടുവന്നതാണെന്നും ഇവിടെ ഇതു പററിയതല്ലെന്നും മററും പറയുകയുണ്ടായി. ഇങ്ങനെയുള്ളവരുടെ അടുക്കൽ ഈ കുഞ്ഞിനെ ഏല്പിച്ചാൽ ആ കുഞ്ഞിനെ അവർ ഞെക്കിക്കൊല്ലുവാനിടയുണ്ടു്. അവർ പറയുന്നതു് ഇതൊരു പരാജയമായി തീരുകയേ ഉള്ളു എന്നാണു്. അതുകൊണ്ടു് ഒരു എട്ടോ പത്തോ കൊല്ലക്കാലം എല്ലാവിധത്തിലുമുള്ള ഏർപ്പാടുകളുംചെയ്തു ഇതിനെ മുമ്പോട്ടുകൊണ്ടുപോകണമെന്നും ഈ രാജ്യം അതിന്റെ സ്വന്തമായ അടിസ്ഥാനത്തിലും വിശ്വാസത്തോടുംകൂടി പ്രവർത്തിക്കണമെന്നും അറിയിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. Speaker: The time is up. The Chief Minister can conclude. I cannot allow others to participate in the discussion now.

Shri Chengarappalli P. Narayanan Potti: Sir, I request that the time allotted may be extended by one more hour after lunch.

Shri A. Thanu Pillai : I do not object to it.

Mr. Speaker : All right, you can have one hour more after lunch.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സർ, ഈ സഭയിലെ എല്ലാ ഭാഗങ്ങളിലുമുള്ള അംഗങ്ങൾക്കു് ഇന്നത്തെ വിദ്യാഭ്യാസരീതി പോകണമെന്നും പുതിയ ഒരു അടിസ്ഥാനത്തിൽ അതിനു് ഒരു നവീകരണം ഏർപ്പെടുത്തണമെന്നും ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതായി കാണുന്നതു് വളരെ സന്തോഷാവഹമാണു്. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി കൊണ്ടു വല്ല പ്രയോജനവുമുണ്ടോ? അതനുസരിച്ചു പഠിക്കുന്നവർക്കും രാഷ്ട്രത്തിനും യാതൊരു പ്രയോജനവുമില്ലാതെയാണു് വന്നിരിക്കുന്നതു്. ആ വകുപ്പിനേയും ആ പ്രസ്ഥാനത്തേയും ഇന്നിവിടെ കൈകാര്യം ചെയ്തു വരുന്ന രീതികൊണ്ടുതന്നെ നമ്മുടെ ജീവിതത്തിൽ ഇതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാകണമെന്നു് ഭരണാധികാരികൾക്കു് ഒരു ഉദ്ദേശവുമില്ലെന്നാണു് ഒരാൾക്കു് കാണാൻ കഴിയുക. കുട്ടികൾ നാലും അഞ്ചും വയസ്സാകുമ്പോൾ അവരുടെ അച്ഛന്മാരും അപ്പൂപ്പന്മാരും പോയ അതേ വഴിത്താരകളിലൂടെതന്നെ സ്കൂളിൽ പ്രവേശിച്ചു് ദിവസങ്ങൾ കഴിച്ചുകൂട്ടുകയല്ലാതെ ആ കുട്ടിക്കു് ജീവിക്കാനുള്ള എന്തെങ്കിലും സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നു് ആർക്കും ആഗ്രഹമില്ലാത്തതുപോലെ തോന്നുന്നു. ഒരു വിദ്യാർത്ഥി പഠനം അവസാനിപ്പിച്ചതിനുശേഷം അവന്റെ അഭിരുചിക്കനുസരണമായും സമൂഹത്തിനു് പ്രയോജനകരമായും ഉള്ള ഏതെങ്കിലും നിശ്ചിത തൊഴിലിൽ അവനെ പ്രവേശിപ്പിക്കണമെന്നു് രക്ഷാകർത്താക്കന്മാർക്കു് നേരത്തെ ആസൂത്രണം ചെയ്യാൻ കഴിയാത്ത ഒന്നാണു് ഇന്നത്തെ അദ്ധ്യയനരീതി. നമുക്കറിയാം കെമിസ്ട്രിയും, ബോട്ടണിയുമെല്ലാം എടുത്തു കാളേജുകളിൽ പഠിച്ചു് ബി. എസ്സ്. സി. യും മററും പാസ്സായി പുറത്തു വന്നതിനുശേഷം ഒരു തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതെ അവസാനം ലാകാളേജിലോ കോവാപ്പറേററീവ് കാളേജിലോ ചെന്നു ചേരും. അതിനുശേഷം ബി. എസ്സ്. സി., ബി. എൽ., (അഡ്വക്കേററ്) എന്നു് ബോർഡും വച്ചിരിക്കും. പ്രബലമായ ഉപാശയോടെ സാങ്കേതികവിഷയങ്ങളിൽ ഗ്രാഡുവേററു ചെയ്യുന്നവരാണു് നിരാശ്രയരായി വക്കീൽപ്പണിയിൽ പ്രവേശിക്കാൻ നിർബ്ബന്ധിതരാവുന്നതു്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായമനുസരിച്ചു് ഈ കുട്ടികൾക്കു് മാനസികമായും കായികമായും തൊഴിൽപരമായും വികസിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലെന്നു് എല്ലാവരും സമ്മതിക്കുന്നു. ഇവിടെ ഒരു നൂററി അൻപതു വർഷമായി ഒരേ രീതിയിലുള്ള വിദ്യാഭ്യാസസമ്പ്രദായം മാത്രമാണു് നിലനിന്നുവരുന്നതു്. ഇന്നു് ആ വിദ്യാഭ്യാസരീതിക്കു് മൗലികമായ ഒരു പരിഷ്കരണമാണോ ആവശ്യം എന്നു നാം ആലോചിക്കേണ്ടതുണ്ടു്. അങ്ങനെയാണോ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി നവീകരിക്കേണ്ടതു്? ഇവിടെ നമ്മുടെ മുമ്പാകെ ഇന്നു കൊണ്ടുവന്നിരിക്കുന്നതു് അതിനൊരു ആൾട്ടർനേററീവായി വാർധാ എഡ്യൂക്കേഷൻ സ്കീമാണു്; അതായതു് ബേസിക് വിദ്യാഭ്യാസപദ്ധതിയാണു്.

പാശ്ചാത്യരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ചരിത്രപരമായി നോക്കിയാൽ നമുക്കറിയാൻ കഴിയും, ഭരണരീതികൾ വ്യത്യാസം വരുമ്പോൾ സമൂഹത്തിനും സാമൂഹ്യമായ ഓരോ പ്രവർത്തനമണ്ഡലത്തിനും മാററം വരുന്നതാണെന്നു്. അപ്പോൾ വിദ്യാഭ്യാസ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

രീതിക്കും മററും ഒരു വ്യത്യാസം വരാതെ തരമില്ല. അതിന് അവർ അപ്പോഴപ്പോൾ വേണ്ട വ്യതിയാനങ്ങൾ വരുത്തുന്നുമുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ഭരണരീതിക്കൊരു മാററം വന്നെങ്കിലും വിദ്യാഭ്യാസ സംബന്ധമായി പരിഷ്കാരങ്ങളെന്തെങ്കിലും വരുത്തുന്നതിന് യഥാർത്ഥമായ പരിശ്രമങ്ങൾ ഇതുവരെ നടന്നതായി കാണുന്നില്ല. അൻപതു കൊല്ലത്തിനു മുൻപ് ബി. എ. ക്ലാസ്സിൽ പഠിപ്പിച്ചു വന്നിരുന്ന പാഠങ്ങൾ തന്നെയാണ് ഇന്നും പഠിപ്പിക്കുന്നത്. അൻപതു കൊല്ലമായി ഇൻറർമീഡിയററ ക്ലാസ്സിൽ പഠിപ്പിച്ചു വന്നിരുന്ന പുസ്തകങ്ങൾതന്നെ ഇന്നും പഠിപ്പിക്കുന്നു. ഷേക്സ്പീയറിൻെറ രണ്ടു നാടകങ്ങൾ, പ്രോസും, പൊയട്രിയും അവയിൽ ഇന്ന ഇന്ന സെലക്ഷൻസ് വേണമെന്ന നിർബ്ബന്ധം, ഇവയെല്ലാം അഭംഗമായി തുടർന്നു വരുന്നു. അങ്ങനെ ആ പഴയ രീതിയിൽതന്നെ വിദ്യാഭ്യാസം പൂർത്തിയാക്കി ഡിഗ്രിയും കൊടുത്തു പുറത്തുവിടുന്നു. എട്ടിൽ പതിഞ്ഞ ആ പഴയ രീതിക്ക് ഇന്നും വ്യത്യാസമൊന്നും വന്നിട്ടില്ല. അന്നത്തെ വള്ളിപുള്ളിവിസർഗ്ഗങ്ങൾ ഇന്നും മാറാതെ തന്നെ ഇരിക്കുന്നു. ഈ രാജ്യത്തെ കുട്ടികളുടെ അഭിരുചിയും ആഗ്രഹവും അഭിവാഞ്ഛയും അനുസരിച്ച് അവർക്കാവശ്യമായ അഭ്യസനരീതി നൽകുവാനും നിയന്ത്രിക്കുവാനുമുള്ള അടിസ്ഥാനത്തിൽ അവരുടെ വാസനയെ വികസിപ്പിക്കുന്നതിനുതകത്തക്ക രീതിയിലുള്ള വിദ്യാഭ്യാസപരിഷ്ക്കരണം ഇവിടെ നടപ്പാക്കാൻ കാര്യമായ ശ്രമമെന്തെങ്കിലും ഇവിടെ നടന്നതായി തോന്നുന്നില്ല.

എങ്ങിനെയെങ്കിലും ഈ രീതി ഒന്നു മാററണമെന്ന് ജനങ്ങൾ നാട്ടിൻെറ നാനാഭാഗങ്ങളിലും മുറവിളി കൂട്ടിത്തുടങ്ങിയിട്ടുണ്ട്. ബേസിക്ക് വിദ്യാഭ്യാസപദ്ധതിതന്നെ ഒന്ന് എടുത്തു നോക്കുക. ബേസിക്ക് വിദ്യാഭ്യാസപദ്ധതി ഇവിടെ കൊണ്ടുവരുമ്പോൾ അതെന്താണെന്നുള്ളതിനെപ്പററി പ്രാഥമികമായ ഒരു ബോധമെങ്കിലും ഭരണാധികാരികൾക്കും ഭരണീയർക്കും കാണേണ്ടതല്ലേ? അപൂർവ്വം ചിലർ കണ്ടേയ്ക്കാം വിദഗ്ദ്ധജ്ഞാനമുള്ളവരായി. എന്നാൽ അതിൻെറ വിശദാംശങ്ങളെ സംബന്ധിച്ച് ആർക്കും ഇതുവരെ ഒരു പരിജ്ഞാനവും ലഭിച്ചിട്ടില്ല എന്നുള്ളത് നിർഭാഗ്യകരമാണ് എന്നു മാത്രമേ എനിക്കിപ്പോൾ പറയാനുള്ളൂ. ഇതിൻെറ വിശദാംശങ്ങളെയും പ്രയോഗരീതികളേയും വിവരിക്കുന്ന സമഗ്രമായ ഒരു Treatise ഈ സഭയിൽ നേരത്തെ അവതരിപ്പിക്കേണ്ടതായിരുന്നു. ഈ നാട്ടിൽ ഇപ്പോൾ ആവശ്യമായിട്ടുള്ളത് കൈത്തൊഴിലുകൾ, വാസന അനുസരിച്ച് വികസിപ്പിക്കുന്നതിനുള്ള പ്രേരണാശക്തി കുട്ടികൾക്കു കൊടുക്കുകയാണ് എന്നു പൊതുവേ പറയാം. ഈ രീതിയിലുള്ള ഒരു വിദ്യാഭ്യാസപരിഷ്ക്കരണം ആ ലക്ഷ്യത്തെ ലാക്കാക്കിയുള്ള ഒരു സംരംഭം, നാട്ടുകാർക്ക് പ്രയോജനപ്പെടണം എന്നു കരുതി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നില്ല. കുട്ടികളുടെ വാസനയെ വികസിപ്പിക്കാൻ ഉള്ള ഒരു പരിഷ്ക്കാരമാണ് ഇന്നു നമുക്കാവശ്യം.

ഇയ്യിടെ ഇംഗ്ലണ്ടിലെ രീതി എങ്ങനെയാണെന്നു ചോദിക്കയുണ്ടായി. അതിൻെറ വിശദാംശങ്ങളിലേയ്ക്കു കടന്നു സംസാരിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. തൊഴിൽ വിദ്യാഭ്യാസപദ്ധതി ഒരു പുതിയ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ എന്തൊക്കെയാണ് അവിടെ നടപ്പാക്കി

യിട്ടുള്ളതെന്ന് വളരെ ചുരുക്കമായി [illegible] പറയാമെന്ന് ഞാനുദ്ദേശിക്കുന്നു. കംപൽസറി സ്കൂ[illegible] [illegible]സ്കൂൾഗോയിംഗ് ഏജിലുള്ള ബാലികാബാലന്മാർ പതിനഞ്ചു ശതമാനം മുതൽ ഇരുപതു ശതമാനംവരെ പ്രൈമറി വിദ്യാലയങ്ങളിൽ പോകുകയാണ് അവിടെ പതിവ്. അതിനുശേഷം 5 ശതമാനം [illegible]സാങ്കേതിക വിദ്യാലയങ്ങളിൽ തൊഴിൽപരിശീലനം നേടുകയോ മറ്റു [illegible]സസ് സ്കൂളുകളിൽ പോയി പഠിക്കുകയോ ചെയ്യുന്നു. ആട്ടമേയ്ക്കൽ, ഉദ്യാനനിർമ്മാണം, കൃഷി മുതലായവയിൽ അഭിരുചിക്കനുസരണമായി അദ്ധ്യയനം കൊടുക്കുകയാണ് പതിവ്. അവരുടെ വാസന അനുസരിച്ചുള്ള ജോലികളിൽ അവക്ക് പരിശീലനം നൽകുന്നതിന് അവിടത്തെ ഗവണ്മെന്റ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അമേരിക്കയിൽ അതുപോലെ 'കാംപ്രിഹെൻസീവ് സിസ്റ്റം ഓഫ് എഡ്യൂക്കേഷൻ' എന്ന ഒരു പദ്ധതി നടപ്പിലാക്കി അതിനുവേണ്ട കാം[illegible]സീവ് സ്കൂളുകളും സ്ഥാപിച്ചിരിക്കുന്നു. ശരിയായ [illegible]പരിശീലനം നൽകുന്ന ഈ പാഠശാലകളിൽ [illegible] സ്വന്തമായ ബ്രാഡ് കാസ്റ്റിംഗ് സ്റ്റേഷൻ[illegible]ണ് അറിവ്. ഈ സംസ്ഥാനത്ത് ഡെന്മാർക്കിലുള്ളത് കൺടിന്യുവേഷൻ സ്കൂളുകൾ എന്നു വിളിക്കപ്പെടുന്ന വിദ്യാലയങ്ങളാണ്. അതും കുട്ടികളുടെ വാസന അനുസരിച്ചു പഠിപ്പിക്കുന്ന ഒരു പദ്ധതിയാണ്.

എന്നാൽ ഇവിടെ ഇന്നു തുടർന്നു വരുന്നത് സ്ത്രീക്കും പുരുഷനും അവരുടെ വാസനയനുസരിച്ചുള്ള തൊഴിൽ പരിശീലിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതിയല്ലാ എന്നതോ പോകട്ടെ, ഓരോ വ്യക്തിക്കും ഉള്ള ജന്മവാസനയെ പോഷിപ്പിക്കാൻ ഉതകുന്ന ഒരു പരിപാടിയും ഉൾക്കൊള്ളുന്നതല്ല എന്നതു് ശോചനീയമാണ്. ഇതിലേയ്ക്ക് ഒരു നിശ്ചിതരീതിയിലുള്ള പദ്ധതി റഷ്യയിലും ചൈനയിലും എന്നല്ലാ മിക്കവാറും എല്ലാ പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ രാജ്യങ്ങൾ ഒരു ഉറച്ച അടിസ്ഥാനത്തിൽ വിദ്യാഭ്യാസരീതിയെ മുന്നോട്ടുകൊണ്ടുപോകാനുള്ള സംരംഭങ്ങൾ വളരെ വ്യക്തമായി ആസൂത്രണം ചെയ്തു് പുരോഗമിക്കുകയാണ്.

ഇന്നുള്ള വിദ്യാഭ്യാസപദ്ധതി മുഴുവൻ മാററാതെതന്നെ പുതിയ ചില ആശയങ്ങൾകൊണ്ട് അതിന്റെ ചില അംശങ്ങളെ ഒന്നു് മിനുക്കുകയാണോ വേണ്ടതു്, അതോ പുതിയ രീതിയിലുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം ഉടലെടുക്കുകയാണോ വേണ്ടതു് എന്നുള്ള അഭിപ്രായം ഇന്നു മിക്ക ആളുകളിലും കാണുന്നുണ്ട്. ആ സംശയം എനിക്കു മുമ്പ് സംസാരിച്ച പ്രൊഫസർ മുണ്ടശ്ശേരിയും പ്രകടമാക്കുകയുണ്ടായി. എന്റെ പാർട്ടിയുടെ വിശ്വാസം വച്ചുകൊണ്ടു പറയാം, ഇവിടെ 150 കൊല്ലമായിട്ടു നടന്നുവന്ന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ മുക്കിലും മൂലയിലും ചില തേച്ചുമിനുക്കുകൾ ചെയ്തു് ശരിപ്പെടുത്തി അതിനെ ഇന്നത്തെ സാമൂഹ്യാവശ്യങ്ങളെ നിറവേററത്തക്കവണ്ണം പുനഃപ്രസാധനം ചെയ്യാമെന്ന് ഞങ്ങൾ വ്യാമോഹിക്കുന്നില്ല. അതുകൊണ്ട് പ്രയോജനമില്ലാ എന്നു നാം വ്യക്തമായി ധരിക്കണം. ശരിപ്പെടുത്തി എടുക്കാമെന്ന വിശ്വാസവും നശിച്ചു കഴിഞ്ഞു. അതു് ശരിപ്പെടുത്തി എടുത്തു പ്രയോജനമുണ്ടാക്കാൻ ഒക്കുമോ എന്ന പരീക്ഷണം നടത്താനും ആ പരീക്ഷണം സഫലമാകുമെന്നു വിശ്വസിപ്പിക്കാനും ഉള്ള ശ്രമങ്ങൾ നമ്മുടെ പുരോഗതിക്ക് അത്രവളരെ സഹായകമാകുകയില്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. നമ്മുടെ കുട്ടി

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

കളെ സ്കൂളുകളിൽ പഠിപ്പിക്കുന്നതിന് അയയ്ക്കുന്ന അവസരങ്ങളിൽ ഇന്നു നടപ്പുള്ള സമ്പ്രദായമനുസരിച്ച് എത്രമാത്രം പുസ്തകങ്ങളാണ് വാങ്ങിക്കേണ്ടതു്. ഇന്നു നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ആറും ഏഴും രൂപയുടെ പുസ്തകങ്ങൾ വേണം. ഇന്നു കുട്ടികൾ പുസ്തകങ്ങൾ വലിയ ചുമടുകളായി ചുമന്നുകൊണ്ടുപോവുകയാണ്. ഈ പദ്ധതി അനുസരിച്ച് മൂന്നും നാലും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എത്രയെത്ര പുസ്തകങ്ങൾ വേണം. കണക്കിനു പുസ്തകം, ഭൂമിശാസ്ത്രത്തിനു പുസ്തകം, ഗൃഹശാസ്ത്രത്തിനു്, സിവിക്സിനു്, എന്നുവേണ്ട ഏഴും എട്ടും വയസ്സുമാത്രം പ്രായമുള്ള കുട്ടികൾ മാറിച്ചു പാഠ്യപുസ്തകങ്ങളും താങ്ങി, ഒരുമാതിരി ടെക്സ്റ്റ്ബുക്ക് ചുമട്ടു തൊഴിലാളികളായിട്ടാണ് ഇന്നു ചെറിയ ക്ലാസ്സുകളിൽ പോകുന്നത്. ആ രീതിയുടെ ചില അംശങ്ങൾ വ്യത്യാസപ്പെടുത്തി, അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ചില അംശങ്ങളും അവിടവിടെ തൊട്ടുതേച്ചാൽ, ഇന്നത്തെ വിദ്യാഭ്യാസപദ്ധതി നവീകൃതമായെന്നും, സമൂഹപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനുള്ള ...മെന്നും വ്യാമോഹിക്കുന്നതു് ഒരുമാതിരി മൌഢ്യമാണെന്നുതന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. പത്തു പുസ്തകങ്ങളിൽ അഞ്ചെണ്ണം മാററി ...തിന്റെ സ്ഥാനത്തു് അടിസ്ഥാനവിദ്യാഭ്യാസപ്രകാരമുള്ള അഞ്ചു പുസ്തകങ്ങൾ വയ്ക്കുകയോ, അതിന്റെ ഭാഗികമായ ചില പരിപാടികളെപ്പററി ഇളംകുട്ടികളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതു് നമ്മെ ഒരിടത്തും കൊണ്ടെത്തിക്കുകയില്ലെന്ന് ഊന്നിപറയേണ്ടതായിട്ടുണ്ട്.

Mr. Speaker: Order, order. We will now adjourn for lunch and meet again at 2 P. M.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി : സർ, ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്ക് സമൂലമായ ഒരു പരിവർത്തനം ആവശ്യമാണെന്നുള്ള അഭിപ്രായത്തോടു ഈ സഭയിലുള്ള എല്ലാ അംഗങ്ങളും യോജിക്കുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നതു്. ഇന്നത്തെ സാമൂഹ്യജീവിതത്തെ, ബേസിക് എഡ്യുക്കേഷൻ കൊണ്ടു് സാരമായ പരിവർത്തനം ചെയ്യിക്കാനുള്ള ആഗ്രഹഗർഭമായ ഒരു ചിന്ത (Wishful thinking) ആണ് മുഖ്യമന്ത്രിയുടെ പ്രമേയത്തിൽ അന്തർഭവിച്ചിട്ടുള്ളതു്. അതിന്റെ വശദാംശങ്ങൾ വ്യക്തമായും വെളിയിലായി അതിന്റെ ഗുണദോഷങ്ങളെപ്പററിയുള്ള ഒരു സാമാന്യധാരണ ലഭിക്കുന്നതിനുമുമ്പ് അതിനെപ്പററി വിമർശിക്കുന്നതിനൊ, വിശദമായി ചർച്ചചെയ്യുന്നതിനൊ ഞാൻ ഈയവസരത്തിൽ തുനിയുന്നില്ല. എന്നിരുന്നാലും, ബേസിക് വിദ്യാഭ്യാസം വിദ്യാർത്ഥികളെ തൊഴിൽപരമായ ഉപജീവനമാർഗ്ഗങ്ങൾകൂടി പരിശീലിപ്പിക്കുന്ന ഒരു സമ്പ്രദായമായിരിക്കുമെന്നുള്ള വിശ്വാസമുള്ളതുകൊണ്ടു് എല്ലാ അംഗങ്ങളും ഈ പ്രമേയത്തോടു യോജിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. മനുഷ്യസമൂഹത്തിനു് യാതൊരു പ്രയോജനവുമില്ലാത്തതായ ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം മാററണമെന്നുള്ള കാര്യത്തിൽ ഈ സഭയ്ക്കു അകത്തും പുറത്തും അഭിപ്രായവ്യത്യാസങ്ങൾ ഒന്നുംതന്നെ ഇന്നില്ല. എന്നാൽ, അതുസംബന്ധിച്ച്

എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ മുണ്ടശ്ശേരി ഉന്നയിച്ച വാദമുഖങ്ങളിൽ ചിലതിനെസംബന്ധിച്ചു ഒന്നു സൂചിപ്പിച്ചുകൊള്ളട്ടെ.

സർ, വർത്തമാനകാലത്തിന് അമിതമായ പ്രാധാന്യം കൊടുത്തു ഭാവികാലത്തെ തീരെ അവഗണിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണ് ഇതെന്നു അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. അതു് പരിശോധനാർഹമായ ഒരു അഭിപ്രായപ്രകടനമാണ്. എന്റെ അഭിപ്രായത്തിൽ, വർത്തമാനകാലം എന്ന ഒരു നിശ്ചലമായ കാലമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. കാലമെന്നു പറയുന്നതു് ചലനാത്മകമാണ്. ഭാവിയെന്നു പറയുന്ന ഒരു പ്രത്യേകകാലവും, ഭൂതം എന്ന മറെറാരുകാലവും, അതിനു രണ്ടിനുംമദ്ധ്യേ ത്രിശങ്കുസ്വർഗ്ഗത്തെപ്പോലെ ഒരു വർത്തമാനകാലവും ഉണ്ടെന്നു വ്യവച്ഛേദിക്കുക വളരെ പ്രയാസമാണ്. അതായതു് നിശ്ചലമായ ഒരവസ്ഥ ഈ കാലങ്ങൾക്കു ഇല്ല. അത്രത്തോളംകാലം ഈ വിധത്തിലുള്ള കാലപരിഗണനകൾ അശാസ്ത്രീയമാകാനെ തരമുള്ളു. ബേസിക് വിദ്യാഭ്യാസത്തെ സംബന്ധിച്ചടത്തോളം പറയുകയാണെങ്കിൽ, ശരിയായ ഒരു വീക്ഷണകോണത്തിൽക്കൂടി വിദഗ്ദ്ധന്മാർ ആത്മാർത്ഥമായി പരീക്ഷിച്ചുനോക്കിയിട്ടു്, ഏതുവിധത്തിൽ ആ പദ്ധതിയെ മാനവസമുദായത്തിന്റെ പുരോഗതിക്കു് സഹായകമാകും വിധം വികസിപ്പിക്കാമെന്നു് തീരുമാനിക്കുന്നതിനു് കാലങ്ങളുടെ പരിഗണനയൊന്നും ആവശ്യമില്ല. വർത്തമാനകാലപരിതസ്ഥിതിക്കു് അനുഗുണമായ പദ്ധതികൾ ഭാവിസമൂഹത്തിന്റെ ആവശ്യങ്ങളനുസരിച്ചു് ക്രമീകരിക്കുക അസാദ്ധ്യമോ അപ്രായോഗികമോ ആണെന്നു്, സർ, ഞാൻ വിശ്വസിക്കുന്നില്ല. സമൂഹത്തിനു് ഏററവും കൂടുതൽ ആവശ്യമുള്ളതും, ഏററവും കൂടുതൽ ഉപകരിക്കുന്നതുമായ പദ്ധതിയാണു് നാം സ്വീകരിക്കേണ്ടതും അനുകരിക്കേണ്ടതും. അങ്ങനെ നോക്കിയാൽ ഭാവിൽ വരുന്ന സോഷ്യലിസ്ററസമൂഹവ്യവസ്ഥിതിക്കു് ഇതു് അനുഗുണമായിരിക്കുകയില്ല എന്ന വാദത്തെ [illegible] അവലംബിച്ചുകൊണ്ടു്, ഒരു പി. എസ്. പി. സർക്കാർ അവതരിപ്പിച്ചു എന്ന ഒററക്കാരണത്താൽ, ഇതിനെ നിരാകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ ആശാസ്യമാണെന്നു് ഞങ്ങൾക്കു് തോന്നുന്നില്ല.

മറെറാന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചതു്, ഏതെങ്കിലും ഒരു തൊഴിലിലൊ, അല്ലെങ്കിൽ ഒരു പ്രത്യേക ആക്റിവിററിയിലൊ വ്യാപൃതനായിരിക്കുന്ന ഒരാളിന്റെ വളർച്ച അഥവാ വികാസം വളരെ പരിമിതമായി മുരടിച്ചുപോകുമെന്നാണ്. സാങ്കേതികമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ, അതായതു് മരപ്പണി, പാത്രനിർമ്മാണം, തുടങ്ങിയ പണികളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അവരവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലുകളിൽമാത്രം ബുദ്ധിയും ശ്രദ്ധയും വ്യാപരിപ്പിക്കുന്നതുകൊണ്ടു് അവരുടെ മാനസികമായ വളർച്ച മുരടിച്ചുപോകുന്നുവെന്നു ഇവിടെ വാദിക്കപ്പെട്ടിരിക്കുന്നു. സർ, ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല. ഏതു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളായാലും, ജന്മനാതന്നെ അയാൾക്കു മറെറതെങ്കിലും കലയിൽ വാസനയുണ്ടായിരുന്നാൽ, തീർച്ചയായിട്ടും അയാൾക്കു് മാനസികമായ വളർച്ചയുണ്ടാകുമെന്നു തന്നെയാണു എനിക്കു് തോന്നുന്നതു്. അതിനു് പല ഉദാഹരണങ്ങളും പറയാൻ സാധിക്കും. ജന്മവാസനയാലുണ്ടാകുന്ന മാനസികവളർച്ചയെ തടയാൻ ലോകത്തു് ഒരു ശക്തിക്കും സാദ്ധ്യമല്ല. നമ്മുടെ ഇന്നത്തെ ജീവിതരീതി ഒരു മുതലാ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

ളിത്ത വ്യവസ്ഥിതിയിൽക്കൂടിയാണ്; സമ്മതിച്ചു. മുതലാളിവ്യവസ്ഥിതിയെന്നു പറയുമ്പോൾ, മുതലാളിത്തത്തിൽപ്പെട്ടവർ എല്ലാവരും മറെറാരു സമൂഹഘടനയെ ഭയപ്പെടുന്നവരാണെന്ന് പറയുന്നതു് പരമാർത്ഥമാണ്. പക്ഷേ, മുതലാളിത്തവ്യവസ്ഥിതിയാണ് ഇന്നു നിലനിൽക്കുന്നതു് എന്ന ഒരൊററക്കാരണത്താൽ മാത്രം, ഒരു വ്യവസ്ഥിതിക്കും പററാത്ത ഇന്നത്തെ വിദ്യാഭ്യാസം ആക്റ്റിവിററികളിലും ക്രാഫ്റ്റുകളിലുംകൂടി വൈദഗ്ദ്ധ്യം പ്രദാനംചെയ്യത്തക്കവണ്ണം ഭേദഗതി ചെയ്യപ്പെടേണ്ടതാണെന്ന് വാദിക്കുന്നതു് തെററാണെന്നോ അശാസ്ത്രീയമാണെന്നോ എങ്ങനെയാണ് പറയാൻ കഴിയുക? മുതലാളിത്തം അസ്തമിച്ച് സോഷ്യലിസം ഉദയം ചെയ്യുന്നതുവരെ ഇന്നത്തെ സമ്പ്രദായം വ്യത്യാസപ്പെടുത്തേണ്ടെന്നാണോ എന്റെ സ്നേഹിതന്മാർ ശഠിക്കുന്നതു്? ഏതെങ്കിലും ഒരു പ്രത്യേകതരത്തിലുള്ള പ്രവൃത്തിയിൽ വിദഗ്ദ്ധനാക്കുന്ന ഒരു സമ്പ്രദായമാണ് നമുക്കാവശ്യം. ഓരോ പ്രവർത്തിയിലും പ്രത്യേകം പ്രത്യേകം വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള ആളുകളെ വേണം ആണ്ടുതോറും പരിശീലനം നടത്തി പുറത്തിറക്കിവിടേണ്ടതു്. മുതലാളിത്തസമൂഹഘടനയിൽ അതിന് വേണ്ട ഉദ്യമങ്ങൾ ചെയ്യരുതെന്ന് വാദിക്കുന്നതു് ബാലിശമാണ്. ഇന്നത്തെപ്പോലെ കുറെ കണക്കും, ഭൂമിശാസ്ത്രവും മററും പഠിച്ച് പഴയ നാട്ടുവാഴികളുടെ പടയോട്ടവൃത്താന്തങ്ങൾ മനഃപാഠമാക്കി, പരീക്ഷയിൽ ചേർന്നു കണ്ടെഴുതിയോ, എക്സാമിനേഴ്സിന് ശുപകൊടുത്തോ ഒരു ബിരുദവുംനേടി സോഷ്യലിസത്തിന്റെ സൂര്യോദയവും കൊതിച്ചുകൊണ്ടു കഴിഞ്ഞുകൂടാൻ നമ്മുടെ വിദ്യാർത്ഥിലോകത്തെ ഇനിയും അനുവദിക്കുന്നതു് മഹാപാതകമാണ്. ഇപ്പോൾ നടപ്പാക്കാനുദ്ദേശിക്കുന്ന ബേസിക് വിദ്യാഭ്യാസംകൊണ്ടു ദാരിദ്ര്യത്തിൽനിന്നും ദുരിതങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗം ഉണ്ടോ എന്നു ഒന്ന് പരീക്ഷിച്ച് നോക്കേണ്ടതാണെന്നാണെന്റെ അഭിപ്രായം.

സർ, മറെറാരുകാര്യം; വിദ്യാഭ്യാസത്തെസംബന്ധിച്ച് ആരെങ്കിലും വല്ലതും പറഞ്ഞുപോയാൽ ഉടൻ 'മെക്കാളെയുടെ കാര്യം പൊക്കിപ്പിടിക്കാറുണ്ട്. മരിച്ചു മൺമറഞ്ഞ മെക്കാളെ പ്രഭുവാണ് ഇന്നത്തെ വിദ്യാഭ്യാസരീതി ഇങ്ങനെയായതിന്റെ ഉത്തരവാദിയെന്ന് പറയുന്നതിലെന്തർത്ഥമാണ്? സർ, നൂറ നൂററിരുപത്തു വർഷങ്ങൾക്കുമുൻപ് മെക്കാളെയുടെ പദ്ധതി ആവശ്യമായിരുന്നു. മെക്കാളെയുടേയും മെക്കാളെ പ്രതിനിധാനം ചെയ്ത താല്പര്യങ്ങളുടെയും സംരക്ഷണത്തിന് ആ രീതിയിൽ അതു നടപ്പിലാക്കേണ്ടിവന്നതാണ്. അന്നത്തെ സമൂഹത്തിന്റെ നിലപാടിനെ ആസ്പദമാക്കിയായിരുന്നു ആ വിദ്യാഭ്യാസപദ്ധതി മെക്കാളെ അന്ന് ആസൂത്രണം ചെയ്തതു്. അന്ന് സമൂഹത്തിന് ഈ പദ്ധതി വളരെ ആവശ്യമായിരുന്നുവെന്നുള്ള കാര്യം ആരാണ് സമ്മതിക്കാത്തതു്? മെക്കാളെയുടെ വിദ്യാഭ്യാസപദ്ധതിയെ ആക്ഷേപിക്കുകയും അപലപിക്കുകയും ചെയ്യാത്ത ഒരു വിദഗ്ദ്ധനും ഇന്നില്ല. അന്ന് ഏററവും പ്രധാനപ്പെട്ട സാമൂഹ്യപ്രശ്നം ഉദ്യോഗത്തിന് ആളുകളെ സൃഷ്ടിക്കുകയായിരുന്നു എന്ന ചരിത്രസത്യം മനസ്സിലാക്കിയാൽ, ഒരു നൂററാണ്ടിന് മുമ്പ് ബ്രിട്ടീഷ്സാമ്രാജ്യാധിപന്മാർ ആസൂത്രണംചെയ്ത ഏററവും സമർത്ഥമായ വൊക്കേഷണൽ ട്രെയിനിംഗുതന്നെയാണ് മെക്കാളെ സൃഷ്ടിച്ചതു്! പക്ഷെ, കാലം വളരെ മുൻപോട്ടു പോയിരിക്കുന്നു, ഇന്നുവരെയായിട്ടും ഈ വിദഗ്ദ്ധന്മാർ

എന്താണ് അതിന്റെ ഒററമെങ്കിലും ഒന്നു മാററാൻ ശ്രമിക്കാത്തതു് ? ഇൻഡ്യാചരിത്രത്തിൽ പല പരിവർത്തനങ്ങളും ഉണ്ടായതിന്റെ ഫലമായിട്ടു് മനുഷ്യസമുദായം പല വിഷമഘട്ടങ്ങളും തരണംചെയ്യേണ്ടിവന്നിട്ടുണ്ടു്. പല പ്രശ്നങ്ങളും നേരിടേണ്ടിവന്നിട്ടുണ്ടു്. അപ്പോഴൊക്കെയും മെക്കാളെ ഗുമസ്തന്മാരെ സൃഷ്ടിക്കാനുണ്ടാക്കിയ ദുഷിച്ച പദ്ധതിയെന്നു് കുററപ്പെടുത്തിക്കൊണ്ടിരുന്ന ധുരന്ധരന്മാരെയല്ലാതെ, അതിനെ കാലത്തിനനുയോജ്യമായി ഉടച്ചുവാക്കാൻ ശ്രമിച്ച ആരെയും നാം കാണുന്നില്ല. അന്നത്തെ രീതിക്കു് മെക്കാളെയുടെ വിദ്യാഭ്യാസരീതി വളരെ യോജിച്ചിരുന്നുവെന്നുള്ളതിനു് ആർക്കാണു് സംശയം. കാലത്തിനൊത്തവണ്ണം വിദ്യാഭ്യാസസമ്പ്രദായത്തെ പരിഷ്കരിക്കേണ്ടതാണു്. ഓരോകാലത്തു് സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ നേരിടത്തക്കവണ്ണം വിദ്യാഭ്യാസസമ്പ്രദായത്തെ ആസൂത്രണം ചെയ്യാത്തതുകൊണ്ടാണു് ഇന്നു് ഇതു ഇത്രവലിയ ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നതു്.

സർ, 1948-ൽ Diversified system of education എന്ന ഒരു പദ്ധതി മദ്രാസിൽ പരീക്ഷണാർത്ഥം നടപ്പിലാക്കി. അതേപ്പററി ഞങ്ങൾ ധാരാളം കേട്ടിട്ടുണ്ടു്. ആ പദ്ധതിക്കുശേഷം, രാജഗോപാലാചാരി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു—രാജാജി പദ്ധതി. പക്ഷെ, ഈ പദ്ധതികൾ നാട്ടുകാർക്കു് ഗുണപ്രദമാകണമെന്നുള്ള ആത്മാർത്ഥതയോടുകൂടി പ്രയോഗിച്ചിരുന്നെങ്കിൽ നാട്ടുകാർ അതിനു് പിൻതുണ നൽകുമായിരുന്നു. ആത്മാർത്ഥതയില്ലാത്ത അടിസ്ഥാനത്തിലാണു് സാധാരണയായിട്ടു് ഈ പദ്ധതികളൊക്കെ നടപ്പിലാക്കുന്നതു്. അതുകൊണ്ടു് മിക്കവാറും ഇവയെല്ലാം പരാജയമടയുകയാണു ചെയ്യുന്നതു്. ആ പദ്ധതികളെല്ലാം ഇന്നെവിടെ ? നാട്ടുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ള ഉദ്ദേശമായിരുന്നോ, ഒരു പദ്ധതി സൃഷ്ടിച്ചു് വിദഗ്ദ്ധന്റെ ബഹുമതി നേടണമെന്നുള്ള കൊതിയായിരുന്നോ ഇവയുടെ പിന്നിലുണ്ടായിരുന്നതു് എന്നതിനെപ്പററി ഞങ്ങൾക്കു് സംശയമുണ്ടു്. എന്നാൽ നമ്മുടെ ബേസിക് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ സമൂഹത്തിനു് ഏതുമാററമാണു് നല്ലതെന്നുള്ളതു തിരഞ്ഞെടുത്തു് ആ മാററങ്ങളിൽകൂടി ഈ അടിസ്ഥാനവിദ്യാഭ്യാസം കൊണ്ടുപോകേണ്ടതാണു്. മാത്രമല്ല, ജനങ്ങൾക്കു് ഇതുകൊണ്ടു ഗുണമുണ്ടാകുമെന്നുള്ള വിശ്വാസവും ഉണ്ടാകണം. ബേസിക് വിദ്യാഭ്യാസപദ്ധതി ഞങ്ങളാണു് നടപ്പിലാക്കിയതു് എന്ന മേന്മയ്ക്കു് വേണ്ടിയാണെങ്കിൽ ഇത്രവളരെ പാടുപെടേണ്ടതില്ല. ബേസിക് സ്കൂളുകൾ ഉണ്ടാക്കുകയും, അതിലേയ്ക്കുള്ള ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറുണ്ടാക്കുകയും ചെയ്യുന്നതിൽ വിരോധമില്ല. എന്നാൽ അതുകൊണ്ടു ഗുണമുണ്ടാകണമെന്നുള്ള വിചാരംകൂടി ഉണ്ടായിരിക്കണം. സർ, സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഒരുഭാഗത്തു് വിദ്യാഭ്യാസപരിഷ്കരണത്തെക്കുറിച്ചു് പറഞ്ഞിട്ടുള്ള ഒരു വസ്തുതയെക്കുറിച്ചുകൂടി ഞാൻ ഒന്നു സൂചിപ്പിച്ചുകൊള്ളട്ടെ. അതായതു്, ഇന്നത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറും, വ്യവസായഡിപ്പാർട്ടുമെൻറും തമ്മിൽ ചിലകാര്യങ്ങളിലൊക്കെ യോജിച്ചുപ്രവർത്തിക്കണമെന്നാണു് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതു്. മറെറാരുവിധത്തിൽ പറഞ്ഞാൽ രണ്ടു ഡിപ്പാർട്ടുമെൻറുകളുടെയും നിർദ്ദിഷ്ടമായ ചില കൃത്യങ്ങളെ പൊരുത്തപ്പെടുത്തി—Co-ordinate ചെയ്തു—കൊണ്ടുപോയാൽ ഇന്നത്തെ വിദ്യാഭ്യാസം ജനകീയതാല്പര്യങ്ങളെ കൂടുതൽ ഫലക്ഷമമായി സാക്ഷാൽക്കരി

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

ക്കാൻ സാധിക്കുമെന്നു് അവർ അഭിപ്രായപ്പെടുന്നു. അമേരിക്കയിൽ ഈ പ്രകാരം പരീക്ഷിച്ചുനോക്കിയതിന്റെ ഫലമായിട്ടാണു് കമ്മീഷൻ റിപ്പോർട്ടുചെയ്തിരിക്കുന്നതു്. വിദ്യാഭ്യാസവകുപ്പും വ്യവസായവകുപ്പും പരസ്പരം ആലോചിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതായാൽ നമ്മുടെ അടിസ്ഥാനവിദ്യാഭ്യാസം നിശ്ചയമായിട്ടും വിജയിക്കാനാണു് വഴികാണുന്നതു്. പ്രസംഗപാടവം പ്രദർശിപ്പിക്കാനല്ല, വിദ്യാഭ്യാസവിചക്ഷണന്മാർ ആലോചിച്ചു കൈകാര്യംചെയ്യേണ്ട ഒരു കാര്യത്തെ ലക്കാണു് ഈ നിർദ്ദേശം വിരൽചൂണ്ടുന്നതു്. ഏതായാലും നമ്മുടെ മുൻപിൽ ഇന്നു് ഏററവും ആശാഗർഭമായും ആശയഗർഭമായും അവതരിപ്പിച്ചിരിക്കുന്ന ഈ പദ്ധതിക്കു്, മറെറാരു ആൾട്ടർനേററീവിന്റെ അഭാവത്തിൽ, നാം മാന്യമായ ഒരു പരീക്ഷണം കൊടുക്കുക. ഇന്നത്തെ രീതിയിൽനിന്നും മോശമായിത്തീരുമെന്നു് ഈ സഭയിലാർക്കും സംശയമില്ലല്ലോ.

ഇന്നത്തെ അദ്ധ്യയനസമ്പ്രദായത്തിൽ അടിസ്ഥാനപരമായ ഒരു പരിവർത്തനം കൈവരുത്താമെന്ന വാഗ്ദാനത്തോടും വിശ്വാസത്തോടും ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബേസിക് എഡ്യൂക്കേഷൻ സ്കീമിനു് ഈ സഭയുടെ എല്ലാ കക്ഷികളിൽനിന്നും അംഗങ്ങളിൽനിന്നും ആനുകൂല്യമുണ്ടാകണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, ഞാനും എന്റെ കക്ഷിയും ഈ സംരംഭത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. ബേസിക്ക് വിദ്യാഭ്യാസസംബന്ധിച്ചു് ഒന്നുരണ്ടു വർഷത്തെ പരിശീലനത്തിൽനിന്നും, മാത്രമല്ല എന്റെ അനുഭവത്തിൽനിന്നും ഏതാനും ചില വസ്തുതകൾ ഗവണ്മെന്റിനെയും ഈ സഭയെയും അറിയിക്കണമെന്നു ഞാനാഗ്രഹിക്കുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ബഹുമാനപ്പെട്ട മെംബർക്കു് എവിടെനിന്നാണു ഈ പരിശീലനം സിദ്ധിച്ചതു്?

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ബേസിക് വിദ്യാഭ്യാസം സംബന്ധിച്ചു് വാർദ്ധായിൽ രണ്ടുവർഷം പരിശീലനം നടത്തിയിട്ടുണ്ടു്. അതിനുപുറമെ പ്രവർത്തനംമൂലമുള്ള അനുഭവവുമുണ്ടു്.

സർ, ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസംമൂലം വളരെ അധികം ആളുകൾ യാതൊരു ജോലിയും ഇല്ലാതെ പട്ടണങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരു കാഴ്ചയാണു് നാം കാണുന്നതു്. ആയിരക്കണക്കിനു് വിദ്യാർത്ഥികൾ കാളേജുകളിൽ നിന്നും ഹൈസ്കൂളുകളിൽനിന്നും വർഷം തോറും പുറത്തുവരുന്നുണ്ടു്. ഇവർക്കെല്ലാപേർക്കും ഏതുതരത്തിലുള്ള ജോലിയാണു് ഗവണ്മെന്റിനെക്കൊണ്ടു് കൊടുക്കാൻ സാധിക്കുന്നതു്. കാളേജുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികളിൽ വളരെ ചുരുക്കംപേർക്ക് അതായതു് അപൂർവം ചില പണക്കാരുടെ മക്കൾക്കു് മാത്രമേ മെഡിക്കൽകാളേജിലോ ഇൻജിനീയറിംഗ് കാളേജിലോ മററു ഉയർന്ന വിദ്യാഭ്യാസത്തിനു പോകുവാൻ സാധിക്കുന്നുള്ളു. ബാക്കിയുള്ളവരിൽ ഭൂരിപക്ഷവും കൃഷിക്കാരന്റെയും കൊല്ലന്റെയും അതുപോലെ തൊഴിൽചെയ്തു ജീവിക്കുന്ന മററു സാധാരണക്കാരുടെയും മക്കളാണു്, അവർക്കു് അവരുടെ സന്താ

നങ്ങളെ എങ്ങനെ ആണ് പഠിപ്പിക്കുവാൻ സാധിക്കുന്നത് എന്നു നാം ആലോചിക്കണം. പുരയിടങ്ങൾ പണയംവച്ചും വീട്ടിലുള്ള ഓട്ടുപാത്രങ്ങളും ആഭരണങ്ങളും മററും വിററിട്ടാണ് ഇവർ കുട്ടികളെ പഠിപ്പിക്കുന്നത്. അവരുടെ ലക്ഷ്യം എന്തായിരിക്കും?

പത്താംക്ലാസ്സ് എങ്ങനെയെങ്കിലും പാസ്സായാൽ തങ്ങളുടെ മക്കൾക്ക് എന്തെങ്കിലുമൊരു ജോലി കിട്ടുമെന്നും അതിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് ജീവിക്കാമെന്നുമുള്ള അത്യാശയോടുകൂടി ആണ് ഈ ക്ലേശം സഹിച്ചുകൊണ്ട് അവർ മക്കളെ പഠിപ്പിക്കുന്നത്. എന്നാൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് മടങ്ങിവന്ന ശേഷം യാതൊരു ജോലിയും കിട്ടുന്നില്ലെങ്കിൽ ആ അച്ഛനമ്മമാരുടെ സ്ഥിതി എന്തായിരിക്കും. ഇന്ന് അനേകായിരം മാതാപിതാക്കന്മാർ കണ്ണുനീർ വീഴ്ത്തിക്കൊണ്ടാണ് കഴിയുന്നത്. ജോലികിട്ടുന്നില്ലായെങ്കിൽ ഗവണ്മെൻറിനെ ആയിരിക്കും അവർ കുററം പറയുന്നത്. ഒരുവർഷം കൊണ്ടോ അല്ലെങ്കിൽ രണ്ടുവർഷം കൊണ്ടോ ഇത്രയധികം പേർക്ക് ജോലി സൃഷ്ടിച്ചുകൊടുക്കുവാൻ ഏതൊരു ഗവണ്മെൻറിനെക്കൊണ്ടും സാദ്ധ്യമല്ല. ഇവിടത്തെ വിദ്യാസമ്പന്നന്മാർ പോലും വിദ്യാഭ്യാസത്തെ ജീവിതമാർഗ്ഗത്തിനുള്ള ഒരു ഉപാധിയായിട്ടുമാത്രമാണ് കാണുന്നതും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതും. വളരെ അപകടം പിടിച്ച ഒരു സ്ഥിതി ആണ് ഇതെന്ന് അംഗങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസത്തിന് നിത്യജീവിതവുമായി യാതൊരു ബന്ധവുമില്ലെന്ന് ചില സ്നേഹിതന്മാർ ഈ സഭയിൽ പറയുകയുണ്ടായി. അതുകൊണ്ട് വിദ്യാഭ്യാസത്തിന് ഒരു മാററം വരുത്തണമെന്നും പറയുന്നു. എന്നാൽ ഇങ്ങനെ കുററം പറയുന്ന മുണ്ടശ്ശേരിയെപ്പോലെയുള്ള പണ്ഡിതന്മാർക്കാകട്ടെ, വിദഗ്ദ്ധന്മാർക്കാകട്ടെ ഇതിനു പരിഹാരമായി ഏതെങ്കിലും ഒരു പദ്ധതി ആസൂത്രണം ചെയ്യാനോ അത് ഗവണ്മെൻറിലേക്ക് സമർപ്പിക്കാനോ കഴിഞ്ഞിട്ടില്ല. ഇപ്പോൾ പി. എസ്. പി. ഗവണ്മെൻറ് അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കുവാൻ വേണ്ടി ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുകയാണ്. നമുക്ക് ഇതിനെ സ്വാഗതം ചെയ്യാം. ഇത് എത്രകണ്ട് പ്രയോജനകരമാകുമെന്ന് നമുക്ക് പ്രവൃത്തിപഥത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. എന്തെങ്കിലും ഒരു പദ്ധതി ഏതെങ്കിലും ഗവണ്മെൻറ് നമ്മുടെ മുമ്പിൽ കൊണ്ടുവരുമ്പോൾ അത് നടപ്പിൽ വരുകയില്ലായെന്നും വിജയിക്കുകയില്ലെന്നും പറഞ്ഞ് അതിനെ കണ്ണുമടച്ച് വിമർശിക്കുക എന്നുള്ളത് ഇവിടെ ചിലക്ക് ഒരു പതിവായി തീർന്നിട്ടുണ്ട്. അത് ഈ സഭയിലുള്ള കമ്മ്യൂണിസ്റ്റ് സഖാക്കളാണെന്ന് ഞാൻ എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അടിസ്ഥാനവിദ്യാഭ്യാസത്തെപ്പററി പറയുമ്പോൾ ചില തത്വങ്ങൾ നാം സ്മരിക്കേണ്ടതായുണ്ട്. താഴെ പറയുന്ന മൂന്നു കാര്യങ്ങൾ പ്രധാനമായി ശ്രദ്ധിക്കേണ്ടതാകുന്നു.

"The fundamentals of Basic Education:—

1. All education to be true must be self-supporting, that is to say, in the end it will pay its expenses excepting the capital which will remain intact.

2. In it the cunning of the hand will be utilised even up to the final stage, that is to say, hands of the pupils will be skilfully working at some industry for some period during the day.

[ശ്രീ. കെ. കെ. ബാലകൃഷ്ണൻ]

3. This education whether it is confined to children, adults, male or female, will find its way to the homes of the peoples".

സർ, ബേസിക്ക് എഡ്യൂക്കേഷൻ എന്നു വച്ചാൽ Education in and through works എന്നാണ് മനസ്സിലാക്കേണ്ടതു്. ജോലിയിൽനിന്നും ജോലി മുഖേന സിദ്ധിക്കുന്ന വിദ്യാഭ്യാസം. വിദ്യ അഭ്യസിക്കുന്ന സമയത്തുതന്നെ ചെയ്യുന്ന ജോലിയിൽനിന്നും പലതും പഠിക്കാൻ സാധിക്കും. മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽപ്പറഞ്ഞ നൂൽനൂൽപ്പിനെ സംബന്ധിച്ചുതന്നെ എടുക്കുക. നൂൽ ഉണ്ടാക്കിക്കഴിഞ്ഞാൽ എത്ര നൂൽ ഉണ്ടാക്കാൻ കഴിഞ്ഞു എന്നും നൂൽനൂൽക്കുന്നതിന്റെ ഉദ്ദേശവും ഉപയോഗവും എന്താണെന്നും ഈ നൂൽ നൂൽക്കുവാനുള്ള പരുത്തി എവിടെയാണു കൂടുതലായി ഉണ്ടാകുന്നതെന്നും മററുമുള്ള വിവരങ്ങളെ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുവാനും എളുപ്പത്തിൽ പഠിക്കുവാനും സാധിക്കും. അങ്ങനെ തൊഴിലുകളിൽക്കൂടി കണക്ക്, ഭൂമിശാസ്ത്രം. ചരിത്രം മുതലായ പലതും പഠിപ്പിക്കുവാനും പഠിക്കുവാനും സാധിക്കും, പുസ്തകങ്ങളിൽനിന്നും ഗ്രഹിക്കുന്നതിനേക്കാൾ കൂടുതൽ ജ്ഞാനം ജോലിയിൽ നിന്നും ഗ്രഹിക്കുവാൻ കഴിയുമെന്ന് പല വിദഗ്ദ്ധന്മാരും പറഞ്ഞിട്ടുണ്ട്. അതുപോലെ, മരപ്പണി കൊല്ലപ്പണി മുതലായ പല തൊഴിലുകളും വിദ്യ അഭ്യസിക്കുന്ന സമയത്തുതന്നെ പഠിക്കുവാൻ സാധിച്ചാൽ വിദ്യാഭ്യാസം കഴിഞ്ഞിട്ട് ഒരു പക്ഷെ ജോലി ഒന്നും കിട്ടിയില്ലെങ്കിലും സ്വന്തമായി ഏതെങ്കിലും ജോലി ചെയ്തു ജീവിക്കുവാനുള്ള കഴിവ് വിദ്യാർത്ഥികൾക്ക് ലഭിക്കുകയും ചെയ്യും. ഇന്നു വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഒരു കൃഷിക്കാരന്റെ മകന് കൃഷിയുടെ എ. ബി. സി. ഡി. പോലും അറിഞ്ഞുകൂടാ. കൊല്ലന്റെ മക്കൾക്ക് ആ തൊഴിലിനെപ്പററി അറിഞ്ഞുകൂടാ. ഇങ്ങനെ യാതൊരു തൊഴിലും അറിഞ്ഞുകൂടാത്ത ഒരു വിദ്യാർത്ഥിസമൂഹത്തെ ആണ് ഇന്ന് രാജ്യത്തു് നാം കാണുന്നതു്. ഇവർ ജോലി ചെയ്യുന്നതിൽ വൈമുഖ്യമോ, ചെയ്യേണ്ടാ എന്നുള്ള വിചാരമോ കൊണ്ടല്ല ജോലിചെയ്യാതിരിക്കുന്നതു്. അതിനുള്ള പരിസരമില്ല. ഒരു കൃഷിക്കാരന്റെ മകനോട് കൈക്കോട്ട് എടുത്തു കിളക്കാൻ പറഞ്ഞാൽ അഭിമാനംകൊണ്ട് അവൻ അതു് ചെയ്യുന്നില്ല. വാസ്തവത്തിൽ അവനതറിയാത്തതുകൊണ്ടുമാണ്. അവന്റെ സ്വന്തം പറമ്പിൽപ്പോലും കൃഷി ചെയ്യുവാൻ മനസ്സുവരുന്നില്ല. അങ്ങനെ നിത്യജീവിതവുമായി യാതൊരു ബന്ധവുമില്ലാതെയാണ് ഇന്ന് വിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്യുന്നതു്. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, മുണ്ടലക്കുന്നതിനെപ്പററി പറയുകയുണ്ടായി, ഈ പുരോഗമനകാലത്തു് ഒരാളും അങ്ങനെ സ്വന്തം വസ്ത്രങ്ങളലക്കുവാൻ ഒരുങ്ങുമെന്ന് എനിക്കു തോന്നുന്നില്ല എന്ന്. സർ, സർവ്വചെലവും ചെയ്ത് പുരയിടവും കൂടി കടത്തിലാക്കി ഒരു കുട്ടിയെ പത്തുകൊല്ലം പഠിപ്പിച്ചുകഴിഞ്ഞതിനു ശേഷവും അവന്റെ മുണ്ടലക്കി തേയ്ക്കാൻകൂടി പണം അവന്റെ മാതാപിതാക്കന്മാർക്ക് കൊടുക്കേണ്ടതായി വരുന്നുണ്ട്. നാം ഓരോരുത്തരും നമ്മൾക്കു വേണ്ട കാര്യങ്ങൾ മററുള്ളവരെക്കൊണ്ട് ചെയ്യിക്കുവാൻ ശ്രമിക്കരുതു്. അതായതു് സ്വയം പര്യാപ്തത നേടുവാൻ സാധിക്കണം. ഈ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ തത്വങ്ങളോട് യോജിക്കുന്നുവെന്ന് ചില സ്നേഹിതന്മാർ ഇവിടെ പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. അതേ സമയം അവർ ഈ പദ്ധതിയെ വിമർശിക്കുകയും ചെയ്യുന്നു. ഇതിൽ

ഞാൻ അത്ഭുതപ്പെടുന്നില്ല. ജോസഫ് മുണ്ടശ്ശേരി പറയുകയുണ്ടായി ഇതു് ആര്യനായകത്തിന്റെയും രാമചന്ദ്രന്റെയും പദ്ധതി ആണെന്നു്. മഹാത്മാഗാന്ധി 1937-ൽ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ബേസിക്ക് എഡ്യുക്കേഷൻ നടപ്പിലാക്കിയിട്ടുണ്ടു്. ഓരോ സ്ഥലങ്ങളിലും ഈ വിദ്യാഭ്യാസം വിജയിച്ചിട്ടുള്ളതായും അദ്ദേഹം സ്വയം സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. പിന്നീടു് വളരെ കൂലങ്കഷമായ ചർച്ചകളും വളരെ കൂടിയാലോചനകളും നടന്നതിനു ശേഷമാണു് ഈ പദ്ധതി ആസൂത്രണം ചെയ്തതു്. ഇതു് ഒരു പുതിയ പദ്ധതിയല്ല. പക്ഷെ ഇതു് പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുവാൻ ഒരു ഗവണ്മെന്റും മുൻകൈ എടുത്തില്ലാ എന്നേ ഉള്ളൂ. എന്നാൽ അടുത്തകാലത്തു് ബീഹാറിലും, മദ്രാസിലും, സെൻട്രൽ പ്രൊവിൻസിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടു്. പക്ഷേ ചില സ്നേഹിതന്മാർ അതും സമ്മതിക്കുന്നില്ല. അവിടെ എല്ലാം പരാജയമാണു് ഉണ്ടായതെന്നു് ഇവർ പറയുന്നു. അവിടെ പോയി അന്വേഷിച്ചാൽ ഈ സ്നേഹിതന്മാർക്കു് ഇതിന്റെ പരമാർത്ഥം ബോദ്ധ്യമാകുന്നതാണു്. സർ, ഇന്നത്തെ വിദ്യാഭ്യാസാധികൃതന്മാർതന്നെയും അടിസ്ഥാനവിദ്യാഭ്യാസത്തിൽ യാതൊരു വിശ്വാസവുമില്ലാതെയാണിരിക്കുന്നതു്. ശ്രീ. പനമ്പിള്ളി പറഞ്ഞതുപോലെ അടിസ്ഥാനവിദ്യാഭ്യാസത്തെപ്പററി യാതൊരറിവും വിശ്വാസവുമില്ലാത്തവരുടെ കയ്യിൽ ഗവണ്മെന്റ് ഈ പൊൻകുടക്കൊടുത്താൽ അവർ അതു് അടിച്ചുടച്ചുകളയും. ഈ പദ്ധതി വിജയിക്കണമെങ്കിൽ അതിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ അതു വിജയിക്കണമെന്നു് ആത്മാർത്ഥമായ ആഗ്രഹമുള്ളവരായിരിക്കണം; വിശ്വാസമുള്ളവരായിരിക്കണം. ഏതായാലും ഈ പദ്ധതി നടപ്പിലാക്കുവാൻ പി. എസ്. പി. ഗവണ്മെന്റെങ്കിലും ഉദ്യമിച്ചതിൽ ഞാൻ ഗവണ്മെന്റിനെ അനുമോദിക്കുന്നു.

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചതും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പിൻതാങ്ങിയതുമായ പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിനു സമൂലം പരിവർത്തനമുണ്ടാകണമെന്നും തൊഴിലിൽ ആഭിമുഖ്യം വളർത്തുന്ന വിദ്യാഭ്യാസമാണു് വേണ്ടതെന്നും പറയുകയുണ്ടായി. ആ അഭിപ്രായത്തോടു ഞാനും അനുകൂലിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ പരിവർത്തനം വരുത്തിയേ മതിയാവൂ. ജീവിതവുമായി ഒരു ബന്ധവുമില്ലാത്ത ഈ രീതിയെ മാററി ജീവിതവുമായി ബന്ധമുള്ളതും പ്രയോജനകരമായതുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണു്. പക്ഷെ, ഈ അടിസ്ഥാനവിദ്യാഭ്യാസ പദ്ധതിയിൽ അങ്ങനെ പരിവർത്തനം വരുത്തുന്നതിനും ജീവിതവുമായി ബന്ധമുണ്ടാക്കുന്നതിനും ഉതകുന്ന പരിപാടികൾ ഒന്നുമില്ല. അടിസ്ഥാനവിദ്യാഭ്യാസത്തെപ്പററി വിദഗ്ദ്ധാഭിപ്രായങ്ങൾ പുറപ്പെടുവിച്ച മാന്യന്മാരുടെ അഭിപ്രായം നോക്കിയാൽ ഈ പദ്ധതി ജീവിതവുമായി ബന്ധമുള്ള ഒന്നല്ലെന്നു കാണാം. ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു് ജീവിതവുമായി ബന്ധിപ്പിക്കുന്നതു്? ഇന്നത്തെ സാമൂഹ്യജീവിതവുമായി ബന്ധമുള്ളതാവണമെങ്കിൽ വിവിധ തൊഴിലുകളെപ്പററി പഠിപ്പിക്കുന്നതായിരിക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ തൊഴിലുകളിൽ ആഭിമുഖ്യം വളർത്തുന്ന വിദ്യാഭ്യാസം നടക്കണം. അതിനനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കുകയാണു വേണ്ടതു്.

[ശ്രീ. ഡി. വിവേകാനന്ദൻ]

സർ, ഈ നാട്ട് വ്യവസായവൽക്കരണം നടത്തിയല്ലാതെ പുരോഗമിക്കയില്ലെന്നിരിക്കെ അതിന് അടിത്തറയിടുന്ന വിധത്തിലുള്ള ഒരു വിദ്യാഭ്യാസരീതിയല്ലെ ഇവിടെ നടപ്പാക്കേണ്ടതു്? അതിനു പകരം ഇന്നു നിലവിലുള്ള പ്രയോജനശൂന്യമായ വിദ്യാഭ്യാസം തന്നെ നമ്മുടെ കുട്ടികൾക്കു കൊടുക്കുന്നതുകൊണ്ടു് ഈ നാട്ടു നശിക്കുകയേ ഉള്ളു. കഴിഞ്ഞ ഒരു നൂററാണ്ടിൽ അധികം കാലമായി ഇവിടെ നടന്നുവരുന്ന പ്രയോജനശൂന്യമായ വിദ്യാഭ്യാസരീതി തന്നെയാണ് ഇന്നും ഇവിടെയുള്ളതെന്നു് ഇന്നിവിടെ പലരും പറഞ്ഞു. അതു മാറേണ്ടതു് വളരെ ആവശ്യമാണു്. പക്ഷെ ആ മാററം എങ്ങനെയുള്ളതെന്നു് നമുക്കു നിശ്ചയം വേണം. സാമൂഹ്യപുരോഗതിക്കുതകുന്ന ഒരു മാറ്റമാണു് നമുക്കു വേണ്ടതു്. പക്ഷെ അതിനുള്ള മാറ്റമൊന്നും ഈ ബേസിക് വിദ്യാഭ്യാസപദ്ധതിയിൽ കാണുന്നില്ല. ഈ പദ്ധതിയിൽ ഒരു മാററം വിഭാവനം ചെയ്യുന്നുണ്ടെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ പറഞ്ഞു. സമുദായത്തിന്റെ പുരോഗതിയെ തടുക്കുകയും പിന്നാക്കം വലിക്കുകയും ചെയ്യുന്ന ഒരു മാററമാണു് ഈ പദ്ധതിയിൽ അടങ്ങിയിരിക്കുന്നതു് എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. Advanced economy ഇല്ലെങ്കിൽ എന്തു പുരോഗതിയാണു്, സർ? ഈ പദ്ധതി നടപ്പിലായാൽ യന്ത്രീകൃതവ്യവസായത്തിലേയ്ക്കു് കാൽവയ്പാനുള്ള പ്രേരണ നമുക്കു ലഭിക്കുകയില്ല. തൊഴിലില്ലായ്മ കൊണ്ടു് നട്ടംതിരിയുന്ന ഈ കാലത്തു് വ്യവസായീകരണത്തിനു് അടിത്തറയിടുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായത്തിനു മാത്രമേ ഇവിടെ സ്ഥാനമുണ്ടാകാവൂ. ഈ പദ്ധതിയെ വിമർശിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ കൺസ്ട്രക്ടീവ് സജഷൻസ് ഒന്നും വച്ചില്ലെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയാണോ കൺസ്ട്രക്ടീവ് സജഷൻ എന്നു ഞാൻ ചോദിക്കുന്നു. അദ്ദേഹം പറഞ്ഞു, ഈ പദ്ധതി മഹാത്മാഗാന്ധിയുടേതാണെന്നു്. അദ്ദേഹത്തിന്റെ പാർട്ടിയുടെ നിലയെ സാധൂകരിക്കുവാൻ വേണ്ടി പലപ്പോഴും മഹാത്മാഗാന്ധിയുടെ പേർ വലിച്ചുകൊണ്ടുവരുന്ന പതിവു് അദ്ദേഹത്തിനുണ്ടു്. മഹാത്മാഗാന്ധി പറഞ്ഞ കാര്യങ്ങളെല്ലാം ഫ്ളെക്സിബിൾ ആണെന്നു് അദ്ദേഹം പറഞ്ഞു. കോൺഗ്രസ്സിന്റെയും പി. എസ്. പി. യുടെയും ഭരണം തുടരുന്നതിനു വേണ്ടി മഹാത്മാഗാന്ധിയുടെ അഭിപ്രായങ്ങൾ flexible ആണെന്നു പറഞ്ഞുകൊണ്ടുപോകുന്നതു് നന്നായിരിക്കാം. ഈ നാടിനു എത്രത്തോളം അവ പ്രയോജനകരമായിരിക്കും എന്നു നോക്കിയിട്ടേ നമുക്കു അവയെ സ്വീകരിക്കുവാൻ നിവൃത്തിയുള്ളു. സർ, യഥാർത്ഥത്തിൽ ഈ നാടിനെ പുരോഗമിപ്പിക്കുവാനുള്ള ഒരു വിദ്യാഭ്യാസരീതി ഈ പുതിയ പദ്ധതിക്കാർ വിഭാവനം ചെയ്യുന്നില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. കരുണാകരൻ : അടിസ്ഥാനവിദ്യാഭ്യാസം എന്താണെന്നു് ഒന്നു് വിശദീകരിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ബഹുമാനപ്പെട്ട മെംബർ വിഭാവനം ചെയ്യുന്ന അടിസ്ഥാനവിദ്യാഭ്യാസം എന്താണെന്നു് ഒന്നു വിശദീകരിക്കാമോ?

ശ്രീ. എ. എ. റഹിം: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു മെമ്പറോട് ചോദ്യം ചോദിച്ചാൽ അതിനു വേറൊരു മെമ്പർക്ക് മറുപടി പറയാമോ?

മി. സ്പീക്കർ: അങ്ങിനെ മറുപടി പറയാൻ പാടില്ല.

ശ്രീ. ഡി. വിവേകാനന്ദൻ: ബഹുമാനപ്പെട്ട മണലൂർ മെംബർ ചോദിച്ച ചോദ്യത്തിനു ഞാൻ മറുപടി പറയാം. അടിസ്ഥാനവിദ്യാഭ്യാസത്തിൽ തൊഴിലിന് പ്രാധാന്യം കൊടുക്കുന്നുണ്ട്. പക്ഷെ എന്തു തരം തൊഴിലെന്നു നോക്കണം. നമ്മുടെ രാജ്യത്ത് കൃഷിഭൂമിയുണ്ട്. കൃഷി ചെയ്യുന്ന ആളുകളുമുണ്ട്. നമ്മുടെ നാട്ടിൽ കുടിൽവ്യവസായങ്ങളുണ്ട്. കുടിൽവ്യവസായങ്ങളിലേർപ്പെട്ടിട്ടുള്ള ധാരാളം തൊഴിലാളികളും ഉണ്ട്. കൃഷിഭൂമിയിൽ കൃഷിചെയ്യുന്നതും കുടിൽവ്യവസായം നടത്തുന്നതും പഠിപ്പിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടെന്നാണോ ഈ അടിസ്ഥാന വിദ്യാഭ്യാസക്കാർ കരുതുന്നത്. ഉദാഹരണമായിട്ട് കൈത്തറി വ്യവസായത്തെ എടുക്കാം. കൈത്തറിവ്യവസായത്തെ പഠിച്ചതുകൊണ്ട് ഭാവിയിൽ യാതൊരു പ്രയോജനവും ഇല്ല. ഈ നാട്ടിലെ ലക്ഷക്കണക്കിനു നെയ്ത്തുതൊഴിലാളികൾക്ക്, ഈ തൊഴിലിൽ വളരെ പ്രാവീണ്യവും പരിചയവും സിദ്ധിച്ചിട്ടുള്ളവരായ തൊഴിലാളികൾക്കുതന്നെ, ജീവിക്കാൻ നിവൃത്തിയില്ലാതെ അധഃപതിച്ചിരിക്കുന്ന കൈത്തറി വ്യവസായത്തെ സംബന്ധിച്ച് നമ്മുടെ കുട്ടികളെ പഠിപ്പിച്ചിട്ട് യാതൊരു പ്രയോജനവും ഇല്ല. അതുപോലെ കൃഷിപ്പണി ചെയ്യുവാൻ നിവൃത്തിയില്ലാത്ത വളരെ ആളുകൾ നമ്മുടെ നാട്ടിൽ ഉണ്ട്. കൃഷി സംബന്ധിച്ച ജോലികളറിയാത്തതുകൊണ്ടല്ല, സർ, കൃഷിഭൂമി ഇല്ലാത്തതുകൊണ്ട്—വേലചെയ്യുവാൻ ഇടം ഇല്ലാത്തതുകൊണ്ട്. ആ നിലയ്ക്ക് നമ്മുടെ കുഞ്ഞുങ്ങളെ കൃഷിപ്പണി പഠിപ്പിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണ് ഉണ്ടാകുന്നത്. അടിസ്ഥാനവിദ്യാഭ്യാസം തൊഴിലില്ലായ്മക്കുള്ള പരിശീലനമായിരിക്കണമെന്ന് ബഹുമാനപ്പെട്ട മണലൂർ മെമ്പറും പറയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സർ, ഇപ്പോൾത്തന്നെ അടിസ്ഥാന വിദ്യാഭ്യാസത്തിനുവേണ്ടി നടത്തിവരുന്ന സ്ഥാപനത്തിൽ നടക്കുന്ന വിശേഷങ്ങൾ ബഹുമാനപ്പെട്ട ചേർപ്പ് മെംബർ പറയുകയുണ്ടായി. അടിസ്ഥാനവിദ്യാഭ്യാസം വളരെ പരാജയത്തിലാണ് ഇന്ന് ഇവിടെ ഇരിക്കുന്നത്. ട്രെയിനിംഗിന് എടുക്കുന്ന അദ്ധ്യാപകന്മാർക്ക് അവിടെനിന്ന് വല്ലവിധത്തിലും തിരിയെ പോയാൽ മതിയെന്നു തോന്നുന്ന വിധത്തിലാണ് ട്രെയിനിംഗ് സെന്ററിലെ പഠിത്തം പോകുന്നത്. ബാലരാമപുരത്ത് അടിസ്ഥാനവിദ്യാഭ്യാസത്തിന് ഒരു സ്കൂൾ എടുത്തിട്ടുണ്ട്. അവിടെ മൂന്ന് അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ട്. അവരവിടെ പോകുന്നുമുണ്ട്. ആ സ്കൂളിൽ ഇക്കൊല്ലം ഒന്നാം ക്ലാസ്സിലാണ് അടിസ്ഥാനവിദ്യാഭ്യാസം നടപ്പാക്കാൻ തീരുമാനിച്ചത്. 274 വിദ്യാർത്ഥികൾ ആ ക്ലാസ്സിലുണ്ട്. മൂന്ന് അദ്ധ്യാപകന്മാരാണ് അവിടെ ഈ 274 വിദ്യാർത്ഥികൾക്കുമായി ഉള്ളത്. പഴയതരത്തിലുള്ള വിദ്യാഭ്യാസം അവിടെ ഇപ്പോൾ നൽകുന്നില്ല. പുതിയതൊട്ടു തുടങ്ങിയിട്ടുമില്ല. അടിസ്ഥാനവിദ്യാഭ്യാസം കൊടുക്കേണ്ടതെങ്ങനെയെന്നു അറിയാതെ അദ്ധ്യാപകന്മാരും 274 വിദ്യാർത്ഥികളും ദിവസവും സ്കൂളിൽ പോകുന്നുണ്ട്. അതു മാത്രമാണവിടെ നടക്കുന്നത്. അവിടെ തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള പഠനത്തിനു യാതൊരു സൗകര്യവും ഇതുവരെ ചെയ്തുകൊടുത്തിട്ടില്ല. ഈ തരത്തിലാണ് അടി

[ശ്രീ. ഡി. വിവേകാനന്ദൻ]

സ്ഥാനവിദ്യാഭ്യാസം ഇവിടെ നടത്തുവാൻ പോകുന്നതെങ്കിൽ വളരെ ദയനീയമായ പരാജയമായിരിക്കും അതിൻെറ ഫലം. ഇതിനെപ്പററി പഠിക്കുന്നതിനും വ്യക്തമായ പരിപാടികൾ തയാറാക്കുന്നതിനും മുമ്പായിട്ടാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് എന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് ഈ വിഷയത്തെപ്പററി കാര്യമായ അറിവൊന്നുമില്ലെന്നും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ നിന്നും വ്യക്തമായിരിക്കുകയാണു്. ഈ കാര്യത്തെപ്പററി വിദഗ്ദ്ധന്മാരുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം, അതിനെപ്പററി കാര്യമായി പഠിച്ചതിനുശേഷമല്ലാതെ ഇതു് നടപ്പാക്കാൻ പോകുന്നതു് ബുദ്ധിപൂർവ്വമായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. ബാലരാമപുരത്തെ സ്കൂളിനെപ്പററി പറയുമ്പോൾ ഒരു കാര്യം ഞാൻ പ്രത്യേകം ഓർക്കുന്നുണ്ടു്. അവിടെ മൂന്നു് അദ്ധ്യാപകന്മാരുണ്ടു്. അവർക്കു് മൂന്നുപേർക്കും മൂന്നുമാസമായിട്ടു് ശമ്പളം കിട്ടിയിട്ടില്ല. ആ സ്കൂൾ കെട്ടിടം ഉണ്ടാക്കുന്നതിനു് കമ്മ്യൂണിററിപ്രോജക്ററിൽ നിന്നാണു് പണം ചെലവുചെയ്തതെന്നും ശമ്പളമാരാണു കൊടുക്കേണ്ടതെന്നതിനെപ്പററി ഒരു തർക്കം സർക്കാരും പ്രോജക്ററും തമ്മിലുണ്ടെന്നും കേൾക്കുന്നു. അങ്ങനെ എല്ലാവിധത്തിലും അടിസ്ഥാനപരമായി തകർന്ന ഒരു സ്ഥാപനമായിട്ടാണു് ഇന്നു് അതു് അവിടെ നിൽക്കുന്നതു്. സർ, ഈ അനുഭവം നിരാശാജനകമാണു്. ഇന്നത്തെ വിദ്യാഭ്യാസത്തിലുള്ള തകരാറു മനസ്സിലാക്കി അതിനെ ഇല്ലായ്മ ചെയ്യുന്നതിനു കഴിവുള്ള കാര്യങ്ങളെങ്കിലും ചെയ്യുന്നതിനാണു് ഈ സർക്കാർ ശ്രമിക്കേണ്ടതു്. ഇന്നു് പ്രൈമറി വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ നില വളരെ ദയനീയമാണു്. സർ, ഇവിടെ എഞ്ചിനീയറന്മാരുടെ കാര്യം പറഞ്ഞുകൊണ്ടു് അവർ ചുവർപഞ്ചാംഗത്തിൻെറ താളുകൾ എണ്ണിക്കഴിയുന്നതായി ശ്രീ. പനമ്പിള്ളി പറഞ്ഞു. അവർ മാത്രമല്ല സർ, ഈ പാവപ്പെട്ട പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരും ചുവരു പഞ്ചാംഗത്തിലെ താളുകളെണ്ണിത്തന്നെയാണു് കഴിഞ്ഞുകൂടുന്നതു്. പക്ഷെ അങ്ങനെ എണ്ണിയാൽ 30 ദിവസം കാത്തിരുന്നാൽ—അവർക്കു കിട്ടുന്നതു് 30 പിച്ചക്കാശാണു്. പട്ടിണിവേതനമല്ലേ, സർ ഇതു്? നമ്മുടെ കുട്ടികൾക്കു് അക്ഷരജ്ഞാനം കൊടുക്കുന്ന ഈ അദ്ധ്യാപകന്മാർക്കു് ശമ്പളവും അലവൻസും വർദ്ധിപ്പിക്കാനുള്ള ഒരു പ്രമേയം കൊണ്ടുവരേണ്ടതായിരുന്നു. എൻെറ അറിവു ശരിയാണെങ്കിൽ ഏതാണ്ടു് 5 ലക്ഷത്തോളം രൂപ ചെലവാക്കുകയാണെങ്കിൽ ഈ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം സർക്കാർ അദ്ധ്യാപകന്മാരുടേതുപോലെ ഉയർത്തുവാൻ സാധിക്കുന്നതാണു്. ഇന്നത്തെ 30 രൂപയെ 57 രൂപ ആയി ഉയർത്താൻ മാത്രമാണിതു്. അത്രയും ഒരു തുക കൊടുത്തുകൊണ്ടു് പാവപ്പെട്ട അദ്ധ്യാപകന്മാരെ അല്പമെങ്കിലും ഭേദപ്പെട്ട ഒരു നിലയിലേയ്ക്കു് മാററണമായിരുന്നു. അടിസ്ഥാനവിദ്യാഭ്യാസ സമ്പ്രദായത്തെപ്പററി വിദഗ്ദ്ധന്മാരുടെ ഒരു റിപ്പോർട്ടു വരുത്തി അതിനെപ്പററി പഠിച്ചതിനുശേഷം അടിസ്ഥാന-വിദ്യാഭ്യാസം ഇവിടെ നടപ്പിൽ വരുത്തുന്നതിനെപ്പററി ആലോചിക്കുന്നതായിരിക്കും നല്ലതു്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഈ പ്രമേയമനുവദിക്കുന്ന തരത്തിലുള്ള മാററം വരുത്തുകയാണെങ്കിൽ അതു് പുരോഗതിയിലേക്കു പോകുന്ന സമുദായത്തെ പിന്നാക്കം തള്ളിവിടുകയായിരിക്കും. സർ, എല്ലാവരും advanced economy വേണമെന്നും വ്യവസായവൽക്കരണമാണതിനുള്ള

മാറ്റമെന്നും വാദിക്കുന്ന കാലമാണിത്. അപ്പോൾ കുടിൽവ്യവസായങ്ങൾക്കുവേണ്ടി അതായത് village economy ക്കുവേണ്ടിയുള്ള backward tendencies പ്രചരിപ്പിക്കുന്നത് ദ്രോഹമാണ്. സർ, ഈ പദ്ധതിയുടെ ഫലം അതുമാത്രമായിരിക്കും. ഇതിനെപ്പററി വ്യക്തമായ ധാരണകൾ ഇല്ലാതെ ഇതു നടപ്പിലാക്കുന്നതു് ഈ രാജ്യത്തോടു ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും. അതുകൊണ്ടു് ഈ വക കാര്യങ്ങളെപ്പററി ഈ മന്ത്രിസഭ ആലോചിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

CL മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, ഈ സഭയിലുള്ള കക്ഷികളിൽ കോൺഗ്രസ്സും ആർ. എസ്സ്. പി. യും ഈ പ്രമേയത്തെ അനുകൂലിച്ചു കാണുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. കോൺഗ്രസ്സു് പക്ഷത്തുനിന്നു് നിശ്ചയമായും ഇതിനു അനുകൂല്യമേ വരുവാൻ ഇടയുള്ളു എന്നു മുൻകൂട്ടിത്തന്നെ തീരുമാനിച്ചിരുന്നതാണു്. മറിച്ചു വരുന്നതിനു് യാതൊരു കാരണവും ഇല്ല. എന്നാൽ ആർ. എസ്സ്. പി. യിൽനിന്നുകൂടി ഇതിനു പിൻതുണ കിട്ടുന്നതിൽ എനിക്കു് പ്രത്യേകത്തിൽ വളരെ സന്തോഷമുണ്ടു്. ഇതുപോലെതന്നെ എല്ലാ കാര്യങ്ങളിലും ആർ. എസ്സ്. പി. സ്വതന്ത്രമായി പ്രവർത്തിച്ചു കാണണമെന്നു ഞാൻ ആശംസിക്കുകയും ചെയ്യുന്നു. സർ, പൊതുവെ പറഞ്ഞാൽ ഈ അടിസ്ഥാനവിദ്യാഭ്യാസം വലിയ ഒരു കാര്യമല്ലെങ്കിലും നാട്ടിലെ പാവങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് ശുഭസൂചകമായിട്ടുതന്നെ ഞാൻ കരുതുന്നു. എന്താണു്, സർ, ഈ പദ്ധതിയെപ്പററി ഇവിടെ പുറപ്പെടുവിച്ച ആക്ഷേപം. പരമാർത്ഥത്തിൽ ആക്ഷേപം ഒന്നും ഞാൻ ഇവിടെ കണ്ടില്ല. ഇന്നത്തെ വിദ്യാഭ്യാസരീതി വളരെ പിശകുള്ളതാണെന്നു് എല്ലാപേരും സമ്മതിക്കും. അതിനു ഒരു മാററം വരുത്തേണ്ടതു് എങ്ങനെ? പ്രവർത്തിചെയ്യുന്നതിനു വിദ്യാർത്ഥികളെ അവരുടെ അദ്ധ്യയനംമൂലം സന്നദ്ധരാക്കണം. അതായതു് അവരുടെ കരങ്ങൾ ഉപയോഗിക്കുന്നതിനു് അവർ സന്നദ്ധരാകണം. ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ലവലേശമില്ല. അതായതു് വിദ്യാഭ്യാസരംഗത്തു് ഇന്നു് സ്വീകരിച്ചിരിക്കുന്നതിൽനിന്നും ഭിന്നമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം വരണം. അടിസ്ഥാനവിദ്യാഭ്യാസം എന്നു പറയുന്നതു് പരിതഃസ്ഥിതികളെ ശരിയായി ഉപയോഗപ്പെടുത്തിയുള്ള വിദ്യാഭ്യാസം നൽകണമെന്നുള്ളതാണു്. പരിതഃസ്ഥിതികളെ ഉപയോഗപ്പെടുത്തുന്നതിൽ അതു് ഏതെങ്കിലും ഒരു ട്രെയിഡ്‌വഴി, ഒരു ക്രാഫ്ററുവഴി, വിദ്യാഭ്യാസം നൽകണമെന്നാണു് ഉദ്ദേശം. ഏതൊരു ക്രാഫ്ററാണോ ഒരു പ്രദേശത്തു് സ്വീകാര്യമായിട്ടു കാണുന്നതു് ആ ക്രാഫ്ററു് ഈ വിദ്യാഭ്യാസത്തിൽ ഉപയോഗപ്പെടുത്തണം. ഇതാണു് ഇതിലെ പ്രധാന തത്വം. ഇതിൽ എന്താണു്, സർ, തെററു്. ഇവിടെ കണ്ട എതിർപ്പുകൾ വലുതായ ഒരു ഭീതിയിൽനിന്നു ഉത്ഭവിച്ചതാണെന്നു എനിക്കു തോന്നുന്നു. നമ്മെ ഒരിക്കലും മുന്നോട്ടു വിടാത്ത സാമ്പത്തികനിലയിൽ ഉറപ്പിച്ചുകളയും എന്നൊരു ഭീതിയുള്ളതുപോലെ എനിക്കു തോന്നുന്നു. ഇതിനു് എന്താണു്, സർ അടിസ്ഥാനം. ഇതു് മഹാത്മാഗാന്ധി ആദ്യമായി നമ്മുടെ രാജ്യത്തു് ഏർപ്പെടുത്താനമെന്നു് ഉദ്ദേശിച്ചുണ്ടാക്കിയിട്ടുള്ള ഒരു പദ്ധതിയാണു്.

ശ്രീ. കെ. എ. ബാലൻ: സെൽഫ് റിലയൻസ് അല്ലേ ഇതിലെ അടിസ്ഥാന തത്വം?

ശ്രീ. എ. താണുപിള്ള: സെൽഫ് റിലയൻസ് ആണ് അടിസ്ഥാന തത്വം. അതു വന്നുവെങ്കിൽ കുട്ടികളുടെ കരങ്ങൾക്ക് ശക്തി കിട്ടും. കുട്ടിക്കാലത്ത് എന്തും പ്രവർത്തിച്ച് പരിചയം കിട്ടണം. ഒരു കുഞ്ഞ് ഒന്നു ചെയ്തുവരുമ്പോൾ തെറ്റിപ്പോയി, മറന്നുപോയി എന്നു കണ്ടാൽ അതിനെ നേരെ നിവർത്തുന്നതിനും തെറ്റില്ലാതെ ചെയ്യുന്നതിനും ശീലിപ്പിക്കണം. ഇതൊക്കെ അതിൽ ഉൾപ്പെടുന്നുണ്ട്. സെൽഫ് റിലയൻസ് അതിന്റെ പ്രബലമായ ഒരംശമാണ്. അതുണ്ടാകണമെങ്കിൽ ഈ മാതിരി വിദ്യാഭ്യാസസമ്പ്രദായംതന്നെ ഇവിടെയുണ്ടാകണം. ഇന്നത്തെപ്പോലെ കേവലം പുസ്തകങ്ങൾമാത്രം പഠിച്ച് ഉരുവിട്ട് ഒന്നാംക്ലാസ്സിലുംമറ്റും പാസ്സായ വന്നിട്ടുള്ള ആളുകൾ കാര്യങ്ങളെക്കുറിച്ചുള്ള പ്രായോഗികജ്ഞാനം ഇല്ലാതെയും പ്രവർത്തനപരിചയം ഇല്ലാതെയും കാര്യംവരുമ്പോൾ ഭയന്നുപോകാറുണ്ട്. ഇതാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ കുറവ്. നേരെ മറിച്ച് കുഞ്ഞുങ്ങളായിരിക്കുമ്പോൾത്തന്നെ ഈ മാതിരി ജോലികൾ ചെയ്തു ശീലിക്കുകയാണെങ്കിൽ സെൽഫ് റിലയൻസ് ഉണ്ടാകും.

ശ്രീ. കെ. എ. ബാലൻ: ഞാൻ സെൽഫ് സപ്പോർട്ടിങ്ങിനെക്കുറിച്ചാണു പറഞ്ഞത്.

ശ്രീ. എ. താണുപിള്ള: അതിന്റെ അടിസ്ഥാന തത്വവും ഇതു തന്നെയാണ്. ഞാൻ അതും ആദ്യമേ പറഞ്ഞു.

ഇവിടെ വിമർശനങ്ങൾ പലതു നടന്നു. ഒടുവിൽ പ്രസംഗിച്ച സ്നേഹിതൻ ശ്രീ. വിവേകാനന്ദൻ പറയുകയുണ്ടായി, ഇതിനെ കാൺഗ്രസ്സ് അനുകൂലിക്കുന്നത് പാർട്ടിക്കുവേണ്ടിയാണെന്ന്. ഏതായാലും എനിക്കു പറയുവാനുള്ളത് കമ്മ്യൂണിസ്റ്റുകാർക്ക് ഇതിനെക്കുറിച്ച് ഒരു ഭയമുണ്ട് എന്നാണ്. മഹാത്മാഗാന്ധി പറഞ്ഞ ഒരു കാര്യമാണല്ലോ. ഇന്നത്തെ ഗ്രാമപ്രദേശങ്ങൾ ഇതുമായി ബന്ധമുള്ളതാണ്. അതിനാൽ കമ്മ്യൂണിസ്റ്റുപാർട്ടിക്കുള്ള ഭയം ഗ്രാമപ്രദേശങ്ങളെല്ലാം ഈ വിധത്തിൽ പുരോഗമിച്ച് കുട്ടികൾ നല്ലകാര്യങ്ങൾ ചെയ്ത്, പഠിച്ച്, നല്ല സ്വഭാവമുള്ളവരായിത്തീരുകയാണെങ്കിൽ കൃത്രിമങ്ങൾക്ക് ഒന്നും വഴിയില്ലല്ലോ എന്നാണ്. ഗ്രാമപ്രദേശങ്ങൾ അതുമായി ബന്ധപ്പെട്ടിരിക്കുകയാണെങ്കിൽ പഴയ ഗ്രാമീണജീവിതംതന്നെ തുടരുമെന്നും പുരോഗതി ഉണ്ടാകുകയില്ലെന്നുമാണ് ചിലരുടെ ഭയം. സാമ്പത്തികകാര്യങ്ങളെ ഇതു ബാധിക്കുമെന്ന സംശയം ആവശ്യമില്ല. വ്യവസായീകരണത്തിന് ഈ പദ്ധതി എങ്ങനെ തടസ്സമായിരിക്കുമെന്ന് എനിക്കറിയാൻ കഴിയുന്നില്ല. എത്ര വ്യവസായങ്ങൾ വന്നാലും ആത്മാർത്ഥമായി തന്റെ കടമയോടുകൂടി പ്രവർത്തിക്കാൻ സാധിക്കുന്ന പ്രവർത്തകന്മാരെയാണ് നമുക്ക് ഈ അടിസ്ഥാനവിദ്യാഭ്യാസംകൊണ്ട് ലഭിക്കുവാൻ പോകുന്നത്. പക്ഷെ, കൃത്രിമം ഉപയോഗിച്ചു പ്രവർത്തിക്കുന്നതിന് ഈ രീതിയിൽ പഠിച്ചുവരുന്ന ആളുകൾ തയ്യാറാകുകയില്ല. അങ്ങനെയൊരു ഭയം ചില സ്നേഹിതന്മാർക്കുള്ളതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. ആ ഒരാപത്ത് ഒരുപക്ഷെ, ഇതിൽനിന്നും ഉണ്ടായേക്കാം. ഈ രീതിയിൽ പഠിച്ചുവരുന്ന കുട്ടികളുടെ സ്വഭാവം നമുക്കു വിഭാവനചെയ്യുവാൻപോലും സാധിക്കാത്തതരത്തിൽ അത്ര ശുദ്ധിയുള്ളതായിരിക്കും. എത്ര കൃത്രിമം വേണമെങ്കിലും കാണിക്കത്തക്ക രീതിയിലുള്ളതാണ്

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം. കൃത്രിമത്തിനു വാസന വർദ്ധിപ്പിക്കുകയാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ചെയ്യുന്നത്. നേരെ മറിച്ച് ഇപ്പോൾ ഇവിടെ പ്രതിപാദിച്ചരീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായമായാൽ അതിനൊന്നിനും വഴിയില്ല. ചെയ്യേണ്ട കാര്യങ്ങൾ വേണ്ട സമയത്തുതന്നെ ചെയ്യുവാൻതക്ക ഒരു മനഃസ്ഥിതി ഈ വിദ്യാഭ്യാസസമ്പ്രദായംകൊണ്ട് കുട്ടികൾക്കു ലഭിക്കുന്നതാണ്.

ബഹുമാനപ്പെട്ട ചേർപ്പുമെമ്പർ പറയുകയുണ്ടായി ചേർപ്പിൽ ആകപ്പാടെ കുഴപ്പമാണെന്ന്. അത് ഒരു പക്ഷെ, അതിശയോക്തിയായിരിക്കാമെന്നാണ് എനിക്കു തോന്നുന്നത്. ഞാൻ അവിടെ പോയിട്ടില്ല, ഒന്ന് അന്വേഷിക്കാം. എങ്കിലും അത്ര കുഴപ്പമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അദ്ദേഹത്തിന്റെ സാഹിത്യത്തിലുള്ള പരിചയംകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞുപോയതെന്നാണ് എനിക്കു തോന്നുന്നത്. അവിടത്തെ ജോലിക്കാർക്ക് വയ്ക്കുന്നതും വിളമ്പുന്നതും മാത്രമല്ല, മററു ചില കാര്യങ്ങളിലും പിശകുണ്ടായിരിക്കാം. പക്ഷെ, ഉണ്ണുന്നതിൽ തെറെറാന്നും കാണുന്നില്ലായെന്നാണ് തോന്നുന്നത്. ഏതായാലും വാദ്ധ്യാന്മാരെ ട്രയിൻ ചെയ്യിക്കാനുള്ള വിദ്യാലയങ്ങളിൽ വാദ്ധ്യാന്മാരും കുട്ടികളും എല്ലാവരുംകൂടി ഒരുമിച്ചു താമസിക്കണം. അവക്കാവശ്യമുള്ള സസ്യാദികൾ അവർതന്നെ നട്ടുപിടിപ്പിക്കണം. അവരുടെ മുണ്ടും തുണിയുമെല്ലാം അവർ അടിച്ചു നനയ്ക്കണം. ഇതൊക്കെ എല്ലാവരും ചെയ്തു ശീലിക്കണം. അങ്ങിനെ ഒന്നിച്ചിരുന്നു ചെയ്യേണ്ട പല കാര്യങ്ങളുമുണ്ട്. ഈ രീതിയിൽ മുമ്പോട്ടുപോകുന്നതായാൽ അവരുടെ സ്വഭാവത്തിനു നിശ്ചയമായും ഒരു നിയന്ത്രണം ഉണ്ടാകും. ഇന്നു നശിച്ചുകിടക്കുന്ന ഡിസിപ്ലിൻ ഉണ്ടാകും. ഒരുമിച്ചിരുന്നു പഠിക്കുക, ഒരുമിച്ചു വെള്ളംകോരുക മുതലായതു ചെയ്യുന്നതുകൊണ്ട് സാമൂഹ്യമായ അകൽച്ചയും ഭിന്നതകളും ഇല്ലാതാകും. അങ്ങിനെ നല്ലകാര്യങ്ങൾ തളിരിവിടുന്നതിനാണ് ഈ രീതി സഹായകമായിരിക്കുന്നത്. ഇന്നത്തെ വിഷമമേറിയ ഗ്രാമീണനില എന്നും തുടർന്നു പോകുന്നതായാൽ ദുർഘട സന്ധികൾ ഉണ്ടാകുമെന്നുള്ളതിനോടുകൂടെ ഞാൻ യോജിക്കുന്നില്ല. നല്ല കുട്ടികളായി വളർന്നുവന്നാൽ ഗുണമല്ലാതെ എങ്ങിനെ ദോഷമുണ്ടാകുമെന്ന് എനിക്കു മനസ്സിലാകുന്നില്ല. എട്ടുവർഷത്തെ പഠിത്തം കഴിഞ്ഞതിനുശേഷം പിന്നെ പോകുന്നത് വൊക്കേഷണലായി പഠിക്കുന്നതിനു സൗകര്യമുള്ള സാങ്കേതിക വിദ്യാലയങ്ങളിലേയ്ക്കാണ്. യാന്ത്രികമായി പഠിക്കുന്നതിനു താൽപ്പര്യമുള്ളവർക്ക് ആ ലൈനിൽ പോകാം. ഇതിനൊന്നിനും ഇതു തടസ്സമല്ലെന്നുമാത്രമല്ല സഹായകവും കൂടിയാണ്. അതുകൊണ്ട് ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോനും മററു സ്നേഹിതന്മാരും പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. ബാലരാമപുരത്തെ പള്ളിക്കൂടത്തിലെ കാര്യം ഇവിടെ പറയുകയുണ്ടായി. അത് അടിസ്ഥാനമില്ലാത്തതാണ്. മൂന്നുമാസമായി അവിടത്തെ വാദ്ധ്യാർക്ക് ശമ്പളം കൊടുത്തിട്ടില്ലായെന്നു പറയുന്നത് ശരിയാണെന്നു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ അതിൽ ഭരണപരമായ ഏതെങ്കിലും ചില ദുർഘടങ്ങൾ ഉണ്ടായിരിക്കാം. ഏതായാലും ആ കാര്യത്തെക്കുറിച്ച് അന്വേഷിക്കാം.

പിന്നെ ഇവിടെ ചിലർ പറഞ്ഞത് ഈ കാര്യം കാര്യക്ഷമതയോടുകൂടി നടത്തുന്നതിന് ഒരു നല്ല ആഫീസറെ നിയമിക്കണമെന്നാണ്.

[ശ്രീ. എ. താണുപിള്ള]

കാൺഗ്രസ്സുകാരും ഈ കാര്യം പറയുകയുണ്ടായി. അതിനോടു ഞാൻ യോജിക്കുന്നു. ആ കാര്യത്തിനുവേണ്ടിയാണ് ശ്രീ. ആര്യനായകരെയും മററും ഞാനിവിടെ വരുത്തിയതു്. ഈ കാര്യത്തെക്കുറിച്ചു നല്ലതുപോലെ അറിയാവുന്നവരുമായി വേണ്ടവിധം ആലോചിച്ചു പ്രവർത്തിക്കണമെന്നു കരുതിയാണ് ഞാൻ അദ്ദേഹത്തെ വരുത്തിയതു്. അതല്ലാതെ ഇതിൽ ദുരുദ്ദേശമൊന്നുമില്ല. ഈ പദ്ധതി വിജയകരമായി പ്രവർത്തിക്കുന്നതിനു് പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതാണ്. അതിനുതക്ക ഉദ്യോഗസ്ഥൻ നമ്മുടെ നാട്ടിലില്ലെങ്കിൽ വെളിയിൽ നിന്നെങ്കിലും കൊണ്ടുവന്നു് കാര്യം ഭംഗിയായി നിർവഹിക്കണമെന്നാണ് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്. പിന്നെ മറെറാന്നു പറയുവാനുള്ളതു് ഇതു് ഒരു ദിവസംകൊണ്ടോ, ഒരു മാസംകൊണ്ടോ, ഒരു കൊല്ലംകൊണ്ടോ രാജ്യം മുഴുവനും നടപ്പാക്കാൻ സാധിക്കുകയില്ല എന്നതാണ്. അതിനു കുറെ സമയം വേണം. ആ വിധത്തിൽ നോക്കിയാലും ഇതിൽ തെറെറാന്നും ഇല്ല. പിന്നെ എല്ലാവരും ഇതിൻെറ തത്വത്തെ സ്വീകരിക്കുന്നു, ഇന്നത്തെ രീതി മാററണമെന്നും പറയുന്നു. ഇന്നത്തെ രീതി മാററിയിട്ടു വേറെ എന്തു വേണമെന്നു് അവർ പറയുന്നില്ല. ഇന്നത്തെ രീതി മാററിയിട്ടു് വെറുതെ കയ്യുംകെട്ടി ഇരുന്നാൽ ഒന്നും നടക്കുകയില്ല. അതിനു് പുതിയതായി എന്തെങ്കിലും നല്ല കാര്യങ്ങൾ പരീക്ഷിച്ചു നോക്കുകതന്നെവേണം. അതിനാൽ ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കണമെന്നു് അപേക്ഷിക്കുന്നു.

Mr. Speaker: The question is that "that the system of basic education should be introduced in the State in the place of the present system". The motion was declared carried.

Shri T. P. Sitaraman: Sir, I demand a poll.

A poll was taken, when the House divided as follows:—

AYES : 65

1 Shri P. K. Abdul Khadir
2 ,, K. C. Abraham
3 ,, A. Achuthan
4 ,, V. K. Achutha Menon
5 ,, J. Alexander Parambithara
6 ,, J. A. Bhatt
7 ,, M. A. Antony
8 ,, K. Balakrishnan
9 ,, K. K. Balakrishnan
10 ,, T. O. Bava
11 ,, B. B. Pandarathil
12 ,, Prakkulam Bhasi
13 ,, M. Bhaskaran Nair
14 ,, N. G. Chacko
15 ,, A. C. Chacko
16 ,, N. Chandrasekharan Nair
17 Shri M. P. Chandrasekharan Pillai
18 ,, K. Chandrasekhara Sastri
19 ,, K. M. Chandy
20 ,, M. V. Cheriyan
21 ,, D. Damodaran Potti
22 ,, T. K. Divakaran
23 ,, K. M. George
24 ,, K. P. Gopala Menon
25 ,, Panampilli Govinda Menon
26 ,, K. P. Hormis
27 ,, Idiculla Idiculla
28 ,, A. J. John
29 ,, V. J. Joseph
30 ,, K. Karunakaran
31 ,, P. Kesava Menon

32 Shri T. T. Kesavan Sastry
33 „ C. Kochukunju
34 „ K. Kochukuttan
35 „ K. M. Korah
36 „ P. R. Krishnan
37 „ K. Krishna Pillai
38 „ K. S. Krishnan Sastry
39 Dr. N. K. Kumaran
40 Shri P. Kunjan
41 „ K. Manjanatha Prabhu
42 „ P. M. Markose
43 „ M. M. Mathai
44 „ C. A. Mathew
45 „ N. Narayana Kurup
46 „ K. Narayana Kurup
47 „ Chengarappalli P. Narayanan Potti
48 „ P. S. Nataraja Pillai
49 „ V. P. Parameswaran Nambudiri
50 Shri N. Parameswaran Pillai
51 Dr. A. R. Menon
52 Shri C. K. Ramachandran Nair
53 „ P. J. Sebastian
54 „ V. V. Sebastian
55 „ T. P. Sitaraman
56 „ K. A. Sivarama Bharathy
57 „ A. Thanu Pillai
58 „ K. T. Thomas
59 „ P. S. Vasudevan Pillai
60 „ K. I. Velayudhan
61 „ Kalathil Velayudhan Nair
62 „ T. M. Varghese
63 „ P. Viswambaran
64 „ P. K. Yasodharan
65 „ A. A. D. Luiz

NOES 28.

1 Shri P. V. Avira Tharakan
2 „ C. C. Ayyappan
3 „ K. A. Balan
4 „ R. Balakrishna Pillai
5 „ P. Bhaskaran Nair
6 „ Thoppil Bhaskara Pillai
7 „ P. K. Chathan
8 „ K. C. George
9 „ P. Gopalan
10 Sry. K. R. Gouri
11 Shri Joseph Mundassery
12 „ Thalekkare K. Krishnan
13 „ P. K. Kunjachan
14 „ Kuttappan Koickal
15 Shri P. R. Madhavan Pillai
16 „ T. A. Majeed
17 „ N. Neelakantaru Pandarathil
18 „ M. P. Menon
19 „ R. Prakasam
20 „ P. Ravindran
21 „ C. G. Sadasivan
22 „ R. Sankaranarayanan Thampi
23 „ V. Sreedharan
24 „ R. Sugathan
25 Dr. P. K. Sukumaran
26 Shri T. V. Thomas
27 „ C. K. Viswanathan
28 „ D. Vivekanandan

Neutrals Nil

Mr. Speaker: For the motion 65, against the motion 28, neutral nil. The motion is carried.

The motion was carried.

3 P. M.] **Mr. Speaker:** We will next proceed to Legislative Business.

LEGISLATIVE BUSINESS.

THE LEGISLATIVE ASSEMBLY OF TRAVANCORE-COCHIN (REMOVAL OF DISQUALIFICATIONS) AMENDMENT BILL.

Chief Minister **(Shri A. Thanu Pillai)**: Sir, I beg to present the report of the Select Committee on the Legislative Assembly of Travancore-Cochin (Removal of Disqualifications) Amendment Bill and move that the Bill, as reported by the Select Committee, be taken into consideration.

Minister for Finance **(Shri P. S. Nataraja Pillai)**: I second it.

The question that the Legislative Assembly of Travancore-Cochin (Removal of Disqualifications) Amendment Bill as reported by the Select Committee be taken into consideration, was put and carried.

Clause 2.

The question that Clause 2 stands part of the Bill, was put and carried.

Clause 2 was added to the Bill.

Clause 1.

The question that Clause 1 stands part [of the Bill, was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill, was put and carried.

The Preamble and Title were added to the Bill.

Shri A. Thanu Pillai: Sir, I move that the Bill be finally passed.

Shri P. S. Nataraja Pillai: I second it.

The question that the Bill be finally passed, was put and carried.

The Bill was passed.

THE TRAVANCORE-COGHIN AGRICULTURAL INCOME TAX (AMENDMENT) BILL.

Minister for Finance **(Shri P. S. Nataraja Pillai)**: Sir, I beg to introduce the Travancore-Cochin Agricultural Income Tax (Amendment) Bill.

Minister for Works and Transport **(Shri A. Achuthan)**: I second it.

Mr. Speaker : The Bill stands introduced.

Shri P. S. Nataraja Pillai : Sir, I move that the Travancore-Cochin Agricultural Income Tax (Amendment) Bill be taken into consideration.

Shri A. Achuthan : I second it.

Shri P. S. Nataraja Pillai : Sir, The rates of Agricultural Income-tax and Super-tax prescribed under the Travancore-Cochin Agricultural Income-tax Act, 1950 are low when compared to those prevalent in the Travancore area before the commencement of the Act and also those under the Indian Income-tax Act. In order to augment the revenues of the State it has been considered that a slight increase in the rates of Agricultural Income-tax and Super-tax will be fully justified, and it has accordingly been proposed to increase the rates of Agricultural Income-tax by bringing it on a par with the rates in force in the Travancore area at the time of the commencement of the new Act, and in the case of Super-tax to increase the existing rates by 6 pies in every slab of income and in the company rate.

Sir, The rates of Agricultural Income-tax prescribed under Parts I and II of the Schedules appended to the Agricultural Income-tax Act of 1950 are low when compared to those prevalent as per the Repealed Travancore Income-tax Act. For the first slab of Rs. 1,500, there is no rate prescribed. But in the Act of 1950, any income below Rs. 3,000 is not taxable. For the next slab of Rs. 3,500, the present rate according to the amended Act is 9 pies and under the old Act it was 10 pies. Now the proposal is to increase it to 10 pies. Under the old Act, for the next Rs. 5,000 it was 1 anna 9 pies. It was reduced to 1 anna 6 pies. For the next Rs. 5,000 also under the old Act, the rate was 2 annas 10 pies. The existing rate is 2 annas 6 pies. The present Bill proposes to revise it so as to bring it on a par with the rates which were prevalent before the amending Act of 1951. That is the general purport of this Bill.

The rates of Super-tax under the Travancore-Cochin Agricultural Income-tax Act of 1950 are also much less than the previous rates and the Indian Income-tax rates. The slabs prescribed as per the Schedule (*vide* Government Notification dated 15th August 1949) under the Repealed Travancore Income-tax Act cannot coincide with the slabs prescribed under the present Agricultural Income-tax Act. I shall give the two rates, the new as well as the old. As per the old rates of earned income (it refers to Super-tax), the earned rate is Rs. 1,770-13-4 for the next Rs. 15,000 above Rs. 25,000 and the average of earned and unearned rates for the above Rs. 15,000 is Rs. 2,122-6-6. The Super-tax under the Indian Income-tax Act for the above corresponding taxable income works at Rs. 2,812-8-0. When worked out at the slab proposed here, it is only Rs. 1,406-4-0. That will be the difference when compared with the Income-tax rate.

The total number of persons inclusive of companies in the Travancore-Cochin State whose income goes above Rs. 3,000 and

[Shri P. S. Nataraja Pillai]

who are liable to assessment to Agricultural Income-tax works out to 7310 only. The figures for 1952-53 and 1953-54 are higher than the above, for these include persons whose income goes above Rs. 2000 and who are liable to assessment under the previous Acts. The arrear assessments of previous years pending under the old Acts are expected to be cleared very soon when the total number of assessees will be reduced to 7310. An analysis of the assessees was made, and the number of assessees in each grade of income is as follows:—

		No.
No. of assessees whose total income is below Rs. 5,000	..	4223
No. of assessees whose total income is between Rs. 5,001 and Rs. 10,000	..	2269
Do. between Rs. 10,001 and Rs. 15,000	..	355
Do. between Rs. 15,001 and Rs. 20,000	..	174
Do. do. Rs. 20,001 and Rs. 25,000	..	56
Do. over Rs. 25,000	..	133
		7210
Companies	..	100
Total	..	7310

So, the higher slab which is proposed for the Super-tax affects only a very small proportion of the agriculturists. We have liberalised the provision for the undivided families of Makkathayam and Marumakkathayam and they get a special concession, and the burden of their taxation to a certain extent is reduced. In these circumstances, Sir, I hope the House will accept the Amendment Bill as presented before the House. Only those who have the capacity to pay are proposed to be taxed. We have exempted people who have a net-income of Rs. 250 per month. Up to Rs. 3000, no tax is payable. So, the minimum of Rs. 3000 fixed, I think, is fair to the conditions of the country.

Shri A. J. John: May I know the assessable minimum under the Indian Income-tax Act? Is it not Rs. 4,200?

Shri P. S. Nataraja Pillai: I am not in a position to say now.

Shri Panampilli Govinda Menon: It is Rs. 4,200.

Shri P. S. Nataraja Pillai: It may be Rs. 4,200. We are not changing the rate proposed so far as the assessable figure is concerned. In the Travancore-Cochin State the old rate is being kept on. What is proposed is only the changing of rates as far as the schedule is concerned. What I was saying was that when the tax is proposed on net income, the taxable minimum fixed is also sufficiently high, and besides, the other factor should also be thought of. That is, in the case of the settlement of Agricultural Income-tax, it was

based on the productive net income earned from the land. That system of taxation was wholly abandoned and seigniorage tax of a very low order is being prescribed. So, the land-holders as a class are taxed only on their real earning, that is, on their net income. That is a fair method of approach. I am not unaware of the other fact. In Cochin, there is some disparity in the case of land tax. But Government propose to give relief to Cochin agriculturists by extending the basic tax which is prevalent in Travancore. Therefore, Sir, in that aspect too, the present Bill is acceptable to the House as it equalises the effect of taxation on all people alike. I move, Sir, that the Bill be taken into consideration at once.

Shri R. Sankaranarayanan Tampi : Sir, I move an amendment........

Shri Panampilli Govinda Menon : Amendments can be moved only after the motion before House is put.

Mr. Speaker : Yes.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ തന്നെ, കാർഷികാദായ നികുതിയിൽ ചില ഭേദഗതികൾ വരുത്താൻ ഒരു ബില്ലു കൊണ്ടുവരുന്നതാണെന്നു അറിയിച്ചിരുന്നു. ഒന്നരക്കോടി രൂപയോളം കമ്മിയുള്ള ഒരു ബഡ്ജററിന്റെ കമ്മി നികത്തുന്നതിനു ആവശ്യമായ ഒരു ബില്ലാണു ഇതെന്നു പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ വിശദീകരണത്തിൽ നിന്നും ബഡ്ജററു പ്രസംഗത്തിൽ നിന്നും തന്നെ ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളതു ഇതിൽ നിന്നും ഉദ്ദേശിക്കുന്ന കൂടുതൽ വരവു പത്തുലക്ഷം രൂപയോളം മാത്രമാണെന്നാണു. ഒന്നരക്കോടി രൂപ കമ്മിയുള്ള ഒരു ബഡ്ജററിൽ ആ കമ്മി നികത്താൻവേണ്ടി പത്തുലക്ഷം രൂപ കൂടുതൽ വരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതായ ഒരു ബില്ലു കൊണ്ടുവരുന്നതു ബഡ്ജററിലെ കമ്മി നികത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. കാർഷികാദായ നികുതി ഈ സ്റ്റേററിന്റെ നികുതിയുടെ ഘടനയിൽ ഒരു ഭാഗമായിത്തീർന്നിട്ടുണ്ടു. മററു പല രാജ്യങ്ങളിലും കാർഷികാദായ നികുതിയില്ലെങ്കിലും കാർഷികാദായനികുതി കൊണ്ടുവരാൻ ഉള്ള ലക്ഷണങ്ങളും കാണുന്നുണ്ടു. ഈ കാർഷികാദായനികുതി സ്റ്റേററിൽ നടപ്പിൽ വരുമ്പോൾ ഈ സ്റ്റേററിനെ സംബന്ധിച്ചു ധനകാര്യമന്ത്രി മനസ്സിൽ വയ്ക്കേണ്ട ചില തത്വങ്ങൾ ഉണ്ടെന്നു എനിക്കു തോന്നുന്നുണ്ടു. നികുതിയുടെ സമാനമായ നിപാതം (Equal incidence of taxation) ഉറപ്പാക്കേണ്ടതായിട്ടുണ്ടു. ഇന്നു സ്റ്റേററുഗവണ്മെന്റിനു കൃഷിയിൽ നിന്നുള്ള ആദായമല്ലാതെ മററാദായങ്ങളിൽ നികുതി ചുമത്തുവാൻ അവകാശമില്ലാതെയാണിരിക്കുന്നതു. മററാദായങ്ങളിൽ നികുതി ചുമത്തുന്നതിനുള്ള അധികാരം ഭരണഘടന അനുസരിച്ചു സെൻട്രൽ ഗവണ്മെന്റിനാണു. എന്നിരുന്നാലും സ്റ്റേററിനകത്തു കൃഷിയുടെ ആദായംമാത്രം എടുക്കുന്നതുകൊണ്ടു കൃഷിമാത്രം തൊഴിലായി സ്വീകരിച്ചിട്ടുള്ള ആളുകളിൽ ആ കൃഷി ഉപേക്ഷിച്ചു മററു തൊഴിൽ സ്വീകരിച്ചാലേ നികുതിയുടെ ഭാരം കുറയ്ക്കാൻ സാധിക്കയുള്ളൂ എന്നുള്ള നില വരരുതു. ഇൻഡ്യാ ഗവണ്മെന്റിന്റെ കമ്പൽസറി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇൻകം ടാക്സ് അസ്സസ്സബിൾ മിനിമം എന്താണെന്ന് ഇവിടെ പരിശോധന നടത്തി. അത് ഇപ്പോൾ നാലായിരത്തി ഇരുനൂറു രൂപയാണ്. അതിന്റെ അർത്ഥം ഇതാണ്. സർ, ഈ സ്റ്റേററിൽ കൃഷിയല്ലാതെ വേറെ ഏതെങ്കിലും തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കുന്ന ആളുകൾ 350 രൂപയിൽ കുറവായിട്ടുള്ള വരവാണെങ്കിൽ അവരാരും നികുതി കൊടുക്കേണ്ട. സർക്കാർ ഉദ്യോഗസ്ഥന്മാരും കച്ചവടക്കാരും വക്കീലന്മാരും ഡാക്ടറന്മാരും എൻജിനീയറന്മാരുമായി കൃഷിയല്ലാത്ത ഉപജീവനമാർഗ്ഗം സ്വീകരിച്ചിട്ടുള്ള ജനങ്ങൾക്ക് പ്രതിമാസം 350 രൂപവരെ നികുതി കൊടുക്കാതെ സമ്പാദിക്കാം. അതാണ് ഇന്നത്തെ നില. ഇൻഡ്യാഗവണ്മെന്റു 350 രൂപായോ അതിൽ കൂടുതലോ രൂപ വരുമാനമുണ്ടെങ്കിൽ മാത്രമേ നികുതി വസൂലാക്കുകയുള്ളു. അങ്ങിനെ പോരാ, അതിൽ കുറഞ്ഞ വരുമാനമുള്ളവരിൽ കാർഷികാദായനികുതി ചുമത്താൻ പാടില്ല എന്നു ഞാൻ പറയുന്നില്ല. കോൺസ്റ്റിററ്യൂഷൻ അനുസരിച്ച് അതിനുള്ള അധികാരം ഈ ഗവണ്മെന്റിനു ഉപയോഗിക്കാമോ? 350 രൂപയ്ക്കുമേൽ ഹയർ ഇൻകംടാക്സ് ചുമത്തുന്നതിൽ തെററില്ല എന്നാണ് ഞാൻ പറയുന്നത്. വരുമാനമുള്ള കൃഷിക്കാരെപ്പററി ഞാൻ പറയുന്നില്ല. അവരുടെ മേൽ കൂടുതൽ നികുതി ചുമത്തുന്നതിനെ ഞാൻ ആക്ഷേപിക്കുന്നില്ല. അതിനെ അനുകൂലിക്കുവാൻ ഞങ്ങൾ ഒരുക്കമാണ്. പക്ഷേ, ഈ ചെറിയ വരുമാനമുള്ള ആളുകൾക്ക് മൂവായിരത്തിനു മീതേ അയ്യായിരം രൂപയിൽ താഴെയുള്ള വരുമാനമുള്ളവരിൽ നിന്നും കൂടുതൽ നികുതി ഈടാക്കുന്ന സമ്പ്രദായം ആവശ്യമാണോ എന്ന് ആലോചിക്കണമെന്ന് ഞങ്ങൾ പറയുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ നിന്നു ഞാൻ അപ്പോൾ ഗ്രഹിച്ചതു അദ്ദേഹത്തിന്റെ ഉദ്ദേശം ഉയർന്ന വരുമാനമുള്ളവരിൽ നിന്നുമാത്രം നികുതി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്നാണ്. അങ്ങനെ അന്നു പ്രസംഗിച്ചതിനു ശേഷം ഇപ്പോൾ അതു കൂട്ടാൻ ഉദ്ദേശിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കിയിട്ടില്ല. അന്നത്തെ പ്രസംഗത്തെപ്പററി ചർച്ച നടത്തിയ സന്ദർഭത്തിൽ കാർഷികാദായനികുതി ഉയർന്ന വരുമാനമുള്ളവരിൽ നിന്നും കൂടുതലായി ഈടാക്കുമെന്നു പറഞ്ഞു എന്നാണ് ഞാൻ അന്നു ഗ്രഹിച്ചത്. മൂവായിരം രൂപയോ മൂവായിരത്തി അഞ്ഞൂറു രൂപയോ നാലായിരം രൂപയോ വരുമാനം ഉള്ളവരിൽ നിന്നും നികുതി ഈടാക്കരുത്. കാരണം, "They belong neither to the middle class nor to the lower middle class."

അങ്ങിനെയുള്ള ആളുകളുടെമേൽ നികുതി ചുമത്തുന്നതു രണ്ടു മൂന്നു വിധത്തിൽ അവരുടെ ഭാരം കൂട്ടലാണ്. അവർക്കു കൃഷിയല്ലാ, മററു വല്ല തൊഴിലുമാണെങ്കിൽ അവർ നികുതി കൊടുക്കേണ്ട. കൃഷിചെയ്യുന്നതിൽ വല്ല തെററുമുണ്ടോ? കൃഷിചെയ്യുന്ന ഒരുത്തൻ 300 രൂപ ആദായമുണ്ടാക്കുകയും കൃഷിയല്ലാതെ മററു തൊഴിൽകൊണ്ടു 300 രൂപ വരുമാനമുണ്ടാക്കുകയും ചെയ്താൽ കൃഷിചെയ്ത് 300 രൂപ ആദായമുണ്ടാക്കിയവന്റെ മേൽ കാർഷികാദായനികുതി ചുമത്തുകയും കൃഷി ചെയ്യാത്തവനെ വിടുകയും ചെയ്യുന്നു. ഇതാണ് inequitable taxation. അതേപ്പററി ഗവണ്മെൻറാലോചിച്ചിട്ടുണ്ടോ? എന്നാൽ ഇതു ചർച്ചയ്ക്കു എടുക്കുമ്പോൾ മിനിമം മൂവായിരത്തിൽ നിന്നും നാലായിരമായി ഉയർത്തണമെന്ന്

ഞങ്ങൾ ആവശ്യപ്പെടുകയല്ല. മൂവായിരംതൊട്ട് അയ്യായിരം വരെ ഇപ്പോൾ വച്ചിരിക്കുന്ന ഫസ്റ്റ് സ്ലാബ് നികുതി 50 രൂപ എന്നുള്ളതു ധാരാളമാണ്. അതുയർത്തരുതു്. അതുയർത്തുന്നതിനുള്ള ആലോചന വളരെ ദോഷം ചെയ്യുന്നതാണ്. ആ ദോഷങ്ങളും വിഷമങ്ങളും എന്താണെന്നു പറയാം.

കാർഷികാദായം ലഭിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഇന്നു വില കുറഞ്ഞിട്ടുണ്ട്. നിർഭാഗ്യവശാൽ ജീവിതത്തോതു് താണുവരുന്നുമില്ല. മാത്രമല്ലാ, കർഷകനു് ഇന്നാവശ്യമുള്ള ഉപഭോഗവസ്തുക്കൾ മുഴുവൻ തന്നെ പുറരാജ്യങ്ങളിൽ നിന്നു വരുത്തേണ്ടതാണ്. അതിനു വില കുറഞ്ഞിട്ടില്ല. അതേ സമയം അവന്റെ വരുമാനം കുറഞ്ഞിട്ടുണ്ട്. ആ അവസരത്തിൽ അവന്റെ നികുതി കൂടുതലാക്കുന്നതു് കർഷകരോടു സ്നേഹം കാണിക്കുന്ന സ്നേഹിതന്മാർക്കും സന്മനോഭാവം കാണിക്കുന്ന ഒരു ഗവണ്മെന്റിനും ഉചിതമല്ല. ഉതകിയതുമല്ല. ഞാൻ ഇപ്പോൾ എഴുന്നേററുനിൽക്കുന്നതു് ഒരു അഭ്യർത്ഥന ചെയ്യാൻ വേണ്ടിയാണ്. അതായതു് മൂവായിരം തൊട്ട് അയ്യായിരം വരെയുള്ള ആദായം ലഭിക്കുന്നവരുടെ നികുതി കൂട്ടരുതു്. സാധാരണ ഇത്രയും വരുമാനമുള്ളവർ അഞ്ചോ ആറോ അംഗങ്ങൾ ഉള്ള കുടുംബങ്ങളാണ്. അഞ്ചോ ആറോ അംഗസംഖ്യയുള്ള ഒരു കുടുംബത്തിന് 250 രൂപ വരുമാനമുണ്ടെങ്കിൽ അയാൾ തന്റെ ചെലവും കഴിച്ചു നികുതി കൊടുക്കുന്നതിനു കഷ്ടപ്പെടുന്നു. അതു് കൂട്ടരുതു്. അതാണ് ഞങ്ങൾ ആവശ്യപ്പെടുന്നതു്.

ഒരു കൊല്ലം മുമ്പ് തിരുവിതാംകൂറിൽ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ചുരുങ്ങിയ കൂലി എന്താണെന്നു നിശ്ചയിക്കുന്നതിന് ഗവണ്മെന്റിൽ നിന്നും പ്രൊഫസർ വി. ആർ. പിള്ളയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററി നിയമിക്കയുണ്ടായി. ആ അന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിൽ നിന്നു തെളിയുന്നതു വളരെ ബെയർ മിനിമം റിക്വയർമെൻസിനു കഷ്ടിച്ചു് ദേഹവും ദേഹിയും കിടക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ നിർവഹിക്കുന്നതിന് ആ തൊഴിലാളികൾക്ക് 90 മുതൽ 95 രൂപവരെ വേണമെന്നാണ്. ആ റിപ്പോർട്ടിൽ ജീവിതച്ചെലവിന്റെ കാര്യം സൂക്ഷ്മമായി അന്വേഷിച്ചിട്ടില്ല എന്നു് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ കൃഷിക്കാരുടെ കാര്യത്തെപ്പററി കൂടി ആലോചിക്കണം. തൊഴിലാളിക്കും ഉദ്യോഗസ്ഥനും ഇന്നു് ഗാറന്റീഡ് ഇൻകമാണ് ലഭിക്കുന്നതു്. പക്ഷേ, കൃഷിക്കാരനു് പല വിധത്തിലുള്ള ഭാഗ്യവിപര്യയത്താൽ ചിലപ്പോൾ കൃഷിനാശം വരും, ചിലപ്പോൾ കന്നുകാലികൾ ചത്തുപോകും, ഇങ്ങനെയെല്ലാം സംഭവിക്കാനിടയുണ്ട്. അതുകൊണ്ട് അങ്ങനെ നിയന്ത്രിക്കാൻ ആലോചിക്കുമ്പോൾ മിനിമം 250 രൂപ മുതൽ 400 രൂപ വരെ പ്രതിമാസം വരവുള്ളവരുടെ നികുതി കൂടുതൽ വർദ്ധിപ്പിക്കരുതു്.

രണ്ടാമത്തു് ഈ നിയമസഭയിൽ ഒരു ലാൻഡ് ടാക്സ് ബിൽ കൊണ്ടുവന്നിട്ടുണ്ട്. അതു് തിരുവിതാംകൂറിലുള്ള ബേസിക് ടാക്സ് സിസ്റ്റം കൊച്ചിയിലേക്കും നീട്ടുന്നതിനുവേണ്ടിയാണ്. ഒന്നുതെററിയാൽ രണ്ടു തെററും, രണ്ടു തെററിയാൽ മൂന്നു തെററും ഇങ്ങനെ 1950-ൽ ഈ സിസ്റ്റം കൊച്ചിയിൽ കൂടി വ്യാപിപ്പിക്കാൻ വേണ്ടി ഒരു ബിൽ കൊണ്ടുവന്നു. ആ ബില്ലിന്റെ ആലോചനാവേളയിൽ കൊച്ചിയിൽ നിന്നു വന്ന ഒന്നു രണ്ടംഗങ്ങൾ അതങ്ങോട്ടു വ്യാപിപ്പിക്കരുതെന്നു പറഞ്ഞു.

മി. സ്പീക്കർ: ഇനി ഒന്നരമണിക്കൂറുണ്ട്. സപ്ലിമെന്ററി ഡിമാൻഡിനെപ്പററിയുള്ള ഡിസ്കഷൻ വേണമെങ്കിൽ ഇനി നടത്താം.

ശ്രീ. ടി. എം. തോമസ്: ഇൻകംടാക്സ് ബില്ലിനെപ്പററിയുള്ള വിമർശനങ്ങൾ കഴിഞ്ഞിട്ട് സപ്ലിമെന്ററി ഡിമാൻഡ് എടുത്താൽ മതിയെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, തിരുവിതാംകൂറിലെ ബേസിക് ടാക്സ് കൊച്ചിയേയും ബാധകമാക്കത്തക്ക നിലയിൽ കൊണ്ടുവന്ന ആ ബില്ല് ചില ആളുകളുടെ ആക്ഷേപങ്ങളുടെ ഫലമായി തള്ളിക്കളഞ്ഞു. എന്റെ ഓർമ്മ ശരിയാണെങ്കിൽ കൊച്ചിയിൽ നിന്നും ലാൻഡ് റവന്യൂ ആയി ലഭിക്കുന്നതു് 12 ലക്ഷം രൂപയാണ്. ബേസിക് ടാക്സ് അവിടെ ഏർപ്പെടുത്തിയാൽ 8 ലക്ഷം രൂപയായി കുറയും. അങ്ങനെ കൊല്ലംതോറും 1949-ലെ സംയോജനത്തിനു ശേഷം കൊച്ചിയിലെ നികുതിദായകന്മാർ 4 ലക്ഷം രൂപ കൂടുതൽ സ്റ്റേററ് ലെവ്യൂ കൊടുത്തുവരികയാണ്. 1950-ൽ കൊണ്ടുവന്ന ബില്ല് തള്ളിപ്പോയതിനു ശേഷം ജനറൽ ഇലക്ഷൻ കഴിഞ്ഞു് 1952-ൽ വീണ്ടുമൊരു ബില്ലുകൊണ്ടുവന്നു. ആ ബിൽ ഗവണ്മെന്റിൽനിന്നുമവതരിപ്പിച്ചു് സെലക്ട് കമ്മററിയിലേക്കയച്ചു. സെലക്ട് കമ്മററി അതു ആലോചിച്ചുകൊണ്ടിരുന്ന അവസരത്തിൽ നിയമസഭ പിരിച്ചുവിട്ടു. അങ്ങനെ രണ്ടു പ്രാവശ്യം ഗവണ്മെന്റു ചെയ്ത ശ്രമം സഫലമായില്ല. ഇപ്പോഴും ലാൻഡ് ടാക്സ് ബിൽ കൊണ്ടുവന്നിട്ടുണ്ട്. ആ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഇൻകംടാക്സ് ബില്ലിനോടു കൂടി കൊണ്ടുവന്നിരിക്കുകയാണ്. അതിനാൽ കൊച്ചിയിലെ ആളുകൾക്ക് ഇതു കൊണ്ടു് ഉടനടി ഗുണമുണ്ടാകുകയില്ല. ബിൽ പാസാകുന്നതിനു് കാലതാമസം വന്നേക്കാം. കൊച്ചിയിലെ ആളുകൾക്ക് ഉടനെ ഗുണം കിട്ടാത്തപക്ഷം അതു പ്രകടമായ ഒരു അനീതിയാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഈ നിയമസഭയിൽ തന്നെ ലാൻഡ് ടാക്സ് ബിൽ പാസ്സാകുന്നതായില്ലെങ്കിൽ ഉടനെ ഒരു ഓർഡർ മൂലമോ അല്ലെങ്കിൽ ഓർഡിനൻസ് മൂലമോ അതു നടപ്പാക്കണം; അതു കൊണ്ടു് ബഹുമാനപ്പെട്ട ഗവണ്മെന്റിനോടു രണ്ടപേക്ഷകളാണ് ഞാൻ ചെയ്യുന്നതു്. ഒന്നാമതു് ബേസിക് ടാക്സ് ഓർഡർ മുഖേനയോ അല്ലെങ്കിൽ ഓർഡിനൻസ് മുഖേനയോ കൊച്ചിയിലേക്കും കൂടി വ്യാപിപ്പിക്കണം. രണ്ടാമതു 3000 മുതൽ 5000 വരെ രൂപ ആദായമുള്ളവരായ കൃഷിക്കാർക്ക് നികുതി കൂട്ടുന്നതിനുള്ള ശ്രമം ഉപേക്ഷിക്കണം. അതുകൊണ്ടു് എന്റെ ഈ അഭിപ്രായത്തെ എല്ലാവരും പിൻതാങ്ങണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, ഇതിനെപ്പററി ഒരു വാക്ക് എനിക്കു പറയുവാനുണ്ട്. കൊച്ചിയിൽ അഗ്രികൾച്ചറൽ ഇൻകംടാക്സ് ചുമത്തിയിരിക്കുന്നതു് കൂടുതലാണെന്നൊരഭിപ്രായം ഇവിടെ ഉണ്ടായി. അതു ശരിയാണെന്നു തോന്നുന്നില്ല. കൊച്ചിയിൽ ഇപ്പോൾ കൊടുക്കുന്ന ലാൻഡ് റവന്യൂ കൂടുതലായതുകൊണ്ടു് ആ ചിലവുകൂടി തട്ടി ബാക്കി വരുന്ന തുകയ്ക്കുമാത്രമേ ഇൻകംടാക്സ് ചുമത്തുന്നുള്ളു. ഇതു് കൊച്ചിക്കാർക്കു് ലാഭകരമാണ്. തിരുവിതാംകൂറിൽ ലാൻഡ് ടാക്സ് വളരെ കുറച്ചു മാത്രമായതുകൊണ്ടു് ഇൻകംടാക്സ് കൂടുതൽ കൊടുക്കേണ്ടതായിവരും. വരവു കുറവുള്ള ആളുകൾക്ക് ടാക്സ് കുറയ്ക്കണമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു.

Shri R. Sankaranarayanan Thampi: Sir, I move an amendment to the motion of the hon. Minister Shri P. S. Nataraja Pillai.

ഈ ബില്ല് ഈ സെഷനിൽത്തന്നെ റിപ്പോർട്ട് സമർപ്പിക്കത്തക്കവണ്ണം ഒരു സെലക്റ്റ് കമ്മററിക്കയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. കുറഞ്ഞ നിരക്കിലുള്ള വരവിനങ്ങളുടെ മേലുള്ള നിരക്ക കൂട്ടണമെന്നുള്ള തത്വത്തോടു ഞങ്ങൾക്കു യോജിപ്പാണുള്ളതു്. ഇപ്പോഴത്തെ ഭേദഗതി ആവശ്യമാക്കിയതു് 1951-ൽ കാൺഗ്രസ്സ് ഗവണ്മെന്റ് മേലെക്കിടയിലുള്ള ആദായക്കാരുടെ നികുതി കുറച്ചു ഷെഡ്യൂൾ ഭേദഗതി ചെയ്തതു നിമിത്തമാണ്. കാൺഗ്രസ്സുകാർ കുറച്ച ആ നിരക്ക് പഴയ നിരക്കാക്കി മാററുകമാത്രമാണ് ഈ ഭേദഗതികൊണ്ടു് ചെയ്തിരിക്കുന്നതു്. കുറഞ്ഞ വരവിനങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കുവാനുള്ള പഴുതു് ഈ ബില്ലിൽ തങ്ങിനിൽക്കുന്നതുകൊണ്ടു് ഞാൻ അതിനെപ്പററി പ്രതിപാദിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഉദ്ധരിച്ച കണക്കുകളിൽനിന്നും ഈ ഭേദഗതികൊണ്ടു് ഷെഡ്യൂളിലെ രണ്ടാമത്തെ ഇനം ആളുകളെയാണ് ഇതു് കൂടുതൽ ബാധിക്കുന്നതു് എന്നു വെളിവാകുന്നു. മററിനങ്ങളിലെ നികുതിയടക്കേണ്ടവരുടെ മൊത്തം സംഖ്യയെക്കാൾ കൂടുതൽ ആളുകൾ രണ്ടാമത്തെയിനത്തിലുണ്ടു്. അതുകൊണ്ടു് ഷെഡ്യൂളിലെ റേറുകൾതന്നെ സാരമായി ഭേദഗതി ചെയ്യേണ്ടതുണ്ടു്. കമ്പനികളുടെ മേൽ ചുമത്തിയിട്ടുള്ള നികുതിനിരക്ക് വളരെ കുറവാണ്. ഈ പ്രശ്നങ്ങളെപ്പററി സമഗ്രമായി പ്രതിപാദിച്ചു് ഒരു റിപ്പോർട്ട് ഈ മാസം ഏഴാം തീയതിക്കകം സമർപ്പിക്കത്തക്കവണ്ണം ഒരു സെലക്റ്റ് കമ്മററിയ്ക്കു് ബില്ല് അയച്ചുകൊടുക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒറിജിനൽ ബില്ല് ഭേദഗതി ചെയ്യാനുള്ള അധികാരത്തോടുകൂടി സെലക്റ്റ് കമ്മററിക്കയയ്ക്കണമെന്നാണോ ബഹുമാനപ്പെട്ട മെംബർ പറയുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഒറിജിനൽ ബില്ല് ഭേദഗതി ചെയ്യണമെന്നല്ല; ഇതിന്റെ റേറുകൾ പറഞ്ഞിട്ടുള്ളതു് ഷെഡ്യൂളിലാണ്; ആ ഭാഗംമാത്രം ഭേദഗതിചെയ്താൽ മതിയാകുന്നതാണ്. അതുകൊണ്ടു് താഴെ പേരു പറയുന്ന അംഗങ്ങളടങ്ങിയ ഒരു സെലക്റ്റ് കമ്മററിക്കു് ഈ ബിൽ അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

Shri M. Bhaskaran Nair
,, K. M. Korah
,, T. O. Bava
,, Prakulam Bhasi
,, Manjanatha Prabhu
,, M. P. Menon
,, K. A. Sivarama Bharathy
,, K. C. George
,, R. Sankaranarayanan Thampi
,, P. S. Nataraja Pillai.

The Committee is to report before the 7th instant, the quorum being five.

Shri P. S. Nataraja Pillai: Sir, I have some facts to be placed before my hon. friends and the House for consideration. Shri K. P. Hormis has tabled an amendment to Clause 2. It reads:

> "In clause 2 of the Bill, the words 'Nine pies in the rupee' shall be substituted for the words "Ten pies in the rupee' against item 2".

That connotes the subject matter of the discussion here. For the last income slab, that is up to five-thousand the present rate is 10 pies and under the present Bill, it is sought to be reduced to nine pies on the specific suggestion that it will cause hardship and make the inequality greater in the lowest slab. From a particular point of view and in view of the existing conditions of the prices of agricultural produce and on behalf of the Government, I am ready to admit that position and Government is ready to accept that amendment. Therefore, and also from what discussion I heard from this side as well as the other, I believe that is a practical suggestion. I feel there is no real necessity at this stage to refer the matter to the Select Committee.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഞാൻ ഇതിനെ എതിർക്കുന്നു.

Mr. Speaker: I shall give you a chance. Let the Minister finish.

Shri P. S. Nataraja Pillai: That is what I understood from what was debated on the floor of the House and from the trend of the discussion. I understand it is the object behind the reference to the Select Committee. If the exemption is to be increased, that proposition, as was pointed out by the hon. Member opposite, does not come within the purview of the present Bill. The only matter now under discussion in this House is the revision of the Schedule. That is the only matter before the House for consideration. There, what can be done is only to change the rates this side or that. The hardship that was pointed out was about the first slab alone. It is being sought to be revised by the present Bill from 9 to 10 pies, and there is the specific amendment tabled and given notice of to reduce it to 9 pies. On behalf of the Government I may say that the Government has no objection in view of the practical difficulties pointed out in this House to accept this amendment. I think this will serve the purpose which my hon. friend who moved for reference to Select Committee has in view. If the position is conceded, within the next ten or fifteen minutes we may dispose of this legislation so that we can have further opportunities to discuss the matters that come before us. I hope the mover of the amendment and the member who wants the reference to the Select Committee will be kind enough, in view of these facts and the limited time this House has at present, to allow the Bill to be carried so that we may dispose of this matter now.

Shri R. Sankaranarayanan Thampi: Sir, I think the hon. Minister has misunderstood the purpose for which I wanted the Bill to be referred to the Select Committee,

സർ, ബില്ല് സെലക്ററ കമ്മിററിക്ക് അയയ്ക്കേണ്ടതാണെന്ന് ഞാൻ വീണ്ടും അഭിപ്രായപ്പെടുന്നു. മേലെക്കിടയിലുള്ള ആദായക്കാരുടെ നികുതി കുറയുന്നതല്ലെന്ന് ബില്ലുകൊണ്ട് കാണുന്നില്ല. ഇതു സംബന്ധിച്ച് ഞങ്ങളുടെ ഭാഗത്തുനിന്നും ഒരു ഭേദഗതി അവതരിപ്പിച്ചിട്ടില്ല. ഷെഡ്യൂളിൽ വേണ്ട മാററം വരുത്തുവാനും നികുതി ആയിരം രൂപവരെ കൂട്ടാനും ഉള്ള അധികാരത്തോടുകൂടി ബില്ല് സെലക്ററ കമ്മിററിക്ക് അയയ്ക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ശ്രീ. ശങ്കരനാരായണൻ തമ്പി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മോഷനെ ഞാൻ അനുകൂലിക്കുന്നു. കോൺഗ്രസ്സുഭാഗത്തുനിന്നും ശ്രീ. ഹാർമിസ് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഒരു ഭേദഗതി ഗവണ്മെൻറ സ്വീകരിക്കുന്നുവെന്നു പറയുകണ്ടായി. ഭേദഗതി അവതരിപ്പിക്കുന്നതിനു മുൻപ്, ധനകാര്യവകുപ്പുമന്ത്രി ഭേദഗതിയെ സ്വീകരിക്കുന്നുവെന്ന് പ്രസ്താവിക്കുകയാണുണ്ടായത്. അങ്ങനെയാണെങ്കിൽ യഥാർത്ഥത്തിൽ 1500 രൂപ മുതൽ 3500 രൂപവരെ ആദായമുള്ളവർക്കുമാത്രമല്ല, 5000 രൂപയ്ക്കു മുകളിൽ ആദായമുള്ളവർക്കും ഈ ടാക്സേഷൻ സംബന്ധിച്ചിടത്തോളം ലാഭകരമായ ഒരു നിലയാണ് ഉണ്ടാകാൻ സാദ്ധ്യതയുള്ളത്. അതുപോലെതന്നെ 5000-നും 10,000-ത്തിനും ഇടയ്ക്ക് ആദായമുള്ളവർക്ക് ആദ്യത്തെ 5000-ത്തിനു മാത്രമെ ടാക്സ് കുറവുണ്ടായിരുന്നുള്ളു. എന്നാൽ ആ റേററിനെയും പരാതികളുടെ ഫലമായി കുറച്ചുകൊടുത്തിട്ടുണ്ട്. അങ്ങനെ നിശ്ചപ്പെടുത്തിയിരിക്കുന്ന നികുതി ഒരു കാരണവശാലും കുറയ്ക്കാൻ പാടില്ലാത്തതാണ്. ഇടത്തരക്കാരായ കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി അവതരിപ്പിക്കാനുദ്ദേശിക്കുന്ന ഈ ഭേദഗതി അതേപടി പാസാക്കുകയാണെങ്കിൽ, ഇടത്തരക്കാരായ കർഷകരെ മാത്രമല്ല, ധനവാന്മാരെക്കൂടി അനർഹമായി സഹായിക്കുന്നതിനിടയാകുന്നതാണ്. ഇവിടെ ടാക്സിനു വിധേയമായ ഏററവും കുറഞ്ഞ സംഖ്യ 3000 രൂപയാണ്. എന്നാൽ മദ്രാസിൽ ടാക്സബിൾ മിനിമം 2000 രൂപയാണ്. 2000 രൂപവരെ കാർഷികാദായം കിട്ടുന്ന ആളിൽനിന്നും കരം ഈടാക്കുന്നതിൽ വലിയ ആക്ഷേപമുള്ളതായി കേട്ടിട്ടില്ല. പാർട്ടു ബി. സ്റ്റേററായ ഈ സംസ്ഥാനത്തെ പെർകാപ്പിററാ 14·4 ആയിരിക്കുമ്പോൾ മററുള്ള പാർട്ടു ബി. സ്റ്റേററുകളിൽ 19·5 ആണ്. ആ കണക്കനുസരിച്ചു മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ സംസ്ഥാനത്ത് ചെലവു കുറവാണെന്നു കാണാൻ കഴിയും. ആ സ്ഥിതിക്ക് മാസംതോറും 250 രൂപ കൃഷിയിൽനിന്നും ആദായം കിട്ടുന്ന ഒരാളിനെ ടാക്സിൽ ഉൾപ്പെടുത്തുന്നത് കർഷകന് ഒരു ഭാരമാണെന്നു പറയുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല. സർ, പ്രതിമാസം 42 രൂപ ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരനിൽനിന്നും രൂപയ്ക്ക് കാലണ വച്ചു നികുതിയിനത്തിൽ ഗവണ്മെൻറ ഈടാക്കിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക് മാസാമാസം 250 രൂപ ആദായം ഉള്ള കർഷകനിൽനിന്നും എന്തുകൊണ്ട് നികുതി ഈടാക്കിക്കൂടാ എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്. മുൻ ധനകാര്യവകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ സമർത്ഥമായി ചില വാദഗതികൾ ഉന്നയിച്ചുകൊണ്ട് പറയുകയുണ്ടായി, പ്രതിമാസം 350 രൂപവരെ വരവുള്ളവരെ ഇൻഡ്യാഗവണ്മെൻറ് നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണെന്നും, അതുകൊണ്ടു കൂടുതൽ നികുതി കർഷകരിൽ ഇനിയും ചുമത്തരുതെന്നും. സർ, ആണ്ടുതോറും കൃഷിയിൽനിന്നും

[ശ്രീ. ടി. കെ. ദിവാകരൻ]

കിട്ടുന്ന ആദായം സംബന്ധിച്ച് ഒരു കണക്കെഴുതി സൂക്ഷിക്കാൻ പ്രാപ്തിയുള്ള ഒരു കർഷകന് അതായത്, പ്രതിമാസം 250 രൂപ ആദായം കിട്ടുന്ന ഒരു കർഷകനുപോലും ആദായനികുതി കൊടുക്കുന്നതിനു പ്രയാസമുണ്ടായിരിക്കുകയില്ലെന്നു ബോദ്ധ്യമാകും. അതുകൊണ്ട് ഇതുതന്നെ ശ്രീ. പനമ്പിള്ളി അഭിപ്രായപ്പെട്ടാലും സർ, നമ്മുടെ ഇങ്കംടാക്സ് റൂൾ 5-കൊണ്ട് പരിഹരിക്കാൻ പാടില്ലാത്ത ഒന്നുംതന്നെ ഇവിടെ ഉണ്ടാകാൻ പോകുന്നില്ലെന്നാണ് എന്റെ അഭിപ്രായം.

സർ, കഴിഞ്ഞകൊല്ലം 7,310 ആളുകളെയാണ് അസസ്സ് ചെയ്തിരുന്നത്. ഈ കൊല്ലം കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്നതിൽ 5000 ആളുകളെങ്കിലും കുറയുമെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നത്. കർഷകൻ വില്ക്കുന്ന ചരക്കുകൾക്ക് നാൾക്കുനാൾ വില കുറയുന്ന ഒരവസ്ഥയാണുണ്ടാകുന്നതെങ്കിൽ കൊല്ലംതോറും പുതിയ ആളുകളാണ് കാർഷികാദായനികുതിയിൽനിന്നും ഒഴിവാക്കപ്പെടുന്നതെന്ന് ഓർക്കേണ്ടതാണ്. മാത്രമല്ല, മുൻകൊല്ലങ്ങളിൽ അവരുടെമേൽ അസസ്സ് ചെയ്തിരുന്ന ടാക്സുപോലും ഈടാക്കാൻ സാധിക്കാതെയും വന്നേയ്ക്കും.

മറ്റൊരുകാര്യം, ഗവണ്മെന്റിന്റെ ഇപ്പോഴത്തെ നയം അനുസരിച്ച് 5000-ത്തിനും, 10,000-ത്തിനും ഇടയ്ക്ക് ആദായമുള്ളതിന്, ടാക്സ് കൊടുത്തിരുന്നവർ, താഴത്തെ ഗ്രേഡിലേയ്ക്ക്, അതായത് 1500-നു മേൽ 5000 രൂപവരെ 10 പൈസ കൊടുക്കുന്നവരായിത്തീരുന്നതാണ്. അങ്ങനെ 5000 രൂപ ആദായമുള്ളവർക്ക് കൊടുക്കേണ്ടിവരുന്ന ടാക്സിന്റെ ഒരു ആവറേജ് നോക്കുകയാണെങ്കിൽ ഏകദേശം രൂപയ്ക്ക് 7 പൈസയെ ആകുന്നുള്ളു. ഇന്നത്തെ വിലയിടിവിന്റെ അടിസ്ഥാനത്തിൽ ഒരു കർഷകന് പ്രതിമാസം 250 രൂപ ആദായം കിട്ടുന്നെങ്കിൽ അത് നിസ്സാരകാര്യമല്ലെന്നും, അങ്ങനെ ഇന്ന് ഏകദേശം 5000 ആളുകളിൽനിന്നും ന്യായമായി ടാക്സ് ഈടാക്കാനുള്ള സാദ്ധ്യതയുണ്ടെന്നും ആണ് ഞാൻ അഭിപ്രായപ്പെടുന്നത്. നിസ്സാരതുകയായ വെറും 42 രൂപ ശമ്പളം വാങ്ങുന്നവനിൽനിന്നും രൂപയ്ക്ക് കാലണ വില്പനനികുതി ഈടാക്കുമ്പോൾ, 250 രൂപ വരവുള്ള ഒരു കർഷകനിൽനിന്നും രൂപയ്ക്ക് 7 പൈസയെ ഈടാക്കുന്നുള്ളു. ഇത് കർഷകന് വലിയ ഭാരമാണെന്ന് തോന്നുന്നില്ല. നമ്മുടെ ഇന്നത്തെ എല്ലാ പദ്ധതികളിലും കർഷകരുടെ നന്മയെ ഉദ്ദേശിച്ചു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ്. അവർക്ക് വളം സബ്സിഡി, പമ്പിംഗ് സബ്സിഡി എന്നിങ്ങനെ ഗണ്യമായ പല സഹായങ്ങളും ഗവണ്മെന്റിൽനിന്നും ലഭിച്ചുകൊണ്ടാണിരിക്കുന്നത്. തന്നെയുമല്ല, ഇപ്പോഴത്തെ വിദ്യാഭ്യാസപരിഷ്കാരംമൂലം അവരിൽ പലർക്കും വിദ്യാർത്ഥികളുടെ ഫീസ് ഇളവുമൂലം ആനുകൂല്യം ഉണ്ടാകുന്നുണ്ട്. ആദായനികുതിയിൽ അല്പം വ്യതിയാനം വരുത്തിയതുതന്നെ വിദ്യാഭ്യാസ പദ്ധതിമൂലം നേരിടുന്ന 20 ലക്ഷം രൂപയുടെ നഷ്ടം ഭാഗികമായി പരിഹരിക്കാൻകൂടിയാണ്.

സർ, മദ്രാസിൽ ടാക്സബിൾ മിനിമം 2000 രൂപയാണ്. മദ്രാസിലെ നിയമംതന്നെയാണ് ഇവിടെയും പകർത്തിയിട്ടുള്ളത്. ടാക്സിൽ അല്പസ്വല്പം വ്യത്യാസമുണ്ടെന്നേയുള്ളു. സർ, കാർഷികാദായനികുതി

സംബന്ധിച്ചുള്ള വിവരങ്ങൾ പഠിക്കുന്നതിനായി മദ്രാസിൽനിന്നു് ഒരാൾ ഇവിടെ വന്നിരുന്നതായി പത്രത്തിൽ വായിക്കുകയുണ്ടായി. സർ, ഞാൻ മുൻപു പറഞ്ഞതുപോലെ ഇപ്പോൾ കാർഷികാദായനികുതി കൊടുത്തുകൊണ്ടിരിക്കുന്ന പലരും കാർഷികാദായനികുതിയിൽനിന്നും മോചിക്കുകയും, മാത്രമല്ല, സെക്കന്റ ഗ്രൂപ്പിൽ പറഞ്ഞിരിക്കുന്ന ആളുകൾ താഴോട്ടു ഇറങ്ങി വരികയുമാണു ചെയ്യുന്നതു്. കാണ്ഗ്രസ്സു ഗവണ്മെന്റിന്റെ കാലത്തു 5000 രൂപ വരെ ആദായമുള്ള ഒരാൾക്കു് ശരാശരി രൂപയ്ക്കു് ആറു പൈസയായിരുന്നതു് ഇപ്പോൾ ഈ അമെന്റ്മെന്റ സ്വീകരിക്കുന്നപക്ഷം ഒരു രൂപയ്ക്കു് ഏഴു പൈസ വീതമെ ടാക്സു കൊടുക്കേണ്ടിവരുന്നുള്ളു. ആണ്ടുതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിനോക്കിയാൽ, നമ്മുടെ സംസ്ഥാനം 'ബെറ്റർലവി സമ്പ്രദായം' ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലാത്ത നിലയ്ക്കു് ഈ കാർഷികാദായനികുതിയിൽ അല്പമായ വർദ്ധനവു വരുത്തുന്നതുകൊണ്ടു് കർഷകനു് അതൊരു ഭാരമായിത്തീരുമെന്നു പറയുന്നതിനോടു് ഞാൻ യോജിക്കുന്നില്ല. മാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ കാർഷികാദായനികുതിയും, ഇതരസംസ്ഥാനങ്ങളിലെ കാർഷികാദായനികുതിയും തമ്മിൽ തുലനം ചെയ്യുകയും, അതേ അവസരത്തിൽ സംസ്ഥാനത്തെ വരവനുസരിച്ചു് ചെലവിന്റെ പെർകാപ്പിററാ നോക്കുകയും ചെയ്താൽ നിശ്ചയമായിട്ടും പ്രതിമാസം 250 രൂപ വരവുള്ള കർഷകനിൽനിന്നും ആദായനികുതി ഈടാക്കണമെന്നുതന്നെയാണു് ഞാൻ വാദിക്കുന്നതു്. വിശേഷിച്ചും കേരളത്തെ സംബന്ധിച്ചിടത്തോളം മണിക്രാപ്പുകളിലാണു് കർഷകർ നിലകൊള്ളുന്നതു്. അതുകൊണ്ടു് ഈ കാര്യങ്ങളെല്ലാം പര്യാലോചിച്ചു കൃത്യമായ ഒരു നിരക്കു് ഉണ്ടാക്കുന്നതിനുവേണ്ടി ഈ ബില്ല് സെലക്റ്റ കമ്മിറ്റിക്കു അയയ്ക്കണമെന്നുള്ള ശ്രീ. ശങ്കരനാരായണൻ തമ്പിയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், ஸ்ரீமான் சங்கரநாராயணன் தம்பி அவர்கள் கொண்டுவந்திருக்கும் பிரேரணையை ஆதரித்துக் கொண்டு ஒரு சில வார்த்தைகள் பேச நினைக்கிறேன். சிறிய கிருஷிக்காரர்களின் மீதுள்ள வரிப்பளுவை குறைக்க வேண்டுமென்றும், அவர்களின் மீதுள்ள வரிப்பளுவை கூட்டக் கூடாதென்றும் சாலக்குடி மெம்பர் ஸ்ரீ. பனம்பள்ளி கோவிந்தமேனோன் அவர்களின் அபிப்பிராயத்தை நான் மனப்பூர்வமாக ஆதரிக்கிறேன். அதோடு, இந்த சபையிலுள்ள எல்லா கட்சியினரும் அதை ஆதரிக்கக்கூடிய நிலையில் இருக்கிறார்கள் என்று காண்கிறேன். அதோடு கூட, நான் ஒரு முக்கியமான விஷயத்தைப்பற்றி இங்கு கூற விரும்புகிறேன். இந்த வருமான வரியைப் பற்றியுள்ள சாங்கேதிக ஞானம், சட்ட நுணுக்கம் எனக்குக் கிடையாது என்றிருந்தபோதிலும் ஒரு விஷயத்தை நான் இந்த சபையின் கவனத்திற்குக் கொண்டுவர ஆசைப்படுகிறேன். இந்த பில்லின் ஷெடியூல் பார்ட் 2—ல் கூறப்பட்டிருக்கிறது.

"B. In the case of every company on the whole of the total agricultural income the assessment is at two annas in the rupee"

இந்த பில்லின் பிரகாரம், தனியொருவனாக இருக்கக்கூடிய ஒருவனுக்கு அவனுடைய வருமானம் இருபத்தையாயிரத்திற்கு மேல்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

இருந்தால் அவன் கொடுக்கவேண்டிய Super-tax ரூபாய்க்கு 6½ அணாவாகும். ஆனால் ஒரு கம்பெனியாக இருந்தால் 2 அணா கொடுத்தால் போதும். இது, நிச்சயமாக தனி ஒரு மனிதனுக்கும் கம்பெனிக்கும் இடையே காட்டும் ஒரு பாரபட்சமாகும். அதுமாத்திரமல்ல; இந்த வித்தியாசம் காரணமாக தனி உரிமைகள் எல்லாம் கம்பெனிகள் என்ற பெயரைப்போட்டுக் கொண்டால் அவர்களுக்கு 6 அணா கொடுக்கவேண்டாம், 2 அணா கொடுத்தால் போதும். இரண்டு வருடங்களுக்கு முன்னால் ஸ்ரீமான் பனம்பள்ளி கோவிந்த மேனோன் அவர்கள் இங்கு நிதி மந்திரியாய் இருந்தபோது நான் அவர்களிடம் ஒரு கேள்வி கேட்டிருந்தேன். விவசாய வருமானவரி கொடுக்கின்ற ஐந்து லட்சம் ரூபாய்க்குமேல் வருமானம் வருபவர்கள் எத்தனை பேர் என்று கேட்டிருந்தேன். அவர்களது பெயர்களைக் கூற வேண்டுமென்று நான் கேட்டதற்கு, பெயர்களை கூற முடியாது என்று சொன்னார்கள். ஆனால் எட்டு பேர்கள் உண்டு என்றும், அவர்கள் கம்பெனிகள் என்றும் ஸ்ரீமான் பனம்பள்ளி கோவிந்தமேனோன் அவர்கள் கூறினார்கள். ஆகையினால் நான் கூறுவதென்னவென்றால், மூவாயிரமும், நாலாயிரமும் ரூபாய் வருமானம் உள்ள சிறிய கிருஷிக்காரர்களை மாத்திரம் எடுத்துக்கொண்டு, பெரிய திமிங்கலம் போன்ற பெரிய கம்பெனிகளைப் பற்றி மறந்துவிடுகிறோம். மூவாயிரமும், நாலாயிரமும் வருமானமுள்ள கிருஷிக்காரர்களின் மேலுள்ள வரியை மாத்திரம் கூட்டுகிறது, இந்த சோஷியலிஸ்ட் சர்க்கார். ஒரு சோஷியலிஸ்ட் அரசாங்கம் செய்யவேண்டியது என்னவென்றால், ஒரு சோஷியலிஸ்ட் ஆர்டர், Equalisation of Income, கொண்டுவர சிரமிக்கவேண்டும். ஒரு சோஷியலிஸ்ட் ஆர்டர் கொண்டுவர வேண்டும் என்றுதான் நான் இங்கு எடுத்துக்கூற ஆசைப்படுகிறேன். இருபத்தையாயிரத்துக்கு மேல் பல லக்ஷக்கணக்கில் வருமானம் வரக்கூடிய பல கம்பெனிகள் இந்நாட்டில்
4 P. M. உள்ளன. ஆனால் அவைகளைப் பற்றி ஒன்றும் இச்சர்க்கார் சிந்திக்கவில்லை.

Shri P. S. Nataraja Pillai: On a point of order. It is 4 0' clock.

Mr. Speaker: The member will soon conclude.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஆகையால் நான் சொல்வதென்னவென்றால், இப்பில் கட்டாயம் ஒரு செலக்ட் கமிற்றிக்குப் போக வேண்டுமென்றும், தனி நபர்களுக்கும். கம்பெனிகளுக்கும் இடையே உள்ள இந்த வரி வித்தியாசத்தைப் பற்றி செலக்ட் கமிற்றி அங்கத்தினர்கள் பிரத்தியேகம் கவனிக்க வேண்டும் என்றும், இந்த இரண்டணா, 6½ அணா என்ற வித்தியாசத்தை மாற்றி தனி நபர்களுக்கும், கம்பெனிகளுக்கும் உள்ள ரேட்டை ஒன்றுபோலாக்கவேண்டுமென்றும் கேட்டுக்கொள்கிறேன். அதனால், நமக்கு பத்து லெட்சமல்ல, 1½, 2 கோடி ரூபாய் வரை கூடுதல் வருமானம் வரும் என்று நான் கருதுகிறேன். அதற்குள்ள புள்ளி விவரங்கள் என் கையிலில்லை. வேண்டிய புள்ளி விவரங்கள் மந்திரியவர்களின் கையில் இருக்கிறது.

அதைப் பற்றி நாம் கண்ணுங்கருத்துமாய் சிந்திக்க வேண்டும்; அதுவும் நமது பட்ஜெட் "டெபிஸிட் பட்ஜெட்"டாக இருக்கக்கூடிய இந்த சந்தர்ப்பத்தில் நாம் அதைப் பற்றி கண்ணுங்கருத்துமாக கவனிக்கவேண்டும். எட்டோ அல்லது பத்தோ கம்பெனிகளைப் பாதிக்கக்கூடிய இந்த மாற்றத்தினால் வரும் வருமானத்தை, பொது ஜன முன்னேற்றத்திற்காகவும், தொழிற்சாலைகளின் அபிவிருத்திக்காகவும் செலவிடமுடியும் என்று இந்த சந்தர்ப்பத்தில் கூறிக்கொண்டு நான் எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. കെ. എം. ജാർജ്ജ്: സർ, കാർഷികാദായനികുതിയെ സംബന്ധിച്ച് എന്റെ സ്നേഹിതൻ മിസ്റ്റർ ദിവാകരൻ ഇവിടെ ഉന്നയിച്ച ചില കാര്യങ്ങൾ വളരെയേറെ തെറ്റിദ്ധാരണകളുടെ ഫലമായിട്ടുള്ളതാണെന്നു ചൂണ്ടിക്കാണിക്കുവാനേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. അദ്ദേഹം പറയുന്നതു് പത്തുനാൽപതു രൂപാ വരവുള്ള ഉദ്യോഗസ്ഥന്മാർ വരുമാനനികുതി കൊടുക്കുന്നുണ്ടു്; എന്നാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രതിമാസം 250 രൂപായും അതിനു മേലും ഉള്ളവർക്കു മാത്രമേ കാർഷികാദായനികുതി കൊടുക്കേണ്ടിവരുന്നുള്ളു; അതുകൊണ്ടു കൃഷിക്കാർക്കു ഈ നികുതി സഹിക്കാവുന്നതാണ് എന്നാണ്. ഒരു തെറ്റിദ്ധാരണയുടെ ഫലമായിട്ടാണ് അദ്ദേഹത്തിനു അതു് തോന്നിയതെന്നു് ചൂണ്ടിക്കാണിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നതു്. ഇൻഡ്യയുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു് ഇവിടത്തെ കൃഷിക്കാരാണ്.

ശ്രീ. എം. പി. മേനോൻ: On a point of information, Sir മിസ്റ്റർ ശങ്കരനാരായണൻതമ്പിയുടെ മോഷനാണ് സഭയുടെ മുമ്പിൽ ഇരിക്കുന്നതു്. അതിനെ എതിർക്കുകയോ അനുകൂലിക്കുകയോ ബഹുമാനപ്പെട്ട മെംബർ ചെയ്യുന്നതു്?

ശ്രീ. കെ. എം. ജാർജ്ജ്: ഞാൻ എന്റെ പാർട്ടിയുടെ നേതാവ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞതിനെ സപ്പോർട്ടു ചെയ്യുകയാണ്. മിസ്റ്റർ തമ്പിയുടെ മോഷനെ ഞാൻ എതിർക്കുന്നു.

പട്ടണത്തിൽനിന്നു വരുന്ന മിസ്റ്റർ ദിവാകരനെപ്പോലെയുള്ള ആളുകൾക്ക് നാട്ടിൻപുറങ്ങളിലുള്ള കർഷകരുടെ കാര്യത്തിൽ പല തെറ്റിദ്ധാരണകളും ഉണ്ടാകും. ഈ നാട്ടിലെ കൃഷിക്കാർ ഈ നാട്ടിലെ വ്യവസായങ്ങളുടേയും വിഭവങ്ങളുടേയും ഉറവിടമാണെന്നും ഇന്നത്തെ എല്ലാ നികുതികളും കൃഷിക്കാരെ നിരുത്സാഹപ്പെടുത്തുന്നതാണെന്നും അറിയാതെ അവർക്ക് പിന്നെയും നികുതി ചുമത്തുവാനുള്ള സംരംഭങ്ങൾക്കാണ് ഇപ്പോൾ നിയമസഭ മുതിരുന്നതു്. ഇന്നു് കൃഷിക്കാർ നികുതിമൂലം നിരുത്സാഹപ്പെട്ടിരിക്കുകയാണ്. കൃഷി ഇന്നു് ആദായകരമല്ലാത്ത ഒരു മാർഗ്ഗമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ടു് കൃഷി വൃത്തി വിട്ടുമറ്റെന്തെങ്കിലും—ജോലി ചെയ്യുന്നതിനു് വ്യവസായരംഗത്തിലേക്കും പട്ടണത്തിലേക്കും—അവർ കുടിയേറിപ്പാർക്കുന്ന ഒരു നിലയാണ് സംജാതമായിരിക്കുന്നതു്.

ശ്രീ. ടി. വി. തോമസ്: ശ്രീ. ശങ്കരനാരായണൻതമ്പിയുടെ ഭേദഗതി കൃഷിക്കു കൂടുതൽ ആശ്വാസം കൊടുക്കുന്നതിനുവേണ്ടിയുള്ളതാണ്. അതിനെ എതിർക്കുകയാണോ ചെയ്യുന്നതു്?

ശ്രീ. കെ. എം. ജോർജ്ജ്: അതല്ല വാസ്തവം. 20,000-വും 25000-വും അതിനു മുകളിലുംപറവും ആദായമുള്ള ആളുകളെ സംബന്ധിച്ചുള്ള നില മാററേണ്ടതാണെന്ന അഭിപ്രായമാണ് എനിക്കുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കൊടുപ്പിക്കാൻവേണ്ടിയായി വളരെ ചുരുക്കം ആളുകളെ ഉണ്ടാകയുള്ളു എന്നറിയാമോ?

ശ്രീ. കെ. എം. ജോർജ്ജ്: ഇതു് പാസാക്കുമ്പോഴും കുറച്ചു കൊടുക്കേണ്ട ആളുകളും ഉണ്ടാകും. എന്റെ സ്നേഹിതൻ മിസ്റ്റർ ദിവാകരൻ ചൂണ്ടിക്കാണിച്ച ഒരു സംഗതി ഇന്നത്തെ സാമ്പത്തികതകർച്ചമൂലം ഉണ്ടു് വളരെ ആളുകൾക്കു് ഈ നികുതി കൊടുക്കേണ്ടി വരികയില്ല എന്നാണു്. അതു് ശരിയല്ല. ആലപ്പുഴയിലോ, കൊച്ചിയിലോ മാർക്കററിലുള്ള തേങ്ങയുടെ വില എന്താണു്? കുരുമുളകിന്റെ വില എന്താണു്? ഇതു വിലയും അവന്റെ വിളവുകളും വില്ക്കൽ സംധിച്ചു എന്നു് ഒന്നും നോക്കാതെ പാവപ്പെട്ട കൃഷിക്കാരനു് നികുതി ചുമത്തുന്നു. അവന്റെ കൃഷിയിൽനിന്നു് എന്തു് ആദായം കിട്ടി എന്നു് നോക്കാതെ ഏക്കർ നോക്കി അവനെ അസ്സസ് ചെയ്യുന്നു എന്നതു് ഒരു പരമാർത്ഥമാണു്. മിസ്റ്റർ ദിവാകരൻ പറഞ്ഞു കൃഷിക്കാർക്കു് കൃഷിച്ചെലവിനു് കണക്കുണ്ടാകുമെന്നു്. കൃഷി ചെയ്യുന്നതിനുള്ള കണക്കെഴുതുന്ന കൃഷിക്കാർ നമ്മുടെ രാജ്യത്തു് പ്രായേണ ഇല്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അവർ കണക്കെഴുതിയാലും അതു ശരിയാകയില്ലത്രെ. കാർഷികാദായനികുതി ആഫീസറന്മാരുടെ അടുക്കൽ ചെന്നു് അവർ പറയുന്ന സംഖ്യ കെട്ടുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഈ മനോഭാവത്തോടുകൂടിയല്ല ഇതിനെ വീക്ഷിക്കേണ്ടതെന്നും നമ്മുടെ നാട്ടിലെ എല്ലാ വ്യവസായങ്ങളുടെയും ഉറവിടമായിരിക്കുന്ന, അടിത്തറയായിരിക്കുന്ന കൃഷിയേയും കൃഷിക്കാരനേയും അഭിവൃദ്ധിപ്പെടുത്തുന്നതിനും നമ്മുടെ നാട്ടിലെ കഴിവുള്ളവരായ ചെറുപ്പക്കാർ മുഴുവനും നമ്മുടെ ഗ്രാമങ്ങളിൽനിന്നു വ്യവസായരംഗങ്ങളിലേക്കും ടൗണുകളിലേക്കും ഒഴുകിയിരിക്കുന്നതിനും അവരെ അവിടെ തന്നെ താമസിപ്പിച്ചു് ജോലി ചെയ്യിക്കുന്നതിനും സഹായിക്കുന്ന ഒരു നില സ്വീകരിക്കണമെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. 5,000 രൂപവരെ ആദായമുള്ള കൃഷിക്കാരന്റെ മേൽ കാർഷികാദായനികുതി നിരക്ക വർദ്ധിപ്പിക്കരുതു്. അതു നീതിയ്ക്കു ചേർന്നതല്ല. കൃഷിയേയും കൃഷിക്കാരേയും ശ്വാസംമുട്ടിച്ചു കൊല്ലുന്നതു ബുദ്ധിപൂർവ്വമല്ല.

ശ്രീ. എ. ജെ. ജോൺ: സർ, ഇവിടെ രണ്ടു മോഷനാണു് ആലോചനയിലിരിക്കുന്നതു്. ഒന്നു് ഫൈനാൻസ് മിനിസ്റ്ററുടെ മോഷൻ. ഒന്നു് ശ്രീ. ശങ്കരനാരായണൻ തമ്പിയുടെ മോഷൻ. ഈ ബില്ല് ഇവിടെ വിതരണം ചെയ്തിട്ടു് ആറേഴു ദിവസമായി. ഇതിനെ സംബന്ധിച്ചു് ആർക്കെങ്കിലും ആക്ഷേപം ഉണ്ടായിരുന്നെങ്കിൽ അതിനു് അമെൻഡ്മെൻറു കൊടുക്കാമായിരുന്നു. ഇപ്പോഴും ഒരു അമെൻഡ്മെൻറിനു മാത്രമേ നോട്ടീസ് കൊടുത്തിട്ടുള്ളു. ആ അമെൻഡ്മെൻറ 1500 രൂപയ്ക്കു മേൽ 3500 രൂപ വരെയുള്ള വരുമാനത്തിനു രൂപാ ഒന്നിനു് 10 പൈസ എന്നുള്ളതു് 9 പൈസ ആക്കണമെന്നതാണു്. അതുകൊണ്ടു് ഈ ബില്ല് സെലക്ട് കമ്മിററിക്കു് അയക്കേണ്ട ആവശ്യമില്ല. ആയതിനാൽ ഫൈനാൻസ് മന്ത്രിയുടെ മോഷനെ ഞാൻ അനുകൂലിക്കുന്നു.

മിസ്റ്റർ ദിവാകരൻ പറഞ്ഞു 9 പൈസം ആക്കണം എന്നുള്ള ഭേദഗതി സ്വീകരിക്കരുതു്; മദ്രാസിലും ഈ വർഷം ഒരു ബില്ല് അവതരിപ്പിക്കുവാൻ നോട്ടീസ് കൊടുത്തിട്ടുണ്ട് എന്നു്. മദ്രാസിൽ ഇതിനു മുമ്പു് രണ്ടു പ്രാവശ്യം ഇതുപോലെ ബില്ല് അവതരിപ്പിച്ചിട്ടുണ്ടു്. അവിടെ നിയമസഭയിലെ ഭൂരിപക്ഷം ആളുകളും കൃഷിക്കാർക്കു് അനുകൂലമായി ഭേദഗതി പാസ്സാക്കി. എന്നു പറഞ്ഞു അതിനെ എതിർത്തു് തള്ളുകയാണുണ്ടായതു്. ഈ വർഷം പരസ്യം ചെയ്തിരിക്കുന്ന ബില്ലിൽ തന്നെ 9 പൈസയെ ഉള്ളു. അതുകൊണ്ടു് ഇതു് സെലക്ട് കമ്മിറ്റിക്കു് അയക്കേണ്ട ആവശ്യമില്ല. ഷെഡ്യൂളിൽ ഭേദഗതി ചെയ്യുന്നതിനെന്നായിരുന്നുവെങ്കിൽ അതിനു് അമെൻഡ്മെൻറു് അയയ്ക്കാമായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: 5000 രൂപയുള്ളവർക്കു് ഒരു പൈസം കുറക്കണം എന്നു പറഞ്ഞാൽ അതിനു മുമ്പുള്ളവർക്കും ഇളവു കിട്ടുകയില്ലേ ?

ശ്രീ. എ. ജെ. ജാൺ: ഇതിൽ പറഞ്ഞിരിക്കുന്നതു്

	Rate.
On the first Rs. 1,500 of the total Agricultural income	Nil
On the next 3,500 of the total Agricultural income	Ten pies in the Rupee
On the next Rs 5 000 of the total Agricultural income.	One anna and nine pies in the Rupee.

... ... എന്നാണു്.

അതു കൂട്ടുമെന്നുള്ളതു് തീർച്ചയാണു്. ഈ രാജ്യത്തെ ഗവണ്മെൻറാണു് ടാക്സിൻെറ റേററു് നിശ്ചയിക്കുന്നതു്. ഗവണ്മെൻറു കൊണ്ടുവരുന്ന ടാക്സേഷൻ പ്രൊപ്പോസലിൽ കുറയ്ക്കണമെന്നു് പറയുകയല്ലാതെ ഗവണ്മെൻറു് പ്രൊപ്പോസ് ചെയ്തതിലും സംഖ്യ കൂട്ടണമെന്നു് പറയുന്ന തരത്തിൽ ഒരു സംഭവം ഇതേവരെ ഒരു രാജ്യത്തുള്ള ഒരു നിയമസഭയിലും ഉണ്ടായിട്ടില്ല. ഈ കാരണത്താൽ മിസ്റ്റർ ശങ്കരനാരായണൻ തമ്പിയുടെ ഭേദഗതിയെ വളരെ ശക്തിയായി എതിർക്കുകയും ഫൈനാൻസ് മന്ത്രിയുടെ മോഷനെ അനുകൂലിക്കുകയും ചെയ്യുന്നു.

ശ്രീ. ടി. വി. തോമസ്: മിസ്റ്റർ ശങ്കരനാരായണൻ തമ്പിയുടെ മോഷൻകൊണ്ടു കൂടുതൽ ആശ്വാസം കൃഷിക്കാർക്കു് ചെയ്യുന്നതായിട്ടാണു് ഉദ്ദേശിക്കുന്നതു് എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ: ഈ ആശ്വാസം തൽക്കാലം മതിയെന്നാണു് എൻെറ അഭിപ്രായം.

Shri P. S. Nataraja Pillai: Considering the fact that the Bill seeks to amend only the schedule of the Income-tax rates, I do not think that there will be any definite benefit to the public in sending it to a Select Committee. I therefore am inclined to stick to my original stand and request that the Bill may be passed.

The amendment of Shri Sankaranarayanan Thampi was put and lost.

The question that the Travancore-Cochin Agricultural Income-tax (amendment) Bill be taken into consideration, was put and carried.

CLAUSE 2.

Mr. Speaker: Mr. Hormis can move now his amendment.

ശ്രീ കെ. പി. ഹോർമിസ്: സർ, എന്റെ ഭേദഗതി ഇതാണ്.

> "In clause 2 of the Bill, the words 'Nine pies in the rupee' shall be substituted for the words 'Ten pies in the rupee' against item 2."

ഈ ഭേദഗതിക്ക് വിഷയമായ കാര്യങ്ങളെപ്പറ്റി ധാരാളം ചർച്ചകൾ നടന്നിരിക്കുന്നതുകൊണ്ട് ഇതിനെപ്പറ്റി അധികം പറയണമെന്ന് വിചാരിക്കുന്നില്ല. 5000 രൂപയിൽ താഴെ വരവുള്ള കർഷകരെ സംബന്ധിച്ചിടത്തോളമാണ് എന്റെ ഭേദഗതി. 5000-ത്തിന് താഴെയുള്ള കൃഷിക്കാർ വളരെ ബുദ്ധിമുട്ട് സഹിക്കുന്ന ഇടത്തരകർഷകരാണ്. ഇവിടെ പ്രഖ്യാപിച്ച രീതിയിൽതന്നെ........

Shri K. Manjanatha Prabhu: As the Minister has agreed to accept the amendment, there seems to be no necessity to make a speech.

ശ്രീ. കെ. പി. ഹോർമിസ്: എനിക്ക് ചില വസ്തുതകൾ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുണ്ടായിരുന്നു. എങ്കിലും ഈ ഭേദഗതി ധനകാര്യമന്ത്രി സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് വലിയ പ്രസംഗം ഒന്നും കൂടാതെ ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Shri P. S. Nataraja Pillai: I will be only doing justice to the opinion in the House in accepting the amendment of Shri Hormis. I may just make one or two remarks on this occasion. One pie in the rupee will make a difference of Rs. 50,000 in the yield of the tax, but Government are willing to accept the amendment. A charge was made here that companies are exempted from this Act. I would like to say here that 75 per cent. of the revenue under Income tax is at present realised from the companies. That is the actual state of affairs. In the circumstances, the charge that companies are being charged at a lower rate has no force.

Shri T. S. Ramaswami: How can that meet my point?

Shri P. S. Nataraja Pillai: Here are the figures. Out of a total income from income tax of Rs. 86·65 lakhs, Rs. 69·4 is derived from companies.

Shri T. S. Ramaswami: That only strengthens my argument.

Shri P. S. Nataraja Pillai: So I wish to point out that a major part of the income tax revenue comes from companies. I accept the amendment.

The question that clause 2 as amended stands part of the Bill was put and carried.

Clause 2 as amended was added to the Bill.

CLAUSE I.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill, was put and carried.

The Preamble and Title were added to the Bill.

Shri P. S. Nataraja Pillai: I move that the Bill be finally passed.

Shri A. Achuthan: I second it.

The question that the Travancore-Cochin Agricultural Income Tax (Amendment) Bill be finally passed, was put and carried.

The Bill was passed.

Mr. Speaker: We will next take up Demands for Supplementary Grants.

DEMANDS FOR SUPPLEMENTARY GRANTS.

Demand XV—29 Police.

Chief Minister **(Shri A. Thanu Pillai):** I move for a supplementary grant of Rs. 1,65,800 under Demand XV—29 Police.

Shri A. Achuthan: I second it.

ശ്രീ. ടി. ഒ. ബാവാ: സർ, ഈ ഡിമാൻഡിൽ 5100 രൂപ പോലീസ് ആവശ്യത്തിനവേണ്ടി തൃക്കാക്കര പകുതിയിൽ ഒരു സ്ഥലമെടുക്കാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സ്ഥലം ഏതു ആവശ്യത്തിനാണെന്നു വ്യക്തമാകുന്നില്ല. അതേ അവസരത്തിൽ തൃക്കാക്കര പകുതിയിൽ തന്നെ ഗവണ്മെൻറ കൈവശമിരിക്കുന്ന ഭൂമി—ഗവണ്മെൻറ പൊന്നുംവിലയ്ക്കെടുത്തിട്ടുള്ള ഭൂമി—10 ഏക്കർ നിരുപയോഗമായി കിടപ്പുണ്ട്. അതു റിസർവ്വ് ക്യാമ്പിനു ഉപയോഗിച്ചുകൊണ്ടിരുന്നതാണ്. ഇപ്പോഴും അതിലുള്ള കെട്ടിടങ്ങൾപോലും ശ്രദ്ധയില്ലാതെ ജീർണ്ണിച്ചു നശിച്ചുകൊണ്ടിരിക്കുന്നു. ആയവസരത്തിലാണ് 5000-ൽ ചില്വാനം രൂപ തൃക്കാക്കര പകുതിയിൽ പോലീസ് ആവശ്യത്തിനു സ്ഥലം എടുക്കുന്നതിനുവേണ്ടി ചോദിക്കുന്നത്. ഞാൻ പറയുന്നത് ഗവണ്മെൻറിന്റെ കൈവശമുള്ള ഭൂമി കണ്ടുപിടിച്ചു ഉപയോഗിക്കാതെ ഇങ്ങനെ കൂടുതൽ ചെലവുചെയ്തു ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതു പൊതുമുതൽ വ്യർത്ഥമാക്കലാണെന്നാണ്. അതുകൊണ്ട് ഈ തുക കുറവുചെയ്യണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. തൃക്കാക്കര പകുതിയിൽ 25000-ത്തിനുമേൽ ജനങ്ങൾ താമസിക്കുന്നു. അവർക്കു ഗവണ്മെൻറുവക ആദ്യമായി സംഭാവന ചെയ്യാൻ പോകുന്നതു ഒരു മലംഡിപ്പോയും ഒരു പോലീസ് സ്ഥാപനവുമാണ്.

[ശ്രീ. ടി. ഒ. ബാവാ]

മററു ഒന്നുംതന്നെ നൽകുവാനില്ല. എന്തും പ്രവർത്തിക്കാൻ ലൈസൻസ് കൊടുത്തിട്ടുള്ള ഒരു പോലീസാണ് ഇവിടെയുള്ളത്. അതിനുദാഹരണമാണ് ഈയിടെ ആലുവായിൽ നടന്ന പോലീസ് മർദ്ദനം. യാതൊരു വിധത്തിലും പുരോഗതിയില്ലാത്ത ആ ഗ്രാമപ്രദേശത്ത് ആറു ഏക്കർ സ്ഥലം എടുത്തുകൊടുത്തിട്ട് പോലീസിനു എന്തും പ്രവർത്തിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നത് ശരിയല്ല. പോലീസ് ഡിപ്പാർട്ടുമെൻറിൽ വളരെ നീതിമാനായ ഒരു മേലധികാരി ഉണ്ടെങ്കിലും ആലുവായിലെ തൊഴിലാളിമർദ്ദനത്തെപ്പോലെ ചില കൊള്ളരുതായ്മകൾ നടക്കുന്നുവെന്നുള്ള വസ്തുത ഞാൻ ബഹുമാനപ്പെട്ട ഈ സഭയുടെയും ഗവണ്മെൻറിൻറെയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. കുറച്ചു വിവരമുള്ള ആളുകളെയും അല്പം പണമുള്ള ആളുകളെയും വിട്ടിട്ട് തൊഴിലാളികളെയും അധഃകൃതരെയും ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ഒരു രീതിയാണ് ഇന്നു പോലീസിൻെറ പെരുമാററത്തിൽ കാണുന്നത്. എൻെറ സ്നേഹിതന്മാർ ഇടപ്പള്ളിയിൽ വരുത്തിവച്ച അക്രമത്തിൻെറ ഫലമായി തൃക്കാക്കര പകുതിയിൽ പുലയരെയും പറയരെയും പോലീസുകാർ അടിച്ചു അവശരാക്കിയിട്ടുണ്ട്. ഈ പ്രദേശത്തുതന്നെയാണ് ഇപ്പോൾ പോലീസിനെ കേന്ദ്രീകരിക്കുന്നതിനായി ഈ തുക കൊള്ളിച്ചിട്ടുള്ളത്. ഇത് എന്തിനുവേണ്ടിയാണെന്ന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. ൻ. നാരായണക്കുറുപ്പ്: ഈ ഡിമാൻഡിനെപ്പററി രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പോലീസിൻെറ ആവശ്യത്തിനു ജീപ്പുകളും ബോട്ടുകളും വാങ്ങിക്കേണ്ടതത്യാവശ്യമാണ്. എന്നാൽ ഇപ്പോൾ ഓരോ സ്ഥലങ്ങളേയും സംബന്ധിച്ചുള്ള പോലീസ് അധികാരത്തിൽ വലുതായ മാററങ്ങൾ വരുത്താനുണ്ട്. ഇന്നത്തെ രീതിയനുസരിച്ച്, പല സ്ഥലങ്ങളിലെ ജനങ്ങളും അവരുടെ മേൽ അധികാരമുള്ള പോലീസും വളരെ വിഷമിക്കുന്നുണ്ട്.

ഉദാഹരണമായി അമ്പലപ്പുഴ താലൂക്കിൽ തലവടി വില്ലേജിലെ ഇരുപതിനായിരത്തോളം വരുന്ന ജനങ്ങൾക്ക് പോലീസ് സഹായം തേടേണ്ടത്, അവിടെനിന്നും 18 മൈൽ പടിഞ്ഞാറുള്ള അമ്പലപ്പുഴ പോലീസ് ഇൻസ്പെക്ടർ മുഖാന്തരമാണ്. അമ്പലപ്പുഴ കച്ചേരിയിലേയ്ക്ക് പോകുന്നതിന് കരമാർഗ്ഗം ഇല്ല. വള്ളത്തിൽ യാത്രചെയ്ത് അവിടെ ചെല്ലുന്നതിനോ പോലീസ് ഇൻസ്പെക്ടർ തലവടിയിൽ എത്തുന്നതിനോ കുറഞ്ഞത് അഞ്ചുമണിക്കൂർ വേണം. അതിനാൽ പോലീസ് ഇൻസ്പെക്ടർ തലവടിയിൽ കാൽകുത്തിയിട്ടില്ല. തലവടിയിൽനിന്നും തിരുവല്ലാ പോലീസ് സ്റ്റേഷനിലേക്ക് കൂടിയതും 6 മൈലാണ്. ഗതാഗതത്തിനു റോഡുണ്ട്. നടന്നാലെങ്കിൽ ഒന്നരമണിക്കൂറിൽ എത്താം. ബോട്ടുസർവീസുള്ളതിനാൽ ഒന്നരമണിക്കൂർകൊണ്ടെത്താം. പോലീസിലേക്ക് പരാതിപ്പെടാനും പോലീസ് അന്വേഷണത്തിനും വളരെ സൗകര്യമുണ്ട്. സൗകര്യത്തെ ഉദ്ദേശിച്ച് തലവടി വില്ലേജിനെ സംബന്ധിച്ചിടത്തോളം മുനിസിപ്പിൻെറ അധികാരം തിരുവല്ലാ കോടതിക്കും, ഡിസ്ട്രിക്ട് കോടതി മാവേലിക്കരയ്ക്കും, രണ്ടാംക്ലാസ് മജിസ്ട്രേട്ടധികാരം തിരുവല്ലായിലും, ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരം ചെങ്ങന്നൂരിലുമാണ് ഇപ്പോൾ സ്ഥിതി

ചെയ്യുന്നത്. അതിലേയ്ക്ക് പോലീസ് അധികാരംകൂടി തിരുവല്ലാ പോലീസിനു മാറേറണ്ടതു കേവലം ന്യായമാണ്. അതുപോലെ രജിസ്റ്റർ കച്ചേരിയുടെ കാര്യത്തിലും തലവടവില്ലേജിന്റെ അധികാരസീമ തിരുവല്ലായിലേയ്ക്ക് മാറേറണ്ടതായിട്ടുണ്ട്. ആകയാൽ തലവടി പകുതിയുടെ പോലീസധികാരംകൂടി തിരുവല്ലാ പോലീസ് കച്ചേരിക്ക് മാററി ഉത്തരവുണ്ടാകണമെന്ന് പറഞ്ഞുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള : സർ, തൃക്കാക്കരെയുള്ള ഈ സ്ഥലം ഇപ്പോൾ പോലീസിന്റെ കൈവശത്തിലാണ്. ഇതിൽ ആകെ 10 ഏക്കർ 84 സെൻറ് സ്ഥലമാണുള്ളത്. അതിൽ 4 ഏക്കർ 24 സെൻറ ഗവണ്മെൻറ അക്വയർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ളതിന് ഗവണ്മെൻറ് ആണ്ടിൽ 795 രൂപ പാട്ടം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിനാൽ ഗവണ്മെൻറ് ഇപ്പോൾ അക്വയർ ചെയ്തിട്ടുള്ളതു് പോയി ബാക്കിയുള്ള 6 ഏക്കർ 60 സെൻറ് സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടിയാണ് ഈ തുക ചോദിക്കുന്നത്. ഇതിൽ പുതുതായി ഒന്നും ഇല്ല.

ശ്രീ. ടി. ഓ. ബാവാ : സ്ഥലം ഇപ്പോൾ വെറുതെ കിടക്കുകയാണല്ലോ ചെയ്യുന്നത്. അതു് എടുക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. എ. താണുപിള്ള : ഉണ്ടെന്നു പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതെടുക്കാൻ പോകുകയാണ്. പിന്നെ ജൂറിസ്ഡിക്ഷനെക്കുറിച്ചാണെങ്കിൽ ശ്രീമാൻ കുറുപ്പ് പറഞ്ഞതുപോലെ അസൗകര്യങ്ങൾ ഉണ്ടായേക്കും. പക്ഷെ അതു് സ്റ്റേററ് ഒട്ടാകെ നോക്കേണ്ട ഒരു കാര്യമാണ്. അതിനെക്കുറിച്ച് ആലോചിച്ച് വേണ്ടതു ചെയ്യുന്നതിനു വിരോധമില്ല. പിന്നെ മറെറാന്ന്, ഈ വക കാര്യങ്ങളെക്കുറിച്ചാണെങ്കിൽ ജൂഡിഷ്യറിയും എക്സിക്യൂട്ടീവും വേർതിരിക്കുമ്പോൾ ആലോചിക്കുന്നതായിരിക്കും നല്ലതു്. അതിന് ഇപ്പോൾ സൗകര്യമില്ലാതായിട്ടാണിരിക്കുന്നതു്. ഏതായാലും ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണ്.

The question that a supplementary sum not exceeding Rs. 1,65,800 be granted under Demand XV—29 Police, was put and carried.

The grant was made.

Demand XVIII—37 Education.

Chief Minister **(Shri A. Thanu Pillai)** : I move for a supplementary grant of Rs. 18,00,100 under XVIII—37 Education.

Shri A. Achuthan : I second it.

ശ്രീ. പി. കെ. യശോധരൻ : വിദ്യാഭ്യാസവകുപ്പിലേയ്ക്ക് 18 ലക്ഷത്തിൽ ചില്വാനം രൂപ കൂടുതൽ അനുവദിക്കണമെന്നു കാണിച്ചുകൊണ്ട് കൊണ്ടുവന്നിരിക്കുന്ന ധനാഭ്യർത്ഥനയെപ്പററി പരാമർശിക്കുന്ന അവസരത്തിൽ ഗവണ്മെൻറിന്റെ വിദ്യാഭ്യാസനയത്തെക്കുറിച്ച് ചില കാര്യങ്ങൾ സ്പർശിക്കേണ്ടതുണ്ട്. പക്ഷെ ഈ അവസരത്തിൽ ഇതു അസംഗതമാണെന്ന് ചിലപ്പോൾ പറഞ്ഞേക്കും.

ശ്രീ. എ. താണുപിള്ള : സപ്ലിമെൻററി ഡിമാൻഡ് കൊണ്ടുവരുമ്പോൾ നൂതനമായി ഏതെങ്കിലും പോയിൻറുകൾ ഉന്നയിക്കുകയോ സപ്ലിമെൻററി ഗ്രാൻറിന് ആസ്പദമായ സംഗതിയെപ്പററി സംസാരിക്കുകയോ ചെയ്യാമെന്നല്ലാതെ പൊതുവായ നയത്തെപ്പററിയുള്ള പരാമർശനം ഇപ്പോൾ ശരിയാണോ എന്നു എനിക്കു സംശയമുണ്ടു്.

ശ്രീ. പി. കെ. യശോധരൻ : ഈ സപ്ലിമെൻററി ഗ്രാൻറ് ഒരു വിധത്തിൽ പൊതുവായ നയത്തെ ബാധിക്കുന്നതാകകൊണ്ടു് ഞാൻ അതിനെ പരാമർശിക്കുകയാണു്. ഇതിൽ ഓരോ ഐററത്തെപ്പററി പറയേണ്ടതുണ്ടെങ്കിലും സമയം അതിനനുവദിക്കാത്തതുകൊണ്ടു് ഞാൻ പ്രധാനമായി യൂണിവേഴ്സിററിയെപ്പററി മാത്രം ചിലതു പറയാമെന്നു വിചാരിക്കുന്നു. സർ, ഈ സഭയിലുള്ള എല്ലാ ആളുകളുടെയും ശ്രദ്ധയെ ആകർഷിച്ചു ഒരു സമരം ഇന്നു് വിദ്യാർത്ഥികൾ നടത്തുന്നുണ്ടു്. കാളേജു യൂണിയൻ അനുവദിക്കുന്നതിനുവേണ്ടി, ഏററവും ന്യായമായ ഒരു അവകാശത്തിനുവേണ്ടി കഴിഞ്ഞ വർഷം ഇവിടത്തെ വിദ്യാർത്ഥികൾ നടത്തിയ ഒരു സമരത്തിൻെറ ഫലമായിട്ടു ശിക്ഷണനടപടിക്കു വിധേയരായ വിദ്യാർത്ഥികളാണു ഈ സമരം നടത്തുന്നതെന്നുള്ള കാര്യം വ്യക്തമാണു്. ഇന്നത്തെ സഭാനേതാവും ഈ സമരത്തെ ഇന്നു് അനുകൂലിച്ച ആളാണു്.

ശ്രീ. എ. താണുപിള്ള : ഞാൻ സമരത്തെ ഒരിക്കലും അനുകൂലിച്ചില്ല. അവരുടെ കാര്യങ്ങൾക്കുവേണ്ട നടപടി എടുക്കത്തക്കവിധത്തിൽ പ്രവർത്തിക്കുന്നതാണ് എന്നു പറഞ്ഞുവെന്നല്ലാതെ ഞാൻ സമരത്തെ ഒരിക്കലും അനുകൂലിച്ചിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ : അന്നു ഗവണ്മെൻറ് വിദ്യാർത്ഥികളോടു് കാണിച്ച നടപടിയെ കഠിനമായി എതിർക്കേണ്ടതാണെന്നാണു് അദ്ദേഹം അന്നു പരസ്യമായി പറഞ്ഞതു്. വിദ്യാർത്ഥികളുടെ ന്യായമായ ആ ആവശ്യങ്ങളെ സാധിച്ചുകൊടുക്കുന്നതിനുവേണ്ടി അന്നത്തെ വൈസ് ചാൻസലരും ഇന്നത്തെ വൈസ് ചാൻസലരുമായ മി. രാമസ്വാമി മുതലിയാരുമായി അദ്ദേഹം സമ്പർക്കം പുലർത്തി കാര്യങ്ങൾ ഒതുക്കുന്നതിനു ശ്രമിച്ചു എന്നുള്ളതു് വാസ്തവമാണു്. അതു് നിഷേധിക്കുകയില്ലെന്നു കരുതുന്നു. അതു് അതിനോടനുബന്ധിച്ചു് 144 പ്രഖ്യാപിച്ചതിനെ അദ്ദേഹം എതിർക്കുകയുണ്ടായി. അങ്ങനെ വിദ്യാർത്ഥികളുടെ സമരത്തെ അനുകൂലിച്ചുകൊണ്ടിരുന്ന അദ്ദേഹം ഇന്നു പ്രധാനമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൻെറ പരമാവധി കഴിവുപയോഗിച്ചു് ഇതിനു വേണ്ട നടപടി എടുക്കണം. അതു ധാർമ്മികമായ ഒരു ചുമതല കൂടിയാണു്. ധർമ്മവും നീതിയും മനഃസാക്ഷിയും ഉണ്ടെങ്കിൽ അദ്ദേഹം അതു ചെയ്യേണ്ടതാണു്. ഇന്നു് നാലു ദിവസമായി ഇവിടെ വിദ്യാർത്ഥികൾ കൂട്ടസത്യാഗ്രഹം നടത്തുകയാണു്. മഴനനഞ്ഞുകൊണ്ടു്, പട്ടിണികിടന്നുകൊണ്ടു സത്യാഗ്രഹം അനുഷ്ഠിക്കുകയാണു്. ഇന്നലെ വൈകിട്ടു ശൈത്യബാധ ഏററ ഒരു വിദ്യാർത്ഥി നടുറോഡിൽ കിടന്നു പിടച്ചതായി നിങ്ങൾ അറിഞ്ഞിരിക്കും. ഇന്നു് സഖാവു് കേശവൻനായർ അവിടെ നിരാഹാരസത്യഗ്രഹം അനുഷ്ഠിക്കുകയാണു്. ഒരുപക്ഷെ മുഖ്യമന്ത്രി വിചാരിക്കുന്നുണ്ടായിരിക്കാം കുറച്ചു ദിവസം കഴിഞ്ഞതിനുശേഷം എഴുന്നേററുപൊയ്ക്കൊള്ളുമെന്നു്. ആവശ്യമില്ലാതെ വിദ്യാർത്ഥികളുടെ വികാരത്തെ ഇളക്കി നാട്ടിൽ വീണ്ടും അസ്വസ്ഥത ഉളവാക്കുവാൻ ഇടവരുത്തരുതെന്നു മാത്രമാണു് എനിക്കു പറയു

വാനുള്ളതു്. ഈ സമരം നീട്ടിക്കൊണ്ടുപോകാതെ അവസാനിപ്പിക്കേണ്ട ധാർമ്മികമായ ഒരു ചുമതല അദ്ദേഹത്തിനുണ്ടു്. ഉടൻതന്നെ വൈസ് ചാൻസലറെ ഇവിടെ വരുത്തി മൂന്നുനാലുദിവസങ്ങൾക്കകം പരിഹാരം കാണാമെന്നു് ഒരുറപ്പ് കൊടുത്തു് അവരെ ഈ സമരത്തിൽനിന്നും പിൻതിരിപ്പിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. പി സീതാരാമൻ: സർ, 18 ലക്ഷത്തിൽചില്വാനം രൂപ ഇവിടെ വിദ്യാഭ്യാസവകുപ്പിൽ കൂടുതൽ ആവശ്യപ്പെട്ടിരിക്കുകയാണു്. യൂണിവേഴ്സിററിക്കു് 25 ലക്ഷം രൂപ ആണ്ടുതോറും ഗ്രാൻറായികൊടുക്കാം വണ്ടു്. പബ്ലിക്കു് ഹെൽത്തു ലാബറട്ടറി കാര്യമായി പ്രവർത്തിക്കുന്നില്ലെന്നു പറഞ്ഞു് ഒന്നരലക്ഷം രൂപ ലാഭമുണ്ടാക്കി ഗവണ്മെൻറു നേരിട്ടുനടത്തിയിരുന്നു. ഈ Laboratory യുടെ ചിലവിനു $1\frac{1}{2}$ ലക്ഷം ക. ആവശ്യമാണെന്നു് യൂണിവേഴ്സിററിക്കാർ പറഞ്ഞിട്ടും ഇക്കൊല്ലം അവക്കുതകുന്ന 42000 ക. കൊടുക്കുന്ന ഒരു പരിപാടി കാണുന്നുണ്ടു്. ഞാൻ രണ്ടുസ്കൂളുകളുടെ മാനേജരാണു്. അതുകൊണ്ടു് പ്രൈവററുകാളേജുകളെപ്പററിയും സ്കൂളുകളെപ്പററിയും രണ്ടു വാക്കു് പറയണമെന്നു് വിചാരിക്കുന്നു. പ്രൈവററു സ്കൂളുകളുടെ അവശ്യത്തിലേയ്ക്കു് ഗവണ്മെൻറിൽനിന്നും മരംകൊടുക്കുന്നതു് സീനിയറേജ് ഒഴിവാക്കിയിട്ടുണ്ടു്. അതു് സക്കാരിനു യാതൊരുനഷ്ടവുമുള്ള കാര്യമല്ല. പ്രൈവററുസ്കൂളുകൾക്കും കാളേജുകൾക്കും കൊടുത്തിരിക്കുന്ന ആനുകൂല്യങ്ങളിൽ കാര്യമായ ഒരാനുകൂല്യം ഇതാണു്. ഒരു പുതിയസ്കൂൾ തുടങ്ങണമെങ്കിൽ സക്കാരിനു് വളരെ ചെലവു് വരുന്നുണ്ടു്. അതായതു് സ്ഥലം വാങ്ങിക്കുക, കെട്ടിടം വയ്ക്കുക, മററുപകരണങ്ങൾ ശേഖരിക്കുക തുടങ്ങി പല ചെലവും ഉണ്ടാകും. അങ്ങിനെയിരിക്കെ നാട്ടുകാർ സ്കൂളുണ്ടാക്കിയാൽ കൊടുത്തിരുന്ന ഒരാനുകൂല്യത്തിൽപ്പോലും മുൻ ഗവണ്മെൻറു് ഈ ഇനത്തിൽ കൊള്ളിച്ചിരുന്നതിൽ 50000 രൂപ വെട്ടിക്കുറച്ചിരിക്കുകയാണു്.

ഒരു ട്രെയിനിംഗ് കാളേജിലേയ്ക്കു് കൊടുക്കുവാൻ കൊടുത്തിരുന്ന സംഖ്യകൂടി ഇവിടെ കുറച്ചിട്ടുണ്ടു്. ആർട്ട്സ് കാളേജിനെ സംബന്ധിച്ചിടത്തോളമുള്ള ഗവണ്മെൻറിന്റെ നയം മാററിയിട്ടുണ്ടെന്നു് രണ്ടു ദിവസം മുമ്പു് ഇവിടെ പറയുകയുണ്ടായി. പ്രത്യേകിച്ചും training കഴിച്ച അദ്ധ്യാപകന്മാർ വേണ്ടിടത്തോളം ഇല്ലാത്ത ഈ കാലത്തു് ട്രെയിനിംഗ് കാളേജിനു് സംഖ്യ കൊടുക്കുന്നതു് നന്നായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്.

ഇവിടെ പുതിയ ഒരു ലാകാളേജ് തുടങ്ങുകയുണ്ടായി. ബഡ്ജററു പ്രസംഗവേളയിൽ പലരും പറയുകയുണ്ടായി, ആ കാളേജിന്റെ അവശ്യമില്ലെന്നു്. എറണാകുളത്തെ ലാകാളേജ് കാലക്രമേണ ഇല്ലാതാക്കുവാനുള്ള തന്ത്രമല്ലെ ഇതു്. ഏതായാലും അതു തുടങ്ങിക്കഴിഞ്ഞു. ആ കാളേജിലേയ്ക്കു് റക്കറിംഗായി 14,000 രൂപ ചെലവുവരുന്നതായി കാണുന്നുണ്ടു്. ചിററൂർകാളേജിനും വളരെ ചെലവുവരുന്നുണ്ടു്. ഇതെല്ലാം ഗവണ്മെൻറു കാളേജായതുകൊണ്ടു് വലിയ ഒരു സംഖ്യ ചെലവു ചെയ്യേണ്ടിയിരിക്കുന്നു. കാളേജുകൾ വർദ്ധിക്കുന്നതനുസരിച്ചു University യും ക്രമേണ കൂടുതൽ ഗ്രാൻറു് കൊടുക്കേണ്ടിവരും. പ്രൈവററുകാളേജുകളെ പ്രോത്സാഹിപ്പിക്കാൻ ഞാൻ പറയുകയല്ല. എങ്കിലും പ്രൈവററുകാളേജുകളാണെങ്കിൽ ഇത്രയധികം സംഖ്യ കൂടാതെ കഴിയാമായിരുന്നു. ഏതായാലും പ്രൈവററു കാളേജുകൾക്കും സ്കൂളുകൾക്കും കൊടുക്കുന്ന മരത്തി

[ശ്രീ. ടി. പി. സീതാരാമൻ]

ന്റെ തുകയിൽ കുറവുചെയ്തതു് വളരെ കഷ്ടമാണെന്നു പറയേണ്ടിയിരിക്കുന്നു. ആ കാര്യത്തിലുള്ള ഗവണ്മെന്റിന്റെ പാളിസി പുനരാലോചിക്കണമെന്നു് ഞാൻ പറയുന്നു.

ശ്രീ. കെ. റ്റി. തോമസ്സ്: സപ്ലിമെന്ററി ഗ്രാന്റിനെ അനുകൂലിച്ചുകൊണ്ടു് ഒരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നു് ഞാനാഗ്രഹിക്കുന്നു. പ്രിലിമിനറി ബഡ്ജറ്റിൽ മൂന്നു കാളേജുകൾക്കു കൊടുക്കുന്നതിനായി ഒന്നര ലക്ഷം രൂപ ഇവിടെ നീക്കിവച്ചിട്ടുണ്ടായിരുന്നു. എന്റെ അറിവു ശരിയാണെങ്കിൽ കാലടി കാളേജിനും ആലപ്പുഴ വനിതാകാളേജിനും കോട്ടയം ട്രെയിനിംഗ് കാളേജിനും 50,000 രൂപ വീതം കൊടുക്കുന്നതിനാണു് നിശ്ചയിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ ഈ തുക മുഴുവനും വെട്ടിക്കുറച്ചിരിക്കുകയാണു്. മുമ്പു് പുതിയതായി സ്ഥാപിക്കുന്ന ഓരോ കാളേജുകൾക്കും 5,00,000 രൂപ വീതം ഗവണ്മെന്റിൽ നിന്നും കൊടുത്തിരുന്നു. യൂണിവേഴ്സിറ്റി നിയമമനുസരിച്ചു് ഓരോ കാളേജും 5,00000 രൂപ കെട്ടിവയ്ക്കേണ്ട ആവശ്യമുണ്ടായിരുന്നു. അന്നതിലേയ്ക്കാണു് തുക കൊടുത്തിരുന്നതു്. എങ്കിലും ആ തുകയുടെ പലിശ എടുത്തുപയോഗിക്കുന്നതിനുള്ള സൗകര്യം ആ കാളേജുകൾക്കുണ്ടായിരുന്നു. നാലുശതമാനം പലിശ കണക്കാക്കിയാലും ഒരാണ്ടിൽ 20,000 രൂപയോളം പലിശ കിട്ടും. ഈ അഞ്ചുലക്ഷം രൂപ വീതം പല കാളേജുകൾക്കും ഇവിടെ കൊടുത്തിട്ടുണ്ടു്. എന്റെ ഓർമ്മയിൽ നിന്നും പറയുകയാണെങ്കിൽ ആലപ്പുഴ സനാതന കാളേജിനും ചങ്ങനാശേരിയിലേയും തിരുവനന്തപുരത്തേയും എൻ. എസ്സ്. എസ്സ്. കാളേജിനും തുകകൾ കൊടുത്തിട്ടുണ്ടെന്നു കാണാം. ഗവണ്മെന്റു് ആ നയം മാററിയശേഷം 50,000 രൂപ വീതം പുതിയ കാളേജുകൾക്കു് കൊടുത്തുകൊണ്ടിരുന്നു. അങ്ങിനെ ഒരു തീരുമാനമെടുത്തശേഷവും കൊല്ലം ശ്രീനാരായണകാളേജിനു് 500,000 രൂപ കൊടുക്കുകയുണ്ടായി. അതിന്റെ കാരണം ഗവണ്മെന്റു നയം മാറുന്നതിനു് മുമ്പുതന്നെ ശ്രീനാരായണകാളേജു ഗ്രാന്റിനപേക്ഷ സമർപ്പിച്ചിരുന്നു എന്നുള്ളതാണു്. നയം മാറുന്നതിനു മുമ്പുണ്ടായിരുന്ന അപേക്ഷയുടെ പേരിൽ അവർക്കും 5,00,000 രൂപ അനുവദിച്ചുകൊടുത്തിട്ടുണ്ടു്. 50000 രൂപ ആക്കിയതിനു ശേഷവും പല കാളേജുകൾക്കും തുക കൊടുത്തിട്ടുണ്ടു്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറയുകയുണ്ടായി ആ നയവും മാററിയെന്നു്. പുതിയ കാളേജുകൾക്കു് കൊടുക്കുന്നതിനുവേണ്ടി പ്രിലിമിനറി ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുക എടുത്തുകളഞ്ഞതിനെപ്പററി ദയാപൂർവ്വം ആലോചിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. ഇനിയും ആർട്ടസ് കാളേജുകളെ ഗവണ്മെന്റു പ്രോത്സാഹിപ്പിക്കയില്ല എന്നു പറയുന്നതു് മനസ്സിലാക്കാൻ കഴിയും. എന്നാൽ കോട്ടയത്തുള്ളതു് ഒരു പ്രൊഫഷനൽ കാളേജാണു്. ഗവണ്മെന്റിൽ നിന്നും തെരഞ്ഞെടുക്കുന്ന ആളുകളെയാണു് അവിടെ പഠിപ്പിക്കുന്നതു്. ആ നിലയ്ക്കു് അതിനെ ഒരു സെമിഗവണ്മെന്റു് സ്ഥാപനമായി കരുതാം. അതിനു് 50,000 രൂപ കൊടുത്തതു ഒരു വലിയ കാര്യമല്ല. അതിനെപ്പററി ഗവണ്മെന്റു ദയാപൂർവ്വം പരിഗണിക്കേണ്ടതാണു്. അവിടെ കെട്ടിടം പണി തുടങ്ങിക്കൊണ്ടിരിക്കയാണു്. ഈ തുക കിട്ടുന്നതു് അവർക്കു വളരെ ഉപകാരപ്രദമായിരിക്കും. ഇപ്പോൾ സ്കൂളുകളിൽ ട്രെയിനിംഗ്പാസായ ആളുകളെമാത്രമെ അദ്ധ്യാപകന്മാരായി

നിയമിക്കയുള്ളവെന്നുണ്ട്. ഇന്ന് ട്രെയിനിംഗ് പാസായ അദ്ധ്യാപകന്മാരെ ആവശ്യത്തിനു കിട്ടാതിരിക്കുകയാണ്. അതിലേയ്ക്ക് ഒരു രണ്ടു മൂന്നു കാളേജുകൾ കൂടി നടത്തണം. ഗവണ്മെൻറ് നേരിട്ടു നടത്തുകയാണെങ്കിൽ ഇതിനു പത്തോ പതിനഞ്ചോ ലക്ഷം രൂപ വേണ്ടിവരും. ആ നിലയിൽ ഒരു പ്രൈവറ്റേജൻസി ഒരു സ്ഥാപനം നടത്തുന്ന സ്ഥിതിക്ക് ഈ നിസ്സാരമായ തുകകൊടുത്ത് അവരെ സഹായിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

Shri P. K. Yasodharan Sir, I move for a closure.

ശ്രീ. പി. വിശ്വംഭരൻ: പ്രസംഗിച്ചുകഴിഞ്ഞ ആളിന് ക്ലോഷർ മൂവുചെയ്യാൻ അവകാശമുണ്ടോ?

മി. സ്പീക്കർ: മൂവുചെയ്യാമെങ്കിലും; സാധാരണ അങ്ങിനെ പതിവില്ല.

The motion was put and lost.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയിട്ടുള്ള ഗവണ്മെൻറിന്റെ ....

ശ്രീ. പി. കെ. യശോധരൻ: ക്ലോഷറിനു തീരുമാനം എടുത്ത ശേഷമാണ് പ്രസംഗിക്കുന്നത്.

Mr. Speaker: The closure motion was not carried.

ശ്രീ. കെ. എ. ശിവരാമഭാരതി: പ്രൈമറി സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥയെപ്പററി രണ്ടുവാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അഞ്ചെട്ടുകൊല്ലമായി തുടരെത്തുടരെ അപേക്ഷിക്കുകയും ആവലാതിപ്പെടുകയും ചെയ്തിട്ടുള്ള ഒരു കാര്യമാണ് കൊഴിഞ്ഞാംപാറ പ്രൈമറിസ്കൂളിന്റെ കാര്യം. പക്ഷെ ഇതുവരെ ഗവണ്മെൻറ ഫലപ്രദമായ നടപടികൾ എടുത്തിട്ടില്ലെന്നുള്ളത് വളരെ വേദനാജനകമാണ്. അറുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളാണത്. തമിഴും മലയാളവും അവിടെ പഠിപ്പിക്കുന്നുണ്ട്. സാധാരണ പ്രൈമറിസ്കൂളുകളിൽ ഏതെങ്കിലും ഒരു ഭാഷമാത്രമേ പഠിപ്പിക്കുന്നുള്ളു. ഇപ്പോൾ സ്കൂളിലുള്ള ചുരുങ്ങിയ സ്ഥലംകൊണ്ട് ശരിക്ക് കാര്യങ്ങൾ നടത്താൻ സാധിക്കുന്നില്ല. ഷിഫ്റ്റുസമ്പ്രദായത്തിലാണ് ഇപ്പോൾ ക്ലാസുകൾ നടത്തിവരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവർകൾതന്നെ ഈ സ്ഥലം വന്നു നോക്കിയിട്ടുള്ളതും അദ്ദേഹത്തിനുതന്നെ ഈ വിഷമങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ഇതിനുമുമ്പ് വിദ്യാഭ്യാസമന്ത്രിമാരായിരുന്നവരും അവിടെവന്നുനോക്കി കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. എങ്കിലും അതുസംബന്ധിച്ച് യാതൊരു നടപടികളും എടുത്തുകണ്ടില്ല. അതിനാൽ ആ കാര്യം ഗവണ്മെൻറിന്റെ അടിയന്തിരമായ ശ്രദ്ധയിൽ ഉണ്ടായിരിക്കണമെന്നും അവിടെയുള്ള കുട്ടികളുടെ എണ്ണക്കൂടുതലിനെ പരിഗണിച്ച് സ്കൂൾകെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പുതിയതായി വായനശാലകൾക്ക് ഗ്രാൻറുകൊടുക്കുന്നതിന് 60,000 രൂപ വച്ചിട്ടുണ്ട്. ഗ്രന്ഥശാലകൾക്കും മററുമുള്ള ഗ്രാൻറ് സമയാസമയത്തു ശരിയായി കിട്ടു

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

തക്കവണ്ണം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. പലപ്പോഴും അവർക്കുള്ള ഗ്രാൻറുകൾ സമയത്തിനു കിട്ടുന്നില്ല. മേലാൽ അപ്രകാരം വരാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഗ്രാൻറിനെ അനുകൂലിക്കുന്നു. മഹോപാദ്ധ്യായപരീക്ഷ പാസ്സായി പ്രൈമറിസ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്നവരെ മുമ്പു ഹൈസ്കൂൾ പണ്ഡിററുകളായി നിയമിക്കുന്നതിനു് റിസർവ്വേഷൻ അനുവദിച്ചിരുന്നു. ആ റിസർവ്വേഷൻ അനുവദിച്ചിരുന്നകാലത്തു പ്രമോഷൻകൊടുത്ത മൂന്നു മഹോപാദ്ധ്യായ അദ്ധ്യാപകന്മാരെ വീണ്ടും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരായി റിവർട്ടുചെയ്യുകയുണ്ടായി. അതിനുശേഷം ഹൈസ്കൂൾ പണ്ഡിററു റിസർവേഷൻക്യാൻസൽ ചെയ്തു. സാഹിത്യവിശാരദക്കാരെ ഹൈസ്കൂളുകളിൽ പണ്ഡിററുകളായി നിയമിക്കുന്നതിനു യാതൊരു തടസ്സവുമില്ലാത്തസ്ഥിതിക്കു് മഹോപാദ്ധ്യായപാസ്സായി പ്രൈമറിസ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്ന വരെ ഹൈസ്കൂൾപണ്ഡിററുകളായി നിയമിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു് വിദ്യാഭ്യാസമന്ത്രിയോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. ജെ. എ. ഭട്ട്: ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. സ്കൂളുകളിൽ ഫസ്റ്റ്ഫാറത്തിലും സെക്കൻറ്ഫാറത്തിലും ഫീസ്സൌജന്യം നൽകിയകാരണം പ്രൈവററുസ്കൂൾമാനേജുമെൻറുകൾക്കു് നഷ്ടപരിഹാരം എത്രയാണു് കൊടുക്കുന്നതെന്നു് പ്രത്യേകം കാണിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ ഈ സഭമുമ്പാകെ പറഞ്ഞിട്ടുണ്ടു്, അവർക്കു വരുന്ന നഷ്ടം കൊടുക്കുന്നകാര്യം ഗവണ്മെൻറു ആലോചിക്കുന്നുണ്ടെന്നു്. സ്കൂളുകളിലെ മാസ്റ്റരന്മാർക്കു കൊടുക്കേണ്ട ശമ്പളംമാത്രമേ കാണിച്ചിട്ടുള്ളു. സ്കൂൾമാനേജരന്മാർക്കു വരുന്ന നഷ്ടം എത്രത്തോളമാണെന്നു കണക്കാക്കി ആ സംഖ്യ കൊടുക്കാൻ വേണ്ട നടപടികൾ എടുക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

ശ്രീ. പി. വിശ്വംഭരൻ: സർ, ചിററൂർ ഗവണ്മെൻറു കാളേജിൻേറയും എറണാകുളം മഹാരാജാസ് കാളേജിൻേറയും ഭരണച്ചുമതല വിദ്യാഭ്യാസഡയറക്ടർക്കും മററെല്ലാ നിയന്ത്രണങ്ങളും യൂണിവേഴ്സിററിക്കും വിട്ടുകൊടുത്തിരിക്കയാണല്ലോ. എന്നാൽ ഈ രണ്ടു കാളേജുകളുടേയും എല്ലാ ഭരണച്ചുമതലയും നിയന്ത്രണങ്ങളും ഈ യൂണിവേഴ്സിററിയെ ഏല്പിക്കണമെന്നു ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: ഈ രണ്ടു കാളേജുകളുടേയും മാനേജുമെൻറ് സർക്കാരിനാണെന്നു് അറിയാമോ?

ശ്രീ. പി. വിശ്വംഭരൻ: അതെല്ലാം മാറണമെന്നാണു് പറയുന്നതു്. അതിൻേറ മാനേജുമെൻറെല്ലാം യൂണിവേഴ്സിററിയെ ഏല്പിക്കണമെന്നാണു് പറയുന്നതു്.

ശ്രീ. എ. താണുപിള്ള: ഇവിടെ ആദ്യമായി പറഞ്ഞതു വിദ്യാർത്ഥിസമരത്തെക്കുറിച്ചാണു്. ശ്രീമാൻ യശോധരനാണു് പ്രസ്താവിച്ചതു്. ഈ വിദ്യാർത്ഥിസമരത്തെ സംബന്ധിച്ചു, വിദ്യാർത്ഥികളെ തിരിയെ അതാതു കാളേജുകളിൽ അയക്കുന്നതിനു ഗവണ്മെൻറിനു ചുമതലയു

ഉണ്ടെന്നും വ്യക്തിപരമായി എനിക്കു കൂടി ആ ചുമതലയുണ്ടെന്നും ആണു് അദ്ദേഹം പറഞ്ഞതു്. സർ, അങ്ങനെ വ്യക്തിപരമായ ചുമതല എനിക്കില്ല. ഞാൻ ഈ വിദ്യാർത്ഥികളെ കാളേജിൽനിന്നും പുറത്തയച്ചപ്പോൾ തിരിയെ അവരെ അവരുടെ കാളേജുകളിൽ പ്രവേശിപ്പിക്കുന്നതിനു് അന്നെനിക്കു കഴിവുള്ളതു ചെയ്തിട്ടുള്ളതു വാസ്തവംതന്നെ. അങ്ങിനെ ഒരിക്കൽ ഒരു സഹായം ചെയ്യുമ്പോൾ അതോടുകൂടി ഒരു ചുമതല പിന്നെയും വന്നുകൂടും എന്നു ഞാൻ മനസ്സിലാക്കിയില്ല. അന്നും ഞാൻ ശ്രമിച്ചുനോക്കി, ഞാൻ അപേക്ഷിച്ചുനോക്കി; കാളേജുകാരോടും യൂണിവേഴ്സിററിയോടും അപേക്ഷിച്ചു.

<u>ശ്രീ. പി. കെ. യശോധരൻ</u> : ഇന്നു ശ്രമിച്ചാൽ പററമോ?

<u>ശ്രീ. എ. താണുപിള്ള</u> : ഇന്നും ഞാൻ ശ്രമിക്കുന്നു. സർ, പക്ഷെ ഇന്നു് യൂണിവേഴ്സിററിയുടെ കീഴിലുള്ള കാളേജുകളിൽ ഗവൺമെൻറിനു അധികാരം ചെലുത്താൻ സാധിക്കുകയില്ല. വിദ്യാർത്ഥികളുടെ മേൽ തെററുണ്ടെന്നിരുന്നാലും ഒരു വർഷം അവർ വിഷമപ്പെട്ടു. ഇനിയും അവരെ വിഷമിപ്പിക്കാതെ കാളേജുകളിൽ തിരിയെ ചേർത്തുകാണ്മാൻ ഗവൺമെൻറു കഴിവതു ചെയ്തുകൊണ്ടിരിക്കയാണു്.

<u>ശ്രീ. കെ. സി. ജോർജ്ജു്</u> : ഇങ്ങനെ പതിനഞ്ചാം തീയതി കഴിഞ്ഞാൽ പിന്നെ അവൎക്കു് ഈ കൊല്ലത്തെ അഡ്മിഷൻ കിട്ടാൻ വിഷമമാണെന്നറിയാമോ?

<u>ശ്രീ. എ. താണുപിള്ള</u> : അതു് ഈ മാസത്തിൽതന്നെ വേണമെന്നു് എനിക്കറിയാം. അതു് അങ്ങിനെ അഡ്മിററു ചെയ്തുകാണ്മാൻ ഞാൻ ശ്രമിക്കുകയാണു്. എന്നെ എല്ലാററിനും കുററം പറയുന്നുണ്ടു്, എങ്കിലും ഞാൻ ശ്രമിക്കുന്നുണ്ടു്.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : എക്സ്പൾഷൻ ക്യാൻസൽ ചെയ്തു മററു കാളേജുകളിൽ ചേരുന്നതിനു സർട്ടിഫിക്കററുകൊടുക്കാൻ വിരോധമില്ലെന്നു പറഞ്ഞിട്ടും അങ്ങിനെ ചെയ്തുകാണാത്തതെന്താണു്?

<u>ശ്രീ. എ. താണുപിള്ള</u> : അതു് ശരിയല്ല, അതിനു മറുപടിപോലും കൊടുത്തിട്ടില്ല, അതാണു് പരമാർത്ഥം. ഗവൺമെൻറു ന്യായമായി ചെയ്യുംവുന്നതെല്ലാം ചെയ്യുന്നുണ്ടു്. പക്ഷേ, അധികാരം ചെലുത്താൻ സാദ്ധ്യമല്ല. യൂണിവേഴ്സിററി അതു ചെയ്തുകൊള്ളുമെന്നു പറഞ്ഞാൽ ഗവൺമെൻറിനു പിന്നെ അധികാരമില്ല. അങ്ങിനെ ഗവൺമെൻറു് അതു ചെയ്യുകയാണെങ്കിൽ ഗവൺമെൻറിന്റെ നില ദുരുപയോഗപ്പെടുത്തുകയാണു്. യൂണിവേഴ്സിററി എല്ലാ കാര്യങ്ങളും നോക്കുമ്പോൾ ഗവൺമെൻറു് അതിൽ നേരിട്ടിടപെടുന്നതു് ശരിയല്ല.

സർ, പിന്നെ എനിക്കു് ഈ സമയിലെ എന്റെ സ്നേഹിതന്മാരോടു ഒരപേക്ഷ ചെയ്യാനുണ്ടു്. കുട്ടികളെ ഈ ദുർഘടസ്ഥിതിയിലേയ്ക്കു നയിക്കാതിരിക്കാൻ എല്ലാവരും ശ്രമിക്കണം. ഞാൻ ഇതു പറയുന്നതു് അവർ ക്ഷമിക്കണം. ഇവരെ പിൻതിരിപ്പിക്കുകയല്ലാതെ അതിനു പ്രോത്സാഹനം നൽകിയിട്ടു പിന്നെ കുഴപ്പത്തിലാകരുതു്. അവസാനം കുഴപ്പം തീരുന്നതുവരെയ്ക്കും അവൎക്കും അവരുടെ രക്ഷകർത്താക്കൾക്കും വിഷമങ്ങൾ നേരിടാനിടയുണ്ടു്. സർ, ഇവിടെ ഒരു ദിവസം ചോദിക്കയുണ്ടായി, ഈ പട്ടം താണുപിള്ള തന്നെ കുട്ടികളെക്കൊണ്ടു് രാഷ്ട്രീയത്തിലേയ്ക്കു്

[ശ്രീ. എ. താണുപിള്ള]

ഇറങ്ങിയിട്ടില്ലേ എന്ന്. മഹാത്മാഗാന്ധി സ്വാതന്ത്ര്യസമരകാലത്തു കുട്ടികളെ സ്കൂളിൽനിന്നും ഇറങ്ങിവരാൻ പറഞ്ഞതു് "നിങ്ങൾ വിദ്യാലയങ്ങൾ വിട്ടു് ഇങ്ങു പോരിൻ, പക്ഷെ ഒരു കാൽ രാഷ്ട്രീയരംഗത്തും ഒരു കാൽ വിദ്യാലയങ്ങളിലും വച്ചുകൊണ്ടു് നിങ്ങൾ ഇറങ്ങി വരരുതു്" എന്നാണ്. പഠിക്കണമെന്നുണ്ടെങ്കിൽ പഠിക്കണം. രാഷ്ട്രീയമാണു് പ്രവർത്തനരംഗമെന്നുണ്ടെങ്കിൽ അതിനുവേണ്ടതൊക്കെ ചെയ്തുകൊള്ളുവിൻ. അല്ലാതെ വിദ്യാലയങ്ങളിൽ കുഴപ്പമുണ്ടാക്കി പുറത്തയയ്ക്കപ്പെട്ടതിനു ശേഷം എനിക്കു തിരിയെ പോകണം, തിരിയെ എടുത്തില്ലെങ്കിൽ ഞാൻ സത്യാഗ്രഹം നടത്തും എന്നു പറയുന്നതു ശരിയല്ല. അതിനു കഴിവുള്ളതൊക്കെ ഗവണ്മെന്റു ചെയ്യുന്നുണ്ടു്. പിന്നെ ലൈബ്രറിയുടെ കാര്യം, തുക തിരിയെ കൊടുക്കാൻ ഉത്തരവായിട്ടുണ്ടു്. അതിനുവേണ്ട ഏർപ്പാടു ചെയ്യാം. യാതൊരു വൈമുഖ്യവും കാണിച്ചിട്ടില്ല.

ശ്രീ. ററി. പി. സീതാരാമൻ: ആവശ്യമുള്ളതു് കൊടുക്കുമെന്നു ഞങ്ങൾക്കു് വിശ്വസിക്കാമോ?

ശ്രീ. എ. താണുപിള്ള: വിശ്വസിക്കാം. പിന്നെ ഈ കാളേജുകളുടെ കാര്യം നാം ആലോചിക്കണം. ഞാൻ നാലു കാളേജുകൾക്കുള്ള ഗ്രാന്റ് അനുവദിച്ചില്ല. (1) ആലപ്പുഴ സനാതനധർമ്മ കാളേജ്, അൻപതിനായിരമോ എഴുപതിനായിരമോ രൂപ ഗവണ്മെന്റിൽനിന്നും കൊടുത്തു് ഒരു സ്ഥലം എടുത്തുകൊടുക്കണമെന്നു് ആവശ്യപ്പെട്ടു. (2) ആലപ്പുഴയുള്ള മറ്റൊരു ആർട്ട്സ് കാളേജ്, അൻപതിനായിരം രൂപയുടെ ഗ്രാന്റ്. (3) കോട്ടയത്തുള്ള ഒരു കാളേജ്. (4) ശങ്കരാചാര്യർ കാളേജ്, കാലടി. ഇതുമാതിരി ആർട്ട്സ് കാളേജുകൾക്കുവേണ്ടി ഇക്കൊല്ലം പണം ചെലവാക്കരുതെന്നു തീരുമാനിച്ചു. ഞാൻ അതുസംബന്ധിച്ചുള്ള ഫയലുകൾ നോക്കിയതിൽ പണം ആവശ്യപ്പെടുകയില്ലെന്നു് അവർ എഴുതിത്തന്നിട്ടുള്ളതുമാണെന്നു കണ്ടു.

ശ്രീ. ററി. വി. തോമസ്: ഈ അഞ്ചു ലക്ഷം വീതം കൊടുക്കുന്ന കാലത്തു് ഇങ്ങനെ വല്ലതും നോക്കിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അന്നു ഞാനല്ലാ കൊടുത്തതു്. അന്നു കൊടുത്തതും ശരിയായിരുന്നോ എന്നു സംശയിക്കുന്നു. നമ്മുടെ പദ്ധതികൾ ഒക്കെ ശരിയായി വരുമ്പോൾ...............

ശ്രീ. ററി. വി. തോമസ്: ട്രെയിനിംഗ് കാളേജുകൾക്കും ആ അവകാശം വേണ്ടെന്നാണോ പറയുന്നതു്?

ശ്രീ. എ. താണുപിള്ള: ട്രെയിനിംഗ് കാളേജിനു് യാതൊരുവിധമായ സഹായവും ആവശ്യപ്പെടുകയില്ലെന്നു് റിട്ടൺ അണ്ടർടേക്കിംഗ് തന്നിട്ടുണ്ടു്.

ശ്രീ. എ. ജെ. ജാൺ: ഈ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനു് അങ്ങനെ എഴുതിത്തരണമെന്നുണ്ടു്. പണസംബന്ധമായി യാതൊരു സഹായവും ആവശ്യപ്പെടുകയില്ലെന്നു് അന്നു് എഴുതിത്തരണമെന്നുണ്ടായിരുന്നു. അതുകൊണ്ടങ്ങനെ എഴുതിയിട്ടുള്ളതാണു്. അങ്ങനെ വ്യവസ്ഥയുണ്ടായിരുന്ന കാലത്താണു് ഈ അഞ്ചു ലക്ഷവും അൻപതിനായിരവു

മൊക്കെ കൊടുക്കുന്നതു്. അതുകൊണ്ടു് പിന്നീടുള്ള കാളേജുകൾക്കും കൊടുക്കണമോ എന്നുള്ള കാര്യം ദയവായി ആലോചിക്കണം.

ശ്രീ. എ. താണുപിള്ള: നമ്മുടെ ധനസ്ഥിതിയുംകൂടി ആലോചിക്കണം. പിന്നെ ലാകാളേജിന്റെ കാര്യത്തിൽ റക്കറിംഗ് എക്സ്പെൻസ് നമുക്കില്ല. അതു് ഇവിടെ ആവശ്യമാണോ എന്നു നോക്കിയതിൽ എഫ്. എൽ. ക്ലാസ്സിൽ എറണാകുളത്തു് 150-ം, 200 ഇവിടെയുമുണ്ടു്. അങ്ങനെയിരിക്കുമ്പോഴാണു് യൂണിവേഴ്സിറ്റി ഇവിടെ ലാകാളേജു് സ്ഥാപിക്കണമെന്നു് ആവശ്യപ്പെട്ടതും അതിനു ഗവണ്മെന്റ് അനുവാദം കൊടുത്തതും.

ശ്രീ. കെ. എം. ചാണ്ടി: യൂണിവേഴ്സിറ്റിക്കു് 25 ലക്ഷം എന്നുള്ള ബ്ലോക്കു് ഗ്രാന്റ് കൂട്ടിക്കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ഒന്നും ആലോചിക്കുന്നില്ല. പിന്നെ ലൈബ്രറിയുടെ കാര്യത്തിൽ പല രൂപത്തിലായിട്ടു് 60,000 രൂപകൂടി അനുവദിച്ചിട്ടുണ്ടു്. അതേക്കുറിച്ചു് ഇത്രേ പറയാനുള്ളു.

The question that a supplementary sum not exceeding Rs. 18,00,100 be granted under Demand No. XVIII—37 Education was put and carried.

The grant was made.

Demand XIX—38 Medical.

Minister for Finance **(Shri P. S. Nataraja Pillai)** : Sir, I move for a supplementary grant of Rs. 5,30,000 under Demand No. XIX—38 Medical.

Shri A. Achuthan : I second it.

ശ്രീ. എൻ. പരമേശ്വരൻപിള്ള: പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നതിലേക്കു് 25,000 രൂപ ഉൾപ്പെടെ ഒരു ലക്ഷം രൂപ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. കൂടുതൽ ആശുപത്രികൾ സ്ഥാപിക്കുന്ന കാര്യത്തിൽ അതിനു് എന്തു നയമാണു് ഗവണ്മെന്റ് സ്വീകരിക്കുന്നതു് എന്നുള്ള കാര്യം പ്രസ്താവിച്ചുകണ്ടില്ല. ഏതെങ്കിലും ഒരു സ്ഥലത്തു് ആശുപത്രി സ്ഥാപിക്കണമെന്നുണ്ടെങ്കിൽ സ്ഥലത്തെ ആളുകൾ അതിനുള്ള സ്ഥലവും കെട്ടിടവും ഉപകരണങ്ങളും ഉണ്ടാക്കി ഗവണ്മെന്റിലേക്കു് വിട്ടുകൊടുത്താൽ ആ കാര്യത്തെക്കുറിച്ചുകൂടി ശ്രദ്ധിക്കുന്നതാണു് എന്നു് ചോദ്യോത്തരവേളയിൽ മനസ്സിലാക്കാൻ സാധിച്ചു. ചങ്ങനാശേരി താലൂക്കിൽപ്പെട്ട കുട്ടനാടൻ പ്രദേശങ്ങളിൽ വൈദ്യസഹായം ലഭിക്കുന്നതിനുള്ള സൗകര്യം ഇല്ലാതെയാണിരിക്കുന്നതു്. പുതിയ ആശുപത്രികൾ സ്ഥാപിക്കുന്ന അവസരത്തിൽ അവിടെ ഒരാശുപത്രി സ്ഥാപിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. പുതിയ ആശുപത്രികൾ വർദ്ധിപ്പിക്കുന്നതോടുകൂടി ഇപ്പോഴുള്ള ആശുപത്രികളിൽ കൂടുതൽ സജ്ജീകരണങ്ങളും സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണെന്നും ചങ്ങനാശേരി സർക്കാർ ആശുപത്രിയിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനായിട്ടു് ചില ആനുകൂല്യങ്ങൾ ചെയ്യണമെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഞാൻപെടുത്തുന്നു.

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

അടുത്തതായി ഗ്രാൻറു വൈദ്യശാലകളുടെ കാര്യമാണ്. ചിങ്ങവനത്ത് ഒരു ഗ്രാൻറു വൈദ്യശാല ഇല്ലാ എന്നുള്ള നിലയിലായിരിക്കുന്നു. അവിടെ ഒരു അപേക്ഷകൻ ഉണ്ടായിരുന്നിട്ടും ഇതുവരെ ഗ്രാൻറുകൊടുത്തിട്ടില്ല. ആശുപത്രിയില്ലാത്ത സ്ഥലത്തു ശരിയായ വൈദ്യസഹായം ലഭിക്കുന്നതിന് പ്രൈവറ്റ് വൈദ്യന്മാരുണ്ടെങ്കിൽ അവക്ക് ഗ്രാൻറു കൊടുക്കണം. അതുപോലെയുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും വേണം. അങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറ് വ്യക്തമായ ഒരു നയം സ്വീകരിക്കുകയും അതിനു വേണ്ട നടപടികൾ എടുക്കുന്നതിന് വളരെ നിഷ്കർഷിക്കുകയും ചെയ്യേണ്ടതാണ്. പുതിയ ആശുപത്രികൾ സ്ഥാപിക്കുന്ന കാര്യത്തിൽ അതുസംബന്ധിച്ചിടത്തോളം അതാതു താലൂക്കുകളിലെ പഞ്ചായത്തുകളുടെ അഭിപ്രായം അറിയേണ്ടതും അവിടെയുള്ള എം. എൽ. എ-മാരെയും ഉൾപ്പെടുത്തി ഒരു ഉപദേശകസമിതി രൂപീകരിച്ച്, അവരുടെ അഭിപ്രായം അറിഞ്ഞു് പ്രവർത്തിക്കുന്നപക്ഷം പരാതി കൂടാതെ ഏററവും ആവശ്യമായ സ്ഥലങ്ങളിൽ വൈദ്യസഹായം നൽകുന്നതിന് സാധിക്കുകയും ചെയ്യും. അതിനുള്ള നടപടികൾ ഗവണ്മെൻറു രൂപീകരിക്കണം. ഈ ഉപധനാഭ്യർത്ഥനയെ സംബന്ധിച്ചിടത്തോളം ഈ വക സംഗതികൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു. എട്ടുകൊല്ലമായി നെടുമുടിയിൽ ഒരു ആയുർവേദഡിസ്പെൻസറി ആവശ്യമാണെന്നു പറഞ്ഞുതുടങ്ങിയിട്ട്. അതിനു വേണ്ടതു ചെയ്യണമെന്നുംകൂടി ഞാൻ പറയുന്നു.

Mr. Speaker : Time is up. I shall now put this demand and the remaining demands to the Vote of the House.

The question that a supplementary sum not exceeding Rs. 5,30,000 be granted under Demand No. XIX—38 Medical was put and carried.

The grant was made.

Demand XXI—40 Agriculture.

The question that a supplementary sum not exceeding Rs. 4,15,900 be granted under Demand No. XXI—40. Agriculture was put and carried.

The grant was made.

Demand XXII—40. A. Rural Development.

The question that a supplementary sum not exceeding Rs. 67,31,700 be granted under Demand No, XXII—40. A. Rural Development was put and carried.

The grant was made.

Demand XXIII—41. Veterinary.

The question that a supplementary sum not exceeding Rs. 36,000 be granted under Demand XXIII—41. Veterinary was put and carried.

The grant was made.

Demand XXIV—42 Co-operation.

The question that a supplementary sum not exceeding Rs. 26,600 be granted under Demand No. XXIV—42 Co-operation was put and carried.

The grant was made.

Demand XXV—43 Industries and Supplies and XXXII—Industries and Supplies.

The question that a supplementary sum not exceeding Rs. 11,76,500 be granted under Demand No. XXV—43 Industries and Supplies and XXXII—Industries and Supplies was put and carried.

The grant was made.

Demand XXVI—47 Miscellaneous Departments.

The question that a supplementary sum not exceeding Rs. 6,27,000 be granted under Demand No. XXVI—47 Miscellaneous Departments, was put and carried.

The grant was made.

Demand XXVII—50 Civil Works.

The question that a supplementary sum not exceeding Rs. 18,88,400 be granted under Demand No. XXVII—50 Civil Works, was put and carried.

The grant was made.

Demand XXIX—55 Superannuation Allowances and Pension.

The question that a supplementary sum not exceeding Rs. 5,99,000 be granted under Demand No. XXIX--55 Superannuation allowances and Pension, was put and carried.

The grant was made.

Demand XXXI—57 Miscellaneous.

The question that a supplementary sum not exceeding Rs. 88,000 be granted under Demand No. XXXI—57 Miscellaneous, was put and carried.

The grant was made.

Demand XXXIV—XLVI—A. Receipts from Transport Schemes—Working expenses.

The question that a supplementary sum not exceeding Rs. 10,900 be granted under Demand No. XXXIV—XLVI—A. Receipts from Transport Schemes—Working Expenses was put and carried.

The grant was made.

Demand XXXVIII—81 Capital Account of Civil Works outside the Revenue Account.

The question that a supplementary sum not exceeding Rs. 16,00,000 be granted under Demand No. XXXVIII—S. Capital Account of Civil Works outside the Revenue Account, was put and carried.

The grant was made.

Demand XL—82 B .Capital Outlay on Transport Schemes outside the Revenue Account.

The question that a supplementary sum not exceeding Rs. 600 be granted under Demand No' XL—82 B. Capital Outlay on Transport Schemes outside the Revenue Account, was put and carried.

The grant was made.

Demand XLI—85 A. Capital Outlay on State Schemes of Government Trading.

The question that a supplementary sum not exceeding Rs. 1,13,100 be granted under Demand No. XLI—85 A Capital Outlay on State Schemes of Government Trading, was put and carried.

The grant was made.

Demand XLII—R. Loans and Advances.

The question that a supplementary sum not exceeding Rs. 25,26,500 be granted under Demand No. XLII—R. Loans and Advances, was put and carried.

The grant was made.

Mr. Speaker: The House will now adjourn and meet again at 11 a. m. tomorrow.

The Assembly adjourned at 5-5 P. M. to meet again at 11 A. M. on Friday, the 6th August, 1954.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1954

Friday, the 6th August 1954.

Vol. XI.] OFFICIAL REPORT. [No. 21

The Assembly met in the Assembly Chamber at Eleven O' Clock on Friday, the 6th August 1954 with Mr. Speaker in the Chair.

Adjournment Motion.

Mr. Speaker: I have to dispose of an adjournment motion by Shri U. Nilacantan. As it is a continuing matter, it is not a matter for an adjournment motion and I rule it out.

Question of Procedure.

Shri R. Sankaranarayanan Tampi: Sir, the other day I wanted to raise a question of procedure. I looked into the parliamentary practices elsewhere, but I could not find any precedent to help me. Inasmuch as such practice has not till now obtained elsewhere, I present the case before the Speaker for his consideration and ruling. My case is this. Government have produced certain documents before the Legislature as the authentic documents of the Government. The Ministers have also made oral statements which were found to be contradictory to the information contained in the documents. The documents produced and the oral statements made are by the same authority, because the documents are issued under the authority of the Government and presented before this House as Government documents, and the statements made are made by the Ministers who represent Government in the House. Therefore,it leads to the conclusion that either the matter in the documents are false, or the oral statements of the Ministers are false. That being the case, the oral statements and the documents produced are made with the intention of deceiving the House. My submission is that the question may

[Shri. R. Sankaranarayanan Tampi]

be considered as one affecting the privilege of the House and a ruling may be made by the Chair. I am not pressing for it at present.

Shri P. S. Nataraja Pillai: Sir, I have to make an observation in this connection. The hon. Member seems to have taken it for granted that there is a contradiction. He read a portion which has not been subjected to the discussion of this House, and hence not explained fully. The inference of the hon. Member is not the inference accepted by the House. If, after reading the two statements, a discrepancy is found, the Chair may give a ruling on that. My feeling on the matter is that Appropriation Accounts and Audit Report which has been submitted by the Comptroller, after an examination of the accounts, (which is referred to by the hon. Member) is not an isolated document. It has to be gone into in relation to the facts which I have presented before the House. Therefore to draw an inference without affording an opportunity for explanation is, I feel, unwarranted.

Mr. Speaker: If the question is to be raised as a question of privilege, then notice has to be given previously. When it comes to me in that manner, I will give a considered ruling in the matter.

PRESENTATION OF THE REPORT OF THE ESTIMATES COMMITTEE.

Minister for Finance **(Shri P. S. Nataraja Pillai:)** Sir, as Chairman of the Estimates Committee for 1954-55, I beg to present the first report of the Committee on Education.

THE TRAVANCORE-COCHIN APPROPRIATION (No. 3) BILL, 1954.

Minister for Finance **(Shri P. S. Nataraja Pillai):** Sir, I beg to introduce the Travancre-Cochin Appropriation (No. 3) Bill, 1954.

Minister for Works and Transport **(Shri A. Achuthan):** I second it.

Shri P. S. Nataraja Pillai: Sir, I move that the Travancore-Cochin Appropriation (No. 3) Bill, 1954, be taken up for consideration.

Shri A. Achuthan: I second it.

The question that the Travancore-Cochin Appropriation (No. 3) Bill be taken up for consideration, was put and carried.

Clauses 2 and 3.

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Schedule.

The question that the Schedule stands part of the Bill, was put and carried.

The Schedule was added to the Bill.

Clause 1.

The question that Clause 1 stands part of the Bill, was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill, was put and carried.

The Preamble and Title of the Bill were added to the Bill.

Shri P. S. Nataraja Pillai: I move that the Bill may be finally passed.

Shri A. Achuthan: I second it.

The question that the Bill be finally passed was put and carried.

The Bill was finally passed.

THE TRAVANCORE-COCHIN PANCHAYATS (AMENDMENT) BILL.

Minister for Finance **(Shri P. S. Nataraja Pillai)**: I beg to introduce the Travancore-Cochin Panchayats (Amendment) Bill.

Minister for Works and Transport **(Shri A. Achuthan)**: I second it.

Mr. Speaker: The Travancore-Cochin Panchayats (Amendment) Bill stands introduced.

Shri P. S. Nataraja Pillai: I move the Travancore-Cochin Panchayats (Amendment) Bill be taken up for consideration.

Sir, this is a Bill to take power on the part of Government to provide more funds for the Panchayats, in order to enable them to discharge the responsibilities entrusted to them more effectively. It was the sense of the various sections of the House that financial facilities must be made available to the Panchayats to make them really effective institutions for the development of the country. This Bill contains only one section which is to the effect that the Government may contribute to the Panchayats such amounts as may be necessary for meeting the expenditure in connection with the management of the institutions or the execution or maintenance of any work or the performance of any duty which the Government may from time to time make over to the Panchayats under Section 46. Under Section 55, Government may contribute to the Panchayats an amount equal to that raised by the Panchayats by way of

[Shri P. S. Nataraja Pillai]

cess etc. subject to a maximum of Rs. 2,000. That is the provision under the existing law. It was urged on the floor of the House, that if the Panchayats are to be really effective, they must have more resources at their command in order to enable them to undertake useful work. The amendment gives Government the power to grant additional sums to the Panchayats to undertake additional responsibilities. Although the Government have the right to grant amounts to such institutions, it was thought better in the interests of every one concerned to have a specific provision made in this manner. It is with this purpose that the Bill is introduced. In the Financial Statement it will be seen that a sum of Rs. 56 lakhs has been set apart for distribution among the Panchayats to undertake local development works and minor irrigation works, Rs. 30·85 lakhs for local development and Rs. 25.1 lakhs for minor irrigation works. These works are to be done by the Panchayats. In the circumstances this amendment is very necessary, and I request that the House may be pleased to accept the Bill and pass it.

Shri V. V. Sebastian : May I know whether the provisions of this amendment will be given effect to before passing the rules to be prescribed under Section 46?

Shri P. S. Nataraja Pillai : The necessary rules will be issued.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : **സർ,** പഞ്ചായത്തു ബില്ലിനെപ്പററി ഗവണ്മെൻറിൽനിന്നും ഹാജരാക്കിയിട്ടുള്ള ഭേദഗതിയുടെ പൊതുതത്വത്തോടു് അനുകൂലിച്ചുകൊണ്ടു്, ചില വസ്തുതകൾ ഈ സഭയിൽ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. നിലവിലിരിക്കുന്ന പഞ്ചായത്താക്ററനുസരിച്ചു് ഈ സംസ്ഥാനത്തെ നാട്ടിൻപുറങ്ങളിലുള്ള 545-ൽപ്പരം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാദ്ധ്യമല്ലാതായിരിക്കുന്നുവെന്നുള്ളതാണു് എനിക്കു് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളതു്. ഇതു കക്ഷിഭേദമെന്യേ ഈ സഭയിലുള്ള കോൺഗ്രസ്സു പാർട്ടിയും, സോഷ്യലിസ്ററു പാർട്ടിയും, കമ്മ്യൂണിസ്ററു പാർട്ടിയും എന്നല്ല, വിവിധ രാഷ്ട്രീയപാർട്ടികളിൽ വിശ്വസിച്ചുപോരുന്ന എല്ലാ പഞ്ചായത്തു പ്രസിഡൻറന്മാരും സമ്മതിച്ചിട്ടുള്ള ഒരു പരമാർത്ഥം മാത്രമാണു്. ഇതിനെപ്പററി നാട്ടിൻെറ പലഭാഗങ്ങളിൽ നിന്നും പല നിവേദനങ്ങളും ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ടു്. ഇന്നു് ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ ഭേദഗതി കൊണ്ടു് പഞ്ചായത്തുകളുടെ പ്രവർത്തനം അതർഹിക്കുന്നവിധത്തിൽ നാട്ടുകാർക്കു പ്രയോജനപ്രദമായവിധം തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയില്ലെന്നുള്ളതു് ഈ സഭയുടെ ഗർഹണീയമായ പരിചിന്തനയ്ക്കു് വിധേയമായിത്തീരേണ്ടതുണ്ടു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അമെൻഡമെൻറ് പഞ്ചായത്തു് ആക്ടിലെ 55-ാം വകുപ്പിനെയാണു് ബാധിക്കുന്നതു്. എന്നാൽ 55(1)-ാം ഉപവകുപ്പു് പറയുന്നതു്, അതാതു പഞ്ചായത്തുകൾ പിരിക്കുന്ന നികുതിയുടെയും സെസ്സിൻെറയും ആകെ തുക എന്തുവരുന്നോ അത്രയും തുകകൂടി ഗവണ്മെൻറിൽനിന്നും കൊടുക്കുമെന്നും, എന്നാൽ ഒരു കാരണവശാലും ആ തുക രണ്ടായിരംരൂപയിൽ കവിയുന്നതല്ലെന്നുമാണു്, ഈ വകുപ്പു് ഭേദഗതി

ചെയ്യേണ്ടതു് ആവശ്യമാണ്. പ്രധാനമായും ഒന്നാം ഉപവകുപ്പിന് ഭേദഗതി വരുത്തേണ്ടതു് പഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്നു് പഞ്ചായത്തുകളിൽ കാര്യക്ഷമമായി പ്രവൃത്തികൾ നടക്കണമെന്നാഗ്രഹിക്കുന്ന എല്ലാ പഞ്ചായത്തുകളും പൗരന്മാരും ഊന്നിപ്രസ്താവിച്ചിട്ടുള്ളതാണ്. ഈ വകുപ്പിൽ പഞ്ചായത്തുകൾക്കു് കൊടുക്കുന്ന ഗ്രാന്റ 2000 രൂപയിൽ കവിയുന്നതല്ല എന്നു ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. ഇതിനെക്കാൾ ദോഷകരമായ ഒരു വ്യവസ്ഥ പഞ്ചായത്തുകൾക്കു് വേറെയില്ല. ഒരു പഞ്ചായത്തു് എത്ര രൂപയാണ് കരം ഇനത്തിലും മററുള്ള സെസ്സ് ഇനത്തിലും പിരിക്കുന്നതു് ആ തുകയുടെ സമമായ വീതാംശം മാത്രമെ ഗവണ്മെന്റ കൊടുക്കുകയുള്ളു എന്നുള്ള ഒരു നിർബന്ധമാണ് ഈ വകുപ്പിൽ ഉൾക്കൊള്ളുന്നതു്. ആ വകുപ്പിനെ അതേരീതിയിൽ സംരക്ഷിച്ചുകൊണ്ടുള്ള ഈ ഭേദഗതി നമ്മുടെ പഞ്ചായത്തുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുപകരം ഇന്നത്തെ രീതിയിൽ നിശ്ചലമാക്കിത്തീർക്കുകയേയുള്ളു. കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതികൊണ്ടു ഗവണ്മെന്റ ഉദ്ദേശിക്കുന്നതു് റൂറൽ ഡെവലപ്പമെന്റ ഡിപ്പാർട്ടുമെന്റിന് ചിലവു ചെയ്തിരുന്ന 6 ലക്ഷം രൂപയും G. M. F. വർക്ക്സിന് ഉദ്ദേശിച്ചിരുന്ന 30 ലക്ഷം രൂപയും പഞ്ചായത്തുകളുടെ പേരിൽ മാററുന്നതിനും ആവക ജോലികൾ പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ചെയ്യുന്നതിനുമാണ്. ഈ സമ്പ്രദായംമൂലം കഴിഞ്ഞവർഷംവരെ പ്രത്യേകമായി പ്രവർത്തിച്ചുകൊണ്ടിരുന്ന G. M. F., റൂറൽഡവലപ്പ്മെന്റവകുപ്പുകളിലൂടെയുള്ള പ്രവർത്തനം നിശ്ചലമാക്കുന്നതിനോടൊപ്പം പഞ്ചായത്തുകളുടെ സ്ററാററ്യൂട്ടറി ഗ്രാന്റിന് യാതൊരു മാററവും വരുന്നുമില്ല. പഞ്ചായത്തുകളുടെ ലെബലിൽ മററ ഡിപ്പാർട്ടുമെന്റുകൾ ചെയ്തിരുന്ന ജോലികൾ നടത്തുന്നുവെന്നുമാത്രം. ഗവണ്മെന്റ ഒരു പ്രത്യേക ജോലി—പഞ്ചായത്തു് ആക്ററ 46-ാംവകുപ്പനുസരിച്ചു് പഞ്ചായത്തുകളെ ഏൽപ്പിച്ചു് അതിന്റെ നിർവഹണത്തിനു പ്രത്യേകം ചുമതലപ്പെടുത്തിയാൽ മാത്രമേ ആ പ്രത്യേകപഞ്ചായത്തുകൾക്കു ഈ തുക കിട്ടുവാൻ പോകുന്നുള്ളു. അതുകൊണ്ടാണ് രാഷ്ട്രീയമായ പരിഗണനകൾ ഇക്കാര്യത്തിൽ പ്രയോഗിക്കപ്പെടുമെന്നും തന്നിമിത്തം ഏതാനും ചില പഞ്ചായത്തുകൾക്കേ ഈ തുക ഉപകരിക്കുകയുള്ളു എന്നും ഞാൻ പറയുന്നതു്. ഇതിനെ നോക്കുമ്പോൾ പ്രധാനമായി ഒന്നു രണ്ടു കാര്യങ്ങൾ എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ടു്. നമ്മുടെ 545 പഞ്ചായത്തുകളിൽ വളരെ അധികം പഞ്ചായത്തുകളും സ്വയം പ്രവർത്തിച്ചു് മുന്നോട്ടുപോകുവാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തുകളാണ്. പഞ്ചായത്തുകളുടെ ഒരു സാമ്പത്തികസർവ്വേ എടുത്തതിനുശേഷമല്ല സർക്കാർ ഈ ഗ്രാന്റ കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു്. അരുവിക്കര, കടകംപള്ളി, വെള്ളനാട്, വെമ്പായം, ഒററശ്ശേഖരമംഗലം, ഉള്ളൂർ മുതലായ പഞ്ചായത്തുകളിൽ ഒരു പബ്ലിക്ക്മാർക്കററോ, സിനിമയോ, എസ്റ്റേററുകളോ, ഫാക്ടറികളോ ഇല്ലാത്തതുകൊണ്ടു് അവിടത്തെ വരവു സ്വാഭാവികമായി വളരെ ചുരുങ്ങിയതാണ്. ആ പഞ്ചായത്തുകൾക്കു 55-ാംവകുപ്പനുസരിച്ചുള്ള ഗ്രാന്റ് മാത്രമേ കൊടുക്കുകയുള്ളു എങ്കിൽ അതുകൊണ്ടു അവരുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൂടി നിർവ്വഹിക്കുവാൻ സാദ്ധ്യമല്ലാതെ വരുന്നതാണ്.

മറെറാരുകാര്യംകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ടു്. ഗവണ്മെന്റിന്റെ പദ്ധതികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

പഞ്ചായത്തുകളുണ്ടു്. അരുവിക്കര പഞ്ചായത്തിൽ വെല്ലിംഗ്ടൺ വാട്ടർ വർക്ക്സ് സ്കീമിനുവേണ്ടിയും ഒററശ്ശേഖരമംഗലം പഞ്ചായത്തിൽ നെയ്യാർ ഡാം സ്കീമിനു് വേണ്ടിയും നൂറുകണക്കിനു ഏക്കർ ഭൂമി ഗവണ്മെൻറു പ്രത്യേകം നീക്കിവച്ചിട്ടുണ്ടു്. അങ്ങനെ നിരവധി പഞ്ചായത്തുകളിൽ നൂറുകണക്കിനു് ഏക്കർ സ്ഥലം പ്രത്യേകം നീക്കിവച്ചിട്ടുണ്ടു്. ഈ പഞ്ചായത്തുകൾക്കു സ്പെഷ്യൽഗ്രാൻറില്ല എന്നുള്ളതിനുംപുറമെ ലാൻറ് ടാക്സുകൂടി കിട്ടുവാൻ നിവൃത്തിയില്ലാതെയാണു് ഇരിക്കുന്നതു്. അങ്ങിനെയുള്ള പഞ്ചായത്തുകൾക്കു പ്രത്യേകമായി യാതൊരു സഹായവും ചെയ്തുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ഗവണ്മെൻറിനു് ഇല്ല.

കഴിഞ്ഞ പ്രാവശ്യം കഴക്കൂട്ടം എം. എൽ. എ. ശ്രീ. വി. ശ്രീധരൻ ഒരു അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവന്നു. 1954 മാർച്ച് 10-ാംനു- പഞ്ചായത്തു ഡയറക്ടരുടെ ഒരു സർക്കുലർ എല്ലാ പഞ്ചായത്തുകൾക്കും കിട്ടുകയുണ്ടായി. 1954-ലെ നികുതിയിനങ്ങൾ പിരിക്കാത്തപക്ഷം ഗവണ്മെൻറിൽനിന്നു കിട്ടേണ്ട വീതാംശം കിട്ടുകയില്ല എന്നായിരുന്നു സർക്കുലർ. ഇവിടെയുള്ള പുതിയ പഞ്ചായത്തുകൾക്കു് അതു സാദ്ധ്യമല്ലാത്തതുകൊണ്ടു ഇതിനെക്കുറിച്ചു് ചർച്ചചെയ്യുന്നതിനുള്ള ഒരു അടിയന്തിരപ്രമേയമായിരുന്നു അതു്. അതിൽ അടിയന്തിരസ്വഭാവമില്ലെന്നു പറഞ്ഞു് അതുതള്ളിക്കളഞ്ഞു. അതിനു ശേഷം ഈ അസംബ്ലിയിൽ മാർച്ച് 30-ാംനു- ഉത്തരം കിട്ടത്തക്കവണ്ണം ശ്രീ. വി. ശ്രീധരൻ ഒരു ഷാർട്ടു നോട്ടീസ് ക്വസ്റ്റ്യൻ അയച്ചിരുന്നു. അതു ഇവിടെ അതു അനുവദിക്കുകയുംചെയ്തിട്ടുണ്ടു്. പഞ്ചായത്തുകൾക്കു് കരംഇനങ്ങളും മററും പിരിക്കുന്നതിനു് ആവശ്യമായ റിക്കാർഡുകളും മെററീരിയൽസും ഇല്ലാത്തതുകൊണ്ടു് ഒരു പഞ്ചായത്തിനും 1954-ൽ തന്നെ, ഈ വൈകിയവേളയിൽ പ്രസ്തുത വർഷത്തെ കരംപിരിക്കുവാൻ സാദ്ധ്യമല്ലെന്നും, ആ പരിതഃസ്ഥിതിയിൽ പഞ്ചായത്തുകൾക്കു് ഗവണ്മെൻറിൽനിന്നു കിട്ടേണ്ട 2000 ഉറുപ്പിക ഗ്രാൻറു കിട്ടുവാൻ സാദ്ധ്യമല്ലെന്നും, അതു നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കണമെന്നും മററുമായിരുന്നു ശ്രീ. വി. ശ്രീധരൻ അദ്ദേഹത്തിൻെറ ഷാർട്ടുനോട്ടീസു ക്വസ്റ്റ്യൻമുഖേന ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന സംഗതികൾ. അതിനു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതു് ഒരിക്കലും അങ്ങനെയൊരു അപകടം ഉണ്ടാകുവാൻ പോകുന്നില്ലെന്നും, അതിനു വേണ്ട പരിരക്ഷാനടപടികൾ നടത്തുന്നതാണെന്നുമാണു്. ഇപ്പോൾ 1954-55-ലേക്കു് ഉള്ളൂർ പഞ്ചായത്തിലേക്കു അനുവദിച്ചിട്ടുള്ള ബഡ്ജററു എൻെറ കൈവശമുണ്ടു്. ഗവണ്മെൻറു കാൺട്രിബ്യൂഷൻ ഉൾപ്പെടെ ഏഴായിരംരൂപയുടെ ഒരു ബഡ്ജററാണു ഉള്ളൂർ പഞ്ചായത്തിൽനിന്നു് തയ്യാറാക്കിപഞ്ചായത്തു ഡയറക്ടറുക്കു അയച്ചതു്. എന്നാൽ അദ്ദേഹം രണ്ടായിരത്തിഅഞ്ഞൂറു ഉറുപ്പികയുടെ ബഡ്ജററാണു അനുവദിച്ചിരിക്കുന്നതു്. കഴിഞ്ഞവർഷത്തെ നികുതിഇനങ്ങൾ പിരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഗവണ്മെൻറു കാൺട്രിബ്യൂഷൻ ഇല്ലെന്നാണു് വന്നിരിക്കുന്നതു്. ശ്രീകാര്യം പഞ്ചായത്തിനു് ഏഴു രൂപയാണു ഗവണ്മെൻറു ഗ്രാൻറുകൊടുത്തിരിക്കുന്നതു്. ആ പഞ്ചായത്തിൻെറ 1953-54-ലെ വരവു് 10 രൂപയായിരുന്നു. അതുകൊണ്ടാണു് ഏഴു രൂപ ഗ്രാൻറു കൊടുത്തിരിക്കുന്നതു്. ഈ കടുംകൈമൂലം മിക്ക പഞ്ചായത്തുകളുടേയും സാമ്പത്തികപരിതഃസ്ഥിതികൾ ശ്രീ. വി. ശ്രീധരൻ ചൂണ്ടിക്കാ

ണിച്ചിരുന്നതുപോലെതന്നെ സ്തംഭിച്ചുപോയിരിക്കുകയാണ്. ഈ ദുഃസ്ഥിതി ഒഴിവാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഷാർട്ട്നോട്ടീസ് ക്വസ്റ്റ്യന് മറുപടി പറഞ്ഞപ്പോൾ ഉറപ്പുനൽകിയത്. ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പ്രസ്താവിച്ച ഉറപ്പിന് എട്ടുകാശിന്റെ വിലപോലുമില്ലെന്നതന്നെയാണ് അനുഭവം തെളിയിക്കുന്നത്. പഞ്ചായത്തുകളുടെ ഭാവി വളരെ വിഷമകരമായ അവസ്ഥയിൽ കുടുങ്ങിപ്പോയിരിക്കുന്നു. ഈ ഭേദഗതി ബില്ലിന്റെ സ്റ്റേറ്റുമെന്റ് ഓഫ് ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പഞ്ചായത്തുകളിൽനിന്നു വളരെ അധികം റെപ്രസന്റേഷൻ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. പക്ഷെ, 55-ാംവകുപ്പിലെ 1-ാം ഉപവകുപ്പിന് മാററം വരുത്താത്തകാലത്തോളം പഞ്ചായത്തുകളുടെ സാമ്പത്തികപരാധീനതകളെ സംബന്ധിച്ച് യാതൊരു പരിഹാരങ്ങളും നടപ്പിൽ വരാനിടയില്ല. 1954 മാർച്ച് 22-ാംതീയതി ഈ നിയമസഭയിൽ രാജപ്രമുഖൻ ചെയ്ത നയപ്രഖ്യാപനത്തിൽ പഞ്ചായത്തുകളെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ പാളിസി പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ ഗ്രാമങ്ങളുടെ ജനാധിപത്യപരവും ധനപരവുമായ അഭിവൃദ്ധിക്കുള്ള ഏജൻസികളായിരിക്കുമെന്നു ആ നയപ്രഖ്യാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ആ പ്രഖ്യാപനത്തിന് യാതൊരുവിലയും ഈ മന്ത്രിസഭ നൽകുന്നില്ല.

ഈ അടുത്തകാലത്ത് പഞ്ചായത്തുകളും അതതു്സ്ഥലത്തെ പോലീസുമായി വലിയ ഉരസൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു മെംബറന്മാരോട് പഞ്ചായത്തിലുള്ള പാവപ്പെട്ട ആളുകൾ വന്നു പല പരാതികളും പറയാറുണ്ട്. ആ പരാതികളെല്ലാം അന്വേഷിക്കുവാൻ ബാദ്ധ്യസ്ഥരായിട്ടുള്ള പഞ്ചായത്തുമെംബറന്മാർ വാദിയേയും പ്രതിയേയും വിളിച്ച് പരാതികൾ അവസാനിപ്പിച്ച് അവരെ രഞ്ജിപ്പിച്ച് വിടുന്നുണ്ട്. ഇതു് കാൺഗ്രസ്സ് പഞ്ചായത്തിലും പി. എസ്. പി.യുടെ പഞ്ചായത്തിലും സ്വതന്ത്രന്മാരുടെ പഞ്ചായത്തിലും സ്വീകരിച്ച് നടപ്പിൽവന്നിട്ടുള്ള ഒരു നടപടിയായിത്തീന്നിരിക്കുകയാണ്. പഞ്ചായത്തുകാരുടെ ഈ രഞ്ജിപ്പിക്കൽ നയംമൂലം വളരെ അധികം പരാതികളും കേസുകളും കുറയുവാൻ തുടങ്ങിയപ്പോൾ പോലീസിനു് പരിഭ്രാന്തി ഉണ്ടായിരിക്കുന്നു. ആണററിജോലിചെയ്യുന്ന പഞ്ചായത്തു പ്രസിഡന്റന്മാരെ പോലീസ് അനാവശ്യമായി ചീത്ത പറയുവാനും അവഹേളിക്കുവാനും തുടങ്ങിയിരിക്കുന്നു. ഉള്ളൂർ പഞ്ചായത്തുപ്രസിഡന്റായ ചെറുവയ്ക്കൽ ഭാസ്കരൻനായരെ, കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടർ ഒരു മി. ചെല്ലദുരരാജ്, അദ്ദേഹത്തിന്റെ വീട്ടിൽ ജീപ്പിൽ ചെന്നു് ഇറങ്ങി അധിക്ഷേപിക്കുകയും അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവിനെ ചീത്തപറയുകയും ഉണ്ടായി.

ശ്രീ. കെ. കൊച്ചുകുട്ടൻ: ബില്ലിനെപ്പററിയുള്ള ചർച്ചയിൽ ഇതെല്ലാം റെലവന്റാണോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പഞ്ചായത്തുകളുടെ ശ്രേയസ്സിനും, ജനാധിപത്യ അവകാശങ്ങളുടെ വിപുലീകരണത്തിനുംവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. പഞ്ചായത്തുകളെ ശ്രേയസ്കരമാക്കി പ്രവർത്തിപ്പിക്കുന്നതു് അതിലെ മെംബറന്മാരാണ്. അതുകൊണ്ടു് അവരെ അവഹേളിക്കുന്ന ഈ പോലീസ് നടപടികളെപ്പററി പ്രതിപാദിക്കാതെ നിവൃത്തിയില്ല. ഉള്ളൂർ പഞ്ചായത്തു പ്രസിഡന്റിനെ പോലീസ് ഇൻസ്പെക്ടർ അധിക്ഷേപിച്ച കാര്യം ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റ

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

രുടെ മുൻപാകെതന്നെ പോയിട്ടുള്ളതാണ്. എന്നാൽ അതിനെക്കുറിച്ച് ഇതേവരെ യാതൊരന്വേഷണവും ഉണ്ടായിട്ടില്ല. പോലീസ്സിനെപ്പററി എന്തെങ്കിലും പരാമർശിച്ചാലുടൻ ക്ഷുഭിതനായിക്കാണാറുള്ള മുഖ്യമന്ത്രിക്ക് എന്തു സമാധാനമാണിതിനു നൽകാനുള്ളതെന്നറിഞ്ഞാൽകൊള്ളാം. ആണററ്വക്കിന് ഇത്രയും കൂലി വേണമെന്നായിരിക്കാം ഗവണ്മെന്റിന്റെ തീരുമാനം. ഒരു പഞ്ചായത്തു പ്രസിഡൻറിന്റെ വീട്ടിൽ കയറി അദ്ദേഹത്തെ അധിക്ഷേപിക്കുകയും, അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവിനെ ചീത്തപറയുകയും, അവഹേളിക്കുകയും ചെയ്തുവെന്നുള്ള പരാതിയെക്കുറിച്ച് യാതൊരു നടപടിയും ഇതേവരെ എടുത്തിട്ടില്ല എന്നു പറയേണ്ടിവന്നതിൽ ഞാൻ ലജ്ജിക്കുകയാണ്. ഇതുപോലെ പല പഞ്ചായത്തുകളിലും, പഞ്ചായത്തു പ്രസിഡൻറന്മാരും പോലീസ്സും തമ്മിൽ ഉരസലുകൾ നടക്കുന്നുണ്ട്. ഇതു ഉടനെ അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ എന്തു അമെൻഡുമെൻറ വന്നാൽ ആണ് പോലീസിന്റെ ഉരസൽ മാററി വയ്ക്കാൻ സാധിക്കുന്നതെന്നു പറയാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കയറിന്റെ കാര്യം പറയുമ്പോൾ കാളയുടെ കാര്യമാണു മെംബർ പറയുന്നതു്.

ശ്രീ. മഞ്ജുനാഥപ്രഭു: പഞ്ചായത്തു നിയമമനുസരിച്ച് കേസ്സുകൾ തീർക്കാനും, കേൾക്കാനും പാടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നാട്ടുകാരുടെ പരാതികളെക്കുറിച്ചു കേൾക്കാതിരിക്കാൻ ഒരു പൊതുപ്രവർത്തകനും സാധിക്കുകയില്ല.

ചില ബഹുമാനപ്പെട്ട മെംബറന്മാരോട് ആരും പരാതി പറയുന്നില്ലായിരിക്കാം. ജനങ്ങളോട് ഉത്തരവാദപ്പെട്ട, പാവങ്ങളുടെ വോട്ടുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന, ആളുകൾക്ക് അവരുടെ പരാതികളെപ്പററി കേൾക്കാതിരിക്കാൻ നിവൃത്തിയില്ല. പഞ്ചായത്തു മെംബറന്മാരെ പിടിച്ചുനിർത്തി, പാവപ്പെട്ട ആളുകൾ അവരുടെ പരാതികൾ പറയാറുണ്ട്. ഈ സഭയിലെ അംഗങ്ങൾക്ക് അതു അനുഭവപ്പെടുന്ന കാര്യമായി ഞാൻ വിശ്വസിക്കുകയാണ്.

അതുപോലെതന്നെ പഞ്ചായത്തുകളുടെ ജനാധിപത്യസ്വഭാവത്തെപ്പററി മററ ചിലതു പറയാറുണ്ട്. പൂവച്ചൽ പഞ്ചായത്തിൽ ഒരു ആയുർവ്വേദഡിസ്പെൻസറി അനുവദിച്ചു. ആ പഞ്ചായത്തിൽ 10 അംഗങ്ങൾ ഉണ്ട്. അതിൽ, പി. എസ്സ്. പി. കാൺഗ്രസ്സ്, ഗ്രാമസേവാസംഘം എന്നിങ്ങനെ കക്ഷിഭേദവുമുണ്ട്. ആ ഡിസ്പെൻസറികൊണ്ട് ജനങ്ങൾക്ക് കൂടുതൽ സൗകര്യവും ഉപകാരവും ഉണ്ടാക്കുന്നതിനുവേണ്ടി ആ പഞ്ചായത്തിന്റെ ഒരു സ്പെഷ്യൽ മീററിംഗ് വിളിച്ചുകൂട്ടി എല്ലാ കക്ഷികളുംകൂടി യോജിച്ച് ഐകകണ്ഠ്യേന ഒരു തീരുമാനം ചെയ്തു; അതായത്, കൂടുതൽ ജനങ്ങൾക്ക് ഉപകരിക്കുന്നതിനുവേണ്ടി ആ ഡിസ്പെൻസറി കുററിച്ചൽ എന്ന സ്ഥലത്തു സ്ഥാപിക്കണമെന്ന്. പ്രസ്തുത പ്രമേയം പഞ്ചായത്തു ഡയറക്ടർക്കും, ആയുർവ്വേദ ഡയറക്ടർക്കും, മന്ത്രിക്കും അയച്ചു. വിവിധ പാർട്ടികളിലുള്ള 10 അംഗങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി അയച്ച പ്രമേയത്തിന് ഉദ്യോഗസ്ഥന്മാരും മന്ത്രിയും യാതൊരു വിലയും കല്പിച്ചിട്ടില്ല. നാട്ടിൽ സ്ഥാപി

ക്കുവാൻപോകുന്ന ഒരു സ്ഥാപനം അതു് ജനങ്ങളുടെ സൗകര്യത്തെ കരുതി ഇന്ന സ്ഥലത്തു സ്ഥാപിക്കണമെന്നു പറഞ്ഞാൽ അതുപോലും ചെയ്യുന്നില്ലെങ്കിൽ—അംഗീകരിക്കാൻ തയ്യാറല്ലെങ്കിൽ പിന്നെ പഞ്ചായത്തുകളുടെ സ്ഥാനമെന്താണു്. മറെറാരു സംഭവത്തെപ്പററി എനിക്കു പറയാനുണ്ടു്. കാൺഗ്രസ്സ് ഗവൺമെന്റുപോലും പഞ്ചായത്താഫീസറന്മാരുടെ തീരുമാനം നിറുത്തിവച്ചിരിക്കുകയായിരുന്നു. പിന്നെ പി. എസ്സ്. പി. ഗവൺമെന്റ് ഉടനടി പഞ്ചായത്തു് ആഫീസറന്മാരുടെ നിയമനം നടത്തുവാൻ പോകുകയാണെന്നാണു് കേൾക്കുന്നതു്. ഇതു് ന്യായീകരിക്കാനാവാത്ത ഒരു നടപടിയായിട്ടുമാത്രമേ ശേഷിക്കുകയുള്ളു. സർ, ഇതു് ഭാരിച്ച മറെറാരു ചെലവുകൂടെ പഞ്ചായത്തുകളുടെ തോളിൽ കയററിക്കൊടുക്കുകയാണു്. പ്രവർത്തനങ്ങൾക്കുള്ള പരിശീലനം എല്ലാം പഞ്ചായത്തു പ്രസിഡന്റന്മാരും ഇതിനകം നേടിക്കഴിഞ്ഞിരിക്കുകയാണു്. പഞ്ചായത്തുകളിലെ ജോലികൾ വളരെയധികം വർദ്ധിച്ചിരിക്കുകയാണിന്നു്.

ഇപ്പോൾ പാർട്ടൈം ക്ലാർക്കന്മാരെമാത്രം അനുവദിച്ചുകൊടുക്കുന്നതുകൊണ്ടു് പഞ്ചായത്തു പ്രസിഡന്റന്മാർക്കു് അവരുടെ ജോലികൾ നിർവ്വഹിക്കുന്നതിനുമററം വലിയ വിഷമം ഉണ്ടാകുന്നു. ഇപ്പോൾ ഇവിടെ 545 പഞ്ചായത്തുകളുണ്ടു്. എക്സിക്യൂട്ടീവ് ആഫീസറന്മാരെ നിയമിച്ചാൽ പഞ്ചായത്തു പ്രസിഡന്റന്മാർ വെറും കൈപൊക്കികളായി ശേഷിക്കുമെന്നല്ലാതെ മററു യാതൊരു ഗുണവും ഉണ്ടാകുകയില്ല. നേരെമറിച്ചു് ഫുൾടൈം ക്ലാർക്കന്മാരെ നിയമിക്കുകയും പ്രസിഡന്റന്മാർക്കു് കൂടുതൽ അധികാരം നൽകുകയുമാണെങ്കിൽ കാര്യങ്ങൾ ശരിക്കു നടക്കും. മാത്രമല്ല, പഞ്ചായത്തുകളിൽ ഗവൺമെന്റുദ്യോഗസ്ഥന്മാരെ എക്സിക്യൂട്ടീവ് അധികാരങ്ങളും നൽകി നിയമിക്കുകയാണെങ്കിൽ അഴിമതികൾ വളരെയേറെ വർദ്ധിക്കുന്നതാണു്. ഇവരുടെ കറപ്ഷൻ അവസാനിപ്പിക്കുന്നതിനു് വളരെയേറെ പാടുപെടേണ്ടിവരും. ജനാധിപത്യസ്വഭാവത്തെപ്പററി പറയുന്നവർ, അധികാരവികേന്ദ്രീകരണത്തെപ്പററി പ്രസംഗിക്കുന്നവർ, ജനകീയ സ്ഥാപനങ്ങളിലുള്ള ജനപ്രതിനിധികൾക്കു് അഭിപ്രായം പറയുന്നതിനും, ആ അഭിപ്രായങ്ങൾ നടപ്പിലാക്കുന്നതിനും തക്ക പരിതഃസ്ഥിതിയുണ്ടാക്കണം. അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് പഞ്ചായത്തു ആഫീസറന്മാരുടെ നിയമനം മാററിവയ്ക്കുക, ഒരു സാമ്പത്തിക സർവ്വേ നടത്തുക, ഫുൾടൈം ക്ലാർക്കന്മാരെ നിയമിക്കുക, കുറഞ്ഞതു് 10,000 രൂപ ഗ്രാന്റും സ്പെഷ്യൽ ഗ്രാന്റുകളും അനുവദിക്കുക, അതിനുവേണ്ടി പഞ്ചായത്തു ആക്ററ് 55-ാം വകുപ്പു് ഒന്നാം ഉപവകുപ്പു് ഭേദഗതി ചെയ്യുക, പോലീസിന്റെ പഞ്ചായത്തുകളോടുള്ള മനോഭാവം ജനാധിപത്യപരമായ മാന്യതയെ ബഹുമാനിക്കുന്നതായി മാറുക എന്നിവയാണു്. ഇത്രയും കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഗവൺമെന്റ് അവതരിപ്പിച്ച ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ജി. എം. എഫ്. വർക്ക് നടത്തുന്നതിനും, മററു് മൈനർ ഇറിഗേഷനുവേണ്ടി സിവിൽ വർക്ക്സിലും കൊള്ളിച്ചിരുന്ന ഉറുപ്പിക, പഞ്ചായത്തുകൾ മുഖേന ചെലവുചെയ്യുന്നതിനാണു് തീരുമാനിച്ചിരിക്കുന്നതു്. അതു് നല്ലതുതന്നെയാണു്. ഇതു് കാര്യക്ഷമതയ്ക്കും ഉപകരിക്കും. എന്നാൽ ഈ ബിൽ പാസ്സാക്കിയെടുത്താൽ

[ശ്രീ. കെ. കൊച്ചുകുട്ടൻ]

തന്നെയും ഗവണ്മെൻറുദ്ദേശിക്കുന്നമാതിരി റോഡുകൾ, മൈനർ ഇറിഗേഷൻ ഇവയ്ക്കുവേണ്ടിയുള്ള പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ സാദ്ധ്യതയുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. സെക്ഷൻ 55 അനുസരിച്ച് ഒരു പഞ്ചായത്തിന് പരമാവധി ഗ്രാൻറായി കിട്ടാവുന്നത് 2,000 രൂപയാണ്. ഈ രണ്ടായിരം രൂപതന്നെ എല്ലാ പഞ്ചായത്തിനും കൊടുക്കാമെന്നുവച്ചാൽത്തന്നെ പതിനൊന്നുലക്ഷം രൂപ ഗവണ്മെൻറ് ആ ഇനത്തിൽ ചെലവുചെയ്യേണ്ടതായിവരുന്നു. അതിനുംപുറമെ, അതാത് പഞ്ചായത്തുകൾ ഉണ്ടാക്കുന്ന തുകയുടെ ആകെത്തുക നോക്കിയാൽ 30 ലക്ഷം രൂപ ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ചില പഞ്ചായത്തുകൾ കൂടുതലും മററ ചിലതിന് കുറവും ഉണ്ടാക്കിയേക്കാം. എന്നാലും ആകെ നോക്കിയാൽ ഗവണ്മെൻറ കൊടുക്കുന്ന കാൺട്രിബ്യൂഷനും പഞ്ചായത്തുകൾ പിരിച്ചുണ്ടാക്കുന്ന തുകയും ചേർത്താൽ 40 ലക്ഷം രൂപ പഞ്ചായത്തുകൾമുഖേന ചെലവുചെയ്യേണ്ടതാണ്. അതിന് പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ രണ്ടു ഇൻജിനീയർമാരും, ഏതാണ്ട് 19 സെക്ഷൻ ആഫീസറന്മാരും ആണ് ഉണ്ടായിരുന്നത്. ആദ്യത്തെ ബഡ്ജററിൽ രണ്ടു ഇൻജിനീയർമാരെയും, 11 സെക്ഷൻ ആഫീസറന്മാരെയും കൂടുതലായി കൊള്ളിച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ ഗവണ്മെൻറ് അവതരിപ്പിച്ച ബഡ്ജററനുസരിച്ച് ഈ ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ നിറുത്തിയിരിക്കുകയാണ്. അത് നിറുത്തിയിരിക്കുന്ന സ്ഥിതിക്ക് ഇതിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമോ എന്ന എനിക്ക് സംശയമുണ്ട്. അതു നടത്തുവാൻ സാധിക്കുകയില്ലെന്നാണ് എൻെറ വിശ്വാസം. ഗ്രോ മോർ ഫുഡ്ഡിനുവേണ്ടി ഗവണ്മെൻറ് ചെലവുചെയ്യാൻ നിശ്ചയിച്ചിട്ടുള്ള തുക ചെലവഴിക്കുന്നതും പഞ്ചായത്തുമുഖേനയാണ്. അതിന് നാലു ഇൻജിനീയർമാരും, 16 സെക്ഷൻ ആഫീസർമാരും ഉണ്ട്. ഈ ആളുകൾ G. M. F.-ൽത്തന്നെ ജോലിചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് G. M. F. പ്രവർത്തനത്തിൽ കൂടുതലായി പ്രവർത്തിക്കുവാൻ അവർക്ക് സാധിക്കുകയില്ല. ആ സ്ഥിതിക്ക് എത്രതന്നെ സദുദ്ദേശത്തോടുകൂടി കൂടുതൽ തുക പഞ്ചായത്തുവഴി ചെലവുചെയ്യണമെന്ന് ആഗ്രഹിച്ചാലും ഗവണ്മെൻറിനു അത് സാധിക്കുകയില്ലെന്നാണ് എൻെറ വിശ്വാസം. അതുകൊണ്ട് പഞ്ചായത്തുകൾ മുഖാന്തിരം ഈ കാര്യങ്ങളെല്ലാം നടപ്പാക്കണമെന്നുണ്ടെങ്കിൽ ഈ ആഫീസറന്മാരെ അതായത്, രണ്ട് ഇൻജിനീയർമാരെയും, 11 ഓവർസീയർമാരെയുംകൂടി നിയമിക്കേണ്ടതാണ്. ആകപ്പാടെ ഇനി എട്ടുമാസങ്ങളാണ് ഈ ആണ്ടിലുള്ളത്. ബഡ്ജററ് അംഗീകരിച്ചുശേഷം ഈ ജോലി നടത്താൻ സാദ്ധ്യമല്ലാതെ വരരുത്. പഞ്ചായത്തു ഡയറക്ടറക്ക് ഇന്ന് 10,000 രൂപ ചെലവുചെയ്യാനുള്ള അധികാരം നൽകുന്നുണ്ട്. എന്നാൽത്തന്നെയും എസ്റ്റിമേററ് തയ്യാറാക്കി എല്ലാം ശരിയായ സമയത്ത് നടത്തുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഞാൻ മുൻപു പറഞ്ഞമാതിരി രണ്ടു ഇൻജിനീയർമാരും, 11 ഓവർസീയർമാരുംകൂടി ഈ ഡിപ്പാർട്ടുമെൻറിൽ വേണ്ടതാണ്. മറെറാരു കാര്യം എനിക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് സെക്ഷൻ 55 അനുസരിച്ച് ഗവണ്മെൻറിന് നിയന്ത്രണാധികാരം ഉണ്ടായിരുന്നു. ഗവണ്മെൻറ് ഒരു പഞ്ചായത്തിനെയും പ്രത്യേകമായി പരിഗണിക്കേണ്ട ആവശ്യമില്ല. പഞ്ചായത്തുകൾ എത്ര തുക പിരിച്ചുണ്ടാക്കുന്നുവോ അത്രയും

തുക ഗവൺമെൻറും കൊടുക്കണം. പക്ഷെ, എത്ര അവർ പിരിച്ചുണ്ടാക്കിയാലും ഗവൺമെൻറിൻെറ കാൺട്രിബ്യൂഷൻ 2,000–ത്തിലധികമായി പോകുന്നതുമല്ല. എന്നാൽ, ഈ സെക്ഷൻ മാററുന്നതുകൊണ്ട് ഇങ്ങനെയുള്ള അവസ്ഥയുണ്ടാകുന്നതല്ല. ഗവൺമെൻറിന് വേണമെങ്കിൽ ചില പഞ്ചായത്തുകൾക്ക് കൂടുതൽ കൊടുക്കുകയും ചില പഞ്ചായത്തുകൾക്ക് കുറച്ചുകൊടുക്കുകയും ചെയ്യാം. അങ്ങനെയാകുമ്പോൾ ഗവൺമെൻറിൻെറ നിലപാടിനെപ്പററി ഒരു തെററിദ്ധാരണയ്ക്കു വകയുണ്ട്. അതൊരു അനീതിയായി വ്യാഖ്യാനിക്കുവാൻ അവസരമുണ്ട്. അതുകൊണ്ട് എല്ലാ പഞ്ചായത്തുകൾക്കും ഒരേ രീതിയിൽ പ്രയോജനപ്രദമാകത്തക്ക ഒരു നിലപാട് ഗവൺമെൻറ് സ്വീകരിക്കേണ്ടതാണ്. ഈ രണ്ടു കാര്യങ്ങളാണ് ബില്ലിനെ പിൻതാങ്ങിക്കൊണ്ട് എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളത്.

ശ്രീ. ടി. പി. സീതാരാമൻ : സർ, ഞാൻ ഈ ഭേദഗതിബില്ലിനെ പൂർണ്ണമായി അനുകൂലിക്കുന്നു. ഏതാണ്ട് 60 ലക്ഷത്തോളം ഉറുപ്പിക ജി. എം. എഫി–ലേയ്ക്കും, ലോക്കൽ ഡവലപ്മെൻറവർക്സിലേയ്ക്കും വച്ചിട്ടുള്ളത് പഞ്ചായത്തിനെക്കൊണ്ട് നടത്തിക്കുമ്പോൾ, വേണ്ടവിധം വേഗത്തിൽ നടത്തുവാനുള്ള അധികാരവും സൗകര്യവും കൊടുക്കണം. വേണ്ടിടത്തോളം ആഫീസർമാരില്ലാതെ ഈ കൊടുക്കുന്ന തുകപോലും ലാപ്സായിപ്പോകുമെന്നു ശ്രീ. കൊച്ചുകുട്ടൻ പറഞ്ഞതു ശരിയാണ്. കഴിഞ്ഞ ജൂൺ 25, 26 ഈ തീയതികളിൽ സിംലയിൽവച്ച് തദ്ദേശസ്വയംഭരണമന്ത്രിമാരുടെ ഒരു കാൺഫറൻസ് നടക്കുകയുണ്ടായി. അതിൽ ഇൻഡ്യൻ പാർലമെൻറിലെ സ്പീക്കർ ശ്രീ. മൗലങ്കറാണ് ഉൽഘാടനകർമ്മം നിർവ്വഹിച്ചത്. അദ്ദേഹം പറഞ്ഞത്, ഇവിടെയുള്ള എല്ലാ അസംബ്ലികൾക്കും, പാർലമെൻറിനും പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് നൽകുന്നതിനും, കൂടുതൽ അധികാരങ്ങൾ നൽകുന്നതിനും വൈമനസ്യമാണുള്ളതെന്നാണ്. അദ്ദേഹം പറഞ്ഞതു ശരിയാണ്. ഏതു വോട്ടറന്മാരുടെ പ്രാതിനിദ്ധ്യംകൊണ്ട് നാം ജയിച്ചുവന്നുവോ, അതേ വോട്ടറന്മാർതന്നെയാണ്, പഞ്ചായത്തുകളിൽ മെംബറന്മാരെയും തിരഞ്ഞെടുക്കുന്നത്. അതുപോലെതന്നെ മുനിസിപ്പാലിററികളുടെയും കാര്യവും. അദ്ദേഹം ഈ മാതിരി കാര്യങ്ങളിൽ വളരെ നിപുണനായതുകൊണ്ട് ശരിയായ കാര്യങ്ങളാണ് പറഞ്ഞത്. അദ്ദേഹത്തിൻെറ വാക്കിനെ നാം അതു് അർഹിക്കുന്ന ഗൗരവത്തോടെ വീക്ഷിക്കണം. കാൺഗ്രസ്സിൻെറ ഭരണകാലത്തു പഞ്ചായത്തിന് ക്രമേണ കൂടുതൽ അധികാരങ്ങൾ കൊടുത്തുവരികയായിരുന്നു.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഈ ആക്ററ് കൊണ്ടുവന്നതു ആരാണ്?

ശ്രീ. ടി. പി. സീതാരാമൻ : കാൺഗ്രസ്സാണ്. പക്ഷേ നമ്മുടെ പരിചയംവച്ചുകൊണ്ടാണ് കൂടുതൽ മാററങ്ങൾ വേണമെന്നു നാം പറയുന്നത്. അസംബ്ലിയേക്കാൾ കൂടുതൽ ജനപ്രാതിനിദ്ധ്യസ്വഭാവം പഞ്ചായത്തുകൾക്കാണ്. അസംബ്ലിമെംബറന്മാരെ തിരഞ്ഞെടുക്കുന്നവർക്ക് ആ മെംബറെ നല്ലവണ്ണം അറിയാമായിരിക്കുകയില്ല. എന്നാൽ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിൽ മത്സരിക്കുന്നവരുമായി നേരിട്ടു പരിചയം ഉണ്ടാകും. അവൻെറ സ്വഭാവഗുണം, പാരമ്പര്യം,

[ശ്രീ. ടി. പി. സീതാരാമൻ]

തന്റേടം, സാമർത്ഥ്യം മുതലായവ അറിയാവുന്ന വോട്ടർമാരാണ് അവനെ തിരഞ്ഞെടുക്കുന്നത്. പകുതിയോളം വരുന്ന സ്ത്രീവോട്ടർമാർക്കുപോലും അവന്റെ നന്മതിന്മ പരിശോധിച്ചു വോട്ടു ചെയ്യുവാൻ സാധിക്കും. അങ്ങനെ ജയിച്ചുവരുന്ന പഞ്ചായത്തുമെംബർമാർ പരസ്പരം അറിവുള്ളവരായിരിക്കും. സമീപഗ്രാമങ്ങളിൽ താമസിക്കുന്നതുകൊണ്ട് നല്ലവണ്ണം ആലോചിച്ച്, അവർ വസിക്കുന്ന ഗ്രാമാന്തരങ്ങൾ ഭരിക്കുവാനുള്ള പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നു. അവിടെ വിവേചനബുദ്ധി കൂടുതൽ ഉപയോഗിക്കാം. അസംബ്ലിയിൽ മത്സരിക്കുന്ന മെംബർമാരെ സാമാന്യമായി വോട്ടർമാർ അറിയുകയില്ല. വിജയിച്ച മെംബർമാർക്ക അതിന്റെ പ്രസിഡന്റിന്റെ ഗുണദോഷങ്ങൾ കൂടുതൽ അറിയുവാൻ ഇടയില്ല. ഭരണാധികാരത്തിനായി നിയോഗിക്കുന്നവരെയും അറിയുവാൻ ഇടയില്ല. അതുകൊണ്ടാണ് അസംബ്ലിയെ അപേക്ഷിച്ച് കൂടുതൽ ജനപ്രാതിനിധ്യസ്വഭാവം പഞ്ചായത്തുകൾക്കുണ്ടെന്നു ഞാൻ പറഞ്ഞത്.

ഇവിടെ പി. എസ്സ്. പി-യിലും, കാൺഗ്രസ്സിലും മററു കക്ഷികളിലുമുള്ള അസംബ്ലിമെംബർമാരിൽതന്നെ പഞ്ചായത്തുപ്രസിഡന്റന്മാരുണ്ട്. ഈ കാൺഗ്രസ്സുബഞ്ചുകളിൽ ആറുപേർ പഞ്ചായത്തുപ്രസിഡന്റന്മാരാണ്. പി. എസ്സ്. പി-യിൽ മി. കേശവമേനോനും, മററു കക്ഷികളിൽ ഭാസ്കരൻനായർ, ചാത്തൻ മുതലായവരും ഇങ്ങനെ ആകെ ഒൻപതുപേരുണ്ട്. ഞങ്ങൾ ഈ കാര്യങ്ങളെല്ലാം പറഞ്ഞു, പഞ്ചായത്തുകളുടെ പ്രവർത്തനത്തിനുവേണ്ടി കൂടുതൽ ഫണ്ടുകൾ അനുവദിക്കണമെന്നു ഒരു നിവേദനം നടത്തിയിട്ടുണ്ട്. നാലു ദിവസം മുൻപ് പഞ്ചായത്തു പ്രസിഡന്റന്മാരെല്ലാം ഒപ്പിട്ട് ഒരു നിവേദനം കൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രി അവധാനപൂർവ്വം കേൾക്കുകയും, അനുഭാവപൂർവ്വംമറുപടി പറയുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ജോലിത്തിരക്കുള്ള സമയമാണെന്നും, എങ്കിലും ഈ കാര്യത്തിൽ വേണ്ട നടപടി എടുക്കാമെന്നും പറഞ്ഞിട്ടുണ്ട്. ഗവണ്മെന്റു വിചാരിച്ചാലും പഞ്ചായത്തിലേയ്ക്കാവശ്യമുള്ള പണം മുഴുവൻ കൊടുക്കാൻ സാദ്ധ്യമല്ലെന്നു എനിക്കറിയാം. ഏതായാലും ഈ കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ട് ലോക്കൽബാഡി ഫിനാൻസ് കാർപ്പൊറേഷൻ എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടാക്കുന്നതു നന്ന്. വ്യവസായങ്ങളെ സഹായിക്കുവാൻ ഇപ്പോൾ ഒരു ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പൊറേഷനുണ്ട്. അതിൽ ഗവണ്മെന്റ് ഷെയർ എടുത്തും, ധനവാന്മാരെക്കൊണ്ട് നിക്ഷേപിച്ചിട്ടും മററും വ്യവസായങ്ങളെ സഹായിക്കുന്നുണ്ട്. അതുപോലെ ലോക്കൽ ബാഡി കാർപ്പൊറേഷനും സ്ഥാപിക്കേണ്ടതാണ്. തൃശ്ശൂരിൽ കോവാപ്പറേറീവ് സെൻട്രൽ ബാങ്കിൽനിന്നും 50 രൂപവീതം അടച്ച് ഒരു ഷെയർ എടുത്തിട്ടുള്ള എല്ലാ കോവാപ്പറേറീവ് സൊസൈററികൾക്കും അവിടെ 500 രൂപവരെ കടം വാങ്ങിക്കുവാനുള്ള അധികാരമുണ്ട്.

കോവാപ്പറേറീവ് സെൻട്രൽ ബാങ്കിന് ഗവണ്മെന്റിൽനിന്നും ധനസഹായം ചെയ്യുന്നുണ്ട്. അങ്ങനെ നടത്തുന്ന കേന്ദ്രസഹകരണ ബാങ്കുകൾ, ഗ്രാമാന്തരങ്ങളിൽ പത്തും, പന്ത്രണ്ടുംപേർ സംഘാംഗങ്ങളായി ചേർന്നുണ്ടാക്കുന്ന സഹകരണസംഘങ്ങൾക്ക് ഷെയർ സംഖ്യയുടെ പത്തി

രട്ടി കടം കൊടുക്കുവാൻ ഗവണ്മെൻറു പ്രോത്സാഹനവും, സഹകരണവും നൽകിയിരിക്കെ, ഗവണ്മെൻറിൻെറ ഒരു ഭാഗവും, ജനാധിപത്യത്തിൻെറ അടിസ്ഥാനവുമായ പഞ്ചായത്തുകളെ സഹായിക്കുവാനും ആവശ്യമനുസരിച്ചു കടം കൊടുക്കുവാനും തക്ക വ്യവസ്ഥകളോടുകൂടി ബാങ്കുകൾ ഉടൻ തുടങ്ങുവാൻ വേണ്ട നടപടികളെടുക്കണം. അങ്ങനെ ഷെയർവാല്യൂ നിശ്ചയിച്ചോ, മറേറതെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കിയോ ഇവിടെ ഒരു ഫൈനാൻസ് കാർപ്പറേഷൻ ഉണ്ടാക്കുന്നതു നന്നായിരിക്കും. അല്ലെങ്കിൽ ഗവണ്മെൻറിനെക്കൊണ്ട് പഞ്ചായത്തുകൾക്ക് ആവശ്യമുള്ള പണം കൊടുക്കുന്നതിന് സാധിക്കുന്നതല്ല.

കൊച്ചിയിലുള്ള പഞ്ചായത്തുകളെപ്പററി എനിക്കു രണ്ടു വാക്കു ഈയവസരത്തിൽ പറയേണ്ടതുണ്ട്. കഴിഞ്ഞ മുപ്പതു കൊല്ലങ്ങളായി സർക്കാരിൽനിന്നും കൊല്ലംതോറും നടത്തിവന്നിരുന്ന പണികൾപോലും കൊച്ചിയിൽ കഴിഞ്ഞ കൊല്ലത്തിൽ ചെയ്തില്ല. അതു കാരണം ജനങ്ങളുടെ ഇടയിൽ വലിയ ആക്ഷേപമുണ്ട്. ഗ്രാമീണറോഡുകൾ ശോചനീയാവസ്ഥയിൽ കിടക്കുന്നു. സാധാരണ അവിടെ ഇതെല്ലാം ജനങ്ങൾ കൊടുത്തുവന്നിരുന്ന നികുതികൊണ്ട് അവിടെയുള്ള റോഡിൻെറ സംരക്ഷണവും, തണ്ണീർപ്പന്തലും, വിളക്കുവയ്പും ഗവണ്മെൻറു നടത്തിവന്നിരുന്നു. ഇപ്പോൾ അഡീഷനൽ ടാക്സേഷനാണു വന്നിരിക്കുന്നതു്. ഹൗസ് ടാക്സ്, പ്രൊഫഷൻ ടാക്സ്, ലാൻഡ് സെസ്സ് മുതലായ പുതിയ ടാക്സേഷൻെറ പ്രിൻസിപ്പിൾ അനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ജനങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഈ അഡീഷനൽ ടാക്സുകൊണ്ട് അവിടുത്തെ കാര്യങ്ങൾ ഇനി നടക്കണമെന്നു വന്നിട്ടുണ്ട്. കഴിഞ്ഞ കാലത്ത് അവിടെയുള്ള പഞ്ചായത്തുകൾക്ക് ഒരു പൈപോലും ചെലവുചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ യാതൊരു ജോലിയും ചെയ്യാതെ ഉറങ്ങുകയായിരുന്നെന്നുതന്നെ പറയാം. നിങ്ങൾ ഞങ്ങൾക്കു പ്രവർത്തിക്കാനുള്ള സൗകര്യവും, സഹായങ്ങളും ഉണ്ടാക്കിത്തന്നാൽ ഞങ്ങൾ ശരിക്കു പ്രവർത്തിക്കാൻ തയ്യാറാണ്. പഞ്ചായത്ത് ആക്ററ് വന്നു. അതിൻെറ അടിസ്ഥാനത്തിൽ ബൈലാ പാസ്സാക്കി വേണ്ടിടത്തോളം സംഖ്യ പിരിച്ചാൽ, അത്രത്തോളം സംഖ്യ ഗവണ്മെൻറിൽനിന്നും—2000 ക. വരെ—തരാമെന്നു പറയുന്നുണ്ട്. കഴിഞ്ഞ കൊല്ലം പഞ്ചായത്തുകൾക്ക് ബൈലാസ് പാസാക്കുവാനുള്ള താമസം കാരണം ഗവണ്മെൻറു കൊടുക്കേണ്ടുന്ന സ്ററാററ്യൂട്ടറി ഗ്രാൻറ് കൊടുത്തിട്ടില്ല. കഴിഞ്ഞ ഗസററിൽ നാലു പഞ്ചായത്തുകളുടെ ബൈലാസ് പാസാക്കിയതായി കാണാൻ കഴിഞ്ഞു. ഇന്നു കിട്ടുന്ന നികുതികൊണ്ട് അവിടെയുള്ള കാര്യങ്ങൾ ശരിക്കു നിർവ്വഹിക്കപ്പെടുന്നില്ല. ജനങ്ങൾക്കു കൂടുതൽ ഫലമുണ്ടെന്നു കണ്ടാൽമാത്രമേ അവർ നികുതി കൊടുക്കുകയുള്ളു. അല്ലെങ്കിൽ നിർബന്ധിച്ചു വാങ്ങിക്കേണ്ടിവരും. അങ്ങനെ ചെയ്യുമ്പോൾ ഏതു പാർട്ടിയിൽപ്പെട്ടവരായാലും, പഞ്ചായത്തു മെമ്പറന്മാർ അതിൻെറ അപരാധം തലയിൽ ചുമക്കേണ്ടിവരും. ഇൻറിഗ്രേഷൻ കാരണം കൊച്ചിക്കാർ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വളരെ ആശങ്കയും ഭീതിയുമുണ്ട്. ക്ലാർക്കന്മാരുടെ ന്യായമായ അവകാശങ്ങൾ തടയരുതു്. ആഫീസറന്മാർ ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ ഒരു കാര്യവും നടക്കുകയില്ല. മന്ത്രിമാർ ഇവിടെ ലഹള കൂട്ടിയാലും മെമ്പറന്മാർ ഉച്ചത്തിൽ ഉദ്ഘോഷിച്ചാലും കാര്യങ്ങൾ ഒന്നും നടക്കുകയില്ല. അത്രത്തോളം ചുണയുള്ള മന്ത്രിമാർ

[ശ്രീ. ടി. പി. സീതാരാമൻ]

ഇവിടെ ജനിച്ചിട്ടില്ല. ജനിക്കുമെന്നു തോന്നുന്നുമില്ല. പഞ്ചായത്തുകളിലെ കാര്യങ്ങൾ അവിടത്തെ ക്ലാർക്കന്മാരും മററുമാണ് നടത്തേണ്ടതു്. Integration-ൽ കൊച്ചിക്ലാർക്കന്മാരുടെ കാര്യത്തിൽ മന്ത്രിമാർ വളരെ ന്യായമായി പ്രത്യേകം ശ്രദ്ധിച്ചു് വേണ്ടതു ചെയ്യുമെന്നു് ഉറപ്പു് നൽകിയിട്ടുണ്ടു്. അതുകൊണ്ടു് അതിനെപ്പററി കൂടുതലൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ പഞ്ചായത്തുഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കേണ്ടതാണ്. ഭൂരിപക്ഷഭൂരിസുഖത്തിനുവേണ്ടിയാണു് ഡമോക്രസി നിലകൊള്ളുന്നതു്. ഇവിടെ ഡമോക്രസിയാണ് നടക്കുന്നതെന്നു് പറയുന്നുണ്ടു്. ഈ രാജ്യത്തുള്ള ഭൂരിപക്ഷം ജനങ്ങളും താമസിക്കുന്നതു വില്ലേജുകളിലാണ്. പതിനേഴരക്കോടി രൂപ വരവുള്ളതിൽനിന്നു ഒരു ചെറിയ അംശമാണ് പഞ്ചായത്തുകൾക്കു വച്ചിട്ടുള്ളതു്. അതിൽതന്നെ കുറെ സെൻട്രൽഗവണ്മെൻറിൽനിന്നും തരുന്നതാണ്. പഞ്ചായത്തുകൾക്കു് ഇങ്ങനെ തുക കുറച്ചു നീക്കിവയ്ക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. കാൺഗ്രസ്സ്ഗവണ്മെൻറ് ഈ കാര്യത്തിൽ വളരെ വൈമുഖ്യം കാണിച്ചിട്ടുണ്ടു്. വാസ്തവത്തിൽ ഈ ഗവണ്മെൻറ് അതിനേക്കാൾ കൂടുതൽ പ്രവർത്തിക്കുന്നുണ്ടെന്നു എനിക്കു് ആത്മാർത്ഥമായ വിശ്വാസമുണ്ടു്. അതുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിനെ ഒരു മേജർഡിപ്പാർട്ടുമെൻറാക്കി കൂടുതൽ തുകകൾ പഞ്ചായത്തിലേയ്ക്കു് നീക്കിവച്ചു് അതു കാര്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നു് നാം പ്രത്യേകം നോക്കണം. ഇന്നു എല്ലാ പഞ്ചായത്തുകളും നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ടെന്നു പറയാൻ പാടില്ല. എൻെറ നിയോജകമണ്ഡലത്തിൽതന്നെയുള്ള അളകപ്പനഗർ പഞ്ചായത്തിനെപ്പററി ഒരു നീണ്ട ലററർ എനിക്കു് കിട്ടിയിട്ടുണ്ടു്. അവിടെ വളരെ അധികം അക്രമങ്ങളും അനീതികളും നടക്കുന്നു. അവിടെയുള്ള എല്ലാ പഞ്ചായത്തുമെംബറന്മാർക്കും ശരിയായ പ്രാതിനിധ്യം കൊടുക്കുകയോ റിക്കാർഡുകൾ കാണിച്ചുകൊടുക്കുകയോ ചെയ്യുന്നില്ല. ഈ പഞ്ചായത്തിൻെറ കാര്യത്തിൽ ഉടനെ അന്വേഷണം നടത്തണം. ഇങ്ങനെയുള്ള പഞ്ചായത്തുകളുമുണ്ടു്. അവിടെ ഗവണ്മെൻറുദ്യോഗസ്ഥന്മാർ അശ്രദ്ധ കാണിക്കുന്നു. അവരെ പരിപൂർണ്ണമായി നിയന്ത്രിക്കുവാൻ പഞ്ചായത്തുകൾക്കു് കഴിയുന്നില്ല. എനിക്കു് ശ്രീ. മഴലങ്കർ പറഞ്ഞിട്ടുള്ള വാചകങ്ങളാണ് ഇപ്പോൾ ഓർമ്മ വരുന്നതു്. ഏതായാലും ഞാൻ കൂടുതലായി ഒന്നും ഈക്കാര്യത്തെപ്പററി ഇപ്പോൾ പറയുന്നില്ല. പഞ്ചായത്തുകൾക്കു് ഫണ്ടു് അലോട്ടുചെയ്യുന്നതുകൊണ്ടുമാത്രം പ്രയോജനം ഉണ്ടാകുകയില്ല. അതു വിനിയോഗിക്കത്തക്കവണ്ണമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചില്ലെങ്കിൽ കാര്യങ്ങൾ ഒന്നും നടക്കുകയില്ല. രണ്ടു ഡിവിഷനിലേയ്ക്കാണ് ഒരു അസിസ്റ്റൻറ് ഇൻജിനീയർ ഉള്ളതു്. കഴിഞ്ഞ കാൺഗ്രസ്സ്ഗവണ്മെൻറിൻെറ കാലത്തു പണമെല്ലാം ലാപ്സായിപ്പോയതായി പറയാറുണ്ടു്. അവർ കഴിഞ്ഞ പ്രീലിമിനറി ബഡ്ജററിൽ ഉൾപ്പെടുത്തിയിരുന്ന രണ്ടു് അസിസ്റ്റൻറ് ഇൻജിനീയറന്മാരെ നിയമിച്ചിട്ടില്ല. അതിൻെറ തുക വെട്ടിക്കുറച്ചിരിക്കുകയാണ്. ജി. എം. എഫിൻെറ പേരിൽ നാലു അസിസ്റ്റൻറ് ഇൻജിനീയറന്മാരെ വച്ചിട്ടുണ്ടു്. അവരെക്കൊണ്ടു് പഞ്ചായത്തിൻെറ കാര്യങ്ങൾ നടത്താൻ സാധിക്കയില്ല. പി. ഡബ്ല്യു. ഡി.-യിൽ 5 ലക്ഷത്തിനു് ഒരു അസിസ്റ്റൻറ് ഇൻജിനീയർ വീതമുണ്ടു്. ഈ പഞ്ചാ

യത്തുകൾ പിരിച്ചെടുക്കുന്നതെല്ലാംകൂടി 80 ലക്ഷം രൂപയോളം വരുന്നുണ്ട്. ആകെ 6 അസിസ്റ്റന്റ് ഇൻജിനീയറന്മാരാണ് ഇവിടെ ഉള്ളതു്. ഇവരെക്കൊണ്ടു് വർക്ക് മുഴുവൻ നടത്താൻ സാധിക്കുന്നതല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. പ്രകാശം: സർ, ബില്ലിനെ അനുകൂലിക്കുന്നതോടൊപ്പം ലോക്കൽ ഫിനാൻഷ്യൽ എൻക്വയറി കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചും ഉടനടി ബില്ലിൽ ഉൾപ്പെടുത്താൻ കഴിവുള്ള കാര്യങ്ങളെക്കുറിച്ചും ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നിവിടെ ലോക്കൽ സെൽഫ് വകുപ്പുമന്ത്രി വന്നിട്ടില്ല. ആ മന്ത്രിയുടെ പാർട്ടിയുടെ പരിപാടിയുടെ അടിസ്ഥാനത്തിലുള്ള ചില കാര്യങ്ങൾ ആദ്യമായി ഇവിടെ നടപ്പിലാക്കാൻ ഒരു പി. എസ്സ്. പി. സർക്കാർ ഉടലെടുത്തിരിക്കയാണ്. പി. എസ്സ്. പി. യുടെ നയപരിപാടി തന്നെ അധികാരവികേന്ദ്രീകരണമാണ്. അങ്ങിനെയുള്ള ഈ സർക്കാർ പഞ്ചായത്തുബില്ല് അമന്റുചെയ്യുമെന്നു കേട്ടപ്പോൾ പല കാര്യങ്ങളിലും വികേന്ദ്രീകരണതത്വം അംഗീകരിച്ച് ബില്ലിൽ ഉൾക്കൊള്ളിക്കുമെന്നു പ്രതീക്ഷിച്ച ഒരാളാണ് ഞാൻ. എന്നാൽ നിരാശപ്പെടുത്തത്തക്കനിലയിൽ ഒരു ചെറിയ കാര്യം മാത്രമേ ഇപ്പോൾ അമന്റു ചെയ്തിട്ടുള്ളു. ഇതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം എനിക്ക് ഒരു കാര്യം ഗവണ്മെന്റിനെ അറിയിക്കാനുണ്ട്. നമ്മുടെ നിയമസഭയിൽ ഒരംഗമായിരുന്നു, മുമ്പ് ഒരു മന്ത്രിസഭയിൽ മന്ത്രിണിയായിരുന്ന കുമാരി മസ്ക്രീൻ ഒന്നാമത്തെ കാൺഗ്രസ്സ് മന്ത്രിസഭ നിലവിൽ വന്നപ്പോൾ പറഞ്ഞ ഒരു കഥയാണ് എന്റെ ഓർമ്മയിൽ വരുന്നതു്. ഒരു കുഷ്ഠരോഗിയുടെ പുറത്തു കിരീടം വച്ചിരിക്കുകയാണെന്നാണ് അന്നവർ പറഞ്ഞതു്. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ അഴിമതികളൊന്നും മാററാതെയും നിലവിലിരിക്കുന്ന ചട്ടക്കൂടുകൾ മാററാതെയും ഒരു മന്ത്രിസഭയാകുന്ന കിരീടം കുഷ്ഠരോഗിയുടെ തലയിൽ വച്ചിരിക്കുന്നു എന്നാണ് പറഞ്ഞതു്. ആ പ്രതീതിയാണ് എനിക്കിപ്പോൾ തോന്നിയതു്. ആ നിലയിൽ ഈ അമന്റുമെന്റു യഥാർത്ഥത്തിൽ പഞ്ചായത്താകുന്ന കുഷ്ഠരോഗിയുടെ തലയിലുള്ള ഒരു കിരീടംവയ്ക്കലാണ്. ഈ സഭയിൽത്തന്നെ ഒൻപതു പഞ്ചായത്തു പ്രസിഡന്റന്മാരുണ്ടെന്നു പുതുക്കോട്ട മെംബർ പറയുകയുണ്ടായി. ഞങ്ങളാരും പഞ്ചായത്തു പ്രസിഡന്റന്മാരല്ലെങ്കിലും ഈ കാര്യങ്ങളെല്ലാം ഞങ്ങൾക്കറിയാം. ഞങ്ങൾ പഞ്ചായത്തിനെക്കുറിച്ച് പല ചോദ്യങ്ങളും ഇവിടെ ചോദിക്കുകയുണ്ടായി. ഒരു ദിവസം ഇവിടെ രണ്ടു ചോദ്യങ്ങൾ ചോദിച്ചു. ഒന്ന് പഞ്ചായത്തുകൾ ബഡ്ജററ് പാസ്സാക്കി അയച്ചാൽ ഇത്രകണ്ടു താമസം വരുന്നതു എന്തുകൊണ്ടാണെന്നായിരുന്നു. മറെറാന്നു് പഞ്ചായത്തുകൾ എസ്റ്റിമേററ് തയ്യാറാക്കി അയച്ചാൽ വരുന്ന താമസത്തെപ്പററിയുമായിരുന്നു. ഇതിൽ എന്താണ് തകരാറുകൾ ഉള്ളതെന്നു ചോദിച്ചതിനു് ബഹുമാനപ്പെട്ട മന്ത്രി ഒഴിഞ്ഞുമാറി ഉത്തരം നൽകുകയാണ് ചെയ്തതു്. ഒരു അസിസ്റ്റന്റ് ഇൻജിനീയറെക്കൊണ്ടു് ശരിയായി കാര്യങ്ങൾ നോക്കാൻ കഴിയുന്നില്ലെന്നുള്ളതു മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു ചോദിച്ചതിനു് അതിനെല്ലാം നടപടികൾ എടുക്കുന്നുണ്ടെന്നു പറഞ്ഞു് ഒഴിഞ്ഞുമാറുകയാണ് ചെയ്തതു്. ഇന്നു് 56 ലക്ഷത്തോളം രൂപ വർക്സിന്റെ കാര്യത്തിനു നീക്കിവച്ചിട്ടുണ്ട്. നിലവിലുള്ള ഫണ്ടുകൾ ചെലവാക്കി വർക്കുകൾ

[ശ്രീ. ആർ. പ്രകാശം]

നടത്തുന്നതിനുള്ള സൗകര്യം ഇന്നു നിഷേധിച്ചിരിക്കുന്ന സ്ഥിതിക്കു കൂടുതൽ പണം പഞ്ചായത്തിനെ ഏൽപ്പിക്കുന്നതുകൊണ്ടു് എന്താണു് പ്രയോജനമുണ്ടാകുക? ആക്ടിൽ അതിനുവേണ്ട വ്യത്യാസം വരുത്താതെ തുക കൊള്ളിച്ചു എന്നു് ആത്മസംതൃപ്തി അടയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുപോലെ തന്നെ ഈ തുക ഉപയോഗപ്പെടുത്തക്കനിലയിലല്ല കൊള്ളിച്ചിട്ടുള്ളതു്. സപ്ലിമെന്ററിഗ്രാന്റ് എടുത്തു നോക്കിയാൽ പഞ്ചായത്തു് ഡിപ്പാർട്ടുമെന്റിനെയാണു് തുക ഏൽപ്പിക്കുന്നതെന്നു കാണാം. പഞ്ചായത്തുകൾക്കു് ഇതിൽ പരമാധികാരമില്ല. ഇതിന്റെ വിനിയോഗത്തിൽ അഡ്വൈസറി ബോഡി ഇല്ലെങ്കിലും പഞ്ചായത്തുകൾക്കു് പ്രവർത്തിക്കാമെന്ന അവസരംവന്നപ്പോൾ മുൻമുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. ജെ. ജോൺ ചോദിക്കുന്നു, അങ്ങിനെ ചെയ്യുന്നതു് നല്ലതാണോ എന്നു്. ഇങ്ങനെ അല്പമായ അവകാശമെങ്കിലും ജനപ്രതിനിധികൾക്കു് കിട്ടുന്നു എന്നു കണ്ടപ്പോൾ മുൻ മുഖ്യമന്ത്രിക്കു് അരിശംതോന്നുകയാണു്. കാൺഗ്രസ്സു്പോലും എന്നു പറഞ്ഞപ്പോൾ പനമ്പള്ളിയ്ക്കു് സംശയം ഉണ്ടായി. കാൺഗ്രസ്സു്പോലും എന്നു പറഞ്ഞാൽ ജനദ്രോഹികൾ പോലും എന്നാണർത്ഥം. ജനങ്ങളുടെ പ്രതിനിധികളെ അല്ലമെങ്കിലും ഇതിൽ കൊള്ളിക്കാമെന്നു മന്ത്രി തീരുമാനിച്ചതിനെപ്പോലും എതിർത്തു കൊണ്ടുള്ള അഭിപ്രായമാണു് ഇവിടെ പുറപ്പെടുവിക്കയുണ്ടായതു്. ശ്രീ. സീതാരാമൻ പറയുകയുണ്ടായി അദ്ദേഹത്തെപ്പോലെയുള്ള പഞ്ചായത്തു പ്രസിഡന്റന്മാർ ജോലിയൊന്നുമില്ലാതെ ഉറങ്ങുകയായിരുവെന്നു്. മാത്രമല്ല, ഉറക്കം വരുത്തുന്ന നയം എടുത്തതിൽ കാൺഗ്രസ്സ് ഗവണ്മെന്റിനെ അപലപിക്കുകയും ചെയ്തു. അങ്ങിനെ പഞ്ചായത്തിനെ ഉറക്കിക്കിടത്തി ആ ഉറങ്ങിക്കിടക്കുന്ന ആളുകളുടെ മുമ്പിൽ അപ്പം വിളമ്പി വച്ചാൽ അവർ അതാഹാരം കഴിക്കയില്ല. സിംലായിൽ എല്ലാം തദ്ദേശവപ്പു മന്ത്രിമാരുടെയും കാൺഫറൻസുകൂടിയെന്നും അതിൽ തീരുമാനങ്ങൾ എടുത്തെന്നും പഞ്ചായത്തു പ്രവർത്തനത്തിൽ കൂടുതൽ പരിചയം വരുന്ന വേളയിൽ പഴയ തകരാറുകൾ തീർക്കാമെന്നും കാൺഗ്രസ്സു് മെമ്പറായ ശ്രീ. സീതാരാമൻ പറയുകയുണ്ടായി. ശ്രീ. സീതാരാമനെപ്പോലുള്ള ജനാധിപത്യവാദികൾ കാൺഗ്രസ്സിൽ ഉണ്ടാകട്ടെ. പക്ഷെ പരിചയംകൊണ്ടു് ഇപ്പോൾ ഉപദ്രവം ഉണ്ടാക്കിവരികയാണു് ചെയ്യുന്നതു്. സർ, പരിചയത്തിന്റെ കാര്യം ഒന്നു നോക്കണം. എത്രയോ ലോക്കൽ സെൽഫ്ഗവണ്മെന്റു വിദഗ്ദ്ധന്മാരുടെ പരിചയത്തിന്റെ അടിസ്ഥാനമായ, അന്വേഷണത്തിന്റെയും തീരുമാനത്തിന്റെയും ആകത്തുകയായ ലോക്കൽ ഫൈനാൻസ് എൻക്വയറിക്കമ്മിററി റിപ്പോർട്ടു ഞാൻ ഇതാ മുഖ്യമന്ത്രിയുടെ മുൻപിൽവയ്ക്കുന്നു. അതൊന്നു വായിച്ചുനോക്കിയോ എന്നു് ശ്രീ. പി. എസ്സ്. നടരാജപിള്ളയോടു ഞാൻ ചോദിക്കുന്നു. ആ കമ്മിററി അംഗങ്ങൾ വളരെ പ്രസിദ്ധന്മാരായിരുന്ന ആളുകളായിരുന്നു. സർ, സിദ്ധാന്തത്തുടങ്ങി പഞ്ചായത്തുകളെപ്പററി വളരെ പരിചയവും പ്രാവീണ്യവുമുള്ള ആളുകളാണു് ആ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളതെന്നു മനസ്സിലാക്കി കാൺഗ്രസ്സ്ഗവണ്മെന്റു അതനുസരിച്ചു് ഒരു ബിൽ പാസാക്കിയിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ആ റിപ്പോർട്ടിൽ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഏതുതരത്തിലാണു് ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടതെന്നു് വികേന്ദ്രീകരണമെന്നു് ഉരുവിട്ടുകൊണ്ടിരി

ക്കുന്ന നമ്മുടെ മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. കുക്കുവിളിയല്ല, പരമാർത്ഥമാണ് ഞാൻ പറയുന്നതു്.

സർ, മറ്റൊന്നുകൂടിയുണ്ട്. ഇതിനെ സംബന്ധിച്ചുള്ള പ്രവർത്തനംകൂടി നാം മനസ്സിലാക്കുന്നതു നന്നായിരിക്കും. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിബില്ലിൽ "പഞ്ചായത്തുകൾക്കുള്ള അധികാരം വർദ്ധിപ്പിച്ചിട്ടുണ്ട്, അവകാശം വർദ്ധിപ്പിച്ചിട്ടുണ്ട്, ധനാഗമമാർഗ്ഗങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്." അതാണ് ഇങ്ങനെ ഒരു ബില്ല് അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശമെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ഫലത്തിൽ ഒരു സ്പെസിഫിക്ക് ഗ്രാന്റ നൽകുന്നതാണിതു്. സർ, ഞാൻ ഈ ഗ്രാന്റ–ഇൻ–എയിഡ് മാത്രം സ്വയംഭരണസ്ഥാപനങ്ങൾക്കു നൽകുന്നതിന്റെ തത്വത്തെ എതിർക്കുന്നു. ലോക്കൽഫൈനാൻസ് എൻക്വയറി കമ്മിററി റിപ്പോർട്ടു വായിച്ചുനോക്കിയാൽ, ഇപ്പോൾ പഞ്ചായത്തുകൾക്കു ഗവൺമെന്റ നൽകിവരുന്ന ഗ്രാന്റ ഇൻ എയിഡ് സമ്പ്രദായത്തെക്കാൾ അസസ്മെന്റ ആഫ് റവന്യൂ ഏർപ്പെടുത്തുകയാണ് നല്ലതെന്നു ശുപാർശചെയ്തിട്ടുള്ളതായി കാണാം. അങ്ങനെയാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്. ആ കമ്മിററിയിൽ സഖാവ് ടി. വി. തോമസ്സിനെപ്പോലെയോ ഞങ്ങളെപ്പോലെയോ ഉള്ളവരെ അല്ല നിയമിച്ചിരിക്കുന്നതു്. ഡാക്ടർ എ. ആർ. മേനോൻ പുകഴ്ത്തുന്ന ബ്യൂറോക്രസിയെ പ്രേമിക്കുന്ന അംഗങ്ങളാണ് അതിലുള്ളതു്. കമ്മിററിയിലെ ഒരു മെംബറായ ആർ. ഡി. കപിലാ ഈ കമ്മററിയുടെ സമീപനരീതി പഴയരീതിയാണെന്നു പോലും അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങനെ ശ്രീ. നടരാജപിള്ളയും ശ്രീ. പട്ടം താണുപിള്ളയും ഏതുകൊണ്ടും മാനിക്കാൻ കഴിയുന്ന ബ്യൂറോക്രസിയുടെ മുരച്ച പ്രതിനിധികൾ ഉൾപ്പെട്ട ഈ കമ്മിററിയുടെ റിപ്പോർട്ടിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടുതന്നെ അക്കാര്യം ഞാൻ മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാം. റിപ്പോർട്ടിൽ ശുപാർശചെയ്തിരിക്കുന്നരീതി അസസ്മെന്റ് ആഫ് റവന്യൂ വർദ്ധിപ്പിക്കുന്നതിലേയ്ക്ക് എന്തുകൊണ്ട് ഈ ഗവൺമെന്റ് നടപടികളെടുത്തില്ല എന്നു ഞാൻ ചോദിക്കുന്നു. കമ്മിററിയുടെ റിപ്പോർട്ടിൽ 499-ാം പേജിൽ Summary of recommendations–ൽ കൊടുത്തിരിക്കുന്നതിൽ മൂന്നുനാലു നിർദ്ദേശങ്ങളുണ്ട്. ഒന്ന്, ഗവൺമെന്റിനു ലഭിക്കുന്ന ലാൻഡു റവന്യൂവിൽ 15 ശതമാനം പഞ്ചായത്തുകളിലേയ്ക്ക് വിട്ടുകൊടുക്കണമെന്നാണ്. അതിലേയ്ക്കു വളരെ കാര്യങ്ങൾ ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്, മന്ത്രിക്ക് അതു വായിച്ചുനോക്കാൻ കഴിയും. മറെറാന്ന് ഓവർഹെഡ് ചാർജ്ജസിനെപ്പററിയാണ്. പഞ്ചായത്തുകളിലെയോ, അല്ലെങ്കിൽ മുനിസിപ്പാലിററികളിലെയോ ബഡ്ജററ നോക്കിയാൽ എസ്റ്റാബ്ലിഷ്മെന്റ ചാർജ്ജസാണ് കൂടുതലുള്ളതെന്നു കാണാം. അതുകൊണ്ടു പഞ്ചായത്തുജീവനക്കാരുടെ ശമ്പളത്തിൽ 75 ശതമാനം ബാംബെ ഗവൺമെന്റ ചെലവാക്കുന്നതുപോലെ, ഗവൺമെന്റ ചെലവാക്കണമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്. അതും ഒരു നല്ലകാര്യമാണ്. ഇങ്ങനെ പല നല്ല നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ കാണാവുന്നതാണ്. അതിൽ ഒന്നുംതന്നെ നടപ്പിലാക്കുവാൻ പി. എസ്സ്. പി. മന്ത്രിസഭ തയ്യാറാകാഞ്ഞതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. പൊതുജനാഭിപ്രായത്തെ മാനിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നു ഗവൺമെന്റ് അവകാശപ്പെടുന്നു. പൊതുജനാഭിപ്രായം എന്നു പറയുന്ന

[ശ്രീ. ആർ. പ്രകാശം]

തിൽ ഞങ്ങളുടെ അഭിപ്രായത്തെ കണക്കാക്കേണ്ടു. ഞങ്ങൾ കൂക്കുവിളിക്കാരാണ് എന്നല്ലേ മുഖ്യമന്ത്രിയുടെ മുറവിളി. എന്നാൽ കൊള്ളാവുന്ന ആളുകൾ എന്നു ഗണിക്കപ്പെടുന്നവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞ് ഒരു കമ്മിററിയെ അധികാരപ്പെടുത്തിയതനുസരിച്ച് ലഭിച്ച റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണോ ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. 1949-ൽ രൂപീകരിച്ച ഈ കമ്മിററി ഒന്നര ലക്ഷം രൂപ ചെലവാക്കി 1950 ഡിസംബറിലാണ് കേന്ദ്രത്തിലേയ്ക്ക് റിപ്പോർട്ടയച്ചിരിക്കുന്നത്. അതിനിടയിൽ ഭരിച്ച കാൺഗ്രസ്സ് ഗവണ്മെൻറ് അതു നടപ്പിലാക്കിയിട്ടില്ല. ഇപ്പോൾ വന്ന പി. എസ്സ്. പി. ഗവണ്മെൻറും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നാണ് കാണുന്നത്.

1953 ഏപ്രിൽ മാസത്തിൽ മദ്രാസിൽ വച്ചുകൂടിയ ആൾ ഇൻഡ്യാ ഫെഡറേഷൻ ആഫ് ലോക്കൽ ബോഡീസ് ഒരു വഷത്തിനകം അതാതു സ്റ്റേററുകളിൽ ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അവിടെ ഹാജരായിട്ടുള്ള സ്റ്റേററുകളിലെ എം. എൽ. ഏ. മാർ പ്രത്യേകം ശ്രമിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവിടെയുള്ള പി. എസ്സ്. പി. എം. എൽ. ഏ. മാരും പഞ്ചായത്തു പ്രതിനിധികളുമെല്ലാം ആ യോഗത്തിൽ ഹാജരുണ്ടായിരുന്നു. മറെറാരു ഗൗരവതരമായ കാര്യത്തിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട ചാലക്കുടി മെംബറോടു ഞാൻ ഒരു വെല്ലുവിളി നടത്തുകയാണ്. ഇന്നു കാൺഗ്രസ്സ് മെംബറായ ശ്രീ. ടി. പി. സീതാരാമൻ പരാതിപ്പെട്ട തരത്തിൽ കാൺഗ്രസ്സിൻെറ പഞ്ചായത്തുകളോടുണ്ടായിരുന്ന വൈമുഖ്യത്തെപ്പററി അദ്ദേഹം ഗൗരവമായി ചിന്തിക്കണമെന്നതാണത്. ചാലക്കുടി മെംബർ പഞ്ചായത്ത് തിരഞ്ഞെടുപ്പുകാലത്ത് ചിറയിൻകീഴ് താലൂക്കിൽ വന്ന് പല പ്രസംഗങ്ങളും നടത്തി. ഇന്നിപ്പോൾ ഞങ്ങൾ രണ്ടുപേരും ഇവിടെ ഉണ്ട്. അതിനാൽ നമുക്ക് രണ്ടുപേർക്കും ഈ കാര്യത്തെക്കുറിച്ച് അന്യോന്യം പറയാൻ സൗകര്യമുണ്ടല്ലോ. പഞ്ചായത്തുകളുടെ വിജയകരമായ പ്രവത്തനത്തെക്കുറിച്ച് ഭാവിയെനോക്കി അദ്ദേഹം അന്നുറപ്പുകൊടുത്തു; അദ്ദേഹം പറഞ്ഞത് പഞ്ചായത്തു ഇവിടെ കൊണ്ടുവന്നത് കമ്മ്യൂണിസ്ററുകാരല്ല കാൺഗ്രസ്സുകാർ ആണ് എന്നാണ്. ഗ്രാമസ്വരാജ് എന്ന ഗാന്ധിജിയുടെ ലക്ഷ്യം നടപ്പിലാക്കുവാൻ വേണ്ടിയാണ് അതു കൊണ്ടുവന്നിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വീണ്ടും ശ്രീ. പനമ്പിള്ളിയോടു ചോദിക്കുകയാണ്, അങ്ങ് ഭരണഘടനനോക്കിയിട്ടില്ലേ എന്ന്. അതിലെ 40-ാംവകുപ്പിൽ സ്റ്റേററുകളിൽ പഞ്ചായത്തുകൾ ഏർപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ പഞ്ചായത്തിനെ കാര്യക്ഷമമാക്കുന്ന വകുപ്പുകൾ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? കേന്ദ്രത്തിൻെറയും പ്രവിശ്യയുടെയും ഗവണ്മെൻറ ചെലവുകൾക്ക് സ്റ്റേററലിസ്റ്റെന്നും കേന്ദ്രലിസ്റ്റെന്നും കൺകറൻറ് ലിസ്ററുകളെന്നും വേർതിരിച്ച് ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളും മുനിസിപ്പാലിററികളും നടത്തുന്നതിന് സ്റ്റേററഗവണ്മെൻറിന് അധികാരം കൊടുത്തിട്ടുണ്ടെങ്കിൽതന്നെ ഏതെല്ലാം ധനാഗമനമാർഗ്ഗങ്ങളിൽ കൂടിയാണ് ഈ പഞ്ചായത്തുകൾ നടത്തപ്പെടേണ്ടതെന്ന് ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടില്ല. അതിനുവേണ്ടി Local finance-ന് പ്രത്യേക ലിസ്ററ് കൊള്ളിച്ചിട്ടില്ല. ഒരുപക്ഷേ ചാലക്കുടി മെംബർ

വിചാരിക്കുന്നുണ്ടാവാം നിയമം അറിയാൻ പാടില്ലാത്ത ഞാൻ ഇതൊക്കെ പറയുകയാണെന്നു്. എന്നാൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ധിക്കരിക്കുവാൻ ധൈര്യം കാണിക്കാത്ത ഒരു വ്യക്തിയാണല്ലോ സർ, സി. പി. രാമസ്വാമി അയ്യർ. അദ്ദേഹം ആൾ ഇൻഡ്യാ ലോക്കൽ ബാഡീസ് കാൺഫറൻസിൽ വച്ചു് ചോദിച്ച ഒരു ചോദ്യമാണു് എനിക്കും പനമ്പിള്ളിയോടു ചോദിക്കുവാനുള്ളതു്.

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു പായിന്റ ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെംബർ ശ്രീ. പനമ്പിള്ളി ഉത്തരം പറയേണ്ടതായിട്ടുള്ള പല ചോദ്യങ്ങളും ഇവിടെ ചോദിക്കുന്നുണ്ടു്. അങ്ങനെ ഉത്തരം പറയുന്നതിനു ബാദ്ധ്യസ്ഥനല്ലാതിരിക്കുന്ന ഒരു മെംബർ ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം പറയണമെന്നു നിർബ്ബന്ധിക്കുവാൻ ആർക്കെങ്കിലും അവകാശമുണ്ടോ?

മി. സ്പീക്കർ; തിരുവിതാംകൂർ-കൊച്ചി പഞ്ചായത്തു ഭേദഗതി ബില്ലാണു് ഇപ്പോൾ ഇവിടെ ചർച്ചാവിഷയമായിരിക്കുന്നതു്. ഈ സ്റ്റേജിൽ പഞ്ചായത്തുകളെപ്പററി വിപുലമായ ചർച്ച നടത്തേണ്ട അവസരമുണ്ടു്. അപ്പോൾ ആപ്പോസിഷൻ പാർട്ടി ചെയ്ത പ്രവൃത്തികളെപ്പററി പരാമർശിക്കുവാൻ ഏതു മെംബർക്കും അവകാശമുണ്ടു്. അതുപോലെ അതിനു മറുപടി പറയാൻ ആപ്പോസിഷൻ പാർട്ടിയുടെ ലീഡർക്കും ആഗ്രഹമുണ്ടെങ്കിൽ അതിനു അവകാശമുണ്ടു്.

ശ്രീ. ആർ. പ്രകാശം: സർ, ആ കാൺഫറൻസിൽ പ്രധാനമന്ത്രി നെഹ്റു ഇങ്ങനെ ഒരു സന്ദേശം അയയ്ക്കുകയുണ്ടായി.

> "I send my good wishes to the All India Local Bodies Conference which is going to be held in Madras. I have always felt that the basis of democracy is the proper functioning of our Local Bodies and indeed our Panchayats. It is important therefore that we should try to improve the functioning of our Local Bodies."

ബുദ്ധിമാനായ സർ സി. പി. രാമസ്വാമി അയ്യർ ആ സന്ദേശത്തിലെ ഒരു വാക്കിൽ കയറിപ്പിടിച്ചു. "basis of democracy is the proper functioning of our Local Bodies and indeed our Panchayat." എന്നു നെഹ്റു പറഞ്ഞിരിക്കുന്നു. അപ്പോൾ ആ ബേസിസിനു ആവശ്യമായ ധനാഗമമാർഗ്ഗങ്ങളെക്കുറിച്ചു് ഭരണഘടനയിൽ എന്തുകൊണ്ടു് ഒന്നും പറഞ്ഞില്ല എന്നു് അദ്ദേഹം ചോദിച്ചു. അങ്ങിനെയുള്ള ധനാഗമമാർഗ്ഗങ്ങൾ ഇല്ലെങ്കിൽ ഈ പ്രസ്ഥാനത്തിന്റെ അസ്ഥിവാരത്തെതന്നെ തോണ്ടുന്ന ഒരു കാര്യമായിത്തീരുമെന്നു് സർ സി. പി. പറഞ്ഞു. ഇതിനു് ഭരണഘടനയെച്ചൊല്ലി പുകഴ്ത്തുന്ന ശ്രീ. ചാലക്കുടി മെംബർ മറുപടി പറഞ്ഞേതീരു. ഞാനതിനു് അദ്ദേഹത്തെ ക്ഷണിക്കുന്നു. ഈ ഭരണഘടന എഴുതി ഉണ്ടാക്കിയതു് കാൺഗ്രസ്സുകാരല്ലേ? അപ്പോൾ ഭരണഘടന പഞ്ചായത്തുകളെ സംബന്ധിച്ചു് ടത്തോളം കുഴപ്പങ്ങൾ സൃഷ്ടിക്കുകയല്ലേ ചെയ്തിരിക്കുന്നതു്? കാൺഗ്രസ്സ് മെംബറന്മാർ മുതലക്കണ്ണീർ പൊഴിക്കുന്നതെന്തിനാണു്? ജനാധിപത്യത്തിന്റെ അടിത്തറ ഉറപ്പിക്കുവാൻ വന്ന കാൺഗ്രസ്സുകാർ പോയി, പിന്നെയാണു് പാവപ്പെട്ട പി. എസ്. പി. ഗവണ്മെന്റു് ഇവിടെ വന്നതു്. കാൺഗ്രസ്സാണു് ഈ ഗവ

[ശ്രീ. ആർ. പ്രകാശം]

ണ്മെൻറിനെ ഇന്നും നിലനിറുത്തുന്നതു്. കുഞ്ഞേ ഭരിക്കൂ, ഭരിക്കൂ എന്നാണു അവർ പറയുന്നതു്. അങ്ങിനെ കാൺഗ്രസ്സ് പി. എസ്സ്. പി. യെക്കൊണ്ടു് ഭരണം നടത്തിക്കുന്ന ഈ സമയത്തു് ഭരണഘടനയിൽ പഞ്ചായത്തുകളുടെ അടിത്തറതോണ്ടുന്ന വ്യവസ്ഥയുണ്ടെങ്കിലും, പെട്ടെന്നു് സ്വയംഭരണസ്ഥാപനങ്ങൾ ഇളകിവീഴാതെ തൂണുകൊടുക്കുന്ന ഭേദഗതികൾകൂടി ആക്റ്റിൽ വരുത്തണമെന്നേ ഞങ്ങൾക്കു് അഭിപ്രായമുള്ളു. കാര്യക്ഷമമായ ഭേദഗതികൾ വരുത്തുവാനുള്ള സന്ദർഭം ഇനിയും ഉണ്ടു്. ആ സമയത്തു് അതിനെപ്പററി ആലോചിക്കാവുന്നതാണു്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ റൂൾസ് തന്നെ അപര്യാപ്തമായിട്ടാണിരിക്കുന്നതു്. ഇവിടത്തെ ഉദ്യോഗസ്ഥലോകത്തെ കിടുകിടെ വിറപ്പിച്ചുകൊണ്ടിരിക്കയാണെന്നു അവകാശപ്പെടുന്ന ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെൻറ് ഈ റൂളുകളിൽ ആവശ്യമുള്ള ഭേദഗതികൾ വരുത്തി പഞ്ചായത്തുകളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് കൂടുതൽ പ്രവർത്തനക്ഷമമായ നിലയിൽ ജോലി നടത്തിക്കുന്നതിൽക്കൂടി ശ്രദ്ധിക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കുന്നു. ലോക്കൽ ഫൈനാൻസ് എൻക്വയറി കമ്മിററി റിപ്പോർട്ടു് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ എന്താണു് ഈ ഗവണ്മെൻറ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നു ശ്രീ. പി. എസ്സ്. നടരാജപിള്ള മറുപടി പ്രസംഗത്തിൽ വ്യക്തമാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, പ്രയോജനകരമായ ഈ ഭേദഗതിയെപ്പററി കാൺഗ്രസ്സ്, പി. എസ്. പി., ഇതുരണ്ടും അല്ലാത്ത പാർട്ടിക്കാർ എന്നിങ്ങനെ പാർട്ടിതിരിച്ചു് പരാമർശനം ഉണ്ടാകുമെന്നു് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. എൻെറ യുവസ്നേഹിതൻ ഒരുപക്ഷെ എന്നോടുള്ള പ്രത്യേക സ്നേഹംകൊണ്ടായിരിക്കാം, അദ്ദേഹത്തിൻെറ പ്രസംഗത്തിൽ എൻെറ പേർ ആവർത്തിച്ചാവർത്തിച്ചു പറയുകയുണ്ടായതു്. അതുകേട്ടപ്പോൾ എനിക്കു തോന്നി, പനമ്പിള്ളി എന്ന പേരു് വിഷ്ണുവിൻെറ പര്യായമായിരുന്നെങ്കിൽ അദ്ദേഹം ഇതിനുമുൻപുതന്നെ വൈകുണ്ഠത്തിൽ എത്തിയേനെ എന്നു്. അത്ര അധികം തവണ എൻെറ പേർ അദ്ദേഹം ആവർത്തിക്കുകയുണ്ടായി.

ഭരണഘടനയിലെ 40-ാം വകുപ്പിനെപ്പററി ശ്രീ. പ്രകാശം പറഞ്ഞു. ആ വകുപ്പു് വളരെയേറെ പ്രാധാന്യമുള്ള ഒരു വകുപ്പാണു്. ആ വകുപ്പിനെ ചൊല്ലി എല്ലാ ആളുകളും ശപഥം ചെയ്യുന്നുണ്ടു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിൻെറ പാർട്ടിയുടെയും പ്രഖ്യാപനങ്ങളുടെയും നയം വിശദീകരിക്കുന്ന അവസരത്തിൽ എല്ലാം നമ്മുടെ രാജ്യത്തു പഞ്ചായത്തുകൾക്കു് ഉണ്ടായിരിക്കേണ്ട പ്രാധാന്യത്തെപ്പററി ആവർത്തിച്ചു പറയാറുണ്ടു്. കാൺഗ്രസ്സും, പഞ്ചായത്തുരാജ് ഈ രാജ്യത്തുണ്ടാകേണ്ട ആവശ്യത്തെപ്പററി പറയുന്നുണ്ടു്. ഏതാനും ആഴ്ചകൾക്കു മുൻപാണു്, കാൺഗ്രസ്സിൻെറ വർക്കിംഗ് കമ്മിററി പഞ്ചായത്തുകൾക്കു് ഇന്നത്തെക്കാൾ കൂടുതൽ വിപുലമായ അധികാരങ്ങൾ കൊടുക്കുന്ന കാര്യത്തെപ്പററി ആലോചിക്കുവാൻ ഒരു സബ്കമ്മിററിയെ നിയമിച്ചതു്. ആ സബ് കമ്മിററിയിൽ സംബന്ധിക്കുവാനുള്ള സന്ദർഭവും സൗകര്യവും എനിക്കുണ്ടായി. അതുപോലെതന്നെ പ്രകാശവും ശ്രീ. ബാലകൃഷ്ണനും ഈ നിയമ

സഭയിലെ എല്ലാ ഭാഗത്തുള്ള മാന്യസ്നേഹിതന്മാരും നമ്മുടെ രാജ്യത്തു പഞ്ചായത്തുകൾ വലുതാക്കണമെന്നും അവയ്ക്കു ശക്തിയുണ്ടാക്കണമെന്നും കൂടുതൽ അധികാരം കൊടുക്കണമെന്നും വാദിക്കുന്നവരാണ്. അങ്ങനെ നമ്മുടെ ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും ഒരുപോലെ പഞ്ചായത്തുകൾ വളരണമെന്നും ഉയരണമെന്നും വാദിക്കുന്ന അവസരത്തിൽ ഈ മാതിരിയുള്ള വൃഥാവാദങ്ങൾക്കു് സമയം ചെലവാക്കുന്നതു് എന്തിനെന്നു് എനിക്കു മനസ്സിലാകുന്നില്ല. 1946 ഡിസംബർമാസം മുതൽ 1950 ജനവരി 26-ാംതീയതിവരെ കൊണ്ടാണു് ഇൻഡ്യയുടെ ഭരണഘടന സമർപ്പിക്കപ്പെടുകയുണ്ടായതു്. ഈ നാലുമാസക്കാലം കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ പങ്കെടുക്കുവാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ടു്. ആ വാദപ്രതിവാദങ്ങളിൽ ഓരോ സന്ദർഭത്തിലും 'ഗ്രാമസ്വരാജ്' എന്നുള്ളതിന്റെ പ്രാധാന്യത്തെപ്പററി ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ ശ്രീ. പ്രകാശം പറഞ്ഞതുപോലെ കാൺഗ്രസ്സ് ഭൂരിപക്ഷമുള്ള കോൺഗ്രസ്സ് മഹാഭൂരിപക്ഷമുള്ള—കാൺസ്റ്റിററ്യൂവൻറ് അസംബ്ലിയിൽ ആവർത്തിച്ചാവർത്തിച്ചു പറയുകയും എല്ലാ കാര്യങ്ങളും കഴിവുള്ളിടത്തോളം പഞ്ചായത്തിനെക്കൊണ്ടു ചെയ്യിപ്പിക്കണമെന്നും പഞ്ചായത്തുകളെ സ്റ്റേററ്ഗവണ്മെൻറുകൾ പ്രോത്സാഹിപ്പിക്കണമെന്നും തീരുമാനിക്കയും ചെയ്തു. അതനുസരിച്ചാണു് ഡയറക്ടീവ് പ്രിൻസിപ്പിൾസ് ആഫ് സ്റ്റേററ് പാളിസിയിൽ ഈ 40-ാംവകുപ്പു ഇങ്ങനെ ചേർത്തിട്ടുള്ളതും.

> Article 40. " The State shall take steps to organise Village Panchayats and endow them with such powers and authority as may be necessary to enable them to function as units of self-government. "

ഈ വിധത്തിലുള്ള നയപ്രഖ്യാപനം കാൺസ്റ്റിററ്യൂഷൻപോലെയുള്ള മൗലികപ്രമാണഗ്രന്ഥത്തിൽ എഴുതിച്ചേർക്കാൻ ഇടവന്നതു് ഈ കാൺസ്റ്റിററ്യൂഷന്റെ നിർമ്മാതാക്കൾ എത്രമാത്രം പ്രാധാന്യം ഇതിനു നൽകിയിരിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ അറിയാവുന്നതാണു്. ഈ വിധത്തിലുള്ള ഒരു വകുപ്പു് ഒരു കാൺസ്റ്റിററ്യൂഷനിൽ എഴുതിയ അതിന്റെ നിർമ്മാതാക്കൾ ഗ്രാമസ്വരാജിന്റെ പ്രാധാന്യം വളരെ നല്ലവണ്ണം മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് എന്നാണെന്റെ വിശ്വാസം.

ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ പറയുന്നു, ഈ വകുപ്പിൽ പഞ്ചായത്തുകൾക്കു് എവിടെനിന്നു പണം കിട്ടും എന്നൊക്കെ ചേർക്കാത്തതു് തെററായിപ്പോയി എന്നു്. അങ്ങിനെ ഒരു വകുപ്പു് അതിൽ യഥാർത്ഥത്തിൽ ചേർക്കാൻ നിവൃത്തിയില്ല, ഈ പഞ്ചായത്തു യൂണിററ്സ് ഉള്ളതായ സ്ഥലത്തു് സ്വയംഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാവിധത്തിലുള്ള അധികാരങ്ങളും എല്ലാവിധത്തിലുള്ള സൗകര്യങ്ങളും ഈ പഞ്ചായത്തുകൾക്കു് സ്റ്റേററ്ഗവൺമെൻറുകൾ കൊടുക്കണമെന്നാണു് അതിൽ പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് ഈ 40-ാംവകുപ്പു് എഴുതിച്ചേർക്കുവാൻ കാരണക്കാരായതു് ആരാണോ അവർ ഇതിൽ ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ പറഞ്ഞതുപോലെ അത്ര ദൂഷ്യമുണ്ടെന്നു വിചാരിച്ചില്ല. ഈ നിയമസഭയിലെ ഒരു പക്ഷത്തിരിക്കുന്ന സ്നേഹിതന്മാർ, പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റ പാർട്ടിയിൽപ്പെട്ടവർ, സ്ഥാനത്തും അസ്ഥാനത്തും കാൺഗ്രസ്സിനെ ആക്ഷേപിക്കുന്നതു അവരുടെ കടമയായി കരുതിയിട്ടുണ്ടു്. അങ്ങിനെ ഒരു കടമ അവർ നിർവ്വഹിക്കുന്നതിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

എനിക്കു് വിരോധമൊന്നുമില്ല. പക്ഷേ, അവരുടെ രാഷ്ട്രീയപരിപാടികൾ പ്രചരിപ്പിക്കുവാൻവേണ്ടി കാൺഗ്രസ്സിനെപ്പററി ആക്ഷേപം ചെയ്യുന്നതു് ഈ നിയമസഭയ്ക്കകത്തു് വേണ്ടതിലധികം വേണമോ എന്നു തീരുമാനിക്കേണ്ടതു് അങ്ങാണു്. ഈ 40-ാംവകുപ്പു് കാൺസ്ററിററ്യൂഷനിൽ എഴുതിച്ചേർത്തതുകൊണ്ടു് കാൺഗ്രസ്സിനെ ജനദ്രോഹികൾ എന്നു അവർ പറയുന്നതു് ഈ അടിസ്ഥാനത്തിലാണു്.

ശ്രീ. ആർ. പ്രകാശം : ഞാൻ അങ്ങിനെ പറഞ്ഞില്ല. ഇങ്ങനെ അവ്യക്തമായ ഒരു വകുപ്പല്ലാ ആവശ്യം എന്നുമാത്രമേ പറഞ്ഞിട്ടുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടല്ല എങ്കിൽ വേറെ കാരണങ്ങൾകൊണ്ടു്. നമ്മുടെ പ്രമുഖ നേതാവും സംസ്കൃതചിത്തനുമായ ടി. വി. തോമസുപോലും കാൺഗ്രസ്സിനെപ്പററി പറയുമ്പോൾ ആ വിധത്തിലുള്ള മുഖവുരയോടും അവതാരികയോടും കൂടിയുള്ള ശബ്ദങ്ങൾ മലയാളഭാഷയിൽ പുറപ്പെടുവിക്കാറുണ്ടു്. ഈ തിരുവിതാംകൂർ-കൊച്ചിയിൽ കാൺഗ്രസ്സിന്റെ പ്രചാരം കെടുത്തുന്നതിനുവേണ്ടി ജനദ്രോഹികൾ എന്നും, നാട്ടുമുടിച്ചവർ എന്നും ആക്ഷേപിക്കുന്നതിനു് കമ്മ്യൂണിസ്ററ പാർട്ടിററബ്യൂറോവിൽനിന്നും ഇവർക്കു് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്നുംകൂടി ഞാൻ സംശയിക്കുന്നു. ഇവിടെ അവർ പ്രസംഗിച്ചിട്ടുള്ള പ്രസംഗങ്ങൾ എല്ലാം പാർട്ടിററ് ബ്യൂറോ പരിശോധിക്കുകയും, ഓരോ സന്ദർഭത്തിലും അവർ പ്രസംഗിക്കുമ്പോൾ ഇങ്ങനെ പറഞ്ഞില്ലെങ്കിൽ അച്ചടക്കനടപടി എടുക്കും എന്നു പേടിപ്പിച്ചിട്ടല്ലേ ആവർത്തിച്ചാവർത്തിച്ചു ഇങ്ങനെയുള്ള പ്രസ്താവനകൾ നടത്തുന്നതു് എന്നു തോന്നിപ്പോകുന്നു. ഈ ജനദ്രോഹികൾ എന്നു് ആക്ഷേപിക്കുമ്പോൾ പലപ്പോഴും എന്നോടു് എന്റെ സ്നേഹിതന്മാർ ചോദിക്കാറുണ്ടു്, അതിനു് ആവശ്യമായ മറുപടി പറയാനുള്ളപ്പോൾ എന്തുകൊണ്ടു് പറയുന്നില്ല എന്നു്. അതിനു് ഞാൻ അവരോടു് പറഞ്ഞതു്, അതിനു ആവശ്യമായ മറുപടി പറയാനുള്ള വാക്കുകൾ ഇനിയും മലയാളഭാഷയിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ല, കാലാന്തരത്തിൽ കാലത്തിന്റെ ആവശ്യമനുസരിച്ചുള്ള വികസന സാദ്ധ്യതകൾ ആ ഭാഷയ്ക്കു് ഉണ്ടെന്നു് എനിക്കറിയാം. കുറച്ചുകാലത്തിനകം അതിനു സാദ്ധ്യതവരും, അങ്ങനെ വരുമ്പോൾ മറുപടി പറഞ്ഞുകൊള്ളാം എന്നാണു്.

ഈ 40-ാംവകുപ്പു് ഈ കാൺസ്ററിററ്യൂഷനിൽ കൊള്ളിച്ചശേഷം ഈ സ്റ്റേററ ഗവണ്മെൻറിന്റെ ചുമതല ഒരു പഞ്ചായത്തു് ആക്ററ് ഉണ്ടാക്കുക എന്നുള്ളതാണു്. ഇന്നു് മി. ബാലകൃഷ്ണപിള്ളയും, മി. പ്രകാശവും, മി. സീതാരാമനും പറയുകയുണ്ടായി, റവന്യൂ തന്നെ അസൈൻ ചെയ്യുകിട്ടുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്നു്. ഇവിടെ പ്രായപൂർത്തിവോട്ടവകാശം ഈ രാജ്യത്തുണ്ടാകാൻ സഹായകമായതു ഈ പഞ്ചായത്തു് ആക്ററമൂലമാണു്. 1950-ൽ ഈ ബിൽ സഭയിൽ അവതരിപ്പിക്കുകയും അതു രണ്ടു കൊല്ലം മുമ്പു് പാസ്സാക്കുകയും ചെയ്തു. ഇന്നു് അതിന്റെ പ്രവർത്തനത്തിനു ബുദ്ധിമുട്ടുകളും വിഷമങ്ങളും കാണുന്നുണ്ടു്. അതേപ്പററിയാണു് ബഹുമാനപ്പെട്ട പുതുക്കാട്ടു് മെംബർ ഇവിടെ പറഞ്ഞതു്. മി. ബാലകൃഷ്ണപിള്ളയും പറയുകയുണ്ടായി. അതിനെ ഓർത്തു തന്നെയാണു് ഈ ഗവണ്മെൻറു് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

അതായതു് ഈ പഞ്ചായത്തുകൾക്കു് കൂടുതൽ അധികാരം കൊടുക്കണം. കൂടുതൽ റവന്യൂ കൊടുക്കണം എന്നും മറ്റുമാണ്. ഈ ഭേദഗതി അതു മാത്രമേ ഉദ്ദേശിക്കുന്നുള്ളു. മുഖം തുടയ്ക്കാനുള്ള ഒരു തുവാലയെപ്പറ്റി, അതുകൊണ്ടു് നാണം മറയ്ക്കാൻ കൊള്ളുകയില്ലെന്നും അതു് തണുപ്പു മാറ്റാൻ കൊള്ളുകയില്ലെന്നും പറഞ്ഞു് ആക്ഷേപങ്ങൾ പറയുന്നതുപോലെയാണിതു്. സ്റ്റേറ്റുമെൻറ് ഓഫ് ഒബ്ജക്റ്റ്സ് ആൻഡ് റീസൺസ് പറയുന്നതു് ജി. എം. എഫ്. കാര്യങ്ങൾക്കായി പഞ്ചായത്തുകളെ ആ പണം ഏൽപിച്ചുകൊടുക്കുമെന്നാണ്. അങ്ങിനെ ഏൽപ്പിച്ചിരുന്നാൽ തന്നെ അതിനുവേണ്ട വിഷമങ്ങൾ ഉണ്ടാകും. ഇന്നും അതിനു തടസ്സമായി റെഡ്ടേപ്പിസം നമ്മുടെ ഗവണ്മെൻറ് കാര്യങ്ങളിൽ കിടന്നു കളിക്കുന്നുണ്ട്. ഈ നിയമങ്ങളിൽ എന്തുകൊണ്ടതിനുവേണ്ടി വ്യവസ്ഥ ചെയ്തില്ല എന്നുള്ളതു ന്യായമായ ഒരു ചോദ്യമല്ലാ. ഇതു ക്രമേണ സാദ്ധ്യമാകുമെന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ള ശ്രമങ്ങളാണ് യഥാർത്ഥത്തിൽ ഗവണ്മെൻറ് ഇവിടെ ചെയ്യുന്നതു്. ഈ പഞ്ചായത്തുകൊണ്ടു് വളരെ ഏറെ കാര്യങ്ങൾ നിർവഹിക്കണമെന്നുള്ളതാണ് ഈ ഗവണ്മെൻറിൻെറ ഉദ്ദേശമെന്നു് അവരുടെ നയപ്രഖ്യാപനപ്രസംഗത്തിൽ കാണുന്നുണ്ട്. അതിനു പഞ്ചായത്തുകൾ ശക്തിപ്പെടുത്തണം. പഞ്ചായത്തുകൾക്കു് റവന്യൂ കൊടുക്കുന്നതു് ഏതുവിധത്തിൽ വേണം എന്നു തീരുമാനിക്കണം. ബഹുമാനപ്പെട്ട ആറ്റിങ്ങൽ മെമ്പർ ഒട്ടേറെ ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു. എന്നാൽ മാർച്ചുമാസത്തിൽ നമ്മുടെ നിയമസഭയിൽ നടന്ന ബഡ്ജറ്റ് വാദപ്രതിവാദവേളയിൽ ഞാൻ പറഞ്ഞ ഒരു അഭിപ്രായം ഓർക്കാതിരുന്നതെന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുകയാണ്. എന്നെപ്പറ്റി ഇത്രയേറെ സ്നേഹവും സഹതാപവുമുള്ള ആൾ അതു ഓർക്കാതിരുന്നതെന്താണ്? പഞ്ചായത്തുകൾക്കു് ലാൻഡ് റവന്യൂ അസൈൻ ചെയ്തുകൊടുക്കുന്നതു് നന്നായിരിക്കുമെന്നു് അന്നു ഞാൻ പറയുകയുണ്ടായി. നമ്മുടെ രാജ്യത്തു് ഈ മിച്ചക്കരം അതായതു ബേസിക് ടാക്സ് സിസ്റ്റം ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരേക്കറിനു് ഒരു രൂപ ഒൻപതണ മാത്രമാണ് ഇന്നു നികുതി. ഈ ലാൻഡ് റവന്യൂ പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുന്ന ഏർപ്പാട് ബാംബെയിൽ ഉണ്ടെന്നു പറയുന്നമാതിരി വിട്ടുകൊടുക്കുകയാണെങ്കിൽ വേണ്ടിടത്തോളം പണം ചെലവുകൾക്കായി കിട്ടാതെ വരുകയില്ലേ. അതുകൊണ്ടു് ലാൻഡ് റവന്യൂവിൻെറ മേൽ ഒരു സർച്ചാർജ്ജുംകൂടി ഏർപ്പെടുത്തിയാൽ ധനകാര്യമന്ത്രിക്കു് അതു സ്വീകാര്യമായ നയമാണെന്നു ഞാൻ വിശ്വസിക്കുന്നു. ചുരുങ്ങിയ ഒരു സർച്ചാർജ്ജ് ചുമത്തുന്നതായാൽ പഞ്ചായത്തുകൾക്കു് കൂടുതൽ ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാകും. പഞ്ചായത്തുകൾ യഥാർത്ഥ സ്വയംഭരണസ്ഥാപനങ്ങൾ ആക്കാമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ആ അഭിപ്രായത്തിനു് തടസ്സമായി എന്തെങ്കിലും ഒന്നു ഞങ്ങൾ പറയുകയോ എന്തെങ്കിലും ഒന്നു പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ല. അങ്ങിനെയിരിക്കെ ഈ അവസരത്തിൽ എടുത്തുപറഞ്ഞിട്ടില്ല എന്നും, പറഞ്ഞതൊന്നും ആവശ്യമായിരുന്നില്ല എന്നുംകൂടി പറയാനുണ്ട്. ഇതിൽ കൂടുതലായി ഒന്നും—എൻെറ ചെറുപ്പക്കാരനായ സ്നേഹിതനാണ് മി. പ്രകാശം. ഇതിൽ കൂടുതലായ മറുപടി ഒന്നും പറയുന്നതും ഭംഗിയുമല്ലാ.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഈ പഞ്ചായത്തു ബില്ലിനെക്കുറിച്ചു അതിൻെറ ഭേദഗതിയെ അനുകൂലിക്കുന്നതോടൊപ്പംതന്നെ ഇവിടെ ചോദ്യരൂപേണ പലരും അതിൻെറ മേൽഭരണത്തെസംബന്ധിച്ചും പഞ്ചാ

[ശ്രീ. പ്രാക്കുളം ഭാസി]

യത്തിന്റെ ഇന്നത്തെ നടത്തിപ്പിനെ സംബന്ധിച്ചും, ഇന്നു നിലവിലിരിക്കുന്ന ഗവണ്മെന്റിന്റേതായാലും, ഇന്നലെവരെ നിലവിലിരുന്ന ഗവണ്മെന്റിന്റേതായാലും ഈ സഭയിൽ വളരെ ചർച്ചകളുണ്ടായിട്ടുണ്ടു്.

ഈ വേളയിൽ രാഷ്ട്രീയമായ പരിഗണനകൾ വളരെയധികം പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാണുന്നുണ്ടു്. കരംപിരിവുപോലും രാഷ്ട്രീയപരിഗണനകൾ അനുസരിച്ചാണു നടത്തിവരുന്നതു്. ഇതു സംബന്ധിച്ചു് നാട്ടുകാരുടെ ഇടയിൽ വളരെ അധികം പരാതികളുണ്ടു്. ഇക്കാര്യത്തെക്കുറിച്ചു പറയുന്നതോടൊപ്പംതന്നെ ഈ ബില്ലിന്റെ 55-ാം വകുപ്പിനു ഒരു ഭേദഗതി പി. എസ്. പി. ഗവണ്മെന്റു കൊണ്ടുവന്നിരിക്കുന്നതിനെ സംബന്ധിച്ചും എനിക്കു് പറയുവാനുണ്ടു്. ഈ 55-ാം വകുപ്പു മാത്രം ഭേദഗതി ചെയ്യുമെന്നുള്ള വിശ്വാസമല്ല, ഞങ്ങൾക്കു ഇതുവരെ ഉണ്ടായിരുന്നതു്. എന്തെന്നാൽ കാൺഗ്രസ്സ് ഗവണ്മെന്റു പഞ്ചായത്തുകൾ രൂപീകരിക്കുകയും, അതിനുശേഷം പി. എസ്. പി. ഗവണ്മെന്റ് വികേന്ദ്രീകരണം നയപരിപാടിയായി സ്വീകരിച്ചിരിക്കുന്ന നിലയ്ക്കു് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ അധികാരങ്ങൾ കൊടുത്തുകൊണ്ടു നാട്ടുകാർക്കു പ്രയോജനകരമായവിധം അവയെക്കൊണ്ടു് ഭരണം നടത്തത്തക്കവണ്ണമുള്ള ഭേദഗതികളും അവതരിപ്പിക്കുമെന്നാണു ഞങ്ങൾ വിശ്വസിച്ചിരുന്നതു്. എന്നാൽ താൽക്കാലികമായി ചെയ്തതു്, പി. ഡബ്ലിയു. ഡി. വകുപ്പിൽനിന്നും ചെലവാക്കിക്കൊണ്ടിരുന്ന തുകകൾ പഞ്ചായത്തു മുഖാന്തിരം ചെലവാക്കിക്കുന്നതിനായി 56 ലക്ഷം രൂപ കൊള്ളിക്കുക എന്നുള്ളതു മാത്രമാണു്. അതാണു് ഈ ഭേദഗതിയുടെ ഉദ്ദേശം.

The House rose for lunch at 12·30 P. M. and reassembled at 2-30 P. M. with Mr. Speaker in the Chair.

ശ്രീ. പ്രാക്കുളം ഭാസി: (തുടർച്ച) സർ, ഇന്നത്തെ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം നാട്ടുകാർക്കു കാര്യമായ പ്രയോജനം ഉണ്ടാകുന്നതായിട്ടു് അനുഭവമില്ല. പഞ്ചായത്തുകളെ സംബന്ധിച്ചു പല കുഴപ്പങ്ങളും പരാതികളും ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ പഞ്ചായത്തു തെരഞ്ഞെടുപ്പു നടന്നപ്പോൾ ഈ നാട്ടിലെ ജനങ്ങൾക്കു് വളരെയധികം പ്രതീക്ഷകളുണ്ടായിരുന്നു. ഓരോ സ്ഥലത്തും രാഷ്ട്രീയപാർട്ടികളായിരുന്നു സ്ഥാനാർത്ഥികളെ നിറുത്തി പ്രചരണങ്ങൾ നടത്തിയതു്. ഓരോ സ്ഥലത്തുമുള്ള രാഷ്ട്രീയപാർട്ടികളുടെ ഭൂരിപക്ഷം അനുസരിച്ചാണു പഞ്ചായത്തു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾ വിജയിച്ചിട്ടുള്ളതു്. ഇതു് എത്രമാത്രം ശരിയാണെന്നു പഞ്ചായത്തുകളുമായി ഇടപെടാൻ കഴിഞ്ഞിട്ടുള്ള സകലർക്കും അറിയാവുന്നതാണു്. പാർട്ടികളുടെ പേരിൽ മാത്രം ഭരണം നടത്തുന്ന പഞ്ചായത്തുകൾ ഒരു പക്ഷപാതനിലയാണു് ഇന്നു അവലംബിച്ചിരിക്കുന്നതു്. സർ, അങ്ങുതന്നെ പി. എസ്സ്. പി. ടിക്കറ്റിൽ നിയമസഭയിൽ വരികയും, സ്പീക്കറായതിനുശേഷം, യാതൊരു കക്ഷിയിലും പെടാതെ ഈ സഭയെ നിയന്ത്രിക്കുകയും ചെയ്യുന്നതുപോലെ ആയിരിക്കണം പഞ്ചായത്തുകൾ, അവർ ഏതു പാർട്ടിയിൽപ്പെട്ടവരായാലും നാട്ടിനുവേണ്ടിയാണു് പ്രവർത്തനം നടത്തേണ്ടതു്. അങ്ങനെ രാഷ്ട്രീയ

പരിഗണനകൾക്കു അതീതമായ ഒരു ഭരണരീതി പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇന്നു നടക്കുന്നില്ലെന്നുവേണം അനുഭവംകൊണ്ടു മനസ്സിലാക്കേണ്ടതു്. കൊച്ചി ഡിസ്ട്രിക്റ്റിനെ സംബന്ധിച്ചിടത്തോളം, മുൻപു മുതൽക്കുതന്നെ പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു. തിരുവിതാംകൂറിലും ഏകദേശം നൂറിനുതാഴെ പഞ്ചായത്തുകൾ ഉണ്ടായിരുന്നു. പുതിയ തെരഞ്ഞെടുപ്പു ഫലമായി പഞ്ചായത്തുകളുടെ എണ്ണം 550 ആയി വർദ്ധിച്ചിരിക്കുകയാണു്. മുൻപുണ്ടായിരുന്ന പഞ്ചായത്തുകൾ വിഭജിച്ചുകൊണ്ടാണു് ഇപ്പോഴത്തെ മിക്ക പുതിയ പഞ്ചായത്തുകളും രൂപമെടുത്തിട്ടുള്ളതു്. രാഷ്ട്രീയപരിഗണനകളാൽ ഭരണം നടത്തുന്ന ഇപ്പോഴത്തെ പഞ്ചായത്തുകൾ, എന്റെ സ്നേഹിതൻ ശ്രീ. യശോധരൻ പറഞ്ഞതുപോലെ പഞ്ചായത്തുകളല്ല, പഞ്ചപ്പെത്തുകളാണു്. നേരമ്പോക്കായി പറയുന്നതാണെങ്കിലും ഇതാണു് ഇന്നു നാട്ടിലെ അനുഭവവും സാധാരണ ജനങ്ങളുടെ ഇടയിലെ ഒരു സംസാരവും. നിഷ്പക്ഷനിലയിൽ കാര്യങ്ങൾ ശരിയായി നിർവ്വഹിച്ചുകൊണ്ടുപോകുന്നതിനു പകരം, രാഷ്ട്രീയ വടംവലിയാണു് നടക്കുന്നതു്. പഞ്ചായത്തിൽക്കൂടിയും രാഷ്ട്രീയമുണ്ടെന്നു വിശ്വസിക്കുന്നവർ ഈ സഭയിൽത്തന്നെയുണ്ടു്. ഇപ്പോൾ ഇറിഗേഷനു വേണ്ടിയും ജി. എം. എഫ്.-നു വേണ്ടിയും ചെലവാക്കിക്കൊണ്ടിരിക്കുന്ന തുകകൾ പഞ്ചായത്തു ഹെഡ്ഡിലേക്കു മാററിയിരിക്കുകയാണു്. പഞ്ചായത്തുകളുടെ ചാർജ്ജു വഹിക്കുന്ന ഇന്നത്തെ മെഡിക്കൽമന്ത്രി തന്നെ, വളരെയേറെ വാഗ്ദാനങ്ങൾ പൊതുജനങ്ങൾക്കു നൽകിയിട്ടുണ്ടു്. ഗ്രാമീണരുടെ സകല ആവശ്യങ്ങളും പഞ്ചായത്തുകളുടെ ആവിർഭാവത്തോടുകൂടി നിർവ്വഹിക്കപ്പെടുമെന്നു അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതാണു്. അങ്ങനെയുള്ള ആവശ്യങ്ങൾ നിലവിലിരിക്കുന്ന പഞ്ചായത്തിലുള്ള ഭരണംമൂലം ഉണ്ടാകുന്നുണ്ടോ എന്നു ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കേണ്ടതാണു്. പഞ്ചായത്തുകളുടെ ഭരണദൂഷ്യത്തെപ്പററി എന്തെങ്കിലും നിവേദനങ്ങളോ, പരാതികളോ ഗവണ്മെൻറിലേക്കു സമർപ്പിച്ചാൽത്തന്നെയും അവയ്ക്കു മറുപടി കിട്ടാൻ വളരെ കാലതാമസമുണ്ടാകുന്നുണ്ടു്. അതുപോലെതന്നെ, പഞ്ചായത്തുകളുടെ ബഡ്ജററു ഗവണ്മെൻറിനു സമർപ്പിച്ചിട്ടു നാലുമാസമായിട്ടും ഇതുവരെ പാസ്സാക്കിയിട്ടില്ല. ഇങ്ങനെ ഭരണപരമായി പഞ്ചായത്തുകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു വേണ്ട ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. സർ, ചില പഞ്ചായത്തുകൾ 1952-ലെ പകുതി വർഷത്തെ നികുതി കൂടി ഈടാക്കിവരുന്നതായി എനിക്കറിയാം. അതുകൊണ്ടു് 1953 മുതൽ ഈടാക്കിയാൽ മതിയെന്നു നിർദ്ദേശിക്കേണ്ടതാണു്. ചില പഞ്ചായത്തുകൾ തങ്ങളുടെ ഇഷ്ടമനുസരിച്ചുള്ള നികുതിയാണു് പിരിച്ചുവരുന്നതു്. സർ, ഈവിധമുള്ള അനീതികൾ തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കാതെ, നികുതിയുടെ നിശ്ചിതമായ ഒരു റേററു നിജപ്പെടുത്തി അതനുസരിച്ചു വസൂലാക്കണമെന്നു കർശനമായി നിർദ്ദേശിക്കേണ്ടതാണു്.

മറെറാരു കാര്യം, ആഗ്രികൾച്ചറൽ ഇൻകംടാക്സു പിരിക്കുന്നതിൽ കാണിക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ചാണു എനിക്കു പറയാനുള്ളതു്. 3000 രൂപ വരെ കാർഷികാദായമില്ലാത്തവരെക്കൂടി ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വം ലിസ്റ്റിൽപ്പെടുത്തി നികുതിക്കു വിധേയരാക്കുന്നുണ്ടു്. നേരെമറിച്ചു് യഥാർത്ഥത്തിൽ നികുതി കൊടുക്കാൻ അർഹതയുള്ളവരെ, അവരുടെ പക്കൽനിന്നും ചില്ലറ കൈമടക്കുകൾ വാങ്ങിയിട്ടു്

[ശ്രീ. പ്രാക്കുളം ഭാസി]

വേണ്ടിവന്നാൽ ഒരു നോട്ടീസുമാത്രം കൊടുത്തു അവസാനിപ്പിക്കുകയുമാണു് ചെയ്യുന്നതു്. ഈ വിധത്തിലുള്ള അനീതികൾ പരിഹരിക്കണമെങ്കിൽ അഗ്രികൾച്ചറൽ ഇൻകംടാക്സിനെ സംബന്ധിച്ചിടത്തോളമുള്ള ചുമതലകൾ അതാതു പഞ്ചായത്തുകളെ ഏല്പിക്കേണ്ടതാണു്. അതോടൊപ്പം കാര്യക്ഷമമായി പഞ്ചായത്തുകൾ പ്രവർത്തിക്കണമെന്നു നിർദ്ദേശിക്കേണ്ടതുമാണു്. സർ, ലാൻഡ് ടാക്സിനെ സംബന്ധിച്ചിടത്തോളം അതാതു പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കണമെന്നു ഞാൻ പറഞ്ഞതു് എന്തുകൊണ്ടെന്നാൽ, ഓരോ സ്ഥലത്തും നിവസിക്കുന്ന ജനങ്ങൾ ആരെല്ലാമാണെന്നും, ടാക്സ് കൊടുക്കാൻ അർഹതയുള്ളതു അവരിൽ എത്രപേരുണ്ടെന്നും മററും പഞ്ചായത്തു മെമ്പറന്മാർക്കു് അവർ സ്ഥലത്തുള്ളവരായതുകൊണ്ടു അറിയാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണു്. അതുപോലെതന്നെ ഗ്രാമപ്രദേശങ്ങളിലുള്ള വായനശാലകൾക്കു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറു് മുഖാന്തിരമാണു് ഇന്നു ഗ്രാൻറു നൽകുന്നതു്. ഇങ്ങനെ നൽകുന്ന തുകയും വായനശാലകളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്തുകൾവഴി കൊടുക്കുന്നതു് നന്നായിരിക്കും.

മി. സ്പീക്കർ: പഞ്ചായത്തുകളുടെ വർക്കിംഗിനെ സംബന്ധിച്ചുള്ള പോരായ്മകളും മററും പറയാമെന്നല്ലാതെ, മററു കാര്യങ്ങളെപ്പററി പ്രതിപാദിക്കാനുള്ള അവസരമല്ല ഇതു്.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഞാൻ റൂളിംസിനു വിപരീതമായി പറയുകയല്ല, പഞ്ചായത്തിൻെറ കാര്യങ്ങൾ പറയുന്നതിനിടയിൽ മററു ചിലതുകൂടി വന്നുപോയതാണു്.

സർ, ഇറിഗേഷൻജോലികളും, അതുപോലെ ജി. എം. എഫ്. പ്രവർത്തനങ്ങളും പഞ്ചായത്തുകളെക്കൊണ്ടു നടത്തുന്നതിനായിട്ടാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഇപ്പോൾത്തന്നെ പഞ്ചായത്തുകൾ നടത്തുന്ന ജോലികളുടെ നടത്തിപ്പിനുവേണ്ടിയുള്ള എസ്റ്റിമേററുകൾ തയ്യാറാക്കുന്നതിനു തന്നെ ഏകദേശം ഒരു കൊല്ലത്തോളം ആയിട്ടും സാധിച്ചിട്ടില്ലെന്നാണറിയുന്നതു്. എസ്റ്റിമേററനുസരിച്ചു ജോലികൾ ചെയ്യിച്ചാൽത്തന്നെ പണം കിട്ടുന്നതിനു വളരെ കാലതാമസം നേരിടുന്നുണ്ടു്. പല പഞ്ചായത്തുകളിലെ പ്രസിഡൻറന്മാരും ഈ കാര്യത്തിൽ പരാതികൾ പറയാറുണ്ടു്. ഈ ഭേദഗതിയനുസരിച്ചു് ഇപ്പോൾ ഇറിഗേഷൻ തുടങ്ങിയ ജോലികൾ നടത്തുന്നതിനു് കുറെ ഉദ്യോഗസ്ഥന്മാരെ പി. ഡബ്ലിയു. ഡി. യിൽ നിന്നും പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ടു്. ആ വകയ്ക്കു വേണ്ടിയുള്ള തുകയും പഞ്ചായത്തു ബഡ്ജററിലാണു കൊള്ളിച്ചിരിക്കുന്നതു്. അതേസമയം രണ്ടായിരം രൂപയിൽ ഒരു കാശുപോലും കൂടുതലായി ഓരോ പഞ്ചായത്തിനും കൊടുക്കുന്നുമില്ല. ഒരു പഞ്ചായത്തു പൊതുജനങ്ങൾക്കു ഉപകാരമായവിധത്തിൽ പ്രവർത്തിക്കണമെങ്കിൽ ഈ രണ്ടായിരം രൂപ കൊണ്ടുമാത്രം സാധിക്കുമോ എന്നു് ചിന്തിക്കേണ്ടതാണു്. ഗവണ്മെൻറു ഈ കാര്യം ബോദ്ധ്യപ്പെട്ടതിൻെറ ഫലമായിട്ടായിരിക്കാം പഞ്ചായത്തിലേക്കു കൂടുതൽ തുക കൊള്ളിക്കാമെന്നു വിചാരിച്ചിരിക്കുന്നതു്. ആ ഒരു കാരണത്താലാണു് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നതു്. സർ, മറെറാരു കാര്യം ഇവിടെ ലാൻഡു കോളനൈസേഷൻ സ്കീം എന്നൊന്നുണ്ടു്; ഈ പദ്ധതിയും പഞ്ചായത്തുകളിലേക്കു വിട്ടുകൊടുക്കുന്നതിനെ

പ്പററി കാര്യമായി ആലോചിക്കേണ്ടതാണ്. ഇപ്പോൾ പുറമ്പോക്കുകളിൽ അനധികൃതമായി കുടിയേറിപ്പാർക്കുന്നവരെ ഒഴിപ്പിച്ചിട്ട് ആ സ്ഥലങ്ങൾ കോളനൈസേഷനുവേണ്ടി അതതു പഞ്ചായത്തുകളെ ഏല്പിക്കണമെന്നാണ് എന്റെ അഭിപ്രായം. സർ, യഥാർത്ഥത്തിൽ ഭൂമിയില്ലാത്ത ആളുകൾ ആരെല്ലാമാണെന്നുള്ളത് പഞ്ചായത്തു മെമ്പറന്മാർക്ക് അറിയാൻ സാധിക്കുന്നതുകൊണ്ടു അതതു പഞ്ചായത്തുകളെത്തന്നെ ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും. ഓരോ പഞ്ചായത്തിലും ഭൂമിയില്ലാത്തവരും, ഭൂമിയുള്ളവരിൽത്തന്നെ പുറമ്പോക്കുസ്ഥലങ്ങൾ കയ്യേറി താമസിക്കുന്നവരും ആരെല്ലാമാണെന്നു പഞ്ചായത്തു മെമ്പറന്മാർക്കു വേണ്ടവിധം അറിയാൻ സാധിക്കുന്നതുകൊണ്ടു, ഭൂമിയുള്ളവരിൽനിന്നും കയ്യേറിയിട്ടുള്ള ഭൂമി വീണ്ടെടുക്കുന്നതിനും, ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കുന്നതിനും സാധിക്കുന്നതാണ്. പഞ്ചായത്തുകളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്തു പ്രസിഡന്റന്മാരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏതാനും പ്രതിനിധികളും, പഞ്ചായത്തുഡയറക്ടറും, തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയും ഉൾപ്പെടുന്ന ഒരു അഡ്വൈസറിബോർഡു രൂപവൽക്കരിക്കുന്നതു കൂടുതൽ പ്രയോജനപ്രദമായിരിക്കും. ഈ കാര്യത്തിൽ പഞ്ചായത്തു പ്രസിഡന്റന്മാർ ഏതു രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരായിരുന്നാലും ശരി, അവരുടെ നിർദ്ദേശങ്ങൾ ന്യായമായി അംഗീകരിക്കേണ്ടതാണ്. പഞ്ചായത്തുകൾക്കു അനുവദിച്ചിട്ടുള്ള ഗ്രാന്റു മുഴുവനും ഈ വർഷത്തിൽ അടുത്ത എട്ടുമാസക്കാലംകൊണ്ടു വിതരണംചെയ്തു ഉദ്ദേശിക്കുന്ന ഫലം ഉളവാക്കാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. പഞ്ചായത്തുകൾക്കുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും എത്രയും വേഗം വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. പഞ്ചായത്തുകളുടെ നടത്തിപ്പിനുവേണ്ടി ആഫീസറന്മാരെ നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവർക്കു ഗവൺമെന്റിനോടുമാത്രം ഉത്തരവാദിത്വമുള്ളവരായിരുന്നാൽ മതിയാകയില്ലെന്നും, അവർക്കു പഞ്ചായത്തുകളോടും ഉത്തരവാദിത്വം ഉണ്ടായിരിക്കേണ്ടതുമാണ്.

Shri Joseph Chazikattu : stood up to speak.

Shri M. P. Menon : I move that the question may now be put.

Shri Joseph Chazhikattu : Sir, I am on my legs.

Mr. Speaker : Order, order. I will give you chance. Mr. M. P. Menon, do you press for closure ?

Shri M. P. Menon : No.

Mr. Speaker : Then I shall call upon Mr. Joseph Chazhikattu to speak.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, കഴിഞ്ഞ 26 ദിവസങ്ങളായി ഈ നിയമസഭയിൽ നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾ എല്ലാം തന്നെ സൂക്ഷ്മമായി പരിശോധിച്ചു നോക്കുകയാണെങ്കിൽ, മുൻ ഗവൺമെന്റ് തുടങ്ങിയിരുന്നവയെ ഇപ്പോഴത്തെ ഗവൺമെന്റു തുടർന്നു പൂർത്തീകരിക്കയും നവീകരിക്കയുമാണ് ചെയ്യുകയാണെന്നു് കാണാവുന്നതാണ്. ഇന്നത്തെ എല്ലാ നിയമങ്ങളും കോൺഗ്രസ്സിന്റെയും പി. എസ്സ്. പി. യുടെയും ചേർന്നുള്ളതാണ്. ഇപ്പോൾ അവതരിപ്പിച്ച നിയമംതന്നെ കാളിമാസൻ

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ശാകുന്തളത്തിൽ "കാകനേയേ പികവധൂടി വളർത്തിടുന്നു" എന്നു പറഞ്ഞതുപോലെയാണ്. അതായത് കാക്കക്കൂട്ടിലിട്ട കുയിൽമുട്ടപോലെയാണ് ഈ ഭേദഗതികൾ എന്നു തെളിയുന്നതാണ്. സർ, മുൻപു ഇവിടെ ഒരു വില്ലേജ് അപ്പ്ലിഫ്റ്റ് ആക്റ്റ് നടപ്പാക്കിയിരുന്നു. നാട്ടുകാർക്ക് ആ വില്ലേജ് അപ്പ്ലിഫ്റ്റ് ആക്റ്റുകൊണ്ട് പറയത്തക്ക മെച്ചങ്ങളൊന്നും ഉണ്ടായിട്ടില്ലെന്ന് കണ്ടതുകൊണ്ടാണ് കോൺഗ്രസ്സിന്റെ ഭരണകാലത്തു പഞ്ചായത്തു ബിൽ എന്ന നാമധേയത്തിൽ ഒരു നിയമം കൊണ്ടുവന്നത്. മുൻനിയമത്തിൽ പഞ്ചായത്തു കമ്മിറ്റിയിൽ ഏതാനും പേർ തിരഞ്ഞെടുക്കപ്പെടുന്നവരും ഏതാനും അംഗങ്ങൾ നോമിനേറ്റു ചെയ്യപ്പെടുന്നവരുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ നിയമത്തിൽ പ്രായപൂർത്തി വോട്ടവകാശം അനുസരിച്ചുതന്നെ തെരഞ്ഞെടുക്കപ്പെടുന്ന സമിതികൾ ഉൾക്കൊള്ളുന്ന ഓരോ പഞ്ചായത്തും, മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുകയും, വില്ലേജുകളെ സംബന്ധിച്ചിടത്തോളം അവയ്ക്ക് സ്വയംഭരണാവകാശം വിട്ടുകൊടുക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തിന്റെ മുന്നോടിയായി കോൺഗ്രസ്സ് രൂപീകരിച്ചിട്ടുള്ള നിയമത്തിൽ വരുത്താനുള്ള ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. കോൺഗ്രസ്സ് ഗവണ്മെന്റ് ഉണ്ടാക്കിവച്ചിരിക്കുന്ന നിയമത്തിന്റെ ഉള്ളിൽ താൽക്കാലികമായ ഒരു ഭേദഗതിവരുത്തുന്നതിനു വേണ്ടി, പി. എസ്സ്. പി. ഗവണ്മെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

കോൺഗ്രസ്സു ഗവണ്മെന്റു കൊണ്ടുവന്ന നിയമമാണ് ഇപ്പോൾ നിലവിലിരിക്കുന്നത്. അന്ന് പ്രാരംഭദശയിൽ ഇരുന്ന ഈ നിയമം പൂർണ്ണമാക്കുന്നതിന് അവർക്ക് സാധിച്ചില്ല. അവർ അന്നു തന്നിട്ടുള്ള ഒരു നിയമം വച്ചുകൊണ്ടാണ് ഇന്ന് പി. എസ്സ്. പി. ഗവണ്മെന്റ് പ്രവർത്തിക്കുന്നത് എന്നു നാം ധരിക്കണം. അതുപോലെ കോൺഗ്രസ്സ് ഗവണ്മെന്റ് ഇങ്ങനെയുള്ള ഒരു നിയമം ഉണ്ടാക്കിത്തന്നല്ലോ എന്ന ഒരു കൃതജ്ഞതയും അവരോടു വേണം. പി. എസ്സ്. പി. കുയിൽ മുട്ടയിടുന്നത് കോൺഗ്രസ്സുകാക്കക്കൂട്ടിലാണ്. കോൺഗ്രസ്സിന്റെ സഹായമില്ലാതെ പി. എസ്സ്. പി. മുട്ട വിരിഞ്ഞ് "ആകാശദേശഗമനത്തിന്" സാദ്ധ്യമല്ല. ഇപ്പോഴത്തെ പഞ്ചായത്തു നിയമത്തിൽ ഗവണ്മെന്റിൽനിന്നും രണ്ടായിരം രൂപയ്ക്കുമേൽ ഒരു സംഖ്യയും കൊടുക്കുന്നതിന് അവകാശമില്ലായിരുന്നു. അതുമൂലം ഗവണ്മെന്റിന് പഞ്ചായത്തിനെ സഹായിക്കാൻ നിവൃത്തിയില്ലായിരുന്നു. ഇപ്പോൾ വന്നിരിക്കുന്ന പുതിയ നിയമംമൂലം ഗവണ്മെന്റിന് ഓരോ പഞ്ചായത്തിനും എത്രപണം വേണമെങ്കിലും കൊടുക്കാം. ഈ നിയമത്തിനു എതിരായും അനുകൂലമായും ഇവിടെ അഭിപ്രായം ഉണ്ടായിട്ടുണ്ട്. വേണ്ടിവന്നാൽ ഓരോ നിയമവും ഇവിടെ നമുക്കു ഭേദഗതി ചെയ്യാം. പഞ്ചായത്തിന്റെ പ്രവർത്തനം മുന്നോട്ടു ചെല്ലുമ്പോൾ ഇപ്പോൾ നിലവിലിരിക്കുന്ന പഞ്ചായത്ത് ആക്റ്റുതന്നെ അലകും പിടിയും മാറ്റി എഴുതേണ്ടിവരും. അങ്ങനെയുള്ള ഒരു സന്ദർഭം ഉണ്ടാകുന്നതിന് ഇപ്പോൾ കിട്ടിയിരിക്കുന്ന അധികാരംവച്ചുകൊണ്ട് പ്രവൃത്തിനടത്തിയിരുന്നാൽ മാത്രമേ സാധിക്കുകയുള്ളു. ഇന്നത്തെ അമെൻഡ്മെന്റ് ഇന്നത്തെ സ്ഥിതിക്ക് ആവശ്യമായതും നാമെല്ലാവരും അനുകൂലിക്കേണ്ടതും ആയ ഒരു നിയമമാണ്. ഏതാനും ചില സ്നേഹിതന്മാർ പറകയുണ്ടായി

പഞ്ചായത്ത് ആഫീസറന്മാരെ വയ്ക്കേണ്ടെന്ന്. ഏതാനും സ്നേഹിതന്മാർ പഞ്ചായത്ത് ആഫീസറന്മാരെ വയ്ക്കണമെന്നും പറഞ്ഞു. പഞ്ചായത്ത് ആഫീസറന്മാരെ നിയമിക്കണമെന്ന് പഴയ കാൺഗ്രസ്സ് ഗവണ്മെന്റ തീരുമാനം ചെയ്തതാണ്. പക്ഷേ പഞ്ചായത്തുകാർ അവിടെയും ഇവിടെയും യോഗംചേർന്ന് പഞ്ചായത്ത് ആഫീസറന്മാരെ വയ്ക്കരുത് എന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കാൺഗ്രസ്സ് ഗവണ്മെന്റ് പഞ്ചായത്ത് ആഫീസറുടെ നിയമനം തടഞ്ഞു വയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. ഇപ്പോൾ ഒരു പഞ്ചായത്തിൽ ഒരു ഫുൾടൈം ക്ലാർക്കും ഒരു പ്യൂണുമാണുള്ളതു്. അവർക്കുവേണ്ടി 1000 രൂപവരെ ചെലവാകും. അവർക്കുമേൽ ഒരു പഞ്ചായത്ത് ആഫീസറെക്കൂടി വയ്ക്കുന്നുവെങ്കിൽ 2000 രൂപ ശമ്പളമിനത്തിൽതന്നെയാകും. അപ്പോൾ നാട്ടിലെ ജനങ്ങളുടെ ആവശ്യത്തിനു വേണ്ട ജോലി ചെയ്യുന്നതിനും പണികൾ നടത്തുന്നതിനും പഞ്ചായത്തിന് പണം പോരാതെവരുകയും മൂന്ന് ആളുകളെ പോററുന്നതിനുള്ള ഒരു സ്ഥാപനമായി പഞ്ചായത്ത് അധഃപതിക്കുകയും ചെയ്യും. അതുകൊണ്ട് പഞ്ചായത്ത് ആഫീസറന്മാരെ ഇപ്പോൾ നിയമിക്കുവാൻ പാടില്ല. അഥവാ പഞ്ചായത്ത് ആഫീസറന്മാരെ നിയമിക്കണമെങ്കിൽ ഏതെങ്കിലും പഞ്ചായത്തിൽനിന്ന് തങ്ങളെക്കൊണ്ട് പഞ്ചായത്തുഭരണം മുന്നോട്ടുകൊണ്ടുപോകുന്നതിന് സാദ്ധ്യമല്ലെന്നും അതുകൊണ്ട് പഞ്ചായത്തുഭരണം നടത്തുന്നതിന് ഒരാഫീസറെ നിയമിക്കണമെന്നും പറഞ്ഞുകൊണ്ട് ഒരു സ്പെഷ്യൽ മീററിംഗ് വിളിച്ചുകൂട്ടി ആ സ്പെഷ്യൽ മീററിംഗിൽ റസലൂഷൻ പാസ്സാക്കി അയച്ചാൽ അവർക്ക് ഒരു ആഫീസറെ നിയമിച്ചുകൊടുക്കാവുന്നതാണ്. ഇങ്ങനെ ആവശ്യപ്പെടാത്ത പഞ്ചായത്തുകളിൽ പഞ്ചായത്ത് ആഫീസറന്മാരെ നിയമിക്കരുതെന്നും പഞ്ചായത്ത് ആഫീസറന്മാരെ നിയമിച്ച് രാജ്യത്തെ ജനങ്ങളുടെ അഭിവൃദ്ധിക്ക് വിഘാതമുണ്ടാക്കരുതെന്നുമാണ് എനിക്ക് ഗവണ്മെന്റിനോടു പറയാനുള്ളതു്. ഭരിക്കുവാൻ സാധിക്കുകയില്ല എന്നു പറയുന്ന ചില പഞ്ചായത്തുകൾ ഉണ്ട്. അതായത് കക്ഷിപിടിത്തവും മററുംകൊണ്ട് ഭരണം നടത്തുവാൻ വിഷമിച്ചുകൊണ്ടിരിക്കുന്ന ചില പഞ്ചായത്തുകളുണ്ട്. കമ്മ്യൂണിസ്ററുകാർ പ്രസിഡൻറായും, കാൺഗ്രസ്സുകാർ പ്രസിഡൻറായും, സ്വതന്ത്രർ പ്രസിഡൻറായും പഞ്ചായത്തുകളുണ്ട്. അതിലെല്ലാം കക്ഷിമത്സരം ശക്തിയായി ഉണ്ടാകാറുണ്ട്. ഭരണം നടത്താതിരിക്കത്തക്കവണ്ണം വഴക്കുകളും ഉണ്ടാകുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ബഹുമാനപ്പെട്ട മെംബർ പഞ്ചായത്ത് പ്രസിഡൻറ് ആണോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : പഞ്ചായത്തു പ്രസിഡൻറ ആകാനുള്ള നിർഭാഗ്യം എനിക്കുണ്ടായിട്ടില്ല. ഒരു മെംബറാണ്. പാർട്ടികൾ പഞ്ചായത്തിനകത്ത് വളരെയുണ്ട്. ഒരു പഞ്ചായത്തിലെ പ്രസിഡൻറും മൂന്നു നാലു മെംബറന്മാരും ഒരു കക്ഷിയിൽപ്പെട്ടവരാണെങ്കിൽ കുറെ മെംബറന്മാർ മററു പല കക്ഷികളിൽപ്പെട്ടവരായിരിക്കും. അങ്ങനെയുള്ള പഞ്ചായത്തുകളിൽ ഭരണംമുന്നോട്ടുകൊണ്ടുപോകുവാൻ സാദ്ധ്യമല്ലാതെവരും. അങ്ങനെയുള്ള സ്ഥലത്ത് പഞ്ചായത്ത് ആഫീസറെ നിയമിക്കാവുന്നതാണ്. അല്ലാതെ ഗ്രാമത്തിൻെറ കാര്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ തയ്യാറുള്ള ആളുകൾ ഭരിക്കുന്ന യാതൊരു പഞ്ചായത്തിലും ആഫീസറന്മാരെ വയ്ക്കരുത്.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

പഞ്ചായത്തിന്റെ നടത്തിപ്പിൽ ഇന്ന് പല പ്രതിബന്ധങ്ങളും ഉണ്ട്. പഞ്ചായത്തിൽനിന്ന് ബൈലാ പാസ്സാക്കി അയച്ചാൽ അതിൽ പല ഭേദഗതികളും ചെയ്തു തിരിയെ അയച്ചുവരുന്നുണ്ട്. അങ്ങനെ തിരിച്ചു വരുന്നതിനു വളരെ കാലതാമസവും നേരിടുന്നു. ഗവൺമെന്റിൽനിന്നു വരുത്തുന്ന ഭേദഗതിയോടുകൂടി ബൈലാ പാസ്സാക്കി അയച്ചില്ലെങ്കിൽ ആ ബൈലാ പാസാകുന്നതിന് വളരെ താമസം നേരിടും. ഇങ്ങനെ വളരെക്കാലം ബൈലാ പാസ്സാക്കാതിരിക്കുന്നതുകൊണ്ട് പഞ്ചായത്തുകൾക്ക് വലിയ ദുരിതം നേരിടുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്തുകളിൽ നിന്നും പാസ്സാക്കി അയയ്ക്കുന്ന ബൈലാ വേഗം പാസ്സാക്കി കൊടുക്കുന്നതിലേയ്ക്കുവേണ്ടി എന്തുവേണമോ അതു് ഉടനെ ഗവൺമെന്റ് ചെയ്യണം എന്ന് എനിക്കു അപേക്ഷയുണ്ട്.

പിന്നെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റ് പഞ്ചായത്തിന് വളരെ ഉപദ്രവം ചെയ്യുന്നുണ്ട്. എനിക്കു അനുഭവമുള്ള ഒരു കാര്യം ഇവിടെ പറയാം.

മി. സ്പീക്കർ: തികച്ചും അസംഗതങ്ങളായ കാര്യങ്ങൾ പറഞ്ഞു പ്രസംഗം നീട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അതു് തടയേണ്ടതായി വരും. അതുകൊണ്ട് ബില്ലുമായിട്ടു ബന്ധമുള്ള കാര്യങ്ങൾ പറയണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതായതു് ഒരു വഴിക്കു കേടുവന്നതു കേടു് തീർക്കുന്നതിന് 70 രൂപ അനുവദിക്കണമെന്ന് ഞാൻ എഴുതി അയച്ചു. 70 രൂപ അനുവദിക്കുവാൻ പാടില്ല; അതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അയയ്ക്കണം എന്നു് ഡയറക്ടർ പറഞ്ഞു. പി. ഡബ്ലിയു. ഡി-യിൽനിന്നു ആഫീസർവന്ന് അതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അതിന് 400 രൂപ വേണമെന്ന് എസ്റ്റിമേറ്റ് ചെയ്യുകയും അതു് ഡയറക്ടർക്കു് എഴുതി അയയ്ക്കുകയും ചെയ്തു. ഇങ്ങനെ എസ്റ്റിമേറ്റിൽ അപ്രായോഗികത ധാരാളം കണ്ടുവരുന്നുണ്ട്.

സൂപ്രവൈസറന്മാരുടെ എണ്ണം പഞ്ചായത്തിൽ വർദ്ധിപ്പിക്കേണ്ടതു് വളരെ ആവശ്യമാണ്. ഒരാളെക്കൊണ്ട് രണ്ടുമൂന്നു പഞ്ചായത്തിലെ ജോലികൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. ഒരാൾതന്നെ എസ്റ്റിമേറ്റ് ഉണ്ടാക്കുകയാണെങ്കിൽ കണ്ടമാനം എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഇടവരും. അതുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ എന്തുവേണമോ അതിനുവേണ്ട വ്യവസ്ഥ ചെയ്യേണ്ടതു് ആവശ്യമാണ് പഞ്ചായത്തുകൾക്കുള്ള പണം സമമായിട്ടു ഓരോ പഞ്ചായത്തിനും അനുവദിക്കണമെന്ന് പറഞ്ഞു. നാട്ടിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി പണം ചെലവു ചെയ്യുന്ന ഓരോ പഞ്ചായത്തിനും കൂടുതൽ തുക അനുവദിക്കേണ്ടതു് ആവശ്യമാണ്. അതുകൊണ്ട് ഈ അമെൻഡ്മെന്റിനെ ഞാൻ അനുകൂലിക്കുന്നു.

Shri P. S. Nataraja Pillai: Sir, I move for closure.

The motion was put and carried.

Shri P. S. Nataraja Pillai: Sir, in the Bill before the House the only clause under consideration is a very simple one as I explained before. It gives authority to Government to give

additional grants to the Panchayats to carry on their responsibilities. One of the members who spoke on this was arguing at length that unless Section 55(1) is amended or taken away the present provision will not be useful. I fail to understand that argument. Section 55 (1) is a mandatory provision wherein it is said that Government shall contribute to the Panchayat Fund an amount equal to the amount collected by the Panchayat during a particular time fixing the limit of the contribution to Rs. 2,000. That is a statutory guarantee to the Panchayat. We have provision in the Panchayat Act itself where the right of levying cess or other fees is vested in the Panchayat. So, the upper limit of Rs. 2,000 was fixed. Also there was a consensus of public opinion that the amount provided under the Act was inadequate to meet the responsibilities of the Panchayats. So, Government thought that some additional provision should be made and drafted this clause which is now under discussion, which enables the Government to give additional grant for the works which the Panchayats want to undertake. Clause (1) of Section 55 does not, in any way, militate against the present provision. On the other hand, it is perhaps absolutely necessary in the structure of the Bill as it stands today.

Sir, another point was made by one of the hon. Members that Government, by taking this right would have a kind of discretionary power in fixing and granting funds to Panchayats which may lead to discrimination between the Panchayats. I concede, Sir, there may be a possibility of such a charge against the Government when the grant allowed by Government varies among the different Panchayats. That is inevitable too, because the grant will depend upon the needs of each Panchayat. If you want to make the Panchayats more effective, more useful and active, Government will have to allow funds to the extent to which that Panchayat will be able to absorb funds. So, it will depend upon the conditions the capacity and the resources of each Panchayat. Legitimately, a charge of discrimination may be levelled against the sanctioning authority: but Government thought it a lesser evil to face the charge of discrimination than allow the Panchayats to starve. Certainly it will be better if, as suggested by some hon. Members, an assignment of revenue by way of tax, is made. It may be put on a statutory basis so that the Panchayats may have the finances to carry on their legitimate activities. But that would necessitate a thorough revision of the Act and this has got to be considered in greater detail also. More time and attention will have to be given before a thorough revision of the Act can be undertaken. I do not want to go further into the matter. But I would suggest, because I feel that it is very much germane to the issue under discussion at present, that the sources of taxation of the Panchayats or the revenue of the Panchayats ought to have been fixed earlier even from the commencement of the idea of organising the Panchayats. But I may point out that the Indian Taxation Enquiry Committee that is now at work has for its terms of reference, not only Central taxation, but State tax-

[Shri P. S. Nataraja Pillai]

ation and taxation for local bodies, and we can legitimately expect that that body will give a lead in the way in which we may build up the tax structure in India as a whole So. the Government thought they need not go into these details at present, but leave it as it is.

There is another position taken up by some of my hon. friends, namely of assigning land tax of about twenty-five per cent. to the Panchayats. In that case, in Travancore, with our basic tax system in vogue today, and after having abolished the land tax based on Settlement, we get only rupees thirty-five lakhs. Inclusive of the Cochin area, after introducing the basic tax system there, the revenue will be somewhere about rupees fifty lakhs. Even if that whole revenue is assigned to the Panchayats, it will not be possible to expect the finances sufficient to meet all their commitments effectively.

There is also another difficulty. A portion of the land tax or the basic tax revenue has to be earmarked for the land revenue records and the survey records which are intimately connected with land ownership and land preservation. Therefore, the whole revenue that may be available from the basic tax scheme cannot be legitimately be set apart for the Panchayats. The question is one which has to be studied carefully and comprehensively, the sources of revenue for these local bodies have to be examined and we will have to evolve a system of assignment of revenue which will meet the legitimate needs of the local bodies and at the same time, will not in any way upset the general tax structure of the State. Therefore, the Government thought that at the present moment it may be better not to touch the broad questions of taxation but to meet the immediate urgency by taking power to allow increased grants to these Panchayats according to their proved necessities. Hence it is that in this clause it has been worded:

> "It shall be lawful for the Government to contribute to the Panchayat Fund such amount as may, in their opinion, be necessary for meeting the expenditure in connection with the management of any institution or the execution or maintenance of any work or the performance of any duty within the Panchayat area which the Government may, from time to time, make over to the Panchayat under Section 46."

It was thought that, in the limited and restricted sphere of taxation available for the Panchayats, it would be better for the Government to assign the management or execution of certain works to the Panchayats and the money earmarked in the General Budget also to be handed over to the Panchayats so that the Panchayats may get themselves trained in actual management and execution of the works. It is not a question of grants being given and the Panchayats being asked to spend them as a spending agency or department of the Government. On the other hand, this amount is made available to the Panchayat Department and the Department is to earmark the amount

for certain works. And what is generally expected of the Panchayats is that they will be able to execute these minor works with the help of local enterprise. They will do the work with the co-operation and help of the general public and under the leadership of the Panchayats which constitute the elected representatives of the area. Then it could reasonably be expected that these works would be carried on with efficiency and with the minimum delay. The necessary assistance will be given to these Panchayats through the Panchayat Department.

Government thought that development works like minor irrigation works or Grow More Food Schemes and Local Development works earmarked in each area, could be handed over to the local Panchayat to be got done by it and the finances needed for that would be met as a contribution. Thus if the Panchayat takes advantage of that opportunity, it would be able to get the co-operation of the people and be of real use to the country. That is, after all, the primary function and the reason that lies behind the amendment.

Then, as to a specific criticism that was made, I find, Sir, that the Director of Panchayats is given power to pass estimates for works up to ten thousand rupees and to pass the Panchayat Budget. Therefore, we need not expect the delay that has been complained of to continue hereafter. As regards the Panchayat Officers, the clerks and others, whoever they may be, they will look into the details as paid servants of the Panchayat.

Sir, in respect of public works, it is pointed out that the staff of Engineers and Supervisors under the Panchayats is insufficient and that the Panchayats do not get such expert service as is necessary to spend the money that is now allotted. I may say that steps are being taken to get that state of affairs remedied.

I have nothing more to add. I request your indulgence and appeal to you to allow the Bill to be passed.

The question that the Travancore-Cochin Panchayats (Amendment) Bill be taken into consideration was put and carried.

Clause 2.

The question that Clause 2 stands part of the Bill was put and carried.

The Clause was added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

The Clause was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri P. S. Nataraja Pillai: I beg to move that the Bill be finally passed.

The question that the Bill be passed was put and carried.

The Bill was finally passed.

THE TRAVANCORE-COCHIN CIVIL COURTS (AMENDMENT) BILL.

Chief Minister (**Shri A. Thanu Pillai**): Sir, I beg to introduce the Travancore-Cochin Civil Courts (Amendment) Bill.

Minister for Works and Transport (**Shri A. Achuthan**) : I second it.

Mr. Speaker: The Bill stands introduced.

Shri A. Thanu Pillai: Sir, I move that the Bill be taken into consideration. Sir, I shall briefly submit to this House what this Bill is intended for and what its provisions are. There is a provision in the Civil Courts Act for constituting Subordinate Judges' Courts. Now, we have one Subordinate Judge's Court at Chittoor. That Court has only original jurisdiction. Now, the High Court has recommended with a view to ensuring speedy disposal of cases that more Subordinate Judges should be appointed and that these Subordinate Judges should also be given appellate jurisdiction. All cases of appeal that are with the District Court or the jurisdiction within which the Subordinate Court is situated may be transferred to the Subordinate Judge and he may dispose of those appeals. The District Judge is also given the right to withdraw any case that is so transferred. Appeals from the decisions of the Subordinate Judges will lie to the High Court. With a view to bringing about these changes in the existing law this Bill is now introduced.

ശ്രീ. കുളത്തിൽ വേലായുധൻനായർ: സർ, ഈ ബില്ല് സെലക്റ്റ്കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ ഭേദഗതി നിർദ്ദേശിക്കുകയാണ്. ഈ സബോർഡിനേറ്റ് ജഡ്ജസ്കോർട്ട് എന്നു പറയുന്നത് തിരുവിതാംകൂർ-കൊച്ചിയിൽ ഒരെണ്ണം മാത്രമേ നിലവിലുള്ളു. ഇന്റഗ്രേഷനു മുമ്പ് തിരുവിതാംകൂറിൽ ഇങ്ങനെയുള്ള കോടതി ഉണ്ടായിരുന്നില്ല. കൊച്ചിയിൽ ചിറ്റൂർ പ്രദേശത്തു മാത്രം ഒന്നുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറയുകയുണ്ടായി ചിറ്റൂർ സബോർഡിനേറ്റ് ജഡ്ജസ്കോർട്ടിന് അപ്പീലുകൾ കേൾക്കുന്നതിനുള്ള അധികാരമില്ലെന്ന്. അതു ശരിയാണ്. അവിടെ ഒരു മുൻസിഫ്കോടതിയില്ല. മുൻസിഫിനുള്ള അധികാരവും സബോർഡിനേറ്റ് ജഡ്ജിയാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് അപ്പീലധികാരത്തിന്റെ ആവശ്യമില്ലായിരുന്നു.

ശ്രീ. എ. താണുപിള്ള: അവിടത്തെ സബോർഡിനേറ്റ്ജഡ്ജിയുടെ പികൂനിയറി ജൂറിസ്ഡിക്ഷൻ മുൻസിഫിന്റെയല്ല.

ശ്രീ. കള്ളത്തിൽ വേലായുധൻ നായർ: അല്ല, പക്ഷെ മുൻസിഫ് കോടതിയിൽ വിസ്തരിക്കേണ്ട കേസുകളും അവിടെയാണു വിസ്തരിക്കുന്നതു്. സ്മാൾകാസ്സും മററു കേസുകളും അവിടെ വിസ്തരിക്കുന്നുണ്ടു്. എന്നാൽ ഇവിടത്തെ സിവിൽകോർട്ടു് ആക്ററിൽ കൂടുതൽ സബോർഡിനേററ് ജഡ്ജസ് കോടതികൾ ഉണ്ടാക്കാനുള്ള അധികാരം ഗവണ്മെൻറിനു കൊടുത്തിട്ടുണ്ടു്. അങ്ങനെ കൂടുതൽ കോടതികൾ ഉണ്ടാകുമ്പോൾ ആ കോടതികൾക്കു് അപ്പീലധികാരംകൂടി നൽകുന്ന ഒരു ഭേദഗതിയാണു് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നതു്. ആദ്യമായി ഞാൻ പറയുന്നതു് ഇതു് ഗൗരവമായി ആലോചിക്കേണ്ട ഒരു പ്രശ്നമാണു് എന്നാണു്. ഇന്നത്തെ കോടതികളുടെ ഘടനതന്നെ മാററണമെന്നു് കേന്ദ്രത്തിലെ ഹോംമിനിസ്റ്റർ അഭിപ്രായപ്പെട്ടിരിക്കുന്ന ഈ ഘട്ടത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ ഇതുവരെ ആളുകൾക്കു പരിചയമില്ലാതിരുന്ന ഒരു പുതിയതരം കോടതി കൂടി സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോ എന്നു് ഗാഢമായി ആലോചിക്കണം. 1951-ൽ സബോർഡിനേററ കോടതികൾ ഏർപ്പെടുത്തുന്ന കാര്യം ഇവിടെ പാസ്സാക്കിയെങ്കിലും ഇതുവരെ കൂടുതലായി ഒരു കോടതിയും ഉണ്ടാക്കിയിട്ടില്ല. ആ നിയമത്തിൽത്തന്നെ സബോർഡിനേററ കോടതികൾ ഉണ്ടാക്കുന്നതിനു് അധികാരം വച്ചതു് കൊച്ചിയിൽ ഒരു കോടതി ഉണ്ടായിരുന്നതു് ഉൾപ്പെടുത്തേണ്ടിവന്നതുകൊണ്ടാണു്. അതുപോലെതന്നെ 1951-നു ശേഷം നമ്മുടെ രാജ്യത്തു് വ്യവഹാരങ്ങൾ വർദ്ധിച്ചുവരികയാണോ എന്നും കാലതാമസം വർദ്ധമാനമായി വരുന്നുണ്ടോ എന്നും ആലോചിക്കണം. എൻെറ അനുഭവംവച്ചു പറയുകയാണെങ്കിൽ വ്യവഹാരങ്ങൾ കുറഞ്ഞുവരികയാണെന്നു പറയാം. ഹൈക്കോടതിയിലായാലും ജില്ലാക്കോടതികളിലായാലും നാലഞ്ചുകൊല്ലങ്ങളിലായി വ്യവഹാരങ്ങൾ തുടരെ കുറഞ്ഞുവരികയാണു്. നമ്മുടെ ലാൻഡ്ബിൽ പാസ്സായാൽ പിന്നെ വസ്തു ഒഴിപ്പിക്കേണ്ട ആവശ്യമില്ലാതെ വന്നാൽ വ്യവഹാരങ്ങൾ ഇനിയും വളരെ കുറയും. അങ്ങനെയിരിക്കുമ്പോൾ ഈ രാജ്യത്തു് കൂടുതലായി കോടതികൾ ഉണ്ടാക്കണമോ എന്നു് കാര്യമായി ആലോചിക്കേണ്ടതാണു്.

സബോർഡിനേററ് ജഡ്ജസ് കോടതികൾക്കു് അപ്പീൽഅധികാരം കൂടി കൊടുക്കണമെന്നു പറയുന്നതു് രണ്ടു കാരണങ്ങളെ അടിസ്ഥാനമാക്കിയാണു്. അസ്സൽ കേസുകൾ വിസ്തരിക്കുന്നതിനുള്ള അധികാരമാണു് ഈ ജഡ്ജിമാർക്കു് കൊടുക്കുന്നതെങ്കിൽ ഈ കോടതികൾക്കു് ആവശ്യമുള്ള കേസുകൾ കിട്ടുകയില്ല. മാത്രമല്ല, ഈ കോടതികൾക്കു് അപ്പീൽകേസുകൾ വിസ്തരിക്കുന്നതിനുള്ള അധികാരം കൊടുത്താൽ കക്ഷികൾക്കു് വളരെ സൗകര്യവും ഉണ്ടാകും. ഇന്നു ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നതു് ഇങ്ങനെയാണു്. ഒരു മുൻസിഫ്കോടതി കഴിഞ്ഞു് അപ്പീൽ കൊടുക്കണമെങ്കിൽ ജില്ലാക്കോടതിയിലാണു വേണ്ടതു്. ജില്ലാക്കോടതിയിൽ കൊടുത്തിട്ടു് അപ്പീൽ സബോർഡിനേററ് ജഡ്ജിക്കു് അയക്കണം. ജില്ലാക്കോടതിയിൽ അപ്പീൽകൊടുക്കുന്ന വൈഷമ്യവും ചെലവും കൂടി കക്ഷി വഹിക്കേണ്ടിവരുന്നു. അങ്ങനെ വ്യവഹാരങ്ങൾക്കു് ചെലവു വർദ്ധിപ്പിക്കുന്നതു നല്ലതാണോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടു് സബോർഡിനേററ കോടതിയിൽ നേരിട്ടു് അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അധികാരം കൊടുത്തുകൂടാ എന്നാണു് ഞാൻ ചോദിക്കുന്നതു്. മദ്രാസിൽ സബോർഡിനേററ് ജഡ്ജിമാർക്കുതന്നെ അപ്പീൽ സ്വീകരിക്കുന്നതിനധികാരം കൊടുത്തിട്ടുണ്ടു്. ജില്ലാക്കോടതികളും കൊടു

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

ത്തിട്ട് അതു് സബോർഡിനേററ് കോർട്ടിൽ അയക്കണമെന്നും ജില്ലാ ജഡ്ജിമാർക്ക് ആവശ്യം തോന്നുകയാണെങ്കിൽ പിൻവലിക്കാമെന്നും വച്ചിരിക്കുന്ന നടപടി ആവശ്യമില്ലാത്തതാണ്. ജില്ലാ കോടതിയെക്കാൾ താണ ഒരു കോടതിയാണ് സബോർഡിനേററ് കോടതിയെന്നു കരുതാൻ യാതൊരു കാരണവുമില്ല. ആ നിലയ്ക്കു് കക്ഷികളെ സഹായിക്കുന്നതിനും വ്യവഹാരങ്ങൾ എളുപ്പം തീരുന്നതിനും ഈ സബോർഡിനേററ കോടതികൾക്ക് നേരിട്ട് അപ്പീൽ സ്വീകരിക്കുന്നതിനും കേൾക്കുന്നതിനുമുള്ള അധികാരം കൊടുക്കുന്നതിൽ യാതൊരു തെററുമില്ലെന്നാണ് ഞാൻ പറയുന്നതു്. ഇന്നു നാം സ്വീകരിക്കാൻ പോകുന്ന നിയമം ഈ തരത്തിൽ മററു പ്രാവിൻസുകളിൽ എങ്ങും ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. അടുത്തപ്രദേശമായ മദ്രാസിൽ നേരിട്ട് സബോർഡിനേററ കോടതിക്ക് അപ്പീൽ കൊടുക്കാമെന്നാണ് വ്യവസ്ഥയുള്ളതു്. ഈ വക കാരണങ്ങളെ അടിസ്ഥാനമാക്കിയാണ് സെലക്ററുകമ്മിററിക്ക് അയക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നതു്. സാധാരണഗതിയിൽ സെലക്ററുകമ്മററിക്കു പോയാൽ ഈ ബില്ലിനകത്തു കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകളെ മാത്രമേ പരിശോധിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കയുള്ളു. എന്നാൽ ഈ നിയമസഭ നിർദ്ദേശിക്കുന്നപക്ഷം ഈ ബില്ലുകൊണ്ടു് അമെൻഡു ചെയ്യാൻ ഉദ്ദേശിക്കുന്ന സിവിൽകോർട്ടാക്ററിൽ ആവശ്യമായ ഭേദഗതികൾ സെലക്ററുകമ്മിററിക്കു വരുത്താവുന്നതാണ്. അങ്ങനെ സെലക്ററുകമ്മററിക്കയയ്ക്കുമ്പോൾ വളരെ അത്യാവശ്യമായി ഭേദപ്പെടുത്തേണ്ട ഒരു കാര്യം ഞാൻ നിർദ്ദേശിച്ചുകൊള്ളട്ടെ. തിരുവിതാംകൂർ-കൊച്ചിയിലുള്ള സ്മാൾകാസ് കേസുകൾ വിധിച്ചു കഴിഞ്ഞാൽ അപ്പീൽ അനുവദിച്ചിട്ടില്ലെങ്കിലും കീഴ്ക്കോടതി വിധി പരിശോധിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കു നൽകിയിരുന്നു. ഇപ്പോൾ അതെടുത്തുകളഞ്ഞിരിക്കയാണ്. ഇപ്പോൾ സ്മാൾകാസ് കേസുകളുടെ പരിധി 200 രൂപവരെയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ഒരു കേസിൽ തെററായ ഒരു വിധിയുണ്ടായാൽ അതു തിരുത്താനോ അതു പരിശോധിക്കാനോ ഉള്ള അധികാരം ഹൈക്കോടതിക്കു നൽകാത്ത ഒരു വ്യവസ്ഥയാണ് ഇന്നുള്ളതു്. ഈ രാജ്യത്തെ വ്യവഹാരങ്ങളെപ്പററിയും വിധികളെപ്പററിയും വളരെ നല്ലവണ്ണം അറിയാവുന്ന ചീഫ്മിനിസ്റ്ററോടു്, ആരു വിധിച്ചാലും തെററുവരാമെന്നു കരുതിയാണ് അപ്പീലുകൾ വച്ചിരിക്കുന്നതെന്നു് പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അങ്ങനെയുള്ള വിധിയിന്മേൽ പരിശോധന നടത്താൻ പാടില്ലാ എന്നു പറയുന്നതു് നീതിന്യായ നടത്തിപ്പിനു് ശരിയാണോ എന്നു് ആലോചിക്കണം. ഒരു പരിശോധനാധികാരമെങ്കിലും ഹൈക്കോടതിക്കു കൊടുത്തില്ലെങ്കിൽ നീതിന്യായം ശരിയായി നടക്കുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. സെലക്ററുകമ്മററിക്കു് ഈ ബിൽ അയക്കാനാണ് ചീഫ്മിനിസ്റ്റർ ആഗ്രഹിക്കുന്നതെങ്കിൽ ഈ കാര്യങ്ങൾകൂടി ആലോചിക്കുന്നതിനു് സെലക്ററുകമ്മററിക്കു് നിർദ്ദേശം കൊടുക്കണമെന്നാണ് ഞാനാവശ്യപ്പെടുന്നതു്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അമെൻഡുമെൻറു ബിൽ സെലക്ററുകമ്മററിക്കു് അയക്കേണ്ടതാ

ണെ നമ്മുടെ അഭിപ്രായത്തോട് ഞാൻ യോജിച്ചുകൊള്ളുന്നു. സിവിൽ കോർട്ട്സ് ആക്റ്റ് അമെൻഡു ചെയ്യുന്ന അവസരത്തിൽ സമഗ്രമായി ആ ആക്റ്റ് ഏതു തരത്തിൽ അമെൻഡുചെയ്യണമെന്ന് ആലോചിക്കേണ്ടതാണ്. 1951-ൽ ഉണ്ടാക്കിയ സിവിൽകോർട്ട്സ് ആക്റ്റ് 1952-ൽ അമെൻഡുചെയ്തു. സ്മാൾകാസ് ജൂറിസ്ഡിക്ഷൻ മുൻസിഫ് കോടതിയുടെ Pecuniary Jurisdiction-നും വർദ്ധിപ്പിക്കുന്നതിനാണ് അമെൻഡു ചെയ്തതു്. അങ്ങനെ ചില്ലറ കാര്യങ്ങൾക്ക് അമെൻഡുമെന്റ് വരുത്താതെ ഇന്ന് നീതിന്യായം നടത്തിപ്പ് എങ്ങനെയിരിക്കുന്നുവെന്നും ഈ രാജ്യത്തുള്ള ആളുകളെ അതെങ്ങനെ ബാധിക്കുന്നു എന്നുമുള്ള കാര്യങ്ങളെപ്പററി ഒരു സെലക്റ്റുകമ്മിററി ശരിയായ രീതിയിൽ പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകേണ്ടതു് ആവശ്യമാണ്. സബോർഡിനേററ് ജഡ്ജസ് കോടതി എന്നുള്ള സ്ഥാപനം തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ല. കൊച്ചിയിൽ അങ്ങനെ ഉണ്ട്. തിരുവിതാംകൂർ-കൊച്ചി സിവിൽകോർട്ട്സ് ആക്റ്റ് വന്നപ്പോഴാണ് ഇവിടെയും അതാകാമെന്നുവന്നതു്. മദ്രാസിൽ സബോർഡിനേററ് ജഡ്ജസ് കോർട്ടുകൾ ഉണ്ട്. ബോംബെയിലാണെങ്കിൽ മുൻസിഫ്സ് കോടതികളില്ല. അവിടെ ഡിസ്ട്രിക്റ്റുകോർട്ടുകളാണുള്ളതു്. അതുപോലെതന്നെ ഒന്നാം ക്ലാസ്സും രണ്ടാംക്ലാസ്സും സബോർഡിനേററ് ജഡ്ജികളുമുണ്ട്. തിരുവിതാംകൂറിൽ ഡിസ്ട്രിക്റ്റുകോടതിയും മുൻസിഫ്കോടതിയുമാണുള്ളതു്. മുൻസിഫ് കോടതികളെ സംബന്ധിച്ചിടത്തോളം 1952-53-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു നോക്കുകയാണെങ്കിൽ സ്മാൾകാസ് കേസുകൾ കൂടിയിട്ടുണ്ടെന്നും മററു കേസുകൾ കുറഞ്ഞിട്ടുണ്ടെന്നും കാണാൻ കഴിയും. 200 രൂപവരെ മുൻസഫിനും 500 രൂപവരെ ജില്ലാജഡ്ജിക്കും സ്മാൾകാസ് കേസുകൾ കേൾക്കാമെന്നുണ്ട്. ചില്ലറ പണമിടപാടുകൾ കൊണ്ടുണ്ടാകുന്ന വ്യവഹാരങ്ങളുടെ സംഖ്യ വർദ്ധിച്ചുവരുന്ന ഈ സന്ദർഭത്തിൽ സ്മാൾകാസ് കോടതികൾ സ്ഥാപിക്കേണ്ടതു് ആവശ്യമാണെന്ന് ഞാൻ പറയുന്നു. മദ്രാസിലും മററും പ്രൊവിൻഷ്യൽ സ്മാൾകാസ് കോർട്ട് ആക്റ്റുണ്ട്. ഇവിടെ അങ്ങനെ ഒരു നിയമമില്ല. സിവിൽ കോർട്ട് ആക്റ്റിൽ അങ്ങനെയുള്ള കോടതികളുണ്ടാകാൻ വ്യവസ്ഥയുണ്ട്. സ്മാൾകാസ് കേസുകൾ വർദ്ധിച്ചുവരുന്ന അവസരത്തിൽ സ്മാൾകാസ് കോടതികൾ പ്രത്യേകം ഉണ്ടാക്കുന്നതു് നന്നായിരിക്കുമെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. എ. താണുപിള്ള: ഈ ബിൽ സബോർഡിനേററ് ജഡ്ജിമാരെ സംബന്ധിച്ചു മാത്രമുള്ളതാണ്. അല്ലാതെ സിവിൽകോർട്ട്സ് ആക്റ്റ് ആകപ്പാടെ ഭേദഗതി ചെയ്യുന്നതിനുള്ളതല്ല. അതുകൊണ്ട് ഇതിനെ അങ്ങനെ പരിമിതപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്. സിവിൽകോടതി ആക്റ്റ് മുഴുവൻ ഭേദഗതി ചെയ്യണമെന്ന ആലോചനയ്ക്കു കാര്യമില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സെലക്റ്റുകമ്മിററിക്ക് ഈ ബിൽ അയക്കുന്നെങ്കിൽ സിവിൽകോർട്ടുകാക്റ്റ് സമഗ്രമായി പരിശോധിച്ച് വേണ്ട ഭേദഗതികൾ ചെയ്യാവുന്ന അവസരമാണിതു്. അങ്ങനെ ഒരു നിർദ്ദേശത്തോടുകൂടി സഭ സെലക്റ്റുകമ്മിററിക്ക് അയക്കുകയാണെങ്കിൽ ഇന്നു നിലവിലുള്ള കോടതികളുടെ ഘടനയെ സംബന്ധിച്ചും മററും

[ശ്രീ. എൻ. പരമേശ്വരൻ പിള്ള]

വേണ്ട ഭേദഗതികൾ വരുത്തുന്നതിന് ഇതു സെലക്റ്റ്കമ്മിറ്റിക്ക് വിടുകയും. മുൻസിഫ് കോടതികൾക്കുള്ള അധികാരം 3000 രൂപ വരെയാണ് വച്ചിട്ടുള്ളത്. മദ്രാസിൽ 5000 രൂപയും ബോംബെയിൽ 7500 രൂപയും വരെ അധികാരമെന്നുണ്ട്. ഇവിടെയും ഒരു 7500 രൂ. വരെ ആക്കുന്നതിൽ തെറ്റില്ല. സബോർഡിനേറ്റ് ജഡ്ജസിന് അപ്പീലധികാരം കൊടുക്കുകയാണെങ്കിൽ ജില്ലാ ജഡ്ജിമാരുടെ ജോലി വേഗം തീർക്കാൻ കഴിയും. എന്നാൽ അവിടെ കേസുകൾ കുറയുന്നതിന് മുൻസിഫ് കോടതിയുടെ അധികാരപരിധി ഒരു 7500 രൂപ വരെ വർദ്ധിപ്പിക്കുന്നതിൽ തെറ്റില്ല. അങ്ങനെ വരുമ്പോൾ ജില്ലാക്കോർട്ടിൽ ഒറിജിനൽ സ്യൂട്ടുകൾ കുറയും. അപ്രകാരം പിക്യൂനിയറി ജൂറിസ്ഡിക്ഷൻ വർദ്ധിപ്പിച്ചാൽ ഇവിടെ സബോർഡിനേറ്റ് ജഡ്ജസ് കോർട്ടിന്റെ ആവശ്യം വരികയില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ സബോർഡിനേറ്റ് ജഡ്ജസ് കോടതികൾ സ്ഥാപിക്കുന്നതുകൊണ്ട് പുതിയതായി വരുന്ന വിശേഷം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ ഡിസ്ട്രിക്റ്റ് കോടതികളും മുൻസിഫ്സ് കോടതികളുമുണ്ട്. ഇതിനിടക്ക് സബോർഡിനേറ്റ് കോടതികൾ ഉണ്ടാക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കേസുകളുടെ തീരുമാനത്തിന് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് ഒറിജിനൽ ജൂറിസ്ഡിക്ഷനിൽ ഭേദഗതി വരുത്തിയാൽ മതിയാകുമെന്നാണ് തോന്നുന്നത്. ഇവിടെ ഒറിജിനൽ ജൂറിസ്ഡിക്ഷനിൽപ്പെട്ട കേസുകൾ തീരുമാനിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇവിടെ ചില നിബന്ധനകൾ ഉണ്ട്. ഇത്ര കേസുകൾ തീർക്കണം അതിന്റെ കാലാവധി ഇത്രയായിരിക്കണം എന്നും മറ്റും ഉണ്ട്. അതുകൊണ്ട് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം കേസുകൾ തീരുമാനിക്കുന്നതിന് കാലവിളംബം ഉണ്ടാകാൻ പാടില്ലായെന്നുള്ള ആശയത്തോട് ഞാൻ യോജിക്കുന്നു. എന്നാൽ സാധാരണക്കാർക്ക് നീതി നിഷേധിക്കുന്ന സമ്പ്രദായം മാറ്റേണ്ടതാണ്. ഇങ്ങനെയുള്ള നിബന്ധനകൾ കർശനമായി പ്രയോഗത്തിൽ വരുത്തുന്നപക്ഷം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പലപ്പോഴും നീതി നിഷേധിക്കപ്പെടുവാൻ ഇടവരും. ഒരു കോടതി നീതി നിഷേധിച്ചാൽ ഉടനെ അപ്പീൽ കൊടുക്കുവാൻ എല്ലാവർക്കും ഒക്കുകയില്ല. ഇംഗ്ലണ്ടിലാണെങ്കിൽ അതിലേയ്ക്ക് ലീഗൽ എയിഡ് സൊസൈറ്റീസ് ഉണ്ട്. നിർദ്ധനന്മാരായ ആളുകൾക്ക് അപ്പീൽ കൊടുക്കുവാനും മറ്റും അവിടെ സ്ഥാപനങ്ങൾ ഉണ്ട്. നമുക്ക് ഇനിയും അതു ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ ഈ ബില്ല് സെലക്റ്റ്കമ്മിറ്റിക്ക് അയക്കേണ്ടതാണെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ എ. താണുപിള്ള: സർ, ഇതു സെലക്റ്റ്കമ്മിറ്റിക്ക് അയക്കുന്നതിന് എനിക്ക് വിരോധമില്ല. കേസുകൾ എളുപ്പം തീരണമെന്നേയുള്ളു. സ്മാൾകാസ് കേസുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ 1951-ലാണ് സിവിൽകോർട്ട്സിനെപ്പറ്റിയുള്ള നിയമം ഇവിടെ പാസ്സായത്. ഇൻഡ്യൻ സിവിൽകോർട്ടു നിയമത്തെ അടിസ്ഥാനമാക്കിയാണ് അതു പാസ്സാക്കിയിട്ടുള്ളത്. ഇതു ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നതു ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതിലേയ്ക്ക് പ്രത്യേകം ഒരു ബില്ല് കൊണ്ടുവരേണ്ടതാണ്. താഴെപ്പറയുന്ന

അംഗങ്ങളടങ്ങിയ ഒരു സെലക്റ്റ്കമ്മിററിക്ക് ഉടൻ അയക്കേണ്ടതാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, അങ്ങനെ സെലക്റ്റ്കമ്മിററിക്ക് അയക്കുമ്പോൾ ഞാൻ പറഞ്ഞ കാര്യത്തെക്കൂടി ആലോചിക്കേണ്ടതാണെന്ന് ഒരു ഡയറക്ഷൻകൂടി കൊടുത്താൽകൊള്ളാം. ഞാൻ അഭിപ്രായപ്പെട്ടത് ഒരു പുതിയ ജൂറിസ് ഡിക്ഷൻ അല്ല. മുൻപുണ്ടായിരുന്ന ഒരു ജൂറിസ് ഡിക്ഷനാണ്. അത് അപകടമല്ലെന്നു കണ്ടാൽ, മുഖ്യമന്ത്രിക്കു വിരോധമില്ലെങ്കിൽ സെലക്റ്റ്കമ്മിററിക്ക് അതേപ്പററി ആലോചിക്കുവാൻ നിർദ്ദേശം കൊടുക്കേണ്ടതാണ്. സ്മാൾകാസ് റിവിഷനൽ ജൂറിസ് ഡിക്ഷൻ എടുത്തുകളയണമോ വേണ്ടയോ എന്നുള്ളതിനെപ്പററിയാണ് ആലോചിക്കേണ്ടത്.

ശ്രീ. എ. താണുപിള്ള: ഈ സഭയ്ക്ക് അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ എനിക്കു വിരോധമില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സിവിൽകോർട്ട് ആക്ററിൽ ഭേദഗതി വരുത്തണമെന്നാണോ ശ്രീ. കളത്തിൽ വേലായുധൻ നായരുടെ അഭിപ്രായം?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല. ഈ ബില്ലിൽതന്നെ ഭേദഗതി വരുത്തണമെന്നാണ്.

Shri Panampilli Govinda Menon: The Chief Minister has agreed that a direction may be given to the Select Committee that the point raised by the hon. Member Shri Kalathil Velayudhan Nair may be considered by the Committee.

ശ്രീ. എ. താണുപിള്ള: ഞാൻ അതിനെ എതിർക്കുന്നില്ല. വിപുലമായ അർത്ഥത്തിൽ നോക്കുമ്പോൾ അത് ഈ ബില്ലിൽ വരുന്ന ഒന്നല്ല. പിന്നെ സഭയുടെ നിർദ്ദേശം പോലെയിരിക്കും.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഡയറക്ഷൻ കൊടുക്കണമെന്നു പറഞ്ഞു. എന്നാൽ എന്താണ് ഡയറക്ഷൻ എന്നു പറഞ്ഞില്ല.

Mr. Speaker: The direction which has been placed before the House by the hon. Member.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഇവിടെ രണ്ടു ഡയറക്ഷൻ വന്നിട്ടുണ്ട്. ഒന്ന് കളത്തിൽ വേലായുധൻനായരുടേയും മററൊന്ന് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻേറയും. വേലായുധൻ നായർ പറയുന്നത് സിവിൽകോർട്ട് ബില്ല ഭേദഗതി ചെയ്യണം എന്നാണ്. പനമ്പിള്ളി പറയുന്നത് ഇങ്ങനെ ഒരു ഭേദഗതിതന്നെ വേണമോ വേണ്ടയോ എന്ന് ആലോചിക്കണമെന്നാണ്.

ശ്രീ. എ. താണുപിള്ള: ഞാൻ മനസ്സിലാക്കുന്നത്, സ്മാൾകാസ് കേസുകളിലുള്ള വിധിയിന്മേൽ അപ്പീലോ പരിശോധനയോ ചെയ്യത്തക്കവണ്ണം വേണ്ട വിധത്തിൽ ആലോചിക്കുവാൻകൂടി സെലക്റ്റ കമ്മിററിയെ ചുമതലപ്പെടുത്തണമെന്നാണ്.

Mr. Speaker: The question is that the Travancore-Cochin Civil Courts (Amendment) Bill be referred to a Select Committee consisting of the following members:

Shri Kalathil Velayudhan Nair,

Shri N. Parameswaran Pillai,

Shri T. K. Divakaran,

Shri K. C. George,

Shri P. Viswambaran,

Shri K. Karunakaran, with direction to consider the point raised by the hon. Member Shri Kalathil Velayudhan Nair. The quorum shall be four and the bill be reported in due course.

The motion was put and carried.

TRAVANCORE-COCHIN LAND TAX BILL.

Minister for Finance (**Shri P. S. Nataraja Pillai**): Sir, I beg to move the Travancore-Cochin Land Tax Bill.

Minister for Works and Transport (**Shri A. Achuthan**): I second it.

Shri P. S. Nataraja Pillai: Sir, I move that the Bill may be taken up for consideration. In doing so, I will just explain the scope of the Bill. The Bill is intended just to extend the basic tax which is prevalent in Travancore to Cochin area. The estimated land revenue in the Cochin area under the system in force now is Rs. 11·3 lakhs for 1954-55. When basic tax is extended to Cochin, it is estimated that there will be a fall in revenue to the tune of Rs. 3·3 lakhs. These are the financial effects of the Bill. The Bill is almost a repetition of the Travancore Land Tax Act. But in the Travancore Act, section 6 makes certain exemptions; these are omitted in the new Bill. Section 6 of the Travancore Act says:

> "This proclamation is not applicable to the following classes of lands, Sripandaravaka, kandukrishi, Sripadam lands, and free-hold tenures of the Edavakas of Edapally, Kilimanoor, Vanjipuzha and Poonjar."

This provision has been omitted in the new Bill which I have introduced here, because these lands have been taken out of the purview of the Bill and are being dealt with in another Bill which I propose to move, namely, the Special Rights in Lands Abolition Bill. That Bill deals with the lands which I have mentioned just now. Otherwise, the new Bill is but a repetition of the existing Act.

The Bill is expected to come into operation only from April 1955. Before then this House will be able to consider the Special Rights in Lands Abolition Bill. Further if any difficulty is felt, we can move an amendment if necessary. Even without that, there are provisions in the Bill which will remove any difficulty. Clause 7, for instance, provides that "Government can, by notification, exempt certain classes of land." For example it will

not apply to lands leased by Government or any class of land which Government may, by notification, either wholly or partially, exempt from the provisions of the Act. These residual powers already exist in the Bill. In case necessity arises, we can make use of them. Of course, I do not anticipate that such necessity would arise. What I feel is that before this Bill comes into operation the other Bill, namely, the Special Rights in Land Abolition Bill, will have come into force.

Sir, the integration of the two States took place years ago and ever since then, this matter has been under the consideration of this Government and of the Travancore-Cochin Legislative Assembly. A Bill on the very same lines as this was introduced in this House. It went through up to the stage of Select Committee and then by lapse of time and other situations which arose in the country, it could not be further proceeded with and could not become law. We have enforced the Agricultural Incometax in Cochin area. They do not get any substantial relief as Travancoreans have fixed basic tax. The real reason or the justification for imposing agricultural incometax in a country like ours is that we have abolished settlement tax which is based on the net income of the land-holder. The net income of a land holder is being sought to be taxed by income tax. As long as that tax also is being paid, it will not be in conformity with the principles of equity to charge a section of the Travancore-Cochin State citizens with the settlement tax which is based upon the net yield from the land and at the same time taxing the net income from land as agricultural income tax. So, that kind of inequality should, I think, not be allowed to continue further.

With these words, I request the House to pass the Bill.

ശ്രീ. കെ കരുണാകരൻ: സർ, ഈ ബില്ലിനെ അനുകൂലിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ബിൽ സെലക്ട് കമ്മിററിക്കയക്കാതെ ഈ സെഷനിൽതന്നെ പാസ്സാക്കാൻ തീരുമാനിച്ചതിലും വളരെ അധികം സന്തോഷമുണ്ട്. ഇന്നലെ ഞങ്ങളുടെ നേതാവു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസ്താവിച്ചതുപോലെ ഈ ബില്ല് രണ്ടു തവണ ഈ സഭയിൽ വന്നിട്ടും അതിനൊരു രൂപം കൊള്ളാതെ അതിനുള്ള സൗകര്യം നഷ്ടപ്പെടുകയാണുണ്ടായത്. 1952-ൽ തന്നെ ഈ ബിൽ സെലക്ററ് കമ്മററിയിൽ അയച്ച അവസരത്തിൽ ദൗർഭാഗ്യവശാൽ ഞങ്ങളിൽ കുറെ അംഗങ്ങൾ സഭയിൽ നിന്നും രാജിവച്ചുപോകുകയും ശ്രീമാൻ ബാലകൃഷ്ണമേനോൻ ഈ ബിൽ കൊച്ചി പ്രദേശത്തേയ്ക്കു കൂടി നീട്ടുന്നതിനെ എതിർക്കുകയും ചെയ്തു.

Shri P. S. Nataraja Pillai: On a point of explanation, Sir. I was a member of the Select Committee. Mr. Balakrishna Menon was also a member of the Select Committee and the hon. Leader of the Opposition was also in the Select Committee. Mr. Balakrishna Menon did not specifically oppose the Bill being extended to the Cochin area. He pointed out certain difficulties and I pointed out certain other difficulties. We

wanted to have the whole position clarified and the leader of the Opposition who was the Chairman of the Committee, was trying to solve them.

Shri Panampilli Govinda Menon: That is in respect of the second Select Committee, not with reference to the first Select Committee.

ശ്രീ. കെ. കരുണാകരൻ: അദ്ദേഹം എതിർക്കുന്നതിനുണ്ടായിരുന്ന കാരണം ഞാൻ ധരിക്കുന്നതു് അദ്ദേഹത്തിന്റെ ആ പ്രദേശത്തു അതായതു തലപ്പിള്ളി താലൂക്കിൽ ഏതാനും ആളുകൾക്കു് പറമ്പിനുള്ള നികുതി കുറവാണു്. ആ ആളുകളെ മാത്രം ബാധിക്കരുതെന്നുള്ളതുകൊണ്ടാണു് അതിനെ എതിർത്തിട്ടുള്ളതു്. ഈ ബില്ലു് സെലക്റ്റ് കമ്മിറ്റിക്കു പോയി അവിടെ ഏതെങ്കിലും ആപത്തു വരാതെ ഈ സെഷനിൽതന്നെ പാസ്സാക്കാൻ ഉദ്ദേശിക്കുന്നതു വളരെ ഉചിതമായിട്ടുണ്ടു്. കൊച്ചീവിഭാഗത്തുള്ളവർ കഴിഞ്ഞ നാലു കൊല്ലമായി അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. ഉടനെതന്നെ ആ നഷ്ടത്തിനു പരിഹാരം ഉണ്ടാക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. കൊച്ചീവിഭാഗത്തിലുള്ള കർഷകർക്കു് ഇതൊരനുഗ്രഹമാണു്. ഇതു് ഈ സെഷനിൽ തന്നെ പാസ്സാക്കി നിയമമാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. പി. മേനോൻ: മുഖ്യമന്ത്രിയുടെ അനുഗ്രഹത്തോടുകൂടി പി. എസ്സ്. പി. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിക്കുന്ന ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. പി. എസ്സ്. പി. ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ ബില്ലിനെ അനുകൂലിക്കുവാൻ സാധിച്ചതിൽ പ്രത്യേകം സന്തോഷമുണ്ടു്. കൊച്ചിയുടെ ചില പ്രദേശങ്ങളിൽ, പ്രത്യേകിച്ചും തലപ്പിള്ളി താലൂക്കിൽ, ഇന്നു നിലവിലുള്ള ഭൂനികുതി, ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതിലും കുറവാണു്. അതു കൂട്ടാതിരിക്കണം. 7-ാം വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ചു് അത്തരം പ്രദേശങ്ങളെ അടിസ്ഥാനനികുതിയുടെ വ്യാപ്തിയിൽ നിന്നൊഴിവാക്കണമെന്നോർമ്മിപ്പിച്ചുകൊണ്ടു് ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. എ. താണുപിള്ള: അപ്പോൾ നിലങ്ങൾക്കു് കരം വളരെ കുറയുകയില്ലേ എന്നാണു് എനിക്കു് തോന്നുന്നതു്.

ശ്രീ. എം. പി. മേനോൻ: ഉള്ളതു കൂട്ടാതിരിക്കുകയാണു് വേണ്ടതു്. കുറയ്ക്കുന്നതിൽ തെറ്റില്ല. ഭൂനികുതി ക്രമേണ ഇല്ലായ്മ ചെയ്യുക എന്നതായിരിക്കണം പുരോഗമനപരമായ ഒരു നയം.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു എന്നു പറഞ്ഞാൽ ബില്ലിന്റെ അടിസ്ഥാനതത്വത്തോടു് അനുകൂലിക്കുന്നു. അടിസ്ഥാനനികുതി കൊച്ചിയിലേയ്ക്കു് വ്യാപിക്കുന്ന തത്വത്തോടു് അനുകൂലിക്കുകയും അതിൽ ആഹ്ലാദിക്കുകയും ചെയ്യുന്നു. ഇതു് ഇതിനുമുമ്പു് നടക്കേണ്ടതായിരുന്നു. എന്നാൽ ഈ ബില്ലു് ഇതുപടി ഈ അസംബ്ലിയിൽ തന്നെ പാസ്സാക്കണമെന്നുള്ള അഭിപ്രായത്തോടു് ഞാൻ അനുകൂലിക്കുന്നില്ല. ഈ ബില്ലിൽ പല ക്ലാസ്സുകളും ഭേദപ്പെടുത്തേണ്ടതുണ്ടു്, എടുത്തുകളയേണ്ടതുണ്ടു്. അതിനാൽ ഈ ബില്ലു് സെലക്റ്റ് കമ്മിറ്റിക്കു വിടണം എന്ന ഒരു ഭേദഗതി ഞാനവതരിപ്പിക്കുന്നു. ഈ ഭേദഗതി ഈ ബില്ലു് നീട്ടുന്നതിനുള്ള അടവായിട്ടു് വ്യാഖ്യാനിക്കരുതു്.

കാരണം, ഈ ബില്ല് പാസ്സായാലും നടപ്പിൽ വരുന്നതു് വരുന്ന 1955 ഏപ്രിൽ 1-നു് ആണെന്നു വ്യക്തമാക്കിയിട്ടുണ്ടു്. അതുകൊണ്ടു് ഈ ബിൽ ഒരു സെലക്റ്റ് കമ്മിററിക്കു് വച്ചു് വരുന്ന സെഷനുമുമ്പു് റിപ്പോർട്ടു വരുത്തണം.

സർ, പി. എസ്. പി. ഗവണ്മെന്റ് ഈ ബില്ലിനോടൊപ്പം ഒരു കെട്ടു് കാർഷിക നിയമങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുവാൻ പോകുന്നുണ്ടു്. ഇതിന്റെയെല്ലാം അടിസ്ഥാനം, കൃഷിക്കാർക്കു് തെല്ലെങ്കിലും ആശ്വാസം കൊടുക്കുന്നതിനാണെങ്കിൽ, ഈ ബില്ലു് ഇങ്ങനെ പാസ്സാക്കിയാൽ ഫലം വിപരീതമായിരിക്കും. ഇതിൽത്തന്നെ കൊച്ചി ദേവസ്വങ്ങളെ സംബന്ധിക്കുന്ന ക്ലാസ്സു്, ശ്രീപാദം, മററു വസ്തുക്കളെ സംബന്ധിക്കുന്ന ക്ലാസ്സുകൾ ഇതെല്ലാം ഇന്നു് കൃഷിക്കാരൻ ജന്മിക്കു് കൊടുക്കുന്ന ഭോഗത്തെ സംപൂർണ്ണമേ അടിസ്ഥാനനികുതികൂട്ടി കൊടുക്കണമെന്നു് വ്യവസ്ഥ ചെയ്തിരിക്കുകയാണു്. അതുകൊണ്ടു് ഗുണം ജന്മിക്കും, കൃഷിക്കാരനു് ഇരട്ടി ടാക്സും ആണു്. ഈ സംഖ്യ കൊടുക്കുവാൻ കൃഷിക്കാരനു് നിവൃത്തിയില്ലാത്ത സ്ഥിതി ഉണ്ടെന്നു് കാണിക്കുവാൻ ഒരു ഉദാഹരണം ഞാൻ പറയാം. മാവേലിക്കര താലൂക്കിൽ ദേശമംഗലം പകുതിയിൽ അകവൂർമന വസ്തുക്കളിലെ കുടിയാന്മാർ കഴിഞ്ഞ കൊല്ലമായി ബേസിക് ടാക്സു് കൊടുക്കുവാൻ നിവൃത്തിയില്ലാതെ നിരവധി പ്രക്ഷോഭണം കൂട്ടി ബേസിക് ടാക്സ് കളക്ഷൻ സ്റ്റേ ചെയ്യിരിക്കുകയായിരുന്നു. എന്നാൽ ഈ നിയമപ്രകാരം ഗവണ്മെന്റ് പിന്നേയും കുടിയാനവനിൽ നിന്നു് ഈ ടാക്സു് പിരിക്കുവാൻ അവകാശം കൊടുക്കുകയാണു്. കുടിയാനവനു് പ്രൊപ്രൈററി റൈററു് കിട്ടുമ്പോൾ ബേസിക് ടാക്സു് കൊടുക്കേണ്ടതു് കുടിയാനവൻതന്നെയാണു്. പക്ഷെ, ആ ടാക്സു് ജന്മിക്കരത്തിൽ നിന്നു് ഇളവു ചെയ്യുവാൻ ഇടപാടുണ്ടായിരിക്കണം. ആയതിനാൽ എന്റെ ഈ ഭേദഗതി എല്ലാ അംഗങ്ങളും അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഡബിൾ ടാക്സു് അനാമലിയിൽ നിന്നു് കൃഷിക്കാരെ രക്ഷപ്പെടുത്തുന്നതിനാണു് എന്റെ ഭേദഗതി അവതരിപ്പിക്കുന്നതു്.

ശ്രീ. എം. എം. മത്തായി: ഒരു പ്രത്യേക സ്ഥലവിഭാഗത്തിൽ നിന്നും വന്നിരിക്കുന്ന ഒരു മെംബറാണു് ഞാൻ. ഈ ബിൽ ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിസഭയോടു ഞാൻ അനുകൂലിക്കയും ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കുകയും ചെയ്യുന്നു. സർ, ദീർഘകാലമായി ഞാൻ പ്രതിനിധീകരിക്കുന്ന കല്ലുപ്പാറ പ്രദേശത്തുള്ള ആളുകൾ ഭൂനികുതികൊടുക്കുന്ന കാര്യത്തിൽ അനേകകാലമായി അവശതകൾ അനുഭവിച്ചുവരുന്നു. ആ കാര്യത്തെ സംബന്ധിച്ചു് ഈ സഭയിൽ വന്നിട്ടുള്ള മെംബറന്മാരെല്ലാം ആക്ഷേപങ്ങളും ആരോപണങ്ങളും ഇതിനു മുൻപു് നിലവിലിരുന്ന ഗവണ്മെന്റിൽ വച്ചിട്ടുള്ളതാണു്. പക്ഷേ, ഇതുവരെ യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഇടപ്പള്ളി സ്വരൂപത്തിലെ വക കല്ലുപ്പാറപകുതിയെ സംബന്ധിച്ചിടത്തോളം ഇന്നും കൂട്ടയിലും ചാക്കിലുമായിട്ടാണു് ഞങ്ങൾ കരം കൊടുത്തുകൊണ്ടിരിക്കുന്നതു്. അങ്ങിനെയുള്ള ഒരു നിലയാണു് അവിടെയുള്ളതു്. അതനുസരിച്ചു് ഈരം നെൽക്കരത്തിലേയ്ക്കു് ഇന്നു് അവിടങ്ങളിൽ ഒരേക്കർ ഭൂമിക്കു് 25 രൂപ വരെ കരമുള്ള ഭൂമി കല്ലുപ്പാറപ്രദേശത്തുണ്ടു്. ഒരേക്കർ ഭൂമിക്കു് 2 രൂപയും 3 രൂപയും അതോടൊപ്പം 10-ം 12-ം പറ നെല്ലും കൊടുക്കണം. അതു പിരിക്കാൻ വരുന്നതുതന്നെ രാക്ഷസനെപ്പോലെയുള്ള ഒരു മാസ

[ശ്രീ. എം. എം. മത്തായി]

പ്പടിക്കാരനാണ്. അയാൾ പറമ്പിൽ ചാക്കുമായി അങ്ങിനെയിരിക്കുന്നതു് നാം ഒന്നു കാണേണ്ടതാണ്. ഇന്നു ജനങ്ങൾക്കു് സർക്കാരിനെ ഭയമില്ല. സർക്കാരിന്റെ പോലീസിനെ ഭയമില്ല. എന്നാൽ ഒരു പകുതി പാർവ്വത്യക്കാരനേയും അയാളുടെ മാസപ്പടിയേയും ഞങ്ങളുടെ സ്ഥലത്തു എല്ലാവർക്കും വലിയ ഭയമാണ്. കരം കൊടുക്കുന്നതു പോരാ അവർക്കും നെല്ലും കൊടുക്കണം. വളരെ നാളത്തെ പ്രക്ഷോഭണത്തിന്റെ ഫലമായി ഒടുവിൽ നെല്ലിനു പകരം അതിനുള്ള വില കൊടുത്താൽ മതി എന്നു വന്നു. ആ നെല്ലിനു വില നിശ്ചയിക്കുന്നതു് ഈ എട്ടു രൂപ ശമ്പളമുള്ള പാർവത്യകാരനു തോന്നുന്നവിധത്തിലുള്ള വിലയാണ് ഇപ്പോഴും കൊടുക്കുന്നതു്. അവിടത്തെ പാർവ്വത്യകാരന്മാരുടെ ശമ്പളം ഒന്നു പ്രത്യേകമാണ്. അതു സംബന്ധിച്ചു് അവിടെ വളരെ പരാതികളുണ്ടായാലും ആരോടാണ് പരാതി പറയുന്നതു്. ഇടപ്പള്ളിയിൽ ഒരു രാജാവുണ്ടു്. ഞങ്ങൾ ആ രാജാവിനെ കാണാൻ പോയിട്ടുണ്ടു്. ഒരിക്കൽ പഴയ നിയമസഭയിലെ മെമ്പറായിരുന്ന ശ്രീ. ഓ. സി. നൈനാനും അദ്ദേഹത്തിന്റെകൂടെ മററു ചിലരുമായി ഒരു ഡെപ്യൂട്ടേഷൻ പോയി. തിരുമേനിയെ ഒന്നു കാണുന്നതിനായി വിവരം അറിയിച്ചപ്പോൾ കൊട്ടാരത്തിന്റെ രണ്ടാമത്തെ നിലയിൽ അദ്ദേഹം വെറും കൗപീനധാരിയായി വന്നുനിന്നു. ഡെപ്യൂട്ടേഷൻ എന്നു പറഞ്ഞപ്പോൾ രാജാവു് രാമനെ വിളിച്ചു “എടാ! രാമാ! എന്താണ് ഡെപ്യൂട്ടേഷൻ എന്നു പറഞ്ഞാൽ” എന്നു ചോദിക്കുകയും രാമനെ വിളിച്ചു് എടാ, രാമാ! എല്ലാവരോടും പറ പോകാൻ, എല്ലാം അറിഞ്ഞിട്ടുണ്ടു്” എന്നു പറഞ്ഞു. അങ്ങനെയുള്ള തിരുമേനിയുടെ പ്രജകളായിട്ടാണ് ഞങ്ങൾ കഴിഞ്ഞുകൂടുന്നതു്.

Mr. Speaker: The hon. Member will confine his speech to the Bill.

Shri M. M. Mathai: Yes, Sir. എനിക്കുതന്നെ ഇതെല്ലാം അനുഭവമുണ്ടു് സർ. ഞാൻ ഏക്കറിനു് 19½ രൂപ കരം കൊടുക്കുന്നു. അതുകൊണ്ടു് ഇങ്ങനെ ഒരു നിയമം വന്നെങ്കിൽ വസ്തു ഉടമസ്ഥന്മാർക്കു് കുറെ ആശ്വാസം ലഭിക്കുമായിരുന്നു. കല്ലൂപ്പാറ പകുതിപോലെ ഇത്ര അധികം നികുതി കൊടുക്കുന്ന സ്ഥലം വേറെ എവിടെയെങ്കിലുമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഞങ്ങൾ നെല്ലും പണവും കരമായി കൊടുക്കണം. അതു് എല്ലാ ആണ്ടിലും ഒരുപോലെ കരം കൊടുക്കണം.

ശ്രീ. ആർ. പ്രകാശം: ഇതു് ഇടപ്പള്ളി സ്വരൂപത്തെ ബാധിക്കുന്ന ഒരു കാര്യമാണെന്നു പറയുന്നു. അതെല്ലാം ഈ ബില്ലിൽ ഒഴിവാക്കിക്കൊണ്ടുള്ളതാണെന്നു് ഇവിടെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി: അതിനായിട്ടാണ് ഈ ബിൽ ഉടനെ നടപ്പിലാക്കണമെന്നും അതോടൊപ്പം Special Rights in Lands Abolition Bill കൂടി ഇതോടൊപ്പം പാസാക്കണമെന്നും ഞാൻ പറയുന്നതു്. ഇതു മാത്രം പാസാക്കുകയാണെങ്കിൽ ഇടപ്പള്ളി സ്വരൂപത്തിനു വളരെ അധികം ഗുണമുണ്ടാകുകയില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: എങ്ങിനെയാണ് ഈ ബിൽ പാസാക്കുന്നതുകൊണ്ട് അവിടെയുള്ള ആളുകൾക്ക് ഗുണമുണ്ടാകുന്നതു്?

ശ്രീ. എം. എം. മത്തായി: സർ, അടിസ്ഥാനനികുതി ഏർപ്പെടുത്തും. ഈ ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്റ്റ്സ് ആന്റ് റീസൺസിൽ ഇടപ്പള്ളി സ്വരൂപം വക വസ്തുക്കളുടേയും വഞ്ചിപ്പുഴ വക വസ്തുക്കളുടേയുംകൂടി ബേസിക് ടാക്സ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നു.

ശ്രീ. ടി. എ. മജീദ്: ആ വസ്തുക്കളെ ഒഴിവാക്കിയിരിക്കുകയല്ലേ?

ശ്രീ. എം. എം. മത്തായി: അതറിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതിനെ സംബന്ധിച്ചു പറയുമ്പോൾ അതു ഞാൻ കേട്ടുകൊണ്ടിരുന്നു. ഈ ലാൻഡ് ടാക്സ് ബില്ലും സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലും ഒന്നിച്ചു നിയമമാകുമ്പോൾ ഈ രാജ്യത്തുള്ള എല്ലാവിധത്തിലുമുള്ള ഭൂസ്വത്തുടമസ്ഥന്മാരേയും ഒരുപോലെ ബാധിക്കുന്നതായിരിക്കും. അതുകൊണ്ട് ഈ ബിൽ പാസാക്കുന്നതോടൊപ്പം സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലുംകൂടി പാസാക്കുന്നതു വളരെ ആവശ്യമായിട്ടുള്ള കാര്യമാണ്. ഈ ബിൽ മാത്രം പാസാക്കുകയും മറ്റതു പാസാക്കാതെയും ഇരിക്കുകയാണെങ്കിൽ വളരെ കഷ്ടങ്ങൾക്കിടയാകും. അതുകൊണ്ട് ഈ ബിൽ ഉടനെ നിയമമാക്കണം. മറ്റേ ബില്ലുംകൂടി ഒന്നിച്ചു അവതരിപ്പിച്ച് രണ്ടുംകൂടി സെലക്റ്റ് കമ്മിറ്റിയിൽവച്ച് രണ്ടും ഒരേസമയംതന്നെയായി പാസാക്കണം.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ലാൻഡ് ടാക്സ് ബില്ലിനെപ്പറ്റി സംസാരിക്കുമ്പോൾ, മറ്റൊരു ബില്ലുകൂടി പാസാക്കണമെന്നു പറയാമോ?

മി. സ്പീക്കർ: പറയാം.

ശ്രീ. എം. എം. മത്തായി: സർ, അതുകൊണ്ടു ഈ ബിൽ മാത്രമായി ഇവിടെ പാസാക്കുന്നതു് ശരിയല്ല. ഈ ബില്ലോടുകൂടി, Special Rights in Land Abolition Bill കൂടി ഇപ്പോൾ അവതരിപ്പിച്ചു പാസാക്കുകയോ, അല്ലെങ്കിൽ രണ്ടുംകൂടി സെലക്റ്റ് കമ്മിറ്റിക്കു വിടുകയോ ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളതു്. ഒരേ അവസരത്തിൽ പാസാക്കാനുള്ള രണ്ടു ബില്ലുകളിൽ ഒന്നു ഇപ്പോൾ പാസാക്കുകയും, മറ്റേതു ദീർഘിപ്പിക്കുകയും ചെയ്യുന്നതായാൽ അതുകൊണ്ടു ഞങ്ങൾക്കു പ്രയോജനമില്ല. ഈ ബിൽ പാസാക്കുന്നതുകൊണ്ട് കൊച്ചിക്കാർക്കു മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. തിരുവിതാംകൂർ നിവാസികൾക്കു ഇതുകൊണ്ടുമാത്രം ഗുണം ഇല്ലാതാണിരിക്കുന്നതു്. ഈ വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണു ഞാൻ ഇത്രയും പ്രസ്താവിക്കേണ്ടിവന്നതു്.

Shri T. S. Ramaswami: Sir, while agreeing with the principles underlying this Bill, I would like to support the motion moved by the hon. Member for Shertallai that the Bill be referred to a Select Committee. My reason is this: Clause 9 says:

[Shri T. S. Ramaswami]

"Thiruppuvaram or Melvaram charged on and payable in respect of any land shall continue to be paid to those entitled to it as heretofore in addition to the basic tax thereon payable to the Government."

Sir, this clause is quite contradictory to the principles of the Bill. I am perfectly sure that my hon. Friend from Chalakudy and my hon. Friend from Manaloor who want this Bill to be extended to Cochin, will agree with me when I say that there is iniquitous land tax, so far as thiruppuvaram lands are concerned, in the South, ranging from Thovala taluk up to Attingal covering an area of more than 8,000 acres. About this thiruppuvaram I am quoting from a report of a Committee in which my hon. Friend, the present Finance Minister, the erstwhile Advocate-General and the representative of the Sri Padmanabhaswamy Temple Trust were members. The report says :

"On this assumption and for the reasons stated in paragraphs 1 and 2 of this Chapter, the Committee is of the view that it is inequitable and against the policy of Government to realise Thiruppuvaram in addition to Basic Tax from holders of Pandarapattom lands charged with Thiruppuvaram to Sree Pandaravaka. Therefore Thiruppuvaram due to Sree Pandaravaka should be paid by Government—Section 8 of the Land Tax Proclamation may be suitably amended."

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ ബില്ലിലെ ക്ലോസ് 2-ൽ 1954-ലെ ടെനൻസി ആക്റ്റ് എന്നാണ് കാണുന്നത്. അങ്ങനെയൊരു ആക്റ്റ് ഇവിടെ പാസാക്കിയതായിട്ട് അറിവില്ല. എന്തുകൊണ്ട് ഇങ്ങനെ വന്നുഭവിച്ചുവെന്നുള്ളതിലേയ്ക്ക് ഒരു ഇൻഫർമേഷൻ വേണ്ടിയിരിക്കുന്നു.

Shri P. S. Nataraja Pillai : Sir, at the third reading stage such clerical mistakes can be removed. That is usually the rule.

ശ്രീ. മഞ്ഞൂരാൻ: ഈ ബില്ലിൻെറ ക്ലോസ് 2-ൽ പറഞ്ഞിരിക്കുന്ന ജന്മിയും കുടിയാനും ആക്റ്റ് ആണ് കൊച്ചിയിൽ ഇല്ലായിരുന്നത്. അവിടെ കാണം ടെനൻസി ആക്റ്റാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ല് കൊച്ചിയിൽക്കൂടി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഞാൻ ഉന്നയിച്ച പോയിൻറിന് മറുപടി കിട്ടിയില്ല. അതിനെപ്പററി ഒരു റൂളിങ്ങ് ഉണ്ടാകണം.

മി. സ്പീക്കർ: അതൊരു ക്ലെറിക്കൽ മിസ്റ്റേക്കാണ്. ഈ ബില്ലിൻെറ ഫൈനൽ റീഡിംഗിൽ ശരിയാക്കിക്കൊള്ളാമെന്നാണ് മന്ത്രി പറയുന്നത്.

Shri T. S. Ramaswami : May I continue, Sir.

Mr. Speaker : Yes, you can proceed.

Shri T. S. Ramaswami: So, Sir, this fact is agreed by all concerned—by the Government, by the present Finance Minister and by the Advocate-General.

My point is only this. So far as thiruppuvaram lands are concerned, no exemption should be provided. The people are already overtaxed. My friend was saying that cultivators had to give one kotta of paddy for one kotta of paddy land. But in the south it is 5 kottas for one kotta of paddy land, that is, 55 paras of paddy. Imagine the hardship those people are facing today. In spite of the fact that the Maniamkaram Karom Enquiry Committee submitted a report recommending unanimously that this thiruppuvaram should be abolished, it is unfortunate that my hon. Friend, the Finance Minister should bring forward a bill giving exemption to thiruppuvaram lands from the provisions of this Bill. So, Sir, my submission is that thiruppuvaram should also be abolished when this bill is finally passed. With these few observations I support my hon. Friend who moved the amendment.

ശ്രീ. എ. ജെ. ജോൺ: സർ, 1121-ൽ ഇവിടെയൊരു ലാൻഡ് ടാക്സ് പ്രൊക്ലമേഷൻ ഉണ്ടായിട്ടുണ്ട്. ഇടവകഭൂമികളെ സംബന്ധിച്ചു ജന്മിക്കരം ഇളവുചെയ്തിട്ടില്ല. ഈ സഭയിൽ ഇപ്പോഴും അവതരിപ്പിച്ചിരിക്കുന്ന ലാൻഡ് ടാക്സ് ബിൽമാത്രം പാസാക്കുകയും സ്പെഷ്യൽ റൈറ്റ്സ് ഇൻ ലാൻഡ്സ് അബോളിഷൻ ബിൽ പാസാക്കാതെ ദീർഘിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ഇടവകക്കാർ ബേസിക് ടാക്സും ജന്മിക്കരവും കൊടുക്കേണ്ടതായിവരും.

ശ്രീ. എം. പി. മേനോൻ: ഈ ബില്ലിൽ, സെക്ഷൻ 7-ൽ ഈ കാര്യം വ്യവസ്ഥയാക്കുന്നില്ലേ?

ശ്രീ. എ. ജെ. ജോൺ: സെക്ഷൻ 7-ൽ പറയുന്നതു ഇപ്രകാരമാണ്.

> "This Act is not applicable to lands held or leased by the Government or any land or class of lands which Government may, by notification in the Gazette either wholly, or partially exempt from the provisions of this Act."

ഇതിൽ പറഞ്ഞിരിക്കുന്നപ്രകാരം ഇടവകഭൂമിയെ ഒഴിവാക്കുന്നതിനു ഗവൺമെന്റ ആക്ഷൻ എടുക്കുമോ ഇല്ലയോ എന്നുള്ളതു അന്നറിയേണ്ട ഒരുകാര്യമാണ്. അതായതു് Special Right in Land Abolition Bill പാസ്സാക്കുന്നതുവരെ ബേസിക് ടാക്സ് ഇടവകക്കാർ കൊടുക്കേണ്ടതില്ലാ എന്നു ഒരു നോട്ടിഫിക്കേഷൻ പരസ്യം ചെയ്യണം. കൊച്ചിയിലേക്കുകൂടി ബാധകമാകത്തക്കവിധത്തിൽ ഈ ബില്ല് ഈ വ്യവസ്ഥയോടുകൂടി ഉടനെ പാസാക്കേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ലാൻഡ് ടാക്സ് ബില്ലിന്റെകൂടെ സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലുകൂടി പാസാക്കിയാൽതന്നെയും ജന്മിക്കരവും അതോടുകൂടെ ബേസിക് ടാക്സും കൊടുക്കേണ്ടിവരികയില്ലേ?

ശ്രീ. എ. ജെ. ജോൺ: കൊടുക്കേണ്ടിവരികയില്ല. ഇപ്പോഴും ഇടവകയ്ക്കു കൊടുക്കുന്ന തുകയിൽ ബേസിക് ടാക്സ് കഴിച്ചു് ബാക്കിയുള്ളതും, ബേസിക് ടാക്സും കൊടുത്താൽ മതിയാകും.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ലാൻഡ് ടാക്സിനെപ്പറ്റി ശ്രീമതി കെ. ആർ. ഗൗരി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഈ ബിൽ തിരുവിതാംകൂറിൽ ഇന്നു നിലവിലിരിക്കുന്ന ഒരു ബില്ലാണ്. ഇതു് കൊച്ചിയിൽക്കൂടി വ്യാപിപ്പിച്ച്, അവിടത്തെ കൃഷിക്കാർക്കു കൂടി ഗുണമുണ്ടാകുമെന്നു വിശ്വസിച്ചുകൊണ്ട് ധനകാര്യമന്ത്രി പെട്ടെന്നു് ഇതു പാസ്സാക്കി എടുക്കാൻ വെമ്പൽകൊള്ളുകയാണ്. ബില്ലിന്റെ ടൈറ്റിലിൽതന്നെ പറഞ്ഞിരിക്കുന്നതു്, 'ട്രാവൻകൂർ-കൊച്ചിൻ ലാൻഡ് ടാക്സ് ബിൽ' എന്നാണ്. 1121-ൽ ഇവിടെ ഒരു ലാൻഡ് ടാക്സ് ബിൽ നടപ്പിൽ വരുത്തുകയുണ്ടായി. ആ സ്ഥിതിക്കു് ബില്ലിന്റെ ടൈറ്റിലിൽ പറയേണ്ടിയിരുന്നതു്, "ട്രാവൻകൂർ-കൊച്ചിൻ ലാൻഡ് ടാക്സ് അമെൻഡുമെന്റ് ബിൽ" എന്നായിരുന്നു. അതുകൊണ്ടു് ഇതിന്റെ ടൈറ്റിൽതന്നെ വ്യത്യാസപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ ബില്ലിന്റെ വ്യാപ്തിയേയും, പ്രയോജനത്തേയുംപറ്റി നോക്കുകയാണെങ്കിൽ, ഇതു് കൊച്ചിയിൽക്കൂടി വ്യാപിപ്പിക്കുന്നതായാൽത്തന്നെ കുടിയാൻ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ജന്മികാരത്തിനു പുറമെ, ബേസിക് ടാക്സ് കൂടി കൊടുക്കേണ്ടതായി വരുമെന്നു കാണാവുന്നതാണ്. അതുകൊണ്ടാണ് ഈ ബില്ലുമാത്രം ഇപ്പോൾ പാസ്സാക്കാൻ പാടില്ലെന്നു് ഞാൻ വാദിക്കുന്നതു്. ഇവിടെ കാണം ടെനൻസി ആക്റ്റ്, കാമ്പൻസേഷൻ ഫോർ ടെനന്റ് ഇംപ്രൂവ്മെന്റ് ബിൽ, മുതലായ കുറെയധികം ബില്ലുകൾ കൊണ്ടുവരാൻപോകുകയാണ്. അതിനിടയിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവനും ലാൻഡ് ടാക്സ് മാത്രം ഏകീകരിക്കുന്ന ഒരു ബിൽ പെട്ടെന്നു പാസ്സാക്കിയതുകൊണ്ട് പ്രയോജനം കാണുന്നില്ല. എന്റെ സ്നേഹിതൻ പറയുന്നതുപോലെ ഈ ബില്ലിന്റെ 8-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണ്.

> "Jenmikaram charged on and payable in respect of any land under the Travancore Jenmi and Kudiyan Act of 1071 as subsequently amended or the Kanom Tenancy Act, 1954 shall continue to be paid to the Jenmies in addition to the basic tax thereon payable to the Government."

ഈ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ഈ ബിൽ ഇപ്പോൾ പാസ്സാകുന്ന പക്ഷം, ബേസിക് ടാക്സ് കൊടുക്കുന്നതിനു പുറമെ ജന്മിക്കു കൊടുക്കാനുള്ള മുഴുവൻ ഭോഗങ്ങളും കൊടുക്കേണ്ടതാണെന്നു് നിർബ്ബന്ധിച്ചിരിക്കുകയാണ്.

Shri P. S. Nataraja Pillai: Where is the hardship? It is not a new proposal at all. It is an old proposal. It is not an additional charge.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: അങ്ങനെ ജന്മിമാരെ സംബന്ധിച്ചിടത്തോളം അവർക്കു കിട്ടാനുള്ള ജന്മിക്കരം അതേപടി തുടർന്നുകൊണ്ടുപോകുന്നതിനുള്ള ഒരു വ്യവസ്ഥയാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അതേ സമയം കുടിയാനെ സംബന്ധിച്ചു് വിശേഷാൽ യാതൊരു സൗജന്യവും ഈ ബില്ലിൽ കാണുന്നില്ല. കുടിയാൻ കൊടുക്കേണ്ടിവരുന്ന ജന്മിക്കരം കുറയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഇതി

മുണ്ടായിരുന്നുവെങ്കിൽ ഞങ്ങൾ ഈ ബില്ലിനെ സ്വാഗതം ചെയ്യുമായിരുന്നു. എന്നാൽ ഒരു വിഭാഗം ആളുകൾക്കുമാത്രം ഇതുകൊണ്ടു ഗുണമുണ്ടായാൽ മതിയെന്നായിരിക്കാം ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശമെന്നു തോന്നുന്നു. തലപ്പിള്ളി താലൂക്കിലുള്ള കുടിയാന്മാർക്ക് ഈ ബില്ലുകൊണ്ടു് വല്ല പ്രയോജനവും ഉണ്ടാകുമോ എന്നുള്ളതു് സംശയമാണു്. പൊതുവെ ബേസിക് ടാക്സ് നടപ്പിൽ വരുത്തുന്നതിനോടു് ഞങ്ങൾക്കു അനുകൂലമാണുള്ളതു്. അതേ അവസരത്തിൽ പറയത്തക്ക സൗജന്യം കുടിയാനെ സംബന്ധിച്ചിടത്തോളം ഇല്ലാതാണിരിക്കുന്നതു്. ഈ ബിൽ 1954 മുതൽ നടപ്പിൽ വരുത്തണമെന്നു് ഉദ്ദേശിക്കുന്നതുകൊണ്ടും, ഉടനെ തന്നെ ഇതു പാസ്സാക്കണമെന്നു് ആഗ്രഹിക്കുന്നതുകൊണ്ടുമാണു് ഈ ബിൽ സെലക്റ്റ് കമ്മിററിക്കയച്ചു് കുടിയാന്റെ രക്ഷയ്ക്കുകൂടി എന്തെങ്കിലും വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തണമെന്നു പറയുന്നതു്. സർ സി. പി. യുടെ കാലത്തു് ലാൻഡുടാക്സിനെ സംബന്ധിച്ചിടത്തോളം സെന്റിനു നാലുകാശായി വ്യവസ്ഥ ചെയ്തിരുന്നതു് കാൺഗ്രസ്സ് ഭരണം വന്നതു മുതൽ സെന്റിനു് കാലണയായി വർദ്ധിപ്പിക്കുകയാണു ചെയ്തതു്.

Mr. Speaker: Shall we sit up to 5 O'clock today? I should like to know the sense of the House.

Shri P. S. Nataraja Pillai: No, Sir. We have been sitting continuously for a number of days. It is enough if we sit till 4·30.

Shri T. V. Thomas: Yes, Sir.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഞങ്ങൾ ഭൂമിക്കു നികുതി തന്നെ പാടില്ലെന്നു വിചാരിക്കുന്ന ആളുകളാണു്. 1110-ൽ സർ സി. പി. രാമസ്വാമി അയ്യർ ഇവിടെ ഭരിച്ചിരുന്ന കാലത്തു് ബഹുമാനപ്പെട്ട മന്ത്രി മി. നടരാജപിള്ളയുംകൂടി ഉൾപ്പെട്ടിരുന്ന ഒരു കക്ഷി ലാൻഡ്‌റവന്യൂ ഡിമാന്റിനു ഒരു ഖണ്ഡനോപക്ഷേപം കൊടുത്തു് ഭൂനികുതി എടുത്തുകളയണമെന്നും ഒരു പ്രോഗ്രസ്സീവ് സ്കെയിലിലുള്ള ഇൻകംടാക്സ് നടപ്പിൽ വരുത്തണമെന്നും വാദിച്ചിരുന്നു. ആ ഖണ്ഡനോപക്ഷേപത്തിൽ ഇന്ന വിധത്തിലാണു പറയേണ്ടതെന്നു് ഉപദേശിച്ചതു് ഇന്നത്തെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. നടരാജപിള്ളയാണെന്നാണു് എന്റെ ഓർമ്മ. അങ്ങിനെയുള്ള ആളുകൾ ഉൾക്കൊണ്ടിരിക്കുന്ന ഈ ഗവണ്മെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ മററൊന്നും ചെയ്തില്ലെങ്കിലും സർ സി. പി. രാമസ്വാമി അയ്യർ അടിസ്ഥാനനികുതിയായി വച്ചിരുന്ന 4 കാശു് എന്നുള്ളതിനു പകരം രണ്ടു പൈസയാക്കിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അതൊന്നും ഇല്ലാത്തപ്പോൾ യാതൊരു വാദപ്രതിവാദവും കൂടാതെ ഇവിടെ പാസ്സാക്കുവാൻ സാദ്ധ്യമല്ല. ഈ ബിൽ ഇതേ നിലയിൽ പാസ്സാക്കിയെടുക്കുകയാണെങ്കിൽ ഭൂമിയുടമസ്ഥന്മാർ കൂടുതൽ നികുതി കൊടുക്കേണ്ടി വരുന്നതാണു്. അതുകൊണ്ടു് ഈ ബിൽ സെലക്റ്റ കമ്മിററിക്കയയ്ക്കണമെന്നും അതിനുശേഷമേ പാസ്സാക്കുവാൻ പാടുള്ളുവെന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മാവേലിക്കര മെംബറും മററു ബഹുമാനപ്പെട്ട അംഗങ്ങളും ഈ ബില്ലിനെപ്പററി പറഞ്ഞ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഞാൻ രണ്ടു വാക്കു പറയുക

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

യാണു്. ഈ ബില്ലിന്റെ ഉദ്ദേശം എന്താണെന്നു് സ്റ്റേറ്റമെന്റ് ആഫ് ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുണ്ടു്. അതിൽ പറയുന്നതു് ഇങ്ങനെയാണു്.

"With a view to make the land revenue assessment uniform throughout the State, it is proposed to extend the basic land tax system to Cochin area also with effect from 1st April 1955." ആ സ്റ്റേറ്റമെന്റിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിന്റെ ഉദ്ദേശം, അതിന്റെ ഒട്ടാകെ ഉദ്ദേശം തിരുവിതാംകൂറിൽ ഇന്നു നിലവിലുള്ള ബേസിക്ക് ടാക്സ് സിസ്റ്റം കൊച്ചിയിലേയ്ക്കു കൂടി വ്യാപിപ്പിക്കുകയാണു്. അതേ അവസരത്തിൽ തിരുവിതാംകൂറിലെ ചില ഭാഗത്തിൽ ബഹു: രാമസ്വാമിയും, ബഹു: മാവേലിക്കര മെംബറും, ശ്രീമതി ശൗരിയും മററും പറഞ്ഞതുപോലെ തുല്യപ്പെടുത്തേണ്ട ചില കാര്യങ്ങൾ കൂടുതലുണ്ടായിരിക്കും അല്ലെങ്കിൽ ഇല്ലായിരിക്കും. പക്ഷെ ഇവിടെ തുല്യപ്പെടുത്തേണ്ട ചിലകാര്യങ്ങൾ ഉണ്ടെന്ന കാര്യം ഉള്ളതുകൊണ്ടു് ഈ ബിൽ ഏതുദ്ദേശത്തോടുകൂടി കൊണ്ടുവന്നോ ആ ഉദ്ദേശം നിറവേററാതെയിരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബഹു: മാവേലിക്കര മെംബർ 1121-ലെ പ്രാക്ളമേഷനിൽ ബേസിക് ടാക്സ് ഒരു സെൻറിനു് 4 കാശു റേറ്റിലാണു് നിശ്ചയിച്ചിരുന്നതെന്നും അതിനെ കാൺഗ്രസ്സ് ഗവണ്മെൻറ് കാലണയായി ഉയത്തിയെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടിയുടെ അടിസ്ഥാനത്തിൽ ഭൂമിക്കു നികുതിപോലും കൊടുക്കേണ്ടതില്ലെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായമെന്നും പറഞ്ഞു. ഞാൻ പറയുവാൻ ആഗ്രഹിക്കുന്നതു്, സർ, ഭൂമിയിൽ സ്വകാര്യ ഉടമാവകാശം ഉണ്ടായിരിക്കുകയും സ്വകാര്യ ഉടമാവകാശം നിലനിറുത്തുകയും ചെയ്യുന്ന സന്ദർഭത്തിലും ഭൂമിക്കു നികുതി പാടില്ലെന്നാണോ പറയുന്നതു് എന്നു അറിയുവാൻ എനിക്കാഗ്രഹമുണ്ടു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: അതെ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയാണെങ്കിൽ അതു തീരെ പ്രതിലോമപരമായ ഒരു നയമാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: അല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആണെന്നാണു് എന്റെ അഭിപ്രായം. അതു വളരെ റിയാക്ഷണറിയായിട്ടുള്ള ഒരഭിപ്രായമാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: എങ്ങിനെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒൻപതിനായിരം ചതുരശ്രമൈൽസു മാത്രം വിസ്തീർണ്ണമുള്ള ഈ രാജ്യത്തു് ഏറെസ്ഥലങ്ങളും കായലും കാടും ആണു്. ജനങ്ങൾക്കു് കൃഷിചെയ്യുവാനും വസിക്കുവാനും കുറച്ചുമാത്രം ഭൂമിയുള്ള ഈ രാജ്യത്തു് 93 ലക്ഷം ജനങ്ങൾ ഉള്ളതിൽ എത്രയും ഒരംശം ജനങ്ങൾക്കുമാത്രം ഭൂമി സ്വന്തമായി വയ്ക്കുവാൻ

വാൻ സാധിക്കുന്ന ഈ രാജ്യത്ത്, എത്ര നല്ല ഭൂനിയമങ്ങൾ ഉണ്ടായിരുന്നാലും എല്ലാവർക്കും ഭൂമികൊടുക്കുവാൻ സാദ്ധ്യമല്ലാത്ത ഈ രാജ്യത്ത്, എത്രതന്നെ പുരോഗമനപരമായ ഒരു നയമുണ്ടായാലും 'എല്ലാ പൗരന്മാർക്കും ഒരു വീടും കൃഷിചെയ്യുവാനുള്ള ഭൂമിയും കൊടുക്കുവാൻ സാദ്ധ്യമല്ലാത്തവിധത്തിൽ ജനസംഖ്യയും കൃഷിഭൂമിയും ഉള്ള ഈ രാജ്യത്ത്, ഏതെല്ലാം വിധത്തിലുള്ള നിയമനിർമ്മാണങ്ങളുണ്ടായാലും ഭൂമി ഏതാനും പേരുടെ സ്വത്തായിരിക്കും. ആ ഏതാനും പേരെ വളരെ ഏറെ വിപുലപ്പെടുത്തുവാൻ സാധിക്കും. അത് 10 ആളാകാം; ലക്ഷം ആകാം; 93 ലക്ഷം ജനങ്ങൾക്കും ഭൂമി ഉടമസ്ഥത കൊടുക്കുവാൻ സാധിക്കുകയില്ല. അതു വേണമെന്നുണ്ടെങ്കിൽ ഭൂമി നാഷണലൈസ് ചെയ്യണം. നാഷണലൈസേഷൻ ഉണ്ടാകുമ്പോൾ ഭൂനികുതി ഉണ്ടാകയില്ല. അപ്പോൾ എല്ലാവർക്കുംകൂടി അനുഭവിക്കാനുള്ള ഭൂമി എത്ര കുറച്ചു തുണ്ടമായിട്ടാണെങ്കിലും ഏതാനും പേരുടേതായിട്ടേ വരികയുള്ളൂ. ആ വ്യവസ്ഥയാണ് സ്വകാര്യ ഉടമ. അങ്ങനെ സ്വകാര്യഉടമ നിലനിൽക്കുന്ന കാലത്തോളം ഒരു ചെറിയ നികുതി ചുമത്തുന്നതു ശരിയല്ലെന്നു പറയുന്നത് വളരെ റിയാക്ഷനറിയായിട്ടുള്ള ഒരഭിപ്രായമാണ്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഭൂമിയിലുള്ള ഉടമാവകാശം സ്ഥാപിക്കുവാൻ നികുതി കൊടുക്കലല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉൽപ്പാദനത്തിനുള്ള സൗകര്യം ഏതാനും ചില പൗരന്മാർക്ക് മാത്രം കിട്ടുകയാണെങ്കിൽ അതിന്മേൽ ഒരു നികുതി ഏർപ്പെടുത്തുന്നത് ഏററവും ന്യായമായിട്ടുള്ള ഒരു കാര്യമാണെന്ന് പല വിദഗ്ദ്ധന്മാരും പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഒരു കിഞ്ചൽതോതു വച്ചിട്ട് കാർഷികാദായ നികുതി ഏർപ്പെടുത്തിയാൽ എന്താണു വിരോധം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാവേലിക്കര മെമ്പർ പറഞ്ഞതു് അതല്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അതേ, അതുതന്നെയാണ് ഞാൻ പറഞ്ഞത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ പറഞ്ഞത് ഭൂനികുതിയേ പാടില്ലെന്നാണ്. ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ പറഞ്ഞിരുന്നത് പത്തു സെൻറിന് 1 കാശും ഇരുപതു സെൻറിന് 2 കാശും, 30 സെൻറിന് 3 കാശും ആയിരുന്നെങ്കിൽ, അര ഏക്കറിനു താഴെയുള്ളതിനു നികുതി ഇല്ലെന്നുള്ള വിധത്തിലായിരുന്നെങ്കിൽ ഈ എഴുപതു മിനിട്ടു സമയം മെനക്കെടുത്താതിരിക്കാമായിരുന്നു.

സർ, എന്റെ അഭിപ്രായം ഇന്നത്തെ കാലാവസ്ഥയ്ക്കു, ഒരു സെൻറു ഭൂമിയിന്മേൽ, അതും ഭൂമിയെക്കാൾ പ്രിയപ്പെട്ട ഒരു വസ്തു ഈ രാജ്യത്ത് ഇല്ലാതെ വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ, കൈവശപ്പെടുത്തുന്നതിനുള്ള കമ്മോഡിറ്റിയിൽ ഒരു കാലണ നികുതി ചുമത്തുന്നതു് അത്ര വളരെ ആക്ഷേപിക്കാനുള്ള ഒരു കാര്യമാണെന്നു തോന്നീട്ടില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ബഹുമാനപ്പെട്ട മെംബർക്ക് ബേസിക്ക് ടാക്സ് 4 കാശു ആയിരുന്നതു് കാൽ അണ ആക്കിയതിനു് നീതീകരണം തരാൻ വല്ലതുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുകൊല്ലംമുൻപു നാലു കാശു് കാൽ അണ ആക്കിയ സന്ദർഭത്തിൽ അതിനെപ്പററി ഇന്നു മാവേലിക്കര മെംബർ ചെയ്തതിനേക്കാൾ വളരെ ഏറെ ആക്ഷേപിച്ച ആളാണു് ഇന്നത്തെ മുഖ്യമന്ത്രി. ഞാൻ ഇന്നും ഓർക്കുന്നുണ്ടു്. അന്നു മിസ്റ്റർ എ. ജെ. ജോൺ അന്നത്തെ ധനകാര്യമന്ത്രിയുടെ നിലയിൽ ബേസിക്ക് ടാക്സ് 4 കാശു് കാൽ അണ ആക്കണമെന്നു് ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ എനിക്കു് ഇന്നുവരെ വിഭാവനം ചെയ്യാൻ സാദ്ധ്യമല്ലാത്തവിധത്തിലുള്ള ധർമ്മരോഷത്തോടുകൂടി അദ്ദേഹം പറഞ്ഞു, ഇന്നു ഇതിനെപ്പററി വേണ്ടപോലെ അറിയുവാനുള്ള സന്ദർഭം ഇല്ലാത്തതുകൊണ്ടു് എതിർക്കുന്നുവെന്നു്. ഇന്നു് അദ്ദേഹത്തിന്റെ ഗവൺമെൻറു് കൊണ്ടുവന്നിട്ടുള്ള ബില്ലിൽ നാലു കാശു എന്നുള്ളതു് കാൽ അണ ആക്കിയതിനെക്കുറിച്ചു് ആക്ഷേപമില്ലെന്നു്. തന്നെയല്ല, പരോക്ഷമായി അതിനു സമ്മതാനുവാദം കൊടുക്കുന്നതിൽ കവിഞ്ഞൊന്നും കൊണ്ടുവന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: കോൺഗ്രസ്സ് ഗവൺമെൻറ് ചെയ്തിട്ടുള്ള തെററുകൾ തിരുത്തുവാൻ ഈ ഗവൺമെൻറിനു് ഉദ്ദേശമില്ല. (ചിരി) അതിലുള്ള നിർദ്ദേശവും ഈ ബില്ലിനില്ല. ബേസിക് ടാക്സ് കൊച്ചിയിലും വ്യാപിപ്പിക്കണം. അതുമാത്രമാണു് ഈ ബില്ലിന്റെ ഉദ്ദേശം.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: നാലുകാശിൽനിന്നു കാലണ ആക്കിയപ്പോൾ ഉണ്ടായിരുന്ന കറൻസിയുടെ വിലയാണോ ഇന്നുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 1951-ൽ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ നാണയത്തിന്റെ വില ഇന്നു് കൂടിയിരിക്കുകയാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അടിസ്ഥാനനികുതി ഏർപ്പെടുത്തുന്നതു് കാലാകാലങ്ങളിലുള്ള കറൻസിയെ അടിസ്ഥാനപ്പെടുത്തിയാണോ, വേറെ ഏതെങ്കിലും ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാനും മാവേലിക്കര മെംബറും തമ്മിലുള്ള വാദംവിട്ടു് ഞാൻ മുഖ്യമന്ത്രിയുമായിട്ടുള്ള വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും, അദ്ദേഹത്തിന്റെ ഗവൺമെൻറിനും സെൻറിനു് നാലു കാശു എന്നുള്ളതു് കാൽ അണ ആക്കിയതു് തെററാണെന്നുള്ള അഭിപ്രായമുണ്ടെങ്കിൽ ആ തെററു തിരുത്താത്തതു് തെററായി എന്നു പറയാതെ തരമില്ല. ഞാൻ ഇന്നു ആവശ്യപ്പെടുന്നതു് കാൽ അണ എന്നുള്ളതു് നാലുകാശാക്കണമെന്നും................

ശ്രീ. എ. താണുപിള്ള: ഇന്നു കാശില്ല. (ചിരി)

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്നോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: 1950-ൽ ഞങ്ങൾ എതിർത്തപ്പോൾ കാശുണ്ടായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴം ഈ ബില്ല കൊണ്ടുവന്നതു് കാലില്ലാതാക്കിയതിന ശേഷമാണെന്നു കരുതരുതോ? ഇന്നത്തെ നികുതി കൂടുതൽ ആണെന്നു ഗവണ്മെന്റിനു് ഉദ്ദേശമുണ്ടെങ്കിൽ അതിനു് സൗകര്യമുണ്ടെങ്കിൽ കാൽ അണ എന്നുള്ളതു് രണ്ടു പൈസയാക്കിയാൽ കൊള്ളാം.

പിന്നെ കൊച്ചിയിലേയ്ക്കു് തിരുവിതാംകൂറിൽ നിലവിലുള്ള ബേസിക് ടാക്സ് വ്യാപിപ്പിക്കുവാൻ കൊണ്ടുവന്ന ഒരു നിയമമായതുകൊണ്ടു് രണ്ടുമൂന്നു കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിൽ ആലോചിച്ചിട്ടുണ്ടോ എന്നു് അറിയുവാൻ ഞാൻ ചോദിക്കുകയാണു്. മൂന്നാമത്തെ ക്ലാസ്സിൽ ഒടുവിലത്തെ പ്രൊവൈസോയിൽ പറയുന്നുണ്ടു് ബേസിക് ടാക്സ് കൊച്ചിയിലെ ഇൻകാർപ്പറേറ്റഡ് ദേവസ്വങ്ങൾക്കും ബാധകമാണെന്നു്. കൊച്ചിയിൽ ദേവസ്വം കൈവശപ്പെട്ടിട്ടുള്ള വസ്തുക്കൾ എല്ലാം പുറവകയും ജന്മവും ഭൂമികളാണു്. അതിനു് ബേസിക്ക് ടാക്സിനെക്കാൾ കൂടുതൽ നികുതി ഇപ്പോഴും ഉണ്ടാകും. ഇൻകാർപ്പറേറ്റഡ് ദേവസ്വത്തിലെ കുടിയാന്മാർ ദേവസ്വത്തിൽനിന്നു പട്ടയം വാങ്ങിയിട്ടുള്ളവരാണു്. ഒരു ഭൂമിക്കു് കൊച്ചിയിലെ സെറ്റിൽമെന്റ് അനുസരിച്ചു് പണ്ടാരവക പട്ടയമാക്കു് 3 രൂപയാണെങ്കിൽ ആ ഭൂമിയിന്മേൽ ദേവസ്വം പട്ടയദാർ കൊടുക്കേണ്ടതു് നാലു രൂപയാണു്. അതായതു് സർക്കാർ അസസ്സ്മെന്റ് അനുസരിച്ചു് പണ്ടാരവക മൂന്നു രൂപ കരമുള്ള ഭൂമിക്കു് ദേവസ്വത്തിലേയ്ക്കു കൊടുക്കേണ്ടതു് നാലുരൂപയാണു്. ഈ ബേസിക്ക് ടാക്സ് സിസ്റ്റം കൊച്ചിയിലേയ്ക്കു് ഇൻറഡ്യൂസ് ചെയ്യുന്നതുകൊണ്ടു് കൊച്ചിയിലെ ഇൻകാർപ്പറേറ്റഡ് ദേവസ്വത്തിനാണോ ദേവസ്വത്തിലെ കുടിയാന്മാർക്കാണോ അതു് സാധിക്കുവാൻ പോകുന്നതു്? ബേസിക്ക് ടാക്സ് കൊണ്ടുള്ള നന്മ ദേവസ്വത്തിനല്ല, ദേവസ്വത്തിലെ കുടിയാന്മാർക്കാണു് ഉണ്ടായിരിക്കേണ്ടതു്. ഇതിലുള്ള വ്യവസ്ഥ അതിനു് മതിയാകുമോ എന്നു പ്രത്യേകം ആലോചിക്കണം.

ശ്രീ. എ. താണുപിള്ള: ഏതു ക്ലാസ്സിനെപ്പറ്റിയാണു് പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെക്ഷൻ മൂന്നിലെ അവസാനത്തെ പ്രൊവൈസോയെപ്പറ്റിയാണു്.

Provided also that in the case of lands belonging to incorporated Devaswoms in the Cochin area the basic tax levied under this Act shall be in lieu of the land revenue assesssment charged on such lands and that the net rent on those lands due to the said Devaswoms as fixed under the provisions of the Cochin Devaswom Proclamation dated 29th Makaram 1086 and the Rules issued thereunder shall remain in force and continue to be payable to the Devaswoms.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിലെ ഇൻകാർപ്പറേറഡ് ദേവസ്വങ്ങൾ പട്ടയപ്രകാരം കുറെ വസ്തുക്കൾ കൈവശംവച്ചിട്ടുണ്ട്. ഈ ബില്ലുകൊണ്ട് നികുതി കുറവുചെയ്യുകയാണെങ്കിൽ അത് കുടിയാനവന്മാർക്ക് കിട്ടത്തക്കവണ്ണം വേണ്ട വ്യവസ്ഥചെയ്യണമെന്നല്ലാതെ ദേവസ്വത്തിന് അത് ഗുണമായിരിക്കാൻ പാടില്ല. കൊച്ചിയിലെ ദേവസ്വങ്ങൾ ഇന്ന് ഏതാണ്ട് പതിനായിരം രൂപയോളം സർക്കാരിന് നികുതി കൊടുക്കുന്നുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സമയകുഴപ്പം എല്ലാവരെയും ബാധിക്കുന്നതാണോ അതോ കുറെ ആളുകളെമാത്രം ബാധിക്കുകയുള്ളോ?

The Assembly adjourned at 4-30 P. M. to meet again at Eleven o' clock on Saturday the 7th August 1954.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1954.

Saturday, the 7th August 1954.

Vol. XI] **OFFICIAL REPORT** **[No. 22**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock, on Saturday, the 7th August 1954, with Mr. Speaker in the Chair.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഇന്നത്തെ അജണ്ടായിൽ റൂൾസ് ഓഫ് പ്രൊസീഡ്യൂവർ എന്നൊരു ഐറ്റം ഉണ്ട്. അതു് ഈ സെഷനിൽതന്നെ പാസാക്കത്തക്കവണ്ണം വേണ്ട നടപടിയെടുക്കേണ്ടതാണ്. വേണമെങ്കിൽ അതിനുവേണ്ടി ഈ സെഷൻ അല്പം നീട്ടിവച്ചാലും തരക്കേടില്ല.

മി. സ്പീക്കർ: നിയമസഭാ ചട്ടങ്ങൾ ഈ സെഷനിൽ തന്നെ പാസാക്കണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ടെങ്കിൽ അതു് സഭയുടെ അഭിപ്രായമനുസരിച്ച് ചെയ്യാവുന്നതാണ്.

SHORT NOTICE QUESTION

Term of office of Shri V. K. Velayudhan.

※4. **Shri K. M. Chandy:** Will the Chief Minister be pleased to state:

(*a*) whether the term of office of Shri V. K. Velayudhan, Services Integration Special Officer, has been extended for a further period of three months;

(*b*) whether the integration work has been completed;

(*c*) whether the Special Officer is to hear review petitions; and

(*d*) if so, whether it is proper for the same officer who made the services integration proposals to hear review petitions?

Chief Minister **(Shri A. Thanu Pillai)**: (*a*) Yes.

(*b*) Yes.

(*c*) No; but the petitions will be examined by this Special Officer and decision will be taken by Government.

(*d*) The question does not arise in view to answer to part (c).

ശ്രീ. കെ. എം. ചാണ്ടി : ഇൻറഗ്രേഷൻ കംപ്ലീററ ചെയ്തു എന്നു പറഞ്ഞസ്ഥിതിയ്ക്കു് റെപ്രെസെൻറേഷൻ അന്വേഷിക്കുന്നതാരാണു്?

ശ്രീ. എ. താണുപിള്ള : ഇൻറഗ്രേഷനെപ്പററി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നു് സർവീസിലുള്ളവരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. ആക്ഷേപങ്ങൾ വന്നാൽ അതിനെ പരിശോധിച്ചു് തീരുമാനം ചെയ്യേണ്ടതുണ്ടു്. കഴിയുന്നതും വേഗം ആക്ഷേപങ്ങൾ പരിശോധിച്ചു ലിസ്ററു് അപ്പ്ററഡേററു് ആക്കണമെന്നു് ഗവണ്മെൻറു വിചാരിക്കുന്നുണ്ടു്. അതിനുവേണ്ടിയാണു് നിയമിച്ചിട്ടുള്ളതു്.

ശ്രീ. കെ. എം. ചാണ്ടി : റെപ്രെസെൻറേഷൻ കേൾക്കുന്നതാരാണു്?

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറാണു കേൾക്കുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ : ഗസററിൽ സർവീസു് സംയോജനം പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനകം അപ്പീൽ കൊടുക്കാം?

ശ്രീ. എ. താണുപിള്ള : ഒരു മാസം.

ശ്രീ. ടി. പി. സീതാരാമൻ : ഗസററിൽ പരസ്യം ചെയ്തുകഴിഞ്ഞിട്ടു ഒരു മാസമോ ഗസററു കിട്ടികഴിഞ്ഞിട്ടു ഒരു മാസമോ ?

ശ്രീ. എ. താണുപിള്ള : സർ, രണ്ടിനും പറയത്തക്ക വ്യത്യാസമില്ല.

ശ്രീ. ടി. പി. സീതാരാമൻ : സർ, ജൂലൈ 20-ാംനു- അച്ചടിച്ച ഗസററു് മിനിഞ്ഞാന്നാണു് ഞങ്ങൾക്കു് കിട്ടിയിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : താമസം ഇല്ലാതാക്കാൻ വേണ്ട നടപടിയെടുക്കാം.

ശ്രീ. ടി. പി. സീതാരാമൻ : 30 ദിവസത്തിനകം അപ്പീൽ കൊടുത്തതിനുശേഷം പിന്നെ മാററുകയാണെങ്കിൽ സർവീസു് ഓർഡറിൽ കാംപ്ലിക്കേഷൻ ഉണ്ടാകുകയില്ലേ ?

ശ്രീ. എ. താണുപിള്ള : ചിലപ്പോൾ ചില വ്യവസ്ഥകളെല്ലാം മാറേറണ്ടിവന്നേക്കും. പക്ഷെ, അവസാന തീരുമാനമനുസരിച്ചുമാത്രമെ എഫക്ടിൽ കൊണ്ടുവരികയുള്ളു.

ശ്രീ. കെ. എം. ജാർജ്ജ് : അപ്പീൽ കൊടുക്കുന്നതിനുള്ള അവധി ദീർഘിപ്പിക്കാമോ?

ശ്രീ. എ. താണുപിള്ള : അതിനെക്കുറിച്ചു ആലോചിക്കാം.

ADJOURNMENT MOTIONS

മി. സ്പീക്കർ : ശ്രീ. വി. ശ്രീധരനിൽനിന്നും, ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ളയിൽ നിന്നും രണ്ടു അടിയന്തിരപ്രമേയങ്ങൾക്കു നോട്ടീസു കിട്ടിയിട്ടുണ്ടു്. ഒന്നു് "കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിൽ കാളേജു യൂണിയൻ അവകാശത്തിനുവേണ്ടി പ്രക്ഷോഭണം സംഘടിപ്പിച്ചതിനെത്തുടർന്നു് ഈ സംസ്ഥാനത്തുള്ള ചില കാളേജുകളിൽനിന്നും പറംതള്ളപ്പെട്ടിട്ടുള്ളവരെയെല്ലാം വീണ്ടും കാളേജുകളിൽ പ്രവേശിപ്പി

ക്കുന്നതിന് ഗവണ്മെന്റിനെയും യൂണിവേഴ്സിറ്റിയെയും ധരിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് പന്തളം കേശവൻനായർ ഈ നിയമസഭാ ഹാളിൽ നടത്തി വരുന്ന നിരാഹാര സത്യാഗ്രഹത്തെ തുടർന്ന് ഉണ്ടായിരിക്കുന്ന ഗൗരവതരമായ പരിതഃസ്ഥിതിയെക്കുറിച്ചു ചർച്ച ചെയ്യുവാൻ നിയമ സഭാ നടപടികൾ നിറുത്തിവയ്ക്കണ"മെന്നാണ്. ഈ കാര്യം ഈ നിയമസഭയുടെ ഈ സെഷനിൽതന്നെ പല പ്രാവശ്യവും പരാമർശിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ചു ഗവണ്മെൻവശത്തുനിന്ന് വളരെ വ്യക്തമായ ചില ഉറപ്പുകളും നൽകയിട്ടുണ്ട്. ഇതു സംബന്ധിച്ചു ഗവണ്മെന്റ് സകല കഴിവുകളും ഉപയോഗിച്ച് കുട്ടികളുടെ അവശത പരിഹരിക്കുന്നതിനു ശ്രമിക്കുമെന്ന് ഉറപ്പു നൽകിയിട്ടുള്ളതുകൊണ്ട് ഇത്തരം ഒരു പ്രമേയം ചർച്ചയ്ക്കെടുക്കാൻ നിർവാഹമില്ല.

അടുത്തത് "തിരുവല്ലായിൽ കഴിഞ്ഞ ആറു വർഷക്കാലമായി പ്രവർത്തനം നടത്തിവരുന്നതും മെസ്സേഴ്സ് പാരി ആൻഡ് കമ്പനിയുടെ മാനേജ്മെന്റിലുള്ളതുമായ പമ്പാറിവർ ഫാക്ടറി സ്ഥിരമായി അടച്ചുപൂട്ടുന്നതിനും, ആയതു് ഈ സംസ്ഥാനത്തിന്റെ വെളിയിലേയ്ക്കു് കൊണ്ടുപോകുന്നതിനും, മെസ്സേഴ്സ് പാരി ആൻഡ് കമ്പനി തീരുമാനിച്ചു, നടപടികൾ ധൃതഗതിയിൽ തുടങ്ങിയിരിക്കുന്നതായി അറിയുന്നു. പ്രസ്തുത ഫാക്ടറി അടച്ചുപൂട്ടുവാൻ ഇടയാകുന്നപക്ഷം ഏകദേശം ആയിരത്തോളം വരുന്ന തൊഴിലാളികൾ തൊഴിൽ രഹിതരായിതീരുന്നതു കൂടാതെ മദ്ധ്യ തിരുവിതാംകൂറിലെ അനേകായിരം കരിമ്പു കൃഷിക്കാർക്ക് ഭീമമായ നഷ്ടത്തിന് ഇടയാകുന്നതും ആണ്. ഫാക്ടറി അടച്ചുപൂട്ടുന്നതു നിമിത്തമുണ്ടാകുന്ന ഗുരുതരവും അടിയന്തിരവുമായ സംഭവവികാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് യോഗനടപടികൾ നിർത്തി വയ്ക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു". ഇതു സംബന്ധിച്ച് ഗവണ്മെന്റിനു എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ പറയാം.

Minister for Finance **(Shri P. S. Nataraja Pillai)**: As far as Government are concerned they have no definite information that Messrs. Parry & Co. have finally decided either to close down the company or shift it from Travancore-Cochin area. There was a proposal to the latter effect some time back. The matter was discussed between the managing agents and officers of Messrs. Parry & Co. and the Government. On the basis of agreement arrived at, a committee was appointed. The committee has now submitted a report. That is with us. The question of shifting their company has not arisen so far. In the absence of any other information to the effect that they have decided to shift, Government have nothing to say. But Government are equally anxious as the people of Travancore-Cochin are, to see that the company is not shifted from the Travancore-Cochin area. I have only to point out that in the matter of location of factories or in their shifting from one place to another, the permission of Government of India is necessary, and it is an absolute necessity. At the same time, the Government being the major shareholder who have contributed to bring into existence that factory, the State has a voice in the matter and I may assure the House that the influence of the State will be

exercised to see that the contingency anticipated does not materialise. This is the only thing I can possibly say at the moment and I have no other information on the point.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: സർ, പാരി ആൻഡ് കമ്പനി മാററണമെന്ന് ഉദ്ദേശിച്ചതായി ഗവണ്മെൻറഭാഗത്തുനിന്നും സമ്മതിച്ചിട്ടുണ്ട്. പക്ഷെ അതുകൊണ്ട് അവർ അത് മാററുകയില്ലെന്നു ഉറപ്പു തരുന്നതുവരെ നമുക്കു അതിനെ കുറിച്ചു ഒന്നും നിശ്ചയിക്കാൻ സാദ്ധ്യമല്ല. അതിനാൽ ഗവണ്മെൻറും ഈ സഭയും ഇതിനെക്കുറിച്ചു ചർച്ചചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

Shri P. S. Nataraja Pillai: As to the future contingency I cannot say anything. When the discussions were going on Messrs. Parry & Co. did not say that they were going to change the location of the factory.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: അവർ മാററുകയില്ലെന്നു ഗവണ്മെൻറ വിശ്വസിക്കുന്നുണ്ടോ?

Shri P. S. Nataraja Pillai: It is not a question of believing. Every one is entitled to say on the basis of rumour that such and such things may take place.

ശ്രീ. എം. എം. മത്തായി: ഇൻഡ്യാ ഗവണ്മെൻറുമായി ഈ ഗവണ്മെൻറ് ഇതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

Shri P. S. Nataraja Pillai: The information available with this Government is that the Government of India will not do anything on the matter without consulting Travancore-Cochin Government. That is a certainty.

ശ്രീ. എം. എം. മത്തായി: ഗവണ്മെൻറ ഈ കമ്പനിയുടെ ഷെയറുകൾ പാർവാല്യുവിൽ എടുക്കാൻ തയ്യാറാണെന്ന് കമ്പനി ഷെയർ ഹോൾഡേർസിനെ അറിയിച്ചിട്ടുള്ളതായി അറിയാമോ?

Shri P. S. Nataraja Pillai: Government themselves are shareholders and they have not got this infoımation.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: സർ, ഇത് വളരെ പ്രധാനമായ ഒരു കാര്യമാണ്. പാരി ആൻറ് കമ്പനി അടച്ചുപൂട്ടുന്നതിന് തയ്യാറായിയെന്ന് ഗവണ്മെൻറുതന്നെ സമ്മതിച്ചിട്ടുണ്ട്. അവർ അങ്ങനെ തീരുമാനിച്ചതിനുശേഷം അങ്ങനെ ചെയ്യാൻ പോകുന്നില്ലെന്നു അവർ ഒരു ഉറപ്പുംതന്നിട്ടില്ല. അതുകൊണ്ട് ഈ അവസരത്തിൽ ഇതിനെക്കുറിച്ചു ചർച്ചചെയ്യുന്നതു സൗകര്യമായിരിക്കും. ഏകദേശം 1000 തൊഴിലാളികളോളം ഇതിലുണ്ട്. നാലായിരത്തോളം കർഷകരും ഇതു പൂട്ടുന്നതുമൂലം അവശത അനുഭവിക്കാൻ ഇടയുണ്ട്. അതിനാൽ എൻെറ അഭിപ്രായം ഇത് ഈ സഭാതലത്തിൽ തന്നെ ചർച്ചചെയ്തു ഗവണ്മെൻറിൻെറ നടപടിക്ക് ശക്തികൂട്ടണമെന്നാണ്.

മി. സ്പീക്കർ: കമ്പനി മാററുന്നതിനെക്കുറിച്ച് ഗവണ്മെൻറ വേണ്ട നടപടികൾ എടുത്തിട്ടുള്ളതിനാൽ ഈ സഭയിൽ അതിനെക്കുറിച്ചു ഒരു വാദപ്രതിവാദം ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ഞാൻ ഈ പ്രമേയവും നിരാകരിക്കുന്നു.

LEGISLATIVE BUSINESS

THE TRAVANCORE—COCHIN LAND TAX BILL—(*Contd.*)

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഇന്നലെ പ്രസ്താവിച്ചമാതിരി ഈ സഭയുടെ മുമ്പാകെയിരിക്കുന്ന ബില്ലിന്റെ ഉദ്ദേശം ബേസിക്ക് ടാക്സിലെ വ്യവസ്ഥകൾ കൊച്ചിയിൽകൂടി വ്യാപിക്കണമെന്നാണ്. അതു മാത്രമല്ല, ഇതിന്റെ ഉദ്ദേശമെന്ന് ഉദ്ദേശകാരണ വിവരത്തിൽ പറഞ്ഞിട്ടുണ്ട്. ഇതോടുകൂടി വേറെയും ചില കാര്യങ്ങൾ ഇതു സംബന്ധിച്ചു നടത്തേണ്ടതുണ്ടെന്ന് പ്രസ്താവിക്കുകയുണ്ടായി. പക്ഷെ, ഞാൻ പറയുന്നതു് ഗവണ്മെന്റിന്റെ ഉദ്ദേശം, ശരിയാണെങ്കിൽ ഈ ബില്ല് ഈ സെഷനിൽതന്നെ പാസാക്കണമെന്നാണ്. ആ ഉദ്ദേശത്തിന വിപരീതമായി നിൽക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ബില്ല് ഉടനെതന്നെ പാസാക്കുന്നതാണെങ്കിൽ ഇതിൽ ചില കാര്യങ്ങൾകൂടി നടത്തേണ്ടതുണ്ട്. അങ്ങനെ ബില്ല പാസാക്കുമ്പോൾ ഉണ്ടാകാവുന്ന ചില വൈഷമ്യങ്ങൾ ഗവണ്മെന്റിന്റെ മുമ്പാകെ സമർപ്പിക്കുവാനും ഈ കാര്യത്തിൽ ഗവണ്മെൻറഭാഗത്തുനിന്നും ഈ സഭ ചില ഉറപ്പുകൾ വാങ്ങിക്കാൻ ആഗ്രഹിക്കുന്നതെന്നുമാണ് എനിക്കു തോന്നുന്നതു്. ഇന്നലെ ബഹുമാനപ്പെട്ട മാവേലിക്കര മെംബർ ബേസിക് ടാക്സിന്റെ റേററിനെ സംബന്ധിച്ചു പറയുകയുണ്ടായി. അതിനെസംബന്ധിച്ചു ഞാൻ ഒരു വിതണ്ഡാവാദം പുറപ്പെടുവിക്കുകയല്ലാ. ഇന്ന് തിരുവിതാംകൂറിൽ നിലവിലുള്ള ബേസിക്ക്ടാക്സ് പ്രാക്ളമേഷൻ ഒരു അമെൻഡമെൻറമൂലം ഇതിന്റെ ടെറിറേറാറിയൽ ജൂറിസ്ഡിക്ഷൻ മാററുക മാത്രമല്ല ഈ ബില്ലുകൊണ്ടു ചെയ്യുന്നതു്. മുമ്പുണ്ടായിരുന്ന പ്രാക്ളമേഷന്റെ സ്ഥാനത്തു് ഒരു പുതിയ ബില്ല് കൊണ്ടുവരികയാണ്. ഇന്നലെ ധനകാര്യമന്ത്രി ഓർമ്മിപ്പിച്ചമാതിരി ചക്രവും കാശും ഇല്ലാതായ ഒരു സന്ദർഭത്തിലാണ് നാലുകാശിന്റെ സ്ഥാനത്തു് കാൽഅണ കൊണ്ടുവന്നതു്. 1950 ജനവരിയിൽ ഭരണഘടന പാസാക്കിയതിന്റെ ഏതാനും കൊല്ലങ്ങൾക്കുമുമ്പ് തിരുവിതാംകൂറിലും, ഹൈദ്രാബാദിലും, ജയപ്പൂരിലും, ഉദയപ്പൂരിലും നിലവിലുണ്ടായിരുന്ന പ്രാദേശികമായ കറൻസി അവസാനിപ്പിച്ചു ഇൻഡ്യ മുഴവനും ഒരൊററ കറൻസി ഏർപ്പെടുത്തുവാനുള്ള തീരുമാനം ചെയ്യുകയുണ്ടായി. ഭരണഘടന വരുന്നതിന ഏതാനും കൊല്ലങ്ങൾക്കു മുമ്പേതന്നെ ഇൻഡ്യയിലുള്ള നാട്ടുരാജ്യങ്ങളെല്ലാം പ്രധാനപ്പെട്ട കാര്യങ്ങളിൽ ഇൻഡ്യയുമായി അക്സീഡ് ചെയ്യുകയും ഫെഡറൽ ഫിനാൻഷ്യൽ ഇൻറഗ്രേഷൻ അടിസ്ഥാനത്തിൽ നടപടി തുടങ്ങുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് നാലു കാശെന്നുള്ള ഒരു നാണയം ഇല്ലാതെതീർന്നിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സന്ദർഭോചിതമായി എന്നെയും ഈ നിയമസഭയേയും ഓർമ്മിപ്പിച്ചതു്. അങ്ങനെ ഓർമ്മിപ്പിച്ചതിന് ഞാൻ അദ്ദേഹത്തോടു കൃതജ്ഞതയുള്ളവനാണ്. എങ്കിലും ബേസിക്ടാക്സ് സെൻറിന നാലുകാശ് എന്നുള്ളതു് ഇന്നത്തെ കറൻസിയുമായി ബന്ധപ്പെടുത്തി നോക്കിയാൽ സെൻറിന് രണ്ടുപൈ എന്നുള്ള നിലയിലാണ് വരുക. രണ്ടുപൈയിൽ അല്പം കുറഞ്ഞതാണ് നാലുകാശ് എന്നു പറയുന്നതു്. ബിൽ മുഴവൻ പാടെ റദ്ദാക്കി പുതിയ ബിൽ കൊണ്ടുവന്നിരിക്കുന്ന ഈ സന്ദർഭത്തിൽ സെൻറിന കാലണ നികുതി ചുമത്തുന്നതു് അധികമെന്നും നാലുകാശിനോടടുത്ത രണ്ടുപൈ ചുമത്തുന്നതു് ഉചിതമാ

യിരിക്കണമെന്നുള്ള അഭിപ്രായം ഗവണ്മെന്റിനുണ്ടായിരുന്നെങ്കിൽ ആ വിധത്തിലുള്ള ഒരു ഭേദഗതി ഇതിൽ കൊടുക്കാമായിരുന്നു. അങ്ങനെ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത സ്ഥിതിക്ക് കാലണ നികുതി എന്നുള്ള വ്യവസ്ഥയെ ഇന്നത്തെ ഗവണ്മെന്റും അംഗീകരിച്ചിരിക്കുന്നു എന്നുവേണം സ്വാഭാവികമായും യുക്തിയുക്തമായും ഈ സഭ തീരുമാനിക്കേണ്ടതു്. ഇന്നലെ ഇതിനെപ്പററി ചെയ്ത പ്രസ്താവനകൾ സഭ വേണ്ടിടത്തോളം ധരിച്ചിരിക്കയില്ലെന്നു കരുതിയാണു് ഞാനിപ്പോൾ ഇതു് ആവർത്തിച്ചതു്.

ഇടപ്പള്ളി, വഞ്ചിപ്പുഴ, പൂഞ്ഞാർ തുടങ്ങിയ ഇടവകകൾക്ക് ആ വസ്തുക്കളിലെ ഭൂവുടമസ്ഥന്മാർ ഈ ബിൽ പാസാകുന്നതുമൂലം പെട്ടെന്നു് ഇടവകകൾക്കു കൊടുക്കേണ്ട പാട്ടത്തിനു പുറമെ ബേസിക് ടാക്സുകൂടി കൊടുക്കേണ്ടിവരുമെന്നു പൂഞ്ഞാർമെമ്പർ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതു് അങ്ങനെതന്നെയാണെന്നു ഗവണ്മെന്റുഭാഗത്തുനിന്നും സമ്മതിക്കുകയുമുണ്ടായി. പക്ഷെ ഇതിലെ ഏഴാമത്തെ ക്ലോസ്സിൽ ചില കാര്യങ്ങളിൽ നികുതി വസൂലാക്കുന്നതിൽനിന്നും ചിലതരം ഭൂമികളെ ഒഴിവാക്കാനുള്ള അധികാരമുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചൂണ്ടിക്കാണിക്കുന്നതോടുകൂടി അങ്ങിനെയുള്ള ഒരു കുഴപ്പം വരാത്തവിധത്തിൽ ഇടവകകളെ സംബന്ധിക്കുന്ന സ്പെഷ്യൽ റൈററ്സ് ഇൻ ലാൻഡ് അബോളിഷൻബിൽ പാസായി നിയമമാകുന്നതുവരെ ഇതിലെ ഏഴാമത്തെ വകുപ്പനുസരിച്ചുള്ള അധികാരമുപയോഗിച്ചു് അങ്ങിനെയുള്ള പ്രദേശങ്ങളിലെ കുടിയാന്മാർക്ക് ഇരട്ടി ദ്രോഹം വരുത്താതിരിക്കുന്നതിനു് ഗവണ്മെന്റിനു കഴിയുമെന്നാണു് ഞാൻ ധരിക്കുന്നതു്. അങ്ങനെയാണെങ്കിൽ ആ വിവരം കാററഗോറിക്കലായി ഈ സഭയെ ധരിപ്പിക്കാൻ ഞാൻ അപേക്ഷിക്കുന്നു.

കൊച്ചിയിലെ ദേവസ്വം പട്ടാദാരന്മാരെപ്പററി പറയുകയാണെങ്കിൽ അവിടെ ഇൻകാർപ്പറേറഡ് ദേവസ്വത്തിലെയും അൺ ഇൻകാർപ്പറേറഡ് ദേവസ്വത്തിലെയും പട്ടാദാരന്മാരുണ്ടു്. ഈ രണ്ടു ദേവസ്വങ്ങളും ഒരുപോലെ കുടിയാന്മാർക്ക് പട്ടയം കൊടുത്തിരിക്കുകയാണു്. സാധാരണ ജന്മിമാർ ഭൂമി കൊടുത്തിരിക്കുന്നമാതിരി പാട്ടച്ചീട്ടെഴുതി വാങ്ങിക്കുകയോ മററു രേഖകൾ എഴുതിവാങ്ങിക്കുകയോ അല്ല ചെയ്തിട്ടുള്ളതു്. മൂന്നാമത്തെ പ്രൊവൈസോയിൽപറഞ്ഞിട്ടുള്ള ദേവസ്വം പ്രോക്ലമേഷനിലെ വ്യവസ്ഥയനുസരിച്ചു് ഈ ദേവസ്വംഭൂമികൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതിനു് പട്ടയം കൊടുത്തിരിക്കുകയാണു്. ആ പട്ടയം പണ്ടാരവക പട്ടയംപോലെ വരുകയാണു് ചെയ്യുന്നതു്. ആ പട്ടയത്തെ ഒരു ടൈററിൽഡീഡുപോലെ കരുതി അതിൽ കാണിച്ചിരിക്കുന്ന നികുതിയും പാട്ടവും കൊടുത്താൽ മതിയാകുന്നതാണു്.

ശ്രീ. എ. താണുപിള്ള: ആ നികുതി പട്ടയക്കാരായ കുടിയാനവന്മാർ ദേവസ്വംമുഖേനയാണോ കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ദേവസ്വം പാട്ടം പിരിക്കുന്നതു് റവന്യൂഡിപ്പാർട്ടുമെൻറാണു്. അതുകൊണ്ടു് നേരിട്ടുകൊടുക്കുന്നോ ഇല്ലയോ എന്നുള്ള പ്രശ്നം കൊച്ചിയിലെ ഇൻകാർപ്പറേറഡ് ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നതല്ല. അങ്ങിനെ നികുതിപിരിച്ചു് ക്രഡിററുചെയ്യുന്നതിനു് ദേവസ്വംഡിപ്പാർട്ടുമെൻറിൽനിന്നും ഒരു കമ്മീഷൻ കൊടുക്കുന്നുമുണ്ടു്.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണെങ്കിൽ ഈ ബേസിക്ക് ടാക്സ് ലാൻഡുറവന്യൂവിന് പകരമാണെന്നു പറഞ്ഞിരിക്കുന്നസ്ഥിതിക്ക് ഇതു വന്നുകഴിഞ്ഞാൽ ബേസിക് ടാക്സ് മാത്രമായി പിരിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അൺഇൻകാർപ്പറേറ്റഡ് ദേവസ്വങ്ങൾക്ക് കുടിയാന്മാർ നേരിട്ട് നെല്ലായിട്ടോ പണമായിട്ടോ കൊടുക്കുകയാണ്. അതിനുപുറമേ നികുതിയും കൊടുക്കും. അതു നേരിട്ടു ഗവണ്മെന്റിലേക്ക് കൊടുക്കുകയില്ല, ഇതിൽ ആറാമത്തെ ക്ലോസ്സിൽ പറയുന്നതു് ഇങ്ങനെയാണ്:

"Where in any contract or agreement or lease or other transaction, there is a stipulation to pay the land revenue assessment on any land or any amount in lieu thereof, such stipulation shall be construed as a stipulation to pay the amount of basic tax on the said land charged and levied under this Act."

ഇതിന്റെ അർത്ഥം ഒരു പാട്ടച്ചീട്ടിലോ കാണാധാരത്തിലോ ഒറ്റിയാധാരത്തിലൊ ഏതിലെങ്കിലും നികുതികൊടുക്കാമെന്ന വ്യവസ്ഥയിൽ ഭൂമി കൈവശംവച്ചിട്ടുള്ള കുടിയാന്മാർ ഈ നിയമം പാസ്സായശേഷം ബേസിക്ക് ടാക്സ് കൊടുക്കാൻമാത്രമേ ചുമതലയുള്ളു എന്നാണ്. ഇന്നു നിലവിലുള്ള പട്ടയാധാരത്തിൽ പത്തുരൂപ നികുതികൊടുക്കാമെന്നു വ്യവസ്ഥയുണ്ടെങ്കിൽ ഈ നിയമംവന്നാൽ ബേസിക് ടാക്സ് മാത്രം കൊടുത്താൽ മതി. അൺഇൻകാർപ്പറേറ്റഡ് ദേവസ്വംഭൂമികൾ കുടിയാന്മാർ കൈവശംവച്ചിട്ടുള്ളതു് കോൺട്രാക്ടനുസരിച്ചോ, എഗ്രിമെന്റനുസരിച്ചോ, ലീസ് അനുസരിച്ചോ അല്ല. അങ്ങിനെ കോടതികളിൽ വാദിക്കാനുള്ള സൗകര്യം നേരിടും. പ്രത്യേകിച്ചും അൺഇൻകാർപ്പറേറ്റഡ് ദേവസ്വങ്ങൾക്ക് റവന്യൂറിക്കവറി റഗുലേഷൻ അനുസരിച്ച് നികുതി വസൂലാക്കാം. പട്ടയം അനുസരിച്ച് കൊടുക്കാൻ ബാദ്ധ്യതപ്പെട്ട നികുതി ഈ നിയമത്തിന്റെ ബലംമൂലം കുറയുമെന്ന് ഈ നിയമത്തിൽ പറഞ്ഞിട്ടില്ല. ഇതിലെ പതിനേഴാമത്തെ ക്ലോസ്സിൽ "Travancore Land Tax Proclamation, 1121 and the Cochin Settlement Proclamation dated 10th March 1945" ഇതനുസരിച്ച് റിപ്പീൽചെയ്യുകയാണ്. എന്നാൽ അൺഇൻകാർപ്പറേറ്റഡ് ദേവസ്വങ്ങളിൽനിന്നു പട്ടയംകിട്ടിയിട്ടുള്ള കുടിയാനവന്മാർ പാട്ടവും നികുതിയും കൊടുക്കേണ്ടചുമതല മൂന്നാമത്തെ പ്രൊവൈസോയിൽ പറഞ്ഞിട്ടുള്ള കൊച്ചിൻദേവസ്വം പ്രോക്ലമേഷൻ അനുസരിച്ച് വരുന്നതാണ്. ആ പ്രോക്ലമേഷന് ഭേദഗതിയൊന്നും ഈ നിയമത്തിൽ പറഞ്ഞിട്ടില്ല. അങ്ങനെയിരിക്കുമ്പോൾ കൊച്ചിയിലെ അൺഇൻകാർപ്പറേറ്റഡ് ദേവസ്വങ്ങളിലെ കുടിയാന്മാർ പണ്ടത്തെ നികുതിതന്നെ കൊടുക്കേണ്ടിവന്നേക്കും. അതിലേക്ക് ദേവസ്വങ്ങൾ ശഠിച്ചുഎന്നുവരാം. കൊച്ചിയിലെ ദേവസ്വങ്ങൾ കുടിയാന്മാരുടെ അടുക്കൽനിന്നും നെല്ലിനു മൂന്നുരൂപയും മൂന്നേകാൽ രൂപയും വസൂലാക്കിവരുന്നു എന്നുള്ള ആക്ഷേപമുണ്ടു്. അങ്ങനെ വാങ്ങുന്നതിന് നിയമാവകാശമുണ്ടെന്നുള്ള വാദത്തിലാണ് അവർ നിലകൊള്ളുന്നതു്. ഒരു കോടതിയിൽ പോയി തർക്കിക്കുന്നതിനുള്ള സന്ദർഭം കിട്ടുന്നില്ല. റവന്യൂറിക്കവറി ആക്ടനുസരിച്ച്

വസൂലാക്കാൻ അവർക്കധികാരമുണ്ടു്. ഈ നിയമം പാസായാൽ പോലും കൊച്ചിയിലെ അൺഇൻകോർപ്പറേറ്റഡ് ദേവസ്വങ്ങളിലെ കുടിയാന്മാർ മുഴുവൻ നികുതി തന്നെ കൊടുക്കേണ്ടിവന്നേക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഗവണ്മെന്റ് ഇതിന്റെ നിയമവശം പര്യാലോചിച്ചു് വേണ്ടിവന്നാൽ ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കണമെന്നാണ് ഞാൻ പറയുന്നതു്. എനിക്ക് അതിനെപ്പറ്റി സംശയമുണ്ടു്. അൺഇൻകോർപ്പറേറ്റഡ് ദേവസ്വങ്ങളുടെ കാര്യത്തിൽ മിക്കവാറും തീർച്ചയുമാണു്. കാൺട്രാക്റ്റ് പ്രകാരമുള്ളതാണെങ്കിലും വേറെ അവകാശങ്ങൾ കൂടി ഉദിച്ചേക്കാം. ദേവസ്വം പ്രൊക്ലമേഷനനുസരിച്ചും അന്നു നടന്നിട്ടുള്ള ദേവസ്വങ്ങളുടെ സെറ്റിൽമെന്റനുസരിച്ചും ഈ കുടിയാന്മാർ നികുതിയും പാട്ടവും കൊടുക്കേണ്ടതാണെന്നു വാദിക്കാം. അങ്ങനെ വാദിക്കുന്നതിന് നിയമജ്ഞന്മാർക്ക് തടസ്സമുണ്ടാകയില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇതു് പ്രത്യേകം എടുത്തുപറയാതിരിക്കുന്നതുകൊണ്ടു് ദേവസ്വങ്ങൾക്കു് പഴയപടി തന്നെ നികുതി വസൂലാക്കാൻ അവകാശമുണ്ടെന്നുള്ള ഒരു വാദം ഉന്നയിക്കാനിടയുണ്ടു്.

ശ്രീ. എം. പി. മേനോൻ: Other transaction എന്നതു save ചെയ്യുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു നിയമനിർമ്മാണം ട്രാൻസാക്ഷനാണോ എന്നുള്ളതിനെ അടിസ്ഥാനമാക്കിയിരിക്കും. വ്യക്തിയും വ്യക്തിയും തമ്മിലുള്ള ഒരു കാര്യമാണ് ട്രാൻസാക്ഷൻ എന്നു പറയുന്നതു്. ഒരു നിയമനിർമ്മാണം ട്രാൻസാക്ഷനെന്നു പറയുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. ദേവസ്വം പ്രൊക്ലമേഷന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള പട്ടയം ഒരു ട്രാൻസാക്ഷനാണോ എന്നുള്ളതിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാം,

ശ്രീ. കെ. മഞ്ജുനാഥപ്രഭു: അൺഇൻകോർപ്പറേറ്റഡ് ദേവസ്വങ്ങളെ കൊച്ചിയിലെ ജന്മിമാരായി ഉൾപ്പെടുത്താൻ പാടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു് അൺഇൻകോർപ്പറേറ്റഡ് ദേവസ്വങ്ങൾ ജന്മിമാരാണെങ്കിലും അവർക്കു പാട്ടവും നികുതിയും പിരിക്കുന്നതിനുള്ള അവകാശം ദേവസ്വം പ്രൊക്ലമേഷനനുസരിച്ചാണു് കിട്ടിയിട്ടുള്ളതു്. അതനുസരിച്ചാണ് പട്ടയം കൊടുത്തിട്ടുള്ളതും. ആ പട്ടയമനുസരിച്ചുള്ള നികുതിയും പാട്ടവും പിരിക്കാൻ റവന്യൂറിക്കവറി ആക്റ്റ് ഉപയോഗപ്പെടുത്താമെന്നാണ് ഇന്നുള്ള വ്യവസ്ഥ. വിളവു ജപ്തി ചെയ്യാൻപോലും ദേവസ്വങ്ങൾക്കു് അവകാശമുണ്ടു്. കണയന്നൂർതാലൂക്കിലെ ഏതാനും കുടിയാന്മാർ ഞങ്ങളിൽ ചിലരുടെ അടുക്കൽ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. നെല്ലിനു് ഒന്നരയും രണ്ടും രൂപ നാട്ടിൽ വിലയുള്ളപ്പോൾ മൂന്നിൽ ചില്വാനം രൂപ വില കിട്ടണമെന്നു് ദേവസ്വങ്ങൾ വാദിക്കുകയാണു്. മാർക്കററു റേറ്റനുസരിച്ചോ ഗവണ്മെന്റിൽനിന്നും നിശ്ചയിച്ചിട്ടുള്ള റേറ്റനുസരിച്ചോ അവർ സ്വീകരിക്കുന്നില്ല. അങ്ങനെയിരിക്കുമ്പോൾ അവർ ആവശ്യപ്പെടുന്നതു് കൊടുക്കാതെ കയ്യുംകെട്ടി നിന്നു് കോടതികളെ സമീപിക്കാൻ നിവൃത്തിയില്ല. വിളവു കൊയ്യാറാകുന്ന സമയമാണു് ചിങ്ങ

മാസം. ആ സമയത്തു വന്ന് അവർ നെല്ലു കൊയ്തുകൊണ്ടുപോകും. അങ്ങനെയുള്ള അവസരങ്ങളിൽ ഹൈക്കോടതിയിൽ ഒരു റിററ കൊടുത്തു വേണം നിവൃത്തിയുണ്ടാക്കാൻ.

ശ്രീ. ഏ. താണുപിള്ള: ജപ്തിചെയ്യുന്ന ഉദ്യോഗസ്ഥൻ ദേവസ്വം നിയമങ്ങൾ സ്വീകരിക്കണമെന്നു നിയമമില്ലല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ദേവസ്വത്തിൽനിന്നും ഒരു ഡിമാന്റ ഇത്ര രൂപ പാട്ടംവകയ്ക്കും ഇത്ര രൂപ കരംവകയ്ക്കും കിട്ടാനുണ്ടെന്നു അയയ്ക്കുകയാണ്. ആ ഡിമാന്റ ശരിയോ തെററോ എന്നു വാദിക്കാനുള്ള ഒരു പ്രൊവിഷൻ റവന്യൂ റിക്കവറി ആക്ററിൽ പറഞ്ഞിട്ടില്ല. അങ്ങനെയാണ് കിട്ടാനുള്ള തുകയ്ക്ക് ജപ്തിനടത്തുന്നത്. അതു നടന്നു കഴിഞ്ഞശേഷമാണ് തിരുത്താനായി കോടതിയിൽ പോകുന്നതിനു അവസരം ലഭിക്കുന്നത്. അല്ലെങ്കിൽ അപ്പോൾതന്നെ ഹൈക്കോടതിയിൽ ഒരു റിററകൊടുത്തു് സ്റ്റേ ചെയ്യിക്കണം. ആ വിധത്തിലുള്ള ഉപദ്രവങ്ങളൊന്നും ഈ ദേവസ്വംകുടിയാന്മാർക്ക് വന്നുചേരാതിരിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. റെസ്ട്രിക്ഷൻ ഓഫ് പൊസഷൻസ് ആൻഡ് ഓണർഷിപ്പ് ഓഫ് ലാൻഡ്സ് ബില്ലിൽ കൊച്ചിയിലെ പട്ടദാരന്മാരെ ജന്മികളായി കണക്കാക്കുന്നുണ്ട്. അതുപോലെതന്നെ വെറുംപാട്ടംദാർസ് ബില്ലിലും അങ്ങിനെ കണക്കാക്കുന്നുണ്ട്. ദേവസ്വങ്ങളിൽനിന്നുംപട്ടയംകിട്ടിയിട്ടുള്ള കൊച്ചിയിലെ കുടിയാന്മാർ, ജന്മികുടിയാൻആക്ററപ്രകാരമുള്ള കുടിയാന്മാരായ അവർവാസ്തവത്തിൽ പ്രൊപ്രൈറേറഴ്സാണ്. അവരോടു ജന്മിക്കരം വസൂലാക്കുന്നതിനു വേറെ മാർഗ്ഗമൊന്നുമില്ല. ഈ പട്ടാദാരന്മാരും കൊച്ചിയിലെ വ്യവസ്ഥ അനുസരിച്ചു് ജന്മികളാണ്. 30 കൊല്ലം കഴിയുമ്പോൾ അതായതു 1056 മുതൽ 30 കൊല്ലം കഴിയുമ്പോൾ റവന്യൂവിൽ വ്യത്യാസം വരുത്തുന്നതിനായി ഒരു സെററിൽമെൻറുണ്ടാകും. അങ്ങിനെയുള്ള ഒരു സെററിൽമെൻറ് ഏതാനും കൊല്ലങ്ങൾക്കുമുമ്പ് കൊച്ചിയിൽ ആവശ്യമായി വരികയും കൊച്ചിയിൽ അന്നു നടപ്പുള്ള പതിവനുസരിച്ചു് ഒന്നു പരിശോധിച്ചു നോക്കുന്നതിന് അന്നൊരു സെററിൽമെൻറ് ഉണ്ടാക്കിവച്ചിരിക്കുകയാണ്. അതിനുശേഷമാണ് 1118-ൽ ഒരു വ്യത്യസ്തമായ സെററിൽമെൻറ നടപ്പിലാക്കണമെന്നു തീരുമാനിക്കുകയും അതനുസരിച്ചു് അതു പാസ്സാക്കിയതും. അതിൻെറ ഫലമായി കൊച്ചിയിൽ ദേവസ്വം കുടിയാന്മാർക്ക് അവരുടെ വസ്തുക്കളിൽ ഉടമസ്ഥാവകാശം കിട്ടിയിട്ടുമുണ്ട്. ആ വസ്തുക്കൾ സർക്കാരിലേക്കു പോന്നാൽ ഈ കുടിയാന്മാർക്ക് ഉടമസ്ഥാവകാശം ഇല്ലാതാകാൻ വഴിയുണ്ട്. അതേസംബന്ധിച്ചുള്ള നിയമത്തിലെ അംശം വേണ്ടിടത്തോളം വിജയിച്ചിട്ടില്ല. അവിടത്തെ നിയമത്തിൽ ഇങ്ങനെയുള്ള കുടിയാന്മാരെ സംബന്ധിച്ചു അതായതു ഭൂമി ഉടമസ്ഥരായിരിക്കുന്ന കുടിയാന്മാരെ സംബന്ധിച്ചു് 6-ാമത്തെ ക്ലോസു കൊണ്ടു വേണ്ടിടത്തോളം രക്ഷയുണ്ടാകുന്നില്ലെന്നാണ് ഇത്രയും പരിശോധിച്ചതിൽനിന്ന് എനിക്കു തോന്നുന്നത്.

ശ്രീ. ടി. വി. തോമസ്: അങ്ങിനെയുള്ളവരുടെ ഭൂമി എത്ര ശതമാനം വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെപ്പററി ക്ലിപ്തമായി ഇപ്പോഠം പറവാൻ നിവൃത്തിയില്ല.

ശ്രീ. ടി. വി. തോമസ്: വളരെ കൂടുതൽ ഉണ്ടെന്നു പറയുന്നതു വാസ്തവമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറെ കൂടുതലുണ്ട്. കൊച്ചിയുടെ നാനാഭാഗങ്ങളിലും വളരെ അധികം ഭൂമികഠം ദേവസ്വംവകയാണ്. തിരുവിതാംകൂറിൽ ദേവസ്വംവക ഭൂമികളും സർക്കാർവക ഭൂമികളും കൂടിച്ചേർന്നുകിടക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആകെയുള്ള ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗം കൊച്ചിയിൽ ദേവസ്വം വകയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ, പണ്ടാരവക ഭൂമികഠം അതിനേക്കാഠം കൂടുതലുണ്ട്. കർണ്ണൽ മൺറോയുടെ കാലത്തു തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ദേവസ്വം ഭൂമികളും പണ്ടാരവക ഭൂമികളും......

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ദേവസ്വംവക ഭൂമികഠം കൃഷിചെയ്യാവുന്ന ഭൂമികളല്ല മുഴുവനും എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയായിരിക്കും. നല്ലതുമുണ്ട്; അല്ലാത്തതുമുണ്ട്. ദേവസ്വം ഭൂമികളാണ് പണ്ടാരവക ഭൂമികളേക്കാഠം കൂടുതൽ എന്നെനിക്കറിഞ്ഞുകൂടാ. അതല്ലെങ്കിലും ആണെങ്കിലും എനിക്കു അതു ബാധകമാകുന്നതല്ല. കർണ്ണൽ മൺറോ 10-ാം നൂററാണ്ട് ആദ്യകാലത്തു തിരുവിതാംകൂറിലെയും കൊച്ചിയിലെയും ദേവസ്വംഭൂമികളും പണ്ടാരവക ഭൂമികളും ഒന്നിച്ചു കൂട്ടിച്ചേർക്കയുണ്ടായി. എന്നാൽ കൊച്ചിയെ സംബന്ധിച്ചിടത്തോളം അതു പിന്നീട് വിഭജിക്കുകയുണ്ടായി എങ്കിലും തിരുവിതാംകൂറിൽ ആ ഭൂമികഠം രണ്ടായി വിഭജിക്കുകയുണ്ടായില്ല. അതുകൊണ്ടാണ് ദേവസ്വം ബോർഡുണ്ടാക്കിയ സന്ദർഭത്തിൽ അങ്ങനെയുള്ള ഭൂമികഠംക്ക് ആദായം എന്ന നിലയിൽ ഗവണ്മെൻറഫണ്ടിൽനിന്നു് തിരുവിതാംകൂർ ദേവസ്വത്തിനു കുറെ ലക്ഷം രൂപാ കൊടുക്കുന്നതു്. കൊച്ചിയിൽ അങ്ങനെ വിഭജിക്കയുണ്ടായതു് 1910-ൽ ആണെന്നാണെന്റെ ഓർമ്മ. അങ്ങനെ സർക്കാർവക ഭൂമികളും ദേവസ്വംഭൂമികളും വേർതിരിക്കുകയുണ്ടായി. ദേവസ്വംഭൂമികഠംക്കു് കുടിയാന്മാർ കൊടുക്കേണ്ട ആദായത്തെസംബന്ധിച്ചും സർക്കാരിലേക്കു് കൊടുക്കേണ്ട നികുതികളെ സംബന്ധിച്ചും മററും ഉണ്ടായിട്ടുള്ള നിയമമാണ് 1086-ലെ പ്രൊക്ലമേഷൻ. അതനുസരിച്ചു് പണ്ടാരവകയായ ദേവസ്വംഭൂമികഠംക്കു്, ഇൻകാർപ്പറേറഡ് ദേവസ്വങ്ങളിലെ കുടിയാന്മാർ കൊടുക്കേണ്ട പാട്ടം 4 രൂപയാണ്. അതായതു് $1\frac{1}{3}$ ആണ്. അങ്ങനെ പറഞ്ഞിട്ടുള്ളതിൽ 3-ാം ക്ലോസ് 3-ാമത്തെ പ്രൊവിസോ അനുസരിച്ചു് ഈ നികുതി കുറയ്ക്കുന്നതുകൊണ്ടുള്ള പ്രയോജനം കുടിയാന്മാർക്കാണോ കിട്ടുക, അതോ, ദേവസ്വത്തിനാണോ കിട്ടുക എന്നുള്ള കാര്യത്തിൽ സംശയമുണ്ടാകും. ഞാൻ അതു് ഡാഗ്മാറൈറസ് ചെയ്യുന്നില്ല. പണ്ടാരവക ഭൂമികളുടെ നികുതി പിരിക്കുന്നതു പാർവ്വത്യകാരന്മാരാണ്. ആ കരം മുഴുവൻ സർക്കാരിലെ ട്രഷറിയിൽ ചെല്ലും. എന്നാൽ

ദേവസ്വംവക ഭൂമികളുടെ നികുതി ഗവണ്മെൻറിൽനിന്നും പാർവ്വത്യകാരന്മാരെക്കൊണ്ടു പിരിപ്പിച്ചു സർക്കാരിലേക്കു വരാനുള്ള നികുതി എടുത്തു കഴിഞ്ഞു ബാക്കി ദേവസ്വം അക്കൗണ്ടിലേക്കു ക്രെഡിററു ചെയ്യുകയാണ്. സർക്കാരിലേക്കു ബേസിക് ടാക്സുമാത്രമേ എടുക്കുകയുള്ളു. നാലാംവകുപ്പിൽ കുടിയാന്മാരിൽനിന്നു 1086-ലെ പ്രൊക്ലമേഷനനുസരിച്ചു റവന്യൂഡിപ്പാർട്ടുമെൻറു പിരിക്കുന്ന നികുതി കുറയ്ക്കുവാനുള്ള വ്യവസ്ഥ ഇതിലില്ല. ഇങ്ങനെ മൂന്നു വിഷമങ്ങളാണ് ഈ ബില്ലിൽ കാണുന്നതു്.

ഇടപ്പള്ളി, കിളിമാനൂർ, വഞ്ചിപ്പുഴ മുതലായ ഇടവക ഭൂമികളെ സംബന്ധിച്ചു ഗവണ്മെൻറു ആക്ഷൻ എടുക്കാൻ തീരുമാനിക്കുന്നുണ്ടെന്നു പറഞ്ഞു. അതു ഇതിനു തടസ്സമായി നിൽക്കുന്നില്ലെങ്കിൽപോലും കൊച്ചിയിലെ അൺഇൻകാർപ്പറേററഡു ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബേസിക് ടാക്സ് ആക്ററുമൂലം ഉണ്ടാകുന്ന ഗുണം ദേവസ്വങ്ങൾക്കാണു കിട്ടുന്നതു്. അതിനും പരിഹാരമുണ്ടാക്കാമെന്നു ഗവണ്മെൻറു തീരുമാനിക്കണം. കൊച്ചിയിലെ ദേവസ്വങ്ങൾക്കു ഗുണം നൽകി കുടിയാന്മാർക്കു ഗുണം നൽകാനല്ലാ എന്നു ഈ ബില്ലിന്റെ ഓബ്ജക്ററ്സ് ആൻഡു റീസൺസിൽ കാണുന്നുണ്ടു്. അതുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: ശ്രീപണ്ടാരവകയെയും തിരുപ്പുവാരത്തിനെപ്പററിയും എന്താണു് പറയുന്നതെന്നറിഞ്ഞാൽ കൊള്ളാം. തിരുപ്പുവാരത്തെ സംബന്ധിച്ചു ഈ ബില്ലിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥ ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയാണെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ ബില്ലിന്റെ ഉദ്ദേശം ലാൻഡുറവന്യൂ അസ്സസ്മെൻറു തിരുവിതാംകൂറിലുള്ളതുപോലെ കൊച്ചിയിലുംകൂടി വ്യാപിപ്പിക്കണമെന്നാണു്. തിരുപ്പുവാരത്തെ സംബന്ധിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു ഈ ബില്ലു കൂടാതെ മററു ബില്ലുകൾകൂടി ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ബേസിക്ക് ടാക്സു മാത്രം ഏർപ്പെടുത്തേണ്ട ആവശ്യത്തിലേക്കുള്ള ഈ ബില്ലിൽ ഒരു മാൻഡേററി ക്ലാസ്സ് ഉൾക്കൊള്ളിച്ചിരിക്കുന്നു. അതായതു് സെക്ഷൻ 8-ഉം 9-ഉം ഒന്നിച്ചു മാൻഡേററിയായിട്ടു ഈ ബേസിക് ടാക്സുബില്ലിൽ അവതരിപ്പിച്ചിരിക്കുന്നതു ശരിയാണെന്നു മെംബർക്കു വിചാരമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ഞാൻ ഒന്നും പറയാതിരുന്നതു എന്തുകൊണ്ടാണെന്നുവച്ചാൽ അതൊരു സർപ്ലസ് ആണെന്നാണെനിക്കു തോന്നുന്നതു്.

Section 8 reads as follows:—

"Jenmikaram charged on and payable in respect of any land under the Travancore Jenmi and Kudiyan Act of 1071 as subsequently amended.............shall continue to be paid to the jenmies in addition to the basic tax thereon payable to the Government."

Am I right? A clause corresponding to clause 8 exists in the present Act also.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അതു മാററിവച്ചാൽതന്നെ അതിന്റെ ഫലം 1086-ലെ ജന്മികുടിയാൻ ആക്ടനുസരിച്ച് അപ്പോഴേ ഉണ്ടെന്നും അതു ഈ വകുപ്പിലും ഉണ്ടെന്നും ആണ് എന്റെ അറിവ്. അതു ശരിയാണോ? ജന്മിക്കരത്തിനു പുറമെയാണ് ഈ ബേസിക് ടാക്സ് എന്നു പറയുന്നതു ശരിയാണോ? ഒരു പുതിയ ഓബ്ലിഗേഷൻ അതു മൂലം ഉണ്ടാകുന്നില്ല. അതൊരു മാൻഡേററി സെക്ഷനല്ല. അതുപോലെ സെക്ഷൻ 9-ം ഇങ്ങനെയുള്ള രണ്ടു വകുപ്പുകളും ചേർത്തതു് എന്തിനാണെന്നു് എനിക്കറിയാൻപാടില്ല. ഈ നിയമനിർമ്മാണങ്ങളെപ്പററി പെട്ടെന്നു് മറുപടി പറയുന്നതു് മൗഢ്യമായിത്തീരും. ഒരു വിടവു് അടയ്ക്കുന്നതിനുവേണ്ടി അതു് ചേർത്തതായിരിക്കും.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഈ ജന്മിക്കരത്തിനു് പുറമെ ബേസിക് ടാക്സും അടയ്ക്കണമെന്നു് വരികയാണെങ്കിൽ ഈ വ്യവസ്ഥകൾ തമ്മിൽ കാൺട്രഡിക്ഷൻ വരുകയില്ലേ? കുടിയാന്മാർക്കു അതു ബാധകമാകുകയുമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ കാൺട്രഡിക്ഷൻ വരുന്ന നിയമം സ്വീകരിക്കേണ്ട. പ്രസിദ്ധങ്ങളായ തത്വങ്ങൾ അനുസരിച്ച് ഒരു നിയമത്തിനു് ഏതെങ്കിലും കാൺട്രാഡിക്ഷൻ വരുകയാണെങ്കിൽ രണ്ടാമത്തെ നിയമത്തിലുള്ള തത്വമാണു് ശരിയായിട്ടു നിൽക്കുന്നതെന്നാണു് എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതു്. ആദ്യത്തെ നിയമത്തിലുള്ള ഇംപ്ലയിഡ് അമൻഡുമെൻറായിട്ടു അതിനെ കണക്കാക്കാം. അതുകൊണ്ടു് തിരുപ്പുവാരത്തെ സംബന്ധിച്ചും കുടിയാന്മാരെ സംബന്ധിച്ചിടത്തോളവും ജന്മികുടിയാൻ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് എന്തെങ്കിലും പുതിയ ഭാരം വരുമോ എന്നു ആലോചിച്ചുനോക്കേണ്ടതാണു്. അതുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണു്. ഈ ബിൽ ഇപ്പോൾതന്നെ, ഈ നിയമസഭയിൽ തന്നെ പാസ്സാക്കണമെന്നു് പറയുന്നതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിക്കുകയാണു്. സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ടി. വി. തോമസ്: ഈ ബിൽ സെലക്ററുകമ്മിററിക്കു അയയ്ക്കണമെന്നുള്ള ചേർത്തലമെംബറുടെ ഭേദഗതിയെ അനുകൂലിച്ചു ഞാൻ സംസാരിക്കുകയാണു്. അങ്ങനെ സെലക്ററു കമ്മിററിക്കയയ്ക്കണമെന്നുള്ള ഭേദഗതിയെ അനുകൂലിച്ചു സംസാരിക്കുമ്പോൾ ഒരു കാര്യം വ്യക്തമാക്കണമെന്നു് ഞാനുദ്ദേശിക്കുന്നു. ഈ ബില്ലുകൊണ്ടു ഗവണ്മെൻറു ഉദ്ദേശിച്ചിരിക്കുന്നതു്, തിരുവിതാംകൂർ പ്രദേശത്തു നിലവിലിരിക്കുന്ന ബേസിക് ടാക്സ് കൊച്ചിപ്രദേശത്തുകൂടി നടപ്പിലാക്കണമെന്നുള്ളതാണു്. ആ ഉദ്ദേശത്തെ യാതൊരു വിധത്തിലും തടസ്സപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല എന്നുള്ളതു വ്യക്തമാക്കിക്കൊള്ളുന്നു. നേരെമറിച്ച് ഇതുവരെ ആ നിയമം അങ്ങോട്ടു വ്യാപിപ്പിക്കാതിരുന്നതുമൂലമുള്ള അനീതിയെ വളരെ വേഗം പരിഹരിക്കുന്നതിനു വേണ്ടി ഇപ്പോഴെങ്കിലും ഈ ബില്ലു കൊണ്ടുവന്നതിൽ സന്തോഷമുണ്ടു്.

എന്നാൽ ബ്ഹുമാനപ്പെട്ട ചാലക്കുടി മെംബറുടെ പ്രസംഗം കേട്ടപ്പോൾ തീർച്ചയായും ഈ ഭേദഗതി സ്വീകരിച്ചു ഈ ബില്ലു സെലക്ററു കമ്മിററിക്കയയ്ക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. ഈ ബിൽ

എത്ര ധൃതഗതിയിൽ പാസ്സാക്കിയെടുത്താലും, നടപ്പിൽ വരുന്നതു് 1955 ഏപ്രിൽ ഒന്നാംതീയതിമുതൽക്കായിരിക്കുമെന്നു പറയുന്നുണ്ടു്. ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ അതിന്റെ രജിസ്റ്റർ ശരിയാക്കുന്നതിനു് കുറെ സമയം വേണം. അതു ഞാനും സമ്മതിക്കുന്നു. ഇത്ര വേഗം ഈ അസംബ്ലിയിൽ പാസ്സാക്കിയാൽതന്നെ, വരുന്നയാണ്ടു ഏപ്രിൽ മാസത്തിൽ മാത്രമേ ഇതു നടപ്പിൽ വരികയുള്ളു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ആ സമയത്തിനുള്ളിൽ ഈ ബിൽ സെലക്ററ കമ്മിററിക്കയച്ചു് വളരെ അവധാനത്തോടുകൂടി ഇതിനെ പരിശോധിച്ചു്, കുറവുകൾ തീർത്തു കൂടുതൽ ഗുണം വരത്തക്കവണ്ണമുള്ള ഒരു ബില്ലാക്കിത്തീർക്കുവാൻ കഴിയുമോ എന്നുള്ളതു് സെലക്ററ കമ്മിററി ഒന്നു പരീക്ഷിക്കേണ്ട ചുമതലയുണ്ടെന്നാണു് എനിക്കു പറയുവാനുള്ളതു്.

ആദ്യംതന്നെ Special Rights on Land Abolition ആക്ററ നടപ്പിലാക്കുന്നില്ലെങ്കിൽ, ആക്കാത്ത കാലത്തോളം ഈ ബിൽ നടപ്പിലാക്കിയതുകൊണ്ടു അങ്ങനെയുള്ള ഭൂമികൾ അനുഭവിക്കുന്ന ആളുകൾക്കു് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നുള്ളതു വളരെ വ്യക്തമാണു്. അവർ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ലവിക്കും പാട്ടത്തിനും പുറമെ ബേസിക് ടാക്സുകൂടി കൊടുക്കേണ്ടിവരും. ക്ലോസ് (7) അനുസരിച്ചു് ഇങ്ങനെയുള്ള ഡബിൾ ടാക്സ് കൊടുക്കാൻകൂടി അവരെ സംബന്ധിച്ചിടത്തോളം വ്യക്തമാണെങ്കിലും, ആ വസ്തുത ഗവണ്മെന്റിന്റെ മനോധർമ്മത്തിനു് വിട്ടുകൊടുത്തിരിക്കുകയാണു്. ക്ലോസ് 8-നെയും, 9-നെയും കുറിച്ചു് ഞങ്ങൾക്കു് ചില കാര്യങ്ങൾ പറയാനുണ്ടു്. ഇതു പാസ്സാക്കിക്കഴിഞ്ഞാൽ കുടിയാനവന്മാർ ബേസിക് ടാക്സ് കൊടുക്കണമെന്നാണു് ക്ലോസ് 8-ൽ പറയുന്നതു്. അതു ഒരു സർപ്ലസ് ആയി ചേർത്തിരിക്കുകയാണെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ പറഞ്ഞു. അതൊരു സർപ്ലസ് ആണെന്നു് പറഞ്ഞു തള്ളിക്കളയാൻതക്കവണ്ണമുള്ള ഒരു സർപ്ലസല്ല. കൊടുക്കണമെന്നു പറയുന്നതു ചിലപ്പോൾ ഈടാക്കാൻ കഴിഞ്ഞുവെന്നു വരും. പ്രത്യക്ഷത്തിൽ അതു സർപ്ലസ് ആണെങ്കിൽതന്നെയും അതു ഉൾപ്പെടുത്തിയിരിക്കുന്നതു ഇതിനുവേണ്ടിയാണു്. മറെറാന്നു് എനിക്കു ചോദിക്കുവാനുള്ളതു്, ബേസിക് ടാക്സ് കൊച്ചി പ്രദേശത്തും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈയവസരത്തിൽ, ഇങ്ങനെയൊരു ക്ലോസ് പാട്ടത്തിനും, ജന്മിക്കരത്തിനും പുറമെ ബേസിക് ടാക്സും കൊടുക്കാൻ അവകാശമുണ്ടെന്നും, തിരുപ്പുവാരവും, ജന്മിക്കരവും സംബന്ധിച്ചു എടുത്തു പറഞ്ഞിരിക്കുന്നതും കാണുമ്പോൾ, കുടിയാന്മാരുടെ താല്പര്യത്തെക്കാൾ ജന്മിമാരുടെ താല്പര്യത്തെ സംരക്ഷിക്കാനുള്ള ആവേശത്തിന്റെ പ്രകടനമല്ലേ ഇതെന്നാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴത്തെ നിയമത്തിലുള്ളതല്ലേ ഇതു്?

ശ്രീ. ടി. വി. തോമസ്: അതു മാററാൻ ശ്രമിക്കണ്ടേ? അതു കൊച്ചിയിലെ നിയമത്തിൽനിന്നു എടുക്കുന്നതു ആക്ഷേപാർഹമായി തോന്നുന്നുവെങ്കിൽ ഇന്നു നിലവിലിരിക്കുന്ന നിയമത്തിലും ആ വ്യവസ്ഥ ഉണ്ടെന്നു പറയുന്നു. ബേസിക് ടാക്സ് കൊടുക്കുന്നതു ഭൂവുടമസ്ഥന്മാരാണെന്നുള്ളതു് അംഗീകരിക്കുമെങ്കിൽ, ജന്മിക്കല്ലേ ആ ബേസിക് ടാക്സ് കൊടു

[ശ്രീ. ടി. വി. തോമസ്]

ക്കുന്നതു്? അപ്പോൾ ജന്മിക്കരത്തിനും പാട്ടത്തിനും പുറമെ ബേസിക് ടാക്സ് കൂടി കൊടുക്കണമെന്നു പറയുന്നതു് കുടിയാന്മാരുടെ താൽപ്പര്യത്തെക്കാൾ ജന്മിമാരുടെ താൽപ്പര്യത്തെ സംരക്ഷിക്കുന്നതിനുള്ള ആഗ്രഹം കൊണ്ടുമാത്രമാണു്.

നാം ഇതേ നിലയിൽ ഈ ക്ലോസു പാസ്സാക്കിയാൽ അതിനു നിയമപ്രാബല്യമുണ്ടാകുമോ എന്നും നോക്കേണ്ടതാണു്. കൂടാതെ കാണം ടെനൻസി ആക്റ്റ ആഫ് 1954 എന്നൊരു നിയമത്തെപ്പററിയും പറയുകയുണ്ടായി. അങ്ങനെ കാണം ടെനൻസി ആക്റ്റ് ആഫ് 1954 എന്നൊരു ബില്ല വന്നിട്ടില്ല. അതു ഒരു പ്രിൻറഴ്സു ഡവിൾ ആണെന്നും, അതു് മാററാമെന്നും പറഞ്ഞു. അതു മാററുന്നപക്ഷം, കൊച്ചി ടെനൻസി ആക്റ്റ എന്നു ആക്കാമെന്നും, അങ്ങനെ വരുന്നതായാൽ ദേവസ്വത്തിനു് കൊച്ചിയിൽ ജന്മിക്കരം കൊടുക്കുന്നതിനെ സംബന്ധിച്ചു് അവിടെ അതു ബാധകമാകുന്നില്ലെങ്കിൽ, ബേസിക് ടാക്സു് എന്നു പറഞ്ഞാൽ അതു വിരുദ്ധമാകയില്ലേ എന്നു ആലോചിച്ചുനോക്കേണ്ടതാണു്.

Shri Panampilli Govinda Menon ; "Or the Kanams Act of 1944" എന്നാണു്.

Shri P. S. Nataraja Pillai : Sir, I propose to move that.

ശ്രീ. ടി. വി. തോമസ്: ജന്മിക്കരം ആൻഡു് മിച്ചവാരം എന്നു പറയുന്നതിനുള്ള കാരണം, ജന്മിക്കരമാക്റ്റനുസരിച്ചു് തിരുവിതാംകൂറിൽ ജന്മിക്കരവും, പിന്നെ കൊച്ചിയെ സംബന്ധിച്ചിടത്തോളം മറെറാന്നുമാണെന്നാണു് എനിക്കു തോന്നുന്നതു്. ഏതായാലും ഈ ബില്ലിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട ചാലക്കുടി മെംബറുടെയും മററും പ്രസ്താവന കേട്ടതിൽ എനിക്കു കൂടുതൽ ഭയം തോന്നുന്നുണ്ടു്.

അതുപോലെ തന്നെ, 9-ാം വകുപ്പിൽ പറയുന്നതുപോലെ തിരിപ്പുവാരത്തെ സംബന്ധിച്ചും ചില സംശയങ്ങളുണ്ടു്. അതിൻെറ സാങ്കേതികവശങ്ങളെപ്പററിയല്ല, എനിക്കു പറയുവാനുള്ളതു്. ഇന്നു തിരുവിതാംകൂറിൽ നിലവിലിരിക്കുന്ന സംപ്രദായത്തിൽ ജന്മിമാരെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ കുടിയാന്മാൎക്കു കിട്ടത്തക്കവണ്ണം, ജന്മിബാദ്ധ്യതയിൽ നിന്നും കുടിയാനവരെ ഒഴിവാക്കണമെന്നുള്ളതിനെ നിർബ്ബന്ധമാക്കണം. ഈ സ്ഥിതിയിൽ ഈ ബില്ല് എത്ര ധൃതിവച്ചു പാസ്സാക്കിയാലും വളരെ അവധാനതയോടുകൂടി ചിന്തിച്ചു് ഒരു നല്ല ബിൽ കൊണ്ടുവരുന്നതിനു് സെലക്റ്റ കമ്മിററിക്കു സൗകൎയ്യം കൊടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

ബഹുമാനപ്പെട്ട മാവേലിക്കര മെംബർ പറയുകയുണ്ടായി, ബേസിക് ടാക്സിൻെറ റേററ കുറയ്ക്കണമെന്നു്. ബഹുമാനപ്പെട്ട ചാലക്കുടി മെംബറും അതേ സംബന്ധിച്ചു പറയുകയുണ്ടായി. അതേപ്പററിയുംകൂടി ആലോചിക്കണം. കൂടാതെ നിയമപ്രാപ്തിയെപ്പററി പറയുന്നപക്ഷം, ഈ കാൎയ്യങ്ങളെപ്പററി വളരെ അവധാനതയോടുകൂടി ചിന്തിച്ചു്, കൂടുതൽ കാൎയ്യം അറിയാവുന്ന ആളുകളെ ഉൾക്കൊള്ളിച്ചുള്ള ഒരു സെലക്റ്റ കമ്മിററിയിൽ ഇതു ചിന്തിച്ചു് ഒരു നിയമം ഉണ്ടാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ചേർത്തല മെംബർ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു്

അടുത്ത സെഷനിൽതന്നെ ഇതു അവതരിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഒരു കാര്യം കൂടി വ്യക്തമാക്കിയിട്ടുണ്ടെന്നു് എനിക്കു തോന്നുന്നു. യാതൊരു പ്രകാരത്തിലും ബേസിക് ടാക്സ് കൊച്ചിപ്രദേശത്തു് നടപ്പിലാക്കണമെന്നുള്ള ആഗ്രഹത്തെയോ ഉദ്ദേശത്തെയോ ഞങ്ങൾ തടസ്സപ്പെടുത്തുന്നതല്ലെന്നു വ്യക്തമാക്കാൻ ഞാനുദ്ദേശിക്കുന്നു. കഴിഞ്ഞ നാലുകൊല്ലമായി ഈ അനീതി അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ ഈ ബിൽ സെലക്റ്റ കമ്മിററിക്കു് അയയ്ക്കണമെന്നു പറയുന്നതു് ഡയലേററി (dilatory) യാണെന്നു തോന്നുന്ന പക്ഷം ആ ഭേദഗതി ഞങ്ങൾ പ്രസ്സു ചെയ്യാതിരിക്കുന്നതിനും തയ്യാറാണു്. യാതൊരു വിധത്തിലും, യാതൊരു തരത്തിലും ഞങ്ങൾ തടസ്സമായി നിൽക്കുന്നില്ലെന്നുള്ളതു് വ്യക്തമാക്കാൻ വേണ്ടിയാണു് ഇത്രയും പറഞ്ഞതു്. അതുകൊണ്ടു് ഈ ഭേദഗതി അംഗീകരിക്കാൻ ഞാൻ ധനകാര്യമന്ത്രിയോടു അഭ്യർത്ഥിക്കുകയാണു്. ഇങ്ങനെ ഈ ബിൽ സെലക്റ്റ കമ്മിററിക്കു റഫർ ചെയ്യണമെന്നു പറയുന്നതിനു വേറെ കാരണമുണ്ടു്. ക്ലോസ് ബൈ ക്ലോസായി ഡിസ്കസ്സു് ചെയ്യേണ്ട ഒരു ബില്ലാണിതു്. ഇപ്പോൾ ഇതു ഇങ്ങനെ ഡിസ്കസ്സു് ചെയ്യുകയാണെങ്കിൽ, കൂടുതലായി കുറെ സമയം നഷ്ടപ്പെടാനിടയുണ്ടു്. ഇന്നു ഈ ബിൽ പാസ്സായാൽ തന്നെ ഇതു നടപ്പിൽ വരുത്താൻ കുറെ അധികം സമയം ഉണ്ടു്. ആ സ്ഥിതിക്കു് ഇങ്ങനെ സമയം നഷ്ടപ്പെടുത്താതെ ഇരുന്നില്ലെങ്കിൽ ഇനി ബാക്കി അഞ്ചോ, ആറോ ബില്ലുകൂടി അവതരിപ്പിക്കാനുണ്ടു്. അതിന്റെ ജനറൽ പ്രിൻസിപ്പിളിനെപ്പററി സംസാരിക്കുന്നതിനു കൂടുതൽ സമയം കിട്ടുന്നതാണു്. ഈ ബിൽ സെലക്ട് കമ്മററിക്കയയ്ക്കണമെന്നുള്ള ഭേദഗതിയിൽ അടുത്ത സെഷനിൽതന്നെ പാസ്സാക്കുകയും വേണമെന്നുള്ള ഒരു ഭേദഗതിയും കൂടി അംഗീകരിക്കണം. ഇതു് ഡയലേററിയാണെന്നു സംശയമുണ്ടെങ്കിൽ ഞങ്ങൾ ഇതു് പ്രസ്സുചെയ്യുന്നില്ല. അതു മാത്രമല്ല, ഈ ക്ലോസ് എട്ടും ഒൻപതും ഡിസ്കസ്സു് ചെയ്യാൻ എടുക്കുമ്പോൾ ഞങ്ങൾ ഒപ്പോസ് ചെയ്യുമെന്നുള്ള കാര്യവും ധനകാര്യമന്ത്രിയുടെ മുമ്പിൽ വയ്ക്കുവാനുണ്ടു്.

ശ്രീ. ടി. ഒ. ബാവാ: ഈ നിയമം വളരെ അധികം ഇടവക ഭൂമികളെ ബാധിക്കുന്ന ഒന്നാണു്. അതായതു് ഈ നിയമം പാസ്സാക്കുന്നതോടുകൂടി തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ ഭൂമികളേയും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നു പ്രസ്താവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട, ഞങ്ങളുടെ നേതാവു പറഞ്ഞതുപോലെ ഈ ഇടപ്പള്ളി സ്വരൂപത്തിനും അതുപോലെയുള്ള ഇടവകകൾക്കും ഇരട്ടി നികുതി ഈടാക്കാൻ ഉള്ള പരിതഃസ്ഥിതി ഉണ്ടാവുകയില്ലാ എന്നുള്ള ഉറപ്പു് നൽകുന്ന പക്ഷം ഈ ബില്ലു് ഇന്നുതന്നെ ആലോചിച്ചു് വേണ്ട തീരുമാനം എടുക്കാവുന്നതാണു്. ഇടപ്പള്ളി സ്വരൂപത്തെപ്പററി പറയുന്ന അവസരത്തിൽ..................

ശ്രീമതി കെ. ആർ. ഗൗരി: ഗവണ്മെന്റ് ഉറപ്പു പറഞ്ഞാൽ അതു് ബില്ലിൽ കാണുമോ?

ശ്രീ. ടി. ഒ. ബാവാ: ബില്ലിൽ കാണണമെന്നില്ല. എട്ടാമത്തെ ക്ലോസ്സിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന്റെ ഉറപ്പിനെ പരിഗണിച്ചാണു് ഞാൻ പറയുന്നതു്. ബഹുമാനപ്പെട്ട ഞങ്ങളുടെ നേതാവു പറഞ്ഞതുപോലെ കൊച്ചിൻദേവസ്വങ്ങളെപ്പോലെതന്നെ

[ശ്രീ. ടി. ഒ. ബാവാ]

ഇടപ്പള്ളിസ്വരൂപവും പട്ടയം കൊടുത്തിട്ടുള്ള ഭൂമികളാണ്. ആ വസ്തുത ഗവണ്മെൻറ മനസ്സിലാക്കണം. ഇടപ്പള്ളിസ്വരൂപം വക ഭൂമിയുടെ ഉടമസ്ഥാവകാശം ഇന്ന് അതിലെ കർഷകർക്ക് തന്നെയാണ്. അങ്ങിനെ പട്ടയം കൊടുത്തിട്ടുള്ള ഭൂമികളിൽ ഇന്നു കരം പിരിച്ചുകൊണ്ടിരിക്കുന്നതു കുട്ടയിലും ചാക്കിലുമാണെന്ന് എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ മത്തായി പറയുകയുണ്ടായി. നെല്ലായികൊടുക്കാൻ കഴിയാതിരുന്നാൽ പണമായി പിരിച്ചുകൊടുക്കാനുള്ള ഒരു ഏജൻറായിട്ടാണ് ഇന്നത്തെ ഗവണ്മെൻറ് വർത്തിച്ചുകൊണ്ടിരിക്കുന്നതു്. ആ രീതി റദ്ദാക്കിക്കിട്ടുവാൻവേണ്ടി 1,65,000 ഏക്കർ ഭൂമിയുടെ ഉടമസ്ഥന്മാർ ഇന്ന് ആർത്തിയോടുകൂടി കാത്തിരിക്കയാണ്. എന്നാൽ ഈ ബില്ലിൻെറ പുറകെ അവതരിപ്പിക്കാൻ പോകുന്ന ഭൂമിയുടെ പ്രത്യേകാവകാശം അവസാനിപ്പിച്ചുകൊണ്ടുള്ള നിയമം ഇവിടെ പാസ്സാകുന്നതോടുകൂടി മാത്രമേ ഇതു നിയമമാകുവാൻ നിവൃത്തിയുള്ളൂ. പക്ഷെ, ഗവണ്മെൻറിൻെറ ഉറപ്പിൻെറ അടിസ്ഥാനത്തിൽ ഞങ്ങൾക്കു രണ്ടു നികുതി വരികയില്ലാ എന്നാണെങ്കിൽ ഇതു ഇന്നു പാസ്സാക്കുന്നതിനു ഞങ്ങൾ തയ്യാറാണ്. അതോടുകൂടിത്തന്നെ ചില വസ്തുതകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനമെന്നും ഞാൻ വിചാരിക്കുന്നു. ഇടപ്പള്ളിസ്വരൂപത്തിലേക്ക് കരം ഈടാക്കിക്കൊടുത്തുകൊണ്ടിരിക്കുന്നതു ഇവിടത്തെ ഗവണ്മെൻറാണെന്നു ഞാൻ പറഞ്ഞു. അതേപ്പററി പരാതി പറയുന്നതിനും അപ്പലാതി കൊടുക്കുന്നതിനും ഇന്നൊരധികാരിയില്ല. കൊച്ചിൻ കോർപ്പറേറഡ് ദേവസ്വങ്ങളെപ്പററി ഞങ്ങളുടെ നേതാവ് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ പറഞ്ഞതുപോലെയുള്ള സ്വഭാവമാണ് ഇടപ്പള്ളിസ്വരൂപം ഭൂമിക്കുമുള്ളതു്. ഇടപ്പള്ളി സ്വരൂപത്തിലെ നികുതി പിരിക്കുന്ന പാർവ്വത്യകാരന്മാർ എട്ടു രൂപ ശമ്പളക്കാരാണ്. അദ്ദേഹത്തിനു നികുതിയായി നിശ്ചയിച്ചിരിക്കുന്ന നെല്ല് കൊടുക്കാതിരുന്നാൽ പറയ്ക്കു മൂന്നും നാലും രൂപ വിലവച്ചാണ് അയാൾ കരം ഈടാക്കി വരുന്നതു്. അതു കുടിശ്ശിക വരുത്തുന്നപക്ഷം ഈ പാർവത്യകാരൻ കൊടുക്കുന്ന കണക്കനുസരിച്ചുള്ള തുക തഹശീൽദാർ റവന്യൂ റിക്കവറി ആക്ററ അനുസരിച്ച് ഈടാക്കി കൊടുക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. ടി. വി. തോമസ്: അതിനു പരിഹാരം ടി. കെ. കൃഷ്ണൻെറ ബില്ലുകൊണ്ടുണ്ടാകയില്ലേ?

ശ്രീ. ടി. ഒ. ബാവാ: ആ ബില്ലുകൊണ്ടുണ്ടാകുമെന്നു തോന്നുന്നില്ല. അതിനെപ്പററി വഴിയേ ഞാൻ പ്രതിപാദിക്കാം. 1109-ലെ 3-ാം നമ്പർ തിരുവിതാംകൂർ ഇടവക റഗുലേഷൻ അനുസരിച്ച് ആ ഭൂമികൾക്ക് സ്ഥിരാവകാശം കൃഷിക്കാർക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് അതിൻെറ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഈ റഗുലേഷനിൽ ഇടപ്പള്ളിസ്വരൂപത്തിലെ ഭൂമികളെക്കുറിച്ച് പറഞ്ഞിട്ടുള്ളതു്, അതും പണ്ടാരവക വസ്തുക്കൾ പോലെ തന്നെ കണക്കാക്കണമെന്നാണ്. ആ റഗുലേഷനിൽ പണ്ടാരവക ഭൂമിയിൽ സർക്കാരിനുള്ളതിൽ കവിഞ്ഞ ഒരവകാശം ഇടവകക്കാർക്ക് അവരുടെ ഭൂമികളിലുമില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ ബേസിക്ടാക്സ് നടപ്പിൽ വരുന്ന സന്ദർഭത്തിൽ ആനികുതി അല്ലാതെ മറെറാന്നുംതന്നെ ഇടപ്പള്ളി സ്വരൂപത്തിലേക്കും അതുപോലുള്ള മററിടവകകളിലേക്കും വാങ്ങുന്നതിന് അധികാരമില്ല.

ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ പറഞ്ഞു ഇതു് ജന്മിമാർക്കു കുടിയാന്മാർ കൊടുക്കുന്ന പാട്ടത്തെപ്പോലെ കണക്കാക്കി നെല്ലിനു മര്യാദവില കൊടുത്താൽപോരേയെന്നു്. എന്നാൽ ഈ സ്വരൂപം വകയും ഇടവക വകയും വസ്തുക്കൾ അങ്ങിനെയുള്ളതല്ല. അവർ തമ്മിലുള്ള ബന്ധം രാജാവും പ്രജകളും പോലെയാണു്. തിരുവിതാംകൂർ മഹാരാജാവിന്റെ ഭൂമി നാം ഇന്നു് എങ്ങിനെ കൈകാര്യം ചെയ്യുന്നുവോ അതുപോലെ കൈകാര്യം ചെയ്യാനുള്ള അവകാശത്തോടുകൂടിയ ഒരു ഭൂസംപ്രദായമാണു് ഇന്നു് ആ ഭൂമികളെ സംബന്ധിച്ചു നിലവിലുള്ളതു്.

ഈ വക ഭൂമികൾക്കു ടാക്സു് ഈടാക്കുന്നതിനുള്ള അവകാശം ഗവണ്മെന്റിനില്ല. അതിന്റെ പരമാധികാരം ഇടപ്പള്ളിസ്വരൂപത്തിന്നാണു്. ആ ഭൂമികളിലെ കൃഷിക്കാരുടെ മേലും നമ്മുടെ ഗവണ്മെന്റിനു ഭൂമിയെസംബന്ധിച്ചു യാതൊരു അധികാരവും ഇല്ല. ആ ഭൂമികളിലെ കൃഷിക്കാരുടെ മേലുള്ള പരമാധികാരം ഇടപ്പള്ളി തമ്പുരാനാണു്. എന്നാൽ തമ്പുരാന്റെ മേൽ ചോദ്യം ചെയ്യാൻ ആരുമില്ല. ഈ ബേസിക് ടാക്സു് 121 മുതൽ ഇടപ്പള്ളി സ്വരൂപംവക ഭൂമികളിലും നടപ്പാക്കണമെന്നു് അവിടെയുള്ള കർഷകർ വാദിച്ചുകൊണ്ടിരുന്നു. ഇന്നു് ബേസിക് ടാക്സു് ഉടനടി അവിടെ ഏർപ്പെടുത്തുന്നതിനു തടസ്സമായി നിൽക്കുന്നതു ഇടവക ഭൂമികളിലുള്ള പ്രത്യേകാവകാശം ഇല്ലായ്മചെയ്യുകൊണ്ടുള്ള ബിൽ ഇതോടുകൂടി ആലോചനക്കെടുക്കാത്തതുകൊണ്ടാണു്. എന്നാൽ അടുത്ത സെഷനിൽ ഇടവകഭൂമികളിലെ പ്രത്യേകാവകാശം ഇല്ലായ്മചെയ്യുകൊണ്ടുള്ള ബില്ലും പാസ്സാക്കി നിയമമാക്കുവാനുള്ള നടപടി ഗവണ്മെന്റ് കൈക്കൊള്ളുമെന്ന വിശ്വാസത്തോടുകൂടി ഈ ഭൂനികുതിബിൽ പരിഗണിച്ചു പാസ്സാക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എം. പി. മേനോൻ: ഞങ്ങളുടെ നേതാവു ഒരു നിർദ്ദേശം സമർപ്പിച്ചു. അതിനെപ്പറ്റി ധനകാര്യമന്ത്രിയുടെ അഭിപ്രായമറിഞ്ഞിട്ടു അങ്ങോട്ടു പുരോഗമിക്കുന്നതല്ലേ നല്ലതു്?

മി. സ്പീക്കർ: ഈ ഭേദഗതി പ്രെസ്സ്ചെയ്യണമെന്നു് നിർബ്ബന്ധമില്ല എന്നു പറഞ്ഞു.

Shri. T. V. Thomas: If the Government is anxious.

Shri A. J. John: In the Statement of Objects and Reasons it is stated: "The provisions of the Travancore Land Tax Proclamation are not applicable to Sree Pandaravaka lands, Sreepadam lands, freeholds belonging to the Edavagais and Kandukrishi lands. It is proposed to subject these lands also to basic tax. Hence in the proposed Bill no exemption has been made in respect of such lands." But in clause 7 it is stated: "This Act is not applicable to lands held or leased by the Government or any land or class of lands which Government may, by notification in the Gazette either wholly, or partially exempt from the provisions of this Act." I wish to know whether the Kandukrishi landholders need pay only basic tax.

Shri P. S. Nataraja Pillai: Kandukrishi landholders need pay only basic tax.

ശ്രീ. ടി. വി. തോമസ്: കണ്ടുകൃഷി വസ്തുക്കൾക്ക് കെട്ടുതിരിക്കുന്ന അതേ പരിഗണന എന്തുകൊണ്ട് ജന്മിവസ്തുക്കൾക്ക് കൊടുക്കുന്നില്ല?

Shri P. S. Nataraja Pillai: The object of the Government is to see that the benefit of the basic tax system is extended to that side and in view of the doubts that have been raised on the floor of the House now, I would like to clear the position as to how the Government has understood the matter.

Sir, as far as my friend Mr. Thomas is concerned he was speaking about Jenmikaram Act, Sections 8 and 9 and *Thirupuvaram*. They are the substantial Sections that stand in the present Act. There is no addition. It is the law today--by the Basic Tax Proclamation and the Amended Act—and these provisions are in the content of the Act and they are thus substantially not questioned. Whether that should be changed is not the question. We are only contemplating under this Act to extend the provisions of the Basic Land Tax System to the Cochin side.

ശ്രീ. ടി. വി. തോമസ്: അങ്ങനെ എക്സ്റ്റൻഡ് ചെയ്യുമ്പോൾ കുടിയാനവന്മാർക്ക് ജന്മിക്കരം കൂടി കൊടുക്കേണ്ടിവരുമെന്നാണോ പറയുന്നത്?

Shri P. S. Nataraja Pillai: That is a fact. It is better dealt with in the Jenmikaram Act. That is another question altogether. That matter is not under consideration now. Here, the matter that is under consideration is the tax due to Government; not tax to any category of persons or to any other party.

ശ്രീ. പി. ആർ. മാധവൻപിള്ള: ദേവസ്വം വക വസ്തുക്കൾക്ക് ബേസിക്ക് ടാക്സ് കൊടുക്കേണ്ടതില്ലേ?

Shri P. S. Nataraja Pillai: It is in the present Act and absolutely no change has been introduced in that.

Shri R. Sankaranarayanan Tampi: Is it not being restricted by the provisions of this Act?

Shri P. S. Nataraja Pillai: It was found necessary to have that confirmation. It is not a new confirmation or contract or new imposition on any class of people.

ശ്രീമതി കെ. ആർ. ഗൗരി: നിലവിലിരിക്കുന്ന നിയമത്തിന്റെ പരിഷ്കാരംകൊണ്ട് മനസ്സിലാകുന്നത് അത് മാറേണ്ടതാണെന്നല്ലേ?

Shri P. S. Nataraja Pillai: Government do not intend to abolish Jenmikaram. That is the clear position. Jenmikaram is not intended to be abolished by this Act.

ശ്രീ. ടി. വി. തോമസ്: ജന്മിക്കരത്തെപ്പറ്റി ആരും പറയുന്നില്ല. ജന്മിക്കരത്തിനപ്പുറമെ ബേസിക് ടാക്സ് കൊടുക്കുന്നതിനെപ്പറ്റി പറയുന്നതേയുള്ളൂ.

Shri P. S. Nataraja Pillai: As a matter of fact, under the existing conditions and the Jenmikaram tenure, Government are entitled to Rajabhogam. They are now reducing it to basic tax. It will not be in excess of the basic tax. Rajabhogom is now charged on Jenmikaram lands and if it is in excess of the basic tax, it will not be realised. To that extent a concession is granted.

ശ്രീ. ടി. വി. തോമസ്: ആ രാജഭോഗം ജന്മി കൊടുത്താൽ പോരേ? കുടിയാനും കൊടുക്കുന്നതെന്തിനാണ്?

Shri P. S. Nataraja Pillai: That is going fundamentally further off.

ശ്രീ. പി. ആർ. മാധവൻപിള്ള: പണ്ടാരവക ഭൂമിയ്ക്കുള്ള രാജഭോഗത്തിന്റെ എട്ടിലൊന്നു മാത്രമേ ജന്മിവസ്തുക്കൾക്ക് രാജഭോഗം ചുമത്തുന്നുള്ളു എന്നറിയാമോ?

Shri P. S. Nataraja Pillai: I am not going in to the details of the discussion, because this is a matter which we have to study and handle in another way. Here, my object was only to bring to the notice of the House that Sections 8 and 9 are not new importations into the Bill, but a repetition of the clauses existing in the present law.

Then, there is another point which was dealt with by the Leader of the Opposition—Shri Govinda Menon—that is, the exempted lands—exemptions now taken away as regards Edavaga, Sreepandaravaka and Sreepadom lands. These are, under the existing basic tax Proclamation, exempted from basic tax. They are exempted specifically in the present law. Now, that exemption is taken away since the Government thought that the Abolition of Special Rights on Lands Bill is shortly to be introduced. Government are also shortly introducing some important bills bearing on land. They expect in all possibility to get those Bills piloted in the House and accepted by the House in the near future. And, as a measure of abundant caution, they have taken power under Clause 6 to exempt certain classes of lands if it is found absolutely necessary to do so. By some contingency or other if the Abolition of special rights on Lands Bill is not successfully carried through in the House, this right is taken by Government to give relief to the landholders under these tenures by exempting them from paying additional taxation in the way of basic tax. That is the proposition which is envisaged or contemplated in this Bill. I think, I have made it clear that the Government are exempting these lands in full anticipation of the abolition of the special rights being made law in the near future.

Then, the question is about the Devaswoms in Cochin. Sir, the rent on lands belonging to them is being collected by village officers under the supervision of the Tahsildars in Cochin. In the Rules passed under the Devaswom Proclamation dated 29th Makaram 1085 it is stated;

[Shri P. S. Nataraja Pillai]

"With the sanction of His Highness the Maharaja the following supplementary rules are framed by the Dewan in exercise of the powers vested in him under section 9 of the Proclamation dated 29th Makaram 1085, for facilitating (1) the collection of rents on lands belonging to the Sirkar Devaswoms which were treated as "Incorporated" for administrative purposes, before the introduction of the grouping scheme promulgated in the said Proclamation, and (2) the maintenance of accounts connected therewith."

1. "The rents on lands belonging to the Devaswoms of the class specified above shall, until further orders, continue to be collected by village officers under the supervision of the Tahsildars of Taluks, in accordance with the procedure prescribed in the rules already framed and promulgated by the Dewan under Section 9 of the aforesaid Proclamation dated 29th Makaram1085 and published in the Dewan's Notification dated 8th Meenam 1085.

The following registers shall be maintained in each village for reference :—

(1) Dewaswom Settlement Registers in Form Appendix I for each Devaswom with an abstract in Form Appendix II.

(2) Individual Chittas in Form B. On Page 172 of the Rules and Notifications under Enactments of Cochin—Volume II, the Form is given. In that Form the heading given to column 6 is, "Deduct assessment creditable to land revenue." Column 7 has the heading. "Net rent creditable to Devaswom," and column 8, "Thirumulkazcha". The total under columns 5 and 8 is given in column 9. So, there, it is being collected and accounted under special heads, that is, amount due to Government and amount due to Devaswom. That has been provided. It follows therefrom that the collection from the tenants made by the Sirkar are divided into two, the portion relating to land revenue assignment being appropriated to the Sirkar and the balance being credited to the Devaswom as net rent. From this it will be clear that the Devasom will get only the net rent they were hitherto getting and any change in the land revenue assessment will in no way affect them, but will only accrue to the benefit of the tenant from whom the land revenue assessment is being collected. Proviso under Section 3 makes it very plain.

"Provided also that in the case of lands belonging to incorporated Devasoms in the Cochin area the basic tax levied under this Act shall be in lieu of the land revenue assessment charged"......

which is a known quantity and which is credited in the revenue accounts under that head as apart from the aggregate amount from that land. It is credited in the account under separate head as the revenue assessment on that particular land in view of the land revenue assessment.

"On such lands and the net rent on those lands due to the said Devaswom as fixed under the provisions of the Cochin Devaswom Proclamation dated 29th Makaram 1086 and the Rules issued thereunder shall remain in force and continue to be payable to the Devaswoms."

So, Sir, the benefit of the basic tax accrues to the landholders to the extent that it will reduce the revenue assignment on those lands and not to the benefit of the Devaswoms.

Shri M. P. Menon : Are Government aware that pattom assessment is not shown separate in the land revenue assessment.

Shri P. S. Nataraja Pillai : The position is that under the law that exists today it has to be so and it can be brought in only in the prescribed form.

Shri R. Sankaranarayanan Tampi : It may be credited at a later stage.

Shri P. S. Nataraja Pillai : I do not understand how it can be possible. They will have to maintain the forms and records and you have separate columns for crediting the amount. Here we have the "Net rent creditable to Devaswom." If any amount, is realised, we have to split it into two items, namely, (1) Assessment creditable to land revenue and (2) Net rent creditable to Devaswom. This has to be done and if the reduction now envisaged in this Bill will reduce the assessment creditable to land revenue, it will not go to the benefit of the Devaswom. That means it will go to the benefit of the actual man in possession of those lands, so far as incorporated Devaswoms are concerned.

Shri Panampilli Govinda Menon : One question. I do not want to enter into a controversy on this intricate matter at this stage and waste the time of the House. But I wish to bring to the notice of the hon. Minister—if his contention is all right, I have absolutely no objection—that his objective must be made clear that the reduction in rent in tax will go to the benefit of the pattadar and not to the benefit of the Devaswom. Referring to that Appendix and the way in which accounts must be kept in the Taluk Office, that in my humble opinion is intended to enable the Revenue authorities to credit the due amounts in the Devaswom account and in the Government account.

Shri P. S. Nataraja Pillai : As far as I have understood the system that is prevalent in Cochin, on a perusal of the notifications and the rules passed thereunder it is to make the collections and credit them under different categories.

The Revenue assessment is a known quantity; the amount of rent due to Devaswoms is also a known quantity. They have been settled according to the formulae stated by the member as ¾ of settlement assessment. On that basis, collections are being made and credited in the two separate accounts. By a proviso in the bill we have made it specific that reduction of

[Shri P. S. Nataraja Pillai]

basic tax therein will go to the advantage of the land holder. It is never the intention of Government, nor would they allow it—that the provisions of the Bill shall be to give the benefit of reduction to the Devaswoms. So far I am sure of the point.

Shri Manjanatha Prabhu : Sir, the Statement of Objects and Reasons states, it is made clear in the third proviso to Clause 3 of the Bill that the basic land tax is in lieu of the land revenue assessment charged on those lands and that the net rent due to the Devaswoms will remain unaffected.

Shri Panampilli Govinda Menon : But what is stated in the Objects and Reasons need not find a place in the Act.

Shri P. S. Nataraja Pillai : The idea contained in it will be implemented by means of provisions in the Act.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൊച്ചിയിലെ ദേവസ്വം കുടിയാന്മാരോട് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം റെൻറും മററു നികുതികളും പിരിക്കുന്നതു വേർതിരിച്ചു മനസ്സിലാക്കിക്കൊടുത്തുകൊണ്ടല്ലാ എന്നുള്ളതറിയാമോ ?

Shri P. S. Nataraja Pillai : The whole amount as found in the revenue account will form the demand. Allocation of the tax to the various heads will be done in the revenue office.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കുടിയാന്മാരിൽനിന്നും ൪ രാം മുതലായവ ഈടാക്കുന്നതിനെ സംബന്ധിച്ച തർക്കിക്കാനുള്ള സൗകര്യം അവർക്കില്ലെന്നു ബോദ്ധ്യമായിട്ടില്ലേ ?

Shri P. S. Nataraja Pillai : The preparation of revenue registers is important and the reduction in assessment comes into effect in that context. I understand that to be the position. When we adopt this law, reduction is made at the source of the demand. It is so done before the land revenue recovery act begins to operate.

Shri Panampilli Govinda Menon : I will make clear once again my idea. In the case of incorporated Devaswoms there is a patta granted under the 1086 Act. By virtue of that, a consolidated demand is made on it. Rather, I will put it this way. Suppose I own a patta on a piece of land under incorporated Devaswoms. That patta will state the amount of money due as tax payable in so many instalments under the Act of 1086. Will this proposed legislation benefit the patta-holder with immediate effect in respect of revenue assessment? Can I take the statement of the Minister to mean such a state of affairs. Or, will there be difficulty in making adjustments in splitting accounts.

Shri P. S. Nataraja Pillai : What I can say on that at the present moment is this. There are two kinds of incidence on lands belonging to incorporated devaswoms. One is revenue assessment and the other is Devaswom rent. It is made clear in the bill that reduction in tax is on the revenue assessment. The amount collected from land will be credited as two different items. I do not think any difficulty arises in that question. That is what I feel on the matter.

About unincorporated Devaswoms, I say there is some confusion. I am not clear about it. But we are not changing the existing law relating to it. I am not in a position to say anything further on that subject. I have nothing to say by way of elucidation to the doubts that were raised by Mr. M. P. Menon regarding incorporated devaswoms.

Therefore, Sir, coming back to the three points that were raised here my submission is this. On exemptions, there is the Government assurance. Regarding incorporated Devaswoms, as at present advised, Government do not feel any difficulty. They proceed on the basic assumption that reduction of tax goes to benefit the holder of land and not the Devaswoms. In the matter of unincorporated Devaswoms, we do not change the existing law. What is the real effect of this legislation on it will be, at present I am not in a position to say.

Shri Panampilli Govinda Menon: Is it not the intention of Government there also that it will be a liability on the State?

Shri P. S. Nataraja Pillai: I think so. It should be reduced to the extent possible. That is the intention. Whether the present provisions in the bill can be worked to bring about that effect, I am not in a position to say now. I would say that this Bill is framed on the very same lines as the Bill which Shri A. J. John introduced here in 3rd July 1952. We are now just extending the basic tax principle to Cochin also. And it is our desire to implement the principle as early as possible. It is expected to come into force by April 1955. It is believed that by then, all the other Bills will also get through. That is one aspect. Another and a more important aspect is, five to six months may be necessary to make ready the registers and convert them for basic tax purposes.

Shri Panampilli Govinda Menon: A difficulty may occur if the tax is to be collected in April. In Cochin, tax is collected from the month of Thulam onwards up to Kumbhom. Therefore the safer course is to put it as Thulam for first kist payment and the second instalment of payment somewhere in Kumbhom or so, when the basic tax takes effect. It is better to have Malabar months.

Shri P. S. Nataraja Pillai: The same months are adopted here as well. It is called the Kanni and Kumbhom crop demands. Now the demand is made in April and accounts are maintained from April to April. The collection period is spread over other months. That was the reason why April was put as the period for operation of Governmental activities relating to tax collection. Government are prepared to implement the principle as early as possible. If the suggestion is that the date of April 1955 should be advanced further, that can be considered. As far as Government are concerned, they are prepared to accept the decision of the House.

That is not all. If it is the general sense of the House to pass this Bill as it is, that may be done. On the other hand, if

[Shri P. S. Nataraja Pillai]

it is the idea that the Bill should be referred to a Select Committee that too can be done in accordance with the wishes of the House. Government are only anxious that the provisions of basic tax may be implemented as early as possible.

Shri Panampilli Govinda Menon: As for that, in view of the fact that all sections of the House have suggested that the Bill should be considered by a Select Committee, I accept the view of the Alleppey member that the Bill may be referred to a Committee.

Shri P. S. Nataraja Pillai: I agree to that. I would suggest that the Bill be referred to a Select Committee consisting of:—

Shri Panampilli Govinda Menon,
,, T. V. Thomas,
,, T. K. Divakaran,
,, M. P. Menon,
,, A. J. John,
,, M. M. Mathai,
Sry. K. R. Gouri,
Shri K. A. Sivarama Bharati,
,, R. Sankaranarayanan Tampi,
,, A. Thanu Pillai and the mover; the quorum being five and the Bill to be reported in due course.

Mr. Speaker: The question is that the Travancore-Cochin Land Tax Bill be referred to a Select Committee consisting of:

Shri Panampilli Govinda Menon,
,, T. V. Thomas,
,, T. K. Divakaran,
,, M. P. Menon,
,, A. J. John,
,, M. M. Mathai,
Sry. K. R. Gouri,
Shri K. A. Sivarama Bharati,
,, R. Sankaranarayanan Tampi,
,, A. Thanu Pillai and the mover; the quorum being five, and the Bill to be reported in due course.

The motion was put and carried.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സർ, സെലക്റ്റ് കമ്മിററിയിൽ മി. നാരായണക്കുറുപ്പിനെ കൂടി ഉൾപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

Mr. Speaker: When the question has been put and carried, no suggestion can be made.

TRAVANCORE-COCHIN VERUMPATTAMDARS BILL.

Minister for Finance **(Shri P. S. Nataraja Pillai)** : Sir, I beg to introduce the Travancore-Cochin Verumpattamdars Bill.

Minister for Works and Transport **(Shri A. Achuthan)** : I second it.

Chief Minister **(Shri A. Thanu Pillai)** : Sir, here are a number of Bills which are all closely inter-related. All of them could have formed the different chapters of a consolidated bill. I would suggest, therefore, for the consideration of the House, that these Bills may all be introduced together, and then the matter may be discussed, so that all the Bills may, at the end of the day, be circulated or be referred to a Select Committee. The idea of Government is to move for circulation. Anyway, so that at least that stage may be reached by all the Bills, I am placing this suggestion for your consideration, Sir.

ശോച്യാവസ്ഥയെ ചൂഷണംചെയ്ത് ഭൂമി വാങ്ങും. അപ്പോൾ അവരെ സംബന്ധിക്കുന്നതത്രയും നാലിലൊന്നു റെന്റു കുറവുണ്ട്. തെങ്ങിൻപറമ്പും വെറുതെ കിടക്കുന്ന പുരയിടവും ഇങ്ങനെ രണ്ടുതരം ഭൂമിയുണ്ട്. തെങ്ങിൻ തോപ്പ് പാട്ടത്തിനു കൊടുക്കുമ്പോൾ ഉള്ള റെന്റും, തറപ്പുരയിടം ഭേഫണ്ഡിച്ചു ശരിപ്പെടുത്തുന്നതിന് കൊടുക്കുവാൻ നിശ്ചയിക്കുന്ന ഫെയർ റെന്റും വെറുതെകിടക്കുന്ന സ്ഥലത്തിന് നിശ്ചയിക്കുന്ന ഒരു പരിതഃസ്ഥിതി ഉണ്ടാകാനിടയാകരുത്. അതു നോക്കാതെ പാട്ടം നിശ്ചയിക്കുകയാണെങ്കിൽ പാട്ടം കൊടുക്കുവാൻ കഴിയാതെ പാട്ടക്കാർ വിഷമിക്കാൻ ഇടവരുന്നതാണ്. ഇതുമൂലം വളരെ പാട്ടക്കാർ പൊളിഞ്ഞുപോയിട്ടുണ്ട്. മദ്ധ്യതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രശ്നമാണ്. വെറുതെ കിടക്കുന്ന സ്ഥലങ്ങൾ കൃഷി ചെയ്യുന്നതിന് കൊടുക്കുന്ന അവസരത്തിൽ വളരെ ചുരുങ്ങിയ റേറ്റു വേണം നിശ്ചയിക്കാൻ. പാട്ടക്കാർ അവരുടെ സ്വന്തം പ്രയത്നം കൊണ്ടാണ് അങ്ങനെയുള്ള സ്ഥലങ്ങളിൽ തെങ്ങുകളും മറ്റും ഉണ്ടാകുന്നത്. അവരോട് ബാക്കിയുള്ളവർ കൊടുക്കുന്നതുപോലുള്ള പാട്ടം പിരിക്കുകയാണെങ്കിൽ അതു വളരെ കഷ്ടമായിരിക്കും. അതുകൊണ്ട് അതിനും ഒരു പരിഹാരം ഈ ബില്ലിൽ ചെയ്യേണ്ടതു് ആവശ്യമാണ്. ഈ ആക്ടിലെ വേറൊരു anamoly കൊച്ചിൻ വെറുംപാട്ടദാർ ആക്ടിൽ അംഗീകരിച്ചിട്ടുള്ള പാട്ടക്കാരെ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈമാതിരിയുള്ള എല്ലാവരെയും ആ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷെ, സ്റ്റേ ആഫ് എക്സിക്യൂഷൻ ആക്ട് വരുന്നതിനു മുൻപ് മൂന്നുകൊല്ലം തുടർച്ചയായി വസ്തു കൈവശംവച്ചിരിക്കുന്ന പാട്ടദാരന്മാരെ മാത്രമെ ഈ ബില്ലിന്റെ പരിധിയിൽ കൊള്ളിച്ചിട്ടുള്ളു. ഈ ആക്ടിനുശേഷം കൈവശം വാങ്ങുന്ന പാട്ടദാരന്മാരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർ, ഇതിന്റെ അർത്ഥം 124 മുതലോ അല്ലെങ്കിൽ അതിനു മുൻപ് രണ്ടുകൊല്ലംമുതലോ നടന്നതു് ഈ ആക്ട് വരുന്നതുവരെയുള്ള പാട്ടം (lease) അല്ലെന്നാണ്. അതു മാറ്റണം. പിന്നെ സ്റ്റേ ആഫ് എക്സിക്യൂഷൻ ആഫ് ഹോൾഡിംഗ്സ് ആക്ടിന്റെ പരിധിയിൽ തന്നെ വരുന്ന വേറെയും ലീസുണ്ട്. ആ ലീസൊന്നും ഇതിൽ ഉൾക്കൊള്ളണം എന്നു പറഞ്ഞാൽ ശരിയായിരിക്കുകയില്ല. പിന്നെ ചില കാര്യങ്ങൾക്ക് വെറുംപാട്ടക്കാരിൽനിന്നു വസ്തു ഒഴിപ്പിക്കാനുള്ള ചില വ്യവസ്ഥകളുണ്ട്. ഇതു കൊച്ചി വെറുംപാട്ടദാർ ബില്ലിലില്ല. പുതിയ സെക്ഷനാണ്; ഉൾക്കൊള്ളിക്കുവാനുള്ള കാരണമറിഞ്ഞുകൂടാ, വിശദീകരിച്ചിട്ടുമില്ല. ജന്മികളുടെ കുടുംബത്തിൽപ്പെട്ട ആളുകൾക്കോ, ജന്മിക്കോ താമസിക്കുന്നതിനുവേണ്ടി വസ്തു ഒഴിപ്പിച്ചെടുക്കാം. അവർക്ക് പള്ളിയോ, അമ്പലമോ വയ്ക്കണമെന്നുദ്ദേശമുണ്ടെങ്കിൽ സ്ഥലം ഒഴിപ്പിച്ചെടുക്കാം. അതുപോലെ ജന്മികളുടെ കൂട്ടത്തിൽപ്പെട്ട ആളുകൾക്ക് കൃഷിചെയ്യുന്നതിനുവേണ്ടി വസ്തു ഒഴിപ്പിച്ചെടുക്കാം, ഇതെല്ലാം ആവശ്യമില്ലാത്തതാണ്. ഈ വ്യവസ്ഥകൾ ജന്മികൾക്ക് വസ്തു ഒഴിപ്പിച്ചെടുക്കുന്നതിന് സഹായകമായി നിൽക്കുന്ന വ്യവസ്ഥകളാണ്. കുടിയിറക്കു നിരോധനനിയമം തോൽവിയാകാനുള്ള കാരണങ്ങളിലൊന്ന്, ഇതുപോലുള്ള ക്ലെയിം, അതായതു് ജന്മിക്ക് താമസിക്കാൻ ഒഴിപ്പിക്കാമെന്നുള്ളതാണ്. ഈ വ്യവസ്ഥകൾ ഈ നിയമത്തിൽ വച്ചുകൊണ്ടിരിക്കുന്നതു് വലതുകൈയ് കൊണ്ടു് കൊടുക്കുന്നതു് ഇടതുകൈയ്കൊണ്ട് എടുക്കുന്നതിനു തുല്യമാണ്. ജന്മികളുടെ ആളുകൾക്ക് വസ്തു വേണമെന്നു പറഞ്ഞാൽ

[ശ്രീമതി. കെ. ആർ. ഗൌരി]

വളരെക്കാലം കൈവശംവച്ചനുഭവിക്കുന്നവരിൽനിന്നു് അതു് ഒഴിപ്പിക്കണമെന്നു പറയുന്ന വ്യവസ്ഥ ഈ നിയമത്തിൽനിന്നു എടുത്തുകളയണം. ഏതായാലും ഈ ബിൽ സർക്കുലേറ്റുചെയ്തു ജനങ്ങളുടെ അഭിപ്രായം അറിഞ്ഞു് പ്രത്യേകം ഒരു അസംബ്ലി വിളിച്ചുകൂട്ടി ഇപ്പോഴുള്ള ന്യൂനതകൾ എല്ലാം തീർത്തു് വേഗം പാസ്സാക്കിത്തരണമെന്നു ഞാൻ അപേക്ഷിക്കുന്നു

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, വെറുംപാട്ടദാർ നിയമം സംബന്ധിച്ചു് കൊച്ചിയിൽ ഉള്ള ആളുകൾക്കു് ഇതു് ഒരു പുത്തരിയല്ലം എന്നെല്ലാം വിശദീകരിച്ചു് കൊച്ചിയിലെ ചില സ്നേഹിതന്മാർ പ്രസംഗിച്ചിട്ടുണ്ടു്. അതു് ഒരുതരത്തിൽ വാസ്തവവുമാണു്. വെറുംപാട്ടകൃഷിക്കാരുടെ കയ്യിൽനിന്നു്, ഭൂമി ഏതുതരത്തിലും ഒഴിപ്പിച്ചു് കിട്ടുവാൻ പാടില്ലാത്ത ഒരു വ്യവസ്ഥയാണു് ഇന്നു് അവിടെ നിലവിലുള്ള നിയമത്തിലുള്ളതു്. ഈ ഒരു വ്യവസ്ഥ വാസ്തവത്തിൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായ ഒരു നടപടിയാണു് എന്നുള്ളതിൽ ഒരാൾക്കും സംശയമുണ്ടാകാൻ അവകാശമില്ല. എത്ര ഭൂമി വേണമെങ്കിലും കൈവശം വച്ചുകൊണ്ടിരിക്കാമെന്ന അവസ്ഥയിലാണു് അങ്ങനെ ഒരു നിയമം അവിടെ നടപ്പാക്കിയതു്: അവിടെയുള്ളവരിൽ അധികവും ഭൂമി കുറവുള്ളവരാണു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് പ്രത്യേകിച്ചും കൃഷിക്കാർക്കു് വളരെ അധികം ഭൂമി കൈവശം വച്ചു് നടത്തുവാനുള്ള ചുററുപാടു് വാസ്തവത്തിൽ ഇല്ല. ഏതാനും കുറെ പേർ മാത്രമേ വളരെ ഭൂമി ശേഖരിച്ചു് സ്വന്തമായി വച്ചു് കൃഷി നടത്തുന്നുള്ളു. കുറേശ്ശ കൃഷിഭൂമി കൈവശംവച്ചു് കൃഷി നടത്തിവരുന്ന ആളുകൾ വളരെ അധികം അവിടെയുണ്ടു്. വെറുംപാട്ടംദാർ നിയമം വന്നതിനുശേഷം അങ്ങനെയുള്ള കൃഷിക്കാർക്കു് വളരെ ആശ്വാസകരമായി തീർന്നിട്ടുണ്ടു്. കൃഷിഭൂമിയിൽനിന്നു് അവരെ ഒഴിപ്പിക്കാതിരിക്കുന്നതിനുള്ള ചില രക്ഷാവ്യവസ്ഥകളും അവിടെയുണ്ടു്. കൃഷിഭൂമിയിൽനിന്നു കൃഷിക്കാരെ ഒഴിപ്പിക്കുവാൻ ജന്മികൾ താല്പര്യം കാണിക്കാറുണ്ടു്. മലബാറിൽതന്നെ ജന്മികൾ ചെറിയ കൃഷിക്കാരെ ഒഴിപ്പിക്കാൻ തുടങ്ങിയതിന്റെ ഫലമായി വളരെയധികം ബുദ്ധിമുട്ടുണ്ടായിട്ടുള്ള വസ്തുത എല്ലാവർക്കും അറിയാവുന്നതാണു്. എവിടേയും ജന്മികൾ ഇത്തരം സംഗതികൾ നടത്തുക എന്നുള്ളതു് സ്വാഭാവികമാണു്. ജന്മികൾക്കു് ഒഴിപ്പിക്കുവാനുള്ള അവകാശമുള്ളതുകൊണ്ടു് പാട്ടം കൂട്ടി വാങ്ങുവാൻ എപ്പോഴും സൗകര്യം കിട്ടുന്നുണ്ടു്. 1000 പറ നെല്ലു് പാട്ടം ഉള്ള ഒരു സ്ഥലം 1500 പറ നെല്ലു് പാട്ടത്തിനു് കൊടുക്കുകയുള്ളു എന്നു ജന്മിക്കു കുടിയാനെ നിർബന്ധിക്കുന്നതിനുള്ള ഒരു സൗകര്യം ഉണ്ടു്. ഒഴിപ്പിക്കാനുള്ള വ്യവസ്ഥയുള്ളതുകൊണ്ടു് ജന്മി ആവശ്യപ്പെടുന്ന പാട്ടം കൊടുക്കുവാൻ വെറുംപാട്ടംദാർ പ്രേരിതനായി തീരുന്നു. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളിൽനിന്നു് കൃഷിക്കാരെ രക്ഷിക്കുന്നതിനു് ഇത്തരം നിയമങ്ങൾ വളരെ ആവശ്യമാണു്. ഇങ്ങനെ നിയമം ഇവിടെ നടപ്പാക്കാൻ സാധിച്ചതിൽ, അതിനു് ഒരു പ്രാരംഭനടപടികൾ എടുക്കുന്നതിൽ ഇന്നത്തെ ഗവണ്മെൻറിനെ അഭിനന്ദിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ഈ അവസരത്തിൽ ചെറിയ ഒരു കാര്യംകൂടി എനിക്കു സൂചിപ്പിക്കുവാനുണ്ടു്. കൊച്ചിയെ സംബന്ധിച്ചാണു് ഞാൻ പറയുന്നതു്. വെറുംപാട്ടനിയമം അവിടെ പാസായതിനുശേഷം ജന്മിയും കുടിയാനും

തമ്മിൽ അതിനുമുമ്പുണ്ടായിരുന്ന സൗഹാർദമല്ല അവിടെ ഉണ്ടായിരുന്നത്. അവർ തമ്മിൽ അകന്ന് അകന്ന് ജീവിക്കേണ്ട ഒരു പരിതഃസ്ഥിതിയിലേയ്ക്ക് അവർ നീങ്ങുകയാണ് ചെയ്തത്. നേരിട്ട് പാട്ടം കൊടുക്കുന്നതിനുപോലും സാധ്യമല്ലാതെ വരികയും പാട്ടം കോടതി മുഖേന കൊടുക്കുകയും ചെയ്യുവാൻ അവർ പ്രേരിതരായി തീരുകയും ചെയ്തു. അവിടെ യാതൊരു തരത്തിലും കൃഷിഭൂമി ഒഴിപ്പിക്കുവാൻ പാടില്ല എന്നുള്ള നില ഉണ്ടായിരുന്നതുകൊണ്ട് അവർക്ക് ജന്മിമാരെ ഭയപ്പെടേണ്ടിവന്നിട്ടില്ല. ഈ നിയമത്തിൽ ഒഴിപ്പിക്കുവാനുള്ള വ്യവസ്ഥ സ്വല്പമെങ്കിലും ഉള്ളതുകൊണ്ട് കൊച്ചി വിഭാഗത്തിലുള്ളവർക്കു കുറച്ചു ബുദ്ധിമുട്ടുണ്ടാകാൻ വഴിയുണ്ട്. അവിടെയുള്ള ജന്മികൾ പ്രത്യേകിച്ചും അതിനെ എതിരാതിരിക്കുകയില്ലെ എന്നു ഞാൻ ഭയപ്പെടുകയാണ്.

എനിക്ക് ഇതിനെ സംബന്ധിച്ചിടത്തോളം വളരെ അധികം ഉദാഹരണങ്ങൾ എടുത്തു പറയുവാൻ സാധിക്കും. കൃഷിഭൂമികൾ ഇന്ന് പാട്ടത്തിനെടുത്ത് കൈവശം വച്ചിരിക്കുന്ന ആളുകൾ പരമ്പരയായി തന്നെ കൃഷിജോലികൾ നടത്തിവരുന്നവരാണ്. അവർ കൃഷിതന്നെ തൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്. അങ്ങനെയിരിക്കെ ആ ഭൂമികളുടെ ഉടമസ്ഥന്മാർ, മിനിഞ്ഞാന്നുവരെയും അവരുടെ ഭൂമി എവിടെയാണെന്നുപോലും നിശ്ചയമില്ലാതിരുന്ന ഉടമസ്ഥന്മാർ വളരെ നാളുകളായി ദേഹണ്ഡംചെയ്തു ഭൂമി നന്നാക്കി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളെ ഒഴിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കൃഷിഭൂമിയിൽനിന്ന് കർഷകനെ ഇറക്കി ഓടിക്കുവാനുള്ള നടപടികളെ ഗവണ്മെന്റു തീർച്ചയായി തടയേണ്ടതാണ്. ഈ ഒരു കാര്യം സംബന്ധിച്ചുമാത്രമാണ് ഗവണ്മെന്റിനോട് എനിക്കു പ്രത്യേകമായി അഭ്യർത്ഥിക്കുവാനുള്ളത്. ഇങ്ങനെയുള്ള പ്രൊവിഷൻ ഈ ബില്ലിൽ വയ്ക്കുന്നതുകൊണ്ട് ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ടുകളും കൂടുതലായി വരുമെന്നുള്ളതുകൊണ്ട് ആ കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ആവശ്യമുള്ള ഭേദഗതി കൊണ്ടുവരണമെന്ന് മന്ത്രിസഭയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. മിനിഞ്ഞാന്നുവരെ കൃഷിഭൂമിയുമായി യാതൊരു ബന്ധവുമില്ലാതിരുന്ന ആൾക്കാരാണ് ഇന്നു വന്ന് ഞങ്ങളുടെ കൃഷിഭൂമിയാണ്, ഒഴിഞ്ഞു തരണം എന്നും മററും പറയുന്നത്. എന്തായാലും ഈ ബില്ലുകളെ സംബന്ധിച്ചിടത്തോളം സാധാരണജനങ്ങൾ വളരെയധികം ഇതു് സ്വാഗതം ചെയ്യും. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു പുറത്തുള്ള ആളുകൾ പോലും ഇന്ന് ഈ മാതിരി കാര്യങ്ങളിൽ ഈ രാജ്യത്തെ നോക്കിക്കൊണ്ടിരിക്കുകയാണ്. അതിനാൽ നാം മററു സംസ്ഥാനങ്ങൾക്കു മാതൃകയായിരിക്കത്തക്ക രീതിയിൽ വേണ്ടതു പ്രവർത്തിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഗവണ്മെന്റും പ്രത്യേകിച്ചു ഫിനാൻസു മന്ത്രിയും വേണ്ട വിധത്തിൽ ആലോചിച്ചു യഥാർത്ഥകൃഷിക്കാരനു ഭൂമി ലഭിക്കത്തക്ക ഒരു നിലപാട് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ജനങ്ങളുടെ ഇടയിൽ വളരെ അധികം ശബ്ദമുണ്ടാക്കിക്കഴിഞ്ഞിട്ടുള്ള ഭൂനയബില്ല് പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ ഭൂമിയുടെ പരിധിനിർണ്ണയിക്കുന്ന ബില്ലിനെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളത്. എങ്കിലും ചില കാര്യങ്ങൾ മൊത്തത്തിൽ പറയാനുണ്ട്. ഈ ബില്ലുകൾ ഈ നിയമസഭയിൽ അവ

[ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള]

തരിപ്പിക്കാൻ മുൻകൈ എടുത്തതു് സ്വാഗതാർഹംതന്നെയാണു്. ആ കാര്യത്തിൽ പി. എസ്സ്. പി. മന്ത്രിസഭയെ അനുമോദിക്കേണ്ടിയിരിക്കുന്നു. പക്ഷെ, ഈ ബില്ലുകളിൽ ഉൾക്കൊണ്ടിട്ടുള്ള പുരോഗമന സ്വഭാവത്തെയും, ഈ ബില്ലുകളുടെ പുരോഗമനസ്വഭാവം അവകാശപ്പെടുന്നതിനേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ വളരെയധികം നിരാശയാണുണ്ടാകുന്നതു്. കാരണം, ഇന്നു് ഇവിടെ ഏഴു ബില്ലുകളാണു് അവതരിപ്പിച്ചിട്ടുള്ളതു്. അത്രത്തോളം അതൊരു നല്ലകാര്യം തന്നെയാണു് എന്നുള്ളതിനു സംശയമില്ല; പക്ഷെ, ഈ ബില്ലുകൾ എത്രയേറെ പുരോഗമനസ്വഭാവം ഉൾക്കൊള്ളുന്നുവെന്നു് നോക്കേണ്ട ആവശ്യമുണ്ടു്. ഈ ബില്ലുകൾ സാധാരണ ജനങ്ങൾക്കും ഭൂമിയില്ലാത്ത കർഷകനും എത്ര ഗുണം ചെയ്യുന്നുണ്ടെന്നു് നോക്കിയാൽ നിരാശയാണുണ്ടാകുന്നതു്. കാരണം, ഈ ബില്ലുകളെ കണക്കിലെടുക്കുന്ന അവസരത്തിൽ രാജ്യത്തിൽ മൊത്തത്തിലുള്ള സ്ഥിതിഗതികളെയും ഇതുവരെ നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള ഭൂനിയമങ്ങളേയും കണക്കിലെടുക്കേണ്ടതാണു്. ഇൻഡ്യയിലെ മററു ഭാഗങ്ങളെ അപേക്ഷിച്ചു എല്ലാ കാര്യത്തിലും പുരോഗമനപരമായ ഒരു നിലപാടാണു് ഈ മഹത്തായ രാജ്യത്തിനുള്ളതു്. വളരെ മുൻപുമുതൽക്കുതന്നെ ഇവിടത്തെ കർഷകർക്കു് ഗവണ്മെൻറിൽനിന്നും അവരുടെ സംഘടിത പ്രക്ഷോഭണത്തിൻെറ ഫലമായി പലേ ആനുകൂല്യങ്ങളും നേടാൻ കഴിഞ്ഞിട്ടുണ്ടു്. അവർക്കു് ധാരാളം ആനുകൂല്യങ്ങൾ അവരുടെ പ്രക്ഷോഭണത്തിൻെറ ഫലമായി നൽകിയിട്ടുണ്ടു്. ഉദാഹരണമായി ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാം. 1071-ൽതന്നെ ജന്മികുടിയാൻ നിയമം നിലവിൽ വന്ന ഒരു രാജ്യമാണു് നമ്മുടെ രാജ്യം. ആ കാര്യംകൂടി ഈ അവസരത്തിൽ നാം കണക്കിലെടുക്കേണ്ടതാണു്. ഇന്നും ഇൻഡ്യയിലെ മററു പല ഭാഗങ്ങളിലും വന്നിട്ടില്ലാത്ത ഈ നിയമം 1071-ൽ ഈ രാജ്യത്തു് വന്നിരുന്നുവെന്നു പറഞ്ഞാൽ ഈ രാജ്യത്തെ കർഷകതൊഴിലാളികളുടേയും കൃഷിക്കാരുടേയും പുരോഗമനസ്വഭാവം എന്താണെന്നും അവരുടെ വിദ്യാഭ്യാസത്തിൻെറ സ്വഭാവം എന്താണെന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഒരു കാര്യം വ്യക്തമാണു്. ഒരു ഭരണകൂടവും കർഷകർക്കും തൊഴിലാളികൾക്കും സ്വമേധയാ യാതൊരു ആനുകൂല്യവും നൽകിയിട്ടുള്ളതായി ഒരു ചരിത്രത്തിലും കാണുകയില്ല. അവരുടെ സംഘടിത പ്രക്ഷോഭണത്തിൽ മാത്രമെ അവർക്കു് ആനുകൂല്യങ്ങൾ കിട്ടിയിട്ടുള്ളു. 1071-ൽ ഈ രാജ്യത്തു് പുരോഗമനപരമായ ഒരു നിയമം വന്നിട്ടുണ്ടെങ്കിൽ അതിൻെറ അർത്ഥം ഈ രാജ്യത്തെ കർഷകരുടേയും തൊഴിലാളികളുടേയും പ്രക്ഷോഭണഫലമായിട്ടാണെന്നാണു്. അവർ പുരോഗമനസ്വഭാവം ഉള്ളവരായിരുന്നുവെന്നാണു്. അതുമാത്രമല്ല, മററു രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസപരമായ ഉയർച്ച, രാഷ്ട്രീയകാര്യങ്ങളിൽ നമ്മുടെ ജനങ്ങൾക്കുള്ള പ്രബുദ്ധത, എന്നിവ പ്രധാന കാരണങ്ങളാണു്. ആ മാനദണ്ഡംവച്ചു നോക്കുകയാണെങ്കിൽ പി. എസ്സ്. പി. ഗവണ്മെൻറു് ഇന്നു കൊട്ടിഘോഷിക്കുന്ന തരത്തിലുള്ള പുരോഗമനം ഈ ബില്ലുകൾക്കുണ്ടോ എന്നു സംശയമാണു്. ഏഴു ബില്ലുകളാണു ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അതിൽ അഞ്ചും പഴയ ബില്ലുകളാണു്. പിന്നെ രണ്ടെണ്ണത്തിൻെറ പുരോഗമനത്തെപ്പററിയാണു് നോക്കേണ്ടതു്. ഇതിലൊന്നാണു് ഭൂമിയുടെ പരിധി നിർണ്ണയി

കുന്ന ബില്ല്. കോൺഗ്രസ്സ് ഗവൺമെൻറുതന്നെ ഇങ്ങനെ ഒരു ബില്ല് കൊണ്ടുവരുന്നതിന് ശ്രമം നടത്തിയതായി പറയപ്പെടുന്നുണ്ട്. ഈ പുതിയ കാൽവയ്പ് സ്വാഗതംചെയ്യുന്നതോടൊപ്പം ഇതിൽ പുരോഗമനപരമായി ഒന്നും കാണുന്നില്ലെന്ന് പറയേണ്ടിയിരിക്കുന്നു.

മുൻപൊരവസരത്തിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എ. ഐ. സി. സി. യുടെ പ്രമേയം എടുത്തുകാണിച്ചുകൊണ്ട് പറയുകയുണ്ടായി, ഈ അവസരത്തിൽ പി. എസ്സ്. പി. അല്ല ഞങ്ങളായിരുന്നുവെങ്കിലും ഈ ബില്ലുകൊണ്ടുവരുമായിരുന്നുവെന്ന്. സർ, പ്രമേയം ഇല്ലാഞ്ഞതുകൊണ്ടല്ല ഇതുവരെ അങ്ങനെയൊരു ബില്ല് കൊണ്ടുവരാതിരുന്നത്. ഇപ്പോൾ എ. ഐ. സി. സി. യുടെ പ്രമേയം ഉണ്ടെന്നു പറയുന്നവർ കറാച്ചി പ്രമേയവും ഫെയ്സ്പൂരി പ്രമേയവും ഇരിക്കെ, അതിനെതിരായി പ്രവർത്തിച്ചിട്ടുള്ളതായി നമുക്കു കാണാൻ സാധിക്കും. അതുകൊണ്ട് കാൺഗ്രസ്സ് ഗവണ്മെൻറ് ആയിരുന്നാലും ഇപ്പോൾ ഈ ബില്ലു കൊണ്ടുവരുമായിരുന്നുവെന്നുള്ള വാദം വിശ്വസിക്കുവാൻ സാദ്ധ്യമല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിൽ സ്വൽപം നല്ല കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. അത്രത്തോളം ഇതു സ്വാഗതാർഹമാണ്. പക്ഷെ, പി. എസ്. പി. ഗവണ്മെൻറ് അവകാശപ്പെടുന്നതുപോലെയുള്ള പുരോഗമനം ഇതിൽ കാണുന്നില്ല. ബില്ലിൻെറ വിശദാംശങ്ങളെക്കുറിച്ചു ചർച്ചചെയ്യുവാനുള്ള അവസരം നമുക്ക് ലഭിക്കുന്നതായതുകൊണ്ട് ഇതിനെപ്പററി പൊതുവായി പരാമർശിക്കുകയാണ്. ഇതിൽ ഭൂമിയുടെ പരിധി നിശ്ചയിക്കുന്നതാണെന്നാണ് സമഗ്രമായി പ്രതിപാദിച്ചിട്ടുള്ളത്. പക്ഷെ, ഞാൻ ഒരൊററ വസ്തുത പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞാൽ കൊള്ളാം. ഭൂമിയില്ലാത്ത എത്ര ആളുകൾക്കാണ് ഇതുകൊണ്ട് ഭൂമി കൊടുക്കാൻ കഴിയുമെന്നു ഞാൻ ചോദിക്കുന്നു? എൻെറ പാർട്ടിക്കും എനിക്കും ഉള്ള വിശ്വാസം വളരെ ആളുകൾക്കൊന്നും ഭൂമി നൽകുവാൻ സാധിക്കുകയില്ലെന്നാണ്. കാരണം ഈ ബില്ലിൽ പറയുന്ന മാതിരിയിലുള്ള പരിധി നിശ്ചയിക്കുന്നതുകൊണ്ടു വളരെ ആളുകൾക്ക് ഭൂമി കൊടുക്കുവാൻ സാദ്ധ്യമല്ല. ഭൂമി കൂടുതലുള്ള ആളുകളെയെല്ലാം ഇതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ബാക്കിയുള്ളവർക്ക് കിട്ടാതിരിക്കത്തക്കവണ്ണമുള്ള സാഹചര്യവും പൊതുജനാഭിപ്രായത്തിനെന്നുപറഞ്ഞു മാററിവയ്ക്കുന്നതുകൊണ്ടുണ്ടാകുന്നു. ഭൂമിയില്ലാത്ത കൃഷിക്കാർക്കോ സാധാരണ ജനങ്ങൾക്കോ ഭൂമി കൊടുക്കുവാൻ സാദ്ധ്യമല്ല. ഈ ബില്ലിൻെറ പരിധിയിൽനിന്ന് എസ്റ്റേററുകളെ ഒഴിവാക്കിയിരിക്കുകയാണ്. അതുപോലെതന്നെ കായൽ നിലങ്ങളേയും ഒഴിവാക്കിയിട്ടുണ്ട്. ഇതൊക്കെ ഒഴിച്ചാൽ അത്ര അധികം ഭൂമി ഇവിടെ ഉണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. ഞാൻ ഇതു പറയുമ്പോൾ ചില പ്രായോഗിക വൈഷമ്യങ്ങൾ മന്ത്രിമാർ ഉന്നയിച്ചേക്കാം. ഈ ഭൂമികൾ തുണ്ടമായി വീതിക്കാൻ വിഷമമുണ്ടെന്ന്. പക്ഷേ, ഈ സഭയിലെ ചർച്ചാവേളയിൽ സഹകരണപ്രസ്ഥാനത്തെപ്പററി മന്ത്രിസഭയ്ക്ക് വ്യക്തമായ അനുകൂല അഭിപ്രായങ്ങൾ ഉണ്ടെന്നും അതിനെ വേണ്ടവിധത്തിൽ പ്രോത്സാഹിപ്പിക്കുന്നതാണ് ഗവണ്മെൻറിൻെറ ഉന്നമെന്നും പറയുകയുണ്ടായിട്ടുണ്ട്. ഇതിനെ അനുകൂലിക്കുന്ന ഒരു നിലപാട് എല്ലാം കക്ഷികളിൽനിന്നും ഉണ്ടായിട്ടുണ്ട്. കാൺഗ്രസ്സ് ഭാഗത്തുനിന്നും ഇതിനെ അനുകൂലിച്ചിട്ടുണ്ട്. ഇന്നത്തെ സഹകരണസംഘങ്ങളിലെ തകരാറുകൾ ഒഴിച്ചാൽ സഹകരണം നല്ല തത്വം തന്നെയാണ്. സഹകരണാടിസ്ഥാ

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

നാട്ടിൽ ഭൂമി നൽകണമെന്നാണു് ഞാൻ പറയുന്നതു്. അപ്പോൾ കായൽ ഭൂമി തുണ്ടുതുണ്ടായി മുറിച്ചു കൊടുക്കേണ്ടി വരികയില്ല. ഭൂമി തുണ്ടുതുണ്ടമായി മുറിച്ചു കൊടുക്കുന്നതു് നല്ലതല്ലെന്നുള്ള കാര്യം നമുക്കു മനസ്സിലാക്കാൻ സാധിക്കും. പക്ഷെ, സഹകരണാടിസ്ഥാനത്തിൽ ഭൂമി മുറിക്കാതെ കർഷകർക്കു് വീതിച്ചുകൊടുക്കുവാൻ സോഷ്യലിസ്റ്റു ഗവണ്മെന്റായ ഈ ഗവണ്മെന്റു എന്തെങ്കിലും നടപടി ഉദ്ദേശിച്ചിട്ടുണ്ടോ എന്നു് മനസ്സിലാകുന്നില്ല. അങ്ങനെയാണെങ്കിൽ അതിൽ സന്തോഷിക്കാമായിരുന്നു. പക്ഷേ, അതില്ല. വേമ്പനാട്ടുകായലിലെ വളരെയധികം സ്ഥലങ്ങൾ ചില പ്രത്യേക വ്യക്തികൾ പതിച്ചെടുത്തിട്ടുള്ളതായും അവർ അതു് കുത്തകയാക്കി കയ്യടക്കി വച്ചിട്ടുള്ളതായും നമുക്കു വ്യക്തമായി അറിയാം. അങ്ങനെയുള്ള ഭൂമികൾ എടുത്തില്ലെങ്കിൽ പിന്നീടു വീതിച്ചു കൊടുക്കാൻ ഭൂമി എവിടെയാണുള്ളതു്. ഇന്നത്തെ പത്രത്തിൽകണ്ട ഒരു വിവരം സഭയുടെയും മന്ത്രിസഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാമെന്നു വിചാരിക്കുന്നു. കായംകുളംകായൽ എന്നൊരു കായൽ ഈ രാജ്യത്തുണ്ടു്. അതു് കൃഷിക്കു ഉപയോഗപ്രദമായിട്ടുള്ളതാണു് എന്നാണു പറയുന്നതു്. ആ കായൽ ചിലർക്കു് പതിച്ചുകൊടുക്കുവാനുള്ള നടപടികൾ ഇപ്പോൾ ഉണ്ടു്. മുമ്പേതന്നെ കുറെ ആളുകൾക്കു് പതിച്ചുകൊടുത്തിട്ടുണ്ടു്. ഞാൻ മനഃപൂർവ്വം ആരെയും കുറ്റവാക്കു പറയുകയല്ല. മുൻ മന്ത്രിസഭയിലുള്ള ആളുകൾ എന്തിനു മറച്ചുവയ്ക്കുന്നു. മുൻമന്ത്രിയായ ശ്രീ. ടി. എം. വറുഗ്ഗീസിനു് കായംകുളംകായലിലെ വളരെ അധികം സ്ഥലമുണ്ടു്. മററു പലർക്കും. അതു് ഇന്നലെവരെ വരമ്പിടാതെയിരുന്നതാണു്. ഇന്നലെ വരെ അവിടെ മത്സ്യം പിടിച്ചുകൊണ്ടിരുന്ന ആളുകളും മററും അതുകൊണ്ടു് ഉപജീവിച്ചിരുന്നു. ഇന്നു് ആ സ്ഥലങ്ങൾ വരമ്പിട്ടു് പതിച്ചെടുത്തുവെന്നു് ഇന്നത്തെ പത്രത്തിൽ കാണുകയുണ്ടായി. ഇങ്ങനെ വളരെ ആളുകൾക്കു് ദോഷം ഉണ്ടാകത്തക്കരീതിയിലാണു് ഇതുണ്ടായിരിക്കുന്നതു്. അതിനാൽ ഞാൻ പറയുന്നതു് കായൽ ഭൂമികളും എസ്റ്റേററുകളും ഒഴിച്ചാൽ പാവങ്ങൾക്കു് കൊടുക്കുവാൻതക്കവണ്ണം ഇവിടെ ഭൂമി കാണുകയില്ലന്നാണു്. എസ്റ്റേററുകളും കായലുകളും എടുത്തുകൊണ്ടു് സഹകരണാടിസ്ഥാനത്തിൽ കൃഷിക്കാർക്കു കൊടുത്തുകൂടാ. ഏതായാലും ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ വളരെയധികം ആളുകൾക്കു് ഭൂമികൊടുക്കാൻ സാധിക്കുകയില്ല. വളരെ കുറഞ്ഞതരത്തിൽ കൊടുക്കാൻ കഴിയുമെങ്കിൽതന്നെയും ആർക്കാണു കൊടുക്കാൻ കഴിയുന്നതു് ?

കൃഷിക്കാരായുള്ള ചില ആളുകൾക്കു മാത്രമേ കൊടുക്കാൻ കഴിയുകയുള്ളു. കാരണം, പതിനഞ്ചും ഇരുപതും മുപ്പതും ഏക്കർ എന്നെല്ലാം പരിധി നിശ്ചയിച്ചിരിക്കയാണു്. ബാക്കി ഭൂമി ഗവണ്മെന്റു എടുക്കാനോ അതു ഭൂമിയില്ലാത്തവർക്കു കൊടുക്കാനോ ഈ ബില്ലു് വ്യവസ്ഥ ചെയ്യുന്നില്ല. അവർ ഒന്നുകിൽ ഭൂമി വിററുകൊള്ളണം, അല്ലെങ്കിൽ പാട്ടം കൊടുത്തുകൊള്ളണമെന്നാണു് വ്യവസ്ഥ. ഈ പാട്ടം കൊടുക്കുക എന്നു പറയുന്നതിൽത്തന്നെ വലിയ തകരാറുകൾ ഉണ്ടു് ഒരു വലിയ ജന്മിയാണെങ്കിൽ അയാളുടെ വീട്ടിൽ നിൽക്കുന്ന ചേവുകക്കാരന്റെ പേരിൽ പാട്ടം എഴുതിവയ്ക്കും. അല്ലെങ്കിൽ ബന്ധുക്കളുടെ പേരിൽ. അഥവാ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളിക്കു് കൃഷിചെയ്യാൻ മുടക്കേണ്ട ചെറിയ തുക എങ്കിലും മുടക്കുന്നതിനു് നിവൃത്തിയില്ലാതിരിക്കുമ്പോൾ എങ്ങിനെയാണു് പാട്ടം വാങ്ങാൻ കഴിയുന്നതു്. പൊതുജനാഭിപ്രായത്തിനു വിട്ടിരിക്കു

മ്പോൾ ബാക്കി ഭൂമി ബന്ധുക്കളുടേയും മററും പേരിലാക്കാൻ സാവകാശം ഉണ്ട്. ഏതായാലും ബന്ധുക്കളുടെ പേരിലോ വീട്ടിൽ നിൽക്കുന്ന വേലക്കാരുടെ പേരിലോ ഈ ഇടക്കാലത്തിൽ മാററിവച്ചാൽ കൃഷിക്കാർക്ക് ഭൂമി ഒട്ടും കിട്ടുകയില്ല. പാട്ടത്തിനു കിട്ടിയാൽതന്നെ പിന്നാക്കസമുദായത്തിൽപ്പെട്ട ഏതെങ്കിലും കർഷകത്തൊഴിലാളി വിഭാഗത്തിനു ഒരു സെൻറു ഭൂമിയെങ്കിലും കിട്ടുമോ എന്നാണ് ആലോചിക്കേണ്ടതു്. ഒരൊററ സെൻറു ഭൂമിപോലും കിട്ടാനുള്ള വ്യവസ്ഥ ഈ ബില്ലിലില്ല. ഞാൻ ഗവൺമെൻറിൻെറ ആത്മാർത്ഥതയെ സംശയിക്കുന്നില്ല. പക്ഷെ ഈ മാതിരി പ്രായോഗികമായ കാര്യങ്ങളിൽ ഗവൺമെൻറിനുള്ള അജ്ഞത ഇതിൽ തെളിഞ്ഞുകാണുന്നുണ്ട്.

ഭൂമി വിതരണം ചെയ്യുന്നതിനു ലാൻഡു ട്രിബ്യൂണലിനെ നിയമിക്കുമെന്നു ഈ ബില്ലിൽ പറയുന്നുണ്ട്. അതൊന്നുംതന്നെ യഥാർത്ഥത്തിൽ വളരെയധികം പ്രയോജനം നൽകയില്ല. എന്തുകൊണ്ട് ആ സ്ഥാനത്തു ജനകീയക്കമ്മിററികളെ നിയമിച്ചുകൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്. വളരെയധികം സർക്കാർ പണം വ്യയംചെയ്തു് ഭൂമി വിതരണം ചെയ്യുന്നതിനു കോടതികളും മററും നിയമിക്കുന്നതിലും നല്ലതു് അവിടവിടെയുള്ള പഞ്ചായത്തുകളേയും മററും ഏർപ്പെടുത്തുകയായിരിക്കും— വല്ലതും ഭൂമി വിതരണം ചെയ്യുന്നതിനു കിട്ടുമെങ്കിൽത്തന്നെ അതു ന്യായമായി വിതരണം ചെയ്യുന്നതാണ് നല്ലതു്. അതുകൊണ്ടു് ജനകീയക്കമ്മിററികളെ നിയമിക്കുന്ന കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ രണ്ടു കാര്യങ്ങളാണ് എനിക്കു വളരെ പ്രധാനമായിട്ട് പറയാനുള്ളതു്. കായൽകൂടി ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെൻറു ശ്രദ്ധിക്കേണ്ടതാണ്. അതു ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ എം. പി. ചന്ദ്രശേഖരൻപിള്ള: ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലുകൾ ഇനിയൊരവസരത്തിൽ ഇവിടെ ചർച്ചയ്ക്കു വരുമ്പോൾ പലവിധത്തിലുള്ള മാററങ്ങളും ഇതിൽ ചെയ്യേണ്ടിവരുമെന്നുള്ള വിശ്വാസത്തോടുകൂടിത്തന്നെയാണ് ഞാനിപ്പോൾ സംസാരിക്കാമെന്നു വിചാരിക്കുന്നതു്. പ്രധാനമായി ഇപ്പോൾ ചർച്ചയ്ക്കു വിഷയമായിരിക്കുന്ന വെറുംപാട്ടബില്ലിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ ഞാൻ അംഗീകരിക്കുന്നുണ്ട്. അതായതു് കൃഷി ചെയ്യുന്നയാൾക്കു് ഭൂമിയിൽ സ്ഥിരാവകാശവും ഭൂമിയുടമസ്ഥനു് മര്യാദപ്പാട്ടവും നൽകുന്ന തത്വം അംഗീകരിക്കപ്പെടേണ്ടതാണ്. അതേയവസരത്തിൽ പല തരത്തിലുള്ള വൈകല്യങ്ങൾ ഈ ബില്ലിൽ ഉൾക്കൊണ്ടിട്ടുണ്ടെന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കുന്നതിനുമാത്രമെ ഞാൻ ഈ അവസരം വിനിയോഗിക്കുന്നുള്ളൂ. വെറുംപാട്ടദാർസ് (ബിൽ 4-ാംവകുപ്പിൽ കാണപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം വ്യവസ്ഥ ചെയ്തിട്ടുണ്ട്. റിമൂവൽ സ്പെസിഫൈ ചെയ്തിട്ടുള്ളതും കസ്റ്റമറിഡ്യൂസ് ഉള്ളതുമായ പ്രമാണങ്ങളെ സംബന്ധിച്ചിടത്തോളം അതു ഒററിയോ പണയമോ ഇറക്കിപ്പണയമോ ഏതുതരത്തിലായാലും ഒഴിഞ്ഞുകൊടുക്കേണ്ടതില്ലെന്നു ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.) അങ്ങിനെ ഒഴിഞ്ഞുകൊടുക്കാതെ വസ്തുവിനു് പാട്ടം കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. വളരെ നാളുകൾക്കുമുമ്പു് കാണപ്പാട്ടം കൊടുത്തിട്ടുള്ള വസ്തുക്കളിൽ ഈ പറഞ്ഞ വ്യവസ്ഥകൾ അടങ്ങിയിരിക്കും. അന്നു ഭൂമി കൊടുത്തപ്പോൾ തരിശായിരിക്കും. ഇപ്പോൾ അതിൽ പലവിധ

[ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള]

തിലുള്ള ദേഹണ്ഡത്താൽ ചെയ്തിട്ടുണ്ടായിരിക്കും. ആ ദേഹണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പാട്ടം നിശ്ചയിക്കുന്നതെന്നു പറഞ്ഞുകാണുന്നില്ല. ദേഹണ്ഡം കണക്കാക്കിയാണ് പാട്ടം നിശ്ചയിക്കുന്നതെങ്കിൽ ജന്മിയെ സംബന്ധിച്ചിടത്തോളം നല്ലകാര്യമായിരിക്കും. ഈ ബില്ലിൽ അതായിരിക്കും അംഗീകരിച്ചിരിക്കുന്നതെന്നു കരുതാൻ നിവൃത്തിയില്ല. ഒരു പറമ്പിന്റെ കാര്യത്തിലാണെങ്കിൽ അവിടെ ഒരു പുരയും മററു ഫലവൃക്ഷങ്ങളും ഉണ്ടാക്കിയിരിക്കും. അങ്ങിനെയുള്ള ഒരു പറമ്പിൽ ഉണ്ടാകുന്ന ഉൽപ്പന്നങ്ങളുടെ ആദായംനോക്കി കൊടുക്കുന്ന ഒരു പാട്ടമായിരിക്കയില്ല കൊടുക്കാനിടയാകുന്നതു്. അങ്ങിനെ വച്ചുപിടിപ്പിച്ചിട്ടുള്ള ഫലങ്ങൾ കുറെ കൂടിപ്പോയി എന്നായിരിക്കും പൊതുവേ അംഗീകരിക്കുന്ന തത്വം. അതു സ്പെസിഫൈ ചെയ്തില്ലെങ്കിൽ കുഴപ്പമാണ്. ജന്മികളെക്കാളും മെച്ചപ്പെട്ട ആളുകൾ കാണപ്പാട്ടമായി വസ്തു കൈവശംവച്ചു് അനുഭവിക്കുന്നുണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കരുതു്. നാമമാത്രമായി ജന്മിയായി കഴിയുന്നവരും പാട്ടമല്ലാതെ മററു യാതൊരു മാർഗ്ഗവുമില്ലാതെ കുഴഞ്ഞുകൂടുന്നവരുമുണ്ടു്. ഒഴിഞ്ഞുകൊടുക്കേണ്ടതിന് വ്യവസ്ഥ ചെയ്യുന്ന ഈ മാതിരി ആധാരങ്ങളിലെ ഉടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവർക്കൊരു മൊത്തതുക കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതാണ് ഉത്തമം. അതിനു നിവൃത്തിയില്ലെങ്കിൽ ആ സംഖ്യയ്ക്കുള്ള ഭൂമിയെങ്കിലും അവർക്കു കൊടുക്കേണ്ടതാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. 1949 മാർച്ച് 22-ാനു-ക്കു ശേഷം നടത്തിയെടുത്തിട്ടുള്ള വസ്തുക്കൾ തിരിച്ചുകൊടുക്കണമെന്നു കാണുന്നു. അന്നു നടത്തിയെടുത്ത വസ്തുവിൽ ഒരു പക്ഷെ പുതിയ കെട്ടിടങ്ങൾ വച്ചിരിക്കും. അല്ലെങ്കിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിരിക്കും. ഈ അഞ്ചുവർഷക്കാലത്തിനിടയ്ക്കു വസ്തുക്കളിൽ സാരമായ ഭേദഗതികൾ വരാൻ സന്ദർഭമുണ്ടെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്. അങ്ങിനെ ഭേദഗതികൾ വന്നിട്ടുണ്ടെങ്കിൽ ആ വസ്തുക്കൾ തിരിച്ചെടുത്തു് കൈവശക്കാരന് എങ്ങിനെ പരിഹാരം ചെയ്യുമെന്നു് ആലോചിക്കേണ്ടതുണ്ടു്. അതു വളരെ താറുമാറുണ്ടാക്കുന്ന ഒന്നാണെന്നു ഞാൻ കരുതുന്നു.

അടുത്തതായി പറയുവാനുള്ളതു് പാട്ടം നിശ്ചയിക്കുന്നതിനെപ്പററിയാണ്. ഫെയർ റെൻറാണ് പാട്ടമായി ഫിക്സ് ചെയ്തിട്ടുള്ളതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പലതരത്തിലുള്ള വസ്തുക്കളാണുള്ളതെന്നു് നമുക്കു് അറിയാവുന്നതാണ്. ചില ഭാഗത്തുള്ള വസ്തുക്കളിൽ വളരെ ചുരുങ്ങിയ തോതിൽ ചെലവുചെയ്തു് വളരെക്കൂടുതൽ ഉൽപ്പാദനം ഉണ്ടാകുന്നതായും ചില സ്ഥലങ്ങളിൽ കൂടുതൽ തുക ചെലവുചെയ്തു് ചുരുങ്ങിയ തോതിൽ ഉൽപ്പാദനം ഉണ്ടാകുന്നതായും നമുക്കറിയാം. ആ നിലയ്ക്കു് കന്യാകുമാരിമുതൽ ഷൊർണ്ണൂർ വരെയുള്ള ഭൂമി എല്ലാം ഒരു തരത്തിലാണെന്നും വല്ലായിടത്തും കൃഷിച്ചെലവു ഒരുതരത്തിലാണെന്നുംകരുതി ഫെയർ റെൻറു ഫിക്സു ചെയ്യുന്നതു് ഒരിക്കലും ന്യായമാണെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ ഭൂമികളെ ലോലാൻഡ്, മിഡ്‌ലാൻഡ്, ഹൈലാൻഡ് എന്നിങ്ങനെ മൂന്നായി തിരിച്ചു് ഓരോ പ്രദേശത്തും ഉണ്ടാകുന്ന വിളവും അവിടെ ആവശ്യമായ കൃഷിച്ചെലവും കാണിച്ചിട്ടുള്ള 1941-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു സ്റ്റേററുമെൻറു് ഈ അടുത്ത ദിവസങ്ങളിൽ ഞാൻ കാണുകയുണ്ടായി. അതിൽ നിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു് ഈ മൂന്നുതരം ഭൂമികളിലും കൃഷിച്ചെലവു പലതരത്തിലാണെന്നാണ്. അവിടെ ഉണ്ടാകുന്ന ഉൽപ്പന്ന

ങ്ങളും പലതരത്തിലാണെന്നു മനസ്സിലാക്കാൻ കഴിയും. അതുവച്ചുനോക്കുമ്പോൾ നാലിലൊന്നു് ഗ്രോസ്സ് പ്രൊഡ്യൂസ് വസ്തുവിന്റെ ഉടമസ്ഥനു് നഷ്ടത്തിൽ വരുമെന്നാണു് തോന്നുന്നതു്. കൃഷി ചെയ്യുന്നവനു് എന്തെങ്കിലും ആദായം കിട്ടണമെന്നുള്ള വസ്തുത നാം അംഗീകരിക്കുന്നുണ്ടെങ്കിലും ആ വസ്തുവിന്റെ പാട്ടംകൊണ്ടുമാത്രം ജീവിതം കഴിയുന്ന അനവധി കുടുംബങ്ങളെ വഴിയാധാരമാക്കാൻ പാടില്ലെന്നു ഈ സഭ ഓർമ്മിക്കണം. ഇന്നു് മിഡിൽ ക്ലാസ്സിലും ലോവർ ക്ലാസ്സിലുംപെട്ട പല കുടുംബങ്ങളും അവർക്കുള്ള വസ്തുക്കൾ പാട്ടം കൊടുത്തിട്ടു് അതിൽനിന്നും കിട്ടുന്ന ആദായത്തെ മാത്രം ആശ്രയിച്ചു് കഴിഞ്ഞുകൂടുന്നുണ്ടു്. ഈ നാലിലൊന്നു് എന്നതു് പ്രവൃത്തിപഥത്തിൽ വരികയാണെങ്കിൽ ഇന്നു നൂറുപറ നെല്ലു് കിട്ടുന്നിടത്തു നാല്പതോ അൻപതോ പറയായി കുറയാൻ ഇടയുണ്ടു്. ഈ പാട്ടത്തിനെ മാത്രം ആധാരമാക്കി ജീവിക്കുന്നവർക്കു് അങ്ങിനെ ഒരവസ്ഥ ഉണ്ടാകുന്നതു വളരെ വൈഷമ്യകരമാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെയുള്ള കുടുംബങ്ങളിലെ വ്യക്തികൾക്കു് വേറെ പ്രവൃത്തിയൊന്നുമില്ലേ?

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള: മററു പ്രവൃത്തിക്കു് മാർഗ്ഗമില്ലാതെ ജീവിക്കുന്ന അനവധി കുടുംബങ്ങളുണ്ടു്. ഒരു സ്ത്രീയും അവരുടെ മൈനറുകളായ കുട്ടികളും അടങ്ങിയ അനവധി കുടുംബങ്ങളെ മധ്യതിരുവിതാംകൂറിൽ കാണാൻ സാധിക്കും. ഈ പാട്ടത്തിനെ ആശ്രയിച്ചായിരിക്കും കുട്ടികളുടെ വിദ്യാഭ്യാസം നടത്തുന്നതും സാമാന്യമായ മററാവശ്യങ്ങൾ നിർവ്വഹിക്കുന്നതും. മധ്യതിരുവിതാംകൂറിനെപ്പററി മാത്രമേ എനിക്കു് സൂക്ഷ്മമായി പറയാൻ കഴിയൂ. നമ്മുടെ സംസ്ഥാനത്തു പലയിടത്തും അങ്ങനെ നടക്കുന്നുണ്ടെന്നാണു് എന്റെ വിശ്വാസം. അങ്ങനെയുള്ളവരെ ഈ കുറഞ്ഞ പാട്ടം അഫക്ററ് ചെയ്യുമെന്നുള്ളതുകൊണ്ടു് അതിനെപ്പററി തീർച്ചയായും പുനഃപരിശോധന നടത്തണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കുടികിടപ്പു നിരോധന നിയമത്തിനു് ഒരു പബ്ലിക്കു് ഒപ്പീനിയൻ എലിസിററ് ചെയ്യേണ്ട ആവശ്യമില്ലെന്നാണു് എനിക്കു തോന്നുന്നതു്. അതു പാസ്സാകുന്നതിനു കാലദൈർഘ്യം ഉണ്ടായാൽ പലതരത്തിലുള്ള ന്യൂനതകൾ സാധാരണ കുടികിടപ്പുകാർക്കു് സംഭവിക്കാനിടയുണ്ടു്. ഇപ്പോൾ ഒരു കുടികിടപ്പു് റെഗുലേഷൻ നിലവിലുണ്ടെങ്കിലും മൂന്നുനാലു കൊല്ലത്തിനുമുമ്പു് രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകൾക്കു മാത്രമേ അതു് ബാധകമാകുകയുള്ളു, അല്ലെങ്കിൽ അതുകൊണ്ടുള്ള പ്രയോജനമുണ്ടാകുകയുള്ളു. ആ നിലയ്ക്കു് ഇങ്ങനെ രജിസ്റ്റർ ചെയ്യാതെ താമസിക്കുന്ന അനവധി ആളുകളെ ഇറക്കിവിടുന്നതായി നമുക്കറിയാം. അതുകൊണ്ടു് ഈ ബില്ലു് പബ്ലിക്കു് ഒപ്പീനിയൻ അറിയുന്നതിനുവേണ്ടി അയയ്ക്കാതെ നിവൃത്തിയുള്ളിടത്തോളം നേരത്തെ പാസ്സാക്കേണ്ടതാണെന്നാണെന്റെ അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി: ഒരു ഓർഡിനൻസുപ്രകാരം ഇറക്കിവിടുന്നതെല്ലാം നിരോധിച്ചാൽ പോരേ?

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇത്ര വളരെ പേരെ ഇതിനകം കുടിയിറക്കിവിടുകയില്ലായിരുന്നു.

[ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള]

മി. തോമസ്സിന്റെ അച്ഛൻതന്നെ വളരെ പേരെ ഇറക്കിവിട്ടിട്ടുള്ളതായി പത്രങ്ങൾ മുഖാന്തിരം ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. അക്രമപരമായിട്ടാണ് ആലപ്പുഴയിൽ ചില കുടികിടപ്പുകാരെ മി. ടി. വി. തോമസ്സിന്റെ അച്ഛൻ ഇറക്കിവിട്ടിട്ടുള്ളത് എന്ന് പത്രത്തിൽനിന്നും ഞാൻ വായിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. തോമസ്: ഇതു വിരുദ്ധമുന്നണിക്കാരുടെ പ്രൊപ്പഗാൻഡായാണെന്നു മനസ്സിലാക്കിയിട്ടുണ്ടോ? ഇതു വിരുദ്ധമുന്നണിക്കാരിൽ നിന്നും അറിഞ്ഞിട്ടുള്ളതല്ലേ? ഇതവരുടെ പ്രൊപ്പഗാൻഡായാണ്.

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള: അതു ഞാൻ പേപ്പറിൽ വായിച്ചതാണ്. ഒരു മടൽ കുട്ടിയെന്നോ ഒരു തേങ്ങാ ഇട്ടുഎന്നോ പറഞ്ഞ് ഇറക്കിവിടണമെന്നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടുകൂടി മി. തോമസ്സിന്റെ ഫാദർ പ്രവർത്തിക്കുന്നു എന്നാണ് ഞാൻ വായിച്ചിട്ടുള്ള പ്രസ്താവന. അതു ഞാൻ വിശ്വസിച്ചു.

ശ്രീ. ഇടിക്കുള ഇടിക്കുള: സഖാവു തോമസ്സിന് എത്ര ഏക്കർ ഭൂമി ആലപ്പുഴ പട്ടണത്തിൽ ഉണ്ടെന്നറിയാമോ?

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള: ഈ ബില്ലിന്റെ പരിധിയിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതലുണ്ട്. ഇത് അദ്ദേഹത്തെപ്പറ്റി മാത്രം പറയുന്നതല്ല. വസ്തുക്കൾ ധാരാളമുള്ള പലരും, എല്ലാം പുരോഗമനവാദം പുറപ്പെടുവിച്ചുവരുന്നാലും ആളുകളെ ഇറക്കിവിടുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. ഇവർ മനുഷ്യസ്നേഹികൾ എന്നും ജനദ്രോഹികളെന്നും കുറെവാക്കുകൾ പറയുന്നു എന്നല്ലാതെ അതിൽ കൂടുതലൊന്നും ഇല്ല. സർ, കുടികിടപ്പിനെ സംബന്ധിച്ചിടത്തോളം വളരെ വേഗം എന്തെങ്കിലും നടപടികൾ ഗവൺമെന്റു കൈക്കൊള്ളേണ്ടതാണ്. ഇപ്പോഴെ നിയമംതന്നെ അതിനു പര്യാപ്തമാണെന്നു ഞാൻ കരുതുന്നില്ല. വേറെയാതൊരു തരത്തിലും കുടികിടപ്പുകാരനെ ഇറക്കിവിടാതിരിക്കാനുള്ള വ്യവസ്ഥചെയ്യുകയിൽ മാത്രമേ ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്ന ഗുണം സിദ്ധിക്കുകയുള്ളു. ഈ ബില്ലുകൊണ്ട് അതു സാധിക്കുമോ എന്നു സംശയമാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഈ ബില്ലിന്റെ ദോഷങ്ങളെപ്പറ്റി പാർട്ടിയിൽ ആലോചന നടത്തിയിട്ടാണോ ഇത്രയേറെ ദൂഷ്യങ്ങൾ ഉണ്ടെന്നു മനസ്സിലായത്?

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള: പാർട്ടിയിൽ ഇതേപ്പറ്റി ആലോചിച്ചിട്ടില്ല. എന്റെ ബഹുമാന്യസ്നേഹിതന്മാർ ചെയ്യുന്നതുപോലെ അവർ പറയാൻ പോകുന്നതെല്ലാം നേരത്തെ ചോദിച്ചുവേണം പറയാൻ എന്നു നിർബന്ധമുള്ളതുപോലെ ഞങ്ങളുടെ പാർട്ടിയോടു ചോദിച്ച് അനുവാദം വാങ്ങിക്കണമെന്നില്ല. അതു പാർട്ടിയോടു ചോദിച്ചില്ലെങ്കിൽത്തന്നെ പാർട്ടിക്ക് അഭിപ്രായവ്യത്യാസം ഉണ്ടാകാൻ ഇടയില്ല.

ശ്രീ. കെ. സി. ജോർജ്ജ്: പറയുന്നതിന് അനുകൂലമായിത്തന്നെ വോട്ടുചെയ്യുമോ? പറയുന്നതിന് അനുകൂലമായി വോട്ടുചെയ്യണം, അതാണ് വേണ്ടത്.

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള : സർ, പറയുന്നതുപോലെ ചെയ്യുക എന്നാളുതാണ് ഞങ്ങൾ ശീലിച്ചിട്ടുള്ളതു്. അതിനു് ഉദാഹരണമാണ് ഞാൻ നേരത്തേ പറഞ്ഞതു്. വീടു നന്നാക്കിട്ടുവേണം നാടു നന്നാക്കുവാൻ. അതുകൊണ്ടു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും നടപടി ഉടനെ ഗവണ്മെൻറ് എടുക്കണം. ഇതു പബ്ലിക്കു് കപ്പിനിയാൻ അറിയുന്നതിനവേണ്ടി സർക്കുലേററ ചെയ്തു സമയം കളയാതെ എന്തെങ്കിലും വേഗം ചെയ്യണമെന്നു് എനിക്കു ഗവണ്മെൻറിനോടു ഒരപേക്ഷയുണ്ടു്.

സർ, ഈ സീലിംഗിനെ ("ഫിക്സേഷൻ ഓഫ് ലിമിററ്" എന്നുള്ളതിനെ) സംബന്ധിച്ചിടത്തോളം ഞാൻ സംസാരിക്കണമെന്നു ആഗ്രഹിക്കുന്നില്ല. ഏതായാലും ഞങ്ങളുടെ പാർട്ടിയും ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ അനുകൂലിക്കുന്നവരാണെന്നുള്ളതു പല അവസരങ്ങളിലും ഈ ഹൗസിൽത്തന്നെ പ്രസ്താവിച്ചിട്ടുള്ള സംഗതിയാണ്. ഏതടിസ്ഥാനത്തിൽ വേണം എങ്ങനെ വേണമെന്നുള്ള അഭിപ്രായവ്യത്യാസമാണ്. കാരണം, സ്ഥലങ്ങളുടെ വില പല സ്ഥലത്തും പല തരത്തിൽ ആണ്. എനിക്കു തന്നെ ഒരു കാര്യം നേരിട്ടറിയാം, തിരുവല്ലാത്താലൂക്കിൽ നാല്പതേക്കർ സ്ഥലം മറെറാരിടത്തു 20 ഏക്കർ സ്ഥലത്തിനുവേണ്ടി കൈമാറി ആധാരം നടന്നതായിട്ടു്. അതുകൊണ്ടു് സ്ഥലത്തിനു് പല സ്ഥലത്തും പല വിലയാണെന്നുള്ള വസ്തുത അവഗണിക്കാതെ വേണം ഈ സീലിംഗു് ചെയ്യേണ്ടതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള : ഈ ആധാരക്കാര്യം നടന്നതു തിരുവല്ലാ ടൗണിലാണോ?

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള : തിരുവല്ലാ ടൗണിൽ ആണെങ്കിൽത്തന്നെ നാല്പതേക്കർ സ്ഥലവും ഇരുപതേക്കർ സ്ഥലവും തമ്മിൽ യാതൊരു സാമ്യവുമില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പു് : അതു വൃക്ഷങ്ങൾ ഒന്നുമില്ലാത്ത പുരയിടമായിരിക്കാം.

ശ്രീ. എം. പി. ചന്ദ്രശേഖരൻ പിള്ള : ഇതു ഡിസ്കഷൻ നടന്ന കൂട്ടത്തിൽ പറഞ്ഞുപോയതാണ്. ഇന്നു കൂടുതൽ വില കിട്ടുന്ന സ്ഥലങ്ങളും വില കിട്ടാത്ത സ്ഥലങ്ങളുമുണ്ടു്. ഇതെല്ലാം പരിഗണിച്ചുവേണം ഒരു തീരുമാനമെടുക്കാൻ. അതിൽ അഭിപ്രായവ്യത്യാസത്തിനിടയില്ല. ഇതിൽക്കൂടുതലൊന്നും ഇപ്പോൾ ഈ ബില്ലിനെ സംബന്ധിച്ചു പറയണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. പി. ആർ. കൃഷ്ണൻ : ഭൂനയത്തെ സംബന്ധിക്കുന്ന ഈ ബില്ലിനെ സാമാന്യമായി സ്പർശിച്ചുകൊണ്ടു് ചില വാക്കുകൾ പറയുന്നതിനു ഞാനാഗ്രഹിക്കുന്നു. പ്രത്യേകമായിട്ടു വെറുംപാട്ടക്കാർ ബില്ലിനെക്കുറിച്ചാണെനിക്കു കൂടുതലായി സംസാരിക്കുവാനുള്ളതു്. വെറുംപാട്ടക്കാർ ബില്ലു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിനെ സംബന്ധിച്ചു കൊച്ചി ഭാഗത്തിനുവേണ്ടി ചില പ്രത്യേകതയുണ്ടെന്നു എടുത്തു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. കൊച്ചിയിൽ വെറുംപാട്ടക്കാരനാക്കു് ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചിട്ടു് 12 വർഷത്തോളം കഴിഞ്ഞിരിക്കുക

[ശ്രീ. പി. ആർ. കൃഷ്ണൻ]

യാണ്. ഈ ബില്ലിലെ ചില വ്യവസ്ഥകളനുസരിച്ച് കൊച്ചിയിലെ വെറുംപാട്ടദാരന്മാർക്ക് നഷ്ടം നേരിടുന്നതിനിടയുള്ള ചില ക്ലാസ്സുകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1118-ലെ വെറുംപാട്ടദാർ ആക്റ്റ് അനുസരിച്ച് കുടിയാന്മാർക്ക് അവിടെ സ്ഥിരമായ അവകാശം ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ശരിയായ പാട്ടം കൊടുക്കുകയാണെങ്കിൽ പാട്ടക്കാരെ യാതൊരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള ഒരു വ്യവസ്ഥയാണ് അവിടെയുണ്ടായിട്ടുള്ളത്. എന്നാൽ ശരിക്കു പാട്ടംകൊടുക്കാനുള്ള തീയതിക്കു മൂന്നുമാസത്തിനുള്ളിൽ കൊടുത്തുതീർക്കാൻ സാധിച്ചില്ലെങ്കിൽ കുടിയാന്മാർക്ക് ഭൂമിയിലുള്ള എല്ലാ അവകാശവും നഷ്ടപ്പെടുകയും ഭൂമി ഒഴിഞ്ഞുകൊടുക്കാൻ ഒരു ജന്മിക്ക് പരാതിപ്പെടാം എന്നും ഉള്ള ഒരു ഭാഗമുണ്ട്. അനേകം കുടിയാന്മാരെ അങ്ങനെ ഒഴിപ്പിക്കുന്നതിനു ജന്മിമാർക്കു സാധിച്ചിട്ടുണ്ട്. പിന്നീട് ആ കുഴപ്പം തീരുന്നതിനുവേണ്ടി ഞങ്ങളുടെ നേതാവ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻകൂടി ഉൾക്കൊണ്ടിരുന്ന മന്ത്രിസഭ—പ്രജാമണ്ഡലം മന്ത്രിസഭ—യാണെന്നു തോന്നുന്നു കൊച്ചിയിൽ ഭരിച്ചിരുന്ന കാലത്ത് 1122-ൽ ഉണ്ടായിരുന്ന നിയമം അനുസരിച്ചു വെറുംപാട്ടക്കാരെ ആ കാരണത്താൽ വസ്തു ഒഴിപ്പിക്കാൻ പാടില്ല എന്നു വ്യവസ്ഥ ചെയ്തിരുന്നു. അതനുസരിച്ച് ഈ 90 ദിവസം എന്ന അതിർത്തി വിട്ട് ജന്മി പരാതിപ്പെടുന്ന ദിവസത്തിനുമേൽ 90 ദിവസത്തിനകം കൊടുത്താൽ മതി എന്നു തീർച്ച ചെയ്തു. അങ്ങിനെ വച്ചിരിക്കുന്നതുകൊണ്ട് കൊച്ചിപ്രദേശത്തുള്ള കുടിയാന്മാർ വളരെ ശക്തിയോടുകൂടി ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന ഒരു കാലമാണ്. ഈ ബില്ല് നിയമമാകുന്നതോടുകൂടി വളരെ കാലമായി അനുഭവിച്ചുവരുന്ന സ്ഥിരാവകാശം നഷ്ടപ്പെടുമെന്നുള്ള ഒരു പരിതഃസ്ഥിതിയുണ്ടാകുകയാണെങ്കിൽ കൊച്ചിയിലെ ഭൂരിപക്ഷം വരുന്ന കർഷകർക്കും അതുകൊണ്ട് വളരെ വിഷമങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് പ്രത്യേകം ഈ കാര്യം ഗവണ്മെന്റിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പൊതുജനാഭിപ്രായത്തിനുവേണ്ടി ഈ ബിൽ സർക്കുലേറ്റുചെയ്യുമ്പോൾ പൊതുജനങ്ങളുടെ ഈ വിഷമങ്ങളെ സംബന്ധിച്ച തീർച്ചയായും കേൾക്കുവാൻ സാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ ബില്ലിൽ മൂന്നേക്കർ ഒഴിപ്പിക്കുകയില്ല, അതായതു 12 കൊല്ലം കഴിഞ്ഞിട്ടുള്ള ഭൂമികൾ, മൂന്നേക്കർ ഭൂമി ഒഴിപ്പിക്കുകയില്ല എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അതിൽനിന്ന് 20 സെന്റ് ഭൂമി വീടുവയ്ക്കുന്നതിനായി ഒഴിപ്പിച്ചെടുക്കാം എന്നും വ്യവസ്ഥയുണ്ട്. എന്നാൽ നാലേക്കർ ഭൂമി ഒരാളുടെ കൈവശമുണ്ടെങ്കിൽ അതിൽ പകുതിയും ഒഴിപ്പിക്കാമെന്നു വ്യവസ്ഥയുണ്ട്. അങ്ങനെ വരുമ്പോൾ ഇന്നു 10 ഏക്കർ ഭൂമി കൈവശമുള്ള ഒരാളിൽനിന്ന് 5 ഏക്കർ ഭൂമി സ്വന്തം കൃഷിയാവശ്യത്തിനുവേണ്ടി ആവശ്യപ്പെടുന്നപക്ഷം ഒഴിഞ്ഞുകൊടുക്കേണ്ട ഒരു പരിതഃസ്ഥിതിയാണ് വന്നുചേർന്നിരിക്കുന്നത്. സ്വന്തം കൃഷിയാവശ്യത്തിന് എന്നു പറഞ്ഞ് വ്യവഹാരപ്പെടുന്ന ഒരു ജന്മിയുടെ കൈയ്യിൽ വേറെ ഭൂമിയുണ്ടോ എന്നുള്ള ചോദ്യം ഇതിൽ ഉത്ഭവിക്കുന്നില്ല. ഭൂമിയുണ്ടായാലും ഇല്ലെങ്കിലും എന്തു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഈ ബില്ലിൽ ഒന്നും പറഞ്ഞിട്ടില്ല. സ്വന്തം കൃഷിയാവശ്യത്തിനെന്നു പറഞ്ഞാൽ ആ ഭൂമി ഒഴിപ്പിച്ചെടുക്കാം എന്ന വ്യവസ്ഥ ഉണ്ടെന്നാണ് കേൾക്കുന്നത്. അങ്ങനെ സ്വന്തം കൃഷിയാവശ്യത്തിനെന്നുംപറഞ്ഞ് അനുഭവിച്ചിട്ടുള്ള ഭൂമി

മററാക്കും പാട്ടത്തിനു കൊടുക്കാൻ പാടില്ല. സ്വന്തമായി കൃഷി ചെയ്യണം, മററാക്കും പാട്ടത്തിന് കൊടുക്കാൻ പാടില്ല. മററാക്കും വിൽക്കാമെന്നും പറഞ്ഞിട്ടില്ല. ഇതിലെ വ്യവസ്ഥ അനുസരിച്ച് കുടിയാന് അല്ലാതെ മററാക്കും വിൽക്കാൻ സാധിക്കുകയില്ലയോ എന്ന് നോക്കേണ്ടതാണ്. നാം സ്ഥിരാവകാശം ഉണ്ടാക്കാനാണ് നിയമം കൊണ്ടുവന്നിരിക്കുന്നത്. എന്നാൽ ഈ നിയമംകൊണ്ട് വളരെ കുടിയാന്മാർക്ക് സ്ഥിരാവകാശം സിദ്ധിച്ചിട്ടുള്ളതുകൂടി നഷ്ടപ്പെടുകയും ചെയ്യുമെന്നു സംശയിക്കുന്നു. ഇങ്ങനെ ഈ കുടിയാന്മാർക്ക് സ്ഥിരാവകാശം കൊടുക്കുക എന്നുള്ള കാര്യത്തിൽ ഈ ഗവൺമെൻറ് വളരെ അധികം താല്പര്യം പ്രദർശിപ്പിച്ചുകൊണ്ട് ഈ നിയമങ്ങൾ കൊണ്ടുവന്നിരിക്കുന്നതുകൊണ്ട് ഈ കുഴപ്പങ്ങൾ പരിഹരിക്കുവാൻ തക്ക വഴികൾ എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മര്യാദപ്പാട്ടം കൊടുക്കുവാനുള്ള വ്യവസ്ഥ നടപ്പിലാക്കുവാൻ ഉള്ള ക്ലാസ്സ് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ കാര്യത്തിൽ ഈ ബില്ല് കൊണ്ടുവന്ന ഗവൺമെൻറിനെ ഞാൻ അനുമോദിക്കുകയാണ്. പക്ഷേ, മര്യാദപ്പാട്ടവ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭൂമി തന്നെ നഷ്ടപ്പെട്ടു പോകുമെങ്കിൽ മര്യാദപ്പാട്ടവ്യവസ്ഥകൊണ്ട് കർഷകർ സന്തുഷ്ടരാവുകയില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്ഥിരാവകാശവും മര്യാദപ്പാട്ടവും ലഭിക്കുന്നതിന് ഈ നിയമം പാസ്സാക്കുന്നതിനെ സംബന്ധിച്ചു നാം ചിന്തിക്കേണ്ടത് പാവപ്പെട്ട ജന്മികൾക്ക് സ്വന്തമാവശ്യത്തിന് ഒഴിഞ്ഞുകൊടുക്കാനുള്ള വ്യവസ്ഥകൾ നഷ്ടപ്പെടുകയല്ലേ എന്നാലോചിക്കുന്നതായാൽ ഇന്നത്തെ നിലയിൽ ജന്മിയുടെ കാര്യം അതിൽ നിന്നും വിഭിന്നമാണ്. കോൺഗ്രസ്സ് അതിനെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതും ഈ സഭയിൽ പാസ്സാക്കിയിട്ടുള്ളതും സ്റ്റേററിനും കർഷകർക്കുമിടയിൽ ഉള്ള മദ്ധ്യവർത്തികളെയെല്ലാം നീക്കം ചെയ്യണമെന്നാണ്. അവരിൽ വലുതും ചെറുതുമായ എല്ലാ മദ്ധ്യവർത്തികളും ഉൾക്കൊള്ളുന്നുണ്ട്.

കറാച്ചി പ്രമേയം ഭൂവുടമയെ സംബന്ധിച്ച് വ്യക്തമായിട്ടൊന്നും പറഞ്ഞിട്ടില്ല. എന്നാൽ, 1945-ൽ കോൺഗ്രസ്സ് കമ്മററിയിൽ പാസാക്കിയിട്ടുള്ള മാനിഫെസ്റ്റോയിൽ ഭൂവുടമയെപ്പററി വ്യക്തമായി പറഞ്ഞിട്ടുണ്ട്, പലതരത്തിലുള്ള മദ്ധ്യവർത്തികളും, ഭൂവുടമയിൽ ബന്ധിച്ചിട്ടുള്ളതുകൊണ്ട് അവരെ നീക്കം ചെയ്യേണ്ടതാണെന്ന്. ആ തത്വങ്ങൾ അനുസരിച്ചുകൊണ്ട് ഇപ്പോഴത്തെ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ ഞാൻ അഭിനന്ദിക്കുകയാണു ചെയ്യുന്നത്. നമ്മുടെ രാജ്യത്തുള്ള ജനങ്ങൾക്ക് ഏററവും ഇഷ്ടമായിട്ടുള്ളത് ഭൂമിയുടെ കൈവശാവകാശമാണ്. ആ വസ്തുത ആരും സമ്മതിക്കാതിരിക്കുകയില്ല. എന്നാൽ അനവധി ഏക്കർ ഭൂമി ഓരോരോ വ്യക്തികൾ കൈവശപ്പെടുത്തിവച്ചിരിക്കുകയാണ്. നമ്മുടെ ഭക്ഷ്യകാര്യത്തിൽതന്നെ വളരെയധികം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. നമ്മുടെ ഭക്ഷ്യസാധനങ്ങൾക്കും അതുപോലെതന്നെ വ്യവസായ സാധനങ്ങൾക്കും നിദാനമായിരിക്കുന്നത് ഭൂമിയാണ്. ആഹാരസാധനങ്ങൾക്കുവേണ്ടി നാം ഇതരസംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ടാണിരിക്കുന്നത്. എന്നാൽ ആ കാര്യത്തിൽ ഒരു സ്വയം പര്യാപ്തത ഈ ബില്ല് മുഖേന ഉണ്ടാകാൻ പോകുന്നതിൽ സന്തോഷമാണുള്ളത്. നമ്മുടെ രാജ്യത്ത് ഭക്ഷ്യക്ഷാമം ഉണ്ടായതുതന്നെ സംസ്ഥാനത്തുള്ള ഭൂമി

[ശ്രീ. പി. ആർ. കൃഷ്ണൻ]

കളിൽ നല്ലതുപോലെ പ്രയത്നിച്ചു് ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള കഴിവു് നമുക്കില്ലാത്തതുകൊണ്ടാണു്. ഗവണ്മെന്റിൽനിന്നും ഭക്ഷ്യോൽപ്പാദനത്തിനുവേണ്ടി വളരെയധികം ധനം ചെലവാക്കി, അണക്കെട്ടുകളും, അതുപോലെ വളംഡിപ്പോകളും സ്ഥാപിച്ചിട്ടുണ്ടു്. സർ, ഈ അണക്കെട്ടുകളിലെ വെള്ളം ഉപയോഗിച്ചും ഡിപ്പോകളിലെ വളം ഉപയോഗിച്ചും എത്ര പേരാണു് കൃഷി നടത്തുന്നതെന്നു പരിശോധിക്കേണ്ടതാണു്. ഈ വക പ്രോത്സാഹനങ്ങൾ ഉണ്ടായിരുന്നാൽതന്നെയും വെറും പരിമിതമായ ഫലമാണു് ഉണ്ടാകുന്നതു്. അതുകൊണ്ടു സാർവ്വത്രികമായ കാർഷികവികസനം ഉണ്ടാകുന്നതിനാണു് നാം ശ്രമിക്കേണ്ടതു്. സർ, അതിലേയ്ക്കു് ഖണ്ഡിതമായ ചില തീരുമാനങ്ങൾ നടപ്പിൽ വരുത്താതെ സാദ്ധ്യമല്ല. പരിഷ്കൃത രാജ്യങ്ങളായ പാശ്ചാത്യരാജ്യങ്ങളിൽപ്പോലും, ഭൂവുടമ സമ്പ്രദായത്തെക്കുറിച്ചു ദിവസംതോറും പരിവർത്തനമുണ്ടായിക്കൊണ്ടിരിക്കയാണു്. നമ്മുടെ സ്റ്റേറ്റിലും ഇതിനകം ഭൂവുടമയെക്കുറിച്ചു പല പല നിയമനിർമ്മാണങ്ങളും വന്നു കഴിഞ്ഞിരിക്കുകയാണു്. നിയമനിർമ്മാണങ്ങൾ തുടർച്ചയായി വരുന്നതുകൊണ്ടോ, അല്ലെങ്കിൽ ഉള്ള നിയമത്തിനു് വീണ്ടും ഭേദഗതി വരുത്തിയതുകൊണ്ടോ നാം പ്രതീക്ഷിക്കുന്ന ഫലം ഉണ്ടാകുമോ എന്നു ചിന്തിക്കേണ്ടതാണു്. ഒരു നിയമത്തിനെ ഭേദഗതി ചെയ്യുമ്പോൾ അതുകൊണ്ടു ജനങ്ങൾക്കു് കൂടുതൽ ഉപദ്രവം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണു്.

സർ, നമ്മുടെ സംസ്ഥാനത്തു് നിലവിലുള്ള ഭൂവുടമകൾ മൂന്നുനാലു തരത്തിലുള്ളതാണു്. വളരെ വിസ്തീർണ്ണമായ ഭൂവിഭാഗങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ള കുറെ ആളുകളുണ്ടു്. വളരെയധികം മൂലധനം മുടക്കി, വൻതോതിലുള്ള ഭൂവിഭാഗങ്ങൾ കൃഷിചെയ്യുന്ന ഒരു വിഭാഗക്കാരുണ്ടു്. ഭൂമിയിൽ സ്വന്തമായി പ്രയത്നിച്ചു കൃഷിചെയ്യുന്ന മറ്റൊരു വിഭാഗക്കാരുമുണ്ടു്. ഇതിനും പുറമെ തുണ്ടു തുണ്ടു ഭൂമികൾ ജന്മിമാരുടെ പക്കൽനിന്നും പാട്ടംവാങ്ങി കൃഷിചെയ്യുന്നവരുമുണ്ടു്. കൂലിക്കാരെക്കൊണ്ടു് കൃഷിചെയ്യിച്ചു് അന്നന്നു കൂലി കൊടുത്തു പറഞ്ഞയയ്ക്കുന്ന കുറെ ആളുകളുമുണ്ടു്. ഇങ്ങനെ പലവിധത്തിൽ ഭൂമികൾ കൈകാര്യം ചെയ്യുന്ന ഒരു സംസ്ഥാനമാണു നമ്മുടേതു്. എന്നിരുന്നാലും, കർഷകരെ സംബന്ധിച്ചു് അദ്ധ്വാനഫലം അവർക്കുതന്നെ ലഭിക്കത്തക്കവണ്ണമുള്ള സാഹചര്യമാണു് നമുക്കിന്നു് ആവശ്യമായിട്ടുള്ളതു്. മദ്ധ്യവർത്തികളെ മാററണമെന്നു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സുകാർ പറയുന്നുവെങ്കിൽ തന്നെ അതു അവരോടുള്ള വിരോധം കൊണ്ടല്ല, മദ്ധ്യവർത്തികൾമൂലം യഥാർത്ഥ കർഷകനു് ലഭിക്കേണ്ടതായ ഗുണം മുഴുവനും ലഭിക്കുന്നില്ലെന്നു കണ്ടതുകൊണ്ടാണു്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം മദ്ധ്യവർത്തികളെ നീക്കംചെയ്യാനും വേണ്ട വന്നാൽ ഒഴിച്ചുവിടാനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. എന്നാൽ ഭൂമി അതേപടി ജന്മിയിൽനിന്നും അതായതു് ജന്മിയുടെ ഉടമസ്ഥതയിൽനിന്നും മാററി യഥാർത്ഥ കർഷകനു് കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഒരു ജന്മിക്കു് ഒരു കുടിയാനെ എപ്പോൾ വേണമെങ്കിലും ഇറക്കിവിടാനുള്ള പല പഴുതുകളും ഈ നിയമത്തിൽത്തന്നെയുണ്ടു്. പാട്ടക്കുടിശ്ശികയുടെ പേരിലോ, അല്ലെങ്കിൽ ഭൂമി ദുരുപയോഗപ്പെടുത്തുന്നുവെന്ന കാരണത്തിന്മേലോ കുടിയാനെ ഒഴിപ്പിക്കാനുള്ള വ്യവസ്ഥകൾ ഈ ബില്ലിലുണ്ടു്. ചിലപ്പോൾ കുടിയാന്റെ സമ്പത്തികമായ വിഷമഘട്ടത്തിലായിരിക്കും അവന്റെ

കുടിശ്ശിക മുഴുവനും ജന്മി ആവശ്യപ്പെടുന്നതു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ കുടിശ്ശികയുടെ ഒരു ഭാഗമെങ്കിലും കെട്ടുക്കുന്നതിനോ, അല്ലെങ്കിൽ കോടതിയിൽ കെട്ടിവച്ചു രക്ഷ നേടുന്നതിനോ സാധ്യമല്ലാത്ത ഒരവസ്ഥ ചിലപ്പോൾ കുടിയാനെ സംബന്ധിച്ചിടത്തോളം ഉണ്ടാകാറുണ്ടു്. അതേ അവസരം നോക്കി കുടിയാനെ ജന്മിക്കു ഒഴിപ്പിക്കാൻ സാധിക്കുന്നതാണ്. കുടിയാന്റെ കയ്യിലിരിക്കുന്ന ഭൂമി മുഴുവൻ ജന്മി ഒഴിപ്പിച്ചില്ലെങ്കിൽതന്നെയും കൃഷിക്കുപയുക്തമായ ഭാഗമോ, അല്ലെങ്കിൽ ബില്ലിലെ വ്യവസ്ഥപ്രകാരമുള്ള ഏക്കറോ ജന്മിക്കു ഒഴിപ്പിക്കാൻ അധികാരമുണ്ടു്. അങ്ങനെ കുടിയാനെ, അല്ലെങ്കിൽ കർഷകനെ ഒഴിപ്പിക്കുന്നതു് ഒരു തരത്തിൽ ദ്രോഹമാണ്. സർ, നമ്മുടെ നാട്ടിൽ യഥാർത്ഥ കർഷകൻ ആരാണെന്നുള്ളതിനെപ്പററി പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ടു്. യഥാർത്ഥ കർഷകൻ എന്നു പറയുമ്പോൾ കർഷകത്തൊഴിലാളികളാണോ, അതോ ഭൂമിയിൽ സ്വന്തമായി കൃഷി ചെയ്യുന്നവരാണോ എന്നാണെങ്കിൽ, എന്റെ അഭിപ്രായത്തിൽ, കർഷകരെന്നു പറഞ്ഞാൽ ഭൂമിയിൽ സ്വന്തമായി കൃഷി ചെയ്യുന്ന ആളുകൾ എന്നാണ്. സർ, യു. പി. യിൽ ലാൻഡ് ബില്ലിനെ സംബന്ധിച്ചുണ്ടാക്കിയിരുന്ന കമ്മററി റിപ്പോർട്ടിൽ കർഷകർ എന്നുള്ളതിന് ഒരു പ്രത്യേക പദം കൊടുത്തിരിക്കുകയാണ്. ഇവിടെ കർഷകർ എന്നു നാം പറയുമ്പോൾ അവിടെ ററില്ലർ എന്നു വിളിച്ചുവരികയാണ്. ഇവർക്കു ഭൂമിയിൽ [illegible]ക്കുന്നതിനുള്ള അധികാരവും അവകാശവും നൽകിയിരിക്കുകയാണ്. മാത്രമല്ല, ഏതെല്ലാം തരത്തിലുള്ള കൃഷികളാണ് ഭൂമിയിൽ നടത്തേണ്ടതെന്നുള്ളതിലേക്കു പ്രത്യേക നിർദ്ദേശങ്ങളും ഈ കമ്മററി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഭൂമിയിൽ കൃഷി നടത്തുന്നവരാണ് കർഷകർ എന്നു വിചാരിച്ചു ദിവസംതോറും ജോലിചെയ്തു കൈകണക്കിനു കൂലി വാങ്ങിക്കൊണ്ടു പോകുന്ന കൂലിക്കാർ കർഷകരുടെ പരിധിയിൽപ്പെടുന്നില്ല. ഈ കൂട്ടർക്കു കൃഷിയെ സംബന്ധിച്ചുണ്ടാകുന്ന നഷ്ടത്തെയോ ലാഭത്തെയോ കണക്കാക്കേണ്ട ആവശ്യമില്ല. ജന്മിമാരുടെ കാര്യമാണെങ്കിൽ, അവരുടെ കുടിയാന്മാർ നിശ്ചിത വ്യവസ്ഥയനുസരിച്ചു പാട്ടം നെല്ലായിട്ടോ, പണമായിട്ടോ കൊടുക്കുന്നുണ്ടു്. അവരുടെയും ജന്മികൾ നിലത്തിൽ വന്നു നോക്കുകയോ, കൃഷി നഷ്ടമാണോ, ലാഭമാണോ എന്നു അന്വേഷിക്കുകയോ ചെയ്യുന്നില്ല. ഇതുപോലെതന്നെ മററൊരു കൂട്ടർ തങ്ങളുടെ ഭൂമിയെ കൃഷിക്കായി ഏല്പിച്ചിട്ടു് ഉദ്യോഗത്തിലോ, അല്ലെങ്കിൽ കച്ചവടത്തിലോ ഏർപ്പെടാറുണ്ടു്. അവരും ഭൂമിയെപ്പററി യാതൊന്നും അന്വേഷിക്കുന്നില്ല. അകലെനിന്നുകൊണ്ടു് ഒരു മാനേജരെന്ന രൂപത്തിൽ മററുവരെക്കൊണ്ടു നടത്തിക്കുകയാണു ചെയ്യുന്നതു്. സർ, ഇങ്ങനെ പലതരത്തിൽ ഭൂമി കൈകാര്യം ചെയ്യുകയാണ്. ഒരുത്തർക്കും പരാതിയില്ലാത്തവിധത്തിൽ ഒരു ഭൂനയബില്ല് കൊണ്ടുവരാനും സാധ്യമല്ല. അത്രയേറെ കുഴപ്പമുള്ള ഒരു കാര്യമാണ് ഈ ഭൂനയം. ഇത്രയും കുഴപ്പം പിടിച്ച ഒരു കാര്യം ധൈര്യമായി കൈകാര്യം ചെയ്യുന്നതിനു മുന്നോട്ടു വന്ന ഇന്നത്തെ മന്ത്രിസഭയെ ഞാൻ അഭിനന്ദിക്കുന്നു. സർ, വളരെക്കാലമായിട്ടു നമ്മുടെ നാട്ടിൽ ഭൂനയംസംബന്ധിച്ചു് ഒരു പരിഷ്കാരമുണ്ടായിട്ടില്ലെന്നു ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. പക്ഷെ, കാൺഗ്രസ്സ് കക്ഷിയുടെ ഭരണകാലത്തു് ഒരു ഭൂനയബില്ല് സഭയിൽ അവതരിപ്പിച്ചില്ല എന്നല്ലാതെ, ഈ ഭൂനയബില്ലിനോടു് കാൺഗ്രസ്സുകാർ എതിരാണെന്നു ഒരിക്കലും ധരിക്കേണ്ട.

[ശ്രീ. പി. ആർ. കൃഷ്ണൻ]

എ. ഐ. സി. സി. യിൽത്തന്നെ ഭൂനയബില്ലിനെപ്പററി ഉണ്ടാക്കിയിട്ടുള്ള കമ്മിററിയിൽ ആവർത്തിച്ചാവർത്തിച്ച് പ്രമേയങ്ങൾ അവതരിപ്പിച്ചു പാസാക്കിയിട്ടുണ്ട്. കാൺഗ്രസ്സുപാർട്ടിയാണ് ഇതിലേയ്ക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചതു്. പക്ഷെ കാൺഗ്രസ്സ് ഭരണകാലത്തു ഈ ബിൽ അവതരിപ്പിക്കാൻ സാധിച്ചില്ലെന്നേയുള്ളു. സർ, അവസാനമായി, ഈ ബില്ല് പാസ്സാക്കുന്ന അവസരത്തിൽ, കൊച്ചിയിലെ സ്ഥിരാവകാശമുള്ള പട്ടാദാരന്മാർക്ക് വേണ്ട രക്ഷാവ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണമെന്നു ഓർമ്മപ്പെടുത്തിക്കൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, വളരെയേറെ പ്രതീക്ഷയോടും പ്രത്യാശയോടുംകൂടിയാണ് ഈ വർഷത്തെ ബഡ്ജററ് സെഷനിൽ ഞങ്ങൾ പങ്കെടുത്തിട്ടുള്ളതു്. ഇന്നത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതോടുകൂടി നാട്ടിലെ ജനങ്ങൾക്കുതന്നെ വളരെ ഏറെ പ്രതീക്ഷകൾ, വിശേഷിച്ചും ഭൂനയബില്ലിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ളതിന്റെ ഫലമായി പൊതുജനങ്ങൾ വളരെ ആകാംക്ഷയോടുകൂടി നോക്കിക്കൊണ്ടിരിക്കുമ്പോൾ ഈ ബഡ്ജററ് സെഷനിലെങ്കിലും ന്യായമായി വാദപ്രതിവാദം ചെയ്യാനുള്ള ഒരവസരം ഈ ബില്ലുകളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുമെന്ന് ഈ നാട്ടിലെ ജനങ്ങളും, കുറെയൊക്കെ ഞങ്ങളും വിചാരിച്ചിരുന്നു. പക്ഷെ, ബില്ലിനെപ്പററിയുള്ള പ്രാരംഭ ചർച്ചാനടപടികളെങ്കിലും എടുക്കാതെ, ഒരൊററ ദിവസംകൊണ്ടു ഈ ഏഴു ബില്ലുകളും അവതരിപ്പിച്ച് പെട്ടെന്നു പാസ്സാക്കിയെടുക്കാനുള്ള തിടുക്കത്തെ ഞങ്ങൾ സംശയദൃഷ്ടിയോടുകൂടിയാണ് വീക്ഷിക്കുന്നതു്. ഈ സെഷന്റെ മദ്ധ്യത്തുവച്ചുതന്നെ പലവിധ തെററിദ്ധാരണകളും അകൽച്ചകളും അസംബ്ളിയിൽ ഉണ്ടായിട്ടുണ്ടെന്നു പരസ്യമായി മന്ത്രിസഭയിൽനിന്നുതന്നെ പ്രഖ്യാപിച്ചിട്ടുണ്ട് ഇപ്പോൾ സഭ അവസാനിക്കാൻപോകുകയാണ്. ആ ഒരു കാരണത്തിന്മേൽ ഈ ബില്ലുകളുടെ അവതരണഘട്ടത്തിൽതന്നെ എതിരാണ് ഞങ്ങൾ എന്നു ലഘുവായ ഭാഷയിൽ പറഞ്ഞുകൊള്ളട്ടെ. ഇതു് പാർലമെൻററി അല്ലെങ്കിൽ പിൻവലിക്കാൻ തയ്യാറാണ്. സർ, ഒരു ലാൻഡ് ലജിസ്ലേഷൻ നടത്തുന്ന അവസരത്തിൽ മൗലികമായി ചെയ്യേണ്ട കാര്യങ്ങൾ ഒന്നുംതന്നെ ഈ സഭ ചെയ്തിട്ടില്ല. എന്നുമാത്രമല്ല, ഈ ബില്ലുകൾ കൊണ്ടുവന്നു അവതരിപ്പിക്കുന്ന രീതിപോലും അപലപനീയമാണ്. സർ, തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ഭൂപ്രശ്നങ്ങളെ സംബന്ധിച്ചുള്ള പരിണാമദശകൾതന്നെയും ഒരു പ്രത്യേക രീതിയിലാണ് കാണുന്നതു്. ഇൻഡ്യയുടെ മറെറല്ലാഭാഗത്തും ഉള്ളതിനേക്കാൾ എത്രയോപരിഷ്കൃതങ്ങളായ നിയമങ്ങൾ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഭൂനയത്തിലുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ വെറുംപാട്ടകുടിയാൻ ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ ചെയ്ത പ്രസംഗത്തിൽ നിരവധി ചരിത്രവസ്തുതകൾ എടുത്തുവയ്ക്കുകയുണ്ടായി. 1040-മാണ്ടത്തെ പാട്ടം പ്രോക്ലമേഷൻ, 1042-ലെ ജന്മി പ്രോക്ലമേഷൻ മുതലായവ ഈ രാജ്യത്തെ ഭൂനയസംബന്ധമായ ചരിത്രവസ്തുതകളാണ്. ഏതു രാജ്യത്തെക്കാളും ഈ രാജ്യം ഭൂനയത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായി പുരോഗതി അർജ്ജിച്ചിട്ടുണ്ടെന്നിരിക്കെ, ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭൂനയ ബില്ലുകളിൽ ഇൻഡ്യയിൽ മററു ഭാഗങ്ങ

ങ്ങളിൽ ഉണ്ടായേക്കാവുന്ന മാററങ്ങൾ മാത്രമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ, അതൊരു പുരോഗമനപരമായ നടപടിയായിട്ട് ആരും അംഗീകരിക്കുകയില്ല. ഇവിടെ പി. എസ്സ്. പി. ഗവൺമെൻറ് ഭൂനയത്തെ സംബന്ധിച്ചിടത്തോളം എന്തൊക്കെയോ ചെയ്യാൻ പോകുന്നു എന്നു കേട്ടിരുന്നതു് ഈ ബില്ലുകളെപ്പററിയാണ്. ഇപ്പോൾ കിട്ടിയിരിക്കുന്ന ഈ ഏഴു ബില്ലുകളും സമഗ്രമായി നോക്കുകയാണെങ്കിൽ ഭൂഉടമസ്ഥത, ഫിക്സിററി ഓഫ് ടെന്യുവർ, ഫിക്സേഷൻ ഓഫ് ഫെയർ റെൻറ്, എന്നീ മൂന്നു കാര്യങ്ങളിൽ മൗലികമായ മാററങ്ങളോ പരിഷ്കാരങ്ങളോ വരുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈക്കാര്യത്തിൽ ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറിൻെറ അഭിപ്രായത്തോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഏതെങ്കിലും ബില്ലുകളെപ്പററി പറയുമ്പോൾ മററു രാജ്യങ്ങളിൽ നടപ്പാക്കിയിട്ടുള്ള നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയും വിവേചനം ചെയ്തും ആപേക്ഷികമായി അഭിപ്രായപ്പെടുന്നതു് എപ്പോഴും ശരിയായിരിക്കുകയില്ല. ഭൂനയത്തെ സംബന്ധിച്ചുള്ള മൗലികമായ തത്വങ്ങൾ ഓരോ ദേശത്തെയും സംപ്രദായവും സാഹചര്യവും സ്വഭാവവും അനുസരിച്ചു് വ്യത്യസ്തമായിരിക്കും. സർ, ഇവിടെ കാണം ടെനൻസി ബിൽ എന്നൊരു ബിൽ കൊണ്ടുവന്നിട്ടുണ്ട്. ആ ബില്ല് ടെനൻസിക്ക് അനുകൂലമായ രീതിയിൽ കൊണ്ടുവന്നിട്ടുള്ളതാണോ എന്നു സംശയമുണ്ട്. ജന്മിമാരുടെ അവകാശങ്ങൾ എങ്ങനെയെങ്കിലും നിലനിത്തണമെന്നുള്ള ഗവൺമെൻറിൻെറ വ്യഗ്രത ആ ബില്ലിൽ നിഴലിച്ചു കാണുന്നുണ്ട്. തിരുവിതാംകൂറിലെ ജന്മി കുടിയാൻ ബില്ല് കൊച്ചിയിലേയ്ക്കുംകൂടി നീട്ടുകയാണ് ഉദ്ദേശമെങ്കിൽ ഇതു് സക്കുലേററു ചെയ്യുവാൻ വിടാതെ സെലക്ററുകമ്മിററിയിൽ അയയ്ക്കാമായിരുന്നു. അഥവാ തിരുവിതാംകൂറിലെ കുടിയാനു് ലഭിച്ചിരിക്കുന്ന അവകാശങ്ങൾ കൊച്ചിയിലേയ്ക്കുംകൂടി വ്യാപിപ്പിക്കുക എന്നാണുദ്ദേശം എങ്കിലും ഈ ബില്ല് സെലക്ററുകമ്മിററിക്ക് അയയ്ക്കുന്നതിൽ എന്താണ് വിരോധം? കൊച്ചിയിൽ ഒരു വെറുംപാട്ട കുടിയാൻ നിയമം നടപ്പിലുണ്ട്. അതു് തിരുവിതാംകൂറിലേയ്ക്കുംകൂടി വ്യാപിപ്പിക്കുക മാത്രമാണ് ഗവൺമെൻറിൻെറ ഉദ്ദേശമെങ്കിൽ ഈ ബില്ല് സെലക്ററുകമ്മിററിയിലേയ്ക്കു് അയക്കാൻ പാടില്ലാത്ത കാര്യമൊന്നും ഞങ്ങളുടെ അറിവിലില്ല.

മറെറാന്നു്, ലാൻഡ് ടാക്സ് ബില്ലാണ്. അതിൻെറ സമീപനരീതി വച്ചു നോക്കുകയാണെങ്കിൽ, ഈ ലാൻഡ് ടാക്സ് ബിൽ അടിയന്തിരമായി പാസ്സാക്കിയെടുക്കണമെന്നുള്ള ഒരു വ്യഗ്രത ഗവൺമെൻറ് കാണിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആ ബില്ലിനു് അത്രത്തോളം വ്യഗ്രത കാണിച്ചിരിക്കേ, ഈ അവസാന നിമിഷത്തിൽ, ഈ സെഷൻ അവസാനിക്കുവാൻ ഏതാനും മിനിട്ടുകൾ മാത്രം ഉള്ളപ്പോൾ ഈ ഭൂനയബില്ല് അവതരിപ്പിക്കുവാൻ ഗവൺമെൻറു വ്യഗ്രത കാണിച്ചതു് സംശയകരമായ ഒരു നടപടിയാണെന്നു് പറയാതിരിക്കുവാൻ തരമില്ല. അതുകൊണ്ടു് ഭൂനയത്തെ സംബന്ധിച്ചിടത്തോളം അങ്ങേയററത്തെ അമർഷത്തോടും അവിശ്വാസത്തോടും ആത്മാർത്ഥതയില്ലാത്ത കാഴ്ചപ്പാടോടുംകൂടിയാണ് ഞങ്ങൾ ഗവൺമെൻറിനെ വീക്ഷിക്കുന്നതെന്നു പറയുമ്പോൾ ഞങ്ങളെ അതിൽ തെററിദ്ധരിക്കരുതെന്നു് അപേക്ഷിക്കുന്നു.

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

ൾ, വെറുംപാട്ടബില്ലാണല്ലോ ഇപ്പോൾ ചർച്ചാവിഷയമായിരിക്കുന്നതു്. ഈ ബില്ലിന്റെ ഓരോ സംശയത്തേയും എടുത്തു് പരിശോധിക്കാൻ ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല. ഈ ബില്ലിനെപ്പററി പല മെംബറന്മാരും അഭിപ്രായവ്യത്യാസമുള്ളതായി പറഞ്ഞു. ചേർത്തലമെംബർ ഇതിനെപ്പററി പല കാര്യങ്ങളും ഇവിടെ പറഞ്ഞു. ഈ ബില്ലിന്റെ പരിധിക്കകത്തു് കാണസ്വഭാവമുള്ള വസ്തുക്കളുടെ കാര്യം പറഞ്ഞിട്ടില്ല. അതു് തിരുവിതാംകൂർ കുടിയാൻബില്ലിനകത്തു് വന്നിട്ടുണ്ടെന്നാണു പറയുന്നതു്. കൊച്ചി കാണം ടെനൻസി ബില്ലും തിരുവിതാംകൂർ ജന്മികുടിയാൻബില്ലും ഭേദപ്പെടുത്തി കാണസ്വഭാവമുള്ള എല്ലാ വസ്തുക്കളെയും ഉൾപ്പെടുത്തി ഒരു ബില്ലുകൊണ്ടുവരുവാനുള്ള ആഗ്രഹം ഗവണ്മെന്റു് പ്രദർശിപ്പിച്ചുകാണുന്നില്ല. 1071-ാമാണ്ടത്തെ തിരുവിതാംകൂറിലെ ജന്മികുടിയാൻ റഗുലേഷനിൽ ദേവസ്വം, ബ്രഹ്മസ്വം, അഥവാ ബ്രാഹ്മണരുടെ കൈവശത്തിരിക്കുന്ന വസ്തുക്കൾ, ഇവയെ അല്ലാതെ മററു വസ്തുക്കൾ ആ നിയമത്തിൽ ബന്ധപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല എന്നു് വ്യക്തമാക്കിയിട്ടുണ്ടു്. ആ നിലയിലല്ലാതെ പണ്ടാരവക വസ്തുക്കൾ പോലും കാണസ്വഭാവത്തോടുകൂടി അന്യാധീനപ്പെടുത്തിയിട്ടുള്ള പല ഇടപാടുകളും ഉണ്ടു്. ചേർത്തല താലൂക്കിലെ തിരുമല ദേവസ്വംവസ്തുക്കൾ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം എടുത്തു പറയാവുന്ന ഒരുദാഹരണമാണു്. ഈ വസ്തുക്കൾ മുഴുവൻതന്നെ വളരെക്കാലമായി വെറുംപാട്ടസ്വഭാവത്തിൽ ഇരിക്കയാണു്. വാസ്തവത്തിൽ അതിനു് കുടിയാൻസ്വഭാവമാണുള്ളതു്. ജന്മിമാർക്കു് ഒഴിപ്പിക്കുവാനുള്ള അവകാശത്തെ കൂടക്കൂടെ പാട്ടംകൂട്ടുവാനുള്ള ഒരു ഉപാധിയായി അവർ സ്വീകരിച്ചിരിക്കുകയാണു്. ഇവയ്ക്കു് ഈ പാട്ടസ്വഭാവവും, കാണസ്വഭാവവും ഉള്ള വസ്തുക്കൾ ഇപ്പോഴും കൊടുത്തിരിക്കുന്നതു് കാലാകാലങ്ങളിൽ അമിതമായ പാട്ടം കൂട്ടുവാനുള്ള അവസരം അവർക്കു കൊടുക്കുന്നതിനുവേണ്ടി ആയിരിക്കും. അവർക്കുള്ള ആ അവകാശം ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിലുമുണ്ടു്. പാട്ടക്കാരോടും കുടിയാനവന്മാരോടും ഈ ജന്മിമാർക്കുള്ള വിരുദ്ധമനോഭാവംകൊണ്ടു് അവർ എഴുതിപ്പിടിച്ചിട്ടുള്ള ഉടമ്പടികളിലോ ആധാരങ്ങളിലോ കുടിയാനവനു് അനുകൂലമായ യാതൊന്നുംതന്നെ എഴുതിച്ചേർക്കുന്നതല്ല.

മറെറാരുകാര്യം, ഫിക്സിററി ഓഫ് ടെന്യുവർ ഇന്നു് ഈ രാജ്യത്തു് ആർക്കാണു് ആവശ്യം? വെറുംപാട്ടകുടിയാനവനു് അതു് ബില്ലിൽ കൺഫേം ചെയ്തിട്ടുണ്ടു്. ഏതുതരത്തിലുള്ള കുടിയാനവന്മാർക്കാണു് ഈ ഫിക്സിററി കൊടുക്കുന്നതു്? ബില്ലിൽ പല എക്സംപ്ഷനുകളും കൊണ്ടുവന്നിട്ടുണ്ടു്. അതുകൊണ്ടു് മിക്കവാറും കുടിയായ്മസ്വഭാവമുള്ള എല്ലാ പാട്ടക്കാരേയും ഈ ബില്ലിൽനിന്നും ഒഴിവാക്കാൻ കഴിയും. പ്രശ്നം എന്നു പറയുമ്പോൾ ആകാശത്തിൽനിന്നുവന്ന ഗംഗയെപ്പോലെ ഗവണ്മെന്റു ഓർക്കുന്നുണ്ടെങ്കിലും ഇപ്പോൾ ഞങ്ങളുടെ മുമ്പിലിരിക്കുന്ന ഈ ബില്ലുകൾ നോക്കുന്ന പക്ഷം കുടിയാനവനെ പരിരക്ഷിക്കുന്ന ഒരു പ്രശ്നം നടപ്പിലാക്കുവാൻ ഗവണ്മെന്റിനു് ആത്മാർത്ഥമായ ആഗ്രഹമുണ്ടെന്നു് വിശ്വസിക്കുവാൻ നിവൃത്തിയില്ലാതെയായിരിക്കുന്നതു്. ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന കർഷകന്റെ പ്രശ്നം ഒന്നാണെങ്കിൽ ഈ രാജ്യത്തെ ജന്മികൾക്കു് അവരുടേതായുള്ള പ്രശ്നം മറെറാന്നാണു്. ഇതിൽ അദ്ധ്വാനിക്കുന്ന കർഷകന്റെ പ്രശ്നം ഗവണ്മെന്റു് സാർവത്രി

കമായി അംഗീകരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. നേരെ മറിച്ച്, ഭൂഉടമകൾക്ക് ഭൂമിയില്ലാത്തവരെ വർദ്ധിപ്പിക്കണമെന്നും അദ്ധ്വാനിക്കുന്ന ജനങ്ങളെ കഴിവുള്ളിടത്തോളം മർദ്ദിച്ചും പീഡിപ്പിച്ചും അവരുടെമേൽ സ്വാധീനം ചെലുത്തണമെന്നുമുള്ള ഒരു നയമാണുള്ളതു. ഇതൊന്നും തന്നെ കാണാതെയാണ് ഗവൺമെന്റ് ഇത്തരം ഭൂനയം അംഗീകരിച്ചിരിക്കുന്നത്. പാരമ്പര്യം നോക്കുകയാണെങ്കിൽ വളരെയധികം കാലം ഈ രാജ്യത്തിന്റെ അന്തരീക്ഷത്തെ കലുഷിതമാക്കിക്കൊണ്ടിരുന്ന ഒന്നാണ് ഈ ഭൂനയം. ഭൂനയം ഭൂനയം എന്നുപറഞ്ഞ് ഈ രാജ്യത്ത് നല്ലൊരു ഒച്ചപ്പാട് കേട്ടുതുടങ്ങിയിട്ട് കാലം കുറെയായി. കോൺഗ്രസ്സ്ഗവൺമെന്റ് ഭരിക്കുന്നകാലത്ത് ശരിയായ ഒരു ഭൂനയം ഗവൺമെന്റംഗീകരിക്കുന്നതുവരെ ഭൂമി കൈവശമുള്ളവരേയും കുടികിടക്കുന്നവരേയും ഭൂമിയിൽനിന്നും ഒഴിപ്പിക്കാതിരിക്കുവാനുള്ള നടപടി എടുക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വെറുംപാട്ടകുടിയാൻനിയമം അങ്ങനെയുള്ള ഒരു സ്ഥിതിയല്ല. കുടികിടപ്പുകാരെ അവർ നിരന്തരമായി കൈവശംവച്ചു പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂമിയിൽനിന്നും ഒഴിപ്പിക്കാൻ അനുവദിച്ചിരിക്കുകയാണ്. ഇവിടെ ഒരു കുടിയൊഴിക്കൽനിരോധനനിയമം നിലവിലുണ്ടല്ലോ? നിയമം എത്രതന്നെ പ്രാബല്യത്തിലിരുന്നാലും പോലീസിന്റേയും ഗുണ്ടകളുടേയും സഹായത്തോടുകൂടി കുടികളെ ഒഴിപ്പിക്കുവാനുള്ള നടപടികൾ എടുത്തിട്ടുള്ള എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എനിക്കു പറയുവാൻ കഴിയും. അതു എന്നത്തേയ്ക്കും തടയത്തക്കവണ്ണം ഒരോർഡിനൻസ് ഇവിടെ പാസാക്കണമെന്ന് ജനങ്ങൾ മുറവിളികൂട്ടിക്കൊണ്ടിരുന്നിട്ടും പല ഗവൺമെന്റുകളെ ഈ ഗവൺമെന്റുകളെ ഇന്നുവരെ അതിനൊരുമ്പെട്ടില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലുകളിലും സ്വാധീനശക്തിയുള്ള ഭൂഉടമകൾക്ക് കുടിയാന്മാരെ ഒഴിപ്പിക്കുന്നതിലേയ്ക്ക് ധാരാളം പഴുതുകൾ ഉണ്ടെന്നുള്ളതിന് ഒരു ചെറിയ ഉദാഹരണം ഞാൻ പറയാം. വാരം പാട്ടത്തിനുള്ള ഭൂമി വെറുംപാട്ടക്കുടിയായിട്ടു കണക്കാക്കാൻ പാടില്ലായെന്ന് ബില്ലിൽ പറയുന്നുണ്ട്. വാരം, പാട്ടം, പാതിപ്പാട്ടം തുടങ്ങിയ ഇടപാടുകളിൽപ്പെടുന്ന ആളുകളെ ഇതിൽനിന്നും ഒഴിവാക്കണം എന്നു പറഞ്ഞിട്ടുണ്ട്. ഇന്ന് എത്രയെങ്കിലും ഒരു ഭൂമിയിൽ കൃഷിചെയ്യുന്ന ഒരു കർഷകനെ, മേലും കൃഷിചെയ്യുവാൻ അനുവദിക്കുമെന്നുള്ള വിശ്വാസത്തിൽ അവിടെ വേലചെയ്തുകൊണ്ടിരിക്കുന്ന ഒരു വെറുംപാട്ടക്കാരനെ ഭൂഉടമസ്ഥന്റെ ബലപ്രയോഗംകൊണ്ടും ഭീഷണികൊണ്ടും മറ്റടവുകൾ ഉപയോഗിച്ചും വാരക്കാരനാക്കിത്തീർക്കുവാനുള്ള എളുപ്പമുണ്ട്. ഇതിനകം തന്നെ ഭൂമി വെറുംപാട്ടത്തിനു കൊടുത്താൽ ഒഴിപ്പിക്കുവാൻ നിവൃത്തിയില്ലാതെവരുമെന്നുള്ള ശങ്കയാൽ വെറുംപാട്ടക്കാരായ പലരേയും ഇവർ വാരക്കാരാക്കിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞകൊല്ലം വെറുംപാട്ടക്കാരനായി കൃഷിചെയ്തുകൊണ്ടിരുന്ന ഒരുവനെ വിളിച്ച് ഇനിമേൽ എന്റെ ഭൂമിയിൽ വാരത്തിനെടുത്ത് കൃഷിചെയ്താൽ മതി എന്ന് ഒരു ജന്മി അയാളോടു പറഞ്ഞാൽ, വിശേഷിച്ചും ആ ജന്മിയെ സഹായിക്കാൻ പോലീസോ റൗഡിയോ കൂട്ടുനിൽക്കുന്നുണ്ടെങ്കിൽ അതിനെതിരായി നടപടികളെടുക്കുവാൻ ഇവിടെ ഒരു സർക്കാർ ഇല്ലാതിരിക്കുന്നടത്തോളംകാലം തൽക്കാലം ഞങ്ങളുടെ കൈവശത്തിലിരിക്കുന്ന ഭൂമി ജന്മിക്കു വിട്ടുകൊടുക്കാതിരിക്കുകയാണോ നല്ലതെന്നുള്ള വിചാരംകൊണ്ടുകൂടി വച്ചിട്ട് [illegible]

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി.]

കൊടുക്കും. അങ്ങനെ നോക്കുമ്പോൾ വെറുംപാട്ടക്കാർ എല്ലാവരും മിക്കവാറും വാരക്കാരായി മാറും. ഇത്രയും വളരെ പരിഷ്കൃതസ്വഭാവം ഉണ്ടെന്നു പറഞ്ഞു് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിലെ എക്സംപ്ഷനിലേയ്ക്കു നോക്കിയാൽ ഓരോ ക്ലാസ്സിലും കുടിയാനവനു സിദ്ധിക്കുമെന്നു പറഞ്ഞിരിക്കുന്ന ഗുണം മാറിമാറി ഒടുവിൽ മല എലിയെ പ്രസവിച്ചതുപോലെ ആയിത്തീർന്നു എന്നു പറയാതെ തരമില്ല.

സർ, വാരമുള്ള ആളുകളെ വെറുമ്പാട്ടകുടിയാന്മാരുടെ കൂട്ടത്തിൽ പെടുത്തുവാൻ പാടില്ല എന്നു പറഞ്ഞിട്ടുണ്ടു്. പങ്കപാട്ടം, പാതിവാരം തുടങ്ങിയുള്ള വാരകൃഷിക്കാരെ മുഴുവൻതന്നെ വെറുമ്പാട്ടക്കാരുടെ പരിധിയിൽ നിന്നു ഒഴിവാക്കത്തക്ക ഒരു ക്ലാസ്സ് ഇതിലുണ്ടു്. വെറുമ്പാട്ടക്കാരെപ്പോലെ ഭൂമിയിൽ കൃഷിചെയ്യുന്ന ഒരുതരം കൃഷിക്കാരെ വാരക്കാരായി മാററിയിട്ടുണ്ടു്. എങ്ങിനെയാണു് ഈ വാരകൃഷിക്കാർ ഉണ്ടാകുന്നതു് എന്നുള്ളതിനു ഒരു ഉദാഹരണം പറയാം. കഴിഞ്ഞകൊല്ലത്തിൽ വെറുമ്പാട്ടസ്വഭാവത്തിൽ കൃഷിചെയ്തിരുന്ന ഒരു കുടിയാനെ ജന്മി വിളിച്ചിട്ടു പാട്ടത്തിനു് ഭൂമി കൊടുക്കയില്ല, നീ നാളെ മുതൽ വാരത്തിനു് കൃഷി ചെയ്തോളു. അതിനു തയ്യാറില്ലെങ്കിൽ ഭൂമി ഒഴിഞ്ഞുതരണം എന്നു പറഞ്ഞാൽ അതിനു എതിരായി പറയുവാൻ കുടിയാനു ശക്തിയില്ല. കുടിയാൻ, ജന്മി പറഞ്ഞതനുസരിച്ചു് ചെയ്തില്ലെങ്കിൽ കുടിയാനു കൃഷിചെയ്യുന്നതിനു ഭൂമി കിട്ടാതെവരും. അതുകൊണ്ടു് വാരത്തിനു അവൻ നടത്തുകയാണുചെയ്യുന്നതു്. ഇന്നുള്ള വാര കൃഷിക്കാരിൽ അധികവും ഇങ്ങനെയുണ്ടായിട്ടുള്ളതാണു്. ജന്മികളുടെ ഉപദ്രവത്തെപ്പററി ഗവണ്മെൻറിലേയ്ക്കു് പരാതികൊടുത്താൽ സർക്കാർ ഒരു ചെറുവിരലുപോലും ജന്മിക്കെതിരായി അനക്കുകയില്ല. ഇങ്ങനെ ഒരു ചെറുവിരൽ പോലുമനക്കാത്ത സർക്കാർ ഇരിക്കുന്നിടത്തോളം കാലം കുടിയാന്മാർക്കു ജന്മി പറയുന്നതുപോലെ ചെയ്യാതിരിക്കുവാൻ നിവൃത്തിയില്ല.

സർ, ഇന്നു ഹാജരാക്കിയിട്ടുള്ള ബില്ലുകളിൽ നിർമ്മാണപരമായി മാററം വരുത്തുന്ന ഒന്നോ രണ്ടോ ബില്ലുകളേയുള്ളു. അതായതു റെസ്ട്രിക്ഷൻ ഓൺ പൊസഷൻ ബില്ലു്, സ്പെഷ്യൽ റെൻറ്സ് അബോളിഷൻ ബില്ലു് ഇങ്ങിനെ രണ്ടു ബില്ലുകളേയുള്ളു. ഈ രണ്ടു ബില്ലുകളും പരിശോധിക്കുകയാണെങ്കിൽ അതിൻെറ പര്യവസാനത്തിൽ കടന്നിട്ടു പ്രതിവാദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അമിതമായ നിലയിൽ സ്പെഷ്യൽ റെൻറുള്ള ആളുകൾക്കു പ്രതിഫലം കൊടുക്കത്തക്ക വ്യവസ്ഥകളാണു് അതിൽ കൊള്ളിച്ചിട്ടുള്ളതു്. ശ്രീപാദം വസ്തുക്കൾ പോലും പ്രതിഫലം കൊടുത്തിട്ടു കൈവശപ്പെടുത്തുവാനുള്ള വ്യവസ്ഥകളാണു് ഇതിൽ ഉള്ളതു്. ഇതെല്ലാം കാണുമ്പോൾ പി. എസ്സ്. പി. ഈ സഭയിൽ വെച്ചും പുറത്തു വച്ചും പറയുന്നതു് വെറും ചപ്പടാച്ചിയല്ലേ എന്നു ഞാൻ ചോദിക്കുന്നു. എന്തു് അർത്ഥത്തിലാണു് നിങ്ങൾ ഇതെല്ലാം ബില്ലിൽ ചേർത്തിരിക്കുന്നതു്. തിരുവിതാംകൂറിലുള്ള ഭൂമികൾ ചില ചരിത്രപരമായ കാരണങ്ങളാൽ ഇങ്ങനെ പല പേരുകളിലായി തീർന്നതാണു്.

കോൺഗ്രസ്സ് ഗവണ്മെൻറ് കുറെക്കാലം ഭരിച്ചു. അവർക്കു് ഇങ്ങനെയുള്ള ബില്ലുകൾ കൊണ്ടുവരാൻ സാധിച്ചില്ല. ഞങ്ങൾ ബില്ലുകൊണ്ടുവന്നു എന്നു പറഞ്ഞു പ്രചരണം നടത്തുവാനും ജനങ്ങളുടെ പ്രീതി സമ്പാദിക്കുവാനും ഉള്ളതിൽ കവിഞ്ഞൊന്നും ഈ ബില്ലിലില്ല. ജനങ്ങളെ കബളിപ്പിച്ചു അധികാരത്തിൽ തുടരാനുള്ള ഒരു ബില്ലാണു് ഇതു്. ഈ

രാജ്യത്തുള്ള കൃഷിക്കാരെ രക്ഷിക്കാനുള്ള വല്ലതും ഇതിൽ ഉൾക്കൊള്ളിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അങ്ങിനെയൊന്നും ഇതിൽ ഇല്ല. ഈ ബിൽ കഴിയുന്നതും വേഗം നടപ്പിലാക്കുന്നതിനു ആഗ്രഹമുണ്ടെന്നു ഗവണ്മെന്റു പറഞ്ഞു. ആദ്യം പ്രസംഗിച്ച എന്റെ ചില സ്നേഹിതന്മാർ ഈ ബില്ലുകൊണ്ടുവന്നതിൽ പി. എസ്സ്. പി. യെ അഭിനന്ദിച്ചു. അതേ സമയത്തു് ഈ ബില്ലുകൊണ്ടുവന്നതിൽ ഇവർക്കു് ആത്മാർത്ഥതയുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അവർക്കു് ആത്മാർത്ഥതയില്ലെന്നു് ഈ ബില്ലുകൾ നോക്കിയാൽ അറിയാൻ സാധിക്കും. വളരെക്കാലമായി ജനങ്ങൾ ആഗ്രഹിച്ചുകൊണ്ടിരുന്ന നിയമനിർമ്മാണത്തിനുള്ള ഈ ബില്ലുകൾ ആലോചനയ്ക്കു കൊണ്ടുവന്നിരിക്കുന്നതു തന്നെ സഭയുടെ അവസാന നിമിഷത്തിലാണു്. അവർക്കു് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ഇതു് ആദ്യം എടുക്കാമായിരുന്നു. അവസാന നിമിഷത്തിൽ കൊണ്ടുവന്നിട്ടു് പൊതുജനാഭിപ്രായത്തിനു പരസ്യപ്പെടുത്താമെന്നും അതിനുശേഷമേ സെലക്റ്റ് കമ്മിറ്റിക്കു അയയ്ക്കാൻ പാടുള്ളു എന്നും പറയുന്നു. ഈ വകകൾ എല്ലാം നിങ്ങൾക്കു് ആദ്യമേ അറിയാമായിരുന്നു. ഇതിനെപ്പറ്റി കോൺഗ്രസ്സ് ബഞ്ചിലുള്ള ചരടുവലിയും അവർക്കു് അറിയാമായിരുന്നു. ഈ ബില്ലിനു കോൺഗ്രസ്സ് ബഞ്ചിൽ നിന്നു സപ്പോർട്ടു കിട്ടുകയില്ലേ എന്ന പേടി അവർക്കുണ്ടായിരുന്നു. അതുകൊണ്ടാണു് ഈ അവസാന നിമിഷത്തിൽ ഈ ബില്ലുകൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഇതിൽ ഒരു കള്ളത്തരമാണു് അവർ കാണിച്ചിട്ടുള്ളതു്. ഞങ്ങൾ യഥാർത്ഥത്തിൽ വിശ്വസിക്കുന്ന ഒരു കാര്യം പറഞ്ഞു എന്നേയുള്ളു (ചിരി). ഞങ്ങളുടെ തെറ്റിദ്ധാരണ മാറ്റുവാൻ വിരോധമില്ല. ഈ സഭ രണ്ടോ മൂന്നോ ദിവസംകൂടി നീട്ടി ഈ ബില്ലുകളെപ്പറ്റി ചർച്ചചെയ്തു പൊതുജനാഭിപ്രായത്തിനു പരസ്യം ചെയ്യാമെന്നു തീരുമാനിക്കുകയാണെങ്കിൽ ഞങ്ങളുടെ തെറ്റിദ്ധാരണ മാറ്റാൻ വിരോധമില്ല. അതിനു അവർ തയ്യാറില്ലെങ്കിൽ അവർ കള്ളന്മാരാണു്.

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഈ സഭയിലെ ഒരു വിഭാഗം ആളുകളെ കള്ളന്മാർ എന്നു വിളിക്കുന്നതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം?

മി. സ്പീക്കർ: കള്ളന്മാർ എന്നു ഒരിക്കലും പറയുവാൻ പാടില്ല. ആ വാക്കു് പാർലിമെന്ററിയല്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനെ ആദരിക്കുന്നു. എങ്കിലും അവർ കള്ളം പറയുന്നവരാണു്, അവർ കള്ളം കൈകാര്യം ചെയ്യുന്നവരാണു്. സർ, എനിക്കു പറയുവാനുള്ളതു് അവർ ഈ ബില്ലുകൾ പാസാക്കിയെടുക്കണമെന്നുദ്ദേശമുണ്ടായിരുന്നുവെങ്കിൽ ഈ ബില്ലുകളെല്ലാം നേരത്തെ ആലോചനയ്ക്കു വിഷയമാക്കുമായിരുന്നു എന്നാണു്. ബില്ലുകൾ പൊതുജനാഭിപ്രായത്തിനു് അയയ്ക്കുന്നതിൽ ഞങ്ങൾക്കു് യാതൊരു വിരോധവുമില്ല. എന്നാൽ അടുത്തുതന്നെ ഈ ബില്ലുകളെപ്പറ്റി ആലോചിക്കാം എന്നു പറഞ്ഞാൽ മതി. ബില്ലുകൾ പൊതുജനാഭിപ്രായത്തിനു അയയ്ക്കാൻ സ്പീക്കർക്കു് അധികാരമുണ്ടു്. പൊതുജനാഭിപ്രായം അറിഞ്ഞു് അടുത്തു തന്നെ സഭയുടെ ഒരു പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടി ഈ

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി.]

ബില്ലുകളെപ്പററി ചർച്ചചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനുള്ള എന്തെങ്കിലും നടപടികളെ ഞാൻ സ്വാഗതം ചെയ്യാം. അതല്ല ... എന്ന ഞാൻ കരുതും.

Mr. Speaker: Shall we sit up to 5 P. M. today? I want to know the sense of the House. (The House did not assent). I think the House is not agreeable to sit up till 5 o'clock. So, I shall call upon the Government to reply.

ശ്രീ. എ. താണുപിള്ള: സർ, ഈ ബില്ലുകൾ അവതരിപ്പിച്ചതിന്റെ ഉദ്ദേശത്തെപ്പററിയും മററും ചോദ്യം ചെയ്യുവാൻ ഇടയില്ലാത്ത ഈ സഭയിലെ ... അവശ്യമെന്ന് ഞാൻ കരുതുന്നില്ല ... അവരുടെ സകല വാക്കുകളിലും മനോഭാവത്തിലും പ്രവൃത്തിയിലും പ്രതിഫലിക്കുന്നതെന്താണ് ഞാൻ അതിന് സമാധാനം കാണുന്നുള്ളൂ. എനിക്കൊന്ന് സഭയെ അറിയിക്കുവാനുള്ളത് വളരെക്കാലമായി ഈ നാട്ടിലെ ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ നിയമനിർമ്മാണത്തിനവേണ്ടി ... യുന്നതും ഈ മന്ത്രിസഭ കാലേകൂട്ടി പ്രവർത്തിക്കണമെന്ന് നിശ്ചയിച്ച് കിട്ടിയ സമയത്തിനുള്ളിൽ ഉള്ള അറിവുകൾ വച്ചുകൊണ്ട് ഈ ബില്ലുകൾ രൂപീകരിച്ച് ഇവിടെ ഹാജരാക്കിയിരിക്കുകയാണ്. ഈ ബില്ലുകളുടെ രൂപീകരണം പരിപൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ബിൽ അവതരിപ്പിച്ചാൽ മുഖ്യമന്ത്രിക്ക് പിൻതുണ നൽകാമെന്ന് ഐക്യമുന്നണി നേതാവ് മുഖ്യമന്ത്രിക്ക് എഴുതിയിരുന്നതായി ... അത് ശരിയാണോ? ഇന്നത്തെ അവരുടെ പ്രസംഗത്തിന്റെ രീതികണ്ടിട്ട് ചോദിക്കുകയാണ്.

ശ്രീ. എ. താണുപിള്ള: ഐക്യമുന്നണി നേതാവ് എഴുതിയതിനെപ്പററി സഭയിൽ പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം ഒരു ചിററ് എനിക്ക് അയച്ചു. നിങ്ങൾ ഇങ്ങനെയൊക്കെ ചെയ്യുന്നുവെങ്കിൽ ഞങ്ങൾ സപ്പോർട്ടു തരാമെന്നു പറഞ്ഞിരുന്നു.

ശ്രീ. ടി. വി. തോമസ്സ്: ബിൽ വേഗം സെലക്ററ കമ്മിററിക്കയയ്ക്കുവാൻ ആത്മാർത്ഥത കാണിക്കുമെങ്കിൽ സപ്പോർട്ടു തരാമെന്ന് ഞാൻ എഴുതിയിരുന്നു.

ശ്രീ. എ. താണുപിള്ള: അവിടെയും ആത്മാർത്ഥതയെപ്പററി പറയുന്നു.

ശ്രീ. ടി. പി. സീതാരാമൻ: എന്തിനെ സപ്പോർട്ടു ചെയ്യുവാനാണ് പ്രതിപക്ഷനേതാവ് അങ്ങനെ എഴുതിയിരുന്നത്?

ശ്രീ. എ. താണുപിള്ള: ബിൽ സെലക്ററ കമ്മിററിക്ക് അയയ്ക്കുകയാണെങ്കിൽ ബിൽ സപ്പോർട്ടു ചെയ്യാമെന്നാണ് എഴുതിയിരുന്നത്.

ശ്രീ. കെ. പി. ഗോപാലമേനോൻ: സെലക്ററ കമ്മിററി ഇന്ന തരത്തിലുള്ളതായിരിക്കണമെന്ന് അതിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. എം. താണുപിള്ള: ഐക്യമുന്നണി കക്ഷിക്കു് ഭൂരിപക്ഷമുള്ളതായിരിക്കണം സെലക്റ്റ്കമ്മിറ്റി, എന്നു പറഞ്ഞിട്ടുണ്ടു്. സെലക്റ്റ് കമ്മിറ്റി ഉണ്ടാകുമ്പോൾ അതു് ഒരു കക്ഷിയുടെ ഭൂരിപക്ഷത്തോടുകൂടി വേണമെന്ന തത്വത്തെ ഒരിക്കലും ആദരിക്കുന്ന ആളല്ല ഞാൻ. ഇതിലല്ല ഏതിലും അങ്ങനെയുള്ള ഒരു സെലക്റ്റ് കമ്മിറ്റിയല്ല നമുക്കാവശ്യം. സർ, ഇതിൽ എല്ലാ ബില്ലുകളും സർക്കുലേറ്റ് ചെയ്യേണ്ട ആവശ്യമില്ല എന്നു പറയുന്നതിൽ കുറെ ന്യായമുണ്ടു്. എങ്കിലും ഇടപാടുകളെ സംബന്ധിച്ചുള്ള ബില്ലുകളും ഭൂമിയുടെ പരിധി നിർണ്ണയിക്കുന്ന ബില്ലും നിശ്ചയമായിട്ടും നൂതനമായിട്ടുള്ള നിർദ്ദേശങ്ങൾ ആയതുകൊണ്ടു് ഈ രാജ്യത്തെ വളരെ ആളുകളെ ബാധിക്കുന്നതാണു്. അതുകൊണ്ടു് അവ സർക്കുലേറ്റ് ചെയ്യേണ്ടതാണു്. വെറുംപാട്ടം ബില്ലിലും അനേകം തത്വങ്ങൾ ഉൾക്കൊള്ളുന്നുണ്ടു്. ഈ ബില്ലുകൾ എല്ലാം തമ്മിൽത്തന്നെ ബന്ധപ്പെട്ടവയാണു്. എല്ലാം കൂലങ്കഷമായി ചർച്ചചെയ്തു് സകലവിധ വിമർശനങ്ങളും നടത്തി വേണ്ടതരത്തിൽ ഭേദഗതികൾ വരുത്തി നടപ്പിൽ കൊണ്ടുവരേണ്ടതാണു്. ഈ ബില്ലുകളിൽ ആക്ഷേപങ്ങൾ ഇല്ലെന്നു് ഞാൻ പറയുന്നില്ല. പക്ഷെ അവയ്ക്കു് ആവശ്യമായ പരിഹാരവും നാം നോക്കേണ്ടതാണു്. ഈ ബില്ല് ബാധിക്കുന്ന പല ആളുകളും ഉണ്ടു്. അങ്ങനെയുള്ളവർക്കു് അഭിപ്രായം പറയുന്നതിനു് അവസരം നൽകേണ്ടതാണു്. അതിനാണു് സർക്കുലേഷൻ വേണമെന്നു പറയുന്നതു്. അല്ലാതെ ഇതു് നടപ്പാക്കാതിരിക്കുന്നതിനു വേണ്ടിയാണു് ഇതു് സർക്കുലേറ്റ് ചെയ്യണമെന്നു പറയുന്നതെന്നു് ചില സ്നേഹിതന്മാർ പറയുന്നതിനു് എന്തെങ്കിലും മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. ഏതായാലും അങ്ങനെയൊരു ഉദ്ദേശം എനിക്കില്ല. നമ്മുടെ നാട്ടിലെ സ്ഥിതിക്കു് ഒരു വിഭാഗത്തിലെ ആളുകൾക്കുമാത്രം ഗുണം വരത്തക്ക എന്തെങ്കിലും നിയമം നടപ്പാക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇതു് ആരേയെല്ലാം ബാധിക്കുന്നുവോ അവർക്കെല്ലാം ഇതിൽ അഭിപ്രായം പറയുന്നതിനവസരം നൽകണം. അതുകൊണ്ടു് ഈ ബിൽ സർക്കുലേഷനു പോകുന്നതിൽ ആക്ഷേപമില്ല. അതു് അത്യാവശ്യവുമാണു്. ഇതു് ഇങ്ങനെ സർക്കുലേഷനു് അയയ്ക്കുന്നതുകൊണ്ടു് ഭൂമിയില്ലാത്ത ആളുകളെ സഹായിക്കാനല്ല എന്നു പറയരുതു്. കായൽഭൂമികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ആയിരക്കണക്കിനുള്ള ഏക്കർ കൈയ്യടക്കിവച്ചിരിക്കുന്ന ആളുകൾക്കു് എന്നും അതു് അനുഭവിക്കാമെന്നു് ആരും വിചാരിക്കേണ്ട. എസ്റ്റേറ്റും അതുപോലെതന്നെ. ഈ കാര്യങ്ങളെക്കുറിച്ചു് നല്ലപോലെ ആലോചിക്കേണ്ടതാണു്. ഈ ഭൂമികളെല്ലാം കൃഷിചെയ്യുന്നതിനു് സൗകര്യമുള്ള കർഷകർക്കു് കൊടുത്തിട്ടു ഉൽപ്പാദനത്തിനു് കുറവുവരാത്തവിധത്തിൽ നടപടി എടുക്കണമെന്നു വിചാരിക്കുന്നുണ്ടു്. പക്ഷെ അവയെക്കുറിച്ചെല്ലാം നല്ലവണ്ണം ആലോചിക്കണം. ആർക്കും ദോഷം വരാത്തവിധത്തിൽ ചെയ്യേണ്ടതാണു്. ഇന്നത്തെ രീതി വച്ചു നോക്കുകയാണെങ്കിൽ പ്രതിഫലം കൊടുക്കാതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഭരണഘടനയിൽ അങ്ങനെയാണുള്ളതു്. ഏതായാലും രാജ്യത്തിലെ ഭൂരിഭാഗം ആളുകൾക്കും ഗുണംവരത്തക്ക വിധത്തിലുള്ളതും കർഷകർക്കു് ഭൂമികിട്ടത്തക്ക വിധത്തിലുള്ളതുമായ നിയമനിർമ്മാണത്തിന്റെ ആദ്യത്തെ പടിയാണു് ഇതു് എന്നു് എനിക്കു് പറയാൻ കഴിയും. അല്ലാതെ, ഇതു് അങ്ങനെയല്ല എന്നു മിസ്റ്റർ ശങ്കരനാരായണൻ തമ്പി

[ശ്രീ. ഏ. താണുപിള്ള.]

പറയുകയാണെങ്കിൽ എനിക്കു പറയുവാനുള്ളത് അദ്ദേഹത്തിനു കാര്യങ്ങളെക്കുറിച്ച് അറിയാനുള്ള ശക്തി ഇല്ലെന്നാണ്. അതിനാൽ ഇത് സർക്കുലേഷനു അയയ്ക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

The motion that the Travancore-Cochin Verumpattamdars Bill be circulated for eliciting public opinion thereon before the 10th October 1954, was put and carried.

Shri Panampilli Govinda Menon: With respect to the other Bills, the result is the same, if the Government circulate it or Mr. Speaker circulates it. The right of discussion will be there. Let us not violate the rules. It is on the understanding that the other Bills will come up for discussion that some of us did not participate in the discussion on this bill.

Mr. Speaker: We will now adjourn and meet again at 11 A. M. day after tomorrow.

The Assembly adjourned at 4·37 P. M. to meet again at 11 A. M. on Monday the 9th August 1954.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Second Session—1954

Monday, the 9th August 1954.

Vol. XI] OFFICIAL REPORT [No. 23

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 9th August 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ബസ്സുകൾ.

*660. [4] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മന്ത്രിസഭ ചാർജ്ജെടുത്തതിനുശേഷം പുതിയ ബസ്സുകൾ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ആവശ്യത്തിന് ഗവണ്മെന്റ് വാങ്ങിയിട്ടുണ്ടോ, ഓർഡർ കൊടുത്തിട്ടുണ്ടോ;

(ബി) ഏതു കമ്പനിയിൽനിന്നും ആണ് വാങ്ങിയിട്ടുള്ളത്, ഓർഡർ കൊടുത്തിട്ടുള്ളത്;

(സി) ഒരു ബസ്സിന് എന്തു വില ബോഡി പണിതുവരുമ്പോൾ ആകും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ബസ്സ് വാങ്ങിയിട്ടില്ല. (വാങ്ങുന്നതിനു നേരത്തെ ഓർഡർ ചെയ്തിരുന്നതു വരുത്തിയിട്ടുണ്ട്.) ഓർഡർ കൊടുത്തിട്ടില്ല.

(ബി) (സി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈവററ് ബസ്സ് സർവ്വീസ്.

*661. [5] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറവക റോഡുകളിൽക്കൂടി പുതുതായി പ്രൈവററ് ബസ്സ് സർവ്വീസ് നടത്തുന്നതിന് അനുവാദം ഗവണ്മെൻറ് ഇപ്പോൾ കൊടുക്കുന്നുണ്ടോ;

(ബി) കോഴഞ്ചേരി, നാരങ്ങാനം—പത്തനംതിട്ട, തുമ്പമൺ—കോഴഞ്ചേരി എന്നീ റോഡുകളിൽ പ്രൈവററ് ബസ്സ് സർവ്വീസ് അനുവദിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) ഉണ്ട്. പെർമിററുകൊടുക്കാനുള്ള അധികാരം റീജിയനൽ ട്രാൻസ്പോർട്ടു അതോറിട്ടിക്കും, സെൻട്രൽ ട്രാൻസ്പോർട്ടു അതോറിട്ടിക്കും.

(ബി) റീജിയനൽ ട്രാൻസ്പോർട്ടു അതോറിട്ടിയോടു അപേക്ഷിച്ചാൽ അവർ ചെയ്യുന്നതാണ്.

ശ്രീ. എൻ. ജി. ചാക്കോ: മെററൽചെയ്യാത്ത റോഡുകളിൽക്കൂടി ബസ്സുസർവ്വീസുകൾ അനുവദിക്കുന്നില്ലെന്നുള്ളതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഏ. അച്യുതൻ: എക്സിക്യൂട്ടീവ് എൻജിനീയരുടെ അഭിപ്രായം നോക്കി റോഡിൻെറ ഫിററ്നസ് അനുസരിച്ചു തീരുമാനിക്കും.

ശ്രീ. എം. ഏ. ആൻറണി: പ്രൈവററുബസ്സുകൾ നാഷനലൈസ് ചെയ്യുന്ന എന്ന പേരിൽ സെൻട്രൽ ട്രാൻസ്പോർട്ടിംഗ് അതോറിട്ടി പുതിയ റൂട്ടുകൾ അനുവദിക്കേണ്ടെന്നു നിർദ്ദേശം കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ഏ. അച്യുതൻ: കൂടുതൽ റൂട്ടുകൾ എടുക്കണമെന്ന് ഉദ്ദേശമുള്ളതുകൊണ്ട് എക്സ്പെയർ ചെയ്യുന്ന ലൈനിൽ ആലോചിച്ചതിനുശേഷമേ പെർമിററ് കൊടുക്കാവൂ എന്നു തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. എം. ഏ. ആൻറണി: ബസ്സ് റൂട്ടില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾ പരാതിപ്പെട്ടിട്ടും റൂട്ടുകൾ അനുവദിക്കുന്നില്ലെന്നറിയാമോ?

ശ്രീ. ഏ. അച്യുതൻ: ആവശ്യമുള്ളിടത്തൊക്കെ അനുവദിക്കുന്നുണ്ട്. ആവശ്യമല്ലെന്നു തോന്നുന്നിടത്തു അനുവദിക്കാറില്ല.

ശ്രീ. എം. ഏ. ആൻറണി: അങ്ങനെ പൊതുജനങ്ങളുടെ പരാതിയുണ്ടെന്നറിയാമോ?

ശ്രീ. ഏ. അച്യുതൻ: പൊതുജനങ്ങളുടെ ആവശ്യാനുസരണം അനുവദിക്കുന്നില്ലെന്നു പരാതി കിട്ടിയിട്ടില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: പുതിയ ലൈനുകൾ എടുക്കുമ്പോൾ ആ ലൈനുകളിൽ മുമ്പു സർവീസ് നടത്തിക്കൊണ്ടിരുന്ന ജോലിക്കാരെ എടുക്കുന്നതിന് ആലോചിക്കുമോ?

ശ്രീ. എ. അച്യുതൻ: അവരുടെ അപേക്ഷകൾ പരിശോധിക്കുന്നുണ്ട്.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി: ബസ്സുകൾ ഓടാൻ സൗകര്യമില്ലാത്ത റോഡിൽക്കൂടി ബസ്സുകൾ ഓടാൻ അനുവദിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: സൗകര്യമില്ലാത്തിടത്തുകൂടി അനുവദിക്കയില്ല.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി: മുണ്ടൂപ്പള്ളി—ഓണാംപ്പടി റോഡിൽക്കൂടി സർവീസു നടത്തുന്നതു നല്ലതാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിലേ ഒരു സർവീസ് നടക്കുന്നുണ്ട്.

വിദ്യുച്ഛക്തി ദേശീകരണം.

* 662. [9] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തിലൈസൻസികൾ മുഖാന്തിരം ചില സ്ഥലങ്ങളിൽ വിതരണം നടത്തുന്ന സമ്പ്രദായം അവസാനിപ്പിച്ച്, വിതരണം മുഴുവൻ സ്റ്റേററിൻെറ ചുമതലയിലാക്കാനുള്ള ഒരു പദ്ധതി ഗവണ്മെൻറിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്നത്തേയ്ക്ക് എറണാകുളം ടൗണിലെ ശക്തി വിതരണം സ്റ്റേററിൻെറ ചുമതലയിലാക്കാൻ ഉദ്ദേശിക്കുന്നു;

(സി) എന്തു റേറവച്ചാണ് ഗവണ്മെൻറിൽനിന്നും എറണാകുളം ലൈസൻസിക്ക് ശക്തി വിതരണം നടത്തുന്നത്;

(ഡി) എറണാകുളം ലൈസൻസി പൊതുജനങ്ങളിൽനിന്ന് എന്തു റേറവച്ചാണ് ഈടാക്കുന്നത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) ഇതിനാവശ്യമായ ഇലക്ട്രിസിററി അക്വിസിഷൻ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയതിനുശേഷം എറണാകുളം ടൗണിൽ ശക്തിവിതരണം സ്റ്റേററിൻെറ ചുമതലയിൽ ആക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

(സി) പള്ളിവാസൽ വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനുള്ള നിബന്ധനകൾ അടങ്ങിയിരിക്കുന്ന ടാറിഫ് പുസ്തകം മൂന്നാംഭാഗം മൂന്നാം ഉപവകുപ്പ് ഒന്നാംഉപവകുപ്പിൽ പറയുന്ന നിരക്കനുസരിച്ചാണ് ഗവണ്മെൻറിൽനിന്നും എറണാകുളം ലൈസൻസിക്ക് ശക്തിവിതരണം നടത്തുന്നത്.

(ഡി) ഇലക്ട്രിക്കൽ[illegible] പൊതുജനങ്ങളിൽനിന്നും ഈടാക്കുന്ന [illegible] എറണാകുളം ലൈസൻസിയും പൊതുജനങ്ങളിൽനിന്നും ഈടാക്കുന്നു

ശ്രീ. പ്രാക്കുളം ഭാസി: രണ്ടാമത് ഒരു ബിൽ അവതരിപ്പിക്കാതെ നാഗർകോവിലിലെ ഏജൻസി ഏറ്റെടുത്തതറിയാമോ?

ശ്രീ. എ. അച്ചുതൻ: അതെങ്ങനെയാണ് ഏറ്റെടുത്തതെന്നുള്ള വിവരം പ്രത്യേകം ഒരു ചോദ്യം അയച്ചാലെ പറയാൻ കഴിയൂ.

ശ്രീ. പ്രാക്കുളം ഭാസി: നാഗർകോവിൽ സപ്ലൈ ലൈൻ ദേശീകരിച്ചിട്ടില്ലേ?

ശ്രീ. എ. അച്ചുതൻ: ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. അത് ഏതു വ്യവസ്ഥയിലാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: ആ വ്യവസ്ഥയിൽ ഈ എറണാകുളം ലൈൻകൂടി എടുത്തുകൂടെ?

ശ്രീ. എ. അച്ചുതൻ: കയ്യിലുള്ള വിവരംകൊണ്ട് കാണുന്നത് ബില്ല് വേണമെന്നാണ്.

ശ്രീ. പ്രാക്കുളം ഭാസി: ബില്ല് എന്നാണ് അവതരിപ്പിക്കാനുദ്ദേശിക്കുന്നതെന്നു പറയാമോ?

ശ്രീ. എ. അച്ചുതൻ: കഴിയുന്നതും വേഗം.

Ex-servicemen's Co-operative Societies.

※663. [10] **Shri Prakkulam Bhasi**: Will the Minister for Local Self Government be pleased to state:

(*a*) whether any loan from the S. P. W. R. Fund was given to a workshop conducted by an ex-servicemen's Co-operative Society at Kottayam;

(*b*) if so, whether the said Co-operative Society is still functioning;

(*c*) whether any complaint has been received; and

(*d*) if so, the nature of the action taken?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) Yes.

(*b*) No.

(*c*) Yes.

(*d*) The complaint was from the owners of the building used by the Society demanding arrears of rent, etc., due to them. Government have directed the District Collector, Kottayam to pay up the arrears of rent due to the petitioners by the distraint assets of the society.

ശ്രീ. പ്രാക്കുളം ഭാസി: എസ്. പി. ഡബ്ലിയു. ആർ. ഫണ്ട് എക്സ് സർവീസുകാരുടെ ശമ്പളത്തിൽനിന്നും പിടിച്ച തുകയല്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു തീർത്തുപറയുവാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: അതുംകൂടി ഇതിനകത്തു ഉൾപ്പെടുന്നില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: ഫണ്ടിനകത്തു കോൺട്രിബ്യൂഷനും ഉൾപ്പെടും.

ശ്രീ. പ്രാക്കുളം ഭാസി: കോട്ടയം കോവാപ്പറേറ്റീവ് സൊസൈറ്റിയിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ലക്ഷം രൂപ കൊടുത്തതിൽ 75,144 രൂ. 14 ണ. 9 പ. റിയലൈസ് ചെയ്തു.

ശ്രീ. പ്രാക്കുളം ഭാസി: ഈ തുകയ്ക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: എസ്സ്. പി. ഡബ്ല്യു. ആർ ഫണ്ട് സെക്രട്ടറിയാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഏതു വർഷത്തിലാണ് ഇതിന്റെ പ്രവർത്തനം അവസാനിച്ചതു്?

ശ്രീ. പി. എസ്സ് നടരാജപിള്ള: 1950-ൽ പ്രവർത്തനം നടക്കുന്നില്ലെന്നു കണ്ടു് മേൽ നടപടികൾ എടുക്കുന്നതിനു് ഗവണ്മെന്റ് ഉപായാവായി.

ശ്രീ. പ്രാക്കുളം ഭാസി: നാലുകൊല്ലം കൊണ്ടു് 25,000 രൂപ പിരിച്ചെടുക്കാൻ സാധിച്ചില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: കുറെ അസററ് ഉണ്ടു്. അതു പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല.

തോട്ടം തൊഴിലാളികൾക്കു് വൈദ്യസഹായം.

* 664. [11] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ തോട്ടങ്ങളിൽ ജോലിചെയ്യുന്ന അനേകായിരം തൊഴിലാളികൾക്കു് ശരിയായ വൈദ്യസഹായം ലഭിക്കുന്നതിനു് ഗവണ്മെന്റ് എന്തു നടപടികൾ എടുത്തിട്ടുണ്ടു്;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാം;

(സി) ഇല്ലെങ്കിൽ ഉടനടി വേണ്ട നടപടികൾ എടുക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) എല്ലാ തൊഴിലാളികൾക്കും വേണ്ട വൈദ്യസഹായം കിട്ടുന്നതിനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ടു്.

(ബി) തോട്ടം ഉടമകൾക്കു് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്. അതനുസരിച്ചു് അവർ ചെയ്യുന്നുണ്ടോ എന്നു് അന്വേഷിക്കുന്നുമുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: തോട്ടം ഉടമകൾ ഇതു ചെയ്യുന്നുണ്ടോ എന്നു അന്വേഷിക്കുന്നതു ആരാണു്?

ശ്രീ. പി. കെ. കുഞ്ഞു്: ലേബർ ആഫീസറന്മാർ.

ശ്രീ. പ്രാക്കുളം ഭാസി: ഈ ആഫീസറന്മാർ ഇതിനെപ്പററി അന്വേഷിക്കുന്നില്ലെന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : അവരുടെ അതിർത്തിക്കുള്ള കാര്യം അന്വേഷിക്കേണ്ട ചുമതല അവർക്കുണ്ടു്. അതനുസരിച്ചു് അവർ അന്വേഷിക്കും.

പ്രൈവററ ബസ്സുകളിലെ ചാർജ്ജു്.

※ 665. [12] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെപറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ പ്രൈവററ ബസ്സുകളിലെ ചാർജ്ജു് പല സ്ഥലങ്ങളിലും സ്റ്റേററു് ട്രാൻസ്പോർട്ടു ബസ്സുകളെക്കാൾ വളരെ കൂടുതലാ ണെന്നു ഗവണ്മെൻറിനറിവുണ്ടോ ;

(ബി) ബസ്സു് സർവ്വീസുകളുടെ ചാർജ്ജുകൾ ഏകീകരിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിൽ നിയമതടസ്സമുണ്ടോ ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുവാൻ ഗവണ്മെൻറ ശ്രദ്ധിക്കുമോ ?

മി. സ്പീക്കർ : ഈ ചോദ്യത്തിനു മുൻപു് ഉത്തരം നൽകിയിട്ടുള്ളതാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ബി.ക്കും സി.ക്കും ഉള്ള ഉത്തരങ്ങൾ കിട്ടിയിട്ടില്ല.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(ബി) നിയമതടസ്സമില്ല.

(സി) സ്റ്റേററ ട്രാൻസ്പോർട്ടു ചാർജ്ജും പ്രൈവററ ട്രാൻസ്പോർട്ടു ചാർജ്ജും ഏകീകരിക്കുന്നതിൽ ഗവണ്മെൻറ താല്പര്യപ്പെടുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : പൊതുജനങ്ങൾക്കു് ദോഷകരമായ ചാർജ്ജു കുറയ്ക്കുന്നതിനു് ആലോചിക്കാത്തതു് എന്തുകൊണ്ടാണെന്നു പറയാമോ ?

ശ്രീ. എ. അച്യുതൻ : ഇപ്പോൾ ആലോചിക്കുന്നില്ല. അതിനു കാരണങ്ങൾ പലതും കാണും.

ശ്രീ. സി. കെ വിശ്വനാഥൻ : പ്രൈവററ ബസ്സുകൾക്കു് ട്രാൻസ്പോർട്ടു ബസ്സുകളെക്കാൾ കൂടുതൽ എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജു് ആകുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ : അവരുടെ എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജു എന്തൊക്കെയാണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. കട്ടപ്പൻ കോയിക്കൽ : ടാക്സു് കൂട്ടിയിട്ടുള്ളതുകൊണ്ടല്ലേ യാത്രക്കൂലി വർദ്ധിച്ചിരിക്കുന്നതു് ?

ശ്രീ. എ. അച്യുതൻ : അതും ഒരു കാരണമാകാം.

ശ്രീ. കട്ടപ്പൻ കോയിക്കൽ : അങ്ങിനെയാണെങ്കിൽ ടാക്സു് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ: ടാക്സ് വളരെ കൂടുതലല്ല. അതുകൊണ്ട് കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എം. ചാണ്ടി: പ്രൈവറ്റ ഉടമകൾ നടത്തുന്ന ബസ്സ് സർവീസുകളുടെമേൽ ഇന്നൊരു നിരക്കുസീലിംഗ് വച്ചിട്ടുള്ളതിനപുറമേ എന്തെങ്കിലും നിയന്ത്രണം ഉണ്ടോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ നിയന്ത്രണമൊന്നുമില്ല.

ശ്രീ. കെ. എം. ചാണ്ടി: എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: നിയന്ത്രണം ഏർപ്പെടുത്തണമെങ്കിൽ അതിനു തക്കതായ നിയമങ്ങൾ വേണം.

ശ്രീ. കെ. എം. ചാണ്ടി: ഇപ്പോൾ ഗവണ്മെന്റ വച്ചിരിക്കുന്ന സീലിംഗിനകത്തു പാർട്ടികൾ ഏർപ്പെടുത്തി നിരക്ക് (Circumvent) സർക്കംവെന്റ ചെയ്യുന്നതായി ഗവണ്മെന്റ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. സി. എ. മാത്യു: മോട്ടാർവാഹനങ്ങളുടെ ടാക്സ് ഇവിടെ വളരെ കൂടുതലല്ലെന്നു മന്ത്രി പറയുകയുണ്ടായി.

Mr. Speaker:- That is entirely a different question. Disallowed.

വേമ്പനാടൻ സ്കീം.

*666. [13] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെന്റിൽ നിന്നും ആരംഭിക്കുവാൻ പോകുന്ന വേമ്പനാടൻ സ്കീമിനെക്കുറിച്ചുള്ള അവസാന തീരുമാനം എന്താണ്;

(ബി) ഈ പദ്ധതിയുടെ ചുരുക്കം വ്യക്തമാക്കുമോ;

(സി) മൊത്തത്തിൽ എത്ര സംഖ്യ ചെലവുവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

(ഡി) എന്നത്തേയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കും?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഇപ്പോൾ "കുട്ടനാട് ഡവലപ്പുമെന്റപദ്ധതി" എന്നറിയപ്പെടുന്ന വേമ്പനാടൻ സ്കീമിൽ, (1) ആലപ്പുഴ—ചങ്ങനാശ്ശേരി റോഡ്, (2) തോട്ടപ്പള്ളി സ്പിൽവേ, (3) തണ്ണീർമുക്കം ചിറ എന്നിങ്ങനെ മൂന്നു പണികൾ ഉൾപ്പെടുന്നു. ഇവയിൽ ആദ്യത്തേതു രണ്ടും തുടങ്ങിക്കഴിഞ്ഞു. തണ്ണീർമുക്കം ചിറപ്പണിയും തുടങ്ങാൻതന്നെയാണ് ഇപ്പോഴത്തെ തീരുമാനം.

(ബി) ഈ പദ്ധതികൊണ്ട് കുട്ടനാട്ടിലെ വേലിയേറ്റം വേലിയിറക്കം ഇവയെ തടയുന്നതിനും ഉപ്പുവെള്ളം കയറാതിരിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 43,58,000 രൂപ.

(ഡി) 1955 ജനവരിയിൽ തുടങ്ങി 1957 മാർച്ചുമാസത്തിൽ പ്രവർത്തനം അവസാനിപ്പിക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇതു് പഞ്ചവത്സരപദ്ധതിയുടെ ഒരു ഭാഗമായിട്ടാണോ ആരംഭിച്ചിട്ടുള്ളതു്?

ശ്രീ. പി. എസ്സു്. നടരാജപിള്ള: അതെ.

ശ്രീ. സി. കെ. വിശ്വനാഥൻ: ഈ പഞ്ചവത്സരപദ്ധതി തുടങ്ങിയിട്ടു് എത്ര വർഷമായി?

ശ്രീ. പി. എസ്സു്. നടരാജപിള്ള: പഞ്ചവത്സരപദ്ധതിയുടെ ഡവലപ്പുമെൻറ സ്കീമായിട്ടാണു് ഇതിനെ കണക്കാക്കുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ: പഞ്ചവത്സരപദ്ധതിയുടെ ഇനി ശേഷിക്കുന്ന വർഷത്തിനകത്തിൽ ഇതും തീരുമെന്നു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എസ്സു്. നടരാജപിള്ള: അങ്ങിനെ ഒരു ഉദ്ദേശം ഉണ്ടു്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ആലപ്പുഴ—ചങ്ങനാശ്ശേരി റോഡിൻറ പണി തുടങ്ങിയിട്ടുണ്ടോ?

ശ്രീ. പി. എസ്സു്. നടരാജപിള്ള: ഉണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: കേന്ദ്രഗവണ്മെൻറിൽനിന്നും ഇതിലേയ്ക്കു് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ?

ശ്രീ. പി. എസ്സു്. നടരാജപിള്ള: പ്രത്യേകം ഇതിലേയ്ക്കെന്നു പറഞ്ഞു് സഹായം ലഭിക്കുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ: ഇതിനു പുറമേ അവിടെ കാളനികളും ഉണ്ടോ?

ശ്രീ. പി. എസ്സു്. നടരാജപിള്ള: റോഡു തുടങ്ങിയിട്ടുണ്ടു്, അതോടുകൂടി കാളനികളും ഉണ്ടാക്കാമോ എന്നു് ആലോചിക്കേണ്ടതാണു്.

ശ്രീമതി കെ. ആർ. ഗൗരി: തണ്ണീർമുക്കം ചിറയ്ക്കു് മണ്ണെടുക്കുമ്പോൾ അവിടെയുള്ള വളരെയധികം കുടികൾ നഷ്ടപ്പെട്ടുപോകുമെന്നു് മെമ്മോറാണ്ഡം കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്സു്. നടരാജപിള്ള: അതിനു നോട്ടീസു വേണം.

ശ്രീ. കട്ടപ്പൻ കോയിക്കൽ: തോട്ടപ്പള്ളി സ്പിൽവേ എന്നു തീരുമെന്നു പറയാമോ?

ശ്രീ. പി. എസ്സു്. നടരാജപിള്ള: അതിൻെറ വിവരം എൻെറ കയ്യിലില്ല.

ശ്രീ. എ. ജെ. ജോൺ: തണ്ണീർമുക്കം ബണ്ടു് ഉടനെ പണി ആരംഭിക്കണമെന്നു് ഉദ്ദേശിക്കുന്നുണ്ടോ?

Shri P. S. Nataraja Pillai : The matter rests on further investigation. The matter is under correspondence with the Government on some points. The Harbour authorities too have to be consulted and they have supplied us some information. All these require consideration and investigation is in progress.

ശ്രീ. എ. ജെ. ജാൺ : അതു് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി വന്നാലുടനെതന്നെ പണി ആരംഭിക്കണമെന്നാണോ ഗവണ്മെൻറിൻെറ ഉദ്ദേശം ?

Shri P. S. Nataraja Pillai : As at present advised, we think of starting the work.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ചങ്ങനാശ്ശേരി മാർക്കെററ് ലാൻറിംഗും, ആലപ്പുഴ—ചങ്ങനാശ്ശേരി റോഡും ഈ വികസന പദ്ധതികളിൽപ്പെടുന്നല്ലേ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതു് നോക്കിയേ പറയാനൊക്കുകയുള്ളു.

പൊതുമരാമത്തുവകുപ്പിലെ നിയമനം.

* 667. [15] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻജിനീയറിംഗ് ഡിഗ്രിക്കാരെയും ഡിപ്ലോമാക്കാരെയും, S. M. T. ക്കാരെയും പൊതുമരാമത്തുവകുപ്പിൽ നിയമിക്കുന്നതു സംബന്ധിച്ച് ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുണ്ടായിരുന്ന മുൻപത്തെ കോൺഗ്രസ്സ് മന്ത്രിസഭ 5: 3: 2 എന്ന ഒരു ആനുപാതിക വ്യവസ്ഥ അംഗീകരിച്ചിരുന്നോ ;

(ബി) ഈ ആനുപാതികക്രമം 7: 2: 1 എന്നു ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ന് ;

(ഡി) ഇതനുസരിച്ച് എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) അംഗീകരിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) 3–10–1953-ലെ പി. ഡബ്ലിയു. ഡി. 9200-ാം നമ്പർ ഉത്തരവിൻ പ്രകാരം,

(ഡി) 10 സൂപ്പർവൈസറന്മാർ മാത്രം.

ശ്രീ. സി. കെ. സദാശിവൻ : ഈ ആനുപാതികക്രമം മാററാൻ കാരണമെന്താണ് ?

ശ്രീ. എ. അച്യുതൻ : അതു് ഡിഗ്രി എടുത്തിട്ടുള്ള ആളുകൾ ധാരാളം ഈ സംസ്ഥാനത്തു് ഉള്ളതുകൊണ്ട് അവർക്ക് പ്രോത്സാഹനം കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം.

ലേബർ ഡിപ്പാർട്ടുമെൻറ്.

✻ 668. [16] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേബർ ഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ആരംഭിച്ചിട്ടുണ്ടെങ്കിൽ എന്തെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) മേജർ ഡിപ്പാർട്ടുമെൻറാക്കുന്നതിനുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

ശ്രീ. പി. ഗോപാലൻ : നടപടികൾ എന്തെല്ലാമാണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. പി. കെ. കുഞ്ഞ് : മേജർ ഡിപ്പാർട്ടുമെൻറിനും മൈനർ ഡിപ്പാർട്ടുമെൻറിനും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഒരു ഫസ്റ്റ ഗ്രേഡ് ആഫീസറെ ഡിപ്പാർട്ടുമെൻറ് ഹെഡ് ആയിട്ടു നിയമിച്ചുകഴിഞ്ഞാൽ ഒരു മേജർ ഡിപ്പാർട്ടുമെൻറായി. അതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : പിന്നെ എന്തു നടപടിയാണു നടത്തിയതെന്നു പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞ് : മേജർ ഡിപ്പാർട്ടുമെൻറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ : ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടിക്കൊടുത്താൽ മേജർ ഡിപ്പാർട്ടുമെൻറാകുമോ ?

ശ്രീ. പി. കെ. കുഞ്ഞ് : ഒരു ഡിപ്പാർട്ടുമെൻറ് മേജർ ഡിപ്പാർട്ടുമെൻറാകുമ്പോൾ അതിൻെറ ഹെഡ് ഒരു ഫസ്റ്റഗ്രേഡ് ആഫീസറായിരിക്കണമെന്നുണ്ട്.

ബസ്സ് റൂട്ടുകളും ഗാരേജുകളും.

✻ 669. [17] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55-ൽ എതെല്ലാം ബസ്സ് റൂട്ടുകളാണ് ട്രാൻസ്പോർട്ട് സർവ്വീസ് തുടങ്ങാനുദ്ദേശിക്കുന്നതെന്നും എവിടെയെല്ലാം ഗാരേജുകൾ പണിയാനുദ്ദേശിക്കുന്നതെന്നും പറയുമോ;

(ബി) കായംകുളത്ത് ഒരു ഗാരേജു പണിയാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുവേണ്ട സ്ഥലം എടുത്തു കഴിഞ്ഞിട്ടുണ്ടോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) എറണാകുളം ടൗൺ സർവ്വീസ് ദേശീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ചൊവ്വരെ പതിയത്തായി ഒരു ഗാരേജ് പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല. സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കട്ടപ്പൻ കോയിക്കൽ: കായംകുളത്തുള്ള ഒരു ഗാരേജ് പണിയുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഒരു ഗാരേജു പണിയാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനു സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കട്ടപ്പൻ കോയിക്കൽ: അതെത്രകാലംകൊണ്ട് പൂർത്തിയാകുമെന്ന് പറയാമോ?

ശ്രീ. എ. അച്യുതൻ: അതിനാവശ്യമുള്ള സമയം വേണം. എത്രകാലമെന്നു ക്ലിപ്തമായി പറയാൻ സാദ്ധ്യമല്ല.

ശ്രീ. കട്ടപ്പൻ കോയിക്കൽ: ഇപ്പോഴും സ്ഥലം എടുക്കുന്നതിനു നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണോ?

ശ്രീ. എ. അച്യുതൻ: അതെ.

ശ്രീ. കട്ടപ്പൻ കോയിക്കൽ: അതെത്രകാലംകൊണ്ട് പൂർത്തിയാകും.

ശ്രീ എ. അച്യുതൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. ചെറിയാൻ: ഗാരേജുകൾ പണിയാത്തതുകൊണ്ടു ബസ്സുകൾ നശിച്ചുപോകുന്നതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: അറിവില്ല.

ശ്രീ. എം. വി. ചെറിയാൻ: ഗാരേജില്ലാത്തതുകൊണ്ടാണ് മൂവാററുപുഴ ഒരു ബസ്സു കത്തിയതെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ബാലൻ: ആലുവാ—എറണാകുളം ലൈനിൽ ഒരു ഗാരേജിനു സ്ഥലം എടുത്തിട്ട് എത്ര കൊല്ലമായി എന്നറിയാമോ?

Mr. Speaker: The Member will put a separate question and get the answer thereof.

ശ്രീ. കെ. എ. ബാലൻ: ആലുവാ—എറണാകുളം ലൈൻ ദേശീകരിക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിപ്പോൾ ആലോചനയിലില്ല.

ഫിലിം പ്രദർശനം.

*670. [18] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മേയ്മാസം 30-ാംതീയതി നൂറനാട്ട് ലപ്പറസിസാനിട്ടോറിയത്തിൽ ഒരു ഫിലിം പ്രദർശനം നടത്തിയോ;

(ബി) നടത്തിയെങ്കിൽ സാനിട്ടോറിയം സൂപ്രണ്ട് ആവശ്യപ്പെട്ടതനുസരിച്ചാണോ;

(സി) ഏതു ഡിപ്പാർട്ടുമെൻറിൽനിന്ന് ആരാണ് ഫിലിം പ്രദർശനം നടത്തിയതെന്നും, എന്തെല്ലാം ഫിലിമുകളായിരുന്നുവെന്നും പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) നടത്തി.

(ബി) കത്തോലിക്കരുടെ വിശേഷദിവസമായതിനാൽ അവർ ആവശ്യപ്പെട്ടതനുസരിച്ചാണ്.

(സി) റിസർച്ച് ഡിപ്പാർട്ടുമെൻറിൽ നിന്നും നോർവീജിയൻ ഫൗണ്ടേഷൻ അധികാരികളുടെ സഹകരണത്തോടുകൂടി ചമ്പക്കുളം വള്ളംകളി, ആറന്മുള വള്ളംകളി, ഫാത്തിമാ മാതാവിൻെറ സ്വീകരണഘോഷയാത്ര മുതലായ ഫിലിമുകളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഒരു പ്രത്യേക മതക്കാർക്കുമാത്രം അങ്ങനെ ഒരു ഫിലിം പ്രദർശനത്തിന് അനുവാദം നൽകുന്നത് ശരിയാണോ?

ശ്രീ. പി. കെ. കുഞ്ഞ്: ഒരു പ്രത്യേക മതവിഭാഗക്കാർക്കുവേണ്ടിയല്ല അനുവാദം നൽകിയത്. വളരെ നാളുകളായി ആശുപത്രിയിൽ കഴിഞ്ഞുകൂടുന്നവർക്ക് വിശേഷദിവസം ആനന്ദകരമായി കഴിഞ്ഞുകൂടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അങ്ങനെ അനുവദിച്ചിട്ടുള്ളത്.

കുടിപാർപ്പുകാർ.

*671. [20] ഡാക്ടർ പി. കെ. സുകുമാരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുള്ള കുടിപാർപ്പുകാർ എത്രയുണ്ട്;

(ബി) ഇനിയും രജിസ്റ്റർ ചെയ്യാനുള്ളവർക്ക് അതിനുള്ള സന്ദർഭം നൽകുവാൻ ആവശ്യമായ എന്തെങ്കിലും നടപടി കൈക്കൊള്ളുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 31,610.

(ബി) ഈ സംഗതി ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ഡാക്ടർ പി. കെ. സുകുമാരൻ: ഗവണ്മെന്റ് ഒരു തീരുമാനം എടുക്കാത്തതുകൊണ്ട് ഇന്നു കുടിയിറക്കൽ നടന്നുകൊണ്ടിരിക്കുകയാണെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധിക്കകം രജിസ്റ്റർ ചെയ്യാത്തവരെയായിരിക്കാം അങ്ങനെ ചെയ്യുന്നത്. അതിനു ഇനിയും സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ നിയമസഭയുടെ പരിഗണനയിൽ ഇരിക്കുകയാണ്.

ഡാക്ടർ പി. കെ. സുകുമാരൻ: ഈ വ്യവസ്ഥകൾ കുറച്ചുകൂടി ലഘൂകരിച്ചു കൊടുത്താൽ രജിസ്റ്റർ ചെയ്യുന്നതിനു കൂടുതൽ സൗകര്യമായിരിക്കും. അതിന്റെ സാങ്കേതിക വൈഷമ്യങ്ങൾ കുറച്ചുകൂടി ലഘൂകരിക്കുന്നതിനു ഭയവുണ്ടാകുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സാങ്കേതികവൈഷമ്യങ്ങൾ ഉള്ളതായി എനിക്കു മനസ്സിലായിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകൾ പകുതിക്കച്ചേരിയിൽനിന്നും താലൂക്കുകച്ചേരിയിൽ ചെന്നിട്ടുണ്ടോയെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങനെയാണ സാർ നടപടി.

ശ്രീ. കുട്ടപ്പൻ മേക്കായിക്കൽ: വസ്തുഉടമകൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനെ തടസ്സപ്പെടുത്തുന്നതായി അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അറിവില്ല.

ശ്രീമതി കെ. ആർ. ഗൗരി: രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകൾ വസ്തുഉടമകൾ സ്വാധീനം ചെലുത്തുന്നതുമൂലം താലൂക്കുകച്ചേരിയിൽ ചെല്ലാതെ കിടക്കുന്നതായി അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങനെ പരാതികൾ ഒന്നും ഗവണ്മെന്റിനു വന്നിട്ടില്ല.

Medical aid to prisoners in Central Jail.

*672. [24] Shri P. Bhaskaran Nair: Will the Minister for Public Health and Medicine be pleased to state:

(a) is it a fact that prisoners in Central Jail, Trivandrum, are not given proper medical treatment due to lack of funds; and

(b) is it a fact that prisoners are constrained to get money from outside to get the necessary medicines?

Chief Minister (Shri A. Thanu Pillai): (a) No.

(b) No.

സ്പെഷ്യൽ സർഫസിങ്ങ് നടത്തിയിട്ടുള്ള റോഡുകൾ.

✱ 673. [25] ശ്രീ. എൻ. നീലകണ്ഠരുപണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ സ്പെഷ്യൽ സർഫസിങ്ങ് നടത്തിയിട്ടുള്ള റോഡുകളുടെ ആകെ എണ്ണമെത്ര; ദൈർഘ്യമെത്ര;

(ബി) അവയിൽ കാൺക്രീററുറോഡ് എത്ര മൈൽ, കോംക്രീററ ചെയ്തത് എത്ര മൈൽ;

(സി) സ്പെഷ്യൽ സർഫസിങ്ങിനു റോഡുകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) ഏററവും കൂടുതൽ സവ്വീസ്ബസ്സുകൾ ഓടുന്ന റോഡുകൾ, മുമ്പേ മുമ്പേ സ്പെഷ്യൽ സർഫസിങ്ങ് നടത്തുന്നതിന് ഗവണ്മെൻറ് ശ്രദ്ധിക്കുമോ;

(ഇ) നെടുമങ്ങാട്-വെമ്പായം റോഡ്, വെഞ്ഞാറമൂട്-ആററിങ്ങൽറോഡും വളരെയധികം സവ്വീസ്ബസ്സുകളോടുന്നവയാകയാൽ ഉടനടി സ്പെഷ്യൽ സർഫസിങ്ങ് നടത്തുന്നതിന് ഗവണ്മെൻറ ശ്രദ്ധിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) റോഡുകളുടെ എണ്ണം എത്രയുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ആകെ 640 മൈൽ സ്പെഷ്യൽ സർഫസിങ്ങ് നടത്തിയിട്ടുണ്ട്.

(ബി) കാൺക്രീററ 95 മൈൽ, കോംക്രീററ് 2 മൈൽ.

(സി) വാഹനഗതാഗതത്തിൻെറ സാന്ദ്രതയും ആധിക്യവും അനുസരിച്ച്.

(ഡി) ശ്രദ്ധിക്കാം.

(ഇ) ഉടനടി ടാർചെയ്യത്തക്കവണ്ണം വാഹനഗതാഗതം ഈ റോഡുകളിലില്ല.

ശ്രീ. എം. വി. ചെറിയാൻ: മഴ കൂടുതലുള്ള റോഡുകൾ ഇതിനൊരു മാനദണ്ഡമായി കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇല്ല.

ശ്രീ. എം. എ. ആൻറണി: ഈ സാമ്പത്തികവഷത്തിൽ എത്ര മൈൽ റോഡ് കാൺക്രീററചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഈ സാമ്പത്തികവഷത്തിൽ 250 മൈലോളം കാൺക്രീററ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതായി നേരത്തെ പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. ഭാസ്കരൻനായർ: ഈ സാമ്പത്തികവഷത്തിൽ കാൺക്രീററുറോഡുകൾ തുടങ്ങുന്ന അവസരത്തിൽ മുനിസിപ്പൽ ലിമിററ്സിനകത്തുള്ള റോഡുകൾ എടുക്കുന്നതിനു ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. എ. അച്യുതൻ: ആലോചിക്കാം.

പി. ഡബ്ലിയു. ഡി. വർക്ക്സ് കമ്മിററി.

* 674. [26] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറ് പുതുതായി സംഘടിപ്പിച്ചിട്ടുള്ള പി. ഡബ്ലിയു. ഡി. വർക്ക്സ് കമ്മിററികളിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണു്;

(ബി) പ്രസ്തുത കമ്മിററികളിൽ നാമനേററം ചെയ്യപ്പെട്ട അംഗങ്ങളും *Ex officio* അംഗങ്ങളുംകൂടി ചേർന്നാൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളേക്കാൾ പ്രാബല്യം സിദ്ധിക്കുന്നുണ്ടോ;

(സി) ഈ കമ്മിററികളെ രാഷ്ട്രീയപ്രശ്നമാക്കാതെ ജനാധിപത്യപരമായി രൂപീകരിക്കാൻവേണ്ടി നാമനേററം ചെയ്യുന്ന സമ്പ്രദായം നിറുത്തൽ ചെയ്യുമോ;

(ഡി) പ്രാദേശികമായ ആവശ്യങ്ങളുടെ പൂർണ്ണജ്ഞാനം കമ്മിററികൾക്കു ലഭ്യമാകുന്നതിനും, കമ്മിററികളെ കൂടുതൽ ജനാധിപത്യപരമാക്കുന്നതിനുംവേണ്ടി ഒരോ സബ്ഡിവിഷൻ അതിർത്തികളിലുമുള്ള പഞ്ചായത്തുപ്രസിഡൻറുമാരെക്കൂടി ഈ കമ്മിററികളിൽ അംഗങ്ങളാക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): ഇതിനു മുമ്പു ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ബി മുതലുള്ളതിനു ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. എ. അച്യുതൻ: (ബി) ഏതാനും ചില സബ്ഡിവിഷൻ കമ്മിററികളിൽ അപ്രകാരം ഇരിക്കുന്നതായി അറിവുണ്ടു്.

(സി—ഡി) ഈ കാര്യത്തെപ്പററി ഗവണ്മെൻറു് ആലോചിക്കാം.

അലവൻസുകൾ.

* 675. [27] ശ്രീ. പി. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളിലെ ഉദ്യോഗസ്ഥന്മാരുടെ അലവൻസുകളിൽ ഏതെങ്കിലും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കുറവുവരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

Travancore Co-operative College.

*676. [28] **Shri P. Viswambharan**: Will the Minister for Local Self Government be pleased to state:

(a) whether the Government have received any representation on behalf of the Travancore Co-operative College in respect of recognition of the Diploma awarded by the College as the minimum qualification for recruitment as officers in the Inspectors' grade in the Co-operative and Allied Departments; and

(b) whether the Government intend stopping the practice of deputing officers of the Co-operative Department for training in the Poona Co-operative College?

Minister for Local Self Government (**Shri P. K. Kunju**):
(a) A representation has been received.

(b) No.

ശ്രീ. പി. വിശ്വംഭരൻ: ആ റെപ്രസെന്റേഷനെ സംബന്ധിച്ചു ഗവണ്മെന്റ് എന്തു നടപടികൾ എടുത്തിട്ടുണ്ട്?

ശ്രീ. പി. കെ. കുഞ്ഞു്: അതേ സംബന്ധിച്ചു് കേന്ദ്രഗവണ്മെന്റുമായി ആലോചന നടത്തിയതിൽ സാദ്ധ്യമല്ല എന്നുള്ള മറുപടി ലഭിച്ചിട്ടുണ്ടു്

ശ്രീ. പി. വിശ്വംഭരൻ: ഇവിടത്തെ കോഓപ്പറേറ്റീവു് ഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നതിനു കോഓപ്പറേറ്റീവു് കാളേജിലെ ഡിപ്ലോമാ പാസ്സായാൽ മതിയെന്നും അതു് അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ടു്.

ശ്രീ. പി. വിശ്വംഭരൻ: ഈ ഡിപ്ലോമാ പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ചതാണോ?

ശ്രീ. പി. കെ. കുഞ്ഞു്: അതിനു നോട്ടീസു വേണം.

ശ്രീ. പി. വിശ്വംഭരൻ: ഇവിടെ നിന്നും ധാരാളംപേരെ പൂനാ കാളേജിൽ അയച്ചു ട്രെയിൻചെയ്യിച്ചു് വരുന്നില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ കാളേജിനു് അംഗീകാരം നൽകാൻ സാദ്ധ്യമല്ലെന്നും പൂനായിൽ അയയ്ക്കുന്ന ആളുകൾക്കു് പരിശീലനം നൽകാനുള്ള സൗകര്യം ഇൻഡ്യാഗവണ്മെന്റു നൽകാമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. എം. ഭാസ്കരൻനായർ: അവിടത്തെ കരിക്കുലവും ഇവിടത്തെ കാളേജിലെ കരിക്കുലവും ഒന്നാണെന്നു ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഹയർ ഓഫീസറന്മാരെ ട്രെയിൻ ചെയ്യിക്കുന്നതു് പൂനാ കാളേജിൽ വേണമെന്നാണു നിർദ്ദേശം.

ഫാക്ടറീസ് ആക്ട്.

*677. [29] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഫാക്ടറീസ് ആക്ട് നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) റെയിൽവേ ഡിപ്പാർട്ടുമെന്റിൽ ഫാക്ടറീസ് ആക്ട് നിലവിലുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഇല്ല.

(ബി) വിശേഷിച്ച് കാര്യമൊന്നും പറയാനില്ല. ആവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഉടനെ തീരുമാനം എടുക്കുന്നതും ആണ്.

(സി) അന്വേഷിച്ചു പറയാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എന്തു നടപടികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: ഫാക്ടറി ആക്ട് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സ്റ്റേറ്റ്ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് തുടങ്ങിയിട്ട് വളരെ നാളായിട്ടും അവിടെ ഇതുവരെയും ഫാക്ടറി ആക്ട് നടപ്പിൽ വരുത്താതിരുന്നത് എന്തുകൊണ്ടാണ്?

ശ്രീ. പി. കെ. കുഞ്ഞ്: മുമ്പ് അതു് ഫാക്ടറി ആക്ടിന്റെ പരിധിയിൽനിന്നു ഒഴിവാക്കിയിരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഗവണ്മെന്റിന്റെ അധീനതയിലുള്ള ഡിപ്പാർട്ടുമെന്റിനു ഇങ്ങനെയുള്ള നിയമം ബാധിക്കുകയില്ലെന്നാണോ പറയുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: ബാധിക്കയില്ലെന്നല്ല പറഞ്ഞതു്. അതു ഒഴിവാക്കിയിരിക്കയായിരുന്നു എന്നാണ് പറഞ്ഞതു്.

വർക്ക്ഷോപ്പ്.

*678. [30] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

( ) 500-ഓളം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് സെൻട്രൽ വർക്ക്ഷോപ്പിൽ നിയമാനുസൃതം സർട്ടിഫൈ ചെയ്ത ഒരു സ്റ്റാൻഡിംഗ് ഓർഡർ നിലവിൽ ഉണ്ടോ;

(ബി) ഇങ്ങനെ നിയമപ്രകാരമുള്ള സ്റ്റാൻഡിംഗ് ആർഡേഴ്സ് നടപ്പിൽ വരുത്തുന്നതിനു ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഇല്ല.

(ബി) ആലോചിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഒരു ശരിയായ സ്റ്റാൻറിംഗ് ആർഡർ ഇല്ലാത്തതുകൊണ്ടു് ജോലിക്കാരുടെമേൽ അക്രമമായ ശിക്ഷ നടത്തുന്നതായി ഗവണ്മെൻറിനു് അറിയാമോ ?

ശ്രീ. എ. അച്യുതൻ : ഗവണ്മെൻറിനു് അറിവില്ല.

പിഴ.

*679. [31] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേററു് ട്രാൻസ്പോർട്ടു വർക്ക്ഷാപ്പിൽ ജോലിക്കു താമസിച്ചു ഹാജരാകുന്നവർക്കു പിഴയിടുന്നതിനുള്ള ക്രമം എന്തു് ;

(ബി) ഈ ക്രമം പേമെൻറു് ഓഫ് വേജസ്സ് ആക്ററിലെ വ്യവസ്ഥകൾക്കു് വിരുദ്ധമാണോ ;

(സി) ഈ ശിക്ഷയിടൽ നടപടി എല്ലാ വിഭാഗം തൊഴിലാളികളേയും ബാധിക്കുന്നുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) സ്റ്റേററുമെൻറു് മേശപ്പുറത്തുവച്ചിരിക്കുന്നു. †

(ബി) അല്ല.

(സി) ഇപ്പോൾ പാപ്പനംകോടു വർക്ക്ഷാപ്പിൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അവിടെ പിഴയിടുന്നതു് ഉദ്യോഗസ്ഥന്മാർക്കു് കുറവും ജോലിക്കാർക്കു് കൂടുതലുമാണെന്നും അറിയാമോ?

ശ്രീ. എ. അച്യുതൻ: പിഴ ലെവി ചെയ്യുന്നതിനു് ഒരു ക്രമം വച്ചിട്ടുണ്ടു്. രാവിലെ ഏട്ടരമണിക്കുശേഷം ഹാജരാകുന്നവരെ ലേററായി പരിഗണിക്കപ്പെടും. എട്ടരമണിക്കുശേഷം 15 മിനിട്ടു് ലേററായാൽ ഒരു യൂണിററും, എട്ടേമുക്കാൽമണിക്കുശേഷം 15 മിനിട്ടു ലേററായാൽ രണ്ടു യൂണിററും, 9 മണിക്കുശേഷം 15 മിനിട്ടു ലേററായാൽ മൂന്നു യൂണിററും, ഒൻപതേകാൽമണിക്കുശേഷം 15 മിനിട്ടു ലേററായാൽ 4 യൂണിററും ലേററായതായി കണക്കാക്കപ്പെടും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഉദ്യോഗസ്ഥന്മാർക്കും ജോലിക്കാർക്കും രണ്ടു രീതിയിലാണു പിഴയിടുന്നതെന്നു് അറിയാമോ ?

† Please see Appendix I.

ശ്രീ. എ. അച്ചുതൻ: പിഴയിടുന്നതിൽ വ്യത്യാസമെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. പി. മേനോൻ: സർ, യൂ[illegible] ചെയ്യുന്നത് എന്താണ്?

ശ്രീ. എ. അച്ചുതൻ: നാലു യൂണിററിൽക്കൂടുതൽ [illegible]വരുടെ പക്കൽനിന്ന് മാസാന്ത്യത്തിൽ അവരുടെ ശമ്പളത്തിൽനിന്നു [illegible] ഈടാക്കപ്പെടുന്നു.

Electric mains.

※680. [32] † **Shri T. P. Sitaraman:** Will the Minister for Works and Transport be pleased to state:

(*a*) how many miles of electric mains have been extended in the State during 1953-54; and

(*b*) how many in each District?

Minister for Works and Transport **(Shri A. Achuthan):** (*a*) 171 miles of 11 K. V. lines and 275 miles of L. T. lines were constructed in the State during the year 1953-54.

(*b*) Trivandrum	District	11 K. V. lines—41 miles L. T. lines—77 ,,
Quilon	Do.	11 K. V. lines—35 miles L. T. lines—76 ,,
Kottayam	Do.	11 K. V, lines—55 miles L. T. lines—77 ,,
Trichur	Do.	11 K. V. lines—40 miles L. T. lines—45 ,,

ഫൈനൽബിൽ പാസ്സാക്കുന്നതിനുള്ള താമസം.

※681. [37] ‡ ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പി.ഡബ്ലിയു.ഡി. കൺട്രാക്റ്റർമാർ അവർ കൺട്രാക്റ്റ് എടുത്തിട്ടുള്ള പണികൾ പൂർത്തിയാക്കിയാലും അവരുടെ പണം കിട്ടുന്നതിനു വളരെ കാലതാമസം വരുന്നുണ്ടോ;

(ബി) 1951-52-ലും, 1952-53-ലും പൂർത്തിയായ പണികളുടെ ഫൈനൽബിൽ ഇതേവരെ കൊടുത്തിട്ടില്ലാത്ത എത്ര പണികൾ ഉണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) സാധാരണഗതിയിൽ കാലതാമസം ഉണ്ടാകാറില്ല.

(ബി) 106 ബില്ലുകൾ.

† As the member was absent, the question was put by Shri T. O. Bava with the permission of the Chair.

‡ As the member was absent the question was put by Shri C. A. Mathew with the permission of the Chair.

ശ്രീ. സി. എ. മാത്യു: ഈ 106 ബില്ലുകൾക്ക് ഇത്ര കാലതാമസം വരുവാൻ കാരണമെന്താണ്?

ശ്രീ. എ. അച്ചുതൻ: സാധാരണനിലയിൽ ജോലി പൂർത്തിയായി കഴിഞ്ഞാൽ മെഷർമെൻറ് എടുത്തു ഫൈനൽബില്ല് തയ്യാറാക്കുന്നതിനുള്ള താമസമേ ഉള്ളൂ. ചില സന്ദർഭത്തിൽ അതിന് കുറച്ചു താമസം വരും. അല്ലാതെ പ്രത്യേക കാരണങ്ങളൊന്നും ഇല്ല.

ശ്രീ. സി. എ. മാത്യു: ജോലി പൂർത്തിയായിക്കഴിഞ്ഞാൽ മെഷർമെൻറ് എടുക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറ് അധികൃതർ അനാസ്ഥ കാണിക്കുന്നുണ്ടെന്നു ഗവണ്മെൻറിന് അറിയാമോ?

ശ്രീ. എ. അച്ചുതൻ: അനാസ്ഥ കാണിക്കുന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാവുന്നതാണ്.

ശ്രീ. സി. എ. മാത്യു: ബില്ല് പാസ്സാക്കുന്നതിൽ ഡിപ്പാർട്ടുമെൻറ് അധികൃതർ കാണിക്കുന്ന അനാസ്ഥയുടെ ഫലമായി വളരെ ആളുകൾ ഈ തലസ്ഥാനനഗരിയിൽവന്ന് അലഞ്ഞു തിരിയുന്നുണ്ടെന്ന് ഗവണ്മെൻറിന് അറിയാമോ?

ശ്രീ. എ. അച്ചുതൻ: അനാസ്ഥ കാണിക്കുന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാമെന്നു ഞാൻ പറഞ്ഞല്ലൊ.

ശ്രീ. എം. വി. ചെറിയാൻ: കാൺട്രാക്ടറിനുള്ള പണം കൊടുക്കുന്നതിന് താമസിച്ചാൽ അതുമൂലം ഗവണ്മെൻറിന് നഷ്ടമുള്ളതായി അറിയാമോ?

ശ്രീ. എ. അച്ചുതൻ: ബില്ല് പാസ്സാക്കുന്നതിന് കാലതാമസം നേരിടുന്നതുകൊണ്ട് ഗവണ്മെൻറിന് നഷ്ടംവരുമോയെന്ന് അറിഞ്ഞുകൂടാ.

ശ്രീ. സി. എ. മാത്യു: കൺട്രാക്ടറന്മാർ കൊടുക്കുന്ന കൈക്കൂലിയെ ആശ്രയിച്ചാണ് ബിൽ വേഗം പാസ്സാകുന്നതെന്നു ഗവണ്മെൻറിന് അറിയാമോ?

ശ്രീ. എ. അച്ചുതൻ: ഗവണ്മെൻറിന് അറിവില്ല.

ശ്രീ. പ്രാക്കുളം ഭാസി: കാൺട്രാക്ടസിസ്റ്റം നിറുത്തുവാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. അച്ചുതൻ: ഇല്ല.

റോഡുകൾ.

* 682. [38] †ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1951–52 ലും, 1952–53-ലും എത്ര മൈൽ റോഡുകൾ കാൺക്രീററും, ടാർക്രീററും ചെയ്തിട്ടുണ്ട്;

† As the member was absent, the question was put by Shri C. A. Mathew with the permission of the Chair.

(ബി) ഒരു മൈൽ കോൺക്രീററ് ചെയ്യുന്നതിനു് എത്ര രൂപ ചെലവാകും; ഒരു മൈൽ ടാർക്രീററ് ചെയ്യുന്നതിനു് എത്ര രൂപ ചെലവാകും;

(സി) കോൺക്രീററും, ടാർക്രീററും ചെയ്യുന്നതു് ഡിപ്പാർട്ടുമെൻറിൽ നിന്നും നേരിട്ടോ അതോ കോൺട്രാക്ടർമാർ മുഖാന്തിരമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 1951–52-ൽ 99 മൈൽ, 1952–53-ൽ 157 മൈൽ.

(ബി) കോൺക്രീററ ചെയ്യുന്നതിനു് 60,000 രൂപ; ടാർക്രീററ ചെയ്യുന്നതിനു് 30,000 രൂപ. ഒരു മൈൽ നീളം 12 അടി വീതിയിൽ ഉള്ളതിനുള്ള ചെലവാണു് മേല്പറഞ്ഞതു്.

(സി) കൺട്രാക്ടർമാർ മുഖാന്തിരമാണു് വേല സാധാരണയായി നടത്തിവരാറുള്ളതു്.

ശ്രീ. എം. എം. മത്തായി: കൺട്രാക്ടർമാർ മുഖാന്തിരം ജോലി ചെയ്യുന്നതുകൊണ്ടു് ഇതിൽ പല വീഴ്ചകളും വരുന്നുണ്ടെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. അച്യുതൻ: ഗവണ്മെൻറിനു് അറിവില്ല.

ശ്രീ. എം. വി. ചെറിയാൻ: പൊതുജനങ്ങളെ ഒരു സാമ്പിൾ കാണിക്കുവാൻവേണ്ടിയെങ്കിലും മൂവാററുപുഴ റോഡു് ഒരു മൈൽ കോൺക്രീററ ചെയ്യാമോ?

ശ്രീ. എ. അച്യുതൻ: അതിനെക്കുറിച്ചു് ആലോചിക്കാം.

ശ്രീ. എം. എ. ആൻറണി: കോൺക്രീററചെയ്താൽ എത്രകാലം നിലനിൽക്കും എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: കോൺക്രീററ രണ്ടു മൂന്നു തരത്തിലുണ്ടു്. ഷെൽക്രീററ ആണെങ്കിൽ കൂടുതൽകാലം നിലനിൽക്കും. എത്രകാലം നിലനിൽക്കും എന്നുള്ളതു് സൂക്ഷ്മമായിട്ടു് അന്വേഷിച്ചു പറയാം.

ശ്രീ. എം. എ. ആൻറണി: സർഫസിംഗ് ചെയ്യുകയാണെങ്കിൽ എല്ലാക്കാലവും അതിന്റെ കേടുപാടുകൾ തീർക്കേണ്ടതായിട്ടു വരുമോ?

ശ്രീ. എ. അച്യുതൻ: എല്ലാക്കാലവും വേണ്ടിവരികയില്ല.

ശ്രീ. പ്രാക്കുളം ഭാസി: കൊല്ലം—ആലപ്പുഴ റോഡിൽ എന്താണു് ചെയ്തിരിക്കുന്നതു്?

ശ്രീ. എ. അച്യുതൻ: സെമിഗ്രൗട്ടിംഗ് ആണു്.

ശ്രീ. പ്രാക്കുളം ഭാസി: അതു ഇട്ടതു് വളരെ മോശമായിരിക്കുന്നു എന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണോ കോൺട്രാക്ററു കൊടുക്കുന്നതു്?

ശ്രീ. എ. അച്യുതൻ: ഡിപ്പാർട്ടുമെൻറിൽ ഉള്ളവരാണു് ഇതു വർക്ക് ചെയ്യുന്നതു്.

ശ്രീ. ഇടിക്കുള ഇടിക്കുള: ഇന്നു് ഒരു മൈൽ റോഡിനു് ഗവണ്മെൻറിൽനിന്നു് അനുവദിക്കുന്ന തുകയുടെ പകുതിമാത്രമേ വേലയ്ക്കു് ആകുന്നുള്ളു എന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അറിവില്ല.

Hospitals and Dispensaries.

※ 683. [39] † Dr. P. T. Thomas : Will the Minister for Local Self Government be pleased to state ;

(*a*) is it a fact that there is deplorable state of affairs in the Government hospitals and dispensaries in the State due to scarcity of even ordinary medicines, dressings, etc.; and

(*b*) what steps the Government propose to take to face this difficult condition ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): (എ.-ും, ബി-ും) പൊതുവെ എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും ചില മരുന്നുകളുടെ കുറവുണ്ടായിട്ടുണ്ടു്. ജനറൽ ആശുപത്രിയിൽത്തന്നെയും ചില മരുന്നുകളുടെ കുറവുണ്ടായിട്ടുള്ളതായി ഗവണ്മെൻറിനു് അറിയാം. കഴിയുന്നതും ആ കുറവു പരിഹരിക്കുന്നതിനു് ഗവണ്മെൻറ ശ്രമിക്കുന്നുണ്ടു്.

ശ്രീ. കെ. എം. ചാണ്ടി: ജനറൽ ആശുപത്രിയിൽത്തന്നെ മരുന്നില്ല എന്നുള്ള ആക്ഷേപം ഉണ്ടു്. ജനറൽ ആശുപത്രിയിലെ രോഗികൾക്കു് മരുന്നു കിട്ടാതെ വിഷമിക്കുന്ന വളരെ ദയനീയമായ നില തുടരുന്നതു് ആക്ഷേപകരമാണെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ചില മരുന്നുകൾ കിട്ടുന്നില്ല എന്നു് ആക്ഷേപമുണ്ടു്. കഴിയുന്നതും ആ ആക്ഷേപം ഇല്ലാതാക്കുന്നതിനുവേണ്ടി ഗവണ്മെൻറ ശ്രമിക്കുന്നുണ്ടു്.

ശ്രീ. കെ. എം. ചാണ്ടി: മിനിഞ്ഞാന്നു് ഉള്ളൂർ ആശുപത്രിയിൽ കൊണ്ടുചെന്ന ഒരു രോഗിക്കു് അവിടെയുള്ള ഡാക്ടർമാരുടെ പരിപൂർണ്ണമായ പരിചരണം കിട്ടാതെവന്നതുമൂലം ആ രോഗി മൃതിപ്പെട്ടതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതു ഗവണ്മെൻറിനു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എം. ചാണ്ടി: അതിനെപ്പററി ഗവണ്മെൻറ് എന്തു നടപടി എടുത്തു?

ശ്രീ. പി. കെ. കുഞ്ഞു്: സർജൻ ജനറൽ അതിനെപ്പററി വേണ്ട നടപടി നടത്തിയിരിക്കും.

† As the member was absent, this question was put by Shri K. M. Chandy with the permission of the Chair.

ശ്രീ. കെ. എം. ചാണ്ടി: സർജൻ ജനറൽ എന്തു നടപടി എടുത്തു എന്നു് ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഒരു ഡാക്ടരെ സസ്പെൻറ ചെയ്തു. മററു ഡാക്ടറന്മാരോടു് സമാധാനം ചോദിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ചാണ്ടി: ആസ്പത്രിയിൽ ആക്സിഡൻറിൽപ്പെട്ട ഒരു രോഗിയെ കൊണ്ടുവന്നാൽ പോലീസ് വന്നു് അതിന്റെ മഹസ്സർ തയ്യാറാക്കിയതിനുശേഷമേ ഡാക്ടർ നോക്കുകയുള്ളു എന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അതു ശരിയായ നടപടിയല്ലെന്നു ഗവണ്മെൻറിനറിയാം.

ശ്രീ. കെ. എം. ചാണ്ടി: മോട്ടോർ ആക്സിഡൻറിൽ പെട്ടതായ ഒരു രോഗിയെ ആസ്പത്രിയിൽ വന്നതിനുശേഷം ഒന്നര മണിക്കൂർ കഴിഞ്ഞിട്ടാണു് ഡാക്ടർ വന്നു നോക്കിയതെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതുകൊണ്ടാണു് സർജൻ ജനറൽ ഡാക്ടറന്മാരുടെമേൽ നടപടി എടുത്തതു്.

ആയുർവ്വേദവൈദ്യശാല.

✻ 684. [40] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ആകെ എത്ര ആയുർവ്വേദവൈദ്യശാലകൾ ഉണ്ടു്;

(ബി) ഏതെങ്കിലും ആയുർവ്വേദവൈദ്യശാലകൾക്കു് ഗവണ്മെൻറ് ഗ്രാൻറ കൊടുക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര എണ്ണത്തിനു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) അതിനെ സംബന്ധിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഉണ്ടു്.

(സി) ഒട്ടാകെ 312 വൈദ്യശാലകൾക്കും 6 പ്രൈവററ് ആസ്പത്രികൾക്കും ഗ്രാൻറ കൊടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. ചാത്തൻ: ഗവണ്മെൻറിൽ നിന്നു് ഗ്രാൻറ കൊടുക്കുന്ന വൈദ്യശാലകളിൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അന്വേഷിച്ചു പറയാം.

ശ്രീ. എം. എ. ആൻറണി: ആയുർവ്വേദ വൈദ്യശാലകൾക്കു് ഗ്രാൻറ കൊടുക്കുന്നതു് എന്തു മാനദണ്ഡം വച്ചുകൊണ്ടാണു്?

ശ്രീ. പി. കെ. കുഞ്ഞു്: ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി ചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന എന്നും ക്രമമായി ചികിത്സ നടക്കുന്നുവെന്നും ഗവണ്മെൻറിനു ബോദ്ധ്യമായാൽ ആ വൈദ്യശാലയ്ക്കു് ഗ്രാൻറു് കൊടുക്കും.

ശ്രീ. എം. വി. ചെറിയാൻ: കൊച്ചി വിഭാഗത്തു് ഗ്രാൻറു വാങ്ങുന്ന ആയുർവേദ വൈദ്യശാലയിൽ നിന്നു് സൌജന്യമായി മരുന്നു കൊടുക്കത്തക്ക വ്യവസ്ഥയില്ലെ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങിനെയുണ്ടെന്നറിയാം.

ശ്രീ. എം. വി. ചെറിയാൻ: തിരുവിതാംകൂർ വിഭാഗത്തു് അങ്ങിനെയുള്ള വ്യവസ്ഥയില്ലെന്നു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. എം. വി. ചെറിയാൻ: കൊച്ചി വിഭാഗത്തുള്ള ആ സിസ്റ്റം തിരുവിതാംകൂർ വിഭാഗത്തും ഏർപ്പെടുത്തുവാൻ ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആലോചിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഗവണ്മെൻറിൽ നിന്നു ഗ്രാൻറു് വാങ്ങുന്ന വൈദ്യശാലകൾ ശരിക്കു് നടക്കുന്നുണ്ടോ എന്നു ഗവണ്മെൻറു് അന്വേഷിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അന്വേഷിക്കുന്നുണ്ടു്.

ശ്രീ. എം. ഭാസ്കരൻ നായർ: തിരുവിതാംകൂറിലേയും കൊച്ചിയിലേയും ആയുർവേദവൈദ്യശാലകൾക്കു് ഗ്രാൻറു കൊടുക്കുന്നതിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അതിനു് പ്രത്യേകം ഒരു ചോദ്യം അയച്ചാൽ ഉത്തരം പറയാം.

ആയുർവ്വേദവൈദ്യന്മാർ.

※ 685. [41] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറു് ആയുർവ്വേദ വൈദ്യശാലകളിൽ ആകെ എത്ര സ്ഥിരം വൈദ്യന്മാരുണ്ടു്;

(ബി) അവരുടെ ശമ്പളക്രമം എന്തു്; ഈ ശമ്പളക്രമം എന്നു മുതലാണു് നടപ്പിലാക്കിയതു്;

(സി) 1-4-51-നു ശേഷം ഈ വൈദ്യന്മാരുടെ ഇൻക്രിമെൻറു് തടഞ്ഞിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഗവണ്മെൻറു് ആയുർവ്വേദവൈദ്യശാലകളിൽ 52 സ്ഥിരം വൈദ്യന്മാരുണ്ടു്.

(ബി) അവരുടെ ശമ്പളക്രമം 30-3-45 രൂപയാണു്.

(സി) ഉണ്ടു്.

(ഡി) സർവ്വീസുസംയോജനം കഴിഞ്ഞു് ഓരോരുത്തരുടെയും ശമ്പളം പുതിയ സ്കെയിലിൽ കണക്കാക്കപ്പെടുത്തിയതിനുശേഷം മാത്രമെ ഇൻക്രിമെൻറു കൊടുക്കാവൂ എന്നു കംപ്ട്രോളർ അഭിപ്രായപ്പെട്ടതുകൊണ്ടാണു്.

ശ്രീ. പി. കെ. ചാത്തൻ: ഇൻക്രിമെൻറ തടയാൻ പാടില്ലെന്നു ഗവണ്മെൻറിൽ നിന്നും കമ്പനിക്കാർക്ക് നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ നിർദ്ദേശം കൊടുത്തിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: സർവ്വീസുസംയോജനം കഴിഞ്ഞാൽ ഈ വൈദ്യന്മാരുടെ ശമ്പളവും ഇൻക്രിമെൻറും എന്തായിരിക്കുമെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ശമ്പളത്തെയും ഇൻക്രിമെൻറിനെയും സംബന്ധിച്ചു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ അവർക്കു പുതിയ ശമ്പളസ്കെയിൽ നിശ്ചയിച്ചിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: ഇപ്പോൾ പഴയ ശമ്പളസ്കെയിൽതന്നെയാണു് കൊടുത്തുവരുന്നതു്,

ശ്രീ. പ്രാക്കുളം ഭാസി: അവരുടെ ശമ്പളവും സ്കെയിലും വർദ്ധിപ്പിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: വർദ്ധിപ്പിക്കുന്നുണ്ട്. ആ കാര്യമാണ് ഞാൻ മുമ്പു പറഞ്ഞതു്.

ശ്രീ. പി. കെ. ചാത്തൻ: തിരുവിതാംകൂർ-കൊച്ചിയിലെ വൈദ്യന്മാരുടെ ശമ്പളം ഒരേരീതിയിലാണോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെയാണെന്നു പറയാൻ നിവൃത്തിയില്ല.

Enquiry into the incidence of occupational diseases.

*686. [42] **Shri M. P. Menon:** Will the Minister for Local Self Government be pleased to state:

(*a*) whether Government have conducted any enquiry into the incidence of occupational diseases in:

(1) the Petroleum Industry in the State, with reference to lead-poisoning and petrol vapour;

(2) The F. A. C. T. at Eloor with regard to the injurious vapours of carbon monoxide and Ammonia and Sulpher;

(3) The Travancore Rayons, with reference to the use of Sulphuric acid and Carbon-di-sulphide;

(*b*) if so, what are the results of the enquiry; and

(*c*) if not, will Government appoint a competent committee to go into the question and make enquiries?

Minister for Local Self Government (**Shri P. K. Kunju:**)

(*a*) (1) No.
(2) No.
(3) No.

(*b*) Does not arise.

(*c*) Government will consider the matter.

ശ്രീ. എം. പി. മേനോൻ: ഫാക്ടറികളിൽ ഈ വക കാര്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി ഇൻഡസ്ട്രിയൽ ഹൈജീൻ ആഫീസറെ നിയമിച്ചിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: നിയമിച്ചിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: അദ്ദേഹത്തിന്റെ ജോലിയെന്താണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഈ വക കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയാണ് ജോലി.

ശ്രീ. എം. പി. മേനോൻ: ഈ ഹൈജീൻ ആഫീസർ പെരുമ്പാവൂർ ചെന്ന് അന്വേഷണം നടത്തുകയും, അതിന്മേൽ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അന്വേഷിച്ചു പറയാം.

ശ്രീ. എം. പി. മേനോൻ: സംസ്ഥാനത്തുള്ള എല്ലാ ഫാക്ടറികളിലും നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി ഹൈജീൻ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഉണ്ട്.

Minimum wages for agricultural labour.

※687. [43] (1949) **Shri V. P. Parameswaran Nambudiri:** Will the Minister for Local Self Government be pleased to state whether the Government have taken any step to fix the minimum wages for the agricultural labour of the State?

Minister for Local Self Government (**Shri P. K. Kunju:**) Yes.

Shri V. P. Parameswaran Nambudiri: May I know what steps have been taken by Government?

ശ്രീ. പി. കെ. കുഞ്ഞ്: എന്തു നടപടികളാണ് സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പറ്റിയും എന്തു നിർദ്ദേശങ്ങളാണ് നൽകേണ്ടതെന്നുള്ളതിനെപ്പറ്റിയും ആലോചിച്ചുവരുന്നു.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി: സംസ്ഥാനത്തു ഭൂരിപക്ഷം വരുന്ന കൃഷിത്തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കുന്നതിന് എത്രയും വേഗം ഗവണ്മെന്റ് നടപടി നടത്തുമോ?

ശ്രീ. പി. കെ. കുഞ്ഞ്: നടപടി നടത്താം.

Pandithar Community.

※ 688. [44] **Shri O. R. Chummar:** Will the Minister for Local Self Government be pleased to state:

(a) whether the All Kerala Pandithar Mahasabha has submitted a memorandum to the Government requesting the Government to give them the school fees concessions granted to backward and depressed class communities;

(*b*) whether the Government have taken any action on the memorandum and if so, what is the action taken; and

(*c*) whether the Pandithar Community is included among the backward and depressed classes and if not, what is the criterion adopted for the classification of backward and depressed classes ?

Minister for Local Self Government (**Shri P. K. Kunju**):

(*a*) Yes.

(*b*) The matter is being enquired into.

(*c*) No. The Pandithar Community has not been included among the backward and depressed classes.

Shri O. R. Chummar: Will the Government be pleased to include them among the backward classes ?

Shri P. K. Kunju: Government will consider it.

ശ്രീ. എം. പി. മേനോൻ: പണ്ഡിതർ മഹാസഭയിൽ നിന്നും വല്ല നിവേദനവും ഗവണ്മെന്റിലേയ്ക്കു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: അതിന്മേൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: നടപടിയും എടുത്തിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ബാക്ക്വേഡ് കമ്മ്യൂണിററി കമ്മീഷണക്ക് റിപ്പോർട്ടിനയയ്ക്കുകയും അവിടെ നിന്നു തിരിയെ വരികയും ചെയ്തിട്ടുണ്ട്.

വക്ക് എസ്റ്റാബ്ലിഷ്മെൻറ ജീവനക്കാർ.

✻ 689. [45] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ വർക്ക്എസ്റ്റാബ്ലിഷ്മെൻറിൽപ്പെട്ട എൻ. ജി. ഒ. ക്കാരായ എത്രപേരുണ്ട്;

(ബി) 1951-ൽ സ്ഥിരം സർവ്വീസിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുകയും നടപടി നടത്തുകയും ചെയ്തിട്ടുണ്ടോ;

(സി) നടപടി എന്തായി;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ട നടപടികൾ ഗവണ്മെൻറ സ്വീകരിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 4500.

(ബി) ഉണ്ട്.

(സി) നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിയുന്നതും വേഗം അവസാനിപ്പിക്കുന്നതിന് ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിട്ടുണ്ട്.

(ഡി) നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽത്തർക്കക്കോടതി.

✻ 690. [46] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളെ ബാധിക്കുന്ന തൊഴിൽത്തർക്കക്കോടതിയിലെ അവാർഡ് നടപ്പിലാക്കാതെയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു്; എന്തുനടപടി ഗവണ്മെന്റ് സ്വീകരിച്ചു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഒരു അവാർഡു നടപ്പിലാക്കാനുണ്ട്.

(ബി) സ്വസ്തിക് പ്രാഡക്ട്സ് കാഷ്യൂനട്ടുകമ്പനിയെ സംബന്ധിക്കുന്ന അവാർഡാണിതു്. അവാർഡു ഇപ്പോഴത്തെ മാനേജുമെന്റിനെ ബാധിക്കുകയില്ലെന്നു കമ്പനി വാദിച്ചതുകൊണ്ടു് കൊല്ലം കൺസിലിയേഷൻ ആഫീസർ ഇടപെട്ടതിൽ കാര്യം അവസാനിക്കാതെവരികയും, ലേബർകമ്മീഷണർ ഒരു കാൺഫറൻസ് നടത്തുകയുംചെയ്തിട്ടുണ്ട്.

ഫാക്ടറികളുടെ പേരുമാററം.

✻ 691. [47] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുവണ്ടി ഫാക്ടറികളുടെ പേരുമാററത്തിനുവേണ്ടി ഗവണ്മെന്റിലേയ്ക്കു് എന്തെങ്കിലും ഫീസ് അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എന്തു തുകയാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): ഉണ്ടു്; അഞ്ചുരൂപയാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഇങ്കംടാക്സിൽനിന്നും ഒഴിയുന്നതിനുവേണ്ടിയാണ് ഫാക്ടറികളുടെ ഉടമസ്ഥത കൂടക്കൂടെ മാററുന്നതെന്നുള്ളതിലേയ്ക്കു് പരാതികൾ ലഭിച്ചിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: അതേപ്പററി പരാതികൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: പരാതിയുടെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് എന്തു നടപടികളാണെടുത്തിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: പരാതി ശരിയാണെന്നു ബോദ്ധ്യപ്പെട്ടാൽ നടപടി എടുക്കുന്നതായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി: അഞ്ചുരൂപ ഫീസുവച്ചിരിക്കുന്നതു് എന്തുദ്ദേശത്തിലാണു്?

ശ്രീ. പി. കെ. കുഞ്ഞു്: ഒരു ഫാക്ടറി, മററൊരാളുടെ പേരിൽ മാറുന്നതിനു് നിലവിലിരിക്കുന്ന ഫാക്ടറി റൂൾസ് 6-ാം വകുപ്പനുസരിച്ചു് അഞ്ചുരൂപ ഫീസടയ്ക്കണമെന്നുള്ള വ്യവസ്ഥയാണുള്ളതു്.

ശ്രീ. ചന്ദ്രശേഖര ശാസ്ത്രി: കൂടക്കൂടെ പേരുമാറുന്നതു ഗവണ്മെന്റിനെ കബളിപ്പിക്കാനാണെന്നു മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അത്രത്തോളം ഗവണ്മെന്റു മനസ്സിലാക്കിയിട്ടില്ല.

കമ്പനിയുടെ പേരുമാററം.

✱ 692. [48] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലാളിമാരുടെ ബന്ധുക്കളുടേയും ചാർച്ചക്കാരുടേയും മററും പേരിൽ കമ്പനിയുടെ പേരുമാറുന്നതുകൊണ്ടു് നികുതിയിനത്തിലും തൊഴിലാളികളുടെ അവകാശങ്ങളിലും നഷ്ടം സംഭവിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എങ്ങനെ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) തൊഴിൽനിയമം അനുസരിച്ചു്, തൊഴിലാളികൾക്കു ലഭിക്കേണ്ടതായ അവകാശങ്ങൾ നഷ്ടപ്പെടുകയില്ല. മാത്രമല്ല, നികുതിയിനത്തിലും നഷ്ടം ഉണ്ടാകുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: ഒരു ഫാക്ടറിയുടെ ഉടമസ്ഥത കൈമാറുന്ന അവസരത്തിൽ ആ ഫാക്ടറി ഏറെറടുക്കുന്ന മുതലാളി മുൻപു അവിടെയുണ്ടായിരുന്ന തൊഴിലാളികളുടെ ശമ്പളത്തിലും, ബോണസ്സിലും വന്നിട്ടുള്ള കുടിശ്ശിക കൊടുക്കുന്നില്ല എന്നു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അറിഞ്ഞുകൂടാ.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: അതിനെപ്പററി അന്വേഷിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അന്വേഷിക്കാം.

Executive Engineers.

✱ 693. [51] **Shri M. P. Chandrasekhara Pillai:** Will the Minister for Works and Transport be pleased to state:

(a) why no Engineering upper subordinate or Diploma holder of exceptional merit could so far have been appointed as an Executive Engineer; and

(b) why Engineering upper subordinates or Diploma holders as a class are denied promotion as 1st Grade Assistant Engineers ?

Minister for Works and Transport (**Shri A. Achuthan**):

(a) Because there are plenty of qualified and efficient Engineering graduates available in the department itself in the lower ranks.

(b) In view of the availability of Engineering graduates in plenty in the Department it was not considered that a reservation for upper subordinates in 1st Grade Assistant Engineers' posts in the Department, was necessary.

ശ്രീ. എം. പി. ചന്ദ്രശേഖര പിള്ള: മദ്രാസിൽ എക്സിക്യൂട്ടീവ് ഇൻജിനീയറായിട്ടുപോലും അപ്പർ സബോർഡിനേററുകളെ നിയമിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: ആ സമ്പ്രദായം അവിടെ അംഗീകരിച്ചിട്ടുണ്ടായിരിക്കാം. പക്ഷെ, ഇവിടെ ആ നയം സ്വീകരിച്ചിട്ടില്ല.

ശ്രീ. എം. പി. ചന്ദ്രശേഖര പിള്ള: ഇൻജിനീയറന്മാരായിട്ട് ഇവരെ നിയമിക്കുന്നതുകൊണ്ടു എന്തു ദോഷമാണു വരുന്നതെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഇവിടെ ധാരാളം ഇൻജിനീയറിംഗ് ക്വാളിഫിക്കേഷനുള്ള ആളുകൾ ഉള്ള സ്ഥിതിക്ക് കുറഞ്ഞ പരീക്ഷായോഗ്യതയുള്ളവരെ നിയമിക്കുന്നതു ശരിയല്ല. അതാണു കാരണം.

ശ്രീ. എം. പി. ചന്ദ്രശേഖര പിള്ള: മുൻപ് ഇങ്ങനെ നിയമിച്ചിട്ടില്ലേ?

ശ്രീ. എ. അച്യുതൻ: ചില കേസുകളിൽ ചുരുക്കം ചിലരെ അസിസ്റ്റന്റ് ഇൻജിനീയറന്മാരായി നിയമിച്ചിട്ടുണ്ട്. പക്ഷെ അതൊരു പ്രിസിഡന്റായി കരുതാൻ നിവൃത്തിയില്ല.

SHORT NOTICE QUESTION

കൂട്ടുകൃഷിസഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ.

*3. [5] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടുകൃഷിസഹകരണസംഘങ്ങളുടെ രജിസ്ട്രേഷനും പ്രവർത്തനങ്ങൾക്കുമുള്ള വ്യവസ്ഥകളെന്തെല്ലാമാണ്;

(ബി) വൻകിട വസ്തു ഉടമകൾ പ്രസ്തുത സംഘങ്ങളെ ഭൂപരിധിനിർണ്ണയനിയമത്തിൽനിന്നും ഒഴിഞ്ഞുമാറാനും, ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിൽ വനഭൂമി തട്ടിയെടുക്കുന്നതിനും ഉപയോഗിക്കാതിരിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ അതിലുണ്ടോ;

(സി) സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൃഷിചെയ്യുന്ന ഭൂമിയിൽ 75 ശതമാനത്തിന്റെ ഉടമസ്ഥന്മാരിൽ, 66 ശതമാനത്തിന്റെ സമ്മതമുണ്ടെങ്കിൽ സംഘം രജിസ്റ്റർ ചെയ്യാമെന്ന വ്യവസ്ഥ വെറുംപാട്ടക്കുടിയാന്മാരുടെയും, ദേഹണ്ഡക്കാരുടെയും താൽപ്പര്യങ്ങൾക്കു ദോഷകരമാണെന്നു് ഗവണ്മെന്റിനറിയാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഈ ചോദ്യത്തിനു് അടിസ്ഥാനമായ വസ്തുതകൾ ശരിയാണോ എന്നും, ഇതിലേയ്ക്കു നിർമ്മിതമായിട്ടുള്ള ആക്ടിലെ വകുപ്പുകൾ ദുർവ്വിനിയോഗം ചെയ്യുന്നതിനു സൗകര്യം ഉണ്ടാകുമോ എന്നുള്ളതും സംശയമാണു്.

(ബി) ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചു് അവ ദുർവ്വിനിയോഗം ചെയ്യാൻ തരമില്ലാത്തവിധത്തിലാണു് വ്യവസ്ഥകൾ നിർമ്മിച്ചിട്ടുള്ളതു്.

(സി) ഈ പിരിവിനും ഇതുതന്നെയാണു് ഉത്തരം.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചു രജിസ്ട്രേഷനെ സംബന്ധിച്ചിടത്തോളം ഭൂമി എടുക്കുന്ന അവസരത്തിൽ അവിടെ താമസിക്കുന്ന കുടിയാന്മാരുടേയും ദേഹണ്ഡക്കാരുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുമോ എന്നാണു ഞാൻ ചോദിക്കുന്നതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതാണു ഞാൻ പറയുന്നതു്, ഈ ആക്ടിലെ 74-ാംവകുപ്പിൽ.........

Sir, I may be excused for speaking in English. I am sorry the hon. Member did not read Section 74. Section 74 of the Act says—

> "No Farming Society shall be registered under Section 10 unless the Board is satisfied after such inquiry as it thinks necessary that the scheme proposed by the society is feasible and that not less than 66 per cent. of the owners in possession of not less than 75 per cent. in aggregate of the land proposed to be included in the scheme have given their consent to the making of the scheme."

The society can be registered when 66 per cent. of the owners in possession of land have agreed for that scheme.

ശ്രീ. പി. ആർ. മാധവൻപിള്ള: സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൃഷിചെയ്യുന്ന ഭൂമിയുടെ 75 ശതമാനത്തിന്റെ ഉടമസ്ഥന്മാരിൽ 66 ശതമാനത്തിന്റെ സമ്മതമുണ്ടെങ്കിൽ ഭൂമി എടുക്കാമെന്നാണോ പറയുന്നതു്?

Shri P. S. Nataraja Pillai: The section envisages 75 per cent of the land proposed to be included in the schemes and 66 per cent. of the owners in possession of the land to give their consent to the making of the scheme. I think in the interests of better farming, that is a progressive condition.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : 75 ശതമാനം ഉടമസ്ഥന്മാരിൽ, 66 ശതമാനംമാത്രം സമ്മതിച്ചാൽ മതിയെന്ന ആക്റ്റിൽ വ്യവസ്ഥയുണ്ടോ ?

Shri P. S. Nataraja Pillai : The condition here is that 66 per cent of the owners in possession of the land that comes under Farming Scheme should give their consent.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : അങ്ങനെയാണെങ്കിൽ അവിടങ്ങളിൽ താമസിക്കുന്ന സാധാരണക്കാരായ വീട്ടുടമസ്ഥന്മാർക്ക് ഈ കാര്യത്തിൽ വലിയ കൈയേറ്റമില്ലെന്ന ഗവണ്മെന്റ മനസ്സിലാക്കുന്നുണ്ടോ ?

Shri P. S. Nataraja Pillai : There is a provision in that section for that. This chapter is made applicable only recently by a Press Note wherein it has been made clear that all the provisions contained therein must be satisfied.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഇങ്ങനെ ആറു മാസത്തിനകം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾ ഏതടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, രജിസ്റ്റർചെയ്യുന്നതിനെ സംബന്ധിച്ച വല്ല കൊള്ളയും നടത്തിയിട്ടുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ, ഇങ്ങനെ കൊള്ളകൾ നടന്നിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുത്തിയാൽ വേണ്ട നടപടികൾ എടുക്കുമോ ?

Shri P. S. Nataraja Pillai : If it is registered under the Act, it must conform to its provisions, and if any irregularity is brought to the notice of Government, certainly, Government is bound to take note of it and I promise Government will do what is necessary.

WRITTEN ANSWERS

Textile Workers,

* 694. [1] **Shri K. Sattanatha Karayalar :** Will the Minister for Local Self Government be pleased to state :

(*a*) whether it is a fact that the dispute between the workers of the Balarama Varma Textiles and the management over the 1953 bonus-issue has been pending ;

(*b*) if so, what are the demands of the workers ;

(*c*) what is the profit of this concern earned in 1952 and in 1953, and what was the bonus given for 1952 ; and

(*d*) what steps Government have taken or propose to take in the matter ?

Mr. Speaker : Order, order. Now, we will proceed to Legislative Business.

Minister for Local Self Government **(Shri P. K. Kunju) :**

(*a*) Yes.

(*b*) 25% of the annual earnings of the workers as bonus for 1953.

(*c*) The figures of the profit and loss are not available. One and a half months' basic wages have been disbursed as bonus for the year 1952.

(*d*) Conciliation proceedings are in progress.

ഭവനനിർമ്മാണപദ്ധതി.

* 695. [3] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണപദ്ധതി അനുസരിച്ച് എത്ര വീടുകൾ ഗവണ്മെന്റ് പണിയിച്ചിട്ടുണ്ട്;

(ബി) അത് എവിടെയെല്ലാം;

(സി) കൂടുതൽ വീടുകൾ പണിയാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ വർഷം എത്ര വീടുകൾ പണിയാൻ ഉദ്ദേശിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഭവനനിർമ്മാണപദ്ധതിയനുസരിച്ച് 489 വീടിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) താഴെ പറയുന്ന സ്ഥലങ്ങളിൽ.

1.	കന്യാകുമാരി	17
2.	തേരൂർ	20
3.	കുളച്ചൽ	36
4.	ഏനയം	30
5.	വിഴിഞ്ഞം	30
6.	തമലം	30
7.	കൊല്ലം	10
8.	പുനലൂർ	18
9.	പടിഞ്ഞാറേകല്ലട	18
10.	വള്ളക്കാവ്	5
11.	കൃഷ്ണപുരം	7
12.	പന്തളം	15
13.	ഇരവിപേരൂർ	1
14.	പള്ളം	15
15.	കിടങ്ങൂർ	18
16.	കുമരകം	10
17.	ആലപ്പുഴ	24
18.	വൈക്കം	10
19.	ആലുവാ	30
20.	ദി FACT	14

21.	പറവൂർ	8
22.	തേവര	36
23.	പുനന്ദപുരം	8
24.	ഇടവിലങ്ങ്	12
25.	അഴീക്കോട്ട്	11
26.	ഇരിങ്ങാലക്കട	24
27.	ടി	32
	ആകെ	489

(സി) കൂടുതൽ വീടുകൾ പണിയാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഈ വർഷം താഴെ പറയുന്ന സ്ഥലങ്ങളിലായി 194 വീടുകൾ പണിയാൻ ഉദ്ദേശിക്കുന്നു.

1.	കാഞ്ഞിരപ്പള്ളി	16
2.	വാഴൂർ	20
3.	കല്ലുവാതുക്കൽ	20
4.	ചെറിയഴീക്കൽ	20
5.	നാഗർകോവിൽ	20
6.	മട്ടാഞ്ചേരി	30
7.	ചെങ്കോട്ട	15
8.	കായംകുളം	6
9.	കുളച്ചൽ	32
10.	കാലടി	15
	ആകെ	194

തോട്ടം തൊഴിലാളികൾക്ക് വൈദ്യസഹായം.

※ 696. [11] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന അനേകായിരം തൊഴിലാളികൾക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്നതിനു ഗവണ്മെന്റ് എന്തു നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാം;

(സി) ഇല്ലെങ്കിൽ ഉടനടി വേണ്ട നടപടികൾ എടുക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) എല്ലാ തൊഴിലാളികൾക്കും വേണ്ട വൈദ്യസഹായം കിട്ടുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

(ബി) തോട്ടം ഉടമകൾക്കു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട് അതനുസരിച്ച് അവർ ചെയ്യുന്നുണ്ടോ എന്നു അന്വേഷിക്കാറുമുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

Works Committee.

*697. [34.] **Shri N. A. Noor Muhammed:** Will the Minister for Works and Transport be pleased to state :

(*a*) the names of the members nominated to the Central Public Works Committee ;

(*b*) the parties to which they belong ;

(*c*) whether any member from the T. T. N. C. Party has been nominated ; and

(*d*) if not, the reason why ?

Minister for Works and Transport (**Shri A. Achuthan**) :

(*a*) The attention of the member is invited to the notification dated 15-5-1954 published in the Gazette dated 18-5-1954 (at pp. 639-641). Copy of the Notification is placed on the table.

(*b*) The nominations were made not on any party basis. It was effected as per rules contained in the notification PWS-12264/51/PWC dated 20-10-54 published in Gazette dated 21-10-54 (pp. 1200-1202) copy placed on the table.

(c) Does not arise. In view of answer to (*b*)

(*d*) do. do.

പുതിയ റെയിൽവേ.

* 698 [35] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-തിരുനെൽവേലി റെയിൽവേ ലൈൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്താൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) ;

ഈ റെയിൽവേ ലൈൻ അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രഗവണ്മെൻറിനോടാവശ്യപ്പെടുവാൻ ഉദ്ദേശിക്കുന്നുണ്ട്.

UNSTARRED QUESTIONS

കൃഷിവികസനപദ്ധതികൾക്കുള്ള മരാമത്തുപണി.

166. [1] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1950-നു ശേഷം മാവേലിക്കര താലൂക്കിൽ കൃഷിവികസന പദ്ധതികൾക്കായി പൊതു മരാമത്തു വകുപ്പിൽ നിന്നും എന്തെല്ലാം പണികൾ എവിടെയെല്ലാം ചെയ്തുവെന്നു പറയുമോ;

(ബി) ആറാട്ടുകടവു തൊടിയൂർ തോടിന്റെ പണി നടത്താത്തതിന്റെ കാര്യമെന്താണെന്നു പറയുമോ?

ഉത്തരം.

(എ) 1950-നുശേഷം മാവേലിക്കര താലൂക്കിൽ കൃഷിവികസന പദ്ധതികൾക്കായി പൊതുമരാമത്തുവകുപ്പിൽനിന്നും ചെയ്തിട്ടുള്ള പണികളുടെ ഒരു †ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) തെക്കേക്കര ആറാട്ടുകടവു തോടു നന്നാക്കുന്നതിനെപ്പററി അന്വേഷണങ്ങൾ നടത്തുകയും അതിനുവേണ്ടി 76,530 ഉറുപ്പികയുടെ എസ്റ്റിമേററ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ററ ഡവലപ്പ്മെൻറ കമ്മിററിയുടെ അംഗീകാരവും പണിക്കാവശ്യമുള്ള ഫണ്ടും ഉണ്ടാകുമ്പോൾ അതു നടത്തപ്പെടുന്നതാണ്.

ശുദ്ധജലവിതരണം.

167. [2] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ തുറവൂർ തെക്കും വടക്കും വയലാർ പടിഞ്ഞാറും വില്ലേജുകളിലെ തീരപ്രദേശങ്ങളിൽ ശുദ്ധജലത്തിൻെറ അഭാവത്തെപ്പററി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) അവിടങ്ങളിൽ ശുദ്ധജലം നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ഗവണ്മെൻറ് ആസൂത്രണം ചെയ്തിട്ടുണ്ടോ?

ഉത്തരം.

(എ, ബി) ചേർത്തലയിൽ പരീക്ഷണാർത്ഥം ഒരു കിണർ കുഴിക്കുന്നതിന് രണ്ടാമത്തെ പ്രയാറിററി ലിസ്റ്റിൽ ചേർക്കുന്നുണ്ട്. കൂടാതെ തീരപ്രദേശതാലൂക്കുകളായ ചിറയിൻകീഴ്, കൊല്ലം, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, ചേർത്തല, വൈക്കം, കൊച്ചി-കണയന്നൂർ, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളെ ഉദ്ദേശിച്ച് ഒരു ട്യൂബ് വെൽ പദ്ധതി നാഷണൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രഗവണ്മെൻറിൻെറ അംഗീകാരത്തിനയച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് മേൽപ്പറഞ്ഞ ഓരോ താലൂക്കിലും 25 കുഴൽക്കിണർ വീതം കുഴിപ്പിക്കുവാനാണുദ്ദേശം.

Breach in Azhinjikulam.

168. [4.] **Shri R. Ponnappa Nadar**: Will the Minister for Works and Transport be pleased to state :

(a) whether any petition has been received for closing a breach in Azhinjikulam in S. No. 2327 of Midalam Pakuthy, Vilavancode Taluk;

(b) has any action been taken on the same ;

(c) was that breach closed temporarily by the ryots;

(d) will this be closed by the Department?

†Placed in the Library.

Answer.

(*a*) Yes.

(*b*) Yes. Estimate is being prepared.

(*c*) Yes.

(*d*) Yes. Necessary action will be taken after the estimate is sanctioned.

Lift Irrigation.

169. [5.] **Shri R. Ponnappa Nadar:** Will the Minister for Works and Tran sport be pleased to state:

(*a*) whether any investigation has been made for the opening of a Lift Irrigation from Pambooni Vaikal at Mannoonkulam in Midalam Pakuthi, Vilavancode Taluk;

(*b*) what is the total cost for the same;

(*c*) what would be the area benefited by the scheme;

(*d*) will the scheme be sanctioned at an early date ?

Answer.

(*a*) The scheme has not been thoroughly investigated.

(*b*), (*c*) and (*d*) In view of the answer to (*a*) above, the questions do not arise.

Buses to run into Thangasseri.

170. [12.] **Shri A. A. D. Luiz:** Will the Minister for Works and Transport be pleased to state why buses are not being permitted to run into Thangasseri (Quilon) area ?

Answer.

There are two buses which have valid permits to run service on the routes Umayanallur-Thangasseri and Thattamala-Thangasseri from the 6th June 1952 and 10th July 1952 respectively. These vehicles are permitted to run into Thangasseri (Quilon) area.

Tanks.

171. [14.] **Shri M. William:** Will the Minister for Works and Transport be pleased to state:

(*a*) how many tanks are there in Vilavancode:

(*b*) are the Government aware of the fact that most of the tanks are silted up and rendered useless;

(*c*) will the Government take early steps to deepen all the tanks in the taluk and make them useful;

(*d*) will the Government appoint a separate section office for Vilavancode for the supervision and annual maintenance of tanks in the taluk?

Answer.

(*a*) 936 tanks.

(*b*) No.

(*c*) From the inception of the Community Project all new minor Irrigation Works in the Vilavancode Taluk are being done by the Project authorities with the help of local public.

(*d*) The need for a separate section does not arise as all urgent works are promptly attended to by the Project authorities.

ട്രാവലേഴ്സ് ബംഗ്ലാവുകൾ.

172. [22] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവലേഴ്സ് ബംഗ്ലാവുകൾ ആകെ എത്രയെണ്ണം തിരുവിതാംകൂർ-കൊച്ചിയിലുണ്ട്;

(ബി) തിരുവല്ലായിൽ ഒരു ട്രാവലേഴ്സ് ബംഗ്ലാവുണ്ടോ;

(സി) തിരുവല്ലാ ടി. ബി. യോട് അനുബന്ധിച്ച് ഒരു ഔട്ട് ഹൗസ് ഉണ്ടോ;

(ഡി) അത് താമസക്കാർക്ക് വാടകയ്ക്കു് കൊടുക്കുകൂടായെന്ന് തിരുവല്ലാ സബ് ഡിവിഷൻ ആഫീസർ നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ഇ) ഈ ഔട്ടുഹൗസ്കൂടി വാടകയ്ക്കു് കൊടുക്കുന്നതിനു വേണ്ട നിർദ്ദേശം തിരുവല്ലാ പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ ആഫീസർക്ക് നൽകുമോ?

ഉത്തരം.

(എ) റെസ്റ്റ് ഹൗസുകൾ ഉൾപ്പെടെ ആകെ 54 എണ്ണമുണ്ട്.

(ബി) ഇല്ല. തിരുവല്ലായിൽ ഒരു ക്യാമ്പുഷെഡ്ഡ് മാത്രമേ ഉള്ളു.

(സി) ഇല്ല.

(ഡി) മുൻ ഉത്തരമനുസരിച്ച് ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

LEGISLATIVE BUSINESS.

Mr. Speaker: We will proceed to Legisalative Business.

ശ്രീ. പി. കെ. യശോധരൻ: സർ, ഒരു പായിന്റ് ആഫ് ഇൻഫർമേഷൻ. കഴിഞ്ഞ വെള്ളിയാഴ്ച ഈ സഭാതലത്തിൽ ഞങ്ങളുടെ പാർട്ടി നേതാവ് ഇവിടെ വിദ്യാർത്ഥികൾ നടത്തുന്ന സമരത്തിന് ഒരു ഒത്തുതീർപ്പുണ്ടാകാത്തതിൽ മുഖ്യമന്ത്രിയേയും മററും കുല്ലെറിയണമെന്ന് വിദ്യാർത്ഥികളെ ഉപദേശിച്ചുവെന്നും മററും കാണിച്ച് മുഖ്യമന്ത്രിക്ക് ഒരു ലററർ കമ്മ്യൂണിസ്ററുപാർട്ടി നേതാവ് കൊടുക്കുകയുണ്ടായി. അതേത്തുടർന്ന് പോലീസുകാർ ഞങ്ങളെ രഹസ്യമായി പിൻതുടർന്നുകൊണ്ടിരിക്കുകയും മററു ഉപദ്രവങ്ങൾ ഞങ്ങൾക്ക് നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതേപ്പററി ഈ സഭയുടെ നേതാവ് എന്തുപറയുന്നു എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: This is not the time for that anyhow. Shri T. K. Krishnan may introduce the Travancore-Cochin Fixation of Paddy Prices Bill.

THE TRAVANCORE-COCHIN FIXATION OF PADDY PRICES BILL.

ശ്രീ. കെ. പി. ഗോപാലമേനോൻ: സർ, ഈ ബില്ല് ഈ സഭയിൽ അവതരിപ്പിക്കുന്നതിനും ഈ സഭയ്ക്ക് അതു പാസ്സാക്കുന്നതിനും അധികാരമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. ഇൻഡ്യാ ഗവൺമെന്റ് 1954 ജൂലായ് 10-ാംതിയതി പുറപ്പെടുവിച്ച ഓർഡർ ജൂലായ് 24-ാം തീയതിയിലെ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റ് ഗസറ്റിൽ 990-ാം പേജിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ ആർഡറിൽ ഇങ്ങനെ പറയുന്നു:

"This order shall have effect notwithstanding anything inconsistent therewith contained in any enactment other than the said Act.

Orders made by State Government to cease to have effect.

No order.

(*a*) made or deemed to be made under the said Act by the Government of a State or by any officer or other authority in that State; or

(*b*) made by the Government of a State or by any Officer or other authority in that State under any other law for the time being in force in that State, shall have effect so as to prohibit, restrict or control the movement of rice from any place in a State to any other place within or outside that State or so as to regulate or control the production, price or distribution thereof in any manner whatsoever."

അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിനും പാസാക്കുന്നതിനും ഈ സ്റ്റേറ്റിനും ഈ സഭയ്ക്കും അധികാരമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഈ ബിൽ അവതരിപ്പിക്കുന്നതിനെപ്പറ്റി ആർക്കെങ്കിലും ഒബ്ജക്ഷൻ ഉണ്ടായിരുന്നുവെങ്കിൽ അതു പ്രകടിപ്പിക്കേണ്ട ഘട്ടം കഴിഞ്ഞിരിക്കുകയാണ്. ഈ ബില്ലിന് ലീവ് ആവശ്യപ്പെട്ടപ്പോൾ ഒബ്ജക്ഷൻ കൊണ്ടുവരാമായിരുന്നു. ബിൽ അവതരിപ്പിക്കുവാൻ അനുവാദം നൽകിക്കഴിഞ്ഞു. ഇപ്പോൾ ഇൻട്രഡക്ഷനുള്ള സ്റ്റേജാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഏതെങ്കിലും ഒരു നിയമം ഇവിടെ ചർച്ച ചെയ്യാൻ പാടില്ലാത്തതാണെന്ന് ഏതു ഘട്ടത്തിലും പറയാവുന്നതല്ലേ? ലീവ് കൊടുത്ത അവസരത്തിൽ ഒബ്ജക്ഷൻ കൊണ്ടുവന്നില്ല എന്നുവച്ച് ന്യായമാണെന്നു തോന്നുന്ന ഒരു ഒബ്ജക്ഷൻ ഏതു ഘട്ടത്തിലും ഉന്നയിക്കാവുന്നതല്ലേ?

മി. സ്പീക്കർ: ഈ ബില്ല് ഇവിടെ ചർച്ച ചെയ്യാവുന്നതാണെന്നു പറയുകയും അതനുസരിച്ച് അനുവാദം കൊടുക്കുകയും ചെയ്തു. ഈ തടസ്സം ഒന്നും അപ്പോൾ ഉന്നയിച്ചുകണ്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ നിയമപ്രകാരം നെല്ലിന്റെ വില ഇന്ന നിരക്ക് എന്നു നിശ്ചയിക്കുന്നില്ല. ഗവൺമെന്റു നിശ്ചയിക്കുന്ന വില എന്നേ പറയുന്നുള്ളു. അതുകൊണ്ട് ഇവിടെ ഇതു് ചർച്ചാവിഷയമാകുന്നതിന് വിരോധമില്ല.

മി. സ്പീക്കർ: ഈ ബില്ല് ഇവിടെ ചർച്ചാവിഷയമാക്കുന്നതിന് നിയമതടസ്സമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതുകൊണ്ട് ബിൽ അവതരിപ്പിക്കുവാൻ അനുവാദം കൊടുക്കുന്നു.

Shri Thalekkara Krishnan: I beg to introduce the Travancore-Cochin Fixation of Paddy Prices Bill.

Shri P. Kunjachan: I second it.

Mr. Speaker: The Bill stands introduced.

THE TRAVANCORE-COCHIN DEBT RELIEF BILL.

Shri P. V. Avira Tharakan: I beg to introduce the Travancore-Cochin Debt Relief Bill.

Shri K. A. Balan: I second it.

Mr. Speaker: The Bill stands introduced.

THE TRAVANCORE-COCHIN MALAYALA BRAHMIN BILL.

Shri Changarappalli P. Narayanan Potti: I beg to introduce the Travancore-Cochin Malayala Brahmin Bill.

Shri P. K. Yesodharan: I second it.

Mr. Speaker: The Bill stands introduced.

THE TRAVANCORE-COCHIN ARTISANS PROTECTION BILL.

Shri K. I. Velayudhan: I beg to introduce the Travancore-Cochin Artisans Protection Bill.

Shri P. K. Abdul Khader: I second it.

Mr. Speaker: The Bill stands introduced.

We will now pass on to resolutions.

RESOLUTIONS.

ശ്രീ. ടി. വി. തോമസ്: സർ, റസല്യൂഷനെപ്പറ്റിയുള്ള വാദപ്രതിവാദം ചെയ്യുന്നതിനുമുമ്പ് ഡ്രാഫ്റ്റ് റൂൾസിനെപ്പറ്റി ചർച്ച നടത്തിയാൽ കൊള്ളാമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി. സ്പീക്കർ: ഡ്രാഫ്റ്റ് റൂൾസ് എത്രയുംവേഗത്തിൽ പാസാക്കിയാൽ കൊള്ളാം. എന്നാൽ അതു് ഇന്നത്തെ അജൻഡയിൽ ഇല്ല. പക്ഷെ അതു ഗവൺമെന്റു ബിസിനസ് അല്ല. ഈ ഹൗസിന്റെ ബിസിനസ് ആണ്. സഭയുടെ അനുവാദമുണ്ടെങ്കിൽ ഡ്രാഫ്റ്റ് റൂൾസിനെപ്പറ്റി ഇപ്പോൾ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. എം. ചാണ്ടി: ഞങ്ങളുടെ പാർട്ടിക്ക് അതു സമ്മതമാണ്.

ശ്രീ. പി. വിശ്വംഭരൻ: ഈ പ്രോഗ്രാം ഇന്നത്തെ അജൻഡയിൽ ഉൾപ്പെടുത്താത്തതുകൊണ്ട് റൂൾസൊന്നും കൊണ്ടുവന്നിട്ടില്ല.

മി. സ്പീക്കർ: കഴിഞ്ഞ ദിവസം ഇതു് അജൻഡയിൽ ഉൾപ്പെടുത്തിയിരുന്നതാണു്. എല്ലാവരും ഇതിനെപ്പററിയുള്ള ചർച്ച തുടങ്ങുവാൻ സമ്മതിച്ചു. ഒരുമണിക്കൂറിനകം പ്രമേയത്തെപ്പററിയുള്ള ചർച്ചകൾ അവസാനിപ്പിക്കുവാൻ സൗകര്യം ഉണ്ടായിരിക്കുകയും ചെയ്യും. അതിനാൽ ഡ്രാഫ്റ്റ റൂൾസിനെപ്പററിയുള്ള ചർച്ചകൾ അപ്പോൾതന്നെ തുടരാവുന്നതാണു്.

ശ്രീ. ജോസഫ് ചാഴികാട്ടു്: സർ, ഇന്നത്തെ അജൻഡയിൽ ഈ വിഷയം ഉൾപ്പെടുത്താഞ്ഞതുകൊണ്ടു് ഞങ്ങൾ അതിനുവേണ്ടി തയാറായി വന്നിട്ടില്ല.

മി. സ്പീക്കർ: ഈ സഭയുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു് പരിപാടിക്കു് ഒരു ചെറിയമാററം വരുത്തിയതാണു്.

ശ്രീ. ജോസഫ് ചാഴികാട്ടു്: രണ്ടുമണിക്കു് ഇതിൻെറ ചർച്ച എടുത്താൽ പോരേ എന്നാണു ഞാൻ ചോദിക്കുന്നതു്?

മി. സ്പീക്കർ: അക്കാര്യത്തിൽ സഭയുടെ അഭിപ്രായം എന്താണെന്നറിഞ്ഞാൽകൊള്ളാം.

ശ്രീ. കെ. എം. ചാണ്ടി: ഞങ്ങൾക്കു വിരോധമില്ല.

ശ്രീ. ടി. വി. തോമസ്: ഞങ്ങൾക്കും വിരോധമില്ല.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ റൂൾസിനെപ്പററിയുള്ള ചർച്ച രണ്ടുമണിക്കു തുടരുന്നതാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ഗവൺമെൻറിൻെറ മദ്യനിരോധനനയം നിറുത്തൽ ചെയ്യണമെന്നുള്ള പ്രമേയത്തെ അനുകൂലിച്ചു് ഞാൻ കഴിഞ്ഞ ദിവസം സംസാരിക്കുകയായിരുന്നു. ഇതേസംബന്ധിച്ചു് ഈ സഭയിൽതന്നെ പലക്കും കഠിനമായ അഭിപ്രായവ്യത്യാസമുണ്ടെന്നു എനിക്കറിയാം. ഇതിനെപ്പററി പ്രമേയത്തിൻെറ അവതാരകൻതന്നെ വിലയേറിയ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. മദ്യനിരോധന നയത്തെക്കുറിച്ചുപറയുമ്പോൾ ചില വസ്തുതകൾ കൂടി ഈ സഭയെ അറിയിക്കേണ്ടതു് ആവശ്യമാണു്. കുടിയന്മാരായ ഏതെങ്കിലും അംഗങ്ങൾ ഉണ്ടെങ്കിൽ അവരെ പാർട്ടിയിൽനിന്നും പുറത്താക്കുന്ന ഒരു പാർട്ടിയിലെ അംഗം എന്ന നിലക്കു് മദ്യനിരോധനത്തെ പിൻവലിക്കണമെന്നു ഞാൻ ആവശ്യപ്പെടുവാൻ തക്കതായ കാരണമുണ്ടു്.

ശ്രീ. ടി. ഒ. ബാവാ: പരിപാടികളും പ്രസംഗവും തമ്മിൽ ഒട്ടും പൊരുത്തമില്ലാത്ത പാർട്ടിയാണു് അതു് എന്നാണോ ഇതിൻെറ അർത്ഥം.

ശ്രീ. സി. കെ. വിശ്വനാഥൻ: അല്ല സർ; കാൺഗ്രസ്സിനെപ്പോലെ പരിപാടികൾ കടലാസിൽ എഴുതിവച്ചിട്ടു് അതിനെതിരായി പ്രവർത്തിക്കുന്ന കൂട്ടരല്ല ഞങ്ങൾ. മദ്യനിരോധനം ഞങ്ങളുടെ നയമാണെന്നു് കടലാസിൽ എഴുതിവക്കുകയും അതേഅവസരത്തിൽ കുടിക്കുകയും ചെയ്യുന്ന വഴക്കം ഞങ്ങൾക്കില്ല.

ശ്രീ. എ. താണുപിള്ള : ഒരു വിവരം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്, നിങ്ങളുടെ പാർട്ടിയിലെ അംഗങ്ങൾ കുടിക്കാൻ പാടില്ല എന്നു നിയമമുണ്ടോ ?

ശ്രീ. സി. കെ. വിശ്വനാഥൻ : ഉണ്ടെന്നാണ് എന്റെ അറിവ്.

ശ്രീ. എ. താണുപിള്ള : ഇതു് ഇവിടത്തെ നിയമം മാത്രമാണോ? മററ് എല്ലാസ്ഥലങ്ങളുമുള്ള കമ്മ്യൂണിസ്ററ പാർട്ടിയുടെ നിയമം ഇതു തന്നെയാണോ ?

ശ്രീ. സി. കെ. വിശ്വനാഥൻ : ഇതുതന്നെയാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

സർ, ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു വേണ്ടി വളരെ അധികം പണം ആവശ്യമുള്ള ഈ സന്ദർഭത്തിൽ ഗവണ്മെൻറ് മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം കഴിഞ്ഞ 6 കൊല്ലത്തിനിടയിൽ ഏകദേശം 5 കോടി രൂപ ഗവണ്മെൻറ നഷ്ടപ്പെടുകയാണുണ്ടായതു്. മദ്യനിരോധനം ഏർപ്പെടുത്തിയതു മൂലം ആണ്ടുതോറും 74 ലക്ഷം രൂപ നഷ്ടപ്പെടുന്നു എന്ന് ഗവണ്മെൻറ പറയുന്നു. അതിൽതന്നെ എനിക്കു് അഭിപ്രായ വ്യത്യാസമുണ്ട്. ഓരോ കൊല്ലത്തിലും ഷാപ്പുകൾ ലേലംചെയ്തുകൊടുക്കുമ്പോൾ ഇതിനേക്കാൾ കൂടുതൽ തുക ഗവണ്മെൻറിനു കിട്ടുന്നതാണ് എന്നു ആണ്ടുതോറുമുള്ള ലേലത്തുക പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. എന്തായാലും അനാവശ്യമായ ഒരു സംഗതിക്കുവേണ്ടി അല്ലയോ ഗവണ്മെൻറ് ഈ അഞ്ചുകോടി രൂപ നഷ്ടപ്പെട്ടതു് എന്നു് ഞാൻ ചോദിക്കുന്നു. നമ്മുടെ ദേശീയവികസനപദ്ധതികൾക്കുവേണ്ടി പണം ഇല്ലാ, ഇല്ലാ എന്ന് മുറവിളി കൂട്ടുന്നു. അതേസമയം ഭീമമായ ഒരു തുക മദ്യനിരോധനത്തിന്റെ പേരിൽ ഗവണ്മെൻറ് ആണ്ടുതോറും നഷ്ടപ്പെടുകയും ചെയ്യുന്നു. അതേസമയം മദ്യനിരോധനംകൊണ്ട് തൊഴിലില്ലാതായിട്ടുള്ളവരുടെ എണ്ണം 30000 ആണ്. തൊഴിലില്ലായ്മയ്ക്കുകൂടി പരിഹാരം കാണാവുന്ന ദേശീയവികസനത്തിനുള്ള പദ്ധതികൾക്കു വിനിയോഗിക്കാവുന്ന 5 കോടിയിൽ അധികം രൂപ നഷ്ടപ്പെടുത്തുന്നതുകൊണ്ട് ഫലത്തിൽ പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യങ്ങളെ ഇവർ പരാജയപ്പെടുത്തുകയാണ്.

കാൺഗ്രസ്സ് അധികാരത്തിലിരുന്നപ്പോൾ ആണ് മദ്യനിരോധനം ഇവിടെ ഏർപ്പെടുത്തിയതു്. അന്നിവിടെ ഈ സഭയിൽ പറയത്തക്ക പ്രതിപക്ഷകക്ഷികളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. പക്ഷേ ജനസ്വാധീനമുള്ള കക്ഷികൾ വെളിയിൽ പ്രവർത്തിച്ചിരുന്നു. ആ അവസരത്തിൽ ഇതിൽ നിന്നുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെപ്പററി കാൺഗ്രസ്സ് പാർട്ടി ഒട്ടും തന്നെ ആലോചിക്കാതെ, ഒരു കാൺഗ്രസ്സ് പാർട്ടി കാര്യമായിട്ടാണ് മദ്യനിരോധനനയം ഇവിടെ ഏർപ്പെടുത്തിയതു്. ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെൻറിന്റെ നയവും കാൺഗ്രസ്സ് പാർട്ടിയുടെ നയത്തിൽനിന്നും ഒട്ടുംതന്നെ വിഭിന്നമല്ല.

ശ്രീ. എൻ. ജി. ചാക്കോ : ചൈനയിൽ കള്ളുകുടിയുണ്ടോ ?

ശ്രീ. സി. കെ. വിശ്വനാഥൻ : ഞാൻ ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിലെ കാര്യമാണ് പറയുന്നതു്. ചൈനയിലെ കാര്യമല്ല.

ശ്രീ. കെ. എം. ചാണ്ടി: കോൺഗ്രസ്സ് പാർട്ടി മദ്യനിരോധനം ഏർപ്പെടുത്തുമെന്ന് പറഞ്ഞ മാനിഫെസ്റ്റോ പ്രസിദ്ധപ്പെടുത്തിയിരുന്നതിനെ അടിസ്ഥാനമാക്കിയാണ് മദ്യനിരോധനം ഇവിടെ ഏർപ്പെടുത്തിയതെന്നറിയാമോ?

ശ്രീ. സി. കെ. വിശ്വനാഥൻ: പല കാര്യങ്ങളും തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോവിൽ പറഞ്ഞിരുന്നു. അതിൽ മദ്യനിരോധനം മാത്രം ഏർപ്പെടുത്തിയതു എന്താണെന്നുള്ളതിനെ സംബന്ധിച്ചു കോൺഗ്രസ്സുകാർ മൗനം ദീക്ഷിക്കുന്നതു് അർത്ഥവത്താണ്. ഈ രാജ്യത്തെ കൃഷിക്കാർക്ക് കൃഷി ഭൂമിയും തൊഴിലാളികൾക്ക് ജീവിക്കാൻ തക്ക പരിതഃസ്ഥിതികളും, മററു ജന വിഭാഗങ്ങൾക്ക് ഒരു ക്ഷേമ രാഷ്ട്രത്തിന്റെ പ്രയോജനം ലഭിക്കത്തക്ക ഒരു പദ്ധതിയും സൃഷ്ടിച്ചശേഷം മദ്യ നിരോധനം സ്വീകരിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുമായിരുന്നു. ഇന്ന് നമ്മുടെ നാട്ടിൽ മുഴുവൻ മദ്യനിരോധനം ഏർപ്പെടുത്തിയാൽ ഒരു ലക്ഷത്തിലധികം ആളുകൾ പരിപൂർണ്ണമായി തൊഴിലില്ലാത്തവരായി തീരുമെന്ന് നമുക്കെല്ലാം അറിയാം. മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള താലൂക്കുകളിൽ മാത്രം മുപ്പതിനായിരത്തോളം ആളുകൾ ഇതുമൂലം തൊഴിലില്ലാത്തവരായി തീർന്നിട്ടുണ്ട്. മദ്യനിരോധനം ഏർപ്പെടുത്തുന്നതിനുമുമ്പെ ഈ ആളുകൾക്ക് എങ്ങനെ തൊഴിൽ കൊടുക്കാമെന്നുള്ളതിനു ഒരു പദ്ധതി ആവിഷ്കരിക്കേണ്ടിയിരുന്നു. മദ്യം ഉപയോഗിക്കുന്നവരെ പിടിക്കാൻ പോലീസുകാരെയല്ല നിയോഗിക്കേണ്ടതു്. അതിലേയ്ക്കു ജനങ്ങളുടെയിൽ വിപുലമായ പ്രചരണം നടത്തി അവരെ അതിൽനിന്നും പിൻതിരിപ്പിക്കാൻ കഴിയുമായിരുന്നു. കാഗ്രസ് പാർട്ടി അതിനൊന്നും തയ്യാറാകാതെയാണ് ഈ മദ്യനിരോധനം ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളതു്. 1118-ൽ കോൺഗ്രസ് പാർട്ടി സമരം നടത്തിയിരുന്ന കാലത്തു് മദ്യനിരോധനത്തിനും പുകയില നിരോധനത്തിനും വേണ്ടി വാദിച്ചപ്പോൾ പതിനായിരക്കണക്കിനു ആളുകൾ അവരുടെ പിന്നിൽ അണിനിരന്നിരുന്നു. അങ്ങനെ ഒരു അന്തരീക്ഷം സൃഷ്ടിച്ചു ജനങ്ങളുടെ പരിപൂർണ്ണമായ ആനുകൂല്യത്തോടു കൂടി മദ്യനിരോധനം നടത്താൻ കോൺഗ്രസ് പാർട്ടി ആലോചിക്കേണ്ടിയിരുന്നു. ഇന്ന് രാജ്യത്തു് ഒരു പ്രതിസന്ധിഘട്ടമാണുള്ളതെന്ന് എല്ലാവരും സമ്മതിക്കും, അതിനു പരിഹാരം കാണാൻ രാഷ്ട്രീയ പാർട്ടികൾ എല്ലാം കൂടി ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സമയമാണിതു്. ഈ അവസരത്തിൽ മദ്യനിരോധനം വികസിപ്പിക്കാൻ ശ്രമിക്കുന്നതു് ശരിയാണോയെന്ന് ഗൗരവമായി ആലോചിക്കേണ്ടതാണ്. അതുപോലെ തന്നെ മദ്യനിരോധന മേഖലകളിൽ മദ്യം ആളുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും ഈ സഭ ആലോചിക്കേണ്ടതാണ്. ഇതു പറയുമ്പോൾ ഇവിടെയുള്ള ചില മെമ്പർമാർക്കുപോലും കഴപ്പും ചാട്ടവും ഉണ്ടാക്കുന്ന രീതിയിലുള്ള കള്ള് ഉണ്ടാക്കണമെന്നല്ല ഞങ്ങൾ ഉദ്ദേശിക്കുന്നതു്. ഇവിടെ അബ്കാരി നിയമങ്ങളുണ്ട്. ആ നിയമങ്ങളുടെ അടിസ്ഥാനത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ പ്രവർത്തിച്ചാൽ ലഹരിയില്ലാത്ത കള്ളുവിററ് സമൂഹത്തിനെ അധഃപതനത്തിലേയ്ക്കു തള്ളിവിടാതിരിക്കാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. മദ്യനിരോധനംകൊണ്ട് ഉളവാക്കാമെന്നു വിശ്വസിക്കുന്ന സാമൂഹ്യവും സാംസ്കാരികവുമായ ഉന്ന

[ശ്രീ സി. കെ. വിശ്വനാഥൻ]

മനം ലഹരിയില്ലാത്ത കള്ളു ഉപയോഗശീലവും പരിപൂർണ്ണമായി വരുത്താൻ കഴിയും. അതിനുള്ള ശ്രമങ്ങൾ നടത്താതെ ഞങ്ങളുടെ മാനിഫെസ്റ്റോവിൽ പറഞ്ഞിട്ടുള്ളതാണെന്നു പറഞ്ഞ് രാജ്യത്തെ മുതലെടുപ്പിനേയും ആയിരക്കണക്കിനു തൊഴിലാളികളെയും ബാധിക്കുന്ന ഈ കാര്യം കാൺഗ്രസ്സ് ഗവൺമെന്റ് തുടങ്ങിവച്ചു. ഇന്നുള്ള ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുന്നതു് മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽത്തന്നെ ലിഫ്റ്റ് ചെയ്യണമെന്നാണ്. അങ്ങനെ ഈ നിരോധനം ലിഫ്റ്റ് ചെയ്തുകഴിഞ്ഞാൽ ഒരുകോടി രൂപയോളം ഗവൺമെന്റിനു ആദായം കിട്ടും. അതു് വികസനപദ്ധതികൾക്ക് ഉപയോഗിച്ചു തൊഴിലാളികൾക്ക് പണി കൊടുക്കാൻ പ്രയോജനപ്പെടുത്താം. ആ നിലയിൽ ചിലരുടെ വിശ്വാസത്തെ മാത്രം നിലനിറുത്തി ഈ പ്രശ്നത്തെ സമീപിക്കാൻ പാടില്ലെന്നാണ് ഞങ്ങൾ പറയുന്നതു്.

മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ട് കുറ്റം കുറഞ്ഞുവെന്ന് ചിലർ പ്രസ്താവിക്കുകയുണ്ടായി. മദ്യനിരോധനം ഏർപ്പെടുത്തിയശേഷം ആ കാരണങ്ങൾകൊണ്ട് കുറ്റങ്ങൾ കുറഞ്ഞതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ഈ മദ്യനിരോധന മേഖലകളിൽ വ്യാജമദ്യം വിൽക്കാതിരിക്കുന്നുണ്ടോ? ഈ സഭയിലെ എല്ലാ മെംബർമാർക്കും അറിയാം ഈ മേഖലകളിൽ നെല്ലിക്കായിൽനിന്നും നെല്ലിൽനിന്നും വാഴമാണത്തിൽനിന്നും കശുവിൻ മാങ്ങയിൽനിന്നും മദ്യം ഉണ്ടാക്കി ഒരു കുടിൽ വ്യവസായമെന്നോണം വില്പന നടത്തിവരുന്നുണ്ട്. അങ്ങനെയിരിക്കെ മദ്യനിരോധനം ഏർപ്പെടുത്തിയാൽ ഉണ്ടാകുന്ന ഗുണം ഇപ്പോൾ കിട്ടുന്നില്ലെന്ന് എല്ലാവർക്കും അറിയാൻ കഴിയും. ആളുകൾ ഇഷ്ടംപോലെ കുടിക്കുന്നുണ്ട്. രഹസ്യമായി ഉണ്ടാക്കി രഹസ്യമായി കൈകാര്യം ചെയ്യുന്നുവെന്നുമാത്രം. അങ്ങനെ ഇന്ന് മുമ്പിലത്തെക്കാൾ കൂടുതൽ പണം ചെലവുചെയ്തു കുടി തുടർന്നുകൊണ്ടിരിക്കുകയാണ്. ആ നിലയിൽ മദ്യനിരോധനം ജനങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ നിലവാരം ഉയർത്തുന്നതിനു കഴിയുമെന്ന വാദത്തിന് യാതൊരു അർത്ഥവും ഇല്ല. മദ്യനിരോധനം പാടെ പൊളിഞ്ഞിരിക്കുകയാണ്. ഒരു നിയമം ഏർപ്പെടുത്തിയതു് തെറ്റാണെന്നുകണ്ടാൽ അതു തിരുത്താൻ സന്നദ്ധത ഏതു ഗവൺമെന്റും കാണിക്കേണ്ടതാണ്. ഒരു കോടിരൂപ കിട്ടുന്നകാര്യത്തിൽ ഒരു സെന്റിമെന്റായ വാദംവച്ചുകൊണ്ട് ഞങ്ങൾ ഏർപ്പെടുത്തിയതായതുകൊണ്ട് അതു് പിൻവലിക്കുകയില്ലായെന്നു പറയുന്നതിൽ അർത്ഥമില്ല.

സർ, ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. അതു പറയുമ്പോൾ അപ്രസക്തമാകുന്നു എന്നു പറഞ്ഞ് തടയരുതെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. പല നിയമനിർമ്മാണങ്ങളും നടന്നിട്ടുള്ളതു് ഞങ്ങളുടെ ദയാദാക്ഷിണ്യംകൊണ്ട് ആണെന്ന് കാൺഗ്രസ്പാർട്ടിയിൽപ്പെട്ട പലരും പറയാറുണ്ട്. അത്തരം നിയമങ്ങളുടെ സ്രഷ്ടാക്കളും സംരക്ഷകരുമായി അവരെ കണക്കാക്കണമെന്നും അവർ അവകാശപ്പെടാറുണ്ട്. കഴിഞ്ഞ ദിവസം ഈ നിയമം കാൺഗ്രസ്കാരാണ് ഉണ്ടാക്കിയതെന്ന് അവർ വമ്പുപറയുകയുണ്ടായി. ഏതു നിയമവും ഉണ്ടാക്കുമ്പോൾ വളരെ പ്രധാനമായി ആലോചിക്കേണ്ട സംഗതി നമ്മുടെ ജന

ങ്ങളെ അതു് ഏതു തരത്തിൽ ബാധിക്കുമെന്നുള്ളതാണു്. അവരുടെ സാമൂഹ്യബോധത്തെയും സാമൂഹ്യാവശ്യങ്ങളുടെ നിലവാരത്തേയും നിയമനിർമ്മാണത്തിനടിസ്ഥാനമായി കണക്കാക്കണം. അങ്ങനെ ആലോചിച്ചിട്ടാണോ കാൺഗ്രസ്സ് ഈ മദ്യനിരോധനനിയമം ഇവിടെ ഏർപ്പെടുത്തിയതെന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ നാട്ടിലെ ജനങ്ങൾ ആവശ്യപ്പെടുന്ന അഭിലാഷങ്ങൾക്കു നിയമനിർമ്മാണം ഒരിക്കലും തടസ്സമായി നിൽക്കാൻ പാടില്ല. അങ്ങനെ ഈ നാട്ടിലെ ജനങ്ങളുടെ താൽപര്യത്തിനെതിരായി ഒരു ന്യൂനപക്ഷത്തിന്റെ താൽപര്യത്തിനുമാത്രം രൂപം കൊടുക്കുന്ന നിയമങ്ങൾ നിർമ്മിച്ചു നടപ്പിലാക്കുമ്പോഴാണു് ഞങ്ങൾ അവ പിൻതിരിപ്പന്മാരാണെന്നു പറയുന്നതു്. ഈ രാജ്യത്തു് പഞ്ചായത്തു് ആക്ടു് ഉണ്ടാക്കിയിട്ടുള്ളതു് ഞങ്ങളാണെന്നു കാൺഗ്രസ്സ്പാർട്ടി അവകാശപ്പെടുന്നുണ്ടു്. പ്രായപൂർത്തി വോട്ടവകാശം ഉണ്ടാക്കിയിട്ടുള്ളതും അവരാണെന്നു് അവകാശപ്പെടുന്നുണ്ടു്. കറാച്ചി പ്രമേയത്തിൽ ജന്മിത്വം അവസാനിപ്പിക്കേണ്ടതാണെന്നു് പറഞ്ഞിട്ടു് ആ രാജ്യത്തിലെ ബഹുഭൂരിപക്ഷത്തിന്റെ അഭിലാഷമായപ്പോൾ ജന്മിക്കു പ്രതിഫലം കൊടുക്കുന്നതിനു് വ്യവസ്ഥ ചെയ്യുന്ന ഭരണഘടന എഴുതിയുണ്ടാക്കിയവർ പുരോഗമനവാദികളാണെന്നു പറയുന്നതു് ശരിയായിരിക്കുകയില്ല. പുരോഗമനത്തിനു ആവശ്യമായ അടിസ്ഥാനപരമായ ഇത്തരം പ്രശ്നങ്ങളിൽ ജനങ്ങളുടെ വീക്ഷണഗതിയില്ലാത്തവർ പുരോഗമനവാദികളാണോ എന്നു് ഗൗരവമായി സഭ ആലോചിക്കേണ്ടതാണു്. ഇന്നു് ഈ മദ്യനിരോധനനിയമം നടപ്പിലാക്കുന്നതു് ഒരു പരാജയമാണെന്നു് കണ്ടുകഴിഞ്ഞിട്ടുണ്ടു്. നമ്മുടെ ദേശീയ പുനഃസംവിധാനപദ്ധതിക്കു സഹായകമല്ലെന്നു കാണുന്ന ഈ പദ്ധതി ഈ രാജ്യത്തു് ഏർപ്പെടുത്താമോയെന്നുള്ളതിനെപ്പറ്റി ജനപ്രതിനിധികൾ പ്രത്യേകം ആലോചിക്കേണ്ടതാണു്. ഈ പദ്ധതി കാൺഗ്രസ്സ് പാർട്ടിയുടെ പരിപാടിയാണെന്നു കരുതി സോഷ്യലിസ്റ്റ് പാർട്ടി അതിനെ മുറുകെ പിടിച്ചുകൊണ്ടു നിൽക്കാതെ നമ്മുടെ രാജ്യത്തെ ഇന്നത്തെ പ്രത്യേക സാഹചര്യങ്ങളിൽ മദ്യനിരോധനം തുടരുന്നതു് ഒരു ദേശീയവിപത്താണു് എന്നു കണക്കാക്കി പിൻവലിക്കുന്നതിനു ഈ സഭ തീരുമാനിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: In order that the views of all groups and parties may be elicited on this question, I call upon Mr. Luiz to speak.

Shri A. A. D. Luiz: Sir, almost all the nations and peoples of the world have had the good will, at various stages of human history, to eradicate evils from drink by prohibiting the use of it. Prohibition is not a modern concept, perhaps it is as old as humanity itself. However attempts all over the world have failed. But that is no reason to presume that Prohibition is failing or will totally fail in the Travancore-Cochin State. I propose to give this House a general survey of Prohibition both in the ancient and modern world.

One thousand and one hundred years before the birth of Christ, the Emperor of China introduced prohibition and ordered the uprooting of all grape vines in China. I do not know whether

[Shri A. A. D. Luiz]

they have since then been re-introduced. But prohibition in China did not succeed. The laws of the Great Roman Empire had various restrictions on the use of alcohol. Plutarch declares upon the authority of Eudoxus that wine was wholly forbidden to the Kings of Egypt. Lycurgus, the Spartan law giver had vineyards destroyed to prevent the making of wine. Strange enough all these attempts were failures.

Coming to modern times, *Canada* introduced prohibition in 1914 and abandoned the idea after eight years. *Australian* States, some of them passed an Act in 1919 to take public opinion on prohibition and this was done in 1928 when it was discovered that public opinion was against prohibition and hence it was abandoned. *New Zealand* introduced prohibition in certain areas in 1919 but realising that it will not create a paradise abandoned the policy. In Norway prohibition was introduced as a war-time measure in 1916, but by 1924 Government had to take cognizance of police reports that prohibition was a total failure and had to repeal the laws. People of that country considered prohibition as an attack on freedom, and later a system of individual rationing was introduced which I think is worth following here as well. I would advise the authorities concerned to have a detailed and exhaustive study of the enforcement of Norwegian Prohibition system. *Finland* introduced prohibition by legislation as early as 1907 more for the sake of depriving their Russian masters of revenue. Government changed their policy regarding prohibition and eventually abandoned it. In *Sweden* the first legislation was introduced in 1855 prohibiting domestic distillation, and in 1922 a referendum was taken when even the women there voted against prohibition. Seventy percent of the State's population participated in the voting. *Iceland* introduced prohibition in 1912 but by 1919, it was found unsatisfactory and gave it up. Sir, Iceland's chief export was fish and Spain was their big consumer giving wine in exchange. When Iceland introduced prohibition Spanish Government told them that they were not prepared to take fish from Iceland unless it was in exchange for their wine. Thus there too prohibition had to be scrapped. *Turkey* tried prohibition in 1920 but failed. *Holland* took a referendum and abandoned the idea of prohibition. *Belgium* experimented restrictions in 1919 but never pursued matters further. *Poland* too experimented restrictions but all efforts were totally abandoned by 1924. France, Spain, Italy and Portugal never introduced prohibition presumably because wine manufacture was a major industry. *England* derived all benefits of prohibition by imposing enhanced excise duties. Excepting beer, every other alcohol is taxed heavily. *Japan* never attempted prohibition.

I am sure that all of you will smile or at least feel happy and surprised over the fact that a great country like Russia ventured on prohibition in 1914. They did surprise the world by introducing prohibition. The initial venture was with vigour but gradually drastic relaxations were introduced. In 1915 a famous

Anglo-Russian dinner party was held at Petrograd when almost all liquors available in the world were served. That led to a lot of public criticism and that dinner party became a real basis for relaxing prohibition and finally abandoning it in August 1925. Russians never again ventured on prohibition though it is a Welfare State.

In *America* prohibition was initiated as early as 1846 when attempts to prohibit the use of liquor were started and finally in 1920 the National Prohibition Act (Volstead Act) was passed. America enforced the law vigorously. In no Country was the punishment for the breach of prohibition laws so very severe as it was in America. Boot-leggers or smugglers or the men in possession of liquor could be punished even with imprisonment for life. Americans tried to make it a success but the people who showed great enthusiasm in the earlier days ceased to give the same support for prohibition in later days and the Government had no other option but to recognise the popular public sentiment and call off prohibition.

The survey I have made shows how the nations of the world have tried but have eventually failed to enforce prohibition. But that is no reason why we in this country—Travancore-Cochin should not be successful. Our prohibition can be successful provided there are certain definite changes made in the system of enforcing prohibition. We in India have launched on this move on the initiative given by our great leader Mahatma Gandhi. Undoubtedly prohibition was one of the many planks in Mahatma's platform for the movement of Non-Cooperation. But after the achievement of Independence that platform has lost its value and how far we are justified in maintaining just one plank of that platform is a matter which should be decided by the eminent men of today. The original idea undoubtedly came from Mahatma Gandhi and at that time prohibition did have public support. If the great Mahatma were alive today, he would repeat the words in the Niyogi report: "Advancing of Prohibition will have the inevitable effect of robbing the Government of all their administrative control which is already slack and also their revenue". There was a time when there were thousands of people who were ready to lay down even their lives and propagate the cause of prohibition and make it a success. But today, I am afraid, popular support and propaganda which preceded the introduction of prohibition has disappeared and people have become indifferent. The duty of enforcing prohibition is now vested with the Governments of the respective States with nil co-operation from the masses. The philosophy of modern prohibition was apparently built on the assumption that the craving for alcohol was induced and well nourished by the easiness of availability but this has proved to be wrong. Prohibition was directed against human nature which is usually more yielding to pursuation than to imperative order. To command nature you must first obey her and not prevail on the freedom as bestowed on humanity.

[Shri A. A. D. Luiz]

Prohibition is a social reform and that cannot be successfully worked unless there is popular support. As such, it must be introduced gradually and people must be educated to it.

I am also of the opinion that legislation to effect a social reform cannot be successful unless there is the popular support of major religions that dominate the humanity of our country. It is imperative that social legislation in India must have the support of the three important religions in India. Now, with regard to prohibition and the major religions in India may I make a few observations. The support of the religions in India of which I have spoken about is totally absent. The Hindu religion does not advocate total prohibition. There may be restrictions but they are all for Brahmins. *Ramayana* refers to the free use of alcohol in ancient India. This sacred text states that Sage *Viswamitra* entertained *Vasishtha* with Maireya (Rum) and Sura (Beer). Coming to the epic of Mahabharatha, we find that all the leading characters were adicts to drinks. According to this Script no party was complete unless wine was served. I would ask my hon'ble friends to read about *Arjuna's* picnic on the *Raivata* mountains as quoted in the *Adi Parva*. Further there are references in the text when Krishna and Arjuna are described to have wine-red eyes. In Brahaspati and in the works of Kalidas there are references to the popular practice of drinking that prevailed among women of the higher Society. There is another very interesting reference about the use of alcohol in the *Markandaya Purana*. Goddess *Durga* is represented as particularly addicted to drinks. You must all be knowing the interesting story of *Kacha*, son of Brahaspathi (*Deva guru*) and *Devayani*, daughter of Sukra (Asura guru). This was just to teach the Brahmins and not the other races. In the poems of Rig Veda Sanhita there are references to the use of wine and beer while worshiping the Gods and also to their free and open sales. Vedas confirm that in the Vedic age "Soma" was the sacrificial beverage and "Sura" (Arrack) was for the use of Kshatriyas and for preparing essences. Drink was an indispensable item for all coronation ceremonies. More recent Hindu literature, namely the "Tantras", afford indubitable proof of a strong attachment on the part of a large section of Hindus to over indulgence. It even appears from Arians Peripluo that large quantities of foreign wine (Arabian or Italian) were regularily imported into India for use of aristocrats. The paper read by Dr. Rajendralal Mitra before the Asiatic Society in 1873 states that spirits were extensively used in India by all classes. There were attempts by Manu and Budha but all that was a total failure. In the days of the Mauriya Kings drink was permitted and was made a source of revenue to the country. Kautilya in his treatise on administration called Arthasastra (written between B. C. 321 and 296) describes the State Department for distribution of liquor and rightly claims it to be the privilege of the State.

I commenced by saying that the major religions should support a social reform, otherwise it would not be a success. In Christianity, wine plays an important part. We have all read about the miracle wrought by Christ at the wedding of Canna when Christ turned water into wine. This was His first miracle and He did this to oblige His host and His Mother. Christ also decided on wine to be transubstantiated into His blood. The Holy Mass cannot be performed except with wine. Christianity advocates tolerance but does not advocate prohibition.

Sir, Islam is the only religion which condemns wine and the use of alcohol. Koran prohibits the use of wine, but the famous historian Gibbson makes it clear that wines of Shiraz have always prevailed over the laws of Mohammed the Prophet. Tippu Sultan at one time ordered cutting of palm trees but soon realised his error and did not enforce it further. You read Omar Khayam the Persian poet advocating wine to cure all heart aches. Even to face the inevitable destines of man this poet advocates "the cup of wine". All this is only an abrogation of the Islamic laws. The Mohammedan Historian Ain-I-Akbari gives numerous instances of excessive drinking among courtiers and Mohammedan Rulers.

Sir, I would now like to refer to a few of the recent pronouncements about prohibition in our country. In the 1950 Bombay Prohibition Enquiry Report, Chairman Sir M. D. Bhansallia, I. C. S. describes the working of prohibition as very unsatisfactory. This Committee has pointed out that the Supreme Court decision has upset enforcement of Prohibition and that "The enthusiasm which marked the advent of Prohibition is now found missing". The Labour Commissioner of Nagpur who gave evidence states that absenteeism has not shown any improvement since introduction of Prohibition. The Report also states that juvenile deliquencies have increased. It is very clear from this report that prohibition does not carry popular support that it once carried. The next report I would refer you to is that of the Madhya Pradesh Enquiry Committee of 1951. Chairman Sri M. B. Niyogi, M. A., L. L. M., L. L. D. in his leading remarks states that "the Committee are at one in answering that there is no elimination of the Drink Evil". They pointed out that "public in general do not lend any action to enforcement of the law". Half this State was dry and half wet as it is here. The Committee recommend to give up prohibition. Basing on the conclusions of the Report, I understand, Sir, that the Government have generously relaxed the prohibition laws in Madhya Pradesh.

The last important report is that of the Andhra Enquiry Committee, I am not going to waste the time of the House by giving you any detailed account of the Andhra Enquiry Committee Report. The verdict has been unanimous with regard to the failure of prohibition and the recommendations have been to scrap it. At the time of this report it was commented on that the rise of population in dry areas has been more than the general rise recorded in general and in wet areas. The masses

[Shri A. A. D. Luiz]

in India cannot understand how liberty has degenerated into licenses and restrictions and that prohibition was not the only contribution to it. Nefarious activities are on the increase. Liquor is available everywhere even though there is total prohibition. Now, what I would say is, let the people of India be educated as to the necessity of prohibition and let prohibition be a contribution of the educated India to the masses for the betterment of India. Let the people of India be taught that Prohibition is good for the soul and body of man and let them enforce it themselves. But prior to this training, let not prohibition be thrust upon them. I understand that in the Andhra State Prohibition Laws have been reviewed and reconsidered in view of the fact that it has lost popular support. The unemployment caused by Prohibition cannot stand ignored for all times. I am sure that the Government will all eventually review the entire situation and make a correct approach to the whole scheme.

As for the Resolution before the House, I am sorry I cannot support it. I attest the statement that working of Prohibition has been a failure, but even on the face of that, I cannot support a communist sponsored resolution. I cannot look up to the Heaven which the Communists promise for there will definitely be a Hell in one corner of that Heaven. Nay, instead of a Heaven there might be the Hell. The members of this House are aware how Prohibition is being administered in the various parts of India and in this State and they all concede that it has been a failure.

Sir, I request the Government to constitute a Prohibition Enquiry Committee. Let them advise the Government after recording public opinion regarding the entire scheme. Let them submit a report to Government which will enable the Government to decide whether they are justified in spending a good portion of the revenue of the State in enforcing prohibition work. There is no justification at present for sacrificing a large slice of the revenue of the State without ascertaining the opinion of the people of this State. Let the citizens of this State be given a true picture and let them decide for themselves. Sir, once again I have to state that I cannot support this resolution as presented by my hon. friend, because I do not know where the Hell is concealed.

Shri P. K. Kunjachan: Sir, I move for a closure.

Shri Kalathil Velayudhan Nair: Sir, has any person spoken opposing the motion ? We want to speak.

Dr. A. R. Menon: We are opposing this motion.

മി. സ്പീക്കർ: ഇനിയും ബഹുമാനപ്പെട്ട മെംബറന്മാക്ക് ഇതേ സംബന്ധിച്ച് സംസാരിക്കണമെന്നുണ്ടെങ്കിൽ കുറച്ചു സമയംകൂടി ഡിസ്കഷന് വേണ്ടി അനുവദിക്കാവുന്നതാണ്. ഇപ്പോൾ മി. ചാഴിക്കാട്ടു ജോസഫ് സംസാരിച്ചു കഴിഞ്ഞതിനുശേഷം മററുള്ളവക്ക് സംസാരിക്കാൻ സമയം അനുവദിക്കുന്നതാണ്.

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ; ഇവിടെയുള്ള ഉത്തരവാദപ്പെട്ട മെജോറിറ്റി പാർട്ടിയിൽപ്പെട്ട ഒരംഗമാണ് ഞാൻ. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ടവർക്ക് ഇതുവരെ സംസാരിക്കാൻ അവസരം നൽകാതെ മി. ജോസഫ് ചാഴിക്കാടന് സംസാരിക്കാൻ അവസരം കൊടുക്കുന്നതുമൂലം ഞങ്ങൾക്ക് സംസാരിക്കാനുള്ള അവസരം നഷ്ടപ്പെടുകയാണ്. ഞങ്ങൾക്കും അവസരം നൽകണം.

മി. സ്പീക്കർ: മി. ചാഴിക്കാട്ട് ജോസഫിന്റെ പ്രസംഗം കഴിഞ്ഞിട്ട് മറ്റുള്ളവർക്ക് അവസരം നൽകുന്നതാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, കോൺഗ്രസ്സ് പാർട്ടി ഇവിടെ ആറേഴുകൊല്ലക്കാലം ഭരിച്ചതിനുശേഷം ഈ രാജ്യത്ത് നില നിൽക്കുന്ന ക്ലേശഫലങ്ങളിൽ ഒന്നാണ് പ്രൊഹിബിഷൻ. ബഹുമാനപ്പെട്ട കുന്നംകുളം മെംബറുടെ ഈ പ്രമേയം കമ്മ്യൂണിസ്റ്റുകാർ ചിലപ്പോൾ നല്ല കാര്യങ്ങളും പറയാറുണ്ട് എന്നുള്ളതിന് ഒരു ഉദാഹരണമാണ്. പുലിവാൽ പിടിയ്ക്കുക എന്നുള്ള ഒരു പഴം ചൊല്ലുള്ളത് എല്ലാവരും കേട്ടിട്ടുണ്ടല്ലോ. കാൺഗ്രസ്സ് ഗവൺമെന്റ് വച്ചിട്ടുപോയ ഒരു പുലിവാലിൽ പോയി പി. എസ്സ്. പി. ഗവൺമെന്റ് പിടിച്ചിരിക്കുകയാണ്. വിടാനുംവയ്യാ വലിച്ചെടുക്കുവാനും വയ്യ. മുമ്പേ പോയവർ കൊള്ളരുതായ്ക കാണിച്ചാൽ പിൻപേ വരുന്നവരും അതു കാണിക്കുവാൻ നിർബന്ധിതരായിത്തീരും. അതുകൊണ്ടാണ് പി. എസ്സ്. പി. ഗവൺമെന്റ് ഈ പ്രൊഹിബിഷനെ സപ്പോർട്ടു ചെയ്തുകൊണ്ടുപോകുന്നത്. ഒന്നാമതായി ഈ പ്രൊഹിബിഷനെപ്പറ്റി എനിക്ക് പറയുവാനുള്ളത് പ്രൊഹിബിഷൻമൂലം ഒരാളുടെ മൗലികാവകാശത്തിൽ കയറി ഗവൺമെന്റ് കൈവയ്ക്കുകയാണ് എന്നാണ്. ഏതൊരു മനുഷ്യനും കുറച്ച് പച്ചവെള്ളമോ കഞ്ഞിവെള്ളമോ കുടിക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യമുള്ളതാണ്. അതിനെ ഒരു ഗവൺമെന്റിനും നിയമംമൂലം തടുക്കുവാൻ അവകാശമില്ലാത്തതാണ്. അതു ചെയ്യുന്നതു് നീതികേടാണ്. ഒരുവന്റെ മൗലികാവകാശത്തിൽ കയറി ഗവൺമെന്റ് കൈവയ്ക്കുന്നതു് തെറ്റാണ്. അതുകൊണ്ട് മനുഷ്യന്റെ മൗലികാവകാശത്തിൽ കയ്യേറ്റം ചെയ്യുന്ന ഈ പ്രൊഹിബിഷൻ നിയമം ഇവിടെ വച്ചുകൊണ്ടിരിക്കുവാൻ പാടില്ല. രണ്ടാമതായി 74 ലക്ഷം രൂപാ ആണ്ടോടാണ്ട് രാജ്യത്തിന്റെ ഒരു ഭാഗത്തുമാത്രം പ്രൊഹിബിഷൻ ഏർപ്പെടുത്തിയതുമൂലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രൊഹിബിഷൻ ഫലപ്രദമാക്കുന്നതിനു അനേകം ഉദ്യോഗസ്ഥന്മാരെ കൂടുതലായി വച്ചു. ഇപ്പോൾ അതിലേയ്ക്കു് നഷ്ടവും ചെലവുംകൂടി ഒരു കോടി രൂപായോളം ബഡ്ജറ്റിൽ കുറവുവരും. ഇന്നുതന്നെ ഒന്നരക്കോടി രൂപാ ബഡ്ജറ്റിൽ കമ്മിയായിരിക്കെ, ഈ പ്രൊഹിബിഷൻ എടുത്തുകളഞ്ഞു് ഈ രാജ്യത്തെ ആദായം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ട ഒരു കടമ ഗവൺമെന്റിനും ഈ രാജ്യത്തുള്ള ആളുകൾക്കും ഉണ്ടായിരിക്കെ ഈ പ്രൊഹിബിഷൻ വച്ചു പുലർത്തിക്കൊണ്ടിരിക്കാൻ പാടില്ല. മൂന്നാമതായി ഈ നിയമസഭയിലെ എല്ലാ മെംബറന്മാരും കഴിഞ്ഞ ഒരു മാസക്കാലമായി, ഈ രാജ്യത്തുള്ള ആളുകൾക്ക് വേലയില്ല, കൂലിയില്ല, ഈ രാജ്യത്തുള്ള ആളുകൾക്ക് വളരെ ദുരിതമുണ്ട്, വളരെ ആളുകൾ ഭക്ഷണത്തിനു വഴിയില്ലാതെ കഷ്ടപ്പെടുന്നു എന്ന് കാൺഗ്രസ്സ്കാരും, കമ്മ്യൂണിസ്റ്റുകാരും, പി. എസ്സ്. പി. കാരും

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

എല്ലാം കൂലിവേലക്കാരുടെ കാര്യത്തിൽ വളരെ സഹതാപം പ്രകടിപ്പിക്കുന്നതായും കണ്ടു. ഈ പ്രോഹിബിഷൻമൂലം ഈ രാജ്യത്ത് അൻപതിനായിരമോ, എഴുപതിനായിരമോ ആളുകൾക്ക് ജോലിയില്ലാതായിത്തീർന്നിട്ടുണ്ട്. ഈ രാജ്യത്തെ വളരെ ആളുകൾ ചെത്തുതൊഴിൽകൊണ്ട് ഉപജീവനം കഴിച്ചുകൊണ്ടിരുന്നവരാണ്. തൊഴിലില്ലായ്മ മൂർദ്ധന്യദശയിൽ എത്തിയിരിക്കുന്ന ഈ രാജ്യത്ത് വളരെ ആളുകളെ തൊഴിലില്ലാതെ ആക്കിത്തീർക്കുന്ന ഒരു നിയമം വച്ചുകൊണ്ടിരിക്കുന്നത് അഭിലഷണീയമല്ല. ഈ നിയമം എടുത്തുകളഞ്ഞാൽ തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ ഏകദേശം ഒരു ലക്ഷം ജനങ്ങൾക്ക് അതുമൂലം ജോലി കിട്ടുമെന്നാണ് എന്റെ അറിവ്. പ്രോഹിബിഷൻ ഈ രാജ്യത്ത് എന്തെങ്കിലും ഫലം ചെയ്യുന്നുണ്ടോ എന്നുകൂടി നാം ആലോചിക്കേണ്ടിയിരിക്കുന്നു. രണ്ടുമൂന്നു ദിവസത്തിനുമുമ്പ് ഈ സഭയിൽ പല ബഹുമാനപ്പെട്ട മെംബറന്മാരും പ്രോഹിബിഷൻ അതിർത്തിയിൽ എല്ലായിടത്തും ആർക്കു വേണമെങ്കിലും മദ്യം കിട്ടുന്നതാണെന്ന് പ്രസ്താവിക്കുകയുണ്ടായി. തമിഴ്നാട്ടിൽ എവിടെ ചെന്നാലും മദ്യം കിട്ടുന്നതാണെന്ന് തമിഴ്നാട്ടുകാർ ഇവിടെ പറയുകയുണ്ടായി. അങ്ങിനെയാണെങ്കിൽ എന്തിന് ഈ നാണംകെട്ട നിയമം ഇനി ഇവിടെവച്ചു പുലർത്തുന്നു എന്നു ഞാൻ ചോദിക്കുന്നു. ഗവണ്മെന്റ് ഒരു നിയമമുണ്ടാക്കുകയാണെങ്കിൽ ആ നിയമം രാജ്യത്ത് ശരിക്കു നടത്തണം. ഈ നിയമം നടത്തുവാൻ സാദ്ധ്യമല്ലെന്നും, അതിവിടെ ആദരിക്കപ്പെടുന്നില്ലെന്നും ഈ രാജ്യത്തെ പത്തൊമ്പതു ലക്ഷം ജനങ്ങളുടെ പ്രതിനിധികളായ മെംബറന്മാർ ഇവിടെ വന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിമാർ എന്തിന് അതിവിടെ തുടരുവാൻ നോക്കുന്നു. ഒരു നിയമം ഉണ്ടാക്കിയാൽ അതു് നടത്തുവാൻ സാധിക്കാതെവന്നാൽ പിന്നെ അതു് വച്ചു പുലർത്തരുതു്. ആന്ധ്റാ പ്രവിശ്യയിൽ പ്രോഹിബിഷൻ നടത്തുവാനായിട്ടു അവർ പരിശ്രമിച്ചില്ലെ? ഒടുവിൽ ആന്ധ്റായിലെ കമ്മറ്റിക്കാർ അവിടെ പ്രോഹിബിഷൻ നടത്തുവാൻ സാദ്ധ്യമല്ലെന്നു് പറഞ്ഞില്ലേ? വളരെ ഉയർന്ന നിലയിൽ നിൽക്കുന്ന അമേരിക്കയിൽ പ്രോഹിബിഷൻ നടത്തി വളരെക്കാലം പരീക്ഷിച്ചതിന്റെശേഷം നടത്തുവാൻ സാദ്ധ്യമല്ലെന്നു കണ്ടു് അതു് തള്ളിക്കളഞ്ഞില്ലേ? നോർവെ, സ്വീഡൻ, ആസ്ട്രേലിയാ, ന്യൂസിലണ്ടു് മുതലായ രാജ്യങ്ങളിൽ പരീക്ഷിച്ചു നോക്കിയിട്ടു് എന്തായി? പരാജയമടഞ്ഞില്ലെ?

ശ്രീ. എ. എ. ഡി. ലൂയിസ്: അവിടെ ഫെയിലുവറാണെന്നുവച്ചു് ഇവിടെ ഫെയിലുവറാകണമെന്നുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മനുഷ്യസ്വഭാവം ഭൂമുഖത്തു് എല്ലായിടത്തും ഒരുപോലെയാണു്. മനുഷ്യസ്വഭാവം കാളിദാസന്റെ കാലത്തും ഇന്നും ഒരുപോലെയാണു്. ഈ രാജ്യത്തെ ജനങ്ങളുടെ സ്വഭാവം അന്യരാജ്യത്തെ ജനങ്ങളുടേതിൽനിന്നും വിഭിന്നമല്ലാത്തതുകൊണ്ടു് അവിടെ സാധിക്കാത്തതു് ഇവിടെ സാദ്ധ്യമായിട്ടു വരുന്നതല്ല.

ശ്രീ. ഇടിക്കുള ഇടിക്കുള: ശീതോഷ്ണാവസ്ഥയുടെ വ്യത്യാസംകൊണ്ടു് മനുഷ്യസ്വഭാവം വ്യത്യാസപ്പെടുകയില്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ശീതോഷ്ണാവസ്ഥയെപ്പററി നോക്കുകയാണെങ്കിൽ ഭൂമുഖത്തുള്ള എല്ലാ കാലാവസ്ഥകളും തിരുവിതാംകൂർ-കൊച്ചിയിലുണ്ട്. ചില കാലങ്ങളിൽ വലിയ ശൈത്യവും ചില കാലങ്ങളിൽ ഭയങ്കരമായ ഉഷ്ണവും ഇവിടെയുണ്ട്. ധനുമാസം വലുതായ ശൈത്യമുള്ളകാലമാണ്. അതുപോലെ കുംഭം, മീനം മുതലായ മാസങ്ങൾ അത്യുഷ്ണകാലങ്ങളാണ്. അപ്പോൾ ഭൂമുഖത്തുള്ള എല്ലാ ശീതോഷ്ണാവസ്ഥകളും നമ്മുടെ നാട്ടിൽ ഉണ്ട്. മി. ലൂയിസ് പറഞ്ഞ പെണ്ണുങ്ങളാണ് നാർവേയിൽ മദ്യനിരോധനത്തെ എതിർത്ത് വോട്ടു ചെയ്തതെന്ന്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ഒരു ഭൂരിപക്ഷാഭിപ്രായം എടുക്കുകയാണെങ്കിൽ, സന്ദർഭം മനസ്സിലാക്കികൊണ്ട് ന്യായമായി വോട്ടു ചെയ്യുകയാണെങ്കിൽ ബഹു ഭൂരിപക്ഷം സ്ത്രീകളും പ്രൊഹിബിഷന് എതിരായി ഇവിടെ വോട്ടുചെയ്യുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ടി. ഒ. ബാവാ: മദ്യപാനംചെയ്തിട്ട് വീട്ടിൽ ചെന്ന് സ്ത്രീകളെ തല്ലുപിടിക്കുന്നതു കൊണ്ട് സ്ത്രീകൾ അനുകൂലമായിട്ട് വോട്ടു ചെയ്കയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: വീട്ടിൽ ചെല്ലുമ്പോൾ സ്ത്രീകളെ തല്ലുന്നത് ചിലർക്ക് പതിവായിരിക്കാം. എനിക്ക അറിഞ്ഞുകൂടാ. (ചിരി)

ശ്രീ. ടി. ഒ. ബാവാ: കുടിച്ച് തലയ്ക്കു വെളിവില്ലാതെ വീട്ടിൽ ചെന്ന് സ്ത്രീകളെ തല്ലുന്നുണ്ടല്ലോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അനുഭവത്തിൽ നിന്നാണോ പറയുന്നത്? അങ്ങനെ വല്ലവരും ചെയ്യുന്നുണ്ടെങ്കിൽ പാവപ്പെട്ട പെണ്ണുങ്ങളെ അങ്ങനെ ചെയ്യരുത് എന്നാണ് എന്റെ അഭ്യർത്ഥന. ഈ രാജ്യത്ത് പലേടത്തും മദ്യം കിട്ടുന്നുണ്ടെന്ന് പല ബഹുമാനപ്പെട്ട മെംബറന്മാരും ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ ഈ നിയമംകൊണ്ട് എന്തു ഫലമാണ് ഇവിടെയുള്ളത്. നിയമമുണ്ട്. നിയമം നടത്തുവാനുള്ള ആളുകൾ ഉണ്ട്. അതിനുവേണ്ടി വളരെ പണവും ഗവണ്മെൻറ് ചെലവു ചെയ്യുന്നുണ്ട്. ഇങ്ങനെയൊക്കെയുണ്ടെങ്കിലും പ്രൊഹിബിഷൻ നടത്താൻ സാധ്യമല്ലാതെയിരിക്കുന്നു എന്നുള്ള വസ്തുത നാം മറക്കരുത്. അങ്ങനെയാണെങ്കിൽ എന്തിന് ജനഹിതത്തിനു എതിരായി ഗവണ്മെൻറ പ്രവർത്തിക്കുന്നു? കാൺഗ്രസ്സ് ഗവണ്മെൻറ് ഇവിടെ കൊണ്ടുവന്നുവച്ചതാണ് പ്രൊഹിബിഷൻ. ഇന്ന് ഇതിനെ സംബന്ധിച്ച് വോട്ടു ചെയ്യുകയാണെങ്കിൽ സർ, കാൺഗ്രസ്സ് കക്ഷിയിലുള്ള 45 പേരും അല്ലെങ്കിൽ അവരിൽ ഭൂരിപക്ഷംപേരും പ്രൊഹിബിഷനെതിരായി വോട്ടുചെയ്യുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എം. വി. ചെറിയാൻ: ബഹുമാനപ്പെട്ട മെംബർ സ്വന്തം അനുഭവം വെച്ചുകൊണ്ടാണോ മററുള്ളവരെ വിമർശിക്കുന്നത്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നമ്മളെല്ലാം തമ്മിൽ തമ്മിൽ നല്ലവണ്ണം അറിയുന്നതാണല്ലൊ. ആ അറിവും വച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്.

Shri M. V. Cherian: Sir, I take very strong objection to that. These utterances I am afraid, affects my conduct. They should be expunged from the proceedings.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മനസാ, വാചാ, കർമ്മണാ, മി. ചെറിയാൻ കടക്കുമെന്ന് ഞാൻ മനസ്സിലാക്കിയുമില്ല, പറഞ്ഞുമില്ല, അങ്ങനെ ഞാൻ ഉദ്ദേശിച്ചുമില്ല. പലരിൽ നിന്നുമുള്ള അനുഭവം വച്ചു ഞാൻ പറഞ്ഞുവെന്നേയുള്ളു.

മി. സ്പീക്കർ: ശ്രീ. ചെറിയാന്റെ കാര്യത്തെക്കുറിച്ച് മി. ചാഴിക്കാടൻ വല്ലതും പരാമർശിച്ചതായി ഞാൻ കേട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ: ഏതായാലും അദ്ദേഹം എന്നെ ഉദ്ദേശിച്ചല്ലാ പറഞ്ഞതു് എന്നു പറഞ്ഞസ്ഥിതിക്ക് അദ്ദേഹത്തിന്റെ പ്രസ്താവനയെ ഞാൻ ബഹുമാനിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്തെങ്കിലും ഒന്നു പറയണമെന്ന് വിചാരിച്ച് മി. ചെറിയാൻ പറഞ്ഞുവെന്നേയുള്ളു. മി. ചെറിയാനെ ആക്ഷേപിക്കണമെന്ന് എനിക്കു യാതൊരു ദുരുദ്ദേശവുമില്ല. ഇപ്പോൾ മി. ചെറിയാന്റെ സംഭാഷണം കേട്ടതിൽ എനിക്കു് അദ്ദേഹത്തിന്റെ കാര്യത്തിൽ സ്വല്പം സംശയം ജനിച്ചിട്ടുണ്ട്. വ്യക്തിസ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുന്ന ഈ നിയമത്തിന്റെ നടത്തിപ്പിനുവേണ്ടി വളരെ പണം ഗവണ്മെന്റ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഭീമമായ ഒരു തുക കൊല്ലംതോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ള സംഗതി, പ്രൊഹിബിഷൻ ഈ രാജ്യത്തു് നടക്കുന്നില്ല എന്നുള്ള സംഗതി, പ്രൊഹിബിഷൻ നടപ്പാക്കിയതുമൂലം അനവധി ആളുകൾക്ക് തൊഴിലില്ലാതെ വന്നിരിക്കുന്നു എന്നുള്ള സംഗതി, ഈവക കാര്യങ്ങൾ ആലോചിച്ചു നോക്കുമ്പോൾ ഈ മന്ത്രിസഭ അഭിമാനത്തോടുകൂടി അടുത്ത ചിങ്ങമാസം ഒന്നാംതീയതി മുതൽ പ്രൊഹിബിഷൻ നീക്കം ചെയ്യുന്നതായി ഒരു തീരുമാനം എടുക്കുന്നതു് നന്നായിരിക്കും.

ശ്രീ. ഇടിക്കുള ഇടിക്കുള: കള്ളുകുടികൂടാതെ മററു മാർഗ്ഗത്തിൽക്കൂടി ഖജനാവിൽ പണം ഉണ്ടാക്കുവാൻ വഴിയുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പണം ഉണ്ടാക്കുവാൻ പല വഴികളുമുണ്ട്. ഇതു് ജനങ്ങൾക്കു് ആവശ്യമില്ലാത്ത ഒരു സംഗതിയാണ്. ഇതു് ജനങ്ങൾക്കു് വേണ്ടാത്ത ഒരു സംഗതിയാണ്. ജനങ്ങളുടെ മൗലികാവകാശത്തിൽ ഗവണ്മെന്റ് അന്യായമായി പ്രവേശിക്കുന്ന ഒരു കാര്യമാണ്. എന്റെ സ്നേഹിതൻ ശ്രീമാൻ ടി. കെ. കൃഷ്ണൻ കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയം രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിക്കും രാജ്യത്തിന്റെ ഇന്നത്തെ ആവശ്യത്തിനും വളരെ ഉപകാരപ്രദമായ ഒന്നാണ് എന്നു പറയുകയും ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുകയും ചെയ്തുകൊള്ളുന്നു.

The House rose for lunch at 1 p. m. and reassembled at 2 p. m. with Mr. Speaker in the Chair.

Rules of Procedure and Conduct of Business in the Travancore-Cochin Legislative Assembly.

Mr. Speaker: I authorise Shri Panampilli Govinda Menon to move the Rules of Procedure and Conduct of Business in the Travancore-Cochin Legislative Assembly.

Shri Panampilli Govinda Menon: I beg to move that the Draft Rules of Procedure and Conduct of Business in the Travancore-Cochin Legislative Assembly, as reported by the Rules Committee, be taken up for consideration.

സർ, ഈ റൂൾസ് ഓഫ് പ്രൊസീഡ്യുവർ കഴിഞ്ഞ സെപ്റ്റംബറിൽ പിരിച്ചുവിട്ട നിയമസഭതന്നെ എടുത്തിട്ടുള്ള ഒരു നടപടിയാണ്. ഇതിലേയ്ക്ക് ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററി ഈ റൂൾസ് ഡ്രാഫ്റ്റ ചെയ്യുകയുമുണ്ടായി. അങ്ങ് ഈ നിയമസഭയുടെ സ്പീക്കറായി വന്നശേഷം, ഉണ്ടായ മറെറാരു കമ്മിററിയിലേയ്ക്ക് ഈ റൂൾസ് അയയ്ക്കുകയും ആ കമ്മററിയുടെ പരിശോധനയ്ക്കുശേഷം സഭയുടെ അംഗീകാരത്തിനുവേണ്ടി അവതരിപ്പിക്കുകയുമാണു ചെയ്യുന്നതു്. ഈ റൂൾസിന്റെ അവതാരകനെന്ന നിലയിൽ, ഇതു് കഴിയുന്നതും വേഗം പാസ്സാക്കുന്നതിന് സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഇതു അവതരിപ്പിക്കുകയാണു്.

Shri K. K. Balakrishnan: I second it.

Mr. Speaker: I shall put the Rules, rule by rule.

Rules 2 to 10.

The question that Rules 2 to 10 stand part of the Rules, was put and carried.

Rules 2 to 10 were added to the Rules.

Rule 11.

Shri T. O. Bava: I move the following amendment.

"Recast Rule 11 as follows :—

> 'Sittings of the Assembly shall, subject to the direction of the Speaker, ordinarily commence at 8 a. m. and conclude at 1 p. m. without interval except on Fridays. On Fridays, the Assembly shall commence at 8 a. m. and conclude at 12-30 p. m.

Shri K. K. Balakrishnan: I second it.

Shri T. V. Thomas: I support the amendment.

Shri Panampilli Govinda Menon: I accept the amendment.

The question that Rule 11, as amended, stands part of the Rules was put and carried.

Rule 11, as amended, was add ed to the Rules.

ശ്രീ. പ്രാക്കുളം ഭാസി : സർ, റൂൾ 11–ൽ മറെറാരു ഭേദഗതി കൂടി വേണ്ടതുണ്ടു്. അതായതു് വെള്ളിയാഴ്ച ദിവസം 12–30-നു് സഭ പിരിഞ്ഞാൽ ഇൻറർവെൽ കഴിഞ്ഞു് വീണ്ടും സഭ കൂടുന്നുണ്ടോ ഇല്ലയോ എന്നുള്ള കാര്യം റൂൾസിൽ കാണുന്നില്ല.

മി. സ്പീക്കർ : റൂൾസിലെ 11-ാം വകുപ്പു് പാസ്സാക്കിയതുകൊണ്ടു് ഇനി അതിന്മേൽ ഒരു ഭേദഗതിയും ചെയ്യാൻ നിവൃത്തിയില്ല.

Rule 12.

The question that Rule 12 stands part of the Rules was put and carried.

Rule 12 was added to the Rules.

Rule 13.

Sry. **K. R. Gouri** : I move the following amendment ;

> "In Rule 13, after the words 'if he thinks fit' add the words 'and shall if not less than twenty five members make a written requisition.' "

ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നതു് നിശ്ചിതകാലത്തിനു മുൻപു് ഏതെങ്കിലും ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ അസംബ്ലി വിളിച്ചു കൂട്ടേണ്ടതായ ഒരവസ്ഥയുണ്ടാകുന്ന പക്ഷം, അതിലേയ്ക്കു് റൂൾസിൽ വ്യവസ്ഥചെയ്യുന്നതിനാണു്. എന്നാൽ ഈ റൂൾസിൽ പറഞ്ഞിരിക്കുന്നതു്, സ്പീക്കർ തീരുമാനിക്കുന്ന തീയതി സഭ വിളിച്ചുകൂട്ടാമെന്നാണു്. രാജ്യത്തിൻെറ ഏതെങ്കിലും ഭാഗത്തു് പെട്ടെന്നുണ്ടാകുന്ന ചില അടിയന്തിരാവസ്ഥയെ പരിഹരിക്കുന്നതിനുവേണ്ടി ഒരു അസംബ്ലിസമ്മേളനം ആവശ്യമായി വന്നേയ്ക്കും. ഉദാഹരണമായി കഴിഞ്ഞ അസംബ്ലി അവസാനിച്ചതോടുകൂടി അമ്പലപ്പുഴ, ചേർത്തല എന്നീ സ്ഥലങ്ങളിൽ തൊഴിലില്ലായ്മ നിമിത്തം പട്ടിണികിടന്നു് അനവധിയാളുകൾ മരിക്കേണ്ടി വന്നിട്ടുണ്ടു്. പെട്ടെന്നുള്ള ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു അസംബ്ലി വിളിച്ചു കൂട്ടാമെന്നു ഞങ്ങൾ ആ സന്ദർഭത്തിൽ വിചാരിച്ചു, സാധ്യമായില്ല. അസംബ്ലി റൂൾസിലെ പ്രായോഗികവൈഷമ്യമാണു് അതിനു കാരണം. നമ്മുടെ രാജ്യത്തു് ആവിചാരിതമായുണ്ടാകുന്ന ഒരടിയന്തിരാവസ്ഥയെ നേരിടുന്നതിനുവേണ്ടിയുള്ള നടപടികളെപ്പററി പര്യാലോചിക്കുന്നതിനുവേണ്ടി ഒരു അസംബ്ലിയുടെ ആവശ്യം ഉണ്ടായാൽ പെട്ടെന്നു അതു നിർവ്വഹിക്കുന്നതിനുവേണ്ടി 25 മെംബറന്മാർ ഒപ്പിട്ടു ഒരു അപേക്ഷ സ്പീക്കർക്കു് അയച്ചാൽ സ്പീക്കർ അസംബ്ലി വിളിച്ചുകൂട്ടേണ്ടതാണെന്നാണു് എൻെറ ഭേദഗതിയുടെ ഉള്ളടക്കം. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മെംബർ ഗൗരി ഇവിടെ അവതരിപ്പിച്ച ഈ ഭേദഗതി പ്രസ്സുചെയ്യേണ്ട ആവശ്യമില്ലെന്നു എനിക്കൊരപേക്ഷയുണ്ടു്. എന്തെന്നാൽ ഭരണഘടനയിൽ പറയുന്നതു് നിയമസഭ വിളിച്ചുകൂട്ടാനുള്ള അധികാരം രാജപ്രമുഖനാണെന്നാണു്. റൂൾ 13-ൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്:

"Adjournment of Assembly. The Speaker shall determine the time when a sitting of the Assembly shall be adjourned *sine die* or to a day or hour or part of the same day:

Provided that the Speaker may, if he thinks fit, call a sitting of the Assembly before the date or time to which it has been adjourned or at any time after the Assembly has been adjourned *sine die.*"

ശ്രീമതി കെ. ആർ. ഗൗരി: സ്പീക്കർ വിളിച്ചുകൂട്ടണമെന്നല്ലേ റൂളിലുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബർ പറയുന്നതു് ശരിയാണു്. സഭ വിളിച്ചുകൂട്ടുന്നതു സ്പീക്കറാണെങ്കിലും അധികാരമുള്ളതു രാജപ്രമുഖനാണു്. പക്ഷെ, ഈ സഭയിലുള്ള എല്ലാ പാർട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കാനുള്ള ചുമതല സ്പീക്കറിൽ നിക്ഷിപ്തമായിരിക്കുന്ന സ്ഥിതിക്കു് ഒരു അസംബ്ലി വിളിച്ചുകൂട്ടണമെന്നു സഭയിലുള്ളവർ ഒരു നിവേദനംമൂലം സ്പീക്കറോടു ആവശ്യപ്പെടുകയാണെങ്കിൽ സ്പീക്കർക്കു അതു ചെയ്യാനുള്ളതേയുള്ളു. നിയമസഭ പിരിച്ചുവിടുന്നതു രണ്ടു വിധത്തിലാണു്. ഒരു നിശ്ചിതകാലത്തേയ്ക്കു പിരിച്ചുവിടാം. അതായതു് ഒരു തീയതി നിശ്ചയിച്ചുകൊണ്ടു ആ തീയതിൽ അസംബ്ലി കൂടുന്നതായിരിക്കുമെന്നു പറഞ്ഞു് അഡ്ജോൺ ചെയ്യാം. മറ്റൊന്നു് അനിശ്ചിതകാലത്തേയ്ക്കു്, അതായതു് സൈനഡൈ ആയിട്ടു അഡ്ജോൺ ചെയ്യാം. ഇങ്ങനെ രണ്ടു വിധത്തിലാണു ചെയ്യാറുള്ളതു്. ഈ സമ്പ്രദായം ഇവിടെ മാത്രമല്ല, അസംബ്ലിയുള്ള എല്ലാ സംസ്ഥാനങ്ങളിലും സ്വീകരിച്ചിട്ടുണ്ടു്. എന്നാൽ ബഹുമാനപ്പെട്ട ചേർത്തല മെംബർ ഉദ്ദേശിക്കുന്നതുപോലെയും നടത്തുന്നതിൽ വലിയ വിഷമമില്ല. ഈ സഭയിലെ എല്ലാ പാർട്ടികളും ഒത്തൊരുമിച്ചുകൊണ്ടു രാജ്യത്തു ഒരടിയന്തിരാവസ്ഥയുണ്ടെന്നും, അതിലേയ്ക്കൊരു സ്പെഷ്യൽ അസംബ്ലി വിളിച്ചുകൂട്ടണമെന്നും നിർബ്ബന്ധിക്കുകയാണെങ്കിൽ സ്പീക്കർ അതു് അവഗണിക്കുമെന്നു വിശ്വസിക്കാൻ ന്യായമില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബർ ഈ ഭേദഗതി പ്രസ്സുചെയ്യരുതെന്നു അപേക്ഷിക്കുന്നതോടൊപ്പം ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

Mr. Speaker: Does the honourable Member press the amendment?

Shry K. R. Gouri: Yes, Sir.

The amendment was put and carried.

Shri Panampilli Govinda Menon: Sir, I demand a poll.

A poll was taken when the House divided as follows:

AYES—28.

1 Shri P. V. Avira Tharakan
2 ,, C. C. Ayyappan
3 ,, K. A. Balan
4 ,, K. Balakrishnan
5 ,, R. Balakrishna Pillai
6 ,, B. B. Pandarathil
7 ,, Prakkulam Bhasi
8 ,, P. Bhaskaran Nair
9 ,, P. K. Chathan
10 ,, K. C. George
11 ,, P. Gopalan
12 Shry. K. R. Gouri
13 Shri Thalekkare K. Krishnan
14 ,, K. S. Krishnan Sastry
15 ,, P. K. Kunjachan
16 Shri Kuttappan Koickal
17 ,, T. A. Majeed
18 ,, K. Narayana Kurup
19 ,, Chengarapilli P. Narayanan Potti
20 ,, N. Neelakantaru Pandarathil
21 ,, M. P. Menon
22 ,, R. Prakasam
23 ,, P. Ravindran
24 ,, C. G. Sadasivan
25 ,, V. Sridharan
26 ,, R. Sugathan
27 Dr. P. K. Sukumaran
28 Shri T. V. Thomas

NOES—29.

1 Shri P. K. Abdul Khadir
2 ,, K. K. Balakrishnan
3 ,, M. Bhaskaran Nair
4 ,, N. G. Chacko
5 ,, M. P. Chandrasekharan Pillai
6 ,, K. M. Chandy
7 ,, M. V. Cheriyan
8 ,, D. Damodaran Potti
9 ,, K. P. Gopala Menon
10 ,, Panampilli Govinda Menon
11 ,, Idiculla Idiculla
12 ,, V. J. Joseph
13 ,, P. Kesava Menon
14 ,, T. T. Kesavan Sastry
15 Shri C. Kochukunju
16 ,, K. Krishna Pillai
17 ,, P. Kunjan
18 ,, Manjanatha Prabhu
19 ,, M. M. Mathai
20 ,, N. Narayana Kurup
21 ,, V. P. Parameswaran Nambudiri
22 ,, N. Parameswaran Pillai
23 Dr. A. R. Menon
24 Shri P. J. Sebastian
25 ,, K. T. Thomas
26 ,, Kalathil Velayudhan Nair
27 ,, T. M. Varghese
28 ,, P. Viswambaran
29 ,, A. A. D. Luiz

Neutral—1

Shri Joseph Chazhikatt.

The amendment was lost.

The question that Rule 13 stands part of the Rules was put and carried. Rule 13 was added to the Rules.

Rule 14.

Shri N. Neelakantaru Pandarathil: Sir, I move the following amendment:—

> "In Rule 14, after the words "and Leader of the Opposition" and before the words "shall allot time" insert the following words "as also the leaders of the other parties in the House if there are any such parties."

സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കാതെ ഈ റൂൾസ് ഇതേ നിലയിൽ പാസ്സാക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ ഏതെങ്കിലും ഒരു കാര്യം തീരുമാനിക്കുവാൻ ഈ സഭയിലെ ലീഡറിനോടും ആപ്പോസിഷൻ ലീഡറിനോടും മാത്രം ആലോചിച്ചാൽ മതിയാകുമെന്നു വരുന്നതാണ്. സഭയുടെ ലീഡർക്ക് ഈ സഭയുടെ എല്ലാപേരുടെയും സഹകരണവും അനുകൂലവും ലഭിക്കുമെന്നു കണക്കാക്കുവാൻ കഴിയുന്ന ഒരു സാഹചര്യമുണ്ട്. സാധാരണ സ്പീക്കറുടെ നിലപാട് സഭയുടെ ലീഡറെ അനുകൂലിക്കുന്നതായിരിക്കും. എന്നാൽ, അതിനു വിപരീതമായൊരു സാഹചര്യമാണ് ആപ്പോസിഷൻ പാർട്ടിക്കുള്ളത്. എന്നാൽ, ആപ്പോസിഷൻ പാർട്ടിതന്നെ പലതു കാണും. അങ്ങനെ പല പാർട്ടികളും ഉണ്ടാകുമെങ്കിൽ ഓരോ പാർട്ടിയുടെയും ലീഡറുമായി ആലോചിച്ച് സ്പീക്കർ നിശ്ചയിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ആലോചനയുടെ ഫലമെന്തായിരുന്നാലും അവസാന തീരുമാനം ചെയ്യുവാനുള്ള അധികാരം സ്പീക്കർക്കുള്ളതുകൊണ്ട് എന്റെ ഈ ഭേദഗതി സ്വീകരിക്കുന്നതിൽ ആർക്കും എതിരഭിപ്രായം ഉണ്ടാകുകയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അങ്ങ് ഈ സഭാനടപടികൾ നിയന്ത്രിക്കുന്ന കാര്യത്തിൽ ഈ സഭയിലെ പ്രധാനപ്പെട്ട ഗ്രൂപ്പുകളിലെ നേതാക്കന്മാരുമായി ആലോചിക്കരുതെന്നുള്ള അർത്ഥത്തിലല്ല, ഞാൻ ഇതിനെ എതിർക്കുന്നത്. ഇപ്പോൾതന്നെ, ഈ നേതാക്കന്മാരുമായി എല്ലാം അങ്ങനെ ആലോചിക്കുന്നുണ്ട്. എന്നാൽ, നിലവിലിരിക്കുന്ന ഈ റൂൾ ഭേദഗതിചെയ്താൽ ചില വൈഷമ്യങ്ങൾ ഉണ്ടാകും. ഏതു പാർലമെന്റിലായാലും, ഏതു സംഗതിയിലും ആപ്പോസിഷൻ ഒന്നേയുള്ളു. ആപ്പോസിഷൻസ് എന്നൊന്നില്ല. അതുകൊണ്ട് ലീഡേഴ്സ് ആഫ് ദി ആപ്പോസിഷൻ പാർട്ടീസ് എന്നു ഭേദഗതി ചെയ്താൽ മററു ചില വൈഷമ്യങ്ങൾ വന്നു ചേരുന്നതാണ്. ഒരു നിയമസഭയ്ക്കകത്ത് നാലോ അഞ്ചോ ഗ്രൂപ്പുകൾ ഉണ്ടായി എന്നു വരാം.

ശ്രീമതി കെ. ആർ. ഗൌരി: ഗ്രൂപ്പും, പാർട്ടിയും തമ്മിൽ വ്യത്യാസമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വ്യത്യാസമുണ്ടെങ്കിൽ, ഗ്രൂപ്പ് എന്നുള്ളതു മാററി, പാർട്ടി എന്നാക്കുന്നതിൽ വിരോധമില്ല. അങ്ങനെ വരുമ്പോൾ ശ്രീ. രാമപുരം മെംബർ പലപ്പോഴും ഇവിടെ പറഞ്ഞിട്ടുള്ളതു പോലെ അദ്ദേഹത്തെയും ഒരു പാർട്ടിയായി അംഗീകരിക്കേണ്ടിവരും. ഈ ഭേദഗതി ഇവിടെ പാസ്സാക്കുകയാണെങ്കിൽ, ഏതു കാര്യത്തിലും സ്പീക്കർ ബഹുമാനപ്പെട്ട രാമപുരം മെംബറോട് ആലോചിച്ചു ചെയ്യുവാൻകൂടി നിർബ്ബന്ധിതനായിത്തീരും.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്നോടു ചോദിച്ചാൽ അതുകൊണ്ടു വല്ല ദോഷവും വരാനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ദേഹത്തോടു ചോദിക്കുന്നതിൽ തെറ്റൊന്നുമില്ല. ഒരു പരിചയസമ്പന്നനായ അംഗമായതുകൊണ്ട് അദ്ദേഹത്തോട് ചോദിക്കുന്നതു് നല്ലതാണുതാനും. പക്ഷെ, അദ്ദേഹത്തോടും ചോദിച്ചുകൊള്ളണമെന്നുള്ള നിർബ്ബന്ധമാക്കുന്ന ഒരു നിയമം ഉണ്ടാക്കുന്നതു് ശരിയല്ല. കഴിഞ്ഞ സഭയിലും, ഈ സഭയിലും ഉണ്ടായ നടപടികൾ ആലോചിച്ചാൽ ബഹുമാനപ്പെട്ട സ്പീക്കർ എല്ലാ വിഭാഗക്കാരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടാണ് സഭാനടപടികൾ കൊണ്ടുപോയിട്ടുള്ളതെന്നു കാണാം. ആ നിലയിൽ ഈ വകുപ്പ് ഇങ്ങനെതന്നെ ഇരിക്കുന്നതുകൊണ്ട് ഒരു ദോഷവും ഉണ്ടാകാൻ പോകുന്നില്ല.

ശ്രീമതി കെ. ആർ. ഗൌരി: ഈ ഭേദഗതിയെ എതിർത്തുകൊണ്ട് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ സംസാരിച്ചതിൽനിന്നുതന്നെ ഈ ഭേദഗതിയെ അനുകൂലിക്കണമെന്നാണു കാണുന്നതു്. പാർട്ടികൾ ഒന്നിലധികം ഉണ്ടാകുമ്പോൾ ആപ്പോസിഷൻപാർട്ടി ലീഡർ ഒന്നേ ഉണ്ടാകുകയുള്ളു എന്നു പറയുന്നതു് എപ്പോഴും ശരിയായിരിക്കണമെന്നില്ല. ഞങ്ങൾ ഒരു പാർട്ടിയായിരുന്നവരിൽ മുപ്പതു മുപ്പത്തിരണ്ടുപേർ ഒരു പ്രത്യേക ഗ്രൂപ്പായി തീർന്നിട്ടുണ്ട്. ഇതുപോലെ ഒരവസ്ഥ ഒരുപക്ഷെ കാൺഗ്രസ്സിനും ഉണ്ടായി എന്നു വരാം. അങ്ങനെ ഓരോ പാർട്ടിയുടെയും അഭിപ്രായം ആരായേണ്ട ആവശ്യം വന്നുചേരും. അതു നല്ലതുമാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്.

ശ്രീ. എ. താണുപിള്ള: സർ, കാര്യനടപ്പു നോക്കുകയാണെങ്കിൽ Leader of the House and Leader of the Oppo ition എന്നു പറയുന്നതു് ധാരാളം മതിയാകുമെന്നാണെന്റെ അഭിപ്രായം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: രണ്ടും ഒന്നായിപ്പോയാലോ?

ശ്രീ. എ. താണുപിള്ള: ഒരാൾ സംസാരിക്കുമ്പോൾ ആ സംസാരത്തിന് വിഘാതം വരുത്തത്തക്കനിലയിൽ ചോദ്യങ്ങൾ ചോദിക്കുന്ന ആ വകതിരിവുകേട് ഇനിയും തുടർന്നുകൊണ്ടുപോകരുതെന്ന് ഞാൻ എന്റെ സ്നേഹിതന്മാരോട് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: സർ, ഒരു പായിന്റ് ആഫ് ആർഡർ. ഈ സഭയിലെ ഒരംഗം സംസാരിക്കുന്നതിനെപ്പറ്റി വകതിരിവുകേടാണെന്ന് മറ്റൊരാൾ പറയുന്നതു് ശരിയാണോ?

ശ്രീ. എ. താണുപിള്ള: ഞാൻ പരമാർത്ഥം പറഞ്ഞു എന്നേയുള്ളു.

മി. സ്പീക്കർ: ഏതെങ്കിലും ഒരു മെംബർ സംസാരിച്ചുകൊണ്ടുനിൽക്കുകയും ചോദ്യം ചോദിക്കാൻ ഭാവിച്ചിട്ടും ഇരിക്കാൻ ഭാവമില്ലെന്നു കാണുകയും ചെയ്താൽ പിന്നെ ആ അംഗത്തോട് ചോദ്യം ചോദിക്കാൻ പാടില്ല.

ശ്രീ. പി. ഭാസ്കരൻനായർ: സർ, വകതിരിവുകേട് എന്ന പദം പാർലമെൻററിയാണോ?

മി. സ്പീക്കർ: അതു് മുഖ്യമന്ത്രി ഉപയോഗിച്ചിരിക്കുന്ന പദമല്ലേ? പാർലമെൻററി ആയിരിക്കണം.

ശ്രീ. എ. താണുപിള്ള: Propriety എന്ന ആശയത്തിലാണ് ഞാൻ ആ പദം ഉപയോഗിച്ചിരിക്കുന്നതു്. പ്രൊപ്രൈററി എന്ന പദത്തിന് ഞാൻ പഠിച്ചിട്ടുള്ള ശരിയായ മലയാളം വകതിരിവ് എന്നാണ്. ഇംപ്രൊപ്രൈററിക്ക് വകതിരിവുകേടെന്നും പറയും.

സർ, ഇവിടത്തെ നടപ്പനുസരിച്ചാണ് ഈ നിയമത്തിൽ ഇങ്ങനെ കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ട് ഭേദഗതിയുടെ ആവശ്യമില്ലെന്ന് എനിക്കു തോന്നുന്നു.

The amendment was put and declared lost.

Shri N. Neelakantaru Pandarathil: Sir, I demand a poll.

A poll was taken when the House divided as follows:—

AYES—38.

1	Shri	P. V. Avira Tharakan	20	Shri	Kuttappan Koickal
2	,,	C. C. Ayyappan	21	,,	P. R. Madhavan Pillai
3	,,	K. A. Balan	22	,,	T. A. Majeed
4	,,	K. Balakrishnan	23	,,	P. Narayanan Potti
5	,,	B. B. Pandarathil	24	,,	U. Neelakantan
6	,,	Prakkulam Bhasi	25	,,	N. Neelakantaru Pandarathil
7	,,	P. Bhaskaran Nair	26	,,	M. P. Menon
8	,,	Thoppil Bhaskaran Pillai	27	,,	R. Prakasam
9	,,	K. Chandrasekhara Sastri	28	,,	N. Raghava Kurup
10	,,	P. K. Chathan	29	,,	P. Ravindran
11	,,	K. C. George	30	,,	C. G. Sadasivan
12	,,	P. Gopalan	31	,,	R. Sankaranarayanan Thampi
13	Sry.	K. R. Gouri	32	,,	V. Sridharan
14	Shri	Joseph Chazhikatt	33	,,	R. Sugathan
15	,,	Joseph Mundassery	34	Dr.	P. K. Sukumaran
16	,,	Thalekkare K. Krishnan	35	Shri	T. V. Thomas
17	,,	K. Krishna Pillai	36	,,	C. K. Viswanathan
18	,,	K. S. Krishnan Sastry	37	,,	Vivekanandan
19	,,	P. K. Kunjachan	38	,,	P. K. Yasodharan

NOES—39.

1	Shri	P. K. Abdul Khadir	21	Shri	P. K. Kunju
2	,,	A. Achuthan	22	,,	Manjanatha Prabhu
3	,,	J. A. Bhatt	23	,,	P. M. Markose
4	,,	K. K. Balakrishnan	24	,,	M. M. Mathai
5	,,	R. Balakrishna Pillai	25	,,	N. Narayana Kurup
6	,,	M. Bhaskaran Nair	26	,,	K. Narayana Kurup
7	,,	N. G. Chacko	27	,,	P. S. Nataraja Pillai
8	,,	M. P. Chandrasekharan Pillai	28	,,	V. P. Parameswaran Nambudiri
9	,,	K. M. Chandy	29	,,	N. Parameswaran Pillai
10	,,	M. V. Cheriyan	30	,,	A. A. Rahim
11	,,	D. Damodaran Potti	31	Dr.	A. R. Menon
12	,,	K. P. Gopala Menon	32	Shri	P. J. Sebastian
13	,,	Panampilli Govinda Menon	33	,,	K. A. Sivarama Bharathy
14	,,	Idiculla Idiculla	34	,,	A. Thanu Pillai
15	,,	A. J. John	35	,,	K. T. Thomas
16	,,	V. J. Joseph	36	,,	Kalathil Velayudhan Nair
17	,,	P. Kesava Menon	37	,,	T. M. Varghese
18	,,	T. T. Kesavan Sastry	38	,,	P. Viswambaran
19	,,	C. Kochukunju	39	,,	A. A. D. Luiz
20	,,	P. Kunjan			

The amendment was lost.

The question that Rule 14 stands part of the Rules was put and carried.

Rule 14 was added to the Rules.

Rules 15 and 16.

The question that Rules 15 and 16 stand part of the Rules was put and carried.

Rules 15 and 16 were added to the Rules.

Rule 17.

Shri Joseph Chazhikatt: Sir, I move the following amendment: In Rule 17, after the words, "leader of the House" aad 'and the leader of the opposition.'

റൂൾ 17 ഇങ്ങനെയാണ്.

"On days allotted for the transaction of Government business, the Secretary shall arrange that business in such order as the Speaker in consultation with the Leader of the House...."

ഇതിൽ ലീഡർ ഓഫ് ദി ഹൌസ് എന്നു കഴിഞ്ഞിട്ട്

"And the Leader of Opposition"

എന്നുകൂടി ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇവിടെ 45 അംഗങ്ങളുള്ള ഒരു പാർട്ടിയിലെ ആളാണ് ഓപ്പോസിഷൻ ലീഡറായിരിക്കുന്നത്. പക്ഷെ ലീഡർ ഓഫ് ദി ഹൗസിന്റെ പാർട്ടിയിൽ 17 പേരേ ഉള്ളു. അങ്ങനെ 17 അടങ്ങിയ ഒരു പാർട്ടി ലീഡറെ നിയമസഭാനടപടികൾ അറേഞ്ച് ചെയ്യുന്നതിന് അനുവദിക്കുന്നതായാൽ കൂടുതൽ ആളുകളുള്ള പാർട്ടികൾക്ക് രുചിക്കാതെ വരാൻ ഇടയുണ്ട്. അതുകൊണ്ടാണ് ലീഡർ ഓഫ് ദി ഓപ്പോസിഷൻ എന്നുകൂടി ചേർക്കണമെന്നു ഞാൻ പറയുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഈ റൂൾ 17 ഗവണ്മെന്റ് ബിസിനസ്സിനെ സംബന്ധിച്ചുള്ളതാണ്. അതു സ്പീക്കർ ലീഡർ ഓഫ് ദി ഹൗസിനോടുകൂടി മാത്രം ആലോചിച്ച് ചെയ്യേണ്ടതാണ്. ഗവണ്മെന്റിൽനിന്നും ബില്ലുകൾ കൊണ്ടുവരും. ആദ്യം എടുക്കേണ്ടതു് ഏതാണെന്നൊക്കെ പറയേണ്ടതു് ലീഡർ ഓഫ് ദി ഹൌസാണ്. ആ നിലയ്ക്ക് ലീഡർ ഓഫ് ദി ഓപ്പോസിഷനോടുകൂടി ആലോചിക്കണമെന്നു പറയുന്നതു ശരിയല്ല. അതുകൊണ്ടാണ് ഞാൻ ഭേദഗതിയെ എതിർക്കുന്നത്.

Shri Joseph Chazhikatt: Sir, I move the following amendment.

"In Rule 17 in the proviso, delete the words unless the Speaker....................for such variation."

എന്റെ ഭേദഗതി ഇതാണ്—

> "Provided that such order of business shall not be varied on the day that business is set down for disposal......" എന്നതു കഴിഞ്ഞുള്ള "unless the Speaker is satisfied that there is sufficient grounds for such variation." എന്ന ഭാഗം എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതി. ഇന്നു കാലത്ത് ഇന്നത്തെ പ്രോഗ്രാം തന്നിരുന്നു. അതു പിന്നീട് മാറേണ്ടിവന്നു. ഒരു ദിവസത്തേയ്ക്ക് ഒരു പ്രോഗ്രാം തന്നാൽ പിന്നീട് അതു ഭേദഗതി ചെയ്യാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

The two amendments were put and lost.

The question that Rule 17 stands part of the Rules was put and carried.

Rule 17 was added to the Rules.

Rules 18 to 26.

The question that Rules 18 to 26 stand part of the Rules was put and carried.

Rules 18 to 26 were added to the Rules.

Rule 27.

Shri R. Sankaranarayanan Thampi : Sir, I move the following amendment: In Rule 27, add the following as sub-rule (3).

> "Notwithstanding anything contained in Rules 23, 24, 25 and 26 the mover of the non-official Bill or Resolution shall also be a member of the Committee at such sitting of the Committee held to discuss matters relating to Bills or Resolutions, as contemplated by this Rule of which he is the mover."

My amendment is to the effect that the mover of the Bill or the resolution should become a member of a Committee in which the subject matter of his resolution or Bill is discussed. I think nobody will have any objection to accept the position that when after a resolution or Bill is placed before the Legislature and when a Committee is appointed to consider its merits, the mover of the Bill or Resolution is included in it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെമ്പറുടെ ഈ ഭേദഗതി സ്വീകരിക്കേണ്ടതാണെന്നാണ് എനിക്ക് തോന്നുന്നതു്. റൂൾ 27 അനൗദ്യോഗസ്ഥ മെംബറന്മാർ കൊണ്ടുവരുന്ന ബില്ലുകളുടേയും പ്രമേയങ്ങളുടേയും കാര്യത്തെപ്പററി ആലോചിക്കുന്നതിനെ സംബന്ധിച്ച് പറയുന്നതാണ്. എന്നാൽ ഈ കമ്മിററി നിയമിക്കേണ്ടതും ചെയർമാനെ നിയമിക്കേണ്ടതും സ്പീക്കറാണ്. ഈ കമ്മിററി ബില്ലുകളേയോ പ്രമേയങ്ങളേയോ പററി ആലോചിക്കുന്ന അവസരത്തിൽ അതിന്റെ പ്രയോക്താവുകൂടി കമ്മററിയിൽ ഇരിക്കുന്നതു ന്യായമായിരിക്കും. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കാൻ എനിക്ക് സമ്മതമാണ്.

ശ്രീ. മഞ്ജുനാഥപ്രഭു : കമ്മിററിയിൽ പല ബില്ലുകളും വരുമ്പോൾ അതിന്റെ പ്രയോക്താക്കൾ കൂടി ഉണ്ടായിരുന്നാൽ അവർ തമ്മിൽ തർക്കമുണ്ടായേക്കും.

ശ്രീ. എം. പി. മേനോൻ : മെമ്പർ ഭേദഗതിയെ എതിർക്കുകയാണോ?

ശ്രീ. മഞ്ജുനാഥപ്രഭു : അല്ല.

The amendment was put and carried.

The question that Rule 27, as amended, stands part of the Rules was put and carried.

Rule 27, as amended, was added to the Rules.

Rule 28.

Shri R. Sankaranarayanan Thampi : Sir I move that in Rule 28, sub-rule (1) add the following proviso: "Provided further that the decision of the speaker, on the question referred to in proviso (2) shall be final."

റൂൾ 28-ൽ തെളിവെടുക്കുന്നതിനു എന്തെങ്കിലും പേപ്പറോ ഡോക്കുമെന്റോ ആവശ്യപ്പെടുന്നതിനുള്ള അധികാരം കൊടുത്തിട്ടുണ്ട്. അതോടുകൂടി ഒരു പ്രൊവൈസോ ചേർത്തിട്ടുണ്ട്. അതിൽ രണ്ടാമത്തെ പ്രൊവൈസോയിൽ പറയുന്നതു് ഇങ്ങനെയാണ്;

"Provided further that Government may decline to produce a document on the ground that its disclosure would be prejudicial to the safety or interest of the State."

എനിക്ക് ആ പ്രൊവൈസോവിൽ എതിരില്ല. പക്ഷെ, ഗവൺമെന്റ് എപ്പോഴും നല്ല ഗവൺമെന്റായിരിക്കുമെന്ന് വിചാരിക്കാൻ നിവൃത്തിയില്ല. ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ദോഷമില്ലാത്ത പേപ്പറുകളും ഉണ്ടെന്നുവരാം. ആ പേപ്പറും കൊടുക്കാതിരിക്കാനുള്ള പരമാധികാരം ഗവൺമെന്റിനു കൊടുക്കാതെ അതു കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിനുള്ള അധികാരം സ്പീക്കർക്കു കൊടുക്കണമെന്നാണ് ഞാൻ ഈ ഭേദഗതിമൂലം ഉദ്ദേശിക്കുന്നത്. ഒരു ജനാധിപത്യകാലത്ത് ഒരു സ്പീക്കറെക്കാൾ വലിപ്പം ഗവൺമെന്റിനു കൊടുക്കുന്നത് ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. സ്പീക്കർക്ക് അതാവശ്യപ്പെടാൻ അധികാരമുണ്ടെന്നും അതു വെളിയിലേയ്ക്ക് കൊടുക്കാമോ എന്ന് അവസാനതീരുമാനം ചെയ്യാൻ സ്പീക്കർക്കായിരിക്കണം അധികാരമെന്നുമാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നതിനു വലിയ വൈഷമ്യം ഉണ്ടാകാനിടയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. എന്തുകൊണ്ടാണെന്നുവച്ചാൽ സ്പീക്കറാണോ കൂടുതൽ നല്ലത്, ഗവൺമെന്റാണോ കൂടുതൽ നല്ലത് എന്ന പ്രശ്നം ഇവിടെ ഉദിക്കുന്നില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ആ വാക്ക് ഞാൻ ഉപയോഗിച്ചില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാതു കാലത്തു ഭരണം നടത്തുന്ന ഗവൺമെന്റിന് ചില സന്ദർഭങ്ങളിൽ ചില പ്രിവിലേജ്ഡ് ഡാക്കുമെന്റ്സ് പുറത്തുകൊടുക്കാൻ പാടില്ലാത്തതായി കാണും. ചിലപ്പോൾ സ്പീക്കറുടെ അടുത്തുപോലും ഹാജരാക്കാൻ പാടില്ലാത്തവിധം പ്രിവിലേജ്ഡ് ഡാക്കുമെന്റ്സ് ആണെന്നു പറയാൻ ഗവൺമെന്റിനു അവകാശമുണ്ട്. ഇതിൽ രണ്ടു പ്രൊവൈസോ ഉണ്ട്. ആദ്യത്തെ പ്രൊവൈസോവിൽ സമൺ ചെയ്യപ്പെടുന്ന ഒരു രേഖ സംഗതമായതാണോ എന്നു തീരുമാനിക്കാൻ സ്പീക്കർക്കധികാരമുണ്ടെന്നു പറഞ്ഞിട്ടുണ്ട്. അതാർക്കും ചോദിക്കാൻ പാടില്ല. അങ്ങനെ രേഖ ഹാജരാക്കാൻ അസൗകര്യമുണ്ട്, കഷ്ടമുണ്ട്, എന്നു സ്പീക്കറെ ധരിപ്പിക്കാം. നേരെമറിച്ച് യഥാർത്ഥത്തിൽ സ്റ്റേറ്റിന്റെ രക്ഷയ്ക്ക് പ്രെജുഡിഷ്യലായിട്ടുള്ളതാണെങ്കിൽ അതു വിത്ഡ്രാ ചെയ്യാം. ഡമോക്രസിയിൽ ഇങ്ങനെയുള്ള കാര്യങ്ങൾ പരിരക്ഷിക്കപ്പെടുന്നില്ലെങ്കിൽ വിജയകരമായി ഭരണം നടത്താൻ സാധിക്കുകയില്ല. അതുകൊണ്ടുമാത്രം ഞാൻ ഇതിനെ എതിർക്കുകയാണ്.

The amendment was put and lost.

The question that Rule 28 stands part of the Rules was put and carried.

Rule 28 was added to the Rules.

RULE 29.

The question that Rule 29 stands part of the Rules was put and carried.

Rule 29 was added to the Rules.

RULE 30.

Shri R. Sankaranarayanan Thampi: Sir, I move the following amendment in Rule 30, delete the proviso to that Rule, and substitute the following sub-rule (2) :—

> "(2) The Speaker in consultation with the Leader of the House, the Leader of the Opposition, the Leaders of other Parties, if any, and the Chairman of the Committee constituted under Rules 23 to 27, shall allot the time for the discussion of the motion and the Speaker may direct the discussion as he thinks fit."

Sir, this is what is stated in Rule 30: "At any time after the report has been presented to the Assembly a motion may be moved that the Assembly gives or agrees with amendments or disagrees with the report :

Provided that not more than half an hour shall be allotted for the discussion of the motion and no member shall speak for more than five minutes on such a motion.

Provided further that an amendment may be moved that the report be referred back to the Committee without limitations or with reference to any particular matter."

ഈ റൂൾ മുമ്പു പാസ്സാക്കിയ 27-ാം റൂൾ അനുസരിച്ചുള്ള റിപ്പോർട്ടിന്മേലുള്ള ചർച്ചയെപ്പററി പ്രതിപാദിക്കുന്ന റൂളാണ്. വളരെ പ്രധാനമായിട്ടുള്ള പല പ്രശ്നങ്ങളും ഇവിടെ ചർച്ചയ്ക്കു വരാനിടയുണ്ട്. റസല്യൂഷനായിട്ടും മോഷനായിട്ടും പലതും ഇവിടെ അവധാനപൂർവ്വമായ ചർച്ചയ്ക്കു വിഷയമായേക്കും. എന്നാൽ അതു് ഇത്ര വളരെ സക്കംവെൻറ ചെയ്തു് അരമണിക്കൂർ മാത്രമേ ഓരോ റിപ്പോർട്ടിനെപ്പററിയും ചർച്ച ചെയ്യാവുള്ളൂ എന്നും അതിൽ അഞ്ചു മിനിട്ടുമാത്രമേ മെംബറന്മാർക്ക് ചർച്ചചെയ്യാൻ സമയമനുവദിക്കയുള്ളൂ എന്നും പരിമിതപ്പെടുത്തിയിട്ടുള്ളതു് നീതിപൂർവകമായ കാര്യമല്ലാ എന്നാണ് എനിക്കു പറയാനുള്ളതു്. അമിതമായ വാദപ്രതിവാദത്തിലേയ്ക്കു് അതു നീട്ടിക്കൊണ്ടുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലാ ഞാൻ ഭേദഗതി അവതരിപ്പിയ്ക്കുന്നതു്. എന്റെ അമെൻഡുമെൻറ് ഇതാണ്.

> "In Rule 30, delete the proviso to that Rule, and substitute the following sub-rule (2) :—
>
> (2) The Speaker in consultation with the Leader of the House, the Leader of the Opposition, the Leader of other Parties, if any, and the Chairman of the Committee constituted under Rules 23 to 27, shall allot the time for the discussion of the motion and the Speaker may direct the discussion as he thinks fit."

വളരെ പരിമിതമായ നിലയിൽ മാത്രമേ ചർച്ച ചെയ്യാവൂ. അതു നിയന്ത്രിക്കുന്നതിനു് സ്പീക്കർക്കു് ഡിസ്ക്രീഷണറി പവ്വർ ഉപയോഗിക്കുന്നതിനും സാദ്ധ്യതയുണ്ടു്. അങ്ങിനെ ചർച്ചയ്ക്കുള്ള സമയം നീട്ടിക്കൊടുക്കേണ്ടതായിവന്നാൽ അതു് അനുവദിക്കുന്നതിനുള്ള അധികാരത്തിനു വേണ്ടിയാണു് ഞാൻ ഇതു കൊണ്ടുവരുന്നതു്. ഇതിലും അംഗീകാര്യമല്ലാതെ ഒന്നും ഉണ്ടെന്നു തോന്നുന്നില്ല. ഇതംഗീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ എന്റെ ഭേദഗതി ഹാജരാക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നില്ല. അതെന്തുകൊണ്ടാണെന്നു വച്ചാൽ അതാവശ്യമില്ലാത്ത ഒന്നായി ചേർക്കേണ്ടിവരുമെന്നാണു് എനിക്കു തോന്നുന്നതു്. ഈ സഭയിലെ അനൗദ്യോഗസ്ഥന്മാർ കുറെ ബില്ലുകളും പ്രമേയങ്ങളും മററും ഹാജരാക്കുന്നപക്ഷം അതേതുതരത്തിലെടുക്കണം എന്നുള്ളതാണു് ഈ വകുപ്പിൽ പ്രത്യേകം പറയുന്നതു്. ഇവിടെ ആരെങ്കിലും ഒരു മെമ്പർ ഒരു പ്രമേയമോ ബില്ലോ ഏതെങ്കിലും ഹാജരാക്കി എന്നിരിക്കട്ടെ. അതിൽ ഏതു് ആദ്യം എടുക്കണം, അതിനു് എത്ര സമയം വേണം എന്നെല്ലാം നിശ്ചയിക്കുന്നതിനാണു് കമ്മററിയെ വച്ചിട്ടുള്ളതു്. ഇതു് സ്പീക്കർ നാമിനേററു ചെയ്യുന്ന ഒരു കമ്മിററിയാണു്. ഇതേപ്പററിയുള്ള ഒരു ഡിസ്കഷനെ സംബന്ധിച്ചാണു് ഈ 30-ാം മത്തെ റൂളിൽ പറഞ്ഞിരിക്കുന്നതു്. അതിനു ഡിസ്കഷന്റെ ആവശ്യമില്ല. പക്ഷെ വേണ്ടിവന്നാൽ അരമണിക്കൂർ നേരത്തെ ഒരു അവസരം വച്ചിരിക്കുകയാണു്. അതു് അരമണിക്കൂറിൽ കൂടുതൽ പോകുകയാണെങ്കിൽ പ്രമേയവും ബില്ലും ഡിസ്കസ് ചെയ്യാനുള്ള സമയം ഉണ്ടാകുകയില്ല. അങ്ങനെ സമയം പോകാതെയിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇതിന്റെ കർത്താക്കൾ—ന്യായമായി ഡിസ്കസ് ചെയ്യുന്നതിനു് അരമണിക്കൂർവരെ സമയം ആകാം എന്നുവച്ചിട്ടുള്ളതു്. അതു് അവിഹിതമായ ഒരു നിയന്ത്രണം നമ്മുടെ സ്വാതന്ത്ര്യത്തിൽ ചെലുത്തുന്നതാണെന്നു് എനിക്കു തോന്നുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുകയാണു്. ഈ ഭേദഗതിയെ എതിർത്തുകൊണ്ടു് ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറയുകയുണ്ടായി ഈ റൂൾ അനുസരിച്ചു് ചർച്ച വരുന്നസംഗതികൾ അപ്രധാനങ്ങളും, 'പ്രിലിമിനറി മാറേറഴ്സും' മാത്രമാണെന്നു്. അദ്ദേഹത്തിന്റെ അഭിപ്രായം ശരിയല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ റൂൾ അനുസരിച്ചു് ഏററവും പ്രാധാന്യമുള്ള പല സംഗതികളും ചർച്ചയ്ക്കുവരുന്നതാണു്. ഞാൻ പറയുന്നതു് ശരിയാണെന്നു തെളിയിക്കുവാൻ ഞാൻ അങ്ങയുടെ ശ്രദ്ധ റൂൾ 27-ലേയ്ക്കു് ക്ഷണിച്ചുകൊള്ളുകയാണു്. റൂൾ 27-സി ഉപവകുപ്പിലേയ്ക്കാണു് ഞാൻ അങ്ങയുടെ ശ്രദ്ധയെ ക്ഷണിക്കുന്നതു്. അങ്ങയുടെ അനുവാദത്തോടുകൂടി ഞാനതുവായിച്ചുകൊള്ളട്ടെ.

> "(c) to examine every private member's Bill which is opposed in the Assembly on the ground that the Bill initiates legislation outside the legislative competence of the Assembly and the Speaker consider such objection *prima facie* tenable;"

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

സർ, ഈ ഉപവകുപ്പുപ്രകാരമുള്ള അധികാരം വളരെ വിപുലമാണ്. ഒരു ബിൽ ഈ അസംബ്ലിയിൽ ചർച്ചചെയ്യത്തക്കതാണോ എന്നു തീരുമാനിക്കുന്നതുവരെയുള്ള അധികാരമാണ് ഈ കമ്മിററിക്കുള്ളതു്. ഇതു് പരമപ്രാധാന്യമുള്ള ഒരു സംഗതിയാണ്. ഇതുകൊണ്ടു് ഭരണഘടനയിലെ വകുപ്പുകൾക്കു് വ്യാപ്തിയും, അതിനുകീഴായി ഈസഭയുടെ അധികാരവും മററും തീരുമാനിച്ചു് അതിന്മേൽ ഈ കമ്മിററി എടുക്കുന്ന ഒരു തീരുമാനം ഏററവും പ്രാധാന്യമർഹിക്കുന്നതാണെന്നു് ഞാൻ പറയേണ്ടതില്ലല്ലോ. ഇപ്രകാരമുള്ള ഒരു സംഗതിസംബന്ധിച്ചു് ഈ കമ്മിററി വയ്ക്കുന്ന റിപ്പോർട്ടിനെസംബന്ധിച്ചു് അവധാനപൂർവ്വം ഈ സഭ ഒരു തീരുമാനം ചെയ്യുമ്പോൾ അതിനാവശ്യമായ ചർച്ച നടത്തുന്നതു് ഒരിക്കലും തെററാണെന്നു് ഞാൻ വിചാരിക്കുന്നില്ല. അങ്ങിനെ ഭരണഘടനയുടെ വ്യാപ്തിയും മററും പ്രതിപാദിക്കുന്ന ഒരു റിപ്പോർട്ടു് ഈ കമ്മിററി സഭയിൽ ഹാജരാക്കുമ്പോൾ അതിന്മേൽ വാദപ്രതിവാദം നടത്തുന്നതിനു് ഈ സഭയ്ക്കു് ആവശ്യമായ സമയം ലഭിക്കുന്നതിനുവേണ്ടിയാണു് ഈ ഭേദഗതി ഹാജരാക്കിയിട്ടുള്ളതു്.

ഈ കഴിഞ്ഞ ഒരുദിവസംതന്നെ ബഹുമാനപ്പെട്ട മെംബർ ശ്രീ. അവിരാ തരകൻ കൊണ്ടുവന്ന കടനിവാരണബില്ലു് അവതരിപ്പിക്കുന്നതിനു് അനുവാദം കൊടുക്കുന്നതിനെ എതിർത്തുകൊണ്ടു് ബഹുമാനപ്പെട്ട പത്തനാപുരം മെംബർ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ചു് ആ ബില്ലിനെപ്പററി ചർച്ച ചെയ്യുന്നതിനു് ഈ സഭയ്ക്കധികാരമില്ലെന്നായിരുന്നു പത്തനാപുരം മെംബറുടെ വാദഗതി. അദ്ദേഹം ഉന്നയിച്ച ആ ഭരണഘടനാപ്രശ്നം വേണ്ടവിധം വിശദീകരിക്കുന്നതിനു് അദ്ദേഹത്തിനുതന്നെ അരമണിക്കൂറിൽ കൂടുതൽ വേണ്ടിവന്നു. അതുപോലെ കാൺസ്റ്റിററ്യൂഷനലായുള്ള പല കാര്യങ്ങളെപ്പററിയും വളരെക്കൂടുതൽ സംസാരിക്കേണ്ടതായ അവസരങ്ങൾ ചിലപ്പോൾ വരും. സഖാവു് ശങ്കരനാരായണൻതമ്പി അദ്ദേഹത്തിന്റെ ഭേദഗതികൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് ഇതിനുള്ള സമയം ആവശ്യമെന്നുതോന്നിയാൽ അനുവദിക്കുന്നതിനുള്ള അധികാരം സ്പീക്കർക്കുണ്ടായിരിക്കണം എന്നാണു്. ഇങ്ങനെ പരമപ്രാധാന്യമുള്ള കാര്യങ്ങൾ സഭയുടെ പരിഗണനയിൽ വരുമ്പോൾ നേതാവിനോടും പ്രതിപക്ഷനേതാവിനോടും ആലോചിച്ചു് ആ കാര്യങ്ങളെസംബന്ധിച്ചു് ചർച്ച ചെയ്യുന്നതിനു് ആവശ്യമെന്നു സ്പീക്കർക്കു തോന്നുന്ന സമയം അനുവദിക്കാമെന്നല്ലാതെ എല്ലാക്കാര്യങ്ങൾക്കും ഇഷ്ടംപോലെ സമയം അനുവദിക്കണമെന്നു് ഈ ഭേദഗതി പറയുന്നില്ല. പരമപ്രധാനമായ വിഷയങ്ങൾ സംബന്ധിച്ചു് കമ്മിററി തീരുമാനം എടുക്കുമ്പോൾ അതേപ്പററി ശരിയായ വിധത്തിലുള്ള ഡിസ്കഷനു് ഈ സഭയ്ക്കു് സമയം അനുവദിക്കണമെങ്കിൽ ഈ അമെൻഡ്മെൻറ സ്വീകരിക്കണം. ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഇതിനെ ആദ്യം എതിർത്തുവെങ്കിലും ആ എതിർപ്പു് അദ്ദേഹം പിൻവലിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

Shri A. Thanu Pillai: Sir, I oppose this amendment. After all, it is purely a preliminary matter. Why such a preliminary matter should take more than half an hour, it is difficult to understand. I perfectly agree with Shri Panampilli Govinda Menon that this amendment should be rejected.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഇത്രയേറെ വാദപ്രതിവാദങ്ങൾ ഇതിൽ ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടിയല്ല ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്. എന്നാൽ എന്റെ ഭേദഗതി അവതരിപ്പിച്ചശേഷം വകതിരിവുള്ള ചീഫ് മിനിസ്റ്ററും ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറും അവരുടെ എതിർപ്പുകൊണ്ട് സൂചിപ്പിച്ചിരിക്കുന്നതായിട്ടുള്ള വസ്തുതകൾ കണ്ടിട്ട് എന്റെ നില കുറച്ചുകൂടി വിശദീകരിക്കേണ്ടതാണെന്നു കരുതി ഞാൻ അതിലേയ്ക്കൊരുങ്ങുകയാണ്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറയുകയുണ്ടായി, ഈ സഭയിലെ പ്രതിനിധികൾ അടങ്ങിയ ഒരു കമ്മിററി ചെയ്യുന്ന തീരുമാനത്തെ സംബന്ധിച്ചിടത്തോളം വളരെ ലഘുവായ ഒരു ഡിസ്കഷന്റെ ആവശ്യം മാത്രമേ ഉണ്ടാകയുള്ളൂ എന്ന്. ഞാൻ അതിനോടു യോജിക്കുന്നു. സാധാരണ ഗതിയിലാണെങ്കിൽ ഈ സഭയിലെ ഓർഡർ ആഫ് പ്രൊസീഡിംഗ്സ് 27-ാം റൂളിലെ എ, ബി, സി, ഡി എന്ന ഉപവകുപ്പുകൾ വച്ച് ഇവിടത്തെ ഫംക്ഷൻസ് നിർവഹിക്കാം. ആ ഫംക്ഷൻസ് വളരെ വലുതായിട്ടുള്ള ഫംക്ഷൻസല്ല. എന്നാൽ ചിലപ്പോൾ വളരെ ഗൗരവതരമായ ഫംക്ഷൻസ് ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന അസാധാരണ സന്ദർഭങ്ങൾ വന്നേയ്ക്കാം. എന്നാൽ അസാധാരണ സന്ദർഭങ്ങളില്ലെന്നുള്ളതാണ് എന്റെ ബുദ്ധി എനിക്ക് ഉപദേശിച്ചുതരുന്നത്. അങ്ങിനെ വരുന്ന സന്ദർഭങ്ങൾ ബഹുമാനപ്പെട്ട തിരുവാർപ്പു മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള (സി) ഉപവകുപ്പിൽ പറയുന്നുണ്ട്. അവരുടെ അധികാരങ്ങൾ ഉപയോഗിച്ച് ഒരു തീരുമാനമെടുക്കുമ്പോൾ വളരെ ഗൗരവതരമായ നിയമപ്രശ്നങ്ങൾ ഉണ്ടാകുന്നതു് സ്വാഭാവികമാണ്. അഞ്ചുമിനിട്ടുകൊണ്ട് അഭിപ്രായവ്യത്യാസങ്ങൾ രേഖപ്പെടുത്തിക്കൊള്ളണമെന്ന് ജനാധിപത്യത്തെ മാനിക്കുന്ന ഈ നിയമസഭയുടെ റൂളിനകത്തു വയ്ക്കുക എന്നുള്ളതു് അപമാനകരമാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്. യാതൊരു എതിരുംകൂടാതെ അനാവശ്യമായി നീട്ടിക്കൊണ്ടു

3 P. M. പോകാനുള്ള ഒരുദ്ദേശം എന്റെ ഭേദഗതിയിൽ ഇല്ലെന്നു

മാത്രമല്ല, അങ്ങിനെയുള്ള സന്ദർഭങ്ങൾ വരികയാണെങ്കിൽ അതിനെ നിയന്ത്രിക്കുന്നതിനുള്ള അധികാരം സ്പീക്കർക്കുണ്ടായിരിക്കയും ചെയ്യണം. സർ, ഞാൻ മറെറാന്നും പറയുന്നില്ല. എന്റെ അമെൻഡ്മെൻറ് തള്ളപ്പെടുകയാണെങ്കിൽ അതു് ഈ സഭയുടെ വകതിരിവിനെ പ്പുററി ചെയ്യുന്ന ഒരു തീരുമാനമായിരിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറും ഗവണ്മെൻറും ഈ ഭേദഗതി സ്വീകരിക്കാൻ തയ്യാറാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട തിരുവാർപ്പു മെമ്പറുടെ അഭിപ്രായത്തിൽനിന്നു മനസ്സിലാകുന്നത് അരമണിക്കൂറിൽ കൂടുതൽ വാദപ്രതിവാദം ഉണ്ടായേക്കാവുന്ന അസാധാരണ സന്ദർഭം ഉണ്ടാകുമെന്നാണ്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഒരു ചോദ്യം. ഇതിനെ സംബന്ധിച്ചുള്ള റൂളിന് സമയനിർണ്ണയം ചെയ്യുന്നതു് ജനാധിപത്യമായിട്ടുള്ളതാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് നിയമസഭയിലെ വാദപ്രതിവാദത്തിന്റെ ഒരു കാര്യമല്ല; നിയമസഭയിലെ വാദപ്രതിവാദങ്ങൾ ഏതുമുറയ്ക്കു ചെയ്യണമെന്നുള്ള കാര്യമാണു്. ഒരുകാര്യത്തിനു് സഭയുടെ മുഴുവൻ സമയവും പോകയാണെങ്കിൽ മറ്റുകാര്യങ്ങൾക്കു് സഭയിൽ സമയം ഉണ്ടാകുകയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഒരു അസാധാരണ സന്ദർഭത്തിൽ ഒരു കാര്യത്തിനു വേണ്ടി വാദപ്രതിവാദത്തിനു് കൂടുതൽ സമയം വേണമെന്നു് ഈ സഭയ്ക്കു് ആഗ്രഹമുണ്ടെങ്കിൽ അതു് ഈ റൂൾകൊണ്ടു് നിറവേറ്റാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു അസാധാരണകാര്യം വരുകയാണെന്നുണ്ടെങ്കിൽ അതിനു് ഇതിൽ വേറെ ഒരു റൂളുണ്ടു്. അതു് 237-ാം വകുപ്പാണു്. അതിൽ പറയുന്നതു് ഇങ്ങനെയാണു്.

Rule 237 says:

> "Any member may, with the consent of the Speaker, move that any rule may be suspended in its application to a particular motion before the Assembly and if the motion is carried the rule in question shall be suspended for the time being."

അതായതു് അസാധാരണമായിട്ടുള്ളകാര്യം വാദപ്രതിവാദത്തിനു വരികയാണെങ്കിൽ, അതു് 30 മിനിറ്റുകൊണ്ടു് തീരുമാനിക്കാവുന്ന കാര്യമല്ലെങ്കിൽ, അരമണിക്കൂർകൂടി അതിനു് അലാട്ടുചെയ്യണമെന്നു് ഏതെങ്കിലും ഒരു മെമ്പർ ഒരു മോഷൻ മൂവുചെയ്യുകയും അതു് സഭ അനുവദിക്കുകയും ചെയ്താൽ അപ്രകാരം പ്രവർത്തിക്കുവാനുള്ള സൗകര്യമുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഒരു സെപ്പറേറ്റ് മോഷൻ കൊണ്ടുവരികയാണെങ്കിൽ അതിനു് പ്രത്യേകം നോട്ടീസ് വേണ്ടിവരികയില്ലേ? നോട്ടീസുവേണ്ടിവരികയാണെങ്കിൽ അതു് ബുദ്ധിമുട്ടല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വരികയാണെങ്കിൽ ബഹുമാനപ്പെട്ട തിരുവാർപ്പ് മെമ്പർ അതിനു കുറെക്കൂടി സമയം അലാട്ടു ചെയ്യണമെന്നു് ഒരു മോഷൻ കൊണ്ടുവരികയും ഞാൻ അതു് അനുകൂലിക്കുകയും ചെയ്താൽ മതി.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഇങ്ങനെയുള്ള അധികാരം സ്പീക്കർക്കു കൊടുക്കുന്നതുകൊണ്ടു് എന്തെങ്കിലും ദോഷം വരുമെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ദോഷമൊന്നുമില്ല.

The amendment was put and lost.

Shri R. Sankaranarayanan Thampi: Sir, I demand a poll.

Shri N. G. Chacko: Sir, whenever a poll is demanded is it obligatory on the part of the Chair to allow it?

Shri R. Sankaranarayanan Thampi: I do not insist.

Mr. Speaker: We have taken polls twice now.

The question that Rule 30 stands part of the Rules was put and carried.

Rule 30 was added to the Rules.

RULES 31 to 36.

The question that Rules 31 to 36 stand part of the Rules was put and carried.

Rules 31 to 36 were added to the Rules.

RULE 37.

ശ്രീ. പി. രവീന്ദ്രൻ: I move, 'Omit rule 37 and renumber' സർ, റൂൾ 37 ഈ റൂൾസിൽ നിന്നു് എടുത്തുകളയണമെന്നുള്ള ഒരു ഭേദഗതിയാണു് ഞാൻ അവതരിപ്പിക്കുന്നതു്. ഒരു ചോദ്യം ഒരു മെമ്പർ അയച്ചുകഴിഞ്ഞാൽ അതു് സ്പീക്കർ സ്വീകരിച്ചതിനുശേഷം അതിന്റെ ഉത്തരം തയാറാക്കാൻ ചുമതലപ്പെട്ട ഡിപ്പാർട്ടുമെന്റിലേയ്ക്കോ, ആ ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവാദിത്വം വഹിക്കുന്ന മിനിസ്റ്റർക്കോ അയക്കുകയാണു പതിവു്. മിനിസ്റ്റർക്കു നോട്ടീസു കിട്ടിയതിനുശേഷമേ മിനിസ്റ്റർ ഉത്തരം തയാറാക്കേണ്ടതുള്ളൂ. എന്നാൽ എന്തെങ്കിലും കാരണവശാൽ മിനിസ്റ്റർക്കു് നോട്ടീസു കൊടുക്കുന്നതിനു് താമസം നേരിടുകയാണെങ്കിൽ ചോദ്യങ്ങളുടെ ലിസ്റ്റിൽ ചോദ്യം ഇല്ലാതെ വരുന്നതാണു്. ഇപ്പോൾ മെമ്പറന്മാർ ചോദ്യങ്ങൾക്കു് 10 ദിവസത്തെ നോട്ടീസു കൊടുത്താൽ മതി, അതിനു നിയമസഭയിൽ ഉത്തരം കിട്ടും. 10 ദിവസത്തെ നോട്ടീസു കൊടുത്താൽ ഉത്തരം കിട്ടുമെന്ന വ്യവസ്ഥയെ ഈ റൂൾ പരാജയപ്പെടുത്തും. ചോദ്യം മിനിസ്റ്റർക്കു് അയച്ചുകൊടുക്കാൻ സെക്രട്ടറിയേറ്റിൽ ഔദ്യോഗികതാമസം നേരിട്ടാൽ ഉത്തരം കിട്ടുകയില്ല. ഇതു് മെമ്പറന്മാരുടെ ചോദ്യോത്തരം സംബന്ധിച്ച അവകാശങ്ങളെ ഹനിക്കുന്നതാണു്. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് മന്ത്രിമാർക്കു് ഉത്തരം തയാറാക്കാനുള്ള സമയം പരിമിതപ്പെട്ടുപോകുകയില്ല. ഈ ഭേദഗതി എല്ലാവരും അംഗീകരിക്കണമെന്നു് ഞാനപേക്ഷിക്കുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. ഈ ഭേദഗതി പാസ്സാകേണ്ടതു് ആവശ്യമാണെന്നുള്ളതിനു് മറ്റൊരു കാരണംകൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സാധാരണഗതിയിൽ 10 ദിവസത്തെ നോട്ടീസു കൊടുത്തിട്ടുള്ള ചോദ്യങ്ങൾ, ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുണ്ടു്. അതിനു ഒരു വ്യത്യാസം കാണിക്കുവാനുള്ള അവകാശം ലെജിസ്ലേച്ചർ സെക്രട്ടറിക്കു വിട്ടുകൊടുക്കുകയായിരിക്കും ഈ വകുപ്പിന്റെ ഫലം. അതായതു് മെമ്പറന്മാർ 10 ദിവസത്തെ നോട്ടീസുവച്ചു് അയയ്ക്കുന്ന ചോദ്യങ്ങൾ ഉത്തരം പറയേണ്ട ദിവസത്തിനു് 5 ദിവസത്തിനുമുമ്പു് മിനിസ്റ്റർക്കു് കൊടുത്തില്ലെങ്കിൽ ആ ചോദ്യത്തിനു് മിനിസ്റ്റർ ഉത്തരം പറയേണ്ട എന്നും, ചോദ്യം തന്നെ ലിസ്റ്റിൽ ചേർക്കേണ്ട എന്നുമാണു ഈ വകുപ്പു പറയുന്നതു്. ഇതു പാസ്സായാൽ Irregular പ്രാക്ടീസിനു്

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

ഈ നിയമസഭ നിയമസാധുത്വം കൊടുക്കുകയായിരിക്കും ചെയ്യുന്നതു്. അതായതു് ചോദ്യങ്ങൾ അതാതു വകുപ്പുകളുടെ മന്ത്രിമാർക്കു് അയയ്ക്കുന്നതു് താമസിപ്പിക്കുന്നതിനു് ലെജിസ്ലേച്ചർ സെക്രട്ടറിയേററിനു് ഒരു സൗകര്യം കൊടുക്കുകയായിരിക്കും ചെയ്യുന്നതു്. അതു് ഇല്ലാതാക്കുന്നതിനു് ഈ അമൻറമെൻറ് വളരെ ആവശ്യമാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബർ ശ്രീ. രവീന്ദ്രൻ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു് അംഗങ്ങളുടെ ചോദ്യം ചോദിക്കുവാനുള്ള അവകാശത്തെ രക്ഷിക്കുവാനാണെങ്കിൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നതു് അംഗങ്ങളുടെ ചോദ്യങ്ങൾക്കു് മറുപടി കിട്ടുവാനുള്ള അവകാശത്തെ രക്ഷിക്കുവാനാണു്. ഒരു മന്ത്രിക്കു് 5 ദിവസത്തെ നോട്ടീസ് എങ്കിലും വച്ചു് ചോദ്യം അയച്ചില്ലെങ്കിൽ ആ ചോദ്യങ്ങൾ ലിസ്റ്റിൽ വയ്ക്കരുതു്, എന്നാണു് ഈ വകുപ്പിൽ പറയുന്നതു്. ഒരു ചോദ്യം നിയമസഭയിൽ ചോദിക്കുന്നതിൻെറ തലേ ദിവസം മന്ത്രിക്കു് കിട്ടുകയാണെങ്കിൽ, ആ ചോദ്യം ലിസ്റ്റിൽ വയ്ക്കുകയാണെങ്കിൽ മന്ത്രി ഇവിടെവന്നു് നോട്ടീസ് വേണമെന്നു് പറയേണ്ടി വരും. രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും ഉത്തരം ശേഖരിച്ചു് നിയമസഭയിൽ വയ്ക്കുവാനാണു് ചോദ്യം ചോദിക്കുന്നതു്. അങ്ങനെ ഉത്തരം ചോദിക്കുന്നതിനു് 5 ദിവസത്തെ ഇടയെങ്കിലും മന്ത്രിക്കു കൊടുക്കണമെന്നാണു് ഇവിടെ പറയുന്നതു്. അതുകൊണ്ടു് 5 ദിവസത്തെ നോട്ടീസ് എങ്കിലും വേണമെന്ന 37-ാം വകുപ്പു് ചോദിക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം കിട്ടുവാനുള്ള അംഗങ്ങളുടെ അവകാശം രക്ഷിക്കുവാൻ വേണ്ടിയുള്ളതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: 10 ദിവസത്തെ നോട്ടീസ് വച്ചാണു് ഇപ്പോൾ ചോദ്യം അയയ്ക്കുന്നതു്. ലജിസ്ലേച്ചർ സെക്രട്ടറിയേററിൽ നിന്നും അതു് 2 ദിവസത്തിനകം മിനിസ്റ്റർക്കു് അയക്കണമെന്നു് പറകയാണെങ്കിൽ കൊള്ളാം. നേരെമറിച്ചു് ലെജിസ്ലേച്ചർ സെക്രട്ടറിയേററിൽ അതു് വച്ചു് താമസിപ്പിക്കുന്നതിനുള്ള സൗകര്യം കൊടുക്കുന്നതു് ശരിയായിരിക്കയില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 10 ദിവസത്തെ നോട്ടീസ് വച്ചു് ചോദ്യങ്ങൾ അയയ്ക്കുന്നതു് ലജിസ്ലേച്ചർ സെക്രട്ടറിയേററിലേക്കാണു്. ലെജിസ്ലേച്ചർ സെക്രട്ടറിയേററിൽ നിന്നു് ആ ചോദ്യങ്ങൾ ഉത്തരം ശേഖരിക്കുന്നതിനുവേണ്ടി അതാതു ഡിപ്പാർട്ടുമെൻറിലേയ്ക്കു് അയയ്ക്കുകയാണു് ചെയ്യുന്നതു്. അപ്രകാരം സ്റ്റാർഡ് ചെയ്തയയ്ക്കുന്ന ഒരു ചോദ്യത്തിനു് ചുമതലപ്പെട്ട മന്ത്രിക്കു് ഉത്തരം ശേഖരിച്ചു് പറയുന്നതിനു് 5 ദിവസത്തെ സമയമെങ്കിലും വേണമെന്നു പറയുന്നതു് അധികമാണെന്നു് എനിക്കു് തോന്നുന്നില്ല. ഒരു കാര്യംകൂടി - ബഹുമാനപ്പെട്ട സഭ ധരിക്കുന്നതു് നന്നായിരിക്കും. ചോദ്യങ്ങൾ അതാതു ദിവസത്തെ ചോദ്യങ്ങളുടെ ലിസ്റ്റിൽ വയ്ക്കുന്നതു് മിനിസ്റ്ററോടു് ആലോചിച്ചല്ല. സ്പീക്കറാണു് ചോദ്യങ്ങൾ ലിസ്റ്റിൽ വയ്ക്കുന്നതു്. ലിസ്റ്റിൽവയ്ക്കുന്ന ചോദ്യത്തിനു് മറുപടി പറയേണ്ട ഭാരം മിനിസ്റ്ററുടേതാണു്. നിയമസഭയിൽ ഉത്തരവാദിത്വത്തോടുകൂടി ആ ചോദ്യങ്ങൾക്കു് മറുപടി പറയുന്നതിനു് മിനിസ്റ്റർക്കു് അഞ്ചു ദിവസത്തെ നോട്ടീസെങ്കിലും വേണമെന്നു പറയുന്നതു് കൂടുതലാണെന്നു പറയുന്നതു് ഒട്ടും ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ലെജിസ്ലേച്ചർ സെക്രട്ടറിയേററിൽ വരുന്ന താമസത്തിന് മെംബറന്മാർ ഉത്തരവാദികൾ ആകുമെന്നോ ഇതു കൊണ്ട് വരുന്നുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലജിസ്ലേച്ചർ സെക്രട്ടറിയേററിൽനിന്ന് ചോദ്യങ്ങൾ അതാതു ഡിപ്പാർട്ടുമെന്റിലേയ്ക്കു അയയ്ക്കുവാൻ താമസിച്ചു എന്ന ഒരാക്ഷേപം ഇതുവരെ ഉണ്ടായതായി കേട്ടിട്ടില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ റൂൾസ് അനുസരിച്ചുള്ള നടപടി നടത്തുകയല്ലേ ലെജിസ്ലേച്ചർ സെക്രട്ടറിയേററിന്റെ ചുമതല? അല്ലാതെ ലെജിസ്ലേച്ചർ സെക്രട്ടറിയേററിന്റെ നടപടിയുടെ സൗകര്യത്തിനല്ലല്ലോ ഈ റൂൾസ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് മനസിലായി.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സെക്രട്ടറിയേററിന്റെ അകത്തു് ചെയ്യുന്ന കാര്യങ്ങൾ നിയന്ത്രിക്കുവാൻ ഉള്ളതല്ലേ ഈ റൂൾസ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവ Rules of Procedure and Conduct of Business in the Travancore-Cochin Legislative Assembly ആണ്. ലെജിസ്ലേച്ചർ സെക്രട്ടറിയേററിൽ വരുന്ന ചോദ്യങ്ങൾ എല്ലാം 2 ദിവസംകൊണ്ട് മിനിസ്റ്റർക്ക് അയച്ചു കൊടുക്കണമെന്നുള്ള കാര്യം സെക്രട്ടറിയേററിന്റെ നടപടിയെ നിയന്ത്രിക്കുന്നതിനുള്ളതാണ്. പക്ഷെ അതല്ലാ ഇവിടത്തെ കാര്യം. നിയമസഭയിലെ നടപടികൾ എങ്ങിനെ നടത്തണമെന്നുള്ളതാണ് ഇവിടത്തെ കാര്യം. അതുകൊണ്ട് എന്റെ എളിയ അഭിപ്രായത്തിൽ, ഇതുവരെയുണ്ടായിട്ടുള്ള അനുഭവങ്ങൾ കൊണ്ട് പറയുകയാണെങ്കിൽ, മന്ത്രിക്ക് അയയ്ക്കുന്ന ചോദ്യത്തിന് 5 ദിവസത്തെ നോട്ടീസ് വേണമെന്നുള്ള ഒരു വകുപ്പു കൊണ്ട് യാതൊരു വിരോധവും ഉണ്ടാകാനില്ല എന്നാണ്. എന്റെ അനുഭവത്തിൽ നിയമസഭയിൽ ചോദ്യങ്ങൾ അയയ്ക്കുന്നതിന് 10 ദിവസത്തെ നോട്ടീസ് വേണമെന്നുള്ളതുകൊണ്ട് മെംബറന്മാർ അയയ്ക്കുന്ന ചോദ്യങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. അങ്ങനെ നഷ്ടപ്പെടാത്തതു് ഈ മാതിരി വ്യവസ്ഥകൾ ഉള്ളതുകൊണ്ടാണ്. അതുപോലെ ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻസ് അയക്കുവാനുള്ള അവകാശവും നമുക്കുണ്ട്. നമ്മൾ അയയ്ക്കുന്ന മിക്ക ചോദ്യങ്ങൾക്കും മറുപടി കിട്ടാറുണ്ട്. മാത്രമല്ല; ഈ സംപ്രദായം തുടർന്നുവരുന്നതുകൊണ്ടു ഉത്തരം പറയുന്ന അവസരത്തിൽ നോട്ടീസുവേണം നോട്ടീസുവേണമെന്ന് നിർബ്ബന്ധിയുള്ളടത്തോളം മന്ത്രിമാർക്ക് പറയേണ്ടതായും വരുന്നില്ല. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾക്കു പെട്ടെന്നു ഉത്തരം കിട്ടണമെന്ന് ആശിക്കുമ്പോൾ നോട്ടീസു കൂടാതെ ഉത്തരം ലഭിക്കണമെങ്കിൽ, 5 ദിവസത്തെ നോട്ടീസ് മന്ത്രിമാർക്ക് കൊടുക്കേണ്ടതാണെന്നുള്ള 37-ാം വകുപ്പ് ഈ റൂൾസിൽ നിന്നും എടുത്തുകളയാൻ പാടില്ലെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: പത്തു ദിവസത്തെ നോട്ടീസുവച്ചുകൊണ്ടുവേണം ചോദ്യങ്ങൾ അയയ്ക്കേണ്ടതെന്ന് റൂൾസിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ചു ചോദ്യങ്ങൾ അയയ്ക്കുകയും, അവ ലജിസ്ലേററിവ് സെക്രട്ടറിയേററിൽ കൂടുതൽ ദിവസം വച്ചുതാമസിപ്പിക്കുകയും ചെയ്താൽ മെംബർമാർ ഉത്തരവാദികളാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മെംബറന്മാർക്ക് ചോദ്യങ്ങൾ അയക്കാനും അവയുടെ ഉത്തരം കിട്ടുന്നതിനും അവകാശമുണ്ടു്. അങ്ങനെ മെംബറന്മാർക്ക് ഉത്തരം കിട്ടുന്നതിനുള്ള അവകാശം സുരക്ഷിതമാക്കുന്നതിനുവേണ്ടിയാണ് 37-ാം വകുപ്പു വേണമെന്നു ഞാൻ നിർബ്ബന്ധിക്കുന്നതു്.

ശ്രീ. എം. പി. മേനോൻ: സർ, ഈ റൂൾസിലെ 37-ാം വകുപ്പിനെപ്പററി ശ്രീ. രവീന്ദ്രൻ ഇവിടെ ഒരു ഭേദഗതി അവതരിപ്പിച്ചപ്പോഴും ശ്രീ. കുറുപ്പു അതിനെ പിൻതാങ്ങിയപ്പോഴും ഇങ്ങനെയൊരു ഭേദഗതിയുടെ ആവശ്യംതന്നെയുണ്ടോ എന്നു എനിക്കു തോന്നിപ്പോയി. എന്നാൽ ശ്രീ. പനമ്പിള്ളി അതിനെ എതിർത്തുകൊണ്ടു സംസാരിച്ചപ്പോഴാണ് ഇതു നിർബന്ധപൂർവ്വം പ്രസ്സുചെയ്യേണ്ട ഒരു അമൻറമെൻറാണെന്നു ബോദ്ധ്യമായതു്. എന്തുകൊണ്ടെന്നാൽ മന്ത്രിമാരും, സെക്രട്ടറിയും തമ്മിൽ ചോദ്യോത്തരങ്ങൾ കൈമാററം ചെയ്യുന്നതിനെ സംബന്ധിച്ചു് മാത്രമുള്ള ഒരു ഖണ്ഡികയാണ് ഇതു്. ഈ ഖണ്ഡികയുടെ ആവശ്യമില്ലെന്നുള്ള ഭേദഗതിയെ എതിർത്തുകൊണ്ടു് ശ്രീ. പനമ്പിള്ളി പറഞ്ഞതു് മെംബറന്മാരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥയാണിതെന്നാണ്. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് ഇപ്പോൾ പ്രത്യേകമായ ഒരു അവകാശസംരക്ഷണം എന്താണെന്നു മനസ്സിലാകുന്നില്ല. ചോദ്യങ്ങളെ സംബന്ധിച്ചടത്തോളം ലജിസ്ലേററീവു സെക്രട്ടറി വേണ്ടതുപോലെ ചെയ്യുന്നുണ്ടു്. എന്നിട്ടും എന്തുമാത്രം സൗകര്യമായിട്ടാണു ഉത്തരംകിട്ടാൻ സാധിച്ചിട്ടുള്ളതെന്നു എനിക്കു തന്നെ മനസ്സിലാക്കാൻ സാധിച്ചിട്ടുമുണ്ടു്. അൺസ്റ്റാർഡു ചോദ്യങ്ങൾക്കു ഒന്നിനും ഉത്തരം നൽകുന്നില്ല. സ്റ്റാർഡു് ചോദ്യങ്ങളായാൽ തന്നെയും മിക്കപ്പോഴും നോട്ടീസുവേണമെന്നു മന്ത്രിമാർ പറയാറുണ്ടു്. അസംബ്ലി നടപടികളെ സ്പർശിക്കുന്ന ഈ വകുപ്പിൽ മന്ത്രിക്കും സ്പീക്കർക്കും തമ്മിൽ ചോദ്യോത്തരങ്ങളെ സംബന്ധിച്ചിടത്തോളം ഇത്ര കാലയളവു വേണമെന്നു ഈ റൂൾസിൽ എഴുതിവയ്ക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു ഭേദഗതിയെ അനുകൂലിക്കുകയാണ് ഞാൻ ചെയ്യുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശ്രീ. രവീന്ദ്രൻെറ ഭേദഗതിയെ അനുകൂലിക്കുന്നു. സർ, അല്പം മുൻപു സംശയനിവൃത്തിക്കായി ഒരു ചോദ്യം ചോദിച്ചപ്പോൾ അതിനു മറുപടി നൽകാതെ റൂൾസിൻെറ തലക്കെട്ടു വായിച്ചു കേൾപ്പിക്കുകയാണു ശ്രീ. പനമ്പിള്ളി ചെയ്തതു്. അദ്ദേഹം വിചാരിക്കുന്നതുപോലെ അത്രയും ബുദ്ധിശൂന്യരല്ല ഈ സഭയിൽ ഇരിക്കുന്നവരെന്നു ഇനിയെങ്കിലും മനസ്സിലാക്കുന്നതു നന്നായിരിക്കും. സർ, നിയമപരമായിത്തന്നെ ഇതു പാസാക്കിയെടുത്താലും ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം അതു് എടുത്തുകളയാതിരിക്കുന്നതു തെററാണെന്നു തന്നെയാണു ഞാൻ പറയുന്നതു്. ലജിസ്ലേച്ചർ സെക്രട്ടേറിയററിൽ വരുന്ന ചോദ്യങ്ങൾ ഇത്ര ദിവസത്തെ നോട്ടീസു വച്ചു ഉത്തരം കിട്ടുന്നതിനായി മന്ത്രിമാർക്കു അയച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു ഖണ്ഡികയാണിതു്. പത്തുദിവസത്തെ നോട്ടീസോടുകൂടി മെംബറന്മാർ അയയ്ക്കുന്ന ചോദ്യങ്ങൾ ഇവിടെവന്നു കാലതാമസപ്പെടുന്നതു മൂലം 5 ദിവസത്തെ നോട്ടീസുവച്ചു് മന്ത്രിമാർക്കു് അയയ്ക്കാൻ സാധി

ക്കാതെ വരികയാണെങ്കിൽ അതിനു മെംബറന്മാർ ഉത്തരവാദികളല്ല. ഈ ലജിസ്ലേച്ചർ സെക്രട്ടേറിയററാണ് അതിനു ഉത്തരവാദിത്വം വഹിക്കേണ്ടതു്. വളരെ നിഷ്കർഷയോടു കൂടിയാണ് മെംബറന്മാർ ചോദ്യങ്ങൾ അയയ്ക്കുന്നതു്. അങ്ങനെ അയയ്ക്കുന്ന ചോദ്യങ്ങൾ മുറതെററാതെ 5 ദിവസത്തെ നോട്ടീസു വച്ചു് മന്ത്രിമാർക്കു അയച്ചുകൊടുക്കുന്നതിൽ വലിയ താമസമൊന്നും ഉണ്ടാകാൻ ഇടയില്ല. എന്നിരുന്നാലും ചോദ്യങ്ങൾ മന്ത്രിമാർക്കു് അയച്ചുകൊടുക്കുന്നതു 5 ദിവസത്തെ നോട്ടീസോടുകൂടി വേണ്ടതാണെന്നു വ്യവസ്ഥചെയ്യുമ്പോൾ സെക്രട്ടേറിയററിനകത്തു തന്നെ സെക്രട്ടേറിയററിനെ നിയന്ത്രിക്കുന്ന ഒരു റൂൾ ഉണ്ടാക്കുന്നല്ലോ എന്നു തോന്നിപ്പോകുന്നു. പത്തു ദിവസത്തെ നോട്ടീസു വച്ചു ചോദ്യങ്ങൾ അയച്ചുകൊടുക്കണമെന്നാണു മെംബറന്മാരോടു ആവശ്യപ്പെട്ടിരിക്കുന്നതു്. അതനുസരിച്ചു് ചോദ്യങ്ങൾ അയയ്ക്കുന്ന മെംബറന്മാർക്കു ഉത്തരം നൽകേണ്ടതു ഗവണ്മെൻറിൻെറ ചുമതലയാണു്. 5 ദിവസത്തെ നോട്ടീസു ഇല്ലാത്തതുകൊണ്ടു് ഉത്തരം നൽകാൻ സാധിക്കുകയില്ലെന്നു പറയുന്നതു സമാധാനമല്ല. 5 ദിവസമോ അതിൽ കൂടുതലോ സാവകാശം വേണമെന്നുണ്ടെങ്കിലും വിരോധമില്ല. വിവരം ഞങ്ങളെ അറിയിച്ചാൽ 15 ദിവസത്തെ നോട്ടീസുവച്ചോ, 20 ദിവസത്തെ നോട്ടീസുവച്ചോ എങ്ങനെ നിർദ്ദേശിക്കുന്നുവോ അതുപോലെ ചെയ്യാൻ തയാറാണു്. പക്ഷെ അയയ്ക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം ലഭിച്ചേമതിയാകൂ എന്നുള്ളതും ഗവണ്മെൻറ് മനസ്സിലാക്കിയിരിക്കേണ്ടതാണു്. എന്നാൽ ഇത്ര ദിവസത്തിനകം മന്ത്രിക്കു അയച്ചിരിക്കണമെന്നുള്ള കാലയളവു് വയ്ക്കാതിരിക്കുന്നതാണു നല്ലതെന്നു തോന്നുന്നു. സ്പീക്കറും, സെക്രട്ടറിയും, മന്ത്രിമാരും തമ്മിൽ നടക്കുന്ന ഈ വക കാര്യങ്ങൾ പരസ്പരനിർദ്ദേശങ്ങളോടു കൂടി പ്രവർത്തിക്കാനുള്ളതേയുള്ളു. മറെറാരുകാര്യം ഈ അവസരത്തിൽ പറയാനുള്ളതു്, മുൻകാലങ്ങളിൽ ഉത്തരംകിട്ടാത്ത ചോദ്യങ്ങൾക്കു് സ്വയമേവ മറുപടി പറയുന്ന ഒരു ഏർപ്പാടു ഇവിടെയുണ്ടായിരുന്നതിനെപ്പററിയാണു്. ഇഷ്ടമുള്ള ഉത്തരം നൽകാൻ ധൈര്യപ്പെട്ട ചില മന്ത്രിമാർ ഇവിടെയുണ്ടായിരുന്നു. ഇപ്പോൾ ഉണ്ടെന്നു പറയുന്നില്ല. നോട്ടീസു വേണം, നോട്ടീസുവേണം എന്നു എപ്പോഴും പറയുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചു ചിലപ്പോൾ മന്ത്രിതന്നെ നിന്നനില്പിൽ ഉത്തരം നിർമ്മിച്ചു തട്ടുകയാണു ചെയ്തിരുന്നതു്. അങ്ങനെയുള്ള ഉത്തരവാദിത്വമില്ലാത്ത ഉത്തരങ്ങൾ മിക്കപ്പോഴും അയഥാർത്ഥങ്ങളും ആയിരിക്കും. ഏതായാലും ഈ കാര്യത്തെ സംബന്ധിച്ചു അനാവശ്യമായ കാലതാമസമുണ്ടാക്കാതെയിരുന്നാൽ നിലവിലിരിക്കുന്ന ചട്ടമനുസരിച്ചു അയയ്ക്കുന്ന എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിക്കുമെന്നു തന്നെയാണു ഞങ്ങൾ വിശ്വസിക്കുന്നതു്. കാലതാമസം ഉണ്ടാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചാൽ മതിയാകുന്നതാണു്. ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഞാൻ ഈ റൂൾസിൻെറ 37-ാം വകുപ്പു വായിച്ചപ്പോൾ മനസ്സിലാക്കിയതു്, മെംബറന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കാൾ, മന്ത്രിമാരുടെ സൗകര്യത്തെ പരിഗണിക്കുന്ന ഒരു വകുപ്പാണിതെന്നാണു. ഒരു ചോദ്യത്തിനു് ഉത്തരം ലഭിക്കുന്നതിനുവേണ്ടി മന്ത്രിക്കു 5 ദിവസത്തെ നോട്ടീസുവേണമെന്നു ആവശ്യപ്പെടുന്ന വകുപ്പിനെപ്പററി ശ്രീ. പനമ്പിള്ളിയുടെ വ്യാഖ്യാനം കേട്ടു

[ശ്രീ. കെ. ബാലകൃഷ്ണൻ]

ള്ളപ്പോഠം, മന്ത്രിയുടെ സൗകര്യത്തെ ഉദ്ദേശിച്ചല്ലെന്നും പ്രത്യുത മെംബറന്മാരുടെ അവകാശം സുരക്ഷിതമാക്കാനാണെന്നുമാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്. ആ കാര്യത്തിനുവേണ്ടിയാണ് ഒരു പ്രത്യേക വകുപ്പു ഇതിൽ കൊള്ളിച്ചിരിക്കുന്നതു എന്നാണു അദ്ദേഹം സമർത്ഥിച്ചതു് മെംബറന്മാരുടെ അവകാശം സംരക്ഷിക്കുന്നതിലേയ്ക്കു് ചോദ്യോത്തരങ്ങളെ സംബന്ധിച്ചു് മന്ത്രിക്കു 5 ദിവസത്തെ നോട്ടീസു കൊടുക്കണമെന്നാണെങ്കിൽ, ആ വകുപ്പു എടുത്തു കളയുന്നതുകൊണ്ടു യാതൊരു തരക്കേടും വരാനില്ലെന്നു തന്നെയാണു ഞാൻ പറയുന്നതു്. അതുകൊണ്ടു ശ്രീ. രവീന്ദ്രന്റെ ഭേദഗതിയെ അനുകൂലിക്കുകയാണ് ഞാൻ ചെയ്യുന്നതു്.

ശ്രീ. കെ പി. ഗോപാലമേനോൻ: സർ, ഈ റൂഠംസിലെ 37-ാംവകുപ്പു ഈ അസംബ്ലിയിലെ എല്ലാ മെംബറന്മാരുടേയും അവകാശം സംരക്ഷിക്കുന്നതിനുള്ള വകുപ്പുകളിൽ ഒന്നാണ്. ചോദ്യങ്ങഠം അയയ്ക്കുന്ന മെംബറന്മാക്കു അവയുടെ ഉത്തരം കിട്ടുന്നതിനുകൂടി അവകാശമുണ്ടെന്നു മനസ്സിലാക്കണം. എന്നാൽ ഉത്തരം ലഭിക്കുന്നതിനുവേണ്ടിയുള്ള സാവകാശം മന്ത്രിമാക്കും കൊടുക്കേണ്ടതാണ്. മന്ത്രിമാരും ഈ സഭയിലെ അംഗങ്ങളാണ്. മെംബറന്മാർ അയയ്ക്കുന്ന എല്ലാ ചോദ്യങ്ങഠംക്കും മറുപടി പറയാൻ മന്ത്രിമാർ ബാദ്ധ്യതപ്പെട്ടവരാണെന്നുള്ള മെംബറന്മാരുടെ അവകാശം, സുരക്ഷിതമാക്കുന്ന വകുപ്പാണ് ഇതു്. അതുകൊണ്ടു് ഈ വകുപ്പു എടുത്തുകളയണമെന്നുള്ള ഭേദഗതി സ്വീകരിക്കാൻ പാടില്ലാത്തതാണ്. ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. എ. താണുപിള്ള: സർ, ഈ റൂഠംസു കാര്യനടത്തിപ്പിനെ ഉദ്ദേശിച്ചു മാത്രം എഴുതിയിട്ടുള്ളതാണെന്നു സ്പഷ്ടമാണ്. ഇൻഡ്യൻ പാർലമെൻറിൽ നിലവിലിരിക്കുന്ന റൂളിന്റെ ഒരു പകപ്പാണിതു്. വിവിധ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചുള്ള ചോദ്യങ്ങഠംക്ക് ഉത്തരം കിട്ടണമെങ്കിൽ അതുപോലെ വിവിധ ഡിപ്പാർട്ടുമെൻറുകളിലേക്കു ആ ചോദ്യങ്ങഠം ഇവിടെനിന്നും അയച്ചുകൊടുക്കേണ്ടതാണ്. ഇവിടെനിന്നും ചോദ്യങ്ങഠം അയയ്ക്കുന്നതിനും, ഡിപ്പാർട്ടുമെൻറുകളിൽനിന്നും ഉത്തരം ലഭിക്കുന്നതിനും ഇടയ്ക്കു 5 ദിവസത്തെ താമസം ഉണ്ടാകുമെന്നു പറഞ്ഞാൽ അതു കൂടുതലാണെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. അഞ്ചുദിവസത്തെ താമസം അനുവദിക്കുന്നില്ലെങ്കിൽ മിക്ക ചോദ്യങ്ങഠംക്കും ഉത്തരം തയാറായിട്ടില്ലെന്നായിരിക്കും മറുപടി പറയുന്നതു്. അതിനിടയാകാതെ ഓരോ ദിവസവും ലിസ്റ്റിലുള്ള ചോദ്യങ്ങഠംക്കെല്ലാം മറുപടി പറയണമെന്നുള്ള മനഃപൂർവ്വവിചാരം കൊണ്ടാണ് ഈ വ്യവസ്ഥ റൂഠംസിൽ ഉഠംപ്പെടുത്തിയിട്ടുള്ളതു്. സാധാരണഗതിയിൽ ഉത്തരം കിട്ടുന്നതിനുതന്നെയും 5 ദിവസംവരെ താമസമുണ്ടാകുമെന്നുള്ള കാര്യം ചിന്തിച്ചാൽ മനസിലാക്കാവുന്നതേയുള്ളു. പത്തുദിവസത്തെ നോട്ടീസോടുകൂടി ചോദ്യം അയയ്ക്കുന്ന മെംബറന്മാക്കു ഉത്തരം കിട്ടണമെന്നു ആവശ്യപ്പെടാം. അയയ്ക്കപ്പെടുന്ന ചോദ്യങ്ങഠം എല്ലാം നല്ലതുപോലെ പരിശോധിക്കുകയും, അവയിൽ സ്വീകരിക്കേണ്ടവ ഏതെല്ലാമാണെന്നു തെരഞ്ഞെടുത്തു ടൈപ്പുചെയ്തിപ്പിച്ചു മന്ത്രിമാക്കു അയയ്ക്കുന്ന കാര്യത്തിൽ ചിലപ്പോഠം 5 ദിവസത്തിൽ കൂടുതൽ താമസമുണ്ടായി എന്നു വന്നേക്കാം. അങ്ങനെ താമസമുണ്ടാകാതിരിക്കുന്നതിന് സ്പീക്കർ വേണ്ട നിർദ്ദേശങ്ങഠം കൊടുത്താൽ മതിയാകും.

എന്നാൽ ഇവിടെനിന്നും അയയ്ക്കുന്ന ചോദ്യങ്ങൾക്കു് 5 ദിവസത്തെ നോട്ടീസെങ്കിലും ഇല്ലാതെ ശരിയായ ഉത്തരം കിട്ടാൻ സാദ്ധ്യമല്ലെന്നാണു എന്റെ അനുഭവത്തിൽനിന്നും മനസ്സിലാക്കിയിരിക്കുന്നതു്. അതിലേയ്ക്കുള്ള വ്യവസ്ഥയാണു് 37-ാം വകുപ്പിലുള്ളതു്. ഈ വകുപ്പു എടുത്തുകളയണമെന്നുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ: സർ, 37-ാമത്തെ വകുപ്പിൽ പറയുന്നതു്, അയയ്ക്കപ്പെടുന്ന ചോദ്യങ്ങൾക്കു് ഉത്തരം കിട്ടുന്നതിനു് 5 ദിവസത്തെ സാവകാശം മന്ത്രിക്കു കൊടുക്കണമെന്നാണു്. എന്റെ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു് 5 ദിവസം എന്നുള്ള കാലയളവു എടുത്തുകളയണമെന്നാണു്. മന്ത്രിക്കു് ഉത്തരം തയ്യാറാക്കാൻ സമയം കൊടുക്കരുതെന്നല്ല ഞാൻ പറയുന്നതു്. ഇവിടെ കിട്ടുന്ന ചോദ്യങ്ങൾ ഇത്ര ദിവസത്തിനകം തന്നെ മന്ത്രിമാർക്കു അയച്ചുകൊടുക്കണമെന്നു സ്പീക്കർ ലെജിസ്ലേച്ചർ സെക്രട്ടറിക്കു് നിർദ്ദേശം നൽകിയാൽ മതിയാകുമെന്നാണു് എന്റെ അഭിപ്രായം. വെറും ഭരണപരമായ ഒരു വ്യവസ്ഥയ്ക്കു് നിയമസഭയുടെ നടപടി സംബന്ധിച്ചു നിയമാവലിയിൽ സ്ഥാനം കൊടുക്കരുതെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ആ കാരണത്താൽ ഞാൻ ഭേദഗതി പ്രസ്സു ചെയ്യുന്നു.

The amendment was put and lost.

The question that Rule 37 stands part of the Rules was put and carried.

Rule 37 was added to the Rules.

RULE 38.

The question that Rule 38 stands part of the Rules was put and carried.

Rule 38 was added to the Rules.

RULE 39.

Shri C. A. Mathew: I move the following amendment:

"In Rule 39, recast sub-rule (1) as follows:

'Not more than two questions distinguished by asterisks by the same member shall be placed on the list of questions for oral answer on any one day. Questions in excess of two shall be placed on the list of questions for written answer."

നിലവിലുള്ള നിയമമനുസരിച്ചു് ഒരംഗത്തിനു് മൂന്നു ചോദ്യംവരെ ചോദിക്കുവാനുള്ള അവകാശമുണ്ടു്. ബഹുമാനപ്പെട്ട സ്പീക്കർ എത്ര തന്നെ ശ്രമിച്ചിട്ടും ഒരു ദിവസം 30 ചോദ്യങ്ങളിൽ കൂടുതൽ എണ്ണത്തിനു് ഉത്തരം പറയുവാൻ സാധിക്കുന്നില്ല. ആ നിലയ്ക്കു് ഒരു ദിവസം എട്ടോ പത്തോ മെമ്പറന്മാരുടെ ചോദ്യങ്ങൾക്കു മാത്രമേ ഉത്തരം കിട്ടുന്നുള്ളു. ആകെ 117 അംഗങ്ങളുള്ള ഒരു നിയമസഭയിൽ എട്ടോ പത്തോ ചോദ്യങ്ങൾ മാത്രമേ ചോദിക്കുവാനുള്ള അവസരം കിട്ടുന്നുള്ളു എന്നു വരുന്നതു് ആവശ്യത്തിനു മതിയാകുന്നില്ലെന്നു തോന്നിയതുകൊണ്ടാണു് ഞാൻ ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നതു്. ഒരു മെമ്പർക്കു് രണ്ടു ചോദ്യം മാത്രമേ ചോദിക്കാവൂ എന്നു നിബന്ധനയുണ്ടെങ്കിൽ കൂടുതൽ അംഗങ്ങൾക്കു ചോദ്യം ചോദിക്കുവാനുള്ള സൗകര്യം കിട്ടും.

[ശ്രീ. സി. എ. മാത്യു]

ഇന്നിവിടെ ചോദ്യങ്ങൾ കിട്ടുന്ന മുറയ്ക്കാണു ലിസ്റ്റ് എടുക്കുന്നതു്. ആദ്യമാദ്യം കിട്ടുന്ന ചോദ്യങ്ങൾക്കു് പ്രിഫറൻസ് കൊടുക്കുന്നുണ്ടു്. ഇവിടെ അസംബ്ലി കൂടുന്ന ദിവസം നിശ്ചയിച്ചു് പരസ്യം ചെയ്തുകഴിഞ്ഞാൽ തിരുവനന്തപുരത്തും അതിന്റെ പരിസരത്തിലും ഉള്ള അംഗങ്ങൾക്കു് വളരെ എളുപ്പം ചോദ്യങ്ങൾ അയയ്ക്കുവാൻ സാധിക്കും. നേരെ മറിച്ചു് ദൂരദിക്കിൽ താമസിക്കുന്നവർക്കു് നാലും അഞ്ചും ദിവസം കഴിഞ്ഞേ ചോദ്യങ്ങളയയ്ക്കുവാൻ ഒക്കുകയുള്ളു. തന്നിമിത്തം ഇവിടെ താമസിച്ചുകൊണ്ടു് വരുന്നവരുടെ ചോദ്യങ്ങൾ ലിസ്റ്റിന്റെ അവസാനഭാഗത്തായിപ്പോകുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇക്കഴിഞ്ഞ നിയമസഭയ്ക്കു തിരുവനന്തപുരത്തു താമസിക്കുന്ന ഒരു മെമ്പറുടേയും ചോദ്യം അച്ചടിച്ചു വന്ന ലിസ്റ്റിലില്ലെന്നുള്ള വിവരം മെമ്പർക്കറിയാമോ ?

ശ്രീ. സി. എ. മാത്യു: അതു് ചോദ്യങ്ങൾ എഴുതി അയയ്ക്കാഞ്ഞതുകൊണ്ടാണു്. ഞാൻ സാധാരണഗതിയിൽ നടക്കുന്ന കാര്യങ്ങളെപ്പററിയാണു പറയുന്നതു്.

ഇവിടെ മറുപടി പറയാത്ത ചോദ്യങ്ങളുടെ ഉത്തരം മേശപ്പുറത്തു വെയ്ക്കണമെന്നു റൂളിലുണ്ടു്. ബഹുമാനപ്പെട്ട സ്പീക്കർ പലപ്പോഴും എല്ലാം ഉത്തരങ്ങളും മേശപ്പുറത്തു വെയ്ക്കുന്നതാണെന്നു പറഞ്ഞിട്ടുമുണ്ടു്. സർ, ഇന്നും ഞാൻ നോക്കി. ഞങ്ങൾ അയച്ചിട്ടുള്ള ചോദ്യങ്ങളിൽ പലതിനും ഉത്തരം വച്ചിട്ടില്ല. ആ നിലയ്ക്കു ഞങ്ങൾക്കു് നേരിട്ടു ചോദിക്കുവാൻ അവസരം കിട്ടുന്നില്ലെന്നുമാത്രമല്ല, മേശപ്പുറത്തു വെയ്ക്കുന്ന മറുപടി നോക്കി ഉത്തരം മനസ്സിലാക്കുവാനും സൗകര്യപ്പെടുന്നില്ല. മൂന്നിനു പകരം രണ്ടു ചോദ്യങ്ങൾ അയച്ചാൽ കൂടുതൽ അംഗങ്ങൾക്കു് ചോദ്യങ്ങൾ ചോദിക്കുവാൻ സൗകര്യം കിട്ടും. അതുകൊണ്ടാണു ഞാൻ ഈ ഭേദഗതി കൊണ്ടുവന്നതു്. ഈ ഭേദഗതിയെ എല്ലാവരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

Shri Panampilli Govinda Menon: I had a discussion with Shri T. V. Thomas also. We will accept two.

The question that Rule 39, as amended, stands part of the Rules, was put and carried.

Rule 39 as amended was added to the Rules.

RULE 40.

The question that Rule 40 stands part of the Rules, was put and carried.

Rule 40 was added to the Rules.

RULE 41.

Shri P. Ravindran: I move the following amendment:

"In Rule 41 delete the words 'and no oral................ thereof' occurring at the end of the rule."

Shri Panampilli Govinda Menon : The amendment of Shri P. Ravindran is a verbal amendment and it will make the sense better. Therefore I accept it.

The question that Rule 41, as amended, stands part of the Rules, was put and carried.

Rule 41, as amended, was added to the Rules.

RULES 42 to 45.

The question that Rules 42 to 45 stand part of the Rules was put and carried.

Rules 42 to 45 were added to the Rules.

Rule 46.

Shri Joseph Chazhikatt : I move the following amendment:

Add at the end of Rule 46, the following : "and in such a way as a minimum number of questions from each member should appear for answering."

സർ, ഇവിടെ പല വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന അസംബ്ലി നടപടികളിൽനിന്നും കാണുന്നതു് ജനറൽ ഡിസ്ക്കഷൻസിനും കട്മോഷൻസിനുമെല്ലാം ധാരാളം സമയം വച്ചിട്ടുണ്ടെങ്കിലും ചോദ്യോത്തരങ്ങൾക്കു് ഒരു മണിക്കൂർ മാത്രമെ വച്ചിട്ടുള്ളു എന്നാണു്. ഇതിനുമുമ്പുള്ള നിയമസഭകൾക്കും ചോദ്യോത്തരത്തിനും വേണ്ടി വച്ചിട്ടുള്ള സമയം ഒരു മണിക്കൂറാണു്. ഒരു വയസ്സായ കുഞ്ഞിനുള്ള അരഞ്ഞാണം പ്രായമായിക്കഴിഞ്ഞാലും മതിയെന്നു നിശ്ചയിക്കുന്നതുപോലെയാണു ഈ നിയമം. മുമ്പു് നാല്പതോ, അമ്പതോ മെമ്പറന്മാർ ഉണ്ടായിരുന്നപ്പോൾ വച്ചിരുന്ന ഒരു മണിക്കൂർ സമയം തന്നെ 118 മെമ്പറന്മാർ ഉള്ളപ്പോഴും വച്ചിരിക്കുന്നതു് വളരെ അപര്യാപ്തമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് വളരെ ഉപദ്രവമുണ്ടാകുന്നുണ്ടു്. ഒരു ദിവസം നാല്പതും അൻപതും ചോദ്യങ്ങൾ മറുപടിക്കായി വച്ചിട്ടുണ്ടെങ്കിലും പത്തും പന്ത്രണ്ടും ചോദ്യങ്ങളാണു് ഇവിടെ ചോദിക്കുവാൻ ഇടയാകുന്നതു്. ഒരു മെമ്പർ വളരെ അധികം ചോദ്യങ്ങൾ എഴുതി അയക്കുകയും ആദ്യം അയക്കുന്ന ചോദ്യങ്ങൾക്കു മുൻഗണന നൽകുകയും ചെയ്യുന്നതിനാൽ വളരെ അധികം മെമ്പറന്മാരുടെ ചോദ്യങ്ങൾ ചോദിക്കപ്പെടാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതി ഇന്നത്തെ നിയമംമൂലം ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിച്ചാൽ എല്ലാ മെമ്പറന്മാരുടേയും ചോദ്യങ്ങൾ ഈ സഭയിൽ വച്ചുതന്നെ ചോദിക്കുവാൻ സൌകര്യം കിട്ടും. ഒരു മെമ്പർ അഞ്ഞൂറും പിന്നൊരു മെമ്പർ മുപ്പത്തിയഞ്ചും മറ്റൊരു മെമ്പർ പത്തും വേറൊരു മെമ്പർ അഞ്ചും ചോദ്യങ്ങൾ അയച്ചാൽ എല്ലാവരിലും നിന്നു് അഞ്ചഞ്ചു ചോദ്യങ്ങൾ വീതം എടുത്തു് ആ ചോദ്യങ്ങൾ ചോദിക്കുവാനുള്ള അവസരം കൊടുക്കുവാൻ എന്റെ ഭേദഗതി സ്വീകരിച്ചാൽ സാധ്യമാകുന്നതാണു്. അയ്യായിരത്തിൽ ചില്വാനം ചോദ്യങ്ങൾ ഈ തവണത്തെ സെഷനു വന്നിട്ടുണ്ടെന്നാണു് പത്രത്തിൽ കണ്ടതു്. എന്നാൽ എത്രയോ കുറച്ചു ചോദ്യങ്ങൾ മാത്രമാണു് ഇവിടെ ചോദിക്കപ്പെട്ടുള്ളു. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനു മുമ്പിലത്തെ ഭേദഗതി പാസ്സായതുകൊണ്ട്, അതായത് ഒരു മെംബറിന്റെ മൂന്നു ചോദ്യത്തിനു പകരം രണ്ടു ചോദ്യമേ ചോദിക്കാവൂ എന്ന ഭേദഗതി പാസ്സായതുകൊണ്ട് ബഹുമാനപ്പെട്ട മെംബറിന്റെ ഈ ഭേദഗതി ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ജോസഫ് ചാഴിക്കാട്: അതല്ല കാര്യം.

The amendment was put and lost.

The question that Rule 46 stands part of the Rules, was put and carried.

Rule 46 was added to the Rules.

Rules 47 to 51.

The question that Rules 47 to 51 stand part of the Rules was put and carried.

Rules 47 to 51 were added to the Rules.

Rule 52.

Sry. K. R. Gouri: Sir, I move the following amendment:

> "In Rule 52, sub-rule (1) delete the words 'if he is in a position to reply and if so,' after the words 'Minister concerned,' and add the words 'he would be in a position to reply' after the words 'on what date."

ഷോർട്ട് നോട്ടീസ് ചോദ്യം അയക്കുന്നതിനെപ്പറ്റിയുള്ളതാണ് റൂൾ 52. ഷോർട്ട് നോട്ടീസ് ചോദ്യം സ്വീകരിക്കേണ്ടതാണോ എന്നു തീരുമാനിച്ചശേഷം മിനിസ്റ്ററോട് ഉത്തരം നൽകാൻ സാധിക്കുമോ എന്നു ചോദിക്കുന്നതിനു പകരം ഇന്നദിവസം ഉത്തരം തരണമെന്ന് പറയണമെന്നാണ് ഞാൻ പറയുന്നത്. അല്ലാതെ ഉത്തരം തരാൻ സാധിക്കുമോ എന്ന ചോദ്യം ഉണ്ടായാൽ സാദ്ധ്യമല്ലെന്നു പറയാൻ കഴിഞ്ഞേക്കും. ഷോർട്ട് നോട്ടീസ് ചോദ്യം ഇന്നദിവസത്തിൽ ആണെങ്കിലേ അംഗീകരിക്കയുള്ളു എന്നുണ്ട്. ആ നിലക്ക് എന്റെ ഭേദഗതി അംഗീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭേദഗതി സ്വീകരിച്ചാലും സ്വീകരിച്ചില്ലെങ്കിലും കാര്യത്തിൽ വ്യത്യാസമുണ്ടാകുമെന്ന് തോന്നുന്നില്ല. അതുകൊണ്ടു ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ശ്രീമതി. കെ. ആർ. ഗൗരി: ഇപ്പോഴുള്ളതിൽ എന്റെ ഭേദഗതി ചേർത്താൽ ഇങ്ങനെയാണ് വരുന്നത്.

> "52 (1) A question relating to a matter of public importance may be asked with shorter notice than ten clear days and if the Speaker is of opinion that the question is of an urgent character he may direct that an enquiry may be made from the Minister concerned on what date he would be in a position to reply."

അടുപ്പം ഇന്നദിവസം ഉത്തരം തരണമെന്നാണ് വരുക.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പാർലമെന്റ റൂംസിലും ഇങ്ങനെതന്നെയാണ്. ഭാഷ മാററിയിട്ട് ബഹുമാനപ്പെട്ട മെമ്പർ പറയുന്ന വ്യത്യാസം വരുത്തിയാലും സെൻസ് അതുതന്നെയായിരിക്കും.

ശ്രീ. ടി. വി. തോമസ്: ഷാട്ട്നോട്ടീസ് ചോദ്യം അഡ്മിററ ചെയ്തശേഷം ഉത്തരംപറയാൻ മിനിസ്റ്റർ തയ്യാറാണോ എന്ന് ചോദിക്കണമെന്നാണ് ഇപ്പോഴുള്ള റൂളിൽ പറഞ്ഞിരിക്കുന്നത്. അങ്ങിനെയിരിക്കുമ്പോൾ തയ്യാറില്ലെങ്കിൽ ഉത്തരം കിട്ടുകയില്ല. ഉത്തരം തരാൻ തയ്യാറാണോ എന്നു ചോദിക്കുന്നതിനുപകരം എന്ന് ഉത്തരം തരാമെന്ന് ചോദിക്കണമെന്നാണ് അമെൻറമെൻറുകൊണ്ട് ഉദ്ദേശിക്കുന്നത്.

Shri Panampilli Govinda Menon: Suppose the Minister says fifteen days later, then the question ceases to be a short-notice question.

ശ്രീ. കെ. പി. ഗോപാലമേനോൻ: സബ്ക്ലാസ് 2 അവിടെ വച്ചുകൊണ്ട് ഒന്നിൽ വ്യത്യാസം വരുത്തിയതുകൊണ്ട് വിശേഷമുണ്ടാകയില്ല.

ശ്രീ. എ. താണുപിള്ള: സാധാരണ ഗതിയിലുള്ള നോട്ടീസ് കൂടാതെ ഒരു ചോദ്യത്തിനു ഉത്തരം പറയാനാണെങ്കിൽ അങ്ങിനെ ഉത്തരം പറയുന്നതിനു സാധിക്കുമോ, സൗകര്യമാണോ എന്നു ചോദിച്ചിട്ട് നിശ്ചയിക്കണമെന്നാണ് കമ്മിററി റക്കമെൻഡു ചെയ്തിരിക്കുന്നത്. അതിന് അർത്ഥമുണ്ട്. റൂളിനെ വേവ് ചെയ്തിട്ടുള്ള ചോദ്യമാണെങ്കിൽ അങ്ങിനെ ചോദിക്കണമെന്ന് വച്ചിരിക്കുന്നതു് ഒരു അർത്ഥവത്താണ്. റൂൾ വേവ് ചെയ്തിട്ട് നാളെ ഉത്തരം പറയണമെന്ന് തീരുമാനിക്കുന്നതു ശരിയല്ല. അതു സൗകര്യമാണോ എന്ന് ചോദിക്കാതെ ഇന്ന ദിവസം ഉത്തരം പറയണമെന്ന് നിർദ്ദേശം കൊടുക്കുന്നതു ശരിയായിരിക്കുകയില്ല. അമെൻഡുമെൻറിൽ ഇപ്പോൾ പറയുന്നതു് എന്ന് ഉത്തരം പറയാം എന്നു ചോദിക്കണമെന്നാണ്. ഉത്തരം പറയാവുന്ന തീയതി കുറെ അകലെയാണെങ്കിൽ അതിന് അർത്ഥമില്ല. ഇപ്പോഴും ഉത്തരം പറയാമെന്നുള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയുന്നുണ്ട്. സൗകര്യം ചോദിക്കുന്നതു ഇപ്പോഴത്തെപ്പോലെ ഉത്തരം പറയുന്നതിന് സഹായകമായിരിക്കും.

ശ്രീ. ടി. വി. തോമസ്: ഈ ഭേദഗതി അംഗീകരിച്ചാൽ തന്നെയും ഡേററിനെ സംബന്ധിച്ചിടത്തോളം കുറച്ച് മാററം വന്നാൽ കുഴപ്പമില്ല. ഈ ഭേദഗതികൊണ്ട് ആപത്ത് കുറയുകയാണ് ചെയ്യുന്നതു്. ഷാട്ട്നോട്ടീസ് ചോദ്യത്തിനു ഉത്തരം പറയാൻ സാധിക്കുമോ എന്നു ചോദിച്ചാൽ സാധിക്കയില്ലെന്നു പറഞ്ഞാൽ തീർന്നു. അങ്ങിനെ പറയുന്നതിനുള്ള അവകാശം കൊടുക്കാതെ അഡ്മിററ് ചെയ്യാവുന്നതാണെന്നു തോന്നുന്നെങ്കിൽ, എന്ന് ഉത്തരംകൊടുക്കാം എന്നുമാത്രമേ ചോദിക്കാവൂ എന്നാണ് ഭേദഗതിയിൽ പറയുന്നതു്. അതുകൊണ്ട് ഭേദഗതി ചാലക്കുടിമെമ്പർ സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

The amendment was put and lost.

The question that Rule 52 stands part of the Rules, was put and carried.

Rule 52 was added to the Rules.

Rules 53 to 55.

The question that Rules 53 to 55 stand part of the Rules was put and carried.

Rules 53 to 55 were added to the Rules.

Rule 56.

Shri P. Ravindran : I move the following amendment :

> "In Rule 56, add at the end of the sub-rule (1) 'Notice to the Minister concerned shall be left with the Secretary."

ശ്രീ. പി. രവീന്ദ്രൻ: ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള നോട്ടീസിന്റെ ഒരു പ്രതി ബഹുമാനപ്പെട്ട സ്പീക്കർക്കും ഒരു പ്രതി വകുപ്പുമന്ത്രിക്കും കൊടുക്കണമെന്നുണ്ടു്. സ്പീക്കർക്കുള്ള പ്രതി രാവിലെ ഇവിടെവന്നു് സെക്രട്ടറിയെ ഏല്പിക്കുന്നുള്ള വ്യവസ്ഥയുണ്ടു്. എന്നാൽ മന്ത്രിക്കുള്ള നോട്ടീസുമായി മന്ത്രിയെ അന്വേഷിച്ചു് നടക്കേണ്ടിയിരിക്കുന്നു. ചില മന്ത്രിമാർ ചോദ്യോത്തരം തുടങ്ങിയതിനുശേഷവും സഭയിൽ വരാറുണ്ടു്. സ്പീക്കർക്കു നോട്ടീസ് കൊടുക്കുവാൻ പ്രയാസമില്ല. എന്നാൽ മന്ത്രിയെ കണ്ടുപിടിക്കാൻ പ്രയാസമുണ്ടു്. ആഫീസിൽ കൊണ്ടുപോയി നോട്ടീസ് ഏല്പിക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവിക്കണം. ആഫീസിൽ പോയി കാണാമെന്നു കരുതി അങ്ങോട്ടു ചെന്നാൽ എവിടെ പോകുന്നെന്നും, എന്തിനാണു പോകുന്നതെന്നും വെളിയിൽ നില്ക്കുന്ന ഉദ്യോഗസ്ഥന്മാരോടു് പറഞ്ഞാട്ടേ അകത്തോട്ടു കടത്തിവിടുകയുള്ളു. അപ്പോഴും സമയത്തിനു് നോട്ടീസ് ഏല്പിക്കാൻ സാധിക്കാതെവരും. അതുകൊണ്ടാണു് ഈ 56-ാമത്തെ റൂൾ ഭേദഗതി ചെയ്യണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നതു്. മന്ത്രിക്കുള്ള നോട്ടീസുകൂടി സെക്രട്ടറിയെ ഏല്പിച്ചാൽ മതിയാകുമെന്നാണു് ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്. ഈ സെഷനിൽതന്നെ ശ്രീ. കെ. സി. ജോർജ്ജു് ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിൽ അനുഭവിച്ച പ്രയാസം ഞാൻ കണ്ടു. അന്നു് സെക്രട്ടറിയുടെ മേശപ്പുറത്തു രണ്ടു് നോട്ടീസ് വച്ചിരുന്നു. ചർച്ചാസമയം വന്നപ്പോഴും മന്ത്രി പറഞ്ഞു നോട്ടീസ് കിട്ടിയിട്ടില്ലെന്നു്. മന്ത്രിമാരുടെ സൗകര്യത്തിനുവേണ്ടിയും സഭയിൽ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള നടപടികൾ എളുപ്പമുള്ളവയാക്കുന്നതിനു വേണ്ടിയും എന്റെ ഭേദഗതി സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

The amendment was put and lost.

The question that Rule 56 stands part of the Rules, was put and carried.

Rule 56 was added to the Rules.

Rule 57.

The question that Rule 57 stands part of the Rules, was put and carried.

Rule 57 was added to the Rules.

Rule 58.

Shri Joseph Chazhikatt: Sir, I move the following amendment:

> "In Rule 58, sub-rule (2), delete the words 'may if he thinks it necessary' and insert 'shall' instead."

സബ്റൂൾ 2 പ്രകാരം ഒരു അടിയന്തിരപ്രമേയം അതിന്റെ നോട്ടീസ് വായിക്കാതെതന്നെ തള്ളാം. ഒരു അടിയന്തിരപ്രമേയം ഇവിടെ വന്നിട്ട് അതു തള്ളിയിരിക്കുന്നു എന്നു പറഞ്ഞാൽ എന്താണ് ആ അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്നതെന്ന് ഞങ്ങൾക്ക് അറിയാൻ നിവൃത്തിയില്ലെന്നാണ് വരുന്നത്. ആ അടിയന്തിരപ്രമേയം സഭയിൽ വായിച്ചുശേഷം തള്ളിയാൽ ഞങ്ങൾക്കും അതു മനസ്സിലാക്കാൻ കഴിയും. അതിലെ വിവരം അറിയാനുള്ള അവകാശം ഞങ്ങൾക്കുമുണ്ട്. അതുകൊണ്ട് അങ്ങിനെ വായിക്കാതെ തള്ളരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ അമെൻഡ്മെന്റ് ഹാജരാക്കുന്നത്.

ശ്രീ. എം. പി. മേനോൻ: ഞാൻ അതിനെ പിൻതാങ്ങുന്നു.

The amendment was put and lost.

ശ്രീ. ജോസഫ് ചാഴിക്കാട്: ഞാൻ ഒരു പോൾ ആവശ്യപ്പെടുന്നു.

A poll was taken when the House devided as follows:

AYES: 27

1 Shri C. C. Ayyappan	15 Shri K. S. Krishnan Sastry
2 ,, Baby John	16 ,, P. K. Kunjachan
3 ,, K. Balakrishnan	17 ,, Kuttappan Koickal
4 ,, R. Balakrishna Pillai	18 ,, T. A. Majeed
5 ,, Prakkulam Bhasi	19 ,, K. Narayana Kurup
6 ,, P. Bhaskaran Nair	20 ,, N. Neelakantaru Pandarathil
7 ,, Thoppil Bhaskaran Pillai	21 ,, M. P. Menon
8 ,, K. Chandrasekhara Sastri	22 ,, R. Prakasam
9 ,, P. K. Chathan	23 ,, P. Ravindran
10 ,, K. C. George	24 ,, R. Sugathan
11 ,, P. Gopalan	25 Dr. P. K. Sukumaran
12 Sry. K. R. Gouri	26 Shri T. V. Thomas
13 Shri Joseph Chazikatt	27 ,, P. K. Yasodharan
14 ,, Thalekkara K. Krishnan	

NOES—37.

1 Shri P. K. Abdul Khadir
2 „ A. Achuthan
3 „ V. K. Achutha Menon
4 „ K. K. Balakrishnan
5 „ M. Bhaskaran Nair
6 „ N. G. Chacko
7 „ A. C. Chacko
8 „ N. Chandrasekharan Nair
9 „ M. P. Chandrasekharan Pillai
10 „ K. M. Chandy
11 „ D. Damodaran Potti
12 „ K. P. Gopala Menon
13 „ Panampilli Govinda Menon
14 „ Idiculla Idiculla
15 „ A. J. John
16 „ P. Kesava Menon
17 „ T. T. Kesavan Sastry
18 „ C. Kochukunju
19 „ K. M. Korah
20 Shri P. R. Krishnan
21 „ P. Kunjan
22 „ Manjanatha Prabhu
23 „ P. M. Markose
24 „ M. M. Mathai
25 „ C. A. Mathew
26 „ N. Narayana Kurup
27 „ P. S. Nataraja Pillai
28 „ N. Parameswaran Pillai
29 „ A. A. Rahim
30 „ V. V. Sebastian
31 „ K. A. Sivarama Bharathy
32 „ A. Thanu Pillai
33 „ K. T. Thomas
34 „ K. I. Velayudhan
35 „ Kalathil Velayudhan Nair
36 „ T. M. Varghese
37 „ P. Viswambaran

NEUTRAL—1

1 Dr. A. R. Menon

The amendment was lost.

The question that Rule 58 stands part of the Rules, was put and carried.

Rule 58 was added to the Rules.

Rule 59.

The question that Rule 59 stands part of the Rules was put and carried.

Rule 59 was added to the Rules.

Rule 60.

4. P. M.

Sry. K. R. Gouri: I move "In Rule 60, delete the proviso."

അടിയന്തര പ്രമേയം അവതരിപ്പിച്ചാൽ ചെയ്യേണ്ട കാര്യങ്ങളെപ്പററിയാണ് ഈ റൂളിൽ പറയുന്നത്. അടിയന്തിരപ്രമേയം അവതരിപ്പിച്ചാൽ അത് അടിയന്തിര സ്വഭാവമുള്ളതാണോ അല്ലയോ എന്നുള്ളത് സ്പീക്കർ തീരുമാനിച്ച് ഉടനെ ഗൗരവമുള്ളതാണെന്നു മനസ്സിലാക്കിയതിനു ശേഷം സഭയിൽ അവതരിപ്പിച്ചു പ്രസംഗിച്ചു സമയമാകുമ്പോൾ എല്ലാവരും എഴുന്നേററുപോവുകയാണ് ചെയ്യുന്നത്. അങ്ങിനെ അടിയന്തിര പ്രമേയം അവതരിപ്പിച്ചു ചർച്ച നടന്നതിനുശേഷം വോട്ടുചെയ്യേണ്ടതും ഈ സഭയിൽ ഒരു തീരുമാനം എടുക്കേണ്ടതുമാവശ്യമാണ്. അതുകൊണ്ട് ഈ പ്രൊവൈസോ ഡിലീററ് ചെയ്യണം.

The amendment was put and lost.

The question that Rule 60 stands part of the Rules was put and carried.

Rule 60 was add d to the Rules.

Rule 61.

Shri Joseph Chazhikatt : I move the following amendment: In Rule 61, add at the end "so as each party gets a chance to express its views." Rule 61 reads, "The Speaker shall prescribe a time limit for speeches." My amendment is to add at the end "so as each party gets a chance to express its views." ഇതിന്റെ കാരണം പറഞ്ഞാൽ സ്പീക്കർ ഇവിടെ സമയം വീതിച്ചു വരുമ്പോൾ ഈ 45 കാർക്കും 40 കാർക്കും എല്ലാം വീതിച്ചുകഴിഞ്ഞ് എനിക്കു വരുമ്പോൾ ചിലപ്പോൾ സമയമില്ലാതെ വരാൻപാടുണ്ട് എന്നുള്ളതുകൊണ്ടാണ്. അങ്ങിനെ വരുമ്പോൾ രണ്ടു മിനിട്ടും ഒരു മിനിട്ടും ഒക്കെ നോക്കിവേണം ടൈം വീതിയ്ക്കുവാൻ. ഏററവും കുറഞ്ഞ സമയമെങ്കിലും ഓരോ പാർട്ടിക്കും കിട്ടേണ്ടതാണു ന്യായം.

"So as each party gets a chance to express its views."

ഈ കമ്മ്യൂണിസ്ററുകാർക്കും ആർ. എസ്. പി. ക്കാർക്കും എന്നുവേണ്ട നാലുമഞ്ചും പേരുള്ള പാർട്ടികൾക്ക് പ്രത്യേകമായ ക്രീഡും വിശ്വാസവും ഒക്കെ കാണും. അതേപ്പററിയൊക്കെ അവർക്കു പറയേണ്ടിവരും. അതുകൊണ്ട് ടൈം ലിമിററ് തീരുമാനിക്കുമ്പോൾ അവരുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്.

The amendment was put and lost.

The question that Rule 61 stands part of the Rules was put and carried.

Rule 61 was added to the Rules.

Rules 62 to 78.

The question that Rules 62 to 78 stand part of the Rules was put and carried.

Rules 62 to 78 were added to the Rules.

Rule 79.

Sry. K. R. Gouri : Sir, I move "In Rule 79, sub-rule (b) add the words "that the Bill be taken into consideration or" after the words "as an amendment."

ഒരു ബിൽ അവതരിപ്പിക്കുമ്പോൾ മെംബർ–ഇൻ–ചാർജ്ജ്, ആ ബിൽ സെലക്റ്റ് കമ്മിററിക്ക് അയക്കണമെന്നു പറയുന്ന അവസരത്തിൽ വേറെ ആരെങ്കിലും പബ്ലിക്ക് ഒപ്പീനിയൻ ആരായുന്നതിനുവേണ്ടി അയക്കാം എന്നു ഒരു ഭേദഗതി മൂവ് ചെയ്യുകയാണെങ്കിൽ അങ്ങനെ ചെയ്യാം എന്നാണു റൂൾ. എന്റെ അമൻഡ്മെൻഡുപ്രകാരം അതുപോലെ തന്നെ കൺസിഡറേഷനെടുക്കണമെന്നു വേറൊരു മെംബർ ഒരു ഭേദഗതി കൊണ്ടുവരികയാണെങ്കിൽ അങ്ങനെ ചെയ്യാമെന്നുള്ളതിനുവേണ്ടി അതുകൂടി ചേർക്കുന്നമെന്നാണ് എന്റെ ഭേദഗതി.

The amendment was put and lost.

Sry. K. R. Gouri: Sir, I move: In Rule 79, add a separate sub-rule (c) as follows:—

"If the member in charge moves that the Bill be circulated for the purpose of eliciting public opinion, any member may move an amendment, that the Bill be taken into consideration or the Bill be referred to a Select Committee."

ഇതും ആദ്യം പറഞ്ഞതിനെ തുടർന്നുള്ളതാണ്. ഒരു ബിൽ മൂവ് ചെയ്യുന്ന അവസരത്തിൽ പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്നു പറയുകയാണെങ്കിൽ ഏതെങ്കിലും ഒരു മെംബർ അപ്പോൾതന്നെ അതു ചർച്ചക്കു എടുക്കണമെന്നു പറയുന്നതിനുള്ള അവകാശത്തിനുവേണ്ടി ഒരു പുതിയ ക്ലാസ്സ് ചേർക്കുന്നതിനുള്ള ഒരു ഭേദഗതിയാണ്. അതു സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

The amendment was put and lost.

The question that Rule 79 stands part of the Rules was put and carried.

Rule 79 was added to the Rules.

Rules 80 to 144.

The question that Rules 80 to 144 stand part of the Rules was put and carried.

Rules 80 to 144 were added to the Rules.

Rule 145.

Shri P. K. Yasodharan: Sir, I move the following amendment.

In Rule 145, sub-rule (2) after the sentence add 'Two clear days shall be allowed to the members for its study'

ഈ റൂളിനകത്തു ഇപ്പോൾ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്:

"The annual Financial Statement of the estimated receipts and expenditure of the State in respect of each financial year (hereinafter referred to as the Budget) shall be presented to the Assembly on such day as the Rajpramukh may appoint."

(2) No discussion of the Budget shall take place on the day on which it is presented."

അതു വളരെ വേഗായിട്ടാണ് പറഞ്ഞിരിക്കുന്നതു്. "ടു ക്ലീയർ ഡേസ്" എന്നു് മാററണമെന്നാണെന്റെ ഭേദഗതി

The amendment was put and lost.

The question that Rule 145 stands part of the Rules was put and carried.

Rule 145 was added to the Rules.

Rules 146 to 154.

The question that Rules 146 to 154 stand part of the Rules was put and carried.

Rules 146 to 154 were added to the Rules.

Rule 155

Shri P. Ravindran : I move the following amendment :

In Rule 155 delete sub-rule (5) and renumber.

155-ാംവകുപ്പ് 5-ാം ഉപവകുപ്പ് എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതി. അപ്രോപ്രിയേഷൻ ബില്ലിനെപ്പറ്റി സംസാരിക്കുമ്പോൾ ഏതെല്ലാം പോയിന്റുകളെ സ്പർശിക്കും എന്നുള്ളതിനെ സംബന്ധിച്ച് നേരത്തെ ഇൻഫർമേഷൻ കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഏതെല്ലാം വിഷയങ്ങളെപ്പറ്റിയാണ് സംസാരിക്കാൻ പോകുന്നതെന്ന് നേരത്തെ സ്പീക്കറെ അറിയിച്ചിരിക്കണമെന്നുള്ള വ്യവസ്ഥ ഈ സഭയിലുള്ള അംഗങ്ങൾക്ക് സ്വതന്ത്രമായി ചർച്ച ചെയ്യുന്നതിന് പ്രതിബന്ധമായി നിൽക്കുമെന്നാണെന്റെ വിശ്വാസം. അപ്രോപ്രിയേഷൻ ബില്ലിനെപ്പറ്റി ഒരു മെംബർ സംസാരിക്കുമ്പോൾ ആ പ്രസംഗത്തിൽ ഉന്നയിക്കുന്ന സംഗതികളെപ്പറ്റി മറ്റൊരു മെംബർക്ക് വിമർശിക്കുകയോ, വിശദീകരിക്കുകയോ ചെയ്യേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ ഏതെല്ലാം കാര്യങ്ങളാണ് പ്രസംഗവിഷയമാകുന്നതെന്ന് നേരത്തെ അറിയിച്ചിരിക്കണമെന്ന വ്യവസ്ഥ ബുദ്ധിമുട്ടുകളുണ്ടാക്കും. പുതിയ ഏതെങ്കിലും പോയിന്റിനെപ്പറ്റി പറയാൻ അഞ്ചാം ഉപവകുപ്പിരിക്കുന്നതുകൊണ്ട് വിഷമമാണ്. അഡ്വാൻസ് ഇൻഫർമേഷൻ തരാൻ സാധിക്കാതെപോയെന്നും വരാവുന്നതാണ്. ഏതായാലും ഇത്ര പ്രധാനപ്പെട്ട ഒരു ബില്ലിന്റെ ചർച്ചയ്ക്ക് ഇതുപോലെയുള്ള ഒരു വകുപ്പ് വിഷമമുണ്ടാക്കുമെന്നുള്ളതുകൊണ്ട് അതെടുത്തുകളയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

The amendment was put and lost.

The question that Rule 155 stands part of the Rules was put and carried.

Rule 155 was added to the Rules.

Rules 156 to 190.

The question that Rules 156 to 190 stand part of the Rules was put and carried.

Rules 156 to 190 were added to the Rules.

Rule 191.

Shri P. K. Yasodharan : Sir, I move.

In Rule 191, sub-rule (1), after 'seven members,' insert 'besides ministers''.

അതായത് മന്ത്രിമാർ സഭയിൽവച്ച് ചെയ്യുന്ന വാഗ്ദാനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നു നോക്കുവാനുള്ളതാണ് അഷ്വറൻസ് കമ്മിററി. അപ്പോൾ ആ കമ്മിററിയിൽ മന്ത്രിമാർ കൂടിയുണ്ടെങ്കിൽ വളരെ പ്രയോജനകരമായിരിക്കും. അതാണ് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നത്.

The amendment was put and lost.

The question that Rule 191 stands part of the Rules was put and carried.

Rule 191 was added to the Rules.

Rules 192 to 195.

The question that Rules 192 to 195 stand part of the Rules was put and carried.

Rules 192 to 195 were added to the Rules.

Rule 196.

Sry. K. R. Gouri: Sir, I move.

"In Rule 196, sub-rule (2) add the words 'and leave shall be refused only if three-fourths of the members present oppose,' after the words 'declare the determination of the Assembly.'

സർ, ഇതു് ഒരു നിയമസഭാ സാമാജികനു് അംഗത്വം നഷ്ടപ്പെടുന്നതിനുള്ള ഒരു റൂളാണു്. ഒരു നിയമസഭാസാമാജികൻ തെരഞ്ഞെടുക്കപ്പെട്ടതുമുതൽക്കു് 60 ദിവസത്തിൽകൂടുതൽ നിയമസഭയിൽ ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ ആ വിവരം സ്പീക്കർക്കു് എഴുതി അയച്ചാൽ സ്പീക്കർതന്നെ ആ നിയമസഭാസാമാജികനു ലീവു നൽകാം എന്നുള്ളതാണു് ഇപ്പോഴത്തെ വ്യവസ്ഥ. ഈ റൂൾപ്രകാരം 60 ദിവസത്തിൽ അധികം ഒരു മെമ്പർക്കു് ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ അതിനു ലീവു തരണമെന്നു് പറഞ്ഞു് ആ മെമ്പർ സ്പീക്കർക്കു എഴുതിയാൽ സ്പീക്കർ അതു് അസംബ്ലിയിൽ കൊണ്ടുവരികയും അസംബ്ലിയിൽ ഏതെങ്കിലും ഒരു മെമ്പർ അതിനെ എതിർത്താൽ സ്പീക്കർ സഭയുടെ വോട്ടു എടുക്കുകയും വോട്ടു് അതിനു് അനുമതിനിഷേധിക്കുന്നുവെങ്കിൽ ആ സാമാജികന്റെ അംഗത്വം നഷ്ടപ്പെടുകയും ചെയ്യും. വാസ്തവത്തിൽ ആ സാമാജികനെ തെരഞ്ഞെടുത്തയച്ചിരിക്കുന്നതു് നാട്ടിലുള്ള വോട്ടർമാരാണു്. ഒരു സാമാജികൻ ജയിലിൽ ആണെങ്കിൽ പാർട്ടിയുടെ അടിസ്ഥാനത്തിൽ തീർച്ചയായും എതിർ പക്ഷത്തിരിക്കുന്ന ആളുകൾക്കു് അയാളുടെ അംഗത്വം നഷ്ടപ്പെട്ടാൽ നന്നായിരിക്കും എന്നു തോന്നും. ആ നിലയ്ക്കു് ഒരു സാമാജികന്റെ അംഗത്വം നഷ്ടപ്പെടുവാൻ ഈ റൂൾപ്രകാരം എളുപ്പമുണ്ടു്. അതുകൊണ്ടു് ഈ അസംബ്ലിയിലെ മുക്കാൽ ഭാഗം ആളുകൾ സമ്മതിച്ചാൽ മാത്രമേ അംഗത്വം നഷ്ടപ്പെടുവാൻ പാടുള്ളു. ദുഷ്ടലാക്കോടുകൂടിയല്ലാതെ ഒരു സമത്വമായനിലയിൽ ഈ വ്യവസ്ഥ നിലനിറുത്തുന്നതിനുവേണ്ടി എല്ലാവരും ഈ ഭേദഗതിയെ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

The amendment was put and lost.

The question that Rule 196 stands part of the Rules was put and carried.

Rules 196 was added to the Rules.

Rule 197 to 210.

The question that Rules 197 to 210 stand part of the Rules was put and carried.

Rules 197 to 210 were added to the Rules.

Rule 211.

Shri P. Ravindran : Sir, I move.

> "In Rule 211, sub-rule (v) delete the words 'the Assembly' and insert the words 'his seat."

211-ാംവകുപ്പിൽ 5-ാംഉപവകുപ്പിനുള്ള ഒരു ഭേദഗതിയാണു് ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. 211-ാംവകുപ്പിൽ 5-ാംഉപവകുപ്പിൽ പറയുന്നതു് ഇങ്ങനെയാണു്:—

> "Whilst the Assembly is sitting, a member shall not leave the Assembly when the Speaker is addressing the Assembly."

സ്പീക്കർ സഭയിൽ പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ ഒരു മെംബർ സഭയിൽനിന്നു പുറത്തുപോകാൻ പാടില്ലാ എന്നാണു് പറഞ്ഞിരിക്കുന്നതു്. സ്പീക്കർ പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ മെംബറന്മാർ ഒരു സീറ്റിൽനിന്നു മറ്റൊരു സീറ്റിലേയ്ക്കു മാറിയിരിക്കാൻ പാടില്ല എന്നാണു് മറ്റൊരു വകുപ്പിൽ പറയുന്നതു്. സ്പീക്കർ സംസാരിക്കുമ്പോൾ അസംബ്ലി വിട്ടുപോകരുതെന്നു ഒരു വകുപ്പിലും സീറ്റു വിടരുതെന്നു മറ്റൊരു വകുപ്പിലും പറയുന്നു. ആദ്യത്തെ വകുപ്പു് അതേപടി നില്ക്കുകയാണെങ്കിൽ സ്പീക്കർ സംസാരിക്കുമ്പോൾ ഒരു സീറ്റിൽനിന്നു് മറ്റൊരു സീറ്റിലേയ്ക്കു ഒരു മെംബർക്കു മാറിയിരിക്കാം. ഇതു പരസ്പരവിരുദ്ധമാണു്. അതുകൊണ്ടു് എന്റെ ഭേദഗതി എല്ലാവരും സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

The question that Rule 211, as amended, stands part of the Rules was put and carried.

Rule 211 as amended was added to the Rules.

Rules 212 to 242.

The question that Rules 212 to 242 stand part of the Rules was put and carried.

Rules 212 to 242 were added to the Rules.

Schedules.

The question that the Schedules stand part of the Rules was put and carried.

The Schedules were added to the Rules.

Rule 1.

The question that Rule 1 stands part of the Rules was put and carried.

Rule 1 was added to the Rules.

Shri Panampilli Govinda Menon: Sir, Consequent on the change in the time of sitting of the Assembly as accepted by the House, some consequential amendments will have to be made in some of the rules namely in Rules 54, 68, etc. These may be permitted to be made therein. I therefore, move that the House may give its final approval to the Rules of Procedure and Conduct of Business so that they can be finally passed.

The Rules of Procedure and Conduct of Business were finally passed.

DISCUSSION UNDER RULE 26.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ജൂലൈ 23-ാംതീയതി ഇവിടെ ചോദ്യോത്തരവേളയിൽ ശ്രീ. ടി. കെ. ദിവാകരൻ ചോദിച്ച 8-ാമത്തെ ചോദ്യത്തിനു കൊടുത്ത മറുപടിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ചർച്ചയ്ക്കുവേണ്ടിയാണ് ഞാൻ ഒരു വാദപ്രതിവാദത്തിനു നോട്ടീസ് കൊടുത്തത്. 1953-54 വർഷത്തിൽ ചവറയിലുള്ള മണൽകമ്പനികളുടെ ഉൽപ്പാദനച്ചെലവു വർദ്ധിപ്പിച്ച് അനുവദിച്ചിട്ടുണ്ടോ എന്നായിരുന്നു ചോദ്യം. ആ ചോദ്യത്തിനു മറുപടി പറഞ്ഞുകൊണ്ട് ചവറ ഹാപ്കിൻസ് ആൻഡ് വില്യംസ് കമ്പനിക്കു 8,60,000-ൽ ചില്വാനം രൂപ ഉൽപ്പാദനച്ചെലവിനത്തിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നു വ്യവസായമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഒരു ടണ്ണിനു 14·77 രൂപ ഉൽപ്പാദനച്ചെലവുണ്ടായിരുന്നത് 18 രൂപയാക്കി. 1951-52 വർഷങ്ങളിലേയ്ക്ക് പൂർവ്വകാലബാദ്ധ്യതയോടുകൂടി നടപ്പിലാക്കിയതിന്റെ ഫലമായിട്ടാണ് ഈ തുക വന്നിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. അതിനെ തുടർന്നുണ്ടായ ഉപചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി മറുപടി പറഞ്ഞത്:

"This is a question of policy on which I am not in a position to comment." എന്നാണ്.

നമ്മുടെ ചവറ മിനറൽസ് വ്യവസായത്തെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നയം എന്താണെന്നു പറയാൻ ഞാൻ അപ്രാപ്തനാണ് എന്ന് ധനകാര്യമന്ത്രി സമ്മതിക്കുകയുണ്ടായി. ഇതു് ഗുരുതരമായ ഒരു അവസ്ഥയാണെന്ന് ഞാൻ വിചാരിക്കുന്നു. ചവറ മിനറൽസ് വ്യവസായത്തിൽ ഗവൺമെന്റു കൂടാതെ രണ്ടു സ്വകാര്യക്കമ്പനികൾകൂടി പ്രവർത്തനം നടത്തുന്നുണ്ട്. ഈ കമ്പനികൾ ഗവൺമെന്റിന്റെ ഏജന്റന്മാരായിട്ടാണ് പ്രവർത്തിക്കുന്നതു്. ഹാപ്കിൻസ് ആൻഡ് വില്യംസ് കമ്പനിക്ക് നഷ്ടം വകയിൽ 8,60,000 രൂപ അനുവദിച്ചുകൊടുക്കുമ്പോൾ യഥാർത്ഥത്തിൽ ആ കമ്പനി ലാഭമുണ്ടാക്കുകയായിരുന്നു എന്നു അവരുടെ ബാലൻസ് ഷീറ്റുകളിൽനിന്നു കാണുന്നു. മുൻമന്ത്രിസഭയാണ് ഇത്തരത്തിൽ ഒരു തീരുമാനം ചെയ്തിട്ടുള്ളതു് എന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ കമ്പനിയിൽനിന്നും ഉൽപ്പാദിപ്പിച്ച സാമാനങ്ങൾ കയറ്റി അയയ്ക്കുന്നതു സംബന്ധിച്ച് യഥാർത്ഥത്തിൽ കിട്ടുന്ന തുകയുടെ ശരിയായ കണക്കുവച്ചുകൊണ്ടല്ല ആദായം കണക്കാക്കുന്നതു്. ഒറിജിനൽ ഇൻവോയിസ് അനുസരിച്ചു തുക കണക്കാക്കുന്നതിനു പകരം, ബ്രോക്കറന്മാർ സമ

പ്പിക്കുന്ന ഓഡിറററുടെ ബിൽ ഓഫ് ലെയിഡിംഗ് സർട്ടിഫിക്കററിന്റെ ഒരു കോപ്പിവച്ചുകൊണ്ടാണ് ഗവണ്മെന്റ വരവു കണക്കാക്കുന്നതു്. ഇവിടെ അമേരിക്കൻ കമ്പനികൾക്ക് ലോഹമണൽ വില്ക്കുന്നതു് ബ്രിട്ടീഷ് ടൈററാനിയം കമ്പനിമുഖാന്തിരമാണ്. സാധനങ്ങൾ വിൽക്കുമ്പോൾതന്നെ ഭീമമായ ഒരു തുക ഡിസ്കൗണ്ട് ഇനത്തിൽ തട്ടിക്കഴിച്ചിട്ടാണ് വരവു കണക്കാക്കുന്നതു്. അതുപോലെതന്നെ ലോഹമണൽ കയററി അയയ്ക്കുമ്പോൾ ഷിപ്പിംഗ് ചാർജ്ജ് ഇനത്തിൽ കിട്ടുന്ന ആദായവും ലാഭനഷ്ടക്കണക്കിൽ കൂട്ടാറില്ല. ഇങ്ങനെ നോക്കുമ്പോൾ യഥാർത്ഥത്തിൽ ഈ കമ്പനിക്ക് വളരെ ഏറെ ആദായം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ അമിതമായ തോതിൽ ആദായം ഉണ്ടാക്കിക്കൊണ്ടിരിക്കുമ്പോഴാണ് ഗവണ്മെന്റിൽനിന്നും 9 ലക്ഷം രൂപ അനുവദിച്ചുകൊടുത്തതു്. ജനങ്ങളുടെ അംഗീകാരം നിയമസഭയ്ക്കകത്തും പുറത്തും നഷ്ടപ്പെട്ടുകഴിഞ്ഞ കാൺഗ്രസ്സുമന്ത്രിസഭ അധികാരത്തിൽനിന്നും പുറത്തുപോകുന്നതിനു് 36 ദിവസം മുൻപാണ് നമ്മുടെ സ്റ്റേററിന്റെ മൊത്തം വരുമാനത്തിൽനിന്നും ഏകദേശം എട്ടുലക്ഷത്തി അറുപത്താറായിരത്തിൽചില്വാനം രൂപ അവർക്കു നൽകുന്നതിനുവേണ്ടിയുള്ള ആർഡർ പാസ്സാക്കിയതു്. കഴിഞ്ഞ മാർച്ചു മാസം 2-ാംതീയതി ചവറയിലെ മണൽക്കമ്പനി തൊഴിലാളികൾ അവരുടെ കൂലി കൂട്ടേണ്ടതാണെന്നുള്ള അവകാശവാദങ്ങൾ മുഴക്കിക്കൊണ്ടിരുന്നപ്പോൾ തന്നെയാണ് കാൺഗ്രസ്സ് മന്ത്രിസഭ കരയാളർ കമ്പനിക്ക് ഒരു ലക്ഷത്തിൽചില്വാനം രൂപയുടെ മറെറാരു ആർഡർ പാസ്സാക്കിയതു്. മറെറ ആർഡർ പാസ്സാക്കി രണ്ടുവാരം കഴിഞ്ഞപ്പോഴാണ് ഈ ആർഡറും പാസ്സാക്കിയതെന്നാണ് ധനകാര്യമന്ത്രിയിൽനിന്നും അറിയാൻ കഴിഞ്ഞതു്. കമ്പനികളും ഗവണ്മെന്റുമായിട്ടുള്ള ഇത്തരം ഇടപാടുകളിൽ ഞങ്ങൾക്കു പലവിധത്തിലുള്ള സംശയങ്ങൾ ഉണ്ടായിട്ടുണ്ട്. അധികാരം നഷ്ടപ്പെട്ട ഒരു ഗവണ്മെന്റിനു് പൊതു റെവന്യൂവിൽനിന്നും ലക്ഷക്കണക്കിനു രൂപ നഷ്ടപ്പെടത്തക്കവണ്ണം ഉത്തരവു കൊടുത്തതിനെ സംബന്ധിച്ചു് കർശനമായ അന്വേഷണവും സൂക്ഷ്മമായ പരിശോധനയും നടത്തുന്നതിനു ഈ ഗവണ്മെന്റ എത്രയും വേഗം നടപടികൾ എടുക്കേണ്ടതാണെന്നു ഞാൻ ഉത്ബോധിപ്പിച്ചുകൊള്ളുന്നു. F. X. പെരേരാ കമ്പനിയിൽനിന്നും റായൽട്ടി ഇനത്തിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിലായി ഏകദേശം ആറുലക്ഷം രൂപയോളം ഗവണ്മെന്റിലേക്കു കുടിശ്ശിക വരുത്തിയിരിക്കുന്നതായി കാണുന്നു. അവിടെയുള്ള തൊഴിലാളികൾക്കു തന്നെ ശമ്പളം ശരിക്കു കൊടുക്കാതെ അവരെക്കൊണ്ടു വേല ചെയ്യിക്കുകയാണെന്നു പല പരാതികളും ഉണ്ടായിട്ടുണ്ട്. ആണ്ടുതോറും ഒരു വൻപിച്ച ആദായം വരുത്തുന്ന ഈ കമ്പനിയിൽനിന്നും റായൽററി ഇനത്തിലുള്ള കുടിശ്ശിക വസൂലാക്കുന്നതിൽ വലിയ അനാസ്ഥയാണു ഗവണ്മെന്റ കാണിക്കുന്നതു്. അതേസമയം ഈ കമ്പനികൾക്കു വൻതുകകൾ കൊടുക്കുന്നതിൽ ഗവണ്മെന്റ വളരെയേറെ ഉത്സാഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ വ്യവസായത്തിൽനിന്നും കിട്ടുന്ന ആദായത്തിൽനിന്നും വേലക്കാർക്കു കൂലി കൊടുക്കാതെയും, ഗവണ്മെന്റിലേക്കു തരുവാനുള്ളതു തരാതെയും അവർ മറേറതോ വഴിക്കു ഉപയോഗപ്പെടുത്തുന്നുവെന്നുവേണം മനസ്സിലാക്കാൻ. ഈ ഗവണ്മെന്റിനു വരുവാനുള്ള തുക തട്ടിക്കഴിച്ചാൽ അവർക്കു ബാക്കി ഒരു പൈസ പോലും കൊടുക്കേണ്ടിവരുമെന്നു തോന്നുന്നില്ല. ഈ വ്യവസായം ഗവണ്മെന്റ ഏറെറടുത്തു ദേശീകരിക്കുന്നതിനാവശ്യമായ സത്വരനടപടികൾ എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

[ശ്രീ. കെ. ബാലകൃഷ്ണൻ]

സർ, ഹാപ്കിൻ ആൻഡ് വില്യംസ് കമ്പനിക്കു ഉൽപ്പാദനച്ചെലവിനത്തിൽ നഷ്ടപരിഹാരം നൽകേണ്ടിവന്നതു് എട്ടുലക്ഷത്തി അറുപതിനായിരത്തിൽ ചില്വാനം രൂപയാണു്. ഒരു ടണ്ണിനു് 14.77 രൂപ ഉൽപ്പാദനച്ചെലവായിരുന്നതു് 18 രൂപയാക്കി 1951–52 വർഷങ്ങളിലേക്കു റിട്രോസ്പെക്റ്റീവ് ഇഫക്റ്റിൽ കൊടുത്തിട്ടുള്ളതിന്റെ ഫലമായിട്ടാണു് ഈ തുക വന്നിട്ടുള്ളതു്. പെരേരാ കമ്പനിയിൽ റാ സാൻഡ് സപ്ലൈ ചെയ്യാനുള്ള ടെൻഡർ വിളിച്ചപ്പോൾ ടൺ ഒന്നിനു് എട്ടുരൂപ ഏഴണയ്ക്കു സപ്ലൈ ചെയ്യാൻ ധാരാളം ആളുകൾ തയ്യാറായപ്പോൾ, 9 രൂപ 7 അണ വച്ചു ഹാപ്കിൻ വില്യം കമ്പനിക്കു കൺട്രാക്റ്റു കൊടുക്കുകയാണു ചെയ്തതു്. ആ ഇനത്തിലും ഒരു നല്ല ലാഭം അവർക്കു ഉണ്ടായിട്ടുണ്ടു്. സർ, യഥാർത്ഥത്തിൽ ഈ വ്യവസായങ്ങൾ ഗവണ്മെന്റിന്റെ വകയാണു്. കമ്പനി ഗവണ്മെന്റിന്റെ ഒരു ഏജന്റു മാത്രമേ ആകുന്നുള്ളു. ആദായം മുക്കാലും അവർ തട്ടിക്കൊണ്ടുപോകുകയാണു്. എന്നിട്ടും ഗവണ്മെന്റ് പണം കൊടുത്തുകൊണ്ടുതന്നെയിരിക്കുന്നു. കൊടുത്തിട്ടുള്ള തുകകൾ തിരിച്ചുവാങ്ങാനുള്ള സാദ്ധ്യതകളുണ്ടോയെന്നു ചോദിച്ചപ്പോൾ ആ കാര്യത്തെപ്പറ്റി ആലോചിക്കാമെന്നാണു് ഗവണ്മെന്റു പറയുന്നതു്. ഈ തുക ന്യായമായ മാർഗ്ഗത്തിൽക്കൂടിയല്ല കൊടുത്തതെങ്കിൽ നമ്മുടെ പൊതു ഭണ്ഡാരത്തിൽനിന്നും ഈവിധം കയ്യേറ്റം ചെയ്തതിനു് ഗവണ്മെന്റു ഉടനടി നടപടി നടത്തേണ്ടതാണു്.

സർ, ഞാൻ ഈ കാര്യം പറയുമ്പോൾ മറ്റൊരു ഗുരുതരമായ പ്രശ്നം കൂടി ആലോചിക്കേണ്ടതായിട്ടുണ്ടു്. ഹാപ്കിൻ ആൻഡ് വില്യംസ് കമ്പനി ഗവണ്മെന്റ് ഏറ്റെടുക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ പത്തുലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടായിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ആ തുക വെട്ടിക്കുറച്ചിരിക്കുകയാണു്. ചവറ മിനറൽ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ഗവണ്മെന്റുമായി ചേർന്നു് ഒരു കാർപ്പറേഷൻ രൂപീകരിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റിന്റെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ കൊള്ളിച്ചിരിക്കുകയാണു്. മിനറൽ വ്യവസായങ്ങളെപ്പറ്റി ചോദിച്ച എല്ലാം ചോദ്യങ്ങൾക്കും ശരിയായ മറുപടി നൽകാൻ മന്ത്രിക്കു സാധിച്ചിട്ടില്ലെന്നും പറയേണ്ടിയിരിക്കുന്നു. സർ, രാജ്യത്തെ സാമ്പത്തികനിലയെ സാരമായി സ്പർശിക്കുന്ന ഇത്തരം കാര്യങ്ങൾ വളരെ രഹസ്യമായി കൈമാറ്റം ചെയ്യാവുന്നതല്ല. മിനറൽ വ്യവസായത്തിനെ സംബന്ധിച്ചു് നമുക്കു ഇപ്പോൾത്തന്നെ ഒരു വലിയ തുക നഷ്ടപ്പെട്ടിരിക്കുകയാണു്. ഈ 63 ലക്ഷത്തിൽ ചില്വാനം രൂപ രാജ്യത്തെ പൊതുവരവിൽനിന്നും ചോർന്നുപോയതാണെന്നുകൂടി നാം ഓർക്കേണ്ടതായിട്ടുണ്ടു്. സർ, ഇപ്പോൾ ഈ വ്യവസായങ്ങൾ എല്ലാം ഇൻഡ്യാഗവണ്മെന്റിൽനിന്നും നടപ്പാക്കിയിട്ടുള്ള അറ്റോമിക് കൺട്രോൾ ആക്റ്റിന്റെ പരിധിക്കകത്തു കൊണ്ടുവന്നു് സമ്മർദ്ദം ചെലുത്തിത്തന്നെ ഏറ്റെടുക്കാൻ ഇൻഡ്യാഗവണ്മെന്റു തയാറായിരിക്കുകയാണു്. സർ, മിനറൽ വ്യവസായങ്ങളിൽനിന്നും നമുക്കു എടുക്കാൻ കഴിയുന്ന പൂർണ്ണമായ ആദായവും ഇതുവരെ എടുക്കാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല, ഗവണ്മെന്റിനു ഈ വ്യവസായങ്ങളിൽ ഒരു വൻതുക നഷ്ടവും വന്നിട്ടുണ്ടു്. ഈ സ്ഥിതിക്കു് ഈ വ്യവസായം ഇൻഡ്യാ ഗവണ്മെന്റ് തട്ടിക്കൊണ്ടുപോകുന്നതിനെ കാലേകൂട്ടി തടഞ്ഞില്ലെങ്കിൽ നമ്മിൽനിന്നും ഇതു കൈവിട്ടുപോകുമെന്നുള്ളതു തീർച്ചയാണു്. ഇന്നു് ഈ വ്യവസായത്തിൽ സ്റ്റേറ്റിനുള്ള അറ്റാ

ദായം ഏതാണ്ട് 63 ലക്ഷം രൂപയാണ്. ഇത്രയും ആദായമല്ല ഈ വ്യവസായത്തിൽനിന്നും ലഭിക്കേണ്ടതു്. നമ്മുടെ മിനറൽ സാൻഡ് നല്ലതുപോലെ സംസ്കരിച്ചു പുറത്തയയ്ക്കുകയാണെങ്കിൽ ഇന്നു കിട്ടുന്ന ആദായത്തിന്റെ എത്രയോ ഇരട്ടി നമുക്കു ലഭിക്കുന്നതാണ്. ഇന്നു നാം പുറരാജ്യങ്ങളിലേയ്ക്കു അയയ്ക്കുന്നതു് മോണസൈറ്റ മാത്രമാണ്. മററുതരത്തിലുള്ള അമൂല്യവസ്തുക്കൾ വേസ്റ്റ് മണലിനകത്തുള്ളതു് വെറുതെ കളയുകയാണ്. സർ, ഈ വ്യവസായം ഇന്നു നടത്തിക്കൊണ്ടിരിക്കുന്നതു മദ്ധ്യവർത്തികൾ മുഖേനയാണ്. ഈ സമ്പ്രദായത്തിൽ വിലയിൽത്തന്നെയും ഭീമമായ നഷ്ടമാണുണ്ടാകുന്നതു്. ഈ മദ്ധ്യവർത്തികളെ ഈ വ്യവസായത്തിൽനിന്നും പുറംതള്ളേണ്ടതാണ്. നമ്മുടെ ആദായത്തിൽനിന്നും ഒരു വലിയ തുക ഈ മദ്ധ്യവർത്തികൾ കൊണ്ടുപോകുകയാണ്. നമ്മുടെ വ്യവസായോല്പാദനങ്ങളെ വിററഴിക്കാൻ ഒരു വേൾഡ് മാർക്കററ കണ്ടുപിടിച്ചു് അപ്പോഴപ്പോഴുള്ള മാർക്കററിന്റെ ട്രെന്റ മനസ്സിലാക്കി വ്യാപാരം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുന്നതായാൽ ഇന്നുള്ള 60 ലക്ഷം രൂപയ്ക്കു പകരം ആണ്ടുതോറും ഒരു കോടിയോ രണ്ടുകോടിയോ രൂപ ആദായമുണ്ടാക്കാൻ നിഷ്പ്രയാസം സാധിക്കുമെന്നു ഞാൻ ഗവണ്മെന്റിനെ ഓർമ്മിപ്പിക്കുന്നു. കേന്ദ്രഗവണ്മെന്റ ഈ വ്യവസായം ഏറെറടുക്കുകയും, അതിന്റെ ഫലമായി നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന 63 ലക്ഷം രൂപ തരാമെന്നു പറഞ്ഞാൽത്തന്നെയും നാം ഈ വ്യവസായം വിട്ടുകൊടുക്കുന്നതുകൊണ്ടു് നമുക്കു ആണ്ടുതോറും ഒരു വലിയ തുകയാണു നഷ്ടപ്പെടുന്നതു് എന്നോർക്കണം. ധനാഗമകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് പല സന്ദർഭങ്ങളിലും മന്ദഭാവങ്ങളാണു കാണിച്ചിട്ടുള്ളതെന്നു കൂടി ഓർക്കേണ്ടതാണ്. ഇതു കേവലം മിനറൽ വ്യവസായത്തെ മാത്രം ബന്ധിക്കുന്ന ഒരു കാര്യമല്ല, സാമ്പത്തികമായി രാജ്യഭരണത്തെയും സാരമായി സ്പർശിക്കുന്ന ഒരു പ്രശ്നമാണിതു്. കേന്ദ്രഗവണ്മെൻറും ഈ ഗവണ്മെൻറും തമ്മിലുള്ള കൂടിയാലോചനകളുടെ ഫലമായി നമ്മുടെ വരുമാനങ്ങൾ ഒന്നിനുപുറകെ ഒന്നായി പൊയ്ക്കൊണ്ടിരിക്കുകയാണ്. അവരവർക്കു അവരവരുടേതായ വ്യവസായങ്ങൾ വേണ്ടതുപോലെ വികസിപ്പിക്കുവാനുള്ള അവസരം കിട്ടുമ്പോൾ അവ കൈവിട്ടുകളയുന്നതു് ബുദ്ധിപൂർവകമല്ല. കേന്ദ്രത്തോടു ന്യായമായി കാര്യങ്ങൾ പറഞ്ഞാൽ അവർ സമ്മതിക്കുമെന്നു ധനകാര്യമന്ത്രി പറയുകയുണ്ടായി. സർ, ഇതു ന്യായമായ ഒരു കാര്യമല്ലേ? ഇതിലേറെ ന്യായമായ ഒരു കാര്യം കേന്ദ്രത്തോടു പറയാനില്ലെന്നാണ് എന്റെ അഭിപ്രായം. സംസ്ഥാനത്തിന്റെ വരവിനങ്ങളിൽ സാരമായ ഭാഗം അവർ തട്ടിക്കൊണ്ടുപോയ സ്ഥിതിക്കു്, അതായതു് നമുക്കു ധനപരമായ അവശതയുള്ള ഈ സന്ദർഭത്തിൽ ഈ വ്യവസായം കേന്ദ്രം തട്ടിയെടുക്കാൻ [illegible] എല്ലാ ശ്രമങ്ങളെയും ധൈര്യപൂർവം ചെറുക്കണമെന്നു് ഞാൻ ഒന്നുകൂടി അനുസ്മരിപ്പിക്കുന്നു. ഈ വ്യവസായം കൈവിടുകയാണെങ്കിൽ, നമ്മുടെ മിനറൽസിനെ സംബന്ധിച്ചിടത്തോളം മാത്രമല്ല, കമ്പനികളിലെ തൊഴിലാളികളെയും, അതുവഴി രാഷ്ട്രത്തിന്റെ ഭാവിയെയും സ്പർശിക്കുന്ന ഗൗരവാവഹമായ ഒരു പ്രശ്നമായിരിക്കും ഇതു്.

സർ, ഈ അവസരത്തിൽ ഒരു കാര്യംകൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അലൂമിനിയത്തെക്കാൾ ഭാരം കുറഞ്ഞതും എളുപ്പത്തിൽ ഹീററ് കൺഡക്റ്റചെയ്യാൻ സാധിക്കുന്നതുമായ ഒരു സാധനം ഇൽമി

[ശ്രീ. കെ. ബാലകൃഷ്ണൻ]

മൈനററിൽനിന്നും കണ്ടുപിടിച്ചിട്ടുണ്ടു്. ടൈററാനിയം മെററൽ എന്ന ഒരു പുതിയതരം ലോഹമാണിതു്. ടൈററാനിയം മെററൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ വേണ്ടി പുതിയതായിട്ടു് ഒരു കമ്പനി സ്ഥാപിച്ചിട്ടുണ്ടെന്നും, ബാംബെയിലൊ, യു. പി. യിലൊ ഫാക്ടറി തുറക്കാൻ പോകുന്നുവെന്നും കേൾക്കുന്നു. ഇൽമിനൈററിൽനിന്നും നിർമ്മിതമാകുന്ന വസ്തുക്കളെ സംബന്ധിച്ചുള്ള ഫാക്ടറികൾ സ്ഥാപിക്കേണ്ടതു് ന്യായമായി പറയുകയാണെങ്കിൽ, ചവറയിലാണു്. എന്നാൽ സംസ്ഥാനത്തു ഫാക്ടറികൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറുതന്നെ വിമുഖതയാണു കാണിക്കുന്നതു്. ഇതു എത്രത്തോളം ശരിയാണെന്നുള്ളതിനു് ഒരു ഉദാഹരണം പറയാം. മുൻപൊരിക്കൽ ഇവിടെ ഒരു ഓയിൽ റിഫൈനറി ഫാക്ടറി സ്ഥാപിക്കാൻവേണ്ടി ഗവണ്മെൻറുമായി സമ്പർക്കം പുലർത്തിയ ഒരു അമേരിക്കനെ എനിക്കു് ഇവിടെവച്ചു കാണുവാനിടയായി. അദ്ദേഹം എന്നോടു പറഞ്ഞതു്, ഇവിടെ ഫാക്ടറി തുറക്കരുതെന്നും, തുറന്നാൽ തൊഴിലാളിശല്യംകൊണ്ടു് ഉടൻതന്നെ അടച്ചുപൂട്ടേണ്ടിവരുമെന്നും ഒരു മന്ത്രി അദ്ദേഹത്തോടു പറഞ്ഞുവെന്നാണു്. സംസ്ഥാനത്തു ഫാക്ടറികൾ വർദ്ധിപ്പിച്ചു് തൊഴിലില്ലായ്മ പരിഹരിക്കാൻ പാടില്ല എന്നുള്ള പഴയ പാരമ്പര്യംതന്നെ തുടർന്നുകൊണ്ടുപോകാതെ, ഞാൻ മുൻപു പറഞ്ഞ ഫാക്ടറി ഇവിടെ കഴിയുന്നതും വേഗം തുറക്കുന്നതിനുവേണ്ട നടപടികൾ എടുക്കുകയും വില്യം ആൻഡു് ഹാപ്കിൻ കമ്പനിയും അതുപോലെ വേറെ കമ്പനിയും തരുവാനുള്ള സംഖ്യ ഈടാക്കുകയും അവർക്കു കൊടുത്തിട്ടുള്ള തുകകളെ സംബന്ധിച്ചു റിട്രോസ്പെക്ററീവു് ഇഫക്ററിൽത്തന്നെ ഒരു സൂക്ഷ്മപരിശോധന നടത്തുകയും ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

Shri P. S. Nataraja Pillai: Sir, the question primarily revolves round the payment made by Government to Messrs. Hopkins and Williams on the claim they made for the revision of the basic cost. It is a fact, their claims were accepted and the details of which too, have been placed before the House by my friend Mr. Balakrishnan. Sir, in letter dated 21-8-1952 Messrs. Hopkins and Williams (Travancore) Ltd., moved this Government for enhancement of basic cost on the ground that the cost of production had increased on account of the implementation of the Arbitration Award under which wage rates, allowances etc., had to be raised. Secondly in January 1953 the Government of India introduced the specification of 10 per cent. monazite content in Ilmenite against the previous specification of 25 per cent. This led to the fall in production and consequent increase in manufacturing costs.

Sir, the terms of agreement between Messrs. Hopkins and Williams and the Travancore Government contained a clause to the effect that from time to time the basic cost will be calculated at stipulated rates which will be accepted by both the parties. If in the calculation of it they disagreed, a provision was made in the agreement to the effect that the whole matter will be referred for arbitration. As far as basic cost is concerned, it is controlled by clause 1 of Article 4 under the Mining agreement and therein the basic cost fixed for 1946 was put at Rs. 12 per ton. In 1947 the basic cost was revised and enhanced from Rs. 12 to

Rs. 14-7 per ton. Then after that, the same Company applied for enhancement of the same in 1952. The Government was bound by the terms of agreement that they had entered into with Messrs. Hopkins and Williams to revise the basic cost when needed and if after consideration they disagreed on the rates arrived at, the matter was bound to be referred to arbitration. Therefore the Government had the claim of Messrs. Hopkins and Williams duly investigated. The accounts of the concern were audited to ascertain how far payments under the arbitration award and the fall in production consequent on the new monazite specification had affected their cost of production. And finally the matter was decided on 21st January 1954 by the Travancore-Cochin Government. Orders increasing the basic cost and revising it at Rs. 18 was passed on that date. That was at the rate of Rs. 18 per ton in respect of the production in the years 1950-51 and 1951-52. The decision was communicated by the Travancore-Cochin Government on 8th February 1954. Messrs. Hopkins and Williams produced 93622 tons of material in 1950-51 and 82412 tons in 1951-52. The enhanced rate was applicable to both these quantities. As I said, the final orders of Government were communicated to the Company only on 8th February 1954. It runs thus:—

"Government had carefully considered the various points adduced by the company in support of their claims as also the report of the auditor of company accounts. While the Government do not see their way to accept the Company's claims in their entirety, Government are satisfied that the cost of production has gone up appreciably in the years 1950-51 and 51-52 and therefore they are pleased to order that the basic charge for producing Ilmenite for the two years under reference are enhanced and fixed as indicated below, having regard to the rise in cost of production rates fixed for similar concerns and other relevant factors."

That was the circumstance which led to the increase of rates and payment was calculated on the quantum of production effected by the concern. The question whether there was any necessity to revise the basic charge in the face of the agreement entered into by the Government in September 1946, I find from records with me that it was inevitable. Clause 1 of Article 4 lays down payment of a fixed sum as per part 1 of the Schedule for each ton for each of the said minerals produced and sold. In addition a sum equal to a proportionate part of the difference between sale price and the basic charge applicable to a particular mineral at the date of sale is also payable. These are again governed under Clause 13 which says thus:—

"All questions of disputes or differences whatsoever which may at any time arise between parties hereto touching this agreement from the subject matter thereof, arising out of or in relation thereto respectively and whether as to the construction or otherwise, shall be referred to a single arbitrator in case the parties can agree upon

[Shri P. S. Natarja Pillai]

> one and otherwise to two arbitrators one to be appointed by each party to the difference or to the umpire in accordance with and subject to the provisions of the Statutes of Travancore."

So the Law Department, when it was consulted on the issue on the face of the materials available with me came to the conclusion that arbitration will not give any substantial good. Further the basic cost that has been arrived at was payable as the same was justified by the accounts of the Company. So it was in that context the amount in question was paid.

In this background I feel there is nothing significant in the fact that this increment was sanctioned 36 days before the previous Ministry left office as already stated. The claim had been pending since 21st August 1952 and the matter came up to the Council of Ministers for decision in the normal course. I may say as a piece of information to the House that proceedings connected with this Company were far anterior to the period referred to. The decision was arrived at months ago before the Ministry vacated. It is not fair in the circumstances to attribute a charge on the ministry. What exactly were the events as regards this matter, I have indicated to the members.

(*c*) If it is a fact what did the Government do in the matter;

(*d*) was there any representation from the manufacturers regarding the restriction ?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*)	Coir Mats.	Coir Mattings & Rugs.	Coir Yarn.
	Cwts.	Cwts.	Cwts.
	2,06,686	2,54,322	11,84,027

(*b*) South America is not a State and there is no Government of South America.

(*c*) & (*d*) In view of answer to (b) above, (c) and (d) do not arise.

Financial aid to Newspapers.

※ 681. [49] **Shri P. V. Avira Tharakan:** Will the Chief Minister be pleased to state:

(*a*) the names of newspapers and weeklies which receive financial aid from Our Government ;

(*b*) the journals which receive foreign help by way of cash, news print or price reduction in the supply of newsprint or any other help ?

Chief Minister (**Shri A. Thanu Pillai**) : (*a*) No newspaper and weekly is given any financial aid from the Government.

(*b*) Government are not aware of any journal receiving foreign help. However enquiries are being conducted.

പുറംപോക്ക ഭൂമിയിലെ കുടി പാർപ്പുകാർ.

※ 682. [51] ശ്രീ. റ്റി. ഓ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയില്ലാത്ത സാധുക്കൾ ദീർഘകാലമായിട്ട് കുടികെട്ടി താമസിക്കുന്ന സർക്കാർവക പുറംപോക്ക ഭൂമികളിൽനിന്നും അവരെ ഇറക്കിവിടുവാൻ ഗവണ്മെന്റ വല്ല കല്പനയും നൽകിയിട്ടുണ്ടോ;

(ബി) കീഴ്മാട് പഞ്ചായത്തിൽ ഇങ്ങനെ പുറംപോക്കിൽ താമസിച്ചിരുന്ന സാധുക്കളെ അന്യായമായി പിഴ ശിക്ഷിച്ചു അതു് ഈടാക്കുന്നതിനും; കുടിയിറക്കുന്നതിനുമുള്ള നടപടികൾ റവന്യൂ ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരിക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അങ്ങനെ പ്രത്യേകം കല്പനയൊന്നും നൽകിയിട്ടില്ല.

(ബി) അനധികൃതമായ പ്രവേശനത്തിനെതിരായി നടപടികൾ എടുക്കുകയുണ്ടായി. എന്നാൽ ആ കൂട്ടത്തിൽ സെറ്റിൽമെന്റ് സ്കീമിലെ വ്യവസ്ഥകൾക്ക വിധേയരായി പതിക്കാൻ തക്കവുള്ള സാധുക്കൾക്ക് 10 സെന്റിൽ കവിയാതെ സ്ഥലം അവിടെത്തന്നെ താമസത്തിനു കൊടുക്കുവാൻ ആലോചിക്കുന്നുണ്ട്.

ട്രെയിനിംഗ് കാല സ്റ്റൈപ്പെന്റ്.

※ 683. [53] ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ:

(എ) 1953–54–ൽ കൊല്ലം ഡിവിഷനിൽനിന്നും എത്ര സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരെ ട്രെയിനിംഗിനു എടുത്തിരുന്നുവെന്നും അതിൽ എത്ര പേർക്ക് സ്റ്റൈപ്പെന്റ് കൊടുത്തുവെന്നും പറയുമോ?

(ബി) 6-6-53–ൽ രാജപ്രമുഖൻ പുറപ്പെടുവിച്ച ഉത്തരവനുസരിച്ചും, 28–10–53–ൽ വിദ്യാഭ്യാസവകുപ്പു സെക്രട്ടറിയിൽനിന്നും എ. റ്റി. എസ്. എ-ക്കു കിട്ടിയ കത്തിലും എല്ലാം അദ്ധ്യാപകന്മാർക്കും സ്റ്റൈപ്പെന്റ കിട്ടാനുള്ള അവകാശമുണ്ടെന്നു പറഞ്ഞിരിക്കെ ഏതാനും അദ്ധ്യാപകരെ ഇതിൽനിന്നും ഒഴിവാക്കാനുള്ള കാരണം എന്താണെന്ന് പറയുമോ;

(സി) സ്റ്റൈപ്പെൻറ കൊടുത്തതു് അദ്ധ്യാപകരുടെ സർവ്വീസു പരിഗണിച്ചാണോ? ആണെങ്കിൽ എത്ര കൊല്ലത്തെ സർവ്വീസുള്ളവർക്കാണു് കൊടുത്തിട്ടുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

ഉത്തരം നൽകുന്നതിനു വേണ്ട വിവരം ശേഖരിച്ചു വരികയാണു്.

നിരോധന നികുതി.

* 684. [55] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തിൽ സംസ്ഥാനത്തിൽ നിന്നൊട്ടാകെ നിരോധന നികുതിയിനത്തിൽ ആകെ എത്ര സംഖ്യ വസൂൽ ചെയ്തിട്ടുണ്ടു്; അതിൽ തലപ്പിള്ളിതാലൂക്കിൽ എത്ര;

(ബി) തലപ്പിള്ളി താലൂക്കിൽനിന്നു് നിരോധന നികുതി ഈടാക്കിയിട്ടുള്ളതിൽ മൂന്നേക്കറും അതിൽ കുറവും കൈവശം വച്ചിട്ടുള്ള എത്ര പേരുണ്ടു്; അതിൽ കൂടുതൽ കൈവശമുള്ള എത്ര പേരുണ്ടു്?

(സി) ഭൂമി കയ്യേറിയിട്ടുള്ളവരിൽ ഇനി എത്ര പേരിൽനിന്നു നിരോധന നികുതി ഈടാക്കാനുണ്ടു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ആകെ രൂ. 42817-8-1 തലപ്പിള്ളി താലൂക്കിൽനിന്നു് രൂ. 2356-10-7.

(ബി) 3 ഏക്കറും അതിൽ കുറവും കൈവശമുള്ളവരിൽ നിരോധനനികുതി കൊടുത്തവർ (തലപ്പിള്ളി താലൂക്കിൽ) 102, 3 ഏക്കറിൽ കൂടുതലുള്ളവർ തലപ്പിള്ളി താലൂക്കിൽ 20.

(സി) ആകെ 10834 പേരുണ്ടു്.

റവന്യൂ പുറംപോക്കു്.

* 685. (56) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ പുറമ്പോക്കിലും മററും കയ്യേറിയിട്ടുള്ളവരിൽ ഇക്കൊല്ലം എത്രപേരെ ഒഴിവാക്കിയിട്ടുണ്ടു്? അതിൽ കുടികിടപ്പുകാരെത്ര; കുടികിടപ്പുകാരെ ഒഴിപ്പിച്ചിട്ടുണ്ടെങ്കിൽ അവർക്കു് സ്വന്തമായി വേറെ എതെങ്കിലും വീടോ സ്ഥലമോ ഉള്ളതായി അന്വേഷിച്ചിട്ടാണോ ഒഴിപ്പിച്ചിട്ടുള്ളതു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

പുറമ്പോക്കുകളും മററും കയ്യേറിയിട്ടുള്ളവരിൽ ഇക്കൊല്ലം 1690 പേരെ ഒഴിപ്പിച്ചിട്ടുണ്ടു്. അവയിൽ പുറമ്പോക്കുകളിൽ ഉള്ള കുടികിടപ്പുകാർ 48 പേരും, ബാക്കിയുള്ള 1642 പേർ വെറും കയ്യേററക്കാരുമാണു്. മററു വീടോ പുരയിടമോ സ്വന്തമായി ഇല്ലാത്ത കുടികിടപ്പുകാരെ ഒഴിവാക്കുമ്പോൾ കഴിവുള്ളിടത്തോളം അവർക്കു് മററു പാർപ്പിടങ്ങൾ കൊടുക്കുന്നുണ്ടു്.

Arecanut Cultivation.

*686. [58] **Shri Thalekkare K. Krishnan:** Will the Minister for Finance be pleased to state :

(*a*) is there any Research Station in the State for the promotion of arecanut cultivation ;

(*b*) What steps have been taken to start an experimental farm for arecanut cultivation in Pazhanji, Thalappalli Taluk ?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) Yes.

(*b*) No steps have been taken.

സർവ്വീസു സംയോജനം.

*687. [61] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പുകളുടെ സംയോജനം പൂർത്തീകരിക്കാനുണ്ടു്;

(ബി) എല്ലാ വകുപ്പുകളുടെയും സംയോജനം മുഴുമിപ്പിക്കാൻ എത്ര കാലതാമസം വരും;

(സി) നിലവിലുള്ള ഗവൺമെന്റു സംയോജനവ്യവസ്ഥകളിൽ മുൻഗവൺമെന്റു തുടർന്നു പോന്ന നയം തന്നെ തുടരുകയാണോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റു്.

(ബി) ഈ മാസം അവസാനിക്കുന്നതിനു മുമ്പു്.

(സി) അതെ.

States Reorganisation Commission.

*688. [64] **Shri R. Ponnappa Nadar** : Will the Chief Minister be pleased to state :

(*a*) did the Government present any official memorandum to the States Reorganisation Commission during their visit tothis State in May 1954 ;

(*b*) did the Chief Minister interview the Commission ;

(*c*) if the answer is in the affirmative was it in his individual capacity or as representing the views of the party in power ;

(*d*) did the Chief Minister plead for the existence of the Travancore-Cochin as it is or plead for Aikya Kerala ?

Chief Minister (**Shri A. Thanu Pillai**) :

(*a*) No written memorandum has been presented by the State Government to the States Reorganisation Commission during their visit to this State in May 1954.

(*b*) Yes.

(*c*) He stressed his own views as well as those of his party and of Government.

(*d*) In the course of the interview with the States Reorganisation Commission, the Chief Minister has however appraised them of the views of Government. Broadly the points stressed are the following :

(1) Travancore-Cochin State reached a high level of development in many directions. The addition of Malabar to this State would create administrative problems which are difficult of solutions and would jeoparadise the existing standard of development in the State. The proposition would also result in heavy financial burden to the State which would upset its present economic equilibrium. If, however, in deference to public opinion, Malabar is to be joined to this State, substantial subsidies from Government of India have to be guaranteed to ensure financial stability and necessary development.

(2) The claim for secession of the Tamil speaking area or any part thereof is not based on facts and would cut at the root of the economy of the State especially on the power and food fronts whether Malabar is to join the State or not.

(3) That the existence of Fort Cochin is an anomaly in the present set up causing serious administrative inconvenience and loss of revenue.

ഖജനാവിലെ ഷ്രോഫർമാരുടെ ജോലി.

*689. [68] ശ്രീ. പി. കെ. അബ്ദുൽ ഖാദർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ഖജനാവുകളിലുള്ള ഷ്രോഫർമാരുടെ ജോലി സമയത്തിന്റെ പരിധി ഏതെങ്കിലും തരത്തിൽ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നിർണ്ണയിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) റിസർവ്വ്ബാങ്ക് ഷ്രോഫർമാരുടെ ജോലിയുടെ പരിധി നിർണ്ണയിച്ചിട്ടുള്ളതായി അറിയാമോ;

(ഡി) 1-9-1952 മുതൽക്കുള്ള പിൽക്കാല പ്രാബല്യത്തോടുകൂടി ഷ്രോഫർമാരുടെ ശമ്പളം അവർക്കുള്ള ജോലികാഠിന്യത്തെ പരിഗണിച്ച് മററുള്ള ക്ലാർക്കന്മാരുടേതിൽനിന്നും ഉയർത്തിക്കൊടുക്കുവാൻ ഗവണ്മെന്റ് ഉടൻ ശ്രദ്ധിക്കുമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) തിരുവിതാംകൂർ ട്രഷറികോഡ് 22-ാം വകുപ്പിൻ പ്രകാരം ട്രഷറി ഇടപാടുകൾക്ക് സമയനിർണ്ണയം ചെയ്തിട്ടുണ്ട്. ഖജനാവുകളിലെ ഷ്രോഫന്മാരുടെ ജോലി സമയത്തിന് മേൽപ്പറഞ്ഞ വകുപ്പിൻ പ്രകാരമല്ലാതെ വേറെ തരത്തിൽ ജോലി സമയം ക്ലിപ്തപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) അറിയാം.

(ഡി) ഇത് ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

Clerks in the Law Department.

※ 690. [68] **Shri Thalekkara K. Krishnan**: Will the Chief Minister be pleased to state:

(*a*) what is the minimum qualification for clerks in the Law Department;

(*b*) is their starting salary in proportion with their minimum qualification;

(*c*) have the Government received any representation from the clerks of the Law Sectiom of the Secretariat demanding better salary in keeping with their qualification and nature of work;

(*d*) have the Government taken any steps on that representation;

(*e*) if not why?

Chief Minister (**Shri A. Thanu Pillai**): (*a*) Graduation in Law.

(*b*) The starting salary is only Rs. 45 as in the Administrative Departments of the Secretariat. It is not in proportion to the minimum qualification prescribed.

(*c*) Yes.

(*d*) It is pending consideration of Government. No final orders have been passed thereon.

(*e*) Does not arise in view of the answer to Part (d).

Fishing near Colachel.

※ 691. [70] **Shri T. T. Daniel**: Will the Chief Minister be pleased to state whether ships from foreign countries come at nights in our territorial waters near Colachel and catch immense quantities of fish with modern implements?

Minister for Fincnce (**Shri P. S. Nataraja Pillai**): Government have no direct information.

പുറമ്പോക്കു കയ്യേറ്റം ഒഴിപ്പിക്കൽ.

※ 692. [72] ശ്രീ. കെ. സി. എബ്രഹാം: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്കു സ്ഥലങ്ങൾ കയ്യേറിയതു് ഒഴിപ്പിക്കുന്നതിനു് ഗവണ്മെന്റ് നടപടി നടത്തുന്നുണ്ടോ;

(ബി) കുടിൽ കെട്ടുവാൻ വേണ്ടി അഞ്ചും പത്തും സെന്റ് പുറമ്പോക്കുസ്ഥലങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ള ദരിദ്രരെ ഒഴിപ്പിക്കാതിരിക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ;

(സി) വലിയ തോതിൽ പുറമ്പോക്കുസ്ഥലങ്ങൾ കയ്യേറിയിട്ടുള്ളവരിൽനിന്നു് അതു പിടിച്ചെടുത്തു് ഇല്ലാത്തവർക്കു് പതിച്ചുകൊടുക്കുവാൻ ഉടനടി നടപടി എടുക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) ശ്രദ്ധിക്കുന്നതാണു്.

(സി) പുതിയ സ്കീമനുസരിച്ച് നടപ്പിൽ വരുന്നതോടുകൂടി ഇതിലേയ്ക്കു വേണ്ടതു ചെയ്യുന്നതാണ്.

കോയമ്പത്തൂർ ഫാറസ്റ്റ് കാളേജ്.

✻ 693. [74] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോയമ്പത്തൂർ ഫാറസ്റ്റ് കാളേജിൽ റെയിഞ്ചേഴ്സ് കോഴ്സിന് തിരുവിതാംകൂർ-കൊച്ചിക്ക് എത്ര സീറ്റ് സംവരണം ചെയ്തിട്ടുണ്ട്;

(ബി) എന്തുയോഗ്യതയെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത കോഴ്സിന് തിരഞ്ഞെടുപ്പു നടത്തുന്നത്;

(സി) മുൻപതിവിന് വിപരീതമായി ഇക്കൊല്ലം പുതുതായി ഏതെങ്കിലും വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിൽ ഉന്നയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 1954-56-ൽ റെയിഞ്ചേഴ്സ് കോഴ്സിന് നാലു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

(ബി) ഇൻറർമീഡിയററ് പരീക്ഷ പാസ്സായവരും അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിൽ അഞ്ചു വർഷം സർവ്വീസുള്ളവരാണെങ്കിൽ സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായവരും കോയമ്പത്തൂർ ഫാറസ്റ്റ് കാളേജുകാർ നടത്തുന്ന പ്രവേശന പരീക്ഷയിൽ പാസ്സായവരും ട്രെയിനിംഗ് ചെലവ് മുഴുവൻ വഹിക്കുവാൻ സന്നദ്ധരായവരിൽ നിന്നും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നാലു പേരെ തിരഞ്ഞെടുത്തു.

(സി) മുൻകൊല്ലങ്ങളിൽ ഗവൺമെൻറ് ചെലവിലാണ് ട്രെയിനിംഗ് നടത്തിയിരുന്നത്. ഇക്കൊല്ലം വിദ്യാർത്ഥികൾതന്നെ ട്രെയിനിംഗ് ചെലവു മുഴുവൻ വഹിക്കണമെന്നാണ് വ്യവസ്ഥ.

(ഡി) ഗവൺമെൻറ് ആ ചെലവു വഹിക്കേണ്ട ആവശ്യമില്ലെന്ന് ഗവൺമെൻറിന് ബോദ്ധ്യമായതിനാൽ.

മത്സ്യം പിടിത്തം.

✻ 694. [76] ശ്രീ. പി. കുന്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലിൽ മത്സ്യം പിടിക്കുന്നതിനു കടലിലെ കമ്പവല ഉപയോഗിക്കുന്നതു നിരോധിക്കണമെന്ന് മത്സ്യവ്യവസായികളുടെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു നടപടി സ്വീകരിച്ചു;

(സി) അതു ദോഷവും നിരോധിക്കേണ്ടതു് ആവശ്യവുമാണെന്ന് ഗവൺമെൻറു കരുതുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സത്വരനടപടികൾ കൈക്കൊള്ളുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) ചെറിയ കമ്പളിൽ കമ്പവല ഉപയോഗിക്കാതിരിക്കാൻ വേണ്ട നടപടി എടുത്തിട്ടുണ്ട്.

(സി) നിശ്ശേഷം നിരോധിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ഡി) ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

വില്പനനികുതി.

※ 695. [76] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം ഒരു ആഹാരപദാർത്ഥമായതുകൊണ്ട് വില്പനനികുതിയിൽനിന്നും ഒഴിവാക്കുന്നതിന് പര്യാലോചിക്കുമോ;

(ബി) മദിരാശി സംസ്ഥാനത്ത് മത്സ്യവ്യവസായത്തെ വില്പനനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) മത്സ്യവ്യവസായത്തെ വില്പനനികുതിയിൽനിന്നും പാടെ ഒഴിവാക്കുവാൻ ഇപ്പോൾ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

(ബി) ഭാഗികമായി ഒഴിവാക്കിയിട്ടുണ്ട്.

കയർ വില്പനനികുതി.

※ 696. [81] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വ്യവസായത്തെ വില്പനനികുതിയിൽനിന്നും ഒഴിവാക്കുന്നതിന് അടിയന്തിരമായ നടപടി എടുക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

പച്ചത്തൊണ്ട്, അഴുകിയതൊണ്ട്, ചകിരി, കയർ ഉൽപ്പന്നങ്ങൾ ഇവയെല്ലാം വില്പനനികുതിയിൽനിന്നും ഇപ്പോൾ താൽക്കാലികമായി ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

വില്പനനികുതി അന്വേഷണക്കമ്മിററി റിപ്പോർട്ട്.

※ 697. [82] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വില്പനനികുതിയെപ്പററി അന്വേഷിക്കുന്നതിന് നിയമിച്ച കമ്മിററി കയർ വ്യവസായത്തെപ്പററ സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ദയവുണ്ടാകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

വില്പനനികുതി അന്വേഷണക്കമ്മററി സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഗവണ്മെന്റ് അവസാനതീരുമാനം എടുക്കാത്ത നിലയ്ക്ക് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നത് പൊതുജനതാല്പര്യങ്ങൾക്ക് അനുകൂലമല്ല.

ചെമ്മീൻകെട്ട് ലൈസൻസ്.

*698. [83] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻകെട്ട് ലൈസൻസിന്റെ കാലാവധി കഴിഞ്ഞ ശേഷവും ചെമ്മീൻകെട്ട് തുടർന്നുപോകുന്ന ലൈസൻസുടമസ്ഥന്മാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(ബി) എടവനക്കാട്ട വില്ലേജിലെ കർഷകത്തൊഴിലാളികൾ കാലാവധി തീർന്നതിനുശേഷം ചെമ്മീൻകെട്ട് തുടർന്നുകൊണ്ടുപോകുന്നതിനെ എതിർത്തപ്പോൾ അവരുടെ പേരിൽ പോലീസ് കേസ്സ് ചാർജ് ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) അറിവില്ല.

സർവീസ് സംയോജനം.

*699. [88] ശ്രീ. പി. എസ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സർവീസ് സംയോജനം ഏതെല്ലാം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പൂർത്തിയാകാനുണ്ട്;

(ബി) സംയോജനം പൂർത്തിയാകാത്തതുകൊണ്ട് സർവീസിലിരിക്കുന്നവരുടെ ഇടയിൽ വളരെ അധികം അസംതൃപ്തി ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റ്.

(ബി) ഇല്ല.

വളം വിതരണം.

*700. [90] ശ്രീ. പി. എസ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഓരോ താലൂക്കിലും വളം വിതരണം നടത്തുന്നത് എന്തെല്ലാം അടിസ്ഥാനത്തിലാണ്;

(ബി) Soil analysis നടത്തി അതിന്റെ ഫലത്തെ അടിസ്ഥാനപ്പെടുത്തി വളംവിതരണം നടത്താറുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഓരോ താലൂക്കിലുമുള്ള നെൽകൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണം മററു കാർഷികാവശ്യങ്ങൾ ഇവയുടെ അടിസ്ഥാനത്തിലാണ്.

(ബി) പൊതുവെ മണ്ണിന്റെ പ്രകൃതവും ഘടനയും അടിസ്ഥാനപ്പെടുത്തി കൃഷിഡിപ്പാർട്ടുമെന്റിൽ നിന്നും സർവ്വേ നടത്തി ചില സ്ഥിതിവിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ മിക്ക ഭാഗങ്ങളിലുമുള്ള മണ്ണിന് ഫോസ്ഫോറിക് ആസിഡിന്റെയും (Phosphoric acid)

നൈട്രജന്റെയും (Nitrogen) കുറവു കാണുന്നുണ്ട്. ഈ കുറവു പരിഹരിക്കുന്നതിന് ആവശ്യമായ വളങ്ങൾ ഡിപ്പാർട്ടുമെന്റ് ശേഖരിച്ച് വിതരണം നടത്തുന്നുണ്ട്.

Employment Exchange.

✻ 701. [91] **Shri M. William:** Will the Chief Minister be pleased to state :

(*a*) the date from which the Government have started recruitment through the Employment Exchange ;

(*b*) the number recruited from each District-war since the employment Exchange started work; and

(*c*) how many Nadars and S. I. U. C. Christians are recruited from Quilon, Kottayam and Trichur Districts during the said period ?

Minister for Finance **(Shri P. S. Nataraja Pillai):** (*a*) On 19-3-1954 orders were issued to fill up short-term vacancies below three months' duration through Employment Exchanges.

(*b*) No district-war Statistics regarding recruitment to State Government service is maintained.

(*c*) No community-war statistics is maintained.

Forest Industries Ltd.

✻ 702. [94] **Shri M. A. Antony:** Will the Minister for Finance be pleased to state :

(*a*) what control have the Government over the Forest Industries Ltd;

(*b*) is it running on a profit;

(*c*) is it binding on the company to plant new trees in the areas from where trees are cut down by the company; and

(*d*) is the company carrying it out as per agreement?

Minister for Finance **(Shri P. S. Nataraja Pillai):** (*a*) Government have nominated two Directors on the Board of Directors of the company. There is also a Committee of Management consisting of three Directors of which two are Government Directors.

(*b*) Although the Balance Sheets for the last few years show some profit, the company cannot be considered as running on profit since the heavy loss incurred in previous years will not be made up by the small profits made so far.

(*c*) No.

(*d*) This question does not arise in view of answer to (*c*) above.

മീൻപിടിക്കുന്ന ആവശ്യത്തിലേയ്ക്കു വാങ്ങിച്ച കപ്പൽ.

✻ 703. [99] **ശ്രീ. ജെ. എ. ടേട്ട്:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

(എ) കൊച്ചി കായലിൽ ചിരകാലമായി കിടക്കുന്ന 'ചന്ദ്രിക' എന്ന പേരുള്ള കപ്പൽ മീൻപിടിക്കുന്ന ആവശ്യത്തിലേയ്ക്കു ഗവണ്മെന്റ് വാങ്ങിച്ചതു് ഏതു തീയതിയിലാണ്;

(ബി) മേൽപ്പറഞ്ഞ കപ്പൽ വാങ്ങിച്ച വകയ്ക്ക് ആകെ എത്ര സംഖ്യ ചെലവായി;

(സി) ആ കപ്പൽ ഇതേവരെ മീൻപിടിക്കുവാൻ ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 1946-ൽ.

(ബി) 32,500 രൂപ.

(സി) ആ ധാരണ ശരിയല്ല. 1949-ലും, 1950-ലും ഈ കപ്പൽ ഉപയോഗിച്ച് മീൻ പിടിച്ചിട്ടുണ്ട്.

Loan for Industrial Undertakings.

*704. [108] **Shri V. V. Sebastian**: Will the Minister for Finance be pleased to state:

(*a*) whether there has been any allotment of any grant or loan for this State by the Central Industrial Financial Corporation or by the Central Government for giving loans to Industrial undertakings?

(*b*) if so, what was the amount allotted and when was it made?

(*c*) has the allotment been availed of by this State; and

(*d*) if not, why has it not been availed of and whether it is still available for the purpose for which it has been made?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) Yes, by the Government of India.

(*b*) Rs. 4 lakhs by the Government of India. Allotment made on 7-6-1954.

(*c*) Yes.

(*d*) Does not arise.

Industrial Financial Corporation.

*705. [109] **Shri V. V. Sebastian**: Will the Minister for Finance be pleased to state:

(a) has the Travancore-Cochin Industrial Financial Corporation begun to function and to grant loans;

(b) how many applications for loans have been received by the above Corporation and from whom; and

(c) to whom were loans granted by the Corporation till now and specify the dates on which loans were granted and purposes thereof?

Minister for Finance (**Shri P. S. Nataraja Pillai**): (a) Yes.

(b) and (c). Total number of applications received 18.

Loans sanctioned—Rs. 13,82,000 to 6 Industrial concerns on 8th May and 21st June 1954 for the following purposes:—

i. Cashew Industry—Financing the processing and manufacture of Cashew—Rs. 3,27,500.

ii. Tile works and Saw Mills—For the betterment of the industry—Rs. 60,000.

iii. Rubber Industry—For clearing liabilities and for proper working of the concern—Rs. 9,50,000.

iv. Oil Mills—For development of the industry and to work it to full capacity—Rs. 4,450.

The names of the concerns cannot be disclosed as they are confidential.

Loans.

※706. [110] **Shri N. Parameswaran Pillai:** Will the Minister for Finance be pleased to state:

(*a*) how many applications for loans from the State Aid to Industries Fund have been received by Government after 1-4-1954 and for what amount;

(*b*) how many have been sanctioned and for what amount;

(*c*) has any loan been granted to any co-operative society; if so and for what amount?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) Thirty-one applications (Twenty two for large scale industries and nine for small scale industries). The list is placed on the table.†

(*b*) No loan has been granted.

(*c*) In view of answer to (*b*) this question does not arise.

വാഴാനി അക്വിസിഷൻ സ്റ്റാഫ്.

※707. [114] ശ്രീ. തലക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്ക് വാഴാനി അക്വിസിഷൻ സ്റ്റാഫിന് 1952-ലെ ഇൻക്രിമെന്റ കുടിശ്ശിക (Increment arrears) വകയായി എത്രമാസത്തെ കുടിശ്ശിക കൊടുക്കുവാനുണ്ട്;

(ബി) 1953-ൽ എത്രമാസത്തെ കുടിശ്ശിക ബാക്കിയുണ്ട്;

(സി) ടി സ്റ്റാഫിന് ബത്ത കുടിശ്ശിക (Batta arrears) 1952-ലും, 1953-ലും എത്ര മാസത്തേയ്ക്ക് കൊടുക്കാനുണ്ട്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഒരു സർവ്വേയർക്കൊഴിച്ച് മറ്റാർക്കും കൊടുക്കാനില്ല.

(ബി) മുൻ പ്രസ്താവിച്ച സർവ്വേയരുടെ പന്ത്രണ്ടുമാസത്തേയും കുടിശ്ശികയുണ്ട്.

(സി) സ്റ്റാഫിന്റെ മേയ് 1953 മുതൽ ഒക്ടോബർ 1953 വരെയുള്ള ബത്ത കുടിശ്ശികയുണ്ട്.

---

†Please see appendix ii.

ക്ഷയരോഗസ്റ്റാമ്പു വില്പന.

✻ 708. [2] **ശ്രീ. പി. ഗോപാലൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷയരോഗ സ്റ്റാമ്പു വില്പനയിൽ എന്തു തുക ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടു്;

(ബി) എന്തു തുക പിരിഞ്ഞുകിട്ടാനുണ്ടു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (**ശ്രീ. പി. കെ. കുഞ്ഞു്**):

(എ) ക്ഷയരോഗസ്റ്റാമ്പുവില്പന നടത്തുന്നതു് തിരുവിതാംകൂർ-കൊച്ചി ക്ഷയരോഗസംഘടനയാണു്. വിററുകിട്ടുന്ന പണം സംഘടനയുടെ മുതലിൽക്കൂട്ടി ഗവണ്മെന്റു ട്രഷറികളിൽ നിക്ഷേപിക്കുകയാണു് ചെയ്തിട്ടുള്ളതു്. ആയതിനാൽ ഈ സംരംഭത്തിൽനിന്നും ഗവണ്മെന്റിനു് ഒരു തുകയും കിട്ടുന്നില്ല.

(ബി) കേന്ദ്രസംഘടനയുടെ നിർദ്ദേശപ്രകാരം ആണ്ടുതോറും അക്ടോബർ രണ്ടാംതീയതി മുതൽ ജനുവരി ഇരുപത്തയാറാംതീയതി വരെയാണു് വില്പന നടത്തുന്നതു്. വില്ക്കാതെ വരുന്ന സ്റ്റാമ്പുകൾ എണ്ണി തിട്ടപ്പെടുത്തി നശിപ്പിച്ചുകളയണമെന്നാണു് കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശം. അതുകൊണ്ടു് കഴിഞ്ഞുപോയ വില്പനകളിൽ എന്തുതുക പിരിഞ്ഞുകിട്ടാനുണ്ടു് എന്ന ചോദ്യത്തിനു് ഇടയില്ല.

Water Cess.

✻ 709. [9] **Shri N. A. Noor Muhammed:** Will the Minister for Works and Transport be pleased to state:

(*a*) the total cost of construction of the Pechippara Dam and the Perunchani Dam and the channels running therefrom;

(*b*) the rate of water cess levied for the lands benefiting from the above Projects;

(*c*) the total acreage on which the water cess is levied; and

(*d*) the total amount of cess collected from the above fields so far ?

Minister for Works and Transport (**Shri A. Achuthan**):

(*a*) The total capital investment is Rs. 1,26,94,500. (*i. e.* Rs. 88,20,773 for Pechippara Dam and Channels and Rs. 38,73,713 for Perunchani Dam and Channels till 5|54.)

(*b*) 1. 12 annas per acre on all ayacut old wet lands.
2. Re. 1 per acre for ayacut wet lands exempted from basic tax *i. e.* Sreepandaravagai lands etc.
3. Rs. 2 per acre for ayacut wet lands imposed with basic tax.
4. Rs. 7 per acre on all registered dry lands converted into wet lands with the help of Kodayar water within the commanded area of the Project.
5. Rs. 3½ per acre on registered dry lands converted into wet and irrigated by water bailed from Kodayar Channels.

(*c*) 56,167 acres 41·346 cents.

(*d*) Rs. 73,01,959-3-7 upto September 1953.

ആയുർവേദഗ്രാന്റ്.

※ 710. [24] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആയുർവേദ വൈദ്യന്മാർക്ക് ഗ്രാന്റ് നൽകുന്ന കാര്യത്തിൽ ഗവണ്മെന്റ് നിശ്ചയിച്ചിരിക്കുന്ന യോഗ്യതയുടെ മാനദണ്ഡം എന്ത്;

(ബി) നിർദ്ദിഷ്ടമായ യോഗ്യതയില്ലാത്തവർക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ആ ഗ്രാന്റ് ഉടനടി പിൻവലിക്കുവാൻ നടപടി എടുക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഗ്രാന്റ് വൈദ്യശാലയിൽ വൈദ്യനായി നിയമിക്കപ്പെടുന്ന ആൾ മെഡിക്കൽ രജിസ്ട്രേഷൻ ആക്ടനുസരിച്ച് സംസ്ഥാന വിഭാഗത്തിൽ 'എ' ക്ലാസ്സ് രജിസ്റ്റർ ചെയ്ത ആളും 'എ' ക്ലാസ്സ് രജിസ്ട്രേഷന് അർഹമായ പരീക്ഷപാസായി രണ്ടു വർഷത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും ആയിരിക്കണം;

(ബി) ഉണ്ട്. വിഷവൈദ്യത്തിൽ പഠിപ്പും പരിചയവും ഉള്ളവർ 'എ' ക്ലാസ്സ് പരീക്ഷായോഗ്യത സമ്പാദിച്ചവരിൽ ഇല്ലാത്തതിനാൽ ആണ് അങ്ങിനെ ഗ്രാന്റ് നൽകിയിട്ടുള്ളത്;

(സി) അത് വിഹിതമായിരിക്കയില്ല?

റോഡ്.

※ 711. [25] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര മൈലുകൾ റോഡിന് ടാർ ഇട്ടിട്ടുണ്ട്;

(ബി) എത്ര മൈലുകൾ റോഡിന് കോൺക്രീറ്റ് ഇട്ടിട്ടുണ്ട്;

(സി) പത്തനംതിട്ട താലൂക്കിൽ എത്ര മൈൽ റോഡിന് ടാർ ഇട്ടിട്ടുണ്ട്;

(ഡി) എത്ര മൈൽ റോഡിന് കോൺക്രീറ്റ് ഇട്ടിട്ടുണ്ട്;

(ഇ) കോഴഞ്ചേരി—കുമ്പഴ, പത്തനംതിട്ട—കൈപ്പട്ടൂർ എന്നീ റോഡുകൾ മുഴുവനും ടാർ ഇടണമെന്നു കാണിച്ച് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(ജി) ഒരു മൈൽ റോഡ് ടാർ ചെയ്യുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനും, മെററൽ ചെയ്യുന്നതിനും എന്തു ചെലവുണ്ടാകും?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 543 മൈൽ.

(ബി) 97 മൈൽ.

(സി) രണ്ടു മൈൽ.

(ഡി) ഒന്നുമില്ല.

(ഇ) ഉണ്ടു്.

(എഫ്) അനന്തര നടപടികളെപ്പററി പര്യാലോചിച്ചുവരുന്നു.

(ജി) കാൺക്രീററ് 1 മൈൽ 12 അ. വീതിക്കു് 60,000 ക.

ടാർ ചെയ്യുന്നതിനു്,

1. ഷെൽക്രീററ് 1 മൈൽ 12' വീതിക്കു് ....36,000 ക.
2. സെമിഗ്രൗട്ടു് 1 മൈൽ 12' വീതിക്കു് ....20,000 ക.
3. പെയിൻറിംഗ് 1 മൈൽ 12' വീതിക്കു് .....16,000 ക

മെററൽ ചെയ്യുന്നതിനു് 1 മൈൽ 12 അ. വീതിക്കു് .... 8000 ക.

പാലം പണി.

※ 712. [26] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ വലിയ പാലങ്ങൾ പണിയുന്നതിനു് വല്ല പദ്ധതിയും ഗവണ്മെൻറിനു ഉണ്ടോ;

(ബി) പദ്ധതി വല്ലതും ഉണ്ടെങ്കിൽ തിരുവിതാംകൂർ-കൊച്ചിയിൽ ആവശ്യമുള്ള വലിയ പാലങ്ങൾ പണിതു തീർക്കുന്നതിനു് എത്ര നാളുകൾ വേണ്ടിവരും;

(സി) പത്തനംതിട്ട താലൂക്കിൽ കൈപ്പട്ടൂർ പാലം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പാലംപണിയുന്ന സ്ഥലത്തിൽ ടോൾ ഏർപ്പെടുത്തി പാലം പണിക്കു് ചെലവായ തുക പിരിച്ചെടുക്കുന്ന സമ്പ്രദായം ഗവണ്മെൻറിനുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എല്ലാ വലിയ പാലങ്ങളും പണിയുന്നതിനു ഗവണ്മെൻറിനു ചെലവാകുന്ന പണം ടോൾ മൂലം പിരിഞ്ഞുകിട്ടുമെന്നുള്ളതുകൊണ്ടു് എല്ലാ പാലങ്ങളും ഉടനെ പണി ആരംഭിച്ചുകൂടയോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയോടുകൂടി തീരുന്നതാണു്.

(സി) ഉണ്ടു്.

(ഡി) ഉണ്ടു്.

(ഇ) എല്ലാ പാലങ്ങളും ഉടനെ പണി ആരംഭിക്കുന്നതിനു് സാമ്പത്തികമായും സാങ്കേതികമായും വലിയ തടസ്സമുണ്ടു്.

ട്രാൻസ്പോർട്ട് ബസ്സുകൾ.

* 713. [33] ശ്രീ. സി. സി. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ഇപ്പോൾ എത്ര ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്നുണ്ട്;

(ബി) 1954–1955 വർഷത്തിൽ പുതിയ റൂട്ടുകളിൽ ഏതെങ്കിലും ഗവണ്മെന്റ് ട്രാൻസ്പോർട്ട് സർവ്വീസിൽ നടത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) പുതിയ ലൈനുകൾ ട്രാൻസ്പോർട്ട് സർവ്വീസു നടത്തുമ്പോൾ തിരുവല്ല—പത്തനംതിട്ട സർവ്വീസുകൂടി മുൻഗണന കൊടുത്ത് എടുക്കുവാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 281 ബസ്സുകൾ.

(ബി) ഉണ്ട്.

(സി) ആലോചിക്കാം.

ട്രാൻസ്പോർട്ട് സർവ്വീസിൽ നിന്നുള്ള ആദായം.

* 714. [34] ശ്രീ. സി. സി. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ട്രാൻസ്പോർട്ട് സർവ്വീസിൽനിന്നും 1952–53-ൽ എത്ര രൂപ ആദായം കിട്ടിയിട്ടുണ്ട്;

(ബി) 1951–52-ൽ പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ച ലാഭമെത്ര;

(സി) 1952–53-ൽ എത്ര പുതിയ ബസ്സുകൾ വരുത്തിയിട്ടുണ്ട്;

(ഡി) ബസ്സുകൾ ഗവണ്മെന്റ് നേരിട്ടു വരുത്തുകയായിരുന്നോ? അതോ വല്ല ഏജൻസി വഴിയായും വരുത്തുകയായിരുന്നോ;

(ഇ) ലാഭത്തിന്റെ എത്ര ശതമാനം തൊഴിലാളികൾക്ക് ബോണസ് കൊടുത്തിട്ടുണ്ട്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 10,07,860 രൂപ.

(ബി) 17,64,430 രൂപ.

(സി) 110.

(ഡി) ബസ്സുകൾ, നേരിട്ട് ഇറക്കുമതി ചെയ്യുന്ന വ്യാപാര കേന്ദ്രങ്ങളിൽ നിന്നും വരുത്തുന്നു.

(ഇ) 1951–52-ലെ ലാഭത്തിന്റെ $7\frac{1}{2}$ ശതമാനം ബോണസായി ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് കൊടുത്തു. പെൻഷൻ പദ്ധതി പരിഗണനയിലിരിക്കുന്നതിന്റെ ഫലമായി 1952-53-ലെ ലാഭത്തിൽനിന്നും ബോണസ്സു നൽകുകയുണ്ടായില്ല.

പുറമ്പോക്ക് ഭൂമി.

* 715. [37] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ—ചങ്ങനാശ്ശേരി റോഡ്സൈഡിലുള്ള പുറമ്പോക്ക് ഭൂമിയില്ലാത്തവർക്ക് വീടു വയ്ക്കുന്നതിന് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതിന് വല്ല പദ്ധതിയുമുണ്ടോ;

(ബി) ടി സ്ഥലത്തിൽ കുറെ ഭാഗം ഇപ്പോൾ ആർക്കെങ്കിലും കുത്തകപ്പാട്ടത്തിന് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുകൊടുത്തു; എന്തു വ്യവസ്ഥയിൽ കൊടുത്തു; കുടികിടപ്പുകാർക്ക് കുടി കിടക്കുന്നതിന് കൊടുക്കാതിരിക്കാൻ കാരണമുണ്ടോ;

(സി) ടി സ്ഥലം കുത്തകപ്പാട്ടത്തിനു ലേലം ചെയ്തതിനെപ്പറ്റി എന്തെങ്കിലും പരാതി പൊതുജനങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റിൽനിന്നും എന്തു നടപടി നടത്തി?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് സൈഡിലുള്ള റോഡിനാവശ്യമില്ലാത്ത പുറമ്പോക്കുസ്ഥലം കാളനൈസേഷൻ പദ്ധതിയനുസരിച്ച് വീടുകൾ കെട്ടുവാൻ ഉപയോഗിക്കുന്നതിന് ആലോചനയുണ്ട്. ആ "കാളനൈസേഷൻ" നയം എന്തായിരിക്കണമെന്ന് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(ബി) ടി സ്ഥലത്തിൽ താമസയോഗ്യമല്ലാതെ വെള്ളക്കെട്ടായി കിടക്കുന്ന 18 ഏക്കർ 69 സെന്റ് സ്ഥലം നാലു ബ്ലാക്കുകളായി തിരിച്ച് കുത്തകപ്പാട്ടം ചട്ടം അനുസരിച്ചുള്ള വ്യവസ്ഥയിൽ 1953 ഏപ്രിൽ മുതൽ 12 വർഷത്തേക്ക് ലേലം ചെയ്ത് നാലുവ്യക്തികൾക്കായി പ്രതിവർഷം 661 രൂപാ പാട്ടമായി കൊടുത്തിട്ടുണ്ട്. താമസിക്കുന്നതിന് യോഗ്യമല്ലാതെ വെള്ളക്കെട്ടായി കിടക്കുന്നതുകൊണ്ടാണ് കുടികിടപ്പുകാർക്ക് കൊടുക്കാത്തത്.

(സി) പരാതി ഒന്നും ലഭിച്ചിട്ടില്ല.

പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റ്.

* 716. [40] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റ് പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി റിപ്പോർട്ടു ചെയ്യുവാൻ നിയുക്തമായിരുന്ന കമ്മിററി അതിന്റെ റിപ്പോർട്ട് ഗവണ്മെന്റിലേക്ക് സമർപ്പിച്ചിട്ട് എത്ര കാലമായി;

(ബി) കമ്മിററിയുടെ ഏതെങ്കിലും ശുപാർശ ഗവണ്മെന്റംഗീകരിച്ചിട്ടുണ്ടോ;

(സി) ആ കമ്മിററിയുടെ പ്രവർത്തനത്തിനുവേണ്ടി എത്ര തുക ചെലവായിട്ടുണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ)

(എ) ഏകദേശം മൂന്നു വർഷമായി.

(ബി) കമ്മിററിയുടെ ശുപാർശകളെ ആസ്പദമാക്കിയാണു് പുനഃസംഘടന ഉത്തരവു് പാസാക്കിയതു്.

(സി) 11979 രൂപ.

സെററിൽമെൻറ പദ്ധതി.

* 717. [42] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെററിൽമെൻറു് പദ്ധതിയനുസരിച്ചു് എത്ര കേന്ദ്രങ്ങളിൽ സെററിൽമെൻറുകൾ രൂപീകരിച്ചു;

(ബി) കിടക്കാനിടമില്ലാത്തവരും വീടുപണിയുന്നതിനു നിവൃത്തിയില്ലാത്തവരും ഈ സ്റ്റേററിൽ എത്രയാണെന്നു ഗവണ്മെൻറിൽനിന്നു കണക്കെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടനടി കണക്കെടുക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) മൂന്നു കേന്ദ്രങ്ങളിൽ.

(ബി) ഉണ്ടു്. 48810 കുടുംബങ്ങൾ ഉണ്ടെന്നു കാണുന്നു.

(സി) ബി-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ഗ്രാമറോഡു വികസനം.

* 718 [43] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമറോഡുകൾ വികസിപ്പിക്കുന്നതിനും, നന്നാക്കുന്നതിനുമായി ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ള രണ്ടു പഞ്ചവത്സരപദ്ധതികൾ പ്രകാരം 1951, 52, 53 ഈ വർഷത്തിൽ എത്ര രൂപ ചെലവായി.

(ബി) ഈ പദ്ധതികളുടെ ലക്ഷ്യമനുസരിച്ചു് കർഷകർ നിർമ്മിച്ചിട്ടുള്ള എത്ര റോഡുകൾ പാലങ്ങളും, കലുങ്കുകളും നിർമ്മിച്ചു് ഗവണ്മെൻറ ഏറെറടുത്തു;

(സി) എത്ര പുതിയ റോഡുകൾ നിർമ്മിച്ചു;

(ഡി) നാട്ടിൻപുറങ്ങളിലെ ഗതാഗതസൗകര്യങ്ങൾ പൊതുവെ അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളതാണോ ഗവണ്മെൻറിന്റെ ലക്ഷ്യം ഇതിലേക്കായി ഒരു പ്രത്യേക ഫണ്ടു് ഏർപ്പെടുത്തിയിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 15,10,850-6-6 രൂപ ചെലവായി.

(ബി) 55 റോഡുകൾ ഗവണ്മെൻറു് ഏറെറടുത്തു.

(സി) 21 റോഡുകൾ നിർമ്മിച്ചു.

(ഡി) അതേ. അതാതു വർഷങ്ങളിൽ പ്രത്യേകമായി വി. ആർ. ഡി. ഫണ്ടു് കൊള്ളിക്കുന്നുണ്ടു്.

ലപ്പറസിസാനിട്ടോറിയം രോഗികളുടെ മെമ്മോറാണ്ഡം.

* 719. [49] ശ്രീ. കട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

നൂറനാട്ട ലപ്പറസിസാനിട്ടോറിയത്തിലെ രോഗികളിൽനിന്നും സർക്കാരിന് ഒരു മെമ്മോറാണ്ഡം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മെമ്മോറാണ്ഡത്തിൽ ആവശ്യപ്പെട്ടിരുന്ന കാര്യത്തിൽ ഏതെല്ലാം ഇതിനകം അനുവദിച്ചുകൊടുത്തു എന്നു പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി: (ശ്രീ. പി. കെ. കുഞ്ഞ്):

മെമ്മോറാണ്ഡം കിട്ടിയിട്ടുണ്ട്. 14 ഔൺസ് അരിവീതം ഓരോ രോഗിക്ക് നൽകിയിരുന്നത് 18 ഔൺസാക്കി കൂട്ടിയിട്ടുണ്ട്. മററാവശ്യങ്ങൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

മട്ടാഞ്ചേരി പട്ടണത്തിലെ റോഡുകൾ.

* 720. [58] ശ്രീ. ജെ. എ. മട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മട്ടാഞ്ചേരി പട്ടണത്തിലെ പ്രധാനപ്പെട്ട നാലുറോഡുകൾ കീലിടാൻ വേണ്ടിയുള്ള പണി അനുവദിച്ചുകൊണ്ടുള്ള ഗവണ്മെന്റുത്തരവ് ഏതു തീയതിയാണ് അയച്ചത്;

(ബി) മേൽ പറഞ്ഞ പണികൾക്കുള്ള ചെലവ് സംഖ്യയിൽ പകുതിവരുന്ന 50,000 രൂപ മട്ടാഞ്ചേരി മുനിസിപ്പാലിറ്റിയിൽനിന്നും ഗവണ്മെന്റ നിർദ്ദേശപ്രകാരം എറണാകുളം പി. ഡബ്ലിയു. ഡി. എക്സിക്യൂട്ടീവ് ഇഞ്ചിനിയർക്ക് അയച്ചതു് എന്നാണ്;

(സി) മേൽ പറഞ്ഞ പണി ഇതുവരെ തുടങ്ങാത്തതിന് വല്ല കാരണവുമുണ്ടോ?

(ഡി) പണിനടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 1954 ഫെബ്രുവരി 13-ാംതീയതി.

(ബി) 1954 മാർച്ചുമാസത്തിൽ.

(സി) ഡിപ്പാർട്ടുമെന്റ ഓഫീസിലേക്കുള്ള പണം ബഡ്ജററിൽ ഇല്ലാത്തതിനാൽ.

(ഡി) എറണാകുളം എക്സിക്യൂട്ടീവ് ഇഞ്ചിനീയർ.

കളരിക്കുറുപ്പ സമുദായം.

* 721. [61] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളരിക്കുറുപ്പുസമുദായത്തെ പിന്നോക്കസമുദായമായി ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭരണഘടന ആർട്ടിക്കിൾ 16–4 പ്രകാരമുള്ള പ്രത്യേകാനുകൂല്യങ്ങൾ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നമ്മുടെ ഗവണ്മെന്റ് നൽകിവരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ആ കാര്യത്തിൽ ഗവണ്മെന്റ് വേണ്ടവിധം ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) പിന്നാക്കസമുദായങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് നിയമാനുസരണമുള്ള ആനുകൂല്യങ്ങൾക്ക് അവർക്ക് അവകാശമുണ്ടു്, അതു നൽകേണ്ടതുമാണു്.

(സി) മേൽ നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

കടലാക്രമണം.

*722 [63] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ നിരോധനത്തിനു് ഗവണ്മെന്റിൽനിന്നു് എന്തു നടപടിയാണെടുക്കുന്നതു്;

(ബി) എവിടെയെല്ലാമാണു് കടലാക്രമണ നിരോധനപ്പണികൾ നടത്തുന്നതു്?

(സി) വൈപ്പിൻ തീരത്തു് കടലാക്രമണ നിരോധനത്തിനു് അടിയന്തിരമായി വല്ല പണികളും നടത്താൻ ഉദ്ദേശമുണ്ടോ,

(ഡി) ഈ വർഷത്തിൽ കടലാക്രമണനിരോധനത്തിനു് അടിയന്തിരമായി വല്ല സംഖ്യയും ചെലവാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര? എവിടെയെല്ലാം?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) താൽക്കാലികമായും ശാശ്വതമായും ഉള്ള നിരോധന നടപടികൾ എടുക്കുന്നുണ്ടു്.

(ബി) താൽക്കാലിക നിരോധനപ്പണികൾ തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ പനത്തുറയിലും കൊല്ലം ഡിസ്ട്രിക്റ്റിൽ പന്മനയിലും തിരുവല്ലത്തും, ശാശ്വത നടപടികൾ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ഇടവനക്കാട്ടു് മാനാശ്ശേരി മുതൽ ചെല്ലാനം വരെയും.

(സി) ഇല്ല.

(ഡി) ഉണ്ടു്. ജോലികൾ പൂർത്തിയാകാത്തതുകൊണ്ടു് കണക്കുകൾ തയ്യാറില്ല.

സർക്കാർവക തോടുകളിൽനിന്നും ചെളിയെടുക്കുന്നതിനു് ലൈസൻസു്.

*723. [69] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർവക തോട്ടങ്ങളിൽനിന്നും ചെളിയെടുക്കുന്നതിന് പ്രത്യേക ലൈസൻസ് ആവശ്യമാണോ;

(ബി) അങ്ങനെ ലൈസൻസില്ലാതെ ചെളിയെടുത്ത തൊഴിലാളികളുടെപേരിൽ കേസെടുത്തിട്ടുണ്ടോ; എത്ര കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) പ്രത്യേകലൈസൻസ് ആവശ്യമില്ല പക്ഷെ അധികൃതരുടെ അനുവാദം അത്യാവശ്യമാണ്.

(ബി) ഉണ്ട്. സമയം ക്ലിപ്തപ്പെടുത്താത്തതുകൊണ്ട് കേസുകളുടെ എണ്ണം ശേഖരിച്ചുകൊണ്ടിരിക്കുന്നു.

പാലം പണികൾ.

❋ 724. [70] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

1948-ൽ കാൺട്രാക്ററ് എടുത്തിട്ടുള്ള പാലം പണികൾ പൂർത്തിയാകാതെ എത്രയെണ്ണം കിടപ്പുണ്ട്;

(ബി) പറവൂർ വടക്കേക്കര എത്ര പാലം കിടപ്പുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) വിവരക്കണക്ക് ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ബി) പറവൂർ—കയ്പ്പള്ളി റോഡ് (ചെറിയപാലം)

Works Committee.

❋725. [71] **Shri K. P. Hormis:** Will the Minister for Works and Transport be pleased to state:

The district war statement of the members nominted to the Central Works Committee?

Minister for Works and Transport **(Shri A. Achuthan)**:

The list is placed on the table.*

ആലപ്പുഴ — ചേർത്തല തോടുവെട്ട്.

❋ 726. [73] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ—ചേർത്തല തോടുവെട്ട് വീണ്ടും എപ്പോൾ തുടങ്ങുമെന്നു പറയാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

ഉടനെ തുടങ്ങും.

* Please see appendix III.

പാലം പണി.

* 727. [74] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ടി. സി. സ്റ്റേറ്റിൽ പഞ്ചവത്സര പദ്ധതിയനുസരിച്ച് എത്ര പാലങ്ങൾ പണിയാൻ ഗവണ്മെന്റ തീരുമാനിച്ചിട്ടുണ്ട്;

(ബി) അവ ഏതു താലൂക്കുകളിൽപ്പെട്ട ഏതു സ്ഥലത്തിൽ എന്നു പറയാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 13.

(ബി) ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്. †

പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള പാലം പണി.

* 728. [77] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ച് ഏതെല്ലാം പാലങ്ങൾ തിരുവിതാംകൂർ-കൊച്ചിയിൽ പണി ആരംഭിച്ചിട്ടുണ്ട്.

(ബി) പൂർത്തിയായവ ഏത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 1. തോണ്ടറപാലം
2. മല്ലപ്പള്ളിപാലം
3. മൂലപ്ലാക്കൽപാലം
4. ഇരരാറപേട്ടപാലം
5. ഇത്തിപ്പുഴപാലം
6. മീരാൻകടവ്
7. ഇട്ടിനായർകടവ്
8. പാലം

(ബി) രണ്ട്. 1. പാലാ
2. മല്ലപ്പള്ളി

ഫയലുകൾ പാസ്സാക്കുന്നതിൽ വരുത്തുന്ന കാലതാമസം.

* 729. [81] ശ്രീ. എം. എ. ആന്റണി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

എറണാകുളം പി. ഡബ്ലിയു. ഡി. എക്സിക്യൂട്ടീവ് ഇൻജിനീയർ ആഫീസിലേയ്ക്ക് അയയ്ക്കുന്ന ഫയലുകളും പരാതികളും പാസ്സാക്കി അയയ്ക്കുന്നതിന് വളരെ അധികം കാലതാമസം വരുന്നുവെന്നുള്ള പൊതുജന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

ഇല്ല.

†Please See appendix IV.

2/2143/V

Transport Vehicles.

✻ 730. [82] **Shri M. A. Antony:** Will the Minister for works and Transport be pleased to state:

(*a*) how many accidents caused by the Transport vehicles in the last financial year;

(*b*) how many accidents were caused by the private transport vehicles in the last financial year; and

(*c*) what action has been taken to prevent these accidents?

Minister for Works and Transport (**Shri A. Achuthan:**) (*a*) 105.

(*b*) 213.

(*c*) (1) Speed traps are set up to check up overspeed and the offenders are prosecuted for violation of speed limt. (2) Station House Officers have been instructed to move about on roads during peak hours and check up overload, overspeed, etc. (3) All bus concerns are given instructions to inform their Drivers to abide by the speed rules in Town and outside town limits. (4) High standard of testing is maintained at the time of issue of certificate of fitness for transport vehicles. (5) In case of private transport vehicles surprise inspections are made enroute and C. F. X. memo issued to vehicles not mechanically sound. (6) Deterrent punitive steps are taken against Drivers for rash and negligent driving, over and above, action under the relevant provisions of the Penal Code. Departmental action is also taken by suspending the driving licence of the concerned Drivers according to the merit of each case.

ട്രാൻസ്പോർട്ട് തൊഴിലാളികളുടെ വേലസ്ഥിരത.

✻ 731. [84] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേററ് ട്രാൻസ്പോർട്ട് വകുപ്പിൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നയമെന്തെന്ന് വിശദമാക്കാൻ കഴിയുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

തിരുവിതാംകൂറിലെ സർവീസ് റെഗുലേഷൻ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ് ജോലിക്കാരെ സ്ഥിരപ്പെടുത്തുന്നത്.

National Highway Scheme.

✻ 732. [85] **Shri M. Bhaskaran Nair:** Will the Minister for Works & Transport be pleased to state:

(*a*) the present position in respect of the National Highway Scheme;

(*b*) has any alignment been adopted;

(*c*) what is the width of the road that is contemplated; and

(*d*) do Government intend consulting the members of the Legislative Assembly in the matter?

Minister for Works and Transport (**Shri A. Achuthan**):

(*a*) It is a Central subject. A provisional scheme under which the liability for maintenance, repairs and development of the roads designated as National Highways is borne by the Central Government is now in operation.

(*b*) Yes.

(*c*) 40 feet formation width with necessary land width in built up areas and 40 feet formation with 80 feet land width in areas not built up.

(*d*) As it is a central subject it is doubtful whether the Legislature can discuss the matter.

വിദ്യുച്ഛക്തി വിതരണം.

* 733. [89] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി വിദ്യുച്ഛക്തി ആവശ്യപ്പെടുന്ന പ്രദേശങ്ങളിൽ അതു നൽകുന്നതിനുള്ള ഗവണ്മെന്റുവ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) വീടുകൾക്ക് കണക്ഷൻ കൊടുക്കുന്നതിനാവശ്യപ്പെട്ടിട്ട്, പോസ്റ്റില്ലാ എന്ന കാരണം പറഞ്ഞ് താമസിപ്പിക്കുന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈക്കം താലൂക്കിലേയ്ക്ക് ആവശ്യമുള്ള വിദ്യുച്ഛക്തി വിതരണത്തിനുള്ള ഉപകരണങ്ങൾ എവിടെനിന്നാണ് സപ്ലൈ ചെയ്യുന്നത്;

(ഡി) ആ കേന്ദ്രത്തിൽ ആവശ്യത്തിനു വിതരണം ചെയ്യുവാൻ പോസ്റ്റില്ലായെന്ന അധികൃതരുടെ മറുപടിയെക്കുറിച്ച് ഗവണ്മെന്റിൽനിന്നും അന്വേഷിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 1. മുതൽമുടക്കിന്റെ പത്തുശതമാനം വരവുണ്ടെങ്കിൽ;

2. മൂലധനത്തിന്റെ $7\frac{1}{2}$ ശതമാനം വച്ചുള്ള വരവു മൂന്നുവർഷത്തേയ്ക്ക് നൽകിക്കൊള്ളാമെന്ന് തല്പരകക്ഷികൾ ഉറപ്പു നൽകുകയാണെങ്കിൽ.

(ബി) ഉണ്ട്. കഴിഞ്ഞ കുറച്ചു കൊല്ലങ്ങളായി ലയിനിന്റെ ആവശ്യത്തിനുള്ള തേക്കുകഴകളുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. എന്നാൽ വനംവകുപ്പിൽനിന്നും വളരെ കുറച്ചു കഴകൾ മാത്രമേ ആവശ്യത്തിനു കിട്ടുന്നുള്ളു. അതിനാൽ ചിലപ്പോൾ ചില ജോലികൾക്ക് അമാന്തം നേരിട്ടേയ്ക്കാം. എന്നാൽ ഇപ്പോൾ അത്തരത്തിലുള്ള പ്രയാസം കുറച്ചു മാറിവരുന്നുണ്ട്. അതിനാൽ ഇനിയുള്ള ജോലികൾക്ക് വലിയ അമാന്തം വരികയില്ലെന്നു പ്രതീക്ഷിക്കുന്നു.

(സി) ആലപ്പുഴ ഡിപ്പാർട്ടുമെന്റൽ സ്റ്റോറിൽനിന്നും.

(ഡി) അന്വേഷിക്കാം.

National Highway Schemes and Village Road Development Schemes.

* 734. [90] **Shri V. V. Sebastian:** Will the Minister for Works and Transport be pleased to state :

(*a*) What is the amount of grant obtained by this Government from the Central Government towards National Highway Schemes and Village Road Development Schemes during 1953-54; and

(*b*) What amounts out of such grants were expended towards each of these Schemes in each taluk ?

Minister for Works and Transport **(Shri A. Achuthan) :**

(*a*) Maintenance etc. of the National Highways are done by the Centre as it is a Central subject. No grant was received for Village Road Development Schemes in 1953-54

(*b*) Does not arise in view of answer to (a).

മരപ്പാലം വീണതുമൂലം അപകടം

* 735. [95] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953 ഏപ്രിൽ 7-ാംനു- പെരിങ്ങൽകുത്ത പ്രോജക്റ്റിൽ മരപ്പാലം വീണതുമൂലം എത്ര ആളുകൾക്ക് പരുക്കപറ്റി;

(ബി) എത്ര അടി താഴത്തേയ്ക്കാണ് വീണത്;

(സി) പരുക്കപറ്റിയവരിൽ സ്ത്രീകൾ എത്ര;

(ഡി) അപകടത്തിനുള്ള കാരണം എന്ത്;

(ഇ) നഷ്ടപരിഹാരം കൊടുത്ത സംഖ്യ എത്ര?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ)

(എ) ഒരാൾക്കുമാത്രം നിസ്സാരമായ ചില പരുക്കുകൾ പററുകയുണ്ടായി.

(ബി) ഉദ്ദേശം 10 അടി താഴത്തേയ്ക്ക്.

(സി) പരുക്കപറ്റിയത് ഒരു സ്ത്രീക്കാണ്.

(ഡി) അണക്കെട്ടിന്റെ ഒരു വശത്തെ മണ്ണിടിഞ്ഞു വീണതിനാലാണ് അപകടം പറ്റിയത്.

(ഇ) അപകടത്തിന്റെ സ്വഭാവം നഷ്ടപരിഹാരം കൊടുക്കാനാവശ്യമായ വ്യവസ്ഥകളുടെ പരിധിയിൽ പെടാത്തതിനാൽ, നഷ്ടപരിഹാരം കൊടുത്തില്ല.

Starred questions posted for answer on 14-7-1954.

കുടിൽവ്യവസായങ്ങൾ.

* 736. [1] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിൽവ്യവസായകേന്ദ്രങ്ങൾ എവിടെയെല്ലാം പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) ഗവണ്മെന്റിൽ നിന്നു് അവക്കു് വല്ല ധനസഹായവും നൽകുന്നുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള)

(എ) കുടിൽവ്യവസായപ്രവർത്തനം നടത്തുന്ന കേന്ദ്രങ്ങളുടെ ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) ഈ കേന്ദ്രങ്ങൾക്കു് 1953-54-ൽ 29,000 രൂപ ഗ്രാന്റായി കൊടുത്തിട്ടുണ്ടു്. ഇക്കൊല്ലവും ഈ കേന്ദ്രങ്ങൾക്കു് ഗ്രാന്റു് കൊടുക്കാനായി 14,000 രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടു്.

Fishermen.

※ 737. [2] **Shri K. Sattanatha Karayalar**: Will the Minister for Finance be pleased to state:

(*a*) Whether it is a fact that trawlers with modern equipments for fishing belonging to Ceylon Government pay regular visits to our coast depriving our fishermen of our due share; and

(*b*) If so, what steps our Government intend to take to help our fishermen?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) Government have no direct information.

(*b*) Does not arise.

Travancore Bank.

※ 738. [4] **Shri K. Sattanatha Karayalar**: Will the Minister for Finance be pleased to state:

(*a*) The amount deposited in the Travancore Bank by this Government;

(*b*) How much of this is in the current deposit and how much is in the fixed deposit;

(*c*) When was this deposited; and what is the rate of interest;

(*d*) In what other Banks Government have deposited money; and

(*e*) The amount, rate of interest and date of deposit.

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) Rs. 160 lakhs.

(*b*) Rs. 80 lakhs in the current account and Rs. 80 lakhs in the Fixed Deposit Account.

(*c*) Deposited in 1949; Current Account at 1 per cent. per annum and Fixed Deposit at 2 per cent. per annum.

(*d*) In the Indo Mercantile Bank, Ltd., and in the Travancore Credit Bank.

(*e*) (i) Rs. 25 lakhs at 4 per cent. per annum in the Indo Mercantile Bank, Ltd.; Deposited in 1953.

(ii) Rs. 11 lakhs at 4 per cent. per annum in the Travancore Credit Bank; Deposited in 1953.

※ Please see Appendix V.

Unemployment.

✻ 739. [7] **Shri N. A. Noor Muhammad**: Will the Chief Minister be pleased to state:

(*a*) Whether a survey has been taken to study the prevailing unemployment in the State; and

(*b*) The steps taken so far by Government to combat unemployment?

Chief Minister **(Shri A. Thanu Pillai):**

(*a*) A survey has been conducted in this State under the auspices of the Planning Commission, with the co-operation of this Government.

(*b*) Government will consider this matter after the report of Dr. U. S. Nair, Professor of Statistics, who is in charge of the survey has been received.

Industrial Loans.

✻ 740. [8] **Shri N. A. Noor Muhammad**: Will the Minister for Finance be pleased to state:

(*a*) The total amount alloted for giving loans to Industries during the period 1952-53 and 1953-54.

(*b*) The total amount of loans granted during the said periods; and

(*c*) The names of the concerns and the amount of loans granted to each such concern during the said periods?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*)	Amount provided in the budget for 1952-53	Rs. 11,00,000
	Amount provided in the budget for 1953-54	Rs. 1,47,320
(*b*)	Amount granted as loan during 1952-53	Rs. 7,26,913
	Amount granted as loan during 1953-54	Rs. 1,47,320

During 1952-53.

(c)	1.	M/s. Alagappa Textiles Ltd., Cochin	Rs. 6,00,000
	2.	M/s. West Coast Fisheries (Travancore) Ltd.	Rs. 1,26,913

During 1953-54.

1.	Enamels and Industries Ltd., Trichur	Rs, 47,500
2.	Cochin Mahalakshmi Cotton Mills Ltd.	Rs. 99,820

മോട്ടോർ ഇൻഷ്വറൻസ്

✻ 741. [12] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(a) മോട്ടോർ വാഹനങ്ങളെല്ലാം നിർബന്ധമായും ഇൻഷ്വർ ചെയ്യണമെന്ന വ്യവസ്ഥയുണ്ടോ;

(ബി) ഈ തുക എന്തിനുവേണ്ടി വിനിയോഗിക്കുവാനാണ് വ്യവസ്ഥ;

(സി) കാറുകളിലെ ജോലിക്കാർക്കോ യാത്രക്കാർക്കോ അപകടം ഉണ്ടായാൽ നഷ്ടപരിഹാരത്തിനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഈ ഇൻഷ്വർ ചെയ്യുന്ന തുകയെങ്കിൽ അങ്ങനെ ഇതുവരെ കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള)

(എ) ഉണ്ടു്.

(ബി) ഇൻഷ്വർചെയ്ത മോട്ടോർകാർ ഉടമസ്ഥന്മാർ കാറപകടം നിമിത്തം അന്യന്മാർക്ക് നിയമപ്രകാരം കൊടുക്കേണ്ടുന്ന നഷ്ടപരിഹാരം കൊടുക്കാനുള്ള ബാദ്ധ്യത ഡിപ്പാർട്ടുമെൻറിലേയ്ക്കു് ഏടുക്കുന്നതിനു് ഈ തുക വിനിയോഗിക്കുവാനാണ് വ്യവസ്ഥ.

(സി) ഉണ്ടു്. എന്നാൽ കാറുടമസ്ഥന്മാർക്കു നിയമപ്രകാരം നഷ്ടപരിഹാരം കൊടുക്കേണ്ട ബാദ്ധ്യത ഇല്ലാത്ത അവസരങ്ങളിൽ ഡിപ്പാർട്ടുമെൻറിനും യാതൊരു ബാദ്ധ്യതയും ഇല്ലാത്തതിനാൽ ആ പരിതഃസ്ഥിതിയിൽ കൊടുക്കുകയില്ല.

(ഡി) ഉത്ഭവിക്കുന്നില്ല.

ഫാർമസ്യൂട്ടിക്കൽ കമ്പനികൾ.

✻ 742. [13] ശ്രീ. പി. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊല്ലത്തു് നാഷണൽ ഫാർമസ്യൂട്ടിക്കൽ ലിമിററഡ് എന്ന കമ്പനിക്കു് സൗജന്യനിരക്കിൽ ചാരായം നൽകിയ വകയിൽ ഗവൺമെൻറിനു് എന്തെങ്കിലും തുക ഈടാകാനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുകയാണ് ഗവൺമെൻറിനു് ലഭിക്കുവാനുള്ളതു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

മരുന്നുകൾ ഉണ്ടാക്കുന്ന വകയ്ക്കു് റെക്ടിഫൈഡ് സ്പിരിറ്റ് സൌജന്യനിരക്കനുസരിച്ചുള്ള ഡ്യൂട്ടിക്കു കമ്പനിക്കു സപ്ലൈ ചെയ്തിട്ടുണ്ടു്. ആ വകയിൽ യാതൊരു തുകയും ഗവൺമെൻറിനു് കമ്പനിയിൽ നിന്നും ഈടാകുവാനില്ല.

(ബി) (എ)-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ട്രാവൻകൂർ ബാങ്കു്.

✻ 743. [186] ശ്രീ. പി. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ട്രാവൻകൂർ ബാങ്കു് ലിമിററഡിൽ ഗവൺമെൻറിനു് എത്ര ശതമാനം ഷെയറുകളുണ്ടു്;

(ബി) ആ ബാങ്കിൻെറ മാനേജ്മെൻറിൽ ഗവൺമെൻറിനു് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ;

(സ്) ഇതുവരെ പ്രസ്തുത ബാങ്ക് ഷെയർ ഉടമസ്ഥന്മാക്ക് എന്തെങ്കിലും ഡിവിഡൻറ നൽകിയിട്ടുണ്ടോ ;

(ഡി) ബാങ്കിൻെറ ജനറൽ മാനേജർക്കും ഡെപ്യൂട്ടി മാനേജർക്കും എന്തു ശമ്പളവും അലവൻസുകളും നൽകുന്നുണ്ട് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 32·77 ശതമാനം

(ബി) ഒരു ഓഹരിക്കാരൻ എന്ന നിലയിലുള്ള നിയന്ത്രണം ഉണ്ട്. കൂടാതെ ഗവണ്മെൻറിന് ഒരു ഡയറക്ടരെ നിയമിക്കാനും അധികാരം ഉണ്ട്.

(സി) ഇദംപ്രഥമമായി $2\frac{1}{2}$ ശതമാനം ഡിവിൻഡ് മാർച്ച് 1954-ൽ പ്രഖ്യാപിച്ചു.

(ഡ) ജനറൽ മാനേജർക്ക് ശമ്പളവും അലവൻസും ഉൾപ്പെടെ പ്രതിമാസം രൂപ 2,225. ഡെപ്യൂട്ടിമാനേജർ എന്ന ഒരു ഉദ്യോഗം ഇല്ല.

Moniam Tax.

*744. [18] **Shri T. S. Ramaswami**: Will the Minister for Finance be pleased to state :

(*a*) The recommendations of the Moniam Tax Enquiry Committee ;

(*b*) The steps taken to abolish Moniam tax ; and

(*c*) The reasons for the delay ?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) Government do not consider it proper to publish the recommendations of the Committee.

(*b*) and (*c*) It is proposed to abolish Moniamkaram due in respect of Sreepandaravagai lands and assess these lands to Basic Tax. A Bill for the purpose is under preparation.

മദ്യനിരോധനം.

*745. [287] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953, 54 എന്നീ വർഷങ്ങളിൽ മദ്യനിരോധന മേഖലകളിൽ നിരോധനം ലംഘിച്ചതിന് എത്ര കേസുകൾ ചാർജ്ജുചെയ്തു ;

(ബി) മദ്യനിരോധനം നിറുത്തലാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 1953 ജനവരി മാസം മുതൽ ഡിസംബർ വരെ 1278 കേസുകൾ ചാർജ്ജ്ചെയ്തിട്ടുണ്ട്. 1954 ജനവരിമുതൽ മേയ്‌വരെ 760 കേസുകളും ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

ഹൈക്കോടതിയുടെ ഒരു ബഞ്ച്.

* 746. [25] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയുടെ ഒരു ബഞ്ച് എറണാകുളത്തുനിന്നും തിരുവനന്തപുരത്തു സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ;

(സി) തിരുവനന്തപുരത്തു സ്ഥാപിച്ചിരിക്കുന്ന ബഞ്ചിന്റെ അധികാരാതൃത്തിയിൽ ഏതെല്ലാം ഡിസ്ട്രിക്ടുകോടതികൾ ഉൾപ്പെടും;

(ഡി) കൊല്ലം, മാവേലിക്കര എന്നീ ഡിസ്ട്രിക്ട് കോടതികളുടെ അതൃത്തികൾ കൂടി തിരുവനന്തപുരത്തു സ്ഥാപിച്ചിരിക്കുന്ന ബഞ്ചിന്റെ Jurisdiction-ൽ ഉൾപ്പെടുത്തുവാൻ ഗവണ്മെന്റ് നടപടി നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) 14-6-1954-മുതൽ.

(സി) നാഗർകോവിലും തിരുവനന്തപുരവും.

(ഡി) ഇപ്പോൾ അതിനെപ്പററി യാതൊന്നും തീരുമാനിച്ചിട്ടില്ല.

വില്ലേജ് അസിസ്റ്റന്റന്മാർ.

* 747. [26] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-ൽ ഗവണ്മെന്റ നിയമിച്ച ഏകദേശം നാനൂറോളം വില്ലേജ് അസിസ്റ്റന്റന്മാർ ഏതാനും വർഷത്തെ സർവ്വീസിനുശേഷം ജോലിയില്ലാതെ ഇപ്പോൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ സർവ്വീസിൽ ഇരുന്നവർക്ക് ജോലി കൊടുക്കാതെ പുതുതായി ആളുകളെ ഗവണ്മെന്റ് സർവ്വീസിൽ പ്രവേശിപ്പിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 1946-ൽ നിയമിച്ച ഏതാനും വില്ലേജ് അസിസ്റ്റന്റന്മാരെ പിന്നീട് പിരിച്ചുവിട്ടിട്ടുണ്ട്. പിരിച്ചുവിട്ടവരിൽ ഏതാനുംപേരെ വീണ്ടും നിയമിക്കപ്പെട്ടിട്ടുമുണ്ട്.

(ബി) പുതുതായി ആളുകളെ നിയമിച്ചിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശം അനുസരിച്ചാണ് അങ്ങനെ നിയമിച്ചിട്ടുള്ളതു്.

ട്രാവലേഴ്സ് ബ്യൂറോ.

* 748. [27] ശ്രീ. കെ. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറുവക ഹോസ്റ്റലുകളും ടി. ബി. കളും ഏറെറടുത്തു നടത്തിവരുന്നതിലും കൊച്ചി ട്രാവലേഴ്സ് ബ്യൂറോ കെട്ടിടം വാടകയിനത്തിലും മററുമായി ഗവണ്മെൻറിലേക്ക് ഏതെങ്കിലും തുക കുടിശ്ശികയിനത്തിൽ നൽകുവാനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഈ തുക ഈടാക്കുവാൻ ഗവണ്മെൻറ് ഇതിനകം ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) കമ്പനിവക കണക്കുകൾ തിട്ടപ്പെടുത്തി തീർന്നിട്ടില്ലാത്തതിനാൽ സൂക്ഷ്മമായ തുക പറയുന്നതിനു ഇപ്പോൾ സാദ്ധ്യമല്ല.

(സി) റവന്യൂറിക്കവറി ആക്ട് അനുസരിച്ചുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

States Reorganisation Commission.

*749. [29] **Shri A. Kunjan Nadar**: Will the Chief Minister be pleased to state:

(*a*) whether the Government or the Chief Minister submitted any memorandum to the States Reorganisation Commission who visited the State in May 1954;

(*b*) if so will the Government make it available to the members of the Legislature;

(*c*) what are proposals placed before the Commission by the Government or the Chief Minister?

Chief Minister—(**Shri A. Thanu Pillai**): (*a*) No written memorandum has been submitted to the States Reorganisation Commission either by the State Government or the Chief Minister.

(*b*) Does not arise.

(*c*) In the course of the interview with the States Reorganisation Commission, the Chief Minister has however apprised them of the views of Government. Broadly the points stressed are the following:

1. Travancore-Cochin State reached a high level of Development in many directions. The addition of Malabar to this State would create administrative problems which are difficult of solution and would jeopardise the existing standard of development in the State. The proposition would also result in heavy financial burden to the State which would upset its present economic equilibrium. If however in deference to public opinion Malabar is to be joined to this State, substantial subsidies from Government of India have to be guaranteed to ensure financial stability and necessary development.

2. The claim for secession of the Tamil Speaking area or any part thereof is not based on facts and would cut at the root

of the economy of the State especially on the power and food fronts whether Malabar is to join the State or not.

3. That the existence of Fort Cochin is an anomaly in the present set up causing serious administrative inconvenience and loss of Revenue.

റെയിൽവേയ്ക്കു സ്ഥലമെടുപ്പും കുടികിടപ്പുകാരും.

*750. [32] ശ്രീ പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊല്ലം–എറണാകുളം റെയിൽവേയ്ക്കു സ്ഥലമെടുക്കുന്നതുമൂലം താമസസ്ഥലം നഷ്ടപ്പെട്ട കുടികിടപ്പുകാർക്ക താമസ സൗകര്യത്തിനു പുറംപോക്ക സ്ഥലങ്ങൾ അനുവദിക്കണമെന്ന് ഗവണ്മെൻറിനു അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സത്വര നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ?

(സി) കുടിയിറക്കപ്പെട്ട അങ്ങനെയുള്ള ഏതെങ്കിലും ആളുകൾക്ക് പുറംപോക്ക സ്ഥലങ്ങൾ അനുവദിക്കുകയുണ്ടായോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. അങ്ങനെയുള്ള കുടികിടപ്പുകാർക്ക് വീടുവയ്ക്കുവാൻ ആവശ്യമായ വാസസ്ഥലത്തിനു സാധിക്കുന്നത്ര അടുത്തുതന്നെ പുറംപോക്ക ഭൂമികൾ കഴിയുന്നതും കൊടുക്കേണ്ടതാണെന്ന് ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇല്ല. ആവശ്യക്കാർ എത്രയുണ്ടെന്നും അവർക്ക കൊടുക്കുവാൻ പററിയ സ്ഥലങ്ങൾ എവിടെയൊക്കെയുണ്ടെന്നുമുള്ള വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ട്രാവൻകൂർ ഇലക്ട്രിക്കൽ–കെമിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ്.

*751. [37] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിങ്ങവനത്തു പ്രവർത്തനം നടത്തുന്ന ട്രാവൻകൂർ ഇലക്ട്രിക്ക് കെമിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ് എന്ന കമ്പനിയിൽ സംസ്ഥാന ഗവണ്മെൻറിനു എന്തു മൂലധനം മുടക്കുണ്ട്;

(ബി) ടി കമ്പനിക്ക് മൊത്തം പിരിഞ്ഞു കിട്ടിയ മൂലധനം എത്ര

(സി) കമ്പനി പ്രവർത്തനം ആരംഭിച്ചിട്ട് എത്ര വർഷമായി;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിൽനിന്നും ഗവണ്മെൻറിലേയ്ക്കു് എന്താദായം കിട്ടുന്നുണ്ട്; ആദായമില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ പി. എസ്. നടരാജപിള്ള):

(എ) രണ്ടുലക്ഷം രൂപ വിലയുള്ള ഷെയർ എടുത്തിട്ടുണ്ട്.

(ബി) 8,28,800 രൂപ.

(സി) 9 കൊല്ലം.

(ഡി) ആദായം ഒന്നും കിട്ടിയിട്ടില്ല; കമ്പനി ശരിയായി പ്രവർത്തനം തുടങ്ങാത്തതുകൊണ്ട്.

നാഷണൽ എക്സ്റ്റൻഷൻ സർവീസ് ബ്ലോക്ക്.

❋ 752. [40] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ഇക്കൊല്ലം എത്ര നാഷണൽ എക്സ്റ്റൻഷൻ സർവീസ് ബ്ലോക്കുകൾ രൂപീകരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു;

(ബി) അത് ഏതെല്ലാം സ്ഥലങ്ങളിലാണ്;

മുഖ്യമന്ത്രി (ശ്രീ എ. താണുപിള്ള):

(എ) 12.

(ബി) സ്ഥലം നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല.

ആഡിററ് ഒബ്ജക്ഷൻസ്

❋ 753. [41] ശ്രീ പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര രൂപയുടെ ആഡിററ് ഒബ്ജക്ഷൻസ് നിലവിലുണ്ട്;

(ബി) ആഡിററ് ഒബ്ജക്ഷൻസിന് മറുപടി കൊടുക്കുവാൻ എന്തെങ്കിലും സത്വര നടപടികൾ ഗവണ്മെൻറ സ്വീകരിച്ചിട്ടുണ്ടോ;

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 1954 ഏപ്രിൽ അവസാനംവരെയുള്ള കണക്കിൻപ്രകാരം ആകെ 31,07,01,106 രൂപയുടെ ഒബ്ജക്ഷൻസ് നിലവിലുണ്ട്.

(ബി) ഉണ്ട്.

ഫാറസ്ററ് ഡിവിഷനുകളിൽ ടിംബർ റിട്ടേൺസ്.

❋ 754. [42] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാറസ്റ്റ് ഡിവിഷനുകളിൽ ടിംബർ റിട്ടേൺസ് സൂക്ഷിക്കാതിരുന്നതുമൂലം തടികൾ നഷ്ടപ്പെട്ടിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിംബർ റിട്ടേൺസ് സൂക്ഷിക്കുവാൻ ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള)

(എ) ഇല്ല.

(ബി) ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ ടിംബർ റിട്ടേൺസ് സൂക്ഷിച്ചുവരുന്നുണ്ട്.

കുത്തകപ്പാട്ടം.

*755. [43] ശ്രീ. പ്രാക്കുളം ഭാസി: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പൻകോവിൽ, വണ്ടൻമേട് എന്നീ സ്ഥലങ്ങളിൽ 500-ൽ പരം ഏക്കർ സ്ഥലം പല കള്ളപ്പേരുകളിൽ കുത്തകപ്പാട്ടത്തിന് ചില വ്യക്തികൾ അന്യായമായി കൈവശം വച്ചുകൊണ്ടിരിക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിനായിരത്തിൽപരം രൂപ വിലവരുന്ന ഒരു കെട്ടിടം ഒരു കെ. സി. കുര്യൻ ഇതുപോലെ കൈവശം വച്ചിട്ടുള്ള സ്ഥലത്തു് വച്ചിട്ടുള്ളതായി ഗവണ്മെന്റ് അറിഞ്ഞിട്ടുണ്ടോ;

(സി) ഈ കയ്യേറ്റങ്ങളെ തടയുന്നതിനും നടത്തിയവരെ ഇറക്കിവിടുന്നതിനും ഫലപ്രദമായ നടപടികൾ നടത്താൻ ഇന്നത്തെ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

( ) ഇല്ല.

(ബി) 5,000 രൂപ വിലവരുന്ന ഒരു കെട്ടിടം ശ്രീ. കെ. സി. കുര്യൻ അയ്യപ്പൻ കോവിലിൽ തീർത്തിട്ടുണ്ട്. അന്യായമായി പ്രവേശിച്ച സ്ഥലത്താണെന്നു് അറിവില്ല.

(സി) അനധികൃതമായ പ്രവേശനങ്ങളെപ്പറ്റി അന്വേഷിച്ചു് വേണ്ടതു ചെയ്യുന്നതാണു്.

Buildings handed over to Central Government.

*756. [44] **Shri Prakulam Bhasi:** Will the Chief Minister be pleased to state:

(*a*) whether the buildings, building sites and equipments handed over to the Central Government in connection with the accession on integration of Anchal, Telephone, Broadcasting and Military have been given on lease or outright sale;

(*b*) is the Government receiving any amount in that behalf as rent; if so how much;

(*c*) have this Government made any representations to Central Government in the matter and if so what is the result?

Minister for Works and Transport.—(**Shri A. Atchuthan**):

(*a*) With the taking over of the Federal Departments by the Government of India the buildings wholly in use by the Departments became the property of the Central Government.

(*b*) Does not arise in view of answer to (a)

(*c*) Does not arise in view of answer to (a).

Coconut Committee.

*757. [46] **Shri P. V. Avira Tharakan:** Will the Minister for Finance be pleased to state:

(*a*) the names of representatives of the Travancore-Cochin Government and the names of the representatives of the coconut growers in the Coconut Committee in 1954-55.

(*b*) the names of members representing the coconut growers in 1953-54.

(*c*) the names recommended by the Government in 1953-54 as growers.

Minister for Finance—(**Shri P. S. Nataraja Pillai**):

(*a*) The representatives of the T. C. Government on the committee are:—

(1) Shri V. V. Joseph, I. A. S., Secretary to Government,
(2) Shri C. Thomas, I. A. S., Director of Agriculture and
(3) Shri P. Gopalan Nair, Registrar of Co-operative Societies.

The representatives of the coconut growers of the Travancore-Cochin State are:—

(1) Shri K. P. Amrithanatha Iyer, Moncompu.
(2) Shri Thariyathu Kunji Thomman, Elanjikal, Kottayam and
(3) Shri B. M. Peter, Cochin.

(*b*) (1) Shri N. Krishna Iyer, Kottayam.
(2) Shri Mankuzhi M. Madhavan, Kadakkavoor. and
(3) Shri B. M. Peter, Cochin.

(*c*) (1) Shri K. P. Amrithanatha Iyer.
(2) Shri Thariyathu Kunji Thomman, and
(3) Shri B. M. Peter.

ഐക്യകേരളം.

* 758. [53] ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മേയ്മാസത്തിൽ ഇവിടെ വന്നുചേർന്ന സംസ്ഥാന പുനർവിഭജനകമ്മീഷനെ ഗവണ്മെൻറ് ഐക്യകേരള രൂപീകരണത്തിൻെറ ആവശ്യകതയെ സംബന്ധിച്ചു് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

സംസ്ഥാന പുനഃസംഘടന കമ്മീഷനു് സംസ്ഥാനഗവണ്മെൻറ് രേഖാമൂലമുള്ള യാതൊരു മെമ്മോറാണ്ഡവും സമർപ്പിച്ചിട്ടില്ല.

സംസ്ഥാനപുനഃസംഘടനാകമ്മീഷനുമായി നടത്തിയ അഭിമുഖ സംഭാഷണത്തിനിടയ്ക്കു മുഖ്യമന്ത്രി ഗവണ്മെൻറിൻെറ അഭിപ്രായങ്ങൾ അവരെ അറിയിച്ചിട്ടുണ്ടു്. ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ വിപുലമായും താഴെ കാണുന്നവയാണു്.

(1) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം വിവിധ പ്രകാരേണ ഉയർന്ന തോതിൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. ഈ സംസ്ഥാനത്തോടു്

മലബാർ സംയോജിപ്പിച്ചാൽ അതു ഭരണപരവും ധനപരവുമായ വൈഷമ്യമുള്ള പ്രശ്നങ്ങൾക്കിടയാകും. മലബാർ ഈ സംസ്ഥാനത്തോട് യോജിപ്പിക്കുകയാണെങ്കിൽ ഇൻഡ്യാഗവണ്മെൻറ് വേണ്ടുവോളം ധനസഹായം നൽകണം.

(2) തമിഴ് സംസാരിക്കുന്ന പ്രദേശമോ അതിലേതെങ്കിലും ഭാഗമോ നീക്കികിട്ടുന്നതിനുള്ള അവകാശവാദം വസ്തുതകൾക്കെതിരാണ്. അതു് ഈ സ്റ്റേറ്റിൻെറ ഭക്ഷ്യനില, വിദ്യുച്ഛക്തി ഉല്പാദനം മുതലായവയെ ദോഷകരമാംവിധം ബാധിക്കും.

(3) ഇപ്പോഴത്തെപ്പോലെ ഫോർട്ടുകൊച്ചി ഈ സ്റ്റേറ്റിൽ ചേർക്കാതിരിക്കുന്നതു് ഒരു ക്രമക്കേടാണ്. അതു് ഭരണപരമായ അസൌകര്യത്തിനും ക്രമീകൃതി നഷ്ടത്തിനും സാരമായി ഇടയാക്കുന്നു.

റോഡുപുറമ്പോക്കിലെ കുടിപാർപ്പ്.

* 759. [55] ശ്രീ. കെ. റ്റി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. കെ. റോഡിൻെറ പുറമ്പോക്കിൽ വളരെ അധികം ആളുകൾ അടുത്തകാലത്തു് അനധികൃതമായി പ്രവേശിച്ചു് കുടിപാർത്തു വരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചു് എന്തെങ്കിലും നടപടി ഗവണ്മെൻറ് നടത്തിയിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

എക്സൈസ് ചെക്കിംഗ് സ്റ്റേഷൻ.

* 760. [56] കെ. റ്റി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധന മേഖലയൊഴികെ ഈ സംസ്ഥാനത്തിനകത്തു് എത്ര എക്സൈസ് ചെക്കിംഗ് സ്റ്റേഷൻ ഉണ്ടു്;

(ബി) കെ. കെ. റോഡിൽ മുറിഞ്ഞപുഴ എന്ന സ്ഥലത്തു് എക്സൈസ് ചെക്കിംഗ് സ്റ്റേഷൻെറ ആവശ്യമെന്തു്;

(സി) 1952-53 ഈ കൊല്ലങ്ങളിൽ ഈ ചെക്കിംഗ് സ്റ്റേഷനിൽ എത്ര കേസുകൾ കണ്ടുപിടിച്ചു് ചാർജ്ജു ചെയ്തിട്ടുണ്ടു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 68

(ബി) പീരുമേട് മുതലായ ശൈത്യപ്രദേശങ്ങളിൽ മദ്യത്തിൻെറ വിലക്കൂടുതലാകയാൽ മററു പ്രദേശങ്ങളിൽനിന്നും ധാരാളം കുറഞ്ഞതരം മദ്യം കടത്തിക്കൊണ്ടുവന്നു കൂടിയ വിലക്ക് തോട്ടം തൊഴി

ലാളികളുടെ ഇടയിൽ വീറവന്നു. കൂടാതെ സ്റ്റേറ്റിന് വെളിയിലേക്കും ഈ പ്രദേശത്തുനിന്നുള്ള മലമ്പാതകൾ വഴി മദ്യം കടത്തിവിട്ടു വന്നു. ഇതിനെ തടയുന്നതിനായിട്ടും തേയിലതോട്ടങ്ങളിൽനിന്നും തേയില വ്യാജമായികടത്തിക്കൊണ്ടുപോകുന്നതിനെ നിരോധിക്കുന്നതിനായിട്ടുമാണ് മറിഞ്ഞപഴയിൽ എക്സൈസ് ചെക്കിംഗ് സ്റ്റേഷൻ ഏർപ്പെടുത്തിയതു്.

(സി) 4.

ഫാറസ്റ്റ് ചെക്കിംഗ് സ്റ്റേഷൻ.

* 761. [57] ശ്രീ. കെ. ററി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ് വകയായി ഈ സംസ്ഥാനത്തിനകത്തു് എത്ര ചെക്കിംഗ് സ്റ്റേഷനുകളുണ്ട്;

(ബി) കെ. കെ. റോഡിൽ പുല്ലുപ്പാറ എന്ന സ്ഥലത്തുള്ള ഫാറസ്റ്റ് ചെക്കിംഗ് സ്റ്റേഷൻെറ ആവശ്യമെന്തു്;

(സി) 1952-53 ഈ കൊല്ലങ്ങളിൽ ഈ സ്റ്റേഷനിൽനിന്നും എത്ര കേസുകൾ കണ്ടുപിടിച്ചു് ചാർജ്ജു ചെയ്തിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അൻപത്തിഒൻപതു്.

(ബി) ഈ സ്ഥലത്തു് ചെക്കിംഗ് സ്റ്റേഷൻ ഉള്ളതിനാൽ വനവിഭവങ്ങൾ പുറത്തുകൊണ്ടുപോകുന്നതു് പരിശോധിക്കുന്നതിനും അനധികൃതമായി കൊണ്ടുപോകുന്നതു് തടയുന്നതിനും സാധിക്കുന്നു. കൂടാതെ തേക്കടി വന്യമൃഗ സംരക്ഷണകേന്ദ്രം പീരുമേട് ഗെയിം ഏരിയ മുതലായ സ്ഥലങ്ങളിൽനിന്നും വന്യമൃഗങ്ങളെ വേട്ടയാടി പുറത്തുകൊണ്ടുപോകുന്നതിനെ തടയാനുംകൂടിയാണ് പുല്ലുപ്പാറ ഈ സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്നതു്. വനംകൃഷിക്കായി അനവധി ആളുകൾ ഗതാഗതം ചെയ്യുന്ന കെ. കെ. റോഡിൽ വനവിഭാഗത്തിന സമീപമുള്ള ഈ സ്റ്റേഷൻ ഡിപ്പാർട്ടുമെൻറിന് വളരെ ഉപയോഗപ്രദമാകുന്നു.

(സി) 1952-ൽ ഒരു കേസും 1953-ൽ രണ്ടുകേസുകളും എടുത്തിട്ടുണ്ട്.

റിസർവ്വ് വനഭൂമി.

* 762. [58] ശ്രീ. കെ ററി. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൻമേട്, മണിമല, റാന്നി ഈ റേഞ്ചുകളിൽനിന്നും 1953-54, ഈ വർഷങ്ങളിൽ കൃഷിക്കായി റിസർവ്വ്വനം ആർക്കെങ്കിലും അനുവദിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം, എത്ര ഏക്കർ വീതം;

(സി) ഇപ്രകാരം ഇൗ റേഞ്ചുകളിൽ അനേകം ഏക്കർ റിസർവ്വ് വനം അനധികൃതമായി കൈവശപ്പെടുത്തുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഉണ്ട്.

(ബി) 1953-ൽ മണിമലറേഞ്ചിൽനിന്നും വ്യക്തികൾക്ക് 24 ഏക്കർ സ്ഥലവും കാളനികൾക്ക് 110 ഏക്കർ സ്ഥലവും അനുവദിച്ചിട്ടുണ്ട്.

വ്യക്തികൾ—1. പപ്പുകൊച്ചുമ്മിണി. 1 ഏക്കർ.

2. എൻ. എസ്സ്. കൊച്ചുകുഞ്ഞു്. 23 ഏക്കർ.

കാളനികൾക്ക് സ്ഥലം അനുവദിച്ചുകൊടുക്കുന്നതു് കാളനൈസേഷൻ രജിസ്ട്രാരെ അധികാരപ്പെടുത്തിയാണ്.

1953, 54 എന്നീവർഷങ്ങളിൽ റാന്നിറേഞ്ചിൽനിന്നും കൃഷിക്കായി 280 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. സ്ഥലം അനുവദിച്ചുകിട്ടിട്ടുള്ളവരുടെ പേരുവിവരം താഴെ കാണുംപ്രകാരമാണ്.

1. ശ്രീ. വേലായുധൻ രാമകൃഷ്ണൻ മുതൽപേരായി 175 പേർക്ക് 175 ഏക്കർ (പിന്നോക്കസമുദായാംഗങ്ങൾ)

2. ശ്രീ. പി. കെ. കുമാരൻ മുതൽപേർ. 40 പേർക്ക് 40 ഏക്കർ (സാംബവർസമുദായം).

3. ശ്രീ. പി. ഐ. വറുഗീസ്, അങ്ങാടിക്കര, തിരുവല്ല. 5 ഏക്കർ (രാഷ്ട്രീയയാതനക്കാരൻ)

4. ശ്രീ. കുമാരൻ അയ്യപ്പനും മററുമായി 24 പേർക്ക് 48 ഏക്കർ (കുറവർസമുദായം).

5. ശ്രീ. എ. കെ. നാരായണൻനായർ (landless person) 2 ഏക്കർ വള്ളിക്കോട്.

6. ശ്രീ. കെ. എസ്. രാമൻ മുതൽപേർ, വാടശ്ശേരിക്കര. 10 ഏക്കർ (പിന്നോക്കസമുദായാംഗങ്ങൾ) 1953-ൽ വണ്ടൻമേട് റേഞ്ചിൽനിന്നും 1954-ൽ വണ്ടൻമേട്, മണിമല എന്നീ റേഞ്ചുകളിൽനിന്നും സ്ഥലം കൊടുത്തിട്ടില്ല.

(സി) ഉണ്ട്. പ്രവേശനക്കാരുടെ പേരിൽ നിയമാനുസരണം നടപടിയും എടുത്തുവരുന്നുണ്ട്.

മദ്യനിരോധനക്കേസുകൾ.

* 763. [61] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവും എത്ര മദ്യനിരോധനക്കേസുകൾ ചാർജ്ജു ചെയ്തിട്ടുണ്ട് ; എന്നു വെവ്വേറെ കാണിക്കാമോ ; ഇൗ കേസുകൾ ശിക്ഷിച്ചവകയിൽ കഴിഞ്ഞകൊല്ലവും ഇക്കൊല്ലവും എത്ര രൂപ വീതം സർക്കാരിലേയ്ക്കു് വരുമാനം ഉണ്ടായിട്ടുണ്ട് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

1953-ൽ 1277 കേസുകളും 1954-ജൂൺ അവസാനംവരെ 734 കേസുകളും ചാർജ്ജു ചെയ്തിട്ടുണ്ട്. പിഴ ഈടാക്കിയവകയിൽ 1953-ൽ 41,740 രൂപയും 1954-ൽ 19502 രൂപയും സർക്കാരിലേയ്ക്കു വരവുണ്ടായിട്ടുണ്ട്.

Medical Board.

✱764. [62] **Shri M. P. Menon**: Will the Minister for Local Self Government, be pleased to state:

(*a*) whether requests have been made by B Class Ayurvedic Medical Practitioners to include a representative of theirs in the Medical Board constituted under the Medical Practitioners Act; and

(*b*) do Government favour amending the Act for the above purpose?

Minister for Local Self Government (**Shri P. K. Kunju**):

(*a*) Yes.

(*b*) No.

Cashewnut Cultivation.

✱765. [63] **Shri Thalekkare K. Krishnan**: Will the Minister for Finance be pleased to state: what steps the Government intend taking for the promotion of cashewnut cultivation in the State?

Minister for Finance (**Shri P. S. Nataraja Pillai**): Under the Scheme for Research on Cashewnut (Regional Station) a research station has been started at Kottarakara for doing research work and to find out the best agricultural practices and manures to improve the yield of nuts. The object of the scheme is the improvement of cashewnut cultivation particularly with the view of increasing the yield of the plantations.

Another scheme for the reclamation of sandy soils of Ambalapuzha and Shertalai taluks and for the cultivation of drought resistant trees like Cashewnut, Casuarina etc., is under consideration of Government. The scheme is for a period of 5 years.

സെയിൽസ്ടാക്സ്.

✱766. [68] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1952–53, 53–54 സാമ്പത്തികവർഷത്തിൽ സെയിൽസ് ടാക്സ് ഇനത്തിൽ എന്തു തുക ഗവണ്മെൻറിലേയ്ക്കു പിരിഞ്ഞുകിട്ടി;

(ബി) പ്രസ്തുതവർഷത്തിൽ സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്മാർക്കു വേണ്ടിയുള്ള സർക്കാർ ചെലവ് എന്തു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) 1952-53—2,24,44,983 ക.
1953-54—2,35,94,331 ക. 8 ണ. 9 സ.

(ബി) 1952-53—4.25 ലക്ഷം ഉറുപ്പിക.
1953-54—4.65 ലക്ഷം ഉറുപ്പിക.

പണി ആരംഭിക്കേണ്ട പാലങ്ങളുടെ ലിസ്റ്റ്.

※ 767. [69] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവത്സരപദ്ധതി അനുസരിച്ച് പണി ആരംഭിക്കേണ്ട പാലങ്ങളുടെ ലിസ്റ്റിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതു സന്ദേശമുണ്ടോ ;

(സി) ഭേദഗതി ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഡി) ഇപ്രകാരം ഭേദഗതി വരുത്തുന്നതിനുള്ള കാരണമെന്തു് ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ) :

(എ) ഉണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു് *

(ഡി) ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് കം കനാൽ പഞ്ചവത്സര പദ്ധതിയിലെ മേജർ ഇറിഗേഷൻ സ്കീമിൽ ഉൾപ്പെടുത്തിയതോടുകൂടി കേന്ദ്രം അനുവദിച്ചിട്ടുള്ള തുകയിൽ കവിയാതിരിക്കുന്നതിനുവേണ്ടി 6 പാലങ്ങളുടെ പണി രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിലേയ്ക്കു് മാററി വയ്ക്കേണ്ടിവന്നു.

പുറമ്പോക്ക് പതിച്ചുകൊടുക്കൽ.

※ 768. [79] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായിക്കിടക്കുന്ന പുറമ്പോക്കുസ്ഥലങ്ങൾ കിടപ്പാടമില്ലാത്ത സാധുക്കൾക്കു പതിച്ചു കൊടുക്കുമോ ;

(ബി) നെയ്യാറ്റിൻകരയിൽ ധാരാളം ആളുകൾ വീടുവയ്ക്കുവാൻ സ്ഥലമില്ലാതെ വിഷമിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഏളംകുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ വില്ലേജുകളിൽ പതിച്ചുകൊടുക്കാവുന്ന പുറമ്പോക്കുസ്ഥലങ്ങൾ ഉണ്ടോ ;

(ഡി) ഈ പുറമ്പോക്കുസ്ഥലങ്ങൾ പത്തുസെൻറിൽ കവിയാതെ വീടു വയ്ക്കുവാൻ പതിച്ചു കൊടുക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായം നിറുത്തിവച്ചിരിക്കുകയാണു്. ഭവനരഹിതരായ സാധുക്കൾക്ക് കൊടുക്കാവുന്നിടത്തോളം പുറമ്പോക്കു സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു കൊടുത്തുവരുന്നുണ്ടു്.

* See Appendix VI.

(ബി) അങ്ങനെ ചില വിഷമതകൾ ഉള്ളതായി അറിയാം. എന്നാൽ അവിടെ കാളക്രൈസസ്ഷൻ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) നിവൃത്തിയുള്ളിടത്തോളം ഇങ്ങനെ കൊടുത്തുവരുന്നുണ്ട്.

മുനിസിപ്പൽ കമ്മീഷണരുടെ നിയമനം.

※ 769. [87] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് സർവീസ്കമ്മീഷൻ മുനിസിപ്പൽകമ്മീഷണർമാരായി നിയമിക്കുന്നതിനു് ഉപദേശിച്ച ആരെയെങ്കിലും ഗവണ്മെൻറ് നിയമിക്കാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ഒഴിവില്ലാതിരുന്നതുകൊണ്ട്.

കൈത്തറിനെയ്ത്തുകാരുടെ സെസ്സ്.

※ 770. [89] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്സ്. പി. ഗവണ്മെൻറ് അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്യപ്പെട്ട നെയ്ത്തുസഹകരണസംഘങ്ങളെത്ര;

(ബി) ഏതേതു താലൂക്കുകളിൽ;

(സി) രജിസ്റ്റർചെയ്ത ഈ സംഘങ്ങൾക്ക് സെസ്സ് അനുവദിക്കാൻ കാലതാമസം നേരിടുന്നുണ്ടോ;

(ഡി) കാലതാമസം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നു പറയാൻ ദയവുണ്ടാകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 1-7-54 വരെ 66.

(ബി)

അഗസ്തീശ്വരം	3
വിളവങ്കോട്	3
നെയ്യാറ്റിൻകര	26
തിരുവനന്തപുരം	1
നെടുമങ്ങാട്	1
ചിറയിൻകീഴ്	5
കൊല്ലം	11
കൊട്ടാരക്കര	3
കരുനാഗപ്പള്ളി	1
കാർത്തികപ്പള്ളി	1
പറവൂർ	1
തിരുവല്ലം	3

മീനച്ചിൽ	1
തൃശ്ശൂർ	4
ചാവക്കാട്	1
കണയന്നൂർ	1

(സി) സെസ്സ് എന്നു പറയുന്നതു് ഒരു നികുതിയാണു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വിൽപനനികുതിയും കാർഷികാദായനികുതിയും.

* 771. [92] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1952-53, 1953-54 ഈ വർഷങ്ങളിൽ വില്പനനികുതി, കാർഷികാദായനികുതി ഈ ഇനത്തിൽ ഗവണ്മെന്റ ലേയ്ക്കു് എന്തു വരവുണ്ടായിരുന്നു;

(ബി) തൊടുപുഴ താലൂക്കിൽനിന്നും ഈ ഇനങ്ങളിൽ കിട്ടിയ തുക എത്ര;

(സി) ഈ സംസ്ഥാനത്തു് ഈ ഇനങ്ങളിൽനിന്നും ഏതു താലൂക്കിൽ നിന്നാണു് കൂടുതൽ നികുതി ലഭിക്കുന്നതു്;

(ഡി) എത്രയാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) വില്പനനികുതിയനത്തിൽ വരവു്—

1952-53—2,24,44,983 ക.

1953-54—2,35,94,331 ക.

കാർഷികാദായനികുതിയിനത്തിൽ വരവു്—

1952-53—96,38, 681 ക.

1953-54—90,18,495 ക.

-(ബി) വില്പനനികുതിയിനത്തിൽ വരവു് —

1952-53 — ക. 2,26,567-9-4.

1953-54—ക. 2,10,019-5-6.

കാർഷികാദായനികുതിയിനത്തിൽ വരവു്—

1952-53—ക. 1,45, 486.

1953-54—ക. 42,977.

(സി) വില്പനനികുതി കൊച്ചിൻ-കണയന്നൂർ താലൂക്കിൽനിന്നും കാർഷികാദായനികുതി ദേവികുളം താലൂക്കിൽനിന്നും.

(ഡി) വിൽപനനികുതി—

1953-54—75,96,230 ക.

കാർഷികാദായനികുതി —

1953-54—24,20,166 ക.

വനപ്രദേശം.

❋ 772. [96] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം, പീരുമേട്, നെയ്യാററിൻകര, നെടുമങ്ങാട് മുതലായ താലൂക്കുകളിൽ അനധികൃതമായി വനങ്ങളിൽ പ്രവേശിച്ച് ആദിമനിവാസികളെ ഒഴിപ്പിച്ച് വനപ്രദേശങ്ങൾ കൈവശപ്പെടുത്തി വരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനെ തടയാൻ ഗവണ്മെൻറ് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

മദ്യനിരോധനനിയമലംഘനം.

❋ 773. [101] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ മദ്യനിരോധനനിയമം ലംഘിച്ചതിന് എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) മുൻമാസങ്ങളെ അപേക്ഷിച്ച് കേസുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള:

(എ) 1954 ഏപ്രിലിൽ 157-ം മേയ് മാസത്തിൽ 197-ം കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ഇല്ല.

കൈത്തറി നെയ്ത്തുസംഘങ്ങൾ.

❋ 774. [102] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെസ്സ്ഫണ്ട് പദ്ധതിയനുസരിച്ച് എത്ര കൈത്തറി നെയ്ത്തു സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആകെ കിട്ടിയ അപേക്ഷ എത്ര; എല്ലാം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കാരണമെന്ത്;

(ബി) സെസ്സ്ഫണ്ടിൽനിന്നുമുള്ള ധനസഹായം എത്ര നെയ്ത്തുകാർക്ക് കൊടുത്തിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 76 എണ്ണം. 1-7-1954 വരെ 110 അപേക്ഷകൾ കിട്ടി. ബാക്കി നടപടിയിലും ഔദ്യോഗിക അന്വേഷണത്തിലും ഇരിക്കുന്നു. അതിൽ രണ്ടെണ്ണം തള്ളപ്പെട്ടിട്ടുണ്ട്

(ബി) 147 പേർക്ക്.

ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പറേഷൻ

※ 775. [106] ശ്രീ. ജോസഫ് മുണ്ടശ്ശേരി: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പറേഷനിൽനിന്ന് വ്യവസായങ്ങൾക്ക് കടം കൊടുക്കുന്നതിനുള്ള പരിഗണനകൾ ഏതെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

നിബന്ധനകൾ ഉൾക്കൊള്ളുന്ന നിയമാവലി മേശപ്പുറത്ത് വച്ചിരിക്കുന്നു *.

Cottage Industries Board.

※ 776. [107] **Dr. P. T. Thomas:** Will the Minister for Finance be pleased to state whether the Government would set up a Cottage Industries Board for Kottayam District with the District Collector as Chairman for issue of Industrial Loan in deserving cases?

Minister for Finance **(Shri P. S. Nataraja Pillai):**

No.

വളം ഏജൻസികൾ

※ 777. [112] ശ്രീ. സി. കെ. രാമചന്ദ്രൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ വിഭാഗത്തിൽ എത്ര വളം ഏജൻസികൾ ഉണ്ട്;

(ബി) ഇതിൽ സഹകരണസംഘങ്ങൾ എത്ര, വ്യക്തികളെത്ര;

(സി) സഹകരണസംഘങ്ങൾ വളം ഏജൻസിക്ക് അപേക്ഷിച്ചിട്ട് കൊടുക്കാതെ വ്യക്തികൾക്ക് അതേ സ്ഥലത്ത് ഏജൻസി കൊടുത്തിട്ടുണ്ടോ; കാരണമെന്ത്;

(ഡി) വ്യക്തികളുടെ ഏജൻസിയുള്ള സ്ഥലത്ത്, സംഘങ്ങൾ ഏജൻസിക്ക് അപേക്ഷിച്ചാൽ അനുവദിച്ചുകൊടുക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 412.

(ബി) 301, ഡിപ്പോകൾ സഹകരണ സംഘങ്ങളും 73 എണ്ണം വ്യക്തികളും 38 എണ്ണം വില്ലേജ് യൂണിയനുകളും നടത്തുന്നുണ്ട്.

(സി) സഹകരണസംഘങ്ങളും, വ്യക്തികളും ഒരേ സമയത്ത് ഒരു സ്ഥലത്തേയ്ക്ക് വളം ഏജൻസിക്ക് അപേക്ഷിച്ചിട്ടുള്ള സന്ദർഭങ്ങളിൽ, സംഘങ്ങളുടെ അപേക്ഷയെ അവഗണിച്ച് വ്യക്തികൾക്ക് ഏജൻസി കൊടുത്തിട്ടില്ല.

---

*Please See Appendix VII

(ഡി) വ്യക്തികൾക്ക് ഒരിക്കൽ അനുവദിച്ചുകഴിഞ്ഞിട്ടുള്ള ഡിപ്പോകൾ തൃപ്തികരമാംവണ്ണം നടത്തിക്കൊണ്ടു പോകുന്നിടത്തോളം കാലം അവ നിറുത്തൽചെയ്തിട്ട് സഹകരണ സംഘങ്ങൾക്ക കൊടുക്കുന്നതു് ശരിയല്ല.

വളത്തിന് കമ്മീഷൻ.

✱ 778. [113] ശ്രീ. സി. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സമയവും വളം സർക്കാർ വളം ഡിപ്പോയിൽ നിന്നും എടുക്കുന്ന സമയത്ത് അപ്പോഴപ്പോൾ ഉള്ള കമ്മീഷൻ വകവച്ചു കൊടുക്കുന്നതിന് എന്തു പ്രതിബന്ധമാണുള്ളതു്;

(ബി) സഹകരണസംഘങ്ങൾക്കെങ്കിലും അപ്പോഴപ്പോൾ കമ്മീഷൻ വകവച്ചുകൊടുത്തു് സഹകരണപ്രസ്ഥാനത്തെ സഹായിക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) വളം വിൽപ്പന സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും (മിരട്ടുസമ്പ്രദായങ്ങളും) കമ്മീഷൻ മുൻകൂട്ടി വകവച്ചുകൊടുക്കുന്നതിന് അനുകൂലമല്ല.

(ബി) കമ്മീഷൻ മുൻകൂറായി കൊടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

Cochin Land Mortgage Bank.

✱ 779. [114] **Shri M. A. Antony**: Will the Minister for Finance be pleased to state whether the Government intend to take steps to include the Kunnathunad and Parur taluks in the jurisdiction of the Cochin Land Mortgage Bank at Trichur?

Minister for Local Self Government (**Shri P. K. Kunju**): There is no proposal now.

Smuggling of Tobacco products.

✱ 780. [117] **Shri K. P. Hormis**: Will the Minister for Excise be pleased to state:

(*a*) whether the Government are aware that there is smuggling of tobacco products into the State from Madras Province; and

(*b*) if answer to (*a*) is in the affirmative, what action is proposed to be taken by the Government?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) No.

(*b*) Does not arise in view of the answer to part (*a*).

Registration under the General Sales Tax Act.

✱ 781. [121] **Shri V. V. Sebastian**: Will the Minister for Finance be pleased to state how many registered dealers have not renewed their registration under the General Sales-tax Act in the years 1953-54 and 1954-55?

Minister for Finance (**Shri P. S. Nataraja Pillai**) : 7719 in 1953-54 and 15,102 in 1954-55.

Appeals under Sales Tax Act and Income Tax Act.

*782. [122] **Shri V. V. Sebastian** : Will the Minister for Finance be pleased to state :

(*a*) what is the number of appeals under (*i*) the Sales Tax Act and (ii) the Agricultural Income-tax Act pending before the various appellate authorities in the State at the beginning of the financial year 1953-54 ;

(*b*) the number of appeals filed during the year ; and

(*c*) the number of appeals disposed of during the year ?

Minister for Finance (**Shri P. S. Nataraja Pillai,**)

(*a*)	(i) Under the Sales-tax Act	..	1,967
	(ii) Under the Agricultural Income-tax Act	..	843
(*b*)	Under the Sales--tax Act	..	3,925
	Under the Agricultural Income-tax Act	..	1,140
(*c*)	Under the Sales-tax Act	..	3,570
	Under the Agricultural Income-tax Act	..	595

Milk Powder.

*783. [124] **Shri N. Parameswaran Pillai** : Will the Minister for Finance be pleased to state :

(*a*) what is the quantity of milk powder imported by the State annually during the last five years ; what fraction from outside India and what fraction from inside ;

(*b*) what is the amount sanctioned as loan and grant to milk co-operatives during the year 1953-54 ; what steps do the Government propose to take to increase milk production and distribution through Co-operatives ?

Minister for Local Self Government (**Shri P. K. Kunju**) :

(*a*) 1950—2,09,797 lbs.
1951—1,15,500 „
1952— 4,950 „
1953—3,52,050 „
1954— Nil.

The whole supply of milk powder was from outside India and was free of cost being from the U. N. I. C. E. F. and the Red Cross Society.

(*b*) In the year 1953-54 no loan was given by the Government for Milk Co-operatives. But grants of Rs. 3500 to four Milk Supply Co-operative Unions and of Rs. 3950 to 21 Primary Milk Co-operative Societies were given.

A scheme is being worked out for Dairy Development on a Co-operative basis.

ഇറിഗേഷൻ പദ്ധതികൾ.

* 784. [126] ശ്രീ. കെ. എം. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ് മന്ത്രി സദയം മറുപടി പറയുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് രണ്ടാം പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന മേജർ ഇറിഗേഷൻ പദ്ധതികൾ ഏവ;

(ബി) അതിൽ പെരിയാർ നദീതടപദ്ധതി (ഭൂതത്താൻകെട്ടു പദ്ധതി) ഉൾപ്പെടുമോ;

(സി) ഈ പദ്ധതിയുടെ പ്രാരംഭനടപടികൾക്ക് എന്തു് ചിലവായി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ എ. അച്യുതൻ):

(എ) ഇതിനെപ്പററി അവസാനതീരുമാനം ഇനിയും എടുത്തിട്ടില്ല.

(ബി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) 70,000 രൂപയോളം.

പുൽതൈലഗവേഷണകേന്ദ്രം.

* 785. [128] ശ്രീ. കെ. എം. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് ഒരു പുൽതൈലഗവേഷണകേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ;

(ബി) അവിടെ എന്തെല്ലാം ഗവേഷണങ്ങളാണു് നടത്തുന്നതു്;

(സി) ഈ കേന്ദ്രത്തിലേയ്ക്കു മാസംതോറുമുള്ള ചിലവെന്തു്; ഇതുവരെയുള്ള ആകെ ചിലവെന്തു്;

(ഡി) ഈ ചെലവുകൾ വഹിക്കുന്നതു് കേന്ദ്രഗവണ്മെൻേറാ സംസ്ഥാനഗവണ്മെൻേറാ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) താഴെ പറയുന്ന രീതികളിൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

1. കർഷകരുടെയിടയിൽ വിതരണം ചെയ്യുന്നതിനായി കൂടുതൽ നല്ലതരം ഇഞ്ചിപ്പുല്ലു് തിരഞ്ഞെടുക്കുക.

2. ഇഞ്ചിപ്പുല്ലു് ചാററിയെടുക്കുന്ന രീതി.

3. പുല്ലിൻെറ ഗുണാംശം നഷ്ടപ്പെടാതെ തൈലം ചുഷണം ചെയ്യുന്ന രീതി.

(സി) എസ്റ്റാബ്ലിഷ്മെൻറ് ചിലവുകൾ പ്രതിമാസം 450 രൂപയാണു്. ഇതുവരെയുള്ള ആകെച്ചെലവു് രൂപാ 38174-4-3 ആണു്.

(ഡി) സംസ്ഥാനഗവണ്മെൻറാണു് ചിലവു വഹിക്കുന്നതു്.

STARRED QUESTIONS POSTED FOR ANSWER ON 15-7-1954.

മോട്ടാർ ടാക്സ്

✱ 786. [107] ശ്രീ. എ. ൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ മോട്ടാർ ടാക്സ് ഈടാക്കുന്നതിന്റെ റേററ് എന്തു്;

(ബി) ഇപ്പോൾ നിലവിലിരിക്കുന്ന റേററ് കുറച്ചു കിട്ടണമെന്നു കാണിച്ചു് വല്ല നിവേദനവും ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടോ;

(സി) ഇപ്പോഴത്തെ റേററ് കുറച്ചുകൊടുക്കുവാൻ ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) Vehicles Taxation Act XIV of 1950 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 20–7–1950–ലെ Notification No. III പ്രകാരമുള്ള റേററാണു് ഈടാക്കുന്നതു്.

(ബി) ഉണ്ടു്.

(സി) ബസ്സുകളിൽ standing capacity–ക്കുള്ള ടാക്സ് റേററ് കുറച്ചുകൊടുത്തിട്ടുണ്ടു്.

കുഴൽകിണർ.

✱ 787. [22] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953–54–ൽ സംസ്ഥാനത്തു് എത്ര കുഴൽകിണർ തീൎന്നിട്ടുണ്ടു്; എവിടെയൊക്കെ;

(ബി) കോട്ടയം താലൂക്കിൽ കുമരകം പകുതിയിൽ കുഴൽകിണർ തീൎക്കണമെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) രണ്ടെണ്ണം. 1 തറയിൽകടവു് (വടക്കു്) 2. പുറക്കാട്ടു്

(ബി) ഉണ്ടു്. കുമരകം പകുതിയിൽ ഒരു കുഴൽകിണർ അനുവദിച്ചിട്ടുണ്ടു്. കുഴൽ കിണറുകളുടെ പ്രയാറിററി ലിസ്റ്റിൽ അതിനു് പത്താമത്തു സ്ഥാനമാണുള്ളതു്.

Employees in Transport Department.

✱788. [18] **Shri M. M. Mathai**: Will the Minister for Works and Transport be pleased to state what the classes of employees are entitled to pension in the State Transport Department?

Minister for Works and Transport (**Shri A. Atchuthan**): All classes, ministerial, operating and mechanical borne on the permanent establishment are eligible for pension.

Motor Accidents.

*789. [30] **Shri M. M. Mathai**: Will the Minister for Works and Transport be pleased to state :

(*a*) what is the total number of accidents in the private bus services in the year 1952-53 ;

(*b*) what is the total number of persons dead and injured in such accidents;

(*c*) how many of such persons have got benefits under the Third Party Insurance?

Minister for Works and Transport (**Shri A. Achuthan**) :

(*a*) 215.

(*b*) 28 dead.

217 injured.

(*c*) Six persons were paid compensation in respect of claims relating to private bus service, reported to the State Insurance office during the period 1952-53.

ഫെറി സർവീസ്.

*790. [34] ശ്രീ. റ്റി. കെ. ബാവ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫെറി സർവ്വീസുമൂലം ഗവണ്മെന്റിനു കഴിഞ്ഞകൊല്ലം എന്തു തുക വരവുണ്ട്; തിരുവിതാംകൂർ വിഭാഗത്തുനിന്നും, കൊച്ചി വിഭാഗത്തുനിന്നും കിട്ടിയ തുക തിരിച്ച് എത്ര വീതമുണ്ട്?

പൊതു മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

94,753 രൂപ, 8 ണ. ഇതു് കൊച്ചി വിഭാഗത്തുനിന്നു മാത്രമുള്ള വരവാണ്. തിരുവിതാംകൂർ വിഭാഗത്തുനിന്നും ഈ ഇനത്തിൽ വരവില്ല. ഈ തുകയിൽ സ്റ്റേറ്റ്ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തുന്ന കടത്തുകളുടെ ആദായം പെടുത്തിയിട്ടില്ല.

ഗവണ്മെന്റ മന്ദിരങ്ങളിൽ കാണാതായിട്ടുള്ള സാധനങ്ങൾ.

*791. [35] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥാനമൊഴിഞ്ഞ മന്ത്രിമാർ താമസിച്ചിരുന്ന ഗവണ്മെന്റ മന്ദിരങ്ങളിൽനിന്നും എന്തെല്ലാം സർക്കാർ സാധനങ്ങൾ കാണാതായിട്ടുണ്ട് ;

(ബി) എന്തെങ്കിലും കാണാതായിട്ടുണ്ടെങ്കിൽ ഏതുമന്ത്രി താമസിച്ചിരുന്ന മന്ദിരത്തിൽ നിന്നാണ് ;

(സി) കാണാതായ സാധനങ്ങൾക്കെല്ലാംകൂടി എന്തു വില വരും ;

(ഡി) ഈ സംഗതിക്ക് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) കാണാതെ പോയിട്ടുള്ള സാധനങ്ങളുടെ വിവരപ്പട്ടിക* മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(ബി) മന്ത്രിമാർ താമസിച്ചിരുന്ന എല്ലാ മന്ദിരങ്ങളിൽനിന്നും വിലകുറഞ്ഞ ചില സാധനങ്ങൾ കാണാതെ പോയിട്ടുണ്ടു്.

(സി) 102 രൂപ 3 ണ.

(ഡി) ഇല്ല. കാണാതായിട്ടുള്ള സാധനങ്ങൾ നിത്യോപയോഗത്തിലിരുന്നിട്ടുള്ളതും, സാധാരണഗതിയിൽ ഉടഞ്ഞുപോകാവുന്നതും, മററു പ്രകാരത്തിൽ ഉപയോഗശൂന്യമായിത്തീരാവുന്നതും ആകയാൽ ഇതു സംബന്ധിച്ചു് പ്രത്യേക നടപടികൾ ഒന്നുംതന്നെ എടുത്തിട്ടില്ല.

കോളനൈസേഷൻ പദ്ധതിയനുസരിച്ചു് അനുവദിച്ച സ്ഥലം.

* 792. [38] ശ്രീ. കെ. ററ. തോമസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കോളനൈസേഷൻ പദ്ധതിയനുസരിച്ചു് ആർക്കെങ്കിലും മണിമല, റാന്നി, ഈ റെയിഞ്ചുകളിൽ സ്ഥലം അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം എത്ര ഏക്കർ വീതം;

(സി) ഈ റെയിഞ്ചുകളിൽനിന്നും ഈ പദ്ധതിക്കായി ഗവണ്മെൻറു് എത്ര ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ടു്.

ഗ്രാമസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) കോളനൈസേഷൻ പദ്ധതിയനുസരിച്ചു് മണിമല റെയിഞ്ചിൽമാത്രം സ്ഥലം കൊടുത്തിട്ടുണ്ടു്.

(ബി) 6-ാംനമ്പർ ചിറക്കടവു് സഹകരണകോളനി (ക്ലിപ്തം)ക്കു് 250 ഏക്കർ.

(സി) മണിമല റാന്നി ഈ റെയിഞ്ചുകളിൽനിന്നും ആകെ 1350 ഏക്കർ സ്ഥലം കോളനൈസേഷൻ പദ്ധതി അനുസരിച്ചു് അനുവദിച്ചിട്ടുണ്ടു്.

ഗതാഗതദേശവൽക്കരണം.

* 793. [39] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊച്ചിഭാഗത്തിൽ ബസ്സു് ഗതാഗതം ദേശസാൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) തല്ക്കാലം എറണാകുളം മട്ടാഞ്ചേരി ഭാഗങ്ങളിലെ സർവ്വീസുകൾ മാത്രം.

* Please see Appendix VIII.

കോൺട്രാക്റ്റ് ജോലികൾ.

*794. [42] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി പൂർത്തിയായശേഷം final bill കൊടുക്കാത്ത കാൺട്രാക്റ്റ ജോലികൾ ഏതെങ്കിലുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഈ കാലതാമസം ഉണ്ടാകുന്നത്;

(സി) ജോലി പൂർത്തിയായാൽ മൂന്നു മാസത്തിനകമായെങ്കിലും final bill കൊടുക്കുന്നതിന് ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ഉണ്ട്.

(ബി) സാങ്കേതികമായ പല കുഴപ്പങ്ങൾ കാലതാമസത്തിനു കാരണമാകുന്നു. അവയിൽ പ്രധാനമായവ ഇവയാണ്.

എ. ഫൈനൽ ബിൽ പാസ്സാക്കുന്നതിനു മുമ്പ് കൺട്രാക്റ്റർമാരുടെ ഋണബാദ്ധ്യത തിട്ടപ്പെടുത്തുന്നതിൽ വരുന്ന കാലതാമസം;

ബി. എഗ്രിമെൻറനുസരിച്ച് ജോലി പൂർത്തിയാകാതിരിക്കുന്നത്;

സി. ഇൻകംടാക്സ്, സെയിൽടാക്സ്, മുതലായവ സംബന്ധിച്ച പ്രമാണങ്ങൾ കൺട്രാക്റ്റർമാർ ഹാജരാക്കുന്നതിനുള്ള കാലവിളംബം മുതലായവയാണ്.

(സി) ശ്രദ്ധിക്കുന്നതാണ്.

തൃശ്ശൂരിൽ ഇലക്ട്രിക്ക് കണക്ഷൻ കൊടുക്കാത്ത സ്ഥലങ്ങൾ.

*795 [44] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ലൈൻ എക്സ്റ്റൻഷൻ കഴിഞ്ഞിട്ടും ഇലക്ട്രിക്ക് കണക്ഷൻ കൊടുക്കാത്ത എത്ര സ്ഥലങ്ങൾ ഉണ്ട്;

(ബി) കൊടുങ്ങല്ലൂരിലെ അഴീക്കോട്, എറിയാട് ലൈൻ എക്സ്റ്റൻഷൻ അനുവദിച്ചിട്ട് കാലമെത്രയായി;

(സി) പ്രസ്തുത എക്സ്റ്റൻഷൻ പൂർത്തിയായിട്ട് എത്ര കാലമായി;

(ഡി) ഇത്രയധികം കാലമായിട്ടും കണക്ഷൻ കൊടുക്കാത്തതിന്റെ കാരണം പറയുമോ;

(ഇ) എപ്പോൾ കണക്ഷൻ കൊടുക്കുമെന്ന് പറയുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) 15 സ്ഥലങ്ങൾ ഉണ്ട്.

(ബി) 6/51-ൽ അനുവദിച്ചു.

(സി) മൂന്നു മാസമായി.

(ഡി) കണക്ഷൻ കൊടുക്കുന്നതിനുള്ള പ്രാരംഭ നടപടികളെല്ലാം എടുത്തിട്ടുണ്ട്.

(ഇ) ഈ മാസാവസാനത്തിനു മുമ്പ് കണക്ഷൻ കൊടുക്കാമെന്നു പ്രതീക്ഷിക്കുന്നു.

ബസ്സുറൂട്ട് ദേശവൽക്കരണം.

※ 796. [45] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) പഴയ കൊച്ചി വിഭാഗത്തിൽ എവിടെയെങ്കിലും ബസ്സുറൂട്ട് ദേശവൽക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെ;

(സി) ദേശവൽക്കരണം നടപ്പിൽ വരുത്തുമ്പോൾ തൃശ്ശൂർ-കൊടുങ്ങല്ലൂർ സർവ്വീസ് ദേശവൽക്കരിക്കുമോ;

(ഡി) അതു് എപ്പോൾ നടപ്പിൽ വരുത്താൻ സാധിക്കുമെന്നു പറയുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആലോചിക്കാം.

(ഡി) ഇപ്പോൾ പറയാൻ സാധ്യമല്ല.

വാട്ടർ ട്രാൻസ്പോർട്ടു സർവീസ്.

※ 797. [50] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവർമ്മെൻറ് എവിടെയെല്ലാം വാട്ടർ ട്രാൻസ്പോർട്ടു ഏർപ്പെടുത്തിട്ടുണ്ട്;

(ബി) അവയുടെ പ്രവർത്തനം തൃപ്തികരമാണോ;

(സി) 1952-53, 1953-1954 എന്നീ വർഷങ്ങളിൽ അവയോരോന്നിൽനിന്നും ഗവർമ്മെൻറിനു എന്തു ലാഭം കിട്ടിയിട്ടുണ്ട്;

(ഡി) പുതുതായി ഏതെങ്കിലും സ്ഥലത്തു് ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) അരൂർ-എടക്കൊച്ചി ഫെറി സർവീസ്, എറണാകുളം-മട്ടാഞ്ചേരി-ഹാർബർ ടെർമിനസ്-മുളക്കുംപാടം ഫെറിബോട്ടു സർവ്വീസ് എന്നീ സർവ്വീസുകൾ ഗവർമ്മെൻറ് ഏർപ്പെടുത്തി നടത്തുന്നുണ്ട്.

(ബി) തൃപ്തികരമാണെന്നാണ് വിശ്വാസം.

(സി) രണ്ടു സർവ്വീസുകൾക്കുംകൂടി ഒന്നിച്ചാണ് കണക്കുകൾ വച്ചിട്ടുള്ളത്. രണ്ടിലുംകൂടി 1952-53-ൽ 26,127 ക. 4 ണ. 11 പൈ ലാഭമുണ്ട്. 1953-54-ലെ കണക്കുകൾ തിട്ടപ്പെടുത്തി കഴിഞ്ഞിട്ടില്ല.

(ഡി) ഇപ്പോൾ ആലോചന ഇല്ല.

ബസ്സ് ചാർജ്ജ്.

*798. [51] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപ്രകാരം മൈലിന് എന്തു ചാർജ്ജ് വസൂലാക്കുവാൻ പ്രൈവററ് ബസ്സുടമകൾക്ക് അവകാശമുണ്ട്;

(ബി) നിശ്ചിത നിരക്കിൽ കൂടുതൽ ചാർജ്ജ് ചില പ്രൈവററ് ബസ്സുകാർ വസൂലാക്കി വരുന്നുണ്ടോ;

(സി) ഈ അനീതിയെ തടയുന്നതിന് ഗവണ്മെൻറിൽനിന്നും സത്വരനടപടികൾ കൈക്കൊള്ളുമോ?

പൊതു മരാമത്തും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) സമുദ്രനിരപ്പിൽനിന്നും 500 അടി വരെ ഉയരമുള്ള പ്രദേശങ്ങളിൽ ഒരാൾക്ക് 7½ പൈ. വീതവും, 501 അടി മുതൽ 3,000 അടി വരെ ഉയരമുള്ള പ്രദേശങ്ങളിൽ 11 പൈ. വീതവും, 3,000 അടിക്കുമേൽ ഉയരമുള്ള പ്രദേശങ്ങളിൽ 13 പൈ. വീതവും ആണ് നിയമപ്രകാരമുള്ള ചാർജ്ജ്.

(ബി) അപ്രകാരമുള്ള പരാതികൾ ചിലപ്പോൾ ഗവണ്മെൻറിനു കിട്ടാറുണ്ട്.

(സി) അനീതി ഉണ്ടെന്ന് അറിഞ്ഞാൽ ഉടനെ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

ബസ്സുകൾ.

*799. [52] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃതം രജിസ്റ്റർ ചെയ്യാതെയും, ടാക്സ് ഒടുക്കാതെയും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറുവക ബസ്സുകൾ ലൈനിൽ ഓടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ട്രാൻസ്പോർട്ടു ബസ്സുകൾക്കു മാത്രം ഈ സൗജന്യം അനുവദിക്കാനുള്ള കാരണമെന്ത്?

പൊതു മരാമത്തും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) രജിസ്റ്റർ ചെയ്യാത്ത വണ്ടികൾ ചില പ്രത്യേക പരിതസ്ഥിതികളിൽ ഓടിച്ചുവരുന്നുണ്ട്.

(ബി) പ്രത്യേക കാരണം ഒന്നും ഇല്ല.

ട്രാവൽബ്യൂറോക്കാരും വാടകക്കുടിശ്ശികയും.

*800. [55] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൽ ബ്യൂറോക്കാർക്ക് ഗവൺമെൻറുവക കെട്ടിടങ്ങൾ വാടകയ്ക്കു കൊടുത്തിട്ടുണ്ടോ; കെട്ടിടങ്ങൾ ആകെ എത്ര; ഏതെല്ലാം സ്ഥലത്ത്;

(ബി) അവയിൽ എത്ര കെട്ടിടങ്ങൾക്ക് വാടകക്കുടിശ്ശിക വരുത്തി; ആകെ വാടകക്കുടിശ്ശിക എത്ര;

(സി) കുടിശ്ശിക ഈടാക്കാൻ എന്തു നടപടി നടത്തി;

(ഡി) ഈ നടപടി ഇടയ്ക്കു നീട്ടിവയ്ക്കാൻ ഗവൺമെൻറ് തീരുമാനിച്ചോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉണ്ട്. പതിനൊന്ന്. കന്യാകുമാരി, തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, വർക്കല, മൂന്നാർ, എറണാകുളം, കുററാലം, തേക്കടി, തൃശ്ശൂർ എന്നീ പതിനൊന്നു സ്ഥലങ്ങളിൽ.

(ബി) എല്ലാ കെട്ടിടങ്ങൾക്കും വാടക കുടിശ്ശിക വരുത്തി. കമ്പനിവക കണക്കുകൾ തിട്ടപ്പെടുത്തിത്തീർന്നിട്ടില്ലാത്തതിനാൽ സൂക്ഷ്മമായ തുക ഇപ്പോൾ പറയുന്നതിന് സാദ്ധ്യമല്ല.

(സി) റവന്യൂറിക്കവറി ആക്ററ് അനുസരിച്ചുള്ള നടപടികൾ കൈക്കൊണ്ടിരിക്കുകയാണ്.

(ഡി) ഇല്ല.

പ്രൈവററ് ഏജൻസികൾക്ക് പാഴ്സൽ സർവ്വീസ്.

*801. [60] ശ്രീ. ബി. ബി. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തും, അതിനുശേഷമോ സംസ്ഥാനത്തെ ഏതെങ്കിലും ലൈനുകളിൽ പാഴ്സൽസർവ്വീസ് നടത്തുന്നതിന് വെളിയിലുള്ള ഏതെങ്കിലും കമ്പനികൾക്ക് പെർമിററ് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ കൊടുത്തതു; എന്നുമുതൽ സർവ്വീസ് തുടങ്ങി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) തിരഞ്ഞെടുപ്പിനു മുമ്പുതന്നെ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന ഒരു കമ്പനിക്ക് താല്ക്കാലികമായി ആ ലൈനുകളിൽ കുറച്ചുകൂടി ദൂരം നീട്ടിക്കൊടുത്തിട്ടുണ്ട്.

(ബി) 2-1-1954 മുതലും, 1-4-1954 മുതലും സർവ്വീസുകൾ നീട്ടിക്കൊടുത്തു.

P. W. D. Accounts.

*802. [63] **Shri M. William:** Will the Minister for Works and Transport be pleased to state:

(*a*) the total number of sanctioned posts in the P. W. D. designated as Senior Accountants and Head Accountants in the financial year 1952-53; 1953-54, 1954-55;

(b) the total number of sanctioned posts of clerks, senior Accountants and Head Accountants in the P. W. D. on Rs. 80-100 remaining vacant on 26-4-1954 ; and

(c) the total number of Rs. 45-75 and Rs. 80-100 grade clerical posts not substantially filled up till now ?

Minister for Works and Transport (**Shri A. Achuthan**) :

(*a*) Senior Accountants—9. No Head Accountants.

(*b*) Nil.

(*c*) Rs. 45-75 grade—21.
Rs. 80-100 grade—4.

തൊഴിലാളികളുടെ ബാററാ ശമ്പളം.

*803. [66] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടി സമയത്ത് ഓപ്പറേററിംഗ് സ്റ്റാഫിന് അനുവദിച്ചിട്ടുള്ള ബാററാതുക ഇൻസ്പെക്ടേഴ്സിന് ഒരു ഉറുപ്പിക കൊടുക്കുമ്പോൾ കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും പന്ത്രണ്ടണ മാത്രം കൊടുക്കുന്നതിന്റെ കാരണം പറയാൻ ദയവുണ്ടാകുമോ;

(ബി) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ തൊഴിലാളികളുടെ അടിസ്ഥാനശമ്പളം എത്രയാണെന്ന് ഇനം തിരിച്ചു പറയാമോ;

(സി) ശമ്പളത്തുക വർദ്ധിപ്പിക്കാൻ ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഇൻസ്പെക്ടർമാർ, കണ്ടക്ടർമാരേയും ഡ്രൈവർമാരേയുംകാൾ കൂടുതൽ ഉത്തരവാദിത്വമുള്ളവരും സൂപ്പർവൈസറി സ്റ്റാഫും ആയതുകൊണ്ടാണ് ഒരു ഉറുപ്പിക ബാററാ അനുവദിച്ചിരിക്കുന്നത്.

(ബി) വിശദവിവരങ്ങൾ ബഡ്ജററിൽ ചേർത്തിട്ടുണ്ട്.

(സി) ഇല്ല.

Rural Electricity Distribution Centres.

*804. [67] **Shri M. Bhaskaran Nair** : Will the Minister for Works and Transport be pleased to state :

(*a*) the number of Rural Electricity Distribution Centres pending supply of current in the Trivandrum District ;

(*b*) the reasons for the non-supply of current ; ond

(*c*) probable loss sustained by Government every month in not making the supply of current?

Minister for Works and Transport (**Shri A. Achuthan**) :

(*a*) Twentynine.

(*b*) The delay is due to non-availability of materials required for providing service connections.

(*c*) No loss is sustained by Government as contemplated in the question.

ബുക്കിംഗ് ആഫീസ് ക്ലാർക്ക്.

*805. [69] ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെന്റ് ട്രാൻസ്പോർട്ട് Ferry section-ൽ Booking Office Clerk മാർ എത്രപേർ ഉണ്ട്;

(ബി) ഇവർക്ക് എന്തു പരീക്ഷായോഗ്യതകളാണു വേണ്ടതു്;

(സി) ബുക്കിംഗ് ക്ലാർക്കിന്റെ തസ്തിക മിനിസ്റ്റീരിയൽ സ്റ്റാഫിലാണോ പെടുത്തിയിരിക്കുന്നതു്?

(ഡി) 25-1½-40 രൂ. ഗ്രേഡിൽപ്പെട്ട ഇവരിൽ എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവർക്ക് ഉദ്യോഗക്കയറ്റം നിഷേധിക്കപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ യോഗ്യതയുള്ളവരെ അവഗണിച്ച് പുതിയ എസ്. എസ്. എൽ. സി. ക്കാരെ 35-40 രൂ. ഗ്രേഡിൽ നിയമിച്ചിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ)

(എ) പതിനേഴുപേർ.

(ബി) ഇവർക്ക് പരീക്ഷായോഗ്യത ഇതുവരെയും ക്ലിപ്തപ്പെടുത്തിയിട്ടില്ല.

(സി) അതേ.

(ഡി) ഇല്ല.

(ഇ) ഇല്ല.

Social Welfare Agency.

*806. [70] **Shri V. V. Sebastian:** Will the Minister for Local Self Government be pleased to state:

(a) whether any Social Welfare Agency in this State has received any grant from the Social Welfare Board up till now;

(b) if so, what amount has so far been received, and by which agency or agencies;

(c) were this Government consulted in the allotment of such grant; and

(d) has any application for such grant from any Social Welfare Agency in this State been refused, and if so, the name of such agency;

Chief Minister **(Shri A. Thanu Pillai):** (a) Some Social Welfare Agencies in this State have received grants from the Central Social Welfare Board.

(b) A list furnishing the information is placed on the Secretary's table.*

(c) No.

(d) The applications of some of the Social Welfare Agencies have been refused by the Central Board. A list of such cases is placed on the Secretary's table.

---

*Please see Appendix IX.

Social Welfare Agency.

✱807. [71] **Shri V. V. Sebastian:** Will the Minister for Local Self Government be pleased to state :

(*a*) whether any steps have been taken by this Government for promoting Social Welfare Agencies in this State ; and

(*b*) if so, what steps were taken and with what result?

Chief Minister (**Shri A. Thanu Pillai**) : (*a*) Yes.

(*b*) The State Welfare Advisory Board has been constituted. Further action will be taken as soon as the State Board's proposals are received.

വില്ലേജ് റോഡ് ഡെവലപ്പ്മെൻറ്.

✱808. [76] ശ്രീ. കെ. എം. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി. ആർ. ഡി. പ്രവർത്തനം ഇപ്പോഴും നടക്കുന്നുണ്ടോ;

(ബി) കുന്നത്തുനാട്ട് താലൂക്കിൽ വി. ആർ. ഡി. യിൽ നിന്ന് എത്ര റോഡുകൾ ഏറെറടുത്തു പൂർത്തിയാക്കി; അതിന് ആകെ എന്തു ചിലവായി;

(സി) ബസ്സുകളുള്ളതും വളരെ അധികം ജനസഞ്ചാരമുള്ളതും വേങ്ങൂർ പകുതിയിലെ പ്രധാന റോഡുമായ കുറുപ്പംപടി നാലിലൊന്ന് പെരിയാർ റോഡ് ഇതുവരെയും നന്നാക്കാത്തതിന്റെ കാരണമെന്ത്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) മൂന്നു റോഡുകൾ. ചിലവ് 31,420 രൂപ.

(സി) ആവശ്യമുള്ള സ്ഥലം വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ.

STARRED QUESTIONS POSTED FOR ANSWER ON 17-7-1954.

Visit of Sri Purushotham Das Thrikkum Das.

✱809. [13] **Shri V. K. Achutha Menon:** Will the Chief Minister be pleased to state :

(*a*) if Sri Purushotham Das Trikkum Das of Bombay was staying in Cliff House, Trivandrum, for some days in April or May 1954 ;

(*b*) if the answer is in the affirmative, the actual period of this stay in the Cliff House ;

(*c*) what was the purpose of his visit to the city ;

(*d*) was he treated as a State Guest ;

(*e*) if the answer is in the negative, will the Government be pleased to state why such a distinguished personality as Sri Purushotham Das Trikkum Das was not honoured as a State Guest during his stay here ;

(*f*) if Sri Purushotham Das Trikkum Das has addressed any public meeting in the State during his stay here ; and

(*g*) if the answer is in the affirmative will the Government be pleased to give the dates and places of such meeting as also state who the organisers were of each such meeting ?

Chief Minister (Shri A. Thanu Pillai) : (*a*) Yes.

(*b*) From 12-5-1954 afternoon to 28-5-1954 forenoon.

(*c*) Came on a holiday visit.

(*d*) No.

(*e*) There were no special reasons.

(*f*) Yes.

(*g*) On 27-5-1954 evening at the Y. M. C. A. Auditorium. Messrs. Karimpuvilakom Govinda Pillai, Ponnara Sreedhar, K. P. Sankaran Nair and others.

Neyyattinkara-Vilavancode and Kunnathnad-Chalakkuddi Community Projects.

※ 810. [15] **Shri. P. Viswambharan**: Will the Chief Minister be pleased to state the amounts spent up to date in the Neyyattinkara-Vilavancode and Kunnathnad- Chalakkudi Community Projects ?

Chief Minister (**Shri A. Thanu Pillai**): Expenditure till 30-6-1954.

N. V. area.	*K. C. area.*
Rs. 9,23,000	Rs. 10,69,000.

ഗവണ്മെൻറ പ്രസ്സ് തൊഴിലാളികൾ.

※ 811. [18] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഗവണ്മെൻറ പ്രസ്സിലെ തൊഴിലാളികൾക്ക് ററി. എസ്സ്. ആർ. ബാധകമാണോ ;

(ബി) ററി. എസ്സ്. ആർ. അനുസരിച്ചുള്ള അവധി തൊഴിലാളികൾക്ക് നൽകുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) തിരുവനന്തപുരം സെൻട്രൽ പ്രസ്സിലെ തൊഴിലാളികൾക്ക് അവധി ഒഴിച്ചുള്ള കാര്യങ്ങളിൽ ററി. എസ്സ്. ആർ-ലെ ചട്ടങ്ങൾ ബാധകമാക്കിയാണ് നടന്നുവരുന്നത്. എറണാകുളം പ്രസ്സിലെ തൊഴിലാളികൾക്ക് ഫർലോ ഒഴിച്ചുള്ള എല്ലാം അവധികളും സി. എസ്സ്. ആർ. അനുസരിച്ച് അനുവദിക്കുന്നുണ്ട്. ജോലി സമയം, ഓവർടൈം മുതലായ കാര്യങ്ങളിൽ ഫാക്ടറി നിയമവും അവർക്ക് ബാധകമായിട്ടുണ്ട്.

(ബി) തിരുവനന്തപുരം സെൻട്രൽ പ്രസ്സിലെ തൊഴിലാളികൾക്ക് ഇപ്പോൾ ററി. എസ്സ്. ആർ. അനുസരിച്ചുള്ള അവധി നൽകുന്നില്ല. അതു് ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. എറണാകുളം പ്രസ്സിലെ തൊഴിലാളികൾക്ക് ഫർലോ ഒഴിച്ചുള്ള എല്ലാം അവധികളും സി. എസ്സ്. ആർ. അനുസരിച്ച് അനുവദിക്കുന്നുണ്ട്.

ടാബുലേഷൻ ക്ലാർക്ക്സ്.

*812. [21] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ :

(എ) വിദ്യാഭ്യാസ ഡയറക്ടർ ടാബുലേഷൻ ക്ലാർക്കന്മാരായി എത്ര പേരെ നിയമിച്ചു ; അവർക്കുള്ള പ്രത്യേക യോഗ്യത എന്ത് ;

(ബി) ഇവരുടെ നിയമനത്തെപ്പററി പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) പരാതിക്കടിസ്ഥാനമെന്തായിരുന്നു ;

(ഡി) എന്തു പരിഹാരം ചെയ്തു ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) 1954 മാർച്ച് എസ്സ്. എസ്സ്. എൽ. സി. പരീക്ഷയ്ക്ക് 125 പേരെ നിയമിച്ചു. വിശ്വസ്തതയും കാര്യക്ഷമതയും കയ്യക്ഷരവും നോക്കിയാണ് അവരെ നിയമിച്ചത്.

(ബി) ഒരു പരാതി ലഭിച്ചിട്ടുണ്ട്. ചാല ഹൈസ്കൂൾ അണ്ടർ ഗ്രാഡുവേററ് അദ്ധ്യാപകൻ, തൈക്കാട്ട് എൻ. ചന്ദ്രശേഖരൻ നായരുടെ പക്കൽനിന്നും.

(സി) 1954-ലും അതിനു മുമ്പിൽ ചില തവണകളിലും ടി ചന്ദ്രശേഖരൻ നായർ അപേക്ഷ കൊടുത്തിട്ടു ടാബുലേഷൻ ക്ലാർക്കായി എടുത്തിട്ടില്ല എന്നുള്ളത്.

(ഡി) ഇക്കൊല്ലം ഡയറക്ടർക്കയച്ച അപേക്ഷ ഹെഡ്മാസ്റ്റർ വഴിക്കല്ലാഞ്ഞതിനാലും അനാശാസ്യമായ ഭാഷയിലായിരുന്നതിനാലും ഈ അപേക്ഷകനെ ടാബുലേഷൻ ക്ലാർക്കായി ഡയറക്ടർ തിരഞ്ഞെടുത്തില്ല.

അവധികാലം.

*813. [26] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണം വെക്കേഷൻ, ക്രിസ്തുമസ്സ് വെക്കേഷൻ, മിഡ് സമ്മർ വെക്കേഷൻ ഇവകൾ എല്ലാം മുൻസിഫ്കോടതി, ജില്ലാക്കോടതി, ഹൈക്കോടതി ഇവകൾക്കെല്ലാം ഒരുപോലെയാണോ ;

(ബി) വ്യത്യാസമുണ്ടെങ്കിൽ എങ്ങനെ ;

(സി) മുൻസിഫ്കോടതി, ഡിസ്ട്രിക്ററ്കോടതി, ഹൈക്കോടതി ഇവകളുടെ എല്ലാം വെക്കേഷൻകാലം ഒരുപോലെ ആക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) അല്ല.

(ബി) ഓണം അവധിയും, ക്രിസ്തുമസ്സ് അവധിയും എല്ലാ കോടതികൾക്കും ഒരുപോലെ ആണ്. എന്നാൽ മിഡ്സമ്മർ അവധി മുൻസിഫ്കോടതികൾക്ക് 42 ദിവസവും, ജില്ലാക്കോടതികൾക്കും ഹൈക്കോടതിക്കും 60 ദിവസവുമാണ്.

(സി) ഈ വ്യത്യാസം വളരെക്കാലമായി നിൽക്കുന്നതും മദ്രാസു പോലെയുള്ള മറ്റെല്ലാ സ്റ്റേറ്റുകളിലും നിലവിലുള്ളതും ആണ്. അതുകൊണ്ട് ഈ രീതിക്ക് വ്യത്യാസം വരുത്തേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

സർവ്വീസ് സ്റ്റാമ്പുകൾ.

❋ 814. [27] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ സർവ്വീസ് സ്റ്റാമ്പുകൾ ആവശ്യത്തിന് യഥാവസരം ഇഷ്യുചെയ്യുന്നുണ്ടോ;

(ബി) പല കോടതികളിലും യഥാസമയം സർവ്വീസ് സ്റ്റാമ്പുകൾ ലഭിക്കാത്തതുമൂലം കച്ചേരികളിലെ ജോലിക്ക് വലിയ തടസ്സം നേരിടുന്നുണ്ടെന്നും അതുമൂലം കക്ഷികൾക്ക് വലിയ കഷ്ടനഷ്ടങ്ങൾക്ക് ഇടവരുന്നുണ്ടെന്നും ഉള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജൂഡീഷ്യറി എക്സിക്യൂട്ടീവ്.

❋ 815. [28] എൻ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂഡീഷ്യറി എക്സിക്യൂട്ടീവിൽനിന്നും വേർതിരിക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ഈ കാര്യത്തെപ്പറ്റി ആലോചിച്ച് വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിററിയെ നിയമിച്ചിരുന്നു. ആ കമ്മററിയുടെ റിപ്പോർട്ടു കിട്ടി. അതു ഗവണ്മെൻറ പരിശോധിച്ചുവരികയാണ്.

അദ്ധ്യാപക ലൈസൻസ് തിരിച്ചെടുത്തതു്.

❋ 816. [34] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ മൂന്നു കൊല്ലത്തിനുള്ളിൽ എത്ര അദ്ധ്യാപകരുടെ ടീച്ചിംഗ് ലൈസൻസ് സസ്പെൻഡു ചെയ്യുകയോ, റദ്ദു ചെയ്യുകയോ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരുടെ പേരിലാണ് രാഷ്ട്രീയ പരിഗണനകളാൽ നടപടി എടുത്തതു്;

(സി) പ്രൈവററ് മാനേജുമെൻറ് സ്കൂളുകളിലും ഗവണ്മെൻറ് സർവ്വീസിലും അങ്ങനെ ശിക്ഷാനടപടിക്ക് വിധേയരായവർ എത്ര വീതം;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ കേസുകൾ പുനർവിചാരണ ചെയ്ത് അവരുടെ ടീച്ചിംഗ് ലൈസൻസ് അവർക്ക് തിരിച്ചു നൽകുവാൻ ഗവണ്മെൻറ് ശ്രമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) (ബി) (സി) & (ഡി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

Royalty for lime shell collection.

✻817. [37] **Shri N. Raghava Kurup**: Will the Minister for Finance be pleased to state:

(*a*) what is the rate of royalty levied from the Travancore Cements Co. Ltd. on the lime shell collected from the Vembanad lake;

(*b*) what is the total amount realised by the same in 1951-52, 1952-53 and 1953-54;

(*c*) what is the machinery used to ascertain the actual quantity collected by the said company; and

(*d*) what is the rate of royalty realised from others authorised to collect lime shell?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) A royalty at the rate of 4 annas per ton is being levied from M/s. Travancore Cements Ltd. for lime shell collected from the Vembanad lake.

(*b*) The total amount of royalty collected from the company upto the end of December 1953 is Rs. 61,630-8-0.

(*c*) At present the total quantity of shell collected by the company is determined by the quantity of cement produced in the factory. But this is only a provisional arrangement pending finanlisation of a more suitable method.

(*d*) For others an annual license fee is levied for the right of collecting lime shell, the rate of license fee being Rs. 7-8-0 for I Class, Rs. 5 for II Class and Rs. 2-8-0 for III Class.

Complaints against Sub-Inspectors.

✻818. [46] **Shri P. V. Avira Tharakan**: Will the Chief Minister be pleased to state how many complaints have been received by the Government against the Sub Inspectors of Police who take part in the evictions and also mediating for the Civil cases?

Chief Minister (**Shri A. Thanu Pillai**): Six complaints have been received in 1954.

Factory employees.

*819. [48] **Shri P. V. Avira Tharakan**: Will the Minister for Finance be pleased to state :

(a) the number of factories who have not sent the proper returns as per the employees provident scheme in 1952 and 1953:

(b) how many prosecution cases have been taken against them in these years ; and

(c) the names of persons who appeared for the factories in these cases ?

Minister for Local Self Government (**Shri P. K. Kunju**) :

(a) 1952 20.
1953 15.

(b) Nil.

(c) Does not arise.

അപ്പീൽകേസുകൾ.

*820. [52] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മന്ത്രിസഭ ചാർജ്ജെടുത്തതിനുശേഷം മന്ത്രിമാരുടെ മുമ്പിൽ എത്ര അപ്പീൽകേസുകൾ കേട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകൾ വാദികൾക്ക് അനുകൂലമായി വിധിച്ചിട്ടുണ്ട്;

(സി) സ്ഥാനമൊഴിഞ്ഞ മന്ത്രിസഭ മാസത്തിൽ ശരാശരി എത്ര അപ്പീൽകേസുകൾവീതം കേട്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) പതിനേഴ്.

(ബി) ഒൻപതു്.

(സി) ഇതു സംബന്ധിച്ചിട്ടുള്ള കണക്ക് ഗവണ്മെന്റ് പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

അകവൂർ മനവക വസ്തുക്കൾ.

*821. [55] ശ്രീ. കട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകവൂർ വകയായി സംസ്ഥാനത്തുള്ള വസ്തുക്കളുടെ വിസ്തീർണ്ണം എന്താണെന്നും, അതിൽ നികുതിയും മറ്റുമായി പ്രതിവർഷം എത്ര തുക മന ഈടാക്കുന്നു എന്നും പറയുമോ;

(ബി) ഈ സംസ്ഥാനത്ത് ഇത്രയധികം വസ്തുക്കൾ അകവൂർ മനവകയായി ചെന്നുചേർന്നതിനെ സംബന്ധിച്ച് വല്ല രേഖകളും സർക്കാരിനുണ്ടോ; ഉണ്ടെങ്കിൽ അതു് എന്താണെന്ന് വിശദമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): (എ)

ഡിവിഷൻ.	വിസ്തീർണ്ണം.		ആദായത്തിൽ വരവ്.		
	ഏ.	സെ.	രൂ.	ച.	കാ.
തിരുവനന്തപുരം	234	69	968	4	4
കൊല്ലം	4640	24	22,637	11	10
തൃശ്ശൂർ	1713	22	1371	15	9
ആകെ	6588	15	24,977	15	11

കൊല്ലം ഡിവിഷനിൽ മേൽ കാണിച്ചിരിക്കുന്ന തുകയും പുറമെ സാധനങ്ങളായി താഴെ കാണുന്ന വരവുകളും ഉണ്ട്.

നെല്ല്	8780	പറ
വെളിച്ചെണ്ണ	76½	,,
തേങ്ങെണ്ണ	67¾	,,
തെങ്ങോല	1881	
തേങ്ങ	1537	
പാക്ക്	18,050	
ചക്ക	155	

കോട്ടയം ഡിവിഷനിൽ അകവൂർമനവക വസ്തുക്കൾ ഇല്ല.

(ബി) ഇപ്പോൾ രേഖകൾ ഒന്നും കൈവശമില്ല.

Idikki Hydro-Electric Scheme.

*822. [66] **Shri K. M. George:** Will the Chief Minister be pleased to state:

(*a*) have the Government received any representation from the people of Thodupuzha and number of M. L. A. from the northern area of Travancore to include the Idikki Hydro-Electric Scheme in the Second Five Year Plan?

(*b*) was there an investigation, when was it conducted, and by whom;

(*c*) what is the probable cost of this scheme;

(*d*) what is the comparative cost of generating one K. W. of electricity by the proposed Idikki Scheme and the other schemes of the State;

(*e*) is it a fact that this scheme results in the discharge of water from the Periyar River source to the Muvattupuzha River making available the necessary water for irrigating about 50,000 acres in Muvattupuzha and Vaikom Taluks?

Minister for Works and Transport (**Shri A. Achuthan**):

(*a*) Yes.

(*b*) A preliminary reconnaissance was conducted in 1947 by Shri Joseph John and the present Chief Engineer, Electricity.

(*c*) The probable cost as worked out 1947 is Rs. 27 crores approximately.

(*d*) Cost per K. W. is :

(1) Idikki	Rs.	1,000 (probable)
(2) Pallivasal	Rs.	1,175
(3) Sengulam	Rs.	800
(4) Poringalkuthu	Rs.	1,275

(*e*) Yes.

Deep Sea Fishing.

*823. [71] **Shri T. T. Daniel**: Will the Minister for Finance be pleased to state :

(*a*) is it a fact that fabulous quantities of fish are available in deep sea between Cape Comorin and Colachel;

(*b*) has the Government done anything by way of introducing new methods of deep sea fishing in this area ?

Minister for Finance (**Shri P. S. Nataraja Pillai**) : (*a*) No.

(*b*) No.

കുടികിടപ്പുകാർ.

*824. [85] ശ്രീ. പി. എം. മാർക്കോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1949 ആഗസ്റ്റ് 30-ാംനു-യിലെ ഗവണ്മെന്റ് ഗസററിൽ 475-ാംപുറത്തിലുണ്ടായിരുന്ന വിളംബരം അനുസരിച്ച് കുടികിടപ്പുകാരുടെ അപേക്ഷാഫാറം ഗവണ്മെന്റ് സ്വീകരിച്ചതിൽ എന്തു നടപടി നടത്തി;

(ബി) തന്മൂലം കുടികിടപ്പുകാർക്ക് വസ്തു ഉടമകൾ സ്ഥലം അനുവദിക്കാതേയും കുടിയിൽനിന്നും ഇറക്കിവിടുന്നതിനു പല കൃത്രിമങ്ങൾ ഉപയോഗിച്ച് പാവങ്ങൾ കഷ്ടം അനുഭവിക്കുന്നുണ്ടോ;

(സി) ഭൂവുടമകളും കുടികിടപ്പുകാരും തമ്മിൽ സ്വൈരമായ അന്തരീക്ഷം സൃഷ്ടിപ്പാൻ വേണ്ട നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(ബി) അറിവില്ല.

(സി) ഈ സംഗതിയിൽ ഗവണ്മെന്റ് പ്രത്യേകമായി എന്തെങ്കിലും ചെയ്യേണ്ട ആവശ്യം ബോദ്ധ്യപ്പെട്ടിട്ടില്ല.

ആയിൽമില്ലിലെ വില്പനനികുതി.

*825. [86] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേററിലെ വില്പനനികുതി മൾട്ടി പായിന്റ് ഇപ്പോൾ ഏതെല്ലാം വ്യവസായങ്ങളിൽനിന്നു ഈടാക്കുന്നുണ്ട്;

(ബി) വെളിച്ചെണ്ണക്കച്ചവടക്കാരോടും ആയിൽമിൽ ഉടമസ്ഥന്മാരോടും മൾട്ടി പായിന്റ് വില്പനനികുതി ഈടാക്കുന്നതിനെതിരായി കൊല്ലം ആയിൽ ഉടമസ്ഥന്മാരുടെ മെമ്മോറാണ്ടം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഭാഗികമായോ മുഴുവനായോ വില്പനനികുതിയിൽനിന്നു് ഒഴിവാക്കിയിട്ടില്ലാത്ത സാധനങ്ങളും താഴെ പറയുന്ന സാധനങ്ങളും ഒഴിച്ചു് വില്പനികുതിക്കു് വിധേയമായ ബാക്കി എല്ലാ സാധനങ്ങളിലും ബഹുമുഖവില്പനനികുതി ഈടാക്കിവരുന്നുണ്ടു്. പാരുത്തിനൂൽ, സ്വർണ്ണക്കട്ടി, നാണയമുദ്രപത്തിലുള്ള ഉരുപ്പടികൾ, തോൽ, ഊറയ്ക്കിട്ട തോൽ, പാഠപുസ്തകങ്ങൾ, മില്ലിൽ ഉണ്ടാക്കിയ നൂലുകൊണ്ടു നെയ്ത കൈത്തറിവസ്ത്രങ്ങൾ.

(ബി) ഉണ്ടു്. കൊല്ലം ആയിൽമിൽ ഉടമസ്ഥന്മാർ സമർപ്പിച്ച മെമ്മോറാണ്ടത്തെ ആദരിച്ചു് അവർ ഉന്നയിച്ച കാര്യങ്ങൾക്കു് ഒരന്ത്യതീരുമാനം ഉണ്ടാകുന്നതുവരെ ഗവണ്മെൻറു് ബഹുമുഖനികുതി അവരിൽനിന്നു് ഈടാക്കുന്ന നടപടികൾ നിറുത്തിവയ്ക്കുവാൻ ഉത്തരവിടുകയുണ്ടായി. മെമ്മോറാണ്ടം പര്യാലോചനയ്ക്കെടുത്തതിൽ അവരുടെ അപേക്ഷ സ്വീകാര്യമല്ലെന്നു ഗവണ്മെൻറിനു തോന്നുകയാൽ നടപടികൾ നിറുത്തിവയ്ക്കുവാൻ പാസ്സാക്കിയ ഉത്തരവു് റദ്ദു ചെയ്തു. അതിനുശേഷം ആയിൽമിൽ ഉടമസ്ഥന്മാർ പിന്നെയും തങ്ങളുടെ അപേക്ഷ സാധിച്ചുകിട്ടുന്നതിനുവേണ്ടി നിവേദനം നടത്തുകയാൽ 5-7-54 മുതൽ താൽക്കാലികമായി ഈ നികുതി ഈടാക്കുന്ന നടപടികൾ നിറുത്തിവയ്ക്കുവാൻ ഉത്തരവിട്ടിട്ടുണ്ടു്. അവർ ഉന്നയിച്ച വാദങ്ങളെപ്പറ്റി ഗവണ്മെൻറു് പര്യാലോചിച്ചുവരുന്നു.

ഭാഷാപ്രവിശ്യാ പുനഃസംഘടനാക്കമ്മീഷൻ.

✱ 826. [91] ശ്രീ. പി. എസ്സ്. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാപ്രവിശ്യാ പുനഃസംഘടനാക്കമ്മീഷനു് ഗവണ്മെൻറു് ഔദ്യോഗികമായി മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഭാഷാപ്രവിശ്യാനയത്തെ ഗവണ്മെൻറു് അനുകൂലിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) സംസ്ഥാന പുനഃസംഘടനാക്കമ്മീഷനു് സംസ്ഥാനഗവണ്മെൻറു് രേഖാമൂലമുള്ള യാതൊരു മെമ്മോറാണ്ടവും സമർപ്പിച്ചിട്ടില്ല.

(ബി) സംസ്ഥാനപുനസംഘടനാക്കമ്മീഷനുമായി നടത്തിയ അഭിമുഖസംഭാഷണത്തിനിടയ്ക്കു് മുഖ്യമന്ത്രി ഗവണ്മെൻറിൻെറ അഭിപ്രായങ്ങൾ അവരെ അറിയിച്ചിട്ടുണ്ടു്. ഊന്നിപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിപുലമായും താഴെ കാണുന്നവയാണു്.

1. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം വിവിധപ്രകാരേണ ഉയർന്ന തോതിൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. ഈ സംസ്ഥാനത്തോടു് മലബാർ സംയോജിപ്പിച്ചാൽ അതു് ഭരണപരവും ധനപരവുമായ വൈഷമ്യമുള്ള പ്രശ്നങ്ങൾക്കിടയാക്കും. മലബാർ ഈ സംസ്ഥാനത്തോടു് യോജിപ്പിക്കുകയാണെങ്കിൽ ഇൻഡ്യാ ഗവണ്മെൻറ വേണ്ടുവോളം ധനസഹായം നൽകണം.

2. തമിഴ് സംസാരിക്കുന്ന പ്രദേശമോ അതില്ലെങ്കിലും ഭാഗമോ നീക്കിക്കിട്ടുന്നതിനുള്ള അവകാശവാദം വസ്തുതകൾക്കെതി

രണ്. ഇതു ഈ സ്റ്റേറ്റിന്റെ ഭക്ഷ്യനില, വിദ്യുച്ഛക്തി ഉല്പാദനം മുതലായവയെ ദോഷകരമാംവിധം ബാധിക്കും.

3. ഇപ്പോഴത്തെപ്പോലെ ഫോർട്ടുകൊച്ചി ഈ സ്റ്റേറ്റിൽ ചേർക്കാതിരിക്കുന്നതു് ഒരു ക്രമക്കേടാണ്. അതു ഭരണപരമായ അസൗകര്യത്തിനും, നികുതി നഷ്ടത്തിനും സാരമായി ഇടയാക്കുന്നു.

Sales-tax on Cigarettes.

※827. [109] **Shri N. Narayana Kurup:** Will the Minister for Finance be pleased to state:

(*a*) the amount of sales-tax realised by Government on cigarettes in the period from 1st April 1954 to 31st May 1954;

(*b*) the same realised in the previous three months *i. e.* January, February and March 1954;

(*c*) whether the loss is not due to smuggling of cigarettes from Fort Cochin;

(*d*) if the answer to part (c) is in the affirmative what steps has the Government taken to stop the smuggling or to equalise the prices in both the places?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) Rs. 1,03,921-1-3.

(*b*) Rs. 1,80,495-2-4.

(*c*) It cannot definitely be said that it is due to smuggling.

(*d*) Does not arise in view of answer to (c) above.

Price of Scissors Cigarettes.

※828. [110] **Shri N. Narayana Kurup:** Will the Minister for Finance be pleased to state:

(*a*) the price of 1000 Scissors Cigarettes in the Fort Cochin;

(*b*) the same in Travancore-Cochin State;

(*c*) the reasons for the difference;

(*d*) whether the difference is due to the increased rate of sales-tax in the Travancore-Cochin State;

(*e*) whether they are aware that smuggling of cigarettes is taking place and the State is losing large amount of tax?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) Rs. 29-1-0.

(*b*) Rs. 33-6-0.

(*c*) The difference in price is due to the levy of Excise license fee and sales-tax.

(*d*) The difference is not merely due to the rate of sales-tax but also due to the levy of Excise license fee.

(*e*) No.

നെടുംകോട്ട.

*829. [114] ശ്രീ. പി. കേശവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പുവിന്റെ ആക്രമണകാലത്ത് 'കൃഷ്ണൻകോട്ട' മുതൽ ചോടശ്ശേര് മലവരെ പണിചെയ്യിട്ട നെടുംകോട്ട ഗവണ്മെന്റ് ഇപ്പോഴും സംരക്ഷിച്ചുവരുന്നുണ്ടോ;

(ബി) ഭവനരഹിതരായുള്ള ഈ സാധുക്കൾക്ക് കുടിൽവച്ചു താമസിക്കുവാൻ പതിച്ചുകൊടുക്കുന്നതിന് ഗവണ്മെന്റിന് സന്മനസ്സുണ്ടാകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) ഇതിനെപ്പറ്റി പര്യാലോചിക്കുന്നതാണ്.

STARRED QUESTIONS POSTED FOR ANSWER ON 17-7-1954.

Vilathura Lift Irrigation Scheme.

*830. [21] **Shri A. Kunjan Nadar**: Will the Minister for Works and Transport be pleased to state:

(*a*) whether the Government passed orders to begin the Vilathura Lift Irrigation Scheme; if so when;

(*b*) whether the electricity portion of the work is completed; if so when and at what cost;

(*c*) what was done with the amount allotted for this scheme in the 1953-54 Budget?

Minister for Works and Transport (**Shri A. Achuthan**):

(*a*) Yes. The original estimate for the work was sanctioned on 29-3-51. This estimate had to be revised subsequently and it was found that the cost would be much higher than originally estimated. The work was therefore held up.

(*b*) The electrical portion of the Vilathura Lift Irrigation Scheme has not been completed in full. 8595 feet of II.K.V. line has been completed. An amount of Rs. 33,672-13-0 has been expended for the work till date.

(*c*) The amount allotted for the Vilathura Lift Irrigation Scheme in the year 1953-54 Budget was utilised for other irrigation works.

Payment of Rebate.

*831. [26] **Shri A. Kunjan Nadar**: Will the Minister for Works and Transport be pleased to state:

(*a*) whether any tax rebate is given by the Government to T. V. S. vehicles plying in the State;

(*b*) if so when was such rebate granted and the amount so granted?

Minister for Works and Transport **(Shri A. Achuthan):**

(*a*) Government have granted temporary tax exemption in respect of certain buses of the Southern Roadways, Ltd., Madura, running into the State area at Shencottah for less than a mile.

(*b*) The temporary exemption mentioned in answer to sub-division (a) was granted with effect from the 1st February 1954.

കടത്തുവള്ളത്തൊഴിലാളികൾ.

* 832. [27] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ആകെ എത്ര ഗവണ്മെന്റുവക കടത്തുവള്ളങ്ങളും ചങ്ങാടങ്ങളും ഉണ്ട്;

(ബി) ഈ വള്ളങ്ങളിലും ചങ്ങാടങ്ങളിലും പണി എടുക്കുന്ന തൊഴിലാളികളുടെ സംഖ്യ എത്ര;

(സി) അവർക്ക് അനുവദിച്ചിട്ടുള്ള അടിസ്ഥാന ശമ്പളമെത്ര;

(ഡി) ഇവരുടെ ജോലി സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇവർക്ക് ലീവ് അനുവദിക്കാറുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഗവണ്മെന്റുവകയായി നടത്തുന്ന 470 കടത്തുവള്ളങ്ങളും 16 ചങ്ങാടങ്ങളും ഉണ്ട്.

(ബി) 609.

(സി) ശമ്പളം 20 രൂപായും ക്ഷാമബത്ത 22 രൂപായും.

(ഡി) ഇല്ല. എങ്കിലും രാവിലെ കാലത്തു 6 മണി മുതൽ രാത്രി 8 മണിവരെ ആണ് ഇവരുടെ ജോലിസമയം.

(ഇ) ശമ്പളത്തോടുകൂടിയ ക്യാഷ്വൽ ലീവ് അനുവദിക്കാറുണ്ട്.

ഹരിജനവിദ്യാർത്ഥികൾ.

* 833. [28] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സ്കൂൾ വർഷത്തിൽ എത്ര ഹരിജനങ്ങൾ സംസ്ഥാനത്തെ വിവിധ കാളേജുകളിൽ പഠിച്ചിരുന്നു;

(ബി) കഴിഞ്ഞ സ്കൂൾ വർഷം എത്ര ഹരിജനങ്ങൾ സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ പഠിച്ചിരുന്നു;

(സി) ഇവരുടെ വിദ്യാഭ്യാസത്തിനു എന്തെല്ലാം സൗകര്യങ്ങളും സൗജന്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്; അതിലേക്ക കഴിഞ്ഞ വർഷം എത്ര രൂപാ ചെലവായി?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) സംസ്ഥാനത്തെ വിവിധ കാളേജുകളിലായി 562 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.

(ബി) ഉദ്ദേശം 3400 വിദ്യാർത്ഥികൾ.

(സി) താഴെകൊടുത്തിരിക്കുന്ന സൗജന്യങ്ങൾ കാളേജുവിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

1. മുഴുവൻ ഫീസ് സൗജന്യം.

2. കാളേജിൽനിന്നും 5 മൈലിനുള്ളിൽ താമസിക്കുന്നവർക്കു പ്രതിമാസം 40 രൂപയും 5 മൈലിനുള്ളിൽ താമസിക്കുന്നവർക്കു പ്രതിമാസം 45 രൂപയും വീതം പ്രതിമാസവേതനം.

3. പുസ്തകം, വസ്ത്രം തുടങ്ങിയവയ്ക്കായി താഴെകാണുന്ന പ്രകാരമുള്ള മൊത്തസംഖ്യ.

i. U. C.	Rs.	60
ii. ,,	,,	50
iii. ,,	,,	70
iv. ,,	,,	60
ഡിപ്ലോമാ	,,	50
മെഡിക്കൽകാളേജ്	,,	250
ആയുർവേദകാളേജ്	,,	120
ഇഞ്ചിനിയറിംഗ് കാളേജ്	,,	150
ലാക്കാളേജ്	,,	150

ഹൈസ്കൂളിൽ പഠിക്കുന്ന പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസ് സൗജന്യവും 40 രൂപാവീതം മൊത്ത സംഖ്യയും നൽകി.

ഹൈസ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു 7 രൂപാ വീതം പ്രതിമാസവേതനവും 15 രൂപാവീതം വർഷവേതനവും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനത്തിൽ ആകെ മൊത്തം 5 ലക്ഷം രൂപാ കഴിഞ്ഞവർഷം ചെലവായിട്ടുണ്ട്.

Cut in Electric current.

*834 [31] **Shri P. V. Avira Tharakan:** Will the Minister for Works and Transport be pleased to state:

(a) the number of working days lost to the factories and oil mills due to the electric current-cut in 1954;

(b) how many labourers have lost their work due to this; and

(c) what is the total loss?

Minister for Works and Transport **(Shri A. Achuthan):** (a) Six hundred and fifty-two (652) working days were lost to the factories and oil mills due to the cut.

(b) 5,415 labourers were affected;

(c) The question is not clear and hence cannot be answered.

Private services in Cochin area.

*835. [33] **Shri P. V. Avira Tharakan**: Will the Minister for Works and Transport be pleased to state:

(a) does the Government propose to take over routes run by private services in the Cochin area;

(b) did the previous Government pass orders to take over the Ernakulam-Mattancherry town service; and

(c) if so, what happened to that order?

Minister for Works and Transport (**Shri A. Achuthan**):

(a) Yes. Ernakulam Town area.

(b) No final order was passed.

(c) Does not arise in view of (b) above.

ഡ്രൈവർമാക്കും കണ്ടക്ററർമാക്കും ബാററ.

*836. [36] ശ്രീ. ററി. ഓ. ബാവാ: താഴെപറയുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്പോർട്ട് ഡ്രൈവർമാർക്കും കണ്ടക്ററർമാർക്കും ഡെയിലി ബാററയായി എന്തുവീതം നൽകുന്നുണ്ട്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

ഡ്രൈവർക്ക്	12 അണ.
കണ്ടക്ററർക്ക്	12 അണ.

ബസ്സ് റൂട്ടുകൾ.

*837. [38] ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബസ്സുറൂട്ടുകൾ അനുവദിച്ചുകൊടുക്കുമ്പോൾ അതു കൈമാററം ചെയ്യാൻ പാടില്ലെന്നു വല്ല വ്യവസ്ഥയും ചെയ്യിക്കാറുണ്ടോ; ഉണ്ടെങ്കിൽ കൈമാററം ചെയ്യുന്നവരുടെമേൽ എന്തുകൊണ്ട് നടപടി നടത്തുന്നില്ലെന്നു പറയുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

പെർമിററ് കൈമാററം ചെയ്യുവാൻ ട്രാൻസ്പോർട്ട് അതോറിററിയുടെ അനുവാദം വേണം എന്നു മോട്ടോർ വെഹിക്കിൾസ് ആക്ററ് സെക്ഷൻ 59 (1) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സെക്ഷൻ പ്രകാരം ഗവണ്മെൻറ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് (മോട്ടോർ വെഹിക്കിൾസ് റൂൾ 208 മുതൽ 213 വരെ നോക്കുക). ആക്ററിലെ നിർദ്ദേശങ്ങൾക്കോ അതുപ്രകാരമുള്ള ചട്ടങ്ങൾക്കോ വിപരീതമായി പ്രവർത്തിച്ചാൽ കുററകരമാണെന്നും അതു എന്താണെന്നും മോട്ടോർ വെഹിക്കിൾസ് ആക്ററ് സെക്ഷൻ 112-ൽ നിർദ്ദേശിച്ചിട്ടുണ്ട്. അതുകൊണ്ട് ബസ്സുറൂട്ടുകൾ അനുവദിക്കുമ്പോൾ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ല. റൂളുകൾക്കു വിപരീതമായി കൈമാററം ചെയ്യുന്നവരുടെ പേരിൽ തക്ക നടപടി എടുക്കുന്നതായിരിക്കും.

ബോട്ടുകളിലെ ചരക്ക കയററ്.

✱ 838. [39] ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

കൊല്ലം-ആലപ്പുഴ ലൈനിൽ സർവീസ് നടത്തുന്ന ബോട്ടുകളിൽ അമിതമായി ചരക്കുകൾ കയററുന്നതുനിമിത്തം യാത്രക്കാർക്ക് അസൗകര്യവും നാവികതൊഴിലാളികൾക്ക് തൊഴിലില്ലായ്മയും ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

പൊതു മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

അഖിലകേരളനാവികതൊഴിലാളിസംഘത്തിൽനിന്നും അപ്രകാരം ഒരു പരാതി ലഭിച്ചിട്ടുണ്ട്. ചട്ടപ്രകാരം അനുവദിച്ചിട്ടുള്ളതിൽ കവിഞ്ഞ ചരക്കകയററ് കർശനമായി നിരോധിക്കാൻവേണ്ട നിർദ്ദേശങ്ങൾ കനാൽ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്.

Roads in South Travancore.

✱ 839. [42] **Shri R. Ponnappa Nadar**: Will the Minister for Works and Transport be pleased to state:

(a) is it a fact that many of the roads of South Travancore are classified as Village roads so as to lessen the amount spent on maintenance;

(b) will the Government rectify this; and

(c) what is the classification of roads?

Minister for Works and Transport (**Shri A. Achuthan**):

(a) No.

(b) Does not arise in view of answer to (a).

(c) National Highways, Provincial Highways, Major and Minor District Roads and Village Roads.

M. S. Road.

✱ 840. [43] **Shri R. Ponnappa Nadar**: Will the Minister for Works and Transport be pleased to state whether there is a proposal to widen the M. S. Road to a width of 80 ft.?

Minister for Works and Transport (**Shri A. Achuthan**): Under the Five Year Plan for National Highways there is a proposal to widen the existing National Highways in this State to 40 feet within available land-width where there are buildings adjoining the road and to 40 feet with 80 feet land-width where there are no buildings. The M. S. Road forms part of National Highways.

Kodayar Irrigation Project.

✱ 841. [44] **Shri R. Ponnappa Nadar**: Will the Minister for Works and Transport be pleased to state:

(a) what is the total extent of land benefited by the Kodayar Irrigation Project in Vilavancode taluk;

(b) was there not excess water at Pechippara dam after catering to the needs of Nanjinad;

(c) what is the total acreage that could be irrigated by the full capacity of the Pechipara dam water; and

(d) what is the total acreage under the Kodayar Irrigation Project?

Minister for Works and Transport **(Shri A. Achuthan)**:
(a) 143 acres.

(b) Though there are water surpluses in Pechippara Dam once inthree or four years, shortage of water is experienced by cultivators when seasonal rain fails during dry years.

(c) 50,074 acres.

(d) Actual irrigated area is 56,167 acres 41·346 cents.

മുനിസിപ്പൽ അതിർത്തികളിലുള്ള റോഡുകൾ.

*842. [45] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ അതിർത്തികളിലുള്ള റോഡുകൾ കോൺക്രീററ ചെയ്യുമ്പോഴും ടാർ ഇടുമ്പോഴും മുനിസിപ്പാലിററികളിൽനിന്ന് കോൺട്രിബ്യൂഷൻ വാങ്ങണമെന്ന് നിർബന്ധമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം contribution വാങ്ങണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഇപ്രകാരം Contribution കൊടുക്കാൻ തക്ക സാമ്പത്തികസ്ഥിതിയില്ലാത്ത മുനിസിപ്പാലിററികളാണോ ഈ സംസ്ഥാനത്ത് അധികമായിട്ടുള്ളത്;

(ഡി) ഇക്കാര്യത്തിൽ ഗവണ്മെൻറിൻെറ ഇപ്പോഴത്തെ നയം ഭേദപ്പെടുത്തുന്ന കാര്യം ഗവണ്മെൻറ പര്യാലോചിക്കുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി **(ശ്രീ. എ. അച്യുതൻ)**:

(എ) ട്രങ്ക് റോഡുകളൊഴിച്ചുള്ളവയ്ക്ക് കോൺട്രിബ്യൂഷൻ വാങ്ങണമെന്ന് നിർബന്ധിക്കാറുണ്ട്.

(ബി) മുനിസിപ്പാലിററിയുടെ വരുമാനം അനുസരിച്ച് ഇരുപത്തിയഞ്ച്, മുപ്പത്തിമൂന്ന്, അൻപതു് എന്നിങ്ങനെ.

(സി) ഇല്ല.

(ഡി) ഇക്കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണ്.

തൊമ്മൻകുത്തു പദ്ധതി.

* 843. [54] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊമ്മൻകുത്തു പദ്ധതിക്കുവേണ്ടി ഗവണ്മെൻറ ഇതിനകം എത്ര തുക മുടക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ പണികൾ നിറുത്തിവെക്കുവാൻ ഉള്ള കാരണങ്ങളെന്താണ്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉദ്ദേശം 30,000 രൂപാ ഇതിനകം ചെലവു ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി പുനഃപരിശോധന ചെയ്തതിൽ അണ കെട്ടുന്നസ്ഥാനം ആവണിയാർകുത്ത് എന്ന സ്ഥലത്തേക്ക് മാററുന്നത് കൂടുതൽ സൗകര്യപ്രദവും പ്രയോജനകരവുമാണെന്ന് കണ്ടിരിക്കുന്നു. കൂടാതെ അണ കെട്ടുന്നതിന് അനുവദിച്ച തുക (രൂപ 1,70,000) പോരെന്നും ജോലിപൂർത്തിയാക്കുന്നതിന് മൂന്നുലക്ഷത്തിൽപരം രൂപാ വേണ്ടിവരുമെന്നും ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി ഒരു തീരുമാനം എടുക്കേണ്ടതായി വന്നിരിക്കകൊണ്ട് അണയുടെ ജോലി തൽക്കാലം നിറുത്തിവയ്ക്കുകയാണുണ്ടായത്.

മത്സ്യവ്യവസായം.

*844. [56] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവ്യവസായത്തെ പോഷിപ്പിക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾക്ക് സഹായധനം നൽകുന്ന ഒരു പദ്ധതി ഗവണ്മെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾ മേൽപ്പറഞ്ഞ കാര്യത്തെപ്പററി നിവേദനങ്ങൾ നടത്തിയിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.
(ബി) ഉണ്ട്.

ഗവണ്മെന്റ് ട്രാൻസ്പോർട്ട് സർവ്വീസ്.

*845. [59] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ട്രാൻസ്പോർട്ട് സർവീസ് ഏതെങ്കിലും റൂട്ടുകളിൽ ഇക്കൊല്ലം പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.
(ബി) എറണാകുളം ടൗൺ സർവ്വീസ്.

Lease of land by P. W. D.

*846. [60] **Shri M. William**: Will the Minister for Works and Transport be pleased to state whether there is any Government order empowering the Chief Engineer P. W. D. to remit the revenue due to Government on account of the failure of the departmental subordinates to lease out the land?

Minister for Works and Transport (**Shri A. Achuthan**): No.

ട്രാൻസ്പോർട്ട് യൂണിയൻ സംഘടനാസ്വാതന്ത്ര്യം.

✻ 847. [62] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെൻഷണബിൾ ആക്കി എന്നു പറഞ്ഞുകൊണ്ട് ട്രാൻസ്പോർട്ടു തൊഴിലാളികൾക്ക് ട്രെയിഡ് യൂണിയനടിസ്ഥാനത്തിൽ സംഘടിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും നിഷേധിച്ചിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ): ഇല്ല.

STARRED QUESTIONS POSTED FOR ANSWER ON 19-7-1954.

Reorganisation of States.

✻ 848. [17] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(a) the attitude of the Government regarding the re-organisation of the States on linguistic basis;

(b) whether the Government have submitted any of its views to the States Reorganisation Commission during its visit to the State; and

(c) if so, what are the main views on this subject?

Chief Minister (**Shri A. Thanu Pillai**): (a), (b) & (c) Please refer to answer to Question No. 96 answered on Monday 12-7-1954.

ഗ്രന്ഥശാലാസംഘം ആഫീസ്.

✻ 849. [22] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടം തുളസീഹിൽ ബംഗ്ലാവിൽ സ്ഥാപിച്ചു നടത്തിവന്നിരുന്ന തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ് കന്റോൺമെന്റ് ഹൗസിനു മുൻവശമുള്ള ധവളപ്പുമെന്റ് ബിൽഡിംഗിലേക്ക് മാററിയിട്ടുണ്ടോ;

(ബി) ധവളപ്പുമെന്റ് ബിൽഡിംഗ് ഗ്രന്ഥശാലാ ആഫീസിനു മതിയാകാത്തതാണെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതേപ്പററി വല്ല നടപടിയും ഗവണ്മെന്റ് നടത്തിയിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

*850. [29] **Shri A. Kunjan Nadar**: Will the Chief Minister be pleased to state the total amount spent by the Neyyattinkara-Vilavancode Community Project for:

(a) Palm gur development;

(b) Handloom weaving; and

(c) Fisheries?

Chief Minister **(Shri A. Thanu Pillai)**: (a) Rs. 38,288-1-0.

(b) Nil.

(c) Rs. 1,860-8-0.

First Five Year Plan.

*851. [30] **Shri A. Kunjan Nadar**: Will the Chief Minister be pleased to state:

(*a*) whether the Government have sent up additional schemes for the first Five Year Plan;

(*b*) if so what are the schemes and the estimated amount for each scheme?

Chief Minister **(Shri A Thanu Pillai)**: (*a*) Yes; Government have made certain tentative proposals to the Government of India for the inclusion of a few additional schemes in the first Five Year Plan.

(*b*) The additional schemes and their estimated cost are as follows:—

(i)	Poringalkuthu—Installation of a 5th Generator set, Neriamangalam Scheme and Pallivasal Left Bank Scheme ..	65·0	lakhs
(ii)	Special surfacing of roads—100 miles.	25·0	,,
(iii)	Nationalised Transport Parcel Service and Standardising Workshop ..	13·0	,,
(iv)	Social (Adult) Education ..	5·8	,,
(v)	Avittam Thirunal Hospital ..	6·0	,,
(vi)	Upgrading of Mental Hospital, Oolampara ..	5·0	,,
(vii)	Training in Vocational Education to Backward Communities ..	·3	,,
	Total ..	120·1	,,

Second Five Year Plan.

*852. [31] **Shri A. Kunjan Nadar**: Will the Chief Minister be pleased to state:

(*a*) whether the Government have sent up the schemes to be included in the second Five Year Plan;

(*b*) if so what are the schemes and the estimated amount for each Scheme?

Chief Minister **(Shri A. Thanu Pillai)**: (*a*) No.

(*b*) Does not arise in view of answer to part (a).

പഞ്ചവത്സരപദ്ധതി.

*853. [33] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിനായി 1951-52, 1952-53 ഈ ബഡ്ജററുവഷങ്ങളിൽ ഈ സംസ്ഥാനത്തിൽ നന്ന് എത്ര രൂപ ചെലവഴിച്ചു;

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നു കിട്ടേണ്ട 57 കോടി രൂപയിൽ എത്ര രൂപ കിട്ടി; എത്ര രൂപ ചെലവഴിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 1951-52-ൽ 435 89 ലക്ഷം രൂപയും, 1952-53-ൽ 468·82 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷത്തിൽ 225 ലക്ഷം രൂപയും ഈ വർഷത്തിൽ 68 ലക്ഷം രൂപയും കേന്ദ്രഗവണ്മെൻറിൽ നിന്നും കിട്ടിയിട്ടുണ്ട്. ഇതിൽ 225 ലക്ഷം രൂപ കഴിഞ്ഞകൊല്ലംതന്നെ ചെലവഴിച്ചിട്ടുണ്ട്. ഇക്കൊല്ലത്തിൽ കിട്ടിയ 68 ലക്ഷം രൂപയിൽ എത്ര ചെലവായിട്ടുണ്ടെന്നുള്ളതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

നെൽക്കൃഷി.

*854. [45] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് എത്ര ഏക്കർ സ്ഥലത്തു് ഇന്നു് നെൽക്കൃഷി ചെയ്യുന്നുണ്ട്;

(ബി) നമ്മുടെ ജനസംഖ്യ വർദ്ധനവിനു് അനുപാതികമായി കൃഷിഭൂമിയുടെ വിസ്തീർണ്ണം വർദ്ധിക്കുന്നില്ലെന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജന്മിമാരും കാർഷിക മുതലാളിമാരും തരിശിടുന്ന കൃഷിനിലങ്ങൾ സക്കാർ ഏറെറടുത്തോ, കൃഷി ചെയ്യുവാൻ സമ്മതമുള്ള കൃഷിക്കാർക്ക് കൈവശപ്പെടുത്തി കൊടുത്തോ കൃഷിയിറക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) എട്ടു ലക്ഷം (8,00,000) ഏക്കർ ഭൂമിയിൽ ഇന്നു് നെൽക്കൃഷി ചെയ്യുന്നുണ്ട്.

(ബി) ജനസംഖ്യയുടെ വർദ്ധനവിനു് അനുപാതികമായി കൃഷിഭൂമിയുടെ വിസ്തീർണ്ണം വർദ്ധിക്കുന്നില്ലെന്നു് ഗവണ്മെൻറിനു് അറിയാം.

(സി) കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമി ഈ സംസ്ഥാനത്തു് വളരെ കുറവാണു്.

വളം.

*855. [56] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കൊല്ലത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര തുകയ്ക്കു് കർഷകർക്ക് വളം വിതരണം ചെയ്തിട്ടുണ്ടു്;

(ബി) കൊല്ലാവസാനത്തിൽ എത്ര സംഖ്യയുടെ വളം സർക്കാർ കൈവശം ബാക്കിയിരുപ്പുണ്ടു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ)

	ഡിസ്ട്രിക്റ്റ്	വിതരണംചെയ്ത വളത്തിന്റെ വില.		
		രൂ.	ണ.	സ.
1.	തിരുവനന്തപുരം	14,06,700	15	0
2.	കൊല്ലം	18,37,561	14	0
3.	കോട്ടയം	8,63,828	5	3
4.	തൃശ്ശൂർ	2,56,444	8	2

(ബി) 10,65,983 രൂപ 13 അണ 2 പൈസ വിലപിടിച്ചുള്ള വളം മിച്ചമിരിപ്പുണ്ടായിരുന്നു.

Travel Bureau.

*856. [59] **Shri R. Ponnappa Nadar**: Will the Minister for Finance be pleased to state:

(*a*) whether the accounts of the Travancore-Cochin Travel Bureau for the year 1953 have been audited;

(*b*) were there any complaints about its working;

(*c*) was there any enquiry?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) No.

(*b*) Yes.

(*c*) Yes.

Oodupulli Tenants of Ramangalam Pakuthy.

*857. [64] **Shri K. M. George**: Will the Minister for Finance be pleased to state:

(*a*) Are Government in receipt of a representation from the Vadavukode Oodupulli tenants against the enhancement of the price of paddy levied from their lands;

(*b*) Are those Oodupulli lands not Sirkar lands which belonged to the erstwhile Cochin Sirkar as Jenmis in the former Travancore State;

(*c*) Do Government propose to abolish the Oodupulli tenure and convert them into Sirkar lands and to levy land tax instead of rent from the Pattah holders?

Minister for Finance (**Shri P. S. Nataraja Pillai**): (*a*) Yes.

(*b*) Yes.

(*c*) The matter is under consideration of Government.

കടത്തുകൾ.

✻ 858. [71] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിവിഭാഗത്ത് കടത്തുകൾ ലേലം ചെയ്തു കൊടുക്കുന്ന ഇനത്തിൽ കഴിഞ്ഞ വർഷം ഗവണ്മെന്റിന് എന്തു തുക കിട്ടിയിട്ടുണ്ട്;

(ബി) തിരുവിതാംകൂർ വിഭാഗത്തു കടത്തുകൾ ലേലം ചെയ്തു കൊടുക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ രണ്ടു വിഭാഗങ്ങളിലും ഇങ്ങനെ വ്യത്യസ്ത നടപടി തുടർന്നുകൊണ്ടു പോകുന്നത് എന്തുകൊണ്ട്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 94,753 ക. 8 ണ.

(ബി) അതൃത്തിക്കടത്തുകൾ ഒഴികെ മറ്റൊന്നും തിരുവിതാംകൂർ വിഭാഗത്ത് ലേലംചെയ്തു കൊടുക്കുന്നില്ല.

(സി) പ്രത്യേകിച്ചു കാരണമൊന്നുമില്ല.

വിൽപ്പന നികുതി.

✻ 859. [105] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിപ്പിൾ പോയിന്റ് സമ്പ്രദായം അനുസരിച്ചാണോ ഇപ്പോൾ വിൽപ്പനനികുതി ഈടാക്കുന്നത്

(ബി) മൾട്ടിപ്പിൾപോയിന്റ സമ്പ്രദായം കച്ചവടക്കാർക്ക് വളരെ പ്രയാസമുണ്ടാക്കുന്നുണ്ടെന്നു കാണിച്ച് ചങ്ങനാശേരി, കൊല്ലം എന്നീ സ്ഥലങ്ങളിലെ മർച്ചന്റ്സ് അസോസിയേഷനിൽ നിന്നും വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(ഡ) മൾട്ടിപ്പിൾ പോയിന്റ് സമ്പ്രദായം നിറുത്തലാക്കി, സിംഗിൾ പോയിന്റ് സമ്പ്രദായം ആക്കുന്നതിനു വേണ്ട നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ബഹുമുഖ വിൽപ്പന നികുതിയാണ് ഇപ്പോൾ ഈടാക്കി വരുന്നത്.

(ബി) ഉണ്ട്.

(സി) വിൽപ്പനനികുതി അന്വേഷണക്കമ്മിറ്റി ഗവണ്മെന്റിലേക്ക് സമർപ്പിച്ച റിപ്പോർട്ടു പര്യാലോചിക്കുന്ന കൂട്ടത്തിൽ ഇക്കാര്യവും ഗവണ്മെന്റ് പര്യാലോചിച്ചുവരുന്നു.

(ഡി) ഇക്കാര്യവും ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുന്നു.

Seed Bulls.

*860 [107.] **Shri N. Parameswaran Pillai**: Will the Minister for Finance be pleased to state :

(*a*) Are Government maintaining seed bulls, if so, how many and at which places, what is the average cost of maintaining a seed bull ;

(*b*) what is the annual grant given to private persons or organisations maintaining seed bulls ;

(*c*) Does the Animal Husbandry Department or the Veterinary Department fix any upper limit for the number of crossings of the seed bull, and also the charges realised.

Minister for Finance (**Shri P. S. Nataraja Pillai**): (*a*) Yes; 42 Scindhi stud bulls and 7 Murrah buffaloes.

The bulls and buffaloes are stationed at the following places:

1. Government Dairy Farms at Ollukara and Kodappanakunnu.
2. Veterinary hospitals at Kuzhithura, Neyyattinkara, Nedumangad, Attingal, Quilon, Mavelikara, Thiruvalla, Perumbavoor, Wadakancherry, Ernakulam and Kottayam.
3. In Trivandrum city at (i) S. P. C. A. hospital; (ii) Veterinary hospital Pettah, (iii) Punnapuram (iv) Pattom (v) Manacaud and (vi) Thirumala.
4. Key Farm Centres at Nagercoil, Trivandrum, Kottayam Ernakulam, and Ollukara.
5. Artificial Insemination station at Alleppey.

The maintenance charge of a bull is Rs. 2 per day.

(*b*) A maximum grant of Rs. 150 per year is given for a pure bred stud bull and of Rs. 50 for a cross-bred one.

(*c*) Yes.

STARRED QUESTIONS POSTED FOR ANSWER ON 20-7-1954.

ട്രാവൽ ബ്യൂറോ.

*861. [17] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൽബ്യൂറോ ലിമിറ്റഡ് എന്ന കമ്പനിക്ക് വിട്ടുകൊടുത്തിരുന്ന കെട്ടിടങ്ങൾ ഗവണ്മെന്റിൽ നിന്നും മടക്കി എടുത്തോ; എടുത്തെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ബി) ടി കമ്പനിയിൽ നിന്നും കെട്ടിട വാടക ഇനത്തിൽ ഗവണ്മെന്റിലേയ്ക്കു് എന്തെങ്കിലും സംഖ്യ ഈടാക്കാനുണ്ടോ ; ഉണ്ടെങ്കിൽ തുക എന്തു് ;

(സി) ടി കമ്പനിയുടെ ഡയറക്ടറന്മാർ ആരെല്ലാം ;

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) എടുത്തു. ഗവണ്മെന്റിലേക്കു വാടക ഇനത്തിൽ പല കാലാകാലങ്ങളിൽ അടയ്ക്കേണ്ട തുക കുടിശ്ശിക വരുത്തിയതുകൊണ്ടും,

ട്രാവൽ ബ്യൂറോയ്ക്കു വിട്ടുകൊടുത്തിരുന്ന കെട്ടിടങ്ങളുടെ നടത്തിപ്പ് അതൃപ്തികരമാണെന്നു ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടതുകൊണ്ടും പ്രസ്തുത കെട്ടിടങ്ങൾ തിരിച്ചെടുത്തു.

(ബി) ഉണ്ട്. കമ്പനിവക കണക്കുകൾ തിട്ടപ്പെടുത്തി കഴിഞ്ഞിട്ടില്ലാത്തതിനാൽ സൂക്ഷ്മമായ തുക പറയുന്നതിന് ഇപ്പോൾ സാദ്ധ്യമല്ല

(സി) ശ്രീ. കെ. ആർ. ഇലങ്കത്ത്, ബി. എ.

ശ്രീ. പി. ആർ. രാമവർമ്മ രാജാ, ബി. എ. ബി. ഇ.

,, എ. വി. ജോർജ്ജ്.

,, പറയത്തു് രാമൻമേനോൻ.

,, കെ. ആർ. ജി. മേനോൻ.

,, വി. വി. ജോസഫ്, അഡിഷണൽ സെക്രട്ടറി, ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ്,

എന്നിവർ ഈ കമ്പനിയുടെ ഡയറക്ടറന്മാരായിരുന്നു.

State Transport Service.

*862. [27] Shri P. V. Avira Tharakan: Will the Minister for Works and Transport be pleased to state:

(*a*) whether the Government propose to extend the State Transport service to Trichur and other parts of Cochin District;

(*b*) if so, when do the Government intend to extend the Transport service?

Minister for Works and Transport (**Shri A. Achuthan**):

(*a*) The Government propose to extend the State Transport service in the Ernakulam Town area, but not to Trichur and other parts for the present.

(*b*) The question (*i. e.*, the nationalisation scheme) is under consideration, and steps will be taken to introduce the service at the earliest.

നഗരങ്ങളിലെ ജലവിതരണം.

*863 [31] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിൽ ശുദ്ധജല വിതരണത്തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുന്നുണ്ട്;

(ബി) വൈക്കത്തു് ശുദ്ധജലവിതരണത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് കാണിച്ച് വല്ല നിവേദനവും ഗവണ്മെൻറിലേക്ക് അയച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) വൈക്കം ടൗണിൽ ജലവിതരണത്തിനാവശ്യമുള്ള ശുദ്ധജലം കിട്ടുമോ എന്ന് പരീക്ഷിച്ചുനോക്കുവാൻ കുഴിച്ച കിണററിൻെറയും അന്വേഷണത്തിൻെറയും ഫലം എന്തായി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ പട്ടണങ്ങളിൽ ശുദ്ധജലവിതരണത്തിനുള്ള പ്രവൃത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.
(സി) അന്വേഷണം നടക്കുന്നു.
(ഡി) അന്വേഷണം പൂർത്തിയായിട്ടില്ല.

മരുന്നില്ലായ്മ.

✻ 864. [33] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കഴിഞ്ഞ മേയ്മാസത്തിൽ സംസ്ഥാനത്തെ പല ആശുപത്രികളിലും ഡിസ്പെൻസറികളിലും മരുന്നില്ലാതെവന്ന വിവരം സക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്ന് ഇല്ലാതെ വരുവാനുണ്ടായ കാരണം എന്താണെന്ന് പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

ഉണ്ട്. ബഡ്ജററിൽ അനുവദിച്ചതുക കഴിഞ്ഞുപോയതുകൊണ്ട്.

ട്രാൻസ്പോർട്ടു സർവ്വീസ് വികസനം.

✻ 865. [34] ശ്രീ. കെ. ററി. തോമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേററട്രാൻസ്പോർട്ടു സർവ്വീസ് ഇക്കൊല്ലം വികസിപ്പിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സംസ്ഥാനത്തെ ഒരു പ്രധാന റോഡായ കെ. കെ. റോഡിൽ ട്രാൻസ്പോർട്ട് സർവ്വീസ് നടപ്പിലാക്കണമെന്ന് പൊതുജനങ്ങളിൽ നിന്നും എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്തു നടപടി നടത്തി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) അക്കാര്യത്തെപ്പററി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

Vellathuval Scheme.

✻866. [35] **Shri K. M. George:** Will the Minister for Works and Transport be pleased to state:

(*a*) When was the Vellathuval Hydro-electric Scheme completed and current switched on;

(*b*) were the transmission lines completed at that time;

(*c*) why has not the work of the transmission lines taken up early enough so that the completion of the power house and transmission lines be simultaneous;

(*d*) is not Government incurring heavy loss because of this delay in constructing transmission lines ?

Minister for Works and Transport **(Shri A. Achuthan) :**

(*a*) The first generating set during the 2nd week of July.

(*b*) 66 K. V. line completed and 110 K. V. line in progress.

(*c*) Due to the difficulty and delay in getting the necessary steel required for the work.

(*d*) No. Generated power is being transmitted at present with the existing 66 K. V. line.

മൈനർ തുറമുഖങ്ങൾ.

✻ 867. [38] ശ്രീ. പി. കെ. അബ്ദുൾഖാദിർ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സ്റ്റേറ്റിലെ മൈനർ തുറമുഖങ്ങളെ സംബന്ധിച്ച് ഒരു സർവ്വെ നടത്തുവാൻ ഗവൺമെന്റ് ഒരുക്കമുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

സംസ്ഥാനത്തിലെ മൈനർ തുറമുഖങ്ങളെ സംബന്ധിച്ച് ഒരു സർവ്വെ നടത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

പ്രൈവററ് ബസ് ചാർജ്ജ്.

✻ 868. [39] ശ്രീ. സി. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ട്രാൻസ്പോർട്ടുബസ്സിലെ ചാർജിനെക്കാൾ പ്രൈവററുബസ്സ് ചാർജ് കൂടുതലാണോ;

(ബി) ആണെങ്കിൽ അതിനുള്ള കാരണമെന്താണ്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) അതേ.

(ബി) പ്രൈവററുബസ്സുകളിൽ ചാർജ്ജ് കൂട്ടണമെന്ന് ബസ്സുടമസ്ഥന്മാർ പരാതിപ്പെട്ടതിനാലും, ബസ്സുകളുടെയും Spare parts ന്റെയും മററും വിലവർദ്ധനവു പരിഗണിച്ചും വെഹിക്കിൾടാക്സ് കൂട്ടിയതിനാലും ഗവൺമെന്റ്, പ്രൈവററുബസ്സുകളിൽ ചാർജ്ജ് അല്പം കൂട്ടി കൊടുത്തു.

Types of Schools.

✻869. [40] **Shri M. V. Cherian :** Will the Chief Minister be pleased to state the number of acceded and non-acceded schools in the State division-war.

Chief Minister **(Shri A. Thanu Pillai) :**

Division.		*Acceded schools.*	*Non-acceded schools.*
Trivandrum	..	105	14
Quilon	..	179	26

Division.		*Acceded schools.*	*Non-acceded schools.*
Thiruvella	..	199	22
Muvattupuzha	..	205	8
Ernakulam	..	42	5
Irinjalakuda	..	63	1
Trichur	..	50	3
Inspectress of Girls Schools Trivandrum	..	44	7
Inspectress of Girls' Schools, Ernakulam	..	38	7
Total	..	925	93

Road surfacing.

*870. [41] **Shri M. V. Cherian :** Will the Minister for Works and Transport be pleased to state :

(*a*) the mileage of roads other than the National Highways either tarred or concreted under the jurisdiction of the different Executive Engineers of this State ;

(*b*) the expense incurred for surfacing a mile of road and remetalling a mile of road ;

(*c*) the new roads proposed to be tarred during this year in the Muvattupuzha Taluk.

Minister for Works and Transport **(Shri A. Achuthan) :**

	Executive Engineers.		*Miles.*	*Fgs.*
(*a*)	1. Nagercoil	..	17	5
	2. Trivandrum	..	55	0
	3. Quilon	..	83	2
	4. Kottayam	..	46	4
	5. Muvattupuzha	..	76	0
	6. Ernakulam	..	40	1
	7. Trichur	..	32	6
	8. Road Concreting Dn. Quilon	..	48	6

(b) 1. *For Tarring.*—(*a*) Semi-grouting of Rs. 20,000 per mile 12′ wide.

(b) Surface painting Rs. 16,000 per mile 12′ wide.

(c) Shelcreting Rs. 36,000 per mile 12′ wide.

2. For concreting Rs. 60,000 per mile of 12′ wide.

3. For remetalling Rs. 8,000 per mile of 12′ wide.

(c) 18 miles.

വൈദ്യുതപദ്ധതി.

*871. [43] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

“ഇടുക്കി” വൈദ്യുതപദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തു നടപടിയാണ് ഗവണ്മെന്റിൽനിന്നും സ്വീകരിച്ചിട്ടുള്ളതു്?

പൊതു മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

ഇപ്പോൾ തന്നെ നടത്തിവരുന്ന ഷോലയാർ, പമ്പയാർ, കാക്കിയാർ എന്നീ പദ്ധതികളുടെ അന്വേഷണങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ ഇടുക്കി പദ്ധതിയുടെ അന്വേഷണം നടത്തുന്നതിനു് ഉദ്ദേശിക്കുന്നുള്ളു.

മോട്ടോർ അപകടം.

※ 872. [44] ശ്രീ. പി. എം. മാർക്കോസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ഫെബ്രുവരി 2-ാംതീയതി കെ. കെ. റോഡിൽ 12-ാം മൈലിലുണ്ടായ മോട്ടോർ അപകടത്തെ സംബന്ധിച്ചു് ഗവണ്മെന്റു് അന്വേഷണം നടത്തിയോ;

(ബി) ടി അപകടത്തിൽപ്പെട്ടു മരണമടയുകയും, മുറിവുകൾ സംഭവിക്കുകയും ചെയ്തിട്ടുള്ളവരുടെ കുടുംബങ്ങൾക്കു് ആശ്വാസപ്രദമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(സി) കൂടുതൽ സർവീസുകൾ അനുവദിച്ചും, ഓവർ സ്പീഡും, ഓവർലോഡും നിയന്ത്രിച്ചും ഇത്തരം അപകടങ്ങൾ ലഘൂകരിക്കാൻ ഗവണ്മെന്റു് വേണ്ട നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) ഉവ്വു്. പ്രസ്തുത അപകടം 2-5. 54-ൽ ഉണ്ടായതാണു്. 2-2. 54-ൽ അല്ല.

(ബി) ടി അപകടത്തിൽപ്പെട്ടു മരണമടഞ്ഞ രണ്ടുപേരുടെ അവകാശികളിൽനിന്നും കിട്ടിയിട്ടുള്ള കോമ്പൻസേഷനുള്ള അപേക്ഷകളിന്മേൽ സ്റ്റേററു് ഇൻഷ്വറൻസു് ഡിപ്പാർട്ടുമെന്റു വേണ്ട നടപടി നടത്തുന്നുണ്ടു്.

(സി) അപകടങ്ങൾ ലഘൂകരിക്കുവാൻ വേണ്ട പരിഹാരനടപടികൾ ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു്.

പുനലൂർ-മുണ്ടക്കയം റോഡു്.

※ 873. [46] ശ്രീ. പി. എസ്. വാസുദേവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര മൈൽദൂരം ഡസ്റ്റ്ലെസ് റോഡുകൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) പുനലൂർ—മുണ്ടക്കയം റോഡിൽ എത്ര മൈൽ കൊള്ളിച്ചിട്ടുണ്ടു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) 250 മൈൽ.

(ബി) 19 മൈൽ.

Over-crowding in buses.

*874. [48] **Shri T. T. Daniel**: Will the Minister for Transport be pleased to state :

(*a*) how many new buses are put in the lines in Trivandrum Division in the year 1954 ;

(*b*) does the Government intend to put more buses in the different routes to avoid over-crowding ?

Minister for Works and Transport (**Shri A. Achuthan**) :

(*a*) 14.

(*b*) Yes.

Clerks in the P. W. D.

*875. [49] **Shri M. William**: Will the Minister for Works and Transport be pleased to state :

Whether it is a fact that clerks of the P. W. D. who have passed the Account Test (higher) were not promoted to the grade of Rs. 80-120 till this date even though several places are vacant ?

Minister for Works and Transport (**Shri A. Achuthan**) : No. Prior to the reorganisation on 2-7-1954, there was no clerical posts on Rs. 80-120 in P. W. D. Vacancies of clerks on Rs. 80-100 were filled up by promoting qualified clerks who were senior to those who possessed Account Test Higher qualification.

ട്രാൻസ്പോർട്ട് ബസ്സുകൾ.

*876. [52] ശ്രീ. ബി. ബി. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേക്ക് ആകെ എത്ര Guy ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) അവയിൽ ഓരോ ഡിസ്ട്രിക്ടിലേക്കും എത്ര ബസ്സുകൾ വീതം നൽകിയിട്ടുണ്ട്;

(സി) കൊട്ടാരക്കര ഡിസ്ട്രിക്ടിലേക്ക് ബസ്സുകൾ നൽകാത്തതിൻെറ കാരണമെന്ത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ).

(എ) 36.

(ബി)	തിരുവനന്തപുരം	10
	ആലപ്പുഴ	3
	കോട്ടയം	3

ബാക്കി വണ്ടികൾക്ക് ബോഡി പണിയുന്നതേയുള്ളു.

(സി) വണ്ടികൾ എക്സ്പ്രസ് വണ്ടികളായിട്ടാണ് ഉപയോഗിക്കുന്നത്. കൊട്ടാരക്കര ഡിസ്ട്രിക്ടിൽനിന്നും എക്സ്പ്രസ് സർവീസുകൾ പുറപ്പെടുന്നില്ല. അതിനാൽ അവിടെ വണ്ടികൾ നൽകിയിട്ടില്ല.

സ്യകൾ പുറപ്പെടുന്നില്ല. അതിനാൽ അവരുടെ Guy വണ്ടികൾ നൽകിയിട്ടില്ല.

ബസ്സുകളിലെ ഓവർലോഡിങ്ങ്.

*877. [53] ശ്രീ. ബി. ബി. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഷട്ടിൽ ബസ്സുകളിൽ യാത്രക്കാരെ നിറത്തിക്കൊണ്ടുപോവുകയും മററു ബസ്സുകളിൽ നിന്ന് യാത്രചെയ്യാൻ അനുവദിക്കാതിരിക്കയും ചെയ്യുന്നതിന്റെ കാരണമെന്ത്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

ഇപ്പോഴുള്ള ബസ്സുകളുടെ എണ്ണംകൊണ്ട് മെയിൻലൈൻസർവീസുകളിൽ മാത്രമേ ഓവർലോഡ് നിശ്ശേഷം നിറുത്തുവാൻ സാധിക്കുന്നുള്ളു.

National Highway.

*878. [54] **Dr. P. T. Thomas:** Will the Minister for Works and Transport be pleased to state:

(*a*) whether the Government of India have finalised the question of National Highways; and

(*b*) whether the work in this direction will be taken up immediately?

Minister for Works and Transport **(Shri A. Achuthan):**

(*a*) No.

(*b*) The part of the work which this Government have to do will be finalised as early as possible.

Pamba River Scheme.

*879. [55] **Shri Idiculla Idiculla:** Will the Minister for Works and Transport be pleased to state:

how much time in the opinion of Government will it take to complete the proposed Pampa River Scheme.

Minister for Works and Transport **(Shri A. Achuthan):**

The scheme is proposed to be taken up and completed during the period of the Second Five Year Plan, commencing from 1956-57, and the construction is expected to last for five years from the date of commencement.

ഇലക്ട്രിസിററി വിതരണം.

*880. [56] ശ്രീ ഇടിക്കുള ഇടിക്കുള: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

റാന്നി ഐത്തലപള്ളിപ്പടിവരെ നാട്ടിയിരിക്കുന്ന ഇലക്ട്രിക്ക് തൂണുകൾകൊണ്ട് ഉണ്ടാകുന്നതിൽ വളരെ പ്രയോജനം പ്രസ്തുത ലൈൻ അല്പംകൂടി നീട്ടി ചെറുകുളഞ്ഞിപാലംവരെ തൂണുകൾ നാട്ടുന്നതുകൊണ്ട് ഉണ്ടാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന ലൈനുകൾ രണ്ടും പ്രയോജനകരമാകയാൽ പെരുന്തലപ്പള്ളിക്കടവരെ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള ലൈൻ ചെറുകുളഞ്ഞിപാലംവരെ നീട്ടുവാൻ വേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

ഓവർടൈം അലവൻസ്.

* 881. [57] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിലെ ഓവർടൈം അലവൻസ് തൊഴിലാളികൾക്കു് അനുവദിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്നു് വിശദമാക്കുമോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) നിശ്ചിതജോലിക്കു പുറമേ ജോലി ചെയ്യിക്കേണ്ടിവരുമ്പോൾ ഓവർടൈം അലവൻസ് അനുവദിക്കുന്നു. ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും ശമ്പളത്തിന്റെ ഒന്നര ഇരട്ടി ക്രമത്തിനും, മെക്കാനിക്കൽ സ്റ്റാഫിനു് ശമ്പളത്തിന്റെ രണ്ടിരട്ടി ക്രമത്തിനുമാണു് അലവൻസ്.

ഹരിജൻ ഹോസ്റ്റലുകൾ.

* 882. [64] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് തിരുവിതാംകൂറിൽ എത്ര ഹരിജൻ ഹോസ്റ്റലുകൾ ഉണ്ടായിരുന്നു;

(ബി) ഹോസ്റ്റലുകൾ നിറുത്താനുള്ള പ്രത്യേകകാരണങ്ങളുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഏഴു ഹോസ്റ്റലുകൾ.

(ബി) ഉണ്ടു്; ഹരിജൻ ഹോസ്റ്റലുകൾ നടത്തിക്കൊണ്ടിരുന്ന കാലത്തു് വളരെ കുറച്ചുവിദ്യാർത്ഥികൾക്കു് മാത്രമേ അതു് പ്രയോജനപ്പെട്ടിരുന്നുള്ളു എന്നു ബോദ്ധ്യമായതിനാൽ ആ പദ്ധതി ഉപേക്ഷിച്ചിട്ടു് സംസ്ഥാനത്തുള്ള എല്ലാ ഹരിജൻ വിദ്യാർത്ഥികൾക്കും ഉപകാരപ്പെടത്തക്കവണ്ണം ധനസഹായം ചെയ്യുന്നതിലേയ്ക്കുള്ള ഒരു പദ്ധതി ഗവണ്മെൻറ് നടപ്പിലാക്കി.

പിന്നാക്കസമുദായ വിദ്യാർത്ഥികൾ.

* 883. [67] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953–54 വർഷത്തിൽ സംസ്ഥാനത്തുള്ള കാളേജുകളിൽ ആകെ എത്രവീതം ഗിരിവർഗ്ഗം, പട്ടികജാതി, പിന്നാക്കസമുദായം എന്നീ വിഭാഗങ്ങളിൽനിന്നു വിദ്യാർത്ഥികൾ പഠിച്ചിരുന്നു.

(ബി) ഇവരുടെ പ്രസ്തുതവർഷത്തെ ആകെ വിദ്യാഭ്യാസച്ചെലവ് എത്ര;

(സി) ഓരോ വിഭാഗത്തിനും എത്രവീതം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 1953–54 വർഷത്തിൽ സംസ്ഥാനത്തുള്ള കാളേജുകളിൽ 561 പട്ടികജാതി വിദ്യാർത്ഥികളും ഒരു പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥിയും 753 മററു പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളും പഠിച്ചിരുന്നു.

(ബി) ഇവരുടെ വിദ്യാഭ്യാസാവശ്യങ്ങൾക്കായി അധഃകൃതോദ്ധാരണ ഡിപ്പാർട്ടുമെൻറിൽനിന്നു 3,43,595 രൂപ ചെലവായിട്ടുണ്ടു്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കു ചെലവുചെയ്ത രൂപ 3,33,920; പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു രൂപ 510; മററു പിന്നാക്കസമുദായ വിദ്യാർത്ഥികൾക്കു് രൂപ 9,165.

കാളനികൾ.

※ 884. [69] ശ്രീ. പി. കെ. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് പുതിയ കാളനികൾക്കു് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഓരോ താലൂക്കിൽ നിന്നും എത്ര വീതം; എവിടെ നിന്നെല്ലാം;

(ഡി) ഇവയെക്കുറിച്ചു് എന്തു നടപടി നടത്തി;

(ഇ) ഏതെങ്കിലും കാളനി കടലാക്രമണം കൊണ്ടു് നഷ്ടപ്പെട്ടതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) അപേക്ഷകളെപ്പററി ഒരു നിശ്ചിതകാലനിർണ്ണയം ചോദ്യത്തിൽ തന്നിട്ടില്ലാത്തതിനാൽ വിവരങ്ങൾ ശേഖരിക്കാൻ നിവൃത്തിയില്ല.

(ബി) (സി) & (ഡി) എ-യുടെ ഉത്തരംകൊണ്ടു് ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഇ) ഉണ്ടു്.

(എഫ്) കടലാക്രമണംമൂലം ഭവനരഹിതരായിട്ടുള്ളവർക്കു് പുതിയ വീടുകൾ നൽകുന്നതിനാവശ്യമായ സത്വരനടപടികൾ എടുത്തുവരികയാണു്.

കടലാക്രമണം.

✻ 885. [70] ശ്രീ. ജെ. ഏ. ഭട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചെല്ലാനം മുതൽ മനാശ്ശേരിവരെയുള്ള തീരപ്രദേശങ്ങളിലെ കടലാക്രമണനിവാരണത്തിന് എന്തു പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ ആകെ വരുന്ന ചെലവു സംഖ്യ എത്ര;

(സി) ഈ ഇനത്തിൽ വല്ല തുകയും ഈ വർഷത്തിൽ ചെലവാക്കുവാൻ വേണ്ടി കേന്ദ്രഗവണ്മെന്റിൽ നിന്നു അനുവദിച്ചിട്ടുണ്ടോ;

(ഡി) കടലാക്രമണം കാരണം ദുരിതമനുഭവിക്കുന്ന തീരപ്രദേശങ്ങളിലെ ജനങ്ങൾക്കുവേണ്ടി ദുരിതാശ്വാസത്തിനായി ഗവണ്മെന്റ് എന്തു നടപടിയെടുത്തു?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) തീരപ്രദേശത്തുള്ള 10 നാഴിക നീളം കടലാക്രമണം തടയുന്നതിനു വേണ്ടി 1,11,22,000 രൂപയുടെ പണികൾക്കുള്ള ഒരു എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ട്. കരിങ്കൽ ചിറകൾ കെട്ടി കടലാക്രമണം തടയണമെന്നാണ് പദ്ധതി.

(ബി) 1,11,22,000

(സി) പരീക്ഷണാർത്ഥം ഒരു മൈൽ കരിങ്കൽ ചിറ കെട്ടുന്നതിനും മററും ആയി ഈ വർഷം 11 ലക്ഷം രൂപ കടമായി തരാമെന്ന് ഇൻഡ്യാ ഗവണ്മെന്റ് സമ്മതിച്ചിട്ടുണ്ട്.

(ഡി) എല്ലാ കൊല്ലവും ഗ്രോയിൻസിനു വേണ്ട സംരക്ഷണ പണികൾ ചെയ്യുന്നുണ്ട്. ഈ വർഷത്തെ കടലാക്രമണം ഉടൻ തടയുന്നതിനു മണൽ ചാക്കുകൾ ഇടുന്നതിനും മററും ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഒരു നാഴിക നീളമുള്ള കരിങ്കൽ ചിറ കെട്ടുന്നതിനുള്ള ഏർപ്പാടിലേയ്ക്കായി ഒരു സ്പെഷ്യൽ അസിസ്റ്റന്റ് ഇൻജിനീയരേയും നിയമിച്ചുകഴിഞ്ഞു. ഈ ഒരു മൈൽ ചിറ പണി ഉടനെ ആരംഭിക്കുന്നതാണ്.

യാത്രാബോട്ടുകളിലെ ചരക്കു കയററിയിറക്ക്.

✻ 886. [73] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാബോട്ടുകളിൽ ചരക്ക് കയററിറക്കു നടത്തുന്നതിനെപ്പററി നാവികത്തൊഴിലാളിയൂണിയനുകളുടെ വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി അതിന്മേൽ സ്വീകരിച്ചു;

(സി) ബോട്ടുകളിൽ ചരക്കു കയററിയിറക്കു നടത്തുന്നതു നിമിത്തം നാവികത്തൊഴിലാളികളുടെ തൊഴിലില്ലായ്മപ്രശ്നം ഗുരുതരമായിട്ടുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ട്.

(ബി) ചട്ടം അനുവദിക്കുന്ന അളവിൽ കവിഞ്ഞ് ചരക്കു കയററാതിരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

റെയിൽവേയും നാവികരും.

✻ 887. [74] ശ്രീ. ററി. ഭാസ്കരൻ പിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം—എറണാകുളം റെയിൽവേ പൂർത്തിയാകുന്നതോടുകൂടി സ്വാഭാവികമായി നാവികത്തൊഴിലാളികളുടെ ഇടയിൽ ഉണ്ടാകാവുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

ഇല്ല.

Street lights.

✻ 888. [76.] **Shri N. Parameswaran Pillai**: Will the Minister for Works and Transport be pleased to state:

(*a*) the number of street lights sanctioned for Changanacherry Municipal town for the year 1953-54.

(*b*) the number actually installed.

(*c*) the cause of not installing the sanctioned number;

(*d*) what is the length of new lines opened and existing lines extended in the Changanacherry Town in 1953-54 for private purposes;

(*e*) what steps have the Government taken in 1953-54 to extend electric line to the Kuttanad part of Changanacherry Taluk; and

(*f*) what does the Government propose to do in this matter this year;

Minister for Works and Transport (**Shri A. Achuthan**):

(*a*) 129.

(*b*) Nil.

(*c*) Shortage of street light fittings and L. T. line materials

(*d*) About 2¾ miles of L. T. lines.

(*e*) About 3½ miles of 11 K. V. and 2 furlongs of L. T. lines have been contructed in 1953-54 in Kuttanad part of Changanacherry Taluk.

(*f*) The work will be taken up according to the availability of funds in the Budget.

Panchayat Act.

✻889. [78.] **Shri V. V. Sebastian**: Will the Minister for Local Self Government be pleased to state :

(*a*) whether the Travancore-Cochin Panchayat Act and the Rules framed thereunder will enable the Panchayats in the State to attain gram swaraj as visualised by Mahatma Gandhi; and

(*b*) whether the Government do propose to revise the Panchayat Act so as to make the Panchayats real units of self Government with wider powers and authority ?

Minister for Local Self Government (**Shri P. K. Kunju**) :

(*a*) The Travancore-Cochin Panchayats Act and the Rules made thereunder have been framed with the intention of affording autonomy to the Panchayats so far as local needs are concerned.

(*b*) This is being considered.

STARRED QUESTIONS POSTED FOR ANSWER ON 21-7-1954.

നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം.

✻ 890. [2] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം കൂടുതൽ താലൂക്കുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏർപ്പെടുത്തിയസ്ഥലങ്ങളിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 1954-55 സ്കൂൾ വർഷത്തിൽ കൂടുതൽ താലൂക്കുകളിൽ നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഉണ്ട്.

എസ്സ്. എസ്സ്. എൽ. സി. പരീക്ഷ.

✻ 891. [6] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-ലെ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയ്ക്ക് എത്ര പേർ ചേർന്നു;

(ബി) അതിൽ എത്ര പേർ പാസ്സായിട്ടുണ്ട്;

(സി) 1953-ലെ വിജയശതമാനം എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 49,433.

(ബി) 23,184.

(സി) 44.2.

സംസ്കൃത ഹൈസ്കൂളുകൾ

※ 892. [7] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ രീതിയിലുള്ള സംസ്കൃതസ്കൂളുകൾ സംസ്ഥാനത്ത് എത്രയെണ്ണം ഉണ്ട്;

(ബി) പുനലൂർ നരസിംഹവിലാസം സംസ്കൃതസ്കൂളിനെപ്പറ്റി ഏതെങ്കിലും പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള):

(എ) 18

(ബി) വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അതിന്മേൽ ഡയറക്ടർ നടപടി എടുത്തിട്ടും ഉണ്ട്.

കേന്ദ്രത്തിലേയ്ക്ക് പോയ സർക്കാർ ജീവനക്കാർ.

※ 893. [9] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിലേയ്ക്ക് പോയ സർക്കാർജീവനക്കാർക്ക് വല്ല സംരക്ഷണവ്യവസ്ഥയും നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഗവണ്മെന്റ വല്ല ആശ്വാസ നടപടിയും എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെല്ലെടുപ്പ് ഉദ്യോഗസ്ഥന്മാർ.

※ 894. [11] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലെടുപ്പ് നിറുത്തിയതുമൂലം എത്ര ഉദ്യോഗസ്ഥന്മാർക്ക് ജോലി ഇല്ലാതായിത്തീർന്നിട്ടുണ്ട്;

(ബി) അവരിൽ എത്രപേരെ സർവീസിൽ എടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള):

(എ) ആകെ 518 തസ്തികകൾ നിർത്തൽ ചെയ്തതിൽ നാലുപേർക്ക് ജോലിയില്ലാതായി.

(ബി) അവരെ സർവ്വീസിൽ എടുത്തിട്ടില്ല. അവർക്ക് മററു ഡിപ്പാർട്ടുമെന്റുകളിൽ സുപ്പീരിയർ സർവ്വീസിൽ എന്തെങ്കിലും നിയമനം കൊടുക്കത്തക്ക പരീക്ഷായോഗ്യതയില്ലാത്തതുകൊണ്ടാണ് പിരിച്ചുവിടേണ്ടിവന്നത്. ഇൻഫീരിയർ സർവ്വീസിൽ, അവർക്ക് സമ്മതമാണെങ്കിൽ, ജോലി കൊടുപ്പാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ഒരുപ്പൂനിലങ്ങൾ.

✱ 895. [13] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെള്ളം കിട്ടാതെ ഒരുപ്പൂ നിലങ്ങളായി ശേഷിക്കുന്ന നിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കുന്നതിനുവേണ്ട നടപടികൾ ഗവണ്മെന്റു സ്വീകരിക്കുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

പീച്ചി, ചാലക്കുടി, വാഴാനി, നെയ്യാർ മുതലായി ഇന്നു പണി നടന്നുവരുന്ന പദ്ധതികൾമൂലം അനേകായിരം ഏക്കർ ഒരുപ്പൂനിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കുവാൻ സാധിക്കുന്നതാണു്.

Proposals by Cottage Industries Board.

✱ 896. [34] **Shri A. Kunjan Nadar**: Will the Minister for Finance be pleased to state:

(*a*) whether any proposal is submitted to Government by the Cottage Industries Board or the Neyyattinkara-Vilavancode Community Project for the supply of firewood to the Palm Gur Workers; and

(*b*) if so, what is the proposal and what happened to it?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) Yes.

(*b*) The proposal is to supply firewood to the tappers in the Project Area at economical rates. It is under the consideration of Government.

Neyyattinkara-Vilavancode Community Project Scheme.

✱ 897. [35] **Shri A. Kunjan Nadar**: Will the Chief Minister be pleased to state:

(*a*) the works executed by the Neyyattinkara-Vilavancode Community Project since its opening;

(*b*) the amount spent for these by the Project; and

(c) the total contribution (valued in rupees) from the public?

Chief Minister (**Shri A. Thanu Pillai**):

(a), (b) and (c) A statement containing the answer to the interpellation is placed on the table.*

Machineries used by the Community Project.

✱ 898. [36] **Shri A. Kunjan Nadar**: Will the Chief Minister be pleased to state:

(*a*) the number of vehicles owned and used by the Neyyattinkara-Vilavancode Community Project and the purchase price of each vehicle; and

* Please See Appendix X.

(b) a list of agricultural and industrial machineries owned by the project and the price of each ?

Chief Minister **(Shri A. Thanu Pillai):**

(a) 1. Eight jeeps and one station waggon at Rs. 14,000 each.

2.	Cinema Van one	,,	18,000
3.	Two Lorries	,,	36,976
4.	Bicycles Nos. 2	,,	531

(b) I. *Agricultural Machinery.*

Tractor one	Rs.	18,000
Trailers two	,,	3,600

II. *Industrial Machinery.*

Mobile workshop one	,,	60,000

Five Year Plan.

*899. [43] **Shri M. M. Mathai** : Will the Chief Minister be pleased to state :

(a) what are the major works taken up in the first Five Year Plan ;

(b) how many of the works taken up have been completed ; and

(c) what is the total amount spent over the works under the Five Year Plan till 30th March 1954?

Chief Minister **(Shri A. Thanu Pillai) ;**

(a) i. Peechi Irrigation Scheme.
ii. Perinchani Irrigation Scheme.
iii. Wadakkancherri Irrigation Scheme.
iv. Neyyar Irrigation Scheme.
v. Chalakudy Irrigation Scheme.
vi. Kuttanad Development Scheme.
vii. Pallivasal H. E. Project (2nd stage).
viii. Sengulam H. E. Project.
ix. Poringalkuthu H. E. Project.

(b) None of the works has been completed in full. They are in different stages of progress. Some are nearing completion.

(c) Total amount spent during the plan period is Rs. 724.11 lakhs.

Book for Form IV.

* 900. [44] **Shri M. M. Mathai :** Will the Chief Minister be pleased to state :

(*a*) whether the Government is aware of the fact that in the year 1952-53 a book entitled "കൃഷിശാസ്ത്രപാഠങ്ങൾ" നാലാം പുസ്തകം was announced as text for Form IV by the Government Text Book Office ;

(*b*) whether that book has been issued to wholesale licensees for sale ; and

(*c*) is the Government aware that the wholesale dealers were not able to sell these books since it was not included in the syllabus for schools in the Travancore area for that year?

Chief Minister **(Shri A. Thanu Pillai) :**

(*a*) Yes. The announcement was made by the Director of Public Instruction.

(*b*) Yes.

(*c*) Yes. The question whether a refund of the cost of the books realised from them should be made is under the consideration of Government.

കാർഷിക കടങ്ങൾ.

* 901. [49] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നമ്മുടെ സ്റ്റേറ്റിലെ കാർഷിക കടങ്ങളുടെ മൊത്തസംഖ്യ എത്രയെന്നു ഗവണ്മെന്റിനറിവുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം ഒരു സ്ഥിതിവിവരം ശേഖരിക്കുവാൻ ഗവണ്മെന്റ് നടപടികൾ കൈക്കൊള്ളുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഇന്നുള്ള കാർഷിക കടങ്ങൾ മൊത്തത്തിൽ ഉദ്ദേശം എത്ര വരുമെന്നു പറയുവാൻ മന്ത്രിക്കു ദയവുണ്ടാകുമോ;

(ഡി) കാർഷിക കടങ്ങളുടെ പിടിയിൽ പെടുന്ന കൃഷിക്കാരന് ആശ്വാസകരമായ എന്തു നടപടികളാണ് നടപ്പിലാക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) അതെപ്പറ്റി പര്യാലോചിക്കുന്നതാണ്.

(സി) അങ്ങനെ ഒരു കണക്കു ശേഖരിച്ചിട്ടില്ല.

(ഡി) തൽക്കാലം നടപടി എടുക്കണമെന്നു തോന്നുന്നില്ല.

ജപ്പാൻ മാതൃകയിലുള്ള കൃഷി.

*902. [52] ശ്രീ. കട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു ജപ്പാൻ മാതൃകയിലുള്ള നെൽകൃഷി പ്രചരിപ്പിക്കുന്നതിനായി 1954 ഏപ്രിൽ മാസത്തിൽ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രചരണം നടത്തുകയുണ്ടായോ; നടത്തിയെങ്കിൽ അവയുടെ സ്വീകരിച്ചിരുന്ന സ്വഭാവം എന്താണെന്നും അതിനു സർക്കാരിനു എത്ര തുക ചെലവായെന്നും പറയുമോ;

(ബി) ജപ്പാൻ മാതൃകയിലുള്ള നെൽകൃഷി ഇന്നത്തെ നമ്മുടെ കൃഷി സമ്പ്രദായത്തെക്കാൾ മെച്ചമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ മാതൃകാപരമായി പ്രയോഗിച്ചുനോക്കിയ സ്ഥലം, വിത്തു്, വളം, കൂലിച്ചെലവു്, ഉണ്ടായ വിളവു് ഇവ എത്രയാണെന്നും മററുമുള്ള വിവരം പറയുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രചരണം നടത്തിയിട്ടുണ്ടു്. ജപ്പാൻ സമ്പ്രദായത്തിലുള്ള നെൽകൃഷിയുടെ തത്വങ്ങളെപ്പററിയും അതിൻെറ പ്രത്യേകതകളെകുറിച്ചും പ്രചരണം നടത്തി. കൂടാതെ അതു സംബന്ധിച്ചുള്ള ലഘുലേഖകൾ കർഷകരുടെയിടയിൽ വിതരണം ചെയ്തു. ഈ പുതിയ സമ്പ്രദായം സ്വീകരിക്കുന്നതിനു കർഷകരെ ഉത്സാഹിപ്പിച്ചു.

ഇപ്രകാരം പ്രചരണം നടത്തുന്നതിനു യാത്രപ്പടിയൊഴികെ പ്രത്യേകമായി യാതൊരു ചെലവുകളുമ ല്ല.

(ബി) ജപ്പാൻസമ്പ്രദായത്തിൽ ചെയ്യുന്ന കൃഷിപ്പണികളെല്ലാം കരുംകൃഷി പ്രയോഗങ്ങളാണെന്നും അവ ഉൽപ്പാദനവർദ്ധനയ്ക്കുതകുന്നവയാണെന്നും ഗവണ്മെൻറിനു ബോദ്ധ്യമുണ്ടു്. നാഗർകോവിൽ ഫാറത്തിലും വേറെ കർഷകരുടെ പാടങ്ങളിലും പരീക്ഷിച്ചു നോക്കിയതിൽ ജപ്പാൻ സമ്പ്രദായത്തിലുള്ള കൃഷി മെച്ചമാണെന്നു തെളിഞ്ഞിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള വിശദമായ കണക്കുകൾ താഴെ വിവരിക്കുന്നു.

	മാതൃകാപരമായി കൃഷിനടത്തിയ സ്ഥലം	വിത്ത്	വളം	കൂലിച്ചെലവ് വളത്തിന്റെ വില ഉൾപ്പെടെ രൂപ	വിളവ് റാത്തൽ
1.	Marungoor Trivandrum District 1 ഏക്കർ	(എ. എസ്സ്. ഡി. 15 ഇട.)	ചാണകം 15 വണ്ടി തോല് 30 കെട്ട് അമ്മോണിയം സൽഫേറ്റ് 140 മന്ന് സൂപ്പർഫോസ്ഫേറ്റ് 224 മന്ന്	450	5346
2.	Theroor Trivandrum District 47 Cents.	എ. എസ്സ്. ഡി. (10 റാത്തൽ)	കമ്പോസ്റ്റ 2000 റാത്തൽ ചാരം 1 വണ്ടി അമ്മോണിയം സൽഫേറ്റ് 112 റാത്തൽ സൂപ്പർഫോസ്ഫേറ്റ് 112 റാത്തൽ	210	2376
3.	പാഢിഷാരം നാഗർകോവിൽ 1 ഏക്കർ	2½ പറ	ചാരം 2 വണ്ടി ചാണകം 10 വണ്ടി എല്ലുപൊടി 224 റാത്തൽ സൂപ്പർഫോസ്ഫേറ്റ് 224 റാത്തൽ അമ്മോണിയം സൽഫേറ്റ് 224 റാത്തൽ	349	4912

പോലീസുകാരുടേയും എക്സൈസ് ഗാർഡുകളുടേയും ശമ്പളം.

*903. [58] ശ്രീ. പി. കെ. സുകുമാരൻ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

1-1-1119-ൽ എച്ച്. സി., പി. സി. ഇവരുടേയും Excise Preventive officer, Guard ഇവരുടേയും ഓരോ ഗ്രേഡ് അനുസരിച്ചുള്ള ശമ്പളമെന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

		തിരുവിതാംകൂർ		കൊച്ചി
എച്ച്. സി.		രൂ.		രൂ.
ഒന്നാംഗ്രേഡിന്റെ ശമ്പളം	—	25	....	30
രണ്ടാം ടി ടി	—	22	....	25
മൂന്നാം ടി ടി	—	18	....	20
പി. സി.				
ഒന്നാംക്ലാസ്സിന്റെ ശമ്പളം		15	....	16
രണ്ടാം ടി ടി	—	14	....	14
മൂന്നാം ടി ടി	—	13	....	12
നാലാം ടി ടി	—	12	ഈ	ക്ലാസ്സില്ല
പ്രിവൻറീവ് ആഫീസറന്മാർ.				
ഒന്നാംഗ്രേഡിന്റെ ശമ്പളം	—	28	....	30
രണ്ടാം ടി ടി	—	25	....	25
മൂന്നാം ടി ടി	—	22	....	20
നാലാം ടി ടി	—	18	ഈ	ഗ്രേഡില്ല
എക്സൈസ് ഗാർഡ്.				
ഒന്നാംഗ്രേഡിന്റെ ശമ്പളം	—	14	....	14
രണ്ടാം ടി ടി	—	13	....	13
മൂന്നാം ടി ടി	—	12	....	12
നാലാം ടി ടി	—	11	....	11

ഹിൽമെൻ സെററിൽമെൻറ്.

*904. [83] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന് വിധേയമായി എത്ര ഹിൽമെൻ സെററിൽമെൻറ് ഉണ്ട്;

(ബി) ഇവരുടെ ജനസംഖ്യ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) 1953-54 വർഷത്തിൽ ഇവയ്ക്കുവേണ്ടി ഗവണ്മെൻറിൽ നിന്നും എന്തുചെയ്തിട്ടുണ്ടെന്ന് പറയാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 277.

(ബി) ഉണ്ട്, 18,560.

(സി) കഴിയുന്ന എല്ലാം ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

Travel Bureau.

*905. [85] **Shri T. P. Sitaraman:** Will the Chief Minister be pleased to state:

(*a*) how many buildings have been leased to the Travel Bureau people;

(*b*) what was the advantage to the Government in leasing out the buildings; and

(*c*) on what ground they have been taken over by Government?

Chief Minister **(Shri A. Thanu Pillai):**

(*a*) Fifteen.

(*b*) Development of tourist traffic facilities and the income by way of rent of the buildings and the percentage of turnover were some of the advantages expected.

(*c*) The buildings have been taken over by Government as the Travancore-Cochin Travel Bureau Ltd., failed to satisfy the above expectations. On the contrary there were several complaints regarding the bad food and service and the rent payable to Government fell into heavy arrears. No amount was paid towards percentages on turnover.

പുലയനാർകോട്ട.

*906. [86] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പുലയനാർകോട്ട പുരാതനകാലത്ത് പുലയവംശരാജാക്കന്മാരോ ചേരമർവംശരാജാക്കന്മാരോ ഭരിച്ചിരുന്ന കാലത്തുള്ള കോട്ടയാണെന്നു വല്ല ഐതിഹ്യങ്ങളോ പുരാതന രേഖകളോ ഉണ്ടോ;

(ബി) ആ കോട്ട എത്ര ഏക്കറുണ്ട്;

(സി) അതു് കുടിപാർപ്പിനായി പുലയർക്കുതന്നെ പതിച്ചുകൊടുക്കണമെന്നു് വല്ല നിവേദനവും ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഈ അടുത്തകാലത്തു് വല്ല പുലയസമുദായാംഗങ്ങൾക്കും കൃഷിക്കായി പതിച്ചുകൊടുത്തിട്ടുണ്ടോ; എത്ര ഏക്കർ പതിച്ചുകൊടുത്തു;

(ഇ) അതു റദ്ദുചെയ്തിട്ട് ക്ഷയരോഗാശുപത്രിക്ക് സ്ഥലം നീക്കിയിട്ടുണ്ടോ; ആശുപത്രിക്ക് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ട്; ബാക്കിസ്ഥലം പുലയർക്ക് കുടിപാർപ്പിനായി പതിച്ചുകൊടുക്കുന്നതിൽ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) 105 ഏക്കർ 60 സെന്റ്.

(സി) ശ്രീ. ബ്രഹ്മപുരം പി. യേശുവടിയാന്റെ അപേക്ഷ കിട്ടിയിട്ടുണ്ട്. ഈ സ്ഥലം ഒരു ക്ഷയരോഗ ഐസൊലേഷൻവാർഡിനു വേണ്ടി ഒഴിച്ചിട്ടിരിക്കുന്നതിനാൽ അപേക്ഷ അനുവദിക്കാൻ നിവൃത്തിയില്ലെന്നു മറുപടി കൊടുത്തു.

(ഡി) ഈ സ്ഥലത്തുനിന്നും $22\frac{1}{2}$ ഏക്കർ ടാങ്കിയാ സിസ്റ്റമനുസരിച്ച് വനംകൃഷി ചെയ്യുന്നതിനു 1122 മുതൽ ഏതാനും കാലത്തേയ്ക്ക് പാട്ടം കൊടുത്തിരുന്നു. പാട്ടക്കാരിൽ ചിലർ പിന്നാക്കസമുദായംഗങ്ങളായിരുന്നു. കൃഷിചെയ്യുന്നതിൽ പാട്ടക്കാർ ശ്രദ്ധിക്കാതിരുന്നതിനാൽ പാട്ടം ക്യാൻസൽ ചെയ്യേണ്ടിവന്നു.

(ഇ) മുഴവൻ സ്ഥലവും ക്ഷയരോഗഐസൊലേഷൻ വാർഡിനു വേണ്ടി നീക്കിവച്ചിരിക്കയാണ്.

വിദ്യുച്ഛക്തി വിതരണം.

※ 907. [108] ശ്രീ. എം. എ. ആന്റണി: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി-കുന്നത്തുനാട്ട് കമ്മ്യൂണിററി പ്രൊജക്ററിൽനിന്നും ഗ്രാമങ്ങളിൽ വിദ്യുച്ഛക്തി വിതരണം നടത്തുന്നതിനു സമർപ്പിച്ചിരിക്കുന്ന പദ്ധതി ഗവണ്മെന്റ് അംഗീകരിച്ച് ഈ സാമ്പത്തികവർഷത്തിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): ഉണ്ട്.

മത്സ്യക്കാപ്പ്.

※ 908. [110] ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിനിലങ്ങളുടെ ഉടമസ്ഥന്മാരായ ജന്മികൾ മത്സ്യബന്ധനത്തിനു നിലങ്ങൾ വിട്ടുകൊടുക്കുന്നതുമൂലം പാട്ടക്കാരായ കൃഷിക്കാർക്ക് സമയാസമയങ്ങളിൽ കൃഷിപ്പണി ചെയ്യുവാൻ സാധിക്കാതെ കൃഷിനഷ്ടം സംഭവിക്കുന്നതിനെപ്പററി ഗവണ്മെന്റിലേയ്ക്ക് ആവലാതികൾ കിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തു ആശ്വാസനടപടികളാണ് കൃഷിക്കാർക്ക് ഗവണ്മെന്റ് ചെയ്തുകൊടുത്തിട്ടുള്ളത്;

(സി) കൊച്ചി തിരുമലദേവസ്വം, ശ്രീവരാഹദേവസ്വം എന്ന ജന്മികൾക്ക് കുമ്പളങ്ങി, കണ്ടക്കടവ്, മറവക്കാട്ട് എന്ന സ്ഥലങ്ങളിലുള്ള കൃഷിനിലങ്ങളിൽനിന്നു മത്സ്യക്കാപ്പുകൊണ്ടു ആണ്ടുതോറുംകിട്ടുന്ന ആദായം എന്താണെന്നു ഗവണ്മെന്റിനറിയാമോ;

(ഡി) ടി നിലങ്ങളിൽ നെല്ലുവിളയുന്നപക്ഷം എത്ര ലക്ഷം പറ നെല്ലു് വിളയുമെന്നു ഗവണ്മെന്റിനറിയാമോ;

(ഇ) മത്സ്യബന്ധനത്തിനു് അനുവാദം കൊടുക്കുന്നതിനു് ഏക്കറേജ് എന്ന പേരിൽ ഗവണ്മെന്റിനു ടി ജന്മികളിൽനിന്നു കിട്ടുന്ന വരവെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) മത്സ്യബന്ധനത്തിൽനിന്നും ജന്മിമാക്കു കിട്ടുന്ന ആദായത്തിന്റെ ഒരു വീതം തങ്ങളുടെ പാട്ടക്കാരായ കൃഷിക്കാർക്കുകൂടി കൊടുക്കാത്തതു നിമിത്തമാണു് ഈ പരാതികൾ ഉണ്ടായിട്ടുള്ളതെന്നു് അന്വേഷണത്തിൽ അറിയുന്നു. ഇതു് ഒരു ജന്മികുടിയാൻ സ്വഭാവമുള്ള പ്രശ്നം കൂടി ആണെന്നു് തോന്നുന്നതുകൊണ്ടു് കൂടുതലായി അന്വേഷിച്ചു് വേണ്ടതു ചെയ്യാവുന്നതാണു്.

(സി)(ഡി) അന്വേഷിച്ചിട്ടില്ല.

(ഇ) മൊത്തം 1,300 രൂപ.

Statistical Department.

*909. [117] **Shri N. Chandrasekharan Nair:** Will the Minister for Finance be pleased to state :

(*a*) whether the Government have any scheme for the development of the Statistical Department ;

(*b*) if so, what steps the Government propose to take for implementation of the scheme: and

(*c*) is there any communication from the Government of India regarding the development of the Statistical Department in the State?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) Yes.

(*b*) The scheme is under consideration of Government and provision for the same is being included in the budget.

(*c*) There have been several communications in the matter from the Government of India.

The G. M. F. Fund.

*910. [121] **Shri N. Parameswaran Pillai:** Will the Minister for Finance be pleased to state :

(*a*) how many loans have been sanctioned this year from the G. M. F. fund and for what amount;

(*b*) how many loan applications are pending with Government and for how long ; and

(*c*) has the abolition of the loan sanctioning board caused delay in disposing of the loan applications?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) In 1954, 18 loans have been sanctioned amounting to a total sum of Rs. 2,07,500.

(b) 129 applications. The period of pendency varies from one week to 2 years 10 months.

(c) No.

Sales Tax Enquiry Committee.

* 911. [124] **Shri. V. V. Sebastian**: will the Minister for Finance be pleased to state:

(a) whether the Sales Tax Enquiry Committee has made any recommendation to avoid the system of multi-point sales tax on the sales of all commodities or of any of the commodities liable to be so taxed under the existing law; and

(b) whether the Government do propose to amend the Sales Tax Law of the State?

Minister for Finance: (**Shri P. S. Nataraja Pillai**):

(a) As Government have not yet passed final orders on the report, it is not in public interests to give the information.

(b) Government are considering it.

STARRED QUESTIONS POSTED FOR ANSWERS ON 22-7-1954.

Supplying Electric Current.

* 912. [25] **Shri M. P. Menon**: Will the Minister for Works and Transport be pleased to state:

(a) at what rate are Government supplying electric current to the Light and Power Corporation Ltd., Ernakulam;

(b) at what rate is the above Corporation distributing current to the consumers?

Minister for Works and Transport (**Shri A. Achuthan**):

(a) Government are supplying electric current to the Light and Power Corporation Ltd., Ernakulam at the rates given under tariff (vide part iii section iii of the conditions, rates etc., for supply under the P. H. E. Project.)

(b) The above Corporation supplies current to the consumers at the same rate as those of the Electricity Department with surcharge at 12½% on supplies for domestic and general purposes and at 20% for industrial purposes.

ബസ്സ് സർവ്വീസ്.

* 913. [27] ശ്രീ. ബേബി ജോൺ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സംസ്ഥാനത്ത് എത്ര റൂട്ടുകളിൽ പ്രൈവറ്റ് ഏജൻസികൾ സർവീസ് നടത്തുന്നുണ്ട്.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

605 റൂട്ടുകളിൽ.

പ്രൈവററബസ്സ് റൂട്ടുകൾ.

✱ 914. [28] ശ്രീ. ബേബി ജാൺ: താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതെങ്കിലും പ്രൈവററ റൂട്ടുകൾ ഈ ബഡ്ജററവർഷത്തിൽ ദേശീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

ഉണ്ട്.

പ്രൈവററബസ്സുകൾ.

✱ 915. [29] ശ്രീ. ബേബി ജാൺ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാധാരണ പ്രൈവററബസ്സുകൾക്ക് മെയിൻറോഡിൽ എത്ര മൈൽ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

നാലു മൈൽ.

Pattanam Kal.

✱ 916. [30] **Shri R. Ponnappa Nadar**: Will the Minister for Works and Transport be pleased to state:

(a) whether the final investigation of the Pattanam Kal has been completed;

(b) has any amount allotted in 1952-53 budget been spent;

(c) has any investigation been conducted for the diversion of Chittar No. I and No. II into the Pechippara Reservoir?

Minister for Works and Transport (**Shri A. Achuthan**):

(a) Yes.

(b) No amount has been spent for the Pattanamkal work so far.

(c) No; investigation has been ordered and will commence soon.

നിയമനം.

✱ 917. [31] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പഞ്ചായത്താഫീസറന്മാരുടെ നിയമനകാര്യത്തിൽ ഗവണ്മെൻറ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1-6-1954 വരെ എത്ര പഞ്ചായത്തുകളിൽ ആഫീസറന്മാരെ നിയമിച്ചു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി: (ശ്രീ. പി. കെ. കുഞ്ഞ്):

(എ)യും (ബി)യും ഒരു അവസാനതീരുമാനം എടുത്തിട്ടില്ല.

പുതിയ റോഡുകൾ.

* 918. [35] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-54 വർഷത്തിൽ സംസ്ഥാനത്ത് ആകെ എത്ര പുതിയ റോഡുകൾ നിർമ്മിക്കുവാൻ ബഡ്ജററിൽ തുക കൊള്ളിക്കുകയുണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ എത്ര റോഡുകൾ പണിതുടങ്ങുകയോ പൂർത്തീകരിക്കുകയോ ചെയ്തു;

* (സി) എവിടെയെങ്കിലും ബഡ്ജററിൽ കൊള്ളിച്ച തുക ലാപ്സാക്കി കളയുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാം;

(ഇ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട കാരളം—കരുവന്നൂർ റോഡ് പണിയേണ്ടതിലേക്ക് അടുത്ത എത്ര വർഷങ്ങളായിട്ട് ബഡ്ജററിൽ സംഖ്യ കൊള്ളിച്ചുപോരുന്നുണ്ട്;

(എഫ്) ഇതേപ്പററി ഗവണ്മെന്റിലേക്ക് എന്തെങ്കിലും നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്ന്; എന്തു നടപടി എടുത്തു;

(ജി) ഇക്കൊല്ലം ഈ റോഡുപണി തുടങ്ങുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 87.
(ബി) 25.
(സി) ഉണ്ട്.

(ഡി) തൃശ്ശൂർ, എറണാകുളം, മൂവാററുപുഴ, കോട്ടയം എന്നീ ഡിവിഷനുകളിലായി പതിനഞ്ചു റോഡുകളിൽ റോഡുപണിക്കുള്ള സ്ഥലം എടുത്തുകിട്ടാത്തതാണ് മുഖ്യകാരണം.

(ഇ) തുക കൊള്ളിച്ചുപോരുന്നില്ല. പക്ഷെ കാരളം-മൂർക്കനാട് റോഡിന് 1950-51-ൽ തുക കൊള്ളിച്ചിരുന്നു.

(എഫ്) ഉണ്ട്.

1. തച്ചിലത്തു ശങ്കരൻ കൊച്ചൻ മുതൽപേർ.
2. ററി. എസ്സ്. പത്മനാഭശാസ്ത്രി
3. കാരളത്തിലെ ഒരു ലേഖകൻ.(പ്രസ്സ്കട്ടിംഗ്)
4. അടിയാട്ടിപ്പറമ്പിൽ അന്തോണി കൊച്ചുദേവസി
5. കെ. ററി. അച്യുതൻ ബി. എ., ബി. എൽ.
6. റവ: പാറം ബി. എ., ബി. ററി., ചിത്തലപ്പള്ളി
7. ശങ്കരൻ കണ്ടത്തു കൊച്ചുപാറുഅമ്മ ഗോവിന്ദപ്പണിക്കർ മുതൽപേർ
8. കരുവന്നൂർ കോവാപ്പറേററീവ് സൊസൈററി.

9. പാട്ടത്തിൽപറമ്പിൽ കുഞ്ഞിപെണ്ണൽ. നിവേദനങ്ങളെപ്പററി അന്വേഷണം നടത്തി.

(ജി) ഉണ്ട്.

ബഡ്ജററ അനുവാദംകൂടാതെ ചെലവാക്കിയ തുക.

* 919. [37] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി പിരിച്ചുവിട്ടതിനുശേഷം കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുവരെയുള്ള ഭരണകാലത്തു് ബഡ്ജററ അനുവാദംകൂടാതെയുള്ള എന്തുമാത്രം തുക ഗവണ്മെൻറ ചെലവാക്കിയിട്ടുണ്ട്;

(ബി) പിൽക്കാലത്തു് മന്ത്രിമാർ സ്ഥാനാർത്ഥികളായി നിന്നിട്ടുള്ള നിയോജകമണ്ഡലങ്ങളിൽ ഈവിധം എത്ര രൂപ ചെലവാക്കിയിട്ടുണ്ട്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) അസംബ്ലി പിരിച്ചുവിട്ടതിനുശേഷം കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുവരെയുള്ള ഭരണകാലത്തു് ബഡ്ജററ അനുവാദംകൂടാതെ താഴെപ്പറയുന്ന തുകകൾ ചിലവാക്കാൻ അനുവദിച്ചിട്ടുണ്ട്.

1.	സർവീസസ് അഡ്വൈസറികമ്മററിയുടെ പ്രവർത്തനത്തിന്	31,300 രൂ.
2.	കൊമ്പന ആരംഭിച്ച ആരണ്യനിവാസ് ഹോട്ടലിൻെറ പ്രാരംഭചിലവുകൾക്ക്	23,000 ,,
3.	പൊതുതിരഞ്ഞെടുപ്പിൻെറ ചിലവുകൾക്ക്	10,80,700 ,,
	ആകെ	11,35,000 ,,

(ബി) മേൽപ്പറഞ്ഞ തുകകളിൽനിന്നും മുൻമന്ത്രിമാർ സ്ഥാനാർത്ഥികളായി നിന്നിട്ടുള്ള നിയോജകമണ്ഡലങ്ങളിൽ ഒന്നും ചിലവാക്കിയിട്ടില്ല.

റോഡുകളുടെ മെയിൻറനൻസ് ചിലവ്.

* 920. [39] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുമുമ്പേ ഡിസ്ത്രിക്ടുറോഡുകൾ ആയിരുന്ന ഏതെല്ലാം റോഡുകൾ സംയോജനത്തിനു ശേഷം കൊച്ചിവിഭാഗത്തിൽ വില്ലേജുറോഡുകളാക്കി തീർത്തിട്ടുണ്ടെന്നു പറയുമോ;

(ബി) കൊടുങ്ങല്ലൂർ താലൂക്കിലെ പി. ഡബ്ലിയു. ഡി. റോഡുകൾക്കായി മൈൽ ഒന്നുക്ക് എന്തുവീതം സംയോജനത്തിനുമുമ്പ് ചിലവുചെയ്തു മെയിൻറനൻസ് നടത്തിയിരുന്നു.

(സി) സംയോജനത്തിനുശേഷം മൈൽ ഒന്നുക്ക് എന്തുവീതം മെയിൻറനൻസ് ചെലവു ചെയ്യുന്നുണ്ടെന്ന് പറയാമോ;

(ഡി) കൊടുങ്ങല്ലൂർ താലൂക്കിൽ ഡിസ്ട്രിക്ട് റോഡ് വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും റോഡുകളുണ്ടോ?

(ഇ) കൊടുങ്ങല്ലൂരിലെ കോട്ടപ്പുറം അഴീക്കോട്ട മെയിൻ റോഡ് (ബസ്സ്‌റൂട്ട്) എങ്കിലും ടാറിടുവാൻ അടിയന്തിര നടപടികൾ നടത്തുവാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) സംയോജനത്തിനു മുമ്പ് കൊച്ചീവിഭാഗത്തിലുള്ള റോഡുകളെ വില്ലേജുറോഡുകളെന്നും ഡിസ്ട്രിക്ട് റോഡെന്നും തരംതിരിച്ചിട്ടില്ലായിരുന്നു.

(ബി) സംരക്ഷണനിരക്ക് മൈൽ 1—ക്ക് ഷെഡ്യൂൾപ്രകാരം 300 രൂപ ആയിരുന്നു. എന്നാൽ ടി വേലകൾക്കുള്ള ടെൻഡർ 100—ക്ക് 250 മുതൽ 300 വരെ കൂടുതൽ സംഖ്യക്കാണ് ഏൽപ്പിച്ചുവന്നിരുന്നതു്.

(സി) 300 രൂപ.
(ഡി) ഇല്ല.
(ഇ) ആലോചിക്കുന്നതാണ്.

വാഹനടാക്സ്

* 921. [42] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോറികളുടെ ടാക്‌സിനത്തിലും, ഇൻഷ്വറൻസിനത്തിലും എന്തു തുക ഗവണ്മെൻറിനു ആണ്ടിനാൽ ലഭിക്കുന്നുണ്ട്;

(ബി) വാഹനടാക്സ്, തിരുവിതാംകൂർ-കൊച്ചിയിൽ വളരെ കൂടുതലാണെന്ന് ഗവണ്മെൻറ കരുതുന്നുണ്ടോ;

(സി) ടാക്സ് അടയ്ക്കാൻ നിവൃത്തിയില്ലാതെ അനേകം ലോറികൾ ഇപ്പോൾ ഓടാതെ കിടക്കുന്നുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ടാക്സിനത്തിൽ 24·5 ലക്ഷം ഉറപ്പികയും, ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ ഏകദേശം 60,000 കയും ലഭിക്കുന്നുണ്ട്.

(ബി) ഇല്ല.
(സി) ഇല്ല.

ഇലക്ട്രിക്ക് ലൈൻ.

* 922. [43] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാററുപുഴ—തൊടുപുഴ ഇലക്ട്രിക്ക് മെയിൻലൈനിൽ നിന്നും കല്ലൂർക്കാട്ടേക്ക് ഇലക്ട്രിക്ക് ലൈൻ നീട്ടുന്നതിനുവേണ്ടി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എന്തു കാരണത്താലാണ് ഈ ലൈൻ നീട്ടാതിരിക്കുന്നതു്;

(സി) ഉടനടി അതിലേക്കുവേണ്ട നടപടി എടുക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) ഡിപ്പാർട്ടുമെൻറിനു ആദായകരമല്ലാതിരുന്നതിനാൽ.

(സി) എടുക്കാം.

പൊതുമരാമത്തു വേലകൾ.

✱ 923. [46] ശ്രീ. ററി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആലുവാ സബ്ഡിവിഷനിൽ 1950 മാർച്ചിനുമുമ്പ് ആരംഭിച്ച പൊതുമരാമത്തുവേലകളിൽ ഇതേവരെയും തീരാത്തവയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതും ഏതെല്ലാം ജോലികളാണു്;

(സി) എന്താണ് ഈ ജോലികൾ തീർക്കാതിരിക്കാനുള്ള കാരണം?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) 1. ഇടപ്പള്ളി തോടിൽ ബണ്ടും സ്ലൂയിസും ഉണ്ടാക്കുക.

2. ആലുവാ—വരാപ്പുഴ റോഡിൽ നിന്നു് അലൂമിനിയം ഫാക്ടറിയിലേക്കു് ഒരു ഫീഡർ റോഡ് തുറക്കുക.

(സി) പണി നടന്നുവരവെ Land Acquisition contract മുതലായവയിൽ ഉണ്ടായ കുഴപ്പങ്ങൾമൂലം ഇതുവരെയും പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പൂർത്തിയാക്കുന്നതിനു വേണ്ട സത്വരനടപടികൾ എടുക്കുന്നുണ്ടു്.

ലിഫ്ററ ഇറിഗേഷൻ പദ്ധതികൾ

✱ 924. [47] ശ്രീ. ററി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട്ടു താലൂക്കിൽ പുതുതായ ലിഫ്ററ ഇറിഗേഷനുള്ള പദ്ധതികൾക്കു ഇൻവെസ്ററിഗേഷൻ നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണു് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) പദ്ധതികളുടെ പേരുകൾ അടങ്ങിയ ഒരു ലിസ്ററ മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

† Please see Appendix—XI

വിദ്യുച്ഛക്തി വിതരണം.

*925. [48] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും ഇലക്ട്രിസിറ്റി വിതരണം ചെയ്യത്തക്കവണ്ണം എന്തെങ്കിലും സ്കീം ഗവണ്മെന്റിനുണ്ടോ;

(ബി) പത്തനംതിട്ട താലൂക്കിൽ അരുവാപ്പുലം, മലയാലപ്പുഴ, ഈ പഞ്ചായത്തുകളിലേക്ക് വിദ്യുച്ഛക്തി വിതരണ ലൈൻ നീട്ടുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) മിക്ക ഗ്രാമങ്ങളിലും ഇലക്ട്രിസിറ്റി വിതരണം ചെയ്യാനുള്ള പദ്ധതി ഗവണ്മെന്റിനുണ്ട്.

(ബി) മലയാലപ്പുഴയിലേയ്ക്കു ലൈൻ നീട്ടുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) അന്വേഷണം നടത്തിയതിൽ പ്രസ്തുത ലൈൻ ആദായകരമല്ലാത്തതായി കണ്ടതുകൊണ്ട് ജോലി നടത്തുകയുണ്ടായില്ല.

പമ്പാവാലിസ്കീം.

*926. [49] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പമ്പാവാലിസ്കീമിനെപ്പറ്റിയുള്ള പ്രാരംഭ അന്വേഷണങ്ങൾ പൂർത്തിയായോ;

(ബി) ഈ സ്കീമിന്റെ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഈ സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇല്ല. ഇതിന്റെ പ്രവർത്തനം രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നു.

Motor accident cases.

*927. [51] **Shri T. T. Daniel**: Will the Minister for Transport be pleased to state:

(a) how many motor accident cases were reported to the State Transport department in 1953 and 1954;

(b) out of these accidents in how many cases the victims died;

(c) in how many cases the drivers died;

(*d*) out of these how many are in Trivandrum division ;

(*e*) did the Government make departmental inquiries in all these cases of accidents ?

Minister for Works and Transport (**Shri A. Achuthan**):

(*a*) 250 in 1953-54.
(*b*) 9.
(*c*) Nil.
(*d*) Nil.
(*e*) Yes.

State Transport Department.

*928. [52] **Shri T. T. Daniel**: Will the Minister for Transport be pleased to state :

(*a*) what is the profit if any to the Government from the State Transport Department in the last year ;

(*b*) if there is any profit, whether any amount is given to the employees as bonus ;

(*c*) how much amount is given to the employees as workmen's compensation in cases of accidents they have sustained?

Minister for Works and Transport (**Shri A. Achuthan**) :

(*a*) The accounts of the last year have not been finalised.

(*b*) Since the staff have been made pensionable, no bonus is payable.

(*c*) The amount varies according to the nature of accident. It is being paid according to the Workmen's Compensation Act.

ഓവർടൈം അലവൻസ്.

*929. [53] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ഓവർടൈം അലവൻസ് കൊടുക്കുന്നത് ഏതു ക്രമത്തിലാണ്;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(സി) ഓവർടൈം അലവൻസ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) നിശ്ചിത ജോലിക്കു പുറമേ ജോലി ചെയ്യേണ്ടിവരുമ്പോൾ ഓവർടൈം അലവൻസ് അനുവദിക്കുന്നു. ഡ്രൈവറന്മാർക്കും കണ്ടക്ടർമാർക്കും ശമ്പളത്തിന്റെ ഒന്നര ഇരട്ടി ക്രമത്തിനും മെക്കാനിക്കൽ സ്റ്റാഫിന് ശമ്പളത്തിന്റെ രണ്ടിരട്ടി ക്രമത്തിനും ആണ് അലവൻസ്.

(ബി) ഇല്ല.

(സി) ഇല്ല.

കല്ലറ പെരുന്തുരുത്തു ചിറ.

* 930. [54] ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പെട്ടിട്ടുള്ളതും നാട്ടുകാരുടെ പരിശ്രമംകൊണ്ടു് വെട്ടിത്തീർത്തിട്ടുള്ളതുമായ കല്ലറ പെരുന്തുരുത്തുചിറ ഗവണ്മെൻറു ഏറെറടുക്കുന്നതിനും കടുത്തുവള്ളസ്ഥലത്തു് ഒരു പാലം പണിതു സഹായിക്കുന്നതിനുമുള്ള പൊതുജനാപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തു നടപടികൾ എടുത്തു?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) കല്ലറ പെരുന്തുരുത്തു ചിറ ഗവണ്മെൻറു് ഏറെറടുക്കണമെന്നുള്ള അപേക്ഷ കിട്ടിയിട്ടില്ല. എന്നാൽ കടുത്തുവള്ളസ്ഥലത്തു് ഒരു പാലം പണിയുവാനുള്ള അപേക്ഷ കിട്ടിയിട്ടുണ്ടു്.

(ബി) പാലം പണിയുന്ന കാര്യം ആലോചനയിൽ ഇരിക്കുകയാണു്.

തൊഴിലാളികളുടെ മെമ്മോറാണ്ടം.

* 931. [55] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേററു ട്രാൻസ്പോർട്ടു തൊഴിലാളി യൂണിയനിൽ നിന്നും ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തെപ്പററി എന്തെങ്കിലും ചർച്ചകൾ ഇതിനകം നടന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം എന്തെന്നു് പറയാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) ഉണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പിന്നോക്കസമുദായ വിദ്യാർത്ഥികൾ.

*932. [58] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്കസമുദായ വിദ്യാർത്ഥികൾ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞതിനുശേഷം മിഡിൽ ക്ലാസുകളിൽ ചേരുന്നതുമുതൽ ഓരോ വർഷവും തഹശീൽദാരുടെ, ജാതിയേയും മതത്തേയും കാണിക്കുന്ന സർട്ടിഫിക്കററു് വാങ്ങിക്കൊടുക്കുന്നതു് വിദ്യാർത്ഥികൾക്കു കൂടുതൽ ക്ലേശകരവും ധനച്ചെലവുമായതുകൊണ്ടു് റ്റി. സി.-യിൽ കാണിക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ചു് ഫീസ് സൗജന്യവും മററു് ആനുകൂല്യങ്ങളും നൽകാൻ ഈ ഗവണ്മെൻറു് വേണ്ട വ്യവസ്ഥകൾ ചെയ്യുവാൻ തയ്യാറാകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

പിന്നോക്കസമുദായങ്ങളിൽ ഉൾപ്പെട്ട ഹരിജൻ വിദ്യാർത്ഥികൾ തഹശീൽദാരുടെ സർട്ടിഫിക്കററ് വർഷംതോറം ഹാജരാക്കണമെന്നു് സാധാരണ നിർബന്ധിക്കാറില്ല. ഏതെങ്കിലും കുട്ടിയുടെ ജാതിയെപ്പററി അധികൃതർക്കു സംശയം തോന്നിയാൽ തഹശീൽദാരുടെ സർട്ടിഫിക്കററ് ഹാജരാക്കുന്നതിനു ആവശ്യപ്പെടും.

പിന്നോക്കസമുദായങ്ങളിൽ മററുൾപ്പെട്ടവരിൽപ്പെട്ട (Other Backward Communities and Christian Converts) വിദ്യാർത്ഥികൾക്കു് പ്രത്യേകമായ ആനുകൂല്യങ്ങൾ സാമുദായികാടിസ്ഥാനത്തിലും മതാടിസ്ഥാനത്തിലും സാമ്പത്തികാടിസ്ഥാനത്തിലും മാത്രം നൽകിവരുന്നതുകൊണ്ടു് അവർക്കു റവന്യൂ അധികാരികളുടെ സർട്ടിഫിക്കററ് വർഷംതോറം ആവശ്യമാണു്.

ഹരിജൻ കാളനികൾ.

933. [61] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഹരിജൻ കാളനികളിൽ വേനൽക്കാലത്തു കുടിക്കുവാൻ പോലും വെള്ളം ലഭിക്കാതെ വളരെ കഷ്ടപ്പെടുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു് ഒരു നിവാരണം ഉണ്ടാക്കി കൊടുക്കുവാൻ ദയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ചില കാളനികളിൽ വലിയ വേനൽക്കാലത്തു് കുടിക്കാൻ വെള്ളം ലഭിക്കുന്നതിനു വിഷമം ഉള്ളതായി ഗവണ്മെൻറിനറിയാം.

(ബി) ഇക്കാര്യത്തിൽ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു് കിണറുകൾ താഴ്ത്തി കുഴിക്കുന്നതിനും കൂടുതൽ പുതിയ കിണറുകൾ കുഴിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

Enquiry against the Director of Ayurveda.

934. [63] **Shri D. Vivekanandan**: Will the Minister for Medicine and Public Health be pleased to state:

(*a*) whether any enquiry has been instituted against the Director of Ayurveda in erstwhile Cochin State on a charge of falsification of accounts in sale proceeds of Thrippunithura Ayurvedic hospital and consequent tampering with the account books;

(*b*) who was the officer deputed by the Government to make the enquiry;

(*c*) what action did the Government take on the report of the above officer;

(*d*) has the Government passed any orders to recover any amount from the Director of Ayurveda;

(*e*) has any amount been recovered so far;

(*f*) what is the outstanding amount, if any;

(*g*) who was the physician in charge of Thrippunithura Ayurvedic hospital at the time of tampering with the accounts; and

(*h*) has any action been taken against the above physician and if so what ?

Minister for Local Self Government (**Shri P. K. Kunju**) :

(*a*) Yes.

(*b*) Shri P. J. Mathew, Assistant Secretary to Government.

(*c*) The Comptroller was directed to conduct a thorough audit of the accounts of the hospital.

(*d*) Action is being taken in the matter.

(*e*) No.

(*f*) No answer is required in view of (e) above.

(*g*) Sry. A. Ammukutty Amma.

(*h*) She was placed under suspension as per G. P. PH3-47855|24 dated 26-5-1949 and the suspension was cancelled as per subsequent order of even number dated 4-6-1954. The amount of Rs. 734-2-5 has been ordered to be recovered from her towards the discrepancies pointed out in the audit report and the same is being recovered in monthly instalments of Rs. 15 with the interest at 3½ %.

പാൽപ്പൊടി വിതരണം.

*935. [66] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തിൽ നമ്മുടെ സംസ്ഥാനത്ത് ആകെ ഗവണ്മെന്റിൽനിന്നും എത്ര ടൺ പാൽപ്പൊടിയും കട്ടിപ്പാലും വിതരണം ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ടൺ ഗവണ്മെന്റ് വിലയ്ക്ക് എടുത്തിട്ടുണ്ട് ;

(സി) സൗജന്യമായി എത്ര കിട്ടിയിട്ടുണ്ട് ;

(ഡി) ഇത് ഏതെല്ലാം രാജ്യത്തിൽ നിന്നാണ് ;

(ഇ) സൗജന്യം നൽകിയത് ഗവണ്മെന്റ് അപേക്ഷിച്ചിട്ടാണോ ;

(എഫ്) റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങളോട് എന്തെങ്കിലും സൗജന്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) 90·2 ടൺ പാൽപ്പൊടി വിതരണം ചെയ്തിട്ടുണ്ട്. കട്ടിപ്പാൽ വിതരണം ചെയ്തിട്ടില്ല.

(ബി) ഒട്ടും വിലയ്ക്ക് എടുത്തിട്ടുള്ളതല്ല.

(സി) മുഴുവനും സൗജന്യമായി കിട്ടിയിട്ടുള്ളതാണ്.

(ഡി) ഐക്യരാഷ്ട്ര ശിശുക്ഷേമനിധി (UNICEF) യിൽ നിന്നും ഡൽഹി ആഫീസ് മുഖാന്തിരം ലഭിച്ചതാണ്.

(ഇ) ആവശ്യപ്പെട്ടും ആവശ്യപ്പെടാതെയും കിട്ടിയതാണ്.

(എഫ്) ഇല്ല.

STARRED QUESTIONS POSTED FOR ANSWER ON 23-7-1954.

ഭാഷാദ്ധ്യാപകന്മാർ.

✱ 936. [15] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ സ്കൂളിലെ ഭാഷാദ്ധ്യാപകന്മാർക്ക് സർവീസനുസരിച്ചുള്ള 45–70-ഓ, 45–85-ഓ ശമ്പളം നൽകാമെന്നുള്ള 1952 നവംബർ 28-ാം തീയതിയിലെ ഗവണ്മെന്റുത്തരവനുസരിച്ച് പൌരസ്ത്യഭാഷകൾ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്ക് ഇതേവരെയായി എത്ര സ്കൂളുകളിൽ എത്ര പേർക്ക് ശമ്പളം കൊടുത്തിട്ടുണ്ട്; ഇനി എത്ര പേർക്കു കൊടുക്കാനുണ്ട്;

(ബി) ബാക്കിയുള്ളവർക്ക് കൊടുത്തുതീർക്കാൻ ഇനി എന്തു സമയം വേണ്ടിവരും;

(സി) ഈ കാലതാമസത്തിന് കാരണമെന്ത്;

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 1–7–1954 വരെ 122 സ്കൂളുകളിലായി 230 ഭാഷാദ്ധ്യാപകന്മാർക്ക് ഉയർന്ന സ്കെയിലിൽ ശമ്പളം കൊടുത്തിട്ടുണ്ട്. ഇനി 284 ഭാഷാദ്ധ്യാപകന്മാർക്ക് കൊടുപ്പാനുണ്ട്.

(ബി) ബാക്കിയുള്ളവർക്ക് കൊടുപ്പാൻ എത്ര കാലം വേണ്ടിവരുമെന്ന് നിശ്ചയമായി പറയുവാൻ സാധിക്കുന്നതല്ല.

(സി) കാലതാമസത്തിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാകുന്നു.

(i) അദ്ധ്യാപകന്മാരുടെ സർവീസ് പട്ടിക മാനേജരന്മാരുടെ പക്കൽനിന്നും ഡയറക്ടർക്ക് ഇനിയും കിട്ടാനുണ്ട്.

(ii) കൊച്ചി വിഭാഗത്തുള്ള വളരെ ഭാഷാദ്ധ്യാപകന്മാർ 80–125 എന്ന സ്കെയിലിന് ഇതിനു മുമ്പുതന്നെ അർഹരായി തീർന്നിട്ടുണ്ട്.

(iii) ഒരു ഭാഷയ്ക്കുതന്നെ ഒന്നിലധികം അദ്ധ്യാപകന്മാരുള്ള പല സ്കൂളുകളിലും ആരാണ് ഉയർന്ന സ്കെയിലിനുള്ള അവകാശി എന്ന വിഷയം പൊതുവേ തർക്കത്തിലാണ് ഇരിക്കുന്നത്.

പ്രൈവറ്റ ട്യൂഷൻ.

✱ 937. [16] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർ പ്രൈവറ്റ ട്യൂഷൻ നടത്തുന്നതിനെ തടഞ്ഞുകൊണ്ട് വിദ്യാഭ്യാസ ഡയറക്ടർ ഹെഡ്മാസ്റ്റർമാർക്ക് ഒരു സർക്കുലർ അയച്ചിട്ടുണ്ടോ;

(ബി) പ്രൈവറ്റ ട്യൂഷൻ നടത്തുന്നതുമൂലം അദ്ധ്യാപകരുടെ അദ്ധ്യാപനം മോശമാകുന്നുവെന്ന് ഹെഡ്മാസ്റ്റർമാരിൽനിന്ന് ഡിപ്പാർട്ടുമെന്റിലേയ്ക്കു വല്ല റിപ്പോർട്ടും ലഭിച്ചിട്ടുണ്ടോ;

(സി) അദ്ധ്യാപകർ പ്രൈവറ്റ ട്യൂഷന് പോകുന്നത് എന്തു കാരണത്തിന്മേലാണെന്ന് ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) നിയന്ത്രിച്ചുകൊണ്ടു് സക്കുലർ അയച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) കാരണം അന്വേഷിക്കാതെ തന്നെ അറിയാമെന്നുള്ളതാണു്. കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനാണു്.

പരീക്ഷ.

✻ 938. [19] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഗവണ്മെന്റ ഹൈസ്കൂളുകളിൽനിന്നും എത്ര വിദ്യാർത്ഥിവിദ്യാർത്ഥിനികൾ സ്കൂൾ ഫൈനൽ പരീക്ഷക്കു് ചേന്നു ;

(ബി) തിരുവിതാംകൂർ-കൊച്ചിയിലെ മാനേജുമെന്റ ഹൈസ്കൂളുകളിൽനിന്നും എത്ര കുട്ടികൾ സ്കൂൾ ഫൈനൽ പരീക്ഷയ്ക്കു ചേന്നു ;

(സി) ഗവണ്മെന്റ ഹൈസ്കൂളിലെ വിജയശതമാനം എത്ര ;

(ഡി) മാനേജുമെന്റ ഹൈസ്കൂളുകളിലെ വിജയശതമാനം എത്ര ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) 1954 മാർച്ചിൽ 11,844.
(ബി) 28,852.
(സി) 41·8.
(ഡി) 49·0.

കുടിയിറക്കുകൾ.

✻ 939. [21] ശ്രീ. കെ. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾ ധാരാളം കുടിയിറക്കുകൾ നടന്നു വരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കുടിയിറക്കുകൾ തടയുവാൻ ഗവണ്മെന്റ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(സി) കുടിയിറക്കുകൾ ഫലപ്രദമായി തടയുവാൻ കുടിയിറക്കു നിയമവിരുദ്ധവും കുററകരവുമാക്കി പ്രഖ്യാപിക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സു്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല. കുടിയിറക്കു നിരോധന നിയമങ്ങൾമൂലം കുടിയിറക്കുകൾ നിരോധിച്ചിരിക്കുകയാണു്.

(സി) ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങൾ കുടിയിറക്കുകൾ തടയുവാൻ പര്യാപ്തമാണു്.

സെക്കൻഡറി വിദ്യാഭ്യാസപുനഃസംഘടന.

❋ 940. [22] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

സെക്കൻഡറി വിദ്യാഭ്യാസപുനഃസംവിധാനത്തെപ്പറ്റി മുതലിയാരുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന വിദ്യാഭ്യാസ കമ്മിഷൻ സമർപ്പിച്ചിരുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങളനുസരിച്ച് ഈ സംസ്ഥാനത്തെ സെക്കൻഡറി വിദ്യാഭ്യാസരീതി പുനഃസംഘടിപ്പിക്കാൻ ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിഷൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

Government Assurances.

❋ 941. [24] **Shri Prakkulam Bhasi** : Will the Chief Minister be pleased to state whether timely and suitable actions are taken by the Government on matters after the interpellations are answered on the floor of the House ?

Chief Minister **(Shri A. Thanu Pillai)** : Yes.

Ration to plantation labourers.

❋ 942 [25.] **Shri Prakkulam Bhasi** : Will the Chief Minister be pleased to state :

(a) whether it is a fact that the rations given to the plantation labourers through A. P. T. is far below the quantity fixed by the Government and issued to the public by ration shops ; and

(b) will this Government consider increasing the rice content in rations issued to plantation labourers ?

Chief Minister **(Shri A.Thanu Pillai)** : (a) No.

(b) The matter is already under consideration of Govemment.

തോട്ടങ്ങളുടെ റീസർവെ.

❋ 943. [27] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പീരുമേട്, ദേവികുളം താലൂക്കുകളിലെ റബ്ബർ, തേയില, ഇടങ്ങിയ തോട്ടങ്ങളുടെ ഉടമസ്ഥർ അവർക്ക് പതിച്ചുകിട്ടിയതിൽ വളരെ കൂടുതൽ സ്ഥലം കൈവശംവച്ച് അനുഭവിച്ചു വരുന്നുണ്ടോ ;

(ബി) ടി തോട്ടങ്ങൾ ഒരു റീസർവെ നടത്തുന്നതിന് ഗവണ്മെന്റ് തയ്യാറാകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അങ്ങനെ അനുഭവിച്ചുവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദേവികുളം, പീരുമേട് താലൂക്കകളിലെ സർക്കാർ ഭൂമികളെപ്പററി ഒരു റീ സർവെ നടത്താൻ 1954 ജൂൺ 22-ാംതീയതി ഗവണ്മെൻറിൽനിന്നും ഉണ്ടായ ഉത്തരവു് നടപ്പിൽ വരുത്തുമ്പോൾ, തോട്ടങ്ങളും റീ സർവെ ചെയ്യുന്നതാണ്.

ശ്രീ. പുരുഷോത്തംദാസ് ത്രികംദാസ്.

* 944. [28] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മെയ്മാസത്തിൽ ശ്രീ. പുരുഷോത്തംദാസ് ത്രികംദാസ് എന്നു പേരുള്ള ഒരു പ്രജാസോഷ്യലിസ്ററപാർട്ടി പ്രവർത്തകൻ ഈ സംസ്ഥാനത്തു വന്നിരുന്നോ;

(ബി) അദ്ദേഹം സംസ്ഥാനാതിഥിയായിട്ടായിരുന്നോ സംസ്ഥാനത്തു് താമസിച്ചിരുന്നതു്; ആയിരുന്നെങ്കിൽ അതിലേയ്ക്കു് ഗവണ്മെൻറിൽ നിന്നും എന്തു സംഖ്യ ചെലവുവന്നു;

(സി) അദ്ദേഹത്തെ സംസ്ഥാനാതിഥിയായി സ്വീകരിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) വന്നിരുന്നു.

(ബി) അല്ല. ആ ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

മത്സ്യവ്യവസായ വികസനം.

* 945. [(29) ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) നോർവീജിയൻ പദ്ധതിപ്രകാരമുള്ള മത്സ്യവ്യവസായ വികസനത്തിന് ഈ ഗവണ്മെൻറ് എന്തെങ്കിലും ധനസഹായം ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എന്തു തുക ചെലവാക്കിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) 30-6-1954 വരെ സംസ്ഥാനഗവണ്മെൻറ് 2,10,923 രൂ. 7 ണ. 9 സ. ചെലവാക്കിയിട്ടുണ്ട്.

നോർവീജിയൻ പദ്ധതി.

*946. [30] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർവീജിയൻ പദ്ധതി അനുസരിച്ച് ഇവിടെ മത്സ്യം പിടിക്കാൻ തുടങ്ങിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് ഇതിനകം എന്തെല്ലാം പണികൾ ചെയ്തു തീർത്തിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ എത്ര വർഷംകൊണ്ടു പൂർത്തിയാകും;

(ഡി) ഈ പദ്ധതികൾക്ക് ഈ ഗവണ്മെൻറ് എന്തെല്ലാം സഹായങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്;

(ഇ) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഈ ഗവണ്മെൻറിൽ നിന്നും വല്ല സ്ഥലവും വിട്ടുകൊടുത്തിട്ടുണ്ടോ;

(എഫ്) ഇതിൻെറ പ്രവർത്തനങ്ങളുടെമേൽ ഈ ഗവണ്മെൻറിന് വല്ല നിയന്ത്രണവും ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്. എന്നാൽ വിപുലമായതോതിൽ മീൻപിടിത്തം തുടങ്ങിയിട്ടില്ല.

(ബി) ബോട്ടുകൾ ഉണ്ടാക്കാനും കേടുപാടുകൾ തീർക്കാനുമായി ഒരു ബോട്ടുനിർമ്മാണശാലയും, യന്ത്രങ്ങൾ നന്നാക്കുവാനും അവയെ ബോട്ടുകളിൽ ഘടിപ്പിക്കുവാനും മററുമായി ഒരു മെക്കാനിക്കൽ വർക്ക്ഷാപ്പും നീണ്ടകരയിൽ പണിതീർന്നു കഴിഞ്ഞിട്ടുണ്ട്. നോർവേയിൽ നിന്നും പദ്ധതിക്കുവേണ്ടി ഇറക്കുമതി ചെയ്യപ്പെട്ട സാധനസാമഗ്രികൾ സൂക്ഷിക്കുന്നതിന് ഒരു സ്റ്റോർഷെഡ് പുത്തൻതുറയിൽ പണിതിട്ടുണ്ട്. ബോട്ടുകൾ, വഞ്ചികൾ മുതലായവ, വന്നടുക്കുന്നതിലേയ്ക്കുവേണ്ടി ഒരു ജട്ടിയും കെട്ടിയിട്ടുണ്ട്. കടലെടുപ്പിനെ തടയാനായി ഏകദേശം 1000 അടി നീളത്തിൽ നാലു സ്ഥലത്തായി നീണ്ടകരയിൽ കരിങ്കൽചിറ കെട്ടിയിട്ടുണ്ട്. നോർവേയിൽനിന്നും പദ്ധതിയുടെ പ്രവർത്തനത്തിനുവന്ന വിദഗ്ദ്ധന്മാർക്കു താമസിക്കുവാനുള്ള വീടുകൾ മിക്കവാറും പണിതീർന്നു കഴിഞ്ഞിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട ശക്തികുളങ്ങര പുത്തൻതുറ എന്നീ വില്ലേജുകളിലേയ്ക്കു് ശക്തികുളങ്ങര പഞ്ചായത്തുകവക ഒരു കിണററിൽ നിന്നും ശുദ്ധജലം വിതരണം ചെയ്യാൻ വേണ്ട നടപടികൾ കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ട്. ശക്തികുളങ്ങരയിലേയും പുത്തൻതുറയിലേയും ഗർഭിണികളേയും കുഞ്ഞുങ്ങളേയും ചികിത്സിക്കാനായി പുത്തൻതുറയിൽ ഒരു ചെറിയ ആസ്പത്രിയും, ഒരു ശിശുസംരക്ഷണകേന്ദ്രവും ശക്തികുളങ്ങരയിൽ മറെറാരു കേന്ദ്രവും പ്രവർത്തനം നടത്തുന്നുണ്ട്. വളരെ ഇടതിങ്ങി ജനങ്ങൾ താമസിക്കുന്ന പുത്തൻതുറ, നീണ്ടകര എന്നീ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻവേണ്ടി വളരെ അധികം കക്കൂസുകൾ (latrines) കെട്ടിത്തുടങ്ങിയിട്ടുണ്ട്. വഞ്ചികളിൽ യന്ത്രം ഘടിപ്പിച്ച് മത്സ്യം പിടിക്കുന്നതിനുള്ള പരീക്ഷണങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 1955-56 വർഷത്തിൽ അവസാനം പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം ഇൻഡ്യാ ഗവണ്മെൻറിൻെറ മേൽനോട്ടത്തിൽ പ്രോജക്ററ ഡയറക്ടറുമായി ആലോചിച്ച് ഈ ഗവണ്മെൻറാണ് നടത്തുന്നത്. പദ്ധതി സ്ഥലത്തുള്ള കെട്ടിടപണികളുള്ള സാധനങ്ങളുടെ വില, ജോലിച്ചെലവ്, ഇൻഡ്യൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, നോർവീജിയൻ വിദഗ്ദ്ധന്മാരുടെ ഇവിടത്തെ ജീവിതച്ചെലവ്, നോർവേയിൽനിന്നും കൊണ്ടുവരുന്ന സാധനങ്ങളുടെ നികുതി മുതലായവ സംസ്ഥാനഗവണ്മെൻറ വഹിക്കുന്നതും, അതിൻെറ പകുതി ഭാഗം ഇൻഡ്യാഗവണ്മെൻറ് മടക്കിത്തരുന്നതുമാണ്. ഈ പദ്ധതിയുടെ മരാമത്തുജോലികൾ സംസ്ഥാനമരാമത്തുവകുപ്പു നടത്തുന്നതാണ്. ആരോഗ്യവകുപ്പിൽനിന്നും ഒരു നേഴ്സിനേയും ഒരു സാനട്ടറി ഇൻസ്പെക്ടറേയും ഈ പദ്ധതിയിലേയ്ക്കു നിയമിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ പ്രവർത്തനത്തിനു ആവശ്യമായിട്ടുള്ള കെട്ടിടങ്ങളും മററുമായി നീണ്ടകരയിലും പുത്തൻതുറയിലും സ്ഥലങ്ങൾ പദ്ധതിക്കായിട്ടു വിട്ടുകൊടുത്തിട്ടുണ്ട്. കൂടാതെ നോർവീജിയൻ വിദഗ്ദ്ധന്മാർക്കു താമസിക്കുന്നതിനും ആഫീസുകെട്ടിടത്തിനും ആശുപത്രിക്കുമായി ഉദ്ദേശം $4\frac{1}{4}$ ഏക്കർ സ്ഥലവും പൊന്നും വിലയ്ക്കെടുത്തിട്ടുണ്ട്.

(എഫ്) ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള പൂർണ്ണ അധികാരവും ചുമതലയും ഈ ഗവണ്മെൻറിനാണ്.

മത്സ്യവ്യവസായ പരിപോഷണം.

(എ) കോട്ടയത്തെ ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇതിനുവേണ്ടി ഒരു Special Officer നിയമിക്കപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) (ബി) ഈ പദ്ധതിക്ക് ഒരു preliminary estimate തയ്യാറാക്കിയിട്ടുണ്ട്. ഒരു detailed investigation നടത്തുന്നതിന് വേണ്ട ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യം പരിഗണനയിലിരിക്കയാണ്. കൂടാതെ ഈ പദ്ധതി National Water Supply and Sanitation Scheme-ൽ ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനയച്ചിട്ടുണ്ട്. ഇതിലേക്ക് വേണ്ടി വരുന്ന ചിലവിന്റെ ഒരംശം ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുമുണ്ട്.

State Transport.

290. [18] **Shri K. M. George**: Will the Minister for Works and Transport be pleased to state:

(*a*) what is the number of State Transport buses now plying between Kottayam and Muvattupuzha and Muvattupuzha and Ernakulam;

(*b*) is it sufficient to cope with the demand of the travelling public;

(*c*) are Government in receipt of representations from the people of Muvattupuzha that additional buses must be provided between Kottayam and Muvattupuzha and Muvattupuzha and Ernakulam; and

(*d*) are Government in receipt of a representation from the public of Muvattupuzha and the College authorities to extend the State Transport bus service from the Muvattupuzha town to the Muvattupuzha College?

Answer.

(*a*) Kottayam and Muvattupuzha—11 buses with 20 trips excluding 8 Express buses touching Muvattupuzha.

Muvattupuzha and Ernakulam—5 buses with 15 trips in addition to 3 Express trips operating between Ernakulam and Muvattupuzha.

(*b*) Yes.
(*c*) Yes.
(*d*) Yes.

പാലങ്ങൾ.

291. [19] ശ്രീ. പി. കെ. അബ്ദുൾഖാദിർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ പണിയുവാൻ ഇത്തവണത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള പാലങ്ങളുടെ എണ്ണം ഒട്ടുംതന്നെ പര്യാപ്തമല്ലെന്നും കൂടുതൽ പാലങ്ങൾ പണിയുവാൻ വേണ്ടതു ചെയ്യണമെന്നും ഗവണ്മെൻറിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) കൊടുങ്ങല്ലൂരിലെ കാവിൽ പുല്ലൂററകടവ് പാലം പണി എപ്പോൾ ആരംഭിക്കും;

(സി) പ്രസ്തുതപണി ആവുന്നത്ര ആരംഭിച്ച് പൂർത്തിയാക്കുവാൻ അടിയന്തിര നടപടികൾ എടുക്കുവാൻ ദയവുണ്ടാകുമോ;

(ഡി) പ്രസ്തുത പാലം പണി പൂർത്തിയാകുന്നതുവരെ ഇരുകരകളിലും ഓരോ ചങ്ങാടം ഏർപ്പെടുത്തുമോ;

(ഇ) ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഏക ചങ്ങാടം കേടുള്ളതും സുരക്ഷിതമല്ലാത്തതുമാണോ?

ഉത്തരം.

(എ) ഇല്ല.
(ബി) എസ്റ്റിമേററനുവാദം കിട്ടിയാൽ ഉടനെ ആരംഭിക്കും.
(സി) വേണ്ട നടപടികൾ എടുക്കുന്നുണ്ട്.
(ഡി) നടപടികൾ എടുത്തുവരുന്നു.
(ഇ) അല്ല.

കുഴൽ കിണറുകൾ.

292. [20] ശ്രീ. പി. കെ. അബ്ദുൾഖാദിർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ശുദ്ധജലക്ഷാമം പരിഹരിക്കാൻ കൊടുങ്ങല്ലൂർ താലൂക്കിൽ കുഴൽകിണറുകൾ കുഴിപ്പിക്കാൻ കൊടുങ്ങല്ലൂർ താലൂക്ക് ഭാരതസേവാസമാജം വല്ല നിവേദനവും ഗവണ്മെൻറിനോട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കാര്യം എങ്ങനെയിരിക്കുന്നു?

ഉത്തരം.

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

കുഴൽക്കിണറുകൾ.

293. [21] ശ്രീ. പി. കെ. അബ്ദുൾഖാദിർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ എറിയാട്ട് വില്ലേജിൽ പണി കഴിക്കുവാൻ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള കുഴൽക്കിണറിന്റെ പണി എപ്പോൾ ആരംഭിക്കും;

(ബി) പ്രസ്തുത പണി ആവുന്നത്ര വേഗത്തിൽ പൂർത്തിയാക്കി എറിയാട്ട് അഴിക്കോട് വില്ലേജുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടിയെടുക്കാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ)& (ബി) ഉപകരണങ്ങളുടെ കുറവുകൊണ്ടാണ് ജോലി ആരംഭിക്കാത്തതു്. കൂടുതൽ ഉപകരണങ്ങൾ വാങ്ങിച്ചാൽ ഉടനെ ജോലി ആരംഭിക്കുന്നതാണ്.

എൽ. സീ. റ്റി. ജോലിക്കാരുടെ ഇൻക്രിമെന്റ്.

294. [24] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തുനിന്നും മററു പ്രദേശങ്ങളിലേക്ക് ശുദ്ധജലം കൊണ്ടുപോകുന്ന എൽ. സി. റ്റി. യിലെ ജോലിക്കാരുടെ ഇൻക്രിമെന്റ് മൂന്നുകൊല്ലമായി തടഞ്ഞു വച്ചിരിക്കുന്നതിന്റെ കാരണമെന്തു്;

(ബി) അവരുടെ ഇൻക്രിമെന്റ് ഉടനെ അനുവദിച്ചുകൊടുക്കുമോ?

ഉത്തരം.

(എ) യാതൊരു കാരണവശാലും ചോദ്യത്തിൽ പറയുന്ന എൽ. സി. റ്റി. സ്റ്റാഫിന്റെ ഇൻക്രിമെന്റ് തടഞ്ഞുവച്ചിട്ടില്ല.

(ബി) മേൽപറഞ്ഞ സ്റ്റാഫിന്റെ സർവ്വീസ് മുതലായ വിവരങ്ങൾ തിട്ടപ്പെടുത്തി ഇൻക്രിമെന്റ്, ശമ്പളവർദ്ധനവ് മുതലായതുകൾക്ക് തുക കൊള്ളിച്ചിട്ടുള്ള മെയിന്റനൻസ് എസ്റ്റിമേറ്റ് അനുവദിച്ചു ഉടൻ ഇൻക്രിമെന്റ് നൽകുന്നതാണ്. ടി എസ്റ്റിമേറ്റ് ഇപ്പോൾ ഗവണ്മെന്റ് പരിശോധനയിൽ ഇരിയ്ക്കുകയാണ്.

Electric energy supply to towns of Ernakulam, Mattancherry and Alwaye.

295. [26] **Shri A. A. D. Luiz:** Will the Minister for Works and Transport be pleased to state: whether any arrangements are being made to improve the electric energy supply to the towns of Ernakulam, Mattancherry, and Alwaye?

Answer.

Yes.

Fore-shore road at Ernakulam.

296. [27] **Shri A. A. D. Luiz:** Will the Minister for Works and Transport be pleased to state: when the work of the fore-shore road to Ernakulam will be taken up and when it can be expected to be completed.

Answer.

The fore-shore road work at Ernakulam is being arranged for. It is expected to be completed in early 1955.

പാലം.

297. [28] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട കടുത്തുരുത്തി-ആയാംകുടി പാലം നഷ്ടപ്പെട്ട് ഗതാഗതസൌകര്യമില്ലാതെ പൊതുജനങ്ങൾ കഷ്ടപ്പെടുന്ന വിവരം കാണിച്ചുകൊണ്ടുള്ള അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

പാലം പണി.

298. [29] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട തലയാഴം-വെച്ചൂർ റോഡിലെ കേടുപാടുകൾ വന്ന പാലങ്ങളുടെ പണി പൂർത്തിയാക്കാത്തതിനാൽ ഗതാഗത കാര്യത്തിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിച്ചു നൽകാനുള്ള അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുത്തു?

ഉത്തരം.

(എ) ഉണ്ട്.

(ബി) മാരാൻ വീട്ടിൽ പാലത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അഞ്ചുമന പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

പണിമുടക്ക്.

299. [30] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഡിസംബർ 18-ാംനു- സ്റ്റേററ ട്രാൻസ്പോർട്ടു തൊഴിലാളികൾ സൂചനാപണിമുടക്കു നടത്തിയതിന്റെ പേരിൽ അന്നത്തെ ശമ്പളം അവക്കു് നൽകാതെ ഇരുന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് ഉടനടി നൽകുന്നതിനു് ഉത്തരവുണ്ടാകുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ആ കാര്യം ആലോചനയിലിരിക്കുന്നു.

മെക്കാനിക്കൽ സ്റ്റാഫ്.

300. [31] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേററു് ട്രാൻസ്പോർട്ടു മെക്കാനിക്കൽ സ്റ്റാഫിന്റെ വാർഷിക ഇൻക്രിമെന്റു് തടഞ്ഞുവച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തു്?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Opening a public lane.

301. [32] **Shri O. R. Chummar**: Will the Minister for Local Self Government will be pleased to state:

(*a*) whether the Government have taken any steps to open a public lane from the southern end of Vallarpadam to the Northern end of Panambukad in Mulavukad Village;

(*b*) if so what is the action taken and when is the lane expected to be opened; and

(*c*) if no action is taken so far will the Government be pleased to take steps to open a lane?

Answer.

(*a*) Yes.

(*b*) The work has a provision of Rs. 3,000 in the current year's budget. Detailed estimate for the work is under scrutiny. It is proposed to be opened soon after the estimate with the additional funds required is sanctioned.

(*c*) This does not arise in view of answer to item (b)

പാലം പണി.

302. [33] ശ്രീ. പി. എം. മാക്കോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മററക്കരപ്പാലം ബഡ്ജററിൽ കൊള്ളിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞു. എന്നാൽ ഇതുവരെയും യാതൊരു പണിയും ആരംഭിച്ചതായി കാണുന്നില്ല, കാരണമെന്താണ്;

(ബി) പാലം ഉടനെ പണിയുവാൻ വേണ്ട സത്വരനടപടികൾ ഗവണ്മെൻറ കൈക്കൊള്ളുമോ?

ഉത്തരം.

(എ) പ്രാരംഭജോലികൾ നടന്നുകൊണ്ടിരിക്കയാണ്.

(ബി) കൈക്കൊള്ളാം.

പുതിയ റോഡുകൾ.

303. [34] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഈ സംസ്ഥാനത്ത് എത്ര മൈൽ പുതിയ റോഡുകൾ വെട്ടിയിട്ടുണ്ട്; എത്ര മൈൽ മെററൽ ഇട്ടിട്ടുണ്ട്; എത്ര മൈൽ ടാറിട്ടിട്ടുണ്ട്;

(ബി) തൊടുപുഴ താലൂക്കിൽ എത്ര മൈൽ പുതിയ റോഡു വെട്ടിയിട്ടുണ്ട്;

(സി) ഈ താലൂക്കിൽ ആകെ എത്ര മൈൽ ഡിപ്പാർട്ടുമെൻറൽ റോഡുകളുണ്ട്;

(ഡി) അതിൽ എത്ര മൈൽ മെററൽ വിരിച്ചിട്ടുള്ള റോഡുകളുണ്ട്?

ഉത്തരം.

(എ) 461 മൈൽ
835 ,,
628 ,,
(ബി) 10½ മൈൽ.
(സി) 140 മൈൽ.
(ഡി) 45 മൈൽ.

വിഴിഞ്ഞം—പൂവാർ റോഡ്.

304. [36] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം—പൂവാർ റോഡ് നന്നാക്കണമെന്നും മല്ലൂർ കലുങ്ക് അഴിച്ചു പണിയണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഉണ്ട്.

(ബി) റോഡ് നന്നാക്കുന്നതിനും കലുങ്ക് വീതി കൂട്ടുന്നതിനും എസ്റ്റിമേററ് തയാറാക്കുന്നുണ്ട്.

പാലം പണി.

305. [39] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെണ്ണിക്കുളം സെക്ഷനിൽ ബാസ്റ്റോ റോഡിൽ വെള്ളിക്കര തോട്ടിൽ ഒരു ചെറിയ പാലമോ കലുങ്കോ ഇല്ലാത്തതുകൊണ്ട് കോട്ടാങ്ങൽ മുതലായ സ്ഥലങ്ങളിലേക്ക് ബസ്സു സർവീസുപോലും വർഷകാലത്ത് നിന്നുപോകുന്നുണ്ടോ;

(ബി) ഈ പാലം എത്രയും വേഗം പണിയാൻ ശ്രദ്ധിക്കുമോ;

(സി) ബാസ്റ്റോറോഡ് സെക്കൻഡ് സെക്ഷൻ ശരിയായി മെയിൻറനൻസ് നടത്താത്ത കാരണമെന്ത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ആവശ്യമുള്ള തുക ബഡ്ജററിൽ അനുവദിക്കുമ്പോൾ പാലം പണിയുന്നതാണ്.

(സി) മെയിൻറനൻസു ഗ്രാൻറ് അനുസരിച്ച് ശരിയായി മെയിൻറനൻസ് നടത്തുന്നുണ്ട്.

കടത്തുചങ്ങാടങ്ങൾ.

306. [40] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടത്തുവള്ളങ്ങൾക്കും ചങ്ങാടങ്ങൾക്കും തേയ്ക്കുന്നതിന് മീനെണ്ണ കൊടുക്കാറുണ്ടോ;

(ബി) 1951-52-ം 52-53-ം 53-54-ം വർഷങ്ങളിൽ വെണ്ണിക്കുളം സെക്ഷനിൽപ്പെട്ട കടത്തുവള്ളങ്ങൾക്ക് മീൻനെയ്യ് സപ്ലൈ ചെയ്തിട്ടുണ്ടോ;

(സി) മീൻനെയ്യ് കൊടുത്തിട്ടുണ്ടെങ്കിൽ എത്ര പാട്ട കൊടുത്തിട്ടുണ്ട്;

(ഡി) കഴിഞ്ഞ മൂന്നു വർഷക്കാലമായി ഈ സെക്ഷനിൽപ്പെട്ട കടത്തുവള്ളങ്ങൾക്കും ചങ്ങാടവള്ളങ്ങൾക്കും മീനെണ്ണ ഇട്ടിട്ടുണ്ടോ;

(ഇ) കടത്തുവള്ളങ്ങൾക്ക് മീൻ നെയ്യ് തേയ്ക്കാത്തതുകൊണ്ട് വള്ളങ്ങൾ വേഗം ജീർണ്ണിച്ച് ഗവണ്മെൻറിലേയ്ക്ക് വലിയ നഷ്ടം ഉണ്ടാകുന്നില്ലേ;

(എഫ്) ആണ്ടുതോറും കടവുവള്ളങ്ങൾക്ക് മീനെണ്ണ തേയ്ക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ഉത്തരം.

(എ) കൊടുക്കാറുണ്ട്.
(ബി) ഉണ്ട്.
(സി) 11 പാട്.
(ഡി) ഇട്ടിട്ടുണ്ട്.
(ഇ) & (എഫ്) ഉദിക്കുന്നില്ല.

Road at Valiapadom.

307 [41] **Shri M. V. Cherian:** Will the Minister for Works and Transport be pleased to state:

(*a*) is it a fact that the road at Valiapadom on the Piravom-Palakuzha road is very often flooded and lie submerged causing traffic impossible and danger to pedestrians during the rainy season;

(*b*) what steps are going to be taken to redress the above and how and when?

Answer.

(*a*) The place gets flooded only at times of heavy floods and that too only for a few hours.

(*b*) A bridge is proposed to be constructed.

ഇലക്ട്രിസിററി നീട്ടുന്നതിന്നു അപേക്ഷ.

308. [46] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ മേലുകര എന്ന സ്ഥലത്തേയ്ക്കു ഇലക്ട്രിസിററി നീട്ടുന്നതിന് അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(സി) മേലുകരയിലോട്ടു ഇലക്ട്രിസിററി ഉടൻതന്നെ നീട്ടുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) ഈ സംഗതി അന്വേഷണത്തിലിരിക്കുകയാണ്.
(സി) അക്കാര്യം അന്വേഷണഫലത്തെ ആശ്രയിച്ചിരിക്കുന്നു.

ഇലക്ട്രിസിററി നീട്ടുന്നതിനുള്ള നിവേദനം.

309. [47] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ ചെറുകോൽ വില്ലേജു പഞ്ചായത്തതിർത്തിയിൽപ്പെട്ട ചെറുകോൽ, വയലത്തല, കാട്ടൂർ, കീക്കൊഴൂർ എന്നീ സ്ഥലങ്ങളിലേയ്ക്കു ഇലക്ട്രിസിററി നീട്ടുന്നതിനു വല്ല നിവേദനവും ഗവമെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(സി) ടി സ്ഥലങ്ങളിൽ എല്ലാം ഉടൻതന്നെ ഇലക്ട്രിസിറ്റി നീട്ടുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പ്രസ്തുത സംഗതി അന്വേഷിക്കുകയുണ്ടായിട്ടുണ്ട്

(സി) ഡിപ്പാർട്ടുമെന്റൽ ചട്ടങ്ങൾ അനുസരിച്ചുള്ള വരുമാനം ലഭിക്കുന്നപക്ഷം ഈ ജോലി നിർവഹിക്കാവുന്നതാണ്.

കൊച്ചിൻ ഇലക്ട്രിക്ക് കമ്പനി.

310. [49] ശ്രീ. ജെ. അനന്തഭട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി പട്ടണത്തിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ കൊച്ചിൻ ഇലക്ട്രിക്ക് കമ്പനിക്ക് ഗവണ്മെന്റ് ലൈസൻസു നൽകിയതു് ഏതു കൊല്ലത്തിലാണ്;

(ബി) ഇതേ കമ്പനിക്ക് പള്ളിവാസൽ വിദ്യുച്ഛക്തി ഗവണ്മെന്റിൽനിന്നും നൽകുവാൻ ആരംഭിച്ചതു് ഏതു തീയതി മുതലാണ്;

(സി) കൊച്ചിൻ ഇലക്ട്രിക്ക് കമ്പനിക്കാരുടെ വിദ്യുച്ഛക്തി വിതരണത്തിലുള്ള ന്യൂനതകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് മട്ടാഞ്ചേരി മുനിസിപ്പാലിറ്റിയിൽനിന്നും ഗവണ്മെന്റിലേയ്ക്കു പ്രമേയങ്ങളോ നിവേദനങ്ങളോ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതുകളിന്മേൽ ഗവണ്മെന്റ് ഇതേവരെ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) 1928-ൽ.

(ബി) 1945 മെയ് മാസം 19-ാംനു മുതൽ.

(സി) ഉവ്വ്.

(ഡി) നിവേദനങ്ങൾ പരിഗണിക്കുകയും അതിന്മേലുള്ള ഗവണ്മെന്റിന്റെ തീരുമാനം മുനിസിപ്പാലിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

Vellayakadavu—Vellanad road.

311. [50] **Shri. P. Viswambharan**: Will the Minister for Works and Transport be pleased to state;

(*a*) whether any representation has been received by Government from the public demanding the P. W. D. to complete and maintain the Vellayakadavu-Vellanad road in Trivandrum Division; and

(*b*) if so what steps have the Government taken in this matter?

Answer.

(a) Yes.

(b) Steps are being taken for taking the road under Departmental maintenance.

പാലം പണി.

312. [51] ശ്രീ. എൻ. കെ. കുമാരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രപ്പുഴ കടവിൽ ഒരു പാലം പണിയുന്നതിന് നാട്ടുകാർ അനേകകാലമായി മുറവിളി കൂട്ടുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ;

(ബി) നാളിതുവരെ അക്കാര്യത്തിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ഉത്തരം.

(എ) അറിയാം.

(ബി) പ്രാരംഭജോലികൾക്ക് 2000 രൂപയുടെ ഒരു എസ്റ്റിമേറ്റ തയ്യാറാക്കിയിട്ടുണ്ട്.

പ്രൈവറ്റ് ബസ്സ് സർവ്വീസ്.

313. [52] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽക്കരിച്ച ട്രാൻസ്പോർട്ടു റൂട്ടുകളിൽ, സർക്കാർ ബസ്സുകൾക്ക് സമാന്തരമായി ആറും ഏഴും മൈൽ ദൂരംവരെ പ്രൈവറ്റ ബസ്സുകളും ഓടിക്കുവാൻ പെർമിറ്റ് കൊടുത്തിട്ടുണ്ടോ;

(ബി) നെയ്യാറ്റിൻകര താലൂക്കിൽ ഇപ്രകാരമുള്ള പെർമിറ്റ എത്രയെണ്ണം ഏതേതു റൂട്ടുകളിൽ, ആർക്കെല്ലാം കൊടുത്തിട്ടുണ്ട്;

(സി) ഈ ഏർപ്പാട് ട്രാൻസ്പോർട്ടുവകുപ്പിന്റെ വരുമാനത്തെ ഹാനികരമായി ബാധിക്കുന്നതല്ലേ; ആണെങ്കിൽ അതു് നിറുത്തലാക്കുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) ചില റൂട്ടുകളിൽ കൊടുത്തിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര താലൂക്കിൽ ആർക്കും ഇപ്രകാരമുള്ള പെർമിറ്റ് കൊടുത്തിട്ടില്ല.

(സി) ട്രാൻസ്പോർട്ടുവകുപ്പിന്റെ വരുമാനത്തെ കുറിച്ചു ബാധിക്കുന്നുണ്ട്. പക്ഷെ പൊതുജനങ്ങളുടെ സൗകര്യത്തെ പരിഗണിച്ച് സ്റ്റേറ്റ ട്രാൻസ്പോർട്ടു ബസ്സുകൾ ഓടാത്ത ചില പ്രധാന സ്ഥലങ്ങളിലേയ്ക്കു് പ്രൈവറ്റ് ബസ്സ് കമ്പനികൾക്കു് ത്രൂ സർവ്വീസ് കൊടുക്കുമ്പോൾ ഇപ്രകാരമുള്ള ഓവർ ലാപ്പിംഗ് നിശ്ശേഷം നിറുത്തൽചെയ്യുവാൻ സാധിക്കുന്നതല്ല

മീനന്തറയാററിൽ ചിറ.

314. [54] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്തു് നട്ടാശ്ശേരി, പാറമ്പുഴ, വടവാതൂർ തുടങ്ങിയ പ്രദേശങ്ങളിലെ നെൽപ്പാടങ്ങളിൽ ഓരു കയറാതിരിക്കുന്നതിനെ ഉദ്ദേശിച്ചു് മീനന്തറയാററിൽ ആണ്ടുതോറും ഇടുന്ന ചിറ ഓരു തുടങ്ങുന്നതിനു മുമ്പേ തക്കസമയം ഇടാറില്ലാത്തതിനാൽ അതുകൊണ്ടുദ്ദേശിക്കുന്ന ഗുണം കിട്ടാറില്ലെന്നു ഗവണ്മെൻറു് ഗൗനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ചിറ ഇറഞ്ഞാൽ കടവിനു് പടിഞ്ഞാറു് മാറി മീനന്തറയാറും മീനച്ചിലാറും സന്ധിക്കുന്നിനു് സമീപത്തു് സ്ഥാപിക്കുകയാണെങ്കിൽ ഇതു് കൂടുതൽ കൃഷിസ്ഥലങ്ങൾക്കു് ഉപകാരപ്പെടുമെന്നുള്ളതിനാൽ ചിറ അങ്ങിനെ മാററി സ്ഥാപിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ:

(സി) ഓരു തുടങ്ങുന്നതിനു മുമ്പുതന്നെ ചിറ ഇടുന്നതിനു് കാലേ കൂട്ടി ടെൻഡർ വിളിച്ചു് കാൺട്രാക്ററു് കൊടുക്കാൻ ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) മീനന്തറയാററിൽ വർഷംതോറും ഓരു വെള്ളം തടയുന്നതിലേയ്ക്കു് ഇടാറുള്ള ഓരു മുട്ടു് തക്കകാലങ്ങളിൽതന്നെ ഇടുന്നുണ്ടു്. ഓരിൻെറ സമയം ഏതാണ്ടു് മകരം, കുംഭം മാസങ്ങളിലാണു്. കഴിഞ്ഞ വർഷത്തിൽ ധനു, മകരം (ജനുവരി) മാസത്തിലാണു് ഈ വേലയ്ക്കു വേണ്ട നടപടികൾ ചെയ്തതു്.

(ബി) ഇതിനെപ്പററി അന്വേഷണങ്ങൾ നടത്തി വേണ്ട നടപടികൾ നടത്തുന്നതാണു്.

(സ്) എ-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ചീപ്പു് നന്നാക്കിക്കിട്ടുന്നതിനു് നിവേദനം.

315. [55] ശ്രീ. പി. ജെ. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മാടപ്പള്ളി പകുതിയിൽ കണ്ണവട്ടാൽതോട്ടിൽ സക്കാരിൽനിന്നും കെട്ടിച്ചിരുന്ന ചീപ്പു് 1123-ൽ കേടു ഭവിച്ചതായി ഗവണ്മെൻറിനു് അറിവുണ്ടോ;

(ബി) ടി ചീപ്പു് നന്നാക്കി കിട്ടുന്നതിനു് വല്ല നിവേദനവും കിട്ടി അതിന്മേൽ നടപടി നടത്തിയിട്ടുണ്ടോ;

(സി) ടി ചീപ്പിൻെറ അഭാവത്തിൽ 300 പറയോളം നിലത്തിലെ മകരകൃഷി നഷ്ടത്തിൽ കലാശിക്കുന്നതായി ഗവണ്മെൻറിനറിയാമോ;

(ഡി) ഈ വർഷമെങ്കിലും ടി ചീപ്പു് നന്നാക്കി കൊടുക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ടു്.
(ബി) ഉണ്ടു്.
(സി) അറിവില്ല.
(ഡി) വേണ്ട നടപടി എടുക്കുന്നതാണു്.

വൈക്കം ടൗണിലെ റോഡുകൾ.

316. [56] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം ടൗണിലെ വളരെ പ്രധാനപ്പെട്ട മൂന്നു റോഡുകളിൽ രണ്ടെണ്ണം മാത്രം ടാർ ചെയ്യുവാൻ തീരുമാനിച്ചതു് എന്തുകൊണ്ടാണു്;

(ബി) ആകെ എത്ര മൈൽ റോഡു് വൈക്കം ടൗണിൽ ഈ ആണ്ടിൽ ടാർ ചെയ്യും;

(സി) ഇപ്പോഴത്തെ എസ്റ്റിമേററിൽ കൊള്ളിച്ചിട്ടില്ലാത്ത വടക്കേനട റോഡുകൂടി എസ്റ്റിമേററിൽ കൊള്ളിക്കണമെന്നു് കാണിച്ചു് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഡി) നാലു ഫർലാംഗിൽ കൂടുതൽ നീളമില്ലാത്ത പ്രസ്തുത റോഡുകൂടി ഇപ്പോൾ ടാർ ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളതിന്റെ കൂടെ ഉൾപ്പെടുത്തി ടാർ ചെയ്യുമോ?

ഉത്തരം.

(എ) അവ കൂടുതൽ വാഹനഗതാഗതമുള്ള റോഡുകൾ ആയതുകൊണ്ടു്.

(ബി) മൂന്നു മൈൽ.
(സി) ഇല്ല.

(ഡി) വൈക്കം ടൗണിന്റെ ബാക്കി റോഡുകൾ ടാർ ചെയ്യുവാൻ പദ്ധതി ഉണ്ടു്. അതിൽ പ്രസ്തുത റോഡും ഉൾപ്പെടുത്തിയിട്ടുണ്ടു്.

UNSTARRED QUESTIONS POSTED FOR ANSWER ON 19-7-54.

Subsidy to Cultivators.

317. [4] **Shri. Prakkulam Bhasi** : Will the Minister for Finance be pleased to state :

(*a*) Whether the Government paid to the Secretary of the Kuttanad Agricultural Co-operative Society Rs. 1,25,960 in 1951 as subsidy to cultivators to meet a part of the expenditure incurred by them for pumping out water ; and

(*b*) if so, the actual disbursed amount in the year.

Answer.

(*a*) Yes.

(*b*) Rs. 1,25,908. This amount was not actually paid to the parties, but adjusted against the shares taken by them in the Kuttanad Agricultural Co-operative Society as agreed to by them and after getting necessary receipts from them.

ആലുവാ വളംഡിപ്പോ.

318. [6] ശ്രീ. ററി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ആലുവാ ഗവൺമെൻറ വളം ഡിപ്പോയിൽനിന്നും 1954 മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ എത്ര ടൺ വളം കർഷകർക്ക് വിററിട്ടുണ്ട്;

(ബി) വിളവിറക്കുന്ന കാലങ്ങളിൽ ഈ ഡിപ്പോയിൽ സാധാരണ വളം സ്റ്റാക്കില്ലാതിരിക്കുന്നതിനെക്കുറിച്ച് ഗവൺമെൻറിന് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) താഴെ വിവരിക്കുന്ന പ്രകാരം വളംവിററിട്ടുണ്ട്.

1954 മാർച്ച്.		ഹൺഡ്രഡ്വെയിററ്	പൌണ്ട്
(1)	അമോണിയംസൽഫേററ്	279	4
1954 ഏപ്രിൽ.			
(1)	നിലക്കടപ്പിണ്ണാക്ക്	382	84
(2)	എല്ലുപൊടി	654	56
(3)	അമോണിയംസൽഫേററ്	137	28
	ആകെ	1453	60

(ബി) ഇല്ല.

വൈക്കം താലൂക്കിലെ കുവംകുതിരച്ചിറ.

319. [8] ശ്രീ. കെ. എം. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വൈക്കം താലൂക്കിൽ മുളകുളംപകുതിയിൽ വടക്കേക്കരയിൽ 'കുവംകുതിരച്ചിറ' എന്ന ഒരു ചിറ ഇട്ടുകിട്ടുന്നതിന് ടി നാട്ടുകാർ ബഹുമാനപ്പെട്ട ഗവൺമെൻറ മുമ്പാകെ നിവേദനം നടത്തിയിട്ടില്ലേ;

(ബി) 200-ൽ ശിഷ്ടം ഏക്കർ നിലങ്ങളിലെ കൃഷിക്ക് ആവശ്യമുള്ള ഒരു ചിറയല്ലേ ഇത്;

(സി) കഴിവതും വേഗം ഈ ചിറ പണിയുവാൻ ഗവൺമെൻറ് ശ്രമിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) 100 ഏക്കർ നിലങ്ങൾക്ക് ഉപയോഗത്തിനുള്ള വെള്ളം ലഭിക്കും.

(സി) അതേപ്പററി ആലോചിക്കാം.

മൃഗാശുപത്രി.

320. [12] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ പതിനഞ്ചു് സംവത്സരങ്ങളായിട്ടു് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട തലയോലപ്പറമ്പിൽ സ്ഥാപിച്ചു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൃഗാശുപത്രി അവിടെനിന്നും മാററി സ്ഥാപിക്കുവാൻ ഏതെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനിടയാക്കിയ കാരണം എന്താണു്?

ഉത്തരം.

(എ) ഇല്ലാ. തലയോലപ്പറമ്പിൽത്തന്നെ ഗവണ്മെൻറുവകയായി ഒരു പുതിയ കെട്ടിടം പണിതു് അതിലേയ്ക്കു് മാററാൻ ആലോചനയുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പുതിയകാവിൽ ചിറ.

321. [13] ശ്രീ. വി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ പള്ളിച്ചൽ പകുതിയിൽ സ്ഥിതിചെയ്യുന്നതുമായ പുതിയകാവിൽ ചിറയുടെ പുറമ്പോക്കു് യാതനയുടെ പേരിൽ പതിപ്പിച്ചും അല്ലാതെയും മററും മററുഭൂമിയുള്ള ചിലർ കയ്യേറിയിരിക്കുന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പുറമ്പോക്കിൽ പുരവയ്ക്കാനും നട്ടുദേഹണ്ഡങ്ങൾ നടത്താനുമുള്ള ശ്രമത്തെ തടയാൻ വേണ്ട നടപടികൾ കൃഷിക്കാരുടെ നന്മയെ മുൻനിറുത്തി എടുക്കാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) പുതിയകാവിൽ ചിറയുടെ പുറമ്പോക്കിൽ ചിലർ കയ്യേറിയിരിക്കുന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) പ്രസ്തുത പുറമ്പോക്കിൽ പുരവയ്ക്കാനും നട്ടുദേഹണ്ഡങ്ങൾ നടത്താനുമുള്ള ശ്രമത്തെ തടയുവാൻ വേണ്ട നടപടികൾ എടുത്തിട്ടുള്ളതും അതു് തുടർന്നുകൊണ്ടു പോകുന്നതുമാണു്.

കതിരക്കുറക്കരി ബണ്ടു് പണി.

322. [29] ശ്രീ. ജെ. എ. ഭട്ടു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി—കണയന്നൂർ താലൂക്കിലെ നെൽകൃഷിക്കുള്ള സ്ഥലം വർദ്ധിപ്പിക്കുവാൻ കതിരക്കുറ കരിബണ്ടു് പണി തുടങ്ങിയതു് ഏതു കൊല്ലത്തിലാണു്;

(ബി) അതിലേയ്ക്കു എന്തു സംഖ്യ ചെലവാക്കി;

(സി) ബണ്ടുപണി പൂർത്തിയാക്കാതെ ഇട്ടിരിക്കുന്നതിനുള്ള കാരണമെന്തു്?

ഉത്തരം.

(എ) 1950-51-ൽ.

(ബി) 52,994 രൂപ.

(സി) ചെലവാക്കുന്ന തുകയ്ക്കു തക്ക പ്രയോജനമില്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടു്.

UNSTARRED QUESTIONS POSTED FOR ANSWER ON 20-7-54.

പീച്ചി ചാനൽ വെട്ടുന്നതിനുള്ള കാൺട്രാക്റ്റ്.

323. [1] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചിയിൽ ഇടതുകരചാനൽ വെട്ടുന്നതിനുള്ള കാൺട്രാക്റ്റ് നൽകിയിരുന്നതു് ആർക്കാണു്.

(ബി) ഈ കൺട്രാക്റ്റർമാർ അതു് സ്റ്റേ ചെയ്യുന്നതിനു് അപേക്ഷിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) പണികൾ പല കൺട്രാക്റ്റർമാർക്കായിട്ടാണു് നൽകിയിട്ടുള്ളതു്.

(ബി) പണികൾ ഏറ്റിട്ടുള്ള കൺട്രാക്റ്റർമാരിൽ ആരും സ്റ്റേ ആവശ്യപ്പെട്ടിട്ടില്ല.

Irrigation Works.

324. [6] **Shri T. S. Ramaswami**: Will the Minister for Works and Transport be pleased to state:

(*a*) the items and the amount allotted for the irrigation works of South Travancore in the last year's budget:

(*b*) the items of work done;

(*c*) items not done; and

(*d*) the amount allowed to lapse?

Answer.

(*a*) Item Nos. 657, 658, 659, 661 and 662 totalling Rs. 3,06,800 were provided.

(b) Item Nos. 658 and 659.

(c) Item Nos. 657, 661 and 662.

(*d*) No amount was allowed to lapse; the amount provided was utilised for other works in need of funds.

ഇറിഗേഷൻ സ്കീം.

325. [7] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ സ്കീമിനുവേണ്ടി 1951, 52, 53 എന്നീ വർഷങ്ങളിൽ സർക്കാരിനുള്ള ചെലവെന്ത്;

(ബി) മൊത്തം ചെലവിൽ ചിറയിൻകീഴ് താലൂക്കിലെ ഇറിഗേഷൻ വർക്കിനു ചെലവായിട്ടുള്ളതെന്ത്;

(സി) ഓരോ വർഷത്തിലും ടി താലൂക്കിൽ എത്ര വീതം ചെലവായി?

ഉത്തരം.

(എ)	1951–52	17	ഇറിഗേഷൻ	2,33,841
		18	,,	60,58,951
		68	,,	45,29,352
	മൊത്തം ചെലവ്			108,22,144
	1952-53	17	ഇറിഗേഷൻ	2,82,803
		18	,,	78,70,998
		68	,,	40,83,929
	മൊത്തം ചെലവ്			1,22,37,730
	1953-54	17	ഇറിഗേഷൻ	2 81,444
		18	,,	72,92,335
		68	,,	39,00,443
	മൊത്തം ചെലവ്			1,14,74,222

(ബി) രൂപ 1,14,241.

(സി)	1951-52	70,596.
	1952-53	27,523
	1953-54	16,122
		1,14,241

T. B. Clinic.

326. [8] **Shri P. Viswambharan:** Will the Minister for Public Health and Medicine be pleased to state:

(a) whether Government have received any representation from the public to shift the T. B. Clinic, Trivandrum from the heart of the City; and

(b) if answer to (a) is in the affirmative what decision have the Government taken in the matter?

Answer.

(a) Yes.

(b) To shift the T. B. Centre from the Mint buildings within a reasonable time.

മുളക്കാഞ്ഞിറത്തോട്.

327. [14] ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തിയാകാറായ മുളക്കാഞ്ഞിറ തോടിൽക്കൂടി വള്ളങ്ങൾക്ക് ഗതാഗതസൌകര്യം പ്രതിബന്ധപ്പെടത്തക്കവണ്ണം പ്രസ്തുത തോടിന്റെ ഇരുവശങ്ങളും ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ വർക്സ് കമ്പനിയുടെ പടിഞ്ഞാറുഭാഗത്ത് ഏതാണ്ട് അഞ്ഞൂറോളം അടി നീളത്തിൽ കര ഇടിഞ്ഞു വീണുകൊണ്ടിരിക്കുന്നത് ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിപത്തു തടയുവാൻ ഉടനടി എന്തെങ്കിലും സംരക്ഷണനടപടി കൈക്കൊള്ളുവാൻ ശ്രമിക്കുമോ;

(സി) മുളക്കാഞ്ഞിറത്തോടിന്റെ മീതെ എം. സീ. റോഡിൽ അടുത്തകാലത്തു നിർമ്മിച്ച പാലത്തിന്റെ തെക്കുവശത്തുനിന്നു തോട്ടരുകിൽക്കൂടി പടിഞ്ഞാറോട്ട് ഒരു റോഡ് വെട്ടുന്നതിനു ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ;

(ഡി) പഴയ എം. സി. റോഡിന്റെ ഭാഗത്ത് തോടിനു മുകളിലൂടെ ഒരു നടപ്പാലം ഇടണമെന്ന് ഗവണ്മെന്റിനു നിവേദനം കിട്ടിയിട്ടുണ്ടോ?

ഉത്തരം.

(എ) തോടിന്റെ ഏതാനും ഭാഗങ്ങൾ ശക്തിയായ മഴകാരണം ഇടിഞ്ഞു കൊണ്ടിരിക്കുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) സംരക്ഷണനടപടികൾ കൈക്കൊള്ളുവാൻ ശ്രമിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) കിട്ടിയിട്ടുണ്ട്.

കോട്ടയം താഴത്തങ്ങാടിയിൽ കടത്തുവള്ളം.

328. [15] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം താഴത്തങ്ങാടി സ്റ്റേഡിയത്തിലുള്ള കടത്തുവഞ്ചികളിൽ ഒരെണ്ണം കുറെ നാളുകളായി അവിടെ ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്ക് വളരെ അസൗകര്യമുണ്ടെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ മുമ്പിലത്തെപ്പോലെ രണ്ടു കടത്തുവഞ്ചികൾ ഇടാൻ ഉടനടി വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഒരു കടത്തുവഞ്ചികൂടി ഇടുന്ന കാര്യം ആലോചനയിലിരിക്കുകയാണ്.

മാക്കററ് കനാൽ.

329. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മാക്കററ കനാൽ വെട്ടുന്നതിന് എന്തെങ്കിലും ഒരപേക്ഷ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(സി) യാതൊരു നടപടിയും ഇതുവരെ നടത്തിയിട്ടില്ലെങ്കിൽ കനാൽവെട്ട് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതിന് ഗവണ്മെൻറിനു ദയവുണ്ടാകുമോ?

ഉത്തരം.

(എ) 9-53-ലെ അസംബ്ലിസമ്മേളനത്തിൽ ഇതേപ്പററി ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി.

(ബി) & (സി) ഈ ജോലിയുടെ പ്രാരംഭ അന്വേഷണം നടത്തിയിട്ടുള്ളതാണ്. വർക്സ് കമ്മിററിയുടെ സമ്മതം ലഭിക്കുകയും ആവശ്യമുള്ള തുക ബഡ്ജററ ചെയ്യുകയും ചെയ്തശേഷമേ പണി ആരംഭിക്കുവാൻ നിവൃത്തിയുള്ളു.

ആലുവാ-പറവൂർ സ്റ്റേററ് ട്രാൻസ്പോർട്ടു സർവീസ്.

330. [19] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവാ-പറവൂർ സ്റ്റേററ് ട്രാൻസ്പോർട്ടുസർവീസ് പറവൂർ പടിഞ്ഞാറവശമുള്ള കായലോരംവരെ നീട്ടുന്നതിനുദ്ദേശമുണ്ടോ;

(ബി) അങ്ങനെ ചെയ്യുന്നതായാൽ ജനങ്ങളുടെ സൗകര്യത്തിനും ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിന്റെ ആദായവർദ്ധനവിനും അതു് ഉതകുന്നതാണെന്നറിയാമോ?

ഉത്തരം

(എ) അങ്ങനെ ഒരു ആലോചനയുണ്ട്.

(ബി) അതിനെപ്പററി അന്വേഷിക്കാം.

പുതിയ സർവീസ്.

331. [21] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു് ഏർപ്പെടുത്തിയിട്ടുള്ള പുതിയസർവീസ് ഷെഡ്യൂൾ അനുസരിച്ച് ഓപ്പറേററിംഗ് സ്റ്റാഫിന്റെ ജോലിസമയവും അദ്ധ്വാനഭാരവും വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതു് കുറവു ചെയ്യുവാൻ ഗവണ്മെൻറ് സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചന്ദനപ്പള്ളി—കോന്നി റോഡ്.

332. [23] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ചന്ദനപ്പള്ളി—കോന്നി റോഡ് നന്നാക്കുന്നതിന് എന്തു തുക അനുവദിച്ചു;

(ബി) എന്തു തുക ചെലവാക്കി;

(സി) ഈ വർഷമെങ്കിലും ആ റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് വേണ്ട വ്യവസ്ഥകൾ ചെയ്യുമോ?

ഉത്തരം.

(എ) 5000 രൂപ

(ബി) ഒന്നും ചെലവാക്കിയില്ല.

(സി) ബഡ്ജററനുവാദമനുസരിച്ച് വേണ്ടതു ചെയ്യാം.

Promotions.

333. [26] **Shri M. William** : Will the Minister for Works and Transport be pleased to state whether it is a fact that Messrs. E. Thanu Pillai and Vasudevan Nair, 45-75 grade clerks in the P. W. D. have been promoted to 80-100 grade and posted in the Neyyattinkara-Vilavancode Community Project and E. Kesava Pillai to Colonisation Scheme while their seniors in the grade of Rs. 45-75 with Account Test higher qualifications are still in the grade of 45-75 in the P. W. D. ?

Answer.

Yes.

റോഡ്.

334. [27] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉച്ചക്കട—ചപ്പാത്തുറോഡ് റിപ്പയർ ചെയ്യു മെറാലിടണമെന്നാവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി നടന്നു?

ഉത്തരം.

(എ) ഉണ്ട്.

(ബി) റോഡ് മെററൽ ചെയ്യുന്നതിന് വേണ്ട നടപടി എടുത്തുകൊണ്ടിരിക്കുന്നു.

Muvattupuzha Hospital.

335. [28] **Shri M. V. Cherian:** Will the Minister for Public Health and Medicine be pleased to state:

(*a*) the extent of the sanction for upgrading the Muvattupuzha Hospital and how has it been implemented so far;

(*b*) what steps the Chief Engineer, P. W. D. has taken so far towards the construction of necessary additional buildings for the above hospital;

(*c*) the number of doctors, nurses and beds that would be provided when the hospital gets upgraded;

(*d*) is there a Lady Doctor working at present in the Moovattupuzha Hospital;

(*e*) if the answer to (d) above is in the negative when would a Lady Doctor be appointed in the said Hospital; and

(*f*) has any extension of service granted to the Medical Officer in the above Hospital and if so for how long and on what condition?

Answer.

(*a*) The Chief Engineer, P. W. D. has been asked to take up the urgent works necessry for the upgrading of the Hospital;

(*b*) Estimate for the construction of the outpatient ward has been prepared. Estimates for the construction of Isolation Ward and T B. Clinic are under preparation;

(*c*) Will be decided only after upgrading the hospital.

(*d*) Yes.

(*e*) The question does not arise.

(*f*) No extension of service has been granted to Medical Officer. But he was reappointed for one year on contract basis from the date of his retirement.

Ranni Dispensary.

336. [29] **Shri Idiculla Idiculla:** Will the Minister for Medicine be pleased to state whether the Government are aware that the existing dispensary in Ranni is not at all sufficient to meet the medical requirements of the inhabitants of the extensive pakuthy of Ranni?

Answer.

Government are not aware of this.

പെരുമ്പിടി പാലം.

337. [30] ശ്രീ. റ്റി. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ സബ് ഡിവിഷനിൽപെട്ട പെരുമ്പിടി പാലത്തിന്റെ കിഴക്കുവശമുള്ള ചിറ കിളത്തുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ചിറ ഉടനെ കിളത്തുന്നതിന് വേണ്ട നടപടികൾ നടത്തുമോ?

ഉത്തരം.

(എ) അതേപ്പററി ആലോചിച്ചുവരുന്നു.

(ബി) സബ് ഡിവിഷൻ കമ്മിററിയുടെ പര്യാലോചനയ്ക്കു വയ്ക്കാം.

തോടുവെട്ട്.

338. [31] ശ്രീ. റ്റി. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ചന്തത്തോടും പള്ളിപ്പാലം തോടും വെട്ടുന്നതിലേക്ക് വല്ല ഇൻവെസ്റ്റിഗേഷനും നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉടനെ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തുമോ;

(സി) രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിലെങ്കിലും ഉൾപ്പെടുത്തി ചന്തത്തോടുവെട്ടാൻ വേണ്ട നടപടികൾ എടുക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ചന്തത്തോടിന്റെ ആദ്യഭാഗം ജോലികൾ മിക്കവാറും പൂർത്തിയായി. ബാക്കിഭാഗം ജോലികൾ നടക്കുന്നകാര്യം ആലോചനയിലിരിക്കുന്നു.

ഇലക്ട്രിസിററി നീട്ടുന്നതിനുള്ള നിവേദനം.

339. [34] ശ്രീ. എൻ. ജെ. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ കുഴിക്കാലാകരയിലോട്ടു ഇലക്ട്രിസിററി നീട്ടുന്നതിനു വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(സി) കുഴിക്കാലായിലോട്ടു ഉടൻതന്നെ ഇലക്ട്രിസിററി നീട്ടിക്കൊടുക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇതിനുവേണ്ട എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ട്.

(സി) എസ്റ്റിമേററനുവദിച്ചു കഴിഞ്ഞതിനുശേഷം.

തോട്ടപ്പണികൾ.

340. [40] ശ്രീ. കെ. പി. ഫാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി മേജർ ഇറിഗേഷനിൽ ഉൾപ്പെടുന്ന മേക്കാലടി പനയാലി എന്നീ പ്രദേശങ്ങളിൽ കനാൽ പണികൾ പൂർത്തിയായിട്ട് എത്ര വർഷമായി;

(ബി) മേൽപറഞ്ഞ സ്ഥലങ്ങളിലെ കനാൽവഴി എപ്പോഴെങ്കിലും വെള്ളം വിട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ വിടുന്നുണ്ടോ?

ഉത്തരം.

(എ) മൂന്നുവർഷമായി.

(ബി) ഉണ്ട്. ചാനലിന്റെ അറ്റം മൂന്നു ഫർലാംഗ് ഒഴികെ ബാക്കി ഭാഗങ്ങളിൽ വെള്ളം വിട്ടിട്ടുണ്ട്.

(സി) ഉണ്ട്.

Punnamoodu-Vellayani road.

341. [41] **Shri P. Viswambharan:** Will the Minister for Works and Transport be pleased to state:

(*a*) whether the Government have received any representation for the completion of the Punnamoodu-Vellayani road in Nemom Village;

(*b*) if so what action have the Government taken regarding that?

Answer.

(*a*) Yes.
(*b*) Estimate for the work is under preparation.

പാലംപണി.

342. [43] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൽ മണ്ഡപത്തുകടവ് എന്ന സ്ഥലത്ത് ഒരു പാലം പണിയണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അവിടെ പാലത്തിന്റെ അത്യാവശ്യകത ഉണ്ടെന്ന് സർക്കാരിനറിയാമോ?

ഉത്തരം.

(എ) ഇല്ല.

(ബി) മുകുന്നറ എന്ന സ്ഥലത്ത് ഒരു പാലംപണിയുവാൻ ഉദ്ദേശിക്കുന്നതിനാൽ മണ്ഡപത്തുകടവിൽ ഒരു പാലത്തിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ഒരു കലുങ്കുപണി.

343. [46] ശ്രീ. പി. ജെ. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചങ്ങനാശ്ശേരി–തൃക്കൊടിത്താനം റോഡിൽ തൃക്കൊടിത്താനം മഹാക്ഷേത്രത്തിനു കിഴക്കുവശത്ത് ഒരു കലുങ്ക് കെട്ടുന്നതിനെ സംബന്ധിച്ച് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ടി സ്ഥലത്ത് ഒരു കലുങ്ക് കെട്ടാത്തതുമൂലം പൊതുജനങ്ങൾക്ക് അസൗകര്യങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഇടയാകുന്നുണ്ടോ;

(സി) ഈ വർഷമെങ്കിലും ടി സ്ഥലത്ത് ഒരു കലുങ്ക് പണിയിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.
(സി) ആലോചിക്കാം.

ഒരു കലുങ്കു കെട്ടുന്നതിന് നിവേദനം.

344. [47] ശ്രീ. പി. ജെ. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തെങ്ങണ–പായിപ്പാട്ടു റോഡിൽ മുണ്ടുപാലം എന്ന സ്ഥലത്ത് ഒരു കലുങ്ക് കെട്ടുന്നതിനെ സംബന്ധിച്ച് വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ടി സ്ഥലത്ത് ഒരു കലുങ്ക് കെട്ടാത്തതുമൂലം പൊതുജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾക്കും അസൗകര്യങ്ങൾക്കും ഇടയാകുന്നുണ്ടോ;

(സി) ഈ വർഷമെങ്കിലും ടി സ്ഥലത്ത് ഒരു കലുങ്ക് കെട്ടിച്ചു തരുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) അറിവില്ല.
(സി) ആലോചിക്കാം.

പോത്തുണ്ടി–മീൻചാടി സ്കീം.

345. [48] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

ചിററൂർ താലൂക്കിലുള്ള നെന്മാറഭാഗത്തെ കൃഷിക്കുള്ള വെള്ളത്തിന്റെ സൗകര്യത്തിനായി പോത്തുണ്ടി, മീൻചാടി തുടങ്ങിയ സ്കീമുകളെ സംബന്ധിച്ച് ഗവണ്മെന്റിനു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിൽ ഗവണ്മെന്റ് എന്തു നടപടി എടുത്തു?

ഉത്തരം.

ഉണ്ടു്; ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

ബസ്സ്സ്റ്റാൻഡ്.

346. [49] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽപെട്ട കൊഴിഞ്ഞാമ്പാറയിൽ ഒരു ബസ്സ്സ്റ്റാൻഡ് പണിയുവാൻ സ്ഥലം അക്വയർ ചെയ്തിട്ടു് കൊല്ലങ്ങൾ പലതും കഴിഞ്ഞെങ്കിലും ഇതുവരെ ബസ്സ്സ്റ്റാൻഡ് പണി തുടങ്ങാത്തതെന്തു്;

(ബി) ഉടനെതന്നെ അതിന്റെ പണി തുടങ്ങുമോ?

ഉത്തരം.

(എ) ബഡ്ജറ്റിൽ വേണ്ട തുക കൊള്ളിക്കാൻ സാധിക്കാഞ്ഞതുകൊണ്ടു്.

(ബി) ഈ ആണ്ടത്തെ ബഡ്ജറ്റ് പാസ്സായതിനു ശേഷം തൽസംബന്ധമായി വേണ്ടതു ചെയ്യുന്നതാണു്.

Opening a cause-way.

347. [51] **Shri N. Chandrasekharan Nair**: Will the Minister for Works and Transport be pleased to state;

(*a*) whether any amount has been sanctioned for the opening of a cause-way across Vamanapuram river, Ponnamchundu, Nedumangadu;

(*b*) if so will the work be taken up this year: and

(*c*) will the construction of Perungamalai-Chayam road be completed before the end of this year?

Answer.

(*a*) Yes.

(*b*) Work has been already arranged for.

(*c*) Not possible.

പ്രൈവറ്റ് അണക്കെട്ടുകൾ.

348. [54] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ പ്രൈവറ്റ് അണക്കെട്ടുകൾ ഗവണ്മെൻറുടമയിൽ കൊണ്ടുവരണമെന്നു കാണിച്ചു് ഗവണ്മെന്റിനു വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) ലഭിച്ചിട്ടില്ലെങ്കിൽ എന്തു നടപടിയാണു് ഗവണ്മെൻറു് എടുത്തിട്ടുള്ളതു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

Pennar Thodu.

349. [56] **Shri V. V. Sabastian** : Will the Minister for Works and Transport be pleased to state :

(a) whether owing to shallowness of water, passage of vallams and boats through Pennar thodu leading to Athirampuzha landing place has become almost impossible during dry whether ;

(b) whether representations have not been received by the Government for deepening the said canal and thereby making it fit for navigation throughout the year ; and

(c) what steps have been taken by the Government in the matter so far ?

Answer.

(a) There is some difficulty for the passage of vallams and boats through certain portions of the Pennar thodu during the dry season.

(b) No representations have been received; but the question was raised in the last Assembly session.

(c) The Chief Engineer, P. W. D. has been asked to submit proposals for deepening the shallow portions of the thodu.

Boat Basin.

350. [57] **Shri V. V. Sabastian** : Will the Minister for Works and Transport be pleased to state :

(a) whether representations have been made to the Government regarding the dilapidated and unsatisfactory condition of the embarkments of the Athirampuzha Boat Basin ; and

(b) what steps have been taken by the Government in regard to the reconstruction of the said boat basin ?

Answer.

(a) Yes.

(b) Estimate for the work is being prepared and the work will be taken up when funds become available.

വൈക്കം ബോട്ടുജെട്ടി.

351. [59] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ ബോട്ടുജെട്ടിയിലുള്ള വെയിറ്റിംഗ് ഷെഡ്ഡ് പണിതിട്ട് എത്ര വർഷമായി ;

(ബി) ഇത്രകാലത്തിനകം ആ വെയിററിംഗ് ഷെഡ്ഡുകളിൽ ആളുകൾക്ക് ഇരിപ്പിടസൗകര്യങ്ങൾ ചെയ്തു കൊടുക്കാതിരിക്കുന്നതു് എന്തുകൊണ്ടാണ്;

(സി) ഉടനെ, അവിടെ ആളുകൾക്ക് ഇരിക്കത്തക്കവിധം ബഞ്ചുകളോ മററു ഇരിപ്പിടസൗകര്യങ്ങളോ ഏർപ്പാടു ചെയ്യുമോ?

ഉത്തരം.

(എ) ഏഴുവർഷമായി.

(ബി, സി) വെയിററിംഗ് ഷെഡ്ഡിനുള്ള എസ്റ്റിമേററിൽ ബഞ്ചുകൾക്കുള്ള തുക ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. കാൺക്രീററു ബഞ്ചുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

UNSTARRED QUESTIONS POSTED FOR ANSWER ON 21-7-1954.

തോടിൻെറ വരമ്പു്.

352. [4] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാർപ്പു പകുതിയിൽപ്പെട്ട എം. എൻ. ബ്ലോക്ക് കായലിൽക്കൂടി വെട്ടിയിട്ടുള്ള വെട്ടിക്കാട്ട്, മുത്തേരി മടത്തോടിൻെറ വരമ്പു കുത്തുന്നതിന് ടെൻഡർ വിളിച്ചിരുന്നോ;

(ബി) ടെൻഡർ വിളിച്ചിരുന്നെങ്കിൽ ഏതെങ്കിലും ടെൻഡർ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്;

(ഡി) അടുത്ത പുഞ്ചക്കൃഷിക്കു മുമ്പായി ടി വരമ്പു് തീർക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാനുദ്ദേശമുണ്ടോ?

ഉത്തരം.

(എ) ടെൻഡർ വിളിച്ചിരുന്നു.

(ബി) ഒരു ടെൻഡർ ലഭിക്കുകയും അതു് സ്വീകരിച്ചു ജോലി തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കൈക്കൊള്ളുകയുംചെയ്തു. പക്ഷെ തദ്ദേശവാസികൾ കൺട്രാക്ടർമുഖേന വേല നടത്തുന്നതിൽ പ്രതികൂലമനോഭാവം പ്രകടിപ്പിക്കുകയാൽ വരമ്പുകുത്തുന്ന ജോലി ഉപേക്ഷിക്കേണ്ടി വന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സ്ഥലത്തെ കർഷകർ എല്ലാവരും 50 ശതമാനം ചെലവു വഹിക്കാൻ തയ്യാറാകുന്നപക്ഷം അടുത്ത പുഞ്ചക്കൃഷിക്കു് മുമ്പായി വരമ്പു കുത്തുവാൻ വേണ്ട നടപടി കൈക്കൊള്ളുന്നതാണു്.

ഹരിജൻ കാളനിയിൽ കൈത്തറി വ്യവസായശാല.

353. [22] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള എത്ര ഹരിജൻ കാളനികളിൽ കൈത്തറിനെയ്ത്തു മുതലായ വ്യവസായശാലകൾ ഗവണ്മെന്റിൽനിന്നും സ്ഥാപിച്ചിട്ടുണ്ട്.

(ബി) അതിൽ ഏതെങ്കിലും പ്രവർത്തനം ഇല്ലാതെ പൂട്ടിക്കിടക്കുന്ന വിവരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) 4. (നാലെണ്ണത്തിൽ) അതായത്;

1. സചിവോത്തമപുരം, ചങ്ങനാശേരി.
2. വിജയരാഘവപുരം, തൃശ്ശൂർ.
3. Paduruthy, വടക്കാഞ്ചേരി.
4. ഹെർബട്ട് നഗർ.

(ബി) ഉണ്ട്. അത് ഹെർബർട്ട്നഗർ കാളനി ആകുന്നു.

താലൂക്ക് രൂപീകരണം.

354. [23] ശ്രീ. എം. എ. ആന്റണി: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

പെരിയാറിനും ചാലക്കുടി പുഴയ്ക്കും മദ്ധ്യേ കിടക്കുന്ന സ്ഥലങ്ങൾ യോജിപ്പിച്ച് ഒരു താലൂക്ക രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന് ബോദ്ധ്യമായിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

Sales Tax Appeal.

355. [34] **Shri K. P. Hormis:** Will the Minister for Finance be pleased to state :

(a) the number of sales-tax appeals filed by gold ornaments manufactures and the amount of tax involved ; and

(b) whether any appeal under this category has been disposed of?

Answer.

(a) Number of appeals. 151
Amount involved. Rs. 1,48,888-5-1.

(b) Yes. 99 appeals were disposed of,

UNSTARRED QUESTIONS POSTED FOR ANSWER ON 22-7-54.

Water Supply at Shencottah.

356. [1] **Shri K. Sattanatha Karayalar**: Will the Minister for Works and Transport be pleased to state :

(a) whether there was total failure of water supply at Shencottah recently ;

(b) if so, what are the reasons ;

(c) what happened to the Diesel Engine that was kept as a standby to work in times of emergency caused by failure of electricity ;

(d) will the Government consider the erection of the same in view of the failure of current often ?

Answer.

(a) Yes.

(b) Due to failure of Electric current supply.

(c) The oil engine is under temporary use in Muttom water supply scheme.

(d) This will be considered.

Approach road to Sholapuram.

357. [3] **Shri N. A. Noor Muhamed**: Will the Minister for Works and Transport be pleased to state :

(a) whether representations have been received for the opening of an approach road to Sholapuram from Kumarapuram-Velimalai road.

(b) the action taken thereon ?

Answer.

(a) No

(b) Does not arise in view of the answer to (a).

മല്ലപ്പള്ളി പാലം.

358. [9] ശ്രീ. [illegible] മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി പാലത്തിന്റെ ഒരു സ്പാൻ വാർത്തുകഴിഞ്ഞത് അതു മുഴുവൻ ഇടിഞ്ഞു വീണുപോയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമൂലം എത്ര രൂപയുടെ നഷ്ടം ഗവണ്മെന്റിനുണ്ടായിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഗവണ്മെന്റിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

കോട്ടയം—കുമിളി റൂട്ട്.

359. [11] ശ്രീ. ബേബി ജാൺ: താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം—കുമിളി റൂട്ടും, കോട്ടയം—ഏലപ്പാറ റൂട്ടും ഗവണ്മെന്റ് ഏറെറടുത്തു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

അങ്ങനെ ഒരു ഉദ്ദേശമില്ല. എന്നാൽ സഞ്ചാരികളുടെ യാത്രാ സൗകര്യത്തെ പരിഗണിച്ചു് കോട്ടയംമുതൽ തേക്കടിവരെ ഒരു Luxury Coach Service ആരംഭിക്കുവാൻ ആലോചനയുണ്ടു്.

എക്സ് മന്ത്രിമാരുടെ നിയോജകമണ്ഡലങ്ങളിലെ പൊതുമരാമത്തു ജോലികൾ.

360. [15] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയ്ക്കുമുമ്പു് ഭരണം നടത്തിയ ജാൺമന്ത്രിസഭ അധികാരത്തിലിരുന്നകാലത്തു് മന്ത്രിസഭയിലെ അംഗങ്ങളായിരുന്നവർ പ്രതിനിധാനം ചെയ്തിരുന്ന നിയോജകമണ്ഡലങ്ങളിൽ നടത്തിച്ചിട്ടുള്ള സിവിൽ വർക്കുകൾ എന്തെല്ലാം; ഓരോ നിയോജകമണ്ഡലത്തിലും എത്ര രൂപ വീതം;

(ബി) ഇങ്ങനെ നടത്തിച്ചിട്ടുള്ള ജോലികളിൽ ബഡ്ജററു പ്രൊവിഷൻ ഉള്ളവ ഓരോ നിയോജകമണ്ഡലത്തിലും ഏതെല്ലാം് മൊത്തം എത്ര രൂപയ്ക്കുണ്ടു്?

(സി) ബഡ്ജററു് പ്രൊവിഷൻ കൂടാതെ ചെയ്യിച്ചിട്ടുള്ള ജോലികൾ ഓരോ നിയോജകമണ്ഡലത്തിലും എത്ര;

(ഡി) ഇപ്രകാരം ചെയ്യിച്ചിട്ടുള്ളവയിൽ Works Committee ശുപാർശ ചെയ്യാത്തവ എതെല്ലാം?

ഉത്തരം.

(എ)	1.	പട്ടാമ്പി	രൂപ	1,17,834
	2.	റാന്നി	,,	93,563
	3.	കടുത്തുരുത്തി	,,	7,833
	4.	നീണ്ടകര	,,	34,890
	5.	പൂഞ്ഞാർ	,,	15,150
	6.	ചാലക്കുടി	,,	4,64,089
	7.	അമ്പല്ലൂർ	,,	97,445

(ബി) 1.	പട്ടാമ്പി	രൂപ	1,17,800
2.	റാന്നി	,,	39,000
3.	കടുത്തുരുത്തി	,,	14,000
4.	നീണ്ടകര	,,	10,000
5.	പൂഞ്ഞാർ	,,	7,000
6.	ചാലക്കുടി	,,	5,33,013
7.	ആമ്പല്ലൂർ	,,	97,483

(സി) പട്ടാമ്പിയിൽ ഒന്നും; റാന്നിയിൽ ഒന്നും.

(ഡി) ഒന്നുമില്ല.

ചങ്ങാടം അനുവദിക്കുന്നതിനുള്ള അപേക്ഷ.

361. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെണ്മണി പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിൽ അച്ചൻകോവിൽ ആറ്റിൽ ഏലക്കടവിൽ ഒരു ചങ്ങാടം അനുവദിച്ചു കൊടുക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനുവദിച്ചു കൊടുക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉന്നയിച്ചതുകൊണ്ട് ഇതേപ്പറ്റി അന്വേഷിച്ച് വേണ്ടതു ചെയ്യാം.

റോഡിന്റെ പണി.

362. [23] ശ്രീ. സി. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുകടവിൽനിന്നും വക്കലേയ്ക്കുള്ള അരിയിട്ടകുന്നു റോഡ് നന്നാക്കുന്നതിന് 31-3-1954-ൽ തന്നിട്ടുള്ള അപേക്ഷയെപ്പറ്റിയുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷംതന്നെ റോഡിന്റെ പണി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം.

(എ) ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. അതു കഴിഞ്ഞാലുടൻ എസ്റ്റിമേറ്റ തയ്യാറാക്കുന്നതായിരിക്കും.

(ബി) ഇല്ല.

(സി) ഈ ആണ്ടത്തെ ബഡ്ജറ്റിൽ ടി വേലയ്ക്കുള്ള പണം കൊള്ളിച്ചിട്ടില്ല.

ഇലക്ട്രിസിററി.

363. [26] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട മാഞ്ഞൂർ, കുറുപ്പുംതറയിലേയ്ക്ക് ഇലക്ട്രിസിററി കണക്ഷൻ അനുവദിച്ച് സഹായിക്കണമെന്ന് പൊതുജനാഭ്യർത്ഥനകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുക്കുവാൻ സാധിച്ചു?

ഉത്തരം.

(എ) ഉണ്ട്.

(ബി) അഭ്യർത്ഥന അനുസരിച്ച് ലൈൻ നീട്ടിയിട്ടുണ്ട്.

Collection of Fares in the Ernakulam-Mulavukad Ferry.

364. [27] **Shri O. R. Chummar**: Will the Minister for Works and Transport be pleased to state:

(a) whether the Government have received any petition from the inhabitants of Mulavukad complaining that the contractor of Ernakulam-Mulavukad Ferry is collecting fares at exhorbitant rates;

(b) have the Government taken any action on the petition and if so, what is the action taken?

Answer.

(a) Yes.

(b) The Chief Engineer, P. W. D. has been directed to make immediate enquiries and take appropriate action.

അരീപ്പറമ്പ്-അകലക്കുന്നം റോഡ്.

365. [28] ശ്രീ. പി. എം. മാർക്കോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീപ്പറമ്പ്-അകലക്കുന്നം റോഡ് മെററൽ ഇടുവാൻ ഗവൺമെൻറ് ആർഡർ ഇട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;

(ബി) എത്ര മൈൽ ഇതുവരെ മെററൽവർക്ക് നടത്തിയിട്ടുണ്ട്;

(സി) ബാക്കി മെററൽ ഇടാത്തതിൻെറ കാരണമെന്താണ്; ഉടനെ ബാക്കി പണിയും പൂർത്തിയാക്കുവാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ആദ്യത്തെ 14 ഫർലാംഗ് മെററൽ ഇടുവാൻ ആർഡർ ഇട്ടിട്ടുണ്ട്. 1950-ൽ.

(ബി) 14 ഫർലാംഗ്.

(സി) അനുവാദമില്ലാത്തതുകൊണ്ട്. ആലോചിക്കാം.

ആലുവാ പാലം.

366. [29] ശ്രീ. റ്റി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ആലുവായിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന പാലത്തിന്റെ സ്ഥാനം നിർണ്ണയം ചെയ്തിട്ടുണ്ടോ;

(ബി) ഈ പാലം പണിയാരംഭിക്കുന്നതിന് ഇനി എത്രകാലതാമസം വരും?

ഉത്തരം.

(എ) ഉവ്വ്.

(ബി) ഈ സാമ്പത്തികവർഷത്തിൽതന്നെ തുടങ്ങാമെന്നു പ്രതീക്ഷിക്കുന്നു.

മുട്ടപ്പള്ളി സ്കീം.

367. [32] ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട മുണ്ടാർ, വെച്ചൂർ തുടങ്ങിയ കരിനിലങ്ങൾക്കും കട്ടച്ചിറ പാലത്തിനു വടക്കുവശമുള്ള അനേകായിരം ഏക്കർ നിലങ്ങൾക്കും ഏറ്റവും ഉപയോഗപ്രദമായ മുട്ടപ്പള്ളി സ്കീം നടപ്പാക്കി സഹായിക്കുന്നതിലേയ്ക്കു പൊതുജനങ്ങൾ ചേർന്നു അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുക്കുവാൻ സാധിച്ചു?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ സ്കീമിനെ സംബന്ധിച്ചുള്ള പ്രാരംഭ സർവ്വേ നടത്തിയിട്ടുണ്ട്. സ്കീം പൂർത്തിയാക്കുന്നതിന് ഭീമമായ ഒരു തുക വേണ്ടിവരുമെന്നു കണ്ടതിനാൽ മേൽ നടപടികൾ നടത്തേണ്ടതില്ലെന്നു തീരുമാനിച്ചിരിക്കയാണ്.

Irrigation Works.

368. [35] **Shri T. T. Daniel:** Will the Minister for Works and Transport be pleased to state:

The amount which the Government had spent in the year 1953 on irrigational schemes in the taluks of Thovala, Agasteeswaram, Kalkulam and Vilavancode?

Answer.

The amount spent in 1953-54 on irrigational works in the taluks of Thovala, Agasteeswaram, Kalkulam and Vilavancode comes to Rs. 3,14,665.

Construction of roads.

369. [38] **Shri M. V. Cherian**: Will the Minister for Works and Transport be pleased to state:

(*a*) the number of roads taken up by the Department and later left after working part of the roads between the years 1950 to 1954 under the jurisdiction of the Muvattupuzha Executive Engineer.

(*b*) when was Koothattukulam-Ittikkamkkadavu road (Edayar road) taken up by the Government;

(*c*) the total length of the above road and how much finished and when;

(*d*) the amount spent so far on the above road; and

(*e*) why was the road since left?

Answer.

(*a*) None.

(*b*) In July 1953.

(*c*) Seven miles of which one mile finished in 10/53.

(*d*) Rs. 15,851.

(*e*) Does not arise in view of the answer to part (a) above.

Ranni—Valiakavu Road.

370. [39] **Shri Idiculla Idiculla**: Will the Minister for Public Works be pleased to state:

whether the Government will be pleased to improve the Ranni-Valiakavu road?

Answer.

There is no road by that name in the State.

പുത്തൻപീടിക—ഇലന്തൂർ റോഡ്.

371. [41] ശ്രീ എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽപ്പെട്ടതായ പുത്തൻപീടിക—ഇലന്തൂർ റോഡ് ഗവണ്മെന്റ് ഏറ്റെടുക്കണമെന്ന് കാണിച്ച് വല്ല നിവേദനവും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തിയിട്ടുണ്ട്;

(സി) ടി റോഡിന്റെ പണി ഉടൻ പൂർത്തിയാക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റോഡുകൾ നന്നാക്കുന്നതിനുവേണ്ട നടപടികൾ.

372. [43] ശ്രീ എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽപ്പെട്ടതായ ഓമല്ലൂർ, പരിയാരം ആറന്മുള, ഇലന്തൂർ എന്നീ റോഡുകൾ ഗവണ്മെൻറ് ഏറെറടുത്തിട്ട് എത്ര വർഷമായി;

(ബി) ടി റോഡുകൾ ഉടൻതന്നെ നന്നാക്കുന്നതിനുവേണ്ട പണം ഗവണ്മെൻറ് അനുവദിക്കുമോ?

ഉത്തരം.

(എ) അനേകം വർഷങ്ങളായി.

(ബി) ഓമല്ലൂർ-പരിയാരം റോഡിന് മൂവായിരം രൂപയും, ആറന്മുള-ഇലന്തൂർ റോഡിന് ആയിരം രൂപയും ഇക്കൊല്ലത്തെ ബഡ്ജററിൽ അനുവദിച്ചിട്ടുണ്ട്.

ചീപ്പിടുന്നതിന്റെ ആവശ്യകത.

373. [45] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിൽ ചേലക്കരത്തോട്ടിൽ ചീപ്പിടുന്നതിനാവശ്യപ്പെട്ടുകൊണ്ടു് 30-3-1954-ലെ ഒരു ഭീമഹർജി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഉണ്ടു്.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) അല്ല.

(ബി) സംസ്ഥാനത്തിനു് മുഴവനും ബാധകമാകത്തക്ക ഒരു ബിൽ തയ്യാറാക്കി വരികയാണു്.

തിരു-കൊച്ചിയിലെ കടത്തുകൾ

*982. (51) ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചിയിൽ എത്ര കടത്തുകൾ ഗവമെൻറ വകയായി ഉണ്ടു്;

(ബി) ഇതിൽ എത്ര എണ്ണം ജനങ്ങൾക്കു് സൗജന്യമായി ഉപയോഗിക്കാം;

(സി) ഈ സൗജന്യകടത്തുകൾക്കായി ഗവമെൻറു് ആണ്ടിനാൽ എന്തു ചിലവു് ചെയ്യുന്നുണ്ടു്;

(ഡി) സൗജന്യമല്ലാത്ത കടത്തുകൾ എത്രയുണ്ടു്;

(ഇ) ഇവയുടെ നടത്തിപ്പ് എങ്ങനെയാണ്;

(എഫ്) ഇവയിൽനിന്നും ഗവമ്മെൻറിനു് എന്തു വരവുണ്ടു്;

(ജി) ഈ കടത്തുകളിൽ Single point കടത്തുകാരു അനുഭവിച്ചിട്ടുള്ള കടത്തുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര;

(എച്ച്) കടത്തു കൺട്രാക്ടറന്മാർ Single point നിയമം ലംഘിക്കുന്നതായും ഗവമ്മെൻറിൻെറ മററ നിബന്ധനകളെ അനുസരിക്കാതെ പൊതുജനങ്ങൾക്കു് അസൗകര്യം വരുത്തുന്നതിനെപ്പററി പരാതികൾ ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തിയിട്ടുണ്ടു്;

(ഐ) ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളുടെ നിയന്ത്രണത്തിലാണു് ഈ കടത്തുകൾ പ്രവത്തിക്കുന്നതു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ആകെ 718 എണ്ണം.

(ബി) 557 എണ്ണം.

(സി) 3,24,867 രൂപാ.

(ഡി) 161 എണ്ണം.

(ഇ) ഗവമ്മെൻറിൽനിന്നും ലേലം വിളിച്ച കൺട്രാക്ടന്മാരെക്കൊണ്ടു് നടത്തിക്കുന്നു.

(എഫ്) 1,26,558 രൂപാ.

(ജി) ഉണ്ടു്. 156 എണ്ണം.

(എച്ച്) ഉണ്ടു്. അന്വേഷണത്തിൽ പരാതി യഥാത്ഥമാണെന്നു ബോദ്ധ്യം വന്നിട്ടുള്ള കേസുകളിൽ, കൺട്രാക്ടറന്മാക്കു് പിഴ, താക്കീതു് മുതലായ ശിക്ഷകൾ നൽകിയിട്ടുണ്ടു്.

(ഐ) മേൽ പറഞ്ഞ കടത്തുകളെല്ലാം പൊതുമരാമത്തു വകുപ്പിൻെറ നിയന്ത്രണത്തിലാണു്. ഇതിനും പുറമേ എറണാകുളം-മട്ടാഞ്ചേരി, അരൂർ-എടക്കൊച്ചി എന്നീ കടത്തുകൾ സ്റ്റേററു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തുന്നുണ്ടു്.

എക്സൈസ് ഇൻസ്പെക്ടറന്മാർ

*983. (41) ശ്രീ. പി. കെ. സുകുമാരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേററു് Excise-ൽ 1952 ജൂൺ 26-ാംനു-യിലെ പരിഷ്ക്കരണത്തിനു് മുമ്പു് എത്ര Range Excise Inspectors ഉണ്ടായിരുന്നു;

(ബി) ഇപ്പോൾ എത്രയുണ്ടു്;

(സി) ഇതിനുശേഷം എത്ര Excise Circle Inspectors നെ പുതുതായി നിയമിച്ചു;

(ഡി) ഈ നിയമനങ്ങൾക്കു് മുമ്പു് 1950–52-ൽ അബ്കാരി മുതലെടുപ്പിൽ ഗവമ്മെൻറിലേക്കു് പിരിഞ്ഞുകിട്ടുവാനുള്ള തുകയെത്ര;

(ഇ) ഈ നിയമനങ്ങൾക്കുശേഷം 1953–54-ൽ പിരിഞ്ഞുകിട്ടുവാനുള്ള തുകയെത്ര?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 63.

(ബി) 31.

(സി) 10.
(ഡി) ക. 74,509—11—4.
(ഇ) ക. 21,42,467—5—10.

പ്രസ്സ് കോൺഫറൻസ്

*984. (43) ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരു-കൊച്ചിയിൽ പ്രസ്സ് കാൺഫറൻസ് നടത്തുന്നതിന് അനുവാദമുള്ള സർക്കാർ ഉദ്യോഗസ്ഥന്മാർ ആരെല്ലാം;

(ബി) ട്രാൻസ്പോർട്ട് ഡയറക്ടർക്ക് പ്രസ് കോൺഫറൻസ് നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(സി) ട്രാൻസ്പോർട്ട് ഡയറക്ടർ തിരുവനന്തപുരത്തെ പത്രപ്രവർത്തകരെ വിളിച്ച് ഒരു പ്രസ് കോൺഫറൻസ് നടത്തിയതു് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ആരുമില്ല.
(ബി) ഇല്ല.
(സി) ഇല്ല. പ്രസ്സ് ഇൻറർവ്യൂ നടത്തിയതായി അറിയാം.

രാഷ്ട്രീയ കേസുകൾ

*985. (45) ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1953-54-ാം വർഷാരംഭത്തിൽ ഈ സംസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന രാഷ്ട്രീയ സ്വഭാവമുള്ള കേസുകളെപ്പററി ഗവൺമെൻറ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര എണ്ണം;

(സി) ഇതിനകം പിൻവലിച്ചിട്ടുള്ള കേസുകൾ എത്ര;

(ഡി) പിൻവലിക്കപ്പെട്ട കേസുകളെപ്പററി ഗവൺമെൻറ സ്വീകരിച്ചിരുന്ന മാനദണ്ഡം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഈ സംസ്ഥാനത്തു രാഷ്ട്രീയ സ്വഭാവമുള്ള കേസുകൾ നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിദ്യാർത്ഥികളും തൊഴിലാളികളും രാഷ്ട്രീയ പ്രവർത്തകരും ഉൾപ്പെടുന്ന 163 കേസുകൾ പിൻവലിക്കുവാൻ ഗവൺമെൻറ അനുവദിച്ചിട്ടുണ്ട്.

(ഡി) കുററ കൃത്യങ്ങളുടെ സ്വഭാവവും ഗുരുലഘുത്വവും കണക്കാക്കിയാണ് കേസുകൾ പിൻവലിക്കുവാൻ അനുവദിക്കുന്നതു്.

PLAN TO IMPROVE CATTLE WEALTH

*986. [47] **Shri K. M. George:** Will the Minister for Finance be pleased to state:

(*a*) what is the plan, if any, adumbrated by the Government to improve the cattle wealth of the State:

(*b*) will the Government give two stud bulls to each Panchayat and sterilise all other bulls;

(*c*) how many Veterinary Hospitals are there in Vaikom and Muvattupuzha taluks; and

(*d*) are there any approved stud bulls in these two taluks?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) For the improvement of the cattle wealth of the country the first and foremost thing to be done is to improve the quality of the animals. To achieve this object, a number of schemes has been taken up by Government. Key Farm Centres and Pilot Key Villages have been opened in select localities and artificial insemination has been introduced. Pedigree animals are imported from outside according to availability. Government bulls are issued to Panchayats, Co-operative Societies and private individuals and they are given a maintenance grant. It is also proposed to work a Type Scheme for cross-breeding in certain selected areas.

To improve the dairy industry in the State, a Dairy Development Officer, with advanced training in the U. K. has been appointed. Government themselves are running two model Dairy-cum-breeding farms with pedigree animals, one at Ollukara and the other at Trivandrum.

Elimination of scrub bulls, cultivation and conservation of fodder, scientific feeding and management are also receiving the attention of the Animal Husbandry Department.

(*b*) Will be considered when sufficient number of bulls becomes available. Compulsory castration of bulls can be effected only after necessary legislation is passed for which action is being taken.

(*c*) One each in the Vaikom and Muvattupuzha taluks.

(*d*) There are no Government stud bulls in these taluks, but there are grant-in-aid bulls.

സംസ്ഥാന പുനഃസംഘടനാകമ്മീഷൻ

*987. (48) ശ്രീ. പി. കെ. അബ്ദുൾകാദർ: താഴെ പറയുന്ന ചോദ്യത്തിനു ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ:

ഐക്യകേരള രൂപീകരണത്തെക്കുറിച്ച് ഗവണ്മെൻറിന്റെ അഭിപ്രായം സംസ്ഥാനപുനഃസംഘടനാകമ്മീഷനെ അറിയിച്ചിട്ടുണ്ടോ; ഗവണ്മെൻറിന്റെ അഭിപ്രായം എന്തെന്നു സഭയെ അറിയിക്കുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

12-7-1954-ലെ 594-ാംനമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

ആലപ്പുഴ-ചേർത്തല തോട്

*988. (52) ശ്രീ. എൻ. നാരായണക്കുറുപ്പ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചേർത്തല തോടു ജോലി തുടങ്ങിയതു് ഏതാണ്ടിലാണു്;

(ബി) ഇതുവരെ എത്ര രൂപാ ചെലവായി;

(സി) ആ തോടു് മുഴുവനായി തീർന്നിട്ടുണ്ടോ;

(ഡി) ആ തോടു് മുഴുവനും വെട്ടിത്തീർക്കണമെന്നും വെട്ടിയിടത്തോളം കുഴിച്ച് ഗതാഗതസൗകര്യമുണ്ടാക്കിത്തീർക്കണമെന്നും ചേർത്തല താലൂക്കിൽനിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയിട്ടുണ്ട്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ആയിരത്തിതൊള്ളായിരത്തി പതിനൊന്നിൽ.

(ബി) 24·11 ലക്ഷം രൂപാ.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) തോട്ട പണി തുടർന്നുവരുന്നു.

STARRED QUESTIONS POSTED FOR ANSWER ON 26TH JULY 1954

E. S. L. C. EXAMINATION

*989. [2] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(*a*) the number of students that appeared for the E. S. L. C. Examination held in the recent examination and the total number that failed to pass;

(*b*) the number of students that failed to secure the prescribed marks in Hindi only;

(*c*) whether the Government propose to give up the policy of enforcing compulsory Hindi in schools; and

(*d*) if not, whether the Government propose to extend this policy of enforcing the study of Hindi to Colleges also?

Chief Minister **(Shri A. Thanu Pillai):**

(*a*) (*i*) 49,433.

(*ii*) 26,249.

(*b*) 204.

(*c*) No.

(*d*) That is a matter for the University Syndicate to decide.

DEVELOPMENT OF MARINE FISHERIES

*990. [3] **Shri K. Sattanatha Karayalar:** Will the Minister for Finance be pleased to state:

(*a*) whether the State has been included in the scheme adumbrated under the Indo-U. S. Technical Co-operation agreement for the development of Marine Fisheries in India; and

(*b*) if so, what has been done under the scheme?

Chief Minister **(Shri A. Thanu Pillai):**

(*a*) Yes.

(*b*) The specifications of equipments allotted to this State have been approved and sent to the Government of India. The scheme for the training of fishermen in mechanised fishing has been finalised. Materials meant for the State under T. C. M. like motor vans and fishing hooks have arrived here. The other equipments are expected shortly.

TEACHING OF HINDI

*991. [4] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(*a*) whether the Government is aware of the fact that there is a feeling among Tamilians against compulsory Hindi; and

(*b*) if so, what steps the Government propose to take?

Chief Minister **(Shri A. Thanu Pillai):**

(*a*) No. But certain complaints were received last year that the large number of failures among Tamil students in S.S.L.C. Examination was mainly due to their inability to master Hindi. This was found to be baseless when actual figures were obtained and the marks examined.

(*b*) Does not arise in view of the answer to (*a*).

സന്ദർശനം

*992. (13) ശ്രീ. എൻ. ജി. ചാക്കോ: താഴെപറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 ഏപ്രിൽ 30-ാംനു പി. എസ്. പി. നേതാവായ ഡോക്ടർ ലോഹിയാ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

(ബി) ഗവൺമെൻറിൻെറ ക്ഷണം അനുസരിച്ചാണോ അദ്ദേഹം ഈ സംസ്ഥാനം സന്ദർശിച്ചതു്;

(സി) അദ്ദേഹത്തിൻെറ സന്ദർശനം പ്രമാണിച്ചു് ഈ ഗവൺമെൻറിനു് എന്തെങ്കിലും തുക ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ടു്.

(ബി) അല്ല.

(സി) ഇല്ല.

MILL ENQUIRY COMMITTEE

*993. [16] **Shri T. S. Ramaswami:** Will the Chief Minister be pleased to state:

(*a*) the date and the recommendation of the Rice Mill Enquiry Committee Report; and

(*b*) steps taken for the implementation of the recommendations?

Chief Minister **(Shri A. Thanu Pillai):**

(*a*) The main report of the Rice Mill Enquiry Committee was received by Government on 21st February 1953. But the dissenting note from one of the members of the Rice Mill Enquiry Committee was received only on 1st April 1954.

A statement containing the main recommendations of the Rice Mill Enquiry Committee is placed on the Table.‡

(*b*) The matter is under correspondence with the Government of India.

വിദ്യാഭ്യാസ സൗജന്യം

*994. (30) ശ്രീ. കെ. ററി. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഒന്നും രണ്ടും ഫാറങ്ങളിലെ വിദ്യാഭ്യാസം സൗജന്യമാക്കുന്നതോടുകൂടി പ്രൈവററ മാനേജുമെൻറിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനു് എന്തെങ്കിലും പദ്ധതി ഗവൺമെൻറ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്താണു്;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരം ചെയ്യേണ്ടതു് ആവശ്യമാണെന്നു് ഗവൺമെൻറ കരുതുന്നുണ്ടോ?

‡ Please see Appendix I.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) പദ്ധതി ഒന്നും ഗവൺമെന്റ സ്വീകരിച്ചുകഴിഞ്ഞിട്ടില്ല. ഇക്കാര്യം ആലോചനയിലിരിക്കുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നഷ്ടപരിഹാരം ചെയ്യുന്ന കാര്യം തന്നെയാണ് ആലോചനയിലിരിക്കുന്നതു്.

വേസ്റ്റ്പേപ്പർ കോൺട്രാക്റ്റ്

*995 [32] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആഫീസുകളിൽ വേസ്റ്റ്പേപ്പർ ശേഖരിച്ച് വിൽക്കാൻ ആർക്കെങ്കിലും കോൺട്രാക്ട് കൊടുത്തിട്ടുണ്ടോ;

(ബി) 9 പൈസയ്ക്കു് ഗവൺമെന്റിൽനിന്നും കൊടുത്ത കടലാസ്സ് 6 അണയ്ക്കാണ് വിററതെന്നറിയാമോ?

മുഖ്യമന്ത്രി (ശ്രീ. എ താണുപിള്ള):

(എ) ഉണ്ട്.

(ബി) അറിയാൻ പാടില്ല.

AMERICAN TECHNICAL PERSONNEL

*996 [33] **Shri Thalekkare K. Krishnan:** Will the Chief Minister be pleased to state: In the pamphlet entitled 'Community Project' published by the Propaganda Officer, Community Projects in October 1952 it appears on page 6........'The Government have already asked for the services of American Technical Personnel for assistance in the promotion of various industries for which the necessary raw materials exist in plenty in this State.'—

(*a*) what response did the Government receive to that request;

(*b*) what is the number of such American technical personnel;

(*c*) what are the industries the Government has in view; and

(*d*) what are the names of those raw materials?

Chief Minister **(Shri A. Thanu Pillai):**

(*a*) to (*d*) One expert, *viz.*, Mr. Walter E. Weldone was sent to this State by the Government of India to advise on the working of the Ceramic Industry in the State.

It was considered whether an expert should be got down from abroad for examining the working of the Government Plywood Factory. It was ultimately decided that the service of foreign experts was not necessary.

ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള പരാതികൾ

*997 [34] ശ്രീ. കട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരുദ്യോഗസ്ഥന്മാരെ സംബന്ധിച്ച് പൊതുജനങ്ങൾ മന്ത്രിമാർക്ക് പരാതി അയച്ചാൽ അന്വേഷണം നടത്തുന്നപതിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ മാവേലിക്കര പോലീസ് സബ്ഇൻസ്പെക്ടറെക്കുറിച്ച് 5-5-54-ൽ ഭരണിക്കാവു പകുതിയിൽനിന്നും ഒരു കറമ്പകല്യാണി പ്രധാനമന്ത്രിക്കയച്ച പരാതിയെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ;

(സി) നടത്തിയെങ്കിൽ ആര്; എങ്ങനെ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) പ്രധാനമന്ത്രിക്ക് പരാതി കിട്ടിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

മാതൃകാതോട്ടവും ഗവേഷണകേന്ദ്രവും

*998 [35] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുഅണ്ടി സംബന്ധിച്ചുള്ള ഗവേഷണം നടത്തുന്നതിന് ഒരു കേന്ദ്രം തിരുകൊച്ചിയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എത്രകാലമായി പ്രവർത്തിക്കുന്നു;

(സി) ഇതിനകം എന്തെല്ലാം ഗവേഷണം നടത്തി;

(ഡി) പറങ്കിമാവിൻ മാതൃകാതോട്ടമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എവിടെ;

(എഫ്) കഴിഞ്ഞ വർഷത്തിൽ മാതൃകാതോട്ടത്തിൽനിന്ന് എത്രമാത്രം കശുഅണ്ടി കിട്ടിയെന്നു പറയുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്. കൊട്ടാരക്കരയിൽ ഒരു കശുഅണ്ടി ഗവേഷണ സ്റ്റേഷൻ ഉണ്ട്.

(ബി) 1952-ാമാണ്ട് നവംബർമാസം 15-ാംതിയതിമുതൽ മേൽപറഞ്ഞ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്.

(സി) നമ്മുടെ നാട്ടിൽ വളരുന്ന കശുഅണ്ടി തരങ്ങളിൽ മെച്ചപ്പെട്ടവ ഏതെല്ലാമാണെന്ന് അറിയുന്നതിനും അഭിവൃദ്ധികരമായി കൃഷി മുറകളും, വളങ്ങളും മുതലായവയെപ്പറ്റിയും ഗവേഷണങ്ങളും നടന്നുകൊണ്ടിരിക്കയാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

EXPORT OF PEPPER

*999 [39] **Shri R. Prakasam:** Will the Minister for Finance be pleased to state:

(*a*) whether the Government are in possession of facts regarding the export of pepper to foreign countries;

(*b*) if so, the quantity exported from Travancore-Cochin for the years 1951, 1952, 1953, the quantity consumed internally, whether there has been any increase or decrease in these respective years, whether there has been a tendency of deterioration in price for the pepper exported, whether the Government has gone into the cause of this deterioration in price; and

(*c*) if so, have the Government taken any steps to stabilise markets and prices?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) Yes.

(*b*) (*i*) A statement of the quantity of pepper exported is given below:

1951-52	2,41,988 Cwts.
1952-53	2,22,232 Cwts.
1953-54	2,50,707 Cwts.

(*ii*) The quantity consumed internally is not known.

(*iii*) There has been a decrease in the quantity exported.

(*iv*) There has been a fall in the demand for pepper in foreign markets and consequently there has been a fall in the price.

(*v*) Yes; the main reason for the fall in price is due to the large increase in world production and the comparatively lower rate of export duty in other pepper exporting countries.

(*c*) The question is under consideration by the Central Government.

PRODUCTION OF PEPPER

***1000** [40] **Shri R. Prakasam:** Will the Minister for Finance be pleased to state:

(*a*) whether the Government are in possession of statistics regarding production of pepper in Travancore-Cochin State in the year 1951, 1952, 1953; if so, the production in Travancore area and Cochin area for the years 1951 to 1953;

(*b*) whether any research is being done to improve the varieties of pepper;

(*c*) whether any research is being done to improve the yield per acre; and

(*d*) if the answers to questions (*b*) and (*c*) are in the affirmative, what is the nature of the research, the machinery through which it is done and the research thereon?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) No separate figures for Travancore and Cochin are available. The total average production during 1951-53 is 17,245 tons of black pepper.

(*b*) No.

(*c*) No.

(*d*) Question does not arise in view of the answers to (*b*) and (*c*).

വെണ്ടർമാർ

*1001 [45] ശ്രീ. പി. കെ. അബ്ദുൾഖാദിർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുദ്രപത്രങ്ങൾ വിൽക്കുന്ന വെണ്ടർമാരില്ലാത്ത സബ്ബ്‌റജിസ്ട്രാർ ആഫീസ് ഏതൊക്കെയാണ് ഈ സ്റ്റേറ്റിൽ ഉള്ളതെന്നു പറയാമോ;

(ബി) ഒരു പ്രധാനസ്ഥലമായ ആലുവായിൽ ഇക്കൊല്ലം വെണ്ടർമാർ ആർക്കുംതന്നെ ലൈസൻസ് കൊടുക്കാതിരിപ്പാൻ കാരണമെന്തു്;

(സി) തന്മൂലം കക്ഷികൾ പറവൂരും എറണാകുളത്തും മററും പോയി മുദ്രപത്രങ്ങൾ വാങ്ങുവാൻ ദുർവ്യയവും സമയനഷ്ടവും അനുഭവിച്ചുവരുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) കൊച്ചിൻകണയന്നൂർ താലൂക്കിൽ ശ്രീമൂലനഗരം.

(ബി) ആലുവായിലും ഇക്കൊല്ലം വെണ്ടർമാർക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്.

(സി) ബി. യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

കുടിയിറക്കശ്രമം സംബന്ധിച്ചുള്ള പരാതികൾ

*1002 (50) ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് (പി. എസ്സ്. പി.) അധികാരത്തിൽ വന്നതിനുശേഷം തിരു-കൊച്ചി ഒട്ടാകെ കുടിയിറക്കശ്രമത്തെ സംബന്ധിച്ചും അതിനുവേണ്ടിയുള്ള മർദ്ദനത്തേയും, മററു കള്ളക്കേസുകൾ തുടങ്ങിയുള്ള തന്ത്രങ്ങളെ സംബന്ധിച്ചും എത്ര പരാതികൾ ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതെങ്കിലും ഒരെണ്ണത്തിലെങ്കിലും കുടിയിറക്കുനിരോധനം നിലവിലുള്ളപ്പോൾ ആ നിയമം ലംഘിച്ച മുതലാളിക്കൊ ജന്മിക്കൊ എതിരായി നടപടി നടത്തിയിട്ടുണ്ടോ;

(സി) നടപടികൾ നടത്തിയിട്ടുണ്ടെങ്കിൽ എവിടെ, ആരെക്കെല്ലാം എതിരായിട്ടായിരുന്നു എന്നു വ്യക്തമാക്കുമോ?

ധനകാര്യവകുപ്പ്മന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അഞ്ച്.

(ബി) യും (സി) യും നിയമം ലംഘിച്ചവരുടെ പേരിൽ ശിക്ഷണനടപടി നടത്തേണ്ടത് കോടതികളാണ്.

NATIONAL EXTENSION CENTRES

***1003 [52] Shri K. M. Chandy :** Will the Chief Minister be pleased to state:

(*a*) the number of N. E. S. Blocks the Government intends to sanction this year;

(*b*) whether they have fixed up the Centres already, and if so, which are the Centres; and

(*c*) how many applications from representative bodies have the Government received from Meenachil Taluk for sanction of National Extension Centres?

Chief Minister **(Shri A. Thanu Pillai) :**

(*a*) 12.

(*b*) No.

(*c*) One.

LEASE OF LANDS

***1004 [55] Shri M. V. Cherian :** Will the Minister for Finance be pleased to state whether there is any difference in the rules governing lands given out on lease as Kuthagapattom without time limit and for lands given for a short duration?

Minister for Finance **(Shri P. S. Nataraja Pillai) :**

Yes.

RESURVEY OF THE TANK BEDS

***1005 [68] Shri T. T. Daniel :** Will the Minister for Finance be pleased to state:

Whether the District Collector, Trivandrum has issued orders to resurvey the tank beds comprised in S. No. 3311 A of Aloor Pakuthy, Kalkulam Taluk, to register cases of encroachment in this area?

Minister for Finance **(Shri P. S. Nataraja Pillai):**

The District Collector, Trivandrum has not issued any such order. But the Tahsildar, Kalkulam has issued instructions to the Village Officer, Aloor, to survey the tank poramboke and register poramboke cases against the unauthorised occupants if any.

ഉരുപ്പടികളുടെ സെയിൽസ് ടാക്സ്

*1006 [72] ശ്രീ. ടി. എ. ബാവ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഭരണവ്യാപാരികളുടെ പക്കൽ സ്വർണ്ണവും വെള്ളിയും കൊടുത്ത് പണിയിക്കുന്ന സാധനങ്ങൾക്ക് പ്രസ്തുത വ്യാപാരികളോട് ഉരുപ്പടികളുടെ മുഴുവൻ വിലയ്ക്കും സെയിൽസ്ടാക്സ് ഈടാക്കിവരുന്നതിനെപ്പറ്റി എന്തെങ്കിലും പരാതി സർക്കാരിന് കിട്ടിയിട്ടുണ്ടോ?

ധനകാര്യ വകുപ്പു മന്ത്രി ശ്രീ. പി. എസ്സ്. നടരാജപിള്ള:

ഉണ്ട്.

കരമൊഴിവ് ഭൂമി

*1007 (74) ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടൻ മിഷ്യൻ സൊസൈററിക്ക് തിരുവിതാംകൂറിൽനിന്നും കരം ഒഴിവായി എത്ര ഏക്കർ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്;

(ബി) എന്താവശ്യത്തിന്;

(സി) മതപരിവർത്തനംചെയ്ത പട്ടികജാതിക്രിസ്ത്യാനികളുടെ അഭിവൃദ്ധിയും ഇതുമായി ബന്ധമുണ്ടോ;

(ഡി) ഈ സ്ഥലങ്ങൾ ഉദ്ദേശിക്കപ്പെട്ട ഗുണം ഉണ്ടാകത്തക്കവിധത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്നു ഗവൺമെൻറ് അന്വേഷിക്കുന്നുണ്ടോ;

(ഇ) അതിന്മേൽ വല്ല പരാതിയോ, നിർദ്ദേശങ്ങളോ ആരിൽനിന്നെങ്കിലും ഉണ്ടായിട്ടുണ്ടോ;

(എഫ്) ഏതു വ്യവസ്ഥയിൽ വിട്ടുകൊടുത്തോ ആ വ്യവസ്ഥ പാലിക്കാതെ ഭൂമി ദുർവിനിയോഗം ചെയ്യുന്നപക്ഷം അതു് തിരിച്ചെടുത്ത് മതം മാറിയ പട്ടികജാതിക്രിസ്ത്യാനികൾക്ക് വിട്ടുകൊടുക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 128 ഏക്കർ.

(ബി) തീർത്തുപറവാൻ റിക്കാർഡില്ല.

(സി) ബന്ധം ഉണ്ടോ എന്നറിവില്ല.

(ഡി) ദാനവസ്തുവിലെ ആദായംകൊണ്ട് വിദ്യാഭ്യാസപരവും സമുദായപരവും ആയ ധർമ്മസ്ഥാപനങ്ങൾ നടത്തിവരുന്നതായിട്ടാണ് അറിവ്.

(ഇ) ഇല്ല.

(എഫ്) അങ്ങനെ എന്തെങ്കിലും നടപടി എടുക്കേണ്ടതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

APPLICATION FOR LOAN

*1008 [82] **Shri M. A. Antony:** Will the Minister for Finance be pleased to state how many applications for loan are pending disposal in the Travancore Credit Bank from 1948 to 1953?

Minister for Finance **(Shri P. S. Nataraja Pillai):** 192.

ലണ്ടൻ മിഷ്യൻ സൊസൈറ്റിക്ക് കൊടുത്തിട്ടുള്ള ഭൂമി

*1009 [89] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടിപറയുമോ:

(എ) ലണ്ടൻ മിഷ്യൻ സൊസൈറ്റിക്ക് (L. M. S.) സംസ്ഥാനത്തുനിന്ന് ഭൂമി ദാനമായികൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്; എത്ര ഏക്കർ ഉണ്ട്;

(സി) അതിൽ എത്രനിലം; എത്ര കര;

(ഡി) ഏതു ഭരണാധികാരിയുടെ കാലത്താണ് കൊടുത്തതു്;

(ഇ) ഏതടിസ്ഥാനത്തിലാണ്; ഏതു വ്യവസ്ഥയിലാണ്;

(എഫ്) അവശക്രിസ്ത്യാനികൾക്ക് ഈ ഭൂമിയിൽ വല്ല രക്ഷാവ്യവസ്ഥയും ചെയ്തിട്ടുണ്ടോ;

(ജി) ഈ ഭൂമി സവർണ്ണക്രിസ്ത്യാനികൾ കയ്യടക്കിവച്ച് അവരുടെ ഇഷ്ടാനുസരണം അനുഭവിക്കുന്നതുകൊണ്ട് അവശ ക്രിസ്ത്യാനികൾക്കായി എടുത്തു കൊടുക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) കുലശേഖരപുരം, താമരക്കുളം ഈ വില്ലേജുകളിൽനിന്നും 128 ഏക്കർ സ്ഥലം.

(സി) ദാനംകൊടുത്ത വസ്തുക്കൾ നിലമാണ്.

(ഡി) 989 ാം മാണ്ട് പങ്കുനിമാസം 1-ാംനു- കൊടുത്ത പ്രകാരമാണ് കാണുന്നതു്.

(ഇ) ഭൂമി അനുഭോഗമായിട്ടാണ് കൊടുത്തതു്. ഇതുസംബന്ധമായ വ്യവസ്ഥകളെപ്പറ്റിയുള്ള വിശദവിവരങ്ങൾ പറവാൻ കഴിവില്ലാതെയാണിരിക്കുന്നതു്.

(എഫ്) അങ്ങനെയുള്ളതായി അറിവില്ല.

(ജി) ഇതിന്റെ ആവശ്യകത ഗവർമെന്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

വില്ലേജ് അസിസ്റ്റന്റന്മാർ

*1010 [90] ശ്രീ. എൻ. ജി. ചാക്കോ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950 ഏപ്രിൽ 1-ാംനു- ക്കകം എത്രവില്ലേജ് അസിസ്റ്റന്റന്മാരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) വില്ലേജ് അസിസ്റ്റന്റന്മാരായി പിന്നീട് എത്രപേരെ നിയമിച്ചിട്ടുണ്ട്;

(സി) അതിൽ പിരിച്ചുവിടപ്പെട്ടവരെ കൂടാതെ പുതുതായി എത്ര ആളുകളെ നിയമിച്ചിട്ടുണ്ട്;

(ഡി) വില്ലേജ് അസിസ്റ്റൻറ് ഉദ്യോഗമല്ലാതെ വേറെ എന്തെങ്കിലും നിയമനം നൽകിയിട്ടുള്ളവർ ഈ കൂട്ടരിൽനിന്നും ഉണ്ടോ;

(ഇ) അവരിൽ എത്രപേർ പ്രൊബേഷണറി പ്രവർത്തിക്കാരന്മാരായി നിയമിക്കപ്പെട്ടിട്ടുണ്ട്;

(എഫ്) ഈ നിയമനത്തിൽ പ്രതിഷേധിച്ച് വല്ലമെമ്മൊറാണ്ടവും ഗവർമെൻറിന് കിട്ടിയിട്ടുണ്ടോ;

(ജി) ഇവർക്ക് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലും റജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലും, റവന്യൂഡിപ്പാർട്ടുമെൻറിലും അർഹമായ ജോലി നൽകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ചോദ്യം വ്യക്തമല്ല. എന്നുമുതൽക്കാണ് എന്നറിയാതെ മറുപടി പറയാൻ നിവൃത്തിയില്ല.

(ബി) 1—4—50 ന ശേഷം 72 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഒരാളെ പുതുതായി നിയമിച്ചിട്ടുണ്ട്.

(ഡി) പ്രത്യേകം കണക്ക് വെച്ചിട്ടില്ല.

(ഇ) 11 പേർ.

(എഫ്) ഇല്ല.

(ജി) പബ്ലിക്ക് സർവ്വീസ്സ് കമ്മീഷൻ ഒഴിവുകൾ പരസ്യം ചെയ്യുമ്പോൾ ഇവരിൽ വേണ്ടത്ര യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

TRAVELLING ALLOWANCE OF N. G. Os.

***1011 [91] Shri P. Bhaskaran Nair :** Will the Minister for Finance and Revenue be pleased to state:—

(*a*) is it a fact that T. A. due to non-gazetted officers is being disbursed to them after prolonged delay;

(*b*) if so, what is the reason;

(*c*) is it a fact that the T. A. bills of the subordinates of the Land Revenue Department are not generally cashed before the expiry of six months fixed for pre-audit;

(*d*) may I know from which year the T. A. bills of N. G. Os. of Devicolam have been pending; and

(*e*) will the Government consider the desirability of paying in advance at least half the T. A. to non-gazetted officers on transfer?

Minister for Finance **(Shri P. S. Nataraja Pillai) :**

(*a*) Generally T. A. due to non-gazetted staff is distributed to them promptly. But in exceptional cases when budgetted funds are not available some delay is caused.

(*b*) Does not arise in view of the answer to (*a*).

(*c*) Does not arise in view of the answer to (*a*).

(*d*) A few T. A. bills of N. G. Os. of Devicolam for the year 1951 are pending.

(*e*) It is against the existing rules.

വനസമ്പത്ത് അപഹരണം

*1012 [100] ശ്രീ. പി. രവീന്ദ്രൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) വനം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ വനസമ്പത്ത് അപഹരിച്ചിട്ടുള്ളതായി കഴിഞ്ഞ രണ്ടുവർഷത്തിൽ ഗവർമെന്റിന് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(ബി) കുളത്തൂപ്പുഴ റേഞ്ചിൽനിന്നു ഒരു ലക്ഷത്തോളം മുളയും വളരെ വിലപിടിപ്പുള്ള ചില തടിത്തരങ്ങളും റേഞ്ചാഫീസർ അപഹരിച്ചതായി ഗവർമെന്റിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണം പൂർത്തിയായോ;

(സി) അന്വേഷണത്തിന് നിയോഗിക്കപ്പെട്ട മേലുദ്യോഗസ്ഥന്മാർ റേഞ്ചാഫീസറെ സഹായിക്കുന്നതിനായി ശരിയായ അന്വേഷണം നടത്തിയിട്ടില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) വനം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ വനസമ്പത്തു അപഹരിക്കുന്നതിന് മറ്റുള്ളവരുമായി കൂട്ടുചേർന്നു സഹായിച്ചതായി 1952, 1953 എന്നീ രണ്ടുവർഷങ്ങളിൽ ഗവർമെന്റിന് 71 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) കുളത്തൂപ്പുഴ റേഞ്ചിലെ അഴിമതികളെ സംബന്ധിച്ച് ഈ ആണ്ടിൽ ആറു പരാതികൾ ലഭിച്ചിട്ടുണ്ട്. അവ അന്വേഷണത്തിൽ ഇരിക്കയാണ്. അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ആ പരാതിയും അന്വേഷണത്തിൽ ഇരിക്കുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

മീൻപിടിത്തക്കപ്പൽ

*1013 [101] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചന്ദ്രിക എന്ന മീൻപിടിത്തക്കപ്പൽ ഇപ്പോഴും ഗവർമെന്റിന്റെ കൈവശമുണ്ടോ;

(ബി) ആ കപ്പൽ ഉപയോഗശൂന്യമായിട്ടു എത്ര കൊല്ലമായി;

(സി) ആകെ എത്ര രൂപ ആ കപ്പലിനുവേണ്ടി ചെലവായിട്ടുണ്ട്;

(ഡി) ആരുടെ ഉപദേശപ്രകാരമാണ് ഗവർമെന്റ് ആ കപ്പൽ വാങ്ങിയതു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) 3 വർഷം

(സി) 67,000 രൂ.

(ഡി) ട്രാൻസ്പോർട്ട് ഡയറക്ടർ ചീഫ് എൻജിനീയർ, മറയിൻ ബയോളജി പ്രൊഫസർ എന്നിവരുടെ നിർദ്ദേശമനുസരിച്ച്.

VILLAGE OFFICERS AND VILLAGE ASSISTANTS

***1014** [103] **Shri N. Parameswaran Pillai:** Will the Minister for Finance and Revenue be pleased to state.—

(*a*) what is the monthly salary of the Village Officer and Village Assistant in the Travancore area and Cochin area;

(*b*) are the salaries of Village Officers and Village Assistants in Travancore area very low; and

(*c*) will the Government take steps to increase the salary of those officers ?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) The monthly pay of the Village Officer in the Travancore area is Rs. 25-1½-40 and that of the Village Assistant is Rs. 25-1-30. The scales of pay of the Village Officers and Village Assistants in the Cochin area are the same as in the Travancore area.

(*b*) Does not arise in view of the answer to (*a*).

(*c*) Does not arise in the light of the answer to (*a*).

FINANCIAL AID TO AGRICULTURISTS

***1015.** [109] **Shri V. V. Sebastian:** Will the Minister for Finance be pleased to state.—

(*a*) Whether the Government have any Scheme for giving financial aid to agriculturists in the State; and

(*b*) If so, what is the nature of the Scheme and how is the aid given ?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) Yes.

(*b*) Provision has been made for the following assistance to cultivators:—

(*i*) Supply of manure at subsidised rate.

(*ii*) Credit sale of manure on the basis of Crop Loans.

(*iii*) Subsidy at 25% cost for minor irrigation works and land improvement works done by cultivators on their lands. This will include—

(a) Sinking of wells,

(b) Construction of channels, dams, tanks, bunds, etc., and

(c) Cross drainage and other dewatering works for draining away water.

(*iv*) Loans—repayable in annual instalments for G. M. F. purposes as per terms and conditions laid down in the G. M. F. Loan Rules.

LOAN TO AGRICULTURISTS

***1016.** [110] **Shri V. V. Sebastian:** Will the Minister for Finance be pleased to state.—

(*a*) Whether the Government have granted any loan to agriculturists during the year 1953-54; and

(*b*) If so, what amounts have been so lent, and to whom ?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) Yes.

(*b*) The name of loanees and the amount granted to each are given in the statement attached. †

FALL IN PRICES OF AGRICULTURAL PRODUCE

***1017.** [111] **Shri V. V. Sebastian:** Will the Minister for Finance be pleased to state.—

(*a*) Is it a fact that there has been a sudden fall in price of agricultural produces recently; and

(*b*) Whether the Government have taken any steps for checking the fall in agricultural prices ?

† Please see Appendix II.

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) There has been a gradual fall in the prices of Agricultural Produce.

(*b*) No.

EVICTION OF PORAMBOKE DWELLERS

***1018.** [112] **Shri V. V. Sebastian:** Will the Minister for Finance be pleased to state:—

What is the policy of the Government in the matter of eviction of Poramboke dwellers?

Minister for Finance **(Shri P. S. Nataraja Pillai):**

The policy of the Government is to remove all encroachments on Government lands as soon as they are noticed. But in the Travancore area, in the case of occupations made prior to 1945, the lands are leased to the occupants without evicting them, if the occupation is not objectionable and the land is not required for Government purposes. In the Cochin area also, the lands encroached upon are assigned on lease under the Rules to the occupants, if the occupation is not objectionable and the land is available for assignment. Further, some special consideration is shown in the case of Harijan occupants of Government lands in the State.

STARRED QUESTIONS POSTED FOR ANSWER ON 27TH JULY 1954

BACK WATER FACILITIES

***1019.** [27] **Shri N. A. Noor Muhammed:** Will the Minister for Works & Transport be pleased to state:—

(*a*) whether Government have a scheme for the extention of backwater facilities to South Travancore;

(*b*) if so whether the improvement of the A. V. M. Canal is included in the scheme; and

(*c*) if so, the steps taken so far towards its completion?

Minister for Works & Transport **(Shri A. Achuthan):**

(*a*) No.

(*b*) This was considered separately.

(*c*) As the cost of the work was found prohibitive, the matter was not pursued further.

WATER WORKS OPERATORS

***1020** [28] **Shri R. Ponnappa Nadar:** Will the Minister for Works & Transport be pleased to state:—

(*a*) what is the working hour of the Water Works Operators;

(*b*) are they given leave on Sundays; and

(*c*) is any additional allowance paid for extra work turned out by them?

Minister for Works & Transport **(Shri A. Achuthan):**

(*a*) 8 hours each per day by shift system.

(*b*) No.

(*c*) No.

BEACH ROAD

***1021** [29] **Shri R. Ponnappa Nadar:** Will the Minister for Works & Transport be pleased to state;—

(*a*) what is the total length of the Beach Road already investigated under the Post-war Reconstruction Scheme;

(*b*) what will be its cost of construction; and

(*c*) will the Government think of opening this road in places where there is no backwater transport facilities?

Minister for Works & Transport **(Shri A. Achuthan):**

(*a*) About 200 miles.

(*b*) Current figures are not computed.

(*c*) No.

റിക്ഷായ്ക്കു് വാഹനനികുതി

*1022. (33) ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:—

(എ) റിക്ഷാക്കു് ഇപ്പോൾ ചുമത്തിയിരിക്കുന്ന വാഹനനികുതി എന്തു്;

(ബി) ഇതു ദുർവ്വഹമാണെന്നു റിക്ഷാതൊഴിലാളികളിൽനിന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) മോട്ടോർ ബസ്സ് ഉടമസ്ഥർക്കു് വാഹനനികുതി കുറച്ചുകൊടുത്ത സ്ഥിതിക്കു് നിർദ്ധനരും, പട്ടിണിക്കാരുമായ റിക്ഷാതൊഴിലാളികൾക്കു് വാഹനനികുതി ലഘൂകരിക്കുവാൻ ഗവർമെൻറ സത്വര നടപടികൾ കൈക്കൊള്ളുമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ഒരു വർഷത്തേക്കു 6ക.

(ബി) ഉണ്ടു്.

(സി) ഈ പ്രശ്നം ഗവർമെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണു്.

മിനിമം വേജസ് നടപ്പാക്കൽ

*1023. (34) ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം. മറുപടി നൽകുമോ.—

(എ) ഗവർമെൻറ് മിനിമംവേജസ് നിശ്ചയിച്ചിട്ടുള്ള കശുഅണ്ടി, കയർ, തുടങ്ങിയ വ്യവസായങ്ങളിലും തോട്ടങ്ങളിലും തൊഴിലാളികളുടെ മേൽ വർക്കലോഡ് വർദ്ധിപ്പിച്ചുകൊണ്ടു് ഈ തത്വത്തെ പൊളിക്കുന്നതിനു മുതലാളിമാർ ശ്രമിക്കുന്നുണ്ടോ;

(ബി) അതു സംബന്ധിച്ചു് എന്തെങ്കിലും പരാതി ഗവർമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) മിനിമംവേജസ് നൽകാത്ത ഏതെങ്കിലും മുതലാളിക്കെതിരായി ഗവർമെൻറ് നടപടി നടത്തിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) & (ബി) കശുഅണ്ടി വ്യവസായത്തിൽ ചില ഫാക്ടറി ഉടമകൾ തൊഴിലാളികളുടെമേൽ വർക്കലോഡ് വർദ്ധിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടു്. അതേപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

(സി) നടപടി നടത്തേണ്ടതായി വന്നിട്ടില്ല.

പയൽസ്കൂളുകൾ

*1024. (36) **ശ്രീ. സി. കൊച്ചുകുഞ്ഞ്:** താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:—

(എ) പിന്നോക്ക സമുദായോദ്ധാരണ ഡിപ്പാർട്ടുമെന്റിൽനിന്നും എത്ര പയൽസ്കൂളുകൾ നടത്തുന്നുണ്ട്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ എത്ര രൂപാ ചിലവായിട്ടുണ്ട്;

(സി) ഈ സാമ്പത്തിക വർഷത്തിൽ പുതിയ പയൽസ്കൂളുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) 50.
(ബി) 56087 രൂപാ.
(സി) ഉണ്ട്.
(ഡി) ഏഴ്.

RURAL ELECTRIFICATION

*1025. [37] **Shri M. V. Cherian:** Will the Minister for Works & Transport be pleased to state:—

(*a*) The amount set apart for rural electrification in the various divisions (Electricity) of our State;

(*b*) Why only a comparatively meagre amount set apart for rural electrification in the Generation Division; and

(*c*) Has it come to the notice of Government that a step-motherly attitude is taken up by the Electricity Department towards the northern Taluks of erstwhile Travancore?

Minister for Works & Transport **(Shri A. Achuthan):**

(*a*) Over and above a lump sum provision of Rs. 5 lakhs for opening new distribution centres, the following amounts are set apart for each Division.

		Rs.
1.	Trichur Division	1,57,700
2.	Generation Division	65,000
3.	Pallom Division	1,24,200
4.	Quilon Division	3,73,000
5.	Trivandrum Division	5,10,000

(*b*) The number of centres in the Generation Division that can be economically electrified is comparatively small and hence the allotment also has to be proportionately less.

(c) No. The lump sum provision can be distributed among those Taluks if actual necessity arises.

ട്രാൻസ്പോർട്ട് തൊഴിലാളികൾ

*1026. (40) **ശ്രീ. പി. കെ. കുഞ്ഞച്ചൻ:** താഴെപറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) തൊഴിൽ സംബന്ധമായ അപകടത്തിൽപ്പെടുന്ന ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് നിയമം അനുവദിച്ചുകൊടുക്കേണ്ട കോമ്പൻസേഷൻ ഇപ്പോൾ ഗവമെന്റ നല്കുന്നുണ്ടോ;

(ബി) അപകടത്തിൽപ്പെട്ട തൊഴിലാളികളിൽ ആരുടെയെങ്കിലും മേൽ അപകടത്തിൽപ്പെട്ട കാരണം പറഞ്ഞ് ശിക്ഷണ നടപടി കൈക്കൊണ്ടിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ഉണ്ട്.

(ബി) അപകടത്തിൽപ്പെട്ടതുകൊണ്ടുമാത്രം ശിക്ഷണ നടപടി എടുക്കാറില്ല.

ഡ്രൈവറന്മാരുടെ ലൈസൻസ്

*1027. (41) ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ആക്സിഡൻറിൽപ്പെടുന്ന സ്റ്റേററ് ട്രാൻസ്പോർട്ട് ഡ്രൈവറന്മാരുടെ ലൈസൻസും ബാഡ്ജും പിടിച്ചെടുക്കുകയും പോലീസ് കേസ്സെടുക്കുന്നതും കൂടാതെ ഡിപ്പാർട്ടുമെൻറലായിട്ടുകൂടി ശിക്ഷിക്കുന്നുണ്ടോ;

(ബി) ഇത്തരം ജീവനക്കാരെ ജോലിയിൽനിന്നും സസ്പെൻറ ചെയ്യുന്നതിനുപകരം വണ്ടി ഓടിക്കാത്ത മററു ജോലികൾ നല്കി അവരുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കാൻ ഗവമ്മെൻറ തയ്യാറാകുമോ?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ആക്സിഡൻറിൽപ്പെടുന്ന സ്റ്റേററ് ട്രാൻസ്പോർട്ട് ഡ്രൈവറന്മാരുടെ ലൈസൻസും ബാഡ്ജും പിടിച്ചെടുക്കുകയെന്ന നടപടി പോലീസ് ഇപ്പോൾ നടത്തുന്നില്ല. പോലീസ് കേസ് ചാർജ്ജ് ചെയ്യുന്നുണ്ട്. മരണം സംഭവിക്കുന്ന ആക്സിഡൻറിലെ ഡ്രൈവറന്മാരെമാത്രം സസ്പെൻഷനിൽ നിറുത്തുന്നുണ്ട്. അവരുടെ പേരിൽ നടപടിയെടുക്കുന്നതു് കേസിന്റെ തീരുമാനത്തിനുശേഷവും ഡിപ്പാർട്ടുമെൻറിന്റെ വിശദമായ അന്വേഷണത്തിനു ശേഷവുമാണ്.

(ബി) മുൻപു് പോലീസ് ബാഡ്ജും ലൈസൻസും സസ്പെൻറ ചെയ്തിരുന്ന അവസരത്തിലും ഡ്രൈവർ കുററക്കാരനല്ലെന്നു കണ്ടപ്പോൾ ഗ്യാരേജിൽ ഷണ്ടിംഗ് ഡ്യൂട്ടി കൊടുത്തിട്ടുണ്ടായിരുന്നു. അജാഗ്രത, അതിവേഗതയിൽ ഓടിക്കുക എന്നിവയുടെ ഫലങ്ങളാൽ ഉണ്ടാകുന്ന ആക്സിഡൻറുകൊണ്ടു് മരണത്തിനു ഹേതുവാകുന്നുവെങ്കിൽ മാത്രമേ ഡ്രൈവറന്മാരെ സസ്പെൻഷനിൽ നിറുത്തുന്നുള്ളു. അങ്ങിനെയുള്ളവർക്ക് വണ്ടി ഓടിക്കാത്ത ജോലിപോലും നല്കുന്നതു് ന്യായവും നീതിയുമല്ലാത്തതുമാകുന്നു.

ട്രാൻസ്പോർട്ട് എക്സ്പ്രസ് സർവ്വീസ്

*1028. (45) ശ്രീ. പി. എസ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരം–പത്തനംതിട്ട ട്രാൻസ്പോർട്ട് എക്സ്പ്രസ് സർവ്വീസ് നടപ്പിലാക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം—പുനലൂർ സർവ്വീസ് കോന്നിവരെ നീട്ടുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

ട്രാൻസ്പോർട്ട തൊഴിലാളി ബാററാസമ്പ്രദായം

*1029. (50) ശ്രീ. ആർ. സുഗതൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ട്രാൻസ്പോർട്ട തൊഴിലാളികൾക്ക് വിവിധ ഡിസ്ത്രിക്ട്ടുകളിൽ പലതരം ബാററാസമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ബാററാ പലതരത്തിൽ നടപ്പിലാക്കിയിരിക്കുന്നതിന്റെ ഉദ്ദേശമെന്താണ്?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ: എം. അച്ചുതൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണുവാരിക്കപ്പൽ

*1030. (55) ശ്രീ. പി. രവീന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഗവമ്മെൻറിന്റെ അധീനതയിൽ ഇപ്പോൾ എത്ര മണ്ണുവാരിക്കപ്പലുകൾ (ഡ്രഡ്ജേഴ്സ്) ഉണ്ട്;

(ബി) 1948-ൽ രണ്ടുലക്ഷത്തി ഇരുപത്തയ്യായിരം രൂപാ കൊടുത്തു് ബോംബെയിൽനിന്നും ഗവമ്മെൻറ വാങ്ങിയ മണ്ണുവാരിക്കപ്പൽ ഇപ്പോഴും ഗവമ്മെൻറിന്റെ കൈവശമുണ്ടോ;

(സി) ഏതു ഉദ്യോഗസ്ഥന്റെ ഉപദേശപ്രകാരമാണ് ഈ കപ്പൽ വാങ്ങിയതു്;

(ഡി) വാങ്ങിക്കൊണ്ടുവന്നതിനുശേഷം ആ കപ്പൽ ഉപയോഗശൂന്യമായിരുന്നതുകൊണ്ട് ബോംബെയിലേക്ക് തിരിയെ അയക്കുകയുണ്ടായോ;

(ഇ) ആയിനത്തിൽ ഗവമ്മെൻറിനു് എത്ര തുക നഷ്ടം വന്നിട്ടുണ്ട്?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. എ: അച്ചുതൻ):

(എ) 10.

(ബി) ഉണ്ട്.

(സി) ഏതെങ്കിലും ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ ഉപദേശത്തെ അടിസ്ഥാനമാക്കിയല്ല കപ്പൽ വാങ്ങിയിട്ടുള്ളതു്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സാമുദായിക സംഘടനകൾ

*1031. (58) ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിന്റെ ശുപാർശയനുസരിച്ച് ഏതെല്ലാം സാമുദായികസംഘടനകൾ ജോയിൻറ് സ്റ്റോക്ക് കമ്പനി ആക്ടിൻപ്രകാരം റജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഡിപ്പാർട്ടുമെൻറിന്റെ ശുപാർശകൂടാതെ റജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾ ഏതെല്ലാം?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി താഴെ കാണുന്ന 13 സാമുദായിക സംഘടനകൾ ജോയിന്റ് സ്റ്റോക്ക് കമ്പനി ആക്ടിൻപ്രകാരം റജിസ്റ്റർ ചെയ്തിട്ടുണ്ട്.

അഖില തിരുവിതാംകൂർ ചനമാർ മഹാസഭ.
അഖില തിരുവിതാംകൂർ തണ്ടാർ മഹാജനസഭ.
അഖില തിരുവിതാംകൂർ തച്ചർ മഹാജനസഭ.
തിരുവിതാംകൂർ അയ്യനവർ മഹാജനസംഘം.
അഖില തിരുവിതാംകൂർ ഹിന്ദു സാമ്പവർ മഹാസഭ.
സമസ്തതിരുവിതാംകൂർ കാണി മഹാജനസംഘം.
അഖില തിരുവിതാംകൂർ കുറവർ ക്രിസ്ത്യൻ മഹാസഭ.
അഖില തിരുവിതാംകൂർ വേടർ മഹാസംഘം.
അഖില തിരുവിതാംകൂർ മലയരയ മഹാസഭ
അഖില തിരുവിതാംകൂർ പെരുവണ്ണാർ വേടവർ മഹാസഭ.
അഖില തിരുവിതാംകൂർ ഭാരത വേലപ്പണിക്കർ മഹാജനസഭ.
അഖില തിരുവിതാംകൂർ ക്രിസ്ത്യൻ ചേരമർ മഹാജനസംഘം.
അഖില തിരുവിതാംകൂർ കുറവൻ മഹാസഭ.

(ബി) ഡിപ്പാർട്ടുമെന്റിന്റെ ശുപാർശ കൂടാതെ താഴെ കാണുന്ന സംഘടനകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്.

തമിഴ് വണ്ണാർ മഹാസഭ.
ദി ഭരതർ മഹാജനസഭ.
അഖില തിരുവിതാംകൂർ വാലസമുദായ സേവാസമിതി.
അഖില തിരുവിതാംകൂർ വേലപ്പണിക്കർ മഹാസഭ.
ചേരമർ ക്രിസ്ത്യൻ മഹാജനസഭ.
തിരു-കൊച്ചി ഐക്യസംസ്ഥാന പറയർ മഹാസഭ.
അഖില തിരുവിതാംകൂർ ഒട്ടർ നായ്ക്കർ മഹാസഭ.
ഹരിജൻ സേവാസംഘം.
അഖില തിരുവിതാംകൂർ വെള്ളത്തേടത്തു നായർ സമാജം.
അഖില ഭാരത ചേരമർ സംരക്ഷണ സംഘം.
മലവർഗ്ഗ മഹാജനസംഘം.
ഓൾ ട്രാവൻകൂർ ശ്രീ പത്മനാഭവിലാസം ഹിന്ദുചേരമർ മഹാജനസഭ.
തിരു-കൊച്ചി വെളക്കത്തല നായർ സമാജം.
തിരു-കൊച്ചി വനവർഗ്ഗ മഹാസഭ.
ഓൾ ട്രാവൻകൂർ പുലയർ മഹാസഭ.
അഖില തിരുവിതാംകൂർ വേലർ മഹാജനസഭ.

STARRED QUESTIONS POSTED FOR ANSWER ON 28TH JULY 1954

FOOD GRAINS

*1032 [4] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:—

(*a*) the quantities and varieties of food grains that were allotted by the Central Government to this State in 1952; and 1953; and

(*b*) the expected quantity of allotment for the year 1954 of each kind of food grains?

Chief Minister **(Shri A. Thanu Pillai):**

		Rice in tons	Wheat in tons
(*a*) 1.	Allocation for 1952	3,05,342	62,769
2.	Allocation for 1953	3,72,783	25,000

(*b*) About 3,75,000 tons rice for rationing purposes. The State will also get additionally the entire quantity required for extra issues. The requirements under this head cannot be definitely estimated.

ഭാഷാ പ്രവിശ്യാ കമ്മീഷൻ

1033. (9) ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) കേന്ദ്രത്തിൽനിന്നും നിയുക്തമായിട്ടുള്ള ഭാഷാപ്രവിശ്യാ കമ്മീഷൻ മുൻപാകെ സർക്കാർ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദേശം മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇല്ലെങ്കിൽ ഉത്തരം സമർപ്പിക്കാത്തതിനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ. & ബി.) 12—7—1954-ലെ 594-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈമറി സ്കൂളുകളിലെ ഷിഫ്ട് സമ്പ്രദായം

*1034. (18) ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

പ്രൈമറി സ്കൂളുകളിലെ ഷിഫ്ട് സമ്പ്രദായം നിറുത്തലാക്കുന്നതിനെപ്പററി ഗവമ്മെൻറു് പര്യാലോചിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

ഇപ്പോൾ അതിനെപ്പററി ഗവമ്മെൻറു് പര്യാലോചിക്കുന്നില്ല.

വേസ്ററു് പേപ്പർ കോൺട്രാക്ട്

*1035. (23) ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെൻറു് ആഫീസുകളിലുള്ള വേസ്ററു് പേപ്പറും പേപ്പർ കട്ടിങ്ങുകളും ശേഖരിച്ചെടുക്കുന്നതിനുള്ള അവകാശം ആർക്കെങ്കിലും കോൺട്രാക്ട് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കു്; എന്നുമുതൽ; എന്തു വ്യവസ്ഥയിൽ;

(ബി) 'എ' വകുപ്പിൽ പറയുന്ന കോൺട്രാക്ടർ ഗസററുകളും മററു കടലാസുകളും ഈ കോൺട്രാക്ടിൻെറ അടിസ്ഥാനത്തിൽ ശേഖരിച്ചുവരുന്നതായി പരാതിയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ എ. താണുപിള്ള):

(എ) ഉണ്ടു്. ശ്രീ. എ. ത്രിവിക്രമമല്ലയ്യ, മട്ടാഞ്ചേരി, കൊച്ചിൻ, എന്നയാൾക്കു് 1953 ജൂൺ 1-ാംനു- മുതൽ മൂന്നു വർഷത്തേക്കു് സംസ്ഥാന

ത്തുള്ള ഗവമ്മെൻറ് പ്രസ്സുകളിൽനിന്നും വൈററ് പേപ്പർ കട്ടിംഗ്സും, ഗവമ്മെൻറ് ആപ്പീസുകളിൽനിന്നും വേസ്ററ് പേപ്പർ, പഴയ ഗസററ് മുതലായവയും യഥാക്രമം ടണ്ണിന് 157രൂ. 8ണ.യും 105 രൂപായും വിലയ്ക്കു് ശേഖരിച്ചുകൊള്ളുന്നതിന് കോൺട്രാക്ട് കൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. ഗസററുകൾ ശേഖരിക്കുവാനുള്ള അവകാശം ഈ കോൺട്രാക്ട് മുഖേന കോൺട്രാക്ടർക്കുണ്ട്. എങ്കിലും മററ ചില സംഗതികളെപ്പററിയും പരാതി കിട്ടിയിട്ടുണ്ട്. അതു് അന്വേഷണത്തിൽ ഇരിക്കുകയാണ്.

മത്സ്യം വളർത്തൽ

* 1036. (29) ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) 1953-54 വർഷത്തിൽ സംസ്ഥാനത്തെ മത്സ്യവളർത്തു കേന്ദ്രങ്ങളിൽനിന്നും ഗവമ്മെൻറിന് എന്താദായം കിട്ടിയെന്നും ഓരോ കേന്ദ്രത്തിലെയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും മററുമായി എന്തു തുക ചിലവായി എന്നും പറയുമോ;

(ബി) 1953-54 വർഷത്തിൽ മത്സ്യം വളർത്തൽ കേന്ദ്രങ്ങളിലേക്ക് സംസ്ഥാനത്തിന് വെളിയിൽനിന്നും മത്സ്യകുഞ്ഞുങ്ങളെ കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള ചിലവെന്തു്?

ധനകാര്യവകുപ്പ് മന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) സംസ്ഥാനത്തെ മത്സ്യം വളർത്തൽ കേന്ദ്രങ്ങളിൽനിന്നു 1953-54-ൽ 12,414 രൂപാ 13 അണ ആദായം കിട്ടിയിട്ടുണ്ട്. ഞാറക്കൽ മാലിപ്പുറം കേന്ദ്രത്തിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മുതലായ ഇനത്തിൽ 4,143 രൂപാ. 4 അണ യും ആയിരംതെങ്ങ കേന്ദ്രത്തിൽ 5,160 രൂപായും ചെലവായിട്ടുണ്ട്.

ബി) 1953-54-ൽ 50,000 മത്സ്യകുഞ്ഞുങ്ങളെ വെളിയിൽനിന്നും കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ അവ ഈ കേന്ദ്രങ്ങളിൽ വളർത്തുവാനായിട്ടല്ല. സ്വകാര്യവ്യക്തികൾക്ക സൌജന്യ വിതരണത്തിനായിരുന്നു. 793 രൂപാ 7 അണ 3 പൈ ചിലവായി.

ഹിന്ദി അദ്ധ്യാപകന്മാർ

* 1037. (32) ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സക്കാർ സ്കൂളുകളിൽ എത്ര പാർട്ട് ടൈം ഹിന്ദി അദ്ധ്യാപകന്മാർ ജോലി നോക്കുന്നുണ്ട്;

(ബി) അവരുടെ സർവ്വീസ് വകവച്ചു നിയമനം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 169.

(ബി) ഇക്കാര്യം ഗവമ്മെൻറിൻെറ ആലോചനയിലിരിക്കുന്നു.

മത്സ്യം വളർത്തുന്ന കേന്ദ്രങ്ങൾ

*1038 (33) ശ്രീ. പി. ഗോപാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മത്സ്യം വളർത്തുന്ന കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതിൽനിന്ന് എന്തു വരുമാനം ഗവമ്മെൻറ പ്രതീക്ഷിക്കുന്നുണ്ട്;

(സി) 1953-54-ൽ ഇതിനു എന്തു തുക ചെലവായിട്ടുണ്ട്?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) (1) ആയിരം തെങ്ങ്.
(2) ഞാറക്കൽ.
(3) മാലിപ്പുറം.

(ബി) 15,000 രൂപാ.

(സി) 9,303 രൂപാ 4 അണ.

ഗവമ്മെൻറ സ്കൂൾ

*1039 (34) ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഒരു പ്രൈവററ സ്കൂളിനടുത്തുണ്ടായിരുന്ന ഗവമ്മെൻറ സ്കൂൾ നിറുത്താൻ ജോൺ മന്ത്രിസഭ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ആ ഉത്തരവിനെ ഈ ഗവമ്മെൻറ് നിഷേധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ, ബി) ചോദ്യം വ്യക്തമല്ലാത്തതിനാൽ ഉത്തരം പറയാൻ നിവൃത്തിയില്ല.

ഗവമ്മെൻറുദ്യോഗസ്ഥന്മാർ

*1040. (36) ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമൊ.—

(എ) 1950-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് കമ്മ്യൂണിസ്ററ പാർട്ടിയുമായി ബന്ധമുണ്ടെന്ന കാരണം പറഞ്ഞു എത്രപേരെ ഗവമ്മെൻറുദ്യോഗങ്ങളിൽനിന്നു നീക്കം ചെയ്തിട്ടുണ്ട്;

(ബി) കമ്മ്യൂണിസ്ററപാർട്ടിയെ നിയമവിരുദ്ധമാക്കിയതു് ഭരണഘടനാവിരുദ്ധമാണെന്നു തിരുവിതാംകൂർ-കൊച്ചി ഹൈക്കോട്ട് വിധിയുണ്ടായതിനെത്തുടന്ന് മേൽപ്പറഞ്ഞ വിധത്തിൽ നീക്കംചെയ്യപ്പെട്ടവരെ വല്ലവരേയും തിരിച്ചെടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേരെ;

(ഡി) മററുള്ളവരെ തിരിച്ചെടുക്കാതിരിപ്പാൻ കാരണമെന്തു്;

(ഇ) മററുള്ളവരേയും തിരിച്ചെടുക്കുന്നതിനുള്ള നടപടികളെടുക്കുവാൻ ഗവമ്മെൻറിനു ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) മൂന്നു്.

(ബി) ഇല്ല.

(സി), (ഡി), (ഇ) } ഉദിക്കുന്നില്ല.

RICE MILLS

***1041. [37] Shri R. Ponnappa Nadar:** Will the Chief Minister be pleased to state.—

(*a*) whether this Government intend to abolish the rice mills now working in this State; and

(*b*) did the Government accept the recommendations of the Rice Mill Committee's report?

Chief Minister **(Shri A. Thanu Pillai):**

(*a*) The whole question is now under correspondence with the Government of India.

(*b*) The report of the Rice Mill Enquiry Committee is engaging the consideration of Government. Final orders in the matter will be issued as early as possible.

FIVE YEAR PLAN

***1042. [38] Shri R. Ponnappa Nadar:** Will the Chief Minister be pleased to state.—

(*a*) the details of the works chosen for the Second Five Year Plan by our State;

(*b*) on whose recommendations were these works selected;

(*c*) is there any work selected in the Vilavancode taluk;

(*d*) have the selections been finalised;

(*e*) will the Pattanamkal be included under the same?

Chief Minister **(Shri A. Thanu Pillai)**

(*a*) The schemes for the Second Five Year Plan have not yet been drawn up.

(*b*) to (*e*) Does not arise.

നോർവീജിയൻ പദ്ധതി

*1043. (39) ശ്രീ. പി. കെ. സുകുമാരൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നോർവീജിയൻ പദ്ധതിയനുസരിച്ച് ഇൻഡ്യാഗവമ്മെൻറും നോർവീജിയൻ ഗവമ്മെൻറും തമ്മിലുള്ള കരാറുകൾ എന്തെല്ലാമാണെന്നു ഗവമ്മെൻറിനു് അറിവുണ്ടോ;

(ബി) വ്യവസ്ഥകൾ സഭയുടെ അറിവിനായി പ്രസ്താവിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ടു്.

(ബി) കരാറിന്റെ ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ടു്.†

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെലക്ടു ചെയ്യുവരെപ്പററി പബ്ലിക്ക് എൻക്വയറി

*1044. (40) ശ്രീ. പി. കെ. സുകുമാരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ സെലക്ഷനുശേഷം സെലക്ടുചെയ്യുവരെപ്പററി പബ്ലിക്ക് എൻക്വയറി നടത്താറുണ്ടോ;

†Please see Appendix III.

(ബി) പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിലക്ഷൻ കിട്ടിയവർക്ക് ആർക്കെങ്കിലും ഉദ്യോഗങ്ങൾ നൽകാതിരുന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) അവരുടെ സ്വഭാവവും നടപടികളും തൃപ്തികരമല്ലാതിരുന്നതുകൊണ്ട്.

സറണ്ടർ സ്കൂളുകളും അദ്ധ്യാപകസ്ഥിരപ്പെടുത്തലും

*1045. (44) ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തിൽ സറണ്ടർ ചെയ്യപ്പെട്ടിട്ടുള്ള സ്കൂളുകളുടെ എണ്ണം;

(ബി) സറണ്ടർ സ്കൂൾ അദ്ധ്യാപകരിൽ സ്ഥിരപ്പെടുത്തിയിട്ടുള്ള അദ്ധ്യാപകർ ആകെ എത്ര;

(സി) ഈ വിധത്തിൽ സർവീസ് സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള അദ്ധ്യാപകരുള്ളതായി ഗവൺമെന്റിനു അറിവു ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവൺമെന്റ് എന്തു പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 778.

